# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

### 2015 ജൂലൈ 6, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 159 - നമ്പർ 6

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

2015 ജൂലൈ 6, തിങ്കൾ

സ്പീക്കർ

**ശ്രീ. എൻ. ശക്തൻ**

സെക്രട്ടറി

**ശ്രീ. പി. ഡി. ശാരംഗധരൻ**

ചീഫ് എഡിറ്റർ

**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

996/2018

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. ഉമ്മൻ ചാണ്ടി |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. അബ്ദു റബ്ബ് |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : | ശ്രീ. അടൂർ പ്രകാശ് |
| പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. പി. അനിൽ കുമാർ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. അനൂപ് ജേക്കബ് |
| ഊർജ്ജ വകുപ്പുമന്ത്രി | : | ശ്രീ. ആര്യാടൻ മുഹമ്മദ് |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. കെ. ബാബു |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീമതി പി. കെ. ജയലക്ഷ്മി |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | : | ശ്രീ. കെ. സി. ജോസഫ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. പി. ജെ. ജോസഫ് |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. കെ. എം. മാണി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : | ശ്രീ. മഞ്ഞളാംകുഴി അലി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : | ശ്രീ. കെ. പി. മോഹനൻ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ഡോ. എം. കെ. മുനീർ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : | ശ്രീ. രമേശ് ചെന്നിത്തല |
| തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി | : | ശ്രീ. ഷിബു ബേബി ജോൺ |
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. ശിവകുമാർ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |

# ഉള്ളടക്കം

*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ... 1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ... 25

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...25

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...67

**II വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രിയുടെ പ്രസ്താവന** ...328

**III തിരുത്തിയ ഉത്തരം** ...328

**IV അടിയന്തരപ്രമേയം**

അനധികൃത തോട്ടം കയ്യേറ്റം—

(അവതരണാനുമതി നിഷേധിച്ചു) ...329

**V ശ്രദ്ധ ക്ഷണിക്കൽ**

1. ശബരി റെയിൽ പദ്ധതി—

ശ്രീ. ജോസഫ് വാഴക്കൻ ...355

2. അൺഎയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ ചൂഷണം—

ശ്രീ. പി. ശ്രീരാമകൃഷ്ണൻ ...360

**VI സബ്മിഷൻ**

1. സർക്കാർ ഭൂമി വ്യക്തികൾക്ക് കൈമാറൽ—

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) ...366

2. ബോണക്കാട് എസ്റ്റേറ്റ് തൊഴിലാളികൾക്ക് സൗജന്യ റേഷൻ—

ശ്രീ. കെ. എസ്. ശബരീനാഥൻ ...369

3. നെല്ലിയാമ്പതി സി.ബി.ഐ. അന്വേഷണ റിപ്പോർട്ട്—

ശ്രീ. പി. സി. ജോർജ്ജ് ...372

4. സെക്ഷൻ ആഫീസും സബ്സ്റ്റേഷനും ആരംഭിക്കാൻ നടപടി—

ശ്രീ. സണ്ണി ജോസഫ് ...376

പേജ്

5. കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നിലനിർത്തുന്നത് സംബന്ധിച്ച്—

പ്രൊഫ. സി. രവീന്ദ്രനാഥ് ...377

6. ഗുരുവായൂർ ടൗണിനെ ഹെറിറ്റേജ് സിറ്റിയായി കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തൽ—

ശ്രീ. പി. എ. മാധവൻ ...379

7. പാറ്റൂർ കുടിവെള്ള പദ്ധതി—

ശ്രീ. ആർ. രാജേഷ് ...381

8. ഒറ്റപ്പാലം താലൂക്കാശുപത്രി—

ശ്രീ. എം. ഹംസ ...382

9. ആരാധനാലയങ്ങൾക്കു നേരെയുള്ള കയ്യേറ്റം—

ശ്രീ. റ്റി. എൻ. പ്രതാപൻ ...383

**VII മേശപ്പുറത്തുവച്ച കടലാസ്സുകൾ** ...386

**VIII റിപ്പോർട്ട് സമർപ്പണം** ...387

**IX ധനകാര്യം** ...387

**X അറിയിപ്പ്** ...496

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

*2015 ജൂലൈ 6, തിങ്കൾ*

വാല്യം 159] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 6

നിയമസഭ 2015 ജൂലൈ മാസം 6-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ......ഓർഡർ......ചോദ്യം

(ബാർ കോഴക്കേസിൽ പ്രതിചേർക്കപ്പെട്ട മന്ത്രി ശ്രീ. കെ. എം. മാണിയുടെ രാജി ആവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ : പ്ലീസ്...... പ്ലീസ്...... ഇത് ചോദ്യോത്തര സമയമാണ്. ദയവായി സഹകരിക്കണം. ചോദ്യം നമ്പർ *151

### ഹരിതശ്രീ പദ്ധതി

1 (*151) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പ് 'ഹരിതശ്രീ' പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഏതെല്ലാം വകുപ്പുകളും സാമൂഹ്യ സംഘടനകളുമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകാമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ,

(എ) ഉണ്ട്. പ്രസ്തുത പദ്ധതി 2014-15 വർഷത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

ബഹുമാനപ്പെട്ട വനം പരിസ്ഥിതി മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 14-5-2014-ലും 21-5-2014-ലും ചേർന്ന യോഗതീരുമാനങ്ങളെ തുടർന്ന്, പങ്കാളിത്ത പാരിസ്ഥിതിക പരിപാലന പദ്ധതി (Participatory Environment Action Programme-PEAP) നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നു. സംസ്ഥാനത്തിന്റെ നിലനിൽപ്പിനുതന്നെ കാരണമായ അന്യാദൃശ്യ പാരിസ്ഥിതിക ഘടകങ്ങൾ, ജൈവവ്യവസ്ഥ എന്നിവ ഭാവിതലമുറയ്ക്ക് അന്യമാകാതിരിക്കാനായി, അടിസ്ഥാനപരമായ പരിസ്ഥിതി സംരക്ഷണ പദ്ധതികൾ താഴ്ന്ന തലം മുതൽ പൊതുപങ്കാളിത്തത്തോടെയും ജനപിന്തുണയോടെയും നടപ്പിലാക്കാൻ ലക്ഷ്യമിട്ടുള്ള ടി പദ്ധതിക്ക് സർക്കാർ അനുമതിയും മാർഗ്ഗരേഖയും 24-5-2014-ലെ സർക്കാർ ഉത്തരവ് നമ്പർ 89/2014 മുഖേന പുറപ്പെടുവിച്ചിരുന്നു. "ഒരു മനുഷ്യന് ഒരു മരം" എന്ന പേരിൽ സാദ്ധ്യമായ സ്ഥലങ്ങളിലെല്ലാം, പ്രത്യേകിച്ച് ഒഴിഞ്ഞു കിടക്കുന്ന പൊതു സ്ഥലങ്ങൾ, പുറമ്പോക്കുകൾ, വിദ്യാലയ പരിസരങ്ങൾ, റോഡരികുകൾ, സ്വകാര്യ കൈവശസ്ഥലങ്ങൾ എന്നിവിടങ്ങളിലെല്ലാം പൊതുജന പങ്കാളിത്തത്തോടെയും, സംസ്ഥാനത്തുടനീളം വൃക്ഷത്തൈകൾ നടുവാനും ആയത് ബന്ധപ്പെട്ട വ്യക്തികൾ പരിപാലിച്ച് വളർത്തിയെടുക്കുന്നുവെന്ന് ഉറപ്പുവരുത്തുവാനും, ഉദ്ദേശിച്ചുള്ളവയാണ് "ഹരിതശ്രീ" പദ്ധതി. ഈ വർഷം ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ന് സംസ്ഥാനമൊട്ടാകെ 10 ലക്ഷം വൃക്ഷത്തൈകൾ, വിദ്യാർത്ഥികൾ, എൻ.സി.സി., എൻ.എസ്.എസ്., എസ്.പി.സി., കുടുംബശ്രീ, സന്നദ്ധസംഘടനകൾ, പരിസ്ഥിതി സംഘടനകൾ, ആർമി, നേവി, പോലീസ്, റെയിൽവേ, തപാൽ വകുപ്പ്, വിവിധ വകുപ്പുകൾ എന്നിവ മുഖേനയും വിവിധ തുറകളിലുള്ള ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടിയും

രാവിലെ 10.30-നും 11.30-നും ഇടയ്ക്കുള്ള ഒരു മണിക്കൂർ ഹരിത സമയത്ത് നടുവാനും, തുടർന്ന് പരിപാലിച്ച് വളർത്തിയെടുക്കുവാനും ലക്ഷ്യമിട്ടിരുന്നു.

(ബി) കഴിഞ്ഞ ലോക പരിസ്ഥിതി ദിനത്തിൽ 5-6-2014-ന് രാവിലെ 10.30-നും 11.30-നും ഇടയ്ക്കുള്ള ഒരു മണിക്കൂർ ഹരിത സമയത്ത് 10 ലക്ഷം വൃക്ഷത്തൈകൾ നടുന്നതിനും ടി തൈകൾ നഷ്ടപ്പെട്ടു പോകാതെ തുടർച്ചയായി പരിപാലിക്കുന്നതിന് അതാത് സംഘടനകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവയെ ചുമതലപ്പെടുത്തുന്നതിനും ആയതുവഴി ടി തൈകളെല്ലാം വൃക്ഷമായി മാറി സംസ്ഥാനത്തെ പരിസ്ഥിതിയെ പരിപോഷിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളതാണ് ടി പദ്ധതി. പരിസ്ഥിതി പരിപോഷണം ഉറപ്പുവരുത്തുക എന്നത് കൂടാതെ വിദ്യാർത്ഥികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ/അർദ്ധ സർക്കാർ, കേന്ദ്ര സർക്കാർ, പൊതുമേഖല, മതസ്ഥാപനങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, യുവജന സംഘടനകൾ, വനസംരക്ഷണ സമിതികൾ, ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികൾ, സന്നദ്ധ സംഘടനകൾ തുടങ്ങി സമൂഹത്തിലെ നാനാതുറയിലുള്ള പൗരന്മാരുടെ പങ്കാളിത്തവും യത്നവും ഇപ്രകാരമുള്ള പരിസ്ഥിതി പരിപാലന പദ്ധതികളിൽ ഉറപ്പുവരുത്തുവാൻ ഈ പദ്ധതി മുഖേന ലക്ഷ്യമിട്ടിട്ടുണ്ട്.

(സി) വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, എൻ.സി.സി., എൻ.എസ്.എസ്., എസ്.പി.സി., ഭൂമിത്രസേന തുടങ്ങിയ വിദ്യാർത്ഥി സംഘടനകൾ, യുവജനസംഘടനകൾ, മതസ്ഥാപനങ്ങൾ, കുടുംബശ്രീ, ആർമി, നേവി, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ രാഷ്ട്രീയ പാർട്ടികളുടെ യുവജന സംഘടനകൾ, വനസംരക്ഷണ സമിതികൾ, ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികൾ, തപാൽ വകുപ്പ്, വിവിധ സർക്കാർ വകുപ്പുകൾ നേച്ചർ ക്ലബ്ബുകൾ തുടങ്ങി സമൂഹത്തിലെ നാനാതുറയിലുള്ള പൗരന്മാരും ടി പദ്ധതിയുമായി സഹകരിക്കുന്നുണ്ട്.

(ഡി) 2014 ജൂൺ 5 പരിസ്ഥിതി ദിനത്തിൽ രാവിലെ 10.30-നും 11.30-നും ഇടയ്ക്കുള്ള ഒരു മണിക്കൂർ ഹരിത സമയത്ത് സമൂഹത്തിലെ നാനാതുറയിലുള്ള പൗരന്മാരുടെ പങ്കാളിത്തത്തോടുകൂടി സംസ്ഥാനമൊട്ടാകെ 10 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുകയും, തുടർന്ന് അവയെ പരിപാലിച്ച് വളർത്തിയെടുക്കുവാനുമാണ് ഈ വർഷം ലക്ഷ്യം ഇട്ടിരിക്കുന്നത്. ഇക്കാര്യത്തിൽ വേണ്ട തുടർനടപടികളെടുത്തതിനെത്തുടർന്ന് ടി ഹരിത സമയത്ത് 19.55 ലക്ഷം തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. 2015-16 വർഷത്തിൽ

ഹരിതശ്രീ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

ശ്രീ. കെ. അച്ചുതനുവേണ്ടി ശ്രീ. സി. പി. മുഹമ്മദ് : സർ, "ഹരിതശ്രീ" പദ്ധതി വളരെ അഭിനന്ദനാർഹമായ ഒരു പദ്ധതിയാണ് എന്നുള്ളതിൽ സംശയമില്ല. ഹരിതശ്രീക്ക് മുമ്പേ സാമൂഹ്യവനവൽക്കരണത്തിന്റെ പേരിൽ ഓരോ കൊല്ലവും ലക്ഷക്കണക്കിന് വൃക്ഷത്തൈകൾ വച്ചിട്ടുണ്ട്. ഈ മരങ്ങളെല്ലാം വച്ചത് ഭാവനയില്ലാതെയാണ്. ബ്രിട്ടീഷുകാരുടെ ഭരണകാലത്ത് ഫലവൃക്ഷത്തൈകളാണ് റോഡുവക്കിലെല്ലാം വച്ചിരുന്നത്. അതേസമയത്ത് സാമൂഹ്യവനവൽക്കരണത്തിന്റെ പേരിൽ വച്ച വൃക്ഷത്തൈകൾ തീരെ ദുർബലമായ പൂമരങ്ങളാണ്. ഉറപ്പുള്ള പുളി അടക്കമുള്ള മരങ്ങളാണ് തമിഴ്നാട്ടിലും മറ്റും വച്ചുപിടിപ്പിക്കുന്നത്. എത്ര വൃക്ഷത്തൈകൾ വച്ചു എന്നുള്ളതല്ല പ്രശ്നം ; എത്ര കുറവാണെങ്കിലും അത് സംരക്ഷിക്കുവാൻ വല്ല നടപടിയുമുണ്ടോ ; ഫലവൃക്ഷത്തൈകൾ വയ്ക്കാൻ മുൻകയ്യെടുക്കുമോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, റോഡരികിൽ ഫലവൃക്ഷത്തൈകൾ വയ്ക്കുമ്പോൾ അതിന്റേതായ consequences ഉണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം ട്രാഫിക്കിന് തടസ്സം ഉണ്ടാകും എന്നുള്ളതാണ്. കൂടാതെ ഇതിലെ പൂവും കായ്കനികളും മറ്റും റോഡിലേക്ക് വീണ് റോഡ് പെട്ടെന്ന് മോശമാകാനുള്ള സാഹചര്യമുണ്ടാകും. അതോടൊപ്പംതന്നെ വൃക്ഷത്തൈകൾ വയ്ക്കുമ്പോൾ അതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടത് വലിയ ഇലയുള്ള വൃക്ഷത്തൈകൾ റോഡരികിൽ വച്ചാൽ ആ സ്ഥലത്ത് വെള്ളം വീണ് റോഡ് കുഴിഞ്ഞു പോകുന്ന സാഹചര്യം ഉണ്ടാകുന്നു എന്നുള്ള പരാതി ഡിപ്പാർട്ടുമെന്റിന്റെ മുമ്പിലുണ്ട്. അങ്ങ് ഇവിടെ സൂചിപ്പിച്ചത് വളരെ ശരിയാണ്. സാധാരണഗതിയിൽ പുളിപോലെ ചെറിയ ഇലകളുള്ള മരങ്ങളാണ് prefer ചെയ്യുന്നത്. കേരളം അതിലേക്ക് സാവകാശം മാറിക്കൊണ്ടിരിക്കുകയാണ്. വേരിറക്കമുള്ള വൃക്ഷത്തൈകൾ വേണം റോഡരികിൽ വയ്ക്കേണ്ടത് എന്ന അങ്ങയുടെ നിർദ്ദേശം ഞാൻ അംഗീകരിക്കുന്നു. അതുപോലെ കോതമംഗലത്തുണ്ടായ വളരെ ദുഃഖകരമായ സംഭവത്തിന്റെ പശ്ചാത്തലത്തിൽ അടിയന്തരമായി ചില നടപടികൾ എടുക്കുന്നതിനുവേണ്ടി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന് ഉത്തരവ് കൊടുത്തിട്ടുണ്ട്. റോഡരികിൽ നില്ക്കുന്ന മരങ്ങളുടെ ശക്തി പരിശോധിക്കുന്നതിന് വേണ്ടിയുള്ള നടപടിയെടുക്കുന്നുണ്ട്. അതിന്റെ റിപ്പോർട്ട് കിട്ടി. ജീവന് ഹാനികരമായി നില്ക്കുന്ന മരങ്ങൾ വെട്ടിമാറ്റാനും റോഡിലേക്ക് ചാഞ്ഞ് കിടക്കുന്ന മരങ്ങൾ പ്രൂൺ ചെയ്ത് മാറ്റുന്നതിനുള്ള നിർദ്ദേശവും കൊടുത്തിട്ടുണ്ട്. കേരളത്തിൽ ഇപ്പോഴുണ്ടായ സംഭവങ്ങളുടെ അടിസ്ഥാനത്തിൽ ഇത് വളരെ പ്രാധാന്യം അർഹിക്കുന്നു എന്നാണ്

ഗവൺമെന്റ് ചിന്തിക്കുന്നത്.

ശ്രീ. സി. പി. മുഹമ്മദ് : സർ, ഋഷിപ്രോക്തമായ ആയുർവേദത്തിന്റെ നാടായ കേരളത്തിൽ പച്ചമരുന്നുകൾ കിട്ടാനില്ല. ഔഷധസസ്യങ്ങൾ എവിടെയുമില്ല. കുറുന്തോട്ടി വേര് കിട്ടിയില്ലെങ്കിൽ കിട്ടിയ വേര് കുറുന്തോട്ടിയാക്കുന്ന കാലമാണ്. തൃശ്ശൂരിൽ നാഷണൽ ഹൈവേ റോഡ്സൈഡിൽ ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിച്ചിട്ടുള്ളതു പോലെ പുറമ്പോക്കുകളിൽ ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കുവാൻ മുൻകൈ എടുക്കുമോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങ് പറഞ്ഞത് നൂറുശതമാനം ശരിയാണ്. വൃക്ഷങ്ങൾ വയ്ക്കുമ്പോൾ പാഴ്മരങ്ങളും വേരിറക്കമില്ലാത്ത മരങ്ങളുമാണ് വയ്ക്കുന്നത്. അതുകൊണ്ട് വൃക്ഷം ഉണ്ടെന്നു പറഞ്ഞാൽ ഒരു ട്രീ കവറേജ് ഉണ്ടാകും, പക്ഷെ ഭാവിയിൽ പ്രയോജനം ഇല്ലാതെ പോകും. ഈ വർഷത്തെ പരിസ്ഥിതി ദിനത്തിൽ ഔഷധച്ചെടികൾ വച്ചുപിടിപ്പിക്കുന്നതിനാണ് പ്രാധാന്യം നല്കിയത്. അതിൽ പ്രധാനപ്പെട്ട മൂന്ന് ഘടകങ്ങളാണ് എടുത്തത്. ഒന്ന്, സംസ്ഥാനത്ത് ഏതാണ്ട് 1400-ഓളം നക്ഷത്രവനങ്ങൾ ഉണ്ടാക്കുന്നതിനുള്ള നടപടിയുണ്ടായിരുന്നു. അത് ഇൻസ്റ്റിറ്റ്യൂഷനുകളുമായി ചേർന്ന് വളരെ വിജയകരമായി നടപ്പാക്കാൻ കഴിഞ്ഞു. ഒരു ഗ്രൂപ്പിനകത്ത് 27 ചെടികൾ ഉൾപ്പെടുന്നതാണ് നക്ഷത്ര വനങ്ങൾ. ആ 27 ചെടികളും കൂടി വളർന്നു കഴിയുമ്പോൾ സ്വാഭാവികമായും അതൊരു ചെറിയ വനമായി മാറും. കൊച്ചുകുട്ടികളെ ചേർത്തുകൊണ്ട് കുട്ടിവനങ്ങൾ എന്നൊരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അതിൽ ലക്ഷണമൊത്ത 7 മരങ്ങളാണ് ചേർത്തിട്ടുള്ളത്. അതോടുകൂടി കുട്ടികൾക്കും ഇതുമായി ബന്ധപ്പെടാൻ കഴിയും. നമ്മുടെ നാട്ടിലെ ഔഷധച്ചെടി വ്യാപകമായി നട്ടുപിടിപ്പിക്കുന്നതിനുള്ള നടപടിയാണ് എടുത്തിട്ടുള്ളത്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, കഴിഞ്ഞ കുറെ വർഷങ്ങളായി സംസ്ഥാനത്തൊട്ടാകെ വച്ചുപിടിപ്പിച്ച മരങ്ങളുടെ കണക്ക് എടുത്താൽ മിക്കവാറും കേരളം മുഴുവനും കാടായി മാറേണ്ടതാണ്. കുറെ കൊല്ലങ്ങളായി കോടിക്കണക്കിന് വൃക്ഷത്തൈകളാണ് സംസ്ഥാനത്തൊട്ടാകെ സോഷ്യൽ ഫോറസ്റ്റ് വഴി കൊടുത്തിട്ടുള്ളത്. അതൊക്കെ വളർന്നു പിടിച്ചെങ്കിൽ ഇപ്പോൾ ഒരു തരിശുഭൂമിപോലും ഉണ്ടാകുമായിരുന്നില്ല. പക്ഷെ അങ്ങനെയല്ല എന്നുള്ളതാണ് യാഥാർത്ഥ്യം. മരങ്ങൾ വച്ചുപിടിപ്പിക്കുമ്പോൾ അതിൽ എത്രയെണ്ണം പരിപാലിക്കപ്പെടുന്നു ; അത് പ്രയോജനമുള്ള മരമാണോ; എന്ന് നോക്കണം. പണ്ട് അക്കേഷ്യ വച്ചുപിടിപ്പിച്ചു, അത് വിറകിനുവേണ്ടിയായിരുന്നു, വെള്ളം വലിച്ചെടുക്കുന്നു എന്നുപറഞ്ഞ് ഇപ്പോൾ അത് മാറ്റി. ജനങ്ങൾക്ക് ഉപകാരപ്രദമായ

മരങ്ങൾ കൊടുത്ത് അവരെക്കൊണ്ട് പരിപാലിപ്പിക്കുന്ന പദ്ധതിക്ക് ഗവൺമെന്റ് രൂപം കൊടുക്കുമോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങ് പറഞ്ഞതിനോട് ഞാൻ നൂറുശതമാനം യോജിക്കുകയാണ്. ഓരോ വർഷവും പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈകൾ നടും. അതേ കുഴിയിൽത്തന്നെ പിറ്റേ വർഷവും നടും. ഇത് തുടർന്നുകൊണ്ടേയിരിക്കുകയാണ്. കുഴി മാത്രമേ മാറാതെയിരിക്കുന്നുള്ളൂ. വയ്ക്കുന്ന തൈ അവിടെ നില്ക്കുന്നില്ല. അത് സംരക്ഷിക്കുന്നതിനുവേണ്ടി കഴിഞ്ഞ വർഷം വനം വകുപ്പ് വേറൊരു നിലപാട് എടുത്തു. അതായത് അതിനൊരു ഉടമസ്ഥാവകാശം കൂടി വരണം. ഇക്കോ ഗാർഡ്സിനെയാണ് അതിനുവേണ്ടി വനം വകുപ്പ് കണ്ടെത്തിയിട്ടുള്ളത്. അതൊടാപ്പംതന്നെ സ്കൂളുകളുമായി ബന്ധപ്പെട്ടുള്ള പരിസ്ഥിതി ക്ലബ്ബുകൾ, ഇൻസ്റ്റിറ്റ്യൂഷനുകളിലുള്ള പരിസ്ഥിതി ക്ലബ്ബുകൾ, ഇക്കോ ഗാർഡ്സ് എന്നിവരുടെ സഹായ സഹകരണത്തോടുകൂടി ഇതിനെ സംരക്ഷിക്കുന്നതിനുള്ള നടപടി പരീക്ഷിച്ചുനോക്കുകയും അത് കഴിഞ്ഞ വർഷം വിജയകരമാകുകയും ചെയ്തിരുന്നു. ഈ വർഷവും ആ രൂപത്തിൽത്തന്നെ മുന്നോട്ടുപോകും. മാത്രമല്ല, ഔഷധച്ചെടിയിലേയ്ക്ക് മാറാനുള്ള കാരണം അത് സംരക്ഷിക്കണമെന്ന ഒരു മോഹം ആളുകളുടെ മനസ്സിൽ ഉണ്ടാകും. ആവശ്യമില്ലാതെ ഏതെങ്കിലും ഒരു പാഴ്മരം വച്ചാൽ പിന്നീട് അത് തിരിഞ്ഞുനോക്കുകയില്ല. അതേസമയം ഔഷധച്ചെടികളാണെങ്കിൽ അത് സമൂഹത്തിന് ഗുണം ചെയ്യും എന്ന് മാത്രമല്ല അതിന് oxygen content വായുവിൽ കൂടുതലുണ്ടാക്കാനും കഴിയും. oxygen content നമ്മുടെ ശക്തി വർദ്ധിപ്പിക്കുന്നതിനും സഹായകരമാകും. ഒരർത്ഥത്തിൽ പറഞ്ഞാൽ അത് മനുഷ്യരാശിക്കുതന്നെ ഗുണകരമാകും എന്നുള്ളതാണ് ഡിപ്പാർട്ടുമെന്റിന്റെ കാഴ്ചപ്പാട്.

ശ്രീ. എം. എ. വാഹീദ് : സർ, അപകടകരമായി നിൽക്കുന്ന മരങ്ങൾ റോഡ് വക്കത്തു മാത്രമല്ല വിദ്യാലയങ്ങൾക്കകത്തും സർക്കാർ സ്ഥാപനങ്ങളുടെ കോമ്പൗണ്ടുകളിലും ഉണ്ട്. ഇതെല്ലാം വളരെ പഴക്കം ചെന്ന മരങ്ങളാണ്. ഹരിതശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തി ഈ മരങ്ങൾ മുറിച്ച് മാറ്റുന്നതിന്, ഒരു മരം വെട്ടി മാറ്റുമ്പോൾ രണ്ടു മരത്തൈ അവിടെ വച്ചു പിടിപ്പിക്കുന്നതിനുള്ള ഒരു സ്കീം ഉണ്ടാക്കി അപകടകരമായ ഈ മരങ്ങളെ നീക്കം ചെയ്യുവാനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങ് പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. കാരണം, ഡവലപ്മെന്റൽ ആക്ടിവിറ്റീസിൽ ചില സന്ദർഭങ്ങളിൽ മരം വെട്ടേണ്ടി വരും. മരം വെട്ടുന്നതിനെക്കുറിച്ചുള്ള ചില ഡിസ്പ്യൂട്ടുകൾ ചില പ്രദേശങ്ങളിൽ ഉണ്ടായിട്ടുണ്ട്. മരം സംരക്ഷണത്തിനു വേണ്ടിയുള്ള അവരുടെ വാദഗതിയോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. പക്ഷേ നമ്മുടെ ഡവലപ്മെന്റൽ ആക്ടിവിറ്റി നടപ്പാകണമെങ്കിൽ

സ്വാഭാവികമായും ചില നടപടികൾ എടുത്തേ മതിയാകൂ. അതുകൊണ്ട് ഡവലപ്മെന്റൽ ആക്റ്റിവിറ്റിക്കുവേണ്ടി വെട്ടിമാറ്റുന്ന മരത്തിന് പകരം പത്ത് മരം വയ്ക്കുകയും ആ മരം സംരക്ഷിക്കുന്നു എന്ന് ഉറപ്പാക്കുന്നതിനുള്ള നടപടി ഉണ്ടാകുകയും വേണം. അങ്ങ് ചോദിച്ച മറ്റൊരു ചോദ്യം, ഞാൻ തുടക്കത്തിൽ പറഞ്ഞതുപോലെ ജീവനു ഹാനികരമായി നിൽക്കുന്ന മരങ്ങൾ വെട്ടിമാറ്റുന്നതിനുവേണ്ടി ആദ്യ നടപടിയായി അതിന്റെ കണക്കുംമറ്റും എടുക്കാൻ തീരുമാനിച്ചു. അല്ലാതെ തന്നെ Cr.P.C. വ്യവസ്ഥ അനുസരിച്ച് ജീവന് ഭീഷണിയായി നിൽക്കുന്ന മരങ്ങൾ വെട്ടിമാറ്റുന്നതിനുള്ള അധികാരം ആർ.ഡി.ഒ.-യ്ക്കുണ്ട്. ഇതുകൂടാതെ സോഷ്യൽ ഫോറസ്ട്രിയുടെ കീഴിലുള്ളതാണ് ഇവയെങ്കിൽ സോഷ്യൽ ഫോറസ്ട്രി നിശ്ചയമായും അങ്ങനെയുള്ള മരങ്ങൾ വെട്ടി മാറ്റാനായി നിർദ്ദേശിക്കും. പകരം മരം നടണമെന്നുള്ള നിർദ്ദേശവും കൂടി വയ്ക്കുന്നുണ്ട്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, കഴിഞ്ഞ ജൂൺ 5-ാം തീയതി വൃക്ഷത്തൈകൾ നടാൻ ചെന്നപ്പോൾ പല സ്ഥലങ്ങളിലും കഴിഞ്ഞവർഷം ജൂൺ 5-ന് നട്ടതായ വൃക്ഷത്തൈകളിൽ പലതും കാണാനുണ്ടായിരുന്നില്ല. നടുന്ന വൃക്ഷത്തൈകൾ പൂർണ്ണമായി സംരക്ഷിക്കപ്പെടുന്നില്ല, അതിനാവശ്യമായ ബാരിക്കേഡുകൾ കെട്ടുന്നില്ല തുടങ്ങിയ പ്രശ്നങ്ങളുണ്ട്. കുറച്ച് തൈകൾ മാത്രമേ നടുന്നുള്ളൂവെങ്കിലും നടുന്ന തൈകൾ പൂർണ്ണമായി സംരക്ഷിക്കപ്പെടാൻ വേണ്ടിയുള്ള അനുബന്ധ കാര്യങ്ങൾ കൂടി ചെയ്യേണ്ടതുണ്ട്. ഒരു അപകടം നടന്നതിന്റെ പേരിൽ മരം വെട്ടി നീക്കാനുള്ള അനുവാദം കൊടുത്തതോടുകൂടി നാട്ടിൽ നിൽക്കുന്ന മുഴുവൻ മരങ്ങളും വെട്ടി മാറ്റണമെന്നുള്ള അപേക്ഷകളാണ് എല്ലാ അധികാരസ്ഥാനങ്ങളിലേയ്ക്കും പ്രവഹിച്ചുകൊണ്ടിരിക്കുന്നത്. ഈ കാര്യത്തിൽ ഗവൺമെന്റ് പ്രത്യേകമായി ശ്രദ്ധിക്കണം. എന്റെ പ്രധാനപ്പെട്ട ചോദ്യം, ഹരിതശ്രീ പദ്ധതി നടപ്പിലാക്കുമ്പോൾ നമ്മുടെ നിരവധി നിയോജക മണ്ഡലങ്ങളിൽ നടക്കുന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതികൾ-മാതൃഭൂമിയുടെ 'സീഡ്' പോലുള്ള പദ്ധതികൾ, വിവിധ എൻ.ജി.ഒ.-കൾ നടത്തുന്ന പദ്ധതികൾ ഇവരെല്ലാമായി സഹകരിച്ച് ജൂൺ 5 അല്ലാത്ത സമയത്തും അവർക്കാവശ്യമായ ഫലവൃക്ഷത്തൈകളും വൃക്ഷത്തൈകളും കൊടുത്തുകൊണ്ട് കൂടുതൽ ജനകീയ പങ്കാളിത്തത്തോടുകൂടി ഇത്തരത്തിലുള്ള പരിപാടി വിപുലമാക്കി നടത്താൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ നമ്മുടെ സ്കീമുമായി യോജിക്കുന്ന പദ്ധതികളുള്ള മാധ്യമങ്ങൾ, അതിൽ പ്രമുഖമായി മലയാള മനോരമയും മാതൃഭൂമിയും മറ്റും പദ്ധതികൾ മുന്നോട്ടുവച്ചിരുന്നു. സമാന

സാഹചര്യത്തിൽ പദ്ധതികൾ മുന്നോട്ടുവച്ചിട്ടുള്ള എല്ലാ ആളുകളുമായും പൂർണ്ണമായി സഹകരിച്ചാണ് ഇപ്രാവശ്യം ഇക്കാര്യങ്ങൾ നടപ്പാക്കിയിട്ടുള്ളത്. രണ്ടാമത്തെ പ്രശ്നം റോഡരികിൽ വയ്ക്കുന്ന വൃക്ഷത്തൈകളെക്കുറിച്ച് വിമർശനങ്ങൾ വരുന്നതു കൊണ്ടാണ് ഇൻസ്റ്റിറ്റ്യൂഷനുമായി ബന്ധപ്പെടാൻ തീരുമാനിച്ചത്. വേലിക്കെട്ടും കോമ്പൗണ്ടുവാളും ഒക്കെ ഉണ്ടെങ്കിൽ അവിടെ വയ്ക്കുന്ന വൃക്ഷത്തൈകൾ സംരക്ഷിക്കുവാൻ ഉടമസ്ഥർ ഉണ്ടാകും. അതുകൊണ്ടാണ് നക്ഷത്രവനങ്ങൾ ഇൻസ്റ്റിറ്റ്യൂഷനുമായി ബന്ധപ്പെട്ട് പോകണമെന്ന് പറഞ്ഞത്. കുട്ടിവനങ്ങൾ കുടുംബങ്ങളിലാണ് വയ്ക്കുന്നത്. കുടുംബങ്ങളിൽ വയ്ക്കുന്നതു കൊണ്ട് അതിന്റെ സംരക്ഷണം പ്രത്യേകമായി അവിടെ നടക്കും. മാത്രമല്ല ഔഷധ ചെടികൾ വളരണമെന്ന് ആഗ്രഹിക്കുന്ന ഒരു വലിയ ജനവിഭാഗം നമ്മുടെ കേരളത്തിലുണ്ട്. ആയുർവേദ രംഗത്ത് ഔഷധച്ചെടികൾ ഇല്ലാത്തതുകൊണ്ട് ഉണ്ടാകുന്ന വിഷമങ്ങൾ വളരെയധികം ബുദ്ധിമുട്ടുകളിലേക്ക് എത്തിക്കുന്നു എന്നത് നേരത്തേ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇപ്രാവശ്യം അങ്ങ് പറഞ്ഞ കുറവുകൾ നികത്തുന്നതിന് പരമാവധി ശ്രമിക്കുന്നുണ്ട്. ഇതെല്ലാം പരിപൂർണ്ണമായി കുറ്റമറ്റതാണെന്ന് ഞാൻ അവകാശപ്പെടുന്നില്ല. പ്രാക്ടിക്കബിലിറ്റിയിൽ വന്ന കുറവുകൾ എന്ന് ബോധ്യപ്പെട്ടിട്ടുള്ള കാര്യങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശത്തോടുകൂടിയാണ് ഇപ്രാവശ്യം ഈ പദ്ധതി നടപ്പാക്കിയിട്ടുള്ളത്.

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, വനസംരക്ഷണത്തിന് നമുക്ക് ആശ്രയിക്കാൻ കഴിയുന്ന വിഭാഗമാണ് ആദിവാസികൾ. അങ്ങ് റവന്യൂ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് ഒരു ചോദ്യത്തിനുള്ള ഉത്തരം ഇവിടെ നൽകിയിരുന്നു. കേന്ദ്ര വനാവകാശ നിയമം Scheduled Tribes and Other Traditional Forest Dwellers Act ഒന്നാം യു.പി.എ. ഗവൺമെന്റ്, ഇടതുപക്ഷ ഗവൺമെന്റിന്റെ ഭരണകാലത്ത് അവരുടെ സഹായത്തോടുകൂടി നടപ്പാക്കിയതാണ്. കേരളത്തിൽ നമ്മൾ അത് ഫലപ്രദമായി നടപ്പിലാക്കി. LDF ന്റെ കാലഘട്ടത്തിൽ 25400 ആദിവാസികൾക്ക് 30100 ഏക്കർ ഭൂമി വിതരണം നടത്തി. അതിനുശേഷം ഒരു തുണ്ടു ഭൂമി സർവ്വേ നടത്തുകയോ കൊടുക്കുകയോ ചെയ്തിട്ടില്ല. ഇങ്ങനെ കൈവശം കിട്ടിയ ഭൂമി സംബന്ധിച്ച് രണ്ടു പ്രശ്നങ്ങളാണ് ഇപ്പോഴുള്ളത്. ഒന്ന്, ഈ ഭൂമിയിലെ ഒരു മരം പോലും ആദിവാസിക്ക് മുറിക്കാൻ കഴിയില്ല. രണ്ട്, വന്യമൃഗങ്ങളുടെ ആക്രമണത്തിന്റെ ഫലമായി അവർക്ക് അവിടെ ജീവിക്കാൻ കഴിയുന്നില്ല. ആർ.ഒ.ആർ. പ്രകാരം കൊടുത്ത ഭൂമിയിൽ ആദിവാസികൾക്ക് കടക്കാൻ കഴിയുന്നില്ല. ആദിവാസികളെ വയനാട്ടിൽ പുലി തിന്നു

കഴിഞ്ഞു. ഏത് സമയത്തും ആക്രമണത്തിനു വിധേയരാകും എന്ന ഭയത്തോടു കൂടിയാണ് അവിടത്തെ ആദിവാസികൾ ജീവിക്കുന്നത്. അതുതന്നെയുമല്ല അവർക്ക് കൊടുത്ത ഈ ഭൂമിയിൽ ഫോറസ്റ്റുകാർ ജണ്ട ഇടുകയുമാണ്. വന സംരക്ഷണത്തിന് വേണ്ടി ഉപയോഗിക്കേണ്ട അടിസ്ഥാന വിഭാഗമായ ആദിവാസികളെ യഥാർത്ഥത്തിൽ നമുക്ക് എതിരായിട്ട് മാറ്റുകയാണ്. ഇത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങ് പറഞ്ഞ പ്രൊപ്പോസൽ ഞാൻ പൂർണ്ണമായും അംഗീകരിക്കുകയാണ്. ആദിവാസികളെ നമുക്ക് ഇതുമായി ഉൾക്കൊള്ളിച്ചുകൊണ്ട് പോയേ മതിയാകൂ. അതിന് ആവശ്യമായ നടപടികളാണ് നമ്മൾ എടുത്തുക്കൊണ്ടിരിക്കുന്നത്. വന സംരക്ഷണത്തിന് പ്രധാനമായി ആശ്രയിക്കാവുന്ന സത്യസന്ധരായവരാണ് ആദിവാസികൾ. അതുകൊണ്ട് ആ സമൂഹത്തെയും അവരുടെ താല്പര്യങ്ങളെയും പൂർണ്ണമായും കണക്കിലെടുത്തു കൊണ്ടാണ് ഗവൺമെന്റ് ഈ പദ്ധതി ആവിഷ്കരിക്കുന്നത്. തീർച്ചയായും ഗവൺമെന്റ് അതിന് പ്രാധാന്യം കൊടുക്കും.

ഡോ. എൻ. ജയരാജ് : സർ, അങ്ങ് ഇവിടെ ECO Guards-നെ കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ECO Cadets എന്ന ഒരു ആശയം സംസ്ഥാന വനം വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു എന്നാണ് മനസ്സിലാക്കുന്നത്. വനം-പരിസ്ഥിതി സംരക്ഷണത്തിന്റെ വാഹകരായി കുട്ടികളെ മാറ്റി എടുക്കുന്നതിന്റെ ഭാഗമായി തിരഞ്ഞെടുക്കുന്ന കുട്ടികൾക്ക് പരിശീലനം നൽകാനും അവരുടെ പരീക്ഷയ്ക്ക് ഗ്രേസ് മാർക്ക് നൽകുവാനുമുള്ള തീരുമാനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ട് എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഇത്തരത്തിൽ ഒരു പദ്ധതി ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ഉണ്ടോ എന്നാണ് അറിയേണ്ടത്. മലയാള ഭാഷയ്ക്ക് ശ്രേഷ്ഠ ഭാഷാ പദവി കിട്ടിയ ഒരു കാലഘട്ടമാണ്. മലയാള ഭാഷയിലെ ഒട്ടേറെ കവികൾ അവരുടെ പ്രശസ്ത കൃതികളിൽ മരങ്ങളെയും ചെടികളെയും കുറിച്ച് കാവ്യ ശകലങ്ങളിലും, നോവലുകളിലുമൊക്കെ സൂചിപ്പിക്കുന്നുണ്ട്. സ്കൂളുകളിലെ മരങ്ങളിലൊക്കെ ആ കവിയേയും കവിതയുടെ ഭാഗവും രേഖപ്പെടുത്തിവച്ച് കുട്ടികൾക്കിടയിൽ അത്തരം കവിതകൾ കണ്ടെത്തിക്കൊണ്ട് ചെടികൾ നട്ടുപിടിപ്പിക്കാനുള്ള ഒരു സംവിധാനം ഉണ്ടാക്കിയെടുക്കാനും സ്കൂളുകളിൽ ഭാഷാരാമം എന്ന ഒരു ആശയത്തോടുകൂടി മലയാള ഭാഷയോടുള്ള താത്പര്യം ഉണ്ടാക്കിയെടുക്കാനും അതോടൊപ്പം തന്നെ ഈ ചെടികളെയും വൃക്ഷങ്ങളെയും സംരക്ഷിക്കാനുമുള്ള ഒരു അവബോധം കുട്ടികൾക്കിടയിൽ ഉണ്ടാക്കിയെടുക്കുവാനും

കഴിയുമോ ; ഭാഷാരാമം എന്ന പദ്ധതിക്ക് സംസ്ഥാന വനം വകുപ്പ് നേതൃത്വം നൽകുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇന്നിപ്പോൾ ഡിമാന്റ് ചർച്ച കൂടി ഉള്ളതുകൊണ്ട് ഇതിനകത്ത് പറയാനുള്ള ചില കാര്യങ്ങൾ ചർച്ചാവേളയിൽ ഞാൻ പറഞ്ഞുകൊള്ളാം. പരിസ്ഥിതി സംരക്ഷകരായിട്ടുള്ള ആളുകളെ അംഗീകരിക്കുന്നതിനും അവാർഡ് കൊടുക്കുന്നതിനും പ്രത്യേകമായ ചില സ്കീം ഞങ്ങൾ കൊണ്ടുവരുന്നുണ്ട്. അതിനെക്കുറിച്ച് ഡിമാന്റിന്റെ മറുപടി പറയുന്ന സന്ദർഭത്തിൽ പറയാം. അങ്ങ് സൂചിപ്പിച്ചതുപോലെ പഴയ മരങ്ങളെ സംരക്ഷിക്കുവാൻ ആളുകൾക്ക് വളരെ താല്പര്യമുണ്ട്. നാന്നൂറ് വർഷം പഴക്കമുള്ള ഒരു ഇലഞ്ഞി മുത്തശ്ശിക്ക് ആ നാട്ടിലെ മുഴുവൻ ആളുകളും ഒരുമിച്ച് ചേർന്ന് ഡോ. എൻ. ജയരാജിന്റെ നേതൃത്വത്തിൽ വലിയ സ്വീകരണം കൊടുത്തത് ഞാൻ ഓർക്കുകയാണ്. മര സംരക്ഷകരായിട്ടുള്ള ആളുകൾ ധാരാളം നമ്മുടെ സമൂഹത്തിലുണ്ട്. അവരുടെ സഹായത്തോടുകൂടി മാത്രമേ നമുക്കിത് മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ഹരിതശ്രീ, നക്ഷത്രവനം, കുട്ടിവനം എന്നീ പദ്ധതികളെല്ലാം പരിസ്ഥിതി സംരക്ഷിക്കാൻ വേണ്ടിയിട്ടുള്ള പദ്ധതികളാണ്. എന്നാൽ കേരളത്തിൽ വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് യാതൊരു രക്ഷയും ഇല്ലാത്ത സ്ഥിതിയാണ്. കാട്ടാന എന്നു പറയുന്നത് ഷെഡ്യൂൾ-1 ൽ പെട്ടിരിക്കുന്ന വന്യമൃഗമാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും വലിയ കൂട്ടക്കൊലയാണ് വനത്തിനകത്ത് നടന്നുകൊണ്ടിരിക്കുന്നത്. 27 കാട്ടാനകളെ വെടിവച്ച് കൊന്ന് കൊമ്പ് എടുത്തു കൊണ്ടുപോയിട്ടും ഒരാളും ചോദിച്ചില്ല. ആന ചരിഞ്ഞ് കാട്ടിൽ ചീഞ്ഞ് നാറിക്കഴിഞ്ഞാൽ ആ പ്രദേശത്ത് ആർക്കും നിൽക്കാൻ കഴിയില്ല. 27 ആനകൾ കാട്ടിൽ വെടി കൊണ്ട് മരിച്ച് ചീഞ്ഞ് നാറി. ഞാൻ ആനയെ വെടിവച്ചു കൊന്നുവെന്ന് ഈ കൊള്ളക്കാരൻ തന്നെ പോയി വനം വകുപ്പിനോട് പറഞ്ഞിട്ടും അത് തേച്ചുമാച്ച് കളയുവാനുള്ള നടപടിയാണ് വനം വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടായത്. അതിന്റെ ഭാഗമായി ഇപ്പോൾ കുറച്ച് ഉദ്യോഗസ്ഥൻമാരെ സസ്പെന്റ് ചെയ്തിരിക്കുകയാണ്. യഥാർത്ഥത്തിൽ ഡി.എഫ്.ഒ.-മാരടക്കമുള്ള ആളുകളുടെ ഒത്താശയോടും അറിവോടും കൂടിയാണ് വനത്തിനകത്ത് ആനകളെ വെടിവച്ച് കൊന്ന് ആനക്കൊമ്പ് മോഷ്ടിച്ചു കൊണ്ടിരിക്കുന്നത്. ഷെഡ്യൂൾ-1-ൽ പെട്ടിരിക്കുന്ന കാട്ടാനയെപ്പോലും സംരക്ഷിക്കാൻ നമുക്ക് കഴിയുന്നില്ലെങ്കിൽ അത് വനം വകുപ്പുമന്ത്രിക്കുമാത്രമല്ല കേരളത്തിനും നാണക്കേടാണ്. രണ്ടുമൂന്ന്

ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തുകൊണ്ട് ഈ കേസ് തേച്ചുമാച്ച് കളയുവാനാണോ അങ്ങ് ഉദ്ദേശിക്കുന്നത്. അതല്ല, ഇന്ത്യയിൽത്തന്നെ ഉണ്ടായിട്ടുള്ള ഇത്രയും വലിയ കൂട്ടക്കുരുതി നടത്തി കാട്ടാനകളെ കൊന്നിരിക്കുന്ന, ഈ കൊള്ളയെപ്പറ്റി സമഗ്രമായ അന്വേഷണം നടത്തി ഇതിന്റെ യഥാർത്ഥ ഉത്തരവാദികളെ ശിക്ഷിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ച് കേരളത്തിന്റെ അഭിമാനം സംരക്ഷിക്കാൻ അങ്ങ് തയ്യാറാകുമോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഹരിതശ്രീയുമായി ഇക്കാര്യത്തിന് നേരിട്ട് ബന്ധമില്ലെങ്കിലും അങ്ങ് ഇവിടെ ഉന്നയിച്ച പ്രശ്നം വളരെ കറന്റായിട്ടുള്ള കാര്യമാണ്. അതുകൊണ്ട് ഞാൻ അങ്ങയോട് നന്ദി പറയുകയാണ്. കാരണം ഡയറക്ടായി എനിക്ക് ഉത്തരം പറയാൻ സാധ്യതയില്ലാതിരുന്ന കേസാണ്, പക്ഷേ അങ്ങ് ഉന്നയിച്ചത് കൊണ്ട് പറയുകയാണ്. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ വിജിലൻസിന്റെ ചാർജ്ജുള്ള ശ്രീ. സുരേന്ദ്രനാഥിനോട് അന്വേഷിക്കാൻ പറയുകയും അന്നുതന്നെ അന്വേഷണമാരംഭിക്കുകയും ചെയ്തു. ഇപ്പോൾ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. 240-ഓളം ഫോറസ്റ്റ് ഉദ്യോഗസ്ഥർ പല സ്ഥലങ്ങളിലായി തെരച്ചിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. ഒരു ഇൻവെസ്റ്റിഗേഷന്റെ മധ്യത്തിൽവച്ച് അതേക്കുറിച്ച് പറയുന്നത് ശരിയല്ല. പ്രിലിമിനറിയായി കുറ്റക്കാരെന്ന് കണ്ട ആളുകൾക്കെതിരെ പ്രാഥമികമായ നടപടിയെടുത്തു കഴിഞ്ഞു. ഇതുകൊണ്ട് തീരില്ല. സ്റ്റീം റോളർ ഉരുളും ; ഉരുളുമെന്ന് മാത്രമല്ല വളരെ ശക്തിയായി മുന്നോട്ടുപോകും. അങ്ങ് പറഞ്ഞ കണക്കുകളൊന്നും എനിക്ക് രേഖകളുടെ അടിസ്ഥാനത്തിൽ സമർത്ഥിക്കാനോ എതിർക്കാനോ സാധിക്കില്ല, എന്തെന്നാൽ അതിനാവശ്യമായ കാര്യങ്ങൾ ഇപ്പോൾ എന്റെ കൈവശമില്ല. എന്നാലും ഇക്കാര്യം വളരെ ഗൗരവതരമായി, ഉത്തരവാദപ്പെട്ട രൂപത്തിൽത്തന്നെ ഗവൺമെന്റ് കാണുകയാണ്. കാട്ടിൽ നടക്കുന്ന കൊള്ള, അത് കേരളത്തിന്റെ അതിർത്തിയിൽ മാത്രമല്ല തമിഴ്നാട്, കർണ്ണാടകം തുടങ്ങിയ അയൽ സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടു മാത്രമേ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ സാധിക്കുകയുള്ളൂ. ഇക്കാര്യത്തിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കൂടി അംഗീകാരത്തോടെ സൗത്ത് ഇന്ത്യൻ ഫോറസ്റ്റ് മിനിസ്റ്റേഴ്സിന്റെ മീറ്റിംഗ് വിളിക്കുന്നതിന് കേരളം മുൻകയ്യെടുക്കുകയാണ്. ആഗസ്റ്റ് മാസം ആദ്യ ആഴ്ചയിൽത്തന്നെ അത് നടത്താൻ സാധിക്കുമെന്ന് വിശ്വസിക്കുന്നു. രണ്ട് രൂപത്തിലാണ് ഇതിനെ ഞങ്ങൾ സമീപിക്കുന്നത്. ഒന്ന്, മറ്റുസംസ്ഥാനങ്ങളുടെകൂടി സഹകരണത്തോടെ ഇതുപോലുള്ള വേട്ട ഉണ്ടാകാതിരിക്കുന്നതിനു വേണ്ടിയുള്ള നടപടി. മറ്റൊന്ന്, കുറ്റക്കാരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരുന്നതിനുവേണ്ടി ഇൻവെസ്റ്റിഗേഷൻ. ഈ രണ്ട് കാര്യവും ഒരുപോലെ നടത്തുന്നതിനുവേണ്ടി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ

അവയിലബിളായിട്ടുള്ള ബെസ്റ്റ് ടീമിനെ കൊണ്ടുവരുന്നതോടൊപ്പം പോലീസിന്റെ സഹായംകൂടി തേടുന്നതാണ്. കേരളത്തിന് അങ്ങനെയൊരു സാഹചര്യമുണ്ടാകരുത്. ഇത് രണ്ടുംകൂടി ചേർത്ത് മുന്നോട്ടുപോകാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

ശ്രീ. ബെന്നി ബെഹനാൻ : സർ, വന സംരക്ഷണത്തിനും മരം നട്ടു പിടിപ്പിക്കുന്നതിനുമൊക്കെ നിരവധി പദ്ധതികൾ ഇവിടെ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇന്നും ചില പ്രാകൃതമായ സമീപനമുണ്ട്. ഉദാഹരണത്തിന് പുനർനടീലിന്റെ ഭാഗമായി ഇപ്പോഴും വനം തീയിട്ട് നശിപ്പിക്കുന്നു. തീയിടുമ്പോൾ അവിടത്തെ ഔഷധച്ചെടികളും കൃഷിയും നഷ്ടപ്പെടുകയും വന്യമൃഗങ്ങൾ പോകുകയും ചെയ്യുന്നു. അതുകൊണ്ട് കുറച്ചുകൂടി ശാസ്ത്രീയമായ രീതിയിൽ പുനർനടീലിനുവേണ്ട ക്രമീകരണങ്ങൾ ഉണ്ടാക്കാൻ കഴിയുമോ ; 2014-15 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന ജലസംരക്ഷണ പദ്ധതികളിൽ പ്രകൃതി, ആസ്വാദന കേന്ദ്രങ്ങൾ തുടങ്ങിയ നിരവധി പദ്ധതികളൊക്കെ ഉണ്ടായിരുന്നു. ഇതിലേതെങ്കിലും നടപ്പാക്കിയിട്ടുണ്ടോ ; നടപ്പാക്കാൻ ഉദ്ദേശ്യമുണ്ടോ; വിശദമാക്കുമോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, തീയിടുന്നത് ഫയർ ലൈൻ യൂണിറ്റാണ്. ഫോറസ്റ്റിന്റെ ഫയർ ലൈനിൽ കരിയില വീണ് ഉണ്ടാകുന്ന അപകടം ഒഴിവാക്കുന്നതിനുവേണ്ട നടപടിയാണ് നടക്കുന്നത്. അതല്ലാതെ മനഃപൂർവ്വം അതിന്റെ ഉള്ളിൽ എന്തെങ്കിലും നടക്കുന്നുണ്ടെങ്കിൽ അത് വേറൊരു ക്രിമിനൽ ആക്ടിവിറ്റിയായി നോക്കേണ്ടിവരും, അത് പരിശോധിച്ച് നടപടിയെടുക്കേണ്ടിവരും. അതോടൊപ്പം അങ്ങ് മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ ഗവൺമെന്റ് വളരെ ഗൗരവതരമായി പരിഗണിക്കുന്നതാണ്.

ശ്രീ. സി. കെ. നാണു : സർ, നമ്മുടെ സംസ്ഥാനത്ത് ആദിവാസികൾ താമസിക്കുന്ന പ്രദേശത്താണ് ജോലി ഇല്ലാതെയും മറ്റും പട്ടിണി മരണമടക്കം കൂടുതലായി കണ്ടുവരുന്നത്. വനത്തിന്റെ അതിർത്തിയിൽ ഔഷധച്ചെടികൾ നട്ടാൽ നല്ലതായിരിക്കും. സാധാരണ ഔഷധച്ചെടികൾക്ക് വനാതിർത്തിയിൽ കൂടുതൽ ഗുണമുണ്ടാകാറുണ്ട്. അതുകൊണ്ട് കേരളത്തിലെ ആയുർവ്വേദത്തെ പരിപൂർണ്ണമായി സംരക്ഷിക്കാൻ സാധിക്കുന്ന രൂപത്തിൽ ഔഷധച്ചെടികൾ നട്ടുപിടിപ്പിക്കാനും ആദിവാസികൾക്ക് സ്ഥിരമായി ഒരു ജോലി കൊടുക്കാനും ഇതിലൂടെ സാധിക്കും. ഇതിനെക്കുറിച്ച് പല ഘട്ടങ്ങളിലായി നമ്മൾ ആലോചിച്ചു. ആരോഗ്യ വകുപ്പും വനം വകുപ്പും സംയുക്തമായി ഇതിനെപ്പറ്റി ചർച്ച ചെയ്തെങ്കിലും യഥാർത്ഥത്തിൽ ഇത് ഫലപ്രദമായില്ല. അതുകൊണ്ട് വനവത്ക്കരണത്തെപ്പറ്റി സംസാരിക്കുമ്പോൾ

വനം സംരക്ഷിക്കുന്ന കാര്യത്തിലായാലും ഔഷധച്ചെടികൾ വച്ചുപിടിപ്പിക്കുന്ന കാര്യത്തിലായാലും ആദിവാസികളെ ദാരിദ്ര്യത്തിൽ നിന്നും പരിപൂർണ്ണമായി മോചിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതി നടപ്പിലാക്കാൻ ബഹുമാനപ്പെട്ട മന്ത്രി സന്നദ്ധനാകുമോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങ് പറഞ്ഞത് വളരെ പോസിറ്റീവായ ഒരു പ്രൊപ്പോസലാണ്. ഗവൺമെന്റ് അത് നടപ്പിലാക്കാൻ ശ്രമിക്കുകയാണ്. ആദിവാസി സമൂഹത്തിൽ ദാരിദ്ര്യത്തിൽ കഴിയുന്ന കുറച്ചധികം ആളുകളുണ്ട്. വനവിഭവങ്ങൾ ശേഖരിക്കുന്നതിന് അവർക്ക് അധികാരമുണ്ട്. എല്ലാ ഗവൺമെന്റുകളും ആ അധികാരം അവർക്ക് കൊടുത്തിട്ടുമുണ്ട്. പക്ഷേ ആ വനവിഭവങ്ങൾ വിൽക്കുമ്പോൾ അവർക്ക് മതിപ്പു വിലയാണ് കിട്ടുന്നത്. അത് വാല്യൂ ആഡഡ് ആക്കി മാറ്റുന്നതിന് ഒരു പദ്ധതിയെടുക്കുകയാണ്. അതിനുവേണ്ടി അവരുടെയൊരു സൊസൈറ്റിയുണ്ടാക്കുകയും അതിന്റെ നേതൃത്വത്തിൽ ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടുകൂടി ഇത് വാല്യൂ ആഡഡ് ആക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടത്താനാണ് ഉദ്ദേശിക്കുന്നത്. കേരളത്തിലെ വനത്തിൽ മാത്രമായി എതാണ്ട് 100 ടൺ തേൻ ഒരു വർഷത്തിൽ കിട്ടുന്നുണ്ട്. ഈ തേൻ ശേഖരിക്കുന്ന പാവപ്പെട്ട ആദിവാസികൾക്ക് തുച്ഛമായ തുകയേ ലഭിക്കുന്നുള്ളൂ. അതുകൊണ്ട് കുപ്പിയിലാക്കി എക്സ്പോർട്ട് ചെയ്യാൻ സാധിക്കുന്ന തരത്തിൽ അത് വിപണനം ചെയ്ത് വാല്യൂ ആഡഡ് രൂപത്തിലേക്ക് കൊണ്ടുപോയാൽ അതിൽനിന്നും കിട്ടുന്ന പണം ഈ സൊസൈറ്റിക്ക് ലഭിക്കും. സൊസൈറ്റിക്ക് വരുന്ന ഈ പണം അതിൽ അംഗങ്ങളായ കുടുംബങ്ങൾക്ക് വിതരണം ചെയ്യും. ഈ പ്രക്രിയ പൂർത്തിയായി വരുമ്പോൾ ആദിവാസികളുടെ സാമ്പത്തിക ശാക്തീകരണം പൂർണ്ണമായി നടപ്പാകുമെന്ന് ഗവൺമെന്റ് വിശ്വസിക്കുകയാണ്. അതിനുവേണ്ടി അങ്ങ് പറഞ്ഞ പ്രൊപ്പോസൽ അംഗീകരിക്കുന്നു. അതായത് ഔഷധച്ചെടികളും വാല്യൂ ആഡഡ് ആക്കണം. ഇപ്പോൾ ആവശ്യക്കാർ ആദിവാസികളുടെ കയ്യിൽനിന്ന് നേരിട്ട് വാങ്ങി കൊണ്ടുപോകുകയാണ് ചെയ്യുന്നത്. അവർക്ക് ഇതിന്റെ മൂല്യത്തിനനുസരിച്ചുള്ള വില ലഭിക്കുന്നില്ല. അതുകൊണ്ട് ഇവർക്ക് ഒരു സൊസൈറ്റിയുടെ അടിസ്ഥാനത്തിൽ എല്ലാം കളക്ട് ചെയ്യുകയും അത് വാല്യൂ ആഡഡ് ആക്കി വിനിയോഗിക്കുകയും പുറത്ത് വില്ക്കുന്നതിനു വേണ്ടിയിട്ടുള്ള വിപണന സൗകര്യം ഉണ്ടാക്കിക്കൊടുക്കുകയും അതിന്റെ തുക മടങ്ങി വരുകയും അത് കുടുംബാംഗങ്ങളായിട്ടുള്ള ആളുകൾക്ക് വിതരണം ചെയ്യുകയും ചെയ്യുക. കേരളത്തിലെ ആദിവാസികളുടെ സാമ്പത്തിക ശാക്തീകരണ ത്തിനുള്ള ഏറ്റവും

ഫലപ്രദമായ ഒരു നടപടിയായി ഡിപ്പാർട്ടുമെന്റ് ഇതിനെ കാണുന്നു. ഗവൺമെന്റ് അതുമായി മുന്നോട്ട് നീങ്ങുകയാണ്.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, വനം വകുപ്പിന്റെ സാമൂഹ്യവത്ക്കരണത്തിന്റെ ഭാഗമായി മലയാള മനോരമയുടെ ഭൂമിക്കൊരു കുട, മാതൃഭൂമിയുടെ സീഡ് പദ്ധതി, വിദ്യാലയങ്ങൾ നടപ്പിലാക്കുന്ന പദ്ധതികൾ, അതുപോലെ സന്നദ്ധ സംഘടനകളും വ്യക്തികളുമൊക്കെ നടത്തുന്ന പരിശ്രമത്തിന്റെ ഫലമായി വൃക്ഷത്തൈ നടീൽ ഇവയൊക്കെ സംസ്ഥാനത്ത് വ്യാപകമായിട്ടുണ്ട്. പക്ഷേ വൃക്ഷത്തൈ നടുന്ന സന്ദർഭത്തിൽ ഇവിടെ സൂചിപ്പിച്ചതുപോലെ അതിന്റെ സംരക്ഷണം ഏറ്റെടുക്കാൻ ആരുമില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അത് ഗൗരവമായി കണക്കാക്കുകയും അതോടൊപ്പം വൃക്ഷത്തൈകൾ കൊടുക്കുന്ന സന്ദർഭത്തിൽ അത് സാമൂഹ്യവനവത്ക്കരണത്തിന്റെ ഭാഗമായി വനം വകുപ്പിന്റെ നേതൃത്വത്തിലാകട്ടെ, മറ്റ് സാമൂഹ്യസംഘടനകളുടെ നേതൃത്വത്തിലാകട്ടെ കൊടുക്കുന്ന വൃക്ഷത്തൈകൾ പാഴ്മരങ്ങളുടെ തൈകൾ ആകാതിരിക്കാനും വളരെ ആഴത്തിൽ മണ്ണിലേക്ക് വേരിറങ്ങുന്ന ഫലവൃക്ഷങ്ങളുടെ തൈകൾ കൊടുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; പാഴ്മരങ്ങളുടെ തൈ കൊടുത്താൽ അത് വേഗത്തിൽ വളരും. വളരുന്നത് എല്ലാവർക്കും ഇഷ്ടമാണ്. പക്ഷേ അത് തടയണം. ഇപ്പോൾ നമ്മുടെ നാട്ടിലുണ്ടായ ദുരന്തത്തിന്റെ അടിസ്ഥാനത്തിൽ അത് ഒഴിവാക്കി കൊണ്ട് നല്ല വൃക്ഷത്തൈകൾ കൊടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, മലയാള മനോരമ നേതൃത്വം കൊടുക്കുന്ന ഭൂമിക്കൊരു കുട, മാതൃഭൂമിയുടെ സീഡ് പ്രോഗ്രാം മുതലായ പദ്ധതികളിലെല്ലാം ഡിപ്പാർട്ടുമെന്റുകൾ പല സന്ദർഭത്തിലും പൂർണ്ണമായി സഹകരിച്ച് മുന്നോട്ടുപോയിട്ടുണ്ട്. ഡിപ്പാർട്ടുമെന്റിന്റെ സഹകരണം തേടിയതിലൂടെ സംയുക്തമായി ഈ സംരംഭം മുന്നോട്ട് പോയിട്ടുണ്ട്. ഇപ്രാവശ്യത്തെ പരിസ്ഥിതി ദിനത്തിലും ആ പദ്ധതികൾ വിജയകരമായി കൊണ്ടുപോകാൻ സാധിച്ചിട്ടുണ്ട്. അങ്ങ് ഇവിടെ സൂചിപ്പിച്ച പാഴ്മരങ്ങൾ, അതൊരു പഴയ സമ്പ്രദായമാണ്. എനിക്ക് ലഭിച്ചിട്ടുള്ള റിപ്പോർട്ടുകൾ അനുസരിച്ച് ഇപ്പോൾ വിതരണം ചെയ്യുന്ന തൈകളിൽ പാഴ്മരങ്ങൾ ഉണ്ടെന്ന് തോന്നുന്നില്ല. പാഴ്മരങ്ങൾ മാത്രമല്ല ഔഷധച്ചെടികൾ എന്ന് നമ്മൾ നിർബന്ധം വയ്ക്കുകയും ചെയ്തു. അതുകൊണ്ട് ഇപ്പോൾ നല്ല രൂപത്തിലുള്ളതും ഔഷധമൂല്യമുള്ള ചെടികളുമാണ് കൊടുക്കുന്നത്. അതുകൊണ്ട് ഈ പദ്ധതി വളരെ വിജയകരമായി കേരളത്തിൽ നടപ്പാക്കുന്നതാണ്.

ശ്രീ. ബി.ഡി. ദേവസ്സി : സർ, പരിസ്ഥിതിക്ക് ഗുണകരമല്ലാത്ത അക്കേഷ്യ മരങ്ങൾ അവശേഷിക്കുന്നവ കൂടി വെട്ടി മാറ്റി പകരം മരങ്ങൾ വയ്ക്കാൻ നടപടി

സ്വീകരിക്കുമോ ? എന്റെ നിയോജകമണ്ഡലത്തിലെ ആനമല-ചാലക്കുടി-ആതിരപ്പള്ളി റൂട്ടിൽ പലപ്പോഴും മരങ്ങൾ വീണ് ടൂറിസ്റ്റുകൾ ഉൾപ്പെടെയുള്ള യാത്രക്കാർ വനത്തിനുള്ളിൽ കഷ്ടപ്പെടുന്ന ഒരു അവസ്ഥയുണ്ട്. വീഴാറായ മരങ്ങൾ വെട്ടി മാറ്റാനും മരങ്ങൾ വീഴുമ്പോൾ അതു നീക്കം ചെയ്യാനുമുള്ള സംവിധാനങ്ങൾ ഇപ്പോഴില്ല. വനം വകുപ്പുമായി ബന്ധപ്പെടുമ്പോൾ അതിന് വാഹനങ്ങളോ ഉപകരണങ്ങളോ അതുപോലുള്ള സംവിധാനങ്ങളോ ഇല്ലായെന്നാണ് പറയുന്നത്. വാണിജ്യ പ്രാധാന്യമുള്ള ഒരു ഇന്റർസ്റ്റേറ്റ് ടൂറിസ്റ്റ് ഹൈവേ എന്ന നിലയ്ക്ക് മഴക്കാലത്തെങ്കിലും ഇതിനുള്ള സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, അക്കേഷ്യ മരങ്ങൾ ഒരു കാലത്ത് ഫയർ വുഡ് ആയി വച്ചുപിടിപ്പിച്ചതാണ്. ഇപ്പോൾ അത് പലയിടത്തുനിന്നും വെട്ടി മാറ്റുകയാണ്. അങ്ങ് പറഞ്ഞതുപോലെ വീഴാറായ മരങ്ങൾ മുറിച്ചുമാറ്റാത്തതു കൊണ്ടുള്ള പ്രശ്നം നിലനിൽക്കുന്നുണ്ട്. പ്രത്യേകിച്ച് വാഴച്ചാൽ പോലുള്ള സ്ഥലത്തേയ്ക്ക് പോകുമ്പോൾ രണ്ടു വശങ്ങളിലും ധാരാളം മരങ്ങളുണ്ട്. അതിൽ ചാഞ്ഞു നിൽക്കുന്ന മരങ്ങളുമുണ്ടാകും. പക്ഷേ വീഴാറായ മരങ്ങൾ മുഴുവൻ മുറിക്കാൻ അനുമതി നൽകിയാൽ അവസാനം അത് കാടിന്റെ മേലുള്ള കയ്യേറ്റമായി മാറും. അങ്ങനെ സംഭവിക്കാതിരിക്കാൻ പ്രധാനപ്പെട്ട ഇഷ്യൂ ഏതാണെന്നു നോക്കി മെറിറ്റിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കാം.

<u>ശ്രീ. സി. കൃഷ്ണൻ</u> : സർ, എന്റെ മണ്ഡലത്തിൽ കഴിഞ്ഞ രണ്ടു വർഷക്കാലമായി 'കനിമധുരം' എന്നൊരു പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പുരയിടങ്ങളിലും പൊതു സ്ഥലങ്ങളിലും ഫലവൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി റോഡരികിലും മറ്റും തൈകൾ വച്ചുപിടിപ്പിച്ചാൽ അവയിൽ പലതും അവശേഷിക്കുകയില്ല. പുരയിടങ്ങളിൽ വച്ചുപിടിപ്പിക്കുകയാണെങ്കിൽ അതു വളരെയേറെ പ്രയോജനപ്പെടും. അത്തരം പദ്ധതികൾക്ക് സഹായം നൽകുന്നതിന് വനം വകുപ്പും കൃഷി വകുപ്പും ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ എന്നാണ് എന്റെ ചോദ്യം ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, അങ്ങ് പറഞ്ഞ പ്രൊപ്പോസൽ ഞാൻ പൂർണ്ണമായി അംഗീകരിക്കുകയാണ്. അങ്ങയുടെ നിർദ്ദേശം ഒരു പ്രോജക്ടിന്റെ രൂപത്തിൽ വനം വകുപ്പിന് സമർപ്പിച്ചാൽ കഴിയുന്ന എല്ലാ സഹായവും നൽകുന്നതാണ്.

**റോഡപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് സൗജന്യ ഇൻഷ്വറൻസ് പദ്ധതി**

2 (*152) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് സൗജന്യ ചികിത്സ നൽകുന്ന ഇൻഷ്വറൻസ് പദ്ധതി ആഭ്യന്തര വകുപ്പ് നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) പദ്ധതി ആനുകൂല്യത്തിന് വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

(സി) പദ്ധതിയിൽ സ്വകാര്യ ആശുപത്രികളെ ഉൾപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ,

(എ) റോഡപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് സൗജന്യ ചികിത്സ നൽകുന്നതിലേക്കായി മാത്രം ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടില്ല.

(ബി&സി) ഉത്തരം (എ)-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : സർ, അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രിയായശേഷം ഈ വകുപ്പിൽ ധാരാളം മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. സാധാരണക്കാരായ ജനങ്ങളെ സംരക്ഷിക്കുന്ന ഓപ്പറേഷൻ കുബേര ഉൾപ്പെടെയുള്ള നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ, രാത്രികാലങ്ങളിലും ശക്തമായ മഴയുള്ള സമയങ്ങളിലും ആളുകളെ ഇടിച്ചിട്ട് നിർത്താതെ പോകുന്ന വാഹനങ്ങൾ പിടികൂടി നടപടി സ്വീകരിക്കുന്നതിനും അങ്ങനെ അപകടങ്ങൾ സംഭവിക്കുമ്പോൾ ആവശ്യമായ ചികിത്സാ സംവിധാനം ലഭ്യമാക്കുന്നതിനും ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനും എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ശ്രീ. രമേശ് ചെന്നിത്തല : സർ, വാഹന ഇൻഷ്വറൻസ് ഉള്ളതുകൊണ്ട് വാഹനം ഇടിച്ച് പരിക്കേൽക്കുകയോ മരണപ്പെടുകയോ ചെയ്യുന്ന ആളുകൾക്ക് സാധാരണഗതിയിൽ ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നതാണ്. എന്നാൽ അജ്ഞാത വാഹനങ്ങൾ ഇടിച്ചിട്ടിട്ട് പോകുന്ന ആളുകൾക്ക് ആനുകൂല്യം ലഭിക്കത്തക്ക തരത്തിലുള്ള

ഇൻഷ്വറൻസ് പദ്ധതി ഇപ്പോൾ നിലവിലില്ല. അതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : സർ, ഇൻഷ്വറൻസ് കാലാവധി കഴിഞ്ഞ വാഹനങ്ങൾ അപകടത്തിൽപ്പെട്ട് പലപ്പോഴും ആളുകൾ മരണപ്പെടാറുണ്ട്. ഇൻഷ്വറൻസ് കാലാവധി കഴിഞ്ഞ് നിരത്തിലിറക്കുന്ന വാഹനങ്ങളുടെ ഉടമകൾക്കെതിരെ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ ; അത്തരം വാഹനാപകടങ്ങളിൽപെടുന്ന ആളുകൾക്ക് ഇൻഷ്വറൻസ് ലഭിക്കുന്നതിനുവേണ്ടി പദ്ധതികൾ ആവിഷ്കരിക്കാൻ തയ്യാറാകുമോ ?

ശ്രീ. രമേശ് ചെന്നിത്തല : സർ, ഇതിന്റെ ഉത്തരം പറയേണ്ടത് ട്രാൻസ്പോർട്ട് വകുപ്പാണ്. അദ്ദേഹം മറുപടി പറയുമെന്ന് ഞാൻ കരുതുന്നു.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ഇൻഷ്വറൻസ് കാലാവധി കഴിഞ്ഞ വാഹനങ്ങൾക്കെതിരെ നടപടിയെടുക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത് ഒന്നുകൂടി റിവ്യൂ ചെയ്യാൻ ഡിപ്പാർട്ടുമെന്റ് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. കെ. മുരളീധരൻ : സർ, ഇന്ത്യയിലെ ആകെ ജനസംഖ്യയുടെ മൂന്നു ശതമാനമാണ് കേരളത്തിലെ ജനസംഖ്യ. പക്ഷേ ഇന്ത്യയിലെ ആകെ റോഡപകടങ്ങളിൽ പത്തു ശതമാനവും കേരളത്തിലാണ് നടക്കുന്നത്. ഓരോ വർഷവും വാഹനങ്ങളുടെ എണ്ണം ഇരുപതു ശതമാനത്തോളം വർദ്ധിക്കുകയാണ്. ആയിരം വാഹനങ്ങൾക്ക് പതിനഞ്ച് അപകടങ്ങൾ വീതമാണ് ഒരു വർഷം ശരാശരി ഇവിടെ നടക്കുന്നതെന്നാണ് കണക്കെടുത്തിട്ടുള്ളത്. ഇത് ദേശീയ ശരാശരിയുടെ ഇരട്ടിയാണ്. ഇതിന് പല കാരണങ്ങളുണ്ട്. ശ്രദ്ധിക്കാതെ വാഹനം ഓടിക്കുക, ട്രാഫിക് നിയമം നോക്കാതെ റോഡ് ക്രോസ് ചെയ്യുക ഇതൊക്കെയാണ് റോഡപകടങ്ങളുടെ പ്രധാന കാരണങ്ങൾ. ട്രാഫിക് നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹൈവേ പോലീസ് പട്രോളിംഗ് മോഡലിൽ എല്ലാ റോഡുകളിലും മൊബൈൽ ട്രാഫിക് പോലീസ് യൂണിറ്റ് അനുവദിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. രമേശ് ചെന്നിത്തല : സർ, വാഹനാപകടങ്ങൾ വർദ്ധിച്ചുവരുന്ന ഒരു കാലമാണിത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വാഹനാപകടങ്ങൾ നടക്കുന്ന സംസ്ഥാനം മഹാരാഷ്ട്രയും രണ്ടാമത് തമിഴ്നാട്ടും മൂന്നാമത് കേരളവുമാണ്. കേരളത്തിലുണ്ടാകുന്ന റോഡപകടങ്ങൾ കുറയ്ക്കാൻ ട്രാഫിക് നിയമം കർശനമാക്കുവാനും അതോടൊപ്പം വാഹനങ്ങളുടെ വേഗത കുറയ്ക്കാനുമുള്ള നടപടികൾ ഇതിനകം സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ഹൈവേ പട്രോളിംഗ് പോലെ മറ്റു റോഡുകളിലും പോലീസ് പട്രോളിംഗ്

ശക്തമാക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. മാത്രമല്ല, റോഡ് സുരക്ഷ ലക്ഷ്യമാക്കി ഗതാഗത വകുപ്പും വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് 'ശുഭയാത്ര' എന്ന ഒരു പുതിയ പദ്ധതിയും ആരംഭിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വാഹനാപകടങ്ങൾ കുറയ്ക്കാൻ വേണ്ടിയുള്ള ഒരു കർമ്മപദ്ധതിയാണിത്. ഈ പദ്ധതി വിജയകരമായി നടപ്പിലാക്കാൻ വിവിധ ഏജൻസികളുടെ സഹായം തേടിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഔപചാരികമായ ഉദ്ഘാടനം മുഖ്യമന്ത്രി നിർവ്വഹിച്ചു കഴിഞ്ഞിട്ടുണ്ട്. റോഡുകളിൽ സീബ്രാ ലൈൻ വരയ്ക്കുക, റോഡുകളിലൂടെ പോകുന്ന ആളുകൾ റോഡിന്റെ ഇടതുവശം ചേർന്നു പോകുക, അതിനാവശ്യമായ പാതയോരങ്ങൾ സജ്ജമാക്കുക, മദ്യപിച്ച് വാഹനമോടിക്കുന്നവരെ കർശനമായി നിയന്ത്രിക്കുക, ട്രാഫിക് ബോധവൽക്കരണം ശക്തിപ്പെടുത്തുക, ജനങ്ങൾ പ്രത്യേകിച്ച്, വളർന്നുവരുന്ന തലമുറ ട്രാഫിക് നിയമങ്ങൾ കർശനമായി പാലിക്കാനുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ശുഭയാത്രയുടെ അംബാസിഡറായി പ്രസിദ്ധ സിനിമാ നടൻ മോഹൻലാലിനെ തീരുമാനിച്ചിട്ടുണ്ട്. ഇനിയുള്ള ദിവസങ്ങളിൽ ഇതിനുവേണ്ടി വ്യാപകമായ പരിപാടികളും പദ്ധതികളും ആഭ്യന്തര വകുപ്പും ട്രാൻസ്പോർട്ട് വകുപ്പും ചേർന്ന് നടപ്പിലാക്കുന്നതാണ്.

<u>ശ്രീ. ഷാഫി പറമ്പിൽ</u> : സർ, 'Prevention is better than cure' എന്ന് പറയാം. കേരളത്തിൽ മഹാരോഗം കൊണ്ട് നഷ്ടപ്പെടുന്നതിലും കൂടുതൽ ജീവൻ റോഡപകടങ്ങളിലൂടെ പൊലിയുന്നുണ്ടെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. വിദേശ രാജ്യങ്ങളിൽ പോകുന്ന മലയാളികൾ ഉൾപ്പെടെയുള്ള ആളുകൾ പറയുന്നത് അവിടെ ഡ്രൈവിംഗ് ലൈസൻസ് കിട്ടാൻ വളരെ പ്രയാസമാണെന്നാണ്. അവിടെ ലൈസൻസിന്റെ ഇഷ്യു വളരെ സീരിയസായി കാണുകയും ഡ്രൈവിംഗിലെ വ്യക്തമായ പ്രാവീണ്യത്തിന് ശേഷം മാത്രം ലൈസൻസ് കൊടുക്കുകയും ചെയ്യുന്ന സംവിധാനം അവർക്കുണ്ട്. പോലീസ് വകുപ്പും ട്രാൻസ്പോർട്ട് വകുപ്പും കൂടി ചേർന്ന് വാഹനമോടിക്കുന്നതിലുള്ള പ്രാവീണ്യം ഉറപ്പുവരുത്തിയതിനുശേഷം മാത്രം ലൈസൻസ് ഇഷ്യൂ ചെയ്യുന്നതിന് കുറച്ചുകൂടി കർശനമായ നടപടികളെടുക്കണം. ഇപ്പോൾ പല ഡ്രൈവിംഗ് സ്കൂളുകളിലും പേര് കൊടുത്താൽ അവരുടെ പേരിൽ ലൈസൻസ് കിട്ടുന്ന സാഹചര്യമുണ്ട്. ടെസ്റ്റ് നടത്തുന്നില്ല എന്നല്ല. വിദേശ രാജ്യങ്ങളിലേതു പോലെ ഡ്രൈവിംഗ് ടെസ്റ്റ് കുറച്ചുകൂടി നിലവാരമുള്ളതാക്കി മാറ്റുന്നതിന് പോലീസ് ഡിപ്പാർട്ടുമെന്റും ട്രാൻസ്പോർട്ട് വകുപ്പും കൂടി ചേർന്ന് നടപടികൾ സ്വീകരിക്കുമോ ?

<u>ശ്രീ. രമേശ് ചെന്നിത്തല</u> : സർ, ലൈസൻസ് ഇഷ്യു ചെയ്യുന്ന കാര്യത്തിൽ

ട്രാൻസ്പോർട്ട് വകുപ്പ് കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. തീർച്ചയായും അതിനാവശ്യമായ ടെസ്റ്റുകൾ നടത്തി അവരുടെ പ്രാവീണ്യം പരിശോധിച്ച് തന്നെയാണ് ലൈസൻസ് നൽകുന്നത്. ഇത് കൂടുതൽ കർശനമാക്കണമോ എന്നുള്ള കാര്യം പരിശോധിക്കാം.

ശ്രീ. ഹൈബി ഈഡൻ : സർ, അപകടങ്ങളിൽപ്പെടുന്നവർ പലപ്പോഴും വാഹനങ്ങൾക്ക് ഇൻഷ്വറൻസ് എടുക്കാറുണ്ട്. കേരളത്തിലെ സ്റ്റാറ്റിസ്റ്റിക്സ് പരിശോധിച്ചാൽ അതിന്റെ എണ്ണം വളരെ കുറവാണ്. വിദേശ രാജ്യങ്ങളിലുള്ളതുപോലെ ജോയിന്റ് ഇൻഷ്വറൻസ് സ്കീം തയ്യാറാക്കുന്നതിനെക്കുറിച്ച്, പ്രത്യേകിച്ച് ബി.പി.എൽ. വിഭാഗത്തിലുള്ള ആളുകൾക്കുവേണ്ടി അത്തരത്തിലുള്ള ഒരു പദ്ധതിയെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ ?

ശ്രീ. രമേശ് ചെന്നിത്തല : സർ, പല ഇൻഷ്വറൻസ് പദ്ധതികളും നിലവിലുണ്ട്. പോലീസ് ഉദ്യോഗസ്ഥന്മാർക്ക് ചികിത്സാ ചെലവ് നൽകുന്നതിനായി ഒരു ഇൻഷ്വറൻസ് പദ്ധതിക്ക് 1-2-2014-ലെ സർക്കാർ ഉത്തരവ് നമ്പർ 20/2014/ ആഭ്യന്തര വകുപ്പ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനു പുറമേ പ്രധാനമന്ത്രി സുരക്ഷാ ഭീമാ യോജന, പ്രധാനമന്ത്രി ജീവൻ ഭീമാ യോജന എന്നീ രണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികളും നിലവിലുണ്ട്. ഈ രണ്ടു പദ്ധതികളിലും ആളുകൾക്ക് ചേരാവുന്നതാണ്. ഈ രണ്ട് കേന്ദ്രാവിഷ്കൃത ഇൻഷ്വറൻസ് പദ്ധതികളും വളരെ ഗുണകരമായ പദ്ധതികളാണെന്നുകൂടി സൂചിപ്പിക്കുന്നു.

ശ്രീ. സി. ദിവാകരൻ : സർ, റോഡ് സേഫ്റ്റി ഫണ്ടിന്റെ വലിയൊരു ഭാഗം അൺയൂട്ടിലൈസ്ഡ് ആയി കിടക്കുകയാണ്. ആ ഫണ്ട് ഉപയോഗിച്ച് ട്രാഫിക് യൂണിറ്റുകൾ ഇല്ലാത്തിടത്ത് ട്രാഫിക് യൂണിറ്റുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ; കേരളത്തിൽ ഏറ്റവും കൂടുതൽ റോഡ് അപകടങ്ങൾ ഉണ്ടാകുന്നത് കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന നാഷണൽ ഹൈവേയിലാണ്. ദിവസവും അവിടെ ഒന്നിലേറെ അപകട മരണങ്ങൾ സംഭവിക്കുന്നു. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി എന്റെ മണ്ഡലം സന്ദർശിച്ചപ്പോൾ അവിടെ ട്രാഫിക് യൂണിറ്റുകൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അൺയൂട്ടിലൈസ്ഡ് റോഡ് സേഫ്റ്റി ഫണ്ട് എന്തുചെയ്യാനാണ് ഉദ്ദേശിക്കുന്നത് ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, എന്നോടല്ല ചോദ്യം ചോദിച്ചതെങ്കിലും ബഹുമാനപ്പെട്ട അംഗത്തിന് തെറ്റിദ്ധാരണ ഉണ്ടാകാതിരിക്കാനായി ബഹുമാനപ്പെട്ട

ആഭ്യന്തര വകുപ്പുമന്ത്രിയുടെ പെർമിഷനോടുകൂടി ഞാൻ മറുപടി പറയുകയാണ്. ഞാൻ റോഡ് സേഫ്റ്റി അതോറിറ്റിയുടെ ചെയർമാനാണ്. റോഡ് സേഫ്റ്റി ഫണ്ട് എന്ത് ചെയ്യണമെന്ന് റോഡ് സേഫ്റ്റി അതോറിറ്റിയാണ് തീരുമാനിക്കുന്നത്. ജില്ലാ കളക്ടർമാർ മുഖേന റോഡ് സ്റ്റേറ്റ് അതോറിറ്റിയുടെ മുന്നിൽ വരുന്ന റിക്വസ്റ്റുകളുടെ അടിസ്ഥാനത്തിൽ യോഗം ചേർന്ന് ഒരോ ജില്ലയ്ക്കും ഫണ്ട് കൊടുക്കും. കഴിഞ്ഞ ആഴ്ചയും യോഗം ചേർന്നിരുന്നു. റോഡ് സേഫ്റ്റി അതോറിറ്റിയുടെ മുൻപിൽ വന്നിട്ടുള്ള ഒരു പ്രോപ്പോസലും ഇപ്പോൾ പെൻഡിംഗിലില്ല. ഈ ഫണ്ടുപയോഗിച്ച് റോഡ് സേഫ്റ്റിക്കുവേണ്ടി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. അങ്ങ് നേരത്തേ ചോദിച്ചിരുന്നുവെങ്കിൽ അൺയൂട്ടിലൈസ്ഡ് ഫണ്ട് എത്രയാണെന്ന് കൃത്യമായി പറയാമായിരുന്നു. എന്നാലും അങ്ങ് ഇപ്പോൾ ചോദിച്ച സ്ഥിതിക്ക് അത് പരിശോധിച്ച് അങ്ങയെ അറിയിക്കാം. ഒരു വർഷം അലോട്ട് ചെയ്യുന്ന റോഡ് സേഫ്റ്റി ഫണ്ട് ഏകദേശം 60 കോടി രൂപ വരും. അതിൽ നിന്നും റിക്വസ്റ്റ് അനുസരിച്ചുള്ള തുക വിവിധ ജില്ലകൾക്കായി അലോട്ട് ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ഫണ്ട് എത്രയാണെന്നുള്ളത് കൃത്യമായി അങ്ങയെ അറിയിക്കാം.

<u>ശ്രീ. രമേശ് ചെന്നിത്തല</u> : സർ, കരുനാഗപ്പള്ളിയിൽ പോലീസ് ട്രാഫിക് യൂണിറ്റ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്, അത് ഞാൻ അനൗൺസ് ചെയ്തതാണ്. ബഹുമാനപ്പെട്ട അംഗത്തിന്റെ കൂടി സൗകര്യം നോക്കി എത്രയുംവേഗം അതിന്റെ ഉദ്ഘാടനം നടത്താം.

<u>ശ്രീ. സണ്ണി ജോസഫ്</u> : സർ, ആഭ്യന്തരം, ട്രാൻസ്പോർട്ട്, നിയമം എന്നീ വകുപ്പുകൾ സംയുക്തമായി വാഹനാപകടവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യേണ്ടതാണ്. അപകടമരണങ്ങൾക്ക് സർക്കാർ ഇപ്പോൾ ഒരു ലക്ഷം രൂപ താൽക്കാലികമായി ധനസഹായം നൽകുന്നുണ്ട്. എന്നാൽ ഗുരുതരമായി പരിക്കേൽക്കുന്നവർക്ക് സഹായങ്ങളും ചികിത്സാ സൗകര്യവും ഇൻഷ്വറൻസും ലഭിക്കാൻ കാലതാമസം നേരിടുന്നുണ്ട്. കേരളത്തിൽ മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണലുകളിൽ ലക്ഷക്കണക്കിന് കേസുകൾ കെട്ടിക്കിടക്കുകയാണ്. ഒരു കേസിന് തീർപ്പുണ്ടാകാൻ അഞ്ചും ആറും വർഷങ്ങൾ എടുക്കുകയാണ്, ആവശ്യമായ കോടതി സംവിധാനങ്ങൾ ഇല്ല. അതുപോലെ തന്നെ ഗുരുതരമായി പരിക്കേൽക്കുന്ന ആളുകളെ സഹായിക്കാനുള്ള യാതൊരു പദ്ധതികളും ഇല്ല. ആക്ടിൽ ഇന്ററിം കോമ്പൻസേഷനെക്കുറിച്ച് പറയുന്നുണ്ടെങ്കിലും അത് ഫലപ്രദമായി നടപ്പിലാകുന്നില്ല. അതുകൊണ്ട് ഈ വകുപ്പുകൾ സംയുക്തമായി ആലോചിച്ച് ആവശ്യമായ നിയമ ഭേദഗതികൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ

ചെയ്യുന്നതിനും കൂടുതൽ ട്രൈബ്യൂണലുകൾ ആരംഭിക്കുന്നതിനുമുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ ; ഗുരുതരമായി പരിക്കേൽക്കുന്നവർക്ക് ചികിത്സാ സഹായ പദ്ധതികൾ ആവിഷ്ക്കരിക്കുമോ ?

ശ്രീ. രമേശ് ചെന്നിത്തല : സർ, വാഹനാപകടങ്ങളിൽ മരിക്കുന്നവർക്ക് ഗവൺമെന്റ് ഒരു ലക്ഷം രൂപ വീതം കൊടുക്കുന്നുണ്ട്. പരിക്കേറ്റവർക്ക് സഹായം നൽകുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് വളരെ ശരിയാണ്. ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണലുകളിൽ കേസ് തീർപ്പാകാൻ കാലതാമസം ഉണ്ടാകുന്നുവെന്നുള്ളത് ശരിയാണ്. ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റുമായി ആലോചിച്ച് ഇതിന് വേഗത വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ശ്രീ. സണ്ണി ജോസഫ് ചോദിച്ചത് പ്രധാനമായും രണ്ടു കാര്യങ്ങളാണ്. എം.എ.സി.റ്റി. കേസുകളിൽ കോടതിയുടെ നടപടിക്രമങ്ങൾ പൂർത്തിയായി വിധി വന്നതിനുശേഷം മാത്രമേ ക്ലെയിം കൊടുക്കുകയുള്ളൂ. അതിന്റേതായ കാലതാമസം ഉണ്ടാകുന്നുണ്ട്. രണ്ടാമത്തെ കാര്യം, ആക്സിഡന്റ് ഉണ്ടായാൽ ഇമ്മീഡിയറ്റ് റെസ്പോൺസ് വേണമെന്നുള്ളതാണ്. ഇക്കാര്യത്തിൽ, ഇൻഡ്യയിൽ ആദ്യമായി കേരളത്തിൽ കെ.എസ്.ആർ.ടി.സി. ഒരു പുതിയ സിസ്റ്റം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുകയാണ്. കെ.എസ്.ആർ.ടി.സി. ബസ്സിൽ ടിക്കറ്റെടുത്ത് യാത്ര ചെയ്യുന്നയാൾ അപകടത്തിൽപ്പെട്ടാൽ ആ യാത്രക്കാരനെ ഇൻഷ്വറൻസ് കമ്പനി ടേക്ക്-അപ്പ് ചെയ്യും. അങ്ങനെയൊരു പുതിയ പദ്ധതി കൊണ്ടുവന്നിട്ടുണ്ട്. ആ പദ്ധതി വിജയകരമായാൽ മറ്റ് സ്ഥലങ്ങളിലേക്കുകൂടി വ്യാപിപ്പിക്കാൻ സാധിക്കും.

ശ്രീ. എം. ഹംസ : സർ, റോഡപകടങ്ങളിൽ മരണപ്പെടുന്നവരുടെ എണ്ണം കേരളത്തിൽ വളരെ കൂടുതലാണ്. അപകടങ്ങളിൽപ്പെട്ട് ആരെങ്കിലും റോഡിൽ കിടക്കുന്നത് കണ്ടാൽ കണ്ടില്ലായെന്ന് നടിച്ച് പോകുന്നവരുടെ എണ്ണം കൂടുന്നുണ്ട്. കൃത്യസമയത്ത് ആശുപത്രിയിലെത്തിച്ച് ചികിത്സ ലഭ്യമാക്കിയിരുന്നുവെങ്കിൽ രക്ഷിക്കാമായിരുന്ന പല ജീവനുകളും രക്ഷിക്കാൻ കഴിയാതെ പോകുന്നു. അതുകൊണ്ട്, അപകടം കണ്ടില്ലായെന്ന് നടിച്ച് പോകുന്നത് കുറ്റമായി കണക്കാക്കാവുന്ന ഒരു നിയമം കേരളത്തിൽ കൊണ്ടുവരുമോ ; ചില വിദേശ രാജ്യങ്ങളിൽ അത്തരത്തിലുള്ള നിയമം നിലവിലുണ്ട്. അതോടൊപ്പംതന്നെ, ഇവരെ ആശുപത്രിയിൽ എത്തിച്ചു കഴിഞ്ഞാൽ പണമടയ്ക്കാൻ ആരുമില്ലാത്തതിനാൽ സ്വകാര്യ ആശുപത്രികൾ ചികിത്സ നൽകാൻ തയ്യാറാകുന്നില്ല. അത്തരം ആളുകൾക്ക് സ്വകാര്യ ആശുപത്രികളിൽനിന്നും ചെലവേറിയ ചികിത്സ ലഭ്യമാക്കി ജീവൻ രക്ഷിക്കാനാവശ്യമായ സംവിധാനം ഉണ്ടാക്കുന്നതിനും റോഡ് സേഫ്റ്റി ഫണ്ടിൽ നിന്ന് തുക റീഇംപേഴ്സ് ചെയ്യാനും സാധിക്കുന്ന ഒരു

പദ്ധതിയെക്കുറിച്ച് ആലോചിക്കുമോ ?

ശ്രീ. രമേശ് ചെന്നിത്തല : സർ, അപകടം ഉണ്ടായാൽ ആദ്യത്തെ ഒരു മണിക്കൂറിനുള്ളിൽ (ഗോൾഡൻ അവർ) വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കിയാൽ ഒരുപക്ഷെ അവർക്കുണ്ടാകുന്ന മരണതുല്യമായ അവസ്ഥയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ സാധിക്കുന്നതാണ്. ഗോൾഡൻ അവറിൽ അവരെ ആശുപത്രിയിൽ എത്തിക്കാനും വിദഗ്ദ്ധ ചികിത്സ നൽകാനും വേണ്ടിയുള്ള സ്റ്റൈൽ പദ്ധതി പ്രകാരം കേരളത്തിൽ ട്രാഫിക് പോലീസുകാർക്ക് പരിശീലനം നൽകുന്നുണ്ട്. മാത്രമല്ല, അപകടത്തിൽപ്പെടുന്നവരെ ആശുപത്രിയിൽ എത്തിക്കുന്നവർക്ക് ചെലവാകുന്ന തുക സ്ഥലം സർക്കിൾ ഇൻസ്പെക്ടറുടെ കയ്യിൽനിന്നും ലഭ്യമാക്കുന്നതാണെന്ന് ഡി.ജി.പി. യുടെ സർക്കുലർതന്നെ ഇറങ്ങിയിട്ടുണ്ട്. അതുകൊണ്ട് ആരെങ്കിലും അപകടത്തിൽപ്പെട്ടാൽ അവരെ ആശുപത്രിയിൽ എത്തിക്കാൻ വിമുഖത കാണിക്കേണ്ട കാര്യമില്ല. ആശുപത്രിയിൽ എത്തിച്ചുകഴിഞ്ഞാൽ അവർക്ക് സംരക്ഷണം ഉറപ്പുവരുത്തും. അവർക്ക് ചെലവായ പണം കൊടുക്കും. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് ജനങ്ങളുടെ മനോഭാവത്തിൽ വരേണ്ട മാറ്റമാണ്. അപകടത്തിൽപ്പെട്ടവരെ ആശുപത്രികളിൽ എത്തിക്കുന്നവരെ പോലീസ് പീഡിപ്പിക്കും എന്നതാണ് ആളുകളുടെ പേടി. അങ്ങനെ ഉണ്ടാകരുത് എന്നുള്ള പ്രത്യേക നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. വർക്കല കഹാർ : സർ, മദ്യപിച്ച് വണ്ടി ഓടിക്കുക, അമിത വേഗതയിൽ വണ്ടി ഓടിക്കുക തുടങ്ങിയവയാണ് അപകടങ്ങൾക്ക് പ്രധാന കാരണം. മദ്യപിച്ച് വാഹനമോടിക്കുന്നവരുടെ ലൈസൻസ് ക്യാൻസൽ ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നില്ല. കൊല്ലം, തിരുവനന്തപുരം ജില്ലകളുടെ ഭാഗമായ കടമ്പാട്ടുകോണം മുതൽ ആലങ്കോട് വരെയുള്ള പ്രദേശത്ത് നൂറുകണക്കിന് ആളുകളാണ് അപകടത്തിൽ മരിക്കുന്നത്. പലർക്കും സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നു. ഈ പ്രദേശം ഏറ്റവും വലിയ ആക്സിഡന്റ് പ്രോൺ ഏരിയയായി നിലനിൽക്കുന്നു. ഇക്കാര്യം പലപ്പോഴും അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും ഒന്നും ചെയ്തിട്ടില്ല. ഇതിന് അറുതി വരുത്തുന്നതിന് കർശനമായ നിർദ്ദേശം നൽകുമോ ; ഇതേക്കുറിച്ച് പഠിക്കാനും അപകടങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടിയുള്ള കൃത്യവും ശാസ്ത്രീയവുമായിട്ടുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കാനും തയ്യാറാകുമോ ?

ശ്രീ. രമേശ് ചെന്നിത്തല : സർ, ഇപ്പോൾ മദ്യപിച്ച് വാഹനമോടിക്കുന്നത് കർശനമായി തടയുന്നുണ്ട്. ഇതിനായി എല്ലാ പോലീസ് സ്റ്റേഷനുകളിലും

ആൽക്കോ മീറ്റർ നൽകിയിട്ടുണ്ട്. മദ്യപിച്ച് വാഹനമോടിക്കുന്നവരുടെ ലൈസൻസ് ക്യാൻസൽ ചെയ്യുന്നതുൾപ്പെടെയുള്ള കർശന നടപടികൾ മോട്ടോർ ട്രാൻസ്പോർട്ട് വകുപ്പ് സ്വീകരിച്ച് വരുന്നുണ്ട്. അങ്ങ് പറഞ്ഞ ആലങ്കോട് വരെയുള്ള പ്രദേശത്തെ കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്. കേരളത്തിലെ ആക്സിഡന്റ് പ്രോൺ ഏരിയകൾ കണ്ടെത്തി പി.ഡബ്ല്യു.ഡി.-യും ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റുമായി ആലോചിച്ച് നടപടികൾ സ്വീകരിക്കുക എന്നുള്ളത് 'ശുഭയാത്ര' പദ്ധതിയുടെ ഭാഗമാണ്. തീർച്ചയായും മെമ്പറുമായി ആലോചിച്ച് ആ പ്രദേശത്ത് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

<u>ശ്രീ. മാത്യു റ്റി. തോമസ്</u> : സർ, റോഡ് സേഫ്റ്റി ഫണ്ടിലെ വലിയൊരു തുക ഉപയോഗിക്കുന്നില്ലായെന്നൊരു പരാമർശം ഇവിടെയുണ്ടായി. വാഹനങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ അടയ്ക്കുന്ന വൺടൈം സെസ് കൂടാതെ കോമ്പൗണ്ടിംഗ് ഫീയായി കളക്റ്റ് ചെയ്യുന്ന തുകയുടെ 50% ട്രഷറിയിൽ നിന്ന് ഈ ഫണ്ടിലേക്ക് മാറ്റുന്നുണ്ട്. അത് ചെലവാക്കാനുള്ള നടപടികൾ ഉണ്ടാകണം. ഞാനൊരു പ്രത്യേക വിഷയം ചൂണ്ടിക്കാണിക്കാനാണ് ശ്രമിക്കുന്നത്. കേരളത്തിൽ റോഡപകടങ്ങളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുള്ള കാലഘട്ടമുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ കൈയിൽ കണക്കുകൾ കാണും. 2006 മുതൽ 2010 വരെ തുടർച്ചയായ 4 വർഷങ്ങളിൽ അപകടങ്ങളുടെ എണ്ണം 20 ശതമാനത്തോളം കുറഞ്ഞുവെന്നാണ് പോലീസിന്റെ ഒഫീഷ്യൽ സൈറ്റിൽ കാണുന്നത്. വാഹനങ്ങളുടെ എണ്ണം ഇരട്ടിയായപ്പോഴും വാഹനാപകടങ്ങളിൽ 2006-ൽ ഉണ്ടായിരുന്നതിനേക്കാളും 20% കുറവ് 2010-ൽ ഉണ്ടായി. പക്ഷെ പിന്നീട് ആ കുറവുണ്ടായില്ല. ഇത് സ്വാഭാവികമായി ഉണ്ടായതാണെങ്കിൽ പോലും ഈ കുറവിന് എന്തെങ്കിലും കാരണങ്ങളുണ്ടെങ്കിൽ ഒരു സൂക്ഷ്മപരിശോധന നടത്തി അത് കണ്ടുപിടിച്ച് അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. രമേശ് ചെന്നിത്തല</u> : സർ, ഗവൺമെന്റിന്റെ ലക്ഷ്യം തന്നെ വാഹന അപകടങ്ങളുടെ എണ്ണം കുറയ്ക്കുക എന്നുള്ളതാണ്. അതിനാവശ്യമായ നിരവധി നടപടികൾ കൈക്കൊണ്ടുവരികയാണ്. ശുഭയാത്ര ഉൾപ്പെടെയുള്ള പദ്ധതികൾ അതിന്റെ ഭാഗമാണ്. അങ്ങ് പറഞ്ഞതു പോലെ 2006 മുതലുള്ള കാലഘട്ടത്തിൽ എന്തുകൊണ്ടാണ് അപകടങ്ങൾ കുറഞ്ഞതെന്നുള്ളതും പിന്നീട് എന്തുകൊണ്ട് കൂടുന്നുവെന്നുള്ളതും പരിശോധനയ്ക്ക് വിധേയമാക്കാവുന്ന കാര്യമാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, വാഹനാപകടങ്ങളുടെ കണക്ക് എന്റെ കൈയിലുണ്ട്. 2010-ൽ 35082 വാഹനാപകടങ്ങളും 3950 അപകടമരണങ്ങളും നടന്നു. അതിനുശേഷം ഒരോ വർഷവും വാഹനങ്ങളുടെ എണ്ണം ഏകദേശം പത്തുലക്ഷം

വീതം കൂടുന്നുണ്ട്. ഇപ്പോഴത്തെ കണക്കനുസരിച്ച് വാഹനാപകടങ്ങൾ നാൽപ്പതിനായിരമേയുള്ളൂ, പെർസന്റേജ് കുറഞ്ഞു വരികയാണ്.

ശ്രീ. ജെയിംസ് മാത്യു : സർ, രണ്ട് ദിവസം മുൻപ് നമ്മുടെ ബഹുമാന്യനായ ഒരു മന്ത്രി ട്രാഫിക് ബ്ലോക്ക കാരണം ഒരു സ്കൂട്ടറിൽ യാത്ര ചെയ്യുന്ന വാർത്ത പത്രത്തിൽ വന്നു. മന്ത്രിമാർക്കുപോലും എത്തിച്ചേരേണ്ടിടത്ത് യഥാസമയം എത്തിച്ചേരാൻ കഴിയാത്ത വിധത്തിലുള്ള ട്രാഫിക് ബ്ലോക്കാണ്. റോഡപകടങ്ങളുടെ മുഖ്യകാരണവും ഇതാണ്. നഗരപ്രദേശത്തുകൂടി കടന്നു പോകുന്ന ദേശീയപാതയിലും സംസ്ഥാന പാതയിലും ട്രാഫിക് ബ്ലോക്ക് ഒഴിവാക്കാൻ കഴിയുന്ന രീതിയിൽ ഗതാഗത നിയന്ത്രണത്തിനാവശ്യമായ ഫലപ്രദമായ സംവിധാനം ഏർപ്പെടുത്താൻ അങ്ങയുടെ ഭാഗത്തുനിന്നും നീക്കമുണ്ടാകുമോ ?

ശ്രീ. രമേശ് ചെന്നിത്തല : സർ, പ്രധാനപ്പെട്ട നഗരങ്ങളിലെല്ലാം ട്രാഫിക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. അത് കൂടുതൽ വേണമെന്നുള്ള കാര്യത്തിൽ സംശയമില്ല. തളിപ്പറമ്പിൽ അങ്ങയുടെ തന്നെ പ്രയത്നഫലമായി എല്ലാ രാഷ്ട്രീയ പാർട്ടികളും ചേർന്ന് അതിനുള്ള ക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ട്. കൂടുതൽ ട്രാഫിക് പോലീസ് സ്റ്റേഷനുകളും ട്രാഫിക് യൂണിറ്റുകളും ആവശ്യമാണ്. സാമ്പത്തിക പരാധീനതകൾ കൊണ്ടാണ് പലപ്പോഴും ഇത് നടക്കാതെ വരുന്നത്. ഏതായാലും കൂടുതൽ ട്രാഫിക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന കാര്യം ഗവൺമെന്റിന്റെ സജീവമായ പരിഗണനയിലുണ്ട്.

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ അപകടങ്ങളും അപകടമരണങ്ങളും ഉണ്ടാക്കുന്നതും അപകടത്തിൽപ്പെടുന്നതും ഇരുചക്ര വാഹനങ്ങളാണ്. അങ്ങനെ മരിക്കുന്നവരിൽ ഏറെയും ഇരുപത്തിയഞ്ച് വയസ്സിൽ താഴെയുള്ളവരാണ്. മൊത്തം അപകടമരണത്തിന്റെ പകുതിയും ഇത്തരത്തിലുള്ളതാണ്. സമയത്ത് വേണ്ടത്ര ചികിത്സ കിട്ടാത്തതാണ് മരണം സംഭവിക്കുന്നതിന്റെ ഒരു കാരണം. പലപ്പോഴും അപകടത്തിൽപ്പെട്ടവർ ചികിത്സ കിട്ടാതെ റോഡിൽ മണിക്കൂറുകളോളം കിടക്കുന്നുണ്ട്. അപകടത്തിൽപ്പെട്ടവർക്ക് ഡോക്ടറുടെ സേവനവും ആവശ്യമായ എക്യുപ്മെന്റ്സും ഉറപ്പാക്കുന്നതിനും ആവശ്യമായ പരിചരണം അപ്പോൾത്തന്നെ ലഭിക്കുന്നതിനുമുള്ള ഒരു സംവിധാനത്തിന് ആരോഗ്യ വകുപ്പും ഗതാഗത വകുപ്പും പോലീസ് വകുപ്പും സംയുക്തമായി ശ്രമിക്കുമോ ; വിദേശത്ത് മിക്കവാറും റോഡുകളിലും ഇരുചക്രവാഹനങ്ങളും കണ്ടെയ്നറുകളും ലോറികളും ബസ്സുകളും ഒരുമിച്ച് പോകാറില്ല, അതിന് പ്രത്യേകം റോഡുകളുണ്ട്. അതുപോലെ നമ്മുടെ നാഷണൽ ഹൈവേകളിലും എസ്.എച്ച്.-കളിലും ഇരുചക്രവാഹനങ്ങൾക്കുവേണ്ടി പാരലൽ റോഡ് ഉണ്ടാക്കിയാൽ അപകടങ്ങൾ പകുതിയായി കുറയും, അതിനു വേണ്ട നടപടി

സ്വീകരിക്കുമോ ?

<u>ശ്രീ. രമേശ് ചെന്നിത്തല</u> : സർ, അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. റോഡപകടങ്ങൾ ഉണ്ടാകുമ്പോൾ അടിയന്തരമായ വൈദ്യശുശ്രൂഷ നൽകിയാൽ അപകടം കുറയ്ക്കാം. ഗോൾഡൻ അവറിൽ കിട്ടുന്ന പരിചരണമാണ് ഏറ്റവും പ്രധാനപ്പെട്ടത്. ഇപ്പോൾ ഡോക്ടർമാർ ഉൾപ്പെടെയുള്ള വിദഗ്ദ്ധൻമാരടങ്ങുന്ന പോലീസ് ആംബുലൻസ് കേരളത്തിലെ പത്തൊൻപത് പോലീസ് ജില്ലകൾക്ക് നൽകാമെന്ന് കൊച്ചിൻ റിഫൈനറി പറഞ്ഞിട്ടുണ്ട്. അവരുടെ CSR ഫണ്ട് ഉപയോഗിച്ചുകൊണ്ട് കേരളത്തിലെ പ്രധാന റോഡുകളിൽ പോലീസ് ആംബുലൻസുകൾ ഏർപ്പാട് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. കൊച്ചിൻ റിഫൈനറിയുടെ CSR ഫണ്ടിൽനിന്നാണ് അത് തരുന്നത്. മൂന്നെണ്ണം ഇപ്പോൾത്തന്നെ പോലീസിന് നൽകിക്കഴിഞ്ഞു. ബാക്കിയുള്ള ജില്ലകളിൽക്കൂടി ഉടൻ നൽകുന്നതാണ്. അതിൽ അതിവിദഗ്ദ്ധൻമാരായ ഡോക്ടർമാരും സ്റ്റാഫും ഉണ്ടാകും. അപകടമുണ്ടായാൽ എത്രയുംപെട്ടെന്ന് ആ സ്പോട്ടിൽ എത്തുകയും ചികിത്സ നൽകുകയും ചെയ്യുന്ന 'സ്റ്റൈൽ' സംവിധാനം വ്യാപകമാക്കുക എന്നുള്ള ലക്ഷ്യത്തോടെയാണ് ഇത് ആരംഭിച്ചിട്ടുള്ളത്. അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ, കണ്ടെയ്നർ ലോറികളും ട്രക്കുകളും ലോറികളും സൈക്കിളും എല്ലാം ഒരേ റോഡിൽ കൂടിയാണ് ഇപ്പോൾ സഞ്ചരിക്കുന്നത്. റോഡിന്റെ വീതി കുറവും അടിസ്ഥാന വികസനത്തിന് ആവശ്യമായ നടപടികൾ ഇല്ലാത്തതുമാണ് ഇതിന്റെ പ്രധാനപ്പെട്ട കാരണം.

<u>ശ്രീ. സി. എഫ്. തോമസ്</u> : സർ, ജില്ലാ കളക്ടർമാർ വഴി നൽകുന്ന റിക്വസ്റ്റ് അനുസരിച്ച് റോഡ് സേഫ്റ്റി ഫണ്ടിൽനിന്നും ആവശ്യമായ തുക വേഗതാ നിയന്ത്രണത്തിന് അനുവദിക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി പറഞ്ഞു. അതുപോലെ, കൂടുതൽ ആക്സിഡന്റ് ഉണ്ടാകുന്ന മേഖലകൾ തിട്ടപ്പെടുത്താനുള്ള നടപടി ഉണ്ടാകുമെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയും പറഞ്ഞു. അതിനൊക്കെ കുറെ കാലതാമസം എപ്പോഴും വരുന്നുണ്ട്. അതുകൊണ്ട്, എം.എൽ.എ.-മാർ അവരുടെ പ്രദേശങ്ങളിലെ ആക്സിഡന്റുകൾ കൂടിയ സ്ഥലങ്ങളിൽ ക്യാമറ വയ്ക്കണം എന്ന നിവേദനം നൽകിയാൽ അടിയന്തരമായി പരിഗണിച്ച് അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

<u>ശ്രീ. രമേശ് ചെന്നിത്തല</u> : സർ, എം.എൽ.എ.-മാർ തന്നെ എം.എൽ.എ. ഫണ്ടിൽ നിന്ന് ക്യാമറകൾ വയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഗുരുവായൂർ, കാഞ്ഞങ്ങാട്, തൊടുപുഴ, കാസർകോട് തുടങ്ങിയ മണ്ഡലങ്ങളിലെ എം.എൽ.എ.- മാർ മാതൃകാപരമായി അവരുടെ നഗരങ്ങളിൽ ഗതാഗത നിയന്ത്രണത്തിനുവേണ്ടി പോലീസുമായി

സഹകരിച്ച് ക്യാമറകൾ വയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ട്രാഫിക്ക് ഫണ്ടിൽ നിന്ന് ഇതിനാവശ്യമായ പണം ഞങ്ങൾ ചെലവഴിക്കുന്നുമുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. സി. എഫ്.തോമസ് സൂചിപ്പിച്ചതുപോലെ, ഏതെങ്കിലും ഭാഗങ്ങൾ ആക്സിഡന്റ് പ്രോൺ ഏരിയ ആണെങ്കിൽ അതു ചൂണ്ടിക്കാണിച്ചാൽ ശുഭയാത്ര പദ്ധതിയിൽ തീർച്ചയായും പരിഗണിക്കുന്നതും ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതുമാണ്.

ശ്രീ. പി. തിലോത്തമൻ : സർ, റോഡുകളുടെ ശോച്യാവസ്ഥമൂലവും ധാരാളം അപകടങ്ങൾ ഉണ്ടാകുകയാണ്. കാലവർഷം ആരംഭിച്ചപ്പോൾത്തന്നെ നാഷണൽ ഹൈവേ പൊട്ടിപ്പൊളിഞ്ഞ് നാശമായി. അതുപോലെതന്നെ മറ്റൊരുകാര്യം, ഇവിടെയുണ്ടാകുന്ന അപകടങ്ങളിൽ സിംഹഭാഗവും ബൈക്കപകടമാണെന്ന് പറഞ്ഞത് വളരെ ശരിയാണ്. ബൈക്കുകൾ 100-120 കിലോമീറ്റർ വേഗതയിൽ ചീറിപ്പായുന്നതുകണ്ട് നമ്മൾ പലപ്പോഴും ഭയപ്പെടാറുണ്ട്. കേരളത്തിൽ അത്രയും സ്പീഡിൽ വാഹനമോടിക്കാനുള്ള സൗകര്യമില്ല. അതുകൊണ്ട് കേരളത്തിൽ വിതരണം ചെയ്യുന്ന ടൂ വീലറുകൾക്ക് ഇത്രയും സ്പീഡേ ആകാവൂ എന്ന് നിജപ്പെടുത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ശ്രീ. രമേശ് ചെന്നിത്തല : സർ, ഇപ്പോൾത്തന്നെ വാഹനങ്ങൾ ഓടിക്കുന്നതിന് സ്പീഡ് ലിമിറ്റ് വച്ചിട്ടുണ്ട്. അത് ലംഘിച്ചുപോകുന്ന ആളുകളാണ് കൂടുതലും അപകടങ്ങൾ ഉണ്ടാക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, നമ്മുടെ റോഡുകൾക്ക് കാറ്റഗറൈസേഷനുണ്ട്. അതനുസരിച്ച് ഓരോ റോഡിലും എടുക്കാവുന്ന മാക്സിമം സ്പീഡ് റോഡ് സൈഡിൽത്തന്നെ എക്സിബിറ്റ് ചെയ്തിട്ടുണ്ട്. നാഷണൽ ഹൈവേയിലാണെങ്കിൽ ഒരു റോഡിൽത്തന്നെ ചില സ്ഥലങ്ങളിൽ 90 കി.മീ. വരെ സ്പീഡ് ആകാം. അതിനേക്കാൾ അപ്പുറത്തേക്ക് കേരളത്തിലെ റോഡുകളിൽ പെർമിഷൻ കൊടുക്കുന്നില്ല. പക്ഷേ ഇവിടെ അങ്ങ് പറഞ്ഞ ഒരു പ്രശ്നമുണ്ട്. കൂടുതൽ സ്പീഡിൽ ഓടുന്ന വണ്ടികളാണ് പ്രത്യേകിച്ച് അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്നത്. അങ്ങ് ബൈക്കിന്റെ കാര്യം പറഞ്ഞത് വളരെ ശരിയാണ്. 2 ലക്ഷം രൂപ മുതൽ 3 ലക്ഷം രൂപ വരെ വിലയുള്ള ഹൈസ്പീഡ് ബൈക്കുകളുണ്ട്. സ്പീഡ് ലിമിറ്റ് ലംഘിച്ച് പോകുന്ന വാഹനങ്ങളുമുണ്ട്. ഇതിനെക്കുറിച്ച് സമഗ്രമായി പിന്നീട് ചർച്ച ചെയ്യാം.

(ചോദ്യോത്തര സമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

## സ്കൂൾവിദ്യാർത്ഥികളുടെ സുരക്ഷിതത്വം

3 (*153) ശ്രീ. എ. പ്രദീപ്കുമാർ :

ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ശ്രീ. വി. ശിവൻകുട്ടി :

ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾവിദ്യാർത്ഥികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് ആഭ്യന്തര വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) സ്കൂൾവാൻ മറിഞ്ഞ് വിദ്യാർത്ഥികളുടെ കൂട്ടമരണം സംഭവിച്ചതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും സേഫ്റ്റി ആഫീസർമാരെ നിയമിക്കണം എന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടുണ്ടോ ;

(ഡി) സുരക്ഷാനിർദ്ദേശങ്ങൾ എല്ലാ സ്കൂളുകളിലും നടപ്പിലാക്കുന്നു എന്നുറപ്പാക്കാൻ എന്ത് നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്ന ബസ്സുകൾ, വാനുകൾ, കാറുകൾ, ഓട്ടോറിക്ഷകൾ എന്നിവയുടെ പരിശോധനകൾ മുമ്പെത്തെക്കാളും കർശനമാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ വാങ്ങി ഓടിക്കുന്ന പഴ വാഹനങ്ങളുടെ പ്രവർത്തനക്ഷമത ഗതാഗത വകുപ്പ് കർശനമായി പരിശോധിച്ചശേഷം മാത്രമേ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാവൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. തിരക്കേറിയതും അപകടസാദ്ധ്യത ഉള്ളതുമായ സ്കൂൾ ജംഗ്ഷനുകളിൽ രാവിലെയും വൈകിട്ടും ട്രാഫിക് പോലീസ്/ ഹോംഗാർഡ്/സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നിവരെ നിയോഗിക്കുന്നുണ്ട്. സ്കൂൾ വാഹനത്തിൽ കുട്ടികളെ കയറ്റുന്നതിനും ഇറക്കുന്നതിനും ആരോഗ്യമുള്ള ഒരു സഹായി ഉണ്ടായിരിക്കണമെന്നും സഹായി കുട്ടികളെ വാഹനത്തിൽ നിന്നും ഇറക്കി റോഡ് കടത്തിവിടേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

റോഡ് സുരക്ഷ സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധം ഉണ്ടാക്കുന്നതിന് എല്ലാ സ്കൂളുകളിലും ട്രാഫിക് ക്ലബ്ബുകൾ രൂപീകരിച്ചുവരുന്നു. സ്കൂളുകൾക്ക് സമീപം സേഫ് സോൺ രൂപീകരിക്കുന്നതിന് നടപടി നടന്നുവരുന്നു. ബസ്സിനുള്ളിൽ രൂപകൽപ്പന

ചെയ്ത "മൊബൈൽ ട്രാഫിക് ഇലക്ട്രോണിക് പാർക്ക് "എല്ലാ സ്കൂളുകളിലും പ്രദർശനത്തിനെത്തുന്നുണ്ട്. ശുഭയാത്ര പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഒരു ട്രാഫിക് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനും എല്ലാ ജില്ലകളിലും ഹൈടെക് ട്രാഫിക് പാർക്കുകൾ രൂപീകരിക്കാനും ഉദ്ദേശിക്കുന്നു.

(ബി) ഡ്രൈവർമാർക്ക് കുറഞ്ഞത് പത്ത് വർഷത്തെ പ്രവർത്തി പരിചയം വേണമെന്നും അവർ മദ്യപിച്ചോ അലക്ഷ്യമായോ അപകടകരമായോ വാഹനം ഓടിച്ചതിന് പിടിക്കപ്പെട്ടവരാകരുതെന്നും സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രമല്ല, വാഹനങ്ങളിൽ അമിതമായി കുട്ടികളെ കുത്തിനിറച്ച് കൊണ്ട് പോകരുതെന്ന നിബന്ധനയും നൽകിയിട്ടുണ്ട്. വേണ്ടത്ര സുരക്ഷാക്രമീകരണങ്ങൾ ഇല്ലാത്ത വാഹനങ്ങളെ കസ്റ്റഡിയിലെടുക്കുകയും ഡ്രൈവർമാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചും വരുന്നു.

(സി) സ്കൂളുകളിലെ അദ്ധ്യാപകരിൽ ഒരാളെ "സ്കൂൾ സേഫ്റ്റി ഓഫീസർ" ആയി നിയമിക്കുന്നതിനും സ്കൂൾ വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പരും പ്രസ്തുത വാഹനങ്ങളിലെ സ്റ്റാഫുകളുടെയും കുട്ടികളുടെയും വിവരങ്ങൾ അടങ്ങിയ ഒരു രജിസ്റ്റർ സൂക്ഷിക്കുന്നതിനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) എസ്.എച്ച്.ഒ.-മാർ തങ്ങളുടെ അധികാരപരിധിയിൽ വരുന്ന സ്കൂളുകൾ സന്ദർശിക്കുകയും പ്രഥമ അദ്ധ്യാപകന്റെയും സഹപ്രവർത്തകരുടെയും യോഗങ്ങൾ വിളിച്ചുകൂട്ടുകയും സ്കൂൾ കുട്ടികളുടെ സുരക്ഷയെപ്പറ്റി അവരെ ബോധവൽക്കരിക്കുകയും ചെയ്തുവരുന്നു. പോലീസ് സ്റ്റേഷനുകൾ സന്ദർശിക്കുന്ന സീനിയർ പോലീസ് ഉദ്യോഗസ്ഥന്മാർ സ്കൂൾ കുട്ടികളുടെ സുരക്ഷയ്ക്കായി എസ്.എച്ച്.ഒ.-മാർ കൈക്കൊണ്ട നടപടികൾ പരിശോധിച്ച് വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകി വരികയും ചെയ്യുന്നു.

**ഒരു പൗരന് ഒരു സമ്പൂർണ്ണ കാർഡ്**

4 (*154) ശ്രീ. എം. ഉമ്മർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത്, ആധാർ, യുണീക്ഐഡി, വോട്ടർ ഐഡി, റവന്യൂ

കാർഡ്, വികലാംഗ കാർഡ് തുടങ്ങി വ്യത്യസ്തങ്ങളായ കാർഡുകൾ ഏർപ്പെടുത്തുകയും, അവയുടെ ഉപയോഗക്രമം മാറിമാറി പ്രസ്താവിക്കുകയും ചെയ്യുന്നതുമൂലം സാമാന്യ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതു പരിഹരിക്കുന്നതിന് നടപടി കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇത്രയേറെ തിരിച്ചറിയൽ സംവിധാനങ്ങളുണ്ടാക്കിയിട്ടും, അനാഥ രോഗികളുടെയും തിരിച്ചറിയാനാവാത്ത മൃതശരീരങ്ങളുടെയും എണ്ണം വർദ്ധിച്ചു വരുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) സാങ്കേതികവിദ്യ വളരെയേറെ വികസിച്ച ഇക്കാലത്ത് പരിശോധനയും അധിക വിവരമുൾപ്പെടുത്തലും എളുപ്പത്തിലാക്കി, എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി, ഒരു പൗരന് ഒരു സമ്പൂർണ്ണ കാർഡ് അവകാശമാക്കാനും, എല്ലാ ആവശ്യങ്ങൾക്കും അത് ഉപയുക്തമാക്കാനും പ്രസ്തുത കാർഡ് കൊണ്ടു നടക്കുന്നത് നിർബന്ധമാക്കാനും സംസ്ഥാന സർക്കാർ മുൻകൈയെടുക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി ) :

(എ) വ്യത്യസ്തങ്ങളായ കാർഡുകൾ ഏർപ്പെടുത്തുന്നതുമൂലം സാമാന്യ ജനങ്ങൾക്ക് ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനാണ് കേന്ദ്ര സർക്കാർ ആവിഷ്കരിച്ച UIDAI-യിലൂടെ നടപ്പിലാക്കുന്ന ആധാർ കാർഡ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. അതനുസരിച്ച് കേരളത്തിലെ ഏകദേശം തൊണ്ണൂറ്റിയഞ്ച് ശതമാനം ജനങ്ങളെ ആധാർ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്.

(ബി) വിശകലനം ചെയ്തിട്ടില്ല. പൊതുജനങ്ങൾക്ക് സാധാരണ തിരിച്ചറിയൽ കാർഡ് നൽകിയത് കൊണ്ടുമാത്രം തിരിച്ചറിയൽ പ്രക്രിയ സുഗമമാവില്ല. ആയത് കൂടെ കരുതുകയും വേണം. ആധാർ ഒരു ബയോമെട്രിക് തിരിച്ചറിയൽ നമ്പർ ആകയാൽ മറ്റ് തിരിച്ചറിയൽ കാർഡുകളെക്കാൾ സൗകര്യപ്രദമാണ്.

(സി) ഒരു പൗരന് ഒരു സമ്പൂർണ്ണ കാർഡ് എന്ന ആധാർ കാർഡ് പദ്ധതി പൂർണ്ണ തോതിൽ നടപ്പിൽ വരുമ്പോൾ എല്ലാ ആവശ്യങ്ങൾക്കും ഉപയോഗപ്പെടുത്താവുന്നതാണ്.

**പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ**

5 (T*155) ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീ. എ. കെ. ബാലൻ :

ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ തമിഴ്നാട് ലംഘിക്കുന്നതിന്റെയും കേരളത്തിൽ തുടർച്ചയായുണ്ടാകുന്ന രൂക്ഷമായ വരൾച്ചയുടെയും പശ്ചാത്തലത്തിൽ പുനരവലോകനം ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(ബി) കരാർ ലംഘനവുമായി ബന്ധപ്പെട്ട് കേരളം സുപ്രീം കോടതിയിൽ ഹർജി നല്കിയിട്ടുണ്ടോ ; എങ്കിൽ ഹർജിയിലെ പ്രധാന ആവശ്യവും കേസിന്റെ നിലവിലെ സ്ഥിതിയും അറിയിക്കാമോ ;

(സി) മുല്ലപ്പെരിയാർ പ്രശ്നവും പറമ്പിക്കുളം ആളിയാർ കരാറുമായി ബന്ധപ്പെടുത്തി തമിഴ്നാടുമായി ചർച്ച നടത്തി സംസ്ഥാന താല്പര്യം സംരക്ഷിക്കാൻ ഇടപെടൽ നടത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി.) കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ 1988 മുതൽക്കു തന്നെ ആരംഭിച്ചുകഴിഞ്ഞു. തമിഴ്നാടുമായി നടത്തിയിട്ടുള്ള നിരവധി ചർച്ചകളിൽ, വിവിധ വിഷയങ്ങളിൽ ഇരുസംസ്ഥാനങ്ങളും തമ്മിൽ അഭിപ്രായ സമന്വയത്തിൽ എത്തിച്ചേരാത്തതുകൊണ്ട് കരാർ പുനരവലോകനം ഫലപ്രാപ്തിയിലെത്തിയിട്ടില്ല. എന്നാൽ തുടർ ചർച്ചകൾ നടത്തി കഴിവതും വേഗം പ്രസ്തുത കരാർ പുനരവലോകനം ചെയ്യണമെന്നുള്ളതാണ് സർക്കാരിന്റെ നിലപാട്.

(ബി) ഉണ്ട്. 2012-13 ജലവർഷത്തിൽ കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലം പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽ (പി.എ.പി.)നിന്നും ലഭിച്ചിട്ടില്ല. തമിഴ്നാടിന്റെ പി.എ.പി. കരാർ വ്യവസ്ഥാ ലംഘനത്തിനെതിരെ കേരളം തമിഴ്നാടിനെതിരായി ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഒരു അസ്സൽ അന്യായവും (O.S.No.2 of 2013) ഒരു ഇടക്കാല ഹർജിയും (I.A.No.1/13) ഫയൽ ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ അസ്സൽ

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

അന്യായത്തിലും ഇടക്കാല ഹർജിയിലും കേരളം ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ യഥാക്രമം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

മേൽ സൂചിപ്പിച്ച അസ്സൽ അന്യായത്തിന്മേലുള്ള എതിർ സത്യവാങ്മൂലം 2014 ഒക്ടോബർ മാസത്തിൽ തമിഴ്നാട് ഫയൽ ചെയ്യുകയുണ്ടായി. തമിഴ്നാടിന്റെ എതിർ സത്യവാങ്മൂലത്തിനുള്ള മറുപടി 16-4-2015 ന് കേരളം ഫയൽ ചെയ്യുകയുണ്ടായി. കേസ് പരിഗണിക്കുന്ന അടുത്ത തീയതി ഇതുവരെ പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

(സി) പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറുമായി ബന്ധപ്പെട്ട് 6-8-2014-ന് മുഖ്യമന്ത്രി വിളിച്ച ചേർത്ത യോഗത്തിൽ, മുല്ലപ്പെരിയാറിലെ പുതിയ ഡാമിന്റെ നിർമ്മാണമെന്ന കേരളത്തിന്റെ പ്രധാന ആവശ്യം മറ്റ് പ്രധാനപ്പെട്ട അന്തർസംസ്ഥാന ജല വിഷയങ്ങളുമായി ബന്ധപ്പെടുത്തി ഒരു പാക്കേജ് ആക്കി അതിന്റെ അടിസ്ഥാനത്തിൽ ചർച്ചകൾ നടത്താനാവുമോ എന്നതിന്റെ സാദ്ധ്യത കൂടി പരിശോധിക്കണമെന്ന കാര്യത്തിൽ ധാരണയായിരുന്നു. എന്നാൽ അന്തർസംസ്ഥാന ജലവിഷയങ്ങളിൽ നിരവധി കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നതിനാൽ, ഇതിന്റെ നിയമവശങ്ങൾ കൂടി വിശദമായി പഠിച്ചശേഷമേ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. ഇക്കാര്യം നിയമവിദഗ്ദ്ധരുമായി കൂടിയാലോചിച്ച് ഉചിതമായ തുടർനടപടികൾ താമസംവിനാ സ്വീകരിക്കാനാണുദ്ദേശിച്ചിട്ടുള്ളത്.

## അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ട്

6 (*156) ശ്രീ. എം. എ. ബേബി :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയാള സിനിമാ മേഖലയെ കുറിച്ച് പഠിച്ച അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റിയുടെ റിപ്പോർട്ടിലെ ഏതെല്ലാം ശിപാർശകൾ നടപ്പിലാക്കിയിട്ടുണ്ട് ; വിശദമാക്കാമോ ;

(ബി) സിനിമയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സംബന്ധിച്ച് വിളിച്ചുചേർത്ത യോഗത്തിൻെറ തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ ;

(സി) പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നതിന് തന്നാണ്ടിലെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ബഡ്ജറ്റിൽ പ്രത്യേകമായി തുക വകയിരുത്തിയിട്ടുണ്ടോ ; ഇതിനായുള്ള അധിക ചെലവെത്രയെന്ന് വ്യക്തമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ) :

(എ) അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ടിലെ അവാർഡ് നിർണ്ണയം സംബന്ധിച്ചുള്ള ശിപാർശകളുടെ അടിസ്ഥാനത്തിൽ ചലച്ചിത്ര അവാർഡ് ചട്ടങ്ങൾ ഭേദഗതി വരുത്തിയിട്ടുണ്ട്. സമിതിയുടെ നിർദ്ദേശങ്ങളിൽ ചലച്ചിത്ര മേളയുടെ നടത്തിപ്പ് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ താഴെ ചേർക്കുന്നു :

1. ചലച്ചിത്ര മേളയിൽ പ്രദർശിപ്പിക്കുന്ന സിനിമകളുടെ എണ്ണം 139 ആയി കുറച്ചു.
2. ഡെലിഗേറ്റ് ഫീ ഏകീകരിച്ച് 500 രൂപയായി നിശ്ചയിച്ചു. വിദ്യാർത്ഥികൾക്ക് ടിക്കറ്റ് നിരക്ക് 300 രൂപയായി നിശ്ചയിച്ചു.
3. ഡെലിഗേറ്റ് രജിസ്ട്രേഷൻ ചുമതലകൾ ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റിയും ചലച്ചിത്ര അക്കാദമിയും സംയുക്തമായാണ് നിർവ്വഹിച്ചത്.
4. ഡെലിഗേറ്റുകളെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ ശേഖരിക്കുവാൻ കഴിയുന്ന തരത്തിൽ അപേക്ഷാ ഫോറം പരിഷ്കരിച്ചു.
5. സമിതി നിർദ്ദേശപ്രകാരം ഓരോ പ്രദർശനവും കഴിഞ്ഞാലുടൻ കൃത്യസമയത്തു തന്നെ അടുത്ത പ്രദർശനം ആരംഭിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കി.
6. ശ്രദ്ധാഞ്ജലി പരമ്പരയിൽ സിനിമയ്ക്ക് ശ്രദ്ധേയമായ സംഭാവനകൾ ചെയ്തിട്ടുള്ള വ്യക്തികളെപ്പറ്റിയുള്ള നൂറ് പേജിൽ കവിയാത്ത പുസ്തകങ്ങൾ ഫെസ്റ്റിവൽ വേദിയിൽ പ്രകാശനം ചെയ്യണമെന്നുള്ള സമിതി തീരുമാനം നടപ്പിലാക്കി.
7. മേളയ്ക്ക് ചിത്രങ്ങൾ തെരഞ്ഞെടുക്കുന്നതും ഉദ്ഘാടന ചിത്രം തീരുമാനം നിശ്ചയിക്കുന്നതും വിദഗ്ദ്ധ സമിതി അംഗീകരിച്ചതിനുശേഷമായിരിക്കണമെന്ന സമിതി നിർദ്ദേശം നടപ്പിലാക്കി.
8. മേള തുടങ്ങുന്നതിന് മുൻപേ ഫെസ്റ്റിവൽ കാറ്റലോഗ് തയ്യാറാക്കിയിരുന്നു.
9. മത്സരചിത്രങ്ങൾ കൂടുതൽ സീറ്റുകളുള്ള തീയേറ്ററുകളിൽ പ്രദർശിപ്പിക്കണമെന്ന വിദഗ്ദ്ധ സമിതി നിർദ്ദേശം നടപ്പിലാക്കി.

10. ഉദ്ഘാടന സമാപന ചടങ്ങുകൾ ലളിതമായ രീതിയിൽ പരമാവധി ചെലവ് കുറച്ച് നടത്തുവാൻ കഴിഞ്ഞു.

11. ഫെസ്റ്റിവൽ ബുള്ളറ്റിൻ നിലവാരമുള്ള നിലയിൽ പ്രസിദ്ധീകരിക്കണമെന്ന സമിതി നിർദ്ദേശം നടപ്പിലാക്കി.

12. സമിതി തീരുമാനമനുസരിച്ച് അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ മാർക്കറ്റിംഗ് വിഭാഗം ആരംഭിക്കുകയും തെരഞ്ഞെടുക്കപ്പെട്ട 18 മലയാള ചിത്രങ്ങൾ ഫിലിം മാർക്കറ്റിംഗിന്റെ ഭാഗമായി ഒരു അന്താരാഷ്ട്ര ജൂറിയെ നിയോഗിച്ച് വിലയിരുത്തി അതിൽനിന്നും 4 ചിത്രങ്ങൾ തെരഞ്ഞെടുക്കുകയും ചെയ്തു.

ജെ. സി. ഡാനിയേൽ പുരസ്കാരം, ആയുഷ്കാല സംഭാവനയ്ക്കുള്ള ആഗോള പുരസ്കാരം, ചലച്ചിത്ര ആർക്കൈവ്, ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരണം എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങളിന്മേൽ നടപടി സ്വീകരിച്ചുവരുന്നു. സമിതി റിപ്പോർട്ട് അനുസരിച്ച് സിനിമാ സബ്സിഡി തുക വർദ്ധിപ്പിക്കുമ്പോഴും പ്രോത്സാഹന സമ്മാനങ്ങൾ അധികമായി നൽകുമ്പോഴും ഉണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണ്. സമിതി റിപ്പോർട്ട് അനുസരിച്ച് സബ്സിഡി അനുവദിച്ച ചിത്രങ്ങളിൽ ദേശീയ തലത്തിൽ അംഗീകാരം കിട്ടിയ ചിത്രങ്ങളെ മാത്രം പിന്നീടുള്ള പ്രദർശനങ്ങളിൽ വിനോദ നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ തിയേറ്ററുകളിലെ സാധാരണ പ്രദർശനത്തെ ബാധിക്കാത്ത രീതിയിൽ അംഗീകൃത ഫിലിം സൊസൈറ്റികൾ നടത്തുന്ന പ്രദർശനങ്ങൾക്ക് നിലവിലുള്ള വാടക നിരക്കിൽ 25 ശതമാനം കുറവ് അനുവദിച്ചിട്ടുണ്ട്.

(ബി) സിനിമയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സംബന്ധിച്ച് വിളിച്ചു ചേർത്ത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇ-ടിക്കറ്റിംഗ് സിസ്റ്റം നടപ്പിൽ വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സിനിമാ ചിത്രീകരണത്തിനുള്ള ഏകജാലക സംവിധാനം സുഗമമാക്കുന്നതിനായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മുഖേന തുടർ നടപടി സ്വീകരിച്ചുവരുന്നു.

(സി) റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നതിന് തന്നാണ്ടിലെ ബഡ്ജറ്റിൽ പ്രത്യേകമായി തുക വകയിരുത്തിയിട്ടില്ല. എന്നാൽ ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരണത്തിന്റെ ഭാഗമായി ഡിജിറ്റലൈസേഷനുവേണ്ടി ബഡ്ജറ്റിൽ ഒരു കോടി രൂപ

വകയിരുത്തിയിട്ടുണ്ട്. കമ്മിറ്റി റിപ്പോർട്ടിലെ മറ്റ് ശിപാർശകൾ നടപ്പിലാക്കുന്നതിനുള്ള അധിക ചെലവ് കണക്കാക്കിയിട്ടില്ല.

**ജയിലുകൾ ഉൽപ്പാദന-വരുമാന കേന്ദ്രങ്ങൾ**

7 (*157) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിലുകളെ ഉൽപ്പാദന-വരുമാന കേന്ദ്രങ്ങളാക്കാൻ പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) പ്രസ്തുത ലക്ഷ്യങ്ങൾ കൈവരിക്കാനായി ജയിലുകളിൽ നടക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ-സി) ഇല്ല. ജയിലുകൾ പ്രധാനമായും ശിക്ഷിക്കപ്പെട്ടു വരുന്ന തടവുകാരെ പാർപ്പിച്ച്, അവരെ സ്വഭാവപരിണാമം വരുത്തി നല്ല പൗരന്മാരാക്കി പുറത്തിറക്കുന്നതിന് സഹായിക്കുന്ന സ്ഥാപനങ്ങളാണ്. ശിക്ഷിക്കപ്പെടുന്നവർ കൂടാതെ റിമാന്റ് ചെയ്യപ്പെടുന്നവരും വിചാരണ നേരിടുന്നവരുമായ തടവുകാരും ജയിലുകളിലുണ്ട്. ശിക്ഷിക്കപ്പെട്ടുവരുന്ന തടവുകാരോട് മാത്രമേ നിർബന്ധപൂർവ്വം ജോലികളിൽ ഏർപ്പെടണമെന്ന് നിർദ്ദേശിക്കാനാവൂ. ജയിലുകൾ വരുമാനമുണ്ടാക്കാനുള്ള കേന്ദ്രങ്ങളല്ല മറിച്ച് തടവുകാരെ നല്ല പൗരന്മാർ ആക്കുന്നതിനും അവർ പുറത്തിറങ്ങുമ്പോൾ സ്വയം തൊഴിൽ കണ്ടെത്തി ജീവിക്കുന്നതിന് പ്രാപ്തരാക്കുന്നതിനുമുള്ള ലക്ഷ്യത്തിലേക്കാണ് നിയമപരമായി ശ്രദ്ധിക്കുന്നത്. വരുമാന കേന്ദ്രങ്ങളല്ല മറിച്ച് ജയിലുകളിലെ തടവുകാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിന്റെ ഭാഗമായി ഉണ്ടാകുന്നതാണ് വരുമാനം. തടവുകാരൻ പുറത്തിറങ്ങുമ്പോൾ ആ തടവുകാരന് സ്വന്തമായി തൊഴിൽ ചെയ്ത് ജീവിക്കാൻ ഉതകുന്ന തൊഴിലുകളാണ് ജയിലുകളിൽ തടവുകാരെ പഠിപ്പിക്കുന്നത്. ഇലക്ട്രീഷ്യൻ കോഴ്സ്, പ്ലംബിംഗ് കോഴ്സ്, ബ്യൂട്ടീഷൻ കോഴ്സ്, ഷെഫ്(പാചകവിദ്യ), തെങ്ങുകയറ്റം, ഡ്രൈവിംഗ്, ജെ.സി.ബി. ഓപ്പറേഷൻ, കമ്പ്യൂട്ടർ പരിശീലനം, ടെയിലറിംഗ്, കാർപ്പന്ററി, വീവിംഗ് ഉടങ്ങിയവയുടെ

പരിശീലനം, പച്ചക്കറി ഉത്പാദനം, വിവിധ ഭക്ഷണസാധനങ്ങളുടെ ഉത്പാദനം മുതലായവയാണ് പരിശീലിപ്പിക്കുന്നത്. അവർക്ക് ജയിലിൽ തൊഴിൽ പരിശീലനങ്ങൾ നൽകുന്നതു കൂടാതെ കൗൺസലിംഗ്, അംഗീകൃത ഗവൺമെന്റിതര സംഘടനകളുടെ ക്ഷേമപ്രവർത്തനങ്ങൾ, യോഗ മുതലായവയും നടത്തുന്നുണ്ട്. ഇത്തരം തൊഴിൽ പരിശീലനം തടവുകാരുടെ മാനസിക സംഘർഷം കുറയ്ക്കുന്നതിനും അതിലുപരി ജയിൽ വിമോചിതരാകുമ്പോൾ ഒരു തൊഴിൽ ചെയ്യുവാനുള്ള പരിശീലനം ലഭിക്കുന്നതിന് ഇടയാക്കുകയും ചെയ്യും. ആയതിനാലാണ് നിലവിൽ ജോലി ലഭ്യതയുള്ള ഇലക്ട്രീഷ്യൻ, തെങ്ങുകയറ്റം, ഡ്രൈവിംഗ് തുടങ്ങിയ തൊഴിൽ പരിശീലനങ്ങൾ കൂടി ജയിലിൽ നടത്തുന്നത്. ഇത്തരം പരിശീലനങ്ങൾ പൂർത്തിയാക്കുന്നവർക്ക് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നുള്ള സർട്ടിഫിക്കറ്റുകളും നൽകുന്നുണ്ട്.

(ഡി) തടവുകാരുടെ തൊഴിൽ പരിശീലനങ്ങൾ സംബന്ധിച്ച് ഒരു സ്ഥിരമായ രൂപരേഖ ഇല്ല. അതതുവർഷം 'തടവുകാരുടെ ക്ഷേമം' പദ്ധതിപ്രകാരം ലഭിക്കുന്ന ഫണ്ടിൽ, പ്രസ്തുത തൊഴിൽ പരിശീലനങ്ങൾ ഉൾപ്പെടുത്തുകയും ആയവ നടപ്പിലാക്കുകയുമാണ് ചെയ്യുന്നത്. 2014-15 വർഷത്തെ പദ്ധതിയിൽ ഉൾക്കൊള്ളിച്ച് ഇലക്ട്രീഷ്യൻ കോഴ്സ്, പ്ലംബിംഗ് കോഴ്സ്, ബ്യൂട്ടീഷ്യൻ കോഴ്സ്, ഷെഫ് (പാചകവിദ്യ), തെങ്ങുകയറ്റം, ഡ്രൈവിംഗ്, കമ്പ്യൂട്ടർ പരിശീലനം തുടങ്ങിയവയെല്ലാം ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ട്.

**അഴിമതിയും കെടുകാര്യസ്ഥതയും**

8 (*158) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സംവിധാനത്തിലും സഹകരണ സ്ഥാപനങ്ങളിലുമുൾപ്പെടെ അഴിമതിയും കെടുകാര്യസ്ഥതയും വർദ്ധിച്ചുവരുന്നുവെന്നും ഇത് നിയന്ത്രിക്കുന്നതിനുള്ള വിജിലൻസ് സംവിധാനങ്ങൾ നിഷ്ക്രിയമായിരിക്കുന്നുവെന്നുമുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രധാനപ്പെട്ട തസ്തികയിൽ നിയമിക്കുന്ന ഉദ്യോഗസ്ഥരുടെ പേരിൽ വിജിലൻസ് കേസോ അന്വേഷണമോ ഉണ്ടോ എന്ന് നിയമിക്കുന്നതിനുമുമ്പ് പരിശോധിക്കാറുണ്ടോ ; ഇപ്രകാരം വിജിലൻസ് ക്ലിയറൻസ് ഇല്ലാതെ പല പ്രമുഖ തസ്തികകളിലും നിയമനം നടത്തിയിട്ടുള്ളതായി അറിയാമോ ;

(സി) എങ്കിൽ അത്തരം നിയമനങ്ങൾ റദ്ദ് ചെയ്യാൻ ബന്ധപ്പെട്ട

വകുപ്പുകൾക്ക് നിർദ്ദേശം നൽകാൻ വിജിലൻസ് തയ്യാറാകുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) പ്രസ്തുത ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ക്യാബിനറ്റ് തീരുമാനപ്രകാരം നേരിട്ടുള്ള നിയമനങ്ങൾ വിജിലൻസ് ക്ലിയറൻസ് വാങ്ങിയ ശേഷമാണ് നടത്തപ്പെടുന്നത്. വിജിലൻസ് ക്ലിയറൻസില്ലാത്ത നിയമനങ്ങൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വിജിലൻസ് മാന്വൽ പരിഷ്കരണം**

9 (*159) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. എം. എ. ബേബി :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസ് മാന്വൽ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് ; വിശദമാക്കാമോ ;

(ബി) സുപ്രീംകോടതിയുടെ ലളിതകുമാരി Vs. സ്റ്റേറ്റ് ഓഫ് യു. പി. എന്ന റിട്ട് ഹർജിയിലെ നിർദ്ദേശങ്ങൾ പ്രകാരം വിജിലൻസ് മാന്വൽ പരിഷ്കരിക്കുമോ ;

(സി) ഇല്ലെങ്കിൽ ഇതിനു വേണ്ട നിർദ്ദേശങ്ങൾ നൽകുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) പ്രസ്തുത നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

(ബി&സി) പുതിയ ഉത്തരവുകളും നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ച് വിജിലൻസ് മാന്വൽ കാലോചിതമായി പരിഷ്കരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**വനം വന്യജീവി സംരക്ഷണത്തിനായി പദ്ധതികൾ**

10 (*160) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ഡോ. എൻ ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും, ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വന്യജീവി സംരക്ഷണ മേഖലയിൽ നടപ്പ് സാമ്പത്തിക വർഷം നടപ്പാക്കുന്ന പ്രധാന പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) പുതുതായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളുടെ നടത്തിപ്പിന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്രയാണ് ;

(സി) മനുഷ്യ-മൃഗ സംഘർഷ ലഘൂകരണത്തിന് നടപ്പ് സാമ്പത്തിക വർഷം വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

വനവും പരിസ്ഥിതിയും, ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളുടേയും ദേശീയോദ്യാനങ്ങളുടേയും കടുവാ സങ്കേതങ്ങളുടേയും സംരക്ഷണത്തിനായി 50 ശതമാനം കേന്ദ്ര സഹായ പദ്ധതികളും 4 എലിഫന്റ് റിസർവ്വുകളുടെ പരിപാലനത്തിനായി പ്രോജക്ട് എലിഫന്റ് പദ്ധതി, നീലഗിരി, അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വുകളുടെ പരിപാലനത്തിനുള്ള പദ്ധതി, വയനാട് വന്യജീവി സങ്കേതത്തിൽനിന്ന് അർഹതപ്പെട്ട കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതി എന്നിവ 100 ശതമാനം കേന്ദ്ര സഹായത്തോടെയും നടപ്പിലാക്കി വരുന്നു. കൂടാതെ ജൈവ വൈവിദ്ധ്യ സംരക്ഷണം, മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പദ്ധതികൾ എന്നിവ സംസ്ഥാന പദ്ധതികളായും നടപ്പിലാക്കിവരുന്നു.

(ബി) 50 ശതമാനം കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾക്കായി ആകെ 3996 ലക്ഷം രൂപയും 100 ശതമാനം കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾക്കായി ആകെ 1330 ലക്ഷം രൂപയും സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾക്കായി ആകെ 1500 ലക്ഷം രൂപയും 2015-16-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) മനുഷ്യ-മൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി നടപ്പ് സാമ്പത്തിക

വർഷം വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. അധിക കേന്ദ്ര സഹായത്തോടെ സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 87.5 കി.മീ. ദൂരം സൗരോർജ്ജ കമ്പിവേലികൾ, ആന പ്രതിരോധ മതിലുകൾ, കല്ലു പാകിയ കിടങ്ങുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള 500 ലക്ഷം രൂപയുടെ പദ്ധതി.

2. NABARD-RIDF-ന്റെ സാമ്പത്തിക സഹായത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വനാതിർത്തികളിൽ 15 കിലോമീറ്റർ കരിങ്കൽ ഭിത്തി നിർമ്മിക്കുന്നതിനുള്ള 19.38 കോടി രൂപയുടെ പദ്ധതി.

3. മിഷൻ 676-ൽ ഉൾപ്പെടുത്തിയ കൃഷിരക്ഷാ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ.

## വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര

11 (*161) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ യാത്രാ സൗജന്യം സംബന്ധിച്ച് വിശദാംശങ്ങൾ എന്തെല്ലാമാണ് ; വിവരിക്കുമോ ;

(സി) യാത്രാ സൗജന്യം അനുവദിക്കുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത എങ്ങനെ നേരിടാനാണ് കെ.എസ്.ആർ.ടി.സി. ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ;

(ഡി) യാത്രാ സൗജന്യം നടപ്പാക്കാനായി എന്തെല്ലാം നടപടികൾ ഭരണ തലത്തിൽ

എടുത്തിട്ടുണ്ട് ; വിശദമാക്കാമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്കാണ് സൗജന്യയാത്ര അനുവദിച്ചിട്ടുള്ളത്. കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്നും വിതരണം ചെയ്യുന്ന 10 രൂപ വിലയുള്ള ഒരു സൗജന്യ യാത്രാകാർഡ് കരസ്ഥമാക്കി വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി.-യുടെ ടൗൺ ടു ടൗൺ ഒഴികെയുള്ള എല്ലാത്തരം ഓർഡിനറി സർവ്വീസുകളിലും സൗജന്യ യാത്ര ചെയ്യാവുന്നതാണ്.

(സി) ഇതുമൂലമുണ്ടാകുന്ന സാമ്പത്തിക ബാധ്യത എത്രയാണെന്ന് കെ.എസ്.ആർ.ടി.സി. ഇതുവരെയും കണക്കാക്കിയിട്ടില്ല. ഈ അദ്ധ്യയന വർഷം സൗജന്യ യാത്രാ കാർഡ് വിതരണം പൂർത്തിയായി കഴിയുമ്പോൾ മാത്രമേ എത്രമാത്രം സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്ന് കണക്കാക്കുവാൻ കഴിയുകയുള്ളൂ. ഈ വകയിൽ ഉണ്ടാകുന്ന വരുമാന നഷ്ടം നികത്തുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം നൽകുന്നതിനായി കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ യൂണിറ്റധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ അദ്ധ്യയന വർഷത്തിൽ വിദ്യാർത്ഥികൾക്ക് സൗജന്യ യാത്രാ കാർഡ് വിതരണം പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**റോഡ് സുരക്ഷ**

12 (*162) ശ്രീ. സാജു പോൾ :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് സുപ്രീംകോടതി നിയോഗിച്ച മൂന്നംഗ സമിതിയുടെ ശിപാർശ സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ ; ഇതിനായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ച് കൊണ്ടുള്ള എന്ത് നടപടിയാണ്

സ്വീകരിച്ചിട്ടുള്ളത് ;

(ബി) റോഡ് സുരക്ഷ ഉറപ്പാക്കാൻ സമിതി നൽകിയ ശിപാർശകൾ എന്തെല്ലാമാണ് ; വിശദമാക്കാമോ ;

(സി) പ്രസ്തുത ശിപാർശകൾ ഏത് തീയതിക്കകം നടപ്പിൽ വരുത്തണമെന്നാണ് സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുള്ളത് ;

(ഡി) ദേശീയ-സംസ്ഥാന പാതയോരങ്ങളിലെ മദ്യശാലകൾ നീക്കം ചെയ്തിട്ടുണ്ടോ ; അതുൾപ്പെടെയുള്ള പതിമൂന്ന് നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

വനവും പരിസ്ഥിതിയും, ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്. സംസ്ഥാനത്തുടനീളം മോട്ടോർ വാഹനം, പൊതുമരാമത്ത്, പോലീസ് എന്നീ വകുപ്പുകളുമായി ചേർന്ന് 216 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്. ആയത് ഉന്മൂലനം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അമിത വേഗത നിയന്ത്രിക്കുന്നതിനായി റമ്പിൾ സ്ട്രിപ്പ്സ്, ഹംബുകൾ, സ്പീഡ് ബ്രേക്കർ തുടങ്ങിയ അപകട സൂചനകൾ സ്ഥാപിക്കുകയും സ്കൂൾ സോണുകളിൽ കുട്ടികളുടെ സുരക്ഷയ്ക്കായി പ്രത്യേക സൂചനകളും, കാൽനടക്കാർക്ക് റോഡ് മുറിച്ച് കടക്കുന്നതിനുള്ള സൂചനകളും സ്ഥാപിച്ചിട്ടുണ്ട്. എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പൊതുമരാമത്ത്, പോലീസ്, മോട്ടോർ വാഹന വകുപ്പുകൾക്ക് അത്യാധുനിക രീതിയിലുള്ള (ആൽക്കോമീറ്റർ/ ഇന്റർസെപ്റ്റർ, സർവൈലൻസ് ക്യാമറ തുടങ്ങിയവ) സംവിധാനങ്ങൾ ഒരുക്കുന്നതിനായി റോഡ് സുരക്ഷാ അതോറിറ്റിയിൽനിന്നും ഫണ്ട് നൽകിയിട്ടുണ്ട്. നടപ്പാതകളിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് പോലീസുമായി ചേർന്ന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) 1. സംസ്ഥാന റോഡ് സുരക്ഷാ കൗൺസിൽ രൂപീകരിച്ച് വർഷത്തിൽ രണ്ട് തവണയെങ്കിലും കൗൺസിൽ യോഗം കൂടി, എടുക്കുന്ന തീരുമാനങ്ങളിന്മേലുള്ള നടപടി റിപ്പോർട്ട് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

2. പോലീസ്, പൊതുമരാമത്ത്, വിദ്യാഭ്യാസം, ആരോഗ്യം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകൾ കൂടാതെ റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഇതര വകുപ്പുകളുടേയും സന്നദ്ധ സംഘടനകളുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കൊണ്ട് കൗൺസിൽ സെക്രട്ടേറിയറ്റായി പ്രവർത്തിക്കുന്നതിന് ഒരു ലീഡ് ഏജൻസി

രൂപീകരിക്കേണ്ടതാണ്.

3. മുന്നറിയിപ്പ് അനിവാര്യമാകുന്ന പ്രദേശങ്ങൾ (ബ്ലാക്ക് സ്പോട്ട്) തിരിച്ചറിയുന്നതിനും ആയത് ഉന്മൂലനം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതിനും എടുത്ത നടപടികൾ ഫലപ്രാപ്തിയിൽ എത്തുന്നുണ്ടോയെന്ന് നിരീക്ഷിക്കുന്നതിനും ഒരു രൂപരേഖ തയ്യാറാക്കേണ്ടതാണ്.

4. മദ്യപിച്ച് വാഹനം ഓടിക്കൽ, അമിത വേഗത, സിഗ്നൽ ലൈറ്റ്, ഹെൽമറ്റ്/ സീറ്റ് ബെൽറ്റ് എന്നിവ സംബന്ധിച്ച നിയമങ്ങൾ കൂടുതൽ കർശനമാക്കേണ്ടതാണ്.

5. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി ദേശീയ/സംസ്ഥാന പാതകൾ ഉൾപ്പെടെയുള്ള എല്ലാ റോഡുകളുടേയും നിരീക്ഷണം (വാഹന പരിശോധനകൾ) ശക്തിപ്പെടുത്തുകയും സാങ്കേതികമായ തയ്യാറെടുപ്പുകൾ നടത്തുകയും ചെയ്യേണ്ടതാണ്.

6. ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിന് തന്ത്രങ്ങൾ ആവിഷ്കരിക്കുകയും അതിനായി റമ്പിൾ സ്ട്രിപ്പ്സ്, സ്പീഡ് ബ്രേക്കർ, റോഡ് സൈൻ എന്നിവ റോഡപകടങ്ങൾ കൂടുതലായി ഉണ്ടാകുന്ന സ്ഥല ങ്ങളിൽ സ്ഥാപിക്കേണ്ടതാണ്.

7. ദേശീയ - സംസ്ഥാന പാതയോരങ്ങളിലെ മദ്യവില്പന നിരോധി ക്കേണ്ടതാണ്.

8. വാഹനം ഓടിക്കുന്ന ഡ്രൈവറുടെ അശ്രദ്ധയ്ക്ക് കാരണമാകുന്ന ഹോർഡിംഗ്സ്, മറ്റു വസ്തുക്കൾ എന്നിവ നീക്കം ചെയ്യേണ്ടതാണ്.

9. റോഡ് സേഫ്റ്റി ഫണ്ട് രൂപീകരിക്കേണ്ടതും ഗതാഗത നിയമ ലംഘനത്തിലൂടെ ലഭിക്കുന്ന തുകയുടെ ഒരു ഭാഗം ഈ ഫണ്ടിലേക്ക് ലഭ്യമാക്കുകയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ചെലവുകൾ നേരിടുന്നതിന് ബഡ്ജറ്റിൽ ന്യായമായ തുക വകയിരുത്തേണ്ട തുമാണ്.

10. കേന്ദ്ര ഗവൺമെന്റ് റോഡ് സുരക്ഷയ്ക്കുവേണ്ടി അനുവദിച്ചിട്ടുള്ള പദ്ധതികൾ വളരെ പ്രാധാന്യത്തോടെ നടപ്പിൽ വരുത്തേണ്ടതാണ്.

11. കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള നിയമങ്ങൾ അനുസരിച്ച്

റോഡ് സുരക്ഷാ ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ആയത് MORTH-ന് സമർപ്പിക്കുന്നതോടൊപ്പം ഒരു പകർപ്പ് കമ്മിറ്റിക്ക് ലഭ്യമാക്കേണ്ടതുമാണ്.

12. നടപ്പാതകളിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുകയും കാൽനട യാത്രക്കാർക്ക് നടപ്പാത ഒഴിച്ചിടേണ്ടതുമാണ്.

(സി) 2015 ഫെബ്രുവരി 28-ന് മുമ്പ് നടപ്പിൽ വരുത്തണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്.

(ഡി) സർക്കാരിന്റെ മദ്യനയത്തിന്റെ ഭാഗമായി ദേശീയ- സംസ്ഥാന പാതയോരത്തെ 14 മദ്യഷാപ്പുകൾ നിർത്തലാക്കിയിട്ടുണ്ട്.

കമ്മിറ്റിയുടെ 12 ഇന ശിപാർശകളിന്മേൽ താഴെ പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

1. 2007-ൽ റോഡ് സുരക്ഷാ അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത അതോറിറ്റി യോഗങ്ങൾ കൂടുന്നുണ്ട്.

2. റോഡ് സുരക്ഷാ അതോറിറ്റിയെ ഒരു ലീഡ് ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

3. പോലീസ്, മോട്ടോർ വാഹനം, പൊതുമരാമത്ത് എന്നീ വകുപ്പുകൾ സംയുക്തമായി സംസ്ഥാനത്തെ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തുകയും, ആയത് ഉന്മൂലനം ചെയ്യാനുള്ള സാങ്കേതിക നടപടികൾ സ്വീകരിക്കുകയും എടുത്ത നടപടികളുടെ ഫലപ്രാപ്തി അവലോകനം ചെയ്യും വരുന്നുണ്ട്.

4. മോട്ടോർ വാഹന വകുപ്പിലെ ഒരു ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണറുടെ നേതൃത്വത്തിൽ അത്യാധുനിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി മദ്യപിച്ചും അമിതവേഗതയിലും വാഹനമോടിക്കുന്നവർക്കെതിരെയും, സീറ്റ് ബെൽറ്റ്/ഹെൽമറ്റ് ധരിക്കാത്തവർക്കെതിരെയും കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സർവൈലൻസ് ക്യാമറകൾ സ്ഥാപിച്ച് അമിതവേഗത, സിഗ്നൽ ലംഘനം എന്നിവ നിരീക്ഷിക്കുന്നുണ്ട്.

5. രാത്രികാല പരിശോധനകൾ ഉൾപ്പെടെ ദേശീയ-സംസ്ഥാന ഹൈവേകളിൽ, കാലാകാലങ്ങളിലും പ്രത്യേക സന്ദർഭങ്ങളിലും പരിശോധനകൾ പോലീസ്, മോട്ടോർ വാഹന വകുപ്പുകൾ നടത്തി വരുന്നു.

ഇതിലേക്കായി മോട്ടോർ വാഹന വകുപ്പിൽ 17 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ഉണ്ടാക്കി എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്തിയിട്ടുണ്ട്.

6. അമിത വേഗത നിയന്ത്രിക്കുന്നതിനായി റോഡുകളിൽ റമ്പിൾ സ്ട്രിപ്പ്സ്, ഹംമ്പുകൾ, സ്പീഡ് ബ്രേക്കർ തുടങ്ങിയ അപകട സൂചനകൾ സ്ഥാപിക്കുകയും സ്കൂൾ സോണുകളിൽ കുട്ടികളുടെ സുരക്ഷയ്ക്കായി പ്രത്യേക സൂചനകളും, കാൽനടക്കാർക്ക് വേണ്ടി റോഡ് മുറിച്ച് കടക്കുന്നതിനുള്ള സൂചനകളും സ്ഥാപിച്ചിട്ടുണ്ട്.

7. സർക്കാരിന്റെ മദ്യനയത്തിന്റെ ഭാഗമായി ദേശീയ/സംസ്ഥാന പാതയോരത്തെ 14 മദ്യഷാപ്പുകൾ നിർത്തലാക്കിയിട്ടുണ്ട്.

8. ഡ്രൈവർമാരുടെ അശ്രദ്ധയ്ക്ക് കാരണമാകുന്ന രീതിയിലുള്ള ഹോർഡിംഗ്കളും മറ്റു വസ്തുക്കളും നീക്കം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

9. റോഡ് സുരക്ഷാ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ടിലേക്ക് മോട്ടോർ വാഹന വകുപ്പും പോലീസ് വകുപ്പും ഈടാക്കുന്ന കോമ്പൗണ്ടിംഗ് ഫീയുടെ 50 ശതമാനം തുകയാണ് വകയിരുത്തി വരുന്നത്. അതോടൊപ്പം ബഡ്ജറ്റ് വിഹിതവും നൽകി വരുന്നുണ്ട്.

10. റോഡ് സുരക്ഷയുടെ ഭാഗമായി കേന്ദ്രസർക്കാർ സഹായത്തോടെ ഒരു ഡ്രൈവർ ട്രെയിനിംഗ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചിട്ടുണ്ട്.

11. കേരള റോഡ് സുരക്ഷയുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കി MORTH മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

12. നടപ്പാതകളിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനുള്ള സത്വര നടപടികൾ പോലീസ് വകുപ്പുമായി ചേർന്ന് സ്വീകരിച്ചുവരുന്നു.

**എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണം**

13 (*163) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. ടി. എൻ. പ്രതാപൻ :

ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നതെന്ന് അറിയിക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) ഉണ്ട്.

(ബി) എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി മേജർ കേസുകളുടെ അന്വേഷണം നടത്തുന്നതിന് എക്സൈസ് ക്രൈം ബ്രാഞ്ച് വിംഗ് ആരംഭിക്കുക, വാഹനങ്ങളും മറ്റ് സൗകര്യങ്ങളും നൽകുക, ചെക്ക് പോസ്റ്റുകളിലെ വാഹന പരിശോധന കൂടുതൽ കാര്യക്ഷമമാക്കുക, എക്സൈസ് ഓഫീസുകളിലെയും എക്സൈസ് ചെക്ക്പോസ്റ്റുകളിലെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, എക്സൈസ് അക്കാഡമിയുടെ നവീകരണം, എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദവും കാര്യക്ഷമവും വേഗത്തിലുമാക്കുന്നതിന് ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുക, ലൈസൻസ്ഡ് സ്ഥാപനങ്ങളിൽ ശുദ്ധമായ കള്ള്/മദ്യം മാത്രമേ വിൽക്കുന്നുള്ളൂവെന്ന് ഉറപ്പുവരുത്തുക, സ്റ്റേറ്റ് എക്സൈസ് അക്കാദമി ആന്റ് റിസർച്ച് സെന്ററിനെ ദേശീയനിലവാരത്തിലുള്ള ഒരു ട്രെയിനിങ്ങ് സ്ഥാപനമായി മാറ്റുക എന്നിവയാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) ഐ.ടി. മിഷൻ, നാഷണൽ ഇൻഫോമാറ്റിക് സെന്റർ, ഐ.ടി. വകുപ്പ്, ചീഫ് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി, നിർമ്മിതി കേന്ദ്രം, പി.ഡബ്ല്യു.ഡി., സീബാ ലാബ്സ് എറണാകുളം, സിഗ്മ സൊല്യൂഷൻസ്, തിരുവനന്തപുരം, കെൽട്രോൺ.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്ലാൻ ഫണ്ട് അനുവദിച്ചു. ടി പദ്ധതിയിലുൾപ്പെടുത്തിക്കൊണ്ട് താഴെ പറയുന്ന നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതാണ്.

1. മൊബൈൽ അനലിറ്റിക്കൽ ലാബ് :

ലൈസൻസ് നേടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ശുദ്ധമായ മദ്യം മാത്രമേ വിതരണം ചെയ്യുന്നുള്ളൂവെന്ന് ഉറപ്പുവരുത്തുന്നതിനായി മദ്യത്തിന്റെ സാമ്പിൾ ശേഖരിച്ച്, പരിശോധനാ ഫലം ഉടനടി ലഭ്യമാക്കുന്നതിന് വേണ്ടി നിലവിൽ തെക്കൻ മേഖല കേന്ദ്രീകരിച്ച് ഒരു മൊബൈൽ ടെസ്റ്റിംഗ് ലാബ് പ്രവർത്തിച്ചുവരുന്നു. മധ്യമേഖല കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിന് ഒരു മൊബൈൽ ലാബ് പ്രവർത്തനസജ്ജമായിട്ടുണ്ട്. കൂടാതെ ഉത്തര മേഖലയിലെ ആവശ്യത്തിനായുള്ള ലാബിനുവേണ്ടി വാങ്ങിയ ബസിൽ മൊബൈൽ ലാബ് സജ്ജീകരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

2. ചെക്ക് പോസ്റ്റുകളിൽ കണ്ടെയ്നർ മൊഡ്യൂൾ സ്ഥാപിക്കൽ :

എക്സൈസ് വകുപ്പിലെ ചെക്ക് പോസ്റ്റുകളുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി കണ്ടെയ്നർ മൊഡ്യൂളുകൾ സ്ഥാപിക്കുവാൻ 2014-15 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഒരു കോടി ഇരുപത്തിരണ്ട് ലക്ഷം രൂപ ചെലവിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ സഹായത്തോടെ തെരഞ്ഞെടുത്ത 12 ചെക്ക്പോസ്റ്റുകളിൽ കണ്ടെയ്നർ മൊഡ്യൂളുകൾ സ്ഥാപിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം കണ്ടെയ്നർ മൊഡ്യൂൾ സ്ഥാപിക്കുന്നതിന് 80 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും തെരഞ്ഞെടുത്ത 7 ചെക്ക്പോസ്റ്റുകളിൽ നിർമ്മിതി കേന്ദ്രം മുഖേന കണ്ടെയ്നർ മൊഡ്യൂൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. എക്സൈസ് അക്കാഡമിയുടെ നവീകരണം :

എക്സൈസ് അക്കാഡമിയുടെ നവീകരണത്തിനായി 2012-13 സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപയും, 2013-14 സാമ്പത്തിക വർഷം 40 ലക്ഷം രൂപയും അനുവദിച്ചിരുന്നു. കൂടാതെ 2014-15 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ 1 കോടി 50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ആയത് ഉപയോഗിച്ച് നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം പദ്ധതിയിനത്തിൽ ഉൾപ്പെടുത്തി 230 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക ഉപയോഗിച്ച് നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കായി :

2011-12 സാമ്പത്തിക വർഷം എക്സൈസ് വകുപ്പിൽ 33 ജീപ്പുകളും, 2012-13 സാമ്പത്തിക വർഷത്തിൽ 70 മോട്ടോർ ബൈക്കുകളും വാങ്ങിയിട്ടുള്ളതാണ്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2013-14, 2014-15 സാമ്പത്തിക വർഷത്തിൽ 24 ലക്ഷം രൂപ വീതം ചെലവിൽ 48 മോട്ടോർ ബൈക്കുകൾ വീതം ആകെ 96 ബൈക്കുകൾ വാങ്ങിയിട്ടുള്ളതാണ്. കൂടാതെ ടി വർഷങ്ങളിൽ ഫോട്ടോകോപ്പിയർ, പ്രിന്റർ, ട്രോളി ലാഡറുകൾ, ഹെൽമെറ്റുകൾ, സ്കാനറുകൾ, വെയിംഗ് മെഷീനുകൾ, ആധുനിക കയ്യാമങ്ങൾ, ഫർണീച്ചർ എന്നിവ വാങ്ങി ഫീൽഡ് ഓഫീസുകളിൽ വിതരണം ചെയ്തിട്ടുള്ളതാണ്. 2014-15 സാമ്പത്തിക വർഷത്തിൽ 52,02,409 രൂപ ചെലവിൽ ഒൻപത് ജീപ്പുകളും 7,25,297 രൂപ ചെലവിൽ ഒരു Xylo കാറും വകുപ്പിന്റെ ആവശ്യത്തിനായി വാങ്ങിയിട്ടുണ്ട്. കൂടാതെ 757 ഹൈവിസിബിലിറ്റി റയിൻ കോട്ടുകൾ, 35 ഡിജിറ്റൽ ക്യാമറകൾ എന്നിവയും വാങ്ങിയിട്ടുള്ളതാണ്.

എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ഫീൽഡ് യൂണിറ്റുകളിലെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ, പ്രിവന്റീവ് ഓഫീസർ എന്നീ റാങ്കിലുള്ള ഉദ്യോഗസ്ഥർക്ക് പ്രീപെയ്ഡ് മൊബൈൽ സിം കണക്ഷൻ വാങ്ങി നൽകിയിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷത്തിൽ വകുപ്പിലുണ്ടായിരുന്ന 110 എണ്ണം 0.32 പിസ്റ്റലുകൾക്ക് 26,000 എണ്ണം വെടിയുണ്ടകൾ പൂനെയിലെ അമ്യൂണിഷൻ ഫാക്ടറിയിൽ നിന്നും ആകെ 8,53,122 രൂപ അനുവദിച്ച് വാങ്ങുകയുണ്ടായി.

അബ്കാരി/എൻ.ഡി.പി.എസ്. കേസ്സുകളുടെ സ്ഥിതി വിവര കണക്ക് തയ്യാറാക്കി സൂക്ഷിക്കുന്നതിനുവേണ്ടി എക്സൈസ് വകുപ്പിൽ ക്രൈം റിക്കാർഡ്സ് ബ്യൂറോ രൂപീകരിച്ചു. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗത്തിനെതിരെ ബോധവൽക്കരണ പരിപാടികൾ ഏകോപിപ്പിക്കുന്നതിനായി ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ തസ്തിക സൃഷ്ടിക്കുകയും ആയതിന് പ്രത്യേക വിഭാഗം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അട്ടപ്പാടി ആദിവാസി മേഖലയിലെ മദ്യത്തിന്റെയും മയക്കുമരുന്നിന്റേയും ഉപയോഗം നിയന്ത്രിക്കുന്നതിനായി ഒരു സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എരുമേലിയിൽ ഒരു എക്സൈസ് റേഞ്ച് ഓഫീസും അനുവദിച്ചിട്ടുണ്ട്.

ഇ-ഗവേണൻസ് സംബന്ധിച്ച് :

എക്സൈസ് വകുപ്പിലെ ഓഫീസുകൾക്ക് 33,47,040 രൂപ ചെലവിൽ 96 കമ്പ്യൂട്ടറുകൾ വാങ്ങി നൽകിയിട്ടുള്ളതാണ്. എക്സൈസ് കമ്മീഷണറേറ്റിൽ ഇ-ഫയലിങ്ങ് സംവിധാനം നടപ്പിൽ വരുത്തുന്നതിന്റെ നടപടികൾ സ്വീകരിച്ചു

വരുന്നു.

വാണിജ്യ നികുതി വകുപ്പിന്റെ K-VATIS സോഫ്റ്റ്‌വെയർ കസ്റ്റമൈസ് ചെയ്ത് ഓൺലൈനായി നികുതി ഒടുക്കുന്നതിനായി എക്സൈസ് ഇ-പേയ്മെന്റ് സോഫ്റ്റ്‌വെയർ നിർമ്മിച്ചിട്ടുണ്ട്. ടി സോഫ്റ്റ്‌വെയർ വഴി 23 ഇനം ഫീസുകൾ ഓൺലൈനായി ഒടുക്കുന്നതിനുള്ള സംവിധാനം വകുപ്പിൽ നിലവിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

വകുപ്പിൽ നിന്ന് ഇലക്ട്രോണിക്സ് രൂപത്തിൽ നൽകാൻ കഴിയുന്ന 22 സർവ്വീസുകൾ കണ്ടെത്തിയിട്ടുണ്ട്. അവയിൽ എഫ്.എൽ. 3 ലൈസൻസ് പുതുക്കൽ, എഫ്.എൽ. 11 ലൈസൻസ് പുതുക്കൽ, എഫ്.എൽ 4 (A) ലൈസൻസ് പുതുക്കൽ എന്നീ മൂന്നിനം സർവ്വീസുകൾ നാഷണൽ ഇൻഫർമേഷൻ സെന്ററിന്റെ സർവ്വീസ് പ്ലസ് എന്ന സോഫ്റ്റ്‌വെയർ കസ്റ്റമൈസ് ചെയ്ത് ഇലക്ട്രോണിക്സ് രൂപത്തിൽ നൽകിവരുന്നു. ഇതുകൂടാതെ മറ്റു സർവ്വീസുകളും ഇപ്രകാരം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. വകുപ്പിൽ ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിനും എക്സൈസ് ക്രൈം റിക്കാർഡ്സ് ബ്യൂറോ സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചു വരികയാണ്.

## ടി.എസ്.ആർ. സുബ്രഹ്മണ്യം സമിതി റിപ്പോർട്ടിലെ ശിപാർശകൾ

14 (*164) ശ്രീ. ബി. സത്യൻ :
ശ്രീ. എളമരം കരീം :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പദ്ധതികൾക്ക് പരിസ്ഥിതി അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട ടി.എസ്.ആർ. സുബ്രഹ്മണ്യം സമിതി റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രധാന ശിപാർശകളിന്മേലുള്ള സർക്കാരിന്റെ നിലപാട് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; ഏതെല്ലാം ശിപാർശകളോടാണ് സർക്കാർ വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുള്ളത് ;

(സി) പുതിയ ശിപാർശകൾ നിലവിൽ വരുന്നതോടെ സംസ്ഥാനങ്ങളുടെ അധികാരങ്ങൾ ഇല്ലാതാകുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം സംഗതികളിലെന്ന്

വ്യക്തമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) പരിസ്ഥിതി അനുമതിയുമായി ബന്ധപ്പെട്ട ശിപാർശകളെ സംബന്ധിച്ച സർക്കാർ നിലപാട് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടില്ല.

(സി) വിശദമായ പരിശോധനയ്ക്കുശേഷമേ ഇക്കാര്യത്തിൽ സർക്കാർ നിലപാട് കൈക്കൊള്ളാൻ സാധ്യമാവുകയുള്ളൂ.

**വിചാരണ തടവുകാർ**

15 (*165) ശ്രീ. കെ രാധാകൃഷ്ണൻ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിചാരണ തടവുകാർ ജയിലുകളിൽ ഭീകരമർദ്ദനത്തിനിരയാകുന്നതും കൊലചെയ്യപ്പെടുന്നതുമായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജയിലുകളിലെ മർദ്ദനങ്ങൾ സംബന്ധിച്ച് പുറത്ത് പറയാനും, പരാതി നൽകാനും തടവുകാർ ഭയപ്പെടുന്നതായുള്ള റിപ്പോർട്ടുകൾ പരിഗണിച്ചിട്ടുണ്ടോ ;

(സി) ജയിലിലെ ഡോക്ടർ നിർദ്ദേശിച്ചിട്ടും യഥാസമയം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ച് ചികിത്സ നൽകാതിരുന്നതിന്റെ പേരിൽ ഏതെങ്കിലും വിചാരണ തടവുകാരൻ ജയിൽ ആശുപത്രിയിൽ മരണപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും ജയിലുകളിലെത്തുന്നവർ പീഡിപ്പിക്കപ്പെടുന്നത് അവസാനിപ്പിക്കാനും നടപടി സ്വീകരിക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ഇത്തരത്തിലുള്ള സ്ഥിതിവിശേഷം നിലവിലില്ല.

(ബി) ഇത്തരം പരാതി ഉണ്ടായിട്ടില്ല. തടവുകാർക്ക് തങ്ങളുടെ പരാതികൾ

ബന്ധപ്പെട്ട അധികാരികൾക്ക് നൽകുവാൻ എല്ലാ ജയിലുകളിലും പരാതിപ്പെട്ടികൾ നിലവിലുണ്ട്. പരാതിപ്പെട്ടികൾ തുറന്ന് പരാതികൾ ശേഖരിക്കുന്നതും ബന്ധപ്പെട്ട അധികാരികൾക്ക് അയയ്ക്കുന്നതും ബന്ധപ്പെട്ട ജില്ലാ/സെഷൻസ് കോടതികളാണ്.

(സി) വിയ്യൂർ സെൻട്രൽ ജയിലിലെ ജോമേഷ്, S/o. ജോസ് എന്ന വിചാരണ തടവുകാരനെ (ആർ.പി. നമ്പർ 9622) ജയിൽ ആശുപത്രിയിലും തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലും നേരത്തെ ചികിത്സ നൽകിയിട്ടുണ്ടായിരുന്നു. എന്നാൽ ജയിലിലെ 5 തടവുകാരെയും കൊണ്ട് രാവിലെ ജയിൽ ഉദ്യോഗസ്ഥർ തൃശ്ശൂർ മെഡിക്കൽ കോളേജിലേക്ക് പുറപ്പെട്ടുകഴിഞ്ഞിരുന്നതിനാൽ ടിയാനെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഉടനടി എത്തിക്കാൻ രണ്ടാമത് കഴിഞ്ഞിരുന്നില്ല. ടിയാനെ 24-52015-ന് തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ വീണ്ടും പ്രവേശിപ്പിച്ചുവെങ്കിലും അന്നുതന്നെ മരണപ്പെടുകയാണുണ്ടായത്.

(ഡി) ഇത്തരം സംഭവങ്ങൾ ജയിലുകളിൽ ആവർത്തിക്കാതിരിക്കാൻ, വിദഗ്ദ്ധ ചികിത്സയ്ക്ക് മെഡിക്കൽ കോളേജിലേക്കും മറ്റും റഫർ ചെയ്യുന്ന പ്രതികളെ, പോലീസ് എസ്കോർട്ട് യഥാസമയം ലഭിച്ചില്ലെങ്കിൽപ്പോലും അടിയന്തരമായി ചികിത്സ ലഭ്യമാക്കുന്നതിന് നടപടികൾ എടുക്കുന്നതിന് ജയിൽ സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**അപകടങ്ങളുണ്ടാക്കുന്ന വാഹനങ്ങളുടെ താരതമ്യ പഠനം**

16 (*166) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അപകടങ്ങളുണ്ടാക്കുന്ന വാഹനങ്ങളിൽ കൂടുതലും ഏതു വിധത്തിലുള്ളവയാണെന്നും, ഓരോ വിഭാഗത്തിലുമുള്ള വാഹനങ്ങളുണ്ടാക്കുന്ന അപകടങ്ങളെ സംബന്ധിച്ചും താരതമ്യ പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ അതുസംബന്ധിച്ച വിശദവിവരം നൽകാമോ ;

(ബി) ടിപ്പർ ലോറികൾ ഉണ്ടാക്കുന്ന അപകടങ്ങളെയും അത്തരം അപകടങ്ങൾമൂലമുള്ള മരണനിരക്കിനെയും സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതെക്കുറിച്ച് പ്രത്യേകം പരിശോധിക്കാൻ നിർദ്ദേശം നൽകുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്. പോലീസ് വകുപ്പിന്റെ കണക്കുകൾ പ്രകാരം ഏറ്റവും കൂടുതൽ അപകടങ്ങൾ ഉണ്ടാക്കുന്നത് മോട്ടോർ സൈക്കിളുകളാണ്.

(ബി&സി) പരിശോധിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് 144975 വാഹനാപകടങ്ങൾ നടന്നതിൽ 3039 എണ്ണം ടിപ്പർ ലോറി ഉൾപ്പെട്ട അപകടങ്ങളാണ്. ടിപ്പർ ലോറി ഉൾപ്പെട്ട അപകടങ്ങളിൽ 607 പേർ മരണപ്പെട്ടിട്ടുണ്ട്.

**വർദ്ധിച്ചു വരുന്ന ഗാർഹിക പീഡനങ്ങൾ**

17 (*167) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീമതി കെ. കെ. ലതിക :
ഡോ. കെ. ടി. ജലീൽ :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർദ്ധിച്ചു വരുന്ന ഗാർഹിക പീഡനങ്ങൾ തടയാൻ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ ;

(ബി) ഭർത്താക്കന്മാർ മാനസികമായും ശാരീരികമായും പീഡിപ്പിച്ചു കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുന്നുവെന്ന് സ്ത്രീകളിൽ നിന്നും പോലീസിന് ലഭിക്കുന്ന പരാതികളിൽ യഥാസമയം നടപടികളുണ്ടാകുന്നില്ലെന്നുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരം കേസുകളിൽ ഉന്നതതലങ്ങളിലുള്ള സമ്മർദ്ദങ്ങളെ തുടർന്ന് നിയമാനുസൃതമായ നടപടികളുണ്ടാകുന്നില്ലെന്ന ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഗാർഹിക പീഡനങ്ങൾക്കിരയാകുന്നവരുടെ ആക്ഷേപങ്ങളിൽ മുഖം നോക്കാതെ നീതിപൂർവ്വമായ നടപടികൾ ഉണ്ടാകുന്നു എന്ന് ഉറപ്പ് വരുത്താമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ജനമൈത്രി പോലീസിന്റെയും മറ്റും സംവിധാനം ഉപയോഗിച്ച് കുടുംബാംഗങ്ങളെ ബോധവൽക്കരണം നടത്തിയും വനിതാ സെല്ലിന്റെയും ഹെൽപ്പ് ലൈനിന്റെയും സഹായത്തോടെ കൗൺസിലിംഗ് നടത്തിയും ഗാർഹിക പീഡന നിയമങ്ങളെക്കുറിച്ചും ശിക്ഷകളെക്കുറിച്ചും അവബോധം നടത്തുന്നുണ്ട്. പോലീസ് സ്റ്റേഷനുകളിൽ സ്ഥാപിച്ചിട്ടുള്ള വനിതാ ഹെൽപ്പ് ഡെസ്ക് വനിതകൾക്ക് ഏത് രീതിയിലുള്ള സഹായവും നൽകാൻ പ്രാപ്തരാണ്. ഗാർഹിക പീഡനങ്ങളെക്കുറിച്ചുള്ള പരാതികൾ ലഭിച്ചാൽ Domestic Violence Act അനുസരിച്ച് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഗാർഹിക പീഡനകേസുകളിൽ കാരണങ്ങളാകുന്നത് മിക്കവാറും കുടുംബ പ്രശ്നങ്ങൾ സംബന്ധിച്ച് ഉയർന്നുവരുന്നവയാണെന്ന് മനസ്സിലാക്കാവുന്നതാണ്. ഇത്തരം പരാതികളിൽ ഇരുകക്ഷികളെയും വിളിച്ചുവരുത്തി സംസാരിച്ചും ആവശ്യമായവയിൽ നിയമപരമായ സഹായം വക്കീൽ മുഖേന സൗജന്യമായി നൽകിയും കൗൺസിലിംഗുകൾ നടത്തിയും കൂടുതൽ നടപടികൾ ആവശ്യമുള്ളവയിൽ കേസുകൾ രജിസ്റ്റർ ചെയ്യുകയും തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. സ്കൂൾ-കോളേജുകൾ കേന്ദ്രീകരിച്ചും എസ്.സി./എസ്.ടി. കോളനികളിലും കുടുംബശ്രീ യൂണിറ്റുകളിലും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾക്കെതിരെയും സ്ത്രീ സുരക്ഷയ്ക്കുമായി നിരന്തര ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ വനിത സെല്ലിൽ വരുന്ന ഇത്തരം പരാതികളിന്മേൽ കൗൺസിലിംഗ് നടത്തുന്നതിനായി വനിതാ സെല്ലിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന Family Crime Prevention Counselling Centre-ൽ അയയ്ക്കുകയും തുടർ നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. ജനമൈത്രി സുരക്ഷാ പദ്ധതികളിൽക്കൂടി കുടുംബ ബന്ധങ്ങളിൽ ഉണ്ടാകുന്ന അസ്വാരസ്യങ്ങൾ സംബന്ധിച്ച് പരിശോധനകൾ നടത്തുകയും ആവശ്യമായ കൗൺസിലിംഗുകൾ നൽകി വരികയും ചെയ്യുന്നുണ്ട്. ജനമൈത്രി സുരക്ഷാ പദ്ധതിയുടെ നേതൃത്വത്തിൽ ബീറ്റ് ഓഫീസർമാർ ഭവന സന്ദർശനം നടത്തി ഗാർഹിക പീഡനത്തിനിരയാകുന്ന സ്ത്രീകളുടെ വിവരങ്ങൾ ലഭ്യമാക്കാറുണ്ട്. അത്തരം വിവരങ്ങളിൽ ആവശ്യമായ നിയമ നടപടി/കൗൺസിലിംഗ് എന്നിവ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാന പോലീസ് മേധാവി Protection of Women from Domestic Violence എന്ന നിയമത്തെ ആധാരമാക്കി ഗാർഹിക പീഡനം സംബന്ധിച്ച് പോലീസ് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് വിശദമായി ഒരു നിർദ്ദേശം എല്ലാ യൂണിറ്റുകൾക്കും നൽകിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ട്.

(ബി) അപൂർവ്വം ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം

പരാതികൾ ലഭ്യമാക്കുമ്പോൾ അതിന്മേൽ അന്വേഷണം നടത്തി വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഇത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഗാർഹിക പീഡനങ്ങൾക്കിരയാകുന്നവരുടെ ആക്ഷേപങ്ങളിൽ നിയമ നടപടികൾ സ്വീകരിക്കുന്നതിനുള്ള സഹായം ഉൾപ്പെടെയുള്ള നിയമ സാമൂഹ്യ പരിരക്ഷകൾ പോലീസ് യഥാസമയം നൽകിവരുന്നു. Protection of Women from Domestic Violence Act-ൽ പറഞ്ഞിട്ടുള്ള എല്ലാവിധ സഹായങ്ങളും ഗാർഹിക പീഡനങ്ങൾക്ക് ഇരയാകുന്നവർക്ക് പോലീസ് നൽകിവരുന്നു. എല്ലാ കേസുകളും പോലീസ് സത്യസന്ധമായും നീതിയുക്തവുമായാണ് അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നത്.

**തീരദേശ കപ്പൽ ഗതാഗത പദ്ധതി**

18 (*168) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പാലോട് രവി :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ കപ്പൽ ഗതാഗത പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) മത്സ്യബന്ധന മേഖലയ്ക്കും തീരദേശ ഗതാഗതത്തിനും പുത്തൻ ഉണർവ് നൽകാൻ എന്തെല്ലാം കാര്യങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി അനുസരിച്ച് കാർഗോയ്ക്കും യാത്രക്കാർക്കും നൽകുന്ന ഇൻസെന്റീവ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് തുറമുഖ വികസനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) തീരദേശ കപ്പൽ ഗതാഗത പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. റോഡ്-റെയിൽ മാർഗ്ഗങ്ങളിൽ കൂടിയുള്ള ചരക്കുനീക്കം കേരളത്തിലെ ചെറുകിട തുറമുഖങ്ങൾ വഴി തിരിച്ചുവിടുന്നതിനാണ് തീരദേശ കപ്പൽ ഗതാഗത പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ചരക്കുഗതാഗതത്തിന്റെ 15 ശതമാനം 2015-ഓടുകൂടിയും 40 ശതമാനം 2020-ഓടു

കൂടിയും 50 ശതമാനം 2030-ഓടും കൂട്ടിയും തീരദേശ കപ്പൽ ഗതാഗതം വഴി നടത്താനാണ് പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ നടത്തിപ്പിനായി ഡിലോയിറ്റ് എന്ന കൺസൾട്ടൻസി തയ്യാറാക്കിയ കർമ്മ പദ്ധതി സർക്കാർ അംഗീകരിക്കുകയും പ്രസ്തുത പദ്ധതി 9-11-2013-ൽ കൊല്ലം തുറമുഖത്തുവച്ച് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ആദ്യഘട്ടത്തിൽ കൊല്ലം, വിഴിഞ്ഞം, ബേപ്പൂർ, അഴീക്കൽ, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളിൽ കൂടിയാണ് ചരക്കുഗതാഗതം നടത്താൻ തീരുമാനിച്ചിട്ടുള്ളത്. ഈ പദ്ധതി വടക്കൻ കേരളത്തിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 30-10-2014-ന് അഴീക്കൽ പോർട്ടിൽ കണ്ടെയ്നർ ചരക്കുകളുടെ ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ചു. ഘട്ടംഘട്ടമായി ഈ പദ്ധതി ബേപ്പൂർ, വിഴിഞ്ഞം, കൊടുങ്ങല്ലൂർ തുറമുഖങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) തീരദേശ കപ്പൽ ഗതാഗത പദ്ധതിയിലൂടെ കൈകാര്യം ചെയ്യുന്ന ചരക്കുകൾക്ക് ഇൻസെന്റീവ് അനുവദിച്ചിട്ടുണ്ട്. കപ്പലുകൾക്ക് ചെറുകിട തുറമുഖങ്ങളിൽ പോർട്ട് നികുതികളിൽ റിബേറ്റ് അനുവദിക്കുന്ന കാര്യവും തീരദേശ ചരക്കു ഗതാഗതത്തിന് ഉതകുന്ന രീതിയിൽ കപ്പൽ നിർമ്മാണത്തിന് സബ്സിഡി അനുവദിക്കുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിലാണ്.

(സി) തീരദേശ കപ്പൽ ഗതാഗത പദ്ധതിയിലൂടെ കൈകാര്യം ചെയ്യുന്ന ചരക്കുകൾക്ക് ഒരു ടണ്ണിന് ഒരു കിലോമീറ്ററിന് ഒരു രൂപ നിരക്കിലും ഒരു യാത്രക്കാരന് ഒരു കിലോമീറ്ററിന് ഒരു രൂപ നിരക്കിലും ഇൻസെന്റീവ് 15-1-2015 വരെ അനുവദിച്ചിരുന്നു. പ്രസ്തുത ഇൻസെന്റീവിന്റെ കാലാവധി നീട്ടുന്നത് സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) തീരദേശ കപ്പൽ ഗതാഗത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു :

- എല്ലാ തുറമുഖങ്ങളിലും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- തുറമുഖങ്ങളിലെ ചാനലിന്റെയും ബേസിന്റെയും ആഴം കൂട്ടുന്നതിനായി 19 കോടി രൂപ മുതൽമുടക്കിൽ കട്ടർ സക്ഷൻ ഡ്രഡ്ജർ വാങ്ങുന്നതിനുള്ള സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. ഡ്രഡ്ജർ ഉടനെ ലഭ്യമാകുന്നതാണ്.

- കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി കൊല്ലം തുറമുഖത്ത് മൊബൈൽ ക്രെയിൻ, റീച്ച് സ്റ്റാക്കർ എന്നിവ വാങ്ങിയിട്ടുണ്ട്.
- കണ്ടെയ്നർ നീക്കം ചെയ്യുന്നതിനും യാർഡിൽ അടുക്കിവയ്ക്കുന്നതിനുമായി ഒരു കണ്ടെയ്നർ ഹാൻഡ്‌ലിംഗ് ഫോർക്ക് ലിഫ്റ്റ് കൊല്ലം തുറമുഖത്ത് സ്ഥാപിച്ചിട്ടുണ്ട്.
- കപ്പലിൽ നിന്നും കണ്ടെയ്നർ ഇറക്കുന്നതിന് കണ്ടെയ്നർ ഹാൻഡ്‌ലിംഗ് ക്രെയിൻ 12 കോടി രൂപ ചെലവാക്കി കൊല്ലത്ത് സ്ഥാപിച്ചിട്ടുണ്ട്.
- വിഴിഞ്ഞം, ബേപ്പൂർ, അഴീക്കൽ എന്നിവിടങ്ങളിൽ ക്രെയിനും റീച്ച് സ്റ്റാക്കറും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കപ്പൽ വാർഫിൽ അടുപ്പിക്കുന്നതിനും വലിച്ചു മാറ്റുന്നതിനുമായി 600 എച്ച്.പി. ശേഷിയുള്ള ബൊള്ളാർഡ് പുൾ ടഗ്ഗ് കൊല്ലം പോർട്ടിൽ കമ്മീഷൻ ചെയ്തിട്ടുണ്ട്.
- 100 ടൺ കപ്പാസിറ്റിയുള്ള വേയ് ബ്രിഡ്ജിന്റെ നിർമ്മാണം കൊല്ലം തുറമുഖത്ത് പൂർത്തിയാക്കിയിട്ടുണ്ട്.
- സുരക്ഷാ ക്രമീകരണത്തിന്റെ ഭാഗമായി കൊല്ലം ബേപ്പൂർ തുറമുഖങ്ങളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.
- കൊല്ലത്തും കൊടുങ്ങല്ലൂരും രണ്ട് വീതവും ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളിൽ ഒന്നുവീതവും ഗോഡൗണുകൾ നബാർഡ് സഹായത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- മത്സ്യ മാംസാദികൾ, പച്ചക്കറികൾ തുടങ്ങി പെട്ടെന്ന് നശിക്കുവാൻ സാദ്ധ്യതയുള്ള ചരക്കുകൾ സംഭരിച്ച് കേടുപാട് കൂടാതെ സൂക്ഷിക്കുന്നതിനായി വിഴിഞ്ഞം, കൊല്ലം, വലിയതുറ, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളിൽ ശീതീകരണ സംവിധാനത്തോടുകൂടിയ ഗോഡൗണുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൊല്ലം തുറമുഖത്തിന്റെ ആഴം 9 മീറ്റർ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

**കായൽ മലിനീകരണം**

19 (*169) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കായൽ മലിനീകരണം നിയന്ത്രിക്കുവാൻ പരിസ്ഥിതി വകുപ്പ് കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) വെള്ളായണി, കവ്വായി, ശാസ്താംകോട്ട കായലുകളുടെ മലിനീകരണം നിയന്ത്രിച്ചും പരിപാലിച്ചും സംരക്ഷിക്കുന്നതിനുള്ള കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

(ബി) കർമ്മ പദ്ധതിയുടെ ഫലപ്രദമായ പൂർത്തീകരണത്തിനുവേണ്ടി സവിശേഷതകളും പ്രയോജനങ്ങളും ജലത്തിന്റെ ഗുണനിലവാരവും അളവിലെ ഏറ്റക്കുറച്ചിലും ആവാസ വ്യവസ്ഥയുടെ സ്ഥിതിയും ഗഹനമായി പഠിക്കുകയും അവ നേരിടുന്ന ഭീഷണികളും വെല്ലുവിളികളും കൃത്യമായി കണ്ടെത്തി അവയെ ഒഴിവാക്കുന്നതിനും തന്മൂലം ആരോഗ്യകരമായ കായൽ ആവാസ വ്യവസ്ഥ പരിപാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്നതാണ് ഈ കർമ്മ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. കയ്യേറ്റ ഭൂമി പരമാവധി ഒഴിപ്പിച്ചെടുക്കുക, സുസ്ഥിര കൃഷി രീതികൾ അവലംബിക്കുക, സുസ്ഥിരമായ കുടിവെള്ള പദ്ധതികൾ ആരംഭിക്കുക, മലിനീകരണം ഒഴിവാക്കാനുള്ള സംവിധാനങ്ങൾ സ്വീകരിക്കുക, സാനിറ്റേഷൻ, ഡ്രെയിനേജ്, മാലിന്യ സംസ്കരണ പ്ലാന്റുകൾ എന്നിവ നിർമ്മിക്കുക, മണ്ണൊലിപ്പും മണലെടുപ്പും നിയന്ത്രിക്കൽ, മറ്റ് നിർമ്മാണ രീതികളായ അഗ്രോഫോറസ്ട്രി, ജൈവവേലി, ഇക്കോടൂറിസം എന്നിവ അലംബിക്കൽ, ബണ്ടുകൾ/ഭിത്തികൾ നിർമ്മിക്കൽ എന്നിവ കായൽ സംരക്ഷണ പദ്ധതിയിൽപ്പെടുന്നവയാണ്.

ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തി വരുന്നു. വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവിടങ്ങളിൽ നിന്നെല്ലാം പുറത്തുവിടുന്ന സീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലമലിനീകരണത്തിന് കാരണമാകും. ഈ സ്ഥാപനങ്ങളെ ജലനിയമ പ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു. ഹൗസ് ബോട്ടുകളിൽ നിന്നുള്ള സീവേജും ഗാർബേജുകളും എഞ്ചിനിൽ നിന്നുള്ള എണ്ണയും കായൽ മലിനീകരണം ഉണ്ടാക്കുന്നതിന് കാരണമാകുന്നു. ഇത് നിയന്ത്രിക്കുന്നതിനായി ഹൗസ് ബോട്ടുകളെ ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്.

(സി) റവന്യൂ, കൃഷി, ജലവിഭവം, ഇറിഗേഷൻ എന്നീ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വ മിഷൻ, മലിനീകരണ നിയന്ത്രണ ബോർഡ്, വനം, ടൂറിസം എന്നീ വകുപ്പുകൾ/സ്ഥാപനങ്ങൾ കൂടാതെ തദ്ദേശീയ കൂട്ടായ്മകളുടെ സഹകരണവും ഉറപ്പാക്കുന്നതാണ്.

(ഡി) കേരളത്തിലെ കായൽ മലിനീകരണം നിയന്ത്രിക്കുന്നതിനും ജൈവ ആവാസ വ്യവസ്ഥകൾ സംരക്ഷിക്കുന്നതിനുമുള്ള കർമ്മ പദ്ധതികൾ കോഴിക്കോട്ടെ CWRDM (Centre for Water Resource Development and Management) ഉൾപ്പെടെയുള്ള വിദഗ്ദ്ധ സ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. വെള്ളായണി, കവ്വായി, ശാസ്താംകോട്ട തുടങ്ങിയ കായലുകളുടെ പദ്ധതി നടപ്പാക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സർക്കാർ ഉദ്യോഗസ്ഥരുടെ പെരുമാറ്റ ചട്ടങ്ങൾ**

20 (*170) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓഫീസ് പ്രവർത്തനത്തിനിടയിൽ മദ്യപിക്കുക, പുകവലിക്കുക,

മദ്യപിച്ച് ഓഫീസിൽ വരിക എന്നിവ ചെയ്യുന്ന ജീവനക്കാർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് നിർദ്ദേശം നല്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) കഞ്ചാവ്, മറ്റ് മയക്ക മരുന്നുകൾ, പുകയില ഉല്പന്നങ്ങൾ എന്നിവ ഈ വ്യവസ്ഥകളിൽ ഉൾപ്പെടുന്നുണ്ടോയെന്ന വെളിപ്പെടുത്തുമോ ;

(സി) ഇതുസംബന്ധിച്ച നിർദ്ദേശം നല്കിയ ശേഷം, പെരുമാറ്റചട്ടമോ, നിർദ്ദേശമോ ലംഘിച്ചതിന്റെ പേരിൽ ആർക്കെങ്കിലുമെതിരെ നടപടി എടുത്തിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നല്കാമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) ഓഫീസ് പ്രവൃത്തി സമയത്തും കർത്തവ്യ നിർവ്വഹണ അവസരങ്ങളിലും പുകവലി, മദ്യപാനം, ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കൽ എന്നിവയിൽ ഏർപ്പെടുന്ന ജീവനക്കാർക്കെതിരെ 1960-ലെ KCS(CC&A) ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ലഹരി പദാർത്ഥങ്ങൾ ഉപയോഗിച്ചുകൊണ്ട് വാഹനം ഓടിക്കുന്ന സർക്കാർ ജീവനക്കാർക്കെതിരെയും കർശന നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ലഹരി പദാർത്ഥങ്ങളെല്ലാം ഈ വ്യവസ്ഥകളിൽ ഉൾപ്പെടുന്നുണ്ട്.

(സി) നിർദ്ദേശം ലംഘിച്ചതിന്റെ പേരിൽ ആർക്കെങ്കിലുമെതിരെ നടപടി എടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വോൾവോ എ.സി. ബസ്സുകളുടെ സേവനം**

21 (*171) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ശ്രീ. റോഷി അഗസ്റ്റിൻ :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദീർഘദൂര സർവ്വീസുകളിൽ എ.സി. ബസ്സുകളുടെ സേവനം എത്ര മാത്രം പ്രയോജനപ്പെടുത്താൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) വോൾവോ ബസ്സുകളുടെ സർവ്വീസ് വർദ്ധിച്ചതുവഴി കോർപ്പറേഷന്റെ

വരുമാനത്തിൽ വർദ്ധനവ് വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തൊട്ടാകെ ദീർഘദൂര സർവ്വീസുകൾക്ക് വോൾവോ എ.സി. ബസ്സുകളുടെ സേവനം കൂടുതലായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) കെ.എസ്.ആർ.ടി.സി.-യുടെ പ്രധാന ദീർഘദൂര സർവ്വീസായ ബെംഗളൂരു സർവ്വീസിനാണ് നിലവിൽ 10 മൾട്ടി ആക്സിൽ എ.സി. ബസുകൾ ഉൾപ്പെടെ 13 വോൾവോ എ.സി. ബസുകൾ ഉപയോഗിച്ചുവരുന്നത്. യാത്രക്കാർക്ക് സുഖകരമായ യാത്ര പ്രദാനം ചെയ്യുവാൻ ഈ ബസുകൾക്ക് കഴിയുന്നു. ഓൺലൈൻ റിസർവ്വേഷൻ ഏർപ്പെടുത്തിയിട്ടുള്ളത് യാത്രക്കാർക്ക് ഏറെ പ്രയോജനപ്രദമാണെന്നും കരുതുന്നു.

(ബി) വോൾവോ ബസുകളുടെ സർവ്വീസും കോർപ്പറേഷന്റെ വരുമാന വർദ്ധനയ്ക്ക് ഒരു കാരണമായി തീർന്നിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.-യുടെ സബ്സിഡിയറി കോർപ്പറേഷനായ കെ.യു.ആർ.ടി.സി. ആദ്യഘട്ട JnNURM പദ്ധതിപ്രകാരം ലഭ്യമായ 80 ലോ ഫ്ലോർ വോൾവോ എ.സി. ബസുകളിൽ 14 എണ്ണം ദീർഘദൂര സർവ്വീസുകൾ നടത്തുന്നതിന് ഉപയോഗിക്കുന്നുണ്ട്. JnNURM രണ്ടാംഘട്ട പദ്ധതി പ്രകാരം 110 ലോ ഫ്ലോർ വോൾവോ എ.സി. ബസുകൾക്ക് ഓർഡർ നൽകിയതിൽ നിരത്തിലിറക്കിയ 75 ബസുകളിൽ 48 എണ്ണം ദീർഘദൂര സർവ്വീസുകൾക്ക് ഉപയോഗിച്ചുവരുന്നു. ശേഷിച്ച 35 ബസുകൾ കൂടി ലഭ്യമാകുന്ന മുറയ്ക്ക് കൂടുതൽ എണ്ണം ദീർഘദൂര സർവ്വീസുകൾക്ക് ഉപയോഗിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## അമിതവേഗത്തിൽ സഞ്ചരിക്കുന്ന വാഹനങ്ങൾക്കെതിരെ നടപടി

22 (*172) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈവേകളിൽ അമിത വേഗത്തിൽ സഞ്ചരിക്കുന്ന വാഹനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പിഴ അടയ്ക്കാത്ത വാഹന ഉടമകൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാറുള്ളത് ;

(സി) ക്യാമറയുടെ പരിധിയിലെത്തുമ്പോൾ വേഗം കുറയ്ക്കുകയും , പരിധിയിലല്ലാത്തപ്പോൾ അമിത വേഗത്തിൽ പായുകയും ചെയ്യുന്ന വാഹനങ്ങളുടെ കാര്യത്തിൽ എന്തു മാർഗ്ഗം സ്വീകരിക്കാനാവുമെന്ന് വ്യക്തമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ഹൈവേകളിൽ അമിത വേഗതയിൽ സഞ്ചരിക്കുന്ന വാഹനങ്ങൾക്കെതിരെ 279 IPC, 183-184 എം.വി. ആക്ട്, 118(ഇ) ഓഫ് കെ.പി. ആക്ട് എന്നീ വകുപ്പുകൾ പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്തും, പെറ്റി കേസുകൾ എടുത്തും, ബോധവൽക്കരണം നടത്തിയും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങളായ സ്പീഡ് റഡാറുകൾ, സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ, ഇന്റർസെപ്റ്ററുകൾ തുടങ്ങിയവ ഉപയോഗിച്ച് അമിത വേഗത്തിൽ സഞ്ചരിക്കുന്ന വാഹനങ്ങളെ കണ്ടെത്തി മോട്ടോർ വാഹന നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് പിഴ ഈടാക്കി വരുന്നുണ്ട്.

(ബി) വാഹനത്തിന്റെ നമ്പർ നോട്ട് ചെയ്ത് ആർ.സി. ഉടമകൾക്ക് നോട്ടീസ് നൽകി പിഴയടപ്പിച്ചുവരുന്നു. പിഴയടയ്ക്കാത്ത വാഹന ഉടമകൾക്കെതിരെ 15 ദിവസത്തിന് ശേഷം കോടതിയിൽ ചാർജ്ജ് മെമ്മോ തയ്യാറാക്കി ബഹുമാനപ്പെട്ട കോടതി മുമ്പാകെ അനന്തര നടപടികൾക്കായി സമർപ്പിച്ചു വരുന്നു. തുടർന്നും പിഴ അടയ്ക്കാത്തവർക്കെതിരെ ബഹുമാനപ്പെട്ട കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചു വരുന്നു.

(സി) ഇത്തരം നിയമ ലംഘനങ്ങൾ കണ്ടെത്തുന്ന മുറയ്ക്ക് ഉടമസ്ഥർക്കെതിരെ/ ഡ്രൈവർമാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്. ഹൈവേ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട റോഡുകളിൽ ഫ്ളൈയിംഗ് സ്ക്വാഡുകളും മറ്റ് പോലീസ് വാഹനങ്ങളും പട്രോളിംഗ് നടത്തി ഇത്തരം വാഹനങ്ങളെ കണ്ടെത്തി പിഴ ഈടാക്കുന്നതുൾപ്പെടെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ഇന്റർസെപ്റ്റർ, സ്പീഡ് റഡാർ എന്നിവ ഉപയോഗിച്ചും അമിത വേഗതയിൽ പായുന്ന വാഹനങ്ങളെ കണ്ടെത്തി നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ**

23 (*173) ശ്രീ. വി. ശശി :

ശ്രീ. സി. ദിവാകരൻ :

ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത ബോധവൽക്കരണ പരിപാടി നടക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ഈ പരിപാടി നിർത്താനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) റോഡുകളുടെ ശോച്യാവസ്ഥ വാഹനാപകടങ്ങൾക്ക് കാരണമാകുന്നുണ്ടോ, സംസ്ഥാനത്ത് ഏറ്റവും കൂടുതൽ റോഡപകടങ്ങളും മരണങ്ങളും നടക്കുന്ന കരുനാഗപ്പള്ളി നാഷണൽ ഹൈവേയിൽ ട്രാഫിക് യൂണിറ്റ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) രാത്രികാല അപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ, ഉണ്ടെങ്കിൽ വിശദമാക്കുമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) ഉണ്ട്. കരുനാഗപ്പള്ളി നാഷണൽ ഹൈവേയിൽ ട്രാഫിക് യൂണിറ്റ് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലാണ്.

(സി) രാത്രികാല അപകടങ്ങൾ ഒഴിവാക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹൈവേ പട്രോളിംഗ് സംവിധാനം നിലവിലുണ്ട്. കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്ന മേഖലകളിൽ സിഗ്നൽ ലൈറ്റുകളും സിഗ്നൽ ബോർഡുകളും സ്ഥാപിച്ച് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. രാത്രികാല അപകടങ്ങൾ ഒഴിവാക്കുന്നതിന് വാഹനം ഓടിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ഡ്രൈവർമാർക്ക് ബോധവൽക്കരണ ക്ലാസുകൾ നൽകുകയും, വളവുകളിലും റോഡ് കട്ടിംഗ് മീഡിയനുകളിലും റിഫ്ലക്ടറുകൾ സ്ഥാപിക്കുകയും റോഡുകളിലെ അപകട മേഖലകളിൽ മുന്നറിയിപ്പ് ബോർഡുകളും ഇല്ലുമിനേഷൻ സ്റ്റഡും റിഫ്ലക്ടറുകളും സ്ഥാപിക്കുകയും ചെയ്തുവരുന്നു. റോഡുകളിൽ

തെരുവ് വിളക്കുകൾ പ്രവർത്തന യോഗ്യമാക്കുക, റോഡിലെ കുഴികൾ മൂടുക, ആവശ്യമായ സ്ഥലങ്ങളിൽ സിഗ്നലുകൾ സ്ഥാപിക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. വാഹനങ്ങളുടെ വെളിച്ച ക്രമീകരണങ്ങൾ ശരിയായവിധം പാലിക്കാതെ വാഹനമോടിക്കുന്നവർക്കെതിരെ നടപടി സ്വീകരിച്ചും മദ്യപിച്ച് വാഹനം ഓടിക്കുന്നുണ്ടോയെന്ന് ഹൈവേ പോലീസിന്റെ സഹായത്തോടെ പരിശോധിച്ചും രാത്രികാലങ്ങളിൽ ദീർഘദൂരം ഡ്രൈവ് ചെയ്തുവരുന്ന ഡ്രൈവർമാർക്ക് സന്നദ്ധ സംഘടനകളുമായി ചേർന്ന് ചുക്ക് കാപ്പി വിതരണം ചെയ്ത് റിഫ്രഷ്മെന്റ് നടത്തിയും രാത്രികാല അപകടങ്ങൾ ഒഴിവാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ സമയബന്ധിതമായ പ്രസിദ്ധീകരണം**

24 (*174) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നതിനുള്ള മാർഗ്ഗരേഖകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(സി) ഉദ്യോഗാർത്ഥികളെ റാങ്ക് പട്ടികയിൽ താത്ക്കാലിക അടിസ്ഥാനത്തിൽ ഉൾപ്പെടുത്തുന്ന രീതി അവസാനിപ്പിച്ച് അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് പ്രസ്തുത മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി പി.എസ്.സി. സ്വീകരിച്ചിട്ടുള്ള തയ്യാറെടുപ്പുകളുടെ വിശദാംശങ്ങൾ അറിയിക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ-ഡി) നിലവിൽ റാങ്ക് പട്ടികകൾ തയ്യാറാക്കുന്നത് e-result pro എന്ന സോഫ്റ്റ്‌വെയർ മുഖേനയാണ്. ആയതിനാൽ കാലതാമസം കൂടാതെ റാങ്ക്

പട്ടികകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കുവാൻ പി.എസ്.സി.-ക്ക് കഴിയുന്നുണ്ട്. കൂടാതെ റാങ്ക് പട്ടികകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കാൻ അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/ അണ്ടർ സെക്രട്ടറി തലങ്ങളിൽ വിവിധ സബ് കമ്മിറ്റികൾ പി.എസ്.സി.-യിൽ രൂപീകരിച്ചിട്ടുണ്ട്. കമ്മീഷന്റെ ഉത്തരവ് പ്രകാരം ഇന്റർവ്യൂവിന്റെ മാത്രം അടിസ്ഥാനത്തിൽ സെലക്ഷൻ പൂർത്തിയാക്കുന്ന തസ്തികകൾക്ക് അപേക്ഷ സമർപ്പിച്ചവർ, ഷോർട്ട് ലിസ്റ്റ്, പ്രോബബിലിറ്റി ലിസ്റ്റ് എന്നിവയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ എന്നിവർക്ക് ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ച് കഴിഞ്ഞാലുടൻ ഇന്റർവ്യൂവിന് മുൻപ് ബന്ധപ്പെട്ട റീജിയണൽ ഓഫീസ്/ജില്ലാ ഓഫീസ് എന്നിവയിൽവച്ച് സർട്ടിഫിക്കറ്റ് വേരിഫിക്കേഷൻ/ പേഴ്സണൽ വേരിഫിക്കേഷൻ നടത്തി ഉദ്യോഗാർത്ഥിയുടെ അപേക്ഷ നിരുപാധികമായി അഡ്മിറ്റ് ചെയ്യുന്നുണ്ട്. ഇന്റർവ്യൂ തീയതി കഴിഞ്ഞ് ഒരു കാരണവശാലും പ്രമാണങ്ങൾ സ്വീകരിക്കുന്നില്ല. അതുകൊണ്ടുതന്നെ ഉദ്യോഗാർത്ഥികളെ താൽക്കാലികമായി റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തുന്നില്ല.

e-result pro സോഫ്റ്റ്‌വെയർ മുഖേന റാങ്ക് പട്ടിക തയ്യാറാക്കുമ്പോൾ സർട്ടിഫിക്കറ്റ് പരിശോധനയിൽ വരുന്ന കാലതാമസം ഒഴിവാക്കാനായി മതിയായ കാരണങ്ങളുള്ള പക്ഷം മാത്രം പരമാവധി 7 ദിവസത്തെ സമയം മാത്രമേ അനുവദിക്കാവൂ എന്ന് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ പ്രൊവിഷണലായി ഉദ്യോഗാർത്ഥികളെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടി വരുന്നില്ല.

500-ൽ താഴെ അപേക്ഷകളുള്ള സേവന പരിചയം ആവശ്യമായ തസ്തികകളിന്മേൽ പ്രമാണങ്ങളുടെ സൂക്ഷ്മ പരിശോധന ആദ്യമേ തന്നെ പൂർത്തിയാക്കുന്നു. പ്രമാണങ്ങളുടെ സമർപ്പണത്തിന് അഥവാ സമർപ്പിക്കപ്പെട്ട പ്രമാണങ്ങളുടെ പിശകുകൾ പരിഹരിക്കുന്നതിന് മേലുദ്യോഗസ്ഥരുടെ നിരീണക്ഷത്തിനും ഉത്തരവുകൾക്കും വിധേയമായി പരമാവധി ഏഴ് ദിവസംവരെ സമയം അനുവദിക്കാറുണ്ട്. അപേക്ഷകരുടെ എണ്ണം വളരെ കൂടുതലുള്ള തസ്തികകൾ കമ്മീഷൻ ചെയർമാനും മെമ്പർമാരും നേരിട്ട് നിരീക്ഷിച്ച് പരീക്ഷാ വിഭാഗം അഡീഷണൽ സെക്രട്ടറിയുടെ മേൽനോട്ടത്തിൽ സ്പെഷ്യൽ സെല്ലുകൾ രൂപീകരിച്ച് തെരഞ്ഞെടുപ്പ് പ്രക്രിയ ത്വരിതപ്പെടുത്തി സമയബന്ധിതമായി ചുരുക്കപ്പട്ടികകൾ പ്രസിദ്ധീകരിക്കാറുമുണ്ട്.

**പോലീസ് സേനയും ജനങ്ങളും തമ്മിലുള്ള അനുപാതം**

25 (*175) ശ്രീ. അൻവർ സാദത്ത് :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയും ജനങ്ങളും തമ്മിൽ ആവശ്യമായ അനുപാതം നടപ്പാക്കുന്നതിന് ആസൂത്രണം ചെയ്തിരിക്കുന്ന കർമ്മപരിപാടികൾ വിശദമാക്കുമോ ;

(ബി) ഇതിനായി പോലീസ് സേനയുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;വിശദമാക്കുമോ ;

(സി) സേനയുടെ അംഗബലം എത്ര ശതമാനം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ-സി) 15-2-2012-ൽ കൂടിയ സംസ്ഥാന സുരക്ഷാ കമ്മീഷന്റെ യോഗത്തിൽ പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് കമ്മീഷൻ പരിശോധിക്കുകയും, കേരളത്തിലെ പോലീസ്-ജനസംഖ്യാനുപാതം 1:500 എന്ന നിരക്കിലെങ്കിലും വർദ്ധിപ്പിക്കേണ്ടതാണെന്ന് കണ്ടെത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ പോലീസ് സേനയുടെ അംഗബലം പ്രതിവർഷം 5% വീതം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**ലോകായുക്ത**

26 (*176) ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ടി. എൻ പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകായുക്തയെ ശക്തിപ്പെടുത്താൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) നിലവിൽ ഇവയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കുമോ ;

(സി) ലോക്പാൽ ബിൽ പ്രാബല്യത്തിൽ വരുമ്പോൾ ലോകായുക്തയ്ക്ക് കൂടുതൽ അധികാരം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) അഴിമതി കേസ്സുകളുടെ അന്വേഷണവും തുടർ നടപടികളും കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുക എന്ന ലക്ഷ്യത്തോടുകൂടി വിജിലൻസ്, ലോകായുക്ത നിയമങ്ങളും, നടപടിക്രമങ്ങളും പരിഷ്കരിക്കുന്നതിന്റെ ഭാഗമായി റിട്ടയേർഡ് ജസ്റ്റീസ് കെ. പി. ബാലചന്ദ്രന്റെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച വിദഗ്ദ്ധ കമ്മിറ്റി ലോകായുക്ത ആക്ട് പരിഷ്കരിക്കുന്നത് സംബന്ധിച്ച ശിപാർശകൾ അടങ്ങിയ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ടി ശിപാർശകളുടെയും കേന്ദ്ര സർക്കാർ പാസ്സാക്കിയ ലോക്പാൽ നിയമത്തിന്റെയും അടിസ്ഥാനത്തിൽ കേരള ലോകായുക്ത നിയമങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട ശിപാർശകൾ സമർപ്പിക്കുവാൻ ലോകായുക്ത രജിസ്ട്രാറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) 1999-ലെ ലോകായുക്ത ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി മുഖ്യമന്ത്രി, മന്ത്രിമാർ, സംസ്ഥാന നിയമസഭാംഗങ്ങൾ, രാഷ്ട്രീയ പാർട്ടികളുടെ സംസ്ഥാനതല ഭാരവാഹികൾ, സംസ്ഥാനത്തിന്റെ സേവനത്തിലേക്കായി നിയോഗിക്കപ്പെട്ടിട്ടുള്ള അഖിലേന്ത്യാ സർവ്വീസിൽപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടെയുള്ള, ആക്ടിൽ വിവരിച്ചിട്ടുള്ള പൊതു സേവകരുടെ അഴിമതി, ദുർഭരണം തുടങ്ങിയവയെ സംബന്ധിച്ച ആരോപണങ്ങളിന്മേൽ അന്വേഷണം നടത്തി യുക്തമായ തീരുമാനങ്ങളും, പരിഹാര മാർഗ്ഗങ്ങളും സർക്കാരിന്റെ പരിഗണനയ്ക്കും നടപടികൾക്കുമായി റിപ്പോർട്ട് ചെയ്യുന്നു. ലോകായുക്ത നിലവിൽ വന്നതിനു ശേഷം 30-4-2015 വരെ 30284 കേസുകൾ ഫയൽ ചെയ്യുകയും അതിൽ 28377 കേസുകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

(സി&ഡി) കേന്ദ്ര സർക്കാർ പാസ്സാക്കിയ ലോക്പാൽ ബില്ലിന് അനുസൃതമായി ലോകായുക്ത നിയമത്തിലും ഭേദഗതികൾ വരുത്തുന്ന വിഷയം സർക്കാരിന്റെ

സജീവ പരിഗണനയിലാണ്.

**എയർ കേരള**

27 (*177) ശ്രീ. പി. എ. മാധവൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയർ കേരള ആഭ്യന്തര സർവ്വീസ് ആരംഭിക്കുന്നതിനുള്ള സാധ്യതാ പഠനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും ഇപ്പോഴത്തെ സ്ഥിതിയും വിശദമാക്കുമോ ;

(ബി) ഏതൊക്കെ വിമാനത്താവളങ്ങളെ ബന്ധിപ്പിച്ചായിരിക്കും ആഭ്യന്തര സർവ്വീസ് നടത്തുകയെന്ന് വ്യക്തമാക്കാമോ ;

(സി) ഗൾഫ് സർവ്വീസിന് അനുമതി ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ;

(ഡി) ആഭ്യന്തര സർവ്വീസ് വിപുലപ്പെടുത്തുന്നതിനായി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന നൂതന പദ്ധതികൾ വിശദമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ-സി) പ്രവാസി മലയാളികൾ പ്രത്യേകിച്ച് ഗൾഫ് മേഖലയിൽ തൊഴിൽ ചെയ്യുന്ന പ്രവാസി മലയാളികളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ കണക്കിലെടുത്ത് സർക്കാരിന്റെ പങ്കാളിത്തത്തോടെ ഒരു ബഡ്ജറ്റ് എയർലൈൻ മുഖാന്തരം കുറഞ്ഞ ചെലവിലുള്ള യാത്രാസൗകര്യം ഏർപ്പെടുത്തുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ 'എയർ കേരള' എന്ന പദ്ധതി എയർ കേരള ഇന്റർ നാഷണൽ സർവ്വീസ് കമ്പനി മുഖേന നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ കമ്പനിയുടെ ബോർഡ്, ഏണസ്റ്റ് & യംഗ് എന്ന കൺസൾട്ടന്റ് സമർപ്പിച്ച പദ്ധതി റിപ്പോർട്ടിനെ അടിസ്ഥാനമാക്കി അന്താരാഷ്ട്ര മേഖലയിൽ പ്രവർത്തിക്കാൻ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചശേഷം എയർ കേരള എയർ ലൈൻ സർവ്വീസ് ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. സംസ്ഥാനത്ത് മൂന്ന് പ്രധാന വിമാനത്താവളങ്ങളായ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എയർപോർട്ടുകളും, ദക്ഷിണേന്ത്യയിലെ മറ്റു വിമാനത്താവളങ്ങളായ കോയമ്പത്തൂർ, മധുര, തൃച്ചി, ബാംഗ്ലൂർ, ചെന്നൈ

വിമാനത്താവളങ്ങളെ ബന്ധിപ്പിച്ചാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് 5 കൊല്ലത്തെ ആഭ്യന്തര മേഖലയിലെ പരിചയവും, 20 വിമാനങ്ങളും കമ്പനിക്കാവശ്യമാണ്. കമ്പനിക്ക് പ്രവർത്തനം ആരംഭിക്കാൻ ഈ വ്യവസ്ഥകൾ ഇളവു ചെയ്ത് നല്കണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ മറുപടി ലഭ്യമായെങ്കിൽ മാത്രമേ മറ്റുകാര്യങ്ങളിൽ തീരുമാനമെടുക്കാൻ കഴിയൂ. അന്തർദ്ദേശീയ വ്യോമയാന മേഖലയിലെ ദീർഘകാല പ്രവൃത്തി പരിചയം കണക്കിലെടുത്ത് സിയാലിന്റെ നേതൃത്വത്തിൽ 'AIR KERALA' എന്ന പേരിൽ International Budget Air അനുവദിക്കുന്നതിന് ആവശ്യമായ ഇളവുകളും അനുമതിയും നൽകുന്നതിന് നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിച്ച് 8-6-2015-ലും മുഖ്യമന്ത്രി കേന്ദ്ര വ്യോമയാന മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന സർക്കാരിന്റെ വിവിധങ്ങളായ ഇളവുകളോടെയും സൗജന്യങ്ങളോടെയും Guaranteed load ഉറപ്പാക്കിയും Low Cost Air Line Service നടത്തിയുമാണ് ആഭ്യന്തര സർവ്വീസ് വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നത്.

**ജയിൽ സൗകര്യക്കുറവ്**

28 (*178) ശ്രീ. കെ. എൻ എ. ഖാദർ :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളിൽ തടവുകാരെ പാർപ്പിക്കുന്നതിനുള്ള സ്ഥല സൗകര്യക്കുറവ് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) എങ്കിൽ അതിനു പരിഹാരമായി എന്തൊക്കെ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കുമോ ;

(സി) കൂടുതൽ ജയിലുകൾ സ്ഥാപിക്കുന്ന കാര്യത്തിലുള്ള നയം വ്യക്തമാക്കുമോ; ആദ്യ കുറ്റവാളികളിൽ ചെറിയ ശിക്ഷയ്ക്ക് വിധിക്കപ്പെടുന്നവരെ നല്ല നടപ്പു ശിക്ഷ നല്കി ജയിൽ ശിക്ഷയിൽ നിന്ന് ഒഴിവാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) സംസ്ഥാനത്തെ മുഴുവൻ ജയിലുകളുടെയും അംഗീകൃത പാർപ്പിട ശേഷി 6217 ആണ്. എന്നാൽ 8-6-2015-ലെ കണക്ക് പ്രകാരം റിമാൻഡ് തടവുകാർ ഉൾപ്പെടെ 6961 പേരാണ് എല്ലാ ജയിലുകളിലുമായി ഉള്ളത്.

(ബി) 13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി അഞ്ച് പുതിയ ജയിലുകളുടെ നിർമ്മാണം നടന്നുവരുന്നു :

1. അതീവ സുരക്ഷാ ജയിൽ, വിയ്യൂർ.
2. സെൻട്രൽ ജയിൽ, തവനൂർ.
3. ജില്ലാ ജയിൽ, മുട്ടം.
4. ജില്ലാ ജയിൽ, പാലക്കാട്.
5. സ്പെഷ്യൽ സബ് ജയിൽ, ഇരിങ്ങാലക്കുട.

(സി) നിയമപ്രകാരമുള്ള സ്ഥലസൗകര്യം (Living space) തടവുകാർക്ക് നൽകേണ്ടതുണ്ട്. അപ്രകാരം തടവുകാരുടെ ബാഹുല്യം (Over crowding) കുറയ്ക്കുന്നതിന്റെ ഭാഗമായാണ് പുതിയ 5 ജയിലുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ചെറിയ ശിക്ഷയ്ക്ക് വിധിക്കപ്പെടുന്നവർക്ക് നല്ല നടപ്പുശിക്ഷ നൽകി ശിക്ഷയിൽനിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട കോടതികളാണ് തീരുമാനമെടുക്കേണ്ടത്.

**ട്രോളിംഗ് നിരോധനം**

29 (*179) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുമേൽ 61 ദിവസത്തെ ട്രോളിംഗ് നിരോധനം നടപ്പാക്കിയതിനെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

കേന്ദ്ര ഗവൺമെന്റിന്റെ 10-4-2015-ലെ 30035/15/97 FY(T-1) Vol.IV നമ്പർ ഉത്തരവ് പ്രകാരം വെസ്റ്റ് കോസ്റ്റിൽ (പടിഞ്ഞാറൻ മേഖലയിൽ) ടെറിട്ടോറിയൽ വാട്ടേഴ്സിനു പുറത്ത് ഇന്ത്യയുടെ തനത് സാമ്പത്തിക മേഖലയിലാണ് ജൂൺ 1 മുതൽ

ജൂലൈ 31 വരെ 61 ദിവസത്തെ മത്സ്യബന്ധന നിരോധനം ഏർപ്പെടുത്തിയത്. ഇക്കാലയളവിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സംസ്ഥാനത്തിന്റെ അധികാര പരിധിയിലുള്ള 12 നോട്ടിക്കൽ മൈൽ ദൂരത്ത് മത്സ്യബന്ധനം നടത്തുന്നതിന് വിലക്കില്ല. മത്സ്യബന്ധനം ഉപജീവനമാക്കിയിട്ടുള്ള കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് കേന്ദ്ര സർക്കാരിന്റെ തീരുമാനം ദോഷകരമായി ബാധിക്കുമെന്നതിനാൽ പ്രസ്തുത തീരുമാനം നടപ്പിലാക്കരുത് എന്നുള്ള കാര്യം കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്. കൂടാതെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രധാനമന്ത്രിയെ നേരിട്ട് കണ്ടും പ്രസ്തുത വിഷയം അവതരിപ്പിച്ചു. എന്നാൽ 61 ദിവസം മാറ്റി 47 ദിവസമാക്കണമെന്നുള്ള കേരളത്തിന്റെ ആവശ്യം കേന്ദ്രം അംഗീകരിച്ചിട്ടില്ല. ഈ കാലയളവിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്തുന്നതിന് വിലക്കില്ല എന്ന് പ്രധാനമന്ത്രി അറിയിച്ചിട്ടുണ്ട്. ഈ വിഷയം ചർച്ച ചെയ്യുന്നതിന് തീരദേശ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുടെ യോഗം വിളിക്കാമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

## മത്സ്യസമൃദ്ധി പദ്ധതി

30 (*180) ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യസമൃദ്ധി പദ്ധതി നടപ്പാക്കിവരുന്നുണ്ടോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എന്തെല്ലാം പരിപാടികളാണ് നടത്താൻ ഉദ്ദേശിക്കുന്നത് ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വ്യക്തമാക്കുമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) ഉണ്ട്.

(ബി) 2012-2015 കാലയളവിൽ ഉൾനാടൻ മത്സ്യോല്പാദനം നിലവിലുള്ള 1.5 ലക്ഷം ടണ്ണിൽ നിന്നും 2.5 ലക്ഷം ടണ്ണായി ഉയർത്തി ഉൾനാടൻ മത്സ്യോല്പാദനത്തിന്റെ കാര്യത്തിൽ സ്വയംപര്യാപ്തത നേടുക, പദ്ധതി കാലയളവിൽ കർഷക പങ്കാളിത്തത്തോടെ

കേരളത്തിലെ ജലകൃഷിക്ക് അനുയോജ്യമായ 12000 ഹെക്ടർ ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകൃഷി വ്യാപിപ്പിച്ച് ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിച്ച് ഈ മേഖലയിൽ ആവശ്യാനുസരണം മത്സ്യം ലഭ്യമാക്കുകയും അതുവഴി ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുകയും ചെയ്യുക, പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാനും അതുവഴി പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക തുടങ്ങിയവയായിരുന്നു മത്സ്യസമൃദ്ധി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. പദ്ധതി നടപ്പിലാക്കിയതിലൂടെ 2012-2015 വരെയുള്ള കാലയളവിൽ ആകെ 102516.712 ടൺ മത്സ്യം ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ടി പദ്ധതി സമയബന്ധിതമായി നടപ്പാക്കിയതോടെ കൂടുതൽ ജനപങ്കാളിത്തത്തോടെ സംസ്ഥാനത്ത് 12224 ഹെക്ടറിൽ മത്സ്യകൃഷി വ്യാപിപ്പിക്കുവാൻ സാധിച്ചു. 930 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി പദ്ധതി നടപ്പിലാക്കിയതിലൂടെ ഏകദേശം 69000-ത്തോളം കർഷകർ ഗുണഭോക്താക്കളാവുകയും അതുവഴി 20 ലക്ഷത്തിലധികം തൊഴിൽ ദിനങ്ങൾ പദ്ധതിയിലൂടെ സൃഷ്ടിക്കപ്പെട്ടു. വടക്കൻ ജില്ലകളിൽ കല്ലുമ്മേക്കായയുടെ ഉല്പാദനം ഗണ്യമായ തോതിൽ വർദ്ധിപ്പിക്കു ന്നതിനും പദ്ധതിയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

(സി) 1. കുളത്തിലേയും ഇതര ജലസംഭരണികളിലേയും ശുദ്ധജല മത്സ്യകൃഷി

2. പാടശേഖരങ്ങളിലേയും കോൾ പാടങ്ങളിലേയും മത്സ്യകൃഷി

3. പൊക്കാളി/കൈപ്പാട് നിലങ്ങളിലേയും സ്വകാര്യ കുളങ്ങളിലേയും ചെമ്മീൻ കൃഷി.

4. കരിമീൻ വിത്തുല്പാദന-വില്പന യൂണിറ്റുകൾ

5. കുളത്തിലെ കരിമീൻ കൃഷി

6. കൂടുകളിലെ കരിമീൻ കൃഷി

7. കൂട് കൃഷി മാതൃകാ യൂണിറ്റുകൾ

8. ഞണ്ട്/കല്ലുമ്മേക്കായ കൃഷി

9. പൊതു ജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ

10. അടുക്കളകുളങ്ങൾ

11. മാതൃകാ മത്സ്യകൃഷി ഫാമുകൾ

12. കൃഷി/കന്നുകാലി സംയോജിത മത്സ്യ ഫാമുകൾ

13. പടുതാക്കുളങ്ങളിലെ മത്സ്യകൃഷി

14. മത്സ്യകൃഷി മേഖലയുമായി ബന്ധപ്പെട്ട സ്വയംതൊഴിൽ സംരംഭങ്ങൾ

15. മത്സ്യകർഷക ക്ലബ്ബുകൾക്കുള്ള അടിസ്ഥാന വികസനങ്ങൾ

16. മത്സ്യകർഷക ക്ലബ്ബുകളുടെ ശാക്തീകരണം

17. മത്സ്യകർഷക ക്ലബ്ബുകൾക്ക് പ്രവർത്തന മൂലധനം നൽകൽ (ഒറ്റത്തവണ)

18. മികച്ച കർഷകർക്ക് അവാർഡ് വിതരണം സംസ്ഥാനതലം, ജില്ലാതലം

19. മത്സ്യകർഷക വികസന ഏജൻസികൾക്ക് (എഫ്.എഫ്.ഡി.എ.) മണ്ണ്, ജല പരിശോധന കിറ്റുകൾ നൽകൽ

20. മത്സ്യകൃഷി പരിപാലന/ബോധവൽക്കരണ പരിപാടികൾ

21. സൗജന്യ വിള ഇൻഷ്വറൻസ്

22. മികച്ച കർഷകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനം

23. കർഷകർക്ക് ആവശ്യമായ കൈപ്പുസ്തകം തയ്യാറാക്കൽ.

(ഡി) നിലവിലുള്ള പദ്ധതികളെക്കാൾ കൂടുതൽ ഘടക പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടും മെച്ചപ്പെട്ട ആനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാക്കിക്കൊണ്ടും ഉൾനാടൻ മത്സ്യകർഷകർക്കും മത്സ്യത്തൊഴിലാളികൾക്കും കൂടുതൽ പ്രയോജനകരമായ രീതിയിൽ മത്സ്യസമൃദ്ധി II എന്ന പേരിൽ 2015-2018 (3 വർഷം) വർഷത്തിൽ പുതിയൊരു പദ്ധതി നടപ്പിലാക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി ആരംഭിക്കുന്നതിന് പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സാങ്കേതിക ഉദ്യോഗസ്ഥരേയും പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാരെയും തെരഞ്ഞെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ, കർഷകരിൽ നിന്നും അപേക്ഷ സ്വീകരിക്കൽ, ജലാശയങ്ങളുടെ സർവ്വേ പ്രവർത്തനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### യു.എ.ഇ. സാമ്പത്തിക വകുപ്പിന്റെ അഞ്ചാം വാർഷിക സംഗമം

1 (1699) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015 മാർച്ച് 30 മുതൽ മൂന്ന് ദിവസം ദുബായ് വേൾഡ് സെന്ററിലെ

ഇന്റർനാഷണൽ കൺവെൻഷൻ ആന്റ് എക്സിബിഷൻ സെന്ററിൽ നടന്ന യു.എ.ഇ. സാമ്പത്തിക വകുപ്പിന്റെ അഞ്ചാം വാർഷിക സംഗമത്തിൽ ആരുടെ ക്ഷണമനുസരിച്ചാണ് മുഖ്യമന്ത്രി പങ്കെടുത്തത് എന്ന് വ്യക്തമാക്കുമോ ;

(ബി) മുഖ്യമന്ത്രിയുടെ സംഘത്തിൽ ഉണ്ടായിരുന്ന പ്രതിനിധികൾ ആരൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സംഗമത്തിൽ പങ്കെടുത്തതുകൊണ്ട് കേരളത്തിലേക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ അതുസംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) യു.എ.ഇ. ഭരണാധികാരിയും വൈസ് പ്രസിഡന്റുമായ H. H. Sheikh Mohammed Bin Rashid Al Maktoum-ന്റെ മുഖ്യ കാർമികത്വത്തിൽ നടന്ന സംഗമത്തിൽ യു.എ. ഇ. സാമ്പത്തിക കാര്യമന്ത്രി Sultan Bin Saeed Al Mansoori -യുടെ ക്ഷണം സ്വീകരിച്ചാണ് മുഖ്യമന്ത്രി പങ്കെടുത്തത്.

(ബി) വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. പി. എച്ച്. കുര്യൻ, കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർ ഡോ. എം. ബീന, കെ.എസ്.ഐ.ഡി.സി.-യിൽ നിന്നുള്ള രണ്ട് ഉദ്യോഗസ്ഥർ എന്നിവരാണ് മുഖ്യമന്ത്രിക്കൊപ്പം പ്രതിനിധി സംഘത്തിൽ ഉണ്ടായിരുന്നത്.

(സി) യു.എ.ഇ. ഭരണാധികാരിയുമായി നടത്തിയ ചർച്ചയിൽ ദുബായ് എയർപോർട്ട് ഫ്രീ സോൺ മാതൃകയിൽ കേരളത്തിൽ ഒരു എയർപോർട്ട് ഫ്രീ സോൺ സ്ഥാപിക്കുകയാണെങ്കിൽ അതിന്റെ നടത്തിപ്പിനായി DAFZA താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. കൊച്ചി കാക്കനാട് ഇലക്ട്രോണിക്സ് മാനുഫാക്ചറിങ്ങ് ക്ലസ്റ്റർ സ്ഥാപിക്കുന്നതിന് കിൻഫ്രയുമായി സഹകരിക്കാൻ 14 Technologies സന്നദ്ധമാണെന്നും അറിയിച്ചിട്ടുണ്ട്.

**ജനസമ്പർക്ക പരിപാടി**

2 (1700) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ നിയമത്തിന്റെ സാങ്കേതിക തടസ്സങ്ങളിൽപ്പെട്ട് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നവർക്ക് ആശ്വാസമായി നിയമങ്ങളിൽ കാലോചിത പരിഷ്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഏതെല്ലാം നിയമങ്ങൾ ഭേദഗതി ചെയ്തുവെന്നും പുറപ്പെടുവിച്ച ഉത്തരവുകൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികൾ പരിശോധിച്ചതിൽ ചില ചട്ടങ്ങളും നിയമങ്ങളും പരിഷ്കരിക്കണമെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ചില നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിച്ചും ഭേദഗതി വരുത്തിയും നാൽപത്തിയഞ്ച് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ പുറപ്പെടുവിച്ച ഉത്തരവുകൾ ക്രോഡീകരിച്ച് ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻ വകുപ്പ് മുഖേന 'ജനപക്ഷ ചുവടുകൾ' എന്ന പേരിൽ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.

**എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടുകൾ സംബന്ധിച്ച രജിസ്റ്റർ**

3 (1704) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിലും വിവിധ സർക്കാർ വകുപ്പുകളിലും എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടുകൾ സംബന്ധിച്ചതും ഇതര ഫയലുകളും ഒരേ രജിസ്റ്ററിലാണ് രേഖപ്പെടുത്തുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തന്മൂലം ആസ്തി വികസന ഫണ്ടുകളനുസരിച്ചുള്ള ഫയലുകൾ ശ്രദ്ധിക്കപ്പെടാനും തീർപ്പ് കല്പിക്കപ്പെടാനും കാലതാമസം നേരിടുന്ന പ്രശ്നം അറിവുള്ളതാണോ ;

(സി) എങ്കിൽ, സെക്രട്ടേറിയറ്റിലെ വകുപ്പുകളിലേയും വിവിധ വകുപ്പ് ഓഫീസുകളിലേയും മണ്ഡലം തിരിച്ച് ആസ്തി വികസന ഫണ്ട് സംബന്ധിച്ച ഫയലുകൾ രേഖപ്പെടുത്തുന്നതിന്

പ്രത്യേകം രജിസ്റ്ററുകൾ സൂക്ഷിക്കാൻ ആവശ്യമായ തീരുമാനമെടുത്ത് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമോ ?

<u>ഉത്തരം</u>

(എ) നിലവിൽ ധനകാര്യ (നോഡൽ) വകുപ്പിൽ എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടുകൾ സംബന്ധിച്ചുള്ള വിവരം പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചുവരുന്നുണ്ട്. മറ്റ് വകുപ്പുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) രജിസ്റ്ററുകൾ പ്രത്യേകം സൂക്ഷിക്കുന്നില്ല എന്ന കാരണത്താൽ ധനകാര്യ വകുപ്പിൽ ആസ്തി വികസന ഫണ്ടുകൾ സംബന്ധിച്ചുള്ള ഫയലുകൾക്ക് കാലതാമസം നേരിട്ടിട്ടില്ല. മറ്റു വകുപ്പുകളിലെ വിവരം ശേഖരിച്ചുവരുന്നു.

(സി) സെക്രട്ടേറിയറ്റിലെ വകുപ്പുകളിലെയും വിവിധ വകുപ്പ് ഓഫീസുകളിലെയും ആസ്തി വികസന ഫണ്ടുകൾക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടോ എന്ന വിവരം ലഭ്യമാക്കിയ ശേഷം ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

**ചായ സൽക്കാരത്തിന് ചെലവഴിച്ച തുക**

4 (1705) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയും മന്ത്രിമാരും ചായ സൽക്കാരത്തിന് ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

മറുപടി അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

**കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി**

5 (1707) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി മുമ്പാകെ സമർപ്പിക്കുന്ന അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന് ആറുമാസത്തിലധികം താമസം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ലോൺ എടുത്തും പലിശയ്ക്ക് പണം കടമെടുത്തും വീടുനിർമ്മിക്കുന്നതിന് തയ്യാറെടുക്കുന്ന തീരദേശവാസികളുടെ അപേക്ഷകൾ സമയബന്ധിതമായി തീർപ്പു കൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

(ബി) അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടി വിശദീകരിക്കാമോ ;

(സി) കെ.സി.ഇസഡ്.എം.എ. മുമ്പാകെ എത്തുന്ന അപേക്ഷകളിൽ ഒരു മാസത്തിനകം തീർപ്പുകൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. നടപടി സ്വീകരിച്ചുവരുന്നു.

(ബി) കഴിഞ്ഞ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ കാലാവധി 2014 ഡിസംബർ 19-ന് അവസാനിച്ചിരുന്നു. തുടർന്ന് പുതിയ അതോറിറ്റി പുനഃസംഘടിപ്പിച്ച് കേന്ദ്ര സർക്കാരിന്റെ വിജ്ഞാപനം സംസ്ഥാന സർക്കാരിന് ലഭ്യമായത് 2015 ഏപ്രിൽ നാലാം തീയതി മാത്രമാണ്. ഈ കാലയളവിൽ അതോറിറ്റി പ്രവർത്തിക്കാത്തതിനാൽ അപേക്ഷകൾ കെട്ടിക്കിടക്കുന്നതിന് കാരണമായി. തുടർന്ന് ഏപ്രിൽ, മേയ് മാസങ്ങളിൽ അതോറിറ്റി കൂടി കഴിയുന്നിടത്തോളം അപേക്ഷകൾ തീർപ്പാക്കി വരുന്നു. തുടർന്നുള്ള എല്ലാ മാസവും അതോറിറ്റി യോഗം ചേരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) അപേക്ഷകളിൽ എത്രയുംവേഗം തീരുമാനം എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

6 (1708) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ പെൻഷൻ പദ്ധതി (എൻ.പി.എസ്.) നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി സർവ്വീസ് സംഘടനകളുടെ യോഗം വിളിച്ച് ചർച്ച നടത്തിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ തീരുമാനങ്ങൾ വ്യക്തമാക്കുമോ ;

(ബി) പദ്ധതി ഉദ്യോഗസ്ഥർക്ക് ഗുണകരമായ രീതിയിൽ നടപ്പാക്കുമെന്ന്

സർവ്വീസ് സംഘടനകൾക്ക് ഉറപ്പ് നൽകിയിട്ടുണ്ടോ ; എങ്കിൽ എപ്രകാരമാണ് കേരളത്തിൽ പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) എൻ.പി.എസി.-ൽ ചേരുന്നവർക്ക് കേരളത്തിൽ ജി.പി.എഫ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഡി) എൻ.പി.എസി-ലേക്ക് സംസ്ഥാന സർക്കാർ വിഹിതം അടച്ചു തുടങ്ങിയിട്ടുണ്ടോ ; എങ്കിൽ എന്നുമുതലാണ് അടച്ചു തുടങ്ങിയത് ; എത്ര ജീവനക്കാർക്കാണ് സർക്കാർ ഇപ്പോൾ വിഹിതം അടയ്ക്കുന്നത് ;

(ഇ) എത്ര തുക ഇതുവരെ സംസ്ഥാന സർക്കാർ പെൻഷൻ ഫണ്ടിലേക്ക് അടച്ചിട്ടുണ്ട് ; പ്രസ്തുത പണം കേരളത്തിൽ അടയ്ക്കുന്നത് ഏത് ഫണ്ട് ഏജൻസി വഴിയാണെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. പ്രസ്തുത യോഗത്തിൽ ചുവടെപ്പറയുന്ന തീരുമാനങ്ങളെടുത്തിട്ടുണ്ട്. (പ്രസ്തുത മീറ്റിംഗിന്റെ മിനിട്സ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു)

1. എൻ.പി.എസ്.-ൽ അംഗമായ ജീവനക്കാരൻ സർവ്വീസിനിടയിൽ മരണപ്പെട്ടാൽ പ്രസ്തുത കുടുംബത്തിന് ആശ്രിത നിയമനം ലഭിക്കുന്നതുവരെ ടിയാൾ അവസാനം വാങ്ങിയ ശമ്പളം അനുവദിക്കും.

2. പി.എഫ്. സംവിധാനം നിലനിർത്തുന്നത് പരിഗണിക്കും.

3. പി.എഫ്.ആർ.ഡി.എ. ബിൽ വരുമ്പോൾ ജീവനക്കാർക്കുണ്ടാകുന്ന ആശങ്കകൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തും.

4. പി.എഫ്.ആർ.ഡി.എ. ബിൽ നിയമമാകുമ്പോൾ ഒരു assured return scheme ഉണ്ടാവുന്നതാണ്.

5. NPS പെൻഷൻ ഫണ്ട് നിക്ഷേപിക്കുന്ന സംവിധാനത്തിൽ ഗവൺമെന്റ് സെക്യൂരിറ്റികളിൽ കേരളാ ഗവൺമെന്റ് ട്രഷറി കൂടി ഉൾപ്പെടുത്തുവാൻ പി.എഫ്.ആർ.ഡി.എ.-യ്ക്ക് എഴുതും.

6. 2013 മാർച്ച് 31 വരെ സർവ്വീസിൽ ചേരുന്ന ജീവനക്കാർക്ക് നിലവിലുള്ള സ്റ്റാറ്റ്യൂട്ടറി പെൻഷൻ തുടരുമെന്ന് വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(ബി) ദേശീയ പെൻഷൻ പദ്ധതിയിലെ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും അടിസ്ഥാന ശമ്പളത്തിന്റെയും ക്ഷാമബത്തയുടെയും തുകയുടെ 10% പെൻഷൻ വിഹിതമായി കുറവ് ചെയ്ത് തത്തുല്യ സർക്കാർ വിഹിത്തോടൊപ്പം പി.എഫ്.ആർ.ഡി.എ.-യുടെ വ്യവസ്ഥകൾക്കനുസരിച്ച് എസ്.ബി.ഐ. പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.റ്റി.ഐ.റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നീ പെൻഷൻ ഫണ്ട് മാനേജർമാർ മുഖേന 14-8-2008 തീയതിയിലെ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ എഫ്. നമ്പർ 5(88)/2006-പി.ആർ. എന്ന നോട്ടിഫിക്കേഷനിൽ നിർദ്ദേശിച്ചിട്ടുള്ള വിഭാഗങ്ങളിൽ നിക്ഷേപിക്കുകയും അതിൽനിന്നുള്ള ഇൻവെസ്റ്റ്മെന്റ് റിട്ടേണിന്റെ അടിസ്ഥാനത്തിൽ പി.എഫ്.ആർ.ഡി.എ. വ്യവസ്ഥകൾക്കനുസരിച്ച് പെൻഷൻ വിതരണം നടത്തുകയുമാണ് ചെയ്യുന്നത്.

(സി) ഉണ്ട്. എൻ.പി.എസ്.-ൽ ചേരുന്നവർക്ക് ജി.പി.എഫ്.-ൽ തുടരാൻ അനുവദിച്ചുകൊണ്ട് സർക്കാർ ജി.ഒ.(പി) 81/2014/Fin തീയതി 24-2-2014 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)*

(ഡി) ഉണ്ട്. 2014 ഫെബ്രുവരി മാസത്തിലെ ശമ്പളം മുതലാണ് സർക്കാർ വിഹിതം അടച്ചു തുടങ്ങിയത്. 1-6-2015-ൽ ലഭ്യമായ 4/2015 -ലെ ശമ്പള ബില്ലുകളിലെ കണക്കനുസരിച്ച് നിലവിൽ 19306 ജീവനക്കാർക്കാണ് സർക്കാർ ഇപ്പോൾ വിഹിതം അടയ്ക്കുന്നത്.

(ഇ) 30-4-2015 വരെയുള്ള കണക്ക് അനുസരിച്ച് പ്രസ്തുത പദ്ധതി പ്രകാരം ജീവനക്കാരിൽ നിന്ന് 25.96 കോടി രൂപയും മാച്ചിംഗ് ഫണ്ടായി സർക്കാർ 25.96 കോടി രൂപയും പെൻഷൻ ഫണ്ടിലേക്ക് അടച്ചിട്ടുണ്ട്. ദേശീയ പെൻഷൻ പദ്ധതിയിലെ ഫണ്ട് നിക്ഷേപവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചും 14-8-2008-ലെ കേന്ദ്ര സർക്കാരിലെ 5(88) 2006 പി.ആർ. എന്ന നോട്ടിഫിക്കേഷൻ പ്രകാരവും എസ്.ബി.ഐ. പെൻഷൻ ഫണ്ട് പ്രൈവറ്റ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ലിമിറ്റഡ്, യു.ടി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. പെൻഷ് ഫണ്ട് ലിമിറ്റഡ് എന്നീ ഫണ്ട് മാനേജർമാർ മുഖേന ഗവൺമെന്റ് സെക്യൂരിറ്റികൾ, ടേം ഡെപ്പോസിറ്റുകൾ, റുപ്പിബോണ്ടുകൾ, മണിമാർക്കറ്റ് ഇൻസ്ട്രുമെന്റുകൾ, കമ്പനി ഷെയറുകൾ എന്നീ വിഭാഗങ്ങളിലാണ് പ്രസ്തുത ഫണ്ട് നിക്ഷേപിച്ചു വരുന്നത്.

**കായികതാരങ്ങൾക്ക് സർക്കാർ ജോലി**

7 (1709) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ നടന്ന നാഷണൽ ഗെയിംസിൽ മികച്ച പ്രകടനം കാഴ്ചവച്ച കായിക താരങ്ങൾക്ക് സർക്കാർ ജോലി നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) നാഷണൽ ഗെയിംസിൽ മികച്ച പ്രകടനം കാഴ്ചവച്ച കായികതാരങ്ങൾക്ക് സർക്കാർ ജോലി ലഭ്യമാക്കുവാൻ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. മുപ്പത്തിയഞ്ചാം ദേശീയ ഗെയിംസിൽ സംസ്ഥാന ടീമിനെ പ്രതിനിധീകരിച്ച് വ്യക്തിഗതയിനങ്ങളിൽ മെഡലുകൾ നേടിയവരിലും ടീമിനത്തിൽ സ്വർണ്ണ മെഡൽ നേടിയവരിലും നിലവിൽ ജോലിയില്ലാത്തവർക്ക് സർക്കാർ ജോലി നൽകുന്നതിനും കൂടാതെ സംസ്ഥാനത്തിനുവേണ്ടി ടീമിനത്തിൽ വെള്ളി വെങ്കല മെഡലുകൾ നേടിയവർക്ക് പൊതുമേഖലാസ്ഥാപനങ്ങളിൽ ജോലി നൽകുന്നതിന് ശിപാർശ ചെയ്യുന്നതിനും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിയമന നടപടികൾ പുരോഗമിച്ചു വരുന്നു.

**ആശ്രിത നിയമന വ്യവസ്ഥ**

8 (1710) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശ്രിത നിയമന വ്യവസ്ഥ വഴി ഏതെല്ലാം തസ്തികകളിൽ നിയമനം നടത്തുന്നതിന് വ്യവസ്ഥയുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ആശ്രിത നിയമനത്തിനുള്ള നിലവിലെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ; ആയതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാന സർക്കാർ സബോർഡിനേറ്റ് സർവ്വീസിലെ നേരിട്ടുള്ള നിയമനരീതി നിലവിലുള്ള ക്ലാസ് III,IV തസ്തികകളിലേക്കും ലാസ്റ്റ് ഗ്രേഡ് സർവ്വീസിലേയ്ക്കും പാർട്ട്-ടൈം കണ്ടിജന്റ് തസ്തികകളിലേക്കും ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം നടത്തി വരുന്നു. ഇതുമായി ബന്ധപ്പെട്ട പ്രധാന ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**ഫെയർ കോപ്പി സൂപ്രണ്ട് ഗസറ്റഡ് തസ്തികയാക്കണമെന്ന ശിപാർശ**

9 (1711) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കേരള സർക്കാരിന്റെ വിവിധ വകുപ്പുകളിൽ ടൈപ്പിസ്റ്റ് തസ്തികയിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ ഏറ്റവും ഉയർന്ന പ്രൊമോഷൻ തസ്തികയായ ഫെയർ കോപ്പി സൂപ്രണ്ട് ഗസറ്റഡ് തസ്തികയാക്കണമെന്ന ഒൻപതാം ശമ്പള കമ്മീഷൻ ശിപാർശയിൻമേൽ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

ടൈപ്പിസ്റ്റ് തസ്തികയുടെ പ്രൊമോഷൻ തസ്തികയായ ഫെയർകോപ്പി സൂപ്രണ്ട് തസ്തിക ഗസറ്റഡ് തസ്തികയാക്കണമെന്ന് ഒമ്പതാം ശമ്പള കമ്മീഷൻ ശിപാർശ ചെയ്തിട്ടില്ല.

**പൗരാവകാശരേഖ പ്രദർശിപ്പിക്കൽ**

10 (1712) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ ഓഫീസുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എല്ലാ ഓഫീസിലും പൗരാവകാശ രേഖ പ്രദർശിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) സേവന രംഗത്തെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ എല്ലാ സർക്കാർ ഓഫീസുകളെയും ഉൾപ്പെടുത്തി ജനകീയ സമിതികൾക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; ആയതിന്റെ സാധ്യത പരിശോധിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) എല്ലാ ഓഫീസിലും പൗരാവകാശ രേഖ പ്രദർശിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 1-7-2011, 10-8-2011, 23-9-2011 എന്നീ തീയതികളിലെ 9219/എ.ആർ. 12(1)/2011 ഉ.ഭ.പ.വ. നമ്പർ സർക്കുലറുകൾ പ്രകാരവും 27-2-2012-ലെ 16411/ എ.ആർ. 12(1)/2011/ഉ.ഭ.പ.വ. എന്ന സർക്കുലർ പ്രകാരവും പൗരാവകാശ രേഖ എഴുതി പ്രദർശിപ്പിക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും എല്ലാ സർക്കാർ ഓഫീസുകൾക്കും/സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയതിനു പുറമെ 26-6-2012-ലെ 4895/എ.ആർ. 12(1)/2012/ ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം ഇനിയും പൗരാവകാശ രേഖ പ്രസിദ്ധീകരിക്കാനുള്ള സർക്കാർ ഓഫീസുകൾ/ സ്ഥാപനങ്ങൾ അടിയന്തരമായി ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) സേവന രംഗത്തെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ എല്ലാ സർക്കാർ ഓഫീസുകളെയും ഉൾപ്പെടുത്തി ജനകീയ സമിതികൾക്ക് രൂപം നൽകുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**പൊതുഭരണവകുപ്പിലെ ജോലിഭാരം**

11 (1714) <u>ശ്രീ. എം. പി. വിൻസെന്റ് </u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പൊതുഭരണ വകുപ്പിലെ ജോലി ഭാരം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; ആയതിന്റെ അടിസ്ഥാനത്തിൽ അധിക തസ്തിക അനുവദിച്ച് ജനങ്ങൾക്ക് വേഗത്തിൽ സേവനം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

പൊതുഭരണ വകുപ്പിൽ പ്രവൃത്തി പഠനം നടത്തിയിട്ടില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുഭരണ സെക്രട്ടേറിയറ്റിലെ വിനോദസഞ്ചാരം, പൊതുവിദ്യാഭ്യാസം, നോർക്ക, ആരോഗ്യ കുടുംബക്ഷേമം എന്നീ വകുപ്പുകളിൽ പ്രവൃത്തി പഠനം നടത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിപഠനത്തിന്റെ അടിസ്ഥാനത്തിൽ

അധിക തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല.

**സേവനാവകാശ നിയമം നടപ്പിൽ വരുത്തുന്നതിലെ കാര്യക്ഷമത**

12 (1715) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സേവനാവകാശ നിയമം നടപ്പിലാക്കിയ വകുപ്പുകളിൽ അത് കാര്യക്ഷമമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) അതിലെ വീഴ്ചകൾ പരിശോധിക്കാൻ നിലവിൽ സംവിധാനങ്ങളുണ്ടോ ;

(സി) എങ്കിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 സംബന്ധിച്ച പ്രവർത്തനങ്ങളുടെ വിലയിരുത്തൽ ഐ.എം.ജി. ഡയറക്ടറുടെ മേൽനോട്ടത്തിൽ പ്രാഗത്ഭ്യമുള്ള ഏതെങ്കിലും സർക്കാർ ഏജൻസിയെക്കൊണ്ട് നടപ്പിലാക്കി വിലയിരുത്തൽ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുവാൻ ഐ.എം.ജി. ഡയറക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 2015 മേയ് മാസത്തോടുകൂടി വിലയിരുത്തൽ നടത്തുന്നത് അനുയോജ്യമായിരിക്കുമെന്ന് ഐ.എം.ജി. ഡയറക്ടർ സർക്കാരിനെ അറിയിച്ചിരുന്നു. അതിലേക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് എൻ.ഐ.സി.-യുടെ സഹകരണത്തോടുകൂടി ഐ.എം.ജി. ഡയറക്ടറുടെ മേൽനോട്ടത്തിൽ സേവനാവകാശ നിയമത്തിന്റെ ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കേണ്ടതാണെന്ന് ഐ.എം.ജി. ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാനും ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി&സി) കേരള സംസ്ഥാന സേവനാവകാശനിയമം, 2012, 2012 നവംബർ 1 മുതൽ നിലവിൽ വന്നു. ടി നിയമവും ചട്ടങ്ങളും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.. 23-11-2012, 19-2-2013 എന്നീ തീയതികളിലെ 2145/എ.ആർ./12(1)/12/ഉ.ഭ.പ.വ. 20-12-2012-ലെ 14944/എ.ആർ /12(1)/12/ഉ.ഭ.പ.വ. 4-10-2013-ലെ 16203/ എ.ആർ. 12(1)/13/ ഉ.ഭ.പ.വ എന്നീ സർക്കുലറുകൾ പ്രകാരം ടി നിയമം നടപ്പിലാക്കുന്നതിനായി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിലേക്കും കേരള സംസ്ഥാന സേവനാവകാശ ചട്ടം 6 പ്രകാരം സർക്കാർ ഓഫീസുകളിലെ നോട്ടീസ് ബോർഡിൽ ഗസറ്റ് വിജ്ഞാപനത്തിലെ

വിവരങ്ങളും സേവനങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകളും ചട്ടങ്ങളിലെ ഫോറങ്ങളും എഴുതി പ്രദർശിപ്പിക്കുന്നതിലേക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഒരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ, നിയുക്ത ഉദ്യോഗസ്ഥനോ പ്രാധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അതത് സംഗതി പോലെ, അപേക്ഷകന്, ഫാറം നമ്പർ-1-ൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിനാവശ്യമായ ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്ത പക്ഷം ആയത് കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും അത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി രേഖ ഹാജരാക്കുന്ന തീയതി മുതൽ ആരംഭിക്കുന്നതുമാണെന്ന് 21/10-2014-ലെ സർക്കുലർ നമ്പർ. 16203/ഏ.ആർ. 12(1)/13/ഉ.ഭ.പ.വ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. സേവനാവകാശ നിയമ പ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട് ഓരോ മാസവും വകുപ്പുതലവന്മാർ ബന്ധപ്പെട്ട ഭരണവകുപ്പ് മുഖേന ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സേവനങ്ങൾ ലഭിക്കുന്നതിന് കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രത്യേകം അപേക്ഷകളൊന്നും നൽകേണ്ടതില്ലെന്നും സേവനങ്ങൾ നൽകുന്നതിനു വേണ്ടി സർക്കാർ ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രസ്തുത വകുപ്പുകൾ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവയാണെങ്കിൽ, അത്തരം എല്ലാ അപേക്ഷകളും വിജ്ഞാപന പ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കേണ്ടതാണെന്നും 15-11-2014-ലെ 16203/ഏ.ആർ. 12(1)/2013/ ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുമുണ്ട്.

**മൊബൈൽഫോൺ കണക്ഷൻ**

13 (1716) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മുഖ്യമന്ത്രിയുടെ പേരിൽ മൊബൈൽ ഫോൺ കണക്ഷൻ ഉണ്ടോ ?

ഉത്തരം

മുഖ്യമന്ത്രിയുടെ ഔദ്യോഗിക ഉപയോഗത്തിനായി 9447033333 എന്ന നമ്പറിൽ ഒരു മൊബൈൽഫോൺ സർക്കാർ അനുവദിച്ചിട്ടുണ്ട്.

**ഭരണരംഗത്തെ പിഴവുകൾ**

14 (1717) ശ്രീ. ജി. സുധാകരൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണരംഗത്തെ പിഴവുകൾ തിരുത്താൻ പ്രത്യേക പരിപാടി ആവിഷ്ക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; പിഴവുകൾ കണ്ടെത്തിയത് ഏത് നിലയിലാണെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിന്റെ ഭാഗമായി ഇതിനോടകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) ജനങ്ങൾക്ക് വിവിധ ഘട്ടങ്ങളിൽ നൽകിയതും നടപ്പിലാക്കിയിട്ടില്ലാത്തതുമായ ഉറപ്പുകൾ പാലിക്കാൻ ഈ അവസരം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) അഴിമതിക്കെതിരായ നടപടികൾ ഇതിന്റെ ഭാഗമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ-ഡി) ഭരണത്തിൽ കൂടുതൽ വിശ്വാസ്യതയും സുതാര്യതയും ഉറപ്പ് വരുത്തുന്നതിനായി സർക്കാർ നടപടിക്രമങ്ങൾ ആധുനികവൽക്കരിക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി സർക്കാർ സേവനങ്ങൾ ഓൺലൈൻ മുഖേന ലഭ്യമാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. ഇ-ഗവേണൻസ് സംവിധാനങ്ങൾ നടപ്പിലാക്കിയതിലൂടെ സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് നേരിട്ട് സർക്കാർ ഓഫീസ് വഴിയും ഓൺലൈൻ വഴിയും ഫ്രണ്ട്സ്/അക്ഷയ കേന്ദ്രങ്ങൾ വഴിയും ലഭ്യമാക്കുന്നുണ്ട്. വിവരാവകാശനിയമം നടപ്പിലാക്കിയത് ഭരണസംവിധാനം വിശ്വസ്തവും സുതാര്യവുമാക്കാൻ സഹായകമാകുന്നുണ്ട്. അപേക്ഷകളിൽ കാലതാമസം കൂടാതെ എത്രയുംവേഗം തീരുമാനം എടുക്കുന്നതിന്റെയും നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിന്റെയും ഭാഗമായി സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടർ അധിഷ്ഠിത ഫയൽ നിരീക്ഷണ സംവിധാനമായ IDEAS, e-office, e-tender തുടങ്ങിയ ആധുനിക സംവിധാനങ്ങൾ നടപ്പാക്കി വരുന്നു. സെക്രട്ടേറിയറ്റിലെ വകുപ്പുകൾ ഉൾപ്പെടെ 120 വകുപ്പുകളിൽ, സ്ഥാപനങ്ങളിൽ 2012-ലെ കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം ഗസറ്റ് വിജ്ഞാപനം

പുറപ്പെടുവിച്ചിട്ടുണ്ട്. നിശ്ചിത സമയപരിധിക്കുള്ളിൽ പൊതുജനങ്ങൾക്ക് സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനും കാലതാമസം കൂടാതെ തീരുമാനമെടുക്കുന്നതിനും ഇതിലൂടെ സാധിക്കുന്നു. ഇങ്ങനെ ഭരണത്തിലെ കാലതാമസം ഒഴിവാക്കിയും സുതാര്യതയും ഏകോപനവും വർദ്ധിപ്പിച്ചും നിരവധി നടപടികൾ ഈ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിലെ ജനസമ്പർക്ക പരിപാടി**

15 (1718) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ 2015 മേയ് 14-ന് നടന്ന ജനസമ്പർക്ക പരിപാടിയിലെ തിക്കിലും തിരക്കിലുംപെട്ട് കുമ്പള ദേവിനഗർ സുനാമി കോളനിയിലെ പരേതനായ മുഹമ്മദിന്റെ ഭാര്യ സാറ (48 വയസ്) നട്ടുവൊടിഞ്ഞ് ആശുപത്രിയിലായ പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പാവപ്പെട്ട ഈ വീട്ടമ്മയെ സഹായിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയിൽ നടന്ന ജനസമ്പർക്ക പരിപാടിക്കിടെ പരിക്കു പറ്റിയ ശ്രീമതി സാറയെ ജനസമ്പർക്കവേദിയിൽ സജ്ജീകരിച്ചിരുന്ന മെഡിക്കൽ എയിഡ് സെന്ററിൽ പ്രവേശിപ്പിച്ച് പ്രാഥമിക ശുശ്രൂഷകൾ നൽകി, ഇ.സി.ജി, എടുക്കുകയും കാസർഗോഡ് ജില്ലാആശുപത്രിയിൽ അഡ്മിറ്റ് ചെയ്ത് എം.ആർ.ഐ. സി.ടി. സ്കാനുകൾ നടത്തി കാര്യമായ അസുഖങ്ങൾ ഒന്നുമില്ലെന്ന് ബോദ്ധ്യപ്പെട്ടി ട്ടുള്ളതുമാണ്. ശ്രീമതി സാറയുടെ അപേക്ഷ പരിഗണിച്ച് എ.പി.എൽ. റേഷൻ കാർഡ് ബി.പി.എൽ.ആക്കുന്നതിനും ഇരുപത്തിഅയ്യായിരം രൂപ ചികിത്സാ ധനസഹായം അനുവദിക്കുന്നതിനും ഉത്തരവായിട്ടുണ്ട്.

**സർക്കാർ പ്രഖ്യാപിത പദ്ധതികൾ**

16 (1719) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാം പിത്രോഡ 2012 ജനുവരി 15-ന് മുഖ്യമന്ത്രിയുമായി നടത്തിയ

ചർച്ചയുടെ അടിസ്ഥാനത്തിൽ സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാം ;

(ബി) ഓരോ പദ്ധതിയുടേയും നിർവ്വഹണ പുരോഗതിയും ഇതിനകം ചെലവാക്കിയ തുക സംബന്ധിച്ചുമുള്ള വിവരവും നൽകുമോ ;

(സി) പദ്ധതികൾ തുടർച്ചയായി അവലോകനം ചെയ്യുന്നുണ്ടോ ; ഏറ്റവും ഒടുവിൽ അവലോകനം നടത്തിയത് എപ്പോഴായിരുന്നു ; വ്യക്തമാക്കുമോ;

(ഡി) പദ്ധതികൾക്കാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിരുന്നോ ; വ്യക്തമാക്കാമോ ;

(ഇ) പദ്ധതികൾ എന്ന് പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രീ. സാം പിത്രോഡ 2012 ജനുവരി 25-ന് മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന പത്ത് പദ്ധതികളാണ് സർക്കാർ ആദ്യം പ്രഖ്യാപിച്ചത് :

1. തീരദേശജലപാത
2. നോളജ് സിറ്റി
3. മാലിന്യ പരിപാലനം
4. ഇ-ഗവേണൻസ്
5. സർവ്വീസിൽനിന്നും വിരമിച്ചവരുടെ വൈദഗ്ദ്ധ്യം സംസ്ഥാനത്തിന് ഗുണകരമാകും വിധം ഉപയോഗിക്കുക.
6. ആയുർവേദത്തിന്റെ ആധുനീകരണം
7. നൈപുണ്യ വികസനവും തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും
8. ആരോഗ്യ ഇൻഷ്വറൻസ്
9. പരമ്പരാഗത മേഖലകളുടെ ആധുനീകരണം
10. ഹൈ സ്പീഡ് റെയിൽ കോറിഡോർ

പത്തിന പദ്ധതി നിർദ്ദേശങ്ങളിൽ "ആരോഗ്യഇൻഷ്വറൻസ്" ഒഴികെയുള്ള മറ്റ് പദ്ധതി നിർദ്ദേശങ്ങളാണ് ഇപ്പോൾ നിലവിലുള്ളത്.

(ബി) 1. സർവ്വീസിൽനിന്നും വിരമിച്ചവരുടെ വൈദഗ്ദ്ധ്യം സംസ്ഥാനത്തിന് ഗുണകരമാകും വിധം ഉപയോഗിക്കുക എന്ന പദ്ധതിയുടെ റിപ്പോർട്ട് മന്ത്രിസഭ അംഗീകരിക്കുകയും "കൺസോർഷ്യം ഓഫ് റിട്ടയേർഡ് എക്സ്പേർട്ട്സ് ഫോർ ഡെവലപ്മെന്റ്" എന്ന പേരിൽ ഒരു കമ്പനി രൂപീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

2. ഹൈ സ്പീഡ് റെയിൽ കോറിഡോറിന്റെ വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

3. നോളജ്സിറ്റി പദ്ധതി ടെക്നോപാർക്കിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം ജില്ലയിലെ പള്ളിപ്പുറത്ത് സ്ഥാപിക്കുന്നതിന് തുടക്കമിട്ടിട്ടുണ്ട്. പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതിക്ക് നിക്ഷേപകരെ തേടി താൽപര്യപത്രം ക്ഷണിച്ചിരുന്നു. രണ്ട് കമ്പനികൾ താൽപ്പര്യമറിയിച്ചിട്ടുണ്ട്.

4. മറ്റ് പദ്ധതി നിർദ്ദേശങ്ങൾ സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(സി) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മൊത്തത്തിലുള്ള അവലോകനം അവസാനമായി നടന്നത് 2013 മേയ് 9 നാണ്. പദ്ധതികൾ പ്രത്യേകമായും അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാനും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരും തുടർച്ചയായി അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്.

(ഡി) നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വികസന പദ്ധതികളിലെ തീരദേശ ജലപാത, മാലിന്യപരിപാലനം, നൈപുണ്യ വികസനവും തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും ഇ-ഗവേണൻസ്, നോളജ്സിറ്റി എന്നീ പദ്ധതികളുടെ പ്രവർത്തനങ്ങൾക്കായി യഥാക്രമം 1166 ലക്ഷം, 5098 ലക്ഷം , 23498 ലക്ഷം, 2993 ലക്ഷം, ഒരു ലക്ഷം എന്നിങ്ങനെ 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

(ഇ) പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു.

**സ്വാതന്ത്ര്യ സമര പെൻഷൻ**

17 (1720) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാതന്ത്ര്യ സമര പെൻഷൻ വാങ്ങുന്ന സ്വാതന്ത്ര്യ സേനാനി, നോമിനിയെ ചേർക്കാതെ മരണമടഞ്ഞാൽ അവകാശികൾക്ക് തുടർ പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(ബി) അവകാശ സർട്ടിഫിക്കറ്റ്, മറ്റ് രേഖകൾ എന്നിവ ഹാജരാക്കുന്നതിന് കാലതാമസമുണ്ടായാൽ തുടർപെൻഷൻ അനുവദിക്കുമ്പോൾ മുൻകാല പ്രാബല്യം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മുൻകാല പ്രാബല്യത്തോടെ തുടർപെൻഷൻ ലഭിക്കണമെന്നാവശ്യപ്പെട്ട് ആരെങ്കിലും അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേന്ദ്രസ്വാതന്ത്ര്യ സമര സേനാനി പെൻഷൻ അനുവദിച്ചുകൊണ്ടുള്ള ഉത്തരവിൽ അനന്തരാവകാശികളെ നാമനിർദ്ദേശം ചെയ്തിട്ടില്ലായെങ്കിൽ 6-8-2014 ലെ കേന്ദ്ര സർക്കാരിന്റെ റിവൈസ്ഡ് പോളിസി ഗൈഡ്ലൈൻസിലെ അനെക്സർ V-ൽ നിർദ്ദേശിച്ചിരിക്കുന്ന രേഖകളോട്ടു കൂടി 6 മാസത്തിനകം ജില്ലാ മജിസ്ട്രേറ്റിന് അപേക്ഷ നൽകണം. അപ്രകാരം ലഭിക്കുന്ന അപേക്ഷകൾ ജില്ലാ മജിസ്ട്രേറ്റ് ശിപാർശ ചെയ്യുന്ന മുറയ്ക്ക് വിതരണ ബാങ്ക് പെൻഷൻ വിതരണത്തിനുള്ള നടപടികൾ സ്വീകരിക്കും. 6 മാസത്തിനുശേഷം ലഭിക്കുന്ന അപേക്ഷകൾ ബാങ്കുകൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷനറുടെ പെൻഷൻ പേമെന്റ് ഓർഡറിൽ ഭാര്യയുടെ പേര് നാമനിർദ്ദേശം ചെയ്തിട്ടുണ്ടെങ്കിൽ പെൻഷണർ മരണമടഞ്ഞതിന് തൊട്ടടുത്ത ദിവസം മുതൽ പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും. നാമനിർദ്ദേശം ചെയ്തിട്ടില്ലായെങ്കിൽ പെൻഷനായുള്ള അവകാശവാദം തെളിയിക്കുന്ന എല്ലാ രേഖകളും സഹിതം സാധുതയുള്ള അപേക്ഷ സമർപ്പിക്കുന്ന തീയതി മുതലായിരിക്കും പെൻഷൻ ലഭിക്കുന്നതിനുള്ള അർഹത.

(ബി&സി) നിലവിലെ നിയമമനുസരിച്ച് നാമനിർദ്ദേശം ചെയ്തിട്ടില്ലായെങ്കിൽ

പെൻഷന് വേണ്ട അവകാശവാദം തെളിയിക്കുന്ന എല്ലാ രേഖകളും സഹിതം സാധുതയുള്ള അപേക്ഷ സമർപ്പിക്കുന്ന തീയതി മുതൽ മാത്രമാണ് തുടർപെൻഷൻ അനുവദിക്കുന്നത്. ഇതിന് മുൻകാല പ്രാബല്യം ലഭിക്കില്ല.

**ജനസമ്പർക്ക പരിപാടികൾ വഴി ലഭിച്ച അപേക്ഷകൾ**

18 (1721) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ ജനസമ്പർക്ക പരിപാടികൾവഴി ലഭിച്ച അപേക്ഷ കളിലൂടെ എത്ര ഫയലുകൾ ഉത്ഭവിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇവയിൽ ഇതിനകം എത്ര ഫയലുകളിൽ തീർപ്പ് കൽപ്പിച്ചെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ആകെ 1247792 ഫയലുകൾ ഉത്ഭവിച്ചിട്ടുണ്ട്.

(ബി) 980912 ഫയലുകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.

**മന്ത്രിമാരുടെ വിമാന യാത്രാ ചെലവ്**

19 (1722) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രി ഉൾപ്പെടെയുള്ള ഈ മന്ത്രിസഭയിലെ അംഗങ്ങൾ നടത്തിയ വിദേശ വിമാനയാത്രകൾ എത്രയാണ് ;

(ബി) ഓരോരുത്തർക്കും ചെലവായ സംഖ്യ എത്രയാണെന്ന് വ്യക്തമാക്കാമോ ;

(സി) ഇന്ത്യയ്ക്കകത്ത് വിമാന യാത്ര നടത്തിയതിന് മുഖ്യമന്ത്രിയും മന്ത്രിമാരും ചെലവഴിച്ച സംഖ്യ എത്രയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മുഖ്യമന്ത്രി ഉൾപ്പെടെയുള്ള ഈ മന്ത്രിസഭയിലെ അംഗങ്ങൾ നടത്തിയ വിദേശ വിമാനയാത്രകളുടെ എണ്ണം സംബന്ധിച്ച വിശദാംശം അനുബന്ധം എ ആയി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഔദ്യോഗിക വിദേശയാത്രകൾക്കായി മുഖ്യമന്ത്രി ഉൾപ്പെടെയുള്ള അംഗങ്ങൾ ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശം അനുബന്ധം ബി ആയി ചേർത്തിട്ടുണ്ട്.*

(സി) ഇന്ത്യയ്ക്കകത്ത് വിമാന യാത്ര നടത്തിയതിന് മുഖ്യമന്ത്രിയും മന്ത്രിമാരും ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധം സി ആയി ചേർത്തിട്ടുണ്ട്.*

**സർവ്വീസിൽനിന്നും പിരിഞ്ഞവരും പുതുതായി പ്രവേശിച്ചവരും**

20 (1723) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സിവിൽ സർവ്വീസിലെ വിവിധ തസ്തികകളിൽ നിന്നും പിരിഞ്ഞവർ എത്രയാണെന്നും പുതുതായി സർവ്വീസിലേക്ക് കടന്നുവന്നവർ എത്രയാണെന്നും വ്യക്തമാക്കാമോ ;

(ബി) സർവ്വീസിൽനിന്നും ഒരുദ്യോഗസ്ഥൻ പിരിഞ്ഞതിനുശേഷം നിയമനം നടത്താതിരിക്കുകയും കാലക്രമത്തിൽ പ്രസ്തുത തസ്തിക തന്നെ നിർത്തലാക്കുകയും ചെയ്ത എത്ര തസ്തികകൾ ഈ കാലയളവിൽ ഉണ്ടായി എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30-6-2015 വരെ സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ നിന്നും 471 പേർ വിരമിക്കുകയും 1477 പേർ പുതുതായി സർവ്വീസിൽ പ്രവേശിക്കുകയും ചെയ്തു. മറ്റു വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) ഉദ്യോഗസ്ഥൻ വിരമിക്കുന്ന മുറയ്ക്ക് ആ തസ്തികയിലേക്ക് സീനിയർ മോസ്റ്റ് ആയ ആളെ നിയമിക്കുന്ന രീതി തന്നെയാണ് നടന്നുവരുന്നത്. തസ്തികകൾ കാലക്രമത്തിൽ നിന്നുപോയ സ്ഥിതിവിശേഷം ഉണ്ടായിട്ടില്ല.

**തീരുമാനമാകാതെ കെട്ടിക്കിടക്കുന്ന ഫയലുകൾ**

21 (1724) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ തീരുമാനം എടുക്കാതെ കെട്ടിക്കിടക്കുന്ന ഫയലുകളെ സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾ വിശദമാക്കാമോ ;

(ബി) 2015 മേയ് 31 വരെ ഓരോ മന്ത്രിയുടെയും പരിഗണനയ്ക്ക് വന്ന എത്ര ഫയലുകൾ വീതം തീരുമാനം എടുത്ത് തിരിച്ചയയ്ക്കാൻ ബാക്കി നില്പുണ്ടായിരുന്നുവെന്നും മൂന്നും ആറും മാസവും ഒരു വർഷത്തിൽ കൂടുതലും കാലമായി തീരുമാനമാകാതെ

മന്ത്രി കാര്യാലയത്തിൽ കെട്ടിക്കിടപ്പുള്ള ഫയലുകൾ എത്ര എന്നും അറിയിക്കാമോ ;

(സി) മുഖ്യമന്ത്രിയുടെ കാര്യാലയത്തിൽ മന്ത്രിസഭായോഗ തീരുമാനത്തിന്മേൽ ഉത്തരവ് പുറപ്പെടുവിക്കേണ്ടത് സംബന്ധിച്ച എത്ര ഫയലുകൾ 2015 മേയ് 31 അവസാനിക്കുമ്പോൾ ബാക്കിയുണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) മുഖ്യമന്ത്രിയുടെ കാര്യാലയത്തിൽ മന്ത്രിസഭയുടെ പരിഗണനയ്ക്ക് അയയ്ക്കേണ്ടതായ എത്ര ഫയലുകൾ 2015 മേയ് 31 അവസാനിക്കുമ്പോൾ ബാക്കിയുണ്ടായിരുന്നുവെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) 2015 ഏപ്രിൽ മാസത്തെ പ്രതിമാസ പ്രവർത്തന പത്രിക പ്രകാരം സെക്രട്ടേറിയറ്റിൽ 134563 ഫയലുകൾ തീരുമാനം എടുക്കാൻ ബാക്കി നിൽപ്പുണ്ട്.

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

**സ്വാതന്ത്ര്യസമര പെൻഷൻ**

22 (1725) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ സ്വാതന്ത്ര്യസമര പെൻഷൻ ലഭിക്കുന്നത് എത്ര പേർക്കാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര പേർ ആശ്രിതരാണെന്ന് പറയാമോ;

(സി) സ്വാതന്ത്ര്യസമര പെൻഷൻ വിതരണം ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നോ ;

(ഡി) ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ കേരള സ്വാതന്ത്ര്യസമര സേനാനി പെൻഷൻ ലഭിക്കുന്ന 90 പേരുണ്ട്. കേന്ദ്ര സർക്കാർ അനുവദിക്കുന്ന പെൻഷൻ തെരഞ്ഞെടുക്കപ്പെട്ട പൊതുമേഖലാ ബാങ്കുകൾ വഴി വിതരണം ചെയ്യുന്നതിനാൽ സംസ്ഥാനത്തെ കേന്ദ്ര സ്വാതന്ത്ര്യസമര സേനാനി പെൻഷൻ വാങ്ങുന്നവരുടെ കൃത്യമായ എണ്ണം സർക്കാരിൽ ലഭ്യമല്ല.

(ബി) കേരള സ്വാതന്ത്ര്യസമര സേനാനി പെൻഷൻ ലഭിക്കുന്നവരിൽ 82 പേർ ആശ്രിതരാണ്.

(സി) സംസ്ഥാന സർക്കാരിന്റെ സ്വാതന്ത്ര്യസമര സേനാനി പെൻഷൻ വിതരണം ചെയ്യുന്നതിൽ വീഴ്ച പറ്റിയിട്ടില്ല എന്നാൽ കേന്ദ്ര സ്വാതന്ത്ര്യസമര സേനാനി പെൻഷൻ ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) കേന്ദ്ര സർക്കാർ 2014 ഒക്ടോബർ മുതൽ കേന്ദ്ര സ്വാതന്ത്ര്യസമര സേനാനി പെൻഷൻ തെരഞ്ഞെടുത്ത പൊതുമേഖലാ ബാങ്കുകൾ വഴി മാത്രം വിതരണം ചെയ്യാൻ നടപടികൾ ആരംഭിച്ചിരുന്നു. പ്രസ്തുത നടപടികളുടെ ഭാഗമായി ചില ഉപഭോക്താക്കൾക്ക് പെൻഷൻ ലഭിക്കാൻ കാലതാമസം നേരിട്ടുവരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട പരാതികൾ, ട്രഷറി ഡയറക്ടറുടെ റിപ്പോർട്ട് സഹിതം ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് അടിയന്തരമായിതന്നെ കേന്ദ്ര സർക്കാരിലേക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

### അപേക്ഷകൾക്കും പരാതികൾക്കും കൈപ്പറ്റ് രസീത്

23 (1726) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മന്ത്രിമാരുടെ ഓഫീസുകളിലും സെക്രട്ടറിയേറ്റിലെ വിവിധ സെക്ഷനുകളിലും എം.എൽ.എ.-മാരും മറ്റ് അപേക്ഷകരും നൽകുന്ന നിവേദനങ്ങൾ, പരാതികൾ, അപേക്ഷകൾ എന്നിവയ്ക്ക് അപ്പപ്പോൾ തന്നെ കൈപ്പറ്റ് രസീത് നൽകുന്ന സമ്പ്രദായം നിലവിലുണ്ടോ, ഇല്ലെങ്കിൽ ഇപ്രകാരം നൽകുന്ന അപേക്ഷകൾ മന്ത്രിമാരുടെ ഓഫീസിലും വിവിധ ഡിപ്പാർട്ട്മെന്റ് സെക്ഷനുകളിലും ലഭിച്ചു എന്നറിയുവാൻ എന്താണ് മാർഗ്ഗം, വിശദമാക്കുമോ ;

(ബി) വിവിധ ഓഫീസുകളിലും മന്ത്രിമാരുടെ ഓഫീസുകളിലും ലഭിക്കുന്ന അപേക്ഷകൾക്ക് യഥാസമയം കൈപ്പറ്റ് രസീതുകൾ പോലും ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഇതു പരിഹരിക്കുവാൻ കൈക്കൊണ്ടിട്ടുള്ള നടപടി എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) വിവിധ ഡിപ്പാർട്ട്മെന്റുകളുടെ തപാൽ സെക്ഷനുകളിൽ രേഖകളും കത്തുകളും നേരിട്ട് കൊണ്ടുചെന്നാൽ അപ്പപ്പോൾ കൈപ്പറ്റ് രസീതോ, തപാൽ നമ്പരോ നൽകണമെന്ന് എല്ലാ ഓഫീസുകൾക്കും അടിയന്തിര നിർദ്ദേശം നൽകുമോ ?

<u>ഉത്തരം</u>

(എ-സി) പൊതുജനങ്ങളിൽനിന്നും സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ, നിവേദനങ്ങൾ, അപേക്ഷകൾ തുടങ്ങിയവയ്ക്ക് ആയത് കിട്ടിയാലുടൻ കൈപ്പറ്റ് രസീത് കൃത്യമായി നൽകണമെന്നും അപ്രകാരം കൈപ്പറ്റ് രസീത് നൽകണമെന്ന ഗവൺമെന്റ് ഉത്തരവിന്റെ ഉള്ളടക്കം ഓഫീസിന്റെ പ്രധാന ഭാഗത്ത് നിശ്ചിത വലിപ്പത്തിലുള്ള ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണെന്ന് സർക്കുലർ നമ്പർ 168/ എ.ആർ 13(2)/09/ഉഭപവ തീയതി 12-1-2009 പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പ്രസ്തുത നിർദ്ദേശം വീഴ്ച കൂടാതെ പാലിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടും ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഓഫീസർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണെന്നും ആവർത്തിച്ച് നിർദ്ദേശിച്ചുകൊണ്ട് 20-9-2011-ൽ 10827/ എ.ആർ. 13(2)/11/ഉഭപവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

**മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടികൾ**

24 (1727) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രി നാളിതുവരെ എത്ര ഘട്ടം ജനസമ്പർക്ക പരിപാടികൾ ഏതെല്ലാം ജില്ലകളിൽ നടത്തി ; ഓരോ ഘട്ടങ്ങൾക്കും എത്ര തുക നടത്തിപ്പിനായി ചെലവായി ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) മുഖ്യമന്ത്രിയുടെ ഓരോ ഘട്ടം ജനസമ്പർക്ക പരിപാടികളിലുമായി എത്ര രൂപയുടെ സഹായധനം ആർക്കെല്ലാം നല്കാമെന്ന പ്രഖ്യാപിച്ചു എന്നും പ്രസ്തുത സഹായ ധനം ഇവരിൽ എത്രപേർക്ക് ലഭിച്ചു എന്നും ഇനിയും ലഭിക്കേണ്ടവർ എത്ര എന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ജനസമ്പർക്ക പരിപാടികൾക്കായി എത്ര തുക ഓരോ

ഇനത്തിലും പരസ്യയിനത്തിൽ പത്ര ദൃശ്യ മാധ്യമങ്ങളിലൂടെ ചെലവായി എന്നും പന്തൽ, ഭക്ഷണം എന്നിവയ്ക്കായി എത്ര തുക ചെലവായി എന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ജനസമ്പർക്ക പരിപാടികളിൽ ഓരോന്നിലും ഏതെല്ലാം മന്ത്രിമാർ, ഉയർന്ന ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു ; അവർ ആരെല്ലാം ; അവരിൽ ഓരോരുത്തർക്കും റ്റി. എ., ഡി. എ. ഇനത്തിൽ സർക്കാരിൽനിന്നും എന്തു തുക കൈപ്പറ്റി ; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) ഓരോ ഘട്ടങ്ങളിലെ ഓരോ ജനസമ്പർക്കപരിപാടികളിലും പങ്കെടുത്ത പൊതുജന പരാതിക്കാർ എത്ര ; എത്ര പേരുടെ പരാതി പരിഹരിച്ചു ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 14 ജില്ലകളിലും മൂന്നു ഘട്ടങ്ങളിൽ ജനസമ്പർക്ക പരിപാടി നടത്തിയിട്ടുണ്ട്. ഒന്നും രണ്ടും ഘട്ടങ്ങളിൽ പരസ്യം, പന്തൽ, ഭക്ഷണം എന്നിവയുൾപ്പെടെ ചെലവായ തുക യഥാക്രമം 44264737 , 48462527 രൂപ വീതമാണ്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.* മൂന്നാം ഘട്ട ജനസമ്പർക്ക പരിപാടിയുടെ ചെലവ് സംബന്ധിച്ച അന്തിമ കണക്ക് ലഭ്യമായിട്ടില്ല.

(സി) ഒന്നും രണ്ടും മൂന്നും ഘട്ട ജനസമ്പർക്ക പരിപാടികളിൽ വിവിധ ആവശ്യങ്ങൾക്കായി ആകെ ലഭിച്ചത് 1247792 അപേക്ഷകളാണ്. ഇതിൽ ഒന്നാം ഘട്ടത്തിൽ 22.68 കോടി രൂപയും രണ്ടാം ഘട്ടത്തിൽ 44.05 കോടി രൂപയും മൂന്നാംഘട്ടത്തിൽ 104 കോടി രൂപയും ധനസഹായത്തിനായി സമർപ്പിച്ച അപേക്ഷകരുടെ അർഹത പരിശോധിച്ച് അനുവദിച്ചിട്ടുണ്ട്.

(ഡി) ജനസമ്പർക്ക പരിപാടികളിൽ ജില്ലയിലെ മന്ത്രിമാർ, ജില്ലാചുമതലയുള്ള മന്ത്രിമാർ, ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. റ്റി.എ/ഡി.എ. സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) ഓരോ ഘട്ട ജനസമ്പർക്ക പരിപാടികളിൽ ലഭിച്ച അപേക്ഷകളും അതിൽ തീർപ്പ് കൽപ്പിച്ച അപേക്ഷകളും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം രണ്ട്, അനുബന്ധം മൂന്ന്, അനുബന്ധം നാല് ആയി ചേർത്തിരിക്കുന്നു.*

**മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി**

25 (1728) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി എത്ര ഘട്ടങ്ങളിലായി നടത്തിയെന്ന് വിശദമാക്കാമോ ;

(ബി) ഓരോ ഘട്ട ജനസമ്പർക്ക പരിപാടിയും സംഘടിപ്പിക്കുന്നതിന് എന്തു തുക ചെലവായെന്നും ഓരോ ഘട്ടത്തിലും എത്ര തുക വീതം വിതരണം ചെയ്തെന്നും ജില്ല തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ) മൂന്നു ഘട്ടങ്ങളിലായി ജനസമ്പർക്ക പരിപാടി നടത്തി.

(ബി) ഓരോ ഘട്ട ജനസമ്പർക്ക പരിപാടിയും സംഘടിപ്പിക്കുന്നതിന് ചെലവായ തുകയുടെയും ഓരോ ഘട്ടത്തിലും വിതരണം ചെയ്ത തുകയുടെയും ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം ഒന്നും രണ്ടും ആയി ചേർത്തിരിക്കുന്നു.*

**മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി**

26 (1729) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ജനസമ്പർക്ക പരിപാടികളോട് അനുബന്ധിച്ച് ബഹു ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഓരോ ജില്ലയിലും പ്രഖ്യാപിക്കുന്ന നിരവധി പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ ; ഒരു വർഷത്തിനുള്ളിൽ ഇവ പൂർത്തിയാക്കുന്നതിന് എങ്ങിനെ കഴിയുമെന്ന് വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

ജനസമ്പർക്ക പരിപാടികളോട് അനുബന്ധിച്ച് ഓരോ ജില്ലയിലും പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാനുള്ള പദ്ധതി**

27 (1730) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) സർക്കാർ സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ജനങ്ങൾക്ക് ലഭിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ആരുടെ നേതൃത്വത്തിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് നൂറുദിന കർമ്മപരിപാടി രൂപീകരിക്കുകയും അതിന്റെ ഭാഗമായി 2014 മേയ്-ജൂൺ മാസങ്ങളിൽ ഫയൽ തീർപ്പാക്കൽ തീവ്രയത്ന പരിപാടി നടത്തുകയും ഫയലുകൾ തീർപ്പാക്കുകയുമുണ്ടായി. കൂടാതെ ഒരു വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകൾ തീർപ്പാക്കുന്നതിനായി 2014 സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 31 വരെ ഒരു ഫയൽ അദാലത്തുകൂടി നടത്തുകയുണ്ടായി. ഓരോ വകുപ്പും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് വകുപ്പ് തലത്തിൽ ചർച്ച ചെയ്ത് ഫയൽ

കെട്ടിക്കിടക്കാതിരിക്കുന്നതിനും ഫയൽ തീർപ്പാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുവാനും തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകളെ സംബന്ധിച്ച് അവലോകനം നടത്തുവാനും മാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി നീക്കിവയ്ക്കണമെന്നും വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഫയൽ തീർപ്പാക്കൽ പുരോഗതി പരമാവധി കൈവരിക്കുക എന്നതും ഫയൽ കെട്ടിക്കിടക്കുന്ന സാഹചര്യം ഉണ്ടാകാതെ സമയബന്ധിതമായി അവയുടെ തീർപ്പാക്കലുമാണ് മേൽപ്പറഞ്ഞ പദ്ധതികൾ ലക്ഷ്യമിടുന്നത്.

(സി) ഫയൽ അദാലത്തുകളിൽ, കെട്ടിക്കിടക്കുന്ന ഫയലുകൾ വിശദമായി പരിശോധിക്കാനും അവയിൽ നടപടി എടുക്കുവാൻ അവശേഷിക്കുന്നുണ്ടെങ്കിൽ ആയതിനുള്ള തീരുമാനവും സാധ്യമെങ്കിൽ ആ സമയത്തുതന്നെ എടുക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. മാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി മാറ്റിവയ്ക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ജനങ്ങളിലെത്തിക്കുവാൻ കമ്പ്യൂട്ടർവൽക്കരണം, പഞ്ചദിനചട്ടം, സേവനാവകാശ നിയമം, ഇ-ഫയലിംഗ്, ഇ-ടെന്ററിംഗ്, ഐഡിയാസ് തുടങ്ങിയ ആധുനിക സംവിധാനങ്ങൾ വ്യാപകമാക്കിക്കൊണ്ടിരിക്കുകയാണ്.

(ഡി) നൂറുദിന കർമ്മപരിപാടി പ്രകാരമുള്ള ഫയൽ അദാലത്ത് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിലെ സ്പെഷ്യൽ ഡ്രൈവ് ടീമിന്റെ മേൽനോട്ടത്തിലാണ് നടപ്പിലാക്കിയത്. ഒരു വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകൾ തീർപ്പാക്കുന്നതിനായി 2014 സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 31 വരെ ഒരു ഫയൽ അദാലത്ത് അതാത് വകുപ്പദ്ധ്യക്ഷൻമാരുടെ മേൽനോട്ടത്തിലാണ് നടപ്പിലാക്കിയത്. ഓരോ മാസവും അദാലത്ത് നടത്തുന്നതിനായി അതാത് വകുപ്പ് മേധാവികൾ നേതൃത്വം നൽകുവാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

## കരുതൽ 2015

28 (1731) ശ്രീ. വർക്കല കഹാർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുതൽ 2015 എന്ന പരിപാടി നടത്തിയിട്ടുണ്ടോ ;

(ബി) ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) പ്രസ്തുത പരിപാടി നടത്തുന്നതിന് എന്തെല്ലാം സജ്ജീകരണങ്ങളാണ് ഭരണതലത്തിൽ നടത്തിയത് ; സമാനമായി നടത്തപ്പെട്ട പരിപാടികളിൽ നിന്ന് ഈ പരിപാടിക്കുണ്ടായിരുന്ന വ്യത്യസ്തതകൾ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഭരണസംവിധാനത്തെ സാധാരണ ജനങ്ങൾക്ക് നേരിട്ട് പ്രാപ്യമാക്കുകവഴി ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും കാലതാമസവും പരമാവധി ഒഴിവാക്കുക, ജനങ്ങൾക്ക് അവരുടെ അർഹതപ്പെട്ട ആനുകൂല്യങ്ങളും ആവശ്യങ്ങളും യഥാസമയം ലഭ്യമാക്കുക, ജനങ്ങൾ പൊതുവായി നേരിടുന്നതും എന്നാൽ ചട്ടപ്രകാരം പരിഹാരം കാണാൻ സാധിക്കാത്തതുമായ വിഷയങ്ങൾക്ക് ചട്ടങ്ങളിലും നിയമങ്ങളിലും ഇളവ് വരുത്തി പ്രത്യേകം സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ച് പരിഹാരം കാണുക എന്നിവ ലക്ഷ്യമാക്കിയാണ് 'കരുതൽ 2015' എന്ന പരിപാടി നടത്തിയത്.

(സി) കരുതൽ 2015 എന്ന പരിപാടിയുടെ സജ്ജീകരണം/മാർഗ്ഗനിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച 11-3-2015-ലെ സർക്കാർ ഉത്തരവ് നമ്പർ 1757/15/പൊ.ഭവ അനുബന്ധമായി ചേർക്കുന്നു.* 'കരുതൽ 2015' പരിപാടിയിൽ, കിടപ്പുരോഗികൾ സമർപ്പിക്കുന്ന അപേക്ഷകളിൽ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥനും മെഡിക്കൽ ഓഫീസറും നേരിട്ട് രോഗിയുടെ വീട്ടിലെത്തി പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുകയും അതിന്മേൽ പരാതികൾ തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ ജനസമ്പർക്ക പരിപാടിയിലൂടെ ധനസഹായ വിതരണം ബാങ്ക് അക്കൗണ്ട് വഴി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഓരോ ജില്ലകളിലും വിവിധ പദ്ധതികളും പ്രഖ്യാപിച്ചിട്ടുണ്ട്.

## മിഷൻ 676-ന്റെ ഭാഗമായി സേവനാവകാശ നിയമം നടപ്പിലാക്കാൻ പദ്ധതി

29 (1732) <u>ശ്രീ. സി. പി. മുഹമ്മദ്</u> :
<u>ശ്രീ. പാലോട് രവി</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :
<u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സദയം മറുപടി നൽകുമോ :

(എ) സേവനാവകാശ നിയമം മിഷൻ 676 ന്റെ ഭാഗമായി എല്ലാ വകുപ്പിലും നടപ്പിലാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) സേവനാവകാശ നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(സി) സർക്കാർ സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ജനങ്ങൾക്ക് ലഭിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) സേവനാവകാശ നിയമം ഓരോ വകുപ്പിലും നടപ്പാക്കുന്നത് ആരുടെ നേതൃത്വത്തിലാണ് ; വിശദാംശങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

(എ-സി) പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകുന്നതിലേക്കും അഴിമതി കുറയ്ക്കുന്നതിലേയ്ക്കും വേണ്ടി കേരള സംസ്ഥാന സേവനാവകാശ നിയമം 2012, 2012 നവംബർ 1-ാം തീയതി നിലവിൽ വരികയും കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങൾ 27-10-2012-ലെ സ.ഉ.(പി) 56/2012/ഉ.ഭ.പ.വ. ആയി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. മിഷൻ 676-ന്റെ ഭാഗമായി സംസ്ഥാനത്ത് സേവനാവകാശ നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നു. കേരള സംസ്ഥാന സേവനാവകാശ നിയമം, 2012, 3- ാം വകുപ്പുപ്രകാരം ഓരോ വകുപ്പും ഓരോ വകുപ്പുമേധാവിയും പൊതുജനങ്ങൾക്ക് പ്രദാനം ചെയ്യുന്നതായ സേവനങ്ങൾ (ടി നിയമം 2(g) വകുപ്പിന്റെ പരിധിയിൽപ്പെട്ടവ),നിയുകത ഉദ്യോഗസ്ഥർ, നിശ്ചിത സമയപരിധി, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിവ ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതുണ്ട്. കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളുടെയും/സ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡിൽ സേവനാവകാശ ആക്ടിന്റെ പരിധിയിൽവരുന്ന സേവനങ്ങൾ, നിശ്ചിത സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നും രണ്ടും അപ്പീൽ അധികാരികൾ എന്നിവയും ഓരോ സേവനങ്ങളും ലഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകളെപ്പറ്റിയുള്ള വിവരവും, പ്രസ്തുത ചട്ടങ്ങളുടെ അനുബന്ധമായ ഫോറങ്ങളും എഴുതി പ്രദർശിപ്പിക്കേണ്ടതുണ്ട്. കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഒരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ

നിയുക്ത ഉദ്യോഗസ്ഥനോ പ്രാധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അതത് സംഗതിപോലെ, അപേക്ഷകന്, ഫാറം നമ്പർ 1-ൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിനാവശ്യമായ ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്തപക്ഷം ആയത് കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും അത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി രേഖ ഹാജരാക്കുന്ന തീയതി മുതൽ ആരംഭിക്കുന്നതുമാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സേവനാവകാശനിയമം ഓരോ വകുപ്പിലും നടപ്പാക്കുന്നതിന് വകുപ്പ് സെക്രട്ടറിമാരെയും വകുപ്പദ്ധ്യക്ഷന്മാരെയും നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ഓരോ വകുപ്പിലും ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങൾ പൊതുജനങ്ങൾക്ക് പ്രദാനം ചെയ്യുന്നതിന് ടി നിയമം 3-ാം വകുപ്പുപ്രകാരം നിയുക്ത ഉദ്യോഗസ്ഥർ, ഒന്നാം അപ്പീൽ അധികാരി രണ്ടാം അപ്പീൽ അധികാരി എന്നിവരെ അതത് വകുപ്പുകൾ/ സ്ഥാപനങ്ങൾ ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതാണ്.

## റിട്ടയേർഡ് ജസ്റ്റിസ് എം. രാമചന്ദ്രൻ ചുമതല വഹിക്കുന്ന കമ്മീഷനുകൾ

30 (1733) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിട്ടയേർഡ് ജസ്റ്റിസ് എം. രാമചന്ദ്രനെ ഏതെല്ലാം കമ്മീഷനുകളുടെ ചുമതലക്കാരനായി നിയമിച്ചിട്ടുണ്ട് ; ഇവ ഏതൊക്കെ എന്ന് വിശദമാക്കാമോ ;

(ബി) ഇതിൽ പ്രവർത്തനം പൂർണ്ണമായും പൂർത്തീകരിച്ച കമ്മീഷനുകൾ ഉണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വിവരിക്കുമോ ;

(സി) ഇതിൽ ഓരോ കമ്മീഷനുകളുടെയും പ്രവർത്തനവുമായി ബന്ധപ്പെട്ട് എത്ര രൂപ ഇദ്ദേഹം പ്രതിഫലമായി വാങ്ങിയിട്ടുണ്ട് ;

(ഡി) പ്രസ്തുത കമ്മീഷനുകളിൽനിന്നും പറ്റിയ ശമ്പളം, റ്റി.എ., ഡി.എ. മറ്റ് അലവൻസുകൾ ഇവ പ്രത്യേകമായി വിശദമാക്കുമോ ?

ഉത്തരം

(എ) റിട്ടയേർഡ് ജസ്റ്റിസ് എം. രാമചന്ദ്രൻ അബ്കാരി നയവുമായി ബന്ധപ്പെട്ട കമ്മീഷന്റെ ചുമതല വഹിക്കുന്നുണ്ട്. കൂടാതെ 'ഫെയർ സ്റ്റേജ്' നിശ്ചയിക്കുന്ന

ശിപാർശ സമർപ്പിക്കുന്നതിനായി ട്രാൻസ്പോർട്ട് വകുപ്പും ഈ കമ്മീഷനെ നിയോഗിച്ചിട്ടുണ്ട്. മറ്റ് വകുപ്പുകളിൽ പ്രസ്തുത കമ്മീഷനെ ചുമതലക്കാരനായി നിയമിച്ചിട്ടുണ്ടോ എന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

**പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള കോടതികൾ**

31 (1734) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിന് എത്ര കോടതികൾ സ്ഥാപിച്ചിട്ടുണ്ടെന്നും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ ;

(ബി) ദേശീയ സംസ്ഥാന പട്ടികജാതി കമ്മീഷനുകളുടെ നിർദ്ദേശാനുസരണം ഇപ്രകാരം എത്ര കോടതികളാണ് സ്ഥാപിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) അപ്രകാരം കോടതികൾ സ്ഥാപിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) ഹൈക്കോടതിയുടെ ശിപാർശ പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിനായി മഞ്ചേരി-മലപ്പുറം, മാനന്തവാടി-വയനാട്, കൊട്ടാരക്കര-കൊല്ലം എന്നിവിടങ്ങളിലായി പ്രത്യേക കോടതികൾ സ്ഥാപിക്കുകയും അവ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിൽ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

**കോടതികളിൽ തീർപ്പാക്കാതെ കിടക്കുന്ന കേസ്സുകൾ**

32 (1735) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ കോടതികൾ ഉൾപ്പെടെ സംസ്ഥാനത്തെ കോടതികളിൽ എത്ര കേസ്സുകൾ തീർപ്പാക്കാതെ കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസുകൾ വേഗത്തിൽ തിർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) കോടതികളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 31-3-2015-ലെ കണക്ക് പ്രകാരം ഹൈക്കോടതിയിൽ 147866 കേസ്സുകളും കീഴ് കോടതികളിൽ 1327828 കേസുകളും തീർപ്പാക്കാതെ കെട്ടിക്കിടപ്പുണ്ട്.

(ബി) കീഴ് കോടതികളുടെ പ്രവർത്തനം ഹൈക്കോടതി നിരീക്ഷിക്കുകയും കെട്ടിക്കിടക്കുന്ന കേസ്സുകൾ കുറച്ചുകൊണ്ടുവരുന്നതിനുള്ള നടപടി കൈക്കൊള്ളാറുമുണ്ട്. കേസുകൾ തീർപ്പാക്കുന്നതിനായി Special list system, unit system, target fixation എന്നീ രീതി നടപ്പിലാക്കിവരുന്നുണ്ട്. കാലപ്പഴക്കം ചെന്ന കേസ്സുകൾ, മുതിർന്ന പൗരന്മാർ വിചാരണ തടവുകാർ, പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗം എന്നീ ഗണത്തിൽപ്പെടുന്ന കേസുകൾ തീർപ്പാക്കുന്നതിന് മുൻഗണന നൽകാറുണ്ട്. 13 -ാം ധനകാര്യ കമ്മീഷന്റെ ഫണ്ട് ഉപയോഗിച്ച് 27 താൽക്കാലിക ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ വിവിധ ജില്ലകളിലായി കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർപ്പാക്കുന്നതിലേയ്ക്കായി തസ്തികകൾ സഹിതം അനുവദിച്ചിട്ടുണ്ട്. കൂടാതെ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾ വിചാരണ ചെയ്യുന്നതിനായി പ്രത്യേക കോടതികൾ ആരംഭിച്ചിട്ടുണ്ട്. അതുപോലെതന്നെ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ കേസ്സുകൾ കേൾക്കുന്നതിനായും പ്രത്യേക കോടതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇവയ്ക്കെല്ലാം പുറമെ KELSA-യുടെയും ഹൈക്കോടതിയുടെയും ആഭിമുഖ്യത്തിൽ അദാലത്തുകളും സംഘടിപ്പിച്ചുവരുന്നു.

(സി) 19-9-2014-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(പി) നമ്പർ 400/2014/ ധന. പ്രകാരം 31-3-2015 മാർച്ച് വരെ പുതിയ തസ്തികകൾ അനുവദിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നു. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് അത്യാവശ്യ സന്ദർഭങ്ങളിൽ പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് പുതിയ തസ്തികകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കാറുണ്ട്.

## കൽപ്പറ്റയിൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി അനുവദിക്കൽ

33 (1736) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റയിൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി അനുവദിക്കണമെന്നാവശ്യപ്പെട്ട് ലഭിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിഷയത്തിന്മേൽ ബഹു ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ശിപാർശ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ശിപാർശയെന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കൽപ്പറ്റയിൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി ആരംഭിക്കുന്നത് സ.ഉ.(സാധാ) നമ്പർ 1919/09/ആഭ്യന്തരം പ്രകാരം കോടതികൾ ആരംഭിക്കുന്നതിനുള്ള മുൻഗണന പട്ടികയിൽ ഹൈക്കോടതിയുടെ ശിപാർശയനുസരിച്ച് ക്രമനമ്പർ 9 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻഗണന ക്രമമനുസരിച്ചും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തുകൊണ്ടും മാത്രമേ കോടതി ആരംഭിക്കുന്നതിനുള്ള അനുവാദം സാധ്യമാകുകയുള്ളൂ.

## പിൻവലിക്കപ്പെട്ട കേസുകൾ

34 (1737) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതുവരെ എത്ര കേസ്സുകൾ പിൻവലിക്കുന്നതിനായി പ്രോസിക്യൂഷൻ ഉത്തരവ് നൽകിയിട്ടുണ്ടെന്നും ഇതിൻപ്രകാരം പിൻവലിക്കപ്പെട്ട കേസുകൾ എത്രയെന്നും വ്യക്തമാക്കാമോ ;

(ബി) ഇവ ഏതൊക്കെ സെക്ഷൻ ഉൾപ്പെടുത്തിയിരുന്ന കേസ്സുകളാണെന്നും ഏതൊക്കെ കോടതികളിൽ ഉള്ളവ ആയിരുന്നെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 5089 കേസുകൾ പിൻവലിക്കുന്നതിന് സർക്കാർ നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട്. ഇതിൽ 1403 കേസുകൾ പിൻവലിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**തീരദേശ നിയന്ത്രണ വിജ്ഞാപന ഭേദഗതി**

35 (1738) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ സംരക്ഷണ നിയമമനുസരിച്ച് കെട്ടിട നിർമ്മാണത്തിന് അനുമതി നല്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ് ;

(ബി) വീട് വയ്ക്കാൻ വേറെ സ്ഥലമില്ലാത്ത പാവപ്പെട്ടവർക്ക് എന്തെങ്കിലും ഇളവ് ഈ നിയമത്തിലുണ്ടോ എന്നറിയിക്കുമോ ; ഇവർക്ക് വീട്ടു നിർമ്മാണത്തിന് ഇളവ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശം നല്കുമോ ?

ഉത്തരം

(എ) തീരദേശസംരക്ഷണ നിയമമനുസരിച്ച് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 2011-ലെ വിജ്ഞാപനം പ്രകാരം താഴെപ്പറയുന്ന വ്യവസ്ഥകൾ ബാധകമാണ് :

സി.ആർ.ഇസഡ്-I മേഖലയിൽ പുതിയ നിർമ്മാണം അനുവദനീയമല്ല.

സി.ആർ.ഇസഡ്-II-ൽ (നഗരപ്രദേശങ്ങളിൽ) നിലവിലുള്ള (19-2-1991) കെട്ടിടത്തിന്റെയോ റോഡിന്റെയോ കരഭാഗത്ത് പുതിയ കെട്ടിടം നിർമ്മിക്കാം.

സി.ആർ.ഇസഡ്-III (ഗ്രാമപ്രദേശങ്ങളിൽ) കടലിന്റെയും വേലിയേറ്റ സ്വാധീനമുള്ള ഉൾനാടൻ ജലാശയങ്ങളുടെ ഇരുകരകളിലും വേലിയേറ്റരേഖ മുതൽ നൂറ് മീറ്റർ വരെ പുതിയ നിർമ്മിതികൾ സാധ്യമല്ല. എന്നാൽ നിലവിലുള്ള തറ വിസ്തീർണ്ണം വർദ്ധിക്കാതെ പുനർനിർമ്മാണം അനുവദിക്കാം. കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും നൂറ് മീറ്റർ കഴിഞ്ഞ് 200 മീറ്റർ വരെ തദ്ദേശവാസികൾക്ക് ചില നിയന്ത്രണങ്ങൾക്ക് വിധേയമായി പുതിയ നിർമ്മാണം അനുവദിക്കാം. വേലിയേറ്റ രേഖയിൽനിന്നും 200 മീറ്റർ-500 മീറ്റർ പരിധിയിൽ പുതിയ നിർമ്മാണം (വീടുകൾ) അനുവദിക്കും. ഇവിടെ ടൂറിസവും ചില നിബന്ധനകൾക്ക് വിധേയമായി അനുവദിക്കാം. കേരളത്തിലെ കായൽ ദ്വീപുകളിൽ സി.ആർ.ഇസഡ് മേഖല 50 മീറ്റർ മാത്രമേ ഉള്ളൂ.

(ബി) നിലവിലുള്ള നിയമത്തിൽ ഇളവില്ല. സംസ്ഥാന സർക്കാർ ചില ഇളവുകൾക്കുവേണ്ടി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**തീരദേശ നിയന്ത്രണ വിജ്ഞാപന ഭേദഗതി**

36 (1739) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ വിജ്ഞാപന ഭേദഗതിക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(സി) തീരദേശ നിയന്ത്രണ വിജ്ഞാപന ഭേദഗതിക്ക് അംഗീകാരം ലഭിച്ചിട്ടില്ലെങ്കിൽ ആയത് ലഭിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) തീരദേശ പരിപാലന വിജ്ഞാപനത്തിലെ വ്യവസ്ഥകൾ സംസ്ഥാനത്ത് നടപ്പാക്കുന്നതുമൂലം സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്കും മറ്റ് തീരദേശവാസികൾക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി വിജ്ഞാപനത്തിന്റെ വ്യവസ്ഥകളിൽ ആവശ്യമായ ഇളവുകൾ വരുത്തുന്നതിന് ബഹു ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര വനം പരിസ്ഥിതി മന്ത്രിക്ക് കത്ത് നൽകിയിരുന്നു. തുടർന്ന് ഈ ആവശ്യം പഠിക്കുന്നതിനായി കേന്ദ്ര സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതി 22-8-2014-ന് കേരളത്തിൽ വന്ന് ആവശ്യങ്ങളെക്കുറിച്ച് വിശദമായ ചർച്ച നടത്തുകയുണ്ടായി. 2014 ഒക്ടോബർ 27-ന് ഡൽഹിയിൽ വച്ച് ഈ സമിതിയുമായി സംസ്ഥാന സർക്കാരിന്റെ പ്രതിനിധികൾ ആവശ്യങ്ങൾ ചർച്ച ചെയ്തു. ഇതുകൂടാതെ മുഖ്യമന്ത്രി പ്രധാനമന്ത്രിയേയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രിയേയും നേരിൽകണ്ട് ആവശ്യങ്ങൾ വീണ്ടും ഉന്നയിക്കുകയും 16-10-2014-ൽ പ്രധാനമന്ത്രിക്ക് നേരിട്ട് നിവേദനവും നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ തീരുമാനം ഉടനെയുണ്ടാകും എന്ന ബഹു ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി ശ്രീ. പ്രകാശ് ജാവദേക്കർ 25-11-2014-ന് മുഖ്യമന്ത്രിയെ അറിയിക്കുകയുണ്ടായി. സംസ്ഥാന സർക്കാരിന്റെ ആവശ്യങ്ങൾ അംഗീകരിച്ചുകൊണ്ട് ഇതുവരെയും കേന്ദ്ര സർക്കാർ തീരുമാനം വന്നിട്ടില്ല.

**ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന് വകയിരുത്തിയ തുക**

37 (1740) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ വിവിധ പദ്ധതികൾക്കായി

കഴിഞ്ഞ ബഡ്ജറ്റിൽ (2014-15) വകയിരുത്തിയ തുക എത്ര കോടിയെന്ന് വ്യക്തമാക്കാമോ ;

(ബി) വകയിരുത്തിയ തുകയിൽ എത്ര രൂപ അനുവദിക്കപ്പെട്ടിട്ടുണ്ടെന്നും എത്ര തുക ചെലവഴിക്കാതെ ബാക്കിയുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) ലഭിച്ച തുകകൊണ്ട് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന വ്യക്തമാക്കാമോ ?

ഉത്തരം

(എ) 9097.00 ലക്ഷം രൂപ.

(ബി) 6216.32 ലക്ഷം രൂപ അനുവദിച്ചു. ആയതിൽ 750.67 ലക്ഷം രൂപ സർക്കാർ ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. ഈ തുക സെപ്റ്റംബർ 2015 വരെ ഉപയോഗിക്കാവുന്നതാണ്.

(സി) അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

**സി.ആർ.ഇസഡ് മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി**

38 (1741) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ ആലപ്പുഴ മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്തുകൾ എന്നിവ മുഖേന സി.ആർ.ഇസഡ്. മേഖലയിൽ കെട്ടിട നിർമ്മാണ അനുമതി/നമ്പർ നൽകൽ/ക്രമവത്ക്കരണം എന്നിവയ്ക്കുള്ള എത്ര അപേക്ഷകളാണ് കേരളാ സ്റ്റേറ്റ് കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് 2015-ൽ ഇതുവരെ ലഭിച്ചത് ; ഇതിൽ എത്രയെണ്ണത്തിന് ക്ലിയറൻസ് നൽകി ; ക്ലിയറൻസ് ലഭിച്ച അപേക്ഷകരുടെ പേരും മേൽവിലാസവും സഹിതം പട്ടിക നൽകാമോ :

(ബി) ലഭിച്ച അപേക്ഷകളിൽ നിരസിച്ചവ എത്രയെന്നും അപേക്ഷ നിരസിച്ചവരുടെ പേരും വിലാസവും നിരസിക്കാനുണ്ടായ കാരണവും വിവരിക്കുന്ന പട്ടിക നൽകാമോ ;

(സി) കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ ക്ലിയറൻസിനായി സമർപ്പിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിന് അനന്തമായ കാലതാമസം ഉണ്ടാകുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു പരിഹരിക്കാൻ എന്തു നടപടികളാണ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്വീകരിക്കുകയെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) 81 അപേക്ഷകൾ. ടി. അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. കേരള തീരദേശപരിപാലന അതോറിറ്റിയുടെ കാലാവധി 19-12-2014-ന് അവസാനിച്ച ശേഷം അതോറിറ്റി പുനഃസംഘടിപ്പിച്ചു കൊണ്ടുള്ള കേന്ദ്ര സർക്കാരിന്റെ വിജ്ഞാപനം ലഭിച്ചത് 4-4-2015-ൽ മാത്രമാണ്. ഈ കാലയളവിൽ അതോറിറ്റി നിലവിലില്ലാതിരുന്നതിനാൽ അപേക്ഷകൾ പരിഗണിക്കാൻ സാധിച്ചില്ല. ആയതുമൂലം കാലതാമസം നേരിട്ടു. തുടർന്ന് 2015 ഏപ്രിൽ, മേയ് മാസങ്ങളിൽ അതോറിറ്റി യോഗം കൂടി പരമാവധി അപേക്ഷകൾ തീർപ്പാക്കുവാൻ നടപടി സ്വീകരിച്ചു. തുടർന്നങ്ങോട്ടും എല്ലാ മാസങ്ങളിലും അതോറിറ്റി യോഗം ചേർന്ന് പരമാവധി അപേക്ഷകൾ തീർപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

## പി.എസ്.സി. കാലാവധി നീട്ടൽ

39 (1742) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പി. എസ്. സി. ലിസ്റ്റുകളുടെ കാലാവധി നീട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുമൂലം എത്ര പേർക്ക് നിയമനം ലഭ്യമായിട്ടുണ്ട് ;

(സി) ഓരോ ലിസ്റ്റിൽനിന്നും എത്ര പേർക്ക് വീതമാണ് ഇത്തരത്തിൽ നിയമനം ലഭ്യമായിട്ടുള്ളതെന്ന് പ്രത്യേകം വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം പത്ത് തവണയാണ് റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ചത്. ആകെ 1704 റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്.

(ബി & സി) പി.എസ്.സി.-യിൽ ഇതുസംബന്ധിച്ച വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

## റാങ്ക് ലിസ്റ്റുകളിൽ നിന്നുള്ള നിയമനം

40 (1743) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള എൽ.ഡി.സി., ലാസ്റ്റ്ഗ്രേഡ് സെർവന്റ് പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ നിന്ന് എത്ര പേർക്ക് നിയമനം നല്കിയിട്ടുണ്ട് ; ജില്ല തിരിച്ച് വിശദാംശം നൽകുമോ ; പ്രസ്തുത റാങ്ക് ലിസ്റ്റുകൾ നിലവിൽ വന്നതെന്ന് ; റാങ്ക് ലിസ്റ്റുകളുടെ കാലാവധി എന്നവസാനിക്കും ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽനിന്ന് പരമാവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഇതിനുമുമ്പ് പ്രസിദ്ധീകരിച്ച ലിസ്റ്റിൽ നിന്നും പ്രസ്തുത തസ്തികകളിലേക്ക് എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കിയിരുന്നു ; വിശദാംശം നല്കുമോ ?

<u>ഉത്തരം</u>

(എ) നിലവിലുള്ള എൽ..ജി.എസ്. റാങ്ക് ലിസ്റ്റ് 29-6-2012-നും എൽ.ഡി.സി. റാങ്ക് ലിസ്റ്റ് 31-3-2015-നുമാണ് നിലവിൽ വന്നത്. 31-3-2015-ന് നിലവിൽവന്ന എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമന ശിപാർശ നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്. എൽ.ജി.എസ്. റാങ്ക് ലിസ്റ്റിലെ നിയമനനില അനുബന്ധം ഒന്ന് ആയി ചേർക്കുന്നു.* ഒരു റാങ്ക് ലിസ്റ്റിന്റെ കാലാവധി ഏറ്റവും കുറഞ്ഞത് ഒരു വർഷവും പരമാവധി മൂന്ന് വർഷം അല്ലെങ്കിൽ അതേ തസ്തികയ്ക്ക് പുതിയ ഒരു റാങ്ക് ലിസ്റ്റ് നിലവിൽ വരുന്നത് വരെയോ ആയിരിക്കും.

(ബി) നിലവിലുള്ള എല്ലാ റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം ത്വരിതപ്പെടുത്തുന്നതിനായി അതാതു മാസം ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-യെ അറിയിക്കാൻ എല്ലാ നിയമനാധികാരികൾക്കും വകുപ്പ് മേധാവികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ എൽ.ജി.എസ്. നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി 2015 ജൂലൈ മാസം വരെയുള്ള പ്രസ്തുത തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂറായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) അനുബന്ധമായി ചേർക്കുന്നു.*

## പി.എസ്.സി.-യുടെ പരീക്ഷാരീതി

41 (1745) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി.-യുടെ പരീക്ഷാരീതി പരിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് വരുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) നിലവിലെ പരീക്ഷാരീതിയിൽ ഉദ്യോഗാർത്ഥികൾക്കുള്ള എന്തെല്ലാം ആശങ്കകളാണ് പ്രസ്തുത പരിഷ്ക്കാരങ്ങൾ വഴി പരിഹരിക്കപ്പെടുന്നത് ; വിശദമാക്കുമോ ;

(സി) പ്രസ്തുത പരിഷ്ക്കാരങ്ങൾ നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) പി.എസ്.സി.-യുടെ പരീക്ഷാരീതി പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ പരീക്ഷാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഓൺലൈൻ പരീക്ഷ മുഖേന റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിലെ കാലതാമസം ഒഴിവാക്കുവാൻ സാധിക്കും.

(സി) പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം എന്നീ ജില്ലകളിൽ ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ഓൺലൈൻ പരീക്ഷാ കേന്ദ്രത്തിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

## എൽ.ഡി.ക്ലാർക്ക് നിയമനം

42 (1746) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകളിൽ എൽ.ഡി. ക്ലാർക്ക് നിയമനത്തിന് പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ലിസ്റ്റുകളിൽനിന്ന് ഓരോ ജില്ലയിലും ഇതുവരെ നടന്ന നിയമനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) കഴിഞ്ഞ വർഷം ഈ തസ്തികയിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അവയിൽ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും അറിയിക്കാമോ ;

(ഡി) വകുപ്പുകളിൽ നിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം വരുത്തുകയോ നിയന്ത്രണം ഏർപ്പെടുത്തുകയോ ചെയ്തിട്ടുള്ളതായി അറിയുമോ ;

(ഇ) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(എഫ്) നിലവിലുള്ള ഒഴിവുകൾ പൂർണ്ണമായും റിപ്പോർട്ട് ചെയ്ത് നിയമന നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 31-3-2015-ന് നിലവിൽവന്ന ലിസ്റ്റിൽ നിന്നും നിയമന നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്.

| | | | |
|---|---|---|---|
| (സി) | തിരുവനന്തപുരം | - | 470 |
| | കൊല്ലം | - | 185 |
| | ആലപ്പുഴ | - | 184 |
| | പത്തനംതിട്ട | - | 169 |
| | കോട്ടയം | - | 187 |
| | ഇടുക്കി | - | 199 |
| | എറണാകുളം | - | 364 |
| | തൃശ്ശൂർ | - | 318 |

| | | |
|---|---|---|
| പാലക്കാട് | - | 300 |
| മലപ്പുറം | - | 391 |
| കോഴിക്കോട് | - | 353 |
| വയനാട് | - | 132 |
| കണ്ണൂർ | - | 151 |
| കാസർഗോഡ് | - | 151 |

(ഡി&ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബാധകമല്ല.

(എഫ്) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ നിയമനാധികാരികൾക്കും വകുപ്പുമേധാവികൾക്കും കർശനനിർദ്ദേശം നൽകിയിട്ടുണ്ട്.

**എൽ.ഡി.ക്ലാർക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത വകുപ്പുകൾ**

43 (1747) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. വഴി എത്ര പേർക്ക് നിയമനം നൽകി ; ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ ;

(ബി) പാലക്കാട് ജില്ലയിലെ എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചു ; ഓരോ വിഭാഗത്തിൽ നിന്നും എത്ര പേരെയാണ് നിയമനത്തിനായി ശിപാർശ ചെയ്തത് ; കാറ്റഗറി തിരിച്ച് നിയമന ശിപാർശ നൽകിയവരുടെ വിശദാംശം ലഭ്യമാക്കാമോ ;

(സി) നിലവിലുള്ള എൽ.ഡി.ക്ലാർക്ക് ഒഴിവുകൾ മുഴുവൻ റിപ്പോർട്ട് ചെയ്യാത്ത ഏതെല്ലാം വകുപ്പുകളാണുള്ളത് ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) നിലവിലുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത വകുപ്പ് മേധാവികൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 123104 പേർക്ക് 19-6-2015 വരെ നിയമനം നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) പാലക്കാട് ജില്ലയിലെ എൽ.ഡി.സി. നിയമനത്തിനുള്ള റാങ്ക് പട്ടിക 31-3-2015-ന് നിലവിൽവന്നു. ടി ലിസ്റ്റിൽ നിന്നുള്ള നിയമന നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) വകുപ്പുമേധാവികൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കർശനനടപടി സ്വീകരിക്കുന്നതാണ് എന്ന് വിവിധ ഉത്തരവുകൾ/ പരിപത്രങ്ങൾ എന്നിവയിലൂടെ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

**ആശ്രിത നിയമന പദ്ധതി**

44 (1748) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ആശ്രിത നിയമനം സംബന്ധിച്ച് എടുത്തിട്ടുള്ള പ്രധാന തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുസംബന്ധിച്ച് പ്രത്യേക ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കോപ്പികൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) 3-2-2012-ലെ സ.ഉ.(പി) നമ്പർ 6/12/ഉഭപവ പ്രകാരം, ഡ്യൂട്ടിക്കിടെ സംഭവിക്കുന്ന അപകടംമൂലം മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് "ഔട്ട് ഓഫ് ടേൺ" പ്രയോറിറ്റി അനുവദിക്കുകയുണ്ടായി. 6-7-2012-ലെ GO(MS) 174/12/GAD പ്രകാരം 549-ഉം 2-9-2013-ലെ GO(MS) 249/13/GAD പ്രകാരം 356-ഉം 2-6-2014-ലെ ജി.ഒ. (എംഎസ്) 131/14/GAD പ്രകാരം 3-ഉം 6-11-2014-ലെ GO(MS)307/14/GAD പ്രകാരം ഒന്നും സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് ആശ്രിത നിയമനം നൽകിയിട്ടുണ്ട്. 21-7-2014-ലെ സ.ഉ.(എംഎസ്) നമ്പർ 22/14/ ഉഭപവ പ്രകാരം സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നടത്തിയ നിയമനങ്ങൾ ക്രമീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഇതുകൂടാതെ 26-9-2014-ലെ സ.ഉ.(പി) നമ്പർ 33/14/ഉഭപവ പ്രകാരം സമാശ്വാസ തൊഴിൽദാന

പദ്ധതി പ്രകാരമുള്ള നിയമനത്തിനുള്ള അപേക്ഷകരുടെ സീനിയോറിറ്റി നിശ്ചയിക്കുന്നതു സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## ആലപ്പുഴ ജില്ലയിലെ എച്ച്.എസ്.എ. മലയാളം പി.എസ്.സി. നിയമനം

45 (1749) ശ്രീ. ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ എച്ച്.എസ്.എ. മലയാളം റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; പ്രസ്തുത റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്, ഈ ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണ് ; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് ഇതുവരെ നിയമനം നൽകി ; വിവിധ വിഭാഗങ്ങൾ തിരിച്ച് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ എച്ച്.എസ്.എ. മലയാളം റാങ്ക് ലിസ്റ്റ് നിലവിലില്ല. 15-10-2010-ൽ നിലവിൽ വന്ന ടി ലിസ്റ്റിന്റെ കാലാവധി 14-4-2015 -ൽ അവസാനിച്ചു.

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും പതിനാല് പേർക്ക് നിയമനം നൽകി. വിഭാഗങ്ങൾ തിരിച്ച കണക്ക് താഴെ ചേർക്കുന്നു :

| | | |
|---|---|---|
| ജനറൽ | - | 7 |
| ഈഴവ | - | 1 |
| പട്ടികവർഗ്ഗം | - | 1 |
| മുസ്ലീം | - | 1 |
| ഒ.ബി.സി. | - | 1 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | | |
|---|---|---|
| അദർ ക്രിസ്ത്യൻസ് | - | 1 |
| ധീവര | - | 1 |
| ഹിന്ദു-നാടാർ | - | 1 |
| ആകെ | - | 14 |

**സംസ്ഥാന സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാർ**

46 (1750) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2015 ഏപ്രിൽ 30 വരെ സംസ്ഥാന സർവ്വീസിൽ നിന്നും എത്ര ജീവനക്കാർ വിരമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2015 ഏപ്രിൽ 30 വരെ പൊതുഭരണ വകുപ്പിൽ നിന്നും 421 ജീവനക്കാർ വിരമിച്ചിട്ടുണ്ട്. മറ്റു വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

**പിന്നോക്ക സമുദായ നിയമനങ്ങൾ**

47 (1751) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർവ്വീസിൽ പിന്നോക്ക സമുദായങ്ങൾക്കുള്ള പ്രാതിനിധ്യ കുറവ് നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കുറവ് നികത്തുന്നതിന്റെ ഭാഗമായി ഈ സർക്കാർ ഇതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് ജാതി തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) സർക്കാർ സർവ്വീസിൽ മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ട

ജീവനക്കാരുടെ പ്രാതിനിധ്യം പരിശോധിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഒരു ഉന്നതാധികാരസമിതി നിലവിലുണ്ട്. പ്രസ്തുത ഉന്നതാധികാര സമിതി 12-1-2015-ൽ യോഗം ചേരുകയും ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ പ്രാതിനിധ്യം സംബന്ധിച്ച വിവരം എല്ലാ വകുപ്പുകളിൽ നിന്നും ശേഖരിക്കുവാൻ തീരുമാനിക്കുകയുമുണ്ടായി. അതുപ്രകാരം ഒ.ബി.സി. പ്രാതിനിധ്യം സംബന്ധിച്ച വിവരം വകുപ്പുകളിൽനിന്നും ശേഖരിച്ചുവരികയാണ്. പ്രസ്തുത വിവര ശേഖരണം കഴിഞ്ഞതിനുശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പുതിയതായി നിലവിൽ വന്ന എൽ.ഡി.സി. റാങ്ക് ലിസ്റ്റിലെ നിയമനം**

48 (1752) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയതായി നിലവിൽ വന്ന എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും എന്നു മുതൽ നിയമനം നടത്തുമെന്നു വ്യക്തമാക്കാമോ ;

(സി) പുതിയ എൽ.ഡി.സി. റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വന്നതിനുശേഷം പഴയ എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) പുതിയ റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വന്നാൽ പഴയ ലിസ്റ്റ് നിലനിൽക്കില്ല എന്ന പി.എസ്.സി.-യുടെ വ്യവസ്ഥ പ്രസ്തുത ലിസ്റ്റിൽ ലംഘിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ-ഡി) എൽ.ഡി. ക്ലാർക്ക് തസ്തികയുടെ പഴയ റാങ്ക് ലിസ്റ്റ് 30-3-15-ൽ റദ്ദാക്കുകയും 31-3-2015-ൽ മേൽ തസ്തികയിലേക്ക് പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വരികയും ചെയ്തു. 30-3-2015-ൽ റദ്ദായ റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ ടി ലിസ്റ്റിൽ നിന്നുതന്നെ നികത്തുന്നതാണ് എന്ന വിജ്ഞാപന വ്യവസ്ഥപ്രകാരം നിയമന ശിപാർശ നൽകി വരികയാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് 31-3-2015 മുതൽ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾ ടി തീയതിയിൽ നിലവിൽ വന്ന പുതിയ ലിസ്റ്റിൽ നിന്നും നിയമന ശിപാർശ ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

### വികലാംഗരായ ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റത്തിനായി സംവരണം

49 (1753) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിലെ വികലാംഗരായ ഉദ്യോഗസ്ഥർക്ക് സ്ഥാനകയറ്റത്തിനായി 3% സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയുടെ പശ്ചാത്തലത്തിൽ ആയതിനായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സർക്കാർ സർവ്വീസിലെ വികലാംഗരായ ഉദ്യോഗസ്ഥർക്ക് സ്ഥാന കയറ്റത്തിനായി മൂന്ന് ശതമാനം സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി നടപ്പാക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

### സൂപ്പർന്യൂമററി തസ്തികകൾ

50 (1754) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

2014-2015 വർഷത്തിൽ വിവിധ വകുപ്പുകളിൽ എത്ര സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചു ; വിശദമാക്കാമോ ?

ഉത്തരം

പൊതുവിദ്യാഭ്യാസം, ആരോഗ്യ കുടുംബക്ഷേമം, ഉന്നത വിദ്യാഭ്യാസം, ആഭ്യന്തരം, നികുതി എന്നിവ ഒഴികെയുള്ള വകുപ്പുകളിലായി 2014-15 വർഷത്തിൽ 965 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. തസ്തികകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* പൊതുവിദ്യാഭ്യാസം, ആരോഗ്യം, കുടുംബക്ഷേമം, ഉന്നത വിദ്യാഭ്യാസം, ആഭ്യന്തരം, നികുതി എന്നീ വകുപ്പുകളിൽ നിന്നുള്ള വിവരം ശേഖരിച്ചു വരുന്നു.

### അഗ്രികൾച്ചറൽ അസിസ്റ്റന്റ് നിയമനം

51 (1755) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012 മേയ് മാസത്തിൽ നിലവിൽ വന്ന അഗ്രികൾച്ചർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി ഒരു വർഷത്തേക്ക് നീട്ടി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നൽകുമോ ;

(ബി) സർക്കാർ പെൻഷൻ പ്രായം ഉയർത്തിയതിലൂടെ ഈ ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്ക് വന്ന (അവസര) നഷ്ടം നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 18-5-2012-ൽ നിലവിൽവന്ന കൃഷി വകുപ്പിലെ അഗ്രികൾച്ചർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയുടെ റാങ്ക് പട്ടികയുടെ കാലാവധി 30-9-2015 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(ബി) അഗ്രികൾച്ചർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയുടെ റാങ്ക് പട്ടികയുടെ കാലാവധി 30-9-2015 വരെ ദീർഘിപ്പിച്ചു നൽകിയതുമൂലം കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് അവസരം ലഭ്യമായിട്ടുണ്ട്.

## സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്

52 (1756) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിവിലുള്ള സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത് ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേരെയാണ് നിയമിച്ചിട്ടുള്ളത് ;

(സി) ഓരോ വിഭാഗം തിരിച്ചുള്ള നിയമനത്തിന്റെ വിവരം ലഭ്യമാക്കുമോ ;

(ഡി) ഇപ്പോൾ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് ?

ഉത്തരം

(എ) 8-4-2013 -നാണ് റാങ്ക് ലിസ്റ്റ് നിലവിൽ വന്നത്. ഒരു റാങ്ക് ലിസ്റ്റിന്റെ കാലാവധി കുറഞ്ഞത് ഒരു വർഷവും പരമാവധി 3 വർഷമോ അല്ലെങ്കിൽ ടി തസ്തികയുടെ തെരഞ്ഞെടുപ്പിനായി പുതിയ ഒരു ലിസ്റ്റ് നിലവിൽ വരുന്നതുവരെയോ ആയിരിക്കും.

(ബി) 15-6-2015 വരെ 384 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(സി) OC - 299 റാങ്കുവരെ

| | | |
|---|---|---|
| Ezhava | - | 311 " |
| SC | - | S/L-4 " |
| ST | - | S/L -10 " |
| Muslim | - | 402 " |
| LC/AI | - | 484 " |
| OBC | - | 306 " |
| Viswakarma | - | 352 " |
| Dheevara | - | 657 " |
| SIUC Nadar | - | 495 റാങ്കുവരെ |
| Hindu Nadar | - | 503 " |
| OX | - | 1419 " |
| LP/By Transfer | - | 10 " |
| PH Blind | - | 4 " |
| PH Deaf | - | 3 " |
| PH Ortho | - | 4 " |

(ഡി) 1 (ഒന്ന്).

**സർവ്വീസിൽനിന്ന് വിരമിച്ചവർ**

53 (1757) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ വകുപ്പുകളിൽ നിന്ന് വിരമിച്ച ഉദ്യോഗസ്ഥരുടെ എണ്ണം വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011 മേയ് 8 മുതൽ 2015

മേയ് 31 വരെ 71603 ജീവനക്കാർ വിരമിച്ചിട്ടുണ്ട്. സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽനിന്നും 471 ഉദ്യോഗസ്ഥർ വിരമിക്കുകയുണ്ടായി. മറ്റു വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

## 100% അന്ധതയുള്ളവരെ റാങ്ക് ലിസ്റ്റിൽനിന്നും ഒഴിവാക്കിയ നടപടി

54 (1758) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. നടത്തിയ എൽ.ഡി. ക്ലാർക്ക് പ്രവേശന പരീക്ഷയിൽ (കാറ്റഗറി നമ്പർ 218/13) 100% അന്ധതയുള്ളവർ ഷോർട്ട് ലിസ്റ്റിൽ വരികയും ഇന്റർവ്യൂവിന് പങ്കെടുക്കുകയും ചെയ്തെങ്കിലും റാങ്ക് ലിസ്റ്റ് വന്നപ്പോൾ ഉദ്യോഗാർത്ഥികളുടെ പേര് ഉൾപ്പെടുത്താത്തതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ബി) വിജ്ഞാപനത്തിലും പരീക്ഷയ്ക്ക് അപേക്ഷിക്കുമ്പോഴും ഇന്റർവ്യൂ സമയത്തും അറിയിക്കാതെ പെട്ടെന്നൊരു തീരുമാനം എടുക്കുന്നതിനുണ്ടായ സാഹചര്യം എന്താണ് ;

(സി) കണ്ണൂർ ജില്ലയിൽ എത്ര ഉദ്യോഗാർത്ഥികളെ ഇതുപ്രകാരം റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്താത്തതായിട്ടുണ്ട് ; വിശദാംശം നൽകുമോ ;

(ഡി) പല ഉദ്യോഗാർത്ഥികൾക്കും അപേക്ഷിക്കാനുള്ള പ്രായപരിധി കഴിഞ്ഞതിനാൽ ഇക്കാര്യത്തിൽ മാനുഷികവും അനുകൂലവുമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) എൽ.ഡി. ക്ലാർക്ക് തസ്തികയുടെ സാധ്യതാ പട്ടികയിൽ മുഖ്യപട്ടിക/ ഉപപട്ടിക എന്നിവയിൽ ഭിന്നശേഷി വിഭാഗം നൂറ് ശതമാനം അന്ധതയുള്ള ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിരുന്നു. എന്നാൽ 3-1-2013-ലെ G.O(P) No.1/13/SJD പ്രകാരം എൽ.ഡി. ക്ലാർക്ക് തസ്തികയുടെ 3% ഭിന്നശേഷിയുള്ളവർക്കായുള്ള സംവരണത്തിന് പ്രസ്തുത വിഭാഗം ഉൾപ്പെട്ടിട്ടില്ല. ഈ സാഹചര്യത്തിലാണ് അവരെ ലിസ്റ്റിൽനിന്നും ഒഴിവാക്കിയത്.

(സി) രണ്ട്.

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## 1-4-2014 മുതൽ 31-5-2015 വരെ സർവീസിൽ നിന്നും വിരമിച്ചവരും നിയമിക്കപ്പെട്ടവരും

55 (1759) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-4-2014 മുതൽ 31-5-2015 വരെയുള്ള കാലയളവിൽ സർക്കാർ സർവ്വീസിൽ നിന്നും എത്ര പേർ വിരമിച്ചു ; ഓരോ വകുപ്പിൽ നിന്നും വിരമിച്ചവരുടെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) 1-4-2014 മുതൽ 31-5-2015 വരെ എത്ര ആളുകളെ പി.എസ്.സി. വഴി നിയമിക്കുകയുണ്ടായി ; വിശദാംശം വകുപ്പ് തിരിച്ച് നൽകാമോ?

<u>ഉത്തരം</u>

(എ) 1-4-2014 മുതൽ 31-5-2015 വരെയുള്ള കാലയളവിൽ സെക്രട്ടേറിയറ്റിലെ പൊതുഭരണവകുപ്പിൽനിന്നും 181 പേർ സർക്കാർ സർവ്വീസിൽനിന്നും വിരമിക്കുകയുണ്ടായി. മറ്റു വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) 1-4-2014 മുതൽ 1-5-2015 വരെയുള്ള കാലയളവിൽ സെക്രട്ടേറിയറ്റിലെ പൊതുഭരണവകുപ്പിൽനിന്നും 186 പേരെ പി.എസ്.സി. വഴി നിയമിക്കുകയുണ്ടായി. മറ്റു വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

## പെരുവണ്ണാമൂഴി സി.ആർ.പി.എഫ്. ക്യാമ്പ്

56 (1760) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുവണ്ണാമൂഴി സി.ആർ.പി.എഫ് ക്യാമ്പ് അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എപ്പോഴാണ് അനുവദിച്ചതെന്ന് പ്രസ്തുത ഉത്തരവിന്റെ പകർപ്പ് സഹിതം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ക്യാമ്പിനാവശ്യമായ ഭൂമി ഏറ്റെടുത്തിട്ടുണ്ടോ ; എങ്കിൽ ഏത് വകുപ്പിൽ നിന്നാണ് ഭൂമി ഏറ്റെടുത്തത് എന്നും ഭൂമിയുടെ അളവും വ്യക്തമാക്കുമോ ;

(സി) സി.ആർ.പി.എഫ്. ക്യാമ്പിൻെറ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. 9-4-2013-ലെ സ.ഉ.(എം.എസ്.) നമ്പർ 134/2013/റവന്യൂ പ്രകാരം പെരുവണ്ണാമൂഴി സി.ആർ.പി.എഫ്. ക്യാമ്പ് ആരംഭിക്കുന്നതിനുവേണ്ടി 40 ഏക്കർ ഭൂമി പാട്ട വ്യവസ്ഥയിൽ 30 വർഷത്തേക്ക് സി.ആർ.പി.എഫ്. അധികൃതർക്ക് കൈമാറി കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഇതോടൊപ്പം ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത ക്യാമ്പിനാവശ്യമായ ഭൂമി 10-7-2013 -ൽ ഏറ്റെടുത്തിട്ടുണ്ട്. ജലവിഭവ വകുപ്പിന്റെ കീഴിലുണ്ടായിരുന്ന 40 ഏക്കർ ഭൂമിയാണ് ഏറ്റെടുത്തത്.

(സി) സി.ആർ.പി.എഫ്. ക്യാമ്പ് സൈറ്റിന്റെ നിർമ്മാണ ജോലിക്കായിട്ടുള്ള ലേഔട്ട് പ്ലാൻ തയ്യാറാക്കി വരികയാണെന്ന് പള്ളിപ്പുറം സി.ആർ.പി.എഫ്., ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സി.ആർ.പി.എഫ്. അധികൃതരാണ് സ്വീകരിക്കേണ്ടത്.

**കാസർഗോഡ് ജില്ലയിൽ അനുവദിച്ച ചികിത്സാ സഹായധനം**

57 (T*1761) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കാസർഗോഡ് ജില്ലയിൽ എത്ര കോടി രൂപയുടെ ചികിൽസാ സഹായധനം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് കാസർഗോഡ് ജില്ലയിൽ 1-6-2015 വരെ 23064 പേർക്ക്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

24,72,84,360 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

**ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം**

58 (1762) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം അനുവദിക്കുന്നതിൽ എം.എൽ.എ.-മാരുടെ ശിപാർശയോടെ വരുന്ന അപേക്ഷയിന്മേൽ അനുവദിക്കുന്ന സാമ്പത്തിക സഹായം വളരെ കുറവും ജനസമ്പർക്ക പരിപാടിയിൽ ലഭിക്കുന്ന അപേക്ഷയിന്മേൽ വളരെ കൂടുതലും ആണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് രോഗികളോടുള്ള സർക്കാരിന്റെ രണ്ടു തരം സമീപനമാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ജനസമ്പർക്ക പരിപാടിയിൽ അനുവദിക്കുന്ന സാമ്പത്തിക സഹായത്തിന് ആനുപാതികമായ തുക തന്നെ മറ്റ് മാർഗ്ഗേന നൽകുന്ന അപേക്ഷകർക്കും നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**നദീസംയോജനം**

59 (T*1763) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നദീസംയോജനം സംബന്ധിച്ച് കേന്ദ്ര സർക്കാർ സ്വീകരിച്ച നടപടിയെ തുടർന്ന് സംസ്ഥാനം നേരിടുന്ന ആശങ്കകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നദീസംയോജനത്തിന്റെ ഭാഗമായി Peninsular Component-ൽ

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉൾപ്പെടുന്ന പമ്പ, അച്ചൻകോവിൽ എന്നീ നദികളെ തമിഴ്നാട്ടിലെ വൈപ്പാറുമായി സംയോജിപ്പിക്കുവാൻ ദേശീയ ജലവിഭവ മന്ത്രാലയത്തിന്റെ നിയന്ത്രണത്തിലുള്ള ദേശീയ ജലവികസന ഏജൻസി (NWDA) ഉദ്ദേശിച്ചിരുന്നു. " പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീസംയോജന പദ്ധതി" കേരളത്തിനെ എപ്രകാരം ബാധിക്കുമെന്നതിനെ കുറിച്ച് ഡൽഹിയിലെ ഐ.ഐ.റ്റി, കോഴിക്കോട്ടുള്ള സി.ഡബ്ല്യു.ആർ.ഡി.എം. എന്നീ വിദഗ്ദ്ധ ഏജൻസികളെക്കൊണ്ട് പഠനങ്ങൾ നടത്തി വിലയിരുത്തിയിട്ടുണ്ട്. പ്രസ്തുത നദീസംയോജന പദ്ധതി നടപ്പിലാക്കുന്നതുമൂലമുള്ള കേരളത്തിന്റെ ആശങ്കകൾ താഴെപ്പറയുന്നവയാണ് :

1. കോഴിക്കോട്ടുള്ള സി.ഡബ്ല്യു.ആർ.ഡി.എം. ലഭ്യമാക്കിയ പഠന റിപ്പോർട്ട് പ്രകാരം പമ്പ, അച്ചൻകോവിൽ എന്നീ നദികളിൽ അധിക ജലം ഇല്ല എന്നും 2050-ാം വർഷം മുതൽ ടി നദികളിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടാൻ സാധ്യത ഉണ്ടെന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പിലാക്കിയാൽ മുകളിൽ പ്രതിപാദിച്ച പമ്പ, അച്ചൻകോവിൽ നദികൾ വറ്റിവരളുകയും മദ്ധ്യതിരുവിതാംകൂറിന്റെ പാരിസ്ഥിതിക സന്തുലനം തകരാറിലാവുകയും ചെയ്യും.

2. പമ്പ-അച്ചൻകോവിൽ എന്നീ നദികളിലെ ജലം തിരിച്ചുവിടുന്നതുമൂലം പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ പാരിസ്ഥിതിക പ്രത്യാഘാതം ഉണ്ടാകുകയും കുടിവെള്ളക്ഷാമത്തിനുള്ള സാദ്ധ്യത വർദ്ധിക്കുകയും ചെയ്യും.

3. കൂടാതെ മുകളിൽ സൂചിപ്പിച്ച നദീസംയോജന പദ്ധതി നടപ്പിലാക്കിയാൽ ആയത് കുട്ടനാട്ടിലെ കൃഷി നാശത്തിനു വഴിതെളിക്കുകയും ശബരിമല തീർത്ഥാടനം, മാരാമൺ കൺവെൻഷൻ എന്നിവയെ ദോഷകരമായി ബാധിക്കുകയും ചെയ്യും.

4. കേരളത്തിലെ വന സമ്പത്തിനും വ്യവസായ ജലപദ്ധതികൾക്കും നാശനഷ്ടങ്ങൾ ഉണ്ടാക്കുവാനും കൊച്ചി തുറമുഖത്തിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സങ്ങൾ സൃഷ്ടിക്കുവാനും പ്രസ്തുത നദീസംയോജന പദ്ധതി കാരണമാകും.

(ബി) പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീസംയോജന പദ്ധതിയെ പൂർണ്ണമായും എതിർക്കുന്ന കേരള സംസ്ഥാനത്തിന്റെ നിലപാട് ഇതിനകം സാദ്ധ്യമായ എല്ലാ വേദികളിലും കാര്യകാരണ സഹിതം ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി ഉപേക്ഷിക്കണമെന്ന് 11-ാം കേരള നിയമസഭയുടെ 6-ാം സമ്മേളനത്തിൽ പ്രമേയവും പാസ്സാക്കുകയുണ്ടായി.

കൂടാതെ 17-10-2014-ൽ നടന്ന ദേശീയ ജലവികസന ഏജൻസിയുടെ വാർഷിക ജനറൽ ബോഡി യോഗത്തിലും 21-11-2014-ൽ കേന്ദ്രജലവിഭവ വകുപ്പുമന്ത്രി വിളിച്ചു ചേർത്ത യോഗത്തിലും സംസ്ഥാന ജലവിഭവ വകുപ്പുമന്ത്രി, പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പാക്കുന്നതുമൂലം സംസ്ഥാനത്തിനുള്ള ആശങ്കകൾ വിശദീകരിച്ചുകൊണ്ട് പദ്ധതി നടപ്പാക്കുന്നതിനോടുള്ള കേരളത്തിന്റെ എതിർപ്പ് കാര്യകാരണ സഹിതം വ്യക്തമാക്കിയിട്ടുണ്ട്.

പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ചുള്ള കേരളത്തിന്റെ എതിർപ്പ് തുടർന്നും സാദ്ധ്യമായ എല്ലാ വേദികളിലും പ്രകടമാക്കുന്നതിനുള്ള എല്ലാ നടപടികളും അതീവ ജാഗ്രതയോടെ സ്വീകരിക്കണമെന്നുള്ളതാണ് സർക്കാർ നിലപാട്.

**നന്മണ്ട ശിവാനന്ദ ആശ്രമ പുനരുദ്ധാരണം**

60 (1764) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ നന്മണ്ട ശിവാനന്ദ ആശ്രമ മഠാധിപതി, ആശ്രമ പുനരുദ്ധാരണ സഹായത്തിനായി 6-2-2015-ൽ മുഖ്യമന്ത്രിക്ക് സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ&ബി) കോഴിക്കോട് ജില്ലയിലെ നന്മണ്ട ശിവാനന്ദ ആശ്രമ മഠാധിപതി ആശ്രമ പുനരുദ്ധാരണ സഹായത്തിനായി സമർപ്പിച്ച അപേക്ഷ സർക്കാരിൽ ലഭിക്കുകയും അപേക്ഷയിലെ ആവശ്യം പരിഗണിക്കുന്നതിലേക്കായി 27-6-2015-ലെ 39316/ദേവ 1/2015/ആർഡി നമ്പർ കത്ത് പ്രകാരം മലബാർ ദേവസ്വം ബോർഡ് കമ്മീഷണർക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

**നവരത്ന പദ്ധതികൾക്കായി പിൻവലിച്ച തുക**

61 (1765) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നവരത്ന പദ്ധതികൾക്കായി (കൊച്ചി മെട്രോ, സ്മാർട്ട് സിറ്റി, വിഴിഞ്ഞം തുറമുഖം, കണ്ണൂർ വിമാനത്താവളം, ദേശീയ ജലപാത, തിരുവനന്തപുരം- കോഴിക്കോട്

മോണോ റെയിൽ, സബർബൻ റെയിൽവേ, ദേശീയപാതാ വികസനം, യുവജന സംരംഭകത്വം) ഈ സർക്കാരിന്റെ കാലത്ത് ട്രഷറിയിൽ നിന്നും പിൻവലിച്ച തുക എത്രയാണെന്ന് വെളിപ്പെടുത്താമോ ; ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുൻപ് ഓരോ പദ്ധതിക്കുംവേണ്ടി എന്തെല്ലാം സംഗതികൾ നിർവ്വഹിക്കപ്പെടുകയുണ്ടായിരുന്നു ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ നാല് ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിരുന്ന തുക എത്ര വീതം ; യഥാർത്ഥത്തിൽ പിൻവലിക്കപ്പെട്ട തുക എത്ര ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) അനുബന്ധം I ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

## വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട യോഗം

62 (1766) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് 3-6-2015-ന് മുഖ്യന്ത്രി വിളിച്ച് ചേർത്ത യോഗ നടപടികളുടെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത യോഗ തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു ; ടെണ്ടറുമായി ബന്ധപ്പെട്ട പുതിയ എന്തെല്ലാം രേഖകൾ പരസ്യപ്പെടുത്തണമെന്നായിരുന്നു യോഗത്തിൽ ആവശ്യമുയർന്നത് ; അവ ആവശ്യപ്പെട്ടവർക്ക് ലഭ്യമാക്കുകയുണ്ടായോ ;

(സി) ചില രേഖകൾ നല്കാൻ നിർവ്വാഹമില്ലെന്ന് യോഗത്തെ മുഖ്യമന്ത്രി അറിയിച്ചിട്ടുണ്ടായിരുന്നുവോ ; അവ ഏതെല്ലാമായിരുന്നുവെന്നറിയിക്കുമോ ?

<u>ഉത്തരം</u>

(എ) മിനിറ്റ്സിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.*

(ബി) പ്രസ്തുത യോഗത്തിൽ പദ്ധതിയെപ്പറ്റിയുള്ള ആശയവിനിമയവും രാഷ്ട്രീയ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കക്ഷി പ്രതിനിധികൾ ഉന്നയിച്ച ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി സർക്കാർ നൽകുകയുണ്ടായെങ്കിലും പദ്ധതിയുടെ ടെണ്ടറിനെ സംബന്ധിച്ച് ഒരു സമവായത്തിൽ യോഗം എത്തിയില്ല. ടെണ്ടറുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഉന്നതാധികാര സമിതിയുടെ മിനിറ്റ്സ് പൂർണ്ണ രൂപത്തിലും അദാനി പോർട്ട് സമർപ്പിച്ച ബിഡ് ഡോക്യുമെന്റും പ്രസിദ്ധപ്പെടുത്തണമെന്ന് യോഗത്തിൽ ആവശ്യ മുയർന്നിട്ടുണ്ടായിരുന്നു. ഇവയുടെ പകർപ്പുകളും കൂടാതെ Manual of Specifications & Standards (MSS) ഉം Basic Engineering Report-ഉം പദ്ധതിയുടെ വെബ്സൈറ്റിൽ (www.vizhinjamport.in) സർവ്വകക്ഷിയോഗത്തിനു ശേഷം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) പദ്ധതിയുടെ ടെണ്ടറിനുവേണ്ടി പ്രസിദ്ധീകരിച്ചിട്ടുള്ള Request for Proposal (RFP)-ൽ പറഞ്ഞിട്ടുള്ള Confidentiality Clause 2.18 പ്രകാരമുള്ള രേഖകൾ പ്രസിദ്ധീകരിക്കുവാൻ നിർവ്വാഹമില്ല എന്നാണ് മുഖ്യമന്ത്രി അറിയിച്ചത്. സർവ്വകക്ഷി യോഗത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ നിയമ ഉപദേശകരായ HSA Advocates-ന്റെ ഉപദേശപ്രകാരം ടെണ്ടറുമായി ബന്ധപ്പെട്ട എല്ലാ ഡോക്യുമെന്റുകളും വെബ്സൈറ്റിൽ (www.vizhinjamport.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കർമ്മ പദ്ധതി**

63 (1767) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. റ്റി ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനങ്ങളുടെ പ്രശ്നങ്ങൾ നേരിട്ട് അറിയുവാനും അവയ്ക്ക് പരിഹാരം കാണുവാനും ഈ സർക്കാർ എന്തു കർമ്മ പദ്ധതിയാണ് നടപ്പാക്കിയിട്ടുള്ളത് ;

(ബി) പ്രസ്തുത കർമ്മ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പരിപാടികൾ നടപ്പാക്കുകയുണ്ടായി ;

(സി) പ്രസ്തുത പരിപാടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) പ്രസ്തുത പരിപാടികളുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ നിലവിലുള്ള ചട്ടങ്ങളും ഉത്തരവുകളും മാറ്റുന്നതിനും ജനങ്ങൾക്കുണ്ടാകുന്ന വൈഷമ്യങ്ങൾ ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികൾ കൈക്കൊള്ളുകയുണ്ടായി എന്നറിയിക്കുമോ ?

## ഉത്തരം

(എ) ജനങ്ങളുടെ പ്രശ്നങ്ങൾ നേരിട്ട് അറിയുവാനും പരിഹാരം കാണുവാനും വേണ്ടി 2011, 2013 വർഷങ്ങളിലും കൂടാതെ ഈ വർഷത്തിലും മുഖ്യമന്ത്രിയുടെ നേതൃത്വത്തിലും മന്ത്രിമാരുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സഹകരണത്തിലും 'മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി' എന്ന കർമ്മ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സാധാരണ ജനങ്ങളുടെ പല പ്രശ്നങ്ങളും നേരിട്ട് മനസ്സിലാക്കുകയും അവ പരിഹരിക്കാൻ നിലവിലുള്ള ചില നിയമങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിവിധ തരത്തിലുള്ള ക്ഷേമ പെൻഷനുകൾ, ചികിത്സാ സഹായങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി തുടങ്ങി പല കർമ്മ പദ്ധതികളും നടപ്പിലാക്കിയിട്ടുമുണ്ട്.

(സി) ജില്ലാതലത്തിൽ കളക്ടറുടെ നേതൃത്വത്തിൽ അവലോകനം നടത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാറുണ്ട്.

(ഡി) ജനസമ്പർക്ക പരിപാടിയുടെ വെളിച്ചത്തിൽ നിലവിലുള്ള പല നിയമങ്ങളിലും ചട്ടങ്ങളിലും കാലോചിതമായ മാറ്റങ്ങൾ ആവശ്യമാണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ 45 പുതിയ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

## സർവീസ് പെൻഷൻകാരുടെ ഇൻഷ്വറൻസ് സ്കീമുകൾ

64 (1768) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന സർവ്വീസ് പെൻഷൻകാരുടെ ഇൻഷ്വറൻസ് സ്കീമുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൽ പങ്കാളികളായ എത്ര പേർക്ക് ഇതുവരെ ധനസഹായം ലഭ്യമാക്കിയിട്ടുണ്ട് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) സർവീസ് പെൻഷൻകാരുടെ ഇൻഷ്വറൻസ് സ്കീമുകൾ നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഇൻഡ്യാ ഗവൺമെന്റ് നടപ്പിലാക്കിയ നാഷണൽ പെൻഷൻ സ്കീം കേരളത്തിലും നടപ്പിലാക്കിയ സാഹചര്യത്തിൽ ഇൻഷ്വറൻസ് കമ്പനികൾ മുന്നോട്ട് വയ്ക്കുന്ന പ്രായപരിധി, പ്രീമിയം സംബന്ധിച്ച വ്യവസ്ഥകൾ എന്നിവ പരിശോധിച്ച് സംസ്ഥാനത്തെ പെൻഷൻകാർക്കായി ഒരു സമഗ്ര ചികിത്സാ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പത്താം ശമ്പളക്കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെടുത്തി പരിശോധിച്ചുവരികയാണ്.

(ബി) ബാധകമല്ല.

**വിദ്യാഭ്യാസ വായ്പയെടുത്തവർക്കെതിരെയുള്ള ജപ്തി**

65 (T*1769) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വായ്പയെടുത്തവർക്കെതിരെ ബാങ്കുകൾ ജപ്തി ഭീഷണി വ്യാപകമാക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പല ബാങ്കുകളും ഇത്തരം വായ്പക്കാർക്കെതിരെ സർഫാസി നിയമപ്രകാരമുള്ള പരസ്യപ്പെടുത്തൽ പരസ്യം നൽകിയും വായ്പാ തീർപ്പാക്കലിന് റിസർവ് ബാങ്ക് അനുശാസിക്കുന്ന തരത്തിലുള്ള അവസരങ്ങൾ നൽകാതിരിക്കുകയും ചെയ്യുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വിദ്യാഭ്യാസ വായ്പയ്ക്ക് വ്യവസ്ഥകൾക്ക് വിരുദ്ധമായി ഈട് വാങ്ങിയ കേസുകളിൽ ബാങ്കുകൾ ജപ്തി നടപടികളിലേക്ക് നീങ്ങുന്നതുമൂലം സമ്മർദ്ദത്തിലാവുന്ന വായ്പക്കാരെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വസ്തു ഈട് നൽകിയിട്ടുള്ള വിദ്യാഭ്യാസ വായ്പകളിൽ SARFAESI ACT പ്രകാരം പ്രാരംഭ ഡിമാന്റ് നോട്ടീസ് കൈപ്പറ്റാതെ മടങ്ങി വരുന്ന വേളയിൽ മാത്രമേ പത്രപ്പരസ്യം നൽകേണ്ടതുള്ളൂ. വസ്തു കൈവശപ്പെടുത്തുന്ന വേളയിലും വില്പനയ്ക്ക് വയ്ക്കുന്ന വേളയിലും പത്രപ്പരസ്യം നിർബന്ധമായും നൽകിയിരിക്കണം.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

സർഫാസി നിയമത്തിനു വിരുദ്ധമായി ഏതെങ്കിലും ബാങ്ക് പ്രവർത്തിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടാൽ എസ്.എൽ.ബി.സി.-യുമായി ചേർന്ന് പരിഹാരം കാണുന്നതാണ്.

(സി) വിദ്യാഭ്യാസ വായ്പയുടെ വ്യവസ്ഥകൾക്ക് വിരുദ്ധമായി വസ്തു ഈട് ആവശ്യമില്ലാത്ത വിഭാഗത്തിൽനിന്ന് ഏതെങ്കിലും ബാങ്ക് ശാഖ ഈടുവാങ്ങിയിട്ടുണ്ടെങ്കിലോ അതിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിലോ അക്കാര്യം ശ്രദ്ധയിൽപ്പെടുന്ന പക്ഷം അനന്തര നടപടി സ്വീകരിക്കുന്നതാണ്.

**സ്വാതന്ത്ര്യ സമര പെൻഷൻ**

66 (1770) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വാതന്ത്ര്യ സമര പെൻഷൻ വാങ്ങുന്നവർ എത്രയാണെന്നും ഇതിൽ കേന്ദ്ര പെൻഷൻ വാങ്ങുന്നവർ, സംസ്ഥാന പെൻഷൻ വാങ്ങുന്നവർ എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) രണ്ട് പെൻഷനും ഒന്നിച്ച് വാങ്ങുന്നതിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) സംസ്ഥാന പെൻഷൻ ഇപ്പോൾ എത്ര രൂപയാണ് നൽകി വരുന്നത് എന്ന് വ്യക്തമാക്കാമോ ;

(ഡി) പെൻഷൻ തുക വർദ്ധിപ്പിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ ;

(ഇ) പെൻഷൻ തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 4719 പേർ കേരള സ്വാതന്ത്ര്യ സമര പെൻഷൻ/തുടർ പെൻഷൻ വാങ്ങുന്നുണ്ട്. കേന്ദ്ര സർക്കാർ അനുവദിക്കുന്ന കേന്ദ്ര സ്വാതന്ത്ര്യ സമര പെൻഷൻ തെരഞ്ഞെടുക്കപ്പെട്ട പൊതുമേഖലാ ബാങ്കുകൾ വഴി നേരിട്ട് വിതരണം ചെയ്യുന്നതിനാൽ കേന്ദ്ര സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ വാങ്ങുന്നവരുടെ കൃത്യമായ എണ്ണം ലഭ്യമല്ല.

(ബി) ഇല്ല.

(സി) നിലവിൽ 6125 രൂപ അടിസ്ഥാന പെൻഷനും അതിന്റെ 60 ശതമാനം ക്ഷാമബത്തയും (3675 രൂപ) സഹിതം 9800 രൂപ കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷനായി അനുവദിക്കുന്നുണ്ട്.

(ഡി) കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ 10-9-2012-ൽ ആണ് അവസാനമായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. (ഇതിന് 1-8-2012 മുതൽ പ്രാബല്യമുണ്ട്)

(ഇ) കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**നീര ഉല്പാദിപ്പിക്കുന്നതിനുള്ള അനുമതി**

67 (1771) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേര കർഷക കൂട്ടായ്മകൾക്ക് നീര ഉല്പാദിപ്പിക്കുന്നതിന് അനുമതി നൽകുന്നതിനേയും അബ്കാരി നിയമത്തിലും ചട്ടത്തിലും ആവശ്യമായ ഭേദഗതി വരുത്തുന്നതിനേയും കുറിച്ച് പഠിക്കാൻ 2013 ജനുവരി 15-ന് നിയമിച്ച സമിതി 2013 മേയ് 18-ന് സമർപ്പിച്ച റിപ്പോർട്ടിന്റെ ഉള്ളടക്കം വ്യക്തമാക്കുമോ ;

(ബി) ഇതനുസരിച്ച് 2013 സെപ്തംബർ 23-ന് GO(MS)No.160/13 ആയി നികുതി വകുപ്പ് ഇറക്കിയ ഭേദഗതി എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) 2014 ഫെബ്രുവരി 14-ന് GO(P)No.27/14 ആയി നികുതി വകുപ്പ് ഇറക്കിയ ഭേദഗതി എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഉത്തരവുകളിലെ അപാകതകൾമൂലം നീര ഉല്പാദനത്തിനുള്ള ലൈസൻസ് ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ കള്ള് വ്യവസായ രംഗത്തെ പ്രതിസന്ധിക്ക് പരിഹാരം

നിർദ്ദേശിക്കുവാനും നീര ഉല്പാദനം സംബന്ധിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും എക്സൈസ് കമ്മീഷണർ ചെയർമാനായി 10 അംഗ ഉന്നതതല കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ടി കമ്മിറ്റി 2013 മേയ് മാസത്തിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. നീര കമ്മിറ്റിയുടെ റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശിപാർശകൾ താഴെ ചേർക്കുന്നു :

1. നീരയുടെ ഉത്പ്പാദനത്തിനായി നിലവിലുള്ള നീര റൂൾസിൽ ആവശ്യമായ ഭേദഗതി വരുത്തി, നാളികേര ഉത്പാദക സൊസൈറ്റികളെയും അവയുടെ ഫെഡറേഷനുകളെയും പ്രൊഡ്യൂസർ കമ്പനികളെയും നീരയുടെ ഉത്പാദനത്തിനും വിപണനത്തിനും ചുമതലപ്പെടുത്തുവാൻ ശിപാർശ ചെയ്തിട്ടുണ്ട്.

2. കള്ള് ചെത്തുമേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടുകൂടി നീരയുടെ ഉത്പാദനത്തിൽ, നിലവിലുള്ള കള്ള് ചെത്ത് തൊഴിലാളികളെ ഉപയോഗിക്കേണ്ടതും തുടർന്ന് ആവശ്യം വേണ്ട സ്ഥലങ്ങളിൽ പുതിയ തൊഴിലാളികളെ പരിശീലിപ്പിച്ച് ഈ രംഗത്തേക്ക് കൊണ്ടുവരേണ്ടതുമാണ്.

3. കള്ള് ചെത്ത് വ്യവസായത്തിന്റെ ആധുനികവത്ക്കരണത്തിനും നീരയുടെ ഉത്പാദനത്തിനും അതിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പ്പന്നങ്ങളുടെ ഉത്പാദനത്തിനുമായി കള്ള്-നീര വികസന ബോർഡ് സംസ്ഥാന തലത്തിൽ രൂപീകരിക്കുവാനും ശിപാർശ ചെയ്തിട്ടുണ്ട്.

4. വർഷത്തിലൊരിക്കൽ കള്ളുഷാപ്പുകളുടെ വില്പന സമ്പ്രദായം മാറ്റി അത് മൂന്നു വർഷത്തിലൊരിക്കലാക്കുക.

5. വൃത്തിയും വെടിപ്പുമുള്ള കെട്ടിടങ്ങളിൽ കള്ളുഷാപ്പുകൾ നടത്തുക.

6. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ റ്റോഡി പാർലറുകൾ ആരംഭിക്കുക.

7. ചെത്ത് തൊഴിലാളികൾക്ക് ആവശ്യമായ വേതനവും തൊഴിൽ സുരക്ഷിതത്വവും ഉറപ്പാക്കുക. കാർഷിക സർവ്വകലാശാലയുടെയും നാളികേര വികസന ബോർഡിന്റെയും സഹകരണത്തോടെ തെങ്ങ് ചെത്തുന്നതിന് ശാസ്ത്രീയമായ പരിശീലനം ഏർപ്പെടുത്തുക.

(ബി) നീരയുടെയും അതിൽനിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും ഉൽപ്പാദനത്തിനും വിതരണത്തിനും ചുവടെ പറയുന്ന വ്യവസ്ഥകളനുസരിച്ച് സർക്കാർ ടി ഉത്തരവ് പ്രകാരം അനുമതി നൽകുകയുണ്ടായി :

1. നീരയുടെ ഉൽപ്പാദനം, വിതരണം എന്നിവ പ്രായോഗികമാക്കുന്നതിന് അബ്കാരി ചട്ടങ്ങളിൽ ഭേദഗതി വരുത്തും.

2. കള്ള്ഷാപ്പുകൾ വിൽപ്പന നടത്താത്തതിനാൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ ഒന്നിൽ കൂടുതൽ യൂണിറ്റുകൾക്കും മറ്റ് ജില്ലകളിൽ ഓരോ യൂണിറ്റിനും നീര ഉല്പാദിപ്പിക്കുന്നതിന് പരീക്ഷണാടിസ്ഥാനത്തിൽ നാളികേര വികസന ബോർഡിന്റെ കീഴിലുള്ള കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സമിതി/സൊസൈറ്റി, ഫെഡറേഷൻ എന്നിവയ്ക്ക് അനുമതി നൽകി.

3. കള്ള് ചെത്ത് മേഖലയിൽ ഉള്ളവർക്ക് നീര ചെത്തുന്നതിന് മുൻഗണന നൽകി. ആവശ്യത്തിന് തൊഴിലാളികൾ ലഭ്യമല്ലെങ്കിൽ ട്രെയിനിംഗ് നൽകി നീര ടെക്നീഷ്യൻസിനെ നിയോഗിക്കും. ഇവരേയും കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളാക്കുകയും ചെയ്തിട്ടുണ്ട്.

4. കള്ള് ഷാപ്പുകളിലേക്കായി നീര ചെത്തുവാൻ പാടില്ല.

5. റ്റോഡി നീര ബോർഡ് രൂപീകരിക്കുന്നതിന് പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ നികുതി വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

(സി) ബോണഫൈഡ് ജാഗറി ഉല്പാദകർ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ്, കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റി/സമിതി, കോക്കനട്ട് പ്രൊഡ്യൂസർ ഫെഡറേഷൻ, കേരള കാർഷിക സർവ്വകലാശാല, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്നിവയ്ക്ക് ലൈസൻസ് നൽകി സംസ്ഥാനത്ത് നീര ഉൽപ്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സർക്കാർ അനുമതി നൽകിക്കൊണ്ട് 14-2-2014-ലെ ജി.ഒ.(പി) നമ്പർ 27/2014/TD ആയി നീര റൂൾസ് - 2014 നിലവിൽ വരികയുണ്ടായി.

(ഡി) നീര ഉൽപ്പാദനത്തിനുള്ള ലൈസൻസ് ലഭിക്കുന്നതിന് നിലവിൽ തടസ്സങ്ങൾ ഒന്നുംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് നാളിതുവരെ 173 നാളികേര ഉൽപ്പാദക ഫെഡറേഷനുകൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 168 എണ്ണത്തിന് ലൈസൻസ് നൽകുകയുണ്ടായി. തുടർന്ന് അവയിൽ 162 എണ്ണം 2015-16 വർഷത്തേക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളതുമാകുന്നു.

**മദ്യ നിരോധനത്തിന്റെ ഗുണ-ദോഷ വശങ്ങളും സർക്കാർ വരുമാനവും**

68 (1772) ശ്രീ. എ. കെ. ബാലൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗീകൃത മദ്യഷോപ്പുകളുടെയും ബാറുകളുടെയും വില്പന മാത്രം അടിസ്ഥാനമാക്കി മദ്യപാനികളുടെ യഥാർത്ഥ ഉപഭോഗം തിട്ടപ്പെടുത്തുന്നത് എത്രത്തോളം യാഥാർത്ഥ്യ മായിരിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ബി) ബാറുകളെ ആശ്രയിച്ചിരുന്ന ഒരു വിഭാഗം ഉപഭോക്താക്കളിപ്പോൾ കള്ളവാറ്റുകാരെയും സെക്കൻററ്സ് മദ്യങ്ങളെയും ആശ്രയിക്കുന്നതായി അറിയാമോ ;

(സി) എങ്കിൽ സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ മദ്യ ഉപഭോഗം തിട്ടപ്പെടുത്താൻ സർക്കാർ തയ്യാറാകുമോ ;

(ഡി) ബാറുകളുടെ ലൈസൻസ് റദ്ദ് ചെയ്തതിനുശേഷം സംസ്ഥാനത്ത് വ്യാജമദ്യ നിർമ്മാണ യൂണിറ്റുകളും വ്യാജ മദ്യവില്പന കേന്ദ്രങ്ങളും കണ്ടെത്തുകയുണ്ടായിട്ടുണ്ടോ; മുൻവർഷത്തേയും ഈ വർഷത്തേയും അബ്കാരി കേസുകളുടെ ലഭ്യമായ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ഇ) മുൻവർഷം സ്റ്റേറ്റ് എക്സൈസ് വഴിയുള്ള വരുമാനം എത്ര കോടിയായിരുന്നു ; തന്നാണ്ടിൽ പ്രതീക്ഷിക്കുന്ന വരുമാനം ബഡ്ജറ്റിൽ കണക്കാക്കപ്പെട്ടതെത്ര; മദ്യനിരോധനത്തിന്റെ പശ്ചാത്തലത്തിൽ വരുമാനത്തിലെ പ്രതീക്ഷ കുറഞ്ഞിട്ടുണ്ടോ ?

ഉത്തരം

(എ) അംഗീകൃത മദ്യഷോപ്പുകളുടെയും ബാറുകളുടെയും വില്പന മാത്രം അടിസ്ഥാനമാക്കി മദ്യപാനികളുടെ യഥാർത്ഥ ഉപഭോഗം പൂർണ്ണമായും തിട്ടപ്പെടുത്തുവാൻ സാധിക്കില്ല.

(ബി) സംസ്ഥാനത്ത് പഞ്ചനക്ഷത്ര ഹോട്ടലുകൾ ഒഴികെയുള്ളവയ്ക്ക് ബാർ ലൈസൻസ് നിർത്തലാക്കിയ പശ്ചാത്തലത്തിൽ അനധികൃത മദ്യ വില്പനയെ ആശ്രയിക്കുന്ന ചുരുക്കം ഉപഭോക്താക്കളുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം അനധികൃത മദ്യവില്പനക്കെതിരെ ശക്തമായ എൻഫോഴ്സ്മെന്റ് നടപടികൾ എക്സൈസ് വകുപ്പ് സ്വീകരിച്ച് വരുന്നുണ്ട്.

(സി) കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള മദ്യവില്പനയുടെ കണക്കുകളാണ് അംഗീകൃത കണക്കായി എക്സൈസ് വകുപ്പിന്റെ പക്കലുള്ളത്. വ്യാജമദ്യ വില്പന ശ്രദ്ധയിൽപ്പെടുമ്പോൾതന്നെ നിർത്തലാക്കുന്നതിനുള്ള കർശന നടപടി എക്സൈസ് വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്.

(ഡി) ബാറുകളുടെ ലൈസൻസ് റദ്ദു ചെയ്തതിനുശേഷം സംസ്ഥാനത്ത് 12 വ്യാജമദ്യ നിർമ്മാണ യൂണിറ്റുകളും 65 വ്യാജ മദ്യവില്പന കേന്ദ്രങ്ങളും കോട്ടയം ജില്ലയിൽ ഒരു ചാരായ വാറ്റ് കേന്ദ്രവും കണ്ടുപിടിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്. 2014 വർഷത്തേയും ഈ വർഷത്തേയും അബ്കാരി കേസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| വർഷം | അബ്കാരി കേസുകളുടെ എണ്ണം | തൊണ്ടി സാധനങ്ങളുടെ വിവരങ്ങൾ | | | | | |
|---|---|---|---|---|---|---|---|
| | | സ്പിരിറ്റ് | ചാരായം | വിദേശ മദ്യം | കള്ള് | അരിഷ്ടം | ബിയർ |
| 2014 | 13676 | 34433 | 3016 | 35350 | 10551 | 10384 | 4263 |
| 2015 മേയ് വരെ | 6085 | 6837 | 1385 | 14742 | 3126 | 4736 | 1410 |

(ഇ) 2014-15 സാമ്പത്തിക വർഷത്തിൽ സ്റ്റേറ്റ് എക്സൈസ് വഴിയുള്ള വരുമാനം 1778.07 കോടി രൂപയാണ്. ബഡ്ജറ്റ് പ്രകാരം ഈ വർഷം (2015-16) പ്രതീക്ഷിക്കുന്ന വരുമാനം 2600.66 കോടി രൂപയാണ്.

**പുതിയ മദ്യനയം**

69 (1773) ശ്രീ. കെ. രാധാകൃഷ്ണൻ :

ശ്രീ. സി. കൃഷ്ണൻ :

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :

ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ്ണ മദ്യനിരോധനം ഈ സർക്കാരിന്റെ കാലത്ത് നടപ്പാക്കുന്നുണ്ടോ ;

(ബി) പുതിയ സാഹചര്യത്തിൽ മദ്യനയത്തിൽ കാലോചിതമായ മാറ്റം വരുത്തുമെന്ന് സർക്കാർ കേരള ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ടോ ; എങ്കിൽ മാറ്റം സംബന്ധിച്ച് വിശദമാക്കാമോ ;

(സി) മദ്യനയം രൂപീകരിക്കുന്നതിലും നടപ്പിലാക്കുന്നതിലും തുടക്കം മുതലേ കെടുകാര്യസ്ഥതകളും പാളിച്ചകളും സംഭവിച്ചതായുള്ള വിമർശനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉറച്ചതും ശാസ്ത്രീയവും സുതാര്യവുമായ ഒരു മദ്യനയവും അതിനനുസൃതമായ നടപടികളും സ്വീകരിക്കാൻ സർക്കാരിനുദ്ദേശ്യമുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ) മദ്യത്തിന്റെ ഉല്പാദനവും ലഭ്യതയും കുറച്ച് ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യവർജ്ജനത്തിലൂന്നിയുള്ള 10 വർഷംകൊണ്ട് ഘട്ടംഘട്ടമായ മദ്യനിരോധനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. മദ്യത്തിന്റെ ഉല്പാദനവും ലഭ്യതയും കുറയ്ക്കുന്നതിന് അനവധി പദ്ധതികൾ സ്വീകരിച്ചുവെങ്കിലും മദ്യം കേരളത്തിന്റെ സാമൂഹ്യ വിപത്തായി തുടരുകയാണ് എന്ന് ബോധ്യപ്പെടുകയുണ്ടായി. ഇതിനെ തുടർന്നാണ് മദ്യത്തിന്റെ ലഭ്യത കുറച്ച് ശക്തവും വ്യാപകവുമായ ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെ "മദ്യരഹിത കേരളം" എന്ന മഹത്തായ ലക്ഷ്യം സർക്കാർ വിഭാവനം ചെയ്യുന്നത്.

(ബി) ഇല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) വ്യക്തമായ കാഴ്ചപ്പാടുള്ളതും ഉറച്ചതും സുതാര്യവുമായ ഒരു മദ്യനയം തന്നെയാണ് സർക്കാർ നടപ്പിലാക്കി വരുന്നത്.

**ബാർ ലൈസൻസ്**

70 (1774) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ബാറുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ ;

(ബി) പ്രസ്തുത ബാറുകളിൽ എത്രയെണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ)ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 64 ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകിയിട്ടുണ്ട്. അവയുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത ബാറുകളിൽ 8 ബാറുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ പേരുവിവരം ചുവടെ ചേർക്കുന്നു :

1. റാവിസ് ഹോട്ടൽ, തേവള്ളി, കൊല്ലം
2. വിവാന്ത ബൈതാജ്, ബേക്കൽ, കാസർഗോഡ്
3. ഹോളിഡേ ഇൻ, വെണ്ണല, കൊച്ചി
4. ഹോട്ടൽ എയർലിങ്ക് കാസിൽ, അത്താണി, അങ്കമാലി
5. ഹോട്ടൽ ലേക്ക് പാലസ്, കഠിനംകുളം, തിരുവനന്തപുരം
6. വസുന്ധര സരോവർ പ്രീമിയർ റിസോർട്ട് (വാസു കൊക്കോ റിസോർട്ട് പ്രൈവറ്റ് ലിമിറ്റഡ്), വയലാർ, ആലപ്പുഴ
7. ക്രൗൺ പ്ലാസ, കൗണ്ടന്നൂർ, മരട്, കൊച്ചി
8. ഹോട്ടൽ ഡയാന ഹൈറ്റ്സ്, അത്താണി, ആലുവ.

**ബിയർ/വൈൻ പാർലർ ലൈസൻസുകൾ**

71 (1775) <u>ഡോ. കെ. ടി. ജലീൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ സർക്കാർ ഓരോ വർഷവും നൽകിയ ബിയർ/വൈൻ പാർലർ ലൈസൻസുകൾ എത്ര എന്നു വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നിലവിൽ ബിയർ/വൈൻ പാർലർ ലൈസൻസുകൾ ഉള്ളവ എത്ര ;

(സി) ബാർ ലൈസൻസ് പുതുക്കി നല്കാതിരുന്ന എത്ര ഹോട്ടലുകൾക്ക് ബിയർ/വൈൻ പാർലർ ലൈസൻസ് നൽകിയിട്ടുണ്ട് ; വ്യക്തമാക്കാമോ ?

ഉത്തരം

| | | |
|---|---|---|
| (എ) | 2011 - 12 | 4 |
| | 2012 - 13 | 14 |
| | 2013 - 14 | 32 |
| | 2014 - 15 | 402 |
| | 2015 - 16 | 299 |

ആകെ 751 ബിയർ/വൈൻ പാർലർ ലൈസൻസുകൾ നൽകിയിട്ടുണ്ട്. ഇതിൽ 2014-15-ൽ 380-ഉം 2015-16-ൽ 294-ഉം ലൈസൻസുകൾ അടച്ചുപൂട്ടിയ ബാർ ലൈസൻസികളുടെ തുടർച്ചയായി നൽകിയതാണ്.

(ബി) നിലവിൽ 794 ബിയർ/വൈൻ പാർലർ ലൈസൻസുകൾ ഉണ്ട്.

(സി) ബാർ ലൈസൻസ് പുതുക്കി നൽകാതിരുന്ന 675 ഹോട്ടലുകൾക്ക് ബാർ ലൈസൻസിന്റെ തുടർച്ചയെന്നോണം ബിയർ/വൈൻ പാർലർ ലൈസൻസ് നൽകിയിട്ടുണ്ട്. പട്ടിക ചുവടെ ചേർക്കുന്നു :

| | |
|---|---|
| തിരുവനന്തപുരം | 77 |
| കൊല്ലം | 49 |
| പത്തനംതിട്ട | 24 |
| ആലപ്പുഴ | 34 |
| കോട്ടയം | 69 |
| ഇടുക്കി | 24 |
| എറണാകുളം | 158 |

| | |
|---|---|
| തൃശ്ശൂർ | 105 |
| പാലക്കാട് | 36 |
| മലപ്പുറം | 25 |
| കോഴിക്കോട് | 28 |
| വയനാട് | 11 |
| കണ്ണൂർ | 27 |
| കാസർഗോഡ് | 7 |
| ആകെ | 674 |

ഈ 674-ൽപ്പെട്ട, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിലെ ഓരോ ലൈസൻസും എറണാകുളം ജില്ലയിലെ 2 ലൈസൻസുകളും 2015-16 വർഷത്തേക്ക് പുതുക്കിയിട്ടില്ല.

**സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള മദ്യവില്പന**

72 (1776) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ നിലവിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നാണ് മദ്യം, ബിയർ, വൈൻ തുടങ്ങിയവ വാങ്ങുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) മദ്യത്തിനും ബിയറിനും വൈനിനും ഏതെല്ലാം തീയതികളിൽ എത്ര ശതമാനം വീതം നിരക്ക് വർദ്ധന കമ്പനികൾക്ക് അനുവദിച്ചു കൊടുക്കുകയുണ്ടായി എന്ന് വ്യക്തമാക്കാമോ ;

(സി) നിലവിൽ മദ്യം, ബിയർ, വൈൻ തുടങ്ങിയവയുടെ ഇനങ്ങളിൽ നിലവിൽ എത്ര ശതമാനം തുക വീതം ഖജനാവിലേക്ക് ലഭിക്കുന്നുണ്ട് ; ബിവറേജസ് കോർപ്പറേഷൻ വാങ്ങുന്ന വിലയും ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന വിലയും വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ 2015 ഏപ്രിൽ മാസം മുതൽ മെയ് മാസം വരെ മദ്യം, ബിയർ, വൈൻ എന്നിവ വാങ്ങിയ സ്ഥാപനങ്ങളുടെ

വിവരം അനുബന്ധം I(a)-യും I(b)-യും ആയി ചേർത്തിരിക്കുന്നു.*

(ബി)കമ്പനികൾക്ക് മദ്യത്തിനും ബിയറിനും വൈനിനും അനുവദിച്ച് നൽകിയ നിരക്ക വർദ്ധനയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 2013-14, 2014-15 എന്നീ വർഷങ്ങളിൽ മദ്യം, ബിയർ, വൈൻ തുടങ്ങിയവയുടെ വിൽപ്പനയിലൂടെ സർക്കാർ ഖജനാവിലേക്ക് അടച്ച നികുതി ചുവടെ ചേർക്കുന്നു :

**സർക്കാർ ഖജനാവിലേക്ക് വിൽപ്പന നികുതി ഇനത്തിൽ അടച്ച തുക (രൂപ കോടിയിൽ)**

| വർഷം | മൊത്തം തുക | IMFL | % | ബിയർ & വൈൻ | % |
|---|---|---|---|---|---|
| 2013-14 | 5797.44 | 5445.42 | 93.92 | 352.02 | 6.08 |
| 2014-15 | 6564.19 | 6171.26 | 94.01 | 392.93 | 5.99 |
| 2015-16 (ഏപ്രിൽ-മേയ്) | 1329.99 | 1187.94 | 89.32 | 142.04 | 10.68 |

ബിവറേജസ് കോർപ്പറേഷൻ വാങ്ങുന്ന വിലയും ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്ന വിലയും അനുബന്ധം III ആയി ചേർത്തിരിക്കുന്നു.*

## പൂട്ടിയ ബാറുകളുടെ വിവരങ്ങൾ

73 (1777) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ബാറുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇപ്പോൾ സംസ്ഥാനത്ത് എത്ര ബാറുകൾ നിർത്തലാക്കിയിട്ടുണ്ടെന്നും എത്ര ബിവറേജസ് ഔട്ട്ലെറ്റുകൾ അടച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 64 ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകിയിട്ടുണ്ട്.

(ബി) 710 ബാറുകളും 52 ബിവറേജ് ഔട്ട്ലെറ്റുകളും നിർത്തലാക്കിയിട്ടുണ്ട്.

**എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശീലനം**

74 (1778) ശ്രീ. പാലോട് രവി :

ശ്രീ. വി. റ്റി. ബൽറാം :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ പരിശീലനം നൽകുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(സി) പരിശീലനത്തിനായി മോഡ്യൂൾ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നുണ്ട്.

(ബി) തൃശ്ശൂരിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് എക്സൈസ് അക്കാദമി & റിസർച്ച് സെന്ററിൽ നിലവിൽ സിവിൽ എക്സൈസ് ഓഫീസർമാരുടെ 90 പ്രവൃത്തി ദിവസം നീണ്ടുനില്ക്കുന്ന പ്രാഥമിക പരിശീലനവും എക്സൈസ് ഡ്രൈവർമാരുടെ 3 മാസത്തെ പരിശീലനവും നടത്തിവരുന്നു. വനിത സിവിൽ എക്സൈസ് ഓഫീസർമാരുടെ ആദ്യബാച്ചിന് 90 ദിവസത്തെ പരിശീലനം നൽകിക്കഴിഞ്ഞു. കൂടാതെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ മുതൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തികയിലുള്ളവർക്ക് വിവിധ വിഷയങ്ങളിൽ 5 ദിവസം വീതം ദൈർഘ്യമുള്ള ഇൻസർവ്വീസ് പരിശീലനം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ സഹകരണത്തോടെ നടത്തിവരുന്നു. ആയുധ പരിശീലനം നടത്തുന്നതിന് സൗകര്യം ഇല്ലാത്തതിനാൽ എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലുള്ളവരുടെ പ്രാഥമിക പരിശീലനം നടത്തിവരുന്നത് നിലവിൽ കേരള പോലീസ് അക്കാദമിയിലും പോലീസ് ട്രെയിനിംഗ് കോളേജിലും

പോലീസ് ബറ്റാലിയനുകളിലും വച്ചാണ്. ഇവരുടെ പരിശീലനവും കൂടി എക്സൈസ് അക്കാദമിയിൽ വച്ച് നടത്തുന്നതിന് വേണ്ടി എക്സൈസ് അക്കാദമിയിൽ ഒരു ആയുധപ്പുര സ്ഥാപിക്കുന്നതിന് 2014-15 വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 28.80 ലക്ഷം രൂപ തൃശ്ശൂർ നിർമ്മിതി കേന്ദ്രത്തിന് കൈമാറിയിട്ടുള്ളതാണ്. ആയതിന്റെ നിർമ്മാണപ്രവൃത്തികൾ പൂർത്തിയായിവരുന്നു. കൂടാതെ ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനം നടത്തുന്ന എക്സൈസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനായി 30 പേരടങ്ങുന്ന 9 ബാച്ചുകളിലായി 270 എക്സൈസ് ഉദ്യോഗസ്ഥർക്ക് 3 ദിവസം വീതമുള്ള പരിശീലനം നടത്തിയിട്ടുണ്ട്. ഇതിനുപുറമേ അബ്കാരി മയക്കുമരുന്ന് കുറ്റകൃത്യങ്ങളെ സംബന്ധിച്ച് രഹസ്യ വിവരം ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പിലെ ഇന്റലിജൻസ് വിഭാഗത്തിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് വിദഗ്ധ അറിവ് ലഭിക്കുന്നതിനായി ഒരു പരിശീലന പരിപാടി 13-3-2015, 14-3-2015 തീയതികളിൽ ഇവിടെ വച്ച് നടത്തിയിട്ടുണ്ട്.

(സി) പരിശീലനത്തിനായി മോഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ വിശദവിവരങ്ങൾ ചുവടെ ലഭ്യമാക്കുന്നു :

1. സിവിൽ എക്സൈസ് ഓഫീസർമാർക്ക് 90 പ്രവൃത്തി ദിവസം നല്കുന്ന പരിശീലനത്തിൽ ഔട്ട്ഡോർ, ഇൻഡോർ വിഷയങ്ങൾക്ക് പുറമേ ഡ്രൈവിംഗ്, നീന്തൽ, കമ്പ്യൂട്ടർ, ജംഗിൾ ട്രെയിനിംഗ് എന്നിവയും ഉൾപ്പെടുന്നു. ഔട്ട്ഡോർ വിഷയത്തിന് നീക്കിവച്ചിട്ടുള്ള ആകെ 540 പീരീഡുകളിൽ പ്രധാനമായി ഫിസിക്കൽ ട്രെയിനിംഗ് 68 പീരീഡും, ഡ്രിൽ വിത്തൗട്ട് ആംസിന് 178 പീരീഡും, ലത്തിഡ്രില്ലിന് 72 പീരീഡും ക്രോസ് കൺട്രി റെയ്സിന് 6 പീരീഡും, ശ്രമദാനത്തിന് 28 പീരീഡും, റോഡ്വാക്ക് ആന്റ് റൺസിന് 7 പീരീഡും ഡ്രൈവിംഗ്, നീന്തൽ പരിശീലനത്തിന് 30 പിരീഡും നീക്കിവച്ചിരിക്കുന്നു. ഇൻഡോർ വിഷയങ്ങളിൽ ആകെയുള്ള 360 പീരീഡുകളിൽ അബ്കാരി, എൻ.ഡി.പി.എസ്. കേസുകൾ കണ്ടെത്തി അന്വേഷണം നടത്തി കുറ്റപ്പത്രം കോടതിയിൽ സമർപ്പിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ 82 പീരീഡും, അബ്കാരി ആക്ടിന് 64 പിരീഡും, എൻ.ഡി.പി.എസ് ആക്ടിന് 12 പീരീഡും, എം ആന്റ് ടി.പി. ആക്ടിന് 16 പീരീഡും, ബ്രൂവറി റൂൾസ്, ഡിസ്റ്റിലറി ആന്റ് വെയർഹൗസ് റൂൾസ്, വൈനറി റൂൾസ്, ലിക്വർ ട്രാൻസിറ്റ് റൂൾസ്, റെക്ടിഫൈഡ് സ്പിരിറ്റ് റൂൾസ്, സ്പിരിച്ചസ് പ്രിപ്പറേഷൻ കൺട്രോൾ റൂൾസ്, അബ്കാരി ഷോപ്പ്സ് ഡിസ്പോസൽ റൂൾസ്, അബ്കാരി ഡിസ്പോസൽ ഓഫ് കോൺഫിസ്ക്കേറ്റഡ് ആർട്ടിക്കിൾസ് റൂൾസ്, ഫോറിൻ ലിക്വർ റൂൾസ് കൊച്ചിൻ മാസ് വൈൻ റൂൾസ്, സി.ഡി.എസ് ആന്റ്

എം.എ. റൂൾസ്, ഫോറിൻ ലിക്വർ രജിസ്ട്രേഷൻ ഓഫ് ബ്രാൻഡ് റൂൾസ്, ഫോറിൻ ലിക്വർ കോമ്പൗണ്ടിംഗ് ബ്ലൻഡിംഗ് ആന്റ് ബോട്ടിലിംഗ് റൂൾസ്, ഫോറിൻ ലിക്വർ സ്റ്റോറേജ് ഇൻ ബോണ്ട് റൂൾസ്, ട്രീ ടാക്സ് റൂൾസ്, ഡിപ്പാർട്ട്മെന്റ് മാനേജ്മെന്റ് റൂൾസ് എന്നിവയ്ക്ക് 58 പിരീഡുകൾ നീക്കി വച്ചിട്ടുള്ളതാണ്. കൂടാതെ എക്സൈസ് മാനവൽ, എക്സൈസ് ഇന്റലിജൻസ്, എക്സൈസ് റെയ്ഡ് എന്നിവയ്ക്ക് 20 പിരീഡ് നീക്കി വച്ചിരിക്കുന്നു. മേൽ വിഷയങ്ങൾ കൂടാതെ സി.ആർ.പി.സി., ഐ.പി.സി. എവിഡൻസ് ആക്ട്, റൈറ്റ് ടു ഇൻഫർമേഷൻ ആക്ട്, റൈറ്റ് ടു സർവ്വീസ് ആക്ട്, കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ട്, പേഴ്സണാലിറ്റി ഡവലപ്മെന്റ്, ദേശീയഗാനം, ദേശീയപതാക, ഫസ്റ്റ് എയ്ഡ്, മനുഷ്യാവകാശനിയമം, കേരള സർവ്വീസ് റൂൾസ്, ട്രഷറി കോഡ്, എം.ഒ.പി., സ്ട്രെസ്സ് മാനേജ്മെന്റ്, ഹിന്ദി ഭാഷാപഠനം, മദ്യം മയക്കുമരുന്നുകൾക്കെതിരെയുള്ള അവയർനെസ്സ് ക്ലാസ്സുകൾ, യോഗ തുടങ്ങിയ വിഷയങ്ങളും ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

2. വനിത സിവിൽ എക്സൈസ് ഓഫീസർമാർക്ക് 90 ദിവസം നല്കുന്ന പരിശീലനത്തിൽ ഔട്ട്ഡോർ, ഇൻഡോർ വിഷയങ്ങൾക്ക് പുറമേ ഡ്രൈവിംഗ്, നീന്തൽ, കമ്പ്യൂട്ടർ, ജംഗിൾ ട്രെയിനിംഗ് എന്നിവയും ഉൾപ്പെടുന്നു. കൂടാതെ ഇൻഡോർ, ഔട്ട്ഡോർ വിഷയങ്ങളിൽ സിവിൽ എക്സൈസ് ഓഫീസർമാർക്ക് നൽകിവരുന്ന അതേ പരിശീലനം തന്നെ വനിതകൾക്കും നൽകിവരുന്നു.

3. എക്സൈസ് ഡ്രൈവർമാർക്ക് 3 മാസക്കാലയളവിൽ നൽകിവരുന്ന പരിശീലനത്തിൽ ഫെമിലിയറൈസേഷൻ ഓഫ് എക്സൈസ് ഡിപ്പാർട്ട്മെന്റ്, ഹൈറാർക്കി ഓഫ് എക്സൈസ് ഡിപ്പാർട്ട്മെന്റ്, എക്സൈസ് ഡിപ്പാർട്ട്മെന്റ് കൈകാര്യം ചെയ്യുന്ന വിവിധ ആക്ടുകളും റൂളുകളും, ഡിപ്പാർട്ട്മെന്റ് വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, പരിപാലനം, ലോഗ്ബുക്ക്, ട്രിപ്പ് ഷീറ്റ് എന്നിവ തയ്യാറാക്കുന്നതിനുള്ള പരിചയം, ട്രാഫിക് റൂൾസ്, റോഡ് സേഫ്റ്റി, നാഷണൽ ഫ്ളാഗ്, മനുഷ്യാവകാശനിയമം എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. റോഡ് സേഫ്റ്റി വിഷയത്തിൽ നാറ്റ്പാക്കിൽ നിന്നുള്ള വിദഗ്ധരും ട്രാഫിക് റൂൾസ് മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള ഫാക്കൽറ്റികളും കൈകാര്യം ചെയ്യുന്നു. വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, പരിപാലനം എന്നിവ സംബന്ധിച്ച് എക്സൈസ് വകുപ്പിലെ മെക്കാനിക്കൽ എഞ്ചിനീയർ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു. കൂടാതെ ഔട്ട്ഡോർ വിഷയങ്ങളിൽ സിവിൽ എക്സൈസ് ഓഫീസർമാർക്ക് നൽകിവരുന്ന അതേ പരിശീലനം തന്നെ എക്സൈസ്

ഡ്രൈവർമാർക്ക് നൽകുന്നു.

4. സംസ്ഥാന ഗവൺമെന്റിന്റെ സ്റ്റേറ്റ് ട്രെയിനിംഗ് പോളിസിയിൽ ഉൾപ്പെടുത്തി ഐ.എം.ജി.-യുടെ സഹകരണത്തോടെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തിക മുതൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തിക വരെയുള്ള ഉദ്യോഗസ്ഥർക്ക് നൽകിവരുന്ന ഇൻ സർവ്വീസ് പരിശീലനത്തിൽ 2014-15 വർഷം വിവിധ വിഷയങ്ങളിൽ 30 എക്സൈസ് ഓഫീസർമാർക്ക് 5 ദിവസം വീതം ദൈർഘ്യമുള്ള 36 പരിശീലന പരിപാടികൾ നടത്തുന്നതിന് ട്രെയിനിംഗ് കലണ്ടർ തയ്യാറാക്കി ഐ.എം.ജി. അധികാരികൾക്ക് സമർപ്പിച്ചതിൽ ആയത് അംഗീകരിക്കുകയും ടി 36 പരിശീലന പരിപാടികളിൽ സ്ട്രെസ്സ് മാനേജ്മെന്റ്, പേഴ്സണാലിറ്റി ഡവലപ്പ്മെന്റ് ആന്റ് കമ്മ്യൂണിക്കേഷൻ സ്കിൽ, റൈറ്റ് ടു ഇൻഫർമേഷൻ ആക്ട്, റൈറ്റ് ടു സർവ്വീസ് ആക്ട്, ഹ്യൂമൻ റൈറ്റ്സ് ആക്ട്, വുമൺസ് റൈറ്റ്സ് പ്രൊട്ടക്ഷൻ ആക്ട്, ജുവനൈൽ ജസ്റ്റിസ് ആക്ട്, എസ്.സി. എസ്.ടി. ആക്ട്, കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ട്, സ്റ്റോർ പർച്ചേസ് മാനുവൽ, സ്പാർക്ക്, ഇന്റർനെറ്റ്, കമ്പ്യൂട്ടർ, അബ്കാരി എൻ.ഡി.പി.എസ്. കേസുകളുടെ അന്വേഷണം നടത്തി കുറ്റപ്പത്രം സമർപ്പിക്കൽ എന്നിവ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. നടപ്പു സാമ്പത്തിക വർഷം ഫോറസ്റ്റ് ആക്ട്, ഇൻകം ടാക്സ് ആക്ട്, മോട്ടോർ വെഹിക്കിൾസ് ആക്ട്, കോട്പ, സർവ്വീസ് റൂൾസ്, ട്രഷറി കോഡ്, ഫിനാൻഷ്യൽ കോഡ്, അക്കൗണ്ട് കോഡ് തുടങ്ങിയ പാഠ്യവിഷയങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ ഐ.എം.ജി. അധികൃതർക്ക് സമർപ്പിച്ചിട്ടുള്ളതാണ്.

5. ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്ന ഉദ്യോഗസ്ഥർക്ക് നല്കുന്ന ട്രെയിനിംഗ് ഓഫ് ട്രെയിനേഴ്സ് എന്ന പരിശീലന പരിപാടിയിൽ മദ്യവും കരൾ രോഗങ്ങളും മദ്യവും ലഹരി മരുന്നുകളും ശരീരത്തിന്റെ അവയവങ്ങൾക്ക് ഉണ്ടാക്കുന്ന ദോഷങ്ങൾ, വിഷാംശ നിർമ്മാർജ്ജനവും ലഹരിവിമുക്ത ചികിത്സയും, മദ്യത്തിന്റെയും ലഹരി മരുന്നുകളുടെയും സൈക്കോ പാത്തോളജി, മദ്യവും ലഹരി മരുന്നുകളും മനസ്സിലും മസ്തിഷ്കത്തിലും വരുത്തുന്ന സ്വാധീനങ്ങൾ, ലഹരി വിമോചന ചികിത്സയിലെ മനഃശാസ്ത്ര സമീപനം, മദ്യത്തിന്റെയും ലഹരിമരുന്നുകളുടെയും ഉപയോഗത്തിലൂടെ സ്ത്രീകളും കുട്ടികളും അനുഭവിക്കുന്ന സാമൂഹിക പ്രശ്നങ്ങൾ, പൊതുസമൂഹത്തിൽ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

6. അബ്കാരി മയക്കുമരുന്ന് കുറ്റകൃത്യങ്ങളെ സംബന്ധിച്ച് രഹസ്യവിവരം ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പിലെ ഇന്റലിജൻസ്

വിഭാഗത്തിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് വിദഗ്ദ്ധ അറിവ് ലഭിക്കുന്നതിനായി നടത്തുവാൻ ഉദ്ദേശിക്കുന്ന പരിശീലന പരിപാടിയിൽ ജനറൽ ഇന്റലിജൻസ് കളക്ഷൻ, ഡവലപ്പ്മെന്റ് ഓഫ് റിലയബിൾ സോഴ്സ് ഓഫ് ഇന്റലിജൻസ്, ഇന്ററോഗേഷൻ ഓഫ് സസ്പെക്ടസ്, സീക്രട്ട് എൻക്വയറി തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

**എക്സൈസ് - ക്രൈംബ്രാഞ്ച് വിഭാഗം ആരംഭിക്കാൻ നടപടി**

75 (1779) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ്-ക്രൈംബാഞ്ച് വിഭാഗം ആരംഭിക്കുമെന്ന തീരുമാനം ഇതുവരെ നടപ്പിലാക്കാത്തതിനുള്ള കാരണം വിശദമാക്കുമോ ;

(ബി) ക്രൈംബ്രാഞ്ച് വിഭാഗം ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഉണ്ടോ ; എങ്കിൽ അതിന്റെ ഘടന വിശദമാക്കുമോ ;

(സി) പ്രസ്തുത വിഭാഗം എന്ന് മുതൽ ആരംഭിക്കുമെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ-സി) എക്സൈസ് വകുപ്പിൽ ക്രൈംബ്രാഞ്ച് വിഭാഗം രൂപീകരിക്കണമെന്ന ശിപാർശ സർക്കാർ പരിശോധിച്ച് വരുന്നു. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**ബിവറേജസ് ഔട്ട്‌ലെറ്റുകളിലെ ജീവനക്കാരുടെ അപര്യാപ്തത**

76 (1780) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര ബിവറേജസ് ഔട്ട്‌ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ട് ; ഇവിടങ്ങളിൽ എത്ര തസ്തികകളാണ് ആകെയുള്ളത് ; നിലവിൽ എത്ര ജീവനക്കാരാണ് ഓരോ തസ്തികയിലും ഉള്ളത് ; ഇനി എത്ര ജീവനക്കാർകൂടി ഓരോ തസ്തികയിലും ആവശ്യമുണ്ട് ;

(ബി) ജീവനക്കാരുടെ കുറവുമൂലം നിലവിലുള്ള ജീവനക്കാർ വളരെയധികം കഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) റാന്നി ബിവറേജസ് ഔട്ട്‌ലെറ്റിൽ എത്ര ജീവനക്കാരാണ് വേണ്ടത് ; നിലവിൽ ഇവിടെ എത്ര ജീവനക്കാർ ഉണ്ട് ; ജീവനക്കാരുടെ കുറവ് ഇപ്പോൾ എങ്ങനെയാണ് പരിഹരിച്ചു പോകുന്നത് ;

(ഡി) പനി ബാധിച്ച് അവധി ആവശ്യപ്പെട്ടിട്ടും അധികൃതർ അവധി നൽകാത്തതിനെ തുടർന്ന് ഡ്യൂട്ടിക്കിടെ റാന്നി ബിവറേജസിൽ ജീവനക്കാരൻ കുഴഞ്ഞുവിണു മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അസുഖമായിട്ടും ഇയാൾക്ക് അവധി നൽകാത്ത മേലുദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഇ) റാന്നി ബിവറേജസിലെ തിരക്ക് കണക്കിലെടുത്ത് കൂടുതൽ ജീവനക്കാരെ നിയമിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പേരെ അധികമായി നിയമിക്കും എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കേരളത്തിൽ ഇപ്പോൾ 332 വിദേശമദ്യഷാപ്പുകൾ (എഫ്.എൽ.1) ബിവറേജസ് ഔട്ട്ലെറ്റുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. 292 എഫ്.എൽ.1 ഷോപ്പുകൾ ബിവറേജസ് കോർപ്പറേഷന്റെ കീഴിലും 40 എഫ്.എൽ.1 ഷോപ്പുകൾ, കൺസ്യൂമർഫെഡിന് കീഴിലും പ്രവർത്തിച്ചുവരുന്നുണ്ട്. കെ.എസ്.ബി.സി.-യിലെ തസ്തിക വിവരം ചുവടെ ചേർക്കുന്നു :

| നമ്പർ | തസ്തികവിവരം | എണ്ണം |
|---|---|---|
| 1. | അസിസ്റ്റന്റ്സ് | 157 |
| 2. | എൽ.ഡി.ക്ലാർക്ക് | 203 |
| 3. | ഹെൽപ്പർ | 155 |
| 4. | അബ്കാരി ജീവനക്കാർ | 1500 |
| 5. | ഡെപ്യൂട്ടേഷൻ ജീവനക്കാർ | 405 |
| | ആകെ | 2420 |

നിലവിൽ കെ.എസ്.ബി.സി.-യിൽ സർക്കാർ അനുവദിച്ചിട്ടുള്ള 1721 തസ്തികകളിൽ 1040 പേർ ജോലി ചെയ്യുന്നുണ്ട്. അവശേഷിക്കുന്ന 681 തസ്തികകളിൽ പി.എസ്.സി. വഴി നിയമനം നടന്നുവരുന്നു. ഇതുകൂടാതെ അബ്കാരി വർക്കർ വിഭാഗത്തിൽ 1579 പേർ ജോലി ചെയ്തുവരുന്നു. ടി തസ്തികകളിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം മാത്രമാണ് പുതുതായി നിയമനം നടത്തുന്നത്. അല്ലാതെ

നിയമിക്കുന്നതിന് വ്യവസ്ഥയില്ല. കൺസ്യൂമർഫെഡിന് കീഴിൽ പ്രവർത്തിക്കുന്ന 40 എഫ്.എൽ. ഷോപ്പുകളിലായി 276 അബ്കാരി ജീവനക്കാരെ പുനർവിന്യസിച്ച നിയമനം നൽകിയിരുന്നു. ആയതിൽ 187 ജീവനക്കാർ ഇപ്പോൾ ജോലി ചെയ്തുവരുന്നു. കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനുവേണ്ടി സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റ് ഒരു പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും 639 ജീവനക്കാരുടെ ആവശ്യമുണ്ടെന്ന് കണ്ടെത്തിയിട്ടുള്ളതുമാണ്. ടി റിപ്പോർട്ടിന്മേൽ നടപടി സ്വീകരിച്ചു വരുന്നു.

(ബി) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ നടത്തിവരുന്ന ചില ഷോപ്പുകളിൽ ജീവനക്കാരുടെ കുറവുണ്ട്. ഇപ്രകാരം കുറവുള്ള ഷോപ്പിലേക്ക് ജീവനക്കാരെ മാറ്റി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പി.എസ്.സി. വഴി നിയമനം നടത്തുന്ന പുതിയ ജീവനക്കാരെ ജീവനക്കാർ കുറവുള്ള ഷോപ്പുകളിൽ നിയമിച്ച് പ്രശ്നപരിഹാരം കാണുന്നുണ്ട്.

(സി) ബിവറേജസ് ഔട്ട്ലെറ്റുകളിൽ ആവശ്യമായ ജീവനക്കാരുടെ അടിസ്ഥാനത്തിൽ ഒരു സ്റ്റാഫ് പാറ്റേൺ കോർപ്പറേഷൻ നടപ്പാക്കിയിട്ടില്ല. ഓരോ ഷോപ്പിലെയും വിൽപ്പനയുടെ അടിസ്ഥാനത്തിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കാറുണ്ട്. റാന്നി ഷോപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് 7 ജീവനക്കാരുടെ ആവശ്യമുണ്ട്. ടി ഷോപ്പിൽ 18-5-2015-ൽ 8 ജീവനക്കാർ ഉണ്ടായിരുന്നു. എന്നാൽ അച്ചടക്ക നടപടിയുടെ ഭാഗമായി രണ്ട് ജീവനക്കാരെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും ഒരാളെ സ്ഥലം മാറ്റുകയും ചെയ്തിരുന്നു. അതിനുപകരമായി മറ്റിടങ്ങളിൽ നിന്നും 2 ജീവനക്കാരെ റാന്നി ഷോപ്പിലേക്ക് മാറ്റി നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) റാന്നി എഫ്.എൽ.-1 ഷോപ്പിലെ അബ്കാരി ജീവനക്കാരൻ ജോലിക്കിടെ കുഴഞ്ഞുവീണ് മരണപ്പെട്ടിട്ടുണ്ട്. ടിയാൻ അവധി ആവശ്യപ്പെട്ടുകൊണ്ട് മേലധികാരികൾക്ക് അപേക്ഷയൊന്നും നൽകിയിട്ടില്ലായിരുന്നു.

(ഇ) റാന്നി ബിവറേജസ് ഷോപ്പിലെ തിരക്ക് കണക്കിലെടുത്ത് ആവശ്യമായ കൂടുതൽ ജീവനക്കാരെ നിയമിക്കാനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

## ജനമൈത്രി എക്സൈസ്

77 (1781) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനമൈത്രി എക്സൈസ് പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കുമോ ;

(ബി) വ്യാജമദ്യം തടയുവാനും മദ്യത്തിനെതിരെ ബോധവത്ക്കരണം നടത്തുവാനും എന്തൊക്കെ പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) ആരുടെ നേതൃത്വത്തിലാണ് ഇത് പ്രാവർത്തികമാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) ജനമൈത്രി എക്സൈസ് രൂപീകരിക്കുന്നതിന്റെ ആദ്യപടി എന്ന നിലയിൽ അട്ടപ്പാടിയിൽ ജനമൈത്രി എക്സൈസ് സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്ന സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മദ്യാസക്തിക്കെതിരെ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടപ്പാക്കുക. അതിലൂടെ മദ്യ മയക്കുമരുന്നു കളുടെയും മറ്റ് ലഹരി വസ്തുക്കളുടെയും ഉപഭോഗംമൂലമുണ്ടാകുന്ന ദൂഷ്യവശങ്ങളെ ക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കുക. കൂടാതെ ലഹരിക്ക് അടിമപ്പെട്ടവരെ ഡീ അഡിക്ഷൻ സെന്ററുകളിലെ ചികിത്സയ്ക്ക് വിധേയരാക്കുന്നതിലൂടെ ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുക. ഇതിനുപുറമെ ജനങ്ങളുടെ സഹകരണത്തോടെ ശക്തമായി എൻഫോഴ്സ്മെന്റ് പ്രവർത്തനം നടപ്പിലാക്കി മദ്യ മയക്കുമരുന്നുകളുടെ ഉൽപ്പാദനവും വിപണനവും തടയുകയും കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനും ജനമൈത്രി എക്സൈസ് പ്രവർത്തിക്കുന്നു.

(ബി) സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ വ്യാജമദ്യത്തിന്റെയും

മറ്റുലഹരി വസ്തുക്കളുടെയും ഉൽപ്പാദന വിപണന കേന്ദ്രങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ ടി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുക. ഈ പ്രവർത്തനങ്ങൾക്ക് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ മേൽനോട്ടത്തിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ നേതൃത്വം നൽകുന്നു. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കിടയിലും ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ എത്തിക്കുന്നതിന് ബോധവൽക്കരണ ക്ലാസ്സുകൾ, ലഘു ചിത്ര പ്രദർശനങ്ങൾ, ലഘുലേഖ വിതരണം എന്നിവ സംഘടിപ്പിക്കുക. കൂടാതെ ദൃശ്യ-ശ്രവ്യ-അച്ചടി മാധ്യമങ്ങളിലൂടെ ലഹരി വിരുദ്ധ ബോധവൽക്കരണ ആശയങ്ങൾ പ്രചരിപ്പിക്കുക, സ്കൂൾ കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ, നാഷണൽ സർവ്വീസ് സ്കീം, സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നിവയിലൂടെയും കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷൻ എന്നിവയിലൂടെയും ബോധവൽക്കരണ പരിപാടികൾ ജനമൈത്രി എക്സൈസ് സംഘടിപ്പിക്കുന്നു.

(സി) ജനമൈത്രി എക്സൈസ് എന്ന പേരിൽ ഒരു എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ 15 അംഗ ഉദ്യോഗസ്ഥരെ പുതിയതായി നിയമിച്ച് ഒരു കർമ്മസേന അട്ടപ്പാടിയിൽ രൂപീകരിച്ച് ഇതിനോടകംതന്നെ ലഹരിവിരുദ്ധ ബോധവല്ക്കരണവും എൻഫോഴ്സ്മെന്റ് പ്രവർത്തനവും ജനകീയ പങ്കാളിത്തത്തോടെ അട്ടപ്പാടിയിൽ നടത്തിവരുന്നു.

## ബിവറേജസ് കോർപ്പറേഷൻ ഔട്ട്ലെറ്റുകളിലെ ബില്ലിംഗ് സിസ്റ്റം

78 (1782) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിവറേജസ് കോർപ്പറേഷൻ ഔട്ട്ലെറ്റുകളിൽ വ്യാജ ബില്ലിംഗ് സമ്പ്രദായം കാണപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു നിയന്ത്രിക്കുന്നതിന് പ്രസ്തുത ഔട്ട്ലെറ്റുകളിലെ കച്ചവടവും വിലയും ബില്ലിംഗും ഒരു നെറ്റ്വർക്കിലൂടെ ബന്ധിപ്പിച്ച് നിരീക്ഷണവിധേയമാക്കാനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) മദ്യം വാങ്ങുന്ന ഉപഭോക്താവ് എല്ലാ നിലയിലും വഞ്ചിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുവാൻ എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ബിവറേജസ് കോർപ്പറേഷൻ ഔട്ട്ലെറ്റുകളിൽ വ്യാജ ബില്ലിംഗ് സമ്പ്രദായം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉപഭോക്താക്കൾ വഞ്ചിക്കപ്പെടാതിരിക്കാൻ താഴെ പറയുന്ന നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട് :

1. വെയർഹൗസുകളിൽ ഇറക്കുമതി ചെയ്യുന്ന മദ്യത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി മദ്യത്തോടൊപ്പം അതാതു സംസ്ഥാനങ്ങളിലെ കെമിക്കൽ എക്സാമിനർ സാക്ഷ്യപ്പെടുത്തിയ കെമിക്കൽ എക്സാമിനേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാറുണ്ട്. ഈ സർട്ടിഫിക്കറ്റിൽ മദ്യം വിഷമയമല്ലെന്നും ഉപയോഗയോഗ്യമാണെന്നും സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിൽ മാത്രമേ മദ്യം വിൽക്കുകയുള്ളൂ.

2. ബിവറേജസ് കോർപ്പറേഷൻ വിൽക്കുന്ന മദ്യം ഉപയോഗയോഗ്യമാണെന്നും എല്ലാ തരത്തിലുമുള്ള നികുതികളും അടച്ചിട്ടുള്ളതാണെന്നും ഉറപ്പുവരുത്താറുണ്ട്. കൂടാതെ ഓരോ കുപ്പിയുടെ അടപ്പിന് മേൽ കോഡും സീരിയൽ നമ്പരും അടങ്ങിയിട്ടുള്ള ഹോളോഗ്രാഫിക് സെക്യൂരിറ്റി ലേബൽ ഒട്ടിച്ച കുപ്പികളാണ് ബിവറേജസ് കോർപ്പറേഷന്റെ വെയർഹൗസുകളിൽ നിന്നും ബാറുകളിലേക്കും ബിവറേജസ് ഔട്ട്ലെറ്റുകളിലേക്കും വിതരണം ചെയ്യുന്നത്. സെക്യൂരിറ്റി ലേബലിന്റെ കോഡും സീരിയൽ നമ്പരും പരിശോധിച്ചാൽ ഓരോ കുപ്പിയും ഏതു വെയർഹൗസിൽ നിന്നാണ് വിതരണം ചെയ്തതെന്ന് കണ്ടുപിടിക്കുവാൻ സാധിക്കും.

3. ഉപഭോക്താക്കൾ മദ്യം വാങ്ങുമ്പോൾ കൊടുക്കേണ്ട വില ഓരോ കുപ്പിയിലും ഒട്ടിച്ചിരിക്കുന്ന ബ്രാൻഡ് ലേബലിൽ രേഖപ്പെടുത്തിയിരിക്കുന്നു.

4. ഉപഭോക്താക്കളുടെ അറിവിനായി ബിവറേജസ് ഔട്ട്ലെറ്റുകളിൽ ലഭ്യമായ ബ്രാൻഡുകളുടെ വില വിവരം പ്രദർശിപ്പിച്ചിട്ടുണ്ട്.

5. മദ്യം നൽകുന്നതോടൊപ്പം മദ്യത്തിന്റെ വില അടങ്ങിയ ബിൽ ഉപഭോക്താക്കൾക്ക് നൽകാറുണ്ട്.

6. ഉപഭോക്താക്കൾ വഞ്ചിക്കപ്പെടാതിരിക്കാൻ കോർപ്പറേഷന്റെ ഇന്റേണൽ ഓഡിറ്റ് വിഭാഗം ഔട്ട്ലെറ്റുകളിലും വെയർഹൗസുകളിലും മിന്നൽ പരിശോധന നടത്താറുണ്ട്.

7. വില ഈടാക്കുന്നതിലോ ബില്ലിംഗിലോ പരാതികൾ ഉണ്ടെങ്കിൽ ആയത് എസ്.എം.എസ്. വഴി കോർപ്പറേഷൻ അധികാരികളെ

അറിയിക്കുന്നതിന് സൗകര്യം ഒരുക്കിയിട്ടുണ്ട്. ഇപ്രകാരം ലഭിക്കുന്ന പരാതികൾ സംബന്ധിച്ച് സമയബന്ധിതമായി അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കാറുണ്ട്.

ട്രാക്ക് & ട്രേയ്സ് സിസ്റ്റമനുസരിച്ച് സ്മാർട്ട് ഫോൺ വഴി മദ്യകുപ്പിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ഉപഭോക്താവിന് മനസ്സിലാക്കാൻ കഴിയുന്ന രീതിയും ആധുനിക രീതിയിലുള്ള സെക്യൂരിറ്റി സ്റ്റിക്കർ ഉൽപ്പാദിപ്പിച്ച് പതിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

**വ്യാജമദ്യം കച്ചവടം**

76 (1783) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശമദ്യ ബാറുകൾ അടച്ചുപൂട്ടിയ ശേഷം വ്യാജമദ്യം കച്ചവടം ചെയ്യുന്നതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) മുൻവർഷങ്ങളെ അപേക്ഷിച്ച് വ്യാജ മദ്യകച്ചവടം വർദ്ധിച്ചിട്ടുണ്ടെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ വ്യാജമദ്യകച്ചവടം തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) വിദേശ മദ്യബാറുകൾ അടച്ചുപൂട്ടിയശേഷം വ്യാജമദ്യം കച്ചവടം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തൊട്ടാകെ 289 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വ്യാജമദ്യ കച്ചവടം തടയുന്നതിനായി സംസ്ഥാനത്തെ എല്ലാ എക്സൈസ് ഡിവിഷനുകളിലും ഊർജ്ജിതമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമേ എല്ലാ ഡിവിഷനുകളിലും രാത്രികാല വാഹന പരിശോധന നടത്തുന്നതിനും പട്രോളിംഗിനുമായി സ്ട്രൈക്കിംഗ് ഫോഴ്സുകൾ പ്രവർത്തിക്കുന്നുണ്ട്. പകലും രാത്രിയും വിവിധ എക്സൈസ് പാർട്ടികൾ ദേശീയ

പാതയിലും മറ്റു പ്രധാന റോഡുകളിലും വാഹന പരിശോധന നടത്തുന്നുണ്ട്. കേരളത്തിലേക്ക് സ്പിരിറ്റുൾപ്പെടെയുള്ള വ്യാജങ്ങൾ ചെറുവാഹനങ്ങളിൽ സംസ്ഥാനത്തിന് പുറത്തുനിന്നും കടത്തിക്കൊണ്ടുവരാനുള്ള സാധ്യതകൾ മുന്നിൽകണ്ട് എല്ലാ ചെക്ക് പോസ്റ്റുകളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെറുവാഹനങ്ങളും ആഡംബര കാറുകളും ഉൾപ്പെടെ എല്ലാ വാഹനങ്ങളും പരിശോധിക്കുകയും ചെയ്യുന്നു. അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹന പരിശോധന നടത്തുന്നുണ്ട്. കൂടാതെ എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള സ്പെഷ്യൽ സ്ക്വാഡുകളും എക്സൈസ് ഇന്റലിജൻസ് വിഭാഗവും വ്യാജമദ്യ കടത്ത്, നിർമ്മാണം, വില്പന എന്നിവ സംബന്ധിച്ച് ഇന്റലിജൻസ് വിവരം ശേഖരിച്ച് അതിന്മേൽ നടപടി എടുത്തുവരുന്നു. ചെക്ക് പോസ്റ്റുകൾ മറികടന്ന് പുതിയ വഴികളിലൂടെ സ്പിരിറ്റ്, വ്യാജമദ്യം എന്നിവ കടത്തുവാൻ സാധ്യതയുള്ള റോഡുകളിൽ വാഹന പരിശോധന കർശനമാക്കിയിട്ടുണ്ട്. കൂടാതെ ദേശീയപാതകളിൽ വാഹന പരിശോധന നടത്തുന്നുമുണ്ട്. താലൂക്ക് തലങ്ങളിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ കീഴിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചും ജനകീയ കമ്മിറ്റികൾ യഥാസമയം കൂടിയും പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികളിന്മേൽ പരിശോധന നടത്തിയും വ്യാജമദ്യക്കച്ചവടത്തിനെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, സംസ്ഥാനതലത്തിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി ജൂൺ 15 മുതൽ ജൂലൈ 15 വരെ "ഓപ്പറേഷൻ മൂൺഷൈൻ" എന്ന പേരിൽ സ്പെഷ്യൽ ഡ്രൈവ് പ്രവർത്തനങ്ങൾ നടത്തി വരുന്നുമുണ്ട്.

## _ബാറുകളുടെ ലൈസൻസ് പുതുക്കൽ

80 (1784) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ ഏതെല്ലാം വിഭാഗത്തിൽപ്പെട്ട എത്രവീതം ബാറുകൾക്ക് ലൈസൻസ് നൽകുകയുണ്ടായിട്ടുണ്ട് ;

(ബി) 2014-15 സാമ്പത്തിക വർഷം ലൈസൻസ് പുതുക്കി നൽകിയവ എത്ര; പുതുതായി ലൈസൻസ് നൽകിയവ എത്ര ;

(സി) ലൈസൻസിനുള്ള ഏതെല്ലാം വിഭാഗത്തിൽപ്പെട്ട എത്ര അപേക്ഷകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട് ; ലഭിച്ച എത്ര അപേക്ഷകൾ തള്ളിക്കളഞ്ഞിട്ടുണ്ട് ;

സർക്കാരിന്റെ പരിഗണനയിലിരിക്കുന്നവ എത്ര; അവ ഏതെല്ലാം ;

(ഡി) വൈൻ/ബിയർ പാർലർ ലൈസൻസിനുള്ള എത്ര അപേക്ഷ ഈ വർഷം ലഭിച്ചു ; എത്രപേർക്ക് ലൈസൻസ് നൽകുകയുണ്ടായി ; പരിഗണനയിലിരിക്കുന്നവ എത്ര; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഫൈവ് സ്റ്റാർ വിഭാഗത്തിൽപ്പെട്ട 27 ഹോട്ടലുകൾക്ക് നിലവിൽ ബാർ ലൈസൻസ് നൽകിയിട്ടുണ്ട്.

(ബി) 2014-15 വർഷത്തിൽ 318 ബാർ ലൈസൻസുകൾ പുതുക്കി നൽകിയിരുന്നു. 2014-15-ൽ പുതുതായി 2 ബാർ ലൈസൻസുകൾ നൽകിയിരുന്നു.

(സി) 2014-15, 2015-16 എന്നീ കാലഘട്ടത്തിൽ ത്രീസ്റ്റാർ വിഭാഗത്തിൽപ്പെട്ട 4-ഉം ഫോർ സ്റ്റാർ വിഭാഗത്തിൽപ്പെട്ട 17-ഉം ഫൈവ് സ്റ്റാർ വിഭാഗത്തിൽപ്പെട്ട 5-ഉം ഉൾപ്പെടെ ആകെ 26 അപേക്ഷകൾ ലഭിച്ചു. ഇവയിൽ ഫൈവ് സ്റ്റാർ ഒഴികെയുള്ള 21 അപേക്ഷകളും തള്ളിക്കളഞ്ഞിട്ടുണ്ട്. ഫൈവ് സ്റ്റാർ അപേക്ഷയിന്മേൽ 5 ബാർ ലൈസൻസുകൾ അനുവദിച്ചിട്ടുണ്ട്. നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ബാർ ലൈസൻസിനായുള്ള അപേക്ഷകൾ ഒന്നും തന്നെയില്ല.

(ഡി) ബിയർ/വൈൻ പാർലർ ലൈസൻസിനായുള്ള 7 അപേക്ഷകൾ ഈ വർഷം ലഭിച്ചു. അതിൽ 5 പേർക്ക് ലൈസൻസ് നൽകുകയുണ്ടായി. 2 അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലാണ്.

**മദ്യനയവും വരുമാനവും**

81 (1785) <u>ശ്രീ. എ. കെ. ബാലൻ</u> :
<u>ശ്രീമതി കെ. കെ. ലതിക</u> :
<u>ഡോ. കെ. ടി. ജലീൽ</u> :
<u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മദ്യനയം സംബന്ധിച്ച നിലപാട് എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ; ഈ സർക്കാർ അധികാരത്തിൽ വന്ന വർഷംതന്നെ പ്രസ്തുത നിലപാട് അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായോ ; എങ്കിൽ ആ വർഷവും ബാറുകളുടെ ലൈസൻസ് പുതുക്കുകയും പുതിയ ബാറുകൾ അനുവദിക്കുകയും ചെയ്തത് എന്തുകൊണ്ടായിരുന്നുവെന്ന്

വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര ബാറുകളും മദ്യവില്പന ശാലകളും നിലവിലുണ്ടായിരുന്നു ; എത്ര ബാറുകൾക്ക് പുതുതായി ലൈസൻസ് നൽകിയിട്ടുണ്ട്

(സി) മദ്യനയത്തിന്റെ ഫലമായി സ്റ്റേറ്റ് എക്സൈസിൽ നിന്നുള്ള വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടോ ; 2010-11-ൽ വരുമാനം എത്രയായിരുന്നു ; 2014-15-ൽ വരുമാനം എത്രയായി വർദ്ധിച്ചു ; 2015-16-ലെ ബജറ്റിൽ സ്റ്റേറ്റ് എക്സൈസ് വഴി പ്രതീക്ഷിക്കുന്ന വരുമാനം എത്ര ;

(ഡി) മദ്യനയത്തിന്റെ ഫലമായി വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ടെങ്കിൽ ശരാശരി എത്ര കോടി രൂപ പ്രതിവർഷം ഖജനാവിന് നഷ്ടം ഉണ്ടായതായി കണക്കാക്കുന്നു ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മദ്യത്തിന്റെ ഉല്പാദനവും ലഭ്യതയും കുറച്ച് ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യവർജ്ജനത്തിലൂന്നിയുള്ള ഘട്ടംഘട്ടമായ മദ്യ നിരോധനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഘട്ടംഘട്ടമായി മദ്യത്തിന്റെ ഉപയോഗം കുറയ്ക്കുക എന്ന സർക്കാരിന്റെ അബ്കാരി നയത്തിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ ബാർ ലൈസൻസ് നൽകാവുന്ന പട്ടികയിൽ നിന്നും 3 സ്റ്റാർ ഹോട്ടലുകളെ ഒഴിവാക്കി. ഇത് സർക്കാർ നിലവിൽ വന്ന ആദ്യ വർഷം തന്നെയാണ്. തുടർന്നുള്ള വർഷങ്ങളിൽ 4 സ്റ്റാർ ഹോട്ടലുകളെ ഒഴിവാക്കി. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട കോടതിയിൽ വിവിധ കേസ്സുകൾ ഹോട്ടൽ ഉടമസ്ഥർ ഫയൽ ചെയ്തെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതി സർക്കാരിന്റെ അബ്കാരി നയം അംഗീകരിച്ചു. നിലവാരമില്ലാത്ത ബാറുകൾ എന്ന് സി. & എ.ജി. റിപ്പോർട്ടിൽ പരാമർശിച്ചതും ബഹുമാനപ്പെട്ട സുപ്രീംകോടതി നിരീക്ഷിച്ചതുമായ 418 ബാറുകൾ 2014-15 വർഷം പുതുക്കേണ്ട എന്ന് തീരുമാനിച്ചു. തുടർന്ന് 2014 ആഗസ്റ്റ് മുതൽ 5 സ്റ്റാർ ഒഴികെയുള്ള ഹോട്ടലുകളിലെ ബാറുകൾ പൂട്ടാൻ തീരുമാനിച്ചു. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ താൽക്കാലിക ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി ഹോട്ടലുകൾ 2015 മാർച്ച് 31 വരെ പ്രവർത്തിച്ചു. 31-3-2015 ലെ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 1-4-2015 മുതൽ 5 സ്റ്റാറിന് താഴെ ക്ലാസിഫിക്കേഷൻ ഉള്ള ഹോട്ടലുകളിലെ FL3 ലൈസൻസ് പുതുക്കി നൽകിയിട്ടില്ലാത്തതാകുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 680 ബാറുകളും 384 മദ്യ വില്പനശാലകളും (എഫ്.എൽ-1 ഷോപ്പ്) നിലവിലുണ്ടായിരുന്നു. 64 ബാറുകൾക്ക് പുതിയതായി ലൈസൻസ് നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന 710 എഫ്.എൽ-3 ലൈസൻസുകൾ (ബാറുകൾ) നിർത്തലാക്കിയതും 52 എഫ്.എൽ.-1 വിദേശമദ്യ ഔട്ട്ലെറ്റുകൾ നിർത്തലാക്കിയതും എക്സൈസ് നികുതി വരുമാനത്തിൽ കുറവു വരുത്തിയിട്ടുണ്ട്. 710 എഫ്.എൽ-3 ലൈസൻസുകൾ നിർത്തലാക്കിയതുകൊണ്ട് മാത്രം എക്സൈസ് നികുതി വരുമാനത്തിൽ 163.30 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. 2010-11-ൽ സ്റ്റേറ്റ് എക്സൈസ് വരുമാനം 1704.69 കോടി രൂപയായിരുന്നു. 2013-14-ൽ സ്റ്റേറ്റ് എക്സൈസ് വരുമാനം 1931.89 കോടി രൂപയായിരുന്നു. 2014-15-ൽ സ്റ്റേറ്റ് എക്സൈസ് വരുമാനം 1778.07 കോടി രൂപയാണ്. 2015-16-ലെ ബഡ്ജറ്റിൽ സ്റ്റേറ്റ് എക്സൈസിൽ നിന്നുള്ള വരുമാന ലക്ഷ്യം 2600.66 കോടി രൂപയാണ്.

(ഡി) ബഡ്ജറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ കൂടുതലും കുറവും വരുമാനം ലഭിച്ച വർഷത്തെ ശതമാനക്കണക്ക് ചുവടെ ചേർക്കുന്നു :

| വർഷം | ബഡ്ജറ്റ് തുക (കോടിയിൽ) | കളക്ഷൻ (കോടിയിൽ) | വ്യത്യാസം (ശതമാനത്തിൽ) |
|---|---|---|---|
| 2005-06 | 825.82 | 835.23 | +1.13 |
| 2006-07 | 944.73 | 951.65 | +0.73 |
| 2007-08 | 986.86 | 1185.19 | +20.0 |
| 2008-09 | 1299.85 | 1369.13 | +5.32 |
| 2009-10 | 1440.52 | 1533.31 | +6.44 |
| 2010-11 | 1836.21 | 1704.69 | -7.16 |
| 2011-12 | 2059.04 | 1888.88 | -8.28 |
| 2012-13 | 2550.65 | 2249.75 | -11.79 |
| 2013-14 | 2801.75 | 1931.89 | -31.04 |
| 2014-15 | 3208.36 | 1778.07 | -44.58 |

**സ്റ്റേറ്റ് എക്സൈസിൽ നിന്നുമുള്ള വരുമാനം**

82 (1786) <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാറുകളുടെ ലൈസൻസ് നൽകാതിരുന്നതുമൂലം സ്റ്റേറ്റ് എക്സൈസിൽ നിന്നുമുള്ള വരുമാനം കുറഞ്ഞുവെന്നത് ശരിയാണോ ;

(ബി) 2010-11-ൽ സ്റ്റേറ്റ് എക്സൈസിൽ നിന്നുമുള്ള വരുമാനം എത്ര തുകയായിരുന്നു ; 2013-14-ൽ അത് എത്രയായി വർദ്ധിച്ചു ; 2014-15 -ൽ എത്രയായി വർദ്ധിച്ചു ; 2015-16-ലെ ബഡ്ജറ്റിൽ സ്റ്റേറ്റ് എക്സൈസിൽ നിന്നുള്ള വരുമാന ലക്ഷ്യം എത്ര തുകയാണ് ;

(സി) വരുമാനം കുറഞ്ഞുവെന്നത് ശരിയാണെങ്കിൽ ഏതെല്ലാം വർഷത്തിൽ എത്ര തുകയുടെ വരുമാനം കുറവുണ്ടായി എന്നും ഇതിനകം മൊത്തം എത്ര തുകയുടെ കുറവുണ്ടായി എന്നും വെളിപ്പെടുത്താമോ ;

(ഡി) സർക്കാർ വിൽക്കുന്ന മദ്യം കൂടാതെ അനധികൃതമായി നടക്കുന്ന വിൽപ്പന കൂടി പരിഗണിച്ചാൽ മദ്യ ഉപഭോഗത്തിൽ ഒരു കുറവും ഉണ്ടായിട്ടില്ലെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) ബാറുകളുടെ ലൈസൻസ് നൽകാതിരുന്നതുമൂലം സ്റ്റേറ്റ് എക്സൈസ് വരുമാനത്തിൽ 163.3 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

(ബി) 2010-11-ൽ സ്റ്റേറ്റ് എക്സൈസ് വരുമാനം 1704.69 കോടി രൂപയും 2013-14-ൽ 1931.89 കോടി രൂപയും 2014-15-ൽ സ്റ്റേറ്റ് എക്സൈസ് വരുമാനം 1778.07 കോടി രൂപയുമാണ്. 2015-16-ലെ ബഡ്ജറ്റിൽ സ്റ്റേറ്റ് എക്സൈസിൽ നിന്നുള്ള വരുമാന ലക്ഷ്യം 2600.66 കോടി രൂപയാണ്.

(സി) സ്റ്റേറ്റ് എക്സൈസ് വരുമാനത്തിൽ കുറവുണ്ടായ സാമ്പത്തിക വർഷങ്ങളിലെ കണക്ക് ചുവടെ ചേർക്കുന്നു :

| വർഷം | തുക (കോടിയിൽ) | മുൻവർഷങ്ങളെ അപേക്ഷിച്ച് ഉണ്ടായ കുറവ് |
|---|---|---|

| | | |
|---|---|---|
| 2013-14 | 1931.89 | (-)317.86 |
| 2014-15 | 1778.07 | (-)153.82 |

(ഡി) 2012-13 സാമ്പത്തിക വർഷത്തിനുശേഷം കെ.എസ്.ബി.സി. വഴിയുള്ള മദ്യ വില്പനയിൽ കുറവു വന്നിട്ടുണ്ട്. മദ്യ വില്പന സംബന്ധിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു :

| | (കേയ്സുകളുടെ എണ്ണം ലക്ഷത്തിൽ) | | |
|---|---|---|---|
| വില്പന (കേയ്സുകളിൽ) | 2012-13 | 2013-14 | 2014-15 |
| ഇൻഡ്യൻ നിർമ്മിത വിദേശ മദ്യം | 244.33 | 240.67 | 220.58 |
| ബിയർ | 101.64 | 107.96 | 95.59 |

മേൽ കണക്കുകൾ പ്രകാരം മദ്യ ഉപഭോഗത്തിൽ കുറവ് വന്നതായി കണക്കാക്കാവുന്നതാണ്. അനധികൃത മദ്യവില്പനയ്ക്കെതിരെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് നടപടികളാണ് സ്വീകരിച്ചുവരുന്നത്.

**മാവേലിക്കര മണ്ഡലത്തിൽ എക്സൈസ് ഓഫീസ്**

83 (1787) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാവേലിക്കര മണ്ഡലത്തിൽ എക്സൈസ് ഓഫീസിന് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

മാവേലിക്കര മണ്ഡലത്തിൽ എക്സൈസ് ഓഫീസിന് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതിനായി വഴുവാടി L.P. സ്കൂൾ നിലനിന്നിരുന്ന മാവേലിക്കര താലൂക്കിൽ തഴക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ-5-ൽ റിസർവ്വേ 30/7-ൽപ്പെട്ട 11.25

ആർ വിസ്തീർണ്ണമുള്ള റവന്യൂ പുറമ്പോക്ക് ഭൂമി എക്സൈസ് വകുപ്പിന് കൈമാറി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചാലക്കുടിയിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്**

84 (1788) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടിയിൽ താലൂക്ക് ഓഫീസ് പ്രവർത്തനം ആരംഭിച്ച് ഒരു വർഷം പിന്നിട്ട സാഹചര്യത്തിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് ചാലക്കുടിയിൽ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ആതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറയിൽ ഒരു എക്സൈസ് റെയ്ഞ്ച് ഓഫീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചാലക്കുടി ഉൾപ്പെടെ പുതുതായി പ്രഖ്യാപിച്ച 12 താലൂക്കുകളിൽ എക്സൈസ് സർക്കിൾ ഓഫീസുകൾ ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) ആതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറയിൽ എക്സൈസ് റെയ്ഞ്ചാഫീസ് ആരംഭിക്കുന്നതിനുള്ള ശിപാർശകളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല.

**വെള്ളരിക്കുണ്ട് ആസ്ഥാനമായി എക്സൈസ് ഓഫീസ്**

85 (1789) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി നിലവിൽ വന്ന താലൂക്കുകളിൽ എക്സൈസ് ഓഫീസുകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) വെള്ളരിക്കുണ്ട് താലൂക്ക് പരിധിയിലുള്ള ഏഴ് പഞ്ചായത്തുകളിലും എക്സൈസ് ഓഫീസ് ഇല്ലെന്ന വസ്തുത പരിഗണിച്ച് വെള്ളരിക്കുണ്ട് ആസ്ഥാനമായി റെയ്ഞ്ച് ഓഫീസ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) പുതുതായി നിലവിൽ വന്ന 12 താലൂക്കുകളിൽ എക്സൈസ് ഓഫീസുകൾ രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) വെള്ളരിക്കുണ്ട് ആസ്ഥാനമായി എക്സൈസ് റേഞ്ച് ആരംഭിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. അന്തിമ തീരുമാനം ആയിട്ടില്ല.

**കാസർഗോഡ് എക്സൈസ് കോംപ്ലക്സ്**

86 (1790) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ എക്സൈസ് കോംപ്ലക്സ് നിർമ്മിക്കാൻ ആലോചനയുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള സ്ഥലം ലഭ്യമാണോ ;

(ബി) പ്രസ്തുത നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എസ്റ്റിമേറ്റ് തുക എത്രയാണ് ; ഇതിനുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും എപ്പോൾ ലഭ്യമാകും എന്ന് വ്യക്തമാക്കാമോ ;

(സി) കാസർഗോഡ് നിയോജക മണ്ഡലത്തിലെ ബദിയടുക്കയിൽ എക്സൈസ് റെയ്ഞ്ച് ഓഫീസ് നിർമ്മിക്കാൻ ഉദ്ദേശ്യമുണ്ടോ ; ഉണ്ടെങ്കിൽ ഇതിനുള്ള സ്ഥലം ലഭ്യമാണോ ;

(ഡി) പ്രസ്തുത നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ എസ്റ്റിമേറ്റ് തുകയെത്ര എന്നും അതിന് എന്ന് എ.എസ്.&റ്റി.എസ്. ലഭ്യമാകുമെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. കാസർഗോഡ് വില്ലേജിൽ 132/1 ബി, 132/4 ബി എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട 50 സെന്റ് ഭൂമി ലഭ്യമായിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷം SOR 2012 പ്രകാരം 2.55 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ SOR 2013 പ്രകാരമുള്ള

എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഉണ്ട്. 25-6-2010-ലെ കാസർഗോഡ് റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഇ-7302/09 നമ്പർ ഉത്തരവു പ്രകാരം ബദിയടുക്ക വില്ലേജിൽ 0.25 ഏക്കർ ഭൂമി അനുവദിച്ചുത്തരവായിട്ടുണ്ട്.

(ഡി) SOR 2012 പ്രകാരം 79 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) തയ്യാറാക്കിയിരുന്നു. ഈ എസ്റ്റിമേറ്റ് SOR 2013 പ്രകാരം പുതുക്കി ലഭ്യമാക്കുവാൻ പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## മദ്യത്തിൽ നിന്നുള്ള വരുമാനം

87 (1791) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മദ്യത്തിൽ നിന്നുള്ള വരുമാന വർദ്ധന എത്ര കോടി രൂപയാണ് എന്ന് വ്യക്തമാക്കാമോ ;

(ബി) ബാറുകൾ അടച്ചതിനുശേഷം മദ്യത്തിൽ നിന്നുള്ള വരുമാനത്തിൽ എത്ര കോടി രൂപയുടെ കുറവ് വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മദ്യത്തിൽനിന്നുള്ള എക്സൈസ് റവന്യൂ വരുമാനം സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു :

| വർഷം | തുക | മുൻവർഷത്തെ ഇതേ |
|---|---|---|

| | (കോടിയിൽ) | കാലയളവിനെ അപേക്ഷിച്ച് വർദ്ധനവ് കുറവ് |
|---|---|---|
| 2011-12 | 1888.88 | (+)184.19 |
| 2012-13 | 2249.75 | (+)360.87 |
| 2013-14 | 1931.89 | (-)317.86 |
| 2014-15 | 1778.07 | (-)153.82 |
| 2015 മേയ് 30 വരെ | 359.43 | ... |

(ബി) സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന 710 ബാറുകൾ (എഫ്.എൽ. 3 ഷോപ്പുകൾ) നിർത്തലാക്കിയതുമൂലം ലൈസൻസ് ഫീസിനത്തിൽ കിട്ടേണ്ട തുകയിൽ കുറവ് വന്നിട്ടുണ്ട്. കൂടാതെ മദ്യ ഉപഭോഗത്തിൽ കുറവു വന്നിട്ടുള്ളതിനാൽ ഈ മേഖലയിൽ നിന്നും എക്സൈസ് ഡ്യൂട്ടി തുടങ്ങിയ ഇനങ്ങളിൽ ലഭിക്കേണ്ട വരുമാനത്തിൽ സാരമായ കുറവു വരുവാൻ സാദ്ധ്യതയുണ്ട്. ഇതുസംബന്ധിച്ച വരുമാനക്കുറവ് പൂർണ്ണമായും കണക്കാക്കപ്പെട്ടിട്ടില്ല. എന്നാൽ ബാറുകൾ അടച്ചതിനുശേഷം കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ വഴി 2015 മേയ് മാസം വരെ നടന്ന മദ്യവിൽപ്പനയിൽ നിന്നുള്ള വരുമാനത്തിൽ കുറവുണ്ടായിട്ടില്ല. 2015-16-ലെ മാസവില്പന 2014-15-ഉം ആയി താരതമ്യം ചെയ്ത് ചുവടെ ചേർക്കുന്നു :

| മാസം | 2015-16 | 2014-15 |
|---|---|---|
| ഏപ്രിൽ | 992.90 | 880.81 |
| മേയ് | 1006.15 | 899.71 |
| ആകെ | 1999.05 | 1780.52 |

**മാരിടൈം ബോർഡ്**

88 (1792) <u>ശ്രീ. കെ. മുരളീധരൻ</u> :

<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാരിടൈം ബോർഡ് സ്ഥാപിക്കാൻ നടത്തിയിട്ടുള്ള ശ്രമങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) മത്സ്യസമ്പത്ത് വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തുവാനായി ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ വിശദമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) തുറമുഖ വകുപ്പ്, കേരള സംസ്ഥാന മാരിടൈം ഡവലപ്പ്മെന്റ് കോർപ്പറേഷൻ, കേരള സംസ്ഥാന മാരിടൈം സൊസൈറ്റി എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് മാരിടൈം ബോർഡ് രൂപീകരിക്കുന്നതിനുള്ള ബില്ല് 17-12-2014-ൽ നിയമസഭ പാസാക്കി രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ചിരിക്കുകയാണ്.

(ബി) ചെറുകിട തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനം, പരിപാലനം, പരിരക്ഷ തുടങ്ങിയ സംസ്ഥാന സർക്കാരിൽ ഇന്ത്യൻ തുറമുഖ ചട്ടങ്ങൾമൂലം നിക്ഷിപ്തമായ കർത്തവ്യങ്ങൾ, കപ്പൽ മന്ത്രാലയത്തിന്റേയും കപ്പൽ ഗതാഗത വകുപ്പിന്റേയും മറ്റും നിയമങ്ങൾ നടപ്പിലാക്കൽ, വിവിധ തരത്തിലുള്ള ജലവാഹനങ്ങളിലെ ജീവനക്കാരുടെ യോഗ്യത നിർണ്ണയിച്ച് പരിശീലനവും സർട്ടിഫിക്കറ്റും നൽകൽ, വാണിജ്യവും നിയമപരവുമായ ചുമതലകൾ നിർവ്വഹിക്കൽ എന്നിവ വിവിധ വകുപ്പുകളേയും സ്ഥാപനങ്ങളേയും ഏകോപിപ്പിച്ച് കാര്യക്ഷമമായി നടപ്പിലാക്കൽ എന്നിവയാണ് മാരിടൈം ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ഉപരിതല ജലഗതാഗത മേഖലയിലെ വിവിധ വകുപ്പുകളുടെ ഏകോപനമില്ലാത്തതിനാൽ പല പദ്ധതികളും പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നുണ്ട്. മാരിടൈം ബോർഡ് നിലവിൽ വന്നാൽ ഈ മേഖലയിലെ എല്ലാ പദ്ധതികളുടേയും മേൽനോട്ടം ബോർഡിനായിരിക്കും. സംസ്ഥാനത്തെ തീരദേശ സുരക്ഷയും ഗൗരവമേറിയ കാര്യമാണ്. തുറമുഖങ്ങളിലെ പ്രവർത്തനങ്ങളും തീരദേശ സുരക്ഷയും ഏകോപിപ്പിച്ച് നടപ്പിലാക്കാൻ സംസ്ഥാന

മാരിടൈം ബോർഡിന് സാധ്യമാകും. ഇതിനായി ഇന്ത്യൻ നേവി, തീരദേശ സംരക്ഷണ സേന തുടങ്ങിയവയുടെ പ്രാതിനിധ്യം മാരിടൈം ബോർഡിൽ ഉറപ്പാക്കിയിട്ടുണ്ട്.

(സി&ഡി) കേരള മാരിടൈം ബോർഡ് ബിൽ ആർട്ടിക്കിൾ 25 പ്രകാരം നോൺ മേജർ തുറമുഖങ്ങളുടെ ചാനലും ബേസിനും ഉപയോഗിക്കുന്ന എല്ലാ മത്സ്യബന്ധന ബോട്ടുകളും ബോർഡിന്റെ നിയന്ത്രണത്തിൽ ആയിരിക്കും. എന്നാൽ മത്സ്യമേഖലയുടെ പ്രവർത്തനങ്ങൾ ബോർഡിന്റെ പരിധിയിൽ വരുന്നില്ല.

**വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പ്രവർത്തനക്ഷമമാക്കുന്ന വേളയിലെ തൊഴിൽ നഷ്ടപരിഹാരം**

89 (1793) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പ്രവർത്തനക്ഷമമാക്കുന്നതിന് വേണ്ടി ദേശീയ പാത, റെയിൽ ലൈൻ എന്നിവ സ്ഥാപിക്കുന്നതിന് നീക്കം ചെയ്യപ്പെട്ട ചീനവല, ഊന്നിവല എന്നിവയുടെ ഉടമകൾക്ക് തൊഴിൽ നഷ്ടം പരിഹരിക്കുന്നതിന് യഥാസമയം നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിച്ച നടപടിയെന്തെന്ന് വിശദീകരിക്കാമോ ; നഷ്ടപരിഹാരത്തിന് അർഹരായവർ എത്ര പേരെന്നും ഇതിന് ആവശ്യമായി വരുന്ന തുക എത്രയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നഷ്ടപരിഹാരത്തുക എന്നത്തേക്ക് വിതരണം ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ ;

(സി) തുക വിതരണം ചെയ്യുന്നതിന് കാലതാമസം എന്തുകൊണ്ടെന്നും ഇക്കാര്യത്തിൽ തടസ്സമുണ്ടെങ്കിൽ എന്തെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനലിനുവേണ്ടിയുള്ള റെയിൽ, റോഡ് കണക്റ്റിവിറ്റിയുമായി ബന്ധപ്പെട്ട് തൊഴിൽ/തൊഴിലുപകരണങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് 2,05,39,735 രൂപയുടെ നഷ്ടപരിഹാര പാക്കേജാണ് സർക്കാർ അംഗീകരിച്ചിട്ടുള്ളത്. ഈ പാക്കേജ്

2 ഘട്ടങ്ങളായാണ് നടപ്പാക്കുന്നത്. ഒന്നാം ഘട്ടത്തിലേക്കാവശ്യമായ 96,19,110 രൂപയിൽ റെയിൽ കണക്ടിവിറ്റി മുഖാന്തരം ടി പ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്കുണ്ടായിട്ടുള്ള നഷ്ടപരിഹാരയിനത്തിൽ 27,42,500 രൂപ കൊച്ചിൻ പോർട്ട് ട്രസ്റ്റ് അനുവദിച്ചിട്ടുണ്ട്. ടി തുക എറണാകുളം (മേഖല) ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയിൽനിന്നും ലഭിക്കാനുള്ള 68,76,610 രൂപ ലഭ്യമായിട്ടില്ല. രണ്ടാം ഘട്ടത്തിൽ ക്യാപ്പിറ്റൽ ഡ്രെഡ്ജിംഗ്മൂലമുണ്ടാകുന്ന തൊഴിൽ, തൊഴിലുപകരണങ്ങൾ എന്നിവയുടെ നഷ്ടപരിഹാരമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിലേക്കായി 1,09,20,625 രൂപയാണ് നഷ്ടപരിഹാര പാക്കേജിൽ സർക്കാർ അംഗീകരിച്ചിട്ടുള്ളത്. രണ്ടാംഘട്ട പ്രവർത്തനങ്ങളാരംഭിക്കുമ്പോൾ മത്സ്യത്തൊഴിലാളികൾക്കായി നൽകേണ്ട ടി തുക കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ നിന്നാണ് ലഭിക്കേണ്ടത്. 689 പേരാണ് നഷ്ടപരിഹാരത്തിന് അർഹരായവർ, 2,05,39,735 രൂപയാണ് നഷ്ടപരിഹാരത്തുക.

(ബി) ഒന്നാം ഘട്ടത്തിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയിൽ നിന്നും ലഭിക്കാനുള്ള നഷ്ടപരിഹാരത്തുക (68,76,610 രൂപ) ലഭ്യമാകുന്ന മുറയ്ക്ക് നഷ്ടപരിഹാരത്തുക വിതരണം ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയിൽനിന്നും തുക ലഭ്യമാകാതിരിക്കുന്നതാണ് നഷ്ടപരിഹാരം നൽകുന്നതിനുള്ള പ്രധാന തടസ്സം.

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി പൊതുമേഖലയിൽ നടപ്പാക്കൽ**

90 (1794) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി പൊതുമേഖലയിൽ നടപ്പാക്കുന്നത് കേന്ദ്രം ഏറ്റെടുക്കാൻ തയ്യാറാണെന്ന് കേന്ദ്ര ഷിപ്പിംഗ് മന്ത്രി ശ്രീ. നിതിൻ ഗഡ്കരി സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ;

(ബി) ഇക്കാര്യം സംസ്ഥാന സർക്കാരിനെ മറ്റാരെങ്കിലും അറിയിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യത്തിലുള്ള നിലപാട് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ;

നിലപാട് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) കേന്ദ്ര ഷിപ്പിംഗ് മന്ത്രി ശ്രീ. നിതിൻ ഗഡ്കരിയിൽ നിന്നും സംസ്ഥാന സർക്കാരിന് ഇതുസംബന്ധിച്ച് അറിയിപ്പൊന്നും ഇതുവരെ ലഭിച്ചിട്ടില്ല.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് കമ്പനിയുടെ ബോർഡ് യോഗ തീരുമാനങ്ങൾ

91 (1795) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണം അദാനി ഗ്രൂപ്പിനെ ഏല്പിക്കാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള എംപവേർഡ് കമ്മിറ്റി നല്കിയ ശിപാർശയുടെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ ;

(ബി) നിയമ, സ്റ്റോർ പർച്ചേസ് വകുപ്പുകൾ ഇക്കാര്യത്തിൽ ശിപാർശ നൽകുകയുണ്ടായിട്ടുണ്ടോ ; എങ്കിൽ അവയുടെ പകർപ്പുകൾ മേശപ്പുറത്ത് ലഭ്യമാക്കാമോ ;

(സി) പദ്ധതിയുടെ കൺസൾട്ടന്റുമാരായ ഏണസ്റ്റ് ആന്റ് യങ്ങിന്റെ ശിപാർശ എന്തായിരുന്നു ; ആയതിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ ;

(ഡി) പദ്ധതിയുടെ കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് കമ്പനിയുടെ ബോർഡ് യോഗ തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു ; യോഗം പരിഗണിച്ച അജണ്ട നോട്ടിന്റേയും തീരുമാനങ്ങളുടെയും പകർപ്പ് ലഭ്യമാക്കാമോ ;

(ഇ) സർക്കാർ ഇക്കാര്യത്തിൽ എടുത്ത അന്തിമ തീരുമാനങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) എംപവേർഡ് കമ്മിറ്റിയുടെ ശിപാർശയുടെ പകർപ്പ് അനുബന്ധം I

ആയി വച്ചിട്ടുണ്ട്.*

(ബി) നിയമ, സ്റ്റോർ പർച്ചേസ് വകുപ്പുകളുടെ അഭിപ്രായം യഥാക്രമം അനുബന്ധം II-ഉം അനുബന്ധം III-ഉം ആയി വച്ചിട്ടുണ്ട്. *

(സി) അദാനി സമർപ്പിച്ചിട്ടുള്ള ബിഡ്, റിക്വസ്റ്റ് ഫോർ പ്രൊപ്പോസലിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസൃതമാണെന്നും അദാനി ചോദിച്ചിട്ടുള്ള ഗ്രാന്റ് കേന്ദ്ര വി.ജി.എഫ്. മാനദണ്ഡങ്ങൾ അനുസരിച്ച് അനുവദിച്ചിട്ടുള്ള തുകയുടെ പരിധിക്കുള്ളിലാണെന്നും ടെണ്ടറിന്റെ ട്രാൻസാക്ഷൻ അഡ്വൈസറായ ഏണസ്റ്റ് ആന്റ് യങ്ങ്, ശിപാർശ ചെയ്തു. ഏണസ്റ്റ് ആന്റ് യങ്ങിന്റെ ശിപാർശ അനുബന്ധം IV ആയി വച്ചിട്ടുണ്ട്.*

(ഡി) മുഖ്യമന്ത്രി അദ്ധ്യക്ഷനായ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് കമ്പനിയുടെ ഡയറക്ടർ ബോർഡ് യോഗം പദ്ധതിയുടെ കാര്യത്തിൽ ഒരു തീരുമാനം കൈക്കൊണ്ടിട്ടില്ല. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഉന്നതാധികാരി സമിതിയുടെ ബിഡ് സ്വീകരിക്കുന്നതിനുള്ള ശിപാർശയെ തുടർന്ന് കമ്പനി ഡയറക്ടർ ബോർഡും ബിഡ് സ്വീകരിക്കുന്നതിനുള്ള ശിപാർശയാണ് സർക്കാരിന് നൽകിയത്. അജണ്ട നോട്ടിന്റെയും തീരുമാനങ്ങളുടെയും പകർപ്പ് യഥാക്രമം അനുബന്ധം V-ഉം അനുബന്ധം VI-ഉം ആയി വച്ചിട്ടുണ്ട്.*

(ഇ) അദാനി സമർപ്പിച്ച ബിഡ് അംഗീകരിക്കുവാൻ തത്വത്തിൽ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

## മത്സ്യബന്ധന തുറമുഖ വകുപ്പിലെ ബഡ്ജറ്റ് വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളും

92 (1797) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധന തുറമുഖ വകുപ്പിൽ 2010-11 മുതൽ 2014-15 വരെ ഓരോ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വർഷവും ബഡ്ജറ്റിൽ നീക്കിവച്ചതും ചെലവഴിച്ചതുമായ തുക പദ്ധതി തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികളാണ് കേന്ദ്രാവിഷ്കൃത പദ്ധതികളായിട്ടുള്ളത് ; ഇവയ്ക്ക് കേന്ദ്രത്തിൽനിന്നും ഓരോ വർഷവും ലഭിച്ച തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) മത്സ്യബന്ധന വകുപ്പിൽ 2010-11 മുതൽ 2014-15 വരെ ഓരോ വർഷവും പദ്ധതിയിനത്തിൽ ബഡ്ജറ്റിൽ നീക്കിവച്ചതും ചെലവഴിച്ചതുമായ തുക പദ്ധതി തിരിച്ച് അനുബന്ധം I ആയും തുറമുഖ വകുപ്പിലെ വിശദവിവരം അനുബന്ധം IV ആയും ചേർത്തിട്ടുണ്ട്.*

(ബി) മത്സ്യബന്ധന വകുപ്പിലെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ലിസ്റ്റും ഓരോ പദ്ധതിക്ക് ചെലവഴിച്ച തുകയും അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.* കേന്ദ്രത്തിൽ നിന്നും ഫിഷറീസ് വകുപ്പിന് ലഭിച്ച തുകയുടെ വിവരം അനുബന്ധം III ആയും ചേർത്തിട്ടുണ്ട്.* തുറമുഖ വകുപ്പിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഒന്നുംതന്നെയില്ല.

## മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം

93 (1798) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം എന്ന് പൂർത്തിയാക്കി കമ്മിഷൻ ചെയ്യാനാവുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി എന്തെല്ലാം അനുബന്ധ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ അവ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം മാർച്ച് 2016-ന് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് മുന്നോടിയായി ലഭിക്കേണ്ട ജലസേചന സൗകര്യം, വൈദ്യുതീകരണം എന്നിവ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അതാത് വകുപ്പുകളിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയവ ലഭ്യമായാൽ പ്രസ്തുത തുറമുഖത്തിന്റെ പ്രവർത്തനം പൂർണ്ണമായും കാര്യക്ഷമമാകുന്നതാണ്.

**വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ**

94 (1799) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ നിർമ്മിക്കുന്നതിന് പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) പാരിസ്ഥിതിക അനുമതി ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കപ്പെട്ടിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ഇനിയും പാലിക്കപ്പെടാത്തവ ഏതൊക്കെയെന്നും വിശദീകരിക്കാമോ ;

(ഡി) വ്യവസ്ഥകൾ പൂർണ്ണമായും സമയബന്ധിതമായും നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ?

<u>ഉത്തരം</u>

(എ) ലഭിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) പാരിസ്ഥിതിക അനുമതി നൽകുന്നതിനുള്ള വ്യവസ്ഥകൾ അനുബന്ധത്തിൽ കാണാവുന്നതാണ്.*

(സി&ഡി) വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടുണ്ട്.

**ചെറുവത്തൂർ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം**

95 (1800) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ച് എന്നത്തേക്ക് തുറന്നുകൊടുക്കാൻ കഴിയുമെന്ന്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തുറമുഖവുമായി ബന്ധപ്പെട്ട് പുതുതായി എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഉദ്ഘാടനത്തിന് സജ്ജമായിരിക്കുകയാണ്, ഉദ്ഘാടനം ആഗസ്റ്റ് മാസത്തിൽ നടക്കും.

(ബി) പ്രസ്തുത തുറമുഖവുമായി ബന്ധപ്പെട്ട് ഏകദേശം 2000 ആളുകൾക്ക് പ്രത്യക്ഷമായും 6000 ആളുകൾക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാകുമെന്നാണ് പ്രതീക്ഷ.

**ടി.എം. ചിറ പാലത്തിന്റെ നിർമ്മാണ പുരോഗതി**

96 (1801) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ ടി.എം. ചിറ പാലം നിർമ്മാണത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ?

ഉത്തരം

കായംകുളം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ ടി.എം. ചിറ പാലത്തിന്റെ നിർമ്മാണത്തിനായി NABARD RIDF-XIX-ൽ ഉൾപ്പെടുത്തി 260 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ ടി പ്രവൃത്തിയുടെ അപ്രോച്ച് റോഡിനായി സ്ഥലം ലഭ്യമാകാതെ വന്നതിനെത്തുടർന്ന് ചീഫ് എഞ്ചിനീയർ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ കൂട്ടായി സൈറ്റ് സന്ദർശിച്ച് ആയതിന്റെ അലൈൻമെന്റ് പുനർ നിർണ്ണയിക്കുകയുണ്ടായി. ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്തിന്റെ അതിരിൽ കൂടിയാണ് പുതുക്കിയ അലൈൻമെന്റ് നിശ്ചയിച്ചിട്ടുള്ളത്. അപ്രകാരം ടി പ്രവൃത്തിയുടെ അപ്രോച്ച് റോഡ് നിർമ്മാണത്തിനുള്ള സ്ഥലത്തിന്റെ പെർമിസീവ് സാങ്ഷൻ നല്കിയിട്ടുണ്ട്. പുതുക്കിയ അലൈൻമെന്റ് പ്രകാരം അപ്രോച്ച് റോഡിന്റെ നീളം കൂടിയതിനാലും അലൈൻമെന്റിന്റെ ഒരു ഭാഗത്ത് ഫിഷറീസ് വകുപ്പിന്റെ മീൻ വളർത്തൽ കുളവും മറുവശത്ത് കായലും ആയതിനാൽ റോഡ് സംരക്ഷണ ഭിത്തി ആവശ്യമായി വന്നതിനാലും താഴ്ന്ന പ്രദേശമായതിനാലും ഫില്ലിംഗ് കൂടുതൽ

ആവശ്യമായി വന്നതിനാലും എസ്റ്റിമേറ്റ് പുതുക്കേണ്ടതായി വന്നിട്ടുണ്ട്. അപ്രകാരം എസ്റ്റിമേറ്റ് പുതുക്കി പ്രവൃത്തി ഉടൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**അഴീക്കൽ തുറമുഖത്ത് ഡ്രഡ്ജിംഗ് നടത്തുന്നതിന് നടപടി**

97 (1802) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴീക്കൽ തുറമുഖം ഉദ്ഘാടനത്തിന് ശേഷം മത്സ്യബന്ധന ബോട്ടുകൾ അടുപ്പിക്കാൻ കഴിയുന്നില്ലായെന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) അഴീക്കൽ തുറമുഖത്ത് ഡ്രഡ്ജിംഗ് നടക്കുന്നില്ല എന്നതിനാൽ അതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) പോർട്ടിന് ആവശ്യമായ പ്ലാറ്റ്ഫോറം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അഴീക്കൽ തുറമുഖം ഉദ്ഘാടനത്തിനുശേഷം മത്സ്യബന്ധന ബോട്ടുകൾ അടുപ്പിക്കുവാൻ കഴിയുന്നുണ്ട്. വാർഷിക വരുമാനം വർദ്ധിച്ചുവരുന്നുണ്ട്. യൂസർ ചാർജ്ജ് കളക്ഷൻ 30 ലക്ഷത്തിൽനിന്നും 38 ലക്ഷം രൂപയായി വർദ്ധിച്ചിട്ടുണ്ട്. എന്നാൽ ചില സ്വകാര്യ ജെട്ടികളുടെ പ്രവർത്തനംമൂലം പൂർണ്ണതോതിൽ ബോട്ടുകൾ എത്തിച്ചേരുന്നില്ല. സ്വകാര്യ ജെട്ടികളുടെ അനധികൃത പ്രവർത്തനം നിർത്തലാക്കുന്നതിലേയ്ക്കായി നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) അഴീക്കൽ തുറമുഖത്ത് ടെണ്ടർ ചെയ്ത് ഏർപ്പാടാക്കിയ ഡ്രഡ്ജിംഗ് പ്രവൃത്തിയുടെ അളവിൽ തർക്കമുന്നയിച്ച് കരാറുകാരൻ കേസ് കൊടുക്കുകയും ബഹുമാനപ്പെട്ട ഹൈക്കോടതി പ്രസ്തുത പ്രവൃത്തിയിൽ കരാറുകാരനെതിരെ തുടർനടപടി സ്വീകരിക്കുന്നതിന് സ്റ്റേ ചെയ്തിരിക്കുകയുമാണ്. സ്റ്റേ ഒഴിവാക്കി ലഭിക്കുന്നതിനായി പെറ്റീഷനും സത്യവാങ്മൂലവും ഫയൽ ചെയ്തിട്ടുണ്ട്. കോടതി വിധിക്ക് വിധേയമായി തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) സ്വീകരിക്കുന്നതാണ്. കായകുളം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട

വികസന പ്രവൃത്തികൾക്കായി 75% കേന്ദ്ര ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി 2918 ലക്ഷം രൂപയുടെ പ്രോജക്ട് റിപ്പോർട്ട് 4-10-2014 -ന് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

## കാസർഗോഡ്, കണ്ണൂർ ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന രാമന്തളി പാലം നിർമ്മാണം

98 (1803) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ്, കണ്ണൂർ ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന രാമന്തളി പാലം നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ; ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിൽ കഴിഞ്ഞ വർഷം എത്രകോടി രൂപയുടെ പ്രവൃത്തികൾക്ക് നബാർഡ് അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും ഏതൊക്കെ പ്രവൃത്തികളാണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

കാസർഗോഡ്, കണ്ണൂർ ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന രാമന്തളി നടപ്പാലം നിർമ്മിക്കുന്നതിനായി നബാർഡ് RIDF-XVI-ൽ ഉൾപ്പെടുത്തി 750 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചപ്പോൾ സ്ഥലം എം.എൽ.എ. പഞ്ചായത്ത് അധികൃതർ, മറ്റ് ജനപ്രതിനിധികൾ എന്നിവർ ഇടപെടുകയും നടപ്പാലത്തിന് പകരം സിംഗിൾ ലെയിൻ ബ്രിഡ്ജ് നിർമ്മിക്കണമെന്ന് അറിയിക്കുകയുമുണ്ടായി. അതനുസരിച്ച് സിംഗിൾ ലെയിൻ ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള പുതുക്കിയ എസ്റ്റിമേറ്റിന് നബാർഡിൽനിന്നും അനുമതി ലഭിക്കുന്നതനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനായി കഴിഞ്ഞ വർഷം (2014-15) 625.68 ലക്ഷം രൂപ നബാർഡ് RIDF ലോണും 156.42 ലക്ഷം സംസ്ഥാന ഷെയറുമായി ആകെ 782.10 ലക്ഷം രൂപ വരുന്ന 3 പ്രവൃത്തികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| Sl.No. | Name of Work | Administrative Sanction (₹ in Lakhs) | RIDF Loan |
|---|---|---|---|
| 1 | Construction of Mullakodi-Nanisseri Parassinikadavu road in | | |

| | | | |
|---|---|---|---|
| | Mayyil Panchayath | 458.85 | 367.08 |
| 2 | Construction of Manikandanchira NH Road Kannukalipalam (Muttel Palam Road) | 228.25 | 182.60 |
| 3 | Construction of Puthenchira-Porumbakkunnu Pakarappally bridge with approach road in Puthenchira Panchayath | 95.00 | 76.00 |

**മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ**

99 (1804) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14-ൽ പൂർത്തീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന വിഴിഞ്ഞം, മുതലപ്പൊഴി, ചേറ്റുവ, കൊയിലാണ്ടി, തലായി, ചെറുവത്തൂർ എന്നീ മത്സ്യബന്ധന തുറമുഖങ്ങളിൽ നടന്നുവന്നിരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) ചെത്തി മത്സ്യബന്ധന തുറമുഖത്തിന്റെ ഒന്നും രണ്ടും ഘട്ടവികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(സി) താനൂരിലെ മത്സ്യബന്ധന തുറമുഖത്തിന്റെയും മുനക്കാക്കടവിലെ ഫിഷ് ലാന്റിംഗ് കേന്ദ്രത്തിന്റെയും നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) വിഴിഞ്ഞം മത്സ്യബന്ധനതുറമുഖത്തെ ഖബർ സംരക്ഷണം, ചുറ്റുമതിൽ നിർമ്മാണം, ഡ്രഡ്ജിംഗ് എന്നീ പ്രവൃത്തികളൊഴികെ ബാക്കി ഘടകങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ചുറ്റുമതിൽ നിർമ്മാണം, ഡ്രഡ്ജിംഗ് എന്നീ പ്രവൃത്തികൾ കരാർ വച്ച് ക്രമീകരിച്ചെങ്കിൽ തന്നെയും പരിസരവാസികളുടെ നിരന്തരമായ എതിർപ്പുമൂലം ഇവ പൂർത്തിയാക്കാൻ കഴിയാത്തതിനാലാണ് ടി മത്സ്യബന്ധന തുറമുഖം പൂർണ്ണതോതിൽ കമ്മീഷൻ ചെയ്യുന്നതിന് കാലതാമസം ഉണ്ടാകുന്നത്. ഇപ്പോൾ ഖബർ സംരക്ഷണം, ചുറ്റുമതിൽ നിർമ്മാണം, ഡ്രഡ്ജിംഗ് എന്നിവ ഉൾപ്പെടുത്തി 580 ലക്ഷം രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകുന്ന കാര്യം

പരിശോധിച്ചുവരുന്നു. 50% കേന്ദ്രധനസഹായ പദ്ധതിയിലുൾപ്പെടുത്തി 1366 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തെ വാർഫ്, ലേലപ്പുര, മറ്റ് അനുബന്ധ ഘടകങ്ങൾ എന്നിവ പൂർത്തീകരിക്കുകയുണ്ടായി. പുലിമുട്ടുകൾ പൂർത്തീകരിച്ചുവരുന്ന അവസരത്തിൽ ബേസിനിൽ മണ്ണടിയുന്നത് ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആയത് പരിഹരിക്കുന്നതിനായി CWPRS പൂനെ നടത്തിയ പഠനം അനുസരിച്ച് പുലിമുട്ടുകളുടെ നീളം വർദ്ധിപ്പിക്കുക, തീരം സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തി, ഡ്രെഡ്ജിംഗ് തുടങ്ങിയ ശേഷിക്കുന്ന പ്രവൃത്തികൾക്കുള്ള പുതുക്കിയ എസ്റ്റിമേറ്റിന് രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) പദ്ധതിയിലുൾപ്പെടുത്തി 31.02 കോടി രൂപയുടെ ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവൃത്തി പുരോഗമിച്ചുവരികയും ചെയ്യുന്നു. 75% കേന്ദ്രസഹായ പദ്ധതിയിൽ ഉൾപ്പെട്ട ചേറ്റുവ ഫിഷറി ഹാർബറിന്റെ നിർമ്മാണ പ്രവൃത്തിയ്ക്കായി 3024 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് പ്രവൃത്തി ആരംഭിച്ചിരുന്നു. പുലിമുട്ടിന്റെ പ്രവൃത്തി പുരോഗമിച്ചുവരുന്ന വേളയിൽ സിങ്കേജ് ഉണ്ടായതിനെ തുടർന്ന് പ്രവൃത്തി നിർത്തിവയ്ക്കുകയും മാതൃകാപഠനം നടത്തിയ ഏജൻസിയായ ഐ.ഐ.റ്റി., ചെന്നൈയെ സിങ്കേജ് സംബന്ധിച്ച പഠനം നടത്തുവാൻ ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്ന് 19-9-2014-ൽ ഐ.ഐ.റ്റി. അധികൃതർ സ്ഥലം സന്ദർശിക്കുകയും നിലവിലുള്ള tranquility പരിഗണിച്ച് ഇപ്പോൾ പൂർത്തിയാക്കിയിട്ടുള്ള വടക്ക്, തെക്ക് പുലിമുട്ടുകൾ യഥാക്രമം 492 മീറ്റർ, 374 മീറ്ററിൽ നിർത്തിവയ്ക്കുന്നതിനും Prototype behaviour പരിശോധിച്ചശേഷം നീളം തുടർന്ന് വർദ്ധിപ്പിക്കുന്നത് പരിഗണിക്കാമെന്ന് തീരുമാനിക്കുകയുമുണ്ടായി. ഇപ്പോൾ മേൽ പരാമർശിച്ച പൂർത്തീകരിച്ച പുലിമുട്ടുകൾ മുഖേന ആവശ്യമായ Tranquility കൈവരിക്കാൻ സാധിക്കുമെന്ന് ഐ.ഐ.റ്റി. അധികൃതരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ വടക്കേപുലിമുട്ട് 492 മീറ്ററിലും തെക്കേ പുലിമുട്ട് 374 മീറ്ററിലും ഹെഡ് നിർമ്മിച്ച് അവസാനിപ്പിക്കുന്നതിന് തീരുമാനിക്കുകയും പ്രവൃത്തിയുടെ ഡ്രഡ്ജിംഗ് ഒഴികെയുള്ള ഘടകങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഡ്രഡ്ജിംഗിനായി ലഭിച്ച ടെണ്ടർ പരിശോധിച്ച് വരികയുമാണ്. ടി പ്രവൃത്തി ഈ സാമ്പത്തിക വർഷം കമ്മീഷൻ ചെയ്യുവാൻ സാധിക്കും. 50% കേന്ദ്ര സഹായ പദ്ധതിയിലുൾപ്പെട്ട കൊയിലാണ്ടി മത്സ്യബന്ധന തുറമുഖത്തെ പ്രധാന ഘടകങ്ങളായ പുലിമുട്ടുകളുടെ നിർമ്മാണം, വാർഫ്, ലേലപ്പുര എന്നിവ പൂർത്തീകരിച്ചു. ശേഷിക്കുന്ന ഘടകങ്ങളുടെ പൂർത്തീകരണത്തിനായി 6574 ലക്ഷം രൂപയുടെ കോംപ്രിഹെൻസീവ് റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. 6399 ലക്ഷം രൂപയുടെ കേന്ദ്ര അംഗീകാരം

ലഭ്യമായതിനെ തുടർന്ന് പുതുക്കിയ ഭരണാനുമതി നൽകുകയും ടി പ്രവൃത്തി ഏർപ്പാടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. 50% കേന്ദ്ര സഹായ പദ്ധതിയിലുൾപ്പെടുത്തി തലായ് മത്സ്യബന്ധന തുറമുഖ പ്രവൃത്തികൾക്കായി 1925.74 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും പ്രധാന ഘടകങ്ങളായ പുലിമുട്ടുകൾ, അഡ്മിനിസ്ട്രേറ്റീവ് കെട്ടിടം, ഗേറ്റ്, ഗേറ്റ് ഹൗസ്, കാന്റീൻ, ഷോപ്പ് ബിൽഡിംഗ്, റെസ്റ്റ് ഷെഡ്, അപ്രോച്ച് റോഡ്, കോമ്പൗണ്ട് വാൾ (ഫേസ്-1) തുടങ്ങിയവ പൂർത്തീകരിക്കുകയും ചെയ്തു. ടി പ്രവൃത്തിക്കുവേണ്ടി 3510.59 ലക്ഷം രൂപയുടെ കോംപ്രിഹെൻസീവ് റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു. 3479.50 ലക്ഷം രൂപയുടെ അംഗീകാരം ലഭ്യമായതിനെ തുടർന്ന് പുതുക്കിയ ഭരണാനുമതി നൽകി ടി പ്രവൃത്തി ഏർപ്പാടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 75% കേന്ദ്രസഹായ പദ്ധതിയിൽ ഉൾപ്പെട്ട ചെറുവത്തൂർ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിനായി 2906 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്ന ഈ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനത്തിന് സജ്ജമായിരിക്കുകയാണ്. ഉദ്ഘാടനം ആഗസ്റ്റ് മാസത്തിൽ നടക്കും.

(ബി) ചെത്തി മത്സ്യബന്ധന തുറമുഖത്തിന്റെ ഒന്നാംഘട്ട വികസന പദ്ധതിയിലുൾപ്പെട്ട ഡ്രഡ്ജിംഗ്, കോൾഡ് സ്റ്റോറേജ് ഒഴികെയുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചു. രണ്ടാംഘട്ട വികസനത്തിൽ ബ്രേക്ക്‌വാട്ടർ പൂർത്തീകരിച്ചു. ബേസിനിൽ മണ്ണടിയുന്നത് ശ്രദ്ധയിൽപ്പെടുകയും ഇത് പരിഹരിക്കുന്നതിനുള്ള പഠനത്തിനായി CWPRS പൂനയ്ക്ക് നൽകിയിട്ടുണ്ട്. പഠന റിപ്പോർട്ട് ലഭ്യമായാൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) താനൂർ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിനായി 75% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 30-1-2013-ൽ 4487 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും പ്രവൃത്തി ആരംഭിച്ച് 38% പുരോഗതി കൈവരിക്കുകയും ചെയ്തു. ബ്രേക്ക് വാട്ടർ നിർമ്മാണം, റിക്ലമേഷൻ ബണ്ട് നിർമ്മാണം എന്നിവയാണ് പുരോഗമിച്ചുവരുന്ന ഘടകങ്ങൾ. 75% കേന്ദ്രസഹായ പദ്ധതിയിൽ ഉൾപ്പെട്ട മുനയ്ക്കക്കടവ് ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണത്തിനായി 231 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തി പുരോഗമിച്ച് വരികയും ചെയ്യുന്നു. വാർഫ്, കൾവർട്ട്, പാർക്കിംഗ് ഏരിയ, റിക്ലമേഷൻ ബണ്ട് നിർമ്മാണം എന്നിവ

പൂർത്തീകരിച്ചിട്ടുണ്ട്.

**മത്സ്യവിത്ത് സെന്ററുകൾ**

100 (1805) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-ലെ കേരളാ മത്സ്യവിത്ത് നിയമമനുസരിച്ച് സംസ്ഥാന വിത്ത് സെന്ററും റീജിയണൽ വിത്തു സെന്ററുകളും നിലവിൽ വന്നിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത സെന്ററുകൾ എപ്പോൾ നിലവിൽ വരുമെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) 2014-ലെ കേരള മത്സ്യവിത്ത് ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരമുള്ള ചട്ടങ്ങൾ കൂടി പുറപ്പെടുവിച്ചതിനുശേഷം മാത്രമേ കേരള മത്സ്യവിത്ത് ആക്റ്റിൻ കീഴിൽ രൂപീകരിക്കാനുദ്ദേശിക്കുന്ന സംസ്ഥാന മത്സ്യവിത്ത് സെന്ററുകളും റീജിയണൽ മത്സ്യവിത്ത് സെന്ററുകളും പ്രവർത്തിപ്പിക്കാൻ കഴിയുകയുള്ളൂ. 2014-ലെ കേരള മത്സ്യവിത്ത് ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം തയ്യാറാക്കിയ കേരള മത്സ്യവിത്ത് ചട്ടങ്ങൾ സർക്കാർ പരിശോധിച്ചു വരികയാണ്.

**മത്സ്യസമൃദ്ധി പദ്ധതി**

101 (1806) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മത്സ്യ സമൃദ്ധി പദ്ധതിയിലൂടെ 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ ഉണ്ടായ അധിക മത്സ്യ ഉൽപ്പാദനം എത്രയാണെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ?

<u>ഉത്തരം</u>

മൂന്ന് വർഷങ്ങളിലായി മത്സ്യസമൃദ്ധി പദ്ധതി വഴി ആകെ ലഭിച്ച മത്സ്യോല്പാദനം 1,02,516.712 ടൺ ആണ്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | മത്സ്യോല്പാദനം (ടണ്ണിൽ) | | |
|---|---|---|---|---|
| | | 2012-13 | 2013-14 | 2014-15 |
| 1 | തിരുവനന്തപുരം | 933.52 | 1366.48 | 1526 |
| 2 | കൊല്ലം | 1495.64 | 1688.99 | 1854 |
| 3 | പത്തനംതിട്ട | 741.626 | 966.916 | 957 |
| 4 | ആലപ്പുഴ | 5059.98 | 6449.612 | 8757 |
| 5 | കോട്ടയം | 3316.5 | 4498.75 | 3954 |
| 6 | ഇടുക്കി | 1117.79 | 1365.79 | 1508 |
| 7 | എറണാകുളം | 1652.814 | 1561.694 | 1494 |
| 8 | തൃശ്ശൂർ | 2756.92 | 5612.5 | 6978 |
| 9 | പാലക്കാട് | 3005.8 | 4223.8 | 4063 |
| 10 | മലപ്പുറം | 2104.5 | 3593.5 | 3062 |
| 11 | കോഴിക്കോട് | 722.88 | 751.3 | 870 |
| 12 | വയനാട് | 542.58 | 904.58 | 942 |
| 13 | കണ്ണൂർ | 583.5 | 810.5 | 800 |
| 14 | കാസർഗോഡ് | 1773.43 | 2939.82 | 3210 |
| | ആകെ | 25807.48 | 36734.232 | 39975* |

* വിളവെടുപ്പ് പൂർത്തിയായിട്ടില്ല.

**മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ**

102 (1807) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശിപാർശ പ്രകാരം എത്ര പേർക്ക് കടാശ്വാസം അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) കടാശ്വാസം അനുവദിച്ച കേസുകളിൽ എത്ര പേർക്ക് ആനുകൂല്യം വിതരണം ചെയ്യാൻ ബാക്കിയുണ്ടെന്നും ഇത് എപ്പോൾ വിതരണം ചെയ്യുമെന്നും വ്യക്തമാക്കാമോ ;

(സി) കടാശ്വാസത്തിനുള്ള കാലപരിധി 2008 വരെ ദീർഘിപ്പിക്കണമെന്ന് കമ്മീഷൻ സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ അക്കാര്യത്തിൽ നിലപാട് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ശിപാർശ പ്രകാരം മത്സ്യഫെഡ് മുഖേന 599 പേർക്കും 42331 അംഗങ്ങൾക്ക് സഹകരണ സംഘങ്ങൾ വഴിയും കടാശ്വാസം അനുവദിച്ചിട്ടുണ്ട്. കൂടാതെ ദേശസാൽകൃത ബാങ്കുകളുമായി ബന്ധപ്പെട്ട് 2839 പേരുടെയും മറ്റു സർക്കാർ ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് 688 പേരുടെയും കടങ്ങൾ എഴുതിത്തള്ളുന്നതിനായി കമ്മീഷൻ ശിപാർശ ചെയ്യുകയും ടി ലിസ്റ്റുകൾ അംഗീകരിച്ച് കടാശ്വാസ തുക ദേശസാൽകൃത ബാങ്കുകൾക്കും മറ്റു സർക്കാർ ധനകാര്യ സ്ഥാപനങ്ങൾക്കും മാർച്ച് 2015-ൽ അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) മത്സ്യഫെഡിൽനിന്നും വായ്പയെടുത്ത 381 പേർക്ക് കടാശ്വാസ തുക വിതരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ദേശസാൽകൃത ബാങ്കുകളുമായി ബന്ധപ്പെട്ട് 2839 പേരുടെയും മറ്റു സർക്കാർ ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് 688 പേരുടെയും കടാശ്വാസ തുക വിതരണം ചെയ്തുകൊണ്ടിരിക്കുന്നു.

(സി) ശിപാർശ ചെയ്തിരുന്നുവെങ്കിലും പ്രസ്തുത ആവശ്യം നിരാകരിക്കുകയുണ്ടായി.

**കോൾഡ് ചെയിൻ പദ്ധതി**

103 (1808) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പാലോട് രവി :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൽസ്യ വിഭവങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുവാൻ എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ ;

(ബി) കോൾഡ് ചെയിൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പദ്ധതി എന്ന് മുതൽ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) മൽസ്യ വിഭവങ്ങളുടെ ഗുണമേന്മയും വിനിയോഗവും ഉറപ്പ് വരുത്തുന്നതിനായി കോൾഡ് ചെയിൻ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മത്സ്യത്തിന്റെ ഗുണമേന്മ ഉറപ്പാക്കി, കേടുകൂടാതെ ഉപഭോക്താക്കളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി 75% കേന്ദ്ര സഹായത്തോടെ 'ഫ്രഷ് ഫിഷ് ടു ആൾ' എന്ന കേന്ദ്രാവിഷ്കൃത പദ്ധതി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുകയായ 390.00 ലക്ഷം രൂപയിൽ 200.00 ലക്ഷം രൂപ കേന്ദ്ര സർക്കാരിൽ നിന്നും 20.00 ലക്ഷം രൂപ സംസ്ഥാന സർക്കാരും നൽകിയിട്ടുണ്ട്. 15 ഇൻസുലേറ്റഡ് ട്രക്കുകൾ, ഐസ് ബോക്സ് സംവിധാനത്തോടുകൂടിയ 200 ഇരുചക്ര വാഹനങ്ങൾ ഐസ് ബോക്സ് സംവിധാനത്തോടുകൂടി 50 ഓട്ടോറിക്ഷകൾ എന്നിവ ഈ പദ്ധതിയിലൂടെ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി 6 ഇൻസുലേറ്റഡ് ട്രക്കുകൾ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്തുകഴിഞ്ഞു. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും പദ്ധതി പ്രകാരമുള്ള ബാക്കി ഇൻസുലേറ്റഡ് ട്രക്കുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കാസർഗോഡ് എന്നീ ജില്ലകളിൽനിന്നും ഇൻസുലേറ്റഡ് ബോക്സ് ഉൾക്കൊള്ളുന്ന ഇരുചക്ര വാഹനത്തിനായി 200 ഗുണഭോക്താക്കളെയും ഇൻസുലേറ്റഡ് ബോക്സ് ഉൾക്കൊള്ളുന്ന ഓട്ടോറിക്ഷയ്ക്കായി 50 ഗുണഭോക്താക്കളെയും തെരഞ്ഞെടുത്തു. ഇതിൽ ഗുണഭോക്തൃവിഹിതം അടച്ച 130 പേർക്ക് ഇരുചക്ര വാഹനവും 22 പേർക്ക് ഓട്ടോറിക്ഷയും വിതരണം ചെയ്തു കഴിഞ്ഞു. പദ്ധതി പ്രകാരം ബാക്കിയുള്ള ഇരുചക്ര വാഹനങ്ങളും ഓട്ടോറിക്ഷകളും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി&സി) മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ വരുമാനവും ഉപഭോക്താക്കൾക്ക് കൂടുതൽ ഗുണമേന്മയുള്ള മത്സ്യലഭ്യതയും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ കോൾഡ് ചെയിൻ പദ്ധതിക്ക് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ

രൂപം നൽകിയിട്ടുണ്ട്. കോൾഡ് ചെയിൻ പദ്ധതി നാഷണൽ ഫിഷറീസ് ഡവലപ്പ്മെന്റ് ബോർഡിന്റെ ധനസഹായത്തോടെയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ടി പദ്ധതിക്ക് നാഷണൽ ഫിഷറീസ് ഡവലപ്പ്മെന്റ് ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന മുറക്ക് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കായംകുളം ദേവികുളങ്ങര ഫിഷ് ലാന്റിംഗ് സെന്ററിന്റെ പ്രവർത്തനം**

104 (1809) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ ദേവികുളങ്ങര പഞ്ചായത്തിലെ ഫിഷ് ലാന്റിംഗ് സെന്ററിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ ;

(ബി) ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ മുട്ടത്തുമണ്ണേൽ ഫിഷ് ലാന്റിംഗ് സെന്ററിന്റെ സിവിൽ പ്രവൃത്തികളും ഇലക്ട്രിഫിക്കേഷനും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഇതിന് ഇലക്ട്രിക് കണക്ഷൻ ലഭിച്ചിട്ടില്ല.

**ട്രോളിംഗ് നിരോധനം**

105 (1810) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. എസ്.ശർമ്മ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രോളിംഗ് നിരോധനം 41 ദിവസമായി കുറയ്ക്കണമെന്ന ആവശ്യം കേന്ദ്ര സർക്കാർ തള്ളിയ സാഹചര്യത്തിൽ ഇതുസംബന്ധിച്ച് സ്വീകരിക്കുന്ന നടപടികളെ കുറിച്ച് വെളിപ്പെടുത്താമോ ;

(ബി) 61 ദിവസത്തെ ട്രോളിംഗ് നിരോധനം ഉൾപ്പെടെ മത്സ്യമേഖലയെ

പ്രതികൂലമായി ബാധിക്കുന്ന തീരുമാനങ്ങൾ ശിപാർശ ചെയ്ത കമ്മിറ്റിയെ നിയോഗിച്ചത് ഏതു സർക്കാർ ആയിരുന്നു ;

(സി) പരമ്പരാഗത മത്സ്യത്തൊഴിലാളികളെ നിരോധന വ്യവസ്ഥകളിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് കേന്ദ്ര സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ ആയത് ലഭിച്ചിട്ടുണ്ടോ ;

(ഡി) ട്രോളിംഗ് നിരോധന കാലത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നൽകിവരാറുണ്ടായിരുന്ന ആനുകൂല്യങ്ങൾ എല്ലാം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) കേരളത്തിൽ മത്സ്യബന്ധന നിരോധനം 47 ദിവസം മാത്രമാക്കണമെന്ന് സംസ്ഥാന സർക്കാർ പ്രധാനമന്ത്രിയോടും കേന്ദ്ര കൃഷി മന്ത്രിയോടും അഭ്യർത്ഥിച്ചിട്ടുണ്ട്. മുഖ്യമന്ത്രി പ്രധാനമന്ത്രിയെ നേരിൽ സന്ദർശിച്ചും 61 ദിവസം എന്നതിൽ മാറ്റം വരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിഗണിക്കാമെന്നും തീരദേശ സംസ്ഥാന മുഖ്യമന്ത്രിമാരുടെ യോഗം വിളിക്കാമെന്നും കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. എന്നാൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സംസ്ഥാനത്തിന്റെ അധികാര പരിധിയായ 12 നോട്ടിക്കൽ മൈലിനുള്ളിൽ മത്സ്യബന്ധനം നടത്തുന്നതിന് നിലവിൽ തടസ്സമില്ല.

(ബി) കേന്ദ്ര കാർഷിക മന്ത്രാലയത്തിന്റെ 7-5-2013-ലെ 30035/15/97/FY(T – I) നമ്പർ ഉത്തരവ് പ്രകാരം അന്ന് കേന്ദ്രം ഭരിച്ചിരുന്ന യു.പി.എ. സർക്കാർ ആണ് ഡോക്ടർ ജി. സെയ്ദാറാവു അദ്ധ്യക്ഷനായുള്ള ടെക്നിക്കൽ കമ്മിറ്റിയെ നിയമിച്ചത്.

(സി) കേന്ദ്ര സർക്കാരിന്റെ 3-6-2015-ലെ 30035/15/97/FY(T – I) Vol IV നമ്പർ ഉത്തരവ് പ്രകാരം പടിഞ്ഞാറൻ മേഖലയിൽ ടെറിട്ടോറിയൽ വാട്ടേഴ്സിന് പുറത്ത് (12nm – 200nm) ജൂൺ 1 മുതൽ ജൂലൈ 31 വരെ മോട്ടോർ ഘടിപ്പിക്കാത്ത യാനങ്ങൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത

മത്സ്യത്തൊഴിലാളികളെ ഒഴിവാക്കുന്നതാണെന്ന് ഉത്തരവ് ലഭിച്ചിട്ടുണ്ട്.

(ഡി) ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ വിതരണം ചെയ്യുന്നതിനായി 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇക്കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ട്രോളിംഗ് നിരോധനം**

106 (1811) <u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രോളിംഗ് നിരോധനകാലം പുതുക്കി നടപ്പാക്കി വരുന്നുണ്ടോ ;

(ബി) ട്രോളിംഗ് നിരോധനം എത്ര ദിവസത്തേക്കാണ് നടപ്പാക്കി വരുന്നത് ;

(സി) ടി കാലയളവ് ദീർഘിപ്പിക്കുന്നത് സംബന്ധിച്ച കേന്ദ്ര ശിപാർശ ലഭിച്ചിട്ടുണ്ടോ ;

(ഡി) ട്രോളിംഗ് ദീർഘിപ്പിക്കുന്നതുകൊണ്ട് ഉദ്ദേശിക്കുന്ന നേട്ടങ്ങൾ എന്തെല്ലാം ; ഇതുമൂലം പരമ്പരാഗത മത്സ്യത്തൊഴിലാളികൾ അടക്കമുള്ളവർക്ക് ലഭിക്കുന്ന പ്രയോജനം വ്യക്തമാക്കാമോ ;

(ഇ) ട്രോളിംഗ് നിരോധന കാലത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന ധനസഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ ട്രോളിംഗ് നിരോധനം പതിവുപോലെ ജൂൺ 15 മുതൽ ജൂലൈ 31 വരെയാണ് നടപ്പിലാക്കുന്നത്.

(ബി) കേരളത്തിൽ ട്രോളിംഗ് നിരോധനം 47 ദിവസമാണ് നടപ്പാക്കി വരുന്നത്.

(സി) നിലവിൽ 47 ദിവസത്തെ ട്രോളിംഗ് നിരോധനം നടപ്പിലാക്കുന്ന സംസ്ഥാനങ്ങൾ അടുത്ത 5 വർഷത്തിനകം 61 ദിവസത്തെ മത്സ്യബന്ധന നിരോധനം നടപ്പിലാക്കാൻ പരിശ്രമിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും കടൽ സുരക്ഷയുമായി ബന്ധപ്പെട്ട കാരണത്താലുമാണ് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നത്. മത്സ്യബന്ധനം ഉപജീവനമാക്കിയ കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് 61 ദിവസത്തെ ട്രോളിംഗ് നിരോധനം ദോഷകരമായി ബാധിക്കും. ആയതിനാൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കരുതെന്ന് ബഹു. ഫിഷറീസ് വകുപ്പുമന്ത്രിയും ബഹു. കേരള മുഖ്യമന്ത്രിയും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഇ) ട്രോളിംഗ് നിരോധന കാലയളവിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യസമാശ്വാസ പദ്ധതിപ്രകാരം ധനസഹായം നൽകിവരുന്നുണ്ട്. 2014-15 കാലയളവിൽ കേന്ദ്രവിഹിതം 600 രൂപയും സംസ്ഥാന വിഹിതം 600 രൂപയും ഗുണഭോക്തൃവിഹിതം 600 രൂപയും കൂടി 1800 രൂപയാണ് വിതരണം ചെയ്തത്. 2015-16 വർഷം ഇത് 2700 രൂപയായി ഉയർത്തിയിട്ടുണ്ട്. ട്രോളിംഗ് നിരോധനം മൂലം ജോലി നഷ്ടപ്പെടുന്ന ബോട്ടിലെ ജീവനക്കാർക്കും അനുബന്ധ തൊഴിലാളികൾക്കും സൗജന്യ റേഷൻ അനുവദിക്കുന്നുണ്ട്. ഇതിനായി 20 ലക്ഷം രൂപ 2015-16 സാമ്പത്തിക വർഷം ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ട്രോളിംഗ് നിരോധനം**

107 (1812) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൂൺ ഒന്നു മുതൽ ആരംഭിക്കുന്ന ട്രോളിംഗ് നിരോധനവുമായി ബന്ധപ്പെട്ട് എടുത്തിട്ടുള്ള നിലപാട് വ്യക്തമാക്കാമോ ;

(ബി) ഇക്കാലയളവിൽ തൊഴിൽരഹിതരാകുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷനുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) കേന്ദ്ര ഗവൺമെന്റിന്റെ 10-4-2015-ലെ 30035/15/971/FY(T – I) Vol IV നമ്പർ ഉത്തരവ് പ്രകാരം പടിഞ്ഞാറൻ മേഖലയിൽ ടെറിട്ടോറിയൽ വാട്ടേഴ്സിന്

പുറത്ത് ഇന്ത്യയുടെ തനത് സാമ്പത്തിക മേഖലയിലാണ് (12nm – 200nm) (EEZ) ജൂൺ 1 മുതൽ ജൂലൈ 31 വരെ 61 ദിവസത്തെ മത്സ്യബന്ധന നിരോധനം ഏർപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത ഉത്തരവിനോടൊപ്പം കേന്ദ്ര സർക്കാർ പുറത്തിറക്കിയ മെമ്മോറാണ്ടം പ്രകാരം നിലവിൽ 61 ദിവസം ട്രോളിംഗ് നിരോധനം ഏർപ്പെടുത്താത്ത സംസ്ഥാനങ്ങൾ പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നത് പരിശോധിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 2015 വർഷം കേരളാ ഗവൺമെന്റ് മുൻകാലങ്ങളിലെപ്പോലെ ജൂൺ 15 മുതൽ ജൂലൈ 31 വരെയുള്ള 47 ദിവസത്തെ ട്രോളിംഗ് നിരോധനമാണ് നടപ്പിലാക്കുന്നത്. ഇക്കാലയളവിൽ പരമ്പരാഗത മത്സ്യ ബന്ധനയാനങ്ങൾക്ക് ടെറിട്ടോറിയൽ മേഖലയിൽ മത്സ്യബന്ധനം നടത്താവുന്നതാണ്.

(ബി) ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽരഹിതരാകുന്ന മത്സ്യ തൊഴിലാളികൾക്ക് സൗജന്യ റേഷൻ വിതരണം ചെയ്യുന്നതിനായി 2015-16 സാമ്പത്തിക വർഷം 2405-00-800-34 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ട്രോൾബാൻ കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി സമ്പാദ്യസമാശ്വാസ പദ്ധതിപ്രകാരം തുക വിതരണം ചെയ്യുന്നതിനായി 2405-00-800-75 (പ്ലാൻ) എന്ന ശീർഷകത്തിൽ 2015-16 സാമ്പത്തിക വർഷം 24 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ചാലക്കുടി നഗരസഭയിൽ ആധുനിക മത്സ്യമാർക്കറ്റ്

108 (1813) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി നഗരസഭയിൽ ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിന് ഫിഷറീസ് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 2006-07 സാമ്പത്തിക വർഷം ചാലക്കുടി മത്സ്യമാർക്കറ്റിന്റെ പണികൾക്കായി 14 ലക്ഷം രൂപ അനുവദിച്ചതിൽ 12,74,137 രൂപ ചെലവഴിച്ച് മാർക്കറ്റിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്. 2010-11 സാമ്പത്തിക വർഷത്തിൽ 8,84,492 രൂപ ചെലവഴിച്ച് മാർക്കറ്റിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയിട്ടുണ്ട്.

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

109 (1814) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധന തുറമുഖ വകുപ്പ് കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2011 ജൂണിനു ശേഷം നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ ;

(ബി) ഇതിൽ പൂർത്തിയാക്കിയവ ഏതെല്ലാമാണെന്നും തുടങ്ങുവാനുള്ളവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ ;

(സി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) (a) കാസർഗോഡ് ജില്ലാ ഓഫീസ് വഴി നടപ്പിലാക്കിയ പദ്ധതികൾ

1. ഭവന നിർമ്മാണ പദ്ധതി :

| പഞ്ചായത്ത്/മുനിസിപ്പാലിറ്റി | അനുവദിച്ച യൂണിറ്റുകൾ (2011-12 മുതൽ 2014-15 വരെ) |
|---|---|
| പള്ളിക്കര | 16 |
| അജാനൂർ | 19 |
| കാഞ്ഞങ്ങാട് | 25 |

2. മാതൃകാ മത്സ്യഗ്രാമം പദ്ധതി :

പിന്നോക്കാവസ്ഥയിലുള്ള മത്സ്യഗ്രാമങ്ങളുടെ സമഗ്ര വികസനം നടപ്പിലാക്കുന്നതിനായി ആവിഷ്ക്കരിച്ച മാതൃകാ മത്സ്യഗ്രാമം പദ്ധതിയ്ക്കായി കാസർഗോഡ് ജില്ലയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടത് കാഞ്ഞങ്ങാട് മണ്ഡലത്തിലെ അജാനൂർ പഞ്ചായത്തിൽ ഉൾപ്പെടുന്ന അജാനൂർ മത്സ്യഗ്രാമത്തെയാണ്. 2011 മുതൽ 2015 വർഷം വരെയായി വിവിധ വികസന പ്രവർത്തനങ്ങൾ

നടത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. ഭവന പദ്ധതിയ്ക്കായി 2.5 ലക്ഷം രൂപ തോതിൽ 284 യൂണിറ്റുകളാണ് ജില്ലയിൽ അനുവദിച്ചത്. എന്നാൽ അർഹരായ ഗുണഭോക്താക്കൾ കുറവായതിനാൽ 110 പേർക്ക് മാത്രമേ ധനസഹായം നൽകുവാൻ സാധിച്ചിട്ടുള്ളൂ. ഭവന പദ്ധതിയ്ക്കായി ഇതുവരെ 2,75,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്. സാനിറ്റേഷൻ പദ്ധതിയ്ക്കായി യൂണിറ്റിന് 20,000 തോതിൽ 93 യൂണിറ്റുകൾ അനുവദിച്ചെങ്കിലും അർഹരായ 9 അപേക്ഷകൾ മാത്രമാണ് ലഭിച്ചത്.

3. <u>ഭവന റിപ്പെയർ പദ്ധതി</u> :

| പഞ്ചായത്ത്/മുനിസിപ്പാലിറ്റി | അനുവദിച്ച യൂണിറ്റുകൾ (2011-12 മുതൽ 2014-15 വരെ) |
|---|---|
| പള്ളിക്കര | 8 |
| അജാനൂർ | 8 |
| കാഞ്ഞങ്ങാട് | 5 |

4. <u>സാനിറ്റേഷൻ പദ്ധതി</u> :

| പഞ്ചായത്ത്/മുനിസിപ്പാലിറ്റി | അനുവദിച്ച യൂണിറ്റുകൾ (2011-12 മുതൽ 2014-15 വരെ) |
|---|---|
| പള്ളിക്കര | 20 |
| അജാനൂർ | 12 |
| കാഞ്ഞങ്ങാട് | 13 |

5. <u>മത്സ്യത്തൊഴിലാളി കോളനികളുടെ നവീകരണം</u> :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ മത്സ്യത്തൊഴിലാളി കോളനികളുടെ നവീകരണത്തിനായി 5 കോളനികൾക്ക് 148.50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ കാഞ്ഞങ്ങാട് മണ്ഡലത്തിലുള്ള ബേക്കൽ കോളനിയും ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതിപ്രകാരം 7 വീടുകൾ പുതുതായി നിർമ്മിക്കുന്നതിനും 3 വീടുകൾ റിപ്പെയർ ചെയ്യുന്നതിനുമായി ആകെ 17 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(b) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ പദ്ധതികൾ :

| ക്രമ നമ്പർ | പദ്ധതി | പഞ്ചായത്ത് |
|---|---|---|
| 1 | കുടിവെള്ള പദ്ധതി, അജാനൂർ | അജാനൂർ |
| 2 | റോഡ് നിർമ്മാണം, അജാനൂർ | അജാനൂർ |
| 3 | ഫിഷർമെൻ യൂട്ടിലിറ്റി സെന്റർ, അജാനൂർ | അജാനൂർ |
| 4 | നെറ്റ് മെന്റിംഗ് യാർഡ്-ബെല്ല കടപ്പുറം, അജാനൂർ | അജാനൂർ |
| 5 | ജി.ആർ.എഫ്.ടി.എച്ച്.എസ്. പുനരുദ്ധാരണം, കാഞ്ഞങ്ങാട് | കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി |

(c) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ :

1. അജാനൂർ കടപ്പുറം - ആവിക്കൽ റോഡിന്റെ പുനരുദ്ധാരണം, (അജാനൂർ ഗ്രാമ പഞ്ചായത്ത്)
2. പടന്നക്കാട് ഒഴിഞ്ഞവളപ്പ് ബീച്ച് റോഡിന്റെ പുനരുദ്ധാരണം, (കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി)
3. ഞാണിക്കടവ് - പുഞ്ചാവി എം.എൽ.എ. റോഡിന്റെ പുനരുദ്ധാരണം, (കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി)
4. മല്ലികമാട് ചിത്താരിപ്പാലം റോഡിന്റെ പുനരുദ്ധാരണം (അജാനൂർ ഗ്രാമ പഞ്ചായത്ത്)
5. ഗാർഡൻ വളപ്പ് ബല്ലാകടപ്പുറം റോഡിന്റെ പുനരുദ്ധാരണം, (കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി)
6. അജാനൂർ കടപ്പുറം ഫിഷിംഗ് ഹാർബർ നിർമ്മാണം - അന്വേഷണ ഗവേഷണ പ്രവൃത്തി (അജാനൂർ ഗ്രാമ പഞ്ചായത്ത്)

(ബി) (എ) കാസർഗോഡ് ജില്ലാ ഓഫീസ് വഴി നടപ്പിലാക്കിയ ഭവന പദ്ധതി, മാതൃകാ മത്സ്യഗ്രാമം പദ്ധതി, ഭവന റിപ്പെയർ പദ്ധതി, സാനിറ്റേഷൻ പദ്ധതി തുടങ്ങിയവ പൂർത്തീകരിച്ചുകഴിഞ്ഞിട്ടുണ്ട്. മത്സ്യത്തൊഴിലാളി കോളനികളുടെ നവീകരണം നടപ്പുവർഷം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) തീരദേശ വികസന കോർപ്പറേഷൻവഴി നടപ്പിലാക്കിയ പദ്ധതികളുടെ നിലവിലെ അവസ്ഥ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പദ്ധതി | പദ്ധതി പുരോഗതി |
|---|---|---|
| 1 | ജി.ആർ.എഫ്.ടി.എച്ച്.എസ്. പുനരുദ്ധാരണം, കാഞ്ഞങ്ങാട് | സ്കൂൾ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു |
| 2 | കുടിവെള്ള പദ്ധതി, അജാനൂർ | പദ്ധതി പുരോഗമിക്കുന്നു |
| 3 | നെറ്റ് മെന്റിംഗ് യാർഡ്-ബെല്ല കടപ്പുറം, അജാനൂർ | പദ്ധതി ആരംഭ ഘട്ടത്തിലാണ് |
| 4 | ഫിഷർമെൻ യൂട്ടിലിറ്റി സെന്റർ, അജാനൂർ | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു |
| 5 | റോഡ് നിർമ്മാണം, അജാനൂർ | പ്രസ്തുത റോഡ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തരം നടപ്പിലാക്കി |

(സി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളിൽ പൂർത്തിയാക്കിയ പ്രവൃത്തികളുടെ പേരുവിവരം ചുവടെ ചേർക്കുന്നു :

1. അജാനൂർ കടപ്പുറം ആവിക്കൽ റോഡിന്റെ പുനരുദ്ധാരണം.
2. പടന്നക്കാട് ഒഴിഞ്ഞവളപ്പ് ബീച്ച് റോഡിന്റെ പുനരുദ്ധാരണം.
3. ഞാണിക്കടവ് പുഞ്ചാവി എം.എൽ.എ. റോഡിന്റെ പുനരുദ്ധാരണം.

ആരംഭിക്കാനുള്ളത് :

ഗാർഡൻ വളപ്പ് ബല്ലാകടപ്പുറം റോഡ്.

(സി) (എ) കാസർഗോഡ് ജില്ലാ ഓഫീസ് മുഖേന നടപ്പിലാക്കിയ പദ്ധതിക്ക് അനുവദിച്ച തുക ചുവടെ ചേർക്കുന്നു :

1. ഭവനനിർമ്മാണ പദ്ധതി :

| പഞ്ചായത്ത്/ മുനിസിപ്പാലിറ്റി | അനുവദിച്ച യൂണിറ്റുകൾ (2011-12 മുതൽ 2014-15 വരെ) | അനുവദിച്ച തുക (രൂപ) |
|---|---|---|

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | | |
|---|---|---|
| പള്ളിക്കര | 16 | 3200000 |
| അജാനൂർ | 19 | 3800000 |
| കാഞ്ഞങ്ങാട് | 25 | 5000000 |

2. മാതൃകാ മത്സ്യഗ്രാമം പദ്ധതിയുടെ ഭാഗമായി ഭവന പദ്ധതിയ്ക്കായി 2.5 ലക്ഷം രൂപ തോതിൽ 284 യൂണിറ്റുകളാണ് ജില്ലയിൽ അനുവദിച്ചത്. എന്നാൽ അർഹരായ ഗുണഭോക്താക്കൾ കുറവായതിനാൽ 110 പേർക്ക് മാത്രമെ ധനസഹായം നൽകുവാൻ സാധിച്ചിട്ടുള്ളൂ. ഭവന പദ്ധതിയ്ക്കായി ഇതുവരെ 2,75,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്. സാനിറ്റേഷൻ പദ്ധതിയ്ക്കായി യൂണിറ്റിന് 20,000 തോതിൽ 93 യൂണിറ്റുകൾ അനുവദിച്ചെങ്കിലും അർഹരായ 9 അപേക്ഷകൾ മാത്രമാണ് ലഭിച്ചത്.

3. ഭവന റിപ്പെയർ പദ്ധതി :

| പഞ്ചായത്ത്/ മുനിസിപ്പാലിറ്റി | അനുവദിച്ച യൂണിറ്റുകൾ (2011-12 മുതൽ 2014-15 വരെ) | അനുവദിച്ച തുക (രൂപ) |
|---|---|---|
| പള്ളിക്കര | 8 | 400000 |
| അജാനൂർ | 8 | 400000 |
| കാഞ്ഞങ്ങാട് | 5 | 250000 |

4. സാനിറ്റേഷൻ പദ്ധതി :

| പഞ്ചായത്ത്/ മുനിസിപ്പാലിറ്റി | അനുവദിച്ച യൂണിറ്റുകൾ (2011-12 മുതൽ 2014-15 വരെ) | അനുവദിച്ച തുക (രൂപ) |
|---|---|---|
| പള്ളിക്കര | 20 | 350000 |
| അജാനൂർ | 12 | 215000 |
| കാഞ്ഞങ്ങാട് | 13 | 227500 |

5. കോളനികളുടെ നവീകരണത്തിന്റെ ഭാഗമായി 7 വീടുകൾ പുതുതായി നിർമ്മിക്കുന്നതിനും 3 വീടുകൾ റിപ്പെയർ ചെയ്യുന്നതിനുമായി ആകെ 17 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) തീരദേശ വികസന കോർപ്പറേഷൻ വഴി ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുക ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക ലക്ഷത്തിൽ |
|---|---|---|
| 1 | കുടിവെള്ള പദ്ധതി, അജാനൂർ | 71.06 |
| 2 | റോഡ് നിർമ്മാണം, അജാനൂർ | 71.00 |
| 3 | ഫിഷർമെൻ യൂട്ടിലിറ്റി സെന്റർ, അജാനൂർ | 129.00 |
| 4 | നെറ്റ് മെന്റിംഗ് യാർഡ്-ബെല്ല കടപ്പുറം, അജാനൂർ | 49.00 |
| 5 | ജി.ആർ.എഫ്.ടി.എച്ച്.എസ്. പുനരുദ്ധാരണം, കാഞ്ഞങ്ങാട് | 139.00 |

(സി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴി ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുക ചുവടെ ചേർക്കുന്നു :

1. അജാനൂർ കടപ്പുറം - ആവിക്കൽ റോഡിന്റെ പുനരുദ്ധാരണം - 19.50 ലക്ഷം
2. പടന്നക്കാട് ഒഴിഞ്ഞ വളപ്പ് ബീച്ച് റോഡിന്റെ പുനരുദ്ധാരണം - 26.00 ലക്ഷം
3. ഞാണിക്കടവ് - പുഞ്ചാവി എം.എൽ.എ. റോഡിന്റെ പുനരുദ്ധാരണം - 13.00 ലക്ഷം
4. മല്ലികമാട് ചിത്താരിപ്പാലം റോഡിന്റെ പുനരുദ്ധാരണം - 56.50 ലക്ഷം
5. ഗാർഡൻ വളപ്പ് ബല്ലാകടപ്പുറം റോഡിന്റെ പുനരുദ്ധാരണം, - 70.00 ലക്ഷം
6. അജാനൂർ കടപ്പുറം ഫിഷിംഗ് ഹാർബർ നിർമ്മാണം - അന്വേഷണ ഗവേഷണ പ്രവൃത്തി - 53.00 ലക്ഷം.

**അക്വാറ്റിക് ഡിസ്‌പ്ലേ യൂണിറ്റ്**

110 (1815) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കണയംകോട് ഫിഷ് ലാന്റിംഗ് സെന്റർ കെട്ടിടത്തിലെ റെസ്റ്റോറന്റിൽ കണയംകോട്/കോരപ്പുഴയിലെ പ്രശസ്തമായ ഇരുമീനുകളെ ജീവനോടെ പ്രദർശിപ്പിക്കാവുന്ന അക്വാറ്റിക് ഡിസ്പ്ലേ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിഗണിക്കാമോ ;

(ബി) ടൂറിസം വകുപ്പിന്റെ സഹായത്തോടെ കെട്ടിടത്തിന്റെ ഭംഗി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കാമോ ?

ഉത്തരം

(എ&ബി) ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**സമുദ്ര മത്സ്യ ലഭ്യത**

111 (1816) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സമുദ്രമത്സ്യ ലഭ്യതയിൽ കുറവുണ്ടാകുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ കാരണങ്ങൾ കണ്ടെത്തുന്നതിന് പഠനങ്ങൾ നടത്തിയിട്ടുണ്ടോ ;

(ബി) സമുദ്ര മത്സ്യത്തിന്റെ ലഭ്യത കുറയുന്നത് അശാസ്ത്രീയവും നിരോധിത മാർഗ്ഗങ്ങളിലൂടെയും ഉള്ള മത്സ്യബന്ധനം മൂലമാണെന്ന വസ്തുത മനസ്സിലാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ സംസ്ഥാനത്തിന്റെ മത്സ്യ സമ്പത്ത് നിലനിറുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും നിലവിൽ അനുവർത്തിക്കുന്ന അശാസ്ത്രീയവും നിരോധിതവുമായ മത്സ്യബന്ധന രീതികൾ തടയുന്നതിനാവശ്യമായ നടപടികൾ ശക്തമാക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ സമുദ്ര മത്സ്യ ലഭ്യതയിൽ കുറവുണ്ടാകുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് ഫിഷറീസ് വകുപ്പ് പഠനങ്ങൾ നടത്തിയിട്ടില്ല.

(ബി) ഉണ്ട്.

(സി) നിരോധിക്കപ്പെട്ട വലകൾ ഉപയോഗിച്ചുള്ള അനധികൃത മത്സ്യബന്ധനം

തടയുന്നതിന് മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ 5 ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് കടൽ പട്രോളിംഗ് നടത്തി വരുന്നുണ്ട്. അനധികൃത മത്സ്യബന്ധനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കെ.എം.എഫ്.ആർ. ആക്ട്-ലെ വ്യവസ്ഥകൾക്കനുസരിച്ച് ഇംപൗണ്ട് ചെയ്ത് 5,000 രൂപ മുതൽ 50,000 രൂപ വരെ പിഴ ഈടാക്കി വരുന്നുണ്ട്. കൂടാതെ നിയമലംഘനം ആവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ മത്സ്യബന്ധന യാനവും യാനത്തിലെ മത്സ്യവും ഉൾപ്പെടെ സർക്കാരിലേക്ക് കണ്ടുകെട്ടുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

## കോരപ്പുഴയിൽ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രം

112 (1817) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കോരപ്പുഴയിൽ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രം നിർമ്മിക്കുന്നതിനായി സാധ്യതാ പഠനം നടത്താൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ, സാധ്യതാപഠനം നടത്താൻ ചുമതലപ്പെടുത്തിയ ഏജൻസിയുടെ പേരും അനുവദിച്ച തുകയും വെളിപ്പെടുത്താമോ ;

(സി) സാധ്യതാപഠനം നടത്താൻ പ്രസ്തുത ഏജൻസിക്ക് കാലപരിധി നിർണ്ണയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) കോരപ്പുഴയിൽ ഒരു മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രം നിർമ്മിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തുന്നതിന് 23 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് മാതൃകാപഠനം നടത്തുന്നതിന് ആവശ്യമായ തുക, കാലയളവ് എന്നിവ അറിയിക്കാൻ കേന്ദ്ര സർക്കാർ ഏജൻസിയായ CWPRS, പൂനെയോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

## മത്സ്യത്തൊഴിലാളികളുടെ പാർപ്പിട പ്രശ്നങ്ങൾ

113 (1818) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വന്തമായി വീടുവയ്ക്കാൻ സ്ഥലമില്ലാത്ത മത്സ്യത്തൊഴിലാളികളുടെ പാർപ്പിട പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇവരുടെ പാർപ്പിടപ്രശ്ന പരിഹാരത്തിന് ആവിഷ്കരിച്ച പദ്ധതികളും നടപടികളും വിശദമാക്കുമോ ;

(ബി) മത്സ്യത്തൊഴിലാളികളെ തീരദേശങ്ങളിൽ നിന്ന് മാറ്റി ഭൂമിയില്ലാത്തതിന്റെ പേരിൽ മറ്റു ദേശങ്ങളിൽ പാർപ്പിക്കേണ്ട സ്ഥിതിവിശേഷം നിലവിലുണ്ടോ ; ഇവരെ തീരപ്രദേശത്തു തന്നെ താമസിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂരഹിതരും ഭവനരഹിതരുമായ തെരഞ്ഞെടുക്കപ്പെടുന്ന 450 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം കണ്ടെത്തി ഫ്ലാറ്റ് നിർമ്മിച്ചു നൽകുന്ന "ഭൂരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവനപദ്ധതി"-ക്ക് 2014-15 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്. ടി പദ്ധതിയുടെ അടങ്കൽ തുക 48.75 കോടി രൂപയാണ്. ആദ്യഘട്ടമായി വലിയതുറ മത്സ്യഗ്രാമത്തിൽ തിരുവനന്തപുരം കോർപ്പറേഷൻ അനുവദിച്ച 42.45 സെന്റ് ഭൂമിയിൽ 32 കുടുംബങ്ങൾക്ക് ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്നു. മറ്റു സ്ഥലങ്ങളിൽ ഫ്ലാറ്റ് നിർമ്മാണത്തിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഈ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**എയർ കേരള പദ്ധതി**

114 (1819) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയർ കേരള പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) പ്രവാസികൾക്ക് കുറഞ്ഞ നിരക്കിൽ വിദേശയാത്ര ലഭ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) പദ്ധതി പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി-ഡി) പ്രവാസിമലയാളികൾ പ്രത്യേകിച്ച് ഗൾഫ് മേഖലയിൽ തൊഴിൽ ചെയ്യുന്ന പ്രവാസി മലയാളികളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ കണക്കിലെടുത്ത് സർക്കാരിന്റെ പങ്കാളിത്തത്തോടെ ഒരു ബഡ്ജറ്റ് എയർലൈൻ മുഖാന്തരം കുറഞ്ഞ ചെലവിലുള്ള യാത്രാസൗകര്യം ഏർപ്പെടുത്തുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ 'എയർ കേരള' എന്ന പദ്ധതി എയർ കേരള ഇന്റർ നാഷണൽ സർവ്വീസ് കമ്പനി മുഖേന നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ കമ്പനിയുടെ ബോർഡ്, ഏണസ്റ്റ് ആന്റ് യംഗ് എന്ന കൺസൾട്ടന്റ് സമർപ്പിച്ച പദ്ധതി റിപ്പോർട്ടിനെ അടിസ്ഥാനമാക്കി അന്താരാഷ്ട്ര മേഖലയിൽ പ്രവർത്തിക്കാൻ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചശേഷം എയർകേരള എയർലൈൻ സർവ്വീസ് ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. സംസ്ഥാനത്ത് മൂന്ന് പ്രധാന വിമാനത്താവളങ്ങളായ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എയർപോർട്ടുകളും ദക്ഷിണേന്ത്യയിലെ സമീപ വിമാനത്താവളങ്ങളായ കോയമ്പത്തൂർ, മധുര, തൃച്ചി, ബംഗ്ലൂരു, ചെന്നൈ വിമാനത്താവളങ്ങളെ ബന്ധിപ്പിച്ചാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് 5 കൊല്ലത്തെ ആഭ്യന്തര മേഖലയിലെ പരിചയവും 20 വിമാനങ്ങളും കമ്പനിക്കാവശ്യമാണ്. കമ്പനിക്ക് പ്രവർത്തനം ആരംഭിക്കാൻ ഈ വ്യവസ്ഥകൾ ഇളവുചെയ്ത് നല്കണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ മറുപടി ലഭ്യമായെങ്കിൽ മാത്രമേ മറ്റുകാര്യങ്ങളിൽ തീരുമാന മെടുക്കാൻ കഴിയൂ. അന്തർദ്ദേശീയ വ്യോമയാന മേഖലയിലെ ദീർഘകാല പ്രവൃത്തി പരിചയം കണക്കിലെടുത്ത് സിയാലിന്റെ നേതൃത്വത്തിൽ 'AIR KERALA' എന്ന

പേരിൽ International Budget Air അനുവദിക്കുന്നതിന് ആവശ്യമായ ഇളവുകളും അനുമതിയും നൽകുന്നതിന് നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിച്ച് 8-6-2015-ലും മുഖ്യമന്ത്രി കേന്ദ്ര വ്യോമയാന മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്.

**അയൽ സംസ്ഥാനങ്ങളുമായി ബന്ധപ്പെടുത്തി വിമാന സർവ്വീസ്**

115 (1820) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വിമാനത്താവളങ്ങളും അയൽ സംസ്ഥാനങ്ങളിലെ വിമാനത്താവളങ്ങളുമായി ബന്ധപ്പെടുത്തി വിമാന സർവ്വീസ് നടത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിനുള്ള സാധ്യതാപഠനം നടത്തുവാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ;

(സി) സാധ്യതാ പഠനം ആരെ ഏൽപ്പിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത് ;

(ഡി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഏണസ്റ്റ് ആന്റ് യംഗ് എന്ന കൺസൾട്ടന്റ് സാധ്യതാ പഠനം നടത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തിനകത്ത് കുറഞ്ഞ ചെലവിൽ Low Cost Air Line Service നടത്തുക എന്നുള്ളതാണ് ലക്ഷ്യം.

**കുട്ടികൾ/സ്ത്രീകൾ/വൃദ്ധർക്കെതിരെയുണ്ടായ കുറ്റകൃത്യങ്ങൾ**

116 (1821) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും ക്രൈം റിക്കാർഡ്സ്

ബ്യൂറോ കണക്കുപ്രകാരം എത്ര കുട്ടികൾ/സ്ത്രീകൾ/വൃദ്ധർ/കുടുംബങ്ങൾ എന്നിവർ പീഡനം, മോഷണം, വധശ്രമം, കൊലപാതകം എന്നിവയ്ക്ക് ഇരകളായി ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത കാലയളവിൽ ഇത്തരം ക്രൂരകൃത്യങ്ങൾക്ക് ഇരകളായവരുടെ കേസുകളിൽ എത്രയെണ്ണത്തിൽ പ്രതികളെ പിടികൂടി ; എത്ര കേസുകളിൽ പ്രതികളെ പിടികൂടാനുണ്ട് ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത കേസുകളിൽ പ്രതികളായവരിൽ അന്യസംസ്ഥാന തൊഴിലാളികൾ ആരെല്ലാം ; പോലീസ്/സർക്കാർ ഉദ്യോഗസ്ഥർ ആരെല്ലാം ; മറ്റ് പ്രതികൾ ആരെല്ലാം ; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ ;

(ഡി) 2011-12 മുതൽ ഓരോ വർഷവും മറ്റ് സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്കുള്ള കുട്ടികളുടെ കടത്ത് വർദ്ധിച്ചു വരുന്നതു പരിശോധിച്ചുവോ ; എങ്കിൽ എന്ത് ആവശ്യങ്ങൾക്കാണ് കുട്ടികളെ കടത്തിക്കൊണ്ടു വരുന്നതെന്നും ഇതു തടയാൻ എന്ത് നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2011 മുതൽ 2015 മേയ് 31 വരെ കുട്ടികൾ/സ്ത്രീകൾ/വൃദ്ധർ/കുടുംബങ്ങൾ എന്നിവർക്കെതിരെ പീഡനം, മോഷണം, വധശ്രമം, കൊലപാതകം എന്നിവയുടെ വർഷം തിരിച്ചുള്ള എണ്ണം ജില്ല തിരിച്ച് അനുബന്ധം-എ ആയി ചേർത്തിരിക്കുന്നു.*

(ബി) ഈ കാലയളവിൽ ഇത്തരം ക്രൂരകൃത്യങ്ങൾക്ക് ഇരകളായവരുടെ കേസ്സുകളിൽ 54783 പ്രതികളെ പിടികൂടി. 6260 പ്രതികളെ ഇനി പിടികൂടാനുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം -ബി ആയി ചേർത്തിരിക്കുന്നു.*

(സി) പ്രസ്തുത കേസുകളിൽ പ്രതികളായവരിൽ അന്യസംസ്ഥാന തൊഴിലാളികൾ, പോലീസ്/സർക്കാർ ഉദ്യോഗസ്ഥർ, മറ്റ് പ്രതികൾ എന്നിവരുടെ ജില്ല തിരിച്ചുള്ള

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിശദാംശം അനുബന്ധം -സി ആയി ചേർത്തിരിക്കുന്നു.*

(ഡി) 2011 മുതൽ 2014 വരെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്കുള്ള കുട്ടികളുടെ കടത്തിനെ സംബന്ധിച്ച് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്. കേസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു :

| ജില്ല | 2011 | 2012 | 2013 | 2014 |
|---|---|---|---|---|
| എറണാകുളം റൂറൽ | ... | ... | 1 | ... |
| വയനാട് | 1 | 2 | ... | 1 |
| റെയിൽവേ | 2 | … | … | ... |

2011 മുതൽ 2014 വരെയുള്ള ഓരോ വർഷത്തേയും കണക്കുകൾ പരിശോധിച്ചതിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്കുള്ള കുട്ടികളുടെ കടത്ത് വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

**രജിസ്റ്റർ ചെയ്ത ക്രൈം കേസുകൾ**

117 (1822) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ക്രൈം കേസുകൾ എത്രയാണെന്ന് വർഷം തിരിച്ച് കണക്ക് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ സ്ത്രീപീഡനം, സ്ത്രീധന പീഡനം, സ്ത്രീകൾക്കെതിരെയുള്ള അക്രമം, ബലാൽസംഗം, സ്ത്രീകളെ തട്ടിക്കൊണ്ടു പോകൽ എന്നീ വിഭാഗങ്ങളിൽ എത്ര കേസുകൾ വീതം രജിസ്റ്റർ ചെയ്തെന്ന് വർഷം തിരിച്ച് കണക്ക് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ക്രൈം കേസുകൾ എത്രയാണെന്ന് വർഷം തിരിച്ചുള്ള കണക്ക് അനുബന്ധം - എ ആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതിൽ സ്ത്രീപീഡനം, സ്ത്രീധന പീഡനം, സ്ത്രീകൾക്കെതിരെയുള്ള അക്രമം, ബലാത്സംഗം, സ്ത്രീകളെ തട്ടികൊണ്ടു പോകൽ എന്നീ വിഭാഗങ്ങളിൽ എത്ര കേസുകൾ വീതം രജിസ്റ്റർ ചെയ്തെന്ന് വർഷം തിരിച്ചുള്ള കണക്ക് അനുബന്ധം - ബി ആയി ചേർക്കുന്നു.*

## മിഡ് ബ്രയിൻ ആക്ടിവേഷൻ സെന്ററുകൾ തട്ടിപ്പ്

118 (1823) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മിഡ് ബ്രയിൻ ആക്ടിവേഷൻ സെന്ററുകൾ എന്ന പേരിലും സമാന പേരുകളിലും സ്ഥാപനങ്ങൾ ആരംഭിച്ച് തട്ടിപ്പ് നടത്തുന്നതായുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരം പരാതികളിന്മേൽ സ്വീകരിച്ച നടപടിയെന്തെന്ന് അറിയിക്കുമോ ;

(സി) നിലവിൽ സംസ്ഥാനത്ത് ഇത്തരം എത്ര കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ ; ഇത്തരം കേന്ദ്രങ്ങൾക്ക് പ്രവർത്തനാനുമതി നൽകിയിട്ടുള്ളത് ഏതൊക്കെ അധികൃതരാണെന്നും സ്വീകരിച്ച മാനദണ്ഡമെന്താണെന്നും വ്യക്തമാക്കുമോ ;

(ഡി) ഇത്തരം സെന്ററുകളുടെ ആധികാരികത പരിശോധിക്കുന്നതിനും തട്ടിപ്പുകാർക്കെതിരെ ശക്തമായ നടപടിയെടുക്കുന്നതിനും ഇത്തരം തട്ടിപ്പുകൾ ആവർത്തിക്കാതിരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) രണ്ട് പരാതികളിന്മേൽ അന്വേഷണം നടത്തിവരുന്നു. കൂടാതെ വഞ്ചിയൂർ പോലീസ് സ്റ്റേഷനിൽ ലഭിച്ച ഒരു പരാതിയിന്മേൽ ക്രൈം നമ്പർ 597/2015u/s. 420 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.

(സി) 3 കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവയ്ക്ക് പ്രവർത്തനാനുമതി ലഭിച്ചതായി അറിവായിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഇത്തരം സെന്ററുകളുടെ ആധികാരികത പരിശോധിക്കുന്നുണ്ട്. കൂടാതെ തട്ടിപ്പുകാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**റാന്നി പോലീസ് ഡിവിഷൻ രൂപീകരിക്കാൻ നടപടി**

119 (1824) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ പത്തനംതിട്ട ജില്ലയുടെ കീഴിൽ എത്ര പോലീസ് സബ് ഡിവിഷനുകളാണ് ഉള്ളത് ; അവ ഏതെല്ലാം ;

(ബി) റാന്നി നിയോജക മണ്ഡലത്തിലെ കിഴക്കൻ മേഖലയിലെ ആളുകൾ പോലീസ് സബ്ഡിവിഷൻ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് 70 കിലോമീറ്ററിലധികം സഞ്ചരിച്ച് തിരുവല്ലയിലാണ് എത്തേണ്ടത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പത്തനംതിട്ട ജില്ലയിലെ ഏറ്റവും വിസ്തൃതിയേറിയ പോലീസ് സബ് ഡിവിഷനായ തിരുവല്ല വിഭജിച്ച് റാന്നി ഡിവിഷൻ രൂപീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

<u>ഉത്തരം</u>

(എ) 3 എണ്ണം ; പത്തനംതിട്ട, അടൂർ, തിരുവല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) റാന്നി കേന്ദ്രമായി ഒരു ഡി.വൈ.എസ്.പി. ഓഫീസ് ആരംഭിക്കുന്നതിന് വേണ്ടിയുള്ള വിശദമായ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പോലീസ് വകുപ്പിൽ ഫോട്ടോഗ്രാഫർ തസ്തിക**

120 (1825) <u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പോലീസ് വകുപ്പിൽ ഫോട്ടോഗ്രാഫർ തസ്തികയിലേക്ക് നിലവിൽ വന്ന പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം

നൽകി ; കൂടുതലായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ; വിശദവിവരം നൽകുമോ ; നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരിപക്ഷം ഉദ്യോഗാർത്ഥികളും പ്രായപരിധി കഴിഞ്ഞവരായതിനാൽ മാനുഷിക പരിഗണന നൽകി ഇവർക്ക് നിയമനം നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) പോലീസ് വകുപ്പിൽ നിശ്ചിത യോഗ്യതയുള്ള ഡിപ്പാർട്ടുമെന്റൽ ഫോട്ടോഗ്രാഫർമാർ എത്ര പേർ വീതം ഉണ്ട്; ജില്ല തിരിച്ച് വിശദമാക്കുമോ ;

(സി) കേരള പോലീസിൽ ഡിപ്പാർട്ടുമെന്റൽ ഫോട്ടോഗ്രാഫർമാർ ആവശ്യത്തിന് ഇല്ലാത്തതു കാരണം സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ ദൈനംദിനം റിപ്പോർട്ടു ചെയ്യുന്ന സംശയകരമായ മരണങ്ങൾ, കൊലപാതകം, മോഷണം, കവർച്ച തുടങ്ങിയ ഗുരുതരമായ കുറ്റകൃത്യങ്ങളുടെ തെളിവ് കൊണ്ടുവരുന്നതിന് പ്രൈവറ്റ് ഫോട്ടോഗ്രാഫർമാരെ ആശ്രയിക്കുന്നതുമൂലം ആയത് ഫലപ്രദമായി ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കേരള പോലീസിൽ വിജിലൻസ്, ക്രൈംബ്രാഞ്ച് വകുപ്പുകളിൽ ഡിപ്പാർട്ടുമെന്റൽ ഫോട്ടോഗ്രാഫർമാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 3 പേരെ നിയമിച്ചിട്ടുണ്ട്. നിലവിൽ കാസർഗോഡ് ജില്ലയിൽ ഒരൊഴിവുണ്ട്. ഇത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രായപരിധി കഴിഞ്ഞ ഉദ്യോഗാർത്ഥികളുടെ നിയമനം സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) പോലീസ് വകുപ്പിൽ എല്ലാ പോലീസ് ജില്ലകളിലും നിശ്ചിത യോഗ്യതയുള്ള ഡിപ്പാർട്ടുമെന്റൽ ഫോട്ടോഗ്രാഫർമാരാണ് ജോലി ചെയ്യുന്നത്. കോഴിക്കോട് റൂറൽ ജില്ലാ പോലീസ് ഓഫീസിൽ (വടകര) ഇതേവരെ ഫോട്ടോഗ്രാഫർ തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടില്ല. ഫോട്ടോഗ്രാഫർമാരുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(സി) ജില്ലകളിൽ കുറ്റാന്വേഷണത്തിന്റെ ഭാഗമായി നിലവിലുള്ള ഡിപ്പാർട്ടുമെന്റൽ ഫോട്ടോഗ്രാഫർമാരുടെ സേവനം കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നുണ്ട്.

(ഡി) നിലവിൽ ക്രൈംബ്രാഞ്ച് വിഭാഗത്തിൽ ഒരു ഫോട്ടോഗ്രാഫർ നിലവിലുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിജിലൻസ് വകുപ്പിൽ ഇപ്പോൾ ഫോട്ടോഗ്രാഫർമാരെ നിയമിച്ചിട്ടില്ല.

**പോലീസ് കംപ്ലയിന്റ് അതോറിറ്റിക്ക് ലഭിച്ച പരാതികൾ**

121 (1826) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് കംപ്ലയിന്റ് അതോറിറ്റിയിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ;

(ബി) ഇതിൽ എത്ര എണ്ണത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചു ; വ്യക്തമാക്കാമോ ;

(ഡി) ഇത് സംബന്ധിച്ച് ജില്ലാ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ -ഡി) ഇതു സംബന്ധിച്ച മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**നിർഭയ കേരളം സുരക്ഷിത കേരളം**

122 (1827) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

'നിർഭയ കേരളം സുരക്ഷിതകേരളം' എന്ന സ്ത്രീസുരക്ഷാ പദ്ധതിയ്ക്കായി 2014-15-ലെ സംസ്ഥാന ബഡ്ജറ്റിൽ 7 കോടി രൂപ വകയിരുത്തിയത് വിനിയോഗിച്ച് നിർവ്വഹിക്കപ്പെട്ട പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

2014-15-ലെ സംസ്ഥാന ബഡ്ജറ്റിൽ 7 കോടി രൂപ വകയിരുത്തുമെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും തുക വകയിരുത്തിയിരുന്നില്ല. പകരം ഉപധനാഭ്യർത്ഥന 2014-15 പ്രകാരം 1000 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമെ വകയിരുത്തിയിട്ടുള്ളൂ.

**പി. മുരളി വധക്കേസ്സിലെ പ്രതി**

123 (1828) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കുമ്പള ശാന്തിപള്ളതെ സി.പി.ഐ. (എം) പ്രവർത്തകനായ പി. മുരളി വധക്കേസ്സിലെ പ്രതി ശരത് എന്ന ശരത് രാജ് പരസ്യമായി മാരകായുധങ്ങളുമായി ബസ്സിലും ഓട്ടോറിക്ഷയിലുമായി സഞ്ചരിക്കുന്നവരെ ഭീഷണി പെടുത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) പ്രസ്തുത പ്രതിയെ പിടികൂടിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

(ഡി) ഈ പ്രതിയുടെ പേരിൽ നിലവിൽ ഇതുവരെ എത്ര കേസ്സുകളാണുള്ളത് ; വിശദാംശങ്ങൾ അറിയിക്കാമോ ?

## ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് ലഭിച്ച പരാതിയിന്മേൽ ഒരു കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കുമ്പള പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 285/15 u/s 341, 506(i) IPC. പ്രസ്തുത കേസ്സ് അന്വേഷണാവസ്ഥയിലാണ്.

(സി) പ്രതിയെ അറസ്റ്റ് ചെയ്യുവാൻ സാധിച്ചിട്ടില്ല.

(ഡി) 7 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. കുമ്പള പി.എസ്. Cr. No. 592/12 u/s 143, 147, 148, 341, 324, 307 r/w 149 IPC-PT
2. കുമ്പള പി.എസ്. Cr. No. 17/13 u/s 107 Cr.PC - FAD
3. കുമ്പള പി.എസ്. Cr. No. 413/13 u/s 143, 147, 148, 341, 324 r/w 149 IPC- False
4. കുമ്പള പി.എസ്. Cr. No. 77/14 u/s 341, 323, r/w 34 IPC-PT
5. കുമ്പള പി.എസ്. Cr. No. 545/14 u/s 341, 302, 506(i), 212 r/w 34 IPC-PT

6. കുമ്പള പി.എസ്. Cr. No. 627/14 u/s 107 Cr.PC - FAD

7. കുമ്പള പി.എസ്. Cr. No. 285/15 u/s 341, 506(i) IPC- UI.

**യു.എ.പി.എ. പ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ**

124 (1829) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

യു.എ.പി.എ. പ്രകാരം സംസ്ഥാനത്ത് എത്ര പേർക്കെതിരെ കേസ്സുകൾ നിലവിലുണ്ട് ; വ്യക്തമാക്കാമോ ; 2014-ൽ എത്ര കേസ്സുകൾ ഇപ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ; ആയതിന്റെ ജില്ല തിരിച്ചുള്ള കണക്കുകളും വെളിപ്പെടുത്താമോ ?

ഉത്തരം

യു.എ.പി.എ. പ്രകാരം സംസ്ഥാനത്ത് 53 പേർക്കെതിരെ 104 കേസുകൾ നിലവിലുണ്ട്. 2014-ൽ 52 കേസുകൾ യു.എ.പി.എ. പ്രകാരം രജിസ്റ്റർ ചെയ്തിരുന്നു. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

**സി.സി.റ്റി.വി. വിവര ശേഖരണം**

125 (1830) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുരക്ഷയുടെ ഭാഗമായി സർക്കാർ ഓഫീസുകളിലും പൊതുസ്ഥലങ്ങളിലും സ്ഥാപിക്കുന്ന സി.സി.റ്റി.വി. അഥവാ ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ വഴി ശേഖരിക്കുന്ന ദൃശ്യങ്ങൾ സൂക്ഷിക്കുന്നതു സംബന്ധിച്ച് നിലവിലുള്ള തീരുമാനം വിശദമാക്കാമോ ;

(ബി) ക്യാമറാദൃശ്യങ്ങൾ അപ്പപ്പോൾ കംപ്യൂട്ടറിൽ ശേഖരിക്കാനും വർഷങ്ങളോളം സൂക്ഷിച്ച് വയ്ക്കാനും സാധ്യമാണോ ; ഇപ്രകാരം ശേഖരിക്കുന്ന ദൃശ്യങ്ങൾ ആവശ്യമായി വരുന്ന ഘട്ടത്തിൽ തിരിച്ചെടുക്കാനും ദൃശ്യത്തിൽ നിന്ന് സ്ഥലം, സമയം, തീയതി അടക്കമുള്ള വിവരങ്ങൾ ശേഖരിക്കുവാനും കഴിയുമോ ;

(സി) സർക്കാർ ഫയലുകൾ സൂക്ഷിക്കുന്നത് പോലെ സി.സി.റ്റി.വി. ദൃശ്യങ്ങൾ സൂക്ഷിക്കാതിരിക്കുന്നതിന്റെ കാരണങ്ങൾ വെളിപ്പെടുത്താമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) സി.സി.റ്റി.വി.-കളിലൂടെ ഇതിനകം ശേഖരിക്കപ്പെട്ട ദൃശ്യങ്ങൾ നശിപ്പിച്ച് കളയാൻ തീരുമാനം എടുത്തിട്ടുണ്ടോ ; എങ്കിൽ ഏത് തലത്തിൽ ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) നിലവിൽ 15 മുതൽ 30 ദിവസം വരെ automatic ആയി കമ്പ്യൂട്ടറിൽ റെക്കോർഡ് ആകുകയും കൂടുതൽ ദൃശ്യങ്ങൾ റെക്കോർഡ് ചെയ്യുന്ന മുറയ്ക്ക് പഴയവ ഡിലീറ്റാകുകയും ചെയ്യുന്ന സംവിധാനമാണ് നിലവിലുള്ളത്.

(ബി) സാധ്യമാണ്. ആവശ്യമായി വരുന്ന ഘട്ടത്തിൽ വിവരങ്ങൾ ശേഖരിക്കാൻ സാധിക്കുന്നതാണ്.

(സി) സാങ്കേതിക സൗകര്യങ്ങളുടെ അപര്യാപ്തതയാണ് കാരണം.

(ഡി) ഇല്ല ; ബാധകമല്ല.

## വിസ തട്ടിപ്പ്

126 (1831) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിസ തട്ടിപ്പ് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകൾ എത്ര വീതമെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ ;

(ബി) പ്രസ്തുത കേസുകളിൽ എത്ര പേർ പിടിയിലായിട്ടുണ്ടെന്നും എത്ര പേർക്കെതിരെ കേസെടുത്തിട്ടുണ്ടെന്നും വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിസ തട്ടിപ്പ് സംബന്ധിച്ച് 862 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത കേസുകളിൽ 619 പേർ പിടിയിലാവുകയും 1163 പേർക്കെതിരെ കേസെടുക്കുകയും ചെയ്തിട്ടുണ്ട്.

## കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്ട് ഭേദഗതി

127 (1832) <u>ശ്രീ. എം. എ. വാഹീദ്</u> :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2007-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്ട് കൂടുതൽ ഫലപ്രദമാക്കുന്നതിന് ഭേദഗതി കൊണ്ടുവരാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) കുറ്റകൃത്യങ്ങൾ തടയുന്നതിനും ബ്ലേഡ് മാഫിയയെ നേരിടുന്നതിനും എന്തെല്ലാം ശിക്ഷകളാണ് നിയമത്തിൽ വ്യവസ്ഥ ചെയ്യാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള 2014-ലെ ഭേദഗതി ആക്ട് 31-12-2014-ൽ പ്രാബല്യത്തിൽ വന്നു.

(ബി) നിയമ ഭേദഗതി പ്രാബല്യത്തിൽവന്ന പ്രകാരം 'മണി ചെയിൻ' കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർകൂടി ഇപ്പോൾ നിയമത്തിന്റെ പരിധിയിൽ വന്നിട്ടുണ്ട്. കരുതൽ തടങ്കലിൽ വയ്ക്കാവുന്ന പരമാവധി കാലയളവ് ആറുമാസം എന്നുള്ളത് ഒരുവർഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൊള്ളപ്പലിശക്കാർ, ഹവാല തട്ടിപ്പുകാർ എന്നിവർക്കെതിരെയുള്ള നടപടികൾ ശക്തിപ്പെടുത്തുന്നതിലേക്കായി ഇവയുടെ നിർവ്വചനങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുവാൻ ഉപയോഗിക്കുന്ന വാഹനങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കൾ പിടിച്ചെടുക്കുന്നതിനും കണ്ടുകെട്ടുന്നതിനുമുള്ള വിപുലമായ വ്യവസ്ഥകളും ഭേദഗതി ചെയ്യപ്പെട്ട പ്രകാരം നിയമത്തിൽ പ്രതിപാദിക്കുന്നു.

(സി) മണി ചെയിൻ കുറ്റവാളികളെക്കൂടി നിയമത്തിന്റെ പരിധിയിൽ കൊണ്ടു വന്നിട്ടുണ്ട്. കൊള്ളപ്പലിശക്കാർ, ഹവാലത്തട്ടിപ്പുകാർ എന്നിവരുടെ സംഘടിത കുറ്റകൃത്യങ്ങൾ കൂടുതൽ ഫലപ്രദമായി തടയുന്നതിന് ബന്ധപ്പെട്ട നിർവ്വചന ഖണ്ഡങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തിയിട്ടുണ്ട്. കരുതൽ തടങ്കൽ നിയമമായതുകൊണ്ട് ഏതെങ്കിലും

കുറ്റത്തിനുള്ള ശിക്ഷകൾ ഭേദഗതിയിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

(ഡി) 2014-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ആക്ട് 31-12-2014-ൽ പ്രാബല്യത്തിൽ വന്നു.

**പൊതു യാത്രാസംവിധാനങ്ങളിൽ വച്ച് സ്ത്രീകൾക്ക നേരെയുള്ള അതിക്രമങ്ങൾ**

128 (1833) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യത്ത് പൊതു യാത്രാസംവിധാനങ്ങളിലും ഓട്ടോറിക്ഷകളിലും, ടാക്സി കാറുകളിലും സ്ത്രീകൾക്ക നേരെ അതിക്രമങ്ങൾ ഉണ്ടാകുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ യാത്രാസംവിധാനങ്ങളിൽ വച്ചുണ്ടാകുന്ന അതിക്രമങ്ങൾ തടയുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) യാത്രക്കാർക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്ക് സുരക്ഷിതയാത്ര ഒരുക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇത്തരം പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) സ്ത്രീ സുരക്ഷയ്ക്കായി വനിതാ സൗഹൃദ ഓട്ടോറിക്ഷാ പദ്ധതിയും ഷീടാക്സി പദ്ധതിയും നടപ്പിലാക്കിയിട്ടുള്ളതോടൊപ്പം കർശന വാഹന പരിശോധന നടത്തിയും പൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്ക് പരാതികൾ അറിയിക്കുവാൻ സോഷ്യൽ മീഡിയായുടെയും നവമാധ്യമങ്ങളുടെയും സേവനവും ഉപയോഗിച്ചു വരുന്നു. കൂടാതെ പ്രീ-പെയ്ഡ് ഓട്ടോ/ടാക്സി സംവിധാനം പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. സ്ത്രീകൾക്ക് യാത്രാവേളകളിൽ പോലീസ് സഹായം ലഭ്യമാക്കുന്നതിലേക്കായി പൊതുസ്ഥലങ്ങളിലും പൊതുയാത്രാ സംവിധാനങ്ങളിലും ടോൾ ഫ്രീ നമ്പരായ 100, 1090, 1099, 1091, 9646200100 (Rail Alert), 9846100100 (Highway Alert) നിർഭയ നമ്പരായ 0471 2722002 എന്നിവ പ്രദർശിപ്പിച്ചിട്ടുണ്ട്. 24 മണിക്കൂറും വനിതാ ഹെൽപ്പ് ലൈൻ, സ്മാർട്ട്ഫോൺ മുഖേന 24 മണിക്കൂറും പോലീസ് സഹായം ലഭ്യമാക്കുന്നതിലേക്ക് ടെക്നോപാർക്കിലെ

യു.എസ്. ടെക്നോളജി എന്ന കമ്പനിയുടെ സാങ്കേതിക സഹായത്തോടെ തിരുവനന്തപുരം സിറ്റി കൺട്രോൾ റൂമിൽ iSAFE എന്ന ഒരു സംവിധാനംകൂടി ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന് പുറമേ ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ, തിരക്കേറിയ മറ്റ് പൊതു യാത്രാസ്ഥലങ്ങൾ എന്നിവിടങ്ങളിൽ പോലീസ്/വനിതാ പോലീസ്/ഷാഡോ പോലീസ് എന്നിവരുടെ സാന്നിദ്ധ്യം ഉറപ്പ് വരുത്തിയിട്ടുണ്ട്.

## പ്ലസ് ടു ബാച്ചുകൾ അനുവദിച്ചതിലെ ക്രമക്കേടുകൾ

129 (1834) ശ്രീ. റ്റി. വി. രാജേഷ് :

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :

ശ്രീ. എ. പ്രദീപ് കുമാർ :

ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധിക പ്ലസ് ടു ബാച്ചുകൾ അനുവദിച്ചതിലെ ക്രമക്കേടുകൾ സംബന്ധിച്ച അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) ലോകായുക്ത ഇക്കാര്യത്തിൽ നൽകിയ നിർദ്ദേശം എന്തായിരുന്നു ; ഏത് തീയതിയിലായിരുന്നു ;

(സി) ഋഷിരാജ് സിംഗ് ഐ.പി.എസ്.-ന്റെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം ഇതിനകം എത്രയാളുകളെ ചോദ്യം ചെയ്യുകയുണ്ടായി ; വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ ചോദ്യം ചെയ്തിട്ടുണ്ടോ ; ഏതെല്ലാം രേഖകൾ എവിടെ നിന്നെല്ലാം പിടിച്ചെടുക്കുകയുണ്ടായി ; ഇതുസംബന്ധമായി സർക്കാരിനും വിജിലൻസിനും ലഭിച്ച പരാതികളെല്ലാം പ്രത്യേക അന്വേഷണ സംഘത്തിന് കൈമാറിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

(ഡി) ഇതുസംബന്ധിച്ച് രജിസ്റ്റർ ചെയ്ത എഫ്.ഐ.ആർ.-ലെ പ്രതികൾ ആരൊക്കെ ; കേസന്വേഷണത്തെ തുടർന്നുള്ള കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ ;

(ഇ) അന്വേഷണം അട്ടിമറിക്കപ്പെട്ടതായുള്ള ആക്ഷേപങ്ങൾ പരിഗണിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) പ്ലസ് ടുവിന് അഡീഷണൽ ബാച്ച് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് അഡ്വ. ഐ. ഷീലാദേവി പരാതിക്കാരിയായി ബഹുമാനപ്പെട്ട കേരള ലോകായുക്ത മുമ്പാകെ കംപ്ലയിന്റ് നമ്പർ 1118/2014 ആയി പരാതി ഫയൽ ചെയ്തിട്ടുള്ളതും ഈ ഹർജിയിൽ വിദ്യാഭ്യാസ മന്ത്രി ഒന്നാം എതിർ കക്ഷിയായി കക്ഷി ചേർത്തിട്ടുള്ളതുമാണ്. അന്വേഷണ ഏജൻസി സ്വീകരിച്ച വിപുലമായ തെളിവുകൾ പരാതിയിൽ പറയുന്ന ആരോപണങ്ങളെ ഒന്നുംതന്നെ സാധൂകരിക്കുന്നില്ലായെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട കേരള ലോകായുക്ത ടി പരാതി 29-4-2015-ന് തള്ളി ഉത്തരവായിട്ടുണ്ട്.

(ബി) പ്ലസ് ടു ബാച്ചുകൾ അനുവദിച്ചതിലെ അഴിമതി, ദുർഭരണം, സ്വജനപക്ഷപാതം എന്നിവയുടെ നിജസ്ഥിതിയെക്കുറിച്ച് അന്വേഷിക്കുന്നതിനായി ബഹുമാനപ്പെട്ട കേരള ലോകായുക്തയുടെ 22-8-2014-ലെ ഉത്തരവിൻ പ്രകാരം ശ്രീ. ഋഷിരാജ് സിംഗ് ഐ.പി.എസ്.-നെ ചുമതലപ്പെടുത്തുകയുണ്ടായി.

(സി) അന്വേഷണ ഏജൻസി 20 സാക്ഷികളെ വിസ്തരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ മന്ത്രിയെ വിസ്തരിച്ചിട്ടില്ല. വിദ്യാഭ്യാസ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായ വി. പി. അബ്ദുൾ റസാഖ്, പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളേജിലെ സുവോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. പി. എ. സാജിദ്ദീൻ എന്നിവരുടെ മൊഴികൾ എടുത്തിട്ടുണ്ട്.

(ഡി&ഇ) ബാധകമല്ല.

**നിർഭയ കേരളം സുരക്ഷിത കേരളം**

130 (1835) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിർഭയ കേരളം സുരക്ഷിത കേരളം എന്ന പദ്ധതി ആരംഭിച്ചതെന്നാണ്, ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിക്കായി മൊത്തം എത്ര തുക വകയിരുത്തി ; വെളിപ്പെടുത്തുമോ ;

(സി) സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ച് വരുന്നുണ്ടോ ; ഉണ്ടെങ്കിൽ 2011-ന് ശേഷം ഓരോ വർഷവും റിപ്പോർട്ട് ചെയ്ത ഇത്തരം കേസുകൾ എത്ര വീതമുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) സംസ്ഥാനത്ത് നിർഭയ വാളണ്ടിയർമാർ പ്രവർത്തിക്കുന്നുണ്ടോ ; ഇവരുടെ പ്രവർത്തന ലക്ഷ്യം എന്താണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 8-5-2014-ലെ സർക്കാർ ഉത്തരവ് പ്രകാരം എറണാകുളം ജില്ലയിലെ പൈലറ്റ് പ്രോജക്ടായിട്ടാണ് 'നിർഭയ കേരളം സുരക്ഷിത കേരളം' പദ്ധതി ആരംഭിച്ചത്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന കുറ്റകൃത്യങ്ങൾ തടയുകയും ഇത്തരം കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശനനടപടി സ്വീകരിക്കുകയും കോടതി നടപടികൾ വേഗത്തിലാക്കി കുറ്റക്കാർക്ക് പരമാവധി ശിക്ഷ ഉറപ്പുവരുത്തുകയും അതിക്രമത്തിന് ഇരയായവർക്ക് ആവശ്യമായ സംരക്ഷണം ഏർപ്പെടുത്തുക, പുനരധിവാസം, പുനരേകീകരണം, തൊഴിൽ, തുടർ വിദ്യാഭ്യാസം, പരിശീലനം എന്നിവ നൽകി സമൂഹത്തിൽ മറ്റുള്ളവരെപ്പോലെ മാന്യമായി ജീവിക്കാൻ അവരെ പ്രാപ്തരാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ.

(ബി) പദ്ധതിയുടെ നടത്തിപ്പിലേക്കായി 7 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിരുന്നു. 2014-15-ൽ ടോക്കൺ പ്രൊവിഷനായി 1000 രൂപ ഉപധനാഭ്യർത്ഥനവഴി അനുവദിച്ചിട്ടുണ്ട്.

(സി) നേരിയ തോതിൽ വർദ്ധിച്ച് വരുന്നുണ്ട്. ഓരോ വർഷവും റിപ്പോർട്ട് ചെയ്ത കേസുകളുടെ എണ്ണം ചുവടെ ചേർത്തിരിക്കുന്നു :

| | | |
|---|---|---|
| 2012 | - | 12985 |
| 2013 | - | 13864 |
| 2014 | - | 13887 |
| 2015 (7-6-2015 വരെ) | - | 5252 |

(ഡി) പ്രവർത്തിക്കുന്നുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ കണ്ടെത്തുന്നതിനായി വില്ലേജ് തലങ്ങളിൽ സർവ്വേ, ക്രൈം മാപ്പിംഗ് എന്നിവ നടത്തുക, അതാത് സ്ഥലങ്ങളിലെ ബന്ധപ്പെട്ട അധികാരികളുടെ സഹായത്തോടെ

ഇത്തരം അതിക്രമങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുക എന്നതാണ് ഇവരുടെ പ്രവർത്തന ലക്ഷ്യം.

**ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് ആന്റ് നെറ്റ്‌വർക്ക് സിസ്റ്റം**

131 (1836) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ പദ്ധതിയായ ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് ആന്റ് നെറ്റ്‌വർക്ക് സിസ്റ്റം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) സംവിധാനത്തിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദാംശങ്ങൾ നൽകുമോ ;

(സി) പദ്ധതി എങ്ങനെയാണ് നടപ്പാക്കുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) രാജ്യത്തെ എല്ലാ പോലീസ് സ്റ്റേഷനുകളെയും ബന്ധപ്പെട്ട മറ്റ് ഓഫീസുകളെയും കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുറ്റകൃത്യങ്ങളെയും കുറ്റവാളികളെയും കുറിച്ചുള്ള അന്വേഷണത്തിന് സഹായകമാകുന്ന തരത്തിൽ ദേശീയതലത്തിൽ വിവരസാങ്കേതിക വിദ്യയിലധിഷ്ഠിതമായ അടിസ്ഥാന സൗകര്യവികസനം ഒരുക്കുക, പൊതുജനങ്ങൾക്ക് വിവരസാങ്കേതിക വിദ്യയിലധിഷ്ഠിതമായ സേവനങ്ങൾ ലഭ്യമാക്കുക.

(സി) ആദ്യഘട്ടത്തിൽ രാജ്യവ്യാപകമായി 14,000 പോലീസ് സ്റ്റേഷനുകളും 6000 അനുബന്ധ പോലീസ് ഓഫീസുകളും അടുത്ത ഘട്ടത്തിൽ മറ്റ് ഇതര ഡിപ്പാർട്ടുമെന്റുകളായ Transport, Immigration, Passport, Central Police Agencies തുടങ്ങിയവയും കമ്പ്യൂട്ടർ ശൃംഖലയിലൂടെ ബന്ധിപ്പിക്കുക വഴി കുറ്റാന്വേഷണത്തിനും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഫലപ്രദമായ തീരുമാനമെടുക്കുന്നതിനും സഹായകമാകുന്ന രീതിയിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) മിനിസ്ട്രി ഓഫ് ഹോം അഫയേഴ്സിൽനിന്നും ലഭ്യമായിട്ടുള്ള കോർ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ (CAS) സംസ്ഥാനത്തെ ഡാറ്റാ സെന്ററിൽ ഇൻസ്റ്റാൾ ചെയ്തിരിക്കുന്നു. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകൾക്കും ഒരേ സമയം പ്രസ്തുത സോഫ്ട്‌വെയർ ഉപയോഗിക്കാൻ കഴിയും ; ഇതിനുവേണ്ടി സുരക്ഷിതവും സ്വന്തവുമായൊരു നെറ്റ്‌വർക്ക് (VPN) നൽകിയിട്ടുണ്ട്. കേരളത്തിൽ രണ്ട് നെറ്റ്‌വർക്കുകളാണ് ഇതിനുവേണ്ടി ഉപയോഗപ്പെടുത്തിയിരിക്കുന്നത്. (1) ബി.എസ്.എൻ.എൽ. നെറ്റ്‌വർക്കും (2) കേരളാ സ്റ്റേറ്റ് വൈഡ് ഏര്യാ നെറ്റ്‌വർക്കും. പ്രസ്തുത നെറ്റ്‌വർക്കുകൾ മുഖേന കേരളത്തിലെ 482 പോലീസ് സ്റ്റേഷനുകൾ ഉൾപ്പെടെ 835 പോലീസ് ഓഫീസുകളെ ബന്ധിപ്പിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ നിന്നും കോർ ആപ്ലിക്കേഷൻ സോഫ്ട്‌വെയറിലേക്ക് നൽകുന്ന വിവരങ്ങൾ യഥാസമയം സംസ്ഥാന ഡാറ്റാ സെന്ററിൽ എത്തുകയും പ്രസ്തുത വിവരങ്ങൾ സംസ്ഥാനത്തെ എല്ലാ പോലീസ് ഓഫീസുകളിലും രാജ്യത്തെ എല്ലാ പോലീസ് ഓഫീസുകളിലും ലഭ്യമാകുന്നതുമാണ്.

## വനിതാ പോലീസ് സ്റ്റേഷൻ പ്രവർത്തനം

132 (1837) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനിതാ പോലീസ് സ്റ്റേഷൻ അനുവദിച്ച ജില്ലകളിൽ സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ച് കേസ് രജിസ്റ്റർ ചെയ്യാനും തുടർന്നുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; ഇതുസംബന്ധിച്ച് സാങ്കേതിക തടസ്സങ്ങൾ ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് ജനറൽ എ. എസ്. ഐ. തസ്തിക നിലവിലുണ്ടോ ;

(സി) നിലവിലെ ജനറൽ വനിത എ.എസ്.ഐ.-മാരെ ജനറൽ എ. എസ്. ഐ. മാരാക്കാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഉണ്ട്. വനിതാ പോലീസ് സ്റ്റേഷൻ പ്രവർത്തനം സംബന്ധിച്ച് പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി&സി) 25-8-1995-ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ച വനിതാ

പോലീസുകാർക്ക് എ.എസ്.ഐ. തസ്തിക ഇല്ല. എങ്കിലും 23 വർഷം സർവ്വീസ് പൂർത്തിയാക്കിയ വനിതാ സീനിയർ സിവിൽ പോലീസ് ഓഫീസർമാർക്ക് എ.എസ്.ഐ. ഗ്രേഡ് ഡെസിഗ്നേഷൻ നൽകിയിട്ടുണ്ട്. 25-8-1995-ന് ശേഷം സർവ്വീസിൽ പ്രവേശിച്ചവർ മുഖ്യധാരയിൽ ഉൾപ്പെട്ടതിനാൽ ഇവർ പൊതുവായ സീനിയോരിറ്റി ലിസ്റ്റിലാണ് ഉൾപ്പെടുന്നത്. ആയതിന്റെ സീനിയോറിറ്റി പ്രകാരമാണ് ഇവർക്കും എ.എസ്.ഐ. തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നത്.

## വനിതാ പോലീസ് സ്റ്റേഷൻ

133 (1838) <u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുതുക്കാട് വനിതാ പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

പരിഗണനയിലില്ല.

## ക്രൈം ബ്രാഞ്ചിന്റെ ആധുനികവത്കരണം

134 (1839) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> :

<u>ശ്രീ. സണ്ണി ജോസഫ്</u> :

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രൈം ബ്രാഞ്ചിന്റെ പ്രവർത്തനങ്ങൾ ആധുനികവത്കരിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സൈബർ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കാനും തെളിയിക്കാനുമുള്ള കാര്യങ്ങൾ

ആധുനികവത്കരണത്തിൽ ഉൾപ്പെടുത്തുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ക്രൈം ബ്രാഞ്ച് വിഭാഗം ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 124/2014/ആഭ്യന്തരം, 17-6-2014 പ്രകാരം 19 പോലീസ് ജില്ലകളിലും നിലവിലുള്ള ക്രൈം ഡിറ്റാച്ച്മെന്റ് യൂണിറ്റിനെ ഡിസ്ട്രിക്ട് ക്രൈം ബ്രാഞ്ച് (ഡി.സി.ബി.) എന്നായി പുനർനാമകരണം ചെയ്യുകയും ഓരോ ജില്ലകളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്ന പ്രമാദമായ കേസുകൾ അന്വേഷിക്കുന്നതിനും ലോക്കൽ പോലീസിന്റെ അന്വേഷണത്തിൽ ആക്ഷേപങ്ങൾ ഉയരുന്ന സന്ദർഭത്തിലും അത്തരം കേസുകൾ അന്വേഷിക്കുന്നതിനുമായി അതാത് ജില്ലകളിലെ ഡിസ്ട്രിക്ട് ക്രൈം ബ്രാഞ്ചിന് ചുമതല നൽകിയിട്ടുണ്ട്. ഡിസ്ട്രിക്ട് ക്രൈം ബ്രാഞ്ച് (ഡി.സി.ബി.)-ലേക്ക് ഉള്ള നിയമനത്തിൽ കുറ്റാന്വേഷണ കേസുകളിൽ കഴിവ് തെളിയിച്ചിട്ടുള്ളതും 'പ്രൊഫഷണൽ' മികവും ഉള്ള ഉദ്യോഗസ്ഥരെ മാത്രമേ പരിഗണിക്കുകയുള്ളൂ. കുട്ടികളും സ്ത്രീകളും ഉൾപ്പെട്ടിട്ടുള്ള കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിൽ വനിത പോലീസിന്റെ മതിയായ പ്രാതിനിധ്യവും ഡിസ്ട്രിക്ട് ക്രൈംബ്രാഞ്ചിൽ ഉൾപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ, സംസ്ഥാന ക്രൈം ബ്രാഞ്ച് ഇൻവെസ്റ്റിഗേഷൻ വകുപ്പിനെ പുനർഘടന നടത്തുന്നതിന് സംസ്ഥാന പോലീസ് മേധാവിയിൽനിന്നും സർക്കാരിന് ശിപാർശ ലഭിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരികയാണ്. കൂടാതെ, പോലീസ് ആധുനികവൽകരണത്തിന്റെ ഭാഗമായി ക്രൈം ബ്രാഞ്ചിന് ആവശ്യമായ ഓഫീസുകളുടെ നിർമ്മാണം, വാഹനങ്ങൾ, ക്യാമറ എന്നിവ വാങ്ങുന്നതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

(സി&ഡി) സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും തെളിയിക്കുന്നതിനുമായി ക്രൈം ബ്രാഞ്ചിന്റെ കീഴിൽ ഒരു സൈബർ പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചു വരുന്നു. സൈബർ ക്രൈം കേസുകൾ ശരിയാംവണ്ണം കൈകാര്യം ചെയ്യുന്നതിനായി തിരുവനന്തപുരത്ത് നിലവിലുള്ള സൈബർ പോലീസ് സ്റ്റേഷന് പുറമേ എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ സൈബർ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സംസ്ഥാന പോലീസ് മേധാവിയിൽ നിന്നുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. എല്ലാ ജില്ലകളിലും സൈബർ സെല്ലുകളും പോലീസ് ആസ്ഥാനത്ത് നിലവിൽ ഒരു ഹൈടെക് സെല്ലും പ്രവർത്തിച്ചുവരുന്നു. GO (MS)No.67/14/Home തീയതി 22-8-2014 പ്രകാരം ഒരു സൈബർ ഡോം

ടെക്നോപാർക്കിൽ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജി.ഒ. എം.എസ് നമ്പർ 79/2014/ ഹോം തീയതി 26-4-2014 പ്രകാരം സൈബർ പോലീസ് സ്റ്റേഷനുകളിലേക്ക് ഒരു ഡിവൈ.എസ്.പി.-യുടെയും 4 ഇൻസ്പെക്ടർ ഓഫ് പോലീസിന്റെയും തസ്തിക അനുവദിച്ചിട്ടുണ്ട്. കൂടാതെ ജി.ഒ.(എംഎസ്.)194/13/ഹോം തീയതി 1-8-2013 പ്രകാരം സൈബർ സെല്ലുകളിലേക്ക് ആവശ്യമായ 133 തസ്തികകൾ വിവിധ വിഭാഗങ്ങളിലായി സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ, പാസ്സ്‍വേർഡ് ക്രാക്കർ, ഹാർഡ്‍വെയർ, ആന്റ് സോഫ്റ്റ്‍വെയർ മൊബൈൽ ഫോൺ, എസ്ഡാക്ടർ, കോൾ ഡാറ്റാ അനാലിസിസ് സോഫ്റ്റ്‍വെയർ, സൈബർ ഫോറൻസിക് ടൂൾസ് മുതലായ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

### മാഫിയ അതിക്രമങ്ങളുടെ നിയന്ത്രണം

135 (1840) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദൈനംദിനം വളർന്നുവരുന്ന മണൽമാഫിയ, പാറഖനന (ക്വാറി) മാഫിയ, സ്പിരിറ്റ് മാഫിയ, പെൺവാണിഭ മാഫിയ, കഞ്ചാവ് മാഫിയ, ഡി.ജെ. പാർട്ടി നടത്തിപ്പു മാഫിയ, മനുഷ്യക്കടത്ത്/കുട്ടികളെ കടത്ത് മാഫിയ, ബ്ലേഡ് മാഫിയ, അന്യസംസ്ഥാന തൊഴിലാളി ക്രിമിനലുകളുടെ മാഫിയാ, പ്രായപൂർത്തിയാകാത്ത കുട്ടികളെക്കൊണ്ട് തൊഴിലെടുപ്പിക്കുന്ന ഹോട്ടൽ മാഫിയ എന്നിവരുടെ പ്രവർത്തനം നാൾക്കുനാൾ കൂടിവരുന്നതു നിയന്ത്രിക്കാൻ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചു ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മാഫിയകളുടെ അതിക്രമങ്ങൾക്കു വിധേയമായവരിൽനിന്നും 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും എത്ര കേസ്സുകൾ സംസ്ഥാനത്ത് വിവിധ ജില്ലകളിലായി രജിസ്റ്റർ ചെയ്തു ; എത്ര കേസ്സുകളിൽ പ്രതികളെ അറസ്റ്റു ചെയ്തു ; എത്ര കേസ്സുകളിൽ പ്രതികളെ അറസ്റ്റ് ചെയ്യുവാനുണ്ട് ; വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇത്തരം വിവിധ മാഫിയാ പ്രവർത്തനങ്ങളുടെ ഭാഗമായി എത്ര പോലീസ്/ മറ്റു സർക്കാർ ജീവനക്കാരുടെ പേരിൽ പരാതികളും പോലീസ് നിരീക്ഷണത്തിൽ കണ്ടെത്തിയവരും ഉണ്ട് ; എത്രപേരെ അറസ്റ്റു ചെയ്തു ; ഇനി എത്രപേരെ അറസ്റ്റു ചെയ്യുവാനുണ്ട് ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഇത്തരം മാഫിയകളുടെ അക്രമണങ്ങൾക്കു വിധേയമായി മരണപ്പെട്ടവർ, വീടു നഷ്ടപ്പെട്ടവർ, അക്രമണത്തിനു വിധേയമായി ആശുപത്രിയിൽ ചികിത്സ തേടേണ്ടി വന്നവർ ആരെല്ലാം, എന്നും 2011-12 മുതൽ 2015-16 വർഷം വരെയുള്ള വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിയമവിരുദ്ധ പ്രവർത്തനം നടത്തുന്ന സംഘങ്ങളെ അമർച്ച ചെയ്യുന്നതിനായി കർശനമായ നടപടികളാണ് പോലീസ് സ്വീകരിച്ചു വരുന്നത്. 'ഓപ്പറേഷൻ സുരക്ഷ', 'ഓപ്പറേഷൻ കുബേര' എന്നീ പദ്ധതികളിലൂടെ ക്രിമിനലുകളുടെ പ്രവർത്തനങ്ങൾ ഇല്ലായ്മ ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടാൽ നിലവിലുള്ള നിയമങ്ങളനുസരിച്ച് കുറ്റക്കാർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത മാഫിയകളുടെ അതിക്രമങ്ങൾക്ക് വിധേയമായവരിൽനിന്നും 2011-12-ൽ 2 കേസ്സുകളും 2012-13-ൽ 6 കേസുകളും 2013-14-ൽ 3 കേസ്സുകളും 2014-15-ൽ 4 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി 15 കേസുകളിലും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. വർഷം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) വിവിധ മാഫിയ പ്രവർത്തനങ്ങളുടെ ഭാഗമായി പോലീസ് ഉദ്യോഗസ്ഥർക്കെതിരെയോ, മറ്റു സർക്കാർ ജീവനക്കാരുടെ പേരിലോ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇവരിൽ പോലീസ് നിരീക്ഷണത്തിൽ കണ്ടെത്തിയവരും ഇല്ല.

(ഡി) ഇത്തരം മാഫിയകളുടെ ആക്രമണങ്ങൾക്ക് വിധേയമായി ആരും മരണപ്പെടുകയോ ആർക്കും വീട് നഷ്ടപ്പെടുകയോ ചെയ്തിട്ടില്ല. ആശുപത്രിയിൽ ചികിത്സ തേടേണ്ടി വന്നവരുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പോലീസ് സേനയുടെ അംഗബലം**

136 (1841) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് സേനയുടെ അംഗബലം വർഷംതോറും 5% വർദ്ധിപ്പിക്കുന്നതാണെന്ന 2013-ലെ പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) 2013-ൽ പ്രഖ്യാപിച്ച അത്യാധുനിക സജ്ജീകരണങ്ങളോടുകൂടി പ്രത്യേകം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സജ്ജീകരിച്ച ട്രാഫിക് വിംഗ്, ജനക്കൂട്ടത്തെ നിയന്ത്രിക്കുന്നതിനായി പ്രത്യേക പോലീസ് സേന എന്നിവയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാന പോലീസ് സേനയുടെ അംഗബലം വർഷം തോറും 5% വർദ്ധിപ്പിക്കുന്നതിനുള്ള സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) ഉണ്ട്. 2013-14 വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്തിയ 85 ലക്ഷം രൂപ ഉപയോഗിച്ച് തിരുവനന്തപുരം സിറ്റി ട്രാഫിക് പോലീസ് സ്റ്റേഷനെ നവീകരിച്ച് അൾട്രാ മോഡേൺ ട്രാഫിക് പോലീസ് സ്റ്റേഷനായി ഉയർത്തിയിട്ടുണ്ട്. അതിനുപുറമേ തിരുവനന്തപുരം സിറ്റിയിൽ സ്വിഫ്റ്റ് ആക്ഷൻ ടീം (SWAT) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**റാന്നി പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിട നിർമ്മാണം**

137 (1842) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി എത്ര തുകയാണ് അനുവദിച്ചത് ; ഏതു വർഷം ; എന്തൊക്കെ സൗകര്യങ്ങളാണ് പുതിയ കെട്ടിടത്തിൽ ഉണ്ടാവുക ; നിർമ്മാണച്ചുമതല ആർക്കായിരുന്നു; എന്നാണ് നിർമ്മാണം ആരംഭിച്ചത് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കണം എന്നായിരുന്നു കരാർ ; നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എത്ര ശതമാനം നിർമ്മാണം പൂർത്തിയാക്കി ; വ്യക്തമാക്കുമോ ;

(സി) നിർമ്മാണം പൂർത്തിയാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ; നിർമ്മാണം പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) 2012-ൽ 71 ലക്ഷം രൂപയാണ് റാന്നി പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിട നിർമ്മാണത്തിനായി അനുവദിച്ചത്. റാന്നി പോലീസ് സ്റ്റേഷൻ, സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്, സന്ദർശക മുറി, ബി ടൈപ്പ് ഡോർമിറ്ററി, കമ്മ്യൂണിറ്റി

പോലീസ് റിസോഴ്സ് സെന്റർ, വനിതാ സിവിൽ പോലീസ് ഓഫീസേഴ്സ് റെസ്റ്റ് റൂം, ടൂറിസ്റ്റ് എയ്ഡ് പോസ്റ്റ് എന്നിവയാണ് പുതിയ കെട്ടിടത്തിന്റെ സൗകര്യങ്ങൾ. കെ.പി.എച്ച്.സി.സി.-യ്ക്ക് നിർമ്മാണ ചുമതല നൽകിയിട്ടുള്ള പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം 2012-ലാണ് ആരംഭിച്ചത്.

(ബി) 10-1-2013-ൽ പൂർത്തിയാക്കാനാണ് കരാർ കാലാവധി. കരാറുകാരന് 11-3-2012-ന് വർക്ക് നൽകിയെങ്കിലും ടി കാലാവധിക്കുള്ളിൽ 65% പണികൾ മാത്രമേ ടിയാന് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളൂ. സമയപരിധി കഴിഞ്ഞിട്ടും പണി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റിസ്ക് ആന്റ് കോസ്റ്റ് വ്യവസ്ഥയിൽ വർക്കിന്റെ കരാർ റദ്ദ് ചെയ്ത് ശേഷിക്കുന്ന പണികൾ റീ-ടെണ്ടർ ചെയ്ത് തോമസ് ഡൊമിനിക് എന്ന കരാറുകാരന് 25-2-2015-ൽ 6 മാസത്തെ കാലാവധിയിൽ നൽകിയിട്ടുണ്ട്.

(സി) മുൻ കരാറുകാരൻ വരുത്തിയ കാലതാമസമാണ് നിർമ്മാണം പൂർത്തിയാക്കാത്തതിന്റെ കാരണം. ആയതിനാൽ ഇപ്പോഴത്തെ കരാറുകാരൻ സമയ ബന്ധിതമായി നിർമ്മാണം പൂർത്തിയാക്കാൻ വേണ്ട നടപടികൾ കെ.പി.എച്ച്.സി.സി. സ്വീകരിച്ച് വരികയാണ്.

**തോക്ക് ലൈസൻസ്**

138 (1843) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സ്വയരക്ഷയ്ക്കും കൃഷി സംരക്ഷണത്തിനുമായി എത്ര പേർക്ക് തോക്ക് ലൈസൻസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ലൈസൻസ് ലഭ്യമായവരുടെ കണക്ക് ജില്ല തിരിച്ച് വിശദമാക്കാമോ ;

(സി) പുതിയ തോക്ക് ലൈസൻസ് നൽകുന്നതിനും പഴയവ പുതുക്കുന്നതിനും എന്തെല്ലാം മാനദണ്ഡങ്ങളാണ് ഉള്ളതെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) സ്വയരക്ഷയ്ക്കും കൃഷി സംരക്ഷണത്തിനുമായി സംസ്ഥാനത്ത് 8191

ആയുധ ലൈസൻസുകൾ നിലവിലുണ്ട്.

| | | |
|---|---|---|
| (ബി) | തിരുവനന്തപുരം | 310 |
| | കൊല്ലം | 190 |
| | പത്തനംതിട്ട | 480 |
| | ആലപ്പുഴ | 126 |
| | കോട്ടയം | 1603 |
| | ഇടുക്കി | 42 |
| | എറണാകുളം | 1633 |
| | തൃശ്ശൂർ | 473 |
| | പാലക്കാട് | 83 |
| | മലപ്പുറം | 769 |
| | കോഴിക്കോട് | 228 |
| | വയനാട് | 148 |
| | കണ്ണൂർ | 738 |
| | കാസർഗോഡ് | 982 |

(സി) ഇന്ത്യൻ ആയുധ നിയമം 1959, ചട്ടങ്ങൾ 1962 എന്നിവയ്ക്കും കേന്ദ്ര സർക്കാരിന്റെ കാലാകാലങ്ങളിലുള്ള ആയുധനയങ്ങൾക്കും വിധേയമായാണ് സംസ്ഥാനത്ത് ലൈസൻസുകൾ അനുവദിക്കുകയും പുതുക്കി നൽകുകയും ചെയ്യുന്നത്. ആയുധ ലൈസൻസ് അനുവദിക്കൽ/ പുതുക്കൽ അപേക്ഷകളിന്മേൽ പോലീസ്, റവന്യൂ, വനം വകുപ്പ് ഉദ്യോഗസ്ഥരുടെ വ്യക്തമായ ശിപാർശയുടെ അടിസ്ഥാനത്തിലാണ് തീരുമാനം കൈക്കൊള്ളുന്നത്. കൂടാതെ, അപേക്ഷകന്റെ ജീവന് നേരിടുന്ന ഭീഷണിയുടെ വെളിച്ചത്തിലാണ് സ്വയരക്ഷയ്ക്കുള്ള ആയുധ ലൈസൻസ് അനുവദിക്കുന്നത്.

## പോലീസ് വകുപ്പിലെ ഡ്രൈവർ പി.എസ്.സി. റാങ്ക് ലിസ്റ്റ്

139 (1844) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ നിലവിലുള്ള പോലീസ് വകുപ്പിലെ ഡ്രൈവർ തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോഴാണ് ;

(ബി) ഇതുവരെ എത്ര വേക്കൻസി റിപ്പോർട്ട് ചെയ്തെന്നും എത്രപേർക്ക് അഡ്വൈസ് മെമ്മോ നൽകിയെന്നും വ്യക്തമാക്കുമോ ;

(സി) ഉടൻ റിപ്പോർട്ട് ചെയ്യാൻ കഴിയുന്ന വേക്കൻസികൾ എത്രയുണ്ടെന്നും വേക്കൻസികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ സ്വീകരിച്ച നടപടികളും വിശദമാക്കുമോ ?

### ഉത്തരം

(എ) 2014 ഡിസംബർ മാസം 1-ാം തീയതി.

(ബി) 50 ഒഴിവുകൾ. 50 പേർക്കും അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ട്.

(സി) എം.എസ്.പി. ബറ്റാലിയനിൽനിന്നും 4 പോലീസ് കോൺസ്റ്റബിൾ ഡ്രൈവർമാരുടെ ഒഴിവുകൾ 20-6-2015-ൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## പോലീസ് കംപ്ലയിന്റ് അതോറിറ്റി

140 (1845) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് കംപ്ലയിന്റ് അതോറിറ്റിയിൽ എത്ര കേസുകൾ തീർപ്പു കൽപ്പിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസുകാർക്കെതിരെയുള്ള കേസുകൾ കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങളും സ്വീകരിച്ച നടപടികളും വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി -1190

ജില്ലാ പോലീസ് കംപ്ലയിന്റ് അതോറിറ്റി

| (1) | (2) | (3) |
|---|---|---|
| 1 | തിരുവനന്തപുരം | 21 |
| 2 | കൊല്ലം | 24 |
| 3 | ആലപ്പുഴ | ... |
| 4 | പത്തനംതിട്ട | 15 |
| 5 | കോട്ടയം | 113 |
| 6 | ഇടുക്കി | 35 |
| 7 | എറണാകുളം | 27 |
| 8 | തൃശ്ശൂർ | 109 |
| 9 | പാലക്കാട് | 58 |
| 10 | മലപ്പുറം | 125 |
| 11 | കോഴിക്കോട് | 9 |
| 12 | വയനാട് | 42 |
| 13 | കണ്ണൂർ | 24 |
| 14 | കാസർഗോഡ് | 59 |

(ബി&സി) ഇല്ല. ലഭിച്ച പരാതികളിന്മേൽ കംപ്ലയിന്റ്സ് അതോറിറ്റികൾ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**പോലീസ് സർവ്വകലാശാല**

141 (1846) ശ്രീ. പി. എ. മാധവൻ :

ശ്രീ. എ. റ്റി ജോർജ് :

ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സർവ്വകലാശാല സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) പോലീസ് സർവ്വകലാശാല ബില്ലിന്റെ കരട് തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) പോലീസ് സയൻസിലും ആഭ്യന്തര സുരക്ഷയിലും ഉന്നത വിദ്യാഭ്യാസ സൗകര്യമൊരുക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ-ഡി) നാഷണൽ യൂണിവേഴ്സിറ്റി ഫോർ പോലീസ് സയൻസ് ആന്റ് സെക്യൂരിറ്റി സ്റ്റഡീസ് എന്ന പേരിൽ ഒരു യൂണിവേഴ്സിറ്റി തുടങ്ങുന്നത് സംബന്ധിച്ച് ശ്രീ. എൻ. ആർ. മാധവമേനോൻ ചെയർമാനായുള്ള കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

## പോലീസ് കസ്റ്റഡിയിൽ നിന്നും കോൺഗ്രസ് പ്രവർത്തകരെ ബലമായി പിടിച്ചുകൊണ്ടുപോയ സംഭവം

142 (1847) ശ്രീ. ഇ. പി. ജയരാജൻ :

ശ്രീ. എളമരം കരീം :

ശ്രീ. കെ. കെ. നാരായണൻ :

ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ പീഡന നിരോധന നിയമപ്രകാരം കല്പറ്റ പോലീസ് അറസ്റ്റ് ചെയ്ത നാല് കോൺഗ്രസ്സ് പ്രവർത്തകരെ ഏതാനും പേർ ചേർന്ന് പോലീസ് കസ്റ്റഡിയിൽ നിന്നും ബലമായി പിടിച്ചുകൊണ്ടുപോയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചോദ്യം ചെയ്ത പോലീസുകാരെ ഡിവൈ.എസ്.പി.-യുടെ സാന്നിദ്ധ്യത്തിൽ സ്ഥലം എം.എൽ.എ. മർദ്ദിച്ചതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പോലീസ് അധികൃതരും കോൺഗ്രസ് എം.എൽ.എ.-യും ചേർന്ന് കേസ് അട്ടിമറിക്കാൻ ശ്രമിച്ചതായും മർദ്ദനമേറ്റ പോലീസുകാരനിൽ നിന്ന് പരാതി സ്വീകരിക്കാൻ തയ്യാറാകാതിരുന്നതായുമുള്ള റിപ്പോർട്ട് സംബന്ധിച്ച് അന്വേഷണം നടത്തുമോ ?

<u>ഉത്തരം</u>

(എ&ബി) ഇല്ല.

(സി) ബാധകമല്ല.

## പോലീസ് ഓഫീസർമാർക്കെതിരെ ലോക്കപ്പ് മർദ്ദനവുമായി ബന്ധപ്പെട്ട് പരാതി

143 (1848) <u>ഡോ. കെ. ടി. ജലീൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരധികാരമേറ്റശേഷം ഏതെല്ലാം പോലീസ് ഓഫീസർമാർക്കെതിരെ ലോക്കപ്പ് മർദ്ദനവുമായി ബന്ധപ്പെട്ട് പരാതി ഉയർന്നിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും ഓരോരുത്തരുടെയും തസ്തികയും, ഇവരിൽ ആർക്കെതിരെയൊക്കെ കേസ്സ് നിലവിലുണ്ട് എന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി)വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ഉദ്യോഗസ്ഥന്റെ പേര് | തസ്തിക | ഇപ്പോൾ കേസ് നിലവിലുണ്ടോ |
|---|---|---|
| ശ്രീ. കൃഷ്ണകുമാർ | ഗ്രേഡ് എ.എസ്.ഐ | ഉണ്ട് |

| | | |
|---|---|---|
| ശ്രീമതി ജസീന്ത | ഡബ്ല്യൂ.സി.പി.ഒ. | ഉണ്ട് |
| ശ്രീ. ബിജു ജോൺ ലൂക്കോസ് | എസ്.ഐ. | ഇല്ല |
| ശ്രീ. ഷാജു | സി.പി.ഒ. 5618 | ഇല്ല |
| ശ്രീ.സുരേന്ദ്രൻ കല്ലിയാടൻ | എസ്.ഐ. | ഇല്ല |
| ശ്രീ. ശരത് | സി.പി.ഒ.5385 | ഇല്ല |
| ശ്രീ. റോയ് ജോൺ | സി.പി.ഒ. 5725 | ഇല്ല |

**കരുതൽ തടങ്കൽ**

144 (1849) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സാമൂഹ്യവിരുദ്ധ നിയമപ്രകാരം തടങ്കലിൽ പാർപ്പിക്കപ്പെട്ടവർ എത്ര ;

(ബി) പ്രസ്തുത കാലയളവിൽ ആകെ പുറപ്പെടുവിച്ച കരുതൽ തടങ്കൽ ഉത്തരവ് എത്ര ?

ഉത്തരം

(എ&ബി) കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമ പ്രകാരം ഈ സർക്കാർ അധികാരമേറ്റശേഷം 557 പേരെ കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടുള്ളതും 562 കരുതൽ തടങ്കൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

**മലബാർ സിമന്റ്സ് അഴിമതി**

145 (1850) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ സിമന്റ്സിന്റെ അഴിമതി സംബന്ധിച്ചുള്ള കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ; ഇതിലെ പ്രതികൾ ആരൊക്കെ ; വിശദമാക്കുമോ ;

(ബി) മലബാർ സിമന്റ്സിലെ ശശീന്ദ്രൻ വധക്കേസ് എത് ഏജൻസിയാണ് അന്വേഷിക്കുന്നത് ; ഈ കേസിന്റെ സ്ഥിതി ഇപ്പോൾ എന്താണ് ;

(സി) പ്രസ്തുത കേസുകൾ സി.ബി.ഐ.-യ്ക്ക് വിടാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ നടപടി ഏതു ഘട്ടംവരെ ആയി എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) മലബാർ സിമന്റ്സിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് എട്ട് വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയവയിൽ രണ്ടു കേസ്സുകളുടെ അന്വേഷണം നടന്നു വരുന്നു. ആറ് കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) മലബാർ സിമന്റ്സിലെ ഉദ്യോഗസ്ഥനായിരുന്ന ശശീന്ദ്രൻ വധക്കേസ് സി.ബി.ഐ. അന്വേഷണം നടത്തിവരുന്നു. ശ്രീ. ശശീന്ദ്രന്റെ അസ്വാഭാവിക മരണം സംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ ശ്രീ. വി. എം. രാധാകൃഷ്ണൻ @ചാക്ക് രാധാകൃഷ്ണനെതിരെ എറണാകുളം സി.ജെ.എം. കോടതിയിൽ 2-9-2014-ൽ ചാർജ് ഷീറ്റ് ഫയൽ ചെയ്തിട്ടുണ്ട്. ടി കേസ് ഇപ്പോൾ എറണാകുളം സി.ജെ.എം. കോടതിയുടെ പരിഗണനയിലാണ്.

## സ്കൂൾ പരിസരത്ത് പുകയിലെ ഉൽപ്പന്നങ്ങളുടെ വിൽപ്പന

146 (1851) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്കൂൾ പരിസരം കേന്ദ്രീകരിച്ച് നിരോധിക്കപ്പെട്ടിട്ടുള്ളതും അല്ലാത്തതുമായ പുകയില ഉല്പന്നങ്ങൾ വ്യാപകമായി വിൽക്കപ്പെടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം പ്രവർത്തനങ്ങൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ ; സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ സേവനം ഇത്തരം അനധികൃത വിൽപ്പന കണ്ടെത്തുന്നതിന് ഉപയോഗിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) വ്യാപകമായി വിൽക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് ലഹരി വസ്തുക്കളുടെ വിൽപ്പന നടത്തുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നു. എക്സൈസ് വകുപ്പ്, ആരോഗ്യ വകുപ്പ്, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, അദ്ധ്യാപക-രക്ഷാകർത്തൃ സമിതി, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവരുമായി ബന്ധപ്പെട്ട് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചും റെയ്ഡുകൾ നടത്തിയും കുറ്റക്കാരെ കണ്ടെത്തി കർശനമായ നിയമനടപടികൾ സ്വീകരിച്ചും ലഹരി വസ്തുക്കൾ വിൽപ്പന നടത്തുന്ന സംഘങ്ങളെ നിയന്ത്രിക്കുന്നതിനായി രഹസ്യ നിരീക്ഷണം നടത്തി, വിവരങ്ങൾ ശേഖരിച്ചും മുമ്പ് ശിക്ഷിച്ചിട്ടുള്ളവരെ നിരീക്ഷിച്ചും, ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്, ജനമൈത്രി പോലീസിംഗ് എന്നിവയുടെ ഭാഗമായി ബോധവൽക്കരണ ക്ലാസുകളും സെമിനാറുകളും നടത്തി വരികയും ചെയ്യുന്നു.

(സി) സ്കൂൾ പരിസരം കേന്ദ്രീകരിച്ച് നിരോധിക്കപ്പെട്ടിട്ടുള്ളതും അല്ലാത്തതുമായ പുകയില ഉൽപ്പന്നങ്ങളുടെ അനധികൃത വിൽപ്പന കണ്ടെത്തുന്നതിന് സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ സേവനം ഇപ്പോൾത്തന്നെ ഉപയോഗപ്പെടുത്തിവരുന്നുണ്ട്.

**പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം**

147 (1852) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനുവേണ്ടി സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന്റെ നിലവിലുള്ള ശോച്യാവസ്ഥ പരിഗണിച്ച് കടന്നപ്പള്ളി വില്ലേജിൽ പഴയ ടി.ബി. സാനിറ്റോറിയത്തിൽനിന്നും

സ്ഥലം ലഭ്യമാക്കി പോലീസ് സ്റ്റേഷനും ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിനുള്ള നടപടിയുടെ പുരോഗതി അറിയിക്കുമോ ?

ഉത്തരം

(എ&ബി) കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടവും ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിനായി പരിയാരം ടി.ബി. സാനിറ്റോറിയത്തിന്റെ ഭൂമിയിൽനിന്നും 1 ഹെക്ടർ ഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു.

**കരുതൽ തടങ്കലിൽ കഴിയുന്നവർ**

148 (1853) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ജയിലുകളിലായി എത്ര പേർ കരുതൽ തടങ്കലിൽ കഴിയുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ വനിതകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ വിവിധ ജയിലുകളിലായി 79 പേർ കരുതൽ തടങ്കലിൽ കഴിഞ്ഞു വരുന്നു. ഇതിൽ 4 പേർ വനിതകളാണ്.

**കരുതൽ തടങ്കലിൽ പാർപ്പിക്കുന്നവരുടെ എണ്ണം**

149 (1854) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ കരുതൽ തടങ്കലിൽ പാർപ്പിക്കപ്പെട്ടവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ കാലയളവിൽ സാമൂഹ്യവിരുദ്ധ പ്രവർത്തനം തടയൽ നിയമപ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കപ്പെട്ടവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) ഇതുസംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം 587 പേരെ സംസ്ഥാനത്തെ വിവിധ ജയിലുകളിൽ കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടുണ്ട്.

(ബി&സി) ഈ കാലയളവിൽ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം 557 പേരെ കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

**നിക്ഷേപ തട്ടിപ്പുകൾ**

150 (1855) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിക്ഷേപ തട്ടിപ്പുകൾ വ്യാപിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിക്ഷേപ തട്ടിപ്പുകളുമായി ബന്ധപ്പെട്ട് എത്ര പരാതികൾ കഴിഞ്ഞ നാലു വർഷത്തിനിടയിൽ ലഭിച്ചിട്ടുണ്ട് ; ഈ പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) മൈക്രോ ഇൻഷ്വറൻസ് നിക്ഷേപ പദ്ധതി, ജനശ്രീ വായ്പാ പദ്ധതി എന്നീ തട്ടിപ്പുകളെ സംബന്ധിച്ചുള്ള പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഡി) ഇത്തരം തട്ടിപ്പുകൾ തടയുന്നതിന് എന്തുനടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നിക്ഷേപ തട്ടിപ്പുകളുമായി ബന്ധപ്പെട്ട് 3467 പരാതികൾ ഈ സർക്കാരിന്റെ കാലത്ത് ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതികളിന്മേൽ 1799 കേസുകൾ എടുത്ത് അനന്തര നടപടികൾ സ്വീകരിച്ച വരുന്നു.

(സി) മൈക്രോ ഇൻഷ്വറൻസ് നിക്ഷേപ പദ്ധതി, ജനശ്രീവായ്പാ പദ്ധതി എന്നീ തട്ടിപ്പുകളെ സംബന്ധിച്ച് പാലക്കാട്, തിരുവനന്തപുരം റൂറൽ എന്നീ പോലീസ് ജില്ലകളിൽ ഓരോ കേസുകൾ രജിസ്റ്റർ ചെയ്ത് മേൽ നടപടികൾ സ്വീകരിച്ച വരുന്നു.

(ഡി) ജില്ലകളിലെ പണമിടപാടു സ്ഥാപനങ്ങൾ നിരീക്ഷിച്ച വരികയും ഇത്തരം തട്ടിപ്പുകളിൽ പണം മുടക്കി വഞ്ചിതരാവാതിരിക്കാൻ ജനമൈത്രി പോലീസിന്റെയും മറ്റും സഹായത്തോടെ ജനങ്ങൾക്ക് ബോധവൽക്കരണം സംഘടിപ്പിച്ചുവരുന്നു. കൂടാതെ ഇത്തരം തട്ടിപ്പുകൾ നടത്തുന്നവർക്കെതിരെ കർശന നിയമനടപടികളും സ്വീകരിച്ചുവരുന്നു.

**വിക്ടിം കോമ്പൻസേഷൻ സ്കീം**

151 (1856) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല ചെയ്യപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നല്കുന്നതിന് വിക്ടിം കോമ്പൻസേഷൻ സ്കീം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദമാക്കാമോ ;

(സി) ആയതുപ്രകാരം ഇതുവരെ എത്രപേർ ആനുകൂല്യങ്ങൾക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് ; വിശദമാക്കാമോ ;

(ഡി) ഇതിൽ എത്ര പേർക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 37/2014/ആഭ്യന്തരം തീയതി 24-2-2014 പ്രകാരം നിലവിൽവന്ന കേരള വിക്ടിം കോമ്പൻസേഷൻ സ്കീം അനുസരിച്ച് ടി സ്കീമിൽ അനുബന്ധമായി ചേർത്തിരിക്കുന്ന കുറ്റകൃത്യങ്ങളിൽ ഇരയാകുന്നവർക്കോ/ ആശ്രിതർക്കോ സ്കീമിന്റെ നിബന്ധനകൾക്ക് വിധേയമായി

നഷ്ടപരിഹാരം ലഭിക്കുവാൻ അർഹതയുണ്ടായിരിക്കും. ടി സ്കീമിന്റെ ഷെഡ്യൂളിൽ ക്രമ നമ്പർ 1 പ്രകാരം 'Death'-ന് പരമാവധി 5 ലക്ഷം രൂപ നഷ്ടപരിഹാരമായി ലഭിക്കുവാൻ അർഹതയുണ്ട്. വിക്ടിം കോമ്പൻസേഷൻ സ്കീം പ്രാവർത്തികമാക്കുന്നതിനായി വിക്ടിം കോമ്പൻസേഷൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ 1000 രൂപ 'Token Provision' ആയി അനുവദിച്ചിട്ടുണ്ട്. അധിക ഫണ്ടിനായി ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) ആകെ 52 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 47 എണ്ണം ലീഗൽ സർവ്വീസസ് അതോറിറ്റിക്ക് നേരിട്ടും 5 എണ്ണം കോടതിയിൽ നിന്നും റഫർ ചെയ്തവയുമാണ്.

(ഡി) ഈ സ്കീമനുസരിച്ച് നിലവിൽ ഇതുവരെ ആർക്കും നഷ്ടപരിഹാരം അനുവദിച്ചിട്ടില്ലാത്തതാണ്.

**ഗാർഹിക പീഡന നിരോധന നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസ്**

152 (1857) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗാർഹിക പീഡന നിരോധന നിയമപ്രകാരം കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ രണ്ടുമാസത്തിനിടെ ആരുടെയൊക്കെ പേരിൽ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ഇതിൽ ഏതെങ്കിലും രാഷ്ട്രീയപാർട്ടിയുടെ സംസ്ഥാന ഭാരവാഹിയായി പ്രവർത്തിച്ചിരുന്ന വ്യക്തിയുടെ പേരിൽ കേസ്സ് എടുത്തിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) പ്രസ്തുത കേസ്സ് നിലവിൽ ആരാണ് അന്വേഷിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) പ്രസ്തുത കേസ്സിലെ പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ചെയ്യാതിരിക്കാനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഗാർഹിക പീഡന നിരോധന നിയമപ്രകാരം കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ രണ്ടുമാസത്തിനിടെ 14 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇല്ല.

(സി&ഡി) ഉത്തരം 'ബി' യുടെ വെളിച്ചത്തിൽ ബാധകമല്ല.

**ട്രാഫിക് നിയമലംഘനങ്ങൾ**

153 (1858) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാഫിക് നിയമലംഘനങ്ങൾമൂലം വാഹനാപകടങ്ങൾ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) ഈ സർക്കാരിന്റെ കാലത്ത് എത്ര ട്രാഫിക് നിയമലംഘനങ്ങൾ നടന്നിട്ടുണ്ടെന്നും അവയിൽ എത്ര എണ്ണത്തിലായി എത്ര രൂപ പിഴ ഈടാക്കിയിട്ടുണ്ടെന്നും അറിയിക്കുമോ ;

(സി) ട്രാഫിക് നിയമലംഘനം സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരാൻ വാട്സ് ആപ്പ് സംവിധാനം ഉപയോഗിക്കുന്നുണ്ടോ ; എങ്കിൽ ഇതിന്റെ നമ്പർ അറിയിക്കുമോ ;

(ഡി) വാട്സ് ആപ്പ് വഴി ലഭിച്ച പരാതികൾക്ക് പിഴ ഈടാക്കിയതിന്റെ വിവരങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാന പോലീസ്, ട്രാഫിക് നിയമ ലംഘനങ്ങൾ സംബന്ധിച്ച് 838221 കേസ്സുകളും 15881103 പെറ്റി കേസ്സുകളും എടുത്തിട്ടുണ്ട്. ഇവയിൽ 1,58,81,103 പെറ്റി കേസ്സുകളിൽ നിന്നുമായി 2,27,73,32,661 രൂപ പിഴയായി ഈടാക്കിയിട്ടുമുണ്ട്.

(സി) ഉണ്ട്. നമ്പരുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| ജില്ല | നമ്പർ |
|---|---|
| തിരുവനന്തപുരം സിറ്റി | 9497930008 |
| കോട്ടയം | 9497932001 |
| ഇടുക്കി | 9747001099 |
| തൃശ്ശൂർ സിറ്റി | 7025930100 |
| പാലക്കാട് | 7025940100 |
| മലപ്പുറം | 9497976040 |

(ഡി) വാട്സ് ആപ്പ് വഴി ലഭിച്ച 136 പരാതികളിലായി ആകെ 6000 രൂപ പിഴ ഈടാക്കിയിട്ടുണ്ട്.

**ജനമൈത്രി പോലീസ്**

154 (1859) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനമൈത്രി പോലീസ് പദ്ധതിയിലെ കമ്മറ്റിയംഗങ്ങൾക്കിടയിൽ സ്ഥാപിത താൽപര്യക്കാർ കടന്നുകൂടുന്നത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) അയൽ വീടുകൾ തമ്മിലുള്ള പ്രശ്നങ്ങളിൽ ജനമൈത്രി സമിതി അംഗങ്ങളുടെ ഏതുതരം ഇടപെടലാണ് ഈ പദ്ധതിയിൽ നിഷ്കർഷിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ജനമൈത്രി സുരക്ഷാ പദ്ധതിയുടെ പ്രധാനപ്പെട്ട ഒരു ഭാഗമാണ് 'സുരക്ഷാ സമിതി.' സമിതി അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിൽ ജനമൈത്രി സുരക്ഷാ പദ്ധതി കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ സഹായത്തോടെ അതത് സർക്കിൾ ഇൻസ്പെക്ടർമാർ അംഗങ്ങളുടെ പേരുകൾ നിർദ്ദേശിക്കുകയും സബ് ഡിവിഷണൽ പോലീസ് ഓഫീസർ അത് പരിശോധിച്ച് ജില്ലാ പോലീസ് സൂപ്രണ്ടിന് സമർപ്പിക്കുകയും അതുപ്രകാരം സമിതി രൂപീകരിക്കുകയുമാണ് ചെയ്യുന്നത്. ക്രിമിനൽ സ്വഭാവമുള്ള കേസുകളിൽ

ഉൾപ്പെട്ടവർ, ഏതെങ്കിലും രാഷ്ട്രീയ, സാമുദായിക താൽപ്പര്യങ്ങളുടെ അമിത പ്രഭാവം പ്രകടിപ്പിക്കുന്നവർ തുടങ്ങിയ സ്ഥാപിത താൽപ്പര്യക്കാരെ സമിതിയിൽ ഉൾപ്പെടുത്താതിരിക്കാൻ പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്. ഉയർന്ന പൗരബോധവും സാമൂഹ്യ പ്രതിബദ്ധതയും പൊതുസേവനത്തിന് നീക്കിവയ്ക്കാൻ കഴിയുന്ന സമയവുമുള്ള സാധാരണ നാട്ടുകാർക്ക് അവസരമൊരുക്കുന്ന രീതിയിലാണ് സമിതി അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്.

(ബി) ജനമൈത്രി സമിതി യോഗത്തിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങളെ കുറിച്ച് കൃത്യമായി നിഷ്കർഷിച്ചിട്ടുണ്ട്. സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളൊന്നുമില്ലാത്തതും പോലീസിംഗ് സുഗമമായി നടപ്പാക്കാൻ മാത്രം ഉദ്ദേശിച്ചുള്ളതുമായ സമിതിയാണ് ജനമൈത്രി സമിതി. കഴിയുന്നതും അഭിപ്രായ സമന്വയത്തിലൂടെ കാര്യങ്ങൾ നടപ്പിലാക്കുന്ന രീതിയാണ് സമിതിയിലുള്ളത്. സുരക്ഷാ കാര്യങ്ങളിൽ പോലീസിന് വിവരങ്ങൾ കൈമാറുക എന്നതിനപ്പുറം പോലീസിംഗ് നിർവ്വഹിക്കുക സമിതി അംഗങ്ങളുടെ കർത്തവ്യമല്ല. ആയതുകൊണ്ടുതന്നെ അയൽ വീടുകൾ തമ്മിലുള്ള പ്രശ്നങ്ങളിൽ ജനമൈത്രി സമിതി അംഗങ്ങൾ യാതൊരു തരത്തിലുള്ള ഇടപെടലുകളും നടത്താൻ പാടുള്ളതല്ല.

**എഴുകോൺ പോലീസ് സ്റ്റേഷൻ നിർമ്മാണം**

155 (1860) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ എഴുകോൺ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് നടപടി സ്വീകരിക്കാൻ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നിർദ്ദേശം നൽകിയത് എന്നാണ് ;

(ബി) പ്രസ്തുത നിർദ്ദേശത്തിന്മേൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാന പോലീസ് മേധാവിയുടെ 23-3-2015 തീയതിയിലെ എച്ച്7/113660/ 2014/ പി.എച്ച്.ക്യൂ. നമ്പർ ഉത്തരവുപ്രകാരം.

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനത്തിന്റെ പ്ലാനും എസ്റ്റിമേറ്റും കെ.പി.എച്ച്.സി.സി.-യുടെ ജില്ലാ പ്രോജക്ട് എഞ്ചിനീയർ തയ്യാറാക്കിയിട്ടുണ്ട്.

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമെ ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**ട്രൈബൽ ക്യൂക്ക് റിയാക്ഷൻ ടീം**

156 (1861) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സംസ്ഥാന ബഡ്ജറ്റിൽ 6 ജില്ലകളിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന ട്രൈബൽ ക്വിക്ക് റിയാക്ഷൻ ടീം എന്ന സ്പെഷ്യൽ ടീം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) ഇല്ലെങ്കിൽ എന്ന് പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിന്റെ പ്രവർത്തനം സംബന്ധിച്ച് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ-സി) 31-3-2015 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 824/2015/ ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം പാലക്കാട്, കണ്ണൂർ, വയനാട്, കാസർഗോഡ്, മലപ്പുറം, കോഴിക്കോട് എന്നീ 6 ജില്ലകളിൽ "ട്രൈബൽ ക്വിക്ക് റിയാക്ഷൻ ടീം" എന്ന സ്പെഷ്യൽ ടീം രൂപീകരിക്കുന്നതിന് സർക്കാർ ഭരണപരമായ അനുമതി നൽകിയിരുന്നു. എന്നാൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. നടപടികൾ സ്വീകരിച്ചു വരുന്നു.

**ട്രാഫിക് നിയമലംഘനം**

157 (1862) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാഫിക് നിയമലംഘനങ്ങൾമൂലം വാഹന അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിയമലംഘനങ്ങൾ ശ്രദ്ധയിൽ കൊണ്ടുവരാൻ വാട്സ് ആപ്പ് സംവിധാനം ഉപയോഗിക്കുന്നുണ്ടോ ; എങ്കിൽ ഇതിന്റെ നമ്പർ അറിയിക്കുമോ ;

(സി) വാട്സ് ആപ്പ് വഴി ലഭിച്ച പരാതികൾക്ക് പിഴ ഈടാക്കിയതിന്റെ

വിവരങ്ങൾ അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. നമ്പരുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

| ജില്ല | നമ്പർ |
|---|---|
| തിരുവനന്തപുരം സിറ്റി | 9497930008 |
| കോട്ടയം | 9497932001 |
| ഇടുക്കി | 9747001099 |
| തൃശ്ശൂർ സിറ്റി | 7025930100 |
| പാലക്കാട് | 7025940100 |
| മലപ്പുറം | 9497976040 |

(സി) വാട്സ് ആപ്പ് വഴി ലഭിച്ച 136 പരാതികളിലായി ആകെ 6000 രൂപ പിഴ ഈടാക്കിയിട്ടുണ്ട്.

**പ്രതികളെ പിടികൂടുന്നതിൽ കാലതാമസം**

158 (1863) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട നാല് കപ്പേളകളും ഒരു പള്ളിയും കല്ലെറിഞ്ഞ് ആക്രമണം നടത്തിയ കേസ്സിൽ ഉൾപ്പെട്ട പ്രതികളെ മാസങ്ങൾ പിന്നിട്ടിട്ടും പിടികൂടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇരിങ്ങാലക്കുട എസ്.ഐ.-യുടെയും പോലീസ് കോൺസ്റ്റബിളായ സഹോദരന്റെയും വെറ്റിലപ്പാറയിലെ വസതിക്കുനേരെ ആക്രമണം നടത്തി വീട്ടിലെ ബൈക്ക് കത്തിക്കുകയും കാർ കേടുവരുത്തുകയും ചെയ്ത സംഭവത്തിനുത്തരവാദി കളായവരെ കണ്ടെത്തുന്നതിനും നിയമത്തിന്റെ മുൻപിൽ കൊണ്ടുവരുന്നതിനും സർക്കാർ

സ്വീകരിച്ചിട്ടുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(സി) പ്രസ്തുത കേസ്സുകളിൽ പ്രതികളെ കണ്ടെത്തുന്നതിനും മാതൃകാപരമായി ശിക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് ആതിരപ്പിള്ളി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 723/14 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് തൃശ്ശൂർ റൂറൽ ഡിവൈ.എസ്.പി. (അഡ്മിനിസ്ട്രേഷൻ)യുടെ നേതൃത്വത്തിൽ അന്വേഷണ സംഘം രൂപീകരിച്ച് അന്വേഷണം നടത്തിവരുന്നു.

(സി) കേസുകളിൽ ഊർജ്ജിതമായി അന്വേഷണം നടത്തി പ്രതികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു.

**അനീഷിന്റെ ആത്മഹത്യ**

159 (1864) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ മുന്നിയൂർ ഹയർസെക്കണ്ടറി സ്കൂൾ അധ്യാപകൻ കെ. കെ. അനീഷിന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട് ഡി.പി.ഐ. വിജിലൻസ് വിഭാഗം റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ ആർക്കെങ്കിലും എതിരെ നടപടികൾ എടുത്തിട്ടുണ്ടോ ;

(ബി) ആരെല്ലാമാണ് പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് പ്രതിസ്ഥാനത്ത് നിൽക്കുന്നത് ;

(സി) ഇവർക്കെതിരെ ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് കേസ് എടുത്തിട്ടുള്ളത് ;

(ഡി) ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ; എങ്കിൽ ആരെയാണെന്ന് വിശദമാക്കാമോ ;

(ഇ) ഇനി ആരെയെങ്കിലും അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ടോ ; എങ്കിൽ ആരെയെല്ലാം

എന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ടി ആത്മഹത്യയുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പിൽ റിപ്പോർട്ട് ലഭ്യമായിട്ടില്ല. എന്നാൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ റിപ്പോർട്ടനുസരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ പ്രകാരം മുന്നിയൂർ എച്ച്.എസ്.-ലെ മാനേജർ, പ്രഥമാധ്യാപിക എന്നിവർക്ക് ചാർജ്ജ് മെമ്മോ നൽകിയിട്ടുള്ളതായി അറിയുന്നു.

(ബി&സി) കെ. കെ. അനീഷ് മാസ്റ്ററുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട് പാലക്കാട് മലമ്പുഴ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 405/2014 u/s 174 Cr.PC altered into 120, 120(B), 192, 193, 195, 211, 471, 306 r/w 34 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് ജില്ലാ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിവരുന്നു. പ്രസ്തുത കേസിൽ താഴെ പറയുന്ന 7 പേരെ പ്രതി ചേർത്തിട്ടുണ്ട്.

| | | |
|---|---|---|
| 1. സെയ്തലവി @ കുഞ്ഞാപ്പു | : | സ്കൂൾ മാനേജർ |
| 2. മൊഹമ്മദ് അഷ്റഫ് | : | സ്കൂൾ എഫ്.റ്റി.എം. |
| 3. അബ്ദുൾ റസാഖ് | : | സ്കൂൾ ക്ലാർക്ക് |
| 4. അബ്ദുൾ ഹമീദ് | : | സ്കൂൾ പ്യൂൺ |
| 5. സുധ പി. നായർ | : | സ്കൂൾ ഹെഡ്മിസ്ട്രസ് |
| 6. കെ. സി. ഗോപി | : | ഡി.ഡി.ഇ. മലപ്പുറം (റിട്ട.) |
| 7. ഹൈദർ കെ. മുന്നിയൂർ | : | പി. റ്റി. എ. പ്രസിഡന്റ് |

(ഡി&ഇ) ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

**വിജിലന്റ് കേരള പദ്ധതി**

160 (1865) <u>ശ്രീ. പി. എ. മാധവൻ</u> :
<u>ശ്രീ. സി. പി. മുഹമ്മദ്</u> :

ശ്രീ. എം. എ. വാഹീദ് :

ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലന്റ് കേരള എന്ന പേരിൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ആരെയെല്ലാമാണ് സഹകരിപ്പിക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ നടത്തിയിട്ടുള്ള സജ്ജീകരണങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) വിജിലന്റ് കേരള എന്ന പേരിൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ജനങ്ങളുടെ പങ്കാളിത്തത്തോടെ ഓരോ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും നടപ്പാക്കുന്ന അഴിമതി വിരുദ്ധ പദ്ധതിയാണ് വിജിലന്റ് കേരള. ഒരു തദ്ദേശ സ്വയംഭരണ പ്രദേശത്ത് 100% അഴിമതി വിമുക്ത പദ്ധതി നടത്തിപ്പും ഭരണ സംവിധാനങ്ങളുമാണ് വിജിലന്റ് കേരള പദ്ധതി നടപ്പിലാക്കുന്നതിലൂടെ ഉദ്ദേശിക്കുന്നത്.

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി താഴെ പറയുന്നവരെ സഹകരിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

1. സർക്കാർ/അർദ്ധ സർക്കാർ ഓഫീസുകളിലോ സർക്കാർ പ്രവർത്തനങ്ങളിലോ അഴിമതി അഭിമുഖീകരിക്കുകയോ കാണുകയോ ചെയ്യുന്നവർ.
2. അഴിമതി വിരുദ്ധ പ്രവർത്തനങ്ങളിൽ അറിവും കഴിവും നേടി സജീവ പങ്കാളികളാവുന്നവർ.
3. പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശത്തെ പൊതുപ്രവർത്തകരും ഉദ്യോഗസ്ഥരും.
4. ജില്ലകളിലെ വിജിലൻസ് ഉദ്യോഗസ്ഥരും വിജിലൻസ് സ്റ്റാഫും.
5. ജില്ലാതല വിജിലൻസ് കമ്മിറ്റി അംഗങ്ങളും മറ്റ് ജില്ലാതല ഭരണ

മേധാവികളും.

6. വകുപ്പ് മേധാവികൾ, പൊതുമേഖല സ്ഥാപന മേധാവികൾ, ബോർഡ് മേധാവികൾ, മറ്റ് സർക്കാർ ഉന്നതോദ്യോഗസ്ഥർ.

7. വിജിലൻസ് ആസ്ഥാനത്തെ ഉദ്യോഗസ്ഥർ.

(ഡി) വിജിലന്റ് കേരള എന്ന പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം നടന്നിട്ടില്ലാത്തതിനാൽ ഭരണതലത്തിൽ സജ്ജീകരണങ്ങൾ നടപ്പിലാക്കിയിട്ടില്ല.

**പുത്തൂർ പോലീസ് സ്റ്റേഷൻ**

161 (1866) <u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുത്തൂർ പോലീസ് സ്റ്റേഷൻ സംബന്ധിച്ച 77675/E1/2011 എന്ന ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിവരുന്ന പഠനത്തിൽ പുത്തൂർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം ഉൾപ്പെടുത്തിയിട്ടുണ്ട്.

**വനിതകളുടെ പേയിംഗ് ഗസ്റ്റ് സംവിധാനം**

162 (1867) <u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വനിതകളുടെ പേയിംഗ് ഗസ്റ്റ് സംവിധാനത്തിന് പോലീസ് ക്ലിയറൻസ് വേണമെന്ന നിബന്ധന ഏർപ്പെടുത്തുമോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**അനീഷിന്റെ കൊലപാതകം**

163 (1868) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത്, പന്ത്രണ്ടാം വാർഡിൽ, എസ്.എം.

കോളനി, നന്ദനം വീട്ടിൽ പി. അനീഷ് കുമാറിനെ ആലപ്പുഴ കൈതവനയിൽ മയക്കുമരുന്ന് മാഫിയ സംഘം കൊല ചെയ്തതുമായി ബന്ധപ്പെട്ട കേസിന്റെ അന്വേഷണ സ്ഥിതി അറിയിക്കുമോ ;

(ബി) പ്രസ്തുത കേസ് ആരാണ് അന്വേഷിക്കുന്നതെന്നും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്നും ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും അറിയിക്കുമോ ;

(സി) കേസിൽ എത്ര പ്രതികളാണ് ഉള്ളതെന്നും ഇതുവരെ എത്ര പ്രതികളെ അറസ്റ്റു ചെയ്തുവെന്നുമുള്ള വിശദാംശം നൽകുമോ ;

(ഡി) ആലപ്പുഴ ടൗണും വിദ്യാഭ്യാസ സ്ഥാപനങ്ങളും കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഗുണ്ടാ മയക്കുമരുന്ന് മാഫിയാ സംഘങ്ങളെ അമർച്ച ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

(ഇ) അനീഷിന്റെ കുടുംബത്തിന് ധനസഹായം നല്കുന്ന കാര്യം പരിഗണിക്കുമോ ; അനീഷിന്റെ കുടുംബത്തിലെ ഒരംഗത്തിന് സർക്കാർ ജോലി നൽകുന്ന കാര്യം പരിഗണിക്കുമോ ?

<u>ഉത്തരം</u>

(എ) പുന്നപ്ര തെക്കുപഞ്ചായത്ത് 12-ാം വാർഡിൽ കുറവന്തോട് എസ്.എം. കോളനിയിൽ നന്ദനം വീട്ടിൽ അനീഷ് കുമാർ വയസ് -45, കൊല്ലപ്പെട്ടതു സംബന്ധിച്ച് ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽ ക്രൈം 318/15 u/s 143, 147, 148, 149, 120(b), 447, 294(b), 323, 307, 302 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. 13 പ്രതികൾ ഉൾപ്പെട്ടിട്ടുള്ള ഈ കേസിൽ 8 പ്രതികളെ ഇതുവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 5 പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യുവാനുണ്ട്. അറസ്റ്റ് ചെയ്യുവാനുള്ള പ്രതികളെ കണ്ടെത്തുന്നതിനു വേണ്ടി ഊർജ്ജിതമായ അന്വേഷണം നടത്തിവരികയാണ്.

(ബി) പ്രസ്തുത കേസ് ആലപ്പുഴ സൗത്ത് ഇൻസ്പെക്ടർ ഇപ്പോൾ അന്വേഷണം നടത്തി വരുന്നു. ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷൻ ക്രൈം 318/15 u/s 143, 147, 148, 149, 120(b), 447, 294(b), 323, 307, 302 IPC പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(സി) ആകെ 13 പ്രതികളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ കേസിൽ ഉൾപ്പെട്ടിട്ടുള്ള പ്രതികളായ കുനിഷ്ട് അനീഷ്, രാഹുൽ @ റിജു, രാജേഷ് @ കുട്ടൻ, ശ്യാം @കണ്ണൻ, മുകേഷ്, സതീഷ്, സാബു, അഖിൽ എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 5 പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യുവാനുണ്ട്.

(ഡി) ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) ഇക്കാര്യം ഈ വകുപ്പിന്റെ പരിഗണനയിലില്ല.

**പാമോലിൻ ഇറക്കുമതി അഴിമതി കേസ്**

164 (1869) <u>ഡോ. ടി. എം. തോമസ് ഐസക്</u> :

<u>ശ്രീ. രാജു എബ്രഹാം</u> :

<u>ശ്രീ. എം. ഹംസ</u> :

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാമോലിൻ ഇറക്കുമതി നടത്തിയത് സംബന്ധിച്ച കേസ്സ് വിചാരണ നടക്കുന്നുണ്ടോ ;

(ബി) വിചാരണ ചെയ്യുന്നതിനെതിരെ വിജിലൻസ് കോടതിയിലും ഹൈക്കോടതിയിലും ഉയർത്തിയ തടസ്സവാദങ്ങൾ കോടതികൾ അംഗീകരിച്ചിട്ടുണ്ടോ ; കീഴ്ക്കോടതിയുടെ ഉത്തരവ് ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ടോ ;

(സി) പാമോലിൻ ഇടപാടിൽ ഖജനാവിന് നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് കണ്ടെത്തിയത് സി & എ.ജി. ആയിരുന്നുവോ ; പ്രസ്തുത റിപ്പോർട്ടിന്മേലുള്ള പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിഗമനം എന്തായിരുന്നു ;

(ഡി) കേസ് പിൻവലിക്കാൻ പബ്ലിക് പ്രോസിക്യൂട്ടർ ഹർജി നൽകുകയുണ്ടായോ ; അത് അനുവദിക്കപ്പെടുകയുണ്ടായോ ; ഇതിനെതിരെ ഹൈക്കോടതിയിൽ റിവ്യൂ ഹർജി നൽകിയിട്ടുണ്ടോ ; എങ്കിൽ കാരണം വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) പ്രസ്തുത വിഷയം സംബന്ധിച്ച് വിജിലൻസ് കേസ് വിചാരണ

നടക്കുന്നുണ്ട്.

(ബി) കേസ് വിചാരണ ചെയ്യുന്നതിനെതിരെ വിജിലൻസ് കോടതിയിലും ഹൈക്കോടതിയിലും ഉന്നയിച്ച തടസ്സവാദങ്ങൾ കോടതി അംഗീകരിച്ചിട്ടില്ല. കീഴ്ക്കോടതി ഉത്തരവ് റദ്ദാക്കിയിട്ടില്ല.

(സി) അല്ല. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പ്രാഥമിക അന്വേഷണത്തിലാണ് നഷ്ടം ഉണ്ടായതായി കണ്ടെത്തിയത്. കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി അന്വേഷണം നടത്തുകയും പാമോലിൻ ഇറക്കുമതിയിൽ വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെന്നും വിശദമായ അന്വേഷണം നടത്തണമെന്നും ശിപാർശ ചെയ്തിരുന്നു.

(ഡി) ഹർജി നൽകുകയുണ്ടായെങ്കിലും അനുവദിക്കപ്പെട്ടില്ല. കീഴ്ക്കോടതിയുടെ ഉത്തരവിൽ അപാകതകൾ ഉണ്ടായിരുന്നതുകൊണ്ടാണ് റിവ്യൂ ഹർജി ഫയൽ ചെയ്തത്.

## തട്ടിപ്പുകേസുകൾ

165 (1870) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്ത് മണി ചെയിനുമായി ബന്ധപ്പെട്ട എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഓൺലൈൻ വഴിയുള്ള തട്ടിപ്പ് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) വിസ തട്ടിപ്പുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) ഇവ ഓരോന്നുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ തട്ടിപ്പ് നടന്നുവെന്ന് വ്യക്തമാക്കാമോ ;

(ഇ) ഓരോ കേസ്സുകളിലും എത്ര പേർ പ്രതികളായിട്ടുണ്ടെന്നും അവരിൽ എത്ര പേർ ഇനിയും അറസ്റ്റ് ചെയ്യപ്പെടാൻ ബാക്കിയുണ്ടെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 1220 കേസ്സുകൾ

(ബി) 86 കേസ്സുകൾ

(സി) 850 കേസ്സുകൾ

(ഡി) മണി ചെയിനുമായി ബന്ധപ്പെട്ട് 1121523225 രൂപയുടെയും, ഓൺലൈൻ വഴിയുള്ള തട്ടിപ്പുമായി ബന്ധപ്പെട്ട് 159554368 രൂപയുടെയും വിസ തട്ടിപ്പുമായി ബന്ധപ്പെട്ട് 281422058 രൂപയുടെയും തട്ടിപ്പ് നടന്നിട്ടുണ്ട്.

(ഇ) മണി ചെയിനുമായി ബന്ധപ്പെട്ട കേസ്സിൽ 1180 പേർ പ്രതികളായിട്ടുണ്ട്, അവരിൽ 644 പേരെ ഇനിയും അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ട്. ഓൺലൈൻ വഴിയുള്ള തട്ടിപ്പുമായി ബന്ധപ്പെട്ട കേസിൽ 137 പേർ പ്രതികളായിട്ടുണ്ട്, അവരിൽ 79 പേരെ ഇനിയും അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ട്. വിസ തട്ടിപ്പുമായി ബന്ധപ്പെട്ട കേസ്സിൽ 1148 പേർ പ്രതികളായിട്ടുണ്ട്. അവരിൽ 447 പേരെ ഇനിയും അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ട്.

## പുതുക്കാട് പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ പോലീസ് ക്വാർട്ടേഴ്സ് നിർമ്മാണം

166 (1871) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കാട് പഴയ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ പോലീസ് ക്വാർട്ടേഴ്സ് നിർമ്മിക്കേണ്ടതുണ്ട് എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2013-14-ലെ MoPF സ്കീമിൽ ഉൾപ്പെടുത്തി പുതുക്കാട് പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ 2 അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകൾ (USQ) കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ മുഖാന്തരം നിർമ്മിക്കുന്നതിനായുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

## ഓപ്പറേഷൻ കുബേര

167 (1872) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഓപ്പറേഷൻ കുബേര പ്രകാരം എത്ര കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ; എത്ര പേരെയാണ് ശിക്ഷിക്കപ്പെട്ട് ജയിലിൽ അയച്ചിട്ടുള്ളത് ; ശിക്ഷിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

ഓപ്പറേഷൻ കുബേര പ്രകാരം 3197 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്ത കേസ്സുകളിൽ ആരും ശിക്ഷിക്കപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച കേസ്സുകൾ അന്വേഷണാവസ്ഥയിലും കോടതിയുടെ പരിഗണനയിലുമാണ്.

**ഓപ്പറേഷൻ സുരക്ഷ**

168 (1873) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളിൽ ഉൾപ്പെട്ട എത്ര പേരെയാണ് ഓപ്പറേഷൻ സുരക്ഷ മുഖേന അറസ്റ്റ് ചെയ്തതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളിൽ ഉൾപ്പെട്ട 2321 പേരെയാണ് ഓപ്പറേഷൻ സുരക്ഷ മുഖേന അറസ്റ്റ് ചെയ്തിട്ടുള്ളത്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| | |
|---|---|
| തിരുവനന്തപുരം സിറ്റി | 58 |
| തിരുവനന്തപുരം റൂറൽ | 1403 |
| കൊല്ലം സിറ്റി | 30 |
| കൊല്ലം റൂറൽ | 48 |
| പത്തനംതിട്ട | 18 |

| | |
|---|---|
| ആലപ്പുഴ | 27 |
| കോട്ടയം | 22 |
| ഇടുക്കി | 21 |
| എറണാകുളം സിറ്റി | 54 |
| എറണാകുളം റൂറൽ | 44 |
| തൃശ്ശൂർ സിറ്റി | 126 |
| തൃശ്ശൂർ റൂറൽ | 56 |
| പാലക്കാട് | 87 |
| മലപ്പുറം | 233 |
| കോഴിക്കോട് സിറ്റി | 0 |
| കോഴിക്കോട് റൂറൽ | 37 |
| വയനാട് | 23 |
| കണ്ണൂർ | 21 |
| കാസർഗോഡ് | 12 |
| റെയിൽവേസ് | 1 |
| ആകെ | 2321 |

**ഓപ്പറേഷൻ സുരക്ഷ**

169 (1874) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. വി. റ്റി. ബൽറാം :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുണ്ടകളെ നേരിടാൻ ഓപ്പറേഷൻ സുരക്ഷ എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(ബി) ജനങ്ങൾക്ക് സ്വൈരജീവിതം ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം കാര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഗുണ്ടാ പ്രവർത്തനവും സാമൂഹ്യവിരുദ്ധ പ്രവർത്തനവും നടത്തുന്നവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 24-2-2015 തീയതി മുതൽ 'ഓപ്പറേഷൻ സുരക്ഷ' എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളതാണ്. ടി പദ്ധതിയുടെ കീഴിൽ സ്ത്രീകൾക്കും കുട്ടികൾക്കും നേരെ അതിക്രമം നടത്തുന്നവരെയും കഞ്ചാവ്, മയക്കുമരുന്ന് കുറ്റവാളികളെയും മോഷ്ടാക്കളെയും, വ്യാജമദ്യ ഉൽപ്പാദനവും വിപണനവും നടത്തുന്നവരെയും അനധികൃതമായി സ്ഫോടക വസ്തുക്കൾ കൈവശം വയ്ക്കുന്നവരെയും കണ്ടെത്തി അറസ്റ്റ് ചെയ്യുകയും കൂടാതെ ഒളിവിലുള്ള പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുകയും ഗുണ്ടാ-സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെയും അമർച്ച ചെയ്ത് പൊതുജനങ്ങൾക്ക് സ്വൈരജീവിതം ഉറപ്പുവരുത്തുക എന്നുള്ളതാണ് ' ഓപ്പറേഷൻ സുരക്ഷ'യുടെ ലക്ഷ്യം.

(ബി) ഗുണ്ടാ-മാഫിയ സംഘങ്ങൾക്കെതിരെയും വിവിധ കേസുകളിൽപ്പെട്ട് ഒളിവിൽ കഴിയുന്നവർക്കെതിരെയും വാറണ്ട് കേസുകളിലെ പ്രതികൾക്കെതിരെയും സ്ത്രീകൾക്കെതിരെയുമുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെയും മറ്റും കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കുക തുടങ്ങി സാമൂഹ്യ സുരക്ഷയ്ക്ക് വേണ്ടിയുള്ള നടപടികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി പോലീസ് സ്റ്റേഷനുകളിൽ ഉദ്യോഗസ്ഥരെ പ്രത്യേകമായി നിയോഗിച്ചിട്ടുള്ളതും അവരുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു.

**ഓപ്പറേഷൻ സുരക്ഷ**

170 (1875) <u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുണ്ടാ-മാഫിയ സംഘങ്ങൾക്കെതിരായ 'ഓപ്പറേഷൻ സുരക്ഷ'-യുടെ

ഭാഗമായി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തിയതിനുശേഷം മാഫിയാ പ്രവർത്തനങ്ങളിൽ കുറവ് വന്നിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) ഓപ്പറേഷൻ സുരക്ഷയുടെ ഭാഗമായി കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ ഓപ്പറേഷൻ സുരക്ഷ പദ്ധതിയിലൂടെ പലവിധ കേസുകളിൽ ഉൾപ്പെട്ട കുറ്റവാളികളെ ടി പദ്ധതി പ്രകാരം കൂടുതൽ നിരീക്ഷണം നടത്തിയും/നിയമ ലംഘനമുണ്ടായാൽ കർശന നടപടി സ്വീകരിച്ചും വരുന്നു. ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള പിടികിട്ടാപ്പുള്ളികൾ ഉൾപ്പെടെയുള്ളവരെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടി ഓപ്പറേഷൻ സുരക്ഷ എന്ന പദ്ധതിയിലൂടെ എടുത്തുവരുന്നു. കൂടാതെ സ്ഥിരം കുറ്റവാളികളെ നിരീക്ഷിച്ച് അവരെ കുറ്റകൃത്യങ്ങളിൽ ഏർപ്പെടാതെ അമർച്ച ചെയ്യുന്ന നടപടി ഊർജ്ജിതപ്പെടുത്തുന്നതിനും ടി പദ്ധതിയിലൂടെ കഴിയുന്നു. ഇതിനുപുറമേ സ്ഥിരം കുറ്റവാളികളെ ആവശ്യമെങ്കിൽ ഗുണ്ടാ നിയമത്തിന്റെ പരിധിയിൽ വരുത്തുന്നതിനുള്ള നടപടികളും എടുത്തുവരുന്നുണ്ട്. അങ്ങനെ കുറ്റകൃത്യങ്ങൾ കുറച്ചു കൊണ്ടുവരാൻ ടി പദ്ധതി സഹായിക്കുന്നു.

(ബി) പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തിയതിനുശേഷം മാഫിയ പ്രവർത്തനങ്ങളിൽ കുറവ് വന്നിട്ടുണ്ട്.

**മലക്കപ്പാറ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം**

171 (1876) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട മലക്കപ്പാറയിൽ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

<u>ഉത്തരം</u>

മലക്കപ്പാറ പോലീസ് സ്റ്റേഷൻ കെട്ടിടം പണിയുന്നതിന് വനഭൂമി വിട്ടുകിട്ടുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

**ക്രമസമാധാന രംഗത്തെ പ്രശ്നങ്ങൾ**

172 (1877) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും

വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രമസമാധാന രംഗത്തെ പ്രശ്നങ്ങൾ സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ആകെ എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്നും അതിൽ എത്ര സ്ത്രീകൾ ഉൾപ്പെട്ടിട്ടുണ്ടെന്നും അറിയിക്കുമോ ;

(സി) സംസ്ഥാനത്ത് ഗുണ്ടാലിസ്റ്റിൽ എത്ര പേരെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഇവരിൽ എത്ര പേർ ജയിലുകളിൽ ഉണ്ടെന്നും ജില്ല തിരിച്ച് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) ക്രമസമാധാന പാലനം കേരള പോലീസ് കാര്യക്ഷമമായി നിർവ്വഹിച്ചു വരുന്നു.

(ബി) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ആകെ 1478 കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. ഇതിൽ 514 സ്ത്രീകൾ (സ്ത്രീകൾ + പെൺകുട്ടികൾ) ഉൾപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഗുണ്ടാലിസ്റ്റിൽ 1536 പേരെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവരിൽ 79 പേർ ജയിലുകളിലുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ക്രമസമാധാന പരിപാലനം**

173 (1878) <u>ശ്രീ. ബെന്നി ബെഹനാൻ</u> :
<u>ശ്രീ. ജോസഫ് വാഴക്കൻ</u> :
<u>ശ്രീ. സി. പി. മുഹമ്മദ്</u> :
<u>ശ്രീ. ആർ സെൽവരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രമസമാധാന പരിപാലന ചുമതലയും കുറ്റാന്വേഷണ ചുമതലയും പ്രത്യേകമാക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന് എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നതെന്നും ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികളെന്തെന്നും വിശദമാക്കുമോ ?

<u>ഉത്തരം</u>

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) ക്രമസമാധാന പാലനം കൂടുതൽ മികവുറ്റതാക്കി മാറ്റാൻ, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 27-12-2006-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 3069/2006/ആഭ്യന്തരം പ്രകാരം ക്രമസമാധാന പോലീസ് വിഭാഗത്തിൽ നിന്നും അന്വേഷണ വിഭാഗത്തെ വേർപെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. വേഗത്തിലും മികച്ച രീതിയിലുമുള്ള കുറ്റാന്വേഷണം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായിട്ടാണ് ക്രമസമാധാന പരിപാലനച്ചുമതലയും കുറ്റാന്വേഷണ ചുമതലയും വേർതിരിച്ചുകൊണ്ട് ഉത്തരവായത്. ക്രമസമാധാന പരിപാലന ചുമതലയും കുറ്റാന്വേഷണ ചുമതലയും വേർതിരിച്ച് ഇതിനകം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കേന്ദ്രസഹായം ലഭിക്കുന്നില്ല.

**മാവേലിക്കര മണ്ഡലത്തിലെ പ്രവൃത്തികൾ**

174 (1879) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം ആഭ്യന്തര വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

മാവേലിക്കര ജനമൈത്രി പോലീസ് സ്റ്റേഷനിൽ സ്ത്രീ സന്ദർശകർക്കായുള്ള വിശ്രമമുറി നിർമ്മിച്ച് പ്രവർത്തനസജ്ജമാക്കിയിട്ടുള്ളതും നൂറനാട് പോലീസ് സ്റ്റേഷൻ പരിധിയിലുള്ള താമരക്കുളത്ത് ഒരു പോലീസ് ഔട്ട്പോസ്റ്റ് പ്രവർത്തനമാരംഭിക്കുകയും നൂറനാട് പോലീസ് സ്റ്റേഷനിൽ മുതിർന്ന പൗരന്മാർക്കും സ്ത്രീ സന്ദർശകർക്കുമായിട്ടുള്ള വിശ്രമമുറി നിർമ്മിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ നൂറനാട് മറ്റപ്പള്ളിയിൽ പഴയ ഫയറിംഗ് ബട്ടിൽ Count Insurgency and Anti Terrorism School (CIATS) അനുവദിച്ച് നിർമ്മാണം തുടങ്ങിയിട്ടുണ്ട്. വള്ളികുന്നം പോലീസ് സ്റ്റേഷനിൽ സ്റ്റേഷൻ ബിൽഡിംഗിന് മുകളിലായി പോലീസ് ഉദ്യോഗസ്ഥർക്കായി വിശ്രമമുറി നിർമ്മിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

**ആറ്റുകാൽ ക്ഷേത്രത്തിന് സമീപം പുതിയ പോലീസ് സ്റ്റേഷൻ**

175 (1880) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേമം നിയോജക മണ്ഡലത്തിലെ ആറ്റുകാൽ ക്ഷേത്രത്തിന് സമീപത്ത് പുതിയ ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ&ബി) ആറ്റുകാൽ പോലീസ് സ്റ്റേഷൻ രൂപീകരിക്കുകയാണെങ്കിൽ വർഷാവർഷം വരുന്ന ആവർത്തന ചെലവുകളുടെയും അനാവർത്തന ചെലവുകളുടെയും 50 ശതമാനം തുക ആറ്റുകാൽ ടെമ്പിൾ ട്രസ്റ്റ് വഹിക്കണമെന്ന സർക്കാർ തലത്തിൽ നടന്ന മീറ്റിംഗിലെ തീരുമാനം, ടെമ്പിൾ ട്രസ്റ്റിന് സ്വീകാര്യമാകാത്തതിനാൽ, ആറ്റുകാൽ പോലീസ് സ്റ്റേഷൻ രൂപീകരിക്കുന്ന വിഷയം പരിഗണിക്കാൻ നിർവ്വാഹമില്ല.

**പോലീസിന്റെ പീഡനത്തിനിരയായവർ**

176 (1871) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസുകാർ നടത്തിയ സ്ത്രീപീഡന കേസ്സുകൾ എത്രയാണ് ; പോലീസുകാർ പ്രതികളായ ബലാത്സംഗക്കേസ്സുകൾ എത്രയാണ് ; വ്യക്തമാക്കാമോ ;

(ബി) ഈ കാലയളവിൽ പീഡനത്തിൽ മരണപ്പെട്ട സ്ത്രീകൾ എത്രയാണ് ; ആത്മഹത്യ ചെയ്ത സ്ത്രീകൾ എത്രയാണ് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസുകാർ ഉൾപ്പെട്ട 127 സ്ത്രീ പീഡന കേസുകളും പോലീസുകാർ പ്രതികളായ 15 ബലാത്സംഗ കേസുകളും ഉണ്ടായിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസുകാർ പ്രതികളായതും പീഡനത്തിനിരയായതുമായ സ്ത്രീകളാരും മരണപ്പെട്ടിട്ടില്ല. കോഴിക്കോട്

ജില്ലയിൽ ഒരു സ്ത്രീ ആത്മഹത്യ ചെയ്തിട്ടുണ്ട്.

**മോഷണങ്ങൾ, ഭവനഭേദനങ്ങൾ, കവർച്ച**

177 (1882) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ നടന്ന മോഷണങ്ങൾ, ഭവനഭേദനങ്ങൾ, പകൽ സമയത്തെ കവർച്ച, ഭവനഭേദനം, ആരാധനാലയങ്ങളിൽ നടന്ന മോഷണം, പൊതുസ്ഥലത്ത് നടന്ന പിടിച്ചുപറി ഇവ ഓരോന്നും എത്ര വീതമെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ കേസിലും ഉള്ള പ്രതികളുടെ എണ്ണം, അറസ്റ്റ് ചെയ്യപ്പെട്ടവർ, അറസ്റ്റ് ചെയ്യപ്പെടാനുള്ളവർ എന്നിവർ എത്രവീതമെന്ന് വ്യക്തമാക്കാമോ ;

(സി) മോഷണ മുതൽ തിരികെ കിട്ടാത്ത കേസ്സുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധം എ-യിൽ ചേർത്തിരിക്കുന്നു.*

(ബി) വിശദാംശങ്ങൾ അനുബന്ധം ബി-യിൽ ചേർത്തിരിക്കുന്നു.*

(സി) മോഷണമുതൽ തിരികെ കിട്ടാത്ത കേസ്സുകളുടെ എണ്ണം - 14562

**പട്ടികജാതി/പട്ടികവർഗ്ഗ/ആദിവാസി വിഭാഗങ്ങൾക്കുനേരെയുള്ള അതിക്രമം**

178 (1883) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച കേസ്സുകളിൽ കോടതിയിൽ എഫ്.ഐ.ആർ. സമർപ്പിച്ചവ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഈ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾ പീഡിപ്പിക്കപ്പെട്ട സംഭവം എത്രയാണ് ; ഇതിൽ ചാർജ്ജ് ഷീറ്റ് സമർപ്പിച്ചവ എത്രയാണ് ; വ്യക്തമാക്കുമോ;

(സി) ഓരോ ഇനം കേസ്സിലേയും പ്രതികൾ എത്രയെന്നും അവയിൽ അറസ്റ്റ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചെയ്യപ്പെട്ടവരും ശിക്ഷിക്കപ്പെട്ടവരും എത്രയെന്നും വ്യക്തമാക്കുമോ ;

(ഡി) അന്വേഷണം പൂർത്തിയാകാത്ത കേസ്സുകൾ എത്ര വീതമാണെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 3634 കേസുകളിൽ കോടതിയിൽ എഫ്.ഐ.ആർ. സമർപ്പിച്ചിട്ടുണ്ട്.

(ബി) സ്ത്രീകൾ പീഡിപ്പിക്കപ്പെട്ട സംഭവം 1809 ആണ്. ഇതിൽ ചാർജ് ഷീറ്റ് സമർപ്പിച്ചവ 1077 ആണ്.

(സി&ഡി) ഇതുസംബന്ധിച്ച വിശദമായ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## പിൻവലിച്ച ക്രൈം കേസുകൾ

179 (1884) <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ക്രൈം കേസുകൾ പിൻവലിക്കാൻ നിരാക്ഷേപ പത്രം നൽകിയെന്ന് വിശദമാക്കാമോ ;

(ബി) ഏതൊക്കെ സ്വഭാവമുള്ള കേസുകളാണ് പിൻവലിച്ചതെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) 5089 കേസുകൾ.

(ബി) ജനകീയ സമരങ്ങൾ, രാഷ്ട്രീയ സമരങ്ങൾ, സഭാതർക്കം സംബന്ധിച്ച കേസുകൾ, നഴ്സുമാർ നടത്തിയ സമരം, റോഡ് ഉപരോധം, PDPP Act, 420 IPC, 380 IPC, 332 IPC, 378 IPC തുടങ്ങിയ വകുപ്പുകൾ ചുമത്തിയ കേസുകളാണ് പിൻവലിച്ചിട്ടുള്ളത്.

## ട്രെയിനിൽ സ്ത്രീ യാത്രക്കാർക്ക് നേരെയുള്ള അതിക്രമങ്ങൾ

180 (1885) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) ട്രെയിനിൽ, സ്ത്രീ യാത്രക്കാർക്ക നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവരുടെ സുരക്ഷയ്ക്കായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) 2014 ജനുവരി മുതൽ ഇതുവരെ സ്ത്രീ യാത്രക്കാർക്ക നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ ; പ്രസ്തുത കേസ്സുകളിൽ തുടർനടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ 3 വർഷത്തെ കണക്കുകൾ പരിശോധിച്ചതിൽ നേരിയ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്ത്രീ സുരക്ഷയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള നടപടികൾ ചുവടെ വിവരിക്കുന്നു :

(1) സ്ത്രീകൾ ഉൾപ്പെടെ ട്രെയിൻ യാത്രക്കാരെ സംഘടിപ്പിച്ച് "Women Safety Awareness Week" എന്ന പരിപാടി സംഘടിപ്പിച്ചും ജനമൈത്രി പദ്ധതി തയ്യാറാക്കിയും ട്രെയിനുകളിലും പ്ലാറ്റ്ഫോമുകളിലും ലഘുലേഖകളും ഫീഡ്ബാക്ക് ഫോമുകളും തയ്യാറാക്കി യാത്രക്കാർക്ക് വിതരണം ചെയ്ത് അഭിപ്രായം സ്വരൂപിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ യാത്രക്കാരുമായി കൂടിക്കാഴ്ചകൾ നടത്തി സ്ത്രീകൾക്ക് എതിരെയുണ്ടാകുന്ന ആക്രമണങ്ങൾ മുൻകൂട്ടി തടഞ്ഞും സുരക്ഷ ഒരുക്കിയും നിയമാനുസൃത നടപടികൾ കൈക്കൊണ്ടുവരുന്നു.

(2) സ്ത്രീ യാത്രക്കാരെയും passengers Association ഭാരവാഹികളെയും റെയിൽവേ ജീവനക്കാരെയും പോർട്ടർമാരെയും മറ്റ് ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ജനയാത്ര സുരക്ഷാ കമ്മിറ്റി രൂപീകരിച്ച് സ്ത്രീകൾക്കെതിരെയുണ്ടാകുന്ന ശല്യപ്പെടുത്തലുകളും ഉപദ്രവങ്ങളും ആക്രമണങ്ങളും ശ്രദ്ധയിൽപ്പെട്ടാൽ പോലീസിനെ അറിയിച്ച് നിയമാനുസൃതമായ കേസുകൾ രജിസ്റ്റർ ചെയ്ത് അനന്തര നടപടികൾ ഊർജ്ജിതമായി കൈക്കൊണ്ടുവരുന്നു.

(3) "സുരക്ഷിതമായ ട്രെയിൻ യാത്ര സ്ത്രീകളുടെ അവകാശമാണ്. നിങ്ങളെ സംരക്ഷിക്കുവാൻ റെയിൽവേ പോലീസ് കൂടെയുണ്ട്" എന്ന സന്ദേശവുമായി റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സിന്റെ സഹകരണത്തോടുകൂടിയും സ്റ്റുഡന്റ് പോലീസ് കേഡറ്റുകളെയും ഉൾപ്പെടുത്തി റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും

ബോധവൽക്കരണ പരിപാടികളും ലഘുലേഖ വിതരണവും നടത്തിയിട്ടുള്ളതാണ്. "സിറ്റിസൺ ഹെൽപ്പ് ഡെസ്ക്" സ്ത്രീകളുടെ പരാതികൾക്ക് പ്രത്യേക പരിഗണന നൽകി തൽസമയ സഹായ നടപടികൾ കൈക്കൊണ്ടു വരുന്നു.

(4) റെയിൽവേ സ്റ്റേഷനുകളിലും അനുബന്ധ പരിസരങ്ങളിലും പാസഞ്ചർ ട്രെയിൻ ഉൾപ്പെടെയുള്ള ട്രെയിനുകളിലും സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും കുറ്റകൃത്യങ്ങൾ തടയുന്നതിനും വനിതാ പോലീസ് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ പ്ലാറ്റ്ഫോമുകളിലും ട്രെയിനുകളിലും തലങ്ങും വിലങ്ങും ബീറ്റ് ഡ്യൂട്ടിക്കും പട്രോളിംഗ് ഡ്യൂട്ടിക്കും നിയോഗിച്ചും ട്രെയിനുകളിലെ വനിതാ കമ്പാർട്ട്മെന്റുകളിൽ പ്രത്യേകം വനിതാ പോലീസുകാരെ നിയോഗിച്ചും വനിതാ കോച്ചുകൾക്ക് സമീപമുള്ള മറ്റ് കോച്ചുകളിൽ പ്രത്യേകം ഡ്യൂട്ടിക്കാരെ നിയോഗിച്ചും റെയിൽവേ സ്റ്റേഷനുകളിൽ ട്രെയിനുകൾ എത്തിച്ചേരുമ്പോൾ കമ്പാർട്ട്മെന്റുകൾക്ക് സമീപമെത്തി നിരീക്ഷിച്ചും അന്വേഷിച്ചും സ്ത്രീ യാത്രക്കാർക്ക് വേണ്ട സഹായങ്ങൾ ചെയ്തുവരുന്നുണ്ട്.

(5) സ്ത്രീകൾക്കെതിരെ ഉണ്ടാകുന്ന ഏത് അതിക്രമങ്ങൾക്കും മറ്റ് സംഗതി കൾക്കും ഉടനടി ബന്ധപ്പെടുന്നതിന് റെയിൽവേ പോലീസ് സൂപ്രണ്ടിന്റെ ഓഫീസിൽ ഒരു "റെയിൽ അലർട്ട് സിസ്റ്റം" നടപ്പിലാക്കിയിട്ടുള്ളതും ഏത് സമയവും (24 മണിക്കൂറും) "റെയിൽ അലർട്ട്" നമ്പരായ 9846200100-ൽ ബന്ധപ്പെടാവുന്നതും തൽസമയംതന്നെ നടപടികൾ സ്വീകരിക്കാവുന്നതുമാണ്. ടി നമ്പരുകൾ ട്രെയിനുകളിലും പ്ലാറ്റ്ഫോമുകളിലും ലഘുലേഖകളിലും മാധ്യമങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.

(6) റെയിൽവേ സ്റ്റേഷനുകളിലെ വിശ്രമ മുറികൾ വനിതാ പോലീസുകാരെ കൊണ്ട് പ്രത്യേകം നിരീക്ഷിച്ചും വരുന്നു. സ്ത്രീകൾക്കു നേരെ നടക്കുന്ന കുറ്റകൃത്യങ്ങൾക്ക് ചുമത്താവുന്ന വകുപ്പുകൾ അങ്ങേയറ്റം ചുമത്തി എത്രയും വേഗത്തിൽ പ്രതികളെ അറസ്റ്റ് ചെയ്ത് റിമാൻഡു ചെയ്ത് ഊർജ്ജിതമായി അന്വേഷണം പൂർത്തിയാക്കി ശിക്ഷ ലഭിക്കുന്നതിലേക്ക് കുറ്റപത്രം കോടതിയിൽ സമർപ്പിച്ചും വരുന്നു.

(സി) 2014 ജനുവരി മുതൽ സ്ത്രീ യാത്രക്കാർക്ക് നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് സംസ്ഥാന റെയിൽവേ പോലീസ് 139 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസുകളിൽ 131 എണ്ണം ചാർജ് ചെയ്തിട്ടുള്ളതും 3 കേസ്സുകൾ

അന്വേഷണാവസ്ഥയിലും 5 കേസ്സുകൾ തെളിയിക്കപ്പെടാത്തതും ആണ്. ചാർജ് ചെയ്ത 131 കേസ്സുകളിൽ 18 കേസ്സുകൾ വെറുതേ വിട്ടിട്ടുള്ളതും, 110 കേസ്സുകൾ കോടതിയിൽ വിചാരണയിലുമാണ്.

## സ്റ്റുഡന്റ് കേഡറ്റ് പദ്ധതി

181 (1886) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്റ്റുഡന്റ് കേഡറ്റ് പദ്ധതി നടപ്പിലാക്കിയ സ്കൂളുകളുടെ ജില്ലകൾ തിരിച്ചുള്ള കണക്ക് വിശദമാക്കാമോ ?

ഉത്തരം

ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| തിരുവനന്തപുരം സിറ്റി | - | 15 |
| തിരുവനന്തപുരം റൂറൽ | - | 30 |
| കൊല്ലം സിറ്റി | - | 11 |
| കൊല്ലം റൂറൽ | - | 16 |
| പത്തനംതിട്ട | - | 19 |
| ആലപ്പുഴ | - | 27 |
| കോട്ടയം | - | 43 |
| ഇടുക്കി | - | 24 |
| കൊച്ചി സിറ്റി | - | 15 |
| എറണാകുളം റൂറൽ | - | 24 |
| തൃശ്ശൂർ സിറ്റി | - | 10 |
| തൃശ്ശൂർ റൂറൽ | - | 26 |

| | | |
|---|---|---|
| പാലക്കാട് | - | 22 |
| മലപ്പുറം | - | 36 |
| കോഴിക്കോട് സിറ്റി | - | 23 |
| കോഴിക്കോട് റൂറൽ | - | 25 |
| വയനാട് | - | 18 |
| കണ്ണൂർ | - | 22 |
| കാസർഗോഡ് | - | 16 |

**വാഹനങ്ങളുടെ അമിതവേഗം**

182 (1887) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈവേകളിൽ സ്ഥാപിച്ച ക്യാമറകളിൽ നിന്നുള്ള വിവരമനുസരിച്ച് 2015 ഏപ്രിൽ 30 വരെ അമിതവേഗത്തിൽ പോയ എത്ര വാഹന ഉടമകൾക്ക് നോട്ടീസയച്ചിട്ടുണ്ട് ; എത്രപേർ പിഴയടച്ചിട്ടുണ്ട് ;

(ബി) ഇവരിൽ മന്ത്രിമാർ, എം.എൽ.എ.-മാർ, ഐ.എ.എസ്, ഐ.പി.എസ്. ഉദ്യോഗസ്ഥർ എന്നിവരുൾപ്പെടെ എത്ര പേരുടെ ഔദ്യോഗിക വാഹനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ; ഇതിൽ എത്ര പേർ പിഴയടച്ചിട്ടുണ്ട് ?

(സി) വേഗ നിയന്ത്രണ നിയമ വ്യവസ്ഥകളിൽ നിന്നും ആർക്കെങ്കിലും ഇളവ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) പിഴ ഈടാക്കുന്ന കാര്യത്തിൽ മന്ത്രിമാരെ ഒഴിവാക്കുകയും സാമാജികരെ ഉൾപ്പെടുത്തുകയും ചെയ്യുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) അമിത വേഗത്തിൽ പോയ 15481 വാഹനങ്ങൾക്ക് 2014 വർഷത്തിലും

4188 വാഹനങ്ങൾക്ക് 2015 ഏപ്രിൽ 30 വരെയും നോട്ടീസ് അയച്ചിട്ടുണ്ട്. അതിൽ 2014 വർഷത്തിൽ 5220 പേരും 2015 ഏപ്രിൽ 30 വരെ 1017 പേരും പിഴ അടയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇവരിൽ മന്ത്രിമാർ, എം.എൽ.എ.-മാർ, ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ എന്നിവരുടെ ഔദ്യോഗിക വാഹനങ്ങൾ ഉൾപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മറ്റ് ഔദ്യോഗിക വാഹനങ്ങൾ 2014-ൽ 93 എണ്ണവും 2015 ഏപ്രിൽ 30 വരെ 15 എണ്ണവും ഉൾപ്പെട്ടിട്ടുള്ളതും, അതിൽ 2014-ൽ 39 പേരും 2015 ഏപ്രിൽ 30 വരെ 4 പേരും പിഴ അടച്ചിട്ടുള്ളതുമാണ്.

(സി) ആർക്കും ഇളവ് നൽകാറില്ല.

(ഡി) ഇപ്രകാരം പിഴ ചുമത്തുന്നതിൽനിന്നും ആരുടെയും വാഹനങ്ങൾ ഒഴിവാക്കാറില്ല.

**സംസ്ഥാനത്തെ ജയിലുകളും തടവുകാരും**

183 (1888) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ജയിലുകളാണ് നിലവിലുള്ളത് ;

(ബി) ഇതിൽ സെൻട്രൽ ജയിലുകൾ, ജില്ലാ ജയിലുകൾ, സബ് ജയിലുകൾ എത്ര വീതമെന്ന് വ്യക്തമാക്കുമോ ;

(സി) ഇവയിലെല്ലാം കൂടി എത്ര പേരെ പാർപ്പിക്കുവാനുള്ള സൗകര്യമാണുള്ളത് ;

(ഡി) ഇപ്പോൾ എത്ര പേരാണ് സംസ്ഥാനത്തെ ജയിലുകളിൽ ഉള്ളത്;

(ഇ) അതിൽ ശിക്ഷിക്കപ്പെട്ടവർ, റിമാന്റ് തടവുകാർ എത്ര വീതമെന്നു വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ)52 ജയിലുകളും ഒരു ബോർസ്റ്റൽ സ്കൂളും നിലവിലുണ്ട്.

(ബി) <u>ജയിലുകളുടെ പേര്</u>    <u>ജയിലുകളുടെ എണ്ണം</u>

| | | |
|---|---|---|
| 1. | സെൻട്രൽ ജയിൽ | 3 |
| 2. | തുറന്ന ജയിൽ | 2 |
| 3 | വനിതാ ജയിൽ | 3 |
| 4. | വനിതാ തുറന്ന ജയിൽ | 1 |
| 5. | ജില്ലാ ജയിൽ | 10 |
| 6. | സ്പെഷ്യൽ സബ് ജയിൽ | 17 |
| 7. | സബ് ജയിൽ | 16 |
| 8. | ബോർസ്റ്റൽ സ്കൂൾ | 1 |

(സി) 52 ജയിലുകളും ബോർസ്റ്റൽ സ്കൂളിലുമായി 6217 അന്തേവാസികളെ പാർപ്പിക്കാനുള്ള ശേഷിയുണ്ട്.

(ഡി) 10-6-2015-ലെ കണക്കുപ്രകാരം ആകെ 6965 തടവുകാരുണ്ട്.

(ഇ) 10-6-2015-ലെ കണക്കനുസരിച്ച് 2831 ശിക്ഷിക്കപ്പെട്ട തടവുകാരും 4134 റിമാന്റ് തടവുകാരുമുണ്ട്.

## ഷെഡ്യൂൾഡ് കാസ്റ്റ്സ് & ഷെഡ്യൂൾഡ് ട്രൈബ്സ് (പ്രിവെൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ട്

184 (1889) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷെഡ്യൂൾസ് കാസ്റ്റ്സ് & ഷെഡ്യൂൾഡ് ട്രൈബ്സ് (പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ) ആക്ട് ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) നിയമം ഫലപ്രദമായി നടപ്പാക്കപ്പെടുന്നു എന്ന് ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(സി) ഏറ്റവും ഒടുവിൽ ഇക്കാര്യങ്ങൾ അവലോകനം ചെയ്തത് എപ്പോഴാണെന്നും ഇപ്രകാരം എത്തിച്ചേർന്ന നിഗമനങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കുമോ ;

(ഡി) പട്ടിക വിഭാഗങ്ങൾക്കെതിരെ നടക്കുന്ന അതിക്രമങ്ങളിൽ ഈ ആക്ടുമായി ബന്ധപ്പെട്ട് നിയമാനുസൃത കടമ നിർവ്വഹിക്കാത്തതിന്റെ പേരിൽ ഉദ്യോഗസ്ഥർക്കെതിരെ കേസെടുക്കുകയുണ്ടായോ ; എങ്കിൽ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഷെഡ്യൂൾഡ് കാസ്റ്റ്സ് & ഷെഡ്യൂൾഡ് ട്രൈബ്സ് (പ്രിവെൻഷൻ ഓഫ് അട്രോസിറ്റീസ്ഃ ആക്ട് ഫലപ്രദമായി നടപ്പിലാക്കുന്നുണ്ട്. പട്ടികജാതി-പട്ടിവർഗ്ഗ വിഭാഗങ്ങൾക്കുനേരെ അതിക്രമം നടന്നതായി വിവരം ലഭിച്ചാൽ സബ് ഡിവിഷണൽ പോലീസ് ഓഫീസർ സ്ഥലം സന്ദർശിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കി സർക്കാരിലേക്ക് അയയ്ക്കുകയും അട്രോസിറ്റി ആക്ട് പ്രകാരമുള്ള കുറ്റകൃത്യങ്ങൾ നടന്നാൽ ഷെഡ്യൂൾഡ് കാസ്റ്റ്സ് & ഷെഡ്യൂൾഡ് ട്രൈബ്സ് (പ്രിവെൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ട് (1989)-ലെ ബന്ധപ്പെട്ട സെക്ഷൻ ഉൾപ്പെടുത്തി കേസ്സ് രജിസ്റ്റർ ചെയ്യുകയും ചെയ്തുവരുന്നു. അതിക്രമങ്ങൾക്ക് ഇരയായവർക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതിനായി എഫ്.ഐ.ആറിന്റെ പകർപ്പ്, കളക്ടറേറ്റിലേക്ക് യഥാസമയം അയച്ചു കൊടുക്കുന്നുണ്ട്. ഇപ്രകാരമുള്ള കേസ്സുകൾ ഡിവൈ.എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥനാണ് അന്വേഷിക്കുന്നത്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. ഷെഡ്യൂൾഡ് കാസ്റ്റ്സ് & ഷെഡ്യൂൾഡ് ട്രൈബ്സ് (പ്രിവെൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ട് ഫലപ്രദമായി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ മാസവും ജില്ലാ പോലീസ് മേധാവിമാരുടെ അദ്ധ്യക്ഷതയിൽ റിവ്യൂ മീറ്റിംഗ് നടത്തി അന്വേഷണാവസ്ഥയിലുള്ള കേസുകളുടെ പുരോഗതി വിലയിരുത്തി കീഴുദ്യോഗസ്ഥർക്ക് വേണ്ട നിർദ്ദേശം നൽകാറുണ്ട്. വിവിധ പട്ടികജാതി-പട്ടികവർഗ്ഗ പ്രതിനിധികൾ, എസ്.സി./എസ്.ടി. വകുപ്പുകൾ, എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കുന്ന വിവിധ മോണിറ്ററിംഗ് കമ്മിറ്റി യോഗങ്ങളിലൂടെ പട്ടികജാതി പട്ടികവർഗ്ഗ പ്രതിനിധികൾ ഉന്നയിക്കുന്ന ആവശ്യങ്ങളിലും പരാതികളിലും യുക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാ പോലീസ് മേധാവിമാരും ഡിവൈ.എസ്.പി.-മാരും പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ സന്ദർശിക്കുകയും കോളനികൾ കേന്ദ്രീകരിച്ച് ആവശ്യമായ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക, അതിക്രമങ്ങൾക്ക് ഇരയാകുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങിയവ ചെയ്തുവരുന്നുണ്ട്. ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ നടക്കുന്ന അവലോകന യോഗങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമങ്ങളുമായി ബന്ധപ്പെട്ട മറ്റ് പ്രധാനപ്പെട്ട വിവരങ്ങൾ ചർച്ച ചെയ്യുകയും ആവശ്യമായ തുടർ

നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(സി) എല്ലാ ജില്ലകളിലും എല്ലാ മാസവും ഇക്കാര്യങ്ങൾ അവലോകനം ചെയ്തു വരുന്നുണ്ട്. അതിക്രമങ്ങൾക്കിരയായവർക്ക് ധനസഹായം അനുവദിക്കുക, അതിക്രമം തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ, വിചാരണയിലുള്ള കേസുകൾ, അതിക്രമം സംബന്ധിച്ച് ലഭിച്ച പരാതികൾ എന്നീ വിഷയങ്ങളിൽ അവലോകനം നടത്തി ഉചിതമായ നടപടികൾ യഥാവിധി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ഡി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെ നടന്ന അതിക്രമങ്ങളിൽ നിയമാനുസൃത കടമ നിർവ്വഹിക്കാത്തതിന് ആരുടെ പേരിലും കേസെടുത്തിട്ടില്ല.

**പന്തിരിക്കര പെൺവാണിഭ കേസ്**

185 (1890) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്തിരിക്കര പെൺവാണിഭ കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത കേസ്സിൽ എത്ര പ്രതികൾ ഉണ്ടെന്നും അവർ ആരൊക്കെയെന്നും വെളിപ്പെടുത്തുമോ ;

(സി) കേസിന്റെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എപ്പോഴാണ് എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പന്തിരിക്കര പെൺവാണിഭ കേസ് (പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 373/13) ബഹുമാനപ്പെട്ട കോഴിക്കോട് പ്രിൻസിപ്പൽ സെഷൻസ് കോടതിയിൽ വിചാരണയിലാണ്.

(ബി) രണ്ട് പ്രതികൾ ഉണ്ട്. പേരുവിവരം ചുവടെ ചേർക്കുന്നു :

1. ഷാഫി @ ഷാഫി മുഹമ്മദ്, S/o മമ്മു, എടത്തുംകര (H), ആവടുക്ക, ചങ്ങരോത്ത്.
2. ഷഫീഖ്, S/o ഇബ്രാഹം, മീത്തലെ പാലാട്ടക്കര (H), തട്ടോരപ്പാറ പി. ഒ., കിഴക്കൻ പേരാമ്പ്ര.

(സി) 5-11-2014 തീയതി ബഹുമാനപ്പെട്ട കോഴിക്കോട് പ്രിൻസിപ്പൽ സെഷൻസ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

## ഷെഡ്യൂൾഡ് കാസ്റ്റ്സ് & ഷെഡ്യൂൾഡ് ട്രൈബ്സ് (പ്രിവെൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ട് പ്രകാരമുള്ള കുറ്റകൃത്യങ്ങൾ

186 (1891) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷെഡ്യൂൾഡ് കാസ്റ്റ്സ് ആൻഡ് ഷെഡ്യൂൾഡ് ട്രൈബ്സ് (പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ട് പ്രകാരം അതിക്രമങ്ങളായി പരിഗണിക്കുന്ന കുറ്റകൃത്യങ്ങൾ എന്തെല്ലാമാണ് ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഇപ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കാത്ത എത്ര കേസ്സുകളുണ്ടെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) 1989-ലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമത്തിലെ 3 (1)-ൽ 1 മുതൽ (XV) വരെയും 3 (2)-ൽ 1 മുതൽ (VII) വരെയുമുള്ള വകുപ്പുകൾ പ്രകാരം വിവരിക്കുന്ന കുറ്റകൃത്യങ്ങളാണ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് (പ്രിവെൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ട് പ്രകാരം അതിക്രമങ്ങളായി പരിഗണിക്കുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 927 കേസുകൾ.

## മനുഷ്യാവകാശ കമ്മീഷന്റെ വിധികൾ

187 (1892) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1993-ലെ മനുഷ്യാവകാശ സംരക്ഷണ നിയമപ്രകാരം ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും മനുഷ്യാവകാശ കമ്മീഷനിൽ പോലീസ്/സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ ലഭിച്ച പരാതികളിൽ എത്ര പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്, അവർ ആരെല്ലാം ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആർക്കെല്ലാം എതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചു വിശദാംശം ലഭ്യമാക്കുമോ ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ സർക്കാർ തീരുമാനങ്ങൾക്കെതിരെ മനുഷ്യാവകാശ കമ്മീഷന്റെ എത്ര വിധികൾ വന്നു, എത്ര എണ്ണത്തിൽ സർക്കാർ നടപടികൾ സ്വീകരിച്ചു ;

(ഡി) ലിംഗപരമായ അസമത്വം, മലിനീകരണം, പരിസ്ഥിതിനാശം, ബ്ലേഡ് മാഫിയ തുടങ്ങി മാഫിയകൾ എന്നിവരിൽ നിന്നും ജനങ്ങൾക്ക് സംരക്ഷണം നൽകിക്കൊണ്ട് മനുഷ്യാവകാശ കമ്മീഷൻ എത്ര കേസ്സുകളിൽ 2011-12 മുതൽ 2015-16 വരെ വിധികൾ പ്രഖ്യാപിച്ചു ; അതിന്മേൽ ഓരോ കേസ്സിലും സർക്കാർ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാം ; വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ആഗോള മനുഷ്യാവകാശ ദിനമായ ഡിസംബർ 10-ന് കേരളത്തിലെ മുഴുവൻ സർക്കാർ ആഫീസുകളിലും വിദ്യാലയങ്ങളിലും മനുഷ്യാവകാശ പ്രതിജ്ഞ എടുത്തുവരുന്നു. 11-9-2013-ലെ ജി.ഒ.(എംഎസ്.) നമ്പർ 227/13/ഹോം ഉത്തരവ് പ്രകാരം സംസ്ഥാനത്തെ 14 ജില്ലകളിലെയും പ്രിൻസിപ്പൽ ജില്ല സെഷൻസ് കോടതികളെ 1993-ലെ മനുഷ്യാവകാശ സംരക്ഷണ ആക്റ്റിൻ കീഴിലുള്ള കുറ്റങ്ങൾ വിചാരണ ചെയ്യുന്നതിനുവേണ്ടിയുള്ള മനുഷ്യാവകാശ കോടതികളായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**അന്യസംസ്ഥാന തൊഴിലാളികളിലെ കുറ്റവാളികളെ നിയന്ത്രിക്കാൻ നടപടി**

188 (1893) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായ എത്ര കേസുകൾ ഇതിനോടകം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായ നിരവധി കേസ്സുകൾ ഉണ്ടാകുന്ന സാഹചര്യം കണക്കിലെടുത്ത് അവരുടെ പ്രവൃത്തികൾ നിരീക്ഷിക്കുന്നതിനും കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) പരിചയമില്ലാത്തവരെയും ഐഡന്റിറ്റി പോലും കൃത്യമായി ലഭ്യമാക്കാത്തവരുമായ അന്യസംസ്ഥാനത്തൊഴിലാളികളെ വേതനക്കുറവ് മാത്രം പരിഗണിച്ച് വീടുകളുടെ സൂക്ഷിപ്പ് ജോലിപോലും ഏല്പിക്കുന്ന സാഹചര്യം ഒഴിവാക്കുവാൻ ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുമോ ?

<u>ഉത്തരം</u>

(എ) 1322 കേസുകൾ. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) അന്യസംസ്ഥാന തൊഴിലാളികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും പരിശോധിക്കുന്നതിനും എല്ലാ പോലീസുദ്യോഗസ്ഥർക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്പെഷ്യൽ ബ്രാഞ്ച് ഇക്കാര്യത്തിൽ ജാഗ്രത പുലർത്തുന്നുണ്ട്. അന്യസംസ്ഥാന തൊഴിലാളികളുടെ തിരിച്ചറിയൽ രേഖകളുടെ പകർപ്പ്, ഫോട്ടോ എന്നിവ സഹിതമുള്ള വിവരങ്ങൾ പോലീസ് സ്റ്റേഷനുകളിൽ ശേഖരിച്ചുവരുന്നുണ്ട്. തൊഴിലുടമകളുമായി ബന്ധപ്പെട്ട് വരുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ വിലാസവും മറ്റ് വിവരങ്ങളും അതാത് സ്റ്റേഷനുകളിൽ ശേഖരിച്ചുവരുന്നുണ്ട്. തൊഴിലുടമയുടെയും തൊഴിൽ സ്ഥാപനത്തിന്റെയും പേരും വിലാസവും അന്യസംസ്ഥാന തൊഴിലാളിയുടെ പേരും വിലാസവും, ഫോട്ടോ, ഒപ്പ്, എന്നുമുതൽ ജോലി ചെയ്തുവരുന്നു തുടങ്ങിയ കാര്യങ്ങളും രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചുവരുന്നുണ്ട്. അന്യസംസ്ഥാനത്തുനിന്നും പുതുതായി ആളുകൾ സ്ഥിരമായ തൊഴിലുകൾക്കായി വരുമ്പോൾ അവരുടെ വിവരങ്ങൾ രജിസ്റ്ററിൽ കൂട്ടിചേർക്കാറുണ്ട്. പോലീസ് സ്റ്റേഷനിൽ സ്റ്റേഷൻ ഹൗസ് ഓഫീസറെയാണ് ഇക്കാര്യങ്ങൾക്കായി ചുമതലപ്പെടുത്തിയിരിക്കുന്നത്. അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ഇടങ്ങളിലും തൊഴിലിടങ്ങളിലും പരിശോധന നടത്തുന്നതിനും അവരുടെ കൈവശമുള്ള തിരിച്ചറിയൽ രേഖകൾ കൃത്യമാണോയെന്ന് പരിശോധിച്ച് ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതിനും എല്ലാ പോലീസുദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(സി) ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാൻ ജനമൈത്രി പോലീസിന്റെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

**അന്യസംസ്ഥാനത്തൊഴിലാളികളുടെ കുറ്റകൃത്യങ്ങൾ നിയന്ത്രിക്കാൻ നടപടി**

189 (1894) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാന തൊഴിലാളികളുടെ കുറ്റകൃത്യങ്ങൾക്കെതിരെ എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ;

(ബി) ഇങ്ങനെ ജോലി തേടിയെത്തുന്ന അന്യസംസ്ഥാന തൊഴിലാളികളെ നിയന്ത്രിക്കാനും നിരീക്ഷിക്കാനും എന്തെങ്കിലും നടപടിയെടുക്കുമോയെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിൽപ്പിന്നെ അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളാകുന്ന എത്ര ക്രിമിനൽ കേസ്സുകൾ കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ ; ഇതിൽ എത്ര കൊലപാതകക്കേസ്സുകൾ ഉണ്ടെന്ന് പ്രത്യേകം വിവരിക്കുമോ ?

ഉത്തരം

(എ) കുറ്റകൃത്യങ്ങളിലേർപ്പെടുന്ന അന്യസംസ്ഥാന തൊഴിലാളികൾക്കെതിരെ നിലവിലുള്ള നിയമമനുസരിച്ച് കർശനമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) അന്യസംസ്ഥാന തൊഴിലാളികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും പരിശോധിക്കുന്നതിനും എല്ലാ പോലീസുദ്യോഗസ്ഥർക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്പെഷ്യൽ ബ്രാഞ്ച് ഇക്കാര്യത്തിൽ ജാഗ്രത പുലർത്തുന്നുണ്ട്. അന്യസംസ്ഥാന തൊഴിലാളികളുടെ തിരിച്ചറിയൽ രേഖകളുടെ പകർപ്പ്, ഫോട്ടോ എന്നിവ സഹിതമുള്ള വിവരങ്ങൾ പോലീസ് സ്റ്റേഷനുകളിൽ ശേഖരിച്ചു വരുന്നുണ്ട്. തൊഴിലുടമകളുമായി ബന്ധപ്പെട്ട് വരുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ വിലാസവും മറ്റ് വിവരങ്ങളും അതാത് സ്റ്റേഷനുകളിൽ ശേഖരിച്ചു വരുന്നുണ്ട്. തൊഴിലുടമയുടെയും തൊഴിൽ സ്ഥാപനത്തിന്റെയും പേരും വിലാസവും അന്യസംസ്ഥാന തൊഴിലാളിയുടെ പേരും വിലാസവും, ഫോട്ടോ, ഒപ്പ്, എന്നുമുതൽ ജോലി ചെയ്തു വരുന്നു തുടങ്ങിയ കാര്യങ്ങളും രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചുവരുന്നുണ്ട്. അന്യസംസ്ഥാനത്തുനിന്നും പുതുതായി ആളുകൾ സ്ഥിരമായ തൊഴിലുകൾക്കായി വരുമ്പോൾ അവരുടെ വിവരങ്ങൾ രജിസ്റ്ററിൽ കൂട്ടിച്ചേർക്കാറുണ്ട്. പോലീസ്

സ്റ്റേഷനിൽ സ്റ്റേഷൻ ഹൗസ് ഓഫീസറെയാണ് ഇക്കാര്യങ്ങൾക്കായി ചുമതല പ്പെടുത്തിയിരിക്കുന്നത്. അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ഇടങ്ങളിലും തൊഴിലിടങ്ങളിലും പരിശോധന നടത്തുന്നതിനും അവരുടെ കൈവശമുള്ള തിരിച്ചറിയൽ രേഖകൾ കൃത്യമാണോയെന്ന് പരിശോധിച്ച് ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുന്നതിനും എല്ലാ പോലീസുദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) 1322 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 78 കൊലപാതക കേസ്സുകൾ ഉൾപ്പെടുന്നു. ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## പള്ളിക്കൽ ഹിരണ്യനല്ലൂർ ക്ഷേത്ര അഗ്നിബാധ

190 (1895) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളിക്കൽ ഹിരണ്യനല്ലൂർ ക്ഷേത്രം തീപിടുത്തവുമായി ബന്ധപ്പെട്ട് നിലവിൽ അന്വേഷണം നടത്തി വരുന്നുണ്ടോ ;

(ബി) എങ്കിൽ അന്വേഷണത്തിൽ ഉണ്ടായിട്ടുള്ള കാലവിളംബത്തിന്റെ കാരണം അറിയിക്കുമോ ;

(സി) പ്രസ്തുത അന്വേഷണത്തിൻമേൽ വെളിപ്പെടുത്താവുന്ന വിവരങ്ങൾ വിശദമാക്കുമോ ;

(ഡി) സമയബന്ധിതമായി ഈ അന്വേഷണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പള്ളിക്കൽ ഹിരണ്യനല്ലൂർ ക്ഷേത്ര തീപിടുത്തവുമായി ബന്ധപ്പെട്ട അടൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 2000/2014 എന്ന കേസ് ക്രൈംബ്രാഞ്ചിന് കൈമാറുകയും Cr.No.8/CR/OCW-1/TVPM/2015 ആയി റീ-നമ്പർ ചെയ്ത് OCW-1 പത്തനംതിട്ട സബ് യൂണിറ്റ് ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ അന്വേഷണം നടത്തി വരുന്നു.

(ബി) അന്വേഷണത്തിൽ കാലവിളംബമുണ്ടായിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി&ഡി) കൃത്യ സ്ഥലത്തുനിന്നും ബന്ധവസിലെടുത്തിട്ടുള്ള സാധനങ്ങളും കൃത്യ ക്ഷേത്രത്തിന്റെ താഴികക്കുടവും മറ്റും ഫോറൻസിക് സയൻസ് ലബോറട്ടറിയിലേക്ക് പരിശോധനയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ടി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## സ്മാർട്ട് പോലീസ് സ്റ്റേഷനുകൾ

191 (1896) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സ്റ്റേഷനുകൾ സ്മാർട്ട് സ്റ്റേഷനുകളാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് യാഥാർത്ഥ്യമാവും എന്ന് വ്യക്തമാക്കുമോ ;

(സി) പോലീസ് സ്റ്റേഷനുകളെ ജനസൗഹൃദമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ&ബി) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം കേരളത്തിൽ ഒരു സ്മാർട്ട് പോലീസ് സ്റ്റേഷൻ നിർമ്മിക്കുവാൻ തീരുമാനിക്കുകയും തമ്പാനൂർ പോലീസ് സ്റ്റേഷനെ ഇതിനായി പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച പ്ലാനും എസ്റ്റിമേറ്റും കെ.പി.എച്ച്.സി.സി. തയ്യാറാക്കി വരികയാണ്. എസ്റ്റിമേറ്റ് കിട്ടിയാലുടൻ അംഗീകാരത്തിനും ഫണ്ടിനും വേണ്ടി എം.എച്ച്.എ.-യിലേക്ക് അയച്ചു കൊടുക്കുന്നതാണ്.

(സി) പോലീസ് സ്റ്റേഷനുകൾ ജനസൗഹൃദമാക്കുന്നതിനായി പതിമൂന്നാം ഫിനാൻസ് കമ്മീഷൻ പദ്ധതി പ്രകാരം 70 പോലീസ് സ്റ്റേഷനുകളിൽ കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്ററും, 50 പോലീസ് സ്റ്റേഷനുകളിൽ ടൂറിസ്റ്റ് പ്രൊട്ടക്ഷൻ ആന്റ് പോലീസ് അസിസ്റ്റൻസ് സെന്ററും 17 സ്റ്റേഷനുകളിൽ സീനിയർ സിറ്റിസൺ സർവ്വീസ് ബ്യൂറോകളും നിർമ്മിക്കുവാൻ കെ.പി.എച്ച്.സി.സി.-ക്ക് അനുമതി നൽകിയിട്ടുണ്ട്. പണികൾ പൂർത്തിയായി വരുന്നു.

## മാവോയിസ്റ്റ് പ്രവർത്തനം

192 (1897) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവോയിസ്റ്റ് പ്രവർത്തനം വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മാവോയിസ്റ്റ് പ്രവർത്തനം നേരിടുന്നതിന് കേന്ദ്രസഹായം തേടിയിട്ടുണ്ടോ ;

(സി) പ്രസ്തുത പ്രവർത്തനം നേരിടുന്നതിന് മറ്റ് സംസ്ഥാനങ്ങളുമായി സഹകരിച്ച് കർമ്മ പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 2013 ഫെബ്രുവരി മാസം മുതൽ സംസ്ഥാനത്തിന്റെ വടക്കൻ മേഖലയിൽ ചില ജില്ലകളിൽ വനപ്രദേശങ്ങളിലും വനത്തിനോട് അടുത്ത പ്രദേശങ്ങളിലും മറ്റും സായുധ മാവോയിസ്റ്റ് സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അന്തർ സംസ്ഥാന പ്രവർത്തനമായതിനാൽ കേന്ദ്ര സഹായം തേടിയിട്ടുണ്ട്.

(സി) മാവോയിസ്റ്റ് പ്രവർത്തനം നേരിടുന്നതിന് അയൽ സംസ്ഥാനങ്ങളുമായി സഹകരിക്കുന്നുണ്ട്.

## സെക്യൂരിറ്റി ജീവനക്കാരനായ അച്ചുതൻ നായർക്ക് മർദ്ദനമേറ്റത് സംബന്ധിച്ച കേസ്

193 (1898) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ-പൂങ്കുന്നം പുഷ്പഗിരി കാപ്പിറ്റൽ റസിഡൻസി ഫ്ലാറ്റിൽ സെക്യൂരിറ്റി ജീവനക്കാരനായ അച്ചുതൻ നായർക്ക് ജോലിക്കിടെ ക്രൂര മർദ്ദനമേറ്റ് ഇടതു കൈയ്യുടെ എല്ല് പൊട്ടിയതു സംബന്ധിച്ച പരാതിയിൽ പോലീസ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; ആരെ പ്രതി ചേർത്താണ് കേസ്സെടുത്തിട്ടുള്ളത് ; ഏതെല്ലാം വകുപ്പുകൾ ചേർത്താണ് എഫ്.ഐ.ആർ. തയ്യാറാക്കിയിട്ടുള്ളത് ; എഫ്.ഐ.ആർ.-ന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സെക്യൂരിറ്റി ജീവനക്കാർക്ക് ജോലിക്കിടെ മർദ്ദനം ഏൽക്കുന്നത് നിത്യസംഭവമായി മാറുന്നതു കണക്കിലെടുത്ത് ജോലിക്കിടയിൽ ഇവർക്ക് സംരക്ഷണം ഉറപ്പുവരുത്തുന്നതിന് എന്തു നടപടികളാണ്

പോലീസ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇതുസംബന്ധിച്ച് തൃശ്ശൂർ വെസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 915/2015 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സുജിത്ത് (അരീക്കൽ എൻക്ലേവ്, ഫ്ലാറ്റ് നമ്പർ 5 എ) എന്നയാളിനെ പ്രതിയാക്കി 341, 325 ഐ.പി.സി.-യിലെ വകുപ്പുകൾ ചേർത്താണ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുള്ളത്. എഫ്.ഐ.ആർ.-ന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) സെക്യൂരിറ്റി ജീവനക്കാർക്ക് ജോലിക്കിടെയുള്ള മർദ്ദനം സംബന്ധിച്ച് പരാതി ലഭിച്ചാൽ താമസംവിനാ കേസുകൾ രജിസ്റ്റർ ചെയ്ത്, കുറ്റക്കാർക്കെതിരെ നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് ശക്തമായ നിയമനടപടികൾ സ്വീകരിച്ചു വരുന്നു.

## സ്റ്റുഡന്റ്സ് പോലീസ്

194 (1899) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റുഡന്റ്സ് പോലീസ് ആരംഭിക്കുന്നതിന് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങൾ തമ്മിൽ എന്തെങ്കിലും വ്യത്യാസം നിലനിൽക്കുന്നുണ്ടോ ;

(ബി) സ്റ്റുഡന്റ്സ് പോലീസ് അംഗങ്ങൾക്ക് ഈ വർഷം മുതൽ നൽകുവാൻ ഉദ്ദേശിക്കുന്ന ഗ്രേസ് മാർക്ക് എത്രയെന്ന് വിശദമാക്കാമോ ;

(സി) സ്റ്റുഡന്റ്സ് പോലീസ് അംഗങ്ങൾക്ക് പോലീസ് റിക്രൂട്ട്മെന്റിൽ എന്തെങ്കിലും തരത്തിലുള്ള മുൻഗണന ലഭ്യമാകുമോ എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയിൽ ചേർന്ന് 2 വർഷത്തെ പരിശീലനം കാര്യക്ഷമമായി പൂർത്തിയാക്കുന്ന, 75 ശതമാനം ഹാജരുള്ള എസ്.എസ്.എൽ.സി., ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കണ്ടറി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കേഡറ്റുകൾക്ക് 5 ശതമാനം ഗ്രേസ് മാർക്ക് നൽകി വരുന്നുണ്ട്.

(സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**മയക്കുമരുന്ന് ഉപയോഗവും വിപണനവും**

195 (1900) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മയക്കുമരുന്ന് ഉപയോഗം, വിപണനം എന്നിവ സംബന്ധിച്ച കേസുകൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(സി) മയക്കുമരുന്ന് ഉപയോഗവും വിപണനവും തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) മയക്കു മരുന്നുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഇന്റർനെറ്റ് സാങ്കേതികവിദ്യ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) മയക്കുമരുന്ന് ഉപയോഗം, വിപണനം എന്നിവ നടത്തുന്നവർക്കെതിരെ നിലവിലുള്ള നിയമമനുസരിച്ച് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി സ്കൂളുകളിലും കോളേജുകളിലും മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി വഴി ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ മയക്കുരുന്ന് ഉപയോഗവും വിപണനവും നടത്തുന്നവരെ കുറിച്ച് രഹസ്യ വിവരങ്ങൾ ശേഖരിക്കുന്നതിനും കുറ്റവാളികളെ കണ്ടുപിടിച്ച് നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനുംവേണ്ടി സ്കൂൾതലത്തിൽ സജീവമായി പ്രവർത്തിക്കുന്ന എസ്.പി.സി., എസ്.പി.ജി. എന്നിവയിലെ അംഗങ്ങളെ ബോധവത്ക്കരിച്ചിട്ടുണ്ട്. വ്യാപാര സ്ഥാപനങ്ങളും മറ്റും നിരീക്ഷിച്ചും റെയ്ഡുകൾ നടത്തിയും ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**റിപ്പോർട്ട് ചെയ്യപ്പെട്ട വാഹനാപകടങ്ങൾ**

196 (1901) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം റിപ്പോർട്ട് ചെയ്യപ്പെട്ട വാഹനാപകടങ്ങൾ എത്ര ; അതിൽ മരണപ്പെട്ടവർ എത്ര ;

(ബി) ക്യാബിനറ്റ് പദവിയുള്ളവരുടെ വാഹനങ്ങൾ ഇടിച്ചുണ്ടായ അപകടങ്ങൾ എത്ര ; തുടർന്നുണ്ടായ മരണങ്ങൾ എത്ര ;

(സി) ട്രാഫിക് നിയമലംഘനം സംബന്ധിച്ചുണ്ടായ കേസ്സുകൾ എത്ര ;

(ഡി) ഇതുമായി ബന്ധപ്പെട്ട് പിഴ ആയി ഈടാക്കിയ തുക എത്ര ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം റിപ്പോർട്ട് ചെയ്യപ്പെട്ട 1,44,975 വാഹനാപകടങ്ങളിൽ 16,780 പേർ മരണപ്പെട്ടു.

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ക്യാബിനറ്റ് പദവിയുള്ളവരുടെ വാഹനങ്ങൾ ഇടിച്ച് 10 അപകടങ്ങളിലായി 4 പേർ മരണപ്പെട്ടു.

(സി&ഡി) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാന പോലീസ്, ട്രാഫിക് നിയമ ലംഘനം സംബന്ധിച്ച് 8,38,221 കേസ്സുകളും 1,58,81,103 പെറ്റി കേസ്സുകളും എടുത്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 2,27,73,32,661 രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്.

**സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ**

197 (1902) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് നടന്ന കൊലപാതകങ്ങളിൽ എത്ര സ്ത്രീകളും കുട്ടികളും കൊല്ലപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഇതിൽ എത്ര കേസ്സുകളിൽ പ്രതികളെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെന്നും മറ്റു കേസ്സുകളുടെ നടപടിവിവരം എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് നടന്ന കൊലപാതകങ്ങളിൽ

514 സ്ത്രീകളും (95 പെൺകുട്ടികൾ ഉൾപ്പെടെ), 184 കുട്ടികളും (ആൺകുട്ടികൾ - 89, പെൺകുട്ടികൾ-95) കൊല്ലപ്പെട്ടിട്ടുണ്ട്. ഇതിൽ 531 കേസുകളിൽ പ്രതികളെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. പ്രതികളെ കണ്ടെത്താൻ കഴിയാത്ത കേസുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ധനകാര്യമന്ത്രി നോട്ടുമാല സ്വീകരിച്ച സംഭവം

198 (1903) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനകാര്യ മന്ത്രിക്ക് കറൻസി നോട്ടുകൾ കൊണ്ട് മാല ധരിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നോട്ടുമാല ധരിച്ചു കൊണ്ടുള്ള ഫോട്ടോകൾ സഹിതമുള്ള പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഒരു മന്ത്രി നോട്ടുമാല സ്വീകരിക്കുന്നതും ധരിക്കുന്നതും എത്രത്തോളം നിയമവിധേയമാണ് ;

(ഡി) പോലീസ് ഇതുസംബന്ധമായി അന്വേഷിക്കുകയോ എഫ്.ഐ.ആർ. തയ്യാറാക്കി തുടരന്വേഷണം നടത്തുകയോ ചെയ്തിട്ടുണ്ടോ ; വിശദമാക്കാമോ ?

### ഉത്തരം

(എ&ബി) ഇല്ല.

(സി) നോട്ടുമാല സ്വീകരിക്കുന്നതും അണിയുന്നതും നിയമപരമായി കുറ്റമല്ല. എന്നാൽ ബാങ്ക് നോട്ടുകളുടെ ദുരുപയോഗം ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 2013 സെപ്തംബർ 13-ന് റിസർവ് ബാങ്ക് ഇറക്കിയ പത്രക്കുറിപ്പിൽ ഹാരവും മറ്റുമുണ്ടാക്കുന്നതിന് കറൻസി നോട്ടുകൾ ഉപയോഗിക്കരുതെന്ന് പൊതുജനങ്ങളോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഡി)'എ', 'ബി' എന്നീ ഉത്തരങ്ങളുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

## സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം

199 (1904) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. എം. ചന്ദ്രൻ :

ശ്രീ. ജെയിംസ് മാത്യു :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമ പ്രകാരം വ്യാജവാറ്റുകാർ/മയക്കുമരുന്നു കുറ്റവാളികൾ/ഹവാല തട്ടിപ്പുകാർ/ കള്ളനോട്ടുകാർ, സാമ്പത്തിക തട്ടിപ്പുകാർ/ ബ്ലേഡ് മാഫിയകൾ തുടങ്ങിയവർക്കെതിരെ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിയമം മേൽപ്പറഞ്ഞ വിഭാഗങ്ങൾക്കെതിരെ ഉപയോഗിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത നിയമപ്രകാരം നാടുകടത്തുകയും കസ്റ്റഡിയിൽ വയ്ക്കുകയും ചെയ്ത ഒട്ടേറെ നടപടികൾ കോടതി റദ്ദ് ചെയ്തിട്ടുള്ളതായി അറിയാമോ ; വ്യക്തമാക്കുമോ ?

(ഡി) നിയമം ദുർവിനിയോഗം ചെയ്യുന്നവർക്കെതിരെ നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) 2007-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം സമൂഹത്തിന്റെ സുരക്ഷയ്ക്കും പബ്ലിക് ഓർഡറിനും ഭീഷണി ഉയർത്തിക്കൊണ്ട് നിരന്തരം കുറ്റകൃത്യങ്ങളിലേർപ്പെടുന്ന വ്യാജവാറ്റുകാർ/മയക്കുമരുന്ന് കുറ്റവാളികൾ/ഹവാല തട്ടിപ്പുകാർ/ കള്ളനോട്ടുകാർ, സാമ്പത്തിക തട്ടിപ്പുകാർ/ബ്ലേഡ് മാഫിയയിൽ ഉൾപ്പെടുന്നവർ തുടങ്ങിയവരെ പ്രസ്തുത നിയമത്തിലെ വകുപ്പ് 3 പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനും, വകുപ്പ് 15 പ്രകാരം ഇവർക്കെതിരെ സഞ്ചലന നിയന്ത്രണ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ബി) നിയമത്തിന്റെ പരിധിയിൽ വരുന്ന എല്ലാത്തരം ആളുകൾക്കെതിരെയും നിയമത്തിലെ വ്യവസ്ഥകൾ ഉപയോഗിക്കുന്നുണ്ട്. ഏതെങ്കിലും പ്രത്യേക വിഭാഗങ്ങൾക്കെതിരെ നിയമം ഉപയോഗിക്കുന്നില്ല എന്നുള്ള പരാതികൾ ശ്രദ്ധയിൽ പെട്ടിട്ടില്ല.

(സി) പ്രസ്തുത നിയമപ്രകാരം നാടുകടത്തുകയും കസ്റ്റഡിയിൽ വയ്ക്കുകയും ചെയ്ത 101 നടപടികൾ കോടതി റദ്ദ് ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത നിയമം ദുർവിനിയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ദുർവിനിയോഗം ശ്രദ്ധയിൽപ്പെട്ടാൽ കർശനനടപടി സ്വീകരിക്കുന്നതാണ്.

## വാടാനപ്പള്ളിയിൽ പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടം

200 (1905) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജക മണ്ഡലത്തിലെ വാടാനപ്പള്ളിയിൽ പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(സി) ഇതിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഇതിന്റെ നിർമ്മാണം പ്രാരംഭ ഘട്ടത്തിലാണ്.

## കസ്റ്റഡിയിലെടുത്ത വാഹനങ്ങൾ

201 (1906) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നംകുളം, എരുമപ്പെട്ടി എന്നീ പോലീസ് സ്റ്റേഷനുകൾക്കു മുന്നിലെ റോഡിൽ വിവിധ കേസ്സുകളിലായി പോലീസ് കസ്റ്റഡിയിലെടുത്ത വലിയ വാഹനങ്ങൾ നിർത്തിയിട്ടിരിക്കുന്നത് കാൽനടയാത്രക്കാർക്കും മറ്റുവാഹനങ്ങൾക്കും വലിയ തോതിൽ ബുദ്ധിമുട്ടും ഗതാഗത തടസ്സവും നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വാഹനങ്ങൾ നീക്കം ചെയ്ത് ഗതാഗത തടസ്സം മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇത്തരത്തിലുള്ള ഗതാഗത തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കുന്നംകുളം, എരുമപ്പെട്ടി പോലീസ് സ്റ്റേഷനുകളിൽ വാഹനങ്ങൾ സൂക്ഷിക്കുന്നതിന് സ്ഥല സൗകര്യമില്ലാത്തതിനാൽ മണൽ കേസിൽ ഉൾപ്പെട്ടതും, Running Condition അല്ലാത്തതുമായ മണൽ വാഹനങ്ങൾ റോഡ് സൈഡിൽ മറ്റ് വാഹനങ്ങൾക്കോ, യാത്രക്കാർക്കോ ഗതാഗത തടസ്സവും ബുദ്ധിമുട്ടും ഉണ്ടാകാത്ത

തരത്തിൽ സൂക്ഷിക്കേണ്ടതായി വന്നിട്ടുണ്ട്.

(ബി&സി) നടപടി സ്വീകരിച്ചിട്ടുണ്ട്. കോടതിയിൽനിന്നും ഇതുമായി ബന്ധപ്പെട്ട കേസുകൾ അവസാനിക്കുന്ന മുറയ്ക്ക് വാഹനങ്ങളുടെ ഉടമസ്ഥർക്ക് ആയത് വിട്ടുകൊടുക്കുന്നുണ്ട്.

## സ്ത്രീകൾക്കെതിരെ നടന്ന അതിക്രമങ്ങൾ

202 (1907) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്റ്റർ ചെയ്യപ്പെട്ട സ്ത്രീകൾക്കെതിരെ നടന്ന അതിക്രമങ്ങൾ, ബലാൽസംഗം, കൊലപാതകം, ലൈംഗികാതിക്രമ കേസ്സുകളിൽ അറസ്റ്റിനു ശേഷം ജാമ്യത്തിൽ വിട്ടയയ്ക്കപ്പെട്ടവർ, റിമാന്റ് ചെയ്യപ്പെട്ടവർ എന്നിവ എത്ര വീതമെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ കേസ്സുകളിൽ അന്വേഷണം പൂർത്തിയായിട്ടില്ലാത്ത എത്ര കേസ്സുകൾ ഉണ്ട് ?

ഉത്തരം

(എ) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| വിഷയം | ജാമ്യത്തിൽ വിട്ടയയ്ക്കപ്പെട്ടവർ | റിമാന്റ് ചെയ്യപ്പെട്ടവർ |
|---|---|---|
| സ്ത്രീകൾക്കെതിരെ നടന്ന അതിക്രമങ്ങൾ | 34300 | 7883 |
| ബലാൽസംഗം | 379 | 4966 |
| കൊലപാതകം | 13 | 457 |
| ലൈംഗികാതിക്രമ കേസുകൾ | 10858 | 4994 |

(ബി) ഈ കേസുകളിൽ അന്വേഷണം പൂർത്തിയായിട്ടില്ലാത്തതായി 4721 കേസുകൾ ഉണ്ട്.

## കുറ്റവാളികൾക്കെതിരെ നടപടി

203 (1908) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രിമിനൽ കേസുകളിൽ പ്രതിയായവർ വീണ്ടും കുറ്റകൃത്യങ്ങളിൽ

ഏർപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം കുറ്റവാളികളെ നിരീക്ഷിക്കുന്നതിന് സംവിധാനമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ടോ ;

(സി) കുറ്റകൃത്യങ്ങൾ സംബന്ധിച്ച പരാതികൾ മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനായി ആരംഭിച്ച വിവരസാങ്കേതികവിദ്യാ സഹായ പരിപാടികളുടെ പുരോഗതി വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ക്രിമിനൽ കേസുകളിൽ പ്രതിയായവർ വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം കുറ്റവാളികളെ സ്ഥിരമായി നിരീക്ഷിക്കുന്നതിന് ഷാഡോ പോലീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതും വിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് രജിസ്റ്റർ ഓഫ് ആന്റി സോഷ്യൽസിൽ രേഖപ്പെടുത്തുകയും ഇവർക്കെതിരെ Cr.PC.107, KAAPA തുടങ്ങിയ നിയമങ്ങൾ പ്രകാരം തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

(ബി) ടി സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്.

(സി) കുറ്റകൃത്യങ്ങൾ സംബന്ധിച്ച പരാതികൾ മന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടു വരുന്നതിനായി ആരംഭിച്ച വിവര സാങ്കേതിക വിദ്യാ സഹായ പരിപാടികളായ Crime Criminal Tracking Network System (CCTNS) & Security Alert System (SAS) എന്നിവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

## പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ച കേസുകൾ

204 (1909) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ച കേസ്സുകൾ, പത്തുവയസ്സിന് താഴെയുള്ള കുട്ടികളെ പീഡിപ്പിച്ച കേസ്സുകൾ, കുട്ടികളെ ലൈംഗികമായി പീഡിപ്പിച്ച കേസ്സുകൾ, കുട്ടികൾക്കെതിരെ വീടുകളിലും വിദ്യാലയങ്ങളിലും നടന്ന പീഡനം എന്നിവ ഓരോന്നിലും എത്ര വീതം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവ ഓരോന്നിലും അന്വേഷണം പൂർത്തിയായവ അന്വേഷണം പൂർത്തിയാക്കാൻ ബാക്കിയുള്ളവ, കുറ്റപത്രം കോടതിയിൽ സമർപ്പിക്കപ്പെട്ടവ ഇവ എത്ര വീതമെന്ന് വ്യക്തമാക്കാമോ ;

(സി) ഓരോ ഇനം കേസ്സിലും അറസ്റ്റ് ചെയ്യപ്പെട്ട പ്രതികൾ, റിമാന്റ് ചെയ്യപ്പെട്ടവർ, ജാമ്യത്തിൽ വിട്ടയയ്ക്കപ്പെട്ടവർ, ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുള്ളവർ എന്നിവ എത്ര വീതമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ച 4530 കേസുകളും പത്ത് വയസിന് താഴെയുള്ള കുട്ടികളെ പീഡിപ്പിച്ച 816 കേസുകളും കുട്ടികളെ ലൈംഗികമായി പീഡിപ്പിച്ച 3954 കേസുകളും കുട്ടികൾക്കെതിരെ വീടുകളിലും വിദ്യാലയങ്ങളിലും നടന്ന പീഡനം സംബന്ധിച്ച് 1657 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി&സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായ കേസുകൾ

205 (1910) <u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2014-15 വർഷം അന്യസംസ്ഥാനത്തൊഴിലാളികൾ പ്രതികളായ കേസുകളുടെ വിശദാംശം ജില്ല, കേസുകളുടെ സ്വഭാവം എന്നിവ തിരിച്ച് ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## പോലീസ് ഉദ്യോഗസ്ഥർക്കെതിരായ പരാതികൾ

206 (1911) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് ഉദ്യോഗസ്ഥർക്കെതിരായ പരാതികൾ പരിഹരിക്കാൻ ജില്ലാ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തലത്തിൽ അദാലത്തുകൾ നടത്തുന്നുണ്ടോ ;

(ബി) എങ്കിൽ ഈ സർക്കാർ വന്നതിനുശേഷം എത്ര അദാലത്തുകൾ നടത്തി ; എത്ര പരാതികൾ ലഭിച്ചു ; എത്ര പരാതികൾ പരിഹരിച്ചു; എത്ര പരാതികളിൽ പോലീസുകാർ കുറ്റക്കാരെന്ന് കണ്ടെത്തി ; അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പോലീസ് ഉദ്യോഗസ്ഥരെക്കുറിച്ചുള്ള എത്ര പരാതികൾ നിലവിൽ അദാലത്തുകൾക്ക് മുമ്പാകെ ഉണ്ടെന്നുള്ള ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) എസ്.സി./എസ്.ടി. വിഭാഗങ്ങൾ നൽകിയ എത്ര പരാതികൾ പരിഹരിച്ചു ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ;

(ഇ) എസ്.സി./എസ്.ടി. വിഭാഗങ്ങൾ നൽകിയ എത്ര പരാതികൾ ജില്ലാ അദാലത്ത് മുമ്പാകെ നിലവിൽ ഉണ്ട് ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) പോലീസ് ഉദ്യോഗസ്ഥർക്കെതിരായ പരാതികൾ പരിഹരിക്കാനായി മാത്രം ജില്ലാതലത്തിൽ അദാലത്തുകൾ നടത്തിയിട്ടില്ല.

(ബി-ഇ) ബാധകമല്ല.

**അന്യസംസ്ഥാനത്തൊഴിലാളികളുടെ രജിസ്ട്രേഷൻ**

207 (1912) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പണിയെടുക്കുന്ന അന്യസംസ്ഥാനത്തൊഴിലാളികൾ ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ പേരും വിലാസവും മറ്റു രേഖകളും രജിസ്റ്റർ ചെയ്യണമെന്ന നിർദ്ദേശം ആഭ്യന്തര വകുപ്പ് എന്നാണ് നല്കിയതെന്നും അതിനുശേഷം ഇത്തരത്തിൽ രജിസ്ട്രേഷൻ നടത്തിയവർ എത്ര എന്നും വർഷം തിരിച്ച് വിശദാംശം നല്കുമോ ;

(ബി) ഇത്തരം നിർദ്ദേശം ലംഘിച്ച് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അന്യസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച് ആഭ്യന്തര വകുപ്പ് പരിശോധിച്ചുവോ ; എങ്കിൽ 2011 -12 മുതൽ 2015-16 വരെയുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(സി) ഇത്തരത്തിൽ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ടവർക്ക്

പോലീസ് വകുപ്പ് എന്തെങ്കിലും ഐഡന്റിറ്റി കാർഡ് വിതരണം ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന് എന്ത് നടപടികൾ സ്വീകരിക്കും എന്ന വ്യക്തമാക്കുമോ ;

(ഡി) അന്യസംസ്ഥാന തൊഴിലാളികളിൽ സംസ്ഥാനത്താകമാനം കവർച്ച/കൊലപാതകം/സംഘടിത കൊലപാതകം/മറ്റു ക്രിമിനൽ പ്രവർത്തനങ്ങൾ/ രോഗസംക്രമണം തുടങ്ങിയ ക്രിമിനൽ പശ്ചാത്തലം ഉള്ളവരുണ്ട് എന്നതു ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; ഇത്തരം പ്രവൃത്തികൾ തടയുവാനായി അന്യസംസ്ഥാന തൊഴിലാളികൾക്ക് സംസ്ഥാന പോലീസ് വകുപ്പ് ഐഡന്റിറ്റി കാർഡ് നൽകുവാനും ഇത് വാങ്ങാത്തവരെ സംസ്ഥാനത്തിന് പുറത്താക്കി ഇത്തരം നിയമ ലംഘന പ്രവർത്തനങ്ങൾ തടയുവാനും എന്തു നടപടികൾ സ്വീകരിക്കും എന്ന വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇത്തരമൊരു നിർദ്ദേശം 5-11-2009-ൽ സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം രജിസ്ട്രേഷൻ നടത്തിയവരുടെ വർഷം തിരിച്ചുള്ള എണ്ണം ചുവടെ കൊടുത്തിരിക്കുന്നു :

| | | |
|---|---|---|
| 2011 | - | 16745 |
| 2012 | - | 29791 |
| 2013 | - | 35800 |
| 2014 | - | 37510 |
| 2015 | - | 23085 |

(ബി) അന്യസംസ്ഥാന തൊഴിലാളികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും പരിശോധിക്കുന്നതിനും എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്പെഷ്യൽ ബ്രാഞ്ച് ഇക്കാര്യത്തിൽ ജാഗ്രത പുലർത്തുന്നുണ്ട്. അന്യസംസ്ഥാന തൊഴിലാളികളുടെ തിരിച്ചറിയൽ രേഖകളുടെ പകർപ്പ്, ഫോട്ടോ എന്നിവ സഹിതമുള്ള വിവരങ്ങൾ പോലീസ് സ്റ്റേഷനുകളിൽ ശേഖരിച്ചുവരുന്നുണ്ട്. തൊഴിലുടമകളുമായി ബന്ധപ്പെട്ട് വരുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ വിലാസവും മറ്റ് വിവരങ്ങളും അതാത് സ്റ്റേഷനുകളിൽ ശേഖരിച്ചുവരുന്നുണ്ട്. തൊഴിലുടമയുടെയും തൊഴിൽ സ്ഥാപനത്തിന്റെയും പേരും വിലാസവും, അന്യസംസ്ഥാന തൊഴിലാളിയുടെ പേരും വിലാസവും, ഫോട്ടോ, ഒപ്പ് എന്നുമുതൽ ജോലി ചെയ്തുവരുന്നു തുടങ്ങിയ കാര്യങ്ങളും രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചുവരുന്നുണ്ട്. അന്യസംസ്ഥാനത്തുനിന്നും പുതുതായി ആളുകൾ സ്ഥിരമായ തൊഴിലുകൾക്കായി വരുമ്പോൾ അവരുടെ വിവരങ്ങൾ രജിസ്റ്ററിൽ കൂട്ടിച്ചേർക്കാറുണ്ട്. പോലീസ് സ്റ്റേഷനിൽ സ്റ്റേഷൻ ഹൗസ് ഓഫീസറെയാണ് ഇക്കാര്യങ്ങൾക്ക്

ചുമതലപ്പെടുത്തിയിരിക്കുന്നത്. അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ഇടങ്ങളിലും തൊഴിലിടങ്ങളിലും പരിശോധന നടത്തുന്നതിനും അവരുടെ കൈവശമുള്ള തിരിച്ചറിയൽ രേഖകൾ കൃത്യമാണോയെന്ന് പരിശോധിച്ച് ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുന്നതിനും എല്ലാ പോലീസുദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(സി) ആഭ്യന്തര വകുപ്പ് ഇത്തരം തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തിട്ടില്ല. അന്യസംസ്ഥാന തൊഴിലാളികളുടെ തിരിച്ചറിയൽ രേഖകളുടെ പകർപ്പ്, ഒപ്പ്, ഫിംഗർപ്രിന്റ്, പൂർണ്ണമായ മേൽവിലാസം, ഫോട്ടോ, തൊഴിലുടമയുടെയും തൊഴിൽ സ്ഥാപനത്തിന്റെയും പേരും വിലാസവും എന്നിവ സഹിതമുള്ള പൂർണ്ണമായ വിവരങ്ങൾ അടങ്ങിയ രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിച്ചുവരുന്നു. കൂടാതെ ഇത്തരം തൊഴിലാളികൾ താമസിക്കുന്ന ഇടങ്ങളിൽ പ്രത്യേക പട്രോളിംഗ്/ബീറ്റ് ഡ്യൂട്ടി നടത്തി ഇവരെ നിരീക്ഷിക്കുന്നുണ്ട്.

(ഡി) അന്യസംസ്ഥാന തൊഴിലാളികൾ ക്രിമിനൽ കേസുകളിൽ ഉൾപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് തടയുന്നതിനുവേണ്ടി നിലവിലുള്ള നിയമ വ്യവസ്ഥകൾ പ്രകാരം ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## പോലീസ് ശുഭയാത്ര 2015

208 (1913) ശ്രീ. വർക്കല കഹാർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് ശുഭയാത്ര 2015 എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(സി) ജനങ്ങൾക്ക് സംരക്ഷിത യാത്ര ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിലെ റോഡുകളെ സമൂഹത്തിലുള്ള എല്ലാ വിഭാഗങ്ങൾക്കും സുരക്ഷിതമായി ഉപയോഗിക്കുവാൻ സാധ്യമാക്കുകയെന്ന ലക്ഷ്യമാണ് പദ്ധതിക്കുള്ളത്. ഈ പദ്ധതി വഴി ട്രാഫിക്കുമായി ബന്ധപ്പെട്ട '3E'-കളായ എൻഫോഴ്സ്മെന്റ്, എഞ്ചിനീയറിംഗ്, എഡ്യൂക്കേഷൻ എന്നിവ ഫലപ്രദമായി കൈകാര്യം ചെയ്യുവാൻ സാധ്യമാകുന്നതാണ്.

(സി&ഡി) 4-6-2015-ലെ സ.ഉ.(ആർറ്റി.) നമ്പർ 1368/2015/ആഭ്യ പ്രകാരം 'ശുഭയാത്രാ' പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു*. തുടർന്ന് പദ്ധതി നടത്തിപ്പിനായി 1,00,00,000 രൂപ (ഒരു കോടി രൂപ) അനുവദിച്ചിട്ടുണ്ട്.*

**പുതിയ ഫയർ എഞ്ചിനുകൾ**

209 (1914) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫയർ ആന്റ് റെസ്ക്യൂ വകുപ്പിനുവേണ്ടി എത്ര പുതിയ ഫയർ എഞ്ചിനുകൾ വാങ്ങുവാനാണ് ഓർഡർ നൽകിയിട്ടുള്ളത് ;

(ബി) പുതിയ ഫയർ എഞ്ചിനുകൾ എപ്പോൾ ലഭ്യമാകുമെന്ന് അറിയിക്കുമോ ;

(സി) ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് പുതിയ ഫയർ എഞ്ചിനുകൾ ലഭിക്കുന്ന ആദ്യഘട്ടത്തിൽ തന്നെ നിർദ്ദിഷ്ട കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം സ്ഥിതി ചെയ്യുന്ന ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ എന്ന പരിഗണന നൽകി മട്ടന്നൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് പുതിയ ഫയർ എഞ്ചിൻ ലഭ്യമാക്കുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) പുതുതായി 83 ഷാസികൾ വാട്ടർ ടെണ്ടറുകളായി ഫാബ്രിക്കേറ്റ് ചെയ്യുന്നതിനാണ് സപ്ലൈ ഓർഡർ നൽകിയിട്ടുള്ളത്.

(ബി) ഫാബ്രിക്കേഷൻ പൂർത്തിയായ 25 വാട്ടർ ടെണ്ടറുകൾ മാർച്ചിൽ ലഭിച്ചിരുന്നു. ബാക്കിയുള്ള 58 എണ്ണത്തിൽ 25 എണ്ണം ജൂലൈ മാസത്തിലും ബാക്കിയുള്ള 33 എണ്ണം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2015 നവംബറിന് മുൻപും ലഭിക്കുന്നതാണ്.

(സി) പുതിയ വാട്ടർ ടെണ്ടറുകൾ ലഭ്യമാകുമ്പോൾ മട്ടന്നൂർ ഫയർ സ്റ്റേഷന് അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ നവീകരണം**

210 (1915) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിന്റെ നവീകരണത്തിനായി 2011-12, 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ച വിവിധ ഫണ്ടുകൾ ഏതെല്ലാമാണ് ; ഇപ്രകാരം എത്ര തുക ലഭിക്കുകയുണ്ടായി ;

(ബി) ഇതേ കാലയളവിൽ സംസ്ഥാന സർക്കാർ ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിന്റെ നവീകരണത്തിനായി ചെലവഴിച്ച തുക എത്ര വീതമാണ് ;

(സി) ഇക്കാലയളവിൽ ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിൽ നടത്തിയ നവീകരണ പദ്ധതികൾ എന്തെല്ലാമാണ് ;

(ഡി) ഇതേ കാലയളവിൽ കണ്ണൂർ ജില്ലയിലെ വിവിധ ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷനുകൾക്ക് നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം സംവിധാനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട് ?

ഉത്തരം

(എ) ആധുനിക അഗ്നിരക്ഷാ ഉപകരണങ്ങളും വാഹനങ്ങളും വാങ്ങൽ (ഒറ്റത്തവണ അധിക കേന്ദ്ര സഹായം), അഗ്നിശമന സേനയെ ശക്തിപ്പെടുത്തൽ (75 ശതമാനം സി.എസ്.എസ്.), സിവിൽ ഡിഫൻസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുനരുദ്ധാരണം എന്നീ പദ്ധതികളിൽ അനുവദിച്ച തുകകൾ 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ സംസ്ഥാന ബഡ്ജറ്റിലൂടെ ലഭ്യമായിട്ടുണ്ട്. ഇപ്രകാരം ആകെ 27,61,00,000 രൂപ ലഭിച്ചിട്ടുണ്ട്.

(ബി) ഇതേ കാലയളവിൽ ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ ആധുനിക വത്ക്കരണത്തിനായി സംസ്ഥാന സർക്കാർ അനുവദിച്ച 44.86 കോടി രൂപയിൽ 37.75 കോടി രൂപ വകുപ്പ് ചെലവഴിച്ചു.

(സി) ഇക്കാലയളവിൽ ആധുനിക അഗ്നിരക്ഷാ ഉപകരണങ്ങളായ അലുമിനിയം എക്സ്റ്റൻഷൻ ലാഡർ, ഫ്ലോട്ട് പമ്പ്, സീറോടോർക്ക് നോസിൽ, ഫോം മേക്കിംഗ് ബ്രാഞ്ച് പൈപ്പ്, ചെയിൻ സാ, എമർജൻസി ടെണ്ടറുകൾ, റബ്ബർ ഡിങ്കി, ലൈഫ് ജാക്കറ്റ്, ഡൈവിംഗ് സ്യൂട്ട്, ജനറേറ്റർ, മൊബൈൽ ടാങ്കർ യൂണിറ്റ്, ജീപ്പ്, ആംബുലൻസ്, ബ്രീത്തിങ് അപ്പാരറ്റസ് സെറ്റ്, ചെയിൻസാ, അസ്കാലൈറ്റ് തുടങ്ങിവയ വാങ്ങുകയുണ്ടായി.

(ഡി) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിലെ നവീകരണത്തിനായി വാങ്ങിയ ഉപകരണങ്ങളിൽ 3 മൊബൈൽ ടാങ്കർ യൂണിറ്റ്, 1 ജീപ്പ്, 3 ആംബുലൻസ്, 2 മോട്ടോർ സൈക്കിൾ, 17 സേഫ്റ്റി ബെൽറ്റ്, 1 ഫ്ലോട്ട് പമ്പ്, 15 ബ്രീത്തിംഗ് അപ്പാററ്റസ്, 13 ചെയിൻസാ, 8 എക്സ്ടിംഗ്യൂഷർ, 4 അസ്കാലൈറ്റ്, 1 സ്വിമ്മിംഗ് സ്യൂട്ട്, 1 ഗ്യാസ് ഡിറ്റക്ടർ,. 5 സീറോ ടോർക് നോസിൽ 1, റിക്കവറി വെഹിക്കിൾ, 1 ക്യൂക്ക് റെസ്പോണ്ടന്റ് വെഹിക്കിൾ, 10 ഫോം മേക്കിംഗ് ബ്രാഞ്ച് പൈപ്പ്, 2 ഡിങ്കി, 1 ഫയർ സ്യൂട്ട്, 1 ജനറേറ്റർ സെറ്റ്, 4 ഹൈഡ്രോളിക് കട്ടർ എന്നിവ കണ്ണൂർ ജില്ലയിലെ വിവിധ നിലയങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

**ആലപ്പുഴ ഫയർ സ്റ്റേഷനിൽ ജീവനക്കാരെ നിയമിക്കാൻ നടപടി**

211 (1916) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ഫയർ സ്റ്റേഷനിൽ അനുവദനീയമായ തസ്തികകൾ എത്ര ; നിലവിൽ ഓരോ തസ്തികയിലും ജോലി ചെയ്യുന്നവർ എത്ര; എത്ര ഒഴിവുകൾ നിലവിലുണ്ട് ; വ്യക്തമാക്കാമോ ;

(ബി) ആലപ്പുഴ ഫയർസ്റ്റേഷനിൽ നിന്നും ഈ അടുത്ത കാലത്ത് എത്ര ജീവനക്കാരെ സ്ഥലം മാറ്റി ; പകരം ആളെ നിയമിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) നിലവിൽ ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ആലപ്പുഴ ഫയർ സ്റ്റേഷനിൽ ആവശ്യമായ വിവിധ വാഹനങ്ങൾ എത്ര ; നിലവിൽ ഉള്ളവ എത്ര ; ഇതിൽ പത്തു വർഷത്തിൽ കൂടുതൽ പഴക്കമുള്ളവ എത്ര ;

(ഇ) ദേശീയപാത, കായൽ, കടൽ എന്നിവ ഉൾപ്പെടുന്ന ഈ പ്രദേശത്ത്

ഉണ്ടാകാവുന്ന അപകടങ്ങളും ആവശ്യവും മുൻനിർത്തി ആലപ്പുഴ ഫയർ സ്റ്റേഷന് ആധുനിക വാഹനങ്ങളും ഉപകരണങ്ങളും നൽകുവാനും ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുവാനും നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ;

(എഫ്) ആലപ്പുഴ ഫയർ സ്റ്റേഷനിൽ ജീവനക്കാർ താമസിക്കുവാൻ സൗകര്യമില്ലാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ)

| അനുവദനീയമായ തസ്തികകൾ | നിലവിൽ ജോലി ചെയ്യുന്നവർ | ഒഴിവുകൾ |
|---|---|---|
| സ്റ്റേഷൻ ഓഫീസർ - 1 | 1 | ഇല്ല |
| അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ - 2 | 2 | ഇല്ല |
| ലീഡിംഗ് ഫയർമാൻ - 11 | 11 | ഇല്ല |
| ഡ്രൈവർ മെക്കാനിക് - 2 | 2 | ഇല്ല |
| ഫയർമാൻ ഡ്രൈവർ - 20 | 20 | ഇല്ല |
| ഫയർമാൻ - 52 | 50 | 2 |
| പാർട്ട് ടൈം സ്വീപ്പർ - 1 | 1 | ഇല്ല |

(ബി) രണ്ട് ജീവനക്കാരെ സ്ഥലംമാറ്റി പകരം ആളെ നിയമിച്ചിട്ടുണ്ട്.

(സി) നിലവിൽ ഒഴിവുള്ള 2 ഫയർമാൻ തസ്തികയിലേക്ക് ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

| | | |
|---|---|---|
| (ഡി) ആവശ്യമായ വാഹനങ്ങൾ | - | 15 |
| നിലവിലുള്ള വാഹനങ്ങൾ | - | 12 |
| പത്ത് വർഷത്തിൽ കൂടുതൽ പഴക്കമുള്ളവ | - | 6 |

(ഇ) പുതിയ വാഹനങ്ങൾ വാങ്ങുന്ന മുറയ്ക്ക് മുൻഗണനാക്രമത്തിൽ ആലപ്പുഴ നിലയത്തിനും അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നിലവിൽ ശിപാർശകളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

(എഫ്)പുതിയ ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് നടപടി സ്വീകരിച്ചു വരുന്നു.

## മട്ടന്നൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ

212 (1917) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടന്നൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് പുതിയ കെട്ടിട നിർമ്മാണത്തിനായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത എസ്റ്റിമേറ്റ് പ്രകാരം മട്ടന്നൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) മട്ടന്നൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുവേണ്ടി DSR 2013 പ്രകാരം 2 കോടി നാൽപ്പത് ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

(ബി) സർക്കാർ പരിശോധിച്ചുവരികയാണ്.

## കരുനാഗപ്പള്ളി ഫയർ ഫോഴ്സ് സ്റ്റേഷനിലെ അടിസ്ഥാന സൗകര്യങ്ങൾ

213 (1918) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കരുനാഗപ്പള്ളി ഫയർഫോഴ്സ് സ്റ്റേഷനിൽ ആവശ്യത്തിന് ഉപകരണങ്ങളോ ഓഫീസ് സൗകര്യങ്ങളോ ജീവനക്കാരോ വാഹനങ്ങളോ ഇല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

### ഉത്തരം

1. ഉപകരണങ്ങൾ :

കരുനാഗപ്പള്ളി ഫയർ സ്റ്റേഷനിൽ നിലവിൽ ഹൈഡ്രോളിക് കട്ടർ, ആസ്കാലൈറ്റ് ഫ്ലോട്ട് പമ്പ്, ചെയിൻസാ യമഹ, ഡിങ്കി എന്നീ അത്യാധുനിക ഉപകരണങ്ങൾ

ഉൾപ്പെടെ ജീവൻരക്ഷാ ഉപകരണങ്ങൾ നിലവിൽ അനുവദിച്ചിട്ടുണ്ട്.

2. <u>സ്റ്റേഷന്റെ ശോച്യാവസ്ഥ</u> :

കരുനാഗപ്പള്ളി ഫയർ സ്റ്റേഷനുവേണ്ടി ഐ.എച്ച്.ആർ.ഡി.-യുടെ പോളിടെക്നിക് പ്രവർത്തിക്കുന്ന കെ.ഐ.പി.-യുടെ സ്ഥലത്തിന്റെ ഒരു ഭാഗം (30 സെന്റ്) ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. <u>ജീവനക്കാരുടെ വിവരങ്ങൾ</u> :

ആകെയുള്ള 39 ജീവനക്കാരിൽ ഫയർമാൻ തസ്തികയിൽ 4 പേരുടെ ഒഴിവുകൾ മാത്രമാണ് നിലവിലുള്ളത്. പി.എസ്.സി. അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് ജീവനക്കാരെ നിയമിക്കുന്നതാണ്.

4. <u>വാഹനങ്ങൾ</u> :

കരുനാഗപ്പള്ളി നിലയത്തിൽ 1 മൊബൈൽ ടാങ്കർ യൂണിറ്റ്, 1 വാട്ടർ ലോറി എന്നിവ നിലവിലുണ്ട്. മിനി മൊബൈൽ ടാങ്കർ യൂണിറ്റ് ശാസ്താംകോട്ട നിലയത്തിലേക്ക് താൽക്കാലികമായി നൽകിയിരിക്കുന്നു. കൂടാതെ ഒരു ആംബുലൻസും ഒരു ജീപ്പും സ്റ്റേഷനിൽ നിലവിലുണ്ട്. പുതിയ വാഹനങ്ങൾ വാങ്ങുന്ന മുറയ്ക്ക് കരുനാഗപ്പള്ളി നിലയത്തിലും അനുവദിക്കുന്നതാണ്.

## കൊയിലാണ്ടിയിൽ ഫയർ സ്റ്റേഷൻ

214 (1919) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടിയിൽ ഫയർസ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജനപ്രതിനിധികളടക്കം നിരന്തരമായി ഉന്നയിക്കുന്ന ഈ ആവശ്യത്തിന് അനുകൂല തീരുമാനം എടുക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ;

(സി) ഫയർ & റസ്ക്യൂ കമാണ്ടന്റ് ജനറൽ നൽകിയ റിപ്പോർട്ടിന്മേൽ നടപടികൾ എന്തായി എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) അടുത്ത അഞ്ച് വർഷക്കാലത്ത് പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിച്ച് 21-12-2011-ൽ പുറപ്പെടുവിച്ച സ.ഉ.(സാധാ) 3764/2011/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരമുള്ള പട്ടികയിൽ കൊയിലാണ്ടിയിലെ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ഉൾപ്പെട്ടിട്ടുണ്ട്.

(ബി&സി) കൊയിലാണ്ടിയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചതിൽ, കൊയിലാണ്ടി മുത്താമ്പി റോഡിൽ ഹോമിയോ ആശുപത്രിക്ക് സമീപം നഗരസഭ വാങ്ങിയ 28 സെന്റ് സ്ഥലത്തിനടുത്ത് 22 സെന്റ് സ്ഥലം വാങ്ങി 50 സെന്റ് സ്ഥലം ഫയർ ഫോഴ്സിന് അനുവദിക്കുന്നതിന് നഗരസഭ തീരുമാനിച്ചുവെങ്കിലും സ്ഥിരം സംവിധാനങ്ങൾ ഒരുക്കിയിട്ടില്ല. എന്നാൽ പഴയ ബസ് സ്റ്റാന്റിൽ ഒഴിവുള്ള സ്ഥലത്ത് ഫയർ സ്റ്റേഷൻ താത്ക്കാലികാടിസ്ഥാനത്തിൽ ആരംഭിക്കുവാൻ നഗരസഭ തീരുമാനിച്ചുവെങ്കിലും പ്രസ്തുത സ്ഥലത്ത് ഇനിയും നിർമ്മാണ പ്രവൃത്തികൾ നടത്തിയാൽ മാത്രമേ പ്രാവർത്തികമാകൂ. കൂടാതെ നിലവിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള സ്ഥലങ്ങളിൽ മാത്രമേ ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ മുൻഗണന നൽകിവരുന്നുള്ളൂ. ആയതിനാൽ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് കൊയിലാണ്ടിയിലെ ഫയർ സ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## മിഷൻ 676-ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിന്റെ പരിഷ്ക്കരണം

215 (1920) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി ഫയൽ & റസ്ക്യൂ സർവ്വീസിന്റെ പരിഷ്ക്കരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നത് ; ഇവ ബഡ്ജറ്റിന് പുറത്തുള്ള പദ്ധതികളാണോ ;

(ബി) ഇതിൽ ഇതുവരെയും പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കാത്ത പദ്ധതികൾ ഏതെല്ലാം ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 1. പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ പത്തനാപുരം, വിതുര, പീരുമേട്, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിൽ ആരംഭിക്കുക.

2. കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാദമിയിൽ സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾ ആരംഭിക്കുക.

3. സ്കൂൾ /കോളേജ് കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുക.

4. കാട്ടുതീ നിയന്ത്രണ പരിശീലന പദ്ധതി നടപ്പാക്കുക.

5. സാറ്റലൈറ്റ് ഫയർ ഔട്ട് പോസ്റ്റുകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ആരംഭിക്കുക. ഇവ ബഡ്ജറ്റിനകത്തുള്ള പദ്ധതിളാണ്.

(ബി) മിഷൻ 676-ൽ ഉൾപ്പെടുത്തിയിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

**അഴിമതി ആരോപണത്തിന്റെ പേരിൽ വിജിലൻസ് അന്വേഷണം**

216 (1921) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിജിലൻസ് അന്വേഷണം നേരിടുന്ന എത്ര മന്ത്രിമാരുടെ പേരിലുള്ള ആരോപണങ്ങൾക്ക് ക്വിക്ക് വെരിഫിക്കേഷൻ നടത്തി FIR രജിസ്റ്റർ ചെയ്തിട്ടുണ്ട് ; മന്ത്രിമാരുടെ പേരുകളും അവരുടെ പേരിൽ ഇട്ട FIR-ലെ വകുപ്പുകളും വ്യക്തമാക്കാമോ ?

ഉത്തരം

ഇപ്പോഴത്തെ മന്ത്രിസഭയിലെ ഒരു മന്ത്രിയുടെ പേരിലുള്ള ആരോപണത്തിൽ സത്വരാന്വേഷണം നടത്തി പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ശ്രീ. കെ. എം. മാണിയുടെ പേരിൽ നടത്തിയ പ്രസ്തുത സത്വരാന്വേഷണത്തിൽ 1988-ലെ അഴിമതി നിരോധന നിയമത്തിലെ 7, 13 (1) (ഡി) വകുപ്പുകൾ പ്രകാരം ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**ബാർ കോഴയിലെ വിജിലൻസ് അന്വേഷണം**

217 (1922) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. സി. കെ. സദാശിവൻ :

<u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ഡി.എഫ്. സർക്കാരിലെ പലർക്കുമായി 24 കോടി രൂപ കൈക്കൂലി നൽകിയിട്ടുണ്ടെന്നും ഒരു മന്ത്രി നിർദ്ദേശിച്ചവർക്കെല്ലാം പണം നല്കിയിട്ടുണ്ടെന്നും ബാർ ഓണേഴ്സ് അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് പരസ്യമായി വെളിപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ബാർ കോഴ സംബന്ധിച്ച് അന്വേഷണം നടത്തുന്ന വിജിലൻസ് സംഘം ഇക്കാര്യം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ ;

(സി) പണം വാങ്ങിയവരുടെ ലിസ്റ്റ് തന്റെ കയ്യിലുണ്ടെന്ന വർക്കിംഗ് പ്രസിഡന്റിന്റെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അതുസംബന്ധമായ രേഖകൾ വിജിലൻസ് സംഘം പിടിച്ചെടുക്കുകയുണ്ടായോ ;

(ഡി) ബാർ കോഴ ഇടപാടുകളുമായി ബന്ധപ്പെട്ട് പുറത്തുവന്ന വെളിപ്പെടുത്തലുകളെ തുടർന്ന് വിജിലൻസ് സംഘം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നറിയിക്കുമോ ?

<u>ഉത്തരം</u>

(എ) ഇത്തരമൊരു ആരോപണം വിജിലൻസ് അന്വേഷിക്കുന്നില്ല.

(ബി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ രജിസ്റ്റർ ചെയ്ത വി.സി.6/2014/എസ്.ഐ.യു.-1 എന്ന കേസന്വേഷണത്തിൽ ശ്രീ. കെ. എം. മാണി ഒരു കോടി രൂപ ബാറുടമകളിൽനിന്നും കൈക്കൂലി വാങ്ങിയെന്ന ആരോപണത്തിൽ അന്വേഷണം നടത്തിയിട്ടുണ്ട്. എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബു ബാർ ഉടമകളിൽനിന്നും 10 കോടി രൂപ വാങ്ങിയെന്ന ശ്രീ. ബിജു രമേശിന്റെ ആരോപണത്തിൽ ഒരു സത്വരാന്വേഷണവും നടത്തിയിട്ടുണ്ട്.

(സി) പണം വാങ്ങിയവരുടെ ലിസ്റ്റുള്ളതായി വർക്കിംഗ് പ്രസിഡന്റ് അന്വേഷണ ഉദ്യോഗസ്ഥർ മുമ്പാകെ വെളിപ്പെടുത്തിയിട്ടില്ല.

(ഡി) ബാർ അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് ശ്രീ. ബിജു രമേശ് ഉയർത്തിയ ആരോപണങ്ങൾ ചൂണ്ടിക്കാട്ടി പ്രതിപക്ഷ നേതാവ് നൽകിയ പരാതിയിൽ ഒരു സത്വരാന്വേഷണം നടത്തി. അതിനുശേഷം മന്ത്രി ശ്രീ. കെ. എം. മാണിക്കെതിരെ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടക്കുകയും ചെയ്യുന്നു. വർക്കിംഗ് പ്രസിഡന്റ് തിരുവനന്തപുരം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് കോടതി മുമ്പാകെ നൽകിയ Cr.PC 164 പ്രകാരമുള്ള മൊഴിയിൽ മന്ത്രി കെ. ബാബുവിനെതിരെയുള്ള പരാമർശങ്ങളിൽ ഒരു പ്രാഥമിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചത് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പരിശോധിച്ചുവരുന്നു.

**വിജിലൻസ് കേസുകൾ**

218 (1923) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ വിജിലൻസിന് വിട്ട കേസ്സുകൾ, പിൻവലിച്ച വിജിലൻസ് കേസ്സുകൾ, ടോൾ ഫ്രീ നമ്പർ വഴി വിജിലൻസിന് ലഭിച്ച പരാതികൾ, ഇതിൽ പ്രാഥമികാന്വേഷണത്തിനുശേഷം തുടരന്വേഷണത്തിന് ഉത്തരവിട്ട കേസ്സുകൾ എന്നിവ ഓരോന്നും എത്ര വീതമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഏകദേശം 700 കേസുകൾ പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 11 വിജിലൻസ് കേസുകൾ പിൻവലിക്കുന്നതിനായി നിരാക്ഷേപപത്രം നൽകിയിട്ടുണ്ടെങ്കിലും അതിൽ 4 കേസുകൾ മാത്രമേ കോടതി പിൻവലിച്ചതായി ഉത്തരവ് ലഭിച്ചിട്ടുള്ളൂ. 18-12-2012 മുതൽ 15-6-2015 വരെ ടോൾഫ്രീ നമ്പർ വഴി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് 9060 പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രാഥമിക അന്വേഷണം നടത്തി, അതിൽ 6819 പരാതികൾ കഴമ്പില്ലെന്ന് കണ്ട് തീർപ്പാക്കുകയും 352 പരാതികളിൽ തുടരന്വേഷണത്തിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

**വൈസ് ചാൻസലർക്കും പി.വി.സി.-ക്കുമെതിരെ കേസ്**

219 (1924) <u>ശ്രീ. ജി. സുധാകരൻ</u> :
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> :

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>:

<u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വന്തക്കാർക്കുവേണ്ടി അനധികൃതമായി പരീക്ഷ നടത്തിയതിന് ഏതെങ്കിലും സർവ്വകലാശായിലെ വൈസ്ചാൻസലർക്കും പി.വി.സി.-ക്കുമെതിരെ കേസ് എടുത്തിട്ടുണ്ടോ ;

(ബി) ക്വിക് വെരിഫിക്കേഷനുശേഷം ആരെയെല്ലാം പ്രതികളാക്കി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) പ്രതികളുടെ പേരിൽ ആരോപിക്കപ്പെട്ട കുറ്റങ്ങൾ എന്തെല്ലാമാണ് ;

(ഡി) പ്രതികളായ വൈസ് ചാൻസലറും പി.വി.സി.-യും ഇപ്പോഴും തൽസ്ഥാനങ്ങളിൽ തുടരുന്നുണ്ടോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സത്വരാന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ (ക്യൂ.വി.2/13/എം.പി.എം.) താഴെ പറയുന്നവർക്കെതിരെയാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത് :

1. ഡോ. എം. അബ്ദുൾ സലാം, വൈസ് ചാൻസലർ, കോഴിക്കോട് യൂണിവേഴ്സിറ്റി.
2. പ്രൊ. രവീന്ദ്രനാഥ്, പ്രൊ. വൈസ് ചാൻസലർ, കോഴിക്കോട് യൂണിവേഴ്സിറ്റി.
3. എൻ. എസ്. രാമകൃഷ്ണൻ, പേഴ്സണൽ അസിസ്റ്റന്റ്, പ്രൊ. വൈസ് ചാൻസലർ, കോഴിക്കോട് യൂണിവേഴ്സിറ്റി.
4. സംഗീത, D/o രാമകൃഷ്ണൻ.

(സി) തൃശ്ശൂർ ജില്ലയിലെ പാമ്പാടി നെഹ്റു എഞ്ചിനീയറിംഗ് കോളേജിലെ 23 വിദ്യാർത്ഥികൾക്കുവേണ്ടി കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ നിലവിലുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി പുനഃപരീക്ഷ നടത്തിയെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിലാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

(ഡി) തുടരുന്നുണ്ട്.

## സംസ്ഥാനത്തെ ജയിലുകൾ

220 (1925) ശ്രീ. പി. തിലോത്തമൻ :

ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീ. ഇ. ചന്ദ്രശേഖരൻ :

ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളിലെ പാർപ്പിടശേഷി എത്രയാണ് ; എല്ലാ ജയിലുകളിലുമായി എത്ര തടവുകാരെ പാർപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ആംബുലൻസ് സൗകര്യം ഇല്ലാത്ത ജയിലുകളുണ്ടോ ; എങ്കിൽ എത്ര ;

(സി) ജയിലുകളിൽ ഡോക്ടർമാരുടെ സേവനം ഇരുപത്തിനാല് മണിക്കൂറും ലഭ്യമാകുന്നുണ്ടോ ; ഇല്ലെങ്കിൽ ഡോക്ടർമാരുടെ സേവനം ഇരുപത്തിനാല് മണിക്കൂറും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) നിലവിൽ 6217 തടവുകാരെ പാർപ്പിക്കാനുള്ള ശേഷിയുണ്ട്. 10-6-2015-ലെ കണക്കനുസരിച്ച് 6965 തടവുകാരെ പാർപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. 38 ജയിലുകളിലും ബോസ്റ്റൽ സ്കൂളിലും ആംബുലൻസ് സൗകര്യമില്ല.

(സി) സംസ്ഥാനത്തെ 3 സെൻട്രൽ ജയിൽ, 2 തുറന്ന ജയിൽ, കോഴിക്കോട്, കൊല്ലം എന്നീ ജില്ലാ ജയിലുകൾ എന്നിവിടങ്ങളിൽ മെഡിക്കൽ ഓഫീസർ തസ്തിക നിലവിലുണ്ട്. മറ്റ് ജയിലുകളിൽ അതാത് താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാർ ആഴ്ചയിൽ ഒരിക്കൽ പരിശോധന നടത്താറുണ്ട്. അത്യാവശ്യ സന്ദർഭങ്ങളിൽ തടവുകാരെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്ക് കൊണ്ടുപോകാറുണ്ട്.

## മലപ്പുറം ജില്ലയിലെ സബ് ജയിലുകളിലെ അടിസ്ഥാന സൗകര്യ വികസനം

221 (1926) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ 4 സബ് ജയിലുകളിലെയും അടിസ്ഥാന

സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അടിസ്ഥാന സൗകര്യങ്ങളുടെ അഭാവംമൂലം തടവുകാരും ജീവനക്കാരും അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ അവ പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) മലപ്പുറം ജില്ലയിലെ നാല് ജയിലുകളിൽ (സ്പെഷ്യൽ സബ് ജയിൽ മഞ്ചേരി, സബ് ജയിൽ പെരിന്തൽമണ്ണ, സബ് ജയിൽ പൊന്നാനി, സബ് ജയിൽ തിരൂർ) അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി ടോയ്‌ലറ്റ് സൗകര്യം വർദ്ധിപ്പിക്കുന്നതിനായി 8,48,767 രൂപ ചെലവഴിച്ചിട്ടുണ്ട്.

**ജയിലുകളിൽ കഴിയുന്ന വിചാരണ തടവുകാർ**

222 (1927) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ജയിലുകളിൽ എത്ര വിചാരണതടവുകാരുണ്ട് ; ഇതിൽ ജാമ്യക്കാരെ ലഭിക്കാത്തവരോ, വക്കീലിനെ വയ്ക്കാൻ കഴിവില്ലാത്തവരോ ആയ എത്ര പേരുണ്ട് ; ജയിൽ തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) മേൽ വിഭാഗത്തിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർ എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) വിചാരണ തടവുകാരിൽ, ചെയ്ത കുറ്റത്തിന് ലഭിക്കാവുന്ന ശിക്ഷയുടെ പകുതി കാലയളവ് പൂർത്തിയാക്കിയവർ ഉണ്ടോ ; ജയിൽ തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇത്തരക്കാരെ സ്വന്തം ജാമ്യത്തിൽ വിടാൻ നടപടി സ്വീകരിക്കുമോ ;

(ഇ) കുറ്റം പരിഗണിച്ചാൽ ലഭിക്കാവുന്ന ശിക്ഷയുടെ കാലയളവ് പൂർത്തിയാക്കിയവർ ഉണ്ടോ ; എങ്കിൽ ജയിൽ തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) കേരളത്തിലെ ജയിലുകളിൽ 1203 വിചാരണ തടവുകാരുണ്ട്. ഇതിൽ ജാമ്യക്കാരെ ലഭിക്കാത്തവരോ സ്വന്തമായി വക്കീലിനെ വയ്ക്കാൻ കഴിവില്ലാത്തവരോ ആയ 487 പേരുണ്ട്. ജയിൽ തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* സ്വന്തമായി വക്കീലിനെ നിയോഗിക്കാൻ കഴിവില്ലാത്തവർക്ക് ലീഗൽ സർവ്വീസസ് അതോറിറ്റി മുഖാന്തരം സൗജന്യമായി വക്കീലിനെ ഏർപ്പെടുത്തിക്കൊടുക്കാറുണ്ട്.

(ബി) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർ 148 പേരുണ്ട്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) ഇല്ല.

**ചികിത്സയിലുള്ള തടവുകാർ**

223 (1928) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജയിലുകളിൽ മരണപ്പെട്ട തടവുകാരുടെ എണ്ണം വെളിപ്പെടുത്താമോ ;

(ബി) നിലവിൽ ജയിലുകളിൽ എത്രപേർ ഗുരുതര രോഗം ബാധിച്ച് ചികിത്സയിലാണെന്നറിയിക്കുമോ ;

(സി) ആശുപത്രി സംവിധാനം ഉള്ള ജയിലുകളെത്രയെന്ന് വ്യക്തമാക്കാമോ ;

(ഡി) കടുത്ത മാനസിക രോഗവും മറ്റു ഗുരുതരരോഗങ്ങളും പിടിപെട്ട തടവുകാർക്ക് വിദഗ്ദ്ധ ചികിത്സ നല്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം നല്കുമോ ?

<u>ഉത്തരം</u>

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജയിലുകളിൽ 153 തടവുകാർ മരണപ്പെട്ടു.

(ബി) 16 പേർ.

(സി) 4 ജയിലുകൾ

(ഡി) ഗുരുതര രോഗങ്ങൾ പിടിപെട്ട തടവുകാരെ മെഡിക്കൽ ഓഫീസർ നിർദ്ദേശിക്കും പ്രകാരം താലൂക്ക് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും ആവശ്യമെങ്കിൽ മെഡിക്കൽ കോളേജുകളിലും ക്യാൻസർ സെന്റർ തുടങ്ങിയ ആശുപത്രികളിലും അയച്ച് ചികിത്സ നൽകിവരുന്നു. മാനസിക രോഗികളായ തടവുകാരെ സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ അയച്ച് ചികിത്സിക്കുന്നുണ്ട്.

**മാവേലിക്കര മണ്ഡലത്തിൽ വനം വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ**

224 (1929) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ വനംവകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിൽ സ്കൂൾ, കോളേജ്, മറ്റ് സന്നദ്ധ സംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് 'ഹരിതകേരളം' പദ്ധതിയുടെ ഭാഗമായി വൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്. നക്ഷത്രവനം, കുട്ടിവനം, ഔഷധത്തോട്ടം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ് എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ "കുരുവിയ്ക്കൊരു കൂട്" പദ്ധതി പ്രകാരം കൂടുകൾ സ്ഥാപിച്ചിട്ടുണ്ട്. മാവേലിക്കര മണ്ഡലത്തിലെ അർഹതപ്പെട്ട കാവുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. വഴിയോരത്തണൽ പദ്ധതി പ്രകാരം മണ്ഡലത്തിലെ ലഭ്യമായ സ്ഥലങ്ങളിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്.

**വനം വകുപ്പിലെ താൽക്കാലിക ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ**

225 (1930) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിൽ ഏറ്റവും ഒടുവിലായി എത്ര താല്ക്കാലിക ജീവനക്കാരെയാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; ഇവരുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഏതൊക്കെ തസ്തികകളിലാണ് സ്ഥിരപ്പെടുത്തിയതെന്നും അവയുടെ ശമ്പള സ്കെയിലും വ്യക്തമാക്കുമോ ;

(സി) സ്ഥിരപ്പെടുത്തുന്നതിന് സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കുമോ ;

(ഡി) സ്ഥിരപ്പെടുത്തലുമായി ബന്ധപ്പെട്ട് ഏതെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) വനം വകുപ്പിൽ ഏറ്റവും ഒടുവിലായി 135 താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. ഇവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 8500-13210 രൂപ ശമ്പള സ്കെയിലിൽ വാച്ചർ തസ്തികയ്ക്ക് തുല്യമായ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ചാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളത്.

(സി) 1-9-2013-ൽ 20 വർഷത്തിലേറെക്കാലമായി തുടർച്ചയായി വനം വകുപ്പിൽ താൽക്കാലികാടിസ്ഥാനത്തിൽ ദിവസ വേതനത്തിൽ ജോലി ചെയ്തുവന്നിരുന്നവരെയാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളത്.

(ഡി) ഉണ്ട്.

**അരണ്യം മാസിക**

226 (1931) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരണ്യം മാസിക നിർത്തലാക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനിടയായ സാഹചര്യം വ്യക്തമാക്കാമോ ;

(സി) വനഗവേഷണ കേന്ദ്രം, കോളേജ് ഓഫ് ഫോറസ്ട്രി എന്നിവയിലെ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പേജുകൾ റിസർവ് ചെയ്ത് ഫീച്ചറുകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക വനവിജ്ഞാന മേഖലയിലേക്ക് കൂടി വ്യാപിപ്പിക്കാൻ നിർദ്ദേശിക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) അരണ്യം ദ്വൈമാസിക നിർത്തലാക്കാൻ നിർദ്ദേശിച്ചിട്ടില്ല. എന്നാൽ നവംബർ 2013-നുശേഷം പ്രസിദ്ധീകരണം നടന്നിട്ടില്ല. 2013-ൽ സർക്കാർ അനുമതിയോടെ തിരുവനന്തപുരം സെന്റ് ജോസഫ് പ്രസ്സിൽ ആറ് ലക്കങ്ങൾ അച്ചടിച്ചു. 2014-ൽ ഈ പ്രസ്സിൽ പ്രിന്റ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടില്ല. ഏതെങ്കിലും സർക്കാർ പ്രസ്സിൽ അച്ചടിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചു വരികയാണ്.

(സി) അച്ചടിച്ച് ഇറങ്ങുന്ന മുറയ്ക്ക് വന ഗവേഷണ കേന്ദ്രം, കോളേജ് ഓഫ് ഫോറസ്ട്രി എന്നിവയിലെ വിദ്യാർത്ഥികളിലും അദ്ധ്യാപകരിലും നിന്ന് അരണ്യം ദ്വൈമാസികയിലേക്ക് വന വിജ്ഞാനപ്രദമായ ഫീച്ചറുകൾ ലഭിക്കുകയാണെങ്കിൽ ഉൾപ്പെടുത്തുന്നതാണ്.

**ഇടുക്കി ജില്ലയിലെ ട്രൈബൽ ഹൈവേ നിർമ്മാണം**

227 (1932) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കിയിൽ നിർമ്മിക്കുന്ന ട്രൈബൽ ഹൈവേക്കുവേണ്ടി എത്ര ഏക്കർ വനഭൂമി ഏറ്റെടുക്കാൻ/വിട്ടുനൽകാൻ തീരുമാനിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) വനഭൂമി ഏറ്റെടുക്കുന്നതിനായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിക്കായി അപേക്ഷ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് അപേക്ഷ നൽകിയതെന്ന് വ്യക്തമാക്കുമോ ; അപേക്ഷയുടെ കോപ്പി ലഭ്യമാക്കാമോ ?

ഉത്തരം

(എ) ട്രൈബൽ ഹൈവേയ്ക്കുവേണ്ടി അപേക്ഷകൾ ഒന്നുംതന്നെ ലഭ്യമായിട്ടില്ലാത്തതിനാൽ പ്രസ്തുത വിവരം ലഭ്യമല്ല.

(ബി)ഉത്തരം (എ)-യുടെ വെളിച്ചത്തിൽ ബാധകമല്ല.

**സാമൂഹ്യ വനവൽക്കരണ പദ്ധതി**

228 (1933) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും

പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ വനവൽക്കരണ പദ്ധതിയുമായി ബന്ധപ്പെട്ട് തൈകൾ ഉത്പാദിപ്പിച്ച് വിതരണം നടത്തുന്നതിൽ അഴിമതി നടക്കുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ ; ആയത് സംബന്ധിച്ച് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) സാമൂഹ്യ വനവൽക്കരണ പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര തൈകൾ നട്ടുവെന്നും അവയുടെ ഓരോ ഘട്ടത്തിലെയും പരിചരണത്തിനായി എന്ത് തുക ചെലവായെന്നുമുള്ള വിശദവിവരം നല്കുമോ ?

<u>ഉത്തരം</u>

(എ) സാമൂഹ്യ വനവൽക്കരണ പദ്ധതിയുമായി ബന്ധപ്പെട്ട് തൈകൾ ഉത്പാദിപ്പിച്ച് വിതരണം നടത്തുന്നതിൽ അഴിമതി നടക്കുന്നതായി പരാതികളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) സാമൂഹ്യ വനവൽക്കരണ പദ്ധതിയുമായി ബന്ധപ്പെട്ട് ഉൽപ്പാദിപ്പിച്ച തൈകൾ വിവിധ സ്കീമുകളിലായി സ്കൂൾ/കോളേജ് വിദ്യാർത്ഥികൾ, സംഘടനകൾ തുടങ്ങിയവർ മുഖേന നട്ട് പരിപാലിക്കുന്നതിലേക്കായി 6974558 വിവിധയിനം തൈകൾ വിതരണം ചെയ്തിട്ടുണ്ട്. ആയതിന്റെ ഉല്പാദനത്തിനും പരിചരണത്തിനും മറ്റുമായി 594.11 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

## സ്വന്തം ആവശ്യാർത്ഥം തേക്ക് മരം മുറിക്കുന്നതിനും വാഹനങ്ങളിൽ കൊണ്ടു പോകുന്നതിനുമുള്ള നിയന്ത്രണങ്ങൾ

229 (1934) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു കർഷകന് സ്വന്തം ഭൂമിയിലെ തേക്ക് മരം സ്വന്തം ആവശ്യാർത്ഥം മുറിക്കുന്നതിനും മില്ലുകളിലേക്കോ ഫർണിച്ചർ നിർമ്മാണ യൂണിറ്റിലേക്കോ വാഹനങ്ങളിൽ കൊണ്ടുപോകുന്നതിനും എന്തെല്ലാം നിയന്ത്രണങ്ങളാണ് നിലവിലുള്ളത് ;

(ബി) ഇത്തരത്തിൽപ്പെട്ട മരം വാഹനങ്ങളിൽ കൊണ്ടുപോകുമ്പോൾ ഉണ്ടായിരിക്കേണ്ട രേഖകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2011-ലെ കേരള വൃക്ഷം വളർത്തൽ പ്രോൽസാഹന നിയമത്തിന്റെ വ്യവസ്ഥകൾക്കനുസരിച്ചാണ് ഒരു കർഷകൻ സ്വന്തം ഭൂമിയിലെ തേക്കുമരം മുറിക്കേണ്ടതും വാഹനത്തിൽ കടത്തിക്കൊണ്ടു പോകേണ്ടതും. ഈ നിയമപ്രകാരം കേരളത്തിലെ 50 വില്ലേജുകളെ വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. വിജ്ഞാപനം ചെയ്ത ടി 50 വില്ലേജുകളിലെ 10 ഇനം മരങ്ങൾ മുറിക്കുന്നതിന് മുൻപ് ബന്ധപ്പെട്ട വനം റെയിഞ്ചാഫീസറിൽ നിന്നും ഉടമസ്ഥൻ അനുവാദം വാങ്ങേണ്ടതാണ്. ടി 10 മരങ്ങളിൽ തേക്ക് മരവും ഉൾപ്പെടും. വിജ്ഞാപനം ചെയ്തിരിക്കുന്ന ടി 50 വില്ലേജുകളിൽപ്പെട്ട സ്വകാര്യഭൂമിയിലെ തേക്ക് മരമാണ് മുറിച്ച് കടത്തിക്കൊണ്ടുപോകേണ്ടതെങ്കിൽ, ടി മരം മുറിക്കുന്നതിന് മുൻപായി ഉടമസ്ഥൻ ടി നിയമത്തിന്റെ റൂൾ 4 (1) & (4) പ്രകാരമുള്ള ഒരു പ്രതിജ്ഞാപത്രം (Form II) ബന്ധപ്പെട്ട റെയിഞ്ചാഫീസർക്ക് നൽകി അനുമതി വാങ്ങേണ്ടതാണ്. ടി അനുമതി ലഭിച്ചശേഷം തേക്ക് മരം മുറിക്കാവുന്നതാണ്. മുറിച്ച തേക്ക് മരം വാഹനത്തിൽ കടത്തിക്കൊണ്ട് പോകുന്നതിന്, ടി പ്രതിജ്ഞാപത്രത്തിന്റെ അടിസ്ഥാനത്തിൽ റെയിഞ്ചാഫീസർ നൽകുന്ന കടത്ത് പെർമിറ്റിന്റെ [(Form-III) Rule 4(6)] അടിസ്ഥാനത്തിൽ, മുറിച്ച തേക്ക് മരം വാഹനത്തിൽ കടത്തിക്കൊണ്ട് പോകാവുന്നതാണ്. തേക്കുമരം കടത്തിക്കൊണ്ടു പോകുന്ന സമയം ടി കടത്ത് പെർമിറ്റ് ഒപ്പം ഉണ്ടാവേണ്ടത് അത്യാവശ്യമാണ്. ടി നിയമപ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച 50 വില്ലേജുകളിൽപ്പെടാത്ത സ്വകാര്യഭൂമിയിലെ തേക്കുമരം മുറിക്കുന്നതിന് മുൻപ് ഉടമസ്ഥൻ ടി നിയമത്തിന്റെ റൂൾ (3) പ്രകാരമുള്ള പ്രതിജ്ഞാപത്രം (Form-I) ബന്ധപ്പെട്ട റെയിഞ്ചാഫീസിൽ നൽകി റെയിഞ്ചാഫീസറുടെ കൈപ്പറ്റ് വാങ്ങേണ്ടതാണ്. ടി കൈപ്പറ്റിന്റെ അടിസ്ഥാനത്തിൽ തേക്കുമരം മുറിക്കാവുന്നതാണ്. മുറിച്ച മരം കടത്തിക്കൊണ്ടുപോകുന്ന സമയത്ത് ടി കൈപ്പറ്റ് ഒപ്പം കരുതേണ്ടതാണ്.

(ബി) വിജ്ഞാപനം പുറപ്പെടുവിച്ച 50 വില്ലേജുകളിലെ സ്വകാര്യഭൂമികളിൽ നിന്നും മുറിച്ച തേക്കുമരം വാഹനത്തിൽ കടത്തിക്കൊണ്ടു പോകുമ്പോൾ, ബന്ധപ്പെട്ട റെയിഞ്ചാഫീസർ നൽകിയ കടത്തു പെർമിറ്റ് (Form-III) ടി വാഹനത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.

വിജ്ഞാപനം പുറപ്പെടുവിച്ച 50 വില്ലേജുകളിൽപ്പെടാത്ത സ്വകാര്യഭൂമികളിൽ

നിന്നും മുറിച്ച തേക്ക് മരം വാഹനത്തിൽ കടത്തിക്കൊണ്ടു പോകുമ്പോൾ, ബന്ധപ്പെട്ട റെയിഞ്ചാഫീസർ കൈപ്പറ്റിയ പ്രതിജ്ഞാപത്രം (Form-I)-ന്റെ പകർപ്പ് ടി വാഹനത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.

**വന്യജീവി ആക്രമണം**

230 (1935) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വന്യജീവികളുടെ ആക്രമണം തടയുന്നതിനായി ആരംഭിച്ച പദ്ധതികൾ ഏതെല്ലാം ; പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക എത്രയാണ്; എത്ര തുക ചെലവായി എന്ന് വ്യക്തമാക്കാമോ ;

(സി) വന്യജീവികളുടെ ആക്രമണം തടയുന്നതിന് ഈ വർഷം ആവിഷ്കരിച്ച പദ്ധതികൾ ഏതെല്ലാം ; ഇതിനായി എത്ര തുക അനുവദിച്ചു ; ഈ പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) വന്യജീവികളുടെ ആക്രമണം തടയുന്നതിനായി വനാതിർത്തികളിൽ വന്യജീവി ശല്യം നേരിടുന്നതിനുള്ള ദീർഘകാല പ്രതിരോധ പ്രവർത്തന പദ്ധതി, ആറളം, കൊട്ടിയൂർ വന്യജീവി സങ്കേതങ്ങളുടെ വനാതിർത്തികളിലെ ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ സൗരോർജ്ജ വേലികൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, NABARD RIDF സാമ്പത്തിക സഹായത്തോടെ വനാതിർത്തികളിൽ കരിങ്കൽ ഭിത്തി നിർമ്മിക്കുന്നതിനുള്ള പദ്ധതി, 'മിഷൻ 676'-ൽ ഉൾപ്പെടുത്തിയ കൃഷി രക്ഷാ പദ്ധതി എന്നീ പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളത്. ഈ പദ്ധതികളെല്ലാം തന്നെ

ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി ഓരോ സാമ്പത്തിക വർഷത്തിലും അനുവദിച്ച തുക, ചെലവാക്കിയ തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| സാമ്പത്തിക വർഷം | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവാക്കിയ തുക (ലക്ഷത്തിൽ) |
|---|---|---|
| 2013-14 | 1000 | 988.48 |
| 2014-15 | 1400 | 1300.88 |

(സി) വന്യജീവി ആക്രമണം തടയുന്നതിന് ഈ വർഷം ആവിഷ്കരിച്ച പദ്ധതികൾ താഴെ പറയുന്നവയാണ് :

1. Additional Central Assistance (ACA)-ന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 87.5 കി.മീ. ദൂരം സൗരോർജ്ജ കമ്പിവേലികൾ, ആന പ്രതിരോധ മതിലുകൾ, കല്ലുപാകിയ കിടങ്ങുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പദ്ധതി. ഈ പദ്ധതിയുടെ നടത്തിപ്പിനായി 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.
2. NABARD RIDF-ന്റെ സാമ്പത്തിക സഹായത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വനാതിർത്തികളിൽ കരിങ്കൽ ഭിത്തി നിർമ്മിക്കുന്നതിനുള്ള പദ്ധതി, ടി പദ്ധതിയുടെ നടത്തിപ്പിനായി 1938 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.
3. കൃഷി രക്ഷാ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതാണ്.

**ഹൈറേഞ്ച് മൗണ്ടൻ ലാന്റ് സ്കേപ് പ്രോജക്ട്**

231 (1936) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.എൻ.ഡി.പി. സഹകരണത്തോടെ വനം വകുപ്പ് നടപ്പാക്കുന്ന ഹൈറേഞ്ച് മൗണ്ടൻ ലാന്റ് സ്കേപ്പ് പ്രോജക്റ്റിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രോജക്റ്റുമായി ബന്ധപ്പെട്ട് എന്തു തുക ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് എന്തു തുക ചെലവായി എന്നും എന്തെല്ലാം പ്രവർത്തനമാണ് നടത്തിയിട്ടുള്ളത് എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 27-3-2015 തീയതിയിൽ ബഹു. വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, ജനപ്രതിനിധികൾ പ്രോജക്ട് സംബന്ധിച്ച് ഉന്നയിച്ച വിഷയങ്ങൾ സംബന്ധിച്ച് വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പഠിച്ച് നൽകുന്ന ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് നടത്തിപ്പ് സംബന്ധിച്ച് സർക്കാരിന്റെ തീരുമാനം ആകുന്നതുവരേക്കും താല്ക്കാലികമായി നിർത്തിവയ്ക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) സ്റ്റേറ്റ് ലെവൽ പ്രോജക്ട് സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനപ്രകാരം പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കായി നടത്തിയ പ്രവർത്തനങ്ങളുടെ ചെലവിനത്തിൽ 33,68,730 രൂപ യു.എൻ.ഡി.പി-യിൽ നിന്നും ലഭ്യമായിട്ടുണ്ട്.

(സി) പ്രോജക്ട് നടത്തിപ്പിനായി സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനപ്രകാരം നാളിതുവരെ നടത്തിയ പ്രാഥമിക പ്രവർത്തനങ്ങൾ സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 1 | ഓഫീസ് ചെലവുകൾ/യോഗങ്ങൾ | ₹107816 |
| 2 | ലഘുലേഖകൾ തയ്യാറാക്കൽ | ₹ 62000 |
| 3 | LLMPU ആഫീസ് നവീകരണവും ഫർണിഷിംഗും | ₹ 4996485 |
| | ആകെ | ₹ 5166301 |

ആകെ ചെലവായ 5166301 രൂപയിൽ 3368730 രൂപ യു.എൻ.ഡി.പി-യിൽ നിന്നും ലഭ്യമായിട്ടുള്ളതും 17,97,571 രൂപ യു.എൻ.ഡി.പി-യിൽനിന്നും ലഭ്യമാക്കുവാൻ ഉള്ളതുമാണ്.

**സോഷ്യൽ ഫോറസ്ട്രി വിഭാഗം നടപ്പിലാക്കുന്ന പദ്ധതികൾ**

232 (1937) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സോഷ്യൽ ഫോറസ്ട്രി വിഭാഗം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധങ്ങളായ പദ്ധതികളെ സംബന്ധിച്ചുള്ള വിശദാംശം അറിയിക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനും മറ്റുമായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന ജില്ലാടിസ്ഥാനത്തിലുള്ള വാർഷിക കണക്കുകൾ ഇനം തിരിച്ച് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഹരിതകേരളം, വഴിയോരത്തണൽ, കാവുകളുടെ സംരക്ഷണം, കുരിവിക്കൊരു കൂട്, ഇക്കോ കേഡറ്റ് കോർപ്സ്, കുട്ടിവനം, സിറ്റിസൺ കൺസർവേറ്റർ പ്രോഗ്രാം, പ്രകൃതിമിത്ര അവാർഡ്, വനമിത്ര അവാർഡ്, ഫോറസ്ട്രി ക്ലബ് രൂപീകരണവും, പുനരുദ്ധാരണവും, ഇൻസെന്റിവൈസേഷൻ ഓഫ് പ്രൈവറ്റ് ഫോറസ്ട്രി, നദീതട വൃക്ഷവൽക്കരണം അർബൻ ഫോറസ്ട്രി, കണ്ടൽ സംരക്ഷണം, നേച്ചർ അവയർനെസ്സ് ക്ലാസ്സ്, കടലാമ സംരക്ഷണം, പക്ഷി സംരക്ഷണം എന്നീ പദ്ധതികളാണ് സാമൂഹ്യ വനവൽക്കരണ വിഭാഗം മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധയിനം പദ്ധതികൾ.

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനും മറ്റുമായി ആകെ 44,72,20,885 രൂപ ചെലവഴിച്ചിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | വർഷം | | | | ആകെ തുക |
|---|---|---|---|---|---|---|
| | | 2011-12 | 2012-13 | 2013-14 | 2014-15 | |
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | തിരുവനന്തപുരം | 7814000 | 11485000 | 13141000 | 12392000 | 44832000 |
| 2 | കൊല്ലം | 8360000 | 14185000 | 11153000 | 12090000 | 45788000 |
| 3 | പത്തനംതിട്ട | 5119000 | 9535000 | 6960000 | 8643000 | 30257000 |
| 4 | ആലപ്പുഴ | 18147000 | 17975000 | 17662000 | 14216000 | 68000000 |

| | | | | | | |
|---|---|---|---|---|---|---|
| 5 | കോട്ടയം | 10468000 | 17193000 | 16003000 | 12931000 | 56595000 |
| (1) | (2) | (3) | (4) | (5) | (6) | (7) |
| 6 | ഇടുക്കി | 3553669 | 5943886 | 5130282 | 5219947 | 19847784 |
| 7 | എറണാകുളം | 5815000 | 4015000 | 6199000 | 8312000 | 24341000 |
| 8 | തൃശ്ശൂർ | 4550000 | 5100000 | 8100000 | 9500000 | 27250000 |
| 9 | പാലക്കാട് | 4587000 | 4999000 | 4897000 | 6517000 | 21000000 |
| 10 | കോഴിക്കോട് | 6699411 | 5298125 | 5714234 | 5660414 | 23372184 |
| 11 | മലപ്പുറം | 5229400 | 413230 | 6203588 | 7717936 | 19564154 |
| 12 | വയനാട് | 3376860 | 4081952 | 6558920 | 7811892 | 21829624 |
| 13 | കണ്ണൂർ | 3903178 | 4806074 | 6911144 | 8639835 | 24260231 |
| 14 | കാസർഗോഡ് | 6968500 | 4482650 | 3912763 | 4919995 | 20283908 |
| | ആകെ | 94591018 | 109512917 | 118545931 | 124571019 | 447220885 |

**പരിസ്ഥിതി ദുർബല പ്രദേശം**

233 (1938) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിസ്ഥിതി ദുർബല പ്രദേശ നിയമപ്രകാരം സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലമാണ് ഏറ്റെടുത്തിട്ടുള്ളത് ; വ്യക്തമാക്കാമോ ;

(ബി) ഇത് ഏതെല്ലാം ജില്ലകളിലാണ് ഏറ്റെടുത്തിട്ടുള്ളതെന്നും എത്ര ഹെക്ടർ വീതമാണ് ഏറ്റെടുത്തിട്ടുള്ളതെന്നും ജില്ല വില്ലേജ് തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ ;

(സി) ഇതിൽ ജനവാസ കേന്ദ്രങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം വില്ലേജിലാണ് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരളത്തിൽ വന മേഖലയോടു ചേർന്ന് പരിസ്ഥിതി പ്രാധാന്യമുള്ള 14910 ഹെക്ടർ ഭൂമി ഇ.എഫ്.എൽ. ആയി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

പാലക്കാട് - 5270.69 (ഹെക്ടർ)

| | | |
|---|---|---|
| വയനാട് | - | 3004.86 |
| കോഴിക്കോട് | - | 1544.99 |
| ഇടുക്കി | - | 1411.82 |
| മലപ്പുറം | - | 1285.09 |
| തിരുവനന്തപുരം | - | 885.26 |
| കാസർഗോഡ് | - | 662.90 |
| കണ്ണൂർ | - | 491.26 |
| കൊല്ലം | - | 273.72 |
| തൃശ്ശൂർ | - | 80.04 |
| ആകെ | - | 14910.63 |

(വില്ലേജ് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു)*

(സി) ജനവാസ കേന്ദ്രങ്ങൾ ഉൾപ്പെട്ടിട്ടില്ല.

## പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് പദ്ധതികൾ

234 (1939) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്കുവേണ്ടി വനം വകുപ്പ് വഴി ഓരോ വർഷവും നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും ഓരോന്നിനും വേണ്ടി നീക്കി വച്ച തുക എത്രയെന്നും ചെലവാക്കിയ തുകയെത്രയെന്നുമുള്ള വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

### ഉത്തരം

വനം വകുപ്പിന്റെ ബഡ്ജറ്റിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുവേണ്ടി പ്രത്യേക പദ്ധതികൾ ഉൾപ്പെടുത്തിയിട്ടില്ല. വനം വകുപ്പിന്റെ പദ്ധതികളുടെ ഗുണഭോക്താക്കളായി ഈ വിഭാഗക്കാരും ഉൾപ്പെടും. 2014-15-ൽ ഇക്കോ ഡെവലപ്പ്മെന്റ് പ്രോഗ്രാമിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിന്നും 60 ലക്ഷം രൂപ "ഊരിനുണർവ് കാടിനുണർവ്" പദ്ധതിക്കായി നൽകി. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ടുപയോഗിച്ച് പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായി പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ഈ പദ്ധതികളുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

### അട്ടപ്പാടിയിൽ വനം വകുപ്പ് അനുവദിച്ച തുക

235 (1940) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അട്ടപ്പാടിയിൽ മാത്രം ആദിവാസികൾക്കായി എത്ര രൂപ വനം വകുപ്പ് അനുവദിച്ചുവെന്നും അതിൽ എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം പദ്ധതികൾക്കായി എത്ര രൂപ വീതമാണ് അനുവദിച്ചതെന്നും ഓരോ പദ്ധതികൾക്കായി എത്ര ചെലവാക്കിയെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) സൈലന്റ് വാലി ഡിവിഷനിലെ അട്ടപ്പാടി ആദിവാസി മേഖലകൾ കേന്ദ്രീകരിച്ച് വിവിധ വികസന പ്രവർത്തനങ്ങൾക്കായി 37.90 ലക്ഷം രൂപ അനുവദിച്ചതിൽ 32.56 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ അട്ടപ്പാടി വനമേഖലയിൽ സ്ഥിതി ചെയ്യുന്ന മണ്ണാർക്കാട് വനം ഡിവിഷനിലെ വിവിധ ആദിവാസി ഊരുകളിൽ വിവിധ പദ്ധതികൾക്കായി 23.50 ലക്ഷം രൂപ അനുവദിക്കുകയും 25.26 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഓരോ പ്രവൃത്തികൾക്കായി അനുവദിച്ച തുകയുടേയും, ചെലവഴിച്ച തുകയുടേയും വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

### അട്ടത്തോട്ടിൽ ആദിവാസി കുട്ടികൾക്ക് സ്കൂളിനായി സ്ഥലം

**236 (1941)** ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) അട്ടത്തോട്ടിൽ ആദിവാസി കുട്ടികൾക്കായി ആരംഭിച്ച പുതിയ സ്കൂളിനായി ഒരു ഹെക്ടർ സ്ഥലം വനാവകാശ നിയമപ്രകാരം വിട്ടുനൽകണമെന്നാവശ്യപ്പെട്ട് പെരുനാട് പഞ്ചായത്ത് നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്കൂളിനായി സ്ഥലം വിട്ടുനൽകാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉത്തരം (എ)-യുടെ വെളിച്ചത്തിൽ ബാധകമല്ല.

**പുനർനടീലിന്റെ ഭാഗമായുള്ള വനമേഖലയിലെ തീയിടൽ**

237 (1942) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനം വകുപ്പ് പുനർനടീലിന്റെ ഭാഗമായി വനമേഖല തീയിടുന്ന രീതി നിലവിലുണ്ടോ ;

(ബി) ഇത് വംശനാശ ഭീഷണി നേരിടുന്ന ജീവജാലങ്ങളെയും ഔഷധ സസ്യങ്ങൾ ഉൾപ്പടെയുള്ള പല സസ്യങ്ങളുടെയും നാശത്തിനിടയാക്കുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വനം വൃത്തിയാക്കുന്നതിന് ഇത്തരത്തിലുള്ള രീതി അവലംബിക്കുന്നതുമൂലം വന്യജീവികൾ കൂട്ടത്തോടെ നാട്ടിലേയ്ക്ക് പലായനം ചെയ്യുന്നതിന് ഇടയാക്കുമെന്നും കർഷകരുൾപ്പെടെയുള്ളവർക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുമെന്നുള്ള വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ഡി) വന്യജീവികളെ കൊന്നും ആവാസവ്യവസ്ഥ നശിപ്പിച്ചുമുള്ള ഈ പ്രക്രിയ തുടരുന്നത് സംബന്ധിച്ച് ഒരു പുനർചിന്തനത്തിന് തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) അടക്കിമുറി നടന്ന തോട്ടങ്ങളിൽ പുനർനടീൽ നടത്തുന്നതിന്റെ ഭാഗമായി

ഉണങ്ങിക്കിടക്കുന്നതായ കുറ്റികളും മറ്റു ചപ്പു ചവറുകളും പല ഭാഗങ്ങളിലായി കൂട്ടി വെച്ച് തീയിടുന്ന രീതി നിലവിലുണ്ട്. വർക്കിംഗ് പ്ലാനുകളിൽ നിർദ്ദേശിക്കപ്പെട്ടതടക്കമുള്ള ശാസ്ത്രീയമായ പരിപാലന രീതികൾ പ്രകാരം വനംവകുപ്പിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് ചെയ്തുവരുന്നത്. എന്നാൽ സ്വാഭാവിക വനങ്ങളിൽ ഇതു ചെയ്യാറില്ല.

(ബി) മേൽ പ്രവൃത്തി ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ചെയ്തു വരുന്നതിനാൽ മറ്റ് ഭാഗങ്ങളിലേക്ക് തീ പടരുന്നില്ല. ആയതുകൊണ്ടു തന്നെ മറ്റ് ജീവജാലങ്ങൾക്കും, സസ്യലതാദികൾക്കും നാശം സംഭവിക്കുന്നില്ല.

(സി) അടക്കിമുറി നടത്തിയ തോട്ടങ്ങളിൽ വീണ്ടും തോട്ടം വച്ചു പിടിപ്പിക്കുന്നതിന് സ്ഥലം ഒരുക്കുന്നതിന്റെ ഭാഗമായിട്ടാണ് തടിയും വിറകും മറ്റും ശേഖരിച്ചു കഴിഞ്ഞശേഷം അവശിഷ്ടങ്ങളും മറ്റും കൂട്ടിയിട്ട് കത്തിക്കുന്നത്. ഇതുമൂലം വന്യജീവികൾ കൂട്ടത്തോടെ നാട്ടിലിറങ്ങുകയോ കർഷകർക്കും മറ്റും ബുദ്ധിമുട്ടുകൾ ഉണ്ടാക്കുകയോ ചെയ്യാറില്ല.

(ഡി) വർക്കിംഗ് പ്ലാനുകളിൽ നിർദ്ദേശിക്കപ്പെട്ടതടക്കമുള്ള ശാസ്ത്രീയമായ പരിപാലന രീതികൾ പ്രകാരം നിയന്ത്രിത രീതിയിലുള്ള തീയിടൽ ആകയാൽ മേൽ പ്രവൃത്തിമൂലം വന്യജീവികളുടെ ആവാസ വ്യവസ്ഥ നശിക്കപ്പെടുന്നില്ല.

**വിദ്യാർത്ഥികളെ ഉൾപ്പെടുത്തി വനവൽക്കരണ പദ്ധതികൾ**

238 (1943) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികളെ ഉൾപ്പെടുത്തി വനവൽക്കരണ പദ്ധതികൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്കായി വിദ്യാലയങ്ങളെ തെരഞ്ഞെടുക്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് പാലിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതിയുടെ വിജയത്തിനായി സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ ഏതൊക്കെയെന്ന്

വിശദമാക്കുമോ ;

(ഡി) പദ്ധതിയുടെ പുരോഗതിയെക്കുറിച്ചും ഇതിന് കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോയെന്നും വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) വിദ്യാർത്ഥികളെ ഉൾപ്പെടുത്തി സാമൂഹിക വനവൽക്കരണ വിഭാഗം മുഖേന 'എന്റെ മരം,' 'നമ്മുടെ മരം' എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്ന മാനദണ്ഡത്തെ അടിസ്ഥാനപ്പെടുത്തി സർക്കാർ, എയ്ഡഡ്, അൺ-എയ്ഡഡ് സ്കൂളുകളേയും, കോളേജുകളെയും ഈ പദ്ധതിക്കായി തെരഞ്ഞെടുക്കാറുണ്ട്.

(സി) വനം വകുപ്പ് അദ്ധ്യക്ഷൻ ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി വേണ്ട മുന്നൊരുക്കങ്ങൾ അടങ്ങിയ മാർഗ്ഗരേഖ വനം വകുപ്പിന്റെ എല്ലാ വിഭാഗങ്ങൾക്കും നൽകാറുണ്ട്. സാമൂഹിക വനവൽക്കരണ വിഭാഗം നേതൃത്വം കൊടുക്കുന്ന ടി പരിപാടി സമയപരിധിക്കകം പൂർത്തിയാക്കുന്നതിനാവശ്യമായ സ്റ്റാഫിനേയും, വാഹനങ്ങളേയും എല്ലാ വിഭാഗങ്ങളിൽ നിന്നും ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം നൽകാറുണ്ട്. കൂടാതെ, ത്രിതലപഞ്ചായത്തുകൾ, കുടുംബശ്രീ പ്രവർത്തകർ, തൊഴിലാളി യൂണിയനുകൾ, എൻ.എസ്.എസ്., എൻ.സി.സി., പോലീസ് തുടങ്ങിയ വിഭാഗങ്ങളുടെ സഹകരണവും പങ്കാളിത്തവും ഈ സംരംഭത്തിൽ വനംവകുപ്പ് തേടാറുണ്ട്. പദ്ധതിയുടെ വിജയത്തിനായി തൈകൾ നട്ടു പരിപാലിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങളടങ്ങിയ അച്ചടിച്ച മാർഗ്ഗരേഖയും, നടുന്ന തൈകൾ എപ്രകാരം പരിപാലിക്കേണ്ടതെന്ന നിർദ്ദേശവും വിദ്യാർത്ഥികൾക്ക് നൽകുന്നുണ്ട്.

(ഡി) വിദ്യാർത്ഥികൾ നട്ടുവളർത്തുന്ന വൃക്ഷത്തൈകൾ വിലയിരുത്തുന്നതിന് അതാത് വിദ്യാലയങ്ങളിലെ അദ്ധ്യാപകർ, പി.ടി.എ. പ്രസിഡന്റ്, വനംവകുപ്പ് ഉദ്യോഗസ്ഥൻ എന്നിവർ ഉൾപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്റെ മരം, നമ്മുടെ മരം എന്നീ പദ്ധതികൾക്കായി കേന്ദ്ര സഹായം ലഭിക്കുന്നില്ല.

**വനം സംരക്ഷണ പദ്ധതികൾ**

239 (1944) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനമേഖലയുടെ സംരക്ഷണത്തിനായി 2014-15 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന

ജലസംരക്ഷണ പദ്ധതികൾ ആരംഭിക്കൽ, മഴനിഴൽ പ്രദേശങ്ങളെ ഹരിതാഭമാക്കൽ, പ്രകൃതി ആസ്വാദന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ സ്ഥാപിക്കൽ പട്ടികവർഗ്ഗവിഭാഗത്തിലെ ചെറുപ്പക്കാരെ ടൂറിസ്റ്റ് ഗൈഡുകളാക്കൽ തുടങ്ങിയ പദ്ധതികൾ പ്രവർത്തനം ആരംഭിച്ചിരുന്നോ; വിശദമാക്കാമോ ?

(ബി) ഇതിനായി എത്ര തുകയാണ് ബജറ്റിൽ വകയിരുത്തിയിരുന്നത് ; ഇതിൽ എത്ര തുക അനുവദിക്കപ്പെട്ടു ; എത്ര തുക ചെലവവഴിച്ചു ; പ്രസ്തുത തുക ഉപയോഗിച്ച് നടപ്പാക്കുമെന്നറിയിച്ചിരുന്ന എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പാക്കാതെ അവശേഷിക്കുന്നു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വനമേഖലയുടെ സംരക്ഷണത്തിനായി 2014-15 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന ജലസംരക്ഷണ പദ്ധതികൾ ആരംഭിക്കൽ, മഴനിഴൽ പ്രദേശങ്ങളെ ഹരിതാഭമാക്കൽ, പ്രകൃതി ആസ്വാദന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ സ്ഥാപിക്കൽ, പട്ടികവർഗ്ഗ വിഭാഗത്തിലെ ചെറുപ്പക്കാരെ ടൂറിസ്റ്റ് ഗൈഡുകളാക്കൽ തുടങ്ങിയ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു :

ജലസംരക്ഷണ പദ്ധതികൾ :- വനമേഖലയിലെ ജലസംരക്ഷണ പദ്ധതികളുമായി ബന്ധപ്പെട്ട് 2014-15 വർഷത്തിൽ സംസ്ഥാനത്തിന്റെ വനപ്രദേശങ്ങളിൽ തടയണകൾ, കുളങ്ങൾ എന്നിവ നിർമ്മിച്ച് പൂർത്തിയാക്കുകയോ അവയുടെ പണി ആരംഭിച്ച് പൂർത്തിയാക്കിക്കൊണ്ടിരിക്കുകയോ ആണ്.

മഴനിഴൽ പ്രദേശങ്ങളെ ഹരിതാഭമാക്കൽ :- മഴനിഴൽ പ്രദേശങ്ങളെ ഹരിതാഭമാക്കൽ പദ്ധതി പ്രകാരം തമിഴ്നാടുമായി അതിർത്തി പങ്കിടുന്ന ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല, നെടുങ്കണ്ടം, കരുണാപുരം, വണ്ടൻമേട്, ചക്കുപള്ളം എന്നീ പഞ്ചായത്തുകളിൽ വൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്. വനം വകുപ്പിന്റെ നോർത്തേൺ സർക്കിളിൽ 15 ഹെക്ടർ ഭൂമിയിൽ വനവൽക്കരണം നടത്തിയിട്ടുണ്ട്.

പ്രകൃതി ആസ്വാദന കേന്ദ്രങ്ങൾ സ്ഥാപിക്കൽ :- പ്രകൃതി ആസ്വാദന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി നോർത്തേൺ സർക്കിളിനു കീഴിലുള്ള കുറുവ ഇക്കോ ടൂറിസം പോയിന്റിൽ ഒരു ഇന്റർപ്രട്ടേഷൻ സെന്റർ സ്ഥാപിച്ചിട്ടുണ്ട്. തേക്കടിയിൽ ഒരു ഇന്റർപ്രട്ടേഷൻ സെന്റർ സ്ഥാപിക്കുന്നതിന്റെ നടപടികൾ ആരംഭിച്ചുവരുന്നു. ഹൈറേഞ്ച് സർക്കിളിനു കീഴിൽ കോട്ടയം, മറയൂർ, മാങ്കുളം ഡിവിഷനുകളിൽ പ്രകൃതി ആസ്വാദന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള ധാരാളം പ്രകൃതി

ആസ്വാദന കേന്ദ്രങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ സ്ഥാപിക്കൽ :- 13-2-2015 തീയതിയിലെ ജി.ഒ (ആർ.റ്റി)68/2015/വനം. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിലവിലുള്ള 25 ഫോറസ്റ്റ് സ്റ്റേഷനുകളെ NABARD-RIDF ധനസഹായത്തോടെ മോഡൽ ഫോറസ്റ്റ് സ്റ്റേഷനുകളാക്കുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ചുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

പട്ടികവർഗ്ഗ വിഭാഗത്തിലെ ചെറുപ്പക്കാരെ ടൂറിസ്റ്റ് ഗൈഡുകളാക്കൽ :- കേരളത്തിൽ നിലവിൽ ഇക്കോ ടൂറിസം നടപ്പിലാക്കി വരുന്നത് അതാത് പ്രദേശത്തെ പട്ടികവർഗ്ഗക്കാരുൾപ്പെടെയുള്ള വനാശ്രിതരായ ആളുകൾ അംഗങ്ങളായ വനസംരക്ഷണ സമിതികൾ/ ഇക്കോഡവലപ്മെന്റ് കമ്മിറ്റികൾ എന്നിവ മുഖേനയാണ്. ടി കമ്മിറ്റികളിലെ പട്ടികവർഗ്ഗക്കാരുൾപ്പെടെയുള്ള അംഗങ്ങളാണ് ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസ്റ്റ് ഗൈഡുകളായും മറ്റും പ്രവർത്തിച്ചു വരുന്നത്. ഇത്തരത്തിൽ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസ്റ്റ് ഗൈഡുകളെ നിയോഗിക്കുമ്പോൾ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മുൻഗണന നൽകാറുണ്ട്.

(ബി) മേൽപ്പറഞ്ഞ പദ്ധതികൾക്ക് പ്രത്യേകം പ്രത്യേകം ബഡ്ജറ്റ് ശീർഷകങ്ങൾ ഇല്ല. ടി പ്രവൃത്തികൾ, വിവിധ ബഡ്ജറ്റ് ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക വിനിയോഗിച്ചാണ് ചെയ്യുന്നത്. പരാമർശിത പദ്ധതികൾക്ക് നീക്കിവച്ച ആകെ തുക 2979.59 ലക്ഷം രൂപയാണ്. ഇതിൽ 2250.00 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളത് നബാർഡ് സ്കീമിന്റെ കീഴിൽ മോഡൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനാണ്. ഇതിനുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നു. ബാക്കിയുള്ള പ്രവൃത്തികൾക്ക് ചെലവാക്കിയിട്ടുള്ളത് 614.762 ലക്ഷം രൂപയാണ്. മേൽപ്പറഞ്ഞ പ്രവൃത്തികൾ എല്ലാംതന്നെ നടപ്പിലാക്കിയിട്ടുള്ളവയോ, നടപ്പിലാക്കികൊണ്ടിരിക്കുന്നവയോ, നടപ്പിലാക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനം ആരംഭിക്കുകയോ ചെയ്തിട്ടുള്ളവയാണ്.

**അഗേവ് വേലികളുടെ നിർമ്മാണം**

240 (1945) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വന്യമൃഗങ്ങളുടെ ഉപദ്രവം തടയുന്നതിനുള്ള നടപടി എന്ന നിലയിൽ അഗേവ് വേലികൾ സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കാമോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വേലികളുടെ നിർമ്മാണത്തിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ ;

(സി) പ്രകൃതി സംരക്ഷണത്തിനായി കൂടുതൽ അഗേവ് വേലികൾ സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) വന്യമൃഗങ്ങളുടെ ഉപദ്രവം തടയുന്നതിനായി അഗേവ് വേലികൾ പരീക്ഷണാടിസ്ഥാനത്തിൽ സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ട്. കൃഷിരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 46 കിലോമീറ്റർ ദൂരം ജൈവവേലി നിർമ്മാണത്തിൽ അഗേവ് പ്ലാന്റിംഗ് ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കാട്ടുപന്നി മുതലായ വന്യജീവികളുടെ ആക്രമണം രൂക്ഷമായുള്ള വരണ്ട പ്രദേശങ്ങളിൽ അഗേവ് തൈകൾ കുറഞ്ഞ അകലത്തിൽ നടുക എന്ന മാനദണ്ഡമാണ് സ്വീകരിച്ചിട്ടുള്ളത്.

(സി) അഗേവ് വരണ്ട കാലാവസ്ഥയ്ക്കനുയോജ്യമായ സസ്യമാണ്. കേരളത്തിൽ അട്ടപ്പാടി പോലുള്ള മഴകുറഞ്ഞ വരണ്ട പ്രദേശങ്ങളിൽ അഗേവ് വേലികൾ സൃഷ്ടിക്കുന്നതാണ്.

## കടുവാ സങ്കേതങ്ങളുടെ വിവരാധിഷ്ഠിത സാങ്കേതിക വികസനത്തിനായുള്ള ബഡ്ജറ്റ് വിഹിതം

241 (1946) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷത്തെ സംസ്ഥാന ബജറ്റിൽ പെരിയാർ, പറമ്പിക്കുളം കടുവാ സങ്കേതങ്ങളുടെ വിവരാധിഷ്ഠിത സാങ്കേതിക വികസനത്തിനായി ആവിഷ്കരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) ഇതിനായി എത്ര തുക നീക്കിവച്ചിരുന്നു ; ഇതിൽ എത്ര തുക അനുവദിച്ചു ; എത്ര തുക ചെലവഴിച്ചു ; വിശദമാക്കാമോ ;

(സി) പ്രസ്തുത തുക ഉപയോഗിച്ച് നടപ്പാക്കാൻ ഉദ്ദേശിച്ച പ്രവൃത്തികൾ എന്തെല്ലാമായിരുന്നു ; ഇവയിൽ പൂർണ്ണമായും നടപ്പാക്കാതെ അവശേഷിക്കുന്നവ എന്തെല്ലാം ; വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 2014-15 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പെരിയാർ, പറമ്പിക്കുളം കടുവാ സങ്കേതങ്ങളുടെ വിവരാധിഷ്ഠിത സാങ്കേതിക വികസനത്തിനായി ആവിഷ്കരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന പദ്ധതികളുടെ നടത്തിപ്പിനായി 441 ലക്ഷം രൂപ അനുവദിക്കുകയും ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ വഴി നടപ്പിലാക്കുവാൻ അനുമതി നൽകുകയും ചെയ്തിരുന്നു. അനുവദിച്ച തുകയ്ക്കുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

(ബി) മേൽ പദ്ധതികൾക്കായി 10 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ വഴി ടി പദ്ധതികളുടെ നടത്തിപ്പിലേക്കായി 4.41 കോടി രൂപയാണ് അനുവദിച്ചത്. പദ്ധതികളുടെ നടത്തിപ്പിനായി നാളിതുവരെ 100.07 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്.

(സി) നടപ്പാക്കാൻ ഉദ്ദേശിച്ച പ്രവർത്തികൾ താഴെ പറയുന്നു :

1. സംരക്ഷണ പ്രവർത്തനങ്ങളുടെ ശാക്തീകരണം.
2. വാർത്താ വിനിമയ ഉപാധികളുടെ നവീകരണം
3. ടൈഗർ മോണിറ്ററിംഗ് ശാക്തീകരണം.

ടി പ്രവർത്തനങ്ങളെല്ലാം ലഭ്യമായ തുകയ്ക്കനുസരിച്ച് നടപ്പിലാക്കി വരുന്നു.

(ഡി) ഉത്തരം (സി)-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും വികസനം**

242 (1947) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ഉന്നമനത്തിനുള്ള കേന്ദ്ര സഹായ പദ്ധതികൾക്കായി 2014-15 സംസ്ഥാന ബഡ്ജറ്റിൽ നീക്കിവച്ചിരുന്ന 14.07 കോടി രൂപയിൽ എത്ര തുക ഇതുവരെ ചെലവഴിച്ചു ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് ഓരോ കേന്ദ്രത്തിലും എന്തെല്ലാം പ്രവൃത്തികൾ നടത്താനാണ് ഉദ്ദേശിച്ചിരുന്നത് ; ആയതിൽ എന്തെല്ലാം നടപ്പിലാക്കിയെന്നും

ഇനി എന്തെല്ലാം നടപ്പിലാക്കാനുണ്ടെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) വന്യമൃഗ സംരക്ഷണകേന്ദ്രങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ഉന്നമനത്തിനുള്ള പദ്ധതികൾക്കായി 2014-15 സാമ്പത്തിക വർഷം 14.07 കോടി രൂപ വീതം സംസ്ഥാന വിഹിതമായും കേന്ദ്ര വിഹിതമായും നീക്കിവച്ചിരുന്നു. മേൽ പദ്ധതികളുമായി ബന്ധപ്പെട്ട കേന്ദ്ര-സംസ്ഥാന വിഹിതങ്ങളുടെ ചെലവു വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| | |
|---|---|
| കേന്ദ്ര ധനസഹായം ലഭിച്ചത് | 3.84 കോടി രൂപ |
| ചെലവായ തുക | 3.75 കോടി രൂപ |
| സംസ്ഥാന ധനസഹായം ലഭിച്ചത് | 14.07 കോടി രൂപ |
| ചെലവായ തുക | 13.78 കോടി രൂപ' |

(ബി) പ്രസ്തുത തുക വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളുടേയും ദേശീയോദ്യാനങ്ങളുടെയും സുഗമമായ നടത്തിപ്പിനായി ദൈനംദിന പ്രവർത്തനങ്ങൾക്കും സംരക്ഷണ പ്രവർത്തനങ്ങൾക്കുമാണ് വിനിയോഗിച്ചിട്ടുള്ളത്. ഓരോ കേന്ദ്രത്തിലും നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ഉത്സവ സീസണിലെ ആന ഇടയൽ**

243 (1948) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കഴിഞ്ഞ ഉത്സവ സീസണിൽ എഴുന്നള്ളിപ്പിനിടെ എത്ര ആനകൾ ഇടഞ്ഞ് അക്രമകാരികളായിട്ടുണ്ട് ; ഇതിൽ എത്ര പേർക്ക് ജീവഹാനി നേരിട്ടിട്ടുണ്ട് ; വിശദമാക്കാമോ ?

<u>ഉത്തരം</u>

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കഴിഞ്ഞ ഉത്സവ സീസണിൽ 9 ആനകൾ ഇടഞ്ഞ് അക്രമകാരികൾ ആവുകയും ഇതുകാരണം 3 പേർക്ക് ജീവഹാനി സംഭവിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ഡിവിഷൻ | ആന ഇടഞ്ഞത് | മരണം സംഭവിച്ചത് |
|---|---|---|---|
| 1 | റാന്നി | 5 | 2 |
| 2 | കോതമംഗലം | 1 | ... |
| 3 | മലയാറ്റൂർ | 1 | 1 |
| 4 | തൃശ്ശൂർ | 1 | ... |
| 5 | കോഴിക്കോട് | 1 | ... |

**വന്യമൃഗശല്യം കുറയ്ക്കുന്നതിന് നടപടി**

244 (1949) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വനാതിർത്തി ഭാഗങ്ങളിൽ വന്യമൃഗ ശല്ല്യം കുറയ്ക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പ്രവർത്തികൾക്കായി നടപ്പുസാമ്പത്തിക വർഷം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ ബഡ്ജറ്റ് സഹിതമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 1. കൽപ്പറ്റ നിയോജകമണ്ഡലത്തിലെ വനാതിർത്തികളിൽ വന്യമൃഗശല്യം രൂക്ഷമായ ഭാഗങ്ങളിൽ ഏഴര കിലോമീറ്റർ ദൂരത്തിൽ സൗരോർജ്ജ വേലികൾ 2013-14 സാമ്പത്തിക വർഷത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

2. കല്പറ്റ റെയിഞ്ചിലെ കുറുക്കൻതോട് ഭാഗത്ത് 5 കിലോമീറ്റർ

ദൂരത്തിലും കുന്നംപുറം ഉതിരഞ്ചേരി ആല പ്രദേശങ്ങളിൽ 2 കി.മീ. ദൂരത്തിലും പാറത്തോട് മുതൽ ചെകുത്താൻ പാലം വരെയുള്ള 4.6 കി.മീ. ദൂരത്തിലും നിലവിലുള്ള സൗരോർജ്ജ കമ്പിവേലികളുടെ അറ്റകുറ്റപ്പണികൾ തീർത്ത് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

3. തരിയോട് എട്ടാംമൈൽ വനസംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ സുഗന്ധഗിരി സെക്ഷനിൽ പാറത്തോട് മുതൽ ഉതിരഞ്ചേരി വരെയുള്ള പ്രദേശങ്ങളിൽ 8 കി.മീ. ദൂരത്തിൽ നിലവിലുള്ള കമ്പിവേലിയുടെ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

4. മേപ്പാടി റെയിഞ്ചിൽ പരപ്പൻപാറ ആദിവാസി കോളനി, സൺറൈസ് വാലി മുതൽ ശേഖരൻകുണ്ട് വരെയുള്ള പ്രദേശങ്ങളിൽ 3.54 കി.മീ. ദൂരത്തിൽ ജനപങ്കാളിത്തത്തോടുകൂടി സൗരോർജ്ജ കമ്പിവേലികളുടെ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

5. കാട്ടാനശല്യം രൂക്ഷമായ പ്രദേശങ്ങളിൽ ജനങ്ങളുടെ രാത്രികാല സഞ്ചാരം സുഗമമാക്കുന്നതിന് കല്പറ്റ റെയിഞ്ചിൽ 30 ഏക്കർ ഭൂദാനം കോളനി, വേങ്ങത്തോട് കോളനി, കാപ്പാംകുന്ന് കോളനി തുടങ്ങിയ പ്രദേശങ്ങളിൽ 8 സൗരോർജ്ജ തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

6. കല്പറ്റ റെയിഞ്ചിലെ കാട്ടാനശല്യം രൂക്ഷമായ പ്രദേശങ്ങളായ കറുകൻതോട്, അമ്പ, തരിയോട് എന്നിവിടങ്ങളിൽ വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്.

7. സുഗന്ധഗിരി സെക്ഷനിൽ കാട്ടാനകൾ കൃഷിയിടത്തിലേക്കി റങ്ങുന്നത് തടയുന്നതിനായി 50 ഹെക്ടർ സ്ഥലത്ത് മുള്ളില്ലാ മുളത്തൈകൾ വച്ച് പിടിപ്പിച്ചിട്ടുണ്ട്.

8. കാട്ടാനകൾക്ക് വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിനും ജലത്തിനായി ജനവാസ കേന്ദ്രങ്ങളിലേക്ക് ഇറങ്ങാതിരിക്ക ന്നതിനുമായി കല്പറ്റ റെയിഞ്ചിലും മേപ്പാടി റെയിഞ്ചിലുമായി 5 ചെക്ക് ഡാമുകൾ നിർമ്മിച്ചിട്ടുണ്ട്.

9. 2014-15 സാമ്പത്തിക വർഷത്തിൽ കല്പറ്റ നിയോജക മണ്ഡലത്തിലെ

കല്പറ്റ, മേപ്പാടി റെയിഞ്ചുകളിലെ വിവിധ സ്ഥലങ്ങളിൽ 16.25 കി.മീ. നീളം വരുന്ന സോളാർ പവർ ഫെൻസിംഗിന്റെ അറ്റകുറ്റപണികൾ നടത്തിയിട്ടുണ്ട്.

(ബി) ചെലവഴിച്ച തുകയെ സംബന്ധിച്ചുള്ള ഇനം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| പ്രതിരോധ പ്രവർത്തനങ്ങൾ | തുക |
|---|---|
| സോളാർ പവർ ഫെൻസിംഗ് അറ്റകുറ്റപ്പണികൾ നടത്തുന്നതിന് | 2,84,982 രൂപ |
| വന്യമൃഗങ്ങളെ കാട്ടിലേക്ക് തുരത്തി വിടുന്നതിനായി വാച്ചർമാരെ നിയോഗിച്ചതിന് | 2,57,027 " |
| ആനകളെ തുരത്തുന്നതിനായി എലിഫന്റ് സ്കാറിംഗ് സൗണ്ട് എക്യുപ്മെന്റും പടക്കവും വാങ്ങിയതിന്. | 20,670 " |

(സി) കല്പറ്റ നിയോജക മണ്ഡലത്തിലെ കല്പറ്റ, മേപ്പാടി റെയിഞ്ചുകളിലായി നടപ്പു സാമ്പത്തിക വർഷത്തിൽ NABARD-RIDF-XVII പദ്ധതിയിൽ ഉൾപ്പെടുത്തി 6.2 കി.മീ. ദൂരം പവർ ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതിന് 20,91,000 രൂപ അടങ്കലിൽ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതിയിൽ പ്രസ്തുത റെയിഞ്ചുകളിലായി 21.45 കി.മീ. ദൂരം പവർ ഫെൻസിംഗ് നിർമ്മിക്കുന്നതിന് 46,90,000 രൂപയുടെ അടങ്കൽ കഴിഞ്ഞ സാമ്പത്തിക വർഷം അംഗീകരിച്ചിട്ടുള്ളതും നടപ്പ് സാമ്പത്തിക വർഷം ടി പ്രവർത്തികൾ ആരംഭിക്കുന്നതുമാണ്.

## കാലാവസ്ഥ വ്യതിയാനം

245 (1950) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലാവസ്ഥ വ്യതിയാനംമൂലമുള്ള പ്രശ്നങ്ങൾക്ക് പരിഹാരം തേടുന്നതിനായി കർമ്മ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) ഈ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; എത്ര തുക അനുവദിച്ചു ; വിശദമാക്കുമോ ;

(സി) പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാന കാലാവസ്ഥാ വ്യതിയാന കർമ്മ പദ്ധതി (SAPCC) തയ്യാറാക്കി കേന്ദ്ര വനവും പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും മന്ത്രാലയത്തിന് സമർപ്പിച്ചു. ഈ പദ്ധതിക്ക് 2014 ജൂലൈയിൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. മൊത്തം 1170.4 കോടി രൂപയുടെ 5 വർഷത്തെ കർമ്മ പദ്ധതിയിൽ കൃഷി, മൃഗസംരക്ഷണം, മത്സ്യ സമ്പത്തും തീരദേശ ആവാസ വ്യവസ്ഥയും, വനം, ജൈവ വൈവിദ്ധ്യവും ജലവിഭവവും, ആരോഗ്യം, ഊർജ്ജം, നഗരാഭിമുഖ്യവും ഗതാഗത കാര്യവും, വിനോദ സഞ്ചാരം എന്നീ മേഖലകളിലായി 127 പദ്ധതികളാണ് കേരളത്തിലെ കാലാവസ്ഥാ വ്യതിയാനം ലഘൂകരിക്കുവാനും നേരിടാനുംവേണ്ടി നടപ്പാക്കാൻ കണ്ടെത്തിയിട്ടുള്ളത്. കേരളത്തിൽ കാലാവസ്ഥാ വ്യതിയാനംമൂലം മേൽ പറഞ്ഞ 9 മേഖലകളിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് വിലയിരുത്തപ്പെട്ടതിനാൽ അവ ലഘൂകരിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക എന്നതാണ് കർമ്മ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(ബി) ഉണ്ട്. ഈ കർമ്മ പദ്ധതിക്ക് അഞ്ചു വർഷത്തെ പ്രതീക്ഷിക്കുന്ന തുക 1170.4 കോടി രൂപയാണ്. 2014-15 വർഷത്തിൽ 3 കോടി രൂപ ബഡ്ജറ്റിൽ (100% കേന്ദ്രാവിഷ്കൃതം) വകയിരുത്തിയെങ്കിലും തുക ചെലവഴിച്ചിട്ടില്ല.

(സി) കേരളമുൾപ്പെടെ 6 സംസ്ഥാനങ്ങളിൽ പദ്ധതി നടപ്പാക്കുന്നതിന് U.K സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഫോർ ഇന്റർനാഷണൽ ഡവലപ്പ്മെന്റ് (DFID) 12 ദശലക്ഷം ഡോളർ ധനസഹായം നൽകാമെന്ന് കേന്ദ്രസർക്കാരുമായി ധാരണയുണ്ട്. ഈ പദ്ധതി നടപ്പാക്കാൻ കേരള സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമാണ്. 2014 നവംബർ മാസത്തിലും 2015 ജൂൺ മാസത്തിലും ഈ വകുപ്പുകളെ ഉൾപ്പെടുത്തി "Stake Holders Workshop" സംഘടിപ്പിക്കുകയുണ്ടായി. ഡിപ്പാർട്ട്മെന്റ് ഫോർ ഇന്റർനാഷണൽ ഡവലപ്പ്മെന്റിന്റെ (DFID) വിദഗ്ദ്ധർ പങ്കെടുത്ത് സാങ്കേതിക വശങ്ങൾ വിശദീകരിക്കുകയുണ്ടായി. ഈ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ തുടർ നടപടികളുടെ ഏകോപനം നോഡൽ ഏജൻസിയായ ഡയറക്ടറേറ്റ് ഓഫ് എൻവയോൺമെന്റ് ആന്റ് ക്ലൈമറ്റ് ചേഞ്ച് നടത്തി വരുന്നു.

**പരിസ്ഥിതി സംരക്ഷണം**

246 (1951) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാരിസ്ഥിതികാവബോധം പൊതുജനങ്ങളിൽ വളർത്തുന്നതിനായി പരിസ്ഥിതി വകുപ്പ് കൈക്കൊണ്ട നടപടികൾ വിശദീകരിക്കാമോ ;

(ബി) പരിസ്ഥിതി വകുപ്പിന്റെ അനുമതിക്കായി എന്തെല്ലാം വൻകിട പദ്ധതികളുടെ അപേക്ഷകളാണ് പരിഗണനയ്ക്കായുള്ളത് ; വിശദാംശം ലഭ്യമാക്കാമോ ;

(സി) ആയത് സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കോളേജുകളിൽ പരിസ്ഥിതി ക്ലബ്ബുകൾ സ്ഥാപിച്ച് വിദ്യാർത്ഥികളിൽ പാരിസ്ഥിതിക അവബോധവും പരിസ്ഥിതി സംരക്ഷണത്തിനുള്ള ജാഗ്രതയും വളർത്തുന്നതിന് ഭൂമിത്ര സേന എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കേരളത്തിലെ വിവിധ കോളേജുകളിലായി ഇന്ന് 286 ഭൂമിത്ര സേന ക്ലബ്ബുകൾ നിലവിലുണ്ട്. പരിസ്ഥിതി വിദ്യാഭ്യാസവും ബോധവൽക്കരണവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനതലത്തിൽ പാരിസ്ഥിതികം എന്ന പരിസ്ഥിതി ബോധവൽക്കരണ പരിപാടി 2012-13 സാമ്പത്തിക വർഷത്തിൽ ആരംഭിച്ചു. കേരളത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ സർക്കാരിതര സംഘടനകൾ എന്നിവയെ ലക്ഷ്യമാക്കിയാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) വൻകിട പദ്ധതിക്ക് അനുമതി നൽകുന്നത് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയമാണ്. 2006-ലെ പാരിസ്ഥിതിക ആഘാത നിർണ്ണയ വിജ്ഞാപന പ്രകാരം 'ബി' കാറ്റഗറിയിൽ ഉൾപ്പെടുത്തപ്പെട്ടിരിക്കുന്ന പദ്ധതികൾക്കും പ്രവർത്തനങ്ങൾക്കും മുൻകൂർ പാരിസ്ഥിതിക അനുമതി നൽകുന്നത് കേന്ദ്ര സർക്കാർ വിജ്ഞാപന പ്രകാരം സ്ഥാപിതമായ സംസ്ഥാന പാരിസ്ഥിതിക ആഘാത നിർണ്ണയ അതോറിറ്റി (SEIAA) ആണ്.

(സി) 'ബി' കാറ്റഗറിയിൽ ഉൾപ്പെടുന്ന പദ്ധതികൾക്ക് സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ സംസ്ഥാന പാരിസ്ഥിതിക ആഘാത നിർണ്ണയ അതോറിറ്റി കേന്ദ്ര വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ തീരുമാനം

കൈക്കൊള്ളുന്നതാണ്. ഇത്തരം കാര്യങ്ങൾ പൂർണ്ണമായും അതോറിറ്റിയുടെ അധികാരപരിധിയിൽ വരുന്ന കാര്യമാണ്.

## സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റി

247 (1952) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസെസ്മെന്റ് അതോറിറ്റി രൂപീകരിച്ചത് എന്നാണ്; അംഗങ്ങൾ ആരൊക്കെയാണ് ;

(ബി) നിലവിൽ ഏതെല്ലാം പദ്ധതികൾക്ക് പരിസ്ഥിതി ക്ലിയറൻസിനുള്ള അപേക്ഷകൾ പ്രസ്തുത അതോറിറ്റിയുടെ പരിഗണനയിലുണ്ട് ; പുതിയ അതോറിറ്റി നിലവിൽ വരുന്നതിന് മുൻപ് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിലേക്ക് അയച്ച അപേക്ഷകളിൽ എത്രയെണ്ണം സംസ്ഥാന അതോറിറ്റിക്ക് റഫർ ചെയ്യുകയുണ്ടായിട്ടുണ്ട് ; അവ ഏതൊക്കെയാണ് ;

(സി) പുതുതായി വന്ന അതോറിറ്റി എത്ര അപേക്ഷകളിൽ തീരുമാനം എടുത്തു ; അവ ഏതെല്ലാമെന്നും അവശേഷിക്കുന്നവ എത്രയെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 19-3-2015 -ലെ S.O.804 (E) വിജ്ഞാപന പ്രകാരമാണ് സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസെസ്മെന്റ് അതോറിറ്റി രൂപീകരിച്ചത്. അംഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1-ൽ ഉള്ളടക്കം ചെയ്യുന്നു.*

(ബി) പാരിസ്ഥിതിക അനുമതി ആവശ്യമായ (B category) ഖനന പ്രവർത്തനങ്ങളുടേയും (മൈനർ മിനറൽസ്) നിർമ്മാണ പ്രവർത്തനങ്ങളുടേയും അപേക്ഷകളാണ് പരിഗണനയിലുള്ളത്. 48 ഖനന പ്രവർത്തനങ്ങളുടെ ലിസ്റ്റ് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്ന് സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയിലേയ്ക്ക് അയച്ചുതന്നത് അനുബന്ധം 2-ൽ ഉള്ളടക്കം ചെയ്യുന്നു.* പാറ ഖനനത്തിനുള്ള ഒരു അപേക്ഷ പ്രത്യേകമായി അയച്ചു തന്നത് താഴെ ചേർക്കുന്നു :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

M/s. Mankombu Granites (3.9442 ha)

Moonilavu Village & Taluk

Meenachil, Kottayam

(സി) 110 അപേക്ഷകളിന്മേൽ പുതുതായി വന്ന കമ്മിറ്റി തീരുമാനമെടുത്തു. വിവരം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| അനുമതി നൽകിയത് | - | 110 |
| അനുമതി നിഷേധിച്ചത് | - | 20 |
| അതോറിറ്റിയുടെ പരിഗണനയിൽ | - | 3 |
| സംസ്ഥാനതല വിദഗ്ദ്ധ അവലോകന സമതിയ്ക്ക് തിരിച്ചയച്ചത് | - | 24 |
| പിൻവലിക്കാൻ അനുവദിച്ചത് | - | 3 |

**വിദ്യാർത്ഥികൾക്കുള്ള പരിസ്ഥിതി അവാർഡ്**

248 (1953) ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികളിൽ പരിസ്ഥിതി അവബോധം പ്രോൽസാഹിപ്പിക്കുന്നതിന് അവാർഡ് നൽകാറുണ്ടോ ; എങ്കിൽ മാനദണ്ഡം വ്യക്തമാക്കുമോ ;

(ബി) ഇതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ടോ ; കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ;

(സി) എല്ലാ വിദ്യാലയങ്ങളിലും ശുദ്ധജലം, ടോയ്‌ലറ്റ് സൗകര്യം, കാര്യക്ഷമമായ മാലിന്യ നിർമ്മാർജ്ജനം എന്നിവ പരിസ്ഥിതി അവാർഡ് നിർണ്ണയത്തിൽ നിഷ്കർഷിക്കാൻ വ്യവസ്ഥ ഉണ്ടാക്കുമോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. കുട്ടികളിൽ പരിസ്ഥിതി അവബോധം പ്രോത്സാഹിപ്പിക്കുന്നതിനായി വർഷംതോറും സംഘടിപ്പിക്കുന്ന കുട്ടികളുടെ ജൈവവൈവിധ്യ കോൺഗ്രസ്സിന്റെ ഭാഗമായി ചിത്രരചന, ഉപന്യാസ രചന, പ്രോജക്ട് അവതരണം എന്നിവയിൽ ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും മത്സരങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ഇതിൽ വിജയികളാകുന്നവർക്ക് സർട്ടിഫിക്കറ്റുകളും പുസ്തകങ്ങളും ട്രോഫികളും സമ്മാനമായി നൽകുന്നു. കൂടാതെ പരിസ്ഥിതി സംരക്ഷണത്തിലും ജൈവവൈവിധ്യ പോഷണത്തിലും മികച്ച നിൽക്കുന്ന സ്കൂളുകൾക്ക് എല്ലാ വർഷവും സംസ്ഥാന ജൈവ വൈവിധ്യ അവാർഡ് നൽകിവരുന്നു. പരിസ്ഥിതി പ്രവർത്തനങ്ങളിലെ സജീവ പങ്കാളിത്തം, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ക്യാമ്പസിലെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ, പരിസ്ഥിതി സംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവയാണ് ഇതിനുള്ള മാനദണ്ഡം. സംസ്ഥാന ജൈവവൈവിധ്യ ബോർഡ് വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് മുഖേന കോളേജുകളിൽ പരിസ്ഥിതി ക്ലബ്ബുകൾ സ്ഥാപിച്ച് പാരിസ്ഥിതിക അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ ഭൂമിത്രസേന എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രസ്തുത ക്ലബ്ബുകളിൽ മികച്ച പ്രവർത്തനം നടത്തുന്നവയ്ക്ക് സംസ്ഥാന തലത്തിൽ അവാർഡും നൽകുന്നു.

(ബി) ഉണ്ട്. ബഡ്ജറ്റ് വിഹിതം ഈ പദ്ധതിക്കായി വിനിയോഗിക്കുന്നുണ്ട്. കേന്ദ്ര സഹായം ലഭിക്കുന്നില്ല.

(സി) വ്യവസ്ഥകൾ സംബന്ധിച്ച കാര്യങ്ങൾ ബന്ധപ്പെട്ട വകുപ്പുമായി കൂടിയാലോചിച്ച് മാത്രമേ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളു.

## ഉഷ്ണക്കാറ്റിനെക്കുറിച്ചുള്ള പഠനം

249 (1954) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആന്ധ്ര, തെലുങ്കാന സംസ്ഥാനങ്ങളിൽ രണ്ടായിരത്തോളം പേരുടെ മരണത്തിനിടയാക്കിയ ഉഷ്ണക്കാറ്റ് ഇന്ത്യ മുഴുവൻ വ്യാപിക്കാനിടയുണ്ട് എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പ്രതിഭാസത്തെ സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിന് തയ്യാറാകുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉഷ്ണക്കാറ്റ് സംബന്ധിച്ച നിരവധി പഠനങ്ങൾ രാജ്യത്ത് നടത്തിയിട്ടുണ്ട്. എന്നാൽ ഇപ്പോൾ ഡക്കാൻ പ്രദേശങ്ങളിൽ വീശിയടിച്ച ഉഷ്ണക്കാറ്റ് സംബന്ധിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല. സഹ്യപർവ്വതത്തിന്റെ കിടപ്പ് കേരളത്തെ ഡക്കാൺ പ്രദേശത്തു നിന്നുള്ള ഉഷ്ണക്കാറ്റിൽ നിന്ന് സംരക്ഷിക്കാൻ പര്യാപ്തമായ രീതിയിലാണ്.

മൺസൂൺവൃഷ്ടിക്ക് മുൻപായാണ് പൊതുവേ ഉഷ്ണക്കാറ്റ് വീശാറുള്ളത്. ഇപ്പോൾ തെക്ക് പടിഞ്ഞാറൻ മൺസൂൺ കാറ്റ് മിക്ക സംസ്ഥാനങ്ങളിലും വ്യാപിച്ചു കഴിയുകയും വടക്ക് കിഴക്കൻ ദിശയിൽ മുന്നേറിക്കൊണ്ടിരിക്കുകയുമാണ്. മൺസൂൺ കാലത്ത് ഉഷ്ണക്കാറ്റ് വീശാറില്ല. ഈ വിഷയം ഇന്ത്യാ മീറ്ററോളജിക്കൽ ഡിപ്പാർട്ട്മെന്റ് തുടർച്ചയായി നിരീക്ഷണ വിധേയമാക്കുകയും ഉഷ്ണക്കാറ്റ് സംബന്ധിച്ച മുന്നറിയിപ്പ് ഏകദേശം അഞ്ച് ദിവസം മുൻകൂറായി വെബ്സൈറ്റിലൂടെയും പ്രിന്റ്/ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്.

## ഫ്ളഡ് ലൈറ്റ് സംവിധാനം

250 (1955) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ സ്ഥിരം ഫ്ലഡ് ലൈറ്റ് സംവിധാനം സ്ഥാപിക്കുന്നകാര്യം പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് വിശദമായ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ലഭിച്ച തീയതിയും സ്വീകരിച്ച നടപടിയും വിശദമാക്കാമോ ;

(സി) പ്രസ്തുത സ്റ്റേഡിയത്തിൽ ഫ്ലഡ് ലൈറ്റ് സ്ഥാപിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ-സി) മഞ്ചേരിയിലെ പയ്യനാട്ടുള്ള ജില്ലാ സ്പോർട്ട്സ് കോംപ്ലക്സ് ആന്റ് ഫുട്ബോൾ സ്റ്റേഡിയത്തിൽ ഒരു ഫ്ളഡ് ലൈറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി മലപ്പുറം ജില്ലാ സ്പോർട്ട്സ് കൗൺസിൽ M/s KITCO മുഖേന തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് സഹിതമുള്ള പ്രൊപ്പോസൽ 29-5-2015-ന് കായിക വകുപ്പിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാനായി കായിക യുവജനകാര്യ വകുപ്പ് ഡയറക്ടർ, കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ സെക്രട്ടറി എന്നിവർക്ക് അയച്ചു കൊടുത്തിട്ടുണ്ട്. വിശദമായ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ

സ്വീകരിക്കാവുന്നതാണ്.

**നാഷണൽ ഗെയിംസ്**

251 (1956) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-ൽ നടന്ന നാഷണൽ ഗെയിംസിന്റെ കേരള ആഡിറ്റ് വകുപ്പ് നടത്തിയ ആഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ ഒരു പകർപ്പ് നൽകാമോ ;

(ബി) പ്രധാനമായും എന്തെല്ലാം നിരീക്ഷണങ്ങളാണ് പ്രസ്തുത റിപ്പോർട്ടിലുള്ളത് ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ&ബി) 35-ാമത് ദേശീയ ഗെയിംസിന്റെ വരവു ചെലവു കണക്കുകളിന്മേലുള്ള ലോക്കൽ ഫണ്ട് ആഡിറ്റ് പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**പഞ്ചഗുസ്തിക്ക് അംഗീകാരം**

252 (1957) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത കായികയിനമായ പഞ്ചഗുസ്തിയിൽ കേരളതാരങ്ങൾ ദേശീയ കിരീടം നേടിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ദേശീയതലത്തിൽ കേരളത്തിന്റെ യശസ്സ് ഉയർത്തിയ ഈ കായിക ഇനത്തിന് സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകിയിട്ടില്ല എന്ന കാര്യം അറിയുമോ ;

(സി) പഞ്ചഗുസ്തിക്ക് സ്പോർട്സ് കൗൺസിലിന്റെ അംഗീകാരം നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിൽ പഞ്ചഗുസ്തി ഒരു കായിക ഇനമായി കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടില്ല.

(സി) 2008-ലെ കേരള സ്പോർട്ട്സ് ചട്ടങ്ങളിലെ സംസ്ഥാന അസോസിയേഷനുകളുടെ അംഗീകാരം സംബന്ധിച്ചുള്ള പ്രസക്തഭാഗം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.* ടി ചട്ടങ്ങൾക്ക് അനുസൃതമായ രേഖകൾ സഹിതം സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അർഹത ബോദ്ധ്യപ്പെട്ടതിനുശേഷമാണ് സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ ഒരു കായിക ഇനത്തിന് അംഗീകാരം നൽകുന്നത്. പഞ്ചഗുസ്തിയ്ക്ക് അംഗീകാരത്തിന് മേൽപ്പറഞ്ഞ പ്രകാരമുള്ള അപേക്ഷ സ്പോർട്ട്സ് കൗൺസിലിൽ സമർപ്പിക്കുന്ന പക്ഷം തുടർ നടപടി സ്വീകരിക്കാവുന്നതാണ്.

## സ്റ്റാഫ് ഗെയിംസ്

253 (1958) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം കേരളത്തിന് അനുവദിക്കാമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിരുന്ന സാഫ് ഗെയിംസ് വേദി ഇപ്പോൾ മാറ്റുന്നതിന് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്നാണ് അറിയിച്ചിരിക്കുന്നത് ;

(സി) സാഫ് ഗെയിംസ് കേരളത്തിൽ തന്നെ നടത്തുന്നതിന് സർക്കാർ ശ്രമിക്കുമോ ?

ഉത്തരം

(എ-സി) കേരളത്തിൽ വച്ച് സാഫ് ഗെയിംസ് നടത്തുന്നത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽനിന്നും അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. എന്നാൽ കേരളം സാഫ് ഗെയിംസ് നടത്തുന്നതിന് ഏറ്റവും സൗകര്യമുള്ള സംസ്ഥാനമാണെന്ന് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ തീരുമാനിക്കുകയും അക്കാര്യം അറിയിക്കുകയും ചെയ്തിട്ടുണ്ട്. സാഫ് ഗെയിംസ് കേരളത്തിൽ തന്നെ നടത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാന കായികമന്ത്രി കേന്ദ്ര കായിക മന്ത്രിയ്ക്ക് കത്തെഴുതിയിട്ടുണ്ട്.

## കേരള സ്റ്റേറ്റ് ആട്യ്യാ പാട്യ്യാ അസോസിയേഷന് അംഗീകാരം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

254 (1959) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ആട്യാ പാട്യാ അസോസിയേഷന് സ്പോർട്സ് കൗൺസിലിന്റെ അംഗീകാരം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിനുള്ള പ്രധാന തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) ആട്യാ പാട്യാ അസോസിയേഷന് സ്പോർട്സ് കൗൺസിലിന്റെ അംഗീകാരം നൽകുന്നതിന് അജണ്ടയിൽ ഉൾപ്പെടുത്തി ഇക്കാര്യം ചർച്ച ചെയ്ത് പരിശോധിച്ചിട്ടുണ്ടോ ; ഇന്ത്യൻ ഒളിമ്പിക്സ് അസ്സോസിയേഷൻ ഈ കളിയെ അംഗീകരിച്ചിട്ടുണ്ടോ ;

(സി) ആട്യാ പാട്യാ അസോസിയേഷന് അംഗീകാരം നൽകണമെന്നു കാണിച്ച് അസോസിയേഷൻ എത്ര നിവേദനം നൽകിയിട്ടുണ്ട് ; ഇതു സംബന്ധിച്ച് ഈ വിഷയത്തിൽ എടുത്ത നടപടികൾ വ്യക്തമാക്കാമോ ; പരാതിക്കാർക്ക് എന്തെങ്കിലും മറുപടി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 27-4-2015-ൽ കൂടിയ കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ 2000-ലെ കേരള സ്പോർട്ട്സ് ആക്ട്, 2008-ലെ കേരള സ്പോർട്ട്സ് ചട്ടങ്ങൾ പ്രകാരം ആട്യാ പാട്യാ കളിയിനത്തിൽ അഡ്വ. മോൻസ് ജോസഫ് പ്രസിഡന്റും, ശ്രീ. സുഭാഷ് ജോസഫ് സെക്രട്ടറിയുമായുള്ള "കേരള സ്റ്റേറ്റ് ആട്യാ പാട്യാ അസോസിയേഷന്" അംഗീകാരം നൽകാൻ തീരുമാനമായിട്ടുണ്ട്.

(ബി) ആട്യാ പാട്യാ അസോസിയേഷന് സ്പോർട്ട്സ് കൗൺസിലിന്റെ അംഗീകാരം നൽകുന്നത് സംബന്ധിച്ച് അജണ്ടയിൽ ഉൾപ്പെടുത്തി ചർച്ച ചെയ്തിട്ടുണ്ട്. ആട്യാ പാട്യാ അസോസിയേഷനെ ഇന്ത്യൻ ഒളിമ്പിക്സ് അസോസിയേഷൻ അംഗീകരിച്ചിട്ടില്ല.

(സി) ആട്യാ പാട്യാ അസോസിയേഷനിൽ നിന്നും അംഗീകാരം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ലഭിച്ച നാല് നിവേദനങ്ങൾ 27-4-15-ൽ കൂടിയ കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം പരിശോധിച്ച് 'ടി' അസോസിയേഷന് അംഗീകാരം നൽകാൻ തീരുമാനിക്കുകയും ആയത് പ്രകാരം 11-6-2015-ന് അസോസിയേഷന് മറുപടിയും നൽകിയിട്ടുണ്ട്.

**കായിക നയം**

255 (1960) <u>ശ്രീ. അൻവർ സാദത്ത്</u> :

<u>ശ്രീ. സണ്ണി ജോസഫ്</u> :

<u>ശ്രീ. സി. പി. മുഹമ്മദ്</u> :

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കായിക നയം പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നിലവിലുള്ള കായിക നയത്തിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നത് ;

(സി) ഇതിനായി പ്രത്യേക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഉണ്ടെങ്കിൽ കമ്മിറ്റിയുടെ പരിഗണനാവിഷയങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) 13-2-2015 -ലെ സർക്കാർ ഉത്തരവ് നമ്പർ 24/15/കാ.യു.വ. പ്രകാരം ചുവടെ പറയുന്നവരെ ഉൾപ്പെടുത്തി സംസ്ഥാന കായികനയ പരിഷ്കരണം സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിയ്ക്കുന്നതിന് ഒരു ഹൈലെവൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| 1. | ഡോ.ജി.എസ്. അയ്യങ്കാർ<br>ജോയിന്റ് സെക്രട്ടറി, കായികയുവജനകാര്യ മന്ത്രാലയം,<br>കേന്ദ്രസർക്കാർ & വൈസ് ചാൻസിലർ (i/c)<br>എൽ.എൻ.യു.പി.ഇ, ഗ്വാളിയർ. | - | ചെയർമാൻ |
| 2. | പത്മശ്രീ പി.ടി. ഉഷ | - | മെമ്പർ |
| 3. | ഡോ.ദലീൽ സിംഗ് ചൗഹാൻ<br>അർജ്ജുന അവാർഡ് ജേതാവ്,<br>ഡയറക്ടർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ &സ്പോർട്ട്സ്,<br>കുരുക്ഷേത്ര യൂണിവേഴ്സിറ്റി, ഹരിയാന. | - | മെമ്പർ |
| 4. | ഡോ. ബിനു ജോർജ്ജ് വർഗ്ഗീസ്, സെക്രട്ടറി,<br>കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ | - | കൺവീനർ |

കൂടാതെ 9-3-2015 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 37/15/കാ.യു.വ. പ്രകാരം ഷൂട്ടിംഗ് പരിശീലകൻ ശ്രീ. സണ്ണി തോമസിനെ കൂടി പ്രസ്തുത കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാന കായികനയ പരിഷ്കരണം സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് പ്രസ്തുത കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്.

**കായിക മേഖലയിലെ പദ്ധതികൾ**

256 (1961) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ കായിക മേഖലയ്ക്കായി എന്തെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചിരുന്നത് ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ ഇനിയും നടപ്പിലാക്കാൻ അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികൾക്കായി എത്ര തുക അനുവദിച്ചിരുന്നു ; ഇതിൽ എത്ര തുക ചെലവഴിക്കാതെ ബാക്കി നിൽക്കുന്നു ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 2014-15 സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിലും, ബഡ്ജറ്റ് പ്രസംഗത്തിലുമായി താഴെപ്പറയുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിരുന്നു :

1. കായികവികസനനിധി
2. കായികവികസനത്തിനായുള്ള പ്രചരണം.
3. വിവിധോദ്ദേശ്യ കളിസ്ഥലങ്ങളുടെ നിർമ്മാണം.
4. കായികവികസനത്തിനായുള്ള 'പ്രത്യേക പദ്ധതികൾ'
5. കമ്മ്യൂണിറ്റി സ്പോർട്ട്സ്
6. സ്പോർട്ട്സിന് അടിസ്ഥാന സൗകര്യങ്ങൾ
7. നാഷണൽ ഗെയിംസ്

8. കേരളാ സ്പോർട്ട്സ് ഇൻസ്റ്റിറ്റ്യൂട്ട്.

9. വലിയതുറയിൽ സിന്തറ്റിക് ട്രാക്കോടുകൂടിയ സ്റ്റേഡിയം.

10. കൈപ്പറമ്പ് സ്പോർട്ട്സ് കോംപ്ലക്സ്.

11. അരീക്കോട് സ്റ്റേഡിയത്തിൽ സിന്തറ്റിക് ടർഫ്.

12. കളമശ്ശേരിയിൽ സ്പോർട്ട്സ് കോംപ്ലക്സ്

13. പാലക്കാട് ജില്ലയിൽ ഒരു സിന്തറ്റിക് ട്രാക്ക്

14. കോതമംഗലം ചേലാട് പോളിടെക്നിക്കിൽ നിർമ്മാണത്തിലിരിക്കുന്ന സ്പോർട്ട്സ് കോംപ്ലക്സിന് ധനസഹായം.

(ബി) ചുവടെ പറയുന്ന പദ്ധതികൾ 2014-15 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാനായില്ല :

1. വിവിധോദ്ദേശ്യ കളിസ്ഥലങ്ങളുടെ നിർമ്മാണം

2. കമ്മ്യൂണിറ്റി സ്പോർട്ട്സ്

3. സ്പോർട്ട്സിന് അടിസ്ഥാന സൗകര്യങ്ങൾ

4. കായികവികസനനിധി

5. വലിയതുറയിൽ സിന്തറ്റിക് ട്രാക്കോടുകൂടിയ സ്റ്റേഡിയം

6. അരീക്കോട് സ്റ്റേഡിയത്തിൽ സിന്തറ്റിക് ടർഫ്

7. കളമശ്ശേരിയിൽ സ്പോർട്ട്സ് കോംപ്ലക്സ്

(സി) പ്രസ്തുത പദ്ധതികൾക്കായി കായിക യുവജനകാര്യാലയത്തിൽനിന്ന് 16.11 കോടി രൂപയും സ്പോർട്ട്സ് കൗൺസിലിൽ നിന്ന് 5 കോടി രൂപയും ആകെ അനുവദിച്ചിരുന്നു. ഇതിൽ 6,66,43,045 രൂപ ചെലവഴിച്ചിരുന്നില്ല.

**കൊല്ലം ഹോക്കി കോർട്ട്**

257 (1962) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും

പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ഹോക്കി കോർട്ടിന്റെ സംരക്ഷണവും നടത്തിപ്പും നിർവഹിക്കുന്നതിനുള്ള ഉത്തരവാദിത്വം ആരെയെങ്കിലും ഏല്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(ബി) പ്രസ്തുത കോർട്ട് പരിശീലനത്തിന് നല്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കൊല്ലം ഹോക്കി സ്റ്റേഡിയത്തിന്റെ പരിപാലനം സംസ്ഥാന സ്പോർട്ട്സ് കൗൺസിലിനെ ഏൽപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയത്തിലെ പരിശീലന പദ്ധതികൾ സ്പോർട്ട്സ് കൗൺസിൽ ആവിഷ്കരിച്ച് വരുന്നു.

**നാഷണൽ ഗെയിംസിനുള്ള ചെലവും തുടർനടപടികളും**

258 (1963) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുവച്ച് അടുത്ത കാലത്തു നടന്ന നാഷണൽ ഗെയിംസിന്റെ ആകെ ചെലവ് എത്ര ;

(ബി) ഇതിൽ സംസ്ഥാന സർക്കാർ വിഹിതം എത്ര ; കേന്ദ്ര സർക്കാർ വിഹിതം എത്ര ;

(സി) നാഷണൽ ഗെയിംസിനായി സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ ഉണ്ടാക്കിയിരിക്കുന്ന വിവിധ ഗെയിംസ് കോർട്ടുകൾ മറ്റ് ആവശ്യങ്ങൾക്ക് കൊടുക്കാതെ സംരക്ഷിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) അന്തിമകണക്കുകൾ തയ്യാറാക്കി വരുന്നതേയുള്ളൂ. ആകെ ചെലവ് അതിനുശേഷമേ തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

(ബി) നാളിതുവരെ സംസ്ഥാന സർക്കാർ വിഹിതമായി 321.55 കോടിരൂപയും, കേന്ദ്ര വിഹിതമായി 121 കോടി രൂപയും, അധിക കേന്ദ്രവിഹിതമായി 7.78 കോടി

രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) ദേശീയ ഗെയിംസിനായി ഏറ്റെടുത്ത വേദികളുടെ പരിപാലനം, ക്രമീകരണങ്ങൾ എന്നിവ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ 24-2-2015-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 09/15/കാ.യു.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ

259 (1964) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ ഗ്രൗണ്ടിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ വർഷം എത്ര കുട്ടികളെയാണ് ട്രെയിനിംഗ് സെന്ററിൽ ട്രെയിനിംഗ് നൽകിയത് ;

(സി) ട്രെയിനിംഗ് സെന്റർ വികസനത്തിനായി അടുത്ത കാലത്ത് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ ?

ഉത്തരം

(എ) മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് സെന്റർ ഗ്രൗണ്ട് കായികതാരങ്ങളുടെ ഫുട്ബോൾ പരിശീലനത്തിനായി ഉപയോഗിച്ചുവരുന്നു.

(ബി) മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് സെന്ററിനോട് അനുബന്ധിച്ചുള്ള ഫുട്ബോൾ സ്പോർട്ട്സ് ഹോസ്റ്റലിൽ 12 കായികതാരങ്ങളാണ് ഉള്ളത്. ടി കായികതാരങ്ങൾക്ക് മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ ഗ്രൗണ്ടിൽ സ്ഥിരമായി പരിശീലനം നൽകിവരുന്നു. കൂടാതെ ഈ വർഷം സായി 50 കായികതാരങ്ങൾക്കായി 10 ദിവസത്തെ കോച്ചിംഗ് ക്യാമ്പും നടത്തിയിരുന്നു.

(സി&ഡി) മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിന്റെ നവീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച നടപടികൾ കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ സ്വീകരിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ലോ ഫ്ളോർ എ.സി. ബസുകളിലെ സൗജന്യ യാത്രാപാസ്

260 (1965) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ലോ ഫ്ലോർ എ.സി. ബസുകളിൽ സൗജന്യ യാത്രാ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുള്ളവരുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പോലീസ് ഉദ്യോഗസ്ഥർക്ക് കെ.എസ്.ആർ.ടി.സി. ലോ ഫ്ലോർ എ.സി. ബസുകളിൽ വാറണ്ട് ഉപയോഗിച്ച് യാത്ര ചെയ്യാൻ അനുവാദമുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ലോ ഫ്ളോർ എ.സി. ബസുകളിൽ യാതൊരുവിധ സൗജന്യ യാത്രാ ആനുകൂല്യങ്ങളും അനുവദിച്ചിട്ടില്ല.

(ബി) ഇല്ല.

## കെ.എസ്.ആർ.ടി.സി.-യിൽ ടിക്കറ്റിന് സെസ്സ്

261 (1966) ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ ടിക്കറ്റിന് സെസ്സ് ഏർപ്പെടുത്തിയ ശേഷമുള്ള സ്ഥിതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) സെസ്സ് ഏർപ്പെടുത്തിയതിന്റെ പേരിൽ കെ.എസ്.ആർ.ടി.സി.-യ്ക്ക് ദീർഘദൂര റൂട്ടുകളിന്മേലുള്ള കുത്തക ഇല്ലാതാക്കാൻ സ്വകാര്യ ലോബി ശ്രമം തുടങ്ങിയതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രശ്നത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ താല്പര്യം സംരക്ഷിക്കുന്നതിനും, യാത്രക്കാർക്ക് മെച്ചപ്പെട്ട് സേവനം ഉറപ്പ് വരുത്തുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. സാമൂഹ്യസുരക്ഷാ സെസ്സ് ഇനത്തിൽ പ്രതിദിനം ശരാശരി 15 ലക്ഷം മുതൽ 18 ലക്ഷം രൂപ വരെ കെ.എസ്.ആർ.ടി.സി.-ക്ക് അധിക വരുമാനമായി ലഭിക്കുന്നുണ്ട്.

(ബി) ഇല്ല.

(സി) കെ.എസ്.ആർ.ടി.സി.-യുടെ താൽപര്യം സംരക്ഷിക്കുന്നതിലേക്കായി ദീർഘദൂര സർവ്വീസുകൾ കെ.എസ്.ആർ.ടി.സി.-ക്ക് മാത്രമായി നിജപ്പെടുത്തിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ വെളിച്ചത്തിൽ സ്വകാര്യ സൂപ്പർക്ലാസ്സ് റൂട്ടുകൾ കെ.എസ്.ആർ.ടി.സി. ഏറ്റെടുത്തുകൊണ്ടിരിക്കുകയാണ്.

**കെ.എസ്.ആർ.ടി.സി ബസ്സ്സ്റ്റേഷനിൽ കോഫീ ഹൗസ് ഔട്ട്‌ലെറ്റുകൾ**

262 (1967) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസ്സ്റ്റേഷനുകളിൽ കോഫീ ഹൗസ് ഔട്ട് ലെറ്റുകൾ ആരംഭിക്കുന്നതിന് കെ.എസ്.ആർ.ടി.സി. ഭരണസമിതി തീരുമാനം എടുത്തത് എന്നാണ് ;

(ബി) ഏതെല്ലാം സ്റ്റേഷനുകളിൽ ഇതിന്റെ പ്രവർത്തനം തുടങ്ങി എന്ന് വിശദമാക്കുമോ ;

(സി) കൊട്ടാരക്കര ബസ്സ്റ്റേഷനിൽ കോഫീ ഹൗസ് ഔട്ട്‌ലെറ്റ് ആരംഭിക്കുന്ന തിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 26-8-2014-ലാണ് കെ.എസ്.ആർ.ടി.സി. ഭരണസമിതി തീരുമാനം എടുത്തത്.

(ബി) അങ്കമാലി യൂണിറ്റിൽ 12-6-2015-ന് കോഫീ ഹൗസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) കോഫീ ഹൗസ് അധികൃതരുമായി പ്രാഥമിക ചർച്ചകൾ നടത്തുകയും തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യുടെ നവീകരണം പാലക്കാട് ജില്ലയിൽ

263 (1968) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-7-2011 മുതൽ 31-5-2015 വരെ എത്ര കെ.എസ്.ആർ.ടി.സി. ബസുകൾ പാലക്കാട് ജില്ലയിൽ സർവ്വീസ് നടത്തിവരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) 1-7-2006 മുതൽ 31-5-2011 വരെ ജില്ലയിൽ അനുവദിച്ചിരുന്ന ഷെഡ്യൂളുകളിൽ നിന്ന് 1-7-2011 മുതൽ 31-5-2015 വരെയുള്ള കാലയളവിൽ എത്ര ബസ് റൂട്ടുകൾ നിറുത്തലാക്കി ; വിശദാംശം ലഭ്യമാക്കാമോ ;

(സി) കെ.എസ്.ആർ.ടി.സി. നവീകരണത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) കെ.എസ്.ആർ.ടി.സി. നവീകരണത്തിനായി എത്ര തുകയാണ് മേൽ കാലയളവിൽ ചെലവഴിച്ചത് ; വിശദാംശം ലഭ്യമാക്കാമോ ?

### ഉത്തരം

(എ) 169 ബസ്സുകൾ.

(ബി) 10 സർവ്വീസുകൾ വരുമാനക്കുറവും, ബസ്സിന്റെ കുറവും കാരണം താൽക്കാലികമായി നിർത്തലാക്കിയിട്ടുണ്ട്.

(സി) പാലക്കാട് ജില്ലയിലെ ഡിപ്പോകളിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

2012-13 വർഷം മണ്ണാർക്കാട് യൂണിറ്റിൽ ഇൻസ്പെക്ഷൻ പിറ്റും മേൽക്കൂരയും നിർമ്മിക്കുന്നതിനായി 10 ലക്ഷം രൂപയും വടക്കാഞ്ചേരി ഡിപ്പോയിൽ ഫോർ ബേ ഗ്യാരേജ് (with space frame) നിർമ്മിക്കുന്നതിനായി 20 ലക്ഷം രൂപയും ചിറ്റൂർ ഡിപ്പോയിൽ ജീവനക്കാർക്ക് വിശ്രമമുറി നിർമ്മിക്കുന്നതിനായി 10 ലക്ഷം രൂപയും കോർപ്പറേഷന് പദ്ധതി വിഹിതമായി സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്.

2013-14 വർഷം മണ്ണാർക്കാട് യൂണിറ്റിലെ യാർഡ് വികസിപ്പിക്കുന്നതിനായി 30 ലക്ഷം രൂപ കോർപ്പറേഷന് പദ്ധതി വിഹിതമായി സർക്കാർ അനുവദിച്ച്

നൽകിയിട്ടുണ്ട്. 2015-16 വർഷം പാലക്കാട് ഡിപ്പോയിൽ ബസ്സ് ടെർമിനൽ നിർമ്മിക്കുന്നതിനായി 50 ലക്ഷം രൂപ കോർപ്പറേഷന് പദ്ധതി വിഹിതമായി സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ഡി) ടി കാലയളവിൽ കെ.എസ്.ആർ.ടി.സി. നവീകരണത്തിനായി പാലക്കാട് ജില്ലയിൽ 1.95 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. പെൻഷൻ

264 (1969) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ മുടങ്ങിയിട്ട് എത്ര മാസമായി എന്ന് അറിയിക്കുമോ ?

ഉത്തരം

2015 ഏപ്രിൽ, മേയ് മാസങ്ങളിലെ പെൻഷൻ തുക പൂർണ്ണമായും കുടിശ്ശികയാണ്. 2015 ജൂൺ മാസത്തിലെ പെൻഷൻ തുക പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. 2014 ഒക്ടോബർ മാസം മുതൽ 2015 മാർച്ച് മാസം വരെയുള്ള കാലയളവിലെ പെൻഷൻ പരമാവധി 15000 രൂപയായി നിജപ്പെടുത്തിയാണ് വിതരണം ചെയ്തിട്ടുള്ളത്. ശേഷിക്കുന്ന തുക കുടിശ്ശികയാണ്.

## കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോകളുടേയും വർക്ക്ഷോപ്പുകളുടേയും നവീകരണം

265 (1970) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോകളുടേയും വർക്ക് ഷോപ്പുകളുടെയും നവീകരണം, പുതിയ ബസ് സ്റ്റേഷനുകളുടെ നിർമ്മാണം, ആധുനിക ഗാരേജുകളുടെ നിർമ്മാണം എന്നിവയ്ക്കായി 2014-15 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 17.32 കോടി രൂപ നീക്കി വച്ചിരുന്നതു വിനിയോഗിച്ച് നടപ്പിലാക്കിയ എല്ലാ പ്രവൃത്തി കളുടേയും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

17.32 കോടി രൂപ അനുവദിച്ചതിൽ 6 കോടി രൂപ ചുവടെ പറയുന്ന ജില്ലകൾക്കു വേണ്ടിയുള്ള പ്രവൃത്തികൾക്കായി ഇതിനകം ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുക പ്ലാൻ ഫണ്ട് പ്രകാരം അനുവദിച്ച പ്രവൃത്തികൾക്കായി നീക്കിവച്ചിട്ടുണ്ട്.

1. <u>തിരുവനന്തപുരം</u> :

ചീഫ് ഓഫീസ്, പാപ്പനംകോട് സെൻട്രൽ വർക്സ്, ആറ്റിങ്ങൽ, നെയ്യാറ്റിൻകര, വെഞ്ഞാറമൂട്, കിളിമാനൂർ, കണിയാപുരം, തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം സെൻട്രൽ, പാലോട്, ആര്യനാട്, പൂവാർ എന്നിവിടങ്ങളിലെ നിർമ്മാണ/നവീകരണ പ്രവൃത്തികൾ, അറ്റകുറ്റപ്പണികൾ.

2. <u>കൊല്ലം</u> :

ഓച്ചിറ, കുളത്തൂപ്പുഴ, കൊട്ടാരക്കര എന്നീ യൂണിറ്റുകളിലെ നിർമ്മാണ/ നവീകരണ പ്രവൃത്തികൾ, അറ്റകുറ്റപ്പണികൾ.

3. <u>പത്തനംതിട്ട :</u>

പത്തനംതിട്ട, പന്തളം, പമ്പ, അടൂർ, ചെങ്ങന്നൂർ എന്നീ യൂണിറ്റുകളിലെ നിർമ്മാണ/ നവീകരണ പ്രവൃത്തികൾ, അറ്റകുറ്റപ്പണികൾ.

4. <u>ആലപ്പുഴ</u> :

ചേർത്തല, ഹരിപ്പാട്, മാവേലിക്കര റീജയണൽ വർക്ക്ഷോപ്പ് എന്നിവിടങ്ങളിലെ നിർമ്മാണ/നവീകരണ പ്രവൃത്തികൾ, അറ്റകുറ്റപ്പണികൾ.

5. <u>കോട്ടയം</u> :

വൈക്കം ഡിപ്പോയിൽ സ്ത്രീകളുടെ വിശ്രമസങ്കേതവും ടോയ്‌ലെറ്റും നിർമ്മിക്കുന്ന പ്രവൃത്തികൾ, അറ്റകുറ്റപ്പണികൾ.

6. <u>എറണാകുളം</u> :

കൂത്താട്ടുകുളം, ആലുവ, തേവര, റീജിയണൽ വർക്ക്ഷോപ്പ് ആലുവ, കോതമംഗലം,

മൂവാറ്റുപുഴ എന്നീ ഡിപ്പോകളിലെ നിർമ്മാണ/നവീകരണ പ്രവൃത്തികൾ, അറ്റകുറ്റ പണികൾ.

7. <u>ഇടുക്കി</u> :

കുമളി, മൂന്നാർ എന്നിവിടങ്ങളിലെ നിർമ്മാണ/നവീകരണ പ്രവൃത്തികൾ, അറ്റകുറ്റ പണികൾ.

8. <u>തൃശ്ശൂർ</u> :

തൃശ്ശൂർ, വടക്കാഞ്ചേരി, ചാലക്കുടി, ഇരിങ്ങാലക്കുട, കൊടുങ്ങല്ലൂർ എന്നീ ഡിപ്പോകളിലെ നിർമ്മാണ/നവീകരണ പ്രവൃത്തികൾ, അറ്റകുറ്റപ്പണികൾ.

9. <u>പാലക്കാട്</u> :

മണ്ണാർക്കാട്, പാലക്കാട് എന്നിവിടങ്ങളിലെ നിർമ്മാണ/നവീകരണ പ്രവൃത്തികൾ, അറ്റകുറ്റപ്പണികൾ.

10. <u>മലപ്പുറം</u> :

പൊന്നാനി, നിലമ്പൂർ എന്നിവിടങ്ങളിലെ നിർമ്മാണ/നവീകരണ പ്രവൃത്തികൾ, അറ്റകുറ്റപ്പണികൾ.

11. <u>വയനാട്</u> :

കൽപ്പറ്റ ഡിപ്പോയിലെ നിർമ്മാണ/നവീകരണ പ്രവൃത്തികൾ, അറ്റകുറ്റപ്പണികൾ.

12. <u>കോഴിക്കോട്</u> :

റീജയണൽ വർക്ക്ഷോപ്പിലെ നവീകരണ പ്രവൃത്തികൾ/അറ്റകുറ്റപ്പണികൾ

13. <u>കണ്ണൂർ</u> :

തലശ്ശേരി, പയ്യന്നൂർ എന്നിവിടങ്ങളിലെ നിർമ്മാണ/നവീകരണ പ്രവൃത്തികൾ, അറ്റകുറ്റപ്പണികൾ.

14. കാസർഗോഡ് :

കാസർഗോഡ് ഡിപ്പോയിലെ നിർമ്മാണ/നവീകരണ പ്രവൃത്തികൾ, അറ്റകുറ്റ പണികൾ.

**കെ.എസ്.ആർ.ടി.സി. ബസ് ചെയ്സിസുകളും ലോ ഫ്ലോർ ബസ്സുകളും**

266 (1971) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസ് ചെയ്സിസുകൾ വാങ്ങിയിട്ടുണ്ട് ; ഇവയുടെ തുക എത്രയെന്നും ; ഇത് ബോഡി ചെയ്യാൻ ചെലവായ തുക എത്രയെന്നും വർഷം തിരിച്ച് വിവരിക്കുമോ ;

(ബി) കേരളത്തിൽ എത്ര ലോ ഫ്ലോർ ബസുകൾ നിരത്തിൽ ഓടുന്നുണ്ട് ; ജില്ല തിരിച്ച് എണ്ണം വ്യക്തമാക്കുമോ ;

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2235 ബസ്സ് ഷാസ്സികൾക്ക് വിതരണ ഉത്തരവ് നൽകിയതിൽ 1563 ബസ്സ് ഷാസ്സികൾ ലഭിച്ചിട്ടുണ്ട്. വാങ്ങിയ ബസ്സ് ഷാസ്സികളുടെ എണ്ണവും അവയുടെ വിലയും ബോഡി നിർമ്മാണത്തിന്റെ ചെലവും വർഷം തിരിച്ച താഴെ ചേർക്കുന്നു :

| വർഷം | എണ്ണം | ചെയ്സിന്റെ വില (രൂപ) കോടിയിൽ | ബോഡി നിർമ്മാണത്തിന്റെ ചെലവ് (രൂപ)കോടിയിൽ |
|---|---|---|---|
| 2011 | 625 | 63.73 | 6.32 കോടി രൂപ (115 എണ്ണത്തിന്) |
| 2012 | 325 | 34.25 | 28.86 കോടി രൂപ (541 എണ്ണത്തിന്) |
| 2013 | 50 | 6.55 | 20.04 കോടി രൂപ (356 എണ്ണത്തിന്) |

| | | | |
|---|---|---|---|
| 2014 | 114 | 11.89 | 3.26 കോടി രൂപ (46 എണ്ണത്തിന്) |
| 2015 (10-6-2015 വരെ) | 449 | 45.98 | 17.83 കോടി രൂപ (283 എണ്ണത്തിന്) |

(ബി) 435 ലോ ഫ്ലോർ ബസുകൾ നിരത്തിൽ ഓടുന്നുണ്ട് (155 എ.സി., 280 നോൺ എ.സി. ) ജില്ല തിരിച്ചുള്ള കണക്ക് താഴെപ്പറയുന്നു :

| ജില്ല | എ.സി. | നോൺ എ.സി. |
|---|---|---|
| കാസർഗോഡ് | ഇല്ല | 5 |
| കണ്ണൂർ | ഇല്ല | 8 |
| കോഴിക്കോട് | 12 | 1 |
| വയനാട് | 4 | ഇല്ല |
| മലപ്പുറം | 6 | 3 |
| പാലക്കാട് | 7 | ഇല്ല |
| തൃശ്ശൂർ | 9 | ഇല്ല |
| എറണാകുളം | 50 | 120 |
| കോട്ടയം | 8 | 8 |
| ഇടുക്കി | 6 | ഇല്ല |
| പത്തനംതിട്ട | 6 | 5 |
| ആലപ്പുഴ | 8 | 7 |
| കൊല്ലം | 9 | 3 |
| തിരുവനന്തപുരം | 30 | 120 |

## ബസ്സ് യാത്രാ ടിക്കറ്റ് നിരക്ക്

267 (1972) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റതിനുശേഷം കെ.എസ്.ആർ.ടി.സി. എത്ര തവണ ബസ് യാത്രാ ടിക്കറ്റ് നിരക്ക് വർദ്ധിപ്പിച്ചുവെന്നും ഓരോ തവണയുമുള്ള നിരക്ക് വർദ്ധനയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

ഉത്തരം

മൂന്ന് തവണ. (8-8-2011, 11-1-2012, 20-5-2014) വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**ബസ് ഡിപ്പോകളുടെയും വർക്ക്ഷോപ്പുകളുടെയും നവീകരണം**

268 (1973) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15-ലെ ബഡ്ജറ്റിൽ ബസ് ഡിപ്പോകളുടെയും വർക്ക്ഷോപ്പുകളുടെയും നവീകരണം, പുതിയ ബസ് സ്റ്റേഷനുകളുടെ നിർമ്മാണം, ആധുനിക സംവിധാനങ്ങളുള്ള ഗാരേജുകളുടെ നിർമ്മാണം തുടങ്ങിയവയ്ക്കായി എത്ര തുക വകയിരുത്തിയിരുന്നു ;

(ബി) ഇതിൽ എത്ര തുക അനുവദിച്ചുവെന്നും എത്ര തുക ചെലവഴിക്കാതെ ബാക്കിയുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനുണ്ട് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2014-15-ലെ ബഡ്ജറ്റിൽ അടിസ്ഥാന സൗകര്യ വികസനത്തിനും വർക്ക്ഷോപ്പുകൾ ആധുനികവത്ക്കരിക്കുന്നതിനുമായി 17.32 കോടി രൂപയാണ് വകയിരുത്തിയിരുന്നത്.

(ബി) 14.75 കോടി രൂപ 2014-15 സാമ്പത്തിക വർഷം തന്നെ സർക്കാർ കോർപ്പറേഷന് അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. ബാക്കിയുള്ള 2.57 കോടി രൂപ 2015-16 സാമ്പത്തിക വർഷം കോർപ്പറേഷന്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അനുവദിച്ച നൽകുന്നതിലേക്കായി സർക്കാരിന്റെ ഇലക്ട്രോണിക്ക് ലഡ്ജർ അക്കൗണ്ടിലേക്ക് പോസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) എറണാകുളം, അടൂർ, കണിയാപുരം ഡിപ്പോകളിലെ യാർഡുകളുടെ പണി, കണിയാപുരം ഡിപ്പോയിലെ 3 ബേ ഗാരേജിന്റെ നിർമ്മാണം, ചങ്ങനാശ്ശേരി, കോട്ടയം ഷോപ്പിംഗ് കോംപ്ലക്സുകളുടെ പദ്ധതി, കോഴിക്കോട് റീജിയണൽ വർക്ക്ഷോപ്പ്, പാപ്പനംകോട് സെൻട്രൽ വർക്ക്ഷോപ്പ് എന്നിവയുടെ ആധുനിക വൽക്കരണം, ചെങ്ങന്നൂർ ഡിപ്പോ നവീകരണം, ജനറേറ്റർ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട്.

**റോഡ് ഗതാഗതവും വാഹനങ്ങളും തമ്മിലുള്ള അനുപാതം**

269 (1974) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള വാഹനങ്ങളും അവയ്ക്ക് സഞ്ചരിക്കാനുള്ള റോഡുകളും തമ്മിൽ എന്തെങ്കിലും അനുപാതം നിലനിൽക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) സംസ്ഥാന പാതകളിലും ദേശീയ പാതകളിലും ഒരു ചതുരശ്ര കിലോമീറ്ററിൽ ഒരു നിശ്ചിത സമയത്ത് കടന്നുപോകാവുന്ന വാഹനങ്ങളുടെ കണക്ക് ഇനം തിരിച്ച് നൽകാമോ ;

(സി) നിലവിലുള്ള രജിസ്ട്രേഷൻ ക്രമം, വാഹനങ്ങളുടെ പെരുപ്പം എന്നിവ കണക്കിലെടുക്കുമ്പോൾ എത്ര കാലത്തിനുള്ളിൽ നമ്മുടെ റോഡുകൾ അപര്യാപ്തമാകുമെന്ന് വിശദമാക്കാമോ ;

(ഡി) നിലവിലുള്ള വാഹനപ്പെരുപ്പവും റോഡുകളുടെ പോരായ്മകളും പരിഗണിച്ച് പുതിയ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് കാലപ്പഴക്കം വന്ന വാഹനങ്ങൾ നിർബന്ധമായി കണ്ടം ചെയ്യുന്നതിനും പ്രസ്തുത വാഹനങ്ങൾക്ക് ഇൻഷ്വർ ചെയ്യപ്പെടുന്ന തുക വാഹന കമ്പനികളിൽ നിന്നും ലഭിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ ;

(ഇ) വാഹനങ്ങൾ ക്രമാതീതമായി പെരുകുന്ന സാഹചര്യം കണക്കിലെടുത്ത് കേരളത്തിലെ റോഡുകളുടെ സൗകര്യം കൂട്ടണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) 2014-ലെ കണക്കുപ്രകാരം കേരളത്തിലെ ദേശീയപാതയുടേയും സംസ്ഥാന പാതയുടേയും പ്രമുഖ ജില്ലാ റോഡുകളുടേയും നീളം ഏകദേശം 33368 കി.മീ.-ഉം കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനങ്ങൾ 8547966 എണ്ണവുമാണ്. ഈ കണക്കു പ്രകാരം കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനങ്ങളുടേയും അവയ്ക്ക് സഞ്ചരിക്കാനുള്ള റോഡുകളും തമ്മിലുള്ള അനുപാതം 1 കി.മീ.-ന് 256.2 വാഹനങ്ങൾ ആണ്.

(ബി) നിരപ്പായ ഭൂപ്രദേശങ്ങളുള്ള റോഡുകളിൽ ഒരു വരി പാതയ്ക്ക് ഒരു ദിവസം 2000 പി.സി.യു.-വും (പാസഞ്ചർ കാർ യൂണിറ്റ്) ഇരുവരി പാതയ്ക്ക് ഒരു ദിവസം 15000 പി.സി.യു.-വും നാല് വരിപാതയ്ക്ക് ഒരു ദിവസം 35000 പി.സി.യു.-വുമാണ് വാഹനശേഷി. നഗരങ്ങളിലെ ഇരുവരി പാതയ്ക്ക് മണിക്കൂറിൽ 1500 പി.സി.യു.-വും നാലുവരി പാതയ്ക്ക് മണിക്കൂറിൽ 3600 പി.സി.യു.-വും വാഹന ശേഷി ഉണ്ട്.

(സി) റോഡുകൾ രൂപകല്പന ചെയ്ത ട്രാഫിക് വോള്യത്തിനേക്കാൾ നിലവിലെ ട്രാഫിക് വോള്യം ഉയരുമ്പോൾ ട്രാഫിക് ഉൾക്കൊള്ളാൻ നമ്മുടെ റോഡുകൾ അപര്യാപ്തമാകുകയും ഗതാഗതക്കുരുക്ക് അനുഭവപ്പെടുകയും ചെയ്യും. നാലുവരി പാത ആക്കിയിട്ടുള്ള ദേശീയപാതയിൽ സുരക്ഷിതവും സുഗമവുമായ സഞ്ചാരത്തിന് അനുവദനീയമായ ഗതാഗത സാന്ദ്രത 30000 പി.സി.യു.വും ആകയാൽ സംസ്ഥാനത്തെ നിലവിലെ ദേശീയപാതകൾ വാഹനങ്ങൾക്ക് സുഗമമായ യാത്രാസൗകര്യം പ്രദാനം ചെയ്യുന്നതിന് അപര്യാപ്തമാണ്.

(ഡി) കേന്ദ്ര മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് ഒരു സ്വകാര്യ വാഹനത്തിന് നൽകുന്ന പതിനഞ്ച് വർഷത്തെ രജിസ്ട്രേഷൻ കാലാവധി വാഹനം ഉപയോഗയോഗ്യമാണെങ്കിൽ വീണ്ടും പുതുക്കി നൽകാവുന്നതാണ്. (ഒരു തവണ 5 വർഷം എന്ന കണക്കിൽ) ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉള്ളിടത്തോളം കാലം റോഡിൽ ഉപയോഗിക്കാവുന്നതാണ്. കണ്ടം ചെയ്യപ്പെടുന്ന വാഹനങ്ങൾക്ക് ഇൻഷ്വർ ചെയ്യപ്പെടുന്ന തുക വാഹന കമ്പനികളിൽ നിന്നും ലഭ്യമാക്കുന്ന കാര്യം പരിശോധിച്ചിട്ടില്ല.

(ഇ) നിലവിലെയും ഭാവിയിലെയും ഗതാഗത സാന്ദ്രത കണക്കിലെടുത്താണ് ദേശീയ പാതകളുടേയും സംസ്ഥാന പാതകളുടേയും വികസന പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇതു പ്രകാരമുള്ള വികസനം പൂർത്തിയാകുമ്പോൾ സുഗമവും സുരക്ഷിതവുമായ വാഹന ഗതാഗതം സാധ്യമാകുന്നതാണ് എന്നു പ്രതീക്ഷിക്കുന്നു.

**പുതിയ കെ.എസ്.ആർ.ടി.സി. ബസ്സുകൾ**

270 (1975) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസ്സുകൾ വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചു ; വ്യക്തമാക്കാമോ ;

(സി) പുതിയ ബസ്സുകൾ വാങ്ങുന്നതിനായി ഏതെങ്കിലും ഏജൻസികളിൽനിന്നും പണം സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതുസംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2235 ബസ് ഷാസികൾക്ക് വിതരണ ഉത്തരവ് നൽകിയതിൽ 1563 ബസ് ഷാസികൾ ലഭിച്ചിട്ടുണ്ട്. കൂടാതെ 10 മൾട്ടി ആക്സിൽ വോൾവോ ബസുകളും വാങ്ങിയിട്ടുണ്ട്.

(ബി) 245.45 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഹഡ്കോയിൽനിന്നും വായ്പ ലഭ്യമാക്കുന്നതിലേക്കായി കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള വസ്തുവകകൾ ഈടായി നൽകിയിട്ടുണ്ട്. വായ്പ ലഭ്യമാക്കി പുറത്തിറക്കിയ ബസ്സുകൾ ഹൈപ്പോത്തിക്കേറ്റ് ചെയ്ത് ഹഡ്കോയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഹഡ്കോയിൽ നിന്നുള്ള വായ്പ 7 വർഷം തിരിച്ചടവ് കാലാവധിയുള്ളതാണ്. വായ്പയുടെ നിലവിലെ പലിശ നിരക്ക് 11.25 ശതമാനമാണ്. കെ.എസ്.റ്റി 133 -ൽ നിന്നും 5 വർഷം തിരിച്ചടവ് കാലാവധിയിലും 11 ശതമാനം പലിശ നിരക്കിലുമാണ് വായ്പയെടുത്തിട്ടുള്ളത്.

**ഒത്തുതീർപ്പ് വ്യവസ്ഥകൾ**

271 (1976) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എളമരം കരീം :
ശ്രീ. എം. ചന്ദ്രൻ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. എംപ്ലോയീസ് അസോസിയേഷൻ സെക്രട്ടേറിയറ്റ് നടയിൽ നടത്തിവന്ന രാപകൽ സത്യാഗ്രഹ സമരം ഒത്തുതീർപ്പാക്കുന്നതിന് മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനങ്ങൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ ; പെൻഷൻ വിതരണത്തിന് പ്രതിമാസം എത്ര കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് നൽകുമെന്നായിരുന്നു തീരുമാനം ; ആയതുപ്രകാരം ഇക്കഴിഞ്ഞ മാസങ്ങളിൽ സർക്കാരും കെ.എസ്.ആർ.ടി.സി.-യും ട്രഷറിയിൽ നിക്ഷേപിച്ച തുക എത്ര ; വിശദമാക്കാമോ ;

<u>ഉത്തരം</u>

(എ) യോഗ തീരുമാനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) യോഗത്തിലെ തീരുമാനങ്ങൾ KSRTC നടപ്പാക്കിവരുന്നു. പെൻഷൻ വിതരണത്തിനായി ഓരോ മാസവും KSRTC ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് ആനുപാതികമായ തുക (പരമാവധി 20 കോടി രൂപ) നൽകുവാൻ തീരുമാനിച്ചിരുന്നു. ഇതിൻപ്രകാരം ഏപ്രിൽ മാസം KSRTC 14.40 കോടി രൂപ ട്രഷറിയിൽ നിക്ഷേപിച്ചു. തുല്യമായ വിഹിതം കൂടി ഉൾപ്പെടുത്തി ആകെ 28.80 കോടി രൂപ സർക്കാർ KSRTC-ക്ക്അനുവദിച്ചു നൽകി. മെയ് മാസം KSRTC 20 കോടി രൂപ ട്രഷറിയിൽ നിക്ഷേപിച്ചു. തുല്യമായ തുക സർക്കാർ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2013-14 വരെ കോർപ്പറേഷൻ സർക്കാരിൽ നിന്നും വായ്പയെടുത്ത 1090.50 കോടി രൂപ ഇക്വിറ്റി ആക്കുന്ന കാര്യം പരിശോധനയിലാണ്. എറണാകുളം ജില്ലാ ബാങ്കിൽ നിന്നും 300 കോടി രൂപ വായ്പയെടുക്കുന്നതിന് സർക്കാർ ഗ്യാരന്റി നൽകിയിട്ടുണ്ട്. കൂടാതെ യോഗ തീരുമാനപ്രകാരമുള്ള 22 കോടി രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്. ശമ്പളം കൃത്യമായി വിതരണം ചെയ്യുന്നു. KTDFC-യിൽ നിന്നുമെടുത്ത ഹ്രസ്വകാല വായ്പ ദീർഘകാല വായ്പയാക്കി മാറ്റുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

## ഗതാഗത വകുപ്പിന്റെ മാവേലിക്കര മണ്ഡലത്തിലെ പ്രവൃത്തികൾ

272 (1977) <u>ശ്രീ.ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം ഗതാഗത വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ നല്കുമോ ?

<u>ഉത്തരം</u>

മാവേലിക്കര കെ.എസ്.ആർ.ടി.സി. റീജയണൽ വർക്ക് ഷോപ്പിൽ ഗ്യാരേജിലെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

യാർഡ് മെറ്റലിംഗും, ടാറിംഗും നടത്തിയിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഓഫീസ് കെട്ടിടം നവീകരിക്കുകയും മേൽക്കൂര പണിയുകയും ചെയ്തിട്ടുണ്ട്.

**അടൂർ/പന്തളം ഡിപ്പോകൾക്ക് ലോഫ്ലോർ ബസുകൾ**

273 (1978) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് വാങ്ങിയിട്ടുള്ള ലോഫ്ലോർ ബസുകളുടെ എണ്ണം നിയോജക മണ്ഡലം തിരിച്ച് അറിയിക്കാമോ ;

(ബി) ഏതെല്ലാം ഡിപ്പോകൾക്കാണ് ഇവ നൽകിയിട്ടുള്ളത്, ആയവയുടെ എണ്ണം സൂചിപ്പിക്കുന്ന പട്ടിക സഹിതം വിവരം ലഭ്യമാക്കാമോ ;

(സി) അടൂർ നിയോജക മണ്ഡലത്തിലുള്ള അടൂർ, പന്തളം ഡിപ്പോകൾക്ക് ലോഫ്ലോർ ബസുകൾ അനുവദിക്കണമെന്ന നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ആയതിന്മേൽ അനുകൂല നടപടി സ്വീകരിക്കുന്നതിന് നിലവിലുള്ള തടസ്സം എന്തെല്ലാമെന്ന് അറിയിക്കുമോ ;

(ഇ) സമയബന്ധിതമായി അടൂർ/പന്തളം ഡിപ്പോകൾക്ക് ലോഫ്ലോർ ബസുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) NATPAC നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര നഗരവികസന മന്ത്രാലയത്തിന്റെ JnNURM പദ്ധതി പ്രകാരമാണ് ലോ ഫ്ലോർ ബസ്സുകൾ അനുവദിച്ചിട്ടുള്ളത് അനുബന്ധം I, അനുബന്ധം II എന്നിവയിൽ ഡിപ്പോതിരിച്ചുള്ള ബസ്സുകളുടെ എണ്ണം ഉൾപ്പെടുത്തിയിട്ടുള്ളത്.*

(സി) ഉണ്ട്.

(ഡി&ഇ) അടൂർ ഡിപ്പോയ്ക്ക് ഒരു ബസ്സ് അനുവദിച്ചിട്ടുണ്ട്. കൂടുതൽ ബസ്സുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യം പരിശോധിക്കാവുന്നതാണ്.

**അന്തർ സംസ്ഥാന സർവ്വീസുകൾക്ക് ആഡംബര ബസ്സുകൾ**

274 (1979) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീമതി കെ. എസ്. സലീഖ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. പി. ടി. എ. റഹീം :

ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. പുതുതായി ആരംഭിക്കുന്ന അന്തർ സംസ്ഥാന സർവ്വീസുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) അന്തർ സംസ്ഥാന സർവ്വീസ് ശൃംഖല ഏതെല്ലാം സ്ഥലങ്ങളിലേക്ക് വർദ്ധിപ്പിക്കാനുദ്ദേശിക്കുന്നു ; ഇതിനായി എത്ര ആഡംബര ബസ്സുകൾ വാങ്ങാൻ നടപടി എടുത്തിട്ടുണ്ട് ;

(സി) പുതിയ ഒരു ആഡംബര ബസ് റോഡിലിറക്കുന്നതിന് പ്രതീക്ഷിക്കുന്ന ചെലവെത്രയാണ് ; ചെലവായ തുക എത്രയാണ് ; അന്തർ സംസ്ഥാന സർവ്വീസുകളുടെ മറവിൽ അഴിമതി നടക്കുന്നതായുള്ള ആക്ഷേപങ്ങൾ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. പുതുതായി ആരംഭിക്കുന്ന അന്തർസംസ്ഥാന സർവ്വീസുകളെ സംബന്ധിച്ച് കർണ്ണാടക സംസ്ഥാനവുമായി കേരള സർക്കാർ ധാരണയിലെത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി&സി) കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ മാത്രമായിരുന്നു കെ.എസ്.ആർ.ടി.സി. ഇതുവരെയും അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തിയിരുന്നത്. എന്നാൽ ഗോവ, മുംബൈ, പുട്ടപർത്തി, തിരുപ്പതി, ഹൈദ്രാബാദ്, പുതുച്ചേരി എന്നിവിടങ്ങളിലേക്കും പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് പദ്ധതി ഉണ്ട്. മേൽ ആവശ്യത്തിലേക്കായി 18 ബസ്സുകൾ വാങ്ങുന്നതിന് കെ.എസ്.ആർ.ടി.സി. നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധനയിലാണ്. അന്തർസംസ്ഥാന സർവ്വീസുകളുടെ മറവിൽ അഴിമതി നടക്കുന്നതായിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## റിസർവ് കണ്ടക്ടർ/റിസർവ് ഡ്രൈവർ നിയമനം

275 (1980) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും റിസർവ് കണ്ടക്ടർ,

റിസർവ് ഡ്രൈവർ തസ്തികകളിലേക്ക് എത്ര പേരെയാണ് അഡ്വൈസ് ചെയ്തതെന്ന് വിശദമാക്കുമോ ; ഇവരിൽ എത്ര പേർക്ക് നിയമനം നൽകി ; വിശദാംശം നൽകുമോ ;

(ബി) അഡ്വൈസ് മെമ്മോ ലഭിച്ച കണ്ടക്ടർ ലിസ്റ്റിലുള്ളവർക്ക് ഒരു വർഷത്തിനകം നിയമനം നൽകുമെന്ന് യുവജന സംഘടനകളുടെ സമരത്തെത്തുടർന്ന് നടന്ന ചർച്ചയിൽ നൽകിയ ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും റിസർവ് കണ്ടക്ടർ തസ്തികയിലേക്ക് 9300 പേരെ അഡ്വൈസ് ചെയ്തതിൽ 6363 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. റിസർവ് ഡ്രൈവർ തസ്തികയിലേക്ക് പി.എസ്.സി. അഡ്വൈസ് ചെയ്ത ലിസ്റ്റ് പ്രകാരം 3974 പേർ ഉണ്ടായിരുന്നു. ഇതിൽ കെ.എസ്.ആർ. ടി.സി. 3939 പേർക്ക് നിയമനം നൽകി. 35 പേരുടെ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റും, ലിസ്റ്റും പി.എസ്.സി.-യിൽനിന്നും നാളിതുവരെ ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ അവർക്ക് നിയമനം നൽകിയിട്ടില്ല. 19-1-2015-ൽ ലഭിച്ച റിസർവ് ഡ്രൈവറുടെ എൻ.സി.എ. ലിസ്റ്റിൽനിന്നും 1146 പേരെ അഡ്വൈസ് ചെയ്തതിൽ 386 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) കണ്ടക്ടർ ലിസ്റ്റിൽനിന്നും അഡ്വൈസ് മെമ്മോ ലഭിച്ച മുഴുവൻ ഉദ്യോഗാർത്ഥികൾക്കും യുവജന സംഘടനകളുടെ സമരത്തെ തുടർന്ന് നടന്ന ചർച്ചയിൽ നൽകിയ ഉറപ്പ് പ്രകാരം നിയമനം നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

**കായംകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോ**

276 (1981) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോ കാലപ്പഴക്കം കൊണ്ട് ജീർണ്ണാവസ്ഥയിലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടെ പുതിയ ബസ്സ് ടെർമിനലും, ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ഒന്നാംഘട്ടമായി നടപ്പിലാക്കുന്ന ബസ്സ് ടെർമിനൽ നിർമ്മാണ പദ്ധതി നടപ്പിലാക്കാൻ കാലതാമസം നേരിടുന്നതിന്റെ

കാരണം വ്യക്തമാക്കാമോ ;

(സി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നേക്ക് ആരംഭിക്കാൻ കഴിയും എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതി അനുകൂലമല്ലാത്തതിനാലാണ് ഇക്കാര്യത്തിൽ കാലതാമസം നേരിടുന്നത്.

(സി) ഇക്കാര്യത്തിൽ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

**കായംകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ സർവ്വീസുകൾ**

277 (1982) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ റദ്ദ് ചെയ്ത സർവ്വീസുകൾ എത്രയാണെന്നും അവ ഏതെല്ലാം ആണെന്നും വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കായകുളം ഡിപ്പോയിൽ നിന്നും ആരംഭിച്ചിട്ടുള്ള പുതിയ സർവ്വീസുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 11 സർവ്വീസുകൾ വരുമാനക്കുറവും ബസ്സിന്റെ കുറവും കാരണം താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട് :

| | | |
|---|---|---|
| 1 | 06:15 | കരുനാഗപ്പള്ളി - അഴീക്കൽ |
| 2 | 06:50 | വലിയഴീക്കൽ |
| 3 | 06:20 | കൊട്ടാരക്കര- നൂറനാട് |

| | | |
|---|---|---|
| 4 | 05:45 | പന്തളം - ചാരുംമൂട് |
| 5 | 06:30 | മാവേലിക്കര - ചാരുംമൂട് |
| 6 | 06:40 | കോട്ടയം - മെഡി.കോളേജ് |
| 7 | 06:55 | ഓച്ചിറ - ആലപ്പുഴ |
| 8 | 06:45 | ചങ്ങനാശ്ശേരി |
| 9 | 04:20 | കുളത്തുപ്പുഴ |
| 10 | 07:30 | ചിറക്കൽ ക്ഷേത്രം |
| 11 | 07:50 | കരുനാഗപ്പള്ളി-കൊച്ചുമുറി |

(ബി) കായംകുളം യൂണിറ്റിൽനിന്നും ആരംഭിച്ച പുതിയ സർവ്വീസുകൾ

| | | |
|---|---|---|
| 1 | 05:15 | ഓച്ചിറ - വണ്ടാനം |
| 2 | 06:00 | ഓച്ചിറ - വണ്ടാനം |
| 3 | 06:45 | ഓച്ചിറ - വണ്ടാനം |
| 4 | 07:00 | പതിയൂർ - മാവേലിക്കര |

**മൂന്നാർ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ**

278 (1983) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാർ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ;

(ബി) മൂന്നാർ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയിൽ സൂപ്രണ്ട് ഇല്ലാത്തതും, സൂപ്രണ്ടിന്റെ ചാർജ്ജ് ആർക്കും നൽകിയിട്ടില്ലാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് ദൈനംദിന പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടോ ; എങ്കിൽ എങ്ങനെയാണ് ബാധിച്ചിട്ടുള്ളത് ;

(ഡി) ഇത്തരത്തിലുള്ള സ്ഥിതി എത്ര കാലത്തിനുള്ളിൽ പരിഹരിക്കാൻ സാധിക്കും?

<u>ഉത്തരം</u>

(എ) മൂന്നാർ ഓപ്പറേറ്റിംഗ് സെന്ററിൽ ഒരു ഗാരേജ് കെട്ടിടത്തിന്റെ

നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് അവിടെ പുതിയ ബസ് സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.

(ബി-ഡി) മൂന്നാർ, കോതമംഗലം സബ് ഡിപ്പോയുടെ കീഴിലുള്ള ഓപ്പറേറ്റിംഗ് സെന്ററാണ്. ഓപ്പറേറ്റിംഗ് സെന്ററുകളിൽ സൂപ്രണ്ട് തസ്തിക ഇല്ലാത്തതും മൂന്നാർ ഓപ്പറേറ്റിംഗ് സെന്ററിന്റെ അഡ്മിനിസ്ട്രേഷൻ കോതമംഗലം സബ് ഡിപ്പോയിൽ നിക്ഷിപ്തമായിട്ടുള്ളതുമാണ്.

## പാലക്കാട് ജില്ലയിലെ വിദ്യാർത്ഥികളുടെ യാത്രാപ്രശ്നം

279 (1984) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നം പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാതല സമിതി ചേർന്നിട്ടുണ്ടോ ;

(ബി) യാത്രാ പ്രശ്നം പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) കെ.എസ്.ആർ.ടി.സി.-യിൽ വിദ്യാർത്ഥികൾക്ക് എന്തെല്ലാം പരിഗണനകളാണ് നൽകിവരുന്നത് ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വിദ്യാർത്ഥികൾക്ക് യാത്രാ ഇളവ് കാർഡുകൾ വിതരണം ചെയ്തു. ബസ്സുടമകൾക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നല്കി. വിദ്യാർത്ഥി സംഘടനകളുടെയും ബസ്സുടമ സംഘടനകളുടെയും പോലീസിന്റെയും സഹകരണം ലഭ്യമാക്കി. കെ.എസ്.ആർ.ടി. സി. ഡോക്കിൽനിന്നും പരമാവധി ബസ്സുകൾ നിരത്തിലിറക്കി ജീവനക്കാരുടെ അവധികൾ നിയന്ത്രിച്ച് കൂടുതൽ സർവ്വീസുകൾ അയയ്ക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്ലസ് ടു തലം വരെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യയാത്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. 10 രൂപയുടെ സൗജന്യയാത്ര കാർഡ് കരസ്ഥമാക്കി വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം പ്രയോജനപ്പെടുത്താവുന്നതാണ്. ഇതര വിഭാഗം വിദ്യാർത്ഥികൾക്ക് യഥാർത്ഥ നിരക്കിന്റെ 17.32 ശതമാനം തുക മാത്രം ഈടാക്കിക്കൊണ്ട് കൺസഷൻ ടിക്കറ്റ് യാത്രയും അനുവദിച്ചിട്ടുണ്ട്.

## ബസ്സ്സ്റ്റേഷനുകളിൽ എ.ടി.എം. കൗണ്ടറുകൾ

280 (1985) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ :

(എ) ബസ്സ്റ്റേഷനുകളിൽ എ.ടി.എം. കൗണ്ടറുകൾ ആരംഭിക്കാൻ കെ.എസ്.ആർ. ടി.സി. ഭരണസിമിതി തീരുമാനം എടുത്തത് എന്നാണ് ;

(ബി) ഏത് ബാങ്കിന്റെ എ.ടി.എം സ്ഥാപിക്കുന്നതിനാണ് ധാരണയായിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) എ.ടി.എം. സ്ഥാപിക്കുന്ന ബസ് സ്റ്റേഷനുകളുടെ പ്രാഥമിക പട്ടിക ആയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 25-5-2015 -ലാണ് പ്രസ്തുത തീരുമാനമെടുത്തിട്ടുള്ളത്.

(ബി) കാത്തലിക് സിറിയൻ ബാങ്ക്.

(സി) അനുബന്ധമായി ചേർക്കുന്നു.*

## വള്ളിക്കാപ്പറ്റയിൽ ബസ്സുകൾക്ക് സ്റ്റോപ്പ്

281 (1986) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിന്തൽമണ്ണ-മഞ്ചേരി റൂട്ടിലെ വള്ളിക്കാപ്പറ്റയിൽ കെ.എസ്.ആർ.ടി.സി.-യുടെ ടി.ടി. ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വള്ളിക്കാപ്പറ്റയിൽ സ്റ്റോപ്പ് അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. പെരിന്തൽമണ്ണ-മഞ്ചേരി റൂട്ടിൽ കെ.എസ്.ആർ.ടി.സി. ഏതാനും ദീർഘദൂര ടൗൺ ടു ടൗൺ സർവ്വീസുകളാണ് നടത്തി വരുന്നത്. കുറഞ്ഞ ചെലവിൽ കുറഞ്ഞ സമയം കൊണ്ട് യാത്രക്കാർക്ക് ദീർഘദൂര യാത്ര തരപ്പെടുത്തുക എന്നതാണ് ടൗൺ ടു ടൗൺ സർവ്വീസുകൊണ്ട് കെ.എസ്.ആർ.ടി.സി. ഉദ്ദേശിക്കുന്നത്. ടി സർവ്വീസുകൾക്ക് കൂടുതൽ സ്റ്റോപ്പുകൾ അനുവദിക്കുന്നത്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

യാത്രക്കാരുടെ എണ്ണം കുറയുന്നതിനും അതുവഴി കെ.എസ്.ആർ.ടി.സി.-ക്ക് വരുമാന നഷ്ടത്തിനും ഇടയാകുന്നുണ്ട്. ആയതിനാൽ വള്ളിക്കാപ്പറ്റയിൽ ടൗൺ ടു ടൗൺ സർവ്വീസുകൾക്ക് ഇപ്പോൾ സ്റ്റോപ്പ് അനുവദിക്കുവാൻ കഴിയുകയില്ല.

**അമിതവേഗത്തിൽ വാഹനമോടിച്ചതിനുള്ള പിഴ**

282 (1987) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമിത വേഗത്തിൽ വാഹനമോടിച്ചതിന് എത്ര വാഹന ഉടമകൾക്കെതിരെ ഈ സർക്കാരിന്റെ കാലത്ത് കേസ് എടുത്തിട്ടുണ്ട് ;

(ബി) അമിത വേഗത്തിൽ വാഹനമോടിച്ചതിന് ഓരോരുത്തർക്കും എത്ര രൂപയാണ് പിഴ ചുമത്തിയിട്ടുള്ളത് ; ഇങ്ങനെ പിഴ ചുമത്തപ്പെട്ടവരുടെ കൂട്ടത്തിൽ മന്ത്രിമാർ, എം. എൽ.എ.-മാർ തുടങ്ങിയ വി.ഐ.പി.-കൾ ഉണ്ടോ ; വിശദാംശം നൽകാമോ ;

(സി) നോട്ടീസ് ലഭിച്ച് സമയപരിധി കഴിഞ്ഞിട്ടും പിഴ ഒടുക്കാത്തവർ ഉണ്ടോ ; ഇപ്രകാരമുള്ളവരുടെ കൂട്ടത്തിലും വി.ഐ.പി.-കൾ ഉണ്ടോ ; വിശദാംശം നൽകാമോ ?

<u>ഉത്തരം</u>

(എ) അമിത വേഗത്തിൽ വാഹനമോടിച്ചതിന് ക്യാമറ നിരീക്ഷണ സംവിധാനം വഴിയും അല്ലാതെയും 1273310 പേർക്കെതിരെ കേസ് എടുത്തിട്ടുണ്ട്.

(ബി) 1988-ലെ കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 183 അനുസരിച്ച് അമിത വേഗത്തിൽ വാഹനം ഓടിച്ചവർക്ക് ആദ്യ പ്രാവശ്യം 400 രൂപ പിഴ ഈടാക്കിയിട്ടുണ്ട്. ഈ തെറ്റ് വീണ്ടും ആവർത്തിച്ചവർക്കെതിരെ 1000 രൂപ പിഴ ചുമത്തിയിട്ടുണ്ട്. ഇങ്ങനെ പിഴ ചുമത്തപ്പെട്ടവരുടെ കൂട്ടത്തിൽ മന്ത്രിമാർ, എം.എൽ.എ.-മാർ തുടങ്ങിയ വി.ഐ.പി.-കൾ ഉൾപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉണ്ട്. ഇക്കൂട്ടത്തിൽ വി.ഐ.പി.-കൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഓട്ടോറിക്ഷാക്കാരുടെ അമിത കൂലി ഈടാക്കൽ**

283 (1988) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓട്ടോറിക്ഷാ ഡ്രൈവർമാർ യാത്രക്കാരിൽ നിന്നും അമിത കൂലി ഈടാക്കുന്നത്

തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) മഞ്ചേരിയിലെ ഒരു ഓട്ടോ ഡ്രൈവർ നടപ്പിലാക്കിയ ഫെയർ മീറ്ററിനോട് ചേർന്ന ഫെയർ പ്രിന്റിംഗ് മെഷീൻ രീതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) അന്യായമായി കൂലി ഈടാക്കുന്നത് തടയാൻ ഇതുമൂലം കഴിയുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ എന്നിവിടങ്ങളിലാണ് ഓട്ടോറിക്ഷക്കാർ അമിതകൂലി ഈടാക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇതു തടയുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കേരളത്തിലെ ഓട്ടോറിക്ഷകളിൽ അളവും തൂക്കവും വകുപ്പ് സീൽ ചെയ്ത് നൽകിയിട്ടുള്ള ഫെയർ മീറ്റർ മോട്ടോർ വാഹന വകുപ്പ് നിർബന്ധമാക്കിയിട്ടുണ്ട്. ഫെയർ മീറ്ററുകൾ പ്രവർത്തനക്ഷമമാണോ എന്ന് നിരന്തരമായി പരിശോധിക്കുകയും പ്രവർത്തനക്ഷമമല്ലാത്ത മീറ്റർ ഘടിപ്പിച്ചിട്ടുള്ളതോ, ഫെയർ മീറ്റർ ഘടിപ്പിക്കാതിരിക്കുകയോ ചെയ്തിട്ടുള്ള ഓട്ടോറിക്ഷകൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. കൂടാതെ പ്രധാനപ്പെട്ട സ്ഥലങ്ങളിലെ റെയിൽവേ സ്റ്റേഷൻ, ബസ്സ് സ്റ്റേഷൻ, മെഡിക്കൽ കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് പ്രീ-പെയ്ഡ് കൗണ്ടറുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. ഓട്ടോറിക്ഷാ ഡ്രൈവർമാർ അമിതകൂലി ഈടാക്കുന്നതായി പരാതി കിട്ടിയാൽ അവർക്കെതിരെ കർശനനടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രധാന പോയിന്റുകളിൽ ഓട്ടോറിക്ഷാക്കാർക്കെതിരെ പരാതികൾ നൽകുന്നതിന് പരാതി പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി&സി) ഉണ്ട്. അതിന്റെ പ്രായോഗികത പരിശോധിക്കാൻ ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അത് പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ഡി) ഉണ്ട്.

(ഇ) കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(1701, 1702, 1703, 1706, 1713, 1744, 1796 എന്നീ നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 AM]

## II വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രിയുടെ പ്രസ്താവന

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിട്ട 158, 323 എന്നീ നമ്പർ ചോദ്യങ്ങൾക്ക് നൽകിയ ഉത്തരങ്ങളിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റുകൾ ഞാൻ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നു.

## III തിരുത്തിയ ഉത്തരം

മി. സ്പീക്കർ : പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 3949-ാം നമ്പർ ചോദ്യത്തിനും പതിമൂന്നാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 316-ാം നമ്പർ ചോദ്യത്തിനും നൽകിയ ഉത്തരങ്ങളിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രിക്ക് മേശപ്പുറത്തുവയ്ക്കാവുന്നതാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 3949-ാം നമ്പർ ചോദ്യത്തിനും പതിമൂന്നാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 316-ാം നമ്പർ ചോദ്യത്തിനും നൽകിയ ഉത്തരങ്ങളിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ : പതിമൂന്നാം കേരള നിയമസഭയുടെ 10-ാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 241-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിക്ക് മേശപ്പുറത്തു വയ്ക്കാവുന്നതാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ,

പതിമൂന്നാം കേരള നിയമസഭയുടെ 10-ാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത 241-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നു.

## IV അടിയന്തരപ്രമേയം

### അനധികൃത തോട്ടം കയ്യേറ്റം

മി. സ്പീക്കർ : ഇടുക്കി ജില്ലയിലെ പെരുവന്താനം വില്ലേജിൽ ആറായിരത്തിലധികം ഏക്കർ സർക്കാർ ഭൂമി തോട്ടം ഉടമ അനധികൃതമായി കൈവശപ്പെടുത്തി കൊണ്ട് ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം തടസ്സപ്പെടുത്തിയതിനെതിരെ മനുഷ്യാവകാശ കമ്മീഷനും കോടതിയും പുറപ്പെടുവിച്ച ഉത്തരവുകൾക്ക് വിരുദ്ധമായി, നീക്കം ചെയ്യപ്പെട്ട ഗേറ്റുകൾ പുനഃസ്ഥാപിക്കുകയും ടോൾ ഗേറ്റ് സ്ഥാപിച്ച് യാത്രക്കാരിൽ നിന്ന് അനധികൃത ടോൾ പിരിക്കാൻ അനുവാദം നൽകുകയും ചെയ്തിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീമതി ഇ. എസ്. ബിജിമോൾ സർവ്വശ്രീ കെ. കെ. ജയചന്ദ്രൻ, ജോസ് തെറ്റയിൽ, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, വളരെ നിർഭാഗ്യകരമായ ഒരു സംഭവത്തിനാണ് ഇന്ന് ഈ സഭ സാക്ഷ്യം വഹിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് നടന്നുകൂടാത്ത ഒരു കാര്യമാണ്, ഒരു ജനപ്രതിനിധി എന്നുള്ള നിലയിൽ, സർക്കാർ ഉദ്യോഗസ്ഥരുടെ നേരെയുണ്ടായതെന്ന അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്. ........(ബഹളം).......

ശ്രീ. സി. ദിവാകരൻ : സർ, അടിയന്തരപ്രമേയത്തിന്റെ വിഷയത്തിനല്ല ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുന്നത്.

മി. സ്പീക്കർ : അടിയന്തരപ്രമേയത്തെ സംബന്ധിച്ച് മിനിസ്റ്റർ മറുപടി പറയട്ടെ, നിങ്ങൾക്ക് പറയാനുള്ള അവസരമുണ്ടല്ലോ ? ശ്രീ. സി. ദിവാകരൻ, അങ്ങ് എല്ലാമറിയാവുന്ന ഒരു സീനിയർ അംഗമാണ്. ഇപ്പോൾ അടിയന്തരപ്രമേയം അവതരിപ്പിക്കുന്നു. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ആദ്യം മറുപടി പറയട്ടെ. നിങ്ങൾക്ക് പറയാനുള്ളത് പറയാൻ സമയമുണ്ട്. ........(ബഹളം).......

ശ്രീ. അടൂർ പ്രകാശ് : സർ, ശരിയായ കാര്യങ്ങൾ ഈ സഭയിൽ തുറന്ന്

പറയാതിരിക്കാൻ എന്നെക്കൊണ്ട് കഴിയുകയില്ല. നടന്ന കാര്യങ്ങൾ ഞാൻ തുറന്നുപറയും. അത് കേൾക്കാനുള്ള സഹിഷ്ണുത ബഹുമാനപ്പെട്ട അംഗങ്ങളിൽ നിന്നുണ്ടാകണമെന്നുള്ളതാണ് എനിക്ക് ആദ്യമായി അഭ്യർത്ഥിക്കാനുള്ളത്.

പെരുവന്താനം വില്ലേജിലെ 255-ാം നമ്പർ തണ്ടപ്പേരിൽ ചേർത്ത 5737 ഏക്കർ ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നമാണ് ഇന്ന് നിലനിൽക്കുന്നത്. 5737 ഏക്കർ ഭൂമി ട്രാവൻകൂർ റബ്ബർ ആന്റ് ടീ കമ്പനിയാണ് ഇന്ന് കൈവശം വച്ചിരിക്കുന്നത്. വർഷങ്ങളായി കമ്പനിയുടെ കൈവശമുള്ള ഭൂമിയാണിത്. ഇതുസംബന്ധിച്ച് എന്തെങ്കിലും തരത്തിലൊരു പരാതിയുണ്ടായിരുന്നെങ്കിൽ, ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് റവന്യൂ വകുപ്പുമന്ത്രി എന്ന നിലയിൽ ആ പരാതി എനിക്കോ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കോ നൽകാമായിരുന്നു. ജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യം തടസ്സപ്പെടുത്തുന്നത് ശരിയല്ലായെന്ന അഭിപ്രായം തന്നെയാണ് ഗവൺമെന്റിനുള്ളത്. ഇക്കാര്യത്തിൽ യാതൊരു തർക്കവും സർക്കാരിനെ സംബന്ധിച്ചിടത്തോളമില്ല. 2003 മുതൽ സഞ്ചാരസ്വാതന്ത്ര്യം നിഷേധിക്കുന്നുവെന്നാണ് റിക്കോർഡുകളിൽനിന്നും എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. 2007 മുതൽ മൂന്ന് പരാതികൾ മനുഷ്യാവകാശ കമ്മീഷന് മുമ്പിൽ നൽകിയിരുന്നു. ആ പരാതികളിന്മേൽ മനുഷ്യാവകാശ കമ്മീഷൻ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറേറ്റിൽ നിന്നും ലഭിച്ച നിർദ്ദേശപ്രകാരം അവിടെയുള്ള ഗേറ്റ് മാറ്റുന്നതിന് തീരുമാനിച്ചു. ഇതുസംബന്ധിച്ച് 2015 ജൂൺ 4-ാം തീയതിയാണ് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചത്. മനുഷ്യാവകാശ കമ്മീഷൻ കത്ത് തയ്യാറാക്കി ജൂൺ 12-ാം തീയതി ജില്ലാ കളക്ടറേറ്റിന് ഉത്തരവ് കൈമാറി. കമ്മീഷന്റെ ഉത്തരവ് 17-6-2015-ൽ ജില്ലാ കളക്ടറേറ്റിൽ ലഭിച്ചു. പ്രസ്തുത ഉത്തരവ് ലഭിച്ച് ഒരു മാസത്തിനുള്ളിൽ നടപടി സ്വീകരിച്ച് വിവരം അറിയിക്കണമെന്ന് ആ ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ അതിനാവശ്യമായ നടപടികൾ സ്വീകരിച്ചു. 27-6-2015-ൽ ജില്ലാ കളക്ടറേറ്റിൽ കൂടിയ ജില്ലാ വികസന സമിതി യോഗത്തിൽ വച്ച് ബഹുമാനപ്പെട്ട എം.എൽ.എ-യും എം.പി.-യും അടക്കം മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് അടിയന്തരമായി ഈ ഗേറ്റ് പൊളിച്ചു നീക്കാനാവശ്യമായ നടപടി സ്വീകരിക്കാൻ ആർ.ഡി.ഒ.-യെ ചുമതലപ്പെടുത്തിക്കൊണ്ട് കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചു. അതനുസരിച്ച്, ആർ.ഡി.ഒ 1-7-2015-ന് രാവിലെ 9.40-ന് ജെ.സി.ബി ഉപയോഗിച്ച് ആ ഗേറ്റ് പൊളിച്ചുനീക്കി. ഗേറ്റ് പൊളിച്ചു നീക്കുന്നതിനുമുമ്പ്, അതായത് ജൂൺ 26-ാം തീയതി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നും മറ്റൊരുത്തരവുണ്ടായി. എന്നാൽ വൈകിയാണ് ആ ഉത്തരവ് കളക്ടറേറ്റിൽ

ലഭ്യമായത്. ഈ ഉത്തരവ് പുറപ്പെടുവിച്ച വിവരം അറിയാതെയാണ് ഒന്നാം തീയതി ഈ ഗേറ്റ് പൊളിച്ചുനീക്കിയത്. സഞ്ചാരസ്വാതന്ത്ര്യം നിഷേധിക്കാൻ പാടില്ല, ടോൾ പിരിക്കാൻ പാടില്ല, ഗേറ്റ് തുറന്നിടണം എന്നീ കാര്യങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി ഇറക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ റോഡ് പുനഃസ്ഥാപിക്കാൻ കളക്ടർ നിർദ്ദേശം നൽകിയതിനെത്തുടർന്ന് എ.ഡി.എം. അവിടെ സന്ദർശിച്ചു. ആ അവസരത്തിൽ ........(ബഹളം).......

മി. സ്പീക്കർ : മിനിസ്റ്റർ സംസാരിക്കട്ടെ. അതു കഴിഞ്ഞ് നിങ്ങൾക്ക് സംസാരിക്കാം. ശ്രീമതി ബിജിമോൾ സംസാരിക്കാൻ പോകുകയാണ് അതിനുമുമ്പ് മിനിസ്റ്റർക്ക് പറയാനുള്ളത് പറയട്ടെ.

ശ്രീ. അടൂർ പ്രകാശ് : സർ, പോലീസുദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ എ.ഡി.എം. ആ സ്ഥലത്ത് പോയത് ഗേറ്റ് പുനഃസ്ഥാപിച്ച് അടച്ചുപൂട്ടിയിടാൻ വേണ്ടിയല്ല. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് നടപ്പാക്കുന്നതിനു വേണ്ടിയാണ്. എ.ഡി.എം. അവിടെ എത്തിച്ചേർന്ന അവസരത്തിൽത്തന്നെ അവിടെയുള്ള സമരസമിതി നേതാക്കന്മാരുമായി ചർച്ച നടത്തി. ഞാൻ ഇവിടെ വന്നിട്ടുള്ളത് യാതൊരു കാരണവശാലും ഈ ഗേറ്റ് അടച്ചുപൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനല്ല മറിച്ച് ഹൈക്കോടതിയുടെ വിധി നടപ്പാക്കുന്നതിനുവേണ്ടി മാത്രമാണ് എന്ന് അദ്ദേഹം പറഞ്ഞു. ടോൾ പിരിക്കാൻ പാടില്ലെന്ന ഹൈക്കോടതി ഉത്തരവ് ഇവിടത്തെ ജനങ്ങൾക്കുവേണ്ടി നിറവേറ്റുന്നതിനും ഹൈക്കോടതിയിൽ നിന്നുള്ള ഉത്തരവ് നടപ്പാക്കിയില്ലെങ്കിൽ കോടതിയലക്ഷ്യം വരുമെന്നുള്ളതു കൊണ്ടുമാണ് ഞാൻ വന്നിരിക്കുന്നത് എന്ന് സമരസമിതി നേതാക്കന്മാരെ വളരെ സൗമ്യതയോടുകൂടി അദ്ദേഹം അറിയിക്കുകയുണ്ടായി. ആ സമയത്താണ് ബഹുമാനപ്പെട്ട ബിജിമോൾ എം.എൽ.എ.-യുടെ നേതൃത്വത്തിൽ എ.ഡി.എം.-നെതിരെ നടന്ന ആക്രോശം. ആ സംഭവം നമ്മളൊക്കെ വിഷ്വൽ മീഡിയകളിൽ കണ്ടതാണ്. മുമ്പ് ഈ സഭയിൽ നടന്ന കാര്യങ്ങൾ ലോകമെമ്പാടും അറിഞ്ഞു എന്നു പറഞ്ഞതുപോലെ എ.ഡി.എം-നെതിരെ അറ്റാക്ക് ഉണ്ടായത് ലോകമെമ്പാടും അറിഞ്ഞിരിക്കുകയാണ്. ...(ബഹളം)..... യാതൊരു കാരണവശാലും ഇക്കാര്യങ്ങൾ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ന്യായീകരിക്കാൻ കഴിയുന്നതല്ല. ഗേറ്റ് തുറക്കുന്നതിനും ടോൾ പിരിക്കാതെ സഞ്ചാരസ്വാതന്ത്ര്യം ഉണ്ടാക്കുന്നതിനുമാവശ്യമായ നടപടികളായിരിക്കും സ്വീകരിക്കുന്നത് എന്ന കാര്യം ഒരിക്കൽ കൂടി പറയുന്നു. ഉദ്യോഗസ്ഥരും

മനുഷ്യരല്ലേ; അവരും മനുഷ്യരാണ്. ....(ബഹളം)....

മി. സ്പീക്കർ : പ്ലീസ്...പ്ലീസ്..

ശ്രീ. അടൂർ പ്രകാശ് : സർ, നമ്മൾ ഒരു കാര്യം മനസ്സിലാക്കണം. ബഹുമാനപ്പെട്ട എ. കെ. ബാലൻ, അങ്ങ് കൂടുതൽ കാര്യങ്ങൾ പറയുന്നുണ്ടല്ലോ ; നമ്മളെപ്പോലെ ജീവിക്കുന്നവരാണ് സർക്കാർ ഉദ്യോഗസ്ഥർ. അവർ തെറ്റു ചെയ്താൽ നമുക്ക് അത് ചൂണ്ടിക്കാണിക്കാം, ആ തെറ്റ് തിരുത്തണമെന്ന് പറയാം, ശാസിക്കാം. അതല്ലാതെ കയ്യേറ്റം നടത്തിക്കൊണ്ട് പറയുന്ന കാര്യങ്ങൾ അവരെക്കൊണ്ട് ചെയ്യിക്കാമെന്ന് തീരുമാനിക്കുന്നുവെങ്കിൽ അത് ഇവിടെ നടക്കുമോ ; നമ്മൾ അത് ആലോചിക്കണം. ....(ബഹളം).....

ശ്രീ. എ. കെ. ബാലൻ : സർ, എം.എൽ.എ. അവിടെ പോയത് കോടതി വിധി നടപ്പാക്കാനാണ്.

ശ്രീ. അടൂർ പ്രകാശ് : സർ, ഒരു കാര്യം കൂടി അറിഞ്ഞിരിക്കണം. കോടതി വിധി നടപ്പാക്കാൻ പോയ എ.ഡി.എം.-നെ ജനപ്രതിനിധിയുടെ നേതൃത്വത്തിൽ കയ്യേറ്റം നടത്തിയതിനെ എതിർത്തുകൊണ്ട് റവന്യൂ വകുപ്പിലെ മുഴുവൻ ജീവനക്കാരും പണി മുടക്കി. റവന്യൂ വകുപ്പിലെ ജീവനക്കാരോടൊപ്പം എൻ.ജി.ഒ. യൂണിയൻ, ജോയിന്റ് കൗൺസിൽ, എൻ.ജി.ഒ. അസോസിയേഷൻ തുടങ്ങി ഏതൊക്കെ സംഘടനകളുണ്ടോ ആ സംഘടനകളുടെയൊക്കെ നേതൃത്വത്തിലാണ് പണിമുടക്ക് നടത്തിയത്. പണിമുടക്ക് നടത്തിയതിനെ ഞാൻ കൂടുതൽ ന്യായീകരിക്കുന്നില്ല. ജനങ്ങളോടുള്ള ഉത്തരവാദിത്വം നിറവേറ്റപ്പെടണമെന്ന ഒരഭ്യർത്ഥന ഞാൻ അവരുടെ മുമ്പിൽ വച്ചു. അവരുടെ പ്രതികരണം ഞാൻ ഉൾക്കൊള്ളുന്നുവെന്നും തീർച്ചയായും അവർ പറയുന്ന കാര്യങ്ങൾ മനസ്സിലാക്കുമെന്നും ഈ ഗവൺമെന്റ് അതിനുള്ള നിലപാട് സ്വീകരിക്കുമെന്നും അവരോട് പറഞ്ഞിട്ടുള്ളതാണ്. ഇത്രയും കാര്യങ്ങളാണ് അവിടെ നടന്നിട്ടുള്ളത്. ബാക്കി കാര്യങ്ങൾ അടിയന്തരപ്രമേയം അവതരിപ്പിച്ചതിന് ശേഷം പറയാം.

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, ഇടുക്കി ജില്ലയിലെ പെരുവന്താനം വില്ലേജിൽ ആറായിരത്തിലധികം ഏക്കർ ഭൂമി തോട്ടം ഉടമ അനധികൃതമായി കൈവശം വച്ചിരിക്കുന്നുവെന്നുള്ളതാണ് ഈ അടിയന്തരപ്രമേയത്തിന്റെ ഭാഗമായി പ്രധാനമായും ഉന്നയിച്ചിട്ടുള്ള വിഷയം. ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരു കത്തുപോലും ലഭ്യമായിട്ടില്ല എന്നാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മറുപടി പറഞ്ഞത്. എന്റെ കയ്യിൽ അദ്ദേഹത്തിനും മുഖ്യമന്ത്രിക്കും അതോടൊപ്പം ഈ വിഷയം നിയമസഭയിൽ സബ്മിഷനായി നൽകിയതിന്റെ കോപ്പിയുമുണ്ട്. നിയമസഭയിൽ ബഹുമാനപ്പെട്ട

സ്പീക്കർക്ക് സബ്മിഷൻ തന്നതിന്റെ കോപ്പി അങ്ങയുടെ ടേബിളിലുണ്ടാകും. റവന്യൂ വകുപ്പുമന്ത്രിക്ക് കൊടുത്തതിന്റെ മാത്രമല്ല, മുഖ്യമന്ത്രിക്ക് കൊടുത്തതിന്റെ കോപ്പിയും എന്റെ കൈവശമുണ്ട്. അത് അങ്ങേക്ക് പരിശോധിക്കാവുന്നതാണ്. ഇത് മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിൽ വളരെ കഷ്ടമായിപ്പോയി. അതുകൊണ്ടാണ് അദ്ദേഹത്തിന് ഇത്തരം പരാമർശങ്ങൾ ഇവിടെ നടത്തേണ്ടിവന്നത്. ടി.ആർ. & ടി. കമ്പനിക്ക് നിയമപരമായി ഭൂമി കൈവശം വയ്ക്കാനുള്ള അവകാശമില്ല എന്നുള്ളതാണ് ഹ്യൂമൻ റൈറ്റ്സ് കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള വിധിയിലെ പ്രസക്തമായ ഭാഗം. കമ്പനിയുടെ തുടക്കം എന്നുപറയുന്നത് 1904-ലാണ്. 1904-ൽ ബ്രിട്ടീഷുകാർ വഞ്ചിപ്പുഴ മഠത്തിൽ നിന്നാണ് തിരുവിതാംകൂർ രാജാവിന്റെ അനുമതിയോടുകൂടി കൃഷി ചെയ്യുന്നതിനുവേണ്ടി ട്രാവൻകൂർ റബ്ബർ കമ്പനിയും സെൻട്രൽ റബ്ബർ കമ്പനിയും പാട്ടവ്യവസ്ഥയിൽ എടുക്കുന്നത്. ഈ രണ്ടുകമ്പനികളും ചേർന്ന് രജിസ്റ്റർ ചെയ്തിരുന്നത് ബ്രിട്ടീഷ് കമ്പനി ആക്ടിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ ഇന്ത്യാ മഹാരാജ്യം സ്വതന്ത്രമാകാൻ പോകുന്നുവെന്ന് മുൻകൂട്ടി മനസ്സിലാക്കിയ ബ്രിട്ടീഷുകാരിൽ 7 പേർ ചേർന്ന് ആലപ്പുഴയിൽ പർച്ചേസ് ഓഫീസ് ആരംഭിക്കുകയും 1944-ൽ ഇന്ത്യൻ നിയമപ്രകാരം രണ്ടുകമ്പനികൾ കൂട്ടിച്ചേർത്ത ടി.ആർ.&ടി. കമ്പനി രജിസ്റ്റർ ചെയ്യുന്ന സാഹചര്യമുണ്ടായി. 1947-ആഗസ്റ്റ് 15-ന് ഇന്ത്യ സ്വതന്ത്രമായി. സ്വതന്ത്രമാകുന്ന ഇന്ത്യയിൽ രണ്ട് പ്രധാനപ്പെട്ട വിഷയങ്ങളുണ്ട്. ഇന്ത്യൻ ഇന്റിപെന്റൻസ് ആക്ട്-ഉം ഭരണഘടനയുടെ ആർട്ടിക്കിൾ 296-ഉം. ഈ രണ്ട് നിയമങ്ങൾ പ്രകാരം ഭൂമി കൈവശം വച്ചിട്ടുള്ള നാട്ടുരാജാക്കന്മാരുമായോ ഭൂപ്രഭുക്കന്മാരുമായോ ആരുമായും ബ്രിട്ടീഷ് രാജാക്കന്മാർ ഉണ്ടാക്കിയിട്ടുള്ള ഉടമ്പടികൾ നിലനിൽക്കുന്നതല്ല എന്നാണ് സ്വതന്ത്ര ഇന്ത്യയിലെ ഈ രണ്ടുനിയമങ്ങളിലും പറയുന്നത്. ഭരണഘടനയിലെ ആർട്ടിക്കിൾ 296-ൽ പറയുന്നത് ഈ കാര്യങ്ങളാണ്. ഈ കമ്പനിയുടെ കയ്യിൽ ഭൂമി ഇരിക്കുന്ന കാലമത്രയും ഹൈക്കോടതിയിലും വിവിധ കോടതികളിലുമായി നിരവധി കേസ്സുകളുണ്ട്. എന്നാൽ ഇതിനിടയിൽ ദുരൂഹമായിട്ടുള്ളത് ഈ കേസ്സുകളിലൊന്നും കമ്പനിക്ക് വേണ്ടത്ര ഡോക്യുമെന്റുകൾ ഹാജരാക്കുവാൻ കഴിഞ്ഞിട്ടില്ല എന്നുള്ളതാണ്. കമ്പനി എല്ലായിപ്പോഴും ഹാജരാക്കിക്കൊണ്ടിരിക്കുന്നത് അന്നത്തെ രജിസ്ട്രാറുമായി ഉണ്ടാക്കിയിട്ടുള്ള ഒരു എഗ്രിമെന്റ് മാത്രമാണ്. അത് ബ്രിട്ടീഷുകാർ ഉണ്ടാക്കിയിട്ടുള്ള എഗ്രിമെന്റാണ്. അതല്ലാതെ ഈ കമ്പനിയുമായി ബന്ധപ്പെട്ട് യാതൊരുവിധ എഗ്രിമെന്റും ഹൈക്കോടതിയുടെ മുമ്പിലോ ഏതെങ്കിലും കോടതിയുടെ മുമ്പിലോ ഹാജരാക്കുന്നതിന് ഈ കമ്പനിക്ക് കഴിഞ്ഞിട്ടില്ല എന്ന് ഹ്യൂമൻ റൈറ്റ്സ് കമ്മീഷൻ വിധിയുടെ വിവിധ ഭാഗങ്ങളിലായി ചൂണ്ടിക്കാണിക്കുന്നുണ്ട്. കഴിഞ്ഞ ഒമ്പതുവർഷങ്ങളായി നടക്കുന്ന കേസ്സിൽ ഇപ്പോൾവരെയും ഈ കമ്പനി യാതൊരുവിധ രേഖകളും ഹ്യൂമൻ റൈറ്റ്സ് കമ്മീഷന്റെ മുന്നിൽ ഹാജരാക്കിയിട്ടില്ല.

ബ്രിട്ടീഷുകാർ ഉണ്ടാക്കിക്കൊടുത്ത ഒരു രേഖയാണ് കേസ്സുമായി ബന്ധപ്പെട്ട് കമ്പനി കൊടുക്കാൻ ശ്രമിച്ചിട്ടുള്ളത്. അതുകൊണ്ട് ഈ കമ്പനിയുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഒരു രേഖ ആധികാരികമായി ഉണ്ടെന്ന് നാളിതുവരെ കമ്പനിക്ക് സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. ഇത് കമ്പനിയുടെ ഭൂമിയല്ല എന്ന് കമ്മീഷൻ ആവർത്തിച്ച് പറയുന്നുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിരുന്നുവെങ്കിൽ നടപടി സ്വീകരിക്കുമായിരുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എന്തിന്റെയടിസ്ഥാന ത്തിലാണെന്ന് അറിയില്ല അദ്ദേഹം അങ്ങനെ പറഞ്ഞത്. ചീഫ് ഇൻവെസ്റ്റിഗേഷൻ ഓഫീസർ, ഐ.ജി. ശ്രീജിത്ത്, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ ഡിപ്പാർട്ടുമെന്റ് വഴി ... 'The copy of the recommendation with the report of the Chief Investigation Officer is to be forwarded to the Principal Secretary, Revenue Department, Government of Kerala for appropriate follow-up action' എന്ന് വളരെ കൃത്യമായി ഹ്യൂമൻ റൈറ്റ്സ് കമ്മീഷന്റെ വിധിയിൽ പറഞ്ഞിരിക്കുന്നു. ഐ.ജി. ശ്രീജിത്തിന്റെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് പ്രിൻസിപ്പൽ സെക്രട്ടറി വഴി റവന്യൂ ഡിപ്പാർട്ടുമെന്റിലേക്ക്, റവന്യൂ വകുപ്പുമന്ത്രിയുടെ കയ്യിൽ ലഭ്യമായിട്ട് എന്തുനടപടിയാണ് സ്വീകരിച്ചത് ; ഇനി എം.എൽ.എ.-യുടെ കത്ത് വേണ്ട. ഹ്യൂമൻ റൈറ്റ്സ് കമ്മീഷൻ കൊടുത്തിട്ടുള്ള ശിപാർശ, കോടതിയുടെ ശിപാർശയുടെ ഭാഗമായി കൊടുത്ത പേപ്പറുകളിൽ എന്തുനടപടിയാണ് സർക്കാർ സ്വീകരിച്ചതെന്ന് അറിയുന്നതിന് ആഗ്രഹമുണ്ട്. ഈ കമ്പനിയുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള കാര്യങ്ങളെല്ലാം ദുരൂഹമാണ്. 1947-ന് ശേഷം എന്ത് അടിസ്ഥാനത്തിലാണ് ഭൂമി കൈവശം വച്ചിരുന്നത് എന്നകാര്യം നമുക്ക് ഏറെ ദുരൂഹതയുളവാക്കുന്നതാണ്. മനുഷ്യസമൂഹത്തിന്റെ ചരിത്രത്തോളം തന്നെ പഴക്കമുള്ളതും ദേവസ്വം ബോർഡിന്റെ അധീനതയിലുള്ളതുമാണ് വള്ളിയങ്കാവിലുള്ള ഉമാമഹേശ്വരി ക്ഷേത്രം. നാൽപ്പതിലധികം കുടുംബങ്ങൾ അവിടെ താമസിക്കുന്നുണ്ട്. ഈ ക്ഷേത്രത്തിലേക്കും പരിസരപ്രദേശങ്ങളിലേക്കുമുള്ള വഴികൾ മാത്രമല്ല ഇങ്ങനെ അടച്ചിരിക്കുന്നത്. ടി.ആർ.&ടി. എസ്റ്റേറ്റിലൂടെ നൂറിലധികം റോഡുകളുണ്ട്. ഈ വഴികളിൽ മുഴുവൻ ഗേറ്റുകൾ സ്ഥാപിച്ച് കമ്പനി അനധികൃതമായി ടോൾ പിരിവ് നടത്തിക്കൊണ്ടിരിക്കുകയാണ്. ആരെയും യാത്ര ചെയ്യാൻ അനുവദിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയാണ്. ഇത് ഇന്നോ ഇന്നലെയോ ഉണ്ടായ സംഭവമല്ല. നിരവധി വർഷങ്ങളായി കേസ്സുകൾ നടക്കുന്നുണ്ട് എന്ന വസ്തുത നിഷേധിക്കുന്നില്ല. നിരവധി സമരങ്ങൾ നടന്നിട്ടുണ്ട്. 2014-ൽ മാത്രം ഈ റോഡുകളുമായി ബന്ധപ്പെട്ട് 7 പ്രാവശ്യമാണ് തോട്ടം മാനേജ്മെന്റിനെ തൊഴിലാളികളും കുട്ടികളുമടക്കം പിടിച്ചുവച്ച് സഞ്ചാരസ്വാതന്ത്ര്യം അനുവദിക്കുന്നതിനുവേണ്ടി ബന്ദിയാക്കിയത്. തഹസീൽദാരും സി.ഐ.-യും ഞാനുമടക്കമുള്ള ആളുകൾ അവിടെപ്പോയി ചർച്ച ചെയ്ത് അദ്ദേഹത്തെ മോചിപ്പിക്കുകയും

എഗ്രിമെന്റ് ഉണ്ടാക്കുകയും ചെയ്ത നിരവധി സന്ദർഭങ്ങളുണ്ട്. ഇത്തരത്തിൽ ഗ്രൂപ്പ് മാനേജർ തയ്യാറാക്കുന്ന എഗ്രിമെന്റ് നടപ്പിലാക്കാൻ ഞാൻ ബാദ്ധ്യസ്ഥനല്ലായെന്ന് പറയുന്ന ധിക്കാരപരമായ നിലപാടാണ് മാനേജ്മെന്റിന്റെ ഭാഗത്തുനിന്നും പലപ്പോഴും ഉണ്ടാകുന്നത്. അതീവ ഗുരുതരാവസ്ഥയിലായ മണിക്കൽ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ആർ.ഡി.ഒ. ഇറക്കിയ ഉത്തരവ് മാനിക്കേണ്ട കാര്യമില്ലെന്ന് പരസ്യമായി പറയുകയും നോട്ടീസ് അടിച്ചിറക്കുകയും ചെയ്തതിന്റെ രേഖകൾ എന്റെ കൈവശമുണ്ട്. ഒരു കമ്പനി ആർ.ഡി.ഒ.-യുടെ ഉത്തരവിനെ വെല്ലുവിളിച്ചുകൊണ്ട് പരസ്യമായി നോട്ടീസ് ഇറക്കിയിട്ടും എന്തുകൊണ്ടാണ് നടപടി സ്വീകരിക്കാൻ കഴിയാത്തത് ? ഈ എസ്റ്റേറ്റിൽ മാത്രമല്ല, ടി.ആർ. ആന്റ് ടി. കമ്പനിക്ക് എവിടെയൊക്കെ ഭൂമിയുണ്ടോ അവിടെയൊക്കെ ഇത്തരം പ്രശ്നങ്ങളുണ്ട്. പീരുമേട് ടീ കമ്പനിയിലും കുളത്തുപ്പുഴ എസ്റ്റേറ്റിലും ഇതേ പ്രശ്നം നിലനിൽക്കുകയാണ്. ബോണക്കാട് എസ്റ്റേറ്റിലും മനുഷ്യാവകാശ ലംഘനം നിലനിൽക്കുകയാണ്. ബഹുമാന്യരായ മുഖ്യമന്ത്രിയും മന്ത്രിമാരുമടക്കം സമസ്ത ആളുകളും അരുവിക്കര ഇലക്ഷനുമായി ബന്ധപ്പെട്ട് ബോണക്കാട് എസ്റ്റേറ്റിൽ പോയതാണ്. അതുമായി ബന്ധപ്പെട്ടുള്ള നടപടിക്രമങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടെന്നുള്ളതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഈ കമ്പനി ആരംഭിച്ചതുമുതൽ കമ്പനിക്ക് എവിടെയൊക്കെ സ്ഥലമുണ്ടോ അവിടെയൊക്കെയും മനുഷ്യാവകാശ ലംഘനം നടത്തുന്നതിനും ആളുകളെ പീഡിപ്പിക്കുന്നതിനും അവരുടെ സഞ്ചാരസ്വാതന്ത്ര്യം തടസ്സപ്പെടുത്തുന്നതിനും അനധികൃതമായി ടോൾ പിരിക്കുന്നതിനും ഗേറ്റ് സ്ഥാപിക്കുന്നതിനുമുള്ള നിലപാടുകൾ, ധിക്കാരപരമായ നിലപാടുകൾ, ജനാധിപത്യത്തെ വെല്ലുവിളിക്കുന്ന നിലപാടുകൾ, പോലീസ് ഡിപ്പാർട്ടുമെന്റിനെ വെല്ലുവിളിക്കുന്ന, ഗവൺമെന്റിനെ വെല്ലുവിളിക്കുന്ന നിലപാടുകളാണ് സ്വീകരിച്ചുവരുന്നത്. തോട്ടം തുറക്കുന്നതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കേന്ദ്രമന്ത്രി ശ്രീ. ജയറാം രമേശ് അടക്കമുള്ള ആളുകൾ വന്ന് ശർമ്മാ സ്വാമിയെ ചർച്ചയ്ക്ക് വിളിച്ചിട്ടും അദ്ദേഹം വന്നില്ല. വരാത്തതിന്റെ ഫലമായി കേന്ദ്രമന്ത്രി ശ്രീ. ജയറാം രമേശ് ഇദ്ദേഹത്തിന്റെ പീരുമേട് ടീ ഫാക്ടറി ടീ ആക്ട് പ്രകാരം ഏറ്റെടുക്കാൻ തീരുമാനിച്ചു. എന്നാൽ ആ തീരുമാനം നടപ്പിലാക്കാൻ കഴിഞ്ഞില്ല. പണത്തിന്റെയും അധികാരത്തിന്റെയും വലിയ സ്വാധീനമുള്ള ആളെന്നുള്ള നിലയിൽ ടീ ആക്ട് പ്രകാരം പീരുമേട് ടീ കമ്പനി എടുക്കുന്നതിന് തടസ്സം ഉണ്ടാകുകയും ആ നടപടിയുമായി ഗവൺമെന്റിന് മുന്നോട്ടുപോകാൻ കഴിയാതെ വരികയും ചെയ്തു. ഒരു കേന്ദ്രമന്ത്രി വിചാരിച്ചിട്ട് ഇദ്ദേഹത്തെ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. നിസ്സഹായമായി പോകുന്ന ഒരു കേന്ദ്ര ഗവൺമെന്റിനെയാണ് നമ്മൾ അന്ന് കണ്ടത്. അത്രമാത്രം അധികാര ദുർവിനിയോഗം നടത്തുന്ന ഒരു ഗവൺമെന്റ്, ടോൾ വാങ്ങരുത് എന്ന് ഹ്യൂമൻ റൈറ്റ്സ് കമ്മീഷൻ

ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചു. ടോൾ വാങ്ങുന്നതും ഗേറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളിലുള്ള ഇടക്കാല ഉത്തരവ് സ്റ്റേ ചെയ്യണമെന്നാവശ്യപ്പെട്ടു കൊണ്ട് 2009-ലും 2013-ലും രണ്ടുപ്രാവശ്യം ഈ കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചു. ആ രണ്ടു കേസുകളിലും ഹൈക്കോടതി സ്വാമിക്ക് സ്റ്റേ കൊടുത്തില്ല എന്നുമാത്രമല്ല, ഹ്യൂമൻ റൈറ്റ്സ് കമ്മീഷനിലേക്ക് തിരിച്ച് റഫർ ചെയ്യുന്ന സാഹചര്യമാണുണ്ടായത്. ബഹുമാനപ്പെട്ട മന്ത്രി രേഖകൾ പരിശോധിച്ചാൽ വളരെ വ്യക്തമാണ്. ഇതിനുമുമ്പ് ഹ്യൂമൻ റൈറ്റ്സ് കമ്മീഷന്റെ 2009-ലെയും 2013-ലെയും വിധികളെ ചലഞ്ചുചെയ്തുകൊണ്ട് ഇതേ കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചപ്പോൾ ഹ്യൂമൻ റൈറ്റ്സ് കമ്മീഷന്റെ അധികാര പരിധിയിൽ ഇടപെടുന്നില്ല, ഹ്യൂമൻ റൈറ്റ്സ് കമ്മീഷൻ തീരുമാനിക്കണമെന്ന രൂപത്തിലാണ് ഹൈക്കോടതി പോലും നിലപാട് സ്വീകരിച്ചിട്ടുള്ളത്. പ്രസ്തുത സ്ഥലവുമായി ബന്ധപ്പെട്ട് ഒരു ലിത്തോമാപ്പുണ്ട്. ആ ലിത്തോമാപ്പ് റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ ജില്ലാ കളക്ടറേറ്റിൽ ചോദിച്ചാൽ പോലും കിട്ടില്ല. സെൻട്രൽ സർവ്വേ ഓഫീസിൽ നിന്നാണ് ഈ ലിത്തോമാപ്പ് ഞങ്ങൾ ശേഖരിക്കുന്നത്. ആ ലിത്തോമാപ്പ് പ്രകാരം രാജാവിന്റെ, വഞ്ചിപ്പുഴ മഠത്തിന്റെ കയ്യിലിരിക്കുമ്പോൾ തന്നെ 12 മീറ്റർ വീതിയുള്ള ഒരു റോഡ് അവിടെയുണ്ടെന്ന് വളരെ വ്യക്തമാണ്. ആ റോഡാണ് ഇവർ കെട്ടിയടയ്ക്കുന്നത്. ആ റോഡിലാണ് ടോൾ സ്ഥാപിക്കുന്നത്. ഇത് പൊതുവഴിയാണെന്ന് രേഖാമൂലം സ്ഥാപിച്ചിട്ടുള്ള ഈ റോഡിൽ ഗേറ്റ് സ്ഥാപിക്കാനും ടോൾ പിരിവ് നടത്താനും അനധികൃതമായി എന്തിനാണ് അനുവാദം കൊടുക്കുന്നത് ? പെരുവന്താനം വില്ലേജിലുള്ള ഭൂമി മുഴുവനും പണ്ട് തിരുവിതാംകൂർ രാജാവ് ഫ്രീഹോൾഡായി വഞ്ചിപ്പുഴ മഠത്തിന് കൊടുത്തതാണ്. അതിനേക്കാൾ ഉപരിയായി ഈ ഭൂമിയുമായി ബന്ധപ്പെട്ട ഏറ്റവും ശ്രദ്ധേയമായ പ്രശ്നം 1955-ലെ ഇടവക അക്വിസിഷൻ ആക്ട് പ്രകാരം ഈ ഭൂമി മുഴുവൻ ഗവൺമെന്റ് ഏറ്റെടുത്തതാണ്. രേഖകൾ പരിശോധിക്കാം, രേഖകൾ ലഭ്യമാണ്. കോമ്പൻസേഷൻ സർക്കാർ കൊടുത്തതാണ്. വഞ്ചിപ്പുഴ മഠത്തിന് 1955-ൽ ഇടവക അക്വിസിഷൻ ആക്ട് പ്രകാരം ഈ ഭൂമിക്ക് കോമ്പൻസേഷൻ കൊടുത്ത് സർക്കാർ ഏറ്റെടുത്ത ഭൂമിയാണ്. ഞാൻ സഭയിൽ രേഖ ഹാജരാക്കിയിട്ടുണ്ട്. ആവശ്യമെങ്കിൽ മേശപ്പുറത്ത് വയ്ക്കാം. 1955-ൽ ഇടവക അക്വിസിഷൻ ആക്ട് പ്രകാരം സർക്കാർ ഏറ്റെടുത്ത ഭൂമിക്ക് എങ്ങനെയാണ് സ്വാമിക്ക് അവകാശമുണ്ടാവുക ? വളരെ ഗൗരവമുള്ള വിഷയമാണിത്. കമ്പനിക്ക് യാതൊരുവിധ ഉടമസ്ഥാവകാശവുമില്ല. അനധികൃതമായാണ് ഭൂമി ഇവർ കൈവശം വച്ചിരിക്കുന്നത്. കേരള സ്റ്റേറ്റ് ലാന്റ് കൺസർവേഷൻ ആക്ടിലെ വകുപ്പ് (7) പ്രകാരം കമ്പനി ചെയ്യുന്നത് ക്രിമിനൽ കുറ്റമാണ്. പോലീസിന് നേരിട്ട് കേസ് രജിസ്റ്റർ ചെയ്യാം. പോലീസിന്റെ മുന്നിൽ

ഇപ്പോൾ ഒരു പരാതിയുണ്ട്. ആ നാട്ടുകാരനായ ശ്രീ. സോമൻ വള്ളിയങ്കാവ് ഈ വിഷയവുമായി ബന്ധപ്പെട്ട് ഇത് സർക്കാർ ഭൂമിയാണെന്നും സർക്കാർ ഭൂമി അനധികൃതമായി വച്ചിരിക്കുന്ന കമ്പനിക്കെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പെരുവന്താനം പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ട്. ഞങ്ങളുടെ മുമ്പിൽ പരാതിയില്ലാത്തതിനാലാണ് നടപടി സ്വീകരിക്കാൻ കഴിയാത്തതെന്ന് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞല്ലോ ; സർക്കാരിന്റെ മുന്നിൽ, ബഹുമാന്യനായ മുഖ്യമന്ത്രിയുടെ മുന്നിൽ, ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ മുന്നിൽ നിരവധി നിവേദനങ്ങൾ ഇതുമായി ബന്ധപ്പെട്ട് സമർപ്പിക്കുകയും ഇതിന് വകുപ്പുകൾ തന്നിട്ടുള്ള മറുപടികളും ഞങ്ങളുടെ കൈകളിലുണ്ട്. ഒരു കത്തുണ്ടായിരുന്നുവെങ്കിൽ, എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നുവെങ്കിൽ, എന്നോടൊന്ന് സംസാരിച്ചിരുന്നുവെങ്കിൽ ഞാൻ നടപടി സ്വീകരിക്കുമായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞ വാക്കുകൾ ഒരു കാരണവശാലും വിശ്വാസയോഗ്യമല്ല. മനുഷ്യാവകാശ കമ്മീഷൻ 11-5-2015-ന് തൊടുപുഴയിൽ വച്ചുനടത്തിയ തെളിവെടുപ്പിൽപ്പോലും കമ്പനി ഒരു രേഖയും ഹാജരാക്കിയിട്ടില്ല. സർക്കാർ ഭൂമി അനധികൃതമായി കയ്യിൽ സൂക്ഷിക്കുന്നതിന് ക്രിമിനൽ കേസെടുക്കണം. അനധികൃതമായി സ്ഥാപിച്ചിട്ടുള്ള മുഴുവൻ ഗേറ്റുകളും നീക്കം ചെയ്യണം. ജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യം പുനഃസ്ഥാപിക്കണം. സർക്കാരിനെ കബളിപ്പിച്ച്, തെക്കേമല - പാലൂർകാവ് റോഡുമായി ബന്ധപ്പെട്ട് പൊന്നും വിലയ്ക്കെടുക്കുന്നതിന് അനധികൃതമായി കൈപ്പറ്റിയിട്ടുള്ള 35 ലക്ഷം രൂപയിലധികം വരുന്ന തുക പലിശ സഹിതം തിരിച്ചുവാങ്ങണം. ടോൾ ഫ്രീയാണ് എന്ന് പറയുകയും ടോൾ പിരിക്കുകയും ചെയ്ത മുഴുവൻ പണവും നമ്മുടെ ഖജനാവിലേക്ക് വാങ്ങുന്നതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. രേഖകളിലില്ലാത്ത ഭൂമിക്ക് കരം ഒടുക്കിയതിനും പോക്കുവരവ് ചെയ്തതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകുമോ എന്നുള്ളതാണ് ഏറ്റവും പ്രസക്തം. ജൂൺ നാലിലെ ഹ്യൂമൺ റൈറ്റ്സ് കമ്മീഷൻ ഉത്തരവ് ജൂലൈ ഒന്നിനാണ് ആർ.ഡി.ഒ. നടപ്പിലാക്കിയത്. ആ കമ്മീഷൻ ഉത്തരവ് നടപ്പിലാക്കുന്നതിനുവേണ്ടി എം.പി.-യും എം.എൽ.എ.-യും ഉൾപ്പെടെയുള്ള ആൾക്കാർ ഡി.ഡി.സി. മീറ്റിംഗിൽ ഇടപെടേണ്ടിവന്നുവെന്ന് റവന്യൂ വകുപ്പുമന്ത്രി തുറന്നു സമ്മതിച്ചല്ലോ ; അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെന്റിന് താൽപ്പര്യമുണ്ടായിട്ടല്ല, മറിച്ച് എം.എൽ.എ.-യും എം.പി.-യുമടക്കമുള്ള ആളുകൾ വല്ലാത്ത സമ്മർദ്ദം ഡി.ഡി.സി. മീറ്റിംഗിൽ കൊണ്ടുവന്നുവെന്നുള്ളതുകൊണ്ട് എന്റെ ഡിപ്പാർട്ടുമെന്റിന് വേറെ വഴിയില്ലായിരുന്നു. അതുകൊണ്ട് ജൂലൈ ഒന്നിന് ഞാൻ ആ ഉത്തരവ് നടപ്പിലാക്കിയെന്ന് പറഞ്ഞാൽ എന്താണ് മനസ്സിലാക്കേണ്ടത് ? ജൂൺ നാലിന് വന്ന ഉത്തരവ് നടപ്പിലാക്കാൻ എത്ര സമയം വേണം ? ജൂൺ 26-ന് ഇറങ്ങിയ

ഉത്തരവ് നടപ്പിലാക്കാൻ ദിവസങ്ങൾ മതിയായിരുന്നു. ഓർഡർ കയ്യിൽ കിട്ടിയില്ല. ജൂൺ നാലിന് ഇറങ്ങിയ ഉത്തരവ് ഒരു മാസം കയ്യിൽ വയ്ക്കുകയും നടപ്പാക്കാതിരിക്കുകയും ചെയ്തു. കമ്പനിക്കുവേണ്ടി വക്കാലത്ത് എടുത്തത് ഇല്ലാത്ത ആ ഉത്തരവുമായാണ്. മന്ത്രി പറഞ്ഞതുപോലെ ഒരു ഉത്തരവില്ല. ബഹുമാനപ്പെട്ട മന്ത്രി ഹൈക്കോടതിയുടെ പേരിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ള ഉത്തരവും ഹ്യൂമൻ റൈറ്റ്സ് കമ്മീഷൻ പറഞ്ഞ ഉത്തരവും രണ്ടും പ്രസക്തമാണ്. ജൂൺ നാലിലെ ഹ്യൂമൻ റൈറ്റ്സ് കമ്മീഷന്റെ ഉത്തരവിൽ പറയുന്നത് - 'The District Collector, Idukki has to take urgent steps to the removal of the gate constructed by the respondent company and also for stopping the collection of toll or any other fees by the respondent for using the way'. ഒരു ഫീസും വാങ്ങാൻ പാടില്ല. ടോൾ വാങ്ങാൻ പാടില്ല. അവിടെ ഏതെങ്കിലും തരത്തിലുള്ള ഗേറ്റുണ്ടെങ്കിൽ 'removal' എന്ന വാക്കാണ് മനുഷ്യാവകാശ കമ്മീഷൻ ഉപയോഗിച്ചിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് കളക്ടറെ ചുമതലപ്പെടുത്തുന്നു.

മി. സ്പീക്കർ : യെസ്........ പ്ലീസ് കൺക്ലൂഡ്.....

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, എന്നാൽ ഹൈക്കോടതി പറഞ്ഞിരിക്കുന്നു, 'As I mentioned before from the report of the Chief Investigation Officer, it is seen that the respondent is in possession of more than five thousand acres of Government land without a valid title'. അയ്യായിരം ഏക്കർ ഭൂമി ടൈറ്റിൽ ഇല്ലാതെ, രേഖകൾ ഇല്ലാതെ ഈ കമ്പനി അനധികൃതമായി കൈവശം വച്ചിരിക്കുന്നുവെന്ന് കമ്മീഷൻ അവകാശപ്പെട്ടിരിക്കുകയാണ്. ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നു. ഹൈക്കോടതി പറഞ്ഞിരിക്കുന്നത്, 'However it is made clear that the petitioner shall keep the gate open and shall not collect any toll during the pendency of the writ petition എന്നാണ്.

10.00 AM]

ജൂൺ 1-ന് ആർ.ഡി.ഒ. നീക്കം ചെയ്ത ഗേറ്റ് പുനഃസ്ഥാപിച്ചതിനുശേഷം ആ ഗേറ്റ് തുറന്നുവയ്ക്കണമെന്ന് ഹൈക്കോടതി പറഞ്ഞിട്ടില്ല. ഹൈക്കോടതി വിധിയെ മാനിക്കുകയും അത് നടപ്പിലാക്കാൻ ശ്രമിച്ചയാളുകളുമാണ് ഞങ്ങൾ. അല്ലാതെ എ.ഡി.എം.-നെപ്പോലെ കമ്പനിയുടെ പണം വാങ്ങി ഉദ്ദിഷ്ടകാര്യത്തിന് ഉപകാര സിദ്ധിയുമായി ഇറങ്ങിയയാളല്ല. എ.ഡി.എം.-ന്റെ മുഴുവൻ ഫോൺ കോളുകളും, നീക്കങ്ങളും പരിശോധിക്കണം. അദ്ദേഹം പിരിച്ചെടുക്കുന്ന പണം ഏതൊക്കെ കേന്ദ്രങ്ങളിലേക്ക് എത്തിക്കുന്നു എന്ന് പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഇത് എ.ഡി.എം. തനിയെ ചെയ്യുന്ന കാര്യങ്ങളാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല.

എ.ഡി.എം.-ന്റെ പിന്നിൽ ഒരു വലിയ ലോബിയുണ്ട്. ഇദ്ദേഹത്തിന്റെ വരവിന് പിന്നിൽപോലും ഞങ്ങൾക്ക് സംശയമുണ്ട്.

മി. സ്പീക്കർ : ശ്രീമതി ഇ. എസ്. ബിജിമോൾ, പ്ലീസ് കൺക്ലൂഡ്.

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, ഇതൊരു രേഖയാണ്. (രേഖ ഉയർത്തിക്കാട്ടുന്നു.) ഇന്ത്യ സ്വതന്ത്രമാകുന്നതിനുമുമ്പ് കേരളത്തിൽ 117 കമ്പനികൾ വിദേശ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിച്ചിരുന്നു. ആ കമ്പനികൾ വീണ്ടും അതേ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ തുടരുന്നു എന്നുപറയുന്നത് ബഹുമാന്യനായ മുഖ്യമന്ത്രി അങ്ങ് ഒരു നിയമസഭാ കമ്മിറ്റിയെവച്ച് അന്വേഷിപ്പിക്കാൻ തയ്യാറാകുമോ ; ഇവരുടെ രേഖകൾ പരിശോധിക്കാൻ തയ്യാറാകുമോ ? കേരളത്തിൽ ഇഞ്ചോടിഞ്ച് ആളുകൾ താമസിക്കുകയാണ്, ആളുകൾക്ക് ശ്വാസംമുട്ടുന്നു. ലക്ഷകണക്കിന് ഭൂമി അനധികൃതമായി കൈവശം വച്ചിരിക്കുകയാണ്. അങ്ങയുടെ ഗവൺമെന്റിലിരിക്കുന്ന ഉത്തരവാദിത്തപ്പെട്ട ആളുകൾ പണം വാങ്ങി ഈ കമ്പനികളെ സഹായിക്കുകയാണ്. ഈ കമ്പനികൾക്കെതിരെ നിലപാടുകൾ സ്വീകരിക്കുന്നില്ല. സാധാരണക്കാരന് ഒരു നീതി, മുതലാളിമാർക്ക് വേറൊരു നീതി എന്നുപറയുന്നതിനോട് യോജിക്കാൻ കഴിയില്ല. അങ്ങയുടെ മുൻപിലേക്ക് ഈ വിഷയവുമായി ആളുകൾ വന്നിട്ടുണ്ട്.

മി. സ്പീക്കർ : ശ്രീമതി ഇ. എസ്. ബിജിമോൾ, 18 മിനിറ്റായി. പ്ലീസ് കൺക്ലൂഡ്, Please resume your seat.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ബഹുമാനപ്പെട്ട സ്പീക്കർ, അങ്ങയോടുള്ള ബഹുമാനക്കുറവുകൊണ്ടല്ല, സ്വാതന്ത്ര്യം ലഭിക്കുന്നതിനുമുമ്പുള്ള എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ അഞ്ച് ലക്ഷം ഏക്കറിലധികം വരുന്ന ഭൂമി ഇപ്പോഴും തുടരുന്നു, അതിന് പണം വാങ്ങി ഒത്താശ ചെയ്യുന്നു എന്നുള്ളതാണ്. ബഹുമാന്യനായ മന്ത്രിയടക്കമുള്ള ആളുകളുടെ അറിവോടുകൂടിയാണ് ഇക്കാര്യങ്ങളൊക്കെ അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർ നടത്തുന്നത്. ശ്രീ. മോൻസ് ഡി. അലക്സാണ്ടറെന്ന എ.ഡി.എം.-ന് ഒരു വലിയ നിയോഗമുണ്ട്. ഇല്ലാത്ത കാര്യങ്ങളുടെ പേരിൽ എ.ഡി.എം. എന്തിനാണ് ഇടപെടുന്നത് ? അദ്ദേഹത്തെ ആളുകൾ കൈവയ്ക്കാൻ തുടങ്ങിയതാണ്.

മി. സ്പീക്കർ : ശ്രീമതി ഇ. എസ്. ബിജിമോൾ, 19 മിനിറ്റായി. പ്ലീസ്.. പ്ലീസ്.. ബഹുമാനപ്പെട്ട മിനിസ്റ്റർ.......

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, ഞാൻ നിർത്തുകയാണ്. ആദിവാസികൾ

അടക്കമുള്ള ആളുകൾ പെട്രോളുമായി ആത്മഹത്യക്ക് ഒരുങ്ങിയാണ് നിന്നിരുന്നത്. (മൈക്ക് ഓഫ്) (..ബഹളം..).....

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി എഴുന്നേറ്റാൽ പിന്നെ മൈക്ക് കിട്ടില്ല. 19 മിനിറ്റ് കൊടുത്തു. മിനിസ്റ്റർ എഴുന്നേറ്റു, മിനിസ്റ്റർ എഴുന്നേറ്റാൽ മൈക്ക് കിട്ടില്ല. പ്ലീസ്......(ബഹളം)..... നിങ്ങൾ സീനിയർ അംഗങ്ങളാണ്. ഒരു അടിയന്തര പ്രമേയത്തിന് 19 മിനിറ്റ് കൊടുത്തു. പറയാനുള്ള വിഷയങ്ങൾ ഈ സമയത്തിനുള്ളിൽ പറയണം.

ശ്രീ. സി. ദിവാകരൻ : സർ, ഈ സഭയിൽ ബഹുമാനപ്പെട്ട ഒരു എം.എൽ.എ. അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിക്കുമ്പോൾ മൈക്ക് ഓഫ് ചെയ്യുന്നത് ശരിയാണോ ?

മി. സ്പീക്കർ : ബഹുമാനപ്പെട്ട സി. ദിവാകരൻ, അങ്ങ് മുൻ മന്ത്രി കൂടിയാണ്, 5 വർഷം മന്ത്രിയായിരുന്ന ആളാണ്. എല്ലാ കാര്യങ്ങളും അറിയാവുന്ന ഒരു മന്ത്രിയായിരുന്ന ആളാണ്. ഒരു അടിയന്തരപ്രമേയത്തിന് 19 മിനിറ്റ് കൊടുത്തു. 15 മിനിറ്റായപ്പോൾ ചെയർ സമയമായി എന്നുപറയാൻ തുടങ്ങിയതാണ്. വീണ്ടും 4 മിനിറ്റ് കൊടുത്തു. 19 മിനിറ്റ് കൊണ്ട് ഒരംഗത്തിന് പറയാനുള്ളത് പറയണം.

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, ഹൈക്കോടതി പറഞ്ഞതിന്റെ legal and literal meaning എന്നുപറയുന്നത് 'to permit in or allow for entry' ഇത് അനുവദിക്കണമെന്നു മാത്രമാണ്. 'or exit'. ഇത്രയും കാര്യങ്ങളാണ് ഹൈക്കോടതി പറഞ്ഞത്. വീണ്ടും ഒരു ഗേറ്റ് സ്ഥാപിക്കണമെന്നോ ഗേറ്റ് സ്ഥാപിച്ചിട്ട് തുറന്ന് വയ്ക്കണമെന്നോ ഹൈക്കോടതി പറഞ്ഞിട്ടില്ല. ഇത് അഴിമതിയാണ്, റവന്യൂ വകുപ്പിന്റെ ഉദ്യോഗസ്ഥന്മാരെ ഉപയോഗപ്പെടുത്തിക്കൊണ്ട് റവന്യൂ വകുപ്പ് നടത്തുന്ന ഈ അഴിമതി സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, ബഹുമാനപ്പെട്ട അംഗം വളരെ വികാരത്തോടുകൂടി പറഞ്ഞ കാര്യങ്ങളെല്ലാം നമുക്കെല്ലാവർക്കും കേൾക്കാൻ കഴിഞ്ഞു. ഏറ്റവും അവസാനം പറഞ്ഞത് റവന്യൂ വകുപ്പുമന്ത്രി അഴിമതി നടത്തുന്നു എന്നാണ്. ഞാൻ റവന്യൂ വകുപ്പിന്റെ ചുമതല ഏറ്റെടുത്തിട്ട് 3 വർഷം മാത്രമേ ആകുന്നുള്ളൂ. ഞാൻ ഈ നിയമസഭയിൽ അംഗമാകുന്നത് 1996 മുതലാണ്. 1996 മുതൽ ഈ നിയമസഭയിൽ അംഗമാകുന്ന അവസരത്തിൽ ബഹുമാനപ്പെട്ട അംഗത്തിന്റെ നേതാവ് ശ്രീ. കെ. ഇ. ഇസ്മയിൽ ആയിരുന്നു റവന്യൂ വകുപ്പുമന്ത്രിയായി 5

വർഷക്കാലം ഈ സംസ്ഥാനത്ത് ഭരണം നടത്തിയത്. 2006-ൽ ഈ സഭയിൽ ശ്രീമതി ഇ. എസ്. ബിജിമോളുടെ നേതാവ് ശ്രീ. കെ. പി. രാജേന്ദ്രൻ ആയിരുന്നു റവന്യൂ വകുപ്പിന്റെ ചുമതല വഹിച്ചുകൊണ്ടിരുന്നത്. ഈ 10 വർഷക്കാലം ടി.ആർ.&.ടി കമ്പനി ഭൂമി കൈവശം വച്ചുവെന്നുപറയുന്ന എല്ലാ കാര്യങ്ങളും ഞാൻ സമ്മതിക്കുന്നു. 1955-ലെ കാര്യം പറഞ്ഞു. ഞാനത് നിഷേധിച്ചിട്ടില്ല. അതിനുശേഷം പല ഭരണകൂടവും നമ്മുടെ സംസ്ഥാനത്ത് ഉണ്ടായി. അതിൽ ബഹുഭൂരിപക്ഷം കാലഘട്ടങ്ങളിലും ബഹുമാനപ്പെട്ട അംഗത്തിന്റെ നേതാക്കന്മാരാണ് റവന്യൂ വകുപ്പ് കൈകാര്യം ചെയ്തിരുന്നത്. ആ കാലഘട്ടത്തിൽ ഒരിക്കലും ഇതുപോലെ ഒരു ആക്ഷേപം ഉന്നയിക്കാൻ ആർക്കും കഴിഞ്ഞില്ല. അപ്പോൾ ഞാനൊരു കാര്യം ചോദിച്ചോട്ടെ, ഏറ്റവും അവസാനം പറഞ്ഞുനിർത്തിയ ഒരു കാര്യം എന്നുള്ള നിലയിൽ ഇത് അഴിമതി കാണിക്കാൻവേണ്ടി ഇവിടെ റവന്യൂ വകുപ്പുമന്ത്രി എന്തോ കാട്ടിക്കൂട്ടുന്നു എന്ന് ശ്രീമതി ഇ. എസ്. ബിജിമോൾ പറഞ്ഞത് സത്യത്തിൽ ഒന്നും കിട്ടിയില്ലെങ്കിൽ എന്തെങ്കിലുമായിക്കോട്ടെ, എവിടെയെങ്കിലും കൊള്ളട്ടെയെന്നു കരുതി പറഞ്ഞുപോയതാണ് എന്നാണ് ഞാൻ കരുതുന്നത്. അങ്ങനെയായിരുന്നു എങ്കിൽ 1996 മുതൽ 10 വർഷക്കാലം ഇവിടെ ഭരണം നടത്തിയ നിങ്ങളാണ് അത് മറച്ചുവച്ചുകൊണ്ട് ഇവിടെ എല്ലാ ഒത്താശകളും ചെയ്തുകൊടുത്തതെന്ന് പറഞ്ഞാൽ ശ്രീമതി ഇ. എസ്. ബിജിമോൾക്ക് നിഷേധിക്കാൻ പറ്റുമോ ? അതിന്റെ പിന്നിൽ നിന്നുകൊണ്ട് എല്ലാ ഒത്താശകളും ചെയ്തുകൊടുത്തുകൊണ്ട് സർക്കാർ ഉദ്യോഗസ്ഥൻമാരെ വരച്ചവരയിൽ നിർത്തിക്കൊണ്ട് നിങ്ങൾ ചെയ്യിച്ചതാണെന്ന് ഞാൻ പറയുന്നത് എന്റെ അന്തസ്സിന് യോജിക്കാത്തതുകൊണ്ടാണ് പറയാതിരിക്കുന്നത് എന്നുകൂടി നിങ്ങൾ അറിഞ്ഞിരിക്കുക.

ഇവിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞത് 4-ാം തീയതി മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് വന്നു എന്നാണ്. ഞാൻ ഈ സഭയിൽ തന്നെ ആദ്യം പറഞ്ഞു. മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് വന്നുവെങ്കിലും ജില്ലാ കളക്ടേറ്റിൽ ആ ഉത്തരവ് കിട്ടുന്നത് ജൂൺ മാസം 17-ാം തീയതിയാണ്. അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാനാണ് ആർ.ഡി.ഒ.-യെ ചുമതലപ്പെടുത്തിയത്. ആർ.ഡി.ഒ. എടുത്ത നടപടിയാണ്. ഇപ്പോൾ ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ ഹ്യൂമൺ റൈറ്റ്സ് കമ്മീഷന്റെ ഉത്തരവ്. അത് എന്റെ കൈവശമുണ്ട്, അതിൽ പറഞ്ഞിട്ടുണ്ട്.

(1) The District Collector Idukki has to take urgent steps for removal of the gate constructed by the respondent company and also for stopping collection of toll or any other fees by the respondent for

using the way.

(2) The District Collector Idukki has to submit action taken report within one month from the date of receipt of the order.

(3) Copy of the recommendation of the report of the Chief Investigation Officer is to be forwarded to the Principal Secretary, Revenue Department, Government of Kerala for appropriate followup action.

ഈ കാര്യങ്ങൾ നടപ്പിലാക്കിയപ്പോഴാണ് ആ കമ്പനിയുടെ ഉടമസ്ഥൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസുമായി പോയത്. ഹൈക്കോടതി 26-6-2015-ന് ഉത്തരവ് പുറപ്പെടുവിക്കുന്നു. ആ ഉത്തരവിനകത്ത് സഞ്ചാര സ്വാതന്ത്ര്യം നിഷേധിക്കുവാൻ പാടില്ല എന്നുതന്നെ പറഞ്ഞിട്ടുണ്ട്. ഈ സഭയിൽ അതും ഞാൻ ആദ്യം പറഞ്ഞിട്ടുണ്ട്. ആ ഉത്തരവിൽ പറഞ്ഞിട്ടുള്ള കാര്യം, There shall be an interim stay of exhibit P 14. P 14 എന്നുപറയുന്നത് ഹ്യൂമൺ റൈറ്റ്സ് കമ്മീഷന്റെ ഉത്തരവാണ്. However it is made clear that the petitioner shall keep the gate open and shall not collect any toll during the pendency of the writ petition. ഗേറ്റ് ഓപ്പൺ ചെയ്യണമെന്നാണ് കോടതി പറഞ്ഞിരിക്കുന്നത്. ……..that the petitioner shall keep the gate open, ഗേറ്റ് ഓപ്പൺ ചെയ്യണമെന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ ഈ ഉത്തരവിൽ പറഞ്ഞിട്ടുള്ള കാര്യമാണ്. ഗേറ്റ് ഓപ്പൺ ചെയ്തിടണമെന്നും ടോൾ പിരിക്കാൻ പാടില്ലാ എന്നും സഞ്ചാരസ്വാതന്ത്ര്യം നിഷേധിക്കുവാൻ പാടില്ലാ എന്നും ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർ നടപടി സ്വീകരിച്ചതിനെ ചോദ്യം ചെയ്തുകൊണ്ട്, എന്തിനാണ് ഈ കാര്യങ്ങൾ ? ഒരു പക്ഷേ അവിടെ ഉണ്ടായ സംഭവങ്ങൾ വേണമെങ്കിൽ ഈ സഭയിൽ വന്ന് പറയാമായിരുന്നു. ഒരു ഉദ്യോഗസ്ഥനെ കൈയ്യേറ്റം നടത്തി അദ്ദേഹത്തിന് ദേഹോപദ്രവം ഏൽപ്പിച്ച്, കാലിന് ഫ്രാക്ചർ ഉണ്ടായി മെഡിക്കൽ കോളേജിൽ അഡ്മിറ്റ് ചെയ്തിരിക്കുന്നു. ഇത് ആരാണ് ചെയ്തത് ? ദൃശ്യമാധ്യമങ്ങളിൽ കൂടി നമ്മളെല്ലാപേരും കണ്ടതാണ്. മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടണം എന്നുപറയുന്ന വ്യക്തികളോട് ഒരു കാര്യം ഞാൻ ചോദിക്കുന്നു, എല്ലാപേരും മനുഷ്യരാണ്. മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടുക തന്നെവേണം. മനുഷ്യന്റെ സഞ്ചാരസ്വാതന്ത്ര്യം നിഷേധിക്കരുത് എന്നു പറയുന്നതുപോലും ഒരു മനുഷ്യനെ ഇതുപോലെ കൈയ്യേറ്റം നടത്തി നിയമം കൈയ്യിലെടുത്തുകൊണ്ട് പോകാം എന്നാണ് ബഹുമാനപ്പെട്ട എം.എൽ.എ.

കരുതുന്നതെങ്കിൽ എം.എൽ.എ.-ക്ക് ചില ലക്ഷ്യബോധം കാണും. ഇനിയിപ്പോൾ വലിയ കാലതാമസം കൂടാതെ തെരഞ്ഞെടുപ്പ് വരും, അതിനു മുൻപ് പാവപ്പെട്ട ആളുകളുടെ മുൻപിൽ എന്തെങ്കിലുമൊക്കെ കാണിച്ചുകൂട്ടി രക്ഷപ്പെടുന്നതിനുവേണ്ടി കാണിക്കുന്ന ഈ കോപ്രായങ്ങൾ ഒരു ഗവൺമെന്റ് എന്നുള്ള നിലയിൽ അനുവദിച്ച് കൊടുക്കാൻ കഴിയുകയില്ല എന്ന് വളരെ വ്യക്തമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഉദ്യോഗസ്ഥർ പണിയെടുക്കണം. അതിന് അവർ നിയമപരമായി ചെയ്യേണ്ട കാര്യങ്ങൾ ചെയ്യണം, അതിനുവേണ്ടിയാണ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുള്ളത്. അത് നമ്മുടെ ജനാധിപത്യ വ്യവസ്ഥയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളാണ്. ആ കാര്യങ്ങൾ അവർ നടപ്പാക്കുമ്പോൾ അതിനെ നിഷേധിച്ചുകൊണ്ട് ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നത് നമുക്ക് യോജിച്ചതാണ് എന്ന് ഞാൻ കരുതുന്നില്ല. ടോൾ പിരിവ് തുടങ്ങിയത് 2006-ലാണ്. 2006-ൽ ആരാണ് റവന്യൂ വകുപ്പ് കൈകാര്യം ചെയ്തത് ? 2006-ൽ ശ്രീമതി ഇ. എസ്. ബിജിമോൾ എം.എൽ.എ. ആയിരുന്നു. 2006 മുതൽ 2011 വരെ ശ്രീമതി ഇ. എസ്. ബിജിമോളുടെ നേതാവ് ശ്രീ. കെ. പി. രാജേന്ദ്രൻ റവന്യൂ വകുപ്പ് കൈകാര്യം ചെയ്തു. അന്നും ടോൾ പിരിവ് നടക്കുന്നുണ്ട്. ആ ടോൾ പിരിവ് നടത്തിയതിന് എന്തുകൊണ്ട് ഈ സഭയിൽ ഒരു ശബ്ദം പോലും ഉയർന്നില്ല ? ആരു ഭരിക്കുന്നു, ആര് ഭരണം നടത്തുന്നു എന്ന് മുഖം നോക്കാതെ പറയുവാനുള്ള തന്റേടവും, ചങ്കൂറ്റവുമാണ് പറയേണ്ട സമയത്ത് എം.എൽ.എ. എന്ന നിലയിൽ ശ്രീമതി ഇ. എസ്. ബിജിമോൾ കാണിക്കേണ്ടിയിരുന്നത്. ഇപ്പോൾ എന്നോട് ആക്രോശിച്ചിട്ട് വല്ല കാര്യവുമുണ്ടോ ? അവിടെ വല്ലതുമൊക്കെ കാണിച്ച് പാവപ്പെട്ട ജനങ്ങളുടെ മുൻപിൽ നിങ്ങൾ അപഹാസ്യ കഥാപാത്രമായി മാറിയിരിക്കുന്നു. ആരെങ്കിലുമൊക്കെ പറയുന്നതിന് താളം തുള്ളിപോകുന്നത് എന്തിനാണ് എന്ന് മാത്രമാണ് എനിയ്ക്ക് ചോദിക്കാനുള്ളത്. ഇതൊക്ക അങ്ങ് മാറ്റിവയ്ക്കണം, അങ്ങ് പറഞ്ഞല്ലോ, ഇവിടെ അഴിമതി നടത്താൻ വേണ്ടി ഈ എ.ഡി.എം.-നെ അവിടെ നിയമിച്ചു എന്ന്. ആ എ.ഡി.എം.-ന് പ്രൊമോഷൻ കിട്ടിയിട്ട് അധികനാളായില്ല.

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തോ, ഈ ഗവൺമെന്റിന്റെ കാലത്തോ, അങ്ങ് ജനിക്കുന്നതിന് മുൻപോ ഒക്കെ നടന്നു എന്നുപറയപ്പെടുന്ന ഈ കാര്യങ്ങളെ സംബന്ധിച്ച് ഒരു നിയമസഭാ സമതിയെ വച്ച് അന്വേഷിപ്പിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. അടൂർ പ്രകാശ് : സർ, ബഹുമാനപ്പെട്ട അംഗം ബിജിമോൾ, ഇപ്പോൾ നടന്ന കാര്യങ്ങളൊക്കെ പൊതുജനങ്ങൾ അറിഞ്ഞിട്ടുണ്ട്. അതിനാവശ്യമായ നടപടികളൊക്കെ ഇവിടെ നടക്കുന്നുണ്ട്. ആ നടപടികൾ നിർത്തിവയ്ക്കുന്നതിനുവേണ്ടി

പുതിയ അഭ്യാസം ഇവിടെ നടത്തി ഒരു നിയമസഭാസമതിയെ കൊണ്ടുവന്ന് അന്വേഷണം നടത്തി ഇതിന്റെ വഴി മാറ്റിക്കൊണ്ടുപോകാം എന്ന് ആലോചിക്കുന്നുണ്ടെങ്കിൽ അതിന് കൂട്ടുനിൽക്കാൻ ഞങ്ങളില്ല. അന്വേഷണങ്ങൾ സത്യസന്ധമായി നടക്കട്ടെ. അന്വേഷണം നടക്കുന്ന കൂട്ടത്തിൽ അങ്ങയുടെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായിട്ടില്ല എങ്കിൽ തെളിഞ്ഞുവരട്ടെ. ആ കാര്യങ്ങൾ ഒക്കെ പുറത്തു വരട്ടെ, അതാണാവശ്യം. ഇവിടെ ടോൾ പിരിവ് 2006-ലാണ് ആരംഭിച്ചത്. ഈ എ.ഡി.എം.-ന് അടുത്ത കാലത്താണ് പ്രൊമോഷൻ കിട്ടിയത്. രണ്ടോമൂന്നോ ആഴ്ചക്കാലം ആയിട്ടേയുള്ളൂ എ.ഡി.എം. അവിടെ ചെന്ന് ചാർജ്ജ് എടുത്തിട്ട്. കാലേക്കൂട്ടി നിശ്ചയിച്ചുകൊണ്ട് അവിടെ എ.ഡി.എം.-നെ നിശ്ചിയിച്ചു എന്നൊക്കെയാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. അഴിമതി ആരോപണം എന്തെങ്കിലും പറയാനുണ്ടെങ്കിൽ എഴുതിത്തന്നാൽ മതി. റവന്യൂ വകുപ്പിന്റെ ചർച്ച ഇവിടെ നടന്നപ്പോൾ നിങ്ങൾക്ക് ആക്ഷേപം ഉണ്ടായിരുന്നുവെങ്കിൽ ബഹുമാനപ്പെട്ട സ്പീക്കർക്ക് എഴുതിക്കൊടുത്ത് ഈ സഭയിൽ ഉന്നയിക്കാമായിരുന്നു. അതല്ലാതെ ഇപ്പോൾ ഒരു സംഭവം ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും പറഞ്ഞ് രക്ഷപ്പെട്ടു പോകുന്നത് ശരിയായ ഒരു നടപടിയല്ല. നിയമസഭയിൽ നമ്മൾക്കെല്ലാ പേർക്കും എല്ലാ പ്രൊട്ടക്ഷനും ഉണ്ട് എന്നു കരുതി എന്തും കാണിയ്ക്കാമെന്നും എന്തും പറയാമെന്നും കരുതുന്നത് ശരിയല്ലാ എന്ന് മാത്രമേ ബഹുമാനപ്പെട്ട അംഗത്തോട് എനിയ്ക്ക് ഇതേക്കുറിച്ച് പറയാനുള്ളൂ. അതുകൊണ്ട് ഈ കാര്യങ്ങൾ ഇവിടെ കൂടുതൽ ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, വളരെ നിർഭാഗ്യകരമായ ഒരു സംഭവമാണ് ഉണ്ടായത്. ഇവിടത്തെ പ്രധാന പ്രശ്നം സഞ്ചാരസ്വാതന്ത്ര്യം വേണം എന്നതാണ്. ആ കാര്യത്തിന് ആരും എതിരല്ല. ശ്രീമതി ബിജിമോളോട് ഞാൻ ചോദിക്കുകയാണ് ഏതെങ്കിലും രാഷ്ട്രീയ പാർട്ടി ഈ തോട്ടം ഉടമയുടെ നിലപാടിനോട് യോജിക്കുന്നില്ല. എല്ലാ രാഷ്ട്രീയ പാർട്ടികളും ഒരേ അഭിപ്രായക്കാരാണ്. സഞ്ചാര സ്വാതന്ത്ര്യം വേണമെന്നും, ഒരുവിധത്തിലും ഈ ഉടമയുടെ നിലപാട് ശരിയല്ലാ എന്ന് ഗവൺമെന്റ് വിശ്വസിക്കുന്നു. കോടതിയും മനുഷ്യാവകാശ കമ്മീഷനും ജനങ്ങൾക്ക് അനുകൂലമായ തീരുമാനമെടുത്തു. നിയമത്തിന്റെ എല്ലാ വശങ്ങളും പരിശോധിച്ചിട്ട് ഹൈക്കോടതി എടുത്ത തീരുമാനവും ജനങ്ങൾക്ക് എതിരല്ല. ഇവിടെ എല്ലാപേരും ഒന്നിച്ചു നിൽക്കേണ്ട ഒരു പ്രശ്നമാണ്. മനുഷ്യാവകാശ കമ്മീഷൻ ഗേറ്റ് നീക്കം ചെയ്യണമെന്ന് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർ അവിടെ പോയി സ്ഥാപിച്ച ഗേറ്റ് മാറ്റുന്നു. ഗേറ്റ് മാറ്റുന്ന സമയത്ത് ഈ ഉദ്യോസ്ഥർക്ക് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ തീരുമാനം വന്നതിനെക്കുറിച്ച്

അറിയില്ലായിരുന്നു. ഗേറ്റ് പൊളിക്കാനുള്ള മനുഷ്യാവകാശ കമ്മീഷന്റെ തീരുമാനം നടപ്പിലാക്കുന്നതിനിടയിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഒരു വിധി വന്നു. ആ വിധി ജനങ്ങളുടെ ആവശ്യത്തെ ഒരു വിധത്തിലും ബാധിക്കുന്നതല്ല. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിയിൽ ഗേറ്റ് തുറന്നിടണം, സഞ്ചാര സ്വാതന്ത്ര്യം അനുവദിക്കണം, ടോൾ പിരിക്കാൻ പാടില്ല എന്നീ മൂന്ന് നിബന്ധന കളുണ്ടായിരുന്നു. അപ്പോൾ ഈ വിധി നടപ്പിലാക്കാനുള്ള ബാധ്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കാണ്. .....(ബഹളം) .......

<u>മി.സ്പീക്കർ</u> : പ്ലീസ്........

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി)</u> : ജില്ലാ കളക്ടർക്ക് കിട്ടിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഈ നടപടി. ...(ബഹളം)..... ഗേറ്റ് തുറന്നിടണം, സഞ്ചാര സ്വാതന്ത്ര്യം അനുവദിക്കണം, ടോൾ പിരിക്കാൻ പാടില്ല ഈ മൂന്ന് വ്യവസ്ഥകൾ ഉള്ളപ്പോൾ അതിന്റെ അർത്ഥമെന്താണ്? അവിടെ ഗേറ്റ് വേണം എന്നുള്ളതല്ലേ ? ...(ബഹളം)... ഇങ്ങനെയുള്ള ഒരു സാഹചര്യത്തിൽ എല്ലാ രാഷ്ട്രീയ പാർട്ടികളും ഒരേ അഭിപ്രായക്കാരാണ്. എതിരഭിപ്രായം ആരുടെ ഭാഗത്തുനിന്നും ഉണ്ടായില്ല. ...(ബഹളം)...

<u>ശ്രീ. സി. ദിവാകരൻ</u> : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവനയെ ഞങ്ങൾ സ്വാഗതം ചെയ്യുന്ന ആളുകളാണ്. അദ്ദേഹം വ്യക്തമാക്കേണ്ടത് വളരെ ശാന്തമായിരുന്ന സ്ഥലത്ത് ഈ ഉദ്യോഗസ്ഥനെ എന്തിനാണ് അയച്ചത് ? ഗേറ്റ് വയ്ക്കാൻ ഉത്തരവുണ്ടായിരുന്നോ ?

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി)</u> : സർ, മനുഷ്യാവകാശ കമ്മീഷന്റെ തീരുമാനം നടപ്പാക്കുന്നതിനു മുമ്പായി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധി വന്ന വിവരം ഈ ഉദ്യോഗസ്ഥർ അറിയുന്നില്ല. അപ്പോഴേക്കും അവർ ഗേറ്റ് മാറ്റിയിരുന്നു. മാറ്റിയ സമയത്താണ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധി ശ്രദ്ധയിൽപ്പെടുന്നത്. ഈ വിധി നിലനിൽക്കെ ഗേറ്റ് മാറ്റാൻ പാടില്ലായിരുന്നു. ആ ഗേറ്റ് അവിടെയുള്ളപ്പോൾ തന്നെ അടച്ചിടാതിരിക്കുകയും സഞ്ചാര സ്വാതന്ത്ര്യം നിഷേധിക്കാതിരിക്കുകയും ടോൾ പിരിക്കാതിരിക്കാതിരിക്കുകയുമാണ് വേണ്ടത്. ഇത് കോർട്ടലക്ഷ്യമായി മാറിയതുകൊണ്ടാണ് ഇങ്ങനെ വന്നത്. .....(ബഹളം)..... ഇതിനകത്ത് ഒരു വിധത്തിലും അവിടത്തെ പൊതു ആവശ്യം നിഷേധിക്കുന്നില്ല. ഞാൻ വീണ്ടും ആവർത്തിക്കുന്നു അവിടെ സഞ്ചാര സ്വാതന്ത്ര്യം അനുവദിക്കേണ്ടതാണ്. നിയമത്തിന് വിധേയമായി അത് നടപ്പിലാക്കുക തന്നെ ചെയ്യും, യാതൊരു

സംശയവും വേണ്ട. അവിടെ മുഴുവൻ റവന്യൂ ജീവനക്കാരും ഒന്നിച്ച് ഒരു സമരം നടന്നു. അതിൽ സി.പി.എമ്മിനെ പിൻതാങ്ങുന്നവരുണ്ട്. റവന്യൂ ഡിപ്പാർട്ടുമെന്റിലെ നിങ്ങളുടെ അനുയായികളോട് ചോദിക്കുമ്പോൾ നിങ്ങൾക്ക് അതിന്റെ യഥാർത്ഥ വിവരം ബോധ്യമാകും. ബഹുമാനപ്പെട്ട ബിജിമോൾ അവിടെ പിരിക്കുന്ന തുകയുടെ വിഹിതത്തെക്കുറിച്ചൊക്കെ പറഞ്ഞു. അങ്ങനെയാണെങ്കിൽ 2006 മുതൽ 2011 വരെയുള്ള പിരിവിന്റെ കണക്ക് എവിടെ ? - ഇത്രയും മോശപ്പെട്ട രീതിയിൽ പ്രശ്നം വഷളാക്കിയത് നിങ്ങളുടെ വില കുറഞ്ഞ രാഷ്ട്രീയ തന്ത്രത്തിനുവേണ്ടി മാത്രമായിരുന്നു. ആരാണ് ജനങ്ങൾക്കുവേണ്ടി നിൽക്കുന്നത് എന്നുള്ള മത്സരത്തിൽ ഇത്രയും മോശപ്പെട്ട രീതിയിലേക്ക് ഒരിക്കലും വരാൻ പാടില്ലായിരുന്നു. ആ ഉദ്യോഗസ്ഥനെക്കുറിച്ച് എനിക്കറിയാം. അദ്ദേഹം എന്റെ നാട്ടുകാരനാണ്. എല്ലാപേരും ഒരുപോലെ അംഗീകരിക്കുന്ന നല്ലൊരു ഉദ്യോഗസ്ഥനാണ്. അതുകൊണ്ടാണ് ആ ഉദ്യോഗസ്ഥന് മർദ്ദനമേറ്റപ്പോൾ സി.പി.ഐ.- സി.പി.എം.അടക്കം എല്ലാപേരും അതിനെതിരായി ശക്തമായി പ്രതിഷേധിച്ചത്. ജനങ്ങളുടെ ആവശ്യങ്ങൾക്കുവേണ്ടി പോരാടാം. അതിനുവേണ്ടി നമ്മൾ ഒന്നിച്ച് നിൽക്കണം. ഒരു ഉടമ അവിടത്തെ ജനങ്ങളെ മുഴുവൻ ബന്ധികളാക്കുന്ന സമ്പ്രദായത്തോട് ഒരിക്കലും യോജിക്കാൻ കഴിയില്ല. ഈ കാര്യത്തിൽ ഗവൺമെന്റിന്റെ പൂർണ്ണ പിന്തുണയുണ്ടാകും. പക്ഷേ നീതിപൂർവ്വം ഉത്തരവാദിത്വം നിറവേറ്റുന്ന ഉദ്യോഗസ്ഥരെ കൈകാര്യം ചെയ്യാൻ വന്നാൽ അവർ ആരായിരുന്നാലും അവരുടെ പേരിൽ കർശന നടപടിയുമായി ഈ ഗവൺമെന്റ് മുമ്പോട്ടുപോകും.

(ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, സർക്കാർ ഭൂമി അനധികൃതമായി കൈവശം വച്ചിരിക്കുന്ന കയ്യേറ്റക്കാരുടെ .......(ബഹളം).....

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിക്കുകയാണ്.

ശ്രീ. എ. കെ. ബാലൻ : സർ, മുഖ്യമന്ത്രി വഴങ്ങുമെന്ന് പറഞ്ഞിട്ടാണ് ഞാൻ ഇരുന്നത്. ....(ബഹളം).......

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ പ്രസംഗത്തെ തടസ്സപ്പെടുത്തരുത്.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u> : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി വഴങ്ങാമെന്ന് സൂചന കൊടുത്തു എങ്കിൽ ഞാൻ ഇരിക്കാം.

<u>മി. സ്പീക്കർ</u> : അനുമതി നിഷേധിച്ചു. ഇനി അതിനെക്കുറിച്ച് സംസാരിക്കാൻ കഴിയില്ല.

<u>ശ്രീ. എ. കെ. ബാലൻ</u> : മുഖ്യമന്ത്രി വഴങ്ങുമെന്ന് പറഞ്ഞിരുന്നു. ഞാനൊന്നു ചോദിച്ചോട്ടെ.

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട ബാലൻ അങ്ങേക്ക് നടപടിക്രമങ്ങൾ അറിയാമല്ലോ ?

<u>ശ്രീ. എ. കെ. ബാലൻ</u> : അതെ.

<u>മി. സ്പീക്കർ</u> : അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു കഴിഞ്ഞു. പ്രതിപക്ഷനേതാവ് സംസാരിച്ചും തുടങ്ങി.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u> : സർ, സർക്കാർ ഭൂമി അനധികൃതമായി കൈവശം വച്ചിരിക്കുന്ന കയ്യേറ്റക്കാരുടെ മുഷ്ക്കാണ് ഈ അടിയന്തരപ്രമേയത്തിന് ആധാരം. സർക്കാരിന്റെ ലക്ഷക്കണക്കിന് ഏക്കർ വിലപിടിപ്പുള്ള സ്ഥലം 230 ഓളം ഭൂമാഫിയകളുടെ കയ്യിലാണ്. ഭൂപരിഷ്ക്കരണം നടപ്പിലാക്കിയ ഈ സംസ്ഥാനത്ത് പാവപ്പെട്ടവർ ശവം അടക്കുന്നതിന് അവരുടെ അടുക്കള പൊളിക്കുന്ന സംഭവങ്ങൾ ആവർത്തിക്കുന്ന ഘട്ടത്തിലാണ് ഈ കയ്യേറ്റം പോലുള്ള കൊടിയ അന്യായം നടക്കുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പാട്ട കാലാവധി കഴിഞ്ഞ ഭൂമി തിരിച്ചെടുക്കാൻ ഉത്തരവിട്ടിരുന്നു. ആ ഉത്തരവുകൾക്കൊക്കെ ശ്രീ. ഉമ്മൻ ചാണ്ടിയും കൂട്ടരും സ്റ്റേ നൽകിയിരിക്കുകയാണ്. ഈ സർക്കാരിന്റെ ഇത്തരം കൊള്ളരുതായ്മകൾ കൊണ്ടാണ് ടി.ആർ &.ടി കമ്പനി ഉടമകൾക്ക് ഇത്തരത്തിൽ ജനങ്ങളുടെമേൽ കുതിര കയറാൻ കഴിയുന്നത്. 6000 ഏക്കറിലധികം ഭൂമിയാണ് കൈവശം വച്ചിരിക്കുന്നത് എന്നുമാത്രമല്ല തോട്ടത്തിലൂടെയുള്ള നൂറോളം വഴികളിൽ ഗേറ്റ് സ്ഥാപിക്കുകയും ടോൾ പിരിവ് നടത്തുകയും ചെയ്യുന്നു. സ്കൂൾ ബസ്സിനുപോലും ഇവർ ടോൾ പിരിക്കുകയാണ്. ഇതിനെതിരെ നാട്ടുകാർ സമർപ്പിച്ച ഹർജിയിൽ മനുഷ്യാവകാശ കമ്മീഷൻ ഗേറ്റുകൾ പൊളിച്ചുമാറ്റാൻ ഉത്തരവ് നൽകിയതാണ്. ജൂൺ നാലിന് മനുഷ്യാവകാശ കമ്മീഷന്റെ വിധിയുടെ അടിസ്ഥാനത്തിൽ ഗേറ്റ് പൊളിച്ചുമാറ്റി. പിന്നീട് ഹൈക്കോടതി വിധി തെറ്റായി വ്യാഖ്യാനിച്ച് കമ്പനി ഉടമകളെ സഹായിക്കാനെത്തിയ എ.ഡി.എം.-നെയും സംഘത്തെയും തടസ്സപ്പെടുത്തിയതാണ് അവിടത്തെ നാട്ടുകാർ ചെയ്ത മഹാപരാധം.

സഖാവ് ബിജിമോൾ എം.എൽ.എ. ഈ പ്രശ്നത്തിൽ ഇടപെടുകയും ജനങ്ങളെ സമാധാനിപ്പിച്ച് എ.ഡി.എം.-നെ അവിടെനിന്ന് ഒഴിഞ്ഞുപോകാൻ സഹായിക്കുകയുമാണ് ചെയ്തത്. ഇതിനാണ് ശ്രീമതി ബിജിമോൾക്കെതിരെ തെറ്റായ നിലയിൽ കേസ്സെടുത്തിരിക്കുന്നത്. സർക്കാർ ഭൂമി അനധികൃതമായി കയ്യടക്കുകയും ജനങ്ങളെ ദ്രോഹിക്കുകയും അവരുടെ ഭരണഘടനാപരമായ സഞ്ചാര സ്വാതന്ത്ര്യം പോലും തടയുകയും ചെയ്ത കമ്പനിയുടെ ധാർഷ്ട്യത്തിന് കൂട്ടുനിന്ന ഉദ്യോഗസ്ഥന്റെ ജനവിരുദ്ധമായ നടപടിയെ ഒരു ജനപ്രതിനിധിയെന്ന നിലയിൽ ചോദ്യം ചെയ്യുക മാത്രമാണ് ശ്രീമതി ബിജിമോൾ ചെയ്തത്. ഇങ്ങനെ ജനങ്ങൾക്കുവേണ്ടി നിലകൊണ്ട ബിജിമോൾക്കെതിരെ കേസെടുക്കുന്നതിലൂടെ ജനപ്രതിനിധികളെ അവഹേളിക്കുകയും ജനങ്ങൾക്കെതിരെ നിൽക്കുന്ന സ്ഥാപിത താല്പര്യക്കാരായ ഉദ്യോഗസ്ഥരെ സഹായിക്കുകയുമാണ് സർക്കാർ ചെയ്യുന്നത്. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി നിലകൊള്ളുന്ന ജനപ്രതിനിധികളെ ഇങ്ങനെ തല്ലി ഒതുക്കാമെന്ന് സർക്കാർ വ്യാമോഹിക്കേണ്ട. ഇതിനെല്ലാം ശക്തമായ തിരിച്ചടി നേരിടേണ്ടിവരുമെന്ന് ഞാൻ വേണ്ടപ്പെട്ടവരെ ഓർമ്മപ്പെടുത്തുകയാണ്. ഈ കാര്യം ചർച്ച ചെയ്യാൻ തയ്യാറാകാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നടപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്യുതാനന്ദനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. സി. ദിവാകരൻ : സർ, ഇവിടെ അടിയന്തര പ്രമേയത്തിൽ ശ്രീമതി ബിജിമോൾ അവതരിപ്പിച്ചത് ടി.ആർ.&.ടി കമ്പനി സംവത്സരങ്ങളായി അനധികൃതമായി 6000 ഏക്കർ ഭൂമി കൈവശം വച്ചിരിക്കുകയാണ് എന്നാണ്. അതാണ് ഈ സഭയിൽ ഉന്നയിച്ച വിഷയം. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയുമടക്കം ആ വിഷയത്തിൽ യാതൊരു മറുപടിയും സഭയിൽ പറഞ്ഞില്ല. അതിന് റവന്യൂ വകുപ്പുമന്ത്രി ഒരുപാട് പൂർവ്വകാല ചരിത്രമാണ് പറഞ്ഞത്. ചരിത്രത്തിൽ അങ്ങോട്ടങ്ങോട്ടുപോയാൽ വൈകാരികമായ ബന്ധം നമുക്കെല്ലാവർക്കുമുണ്ടാകും. ഈ കേരളത്തിലാകെ കാൽ കാശ് കൊടുക്കാതെ റാണി, ചിത്തിര, മാർത്താണ്ഡം തുടങ്ങിയ കായലുകളും അതുപോലെയുള്ള വനഭൂമിയും ഗവൺമെന്റ് ഏറ്റെടുത്തത് പി. എസ്. ശ്രീനിവാസന്റെ കാലത്താണ്. ഞങ്ങൾ ഭരിച്ചിരുന്നത് മഹാപാപമായിപ്പോയി എന്നുപറഞ്ഞ് അടിയന്തര പ്രമേയം അവതരിപ്പിച്ച ആളിനെ ആക്ഷേപിച്ചത് വളരെ നിർഭാഗ്യകരമായി പോയി. സഭയിലെ ഒരു എം.എൽ.എ. നാട്ടിലുള്ള ഒരു പ്രശ്നത്തിൽ ഇടപെടാൻ പാടില്ലായെന്നതാണോ ശ്രീ. അടൂർ പ്രകാശ്

പഠിച്ചുവച്ചിരിക്കുന്ന ജനകീയ പ്രവർത്തനം. ശ്രീമതി ബിജിമോൾ അതിൽ ഇടപെട്ടു. അവിടത്തെ ജനങ്ങൾക്ക് സഞ്ചാര സ്വാതന്ത്ര്യം തടഞ്ഞു എന്നുള്ളതിന് തെളിവാണ് നിങ്ങളുടെ രണ്ടു രേഖകളും. മനുഷ്യാവകാശ കമ്മീഷന്റെയും ഹൈക്കോടതിയുടെയും ഉത്തരവുകൾ പറയുന്നത് അവിടെ പൊതുജനങ്ങളെ വഴി തടഞ്ഞ് ബന്ദികളാക്കി ടോൾ പിരിവ് നടത്തി എന്നാണ്. പണ്ട് ബേബിജോണിന്റെ കാലം മുതൽ ഇതുണ്ടായിരുന്നു എന്ന് നിങ്ങൾ പറയാത്തത് നന്നായിപ്പോയി. അദ്ദേഹം റവന്യൂ വകുപ്പുമന്ത്രിയായിരുന്നു. .....(ബഹളം)........... അങ്ങയുടെ കാലത്ത് ഇതുണ്ടായിരുന്നു. ......(ബഹളം)..... അന്നേയുണ്ട്. ....(ബഹളം)..... ബഹുമാനപ്പെട്ട മന്ത്രി അങ്ങ് ഓർമ്മപ്പെടുത്തിയതിന് നന്ദിയുണ്ട്. പക്ഷേ, പണ്ട് ഇങ്ങനെ ചെയ്തിരുന്നു എന്നുള്ളതുകൊണ്ട് ഇപ്പോൾ അതിന് കൂട്ടുനിൽക്കാമോ ? പണ്ട് ആരെങ്കിലും എന്തെങ്കിലും ചെയ്തെന്നുവച്ച് അതിനെ ന്യായീകരിക്കാനാണോ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇരിക്കുന്നത് ? നിങ്ങൾ ഏത് കാര്യം പറഞ്ഞാലും പണ്ട് ഗവൺമെന്റ് അത് ചെയ്തിരുന്നു എന്നുപറയും. അത് ചെയ്യാനാണോ നിങ്ങൾ വന്നത് ? അതിൽ തെറ്റുണ്ടെങ്കിൽ അതിനെ തിരുത്താമല്ലോ. അന്ന് ഇങ്ങനെ ഒരു പ്രശ്നം അവിടെ വന്നില്ല. അവിടെ അന്ന് ജനങ്ങൾ ഉയർത്തിയതിന്റെ കേസ്സുകളും വഴക്കുകളും വ്യവഹാരങ്ങളും സംബന്ധിച്ച് ഇന്നാണ് അതിനൊരു വ്യക്തമായ ഉത്തരവ് രണ്ടു സ്ഥാപനങ്ങളിൽനിന്നും വരുന്നത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>) : സർ, അവിടെ 2006 മുതൽ ടോൾ പിരിവ് നടത്തുന്നുണ്ട്. അന്നും സഞ്ചാരസ്വാതന്ത്ര്യം നിഷേധിച്ചിരുന്നു. അതാണ് ഈ സഭയെ അറിയിച്ചത്. അങ്ങ് അത് അറിയാതെയായിരിക്കും പറയുന്നത്.

<u>ശ്രീ. സി. ദിവാകരൻ</u> : സർ, ബഹുമാനപ്പെട്ട മന്ത്രി, ഈ കേസ് വന്നത് എന്നാണെന്ന് അറിയാമോ ?

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട സി. ദിവാകരൻ......ഇത് ചോദ്യോത്തര സമയമല്ല. മന്ത്രിക്ക് ഇപ്പോൾ മറുപടി പറയാൻ സാധ്യമല്ല. ബഹുമാനപ്പെട്ട ദിവാകരൻ അങ്ങയുടെ പ്രസംഗം തുടരു.

<u>ശ്രീ. സി. ദിവാകരൻ</u> : സർ, ബഹുമാനപ്പെട്ട റവന്യൂമന്ത്രി പറഞ്ഞത് 2006 മുതൽ ടോൾ പിരിവ് നടക്കുകയാണെന്നാണ്. അന്നുമുതൽ കേസ്സിനുപോയതിന് തെളിവായി 2007, 2008, 2014 എന്നീ വർഷങ്ങളിലെ റഫറൻസുണ്ട്. അത് കേരള സ്റ്റേറ്റ് ഹ്യൂമൻ റൈറ്റ്സ് കമ്മീഷന്റെ വിധിയിൽ പറഞ്ഞിട്ടുണ്ട്. ആ കേസ് തുടരുകയാണ്. ഇപ്പോഴാണ് അതിന് വിധി വന്നത്. ആ വിധി നടപ്പിലാക്കുക

എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ ചുമതല. ഇത് അങ്ങേക്ക് നിഷേധിക്കാൻ കഴിയുമോ ? 1, 2, 3 വ്യവസ്ഥകൾ ഈ ഗവൺമെന്റ് നടപ്പിലാക്കിയെന്നാണ് അങ്ങ് അവകാശപ്പെടുന്നത്. അങ്ങനെ നടപ്പിലാക്കിയെങ്കിൽ ഗവൺമെന്റിനെതിരായി ഈ കയ്യേറ്റക്കാരൻ വീണ്ടും ഹൈക്കോടതിയിൽ പോയി. നിങ്ങൾ ആ കേസിൽ അപ്പീൽ പോകാനോ അതിനെന്തെങ്കിലും നടപടി സ്വീകരിക്കാനോ തയ്യാറായില്ല. ഈ ശർമ്മക്കെതിരായി ഒരു ചെറുവിരൽ പോലും അനക്കിയില്ല. സ്റ്റേ വരുമ്പോൾ ആ സ്റ്റേയ്ക്കെതിരായി എന്തുകൊണ്ട് ഗവൺമെന്റ് പെറ്റീഷൻ ഫയൽ ചെയ്തില്ല ; ആരെ സഹായിക്കാനാണ് ? അതാണ് ഇവിടെ ശ്രീമതി ബിജിമോൾ ഉയർത്തിയ പ്രശ്നം. നിങ്ങൾ ആ ഉടമയ്ക്കുവേണ്ടിയാണ് നിലനിൽക്കുന്നത്. അല്ലെങ്കിൽ ഹ്യൂമൻ റൈറ്റ്സ് കമ്മീഷന്റെ വിധിക്കെതിരായി ഒരു വ്യക്തി ഹൈക്കോടതിയിൽ പോയാൽ ജനങ്ങളോട് സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു ഗവൺമെന്റ് ജനങ്ങൾക്ക് സഞ്ചാര സ്വാതന്ത്ര്യം വേണമെന്ന് അവകാശപ്പെടുന്ന ഗവൺമെന്റ് എന്തുകൊണ്ട് ഇതിനെതിരായി ?

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>) : സർ, ബഹുമാനപ്പെട്ട മെമ്പർ കാര്യമറിയാതെയാണ് സംസാരിക്കുന്നത്. ഇവിടെ വന്ന ഹൈക്കോടതി വിധിയും ജനങ്ങൾക്ക് അനുകൂലമാണെന്നാണ് വ്യക്തമാകുന്നത്.

<u>ശ്രീ. സി. ദിവാകരൻ</u> : ജനങ്ങൾക്ക് അനുകൂലമായ വിധി എങ്ങനെയാണ് നിങ്ങൾ നടപ്പിലാക്കിയത് ; അറിയാൻ താമസിച്ചുപോയി, അതിനുമുമ്പുള്ള നടപടിക്രമങ്ങൾക്കിടയിൽ ഈ സ്റ്റേ വന്നത് അറിഞ്ഞില്ലായെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, ആര് അറിഞ്ഞില്ല ; എന്തുകൊണ്ട് അറിഞ്ഞില്ല ; ആരാണ് ഡിലേ വരുത്തിയത് ; എന്തിനാണ് അവിടെ ഈ കൂട്ടകശാപ്പ് നടത്തിയത് ; എന്താണ് അവിടെ ഉണ്ടായത് ; പുനഃസ്ഥാപിക്കണമെന്ന് പറഞ്ഞാൽ, ഗേറ്റ് എടുത്തുവയ്ക്കാൻ ഈ ഉത്തരവിൽ പറഞ്ഞിട്ടുണ്ടോ ; ഇല്ലല്ലോ ? അങ്ങ് പറഞ്ഞത് ശരിയാണ്. ഹൈക്കോടതി വിധി ജനങ്ങൾക്കനുകൂലമാണ്. എന്തിനാണ് ഉന്നതോദ്യോഗസ്ഥനെ ഗവൺമെന്റ് അവിടെ ഡയറക്ട് ചെയ്തത് ; അവിടെ ഒരു പ്രശ്നവുമില്ലായിരുന്നു. Human Rights Commission-ന്റെ വിധിപ്രകാരം ടോൾ പിരിവ് നിർത്തലാക്കുന്നു, ജനങ്ങൾ സംതൃപ്തരായി. സഞ്ചാര സ്വാതന്ത്ര്യം അനുവദിച്ചു, ഗവൺമെന്റ് ഇടപെട്ടില്ല. ഗേറ്റ് എടുത്തുമാറ്റി, ഗവൺമെന്റ് ഇടപെട്ടില്ല. എന്നാൽ ഗേറ്റ് പുനഃസ്ഥാപിക്കാനാണ് ഈ ജന്മി പോയത്. അത് പുനഃസ്ഥാപിക്കാൻ വിധിയില്ല. അങ്ങും ഞാനും വായിച്ചത് ഒരേ വിധി തന്നെയാണ്. However it is made clear that the petitioner shall keep the Gate open and shall not collect any toll during the pendency of the writ petition. ഇതിൽ തർക്കമില്ല. പിന്നെ ഈ പ്രശ്നം എങ്ങനെയുണ്ടായി ;

ഇങ്ങനെയുള്ള normal situation-ൽ ജില്ലാ കളക്ടേറ്റിൽനിന്നും ഒരു ഉന്നതോദ്യോഗസ്ഥൻ പോലീസുമായി സ്ഥലത്തെത്തി. ഒരു പ്രശ്നവുമില്ലാത്ത സ്ഥലത്ത് പെട്ടെന്ന് റവന്യൂ ഉദ്യോഗസ്ഥനും പോലീസിന്റെ പരിവാരങ്ങളും എന്തിനാണെത്തിയത് ? എത്തിയപ്പോൾ ജനങ്ങൾ കൂടി. ആ സമയത്താണ് മാറ്റിയ ഗേറ്റ് പുനഃസ്ഥാപിക്കാൻ പോകുന്ന എന്ന വിവരം ആളുകൾ അറിഞ്ഞത്. ആ പുനഃസ്ഥാപനത്തെയാണ് ശ്രീമതി ഇ. എസ്. ബിജിമോളും ജനങ്ങളും എതിർത്തത്. അതിൽ അവിടത്തെ മുൻ ഡി.സി.സി. പ്രസിഡന്റും ഉണ്ടായിരുന്നു. നിങ്ങളിവിടെ സി.പി.ഐ.-യുടെ ജോയിന്റ് കൗൺസിലിനെയും എൻ.ജി.ഒ.- യൂണിയനെയും കുറിച്ച് പറഞ്ഞല്ലോ. എന്നാൽ അവിടത്തെ ജനകീയ സമരത്തിൽ കോൺഗ്രസ്സുകാരും എൻ.ജി.ഒ യൂണിയനും മറ്റും ഉണ്ടായിരിന്നു. അതൊരു ഉദ്യോഗസ്ഥന്റെ നേർക്കുണ്ടായ പരാതി സംബന്ധിച്ചാണ്. സ്വാഭാവികമായും പ്രതിഷേധിക്കും, അതിൽ തെറ്റൊന്നുമില്ല.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>) : സർ, ബഹുമാനപ്പെട്ട അംഗം ഹൈക്കോടതി ഉത്തരവിനെക്കുറിച്ചാണ് പറഞ്ഞത്. ഉത്തരവിൽ പറഞ്ഞിട്ടുള്ളത്, There shall be an interim stay of exhibit P(14). However, it is made clear that the Petitioner shall keep the Gate open. Gate open എന്നുപറഞ്ഞാൽ എന്താണ് ? Gate open and shall not collect any Toll during the pendency of the writ petition എന്നാണ്. അതാണ് ഉത്തരവ്. തെറ്റിദ്ധരിപ്പിക്കരുത്.

<u>ശ്രീ. സി. ദിവാകരൻ</u> : സർ, ബഹുമാനപ്പെട്ട മന്ത്രീ, അങ്ങ് വായിച്ചത് ശരിയാണ്. ഇതിൽ Gate shall restore and open എന്നില്ല. അവിടെ Gate ഇല്ല.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, ബഹുമാനപ്പെട്ട മെമ്പർ, കാര്യങ്ങൾ മനസ്സിലാക്കിയിട്ട് മനസ്സിലാകുന്നില്ല എന്നു ധരിക്കരുത്. ഹൈക്കോടതി വിധി പുറപ്പെടുവിക്കുന്ന ദിവസം അവിടെ ഗേറ്റുണ്ട്. ഈ വിധി വന്നത് അറിയാതെയാണ് മനുഷ്യാവകാശ കമ്മീഷൻ ...... (ബഹളം)

<u>മി. സ്പീക്കർ</u> : മുഖ്യമന്ത്രി സംസാരിക്കട്ടെ. നിങ്ങൾക്ക് വിവരം അറിയാനുള്ള താൽപ്പര്യമില്ലേ ?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : ഈ വിധി വന്നതിനുശേഷമാണ് മനുഷ്യാവകാശ കമ്മീഷന്റെ വിധി ഉദ്യോഗസ്ഥർ വന്ന് നടപ്പിലാക്കുന്നത്. ശ്രീമതി ഇ. എസ്. ബിജിമോൾക്ക് ഇക്കാര്യങ്ങളെല്ലാം അറിയാം. വിധി നടപ്പിലാക്കി കഴിഞ്ഞപ്പോഴാണ് Gate open എന്നുപറഞ്ഞിട്ടുള്ള ഹൈക്കോടതി വിധി ഉണ്ടെന്നുള്ളകാര്യം അറിയുന്നത്. അപ്പോൾ നിയമോപദേശം തേടി. ഹൈക്കോടതി വിധിയുണ്ടെന്നറിയാതെ പഴയ

വിധി നടപ്പിലാക്കിയത് കോടതിയലക്ഷ്യമാകാനിടയുണ്ട് എന്നതുകൊണ്ടാണ് ജനങ്ങളെ ഒരു വിധത്തിലും ദോഷകരമായി ബാധിക്കാത്ത വിധത്തിൽ ഇത് നടപ്പിലാക്കുന്നതിനുവേണ്ടി പോയത്. ഇക്കാര്യം എല്ലാവരോടും പറഞ്ഞതാണ്. ഒരു വിധത്തിലും സഞ്ചാരസ്വാതന്ത്ര്യത്തെ ഹനിക്കുകയോ, ടോൾ പിരിക്കുകയോ ചെയ്യില്ലായെന്ന് വ്യക്തമായി പറഞ്ഞതാണ്.

ശ്രീ. ജോസ് തെറ്റയിൽ : സർ, ഞാൻ രാഷ്ട്രീയമല്ല പറയാൻ പോകുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു കാര്യം നിയമസഭയിൽ പറയുമ്പോൾ അത് പൊതുജനം ശ്രദ്ധിക്കുന്നുണ്ട്. അത്തരമൊരു തെറ്റ് അങ്ങയുടെ ഭാഗത്തുനിന്നും വരരുത് എന്നുള്ള സദുദ്ദേശ്യത്തോടുകൂടി പറയുന്നതാണ്. 26-ാം തീയതി കോടതി ഉത്തരവ് വന്നത് ജൂലൈ ഒന്നാം തീയതി വരെ ഗവൺമെന്റ് അറിഞ്ഞിട്ടില്ല എന്നുപറയുന്നത് നിയമദൃഷ്ട്യാ ശരിയാവില്ല. കാരണം ഈ ഉത്തരവിൽ പറയുന്നുണ്ട്, റവന്യൂ വകുപ്പിനുവേണ്ടി അതായത് ഡിസ്ട്രിക്ട് കളക്ടർ, പ്രിൻസിപ്പൽ സെക്രട്ടറി (റവന്യൂ), ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് തുടങ്ങിയ ഗവൺമെന്റുദ്യോഗസ്ഥർക്ക് വേണ്ടി കോടതിയിൽ ഹാജരായ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ വിധി കേട്ടതിന് ശേഷം ഗവൺമെന്റ് അറിഞ്ഞിട്ടില്ല എന്നുള്ള ന്യായം പറയുന്നത് ശരിയല്ല. അത് കോടതിയെ, അല്ലെങ്കിൽ കോടതി നടപടിക്രമങ്ങളെ അവഗണിക്കുന്നതിന് തുല്യമായിരിക്കും. അതുകൊണ്ട് അത്തരത്തിലുള്ള സംഭവം ഉണ്ടാകരുത്. അതിനാൽ അറിഞ്ഞിട്ടില്ല എന്നുപറയുന്നത് ശരിയല്ല. ഗവൺമെന്റ് അറിഞ്ഞു എന്നുള്ളതാണ് യാഥാർത്ഥ്യം.

ശ്രീ. സി. ദിവാകരൻ : ഇവിടെ അങ്ങ് ഒരുപാട് മറുപടി പറഞ്ഞുവെങ്കിലും കാലതാമസം വന്നതും പെട്ടെന്നവിടെ ഉദ്യോഗസ്ഥരും പോലീസും പ്രത്യക്ഷപ്പെട്ടതും വളരെ ദുരൂഹമാണ്. ഇല്ലാത്ത ഗേറ്റ് പുനഃസ്ഥാപിച്ച് തുറന്നുകൊടുക്കാമെന്ന് പറയുന്നത് എന്തൊരു വാദഗതിയാണ്. നിയമസഭയിൽ മന്ത്രിമാർക്ക് പറയാൻ പറ്റിയതാണോ ; റവന്യൂ വകുപ്പുമന്ത്രിയോട് ചെറിയൊരു അഭ്യർത്ഥനയുണ്ട്. എന്ത് ആക്ഷേപമുന്നയിച്ചാലും പ്രതിപക്ഷത്തിരിക്കുന്ന എം.എൽ.എ.-മാരെ വ്യക്തിപരമായി ആക്ഷേപിക്കരുത്. പ്രത്യേകിച്ച് സ്ത്രീകളോട് അതൊരിക്കലും ചെയ്യരുത്. അത് നമ്മുടെ സംസ്കാരത്തിന് പറ്റിയതല്ല എന്നുകൂടി ഓർമ്മപ്പെടുത്തുന്നു. ഈ വിഷയം ചർച്ച ചെയ്യാൻ വിസമ്മതിച്ചതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മാത്യു റ്റി. തോമസ് : സർ, ഹൈക്കോടതി വിധി സർക്കാർ അറിഞ്ഞില്ല എന്നതിന്റെ പൊള്ളത്തരം ശ്രീ. ജോസ് തെറ്റയിൽ ചൂണ്ടിക്കാണിച്ചു. ഈ കേസ്സിന്റെ വാദം നടന്ന് ഉത്തരവിറങ്ങുന്ന ദിവസം സർക്കാർ വക്കീൽ ഗവൺമെന്റിനുവേണ്ടി വാദം നടത്തിയിരിക്കുന്നു. 6, 7, 8 എന്നീ എതിർകക്ഷികൾക്കുവേണ്ടി വാദിച്ചിരിക്കുന്നു എന്നാണ് റിക്കാർഡിൽ കാണുന്നത്. അപ്പോൾ സർക്കാർ അറിഞ്ഞില്ല എന്ന വാദം പൊള്ളയാണ്. മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് വരുന്നത് ജൂൺ 4-ാം തീയതിയാണ്. ജൂൺ 4-ാം തീയതിയിലെ ഉത്തരവ് നടപ്പാക്കാൻ കാലതാമസം വന്നത് എന്തുകൊണ്ടാണ് ? ഹൈക്കോടതിയിൽനിന്നും ഉത്തരവ് വരാൻവേണ്ടി കാത്തിരുന്നു എന്നതാണ് യാഥാർത്ഥ്യം. മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവിനെതിരെ തോട്ടം കൈവശം വച്ചിരിക്കുന്ന ആളുകൾ സ്റ്റേ ഉത്തരവ് വാങ്ങാൻ വളരെയധികം സമയമെടുത്തു. അവിടെയാണ് ഗവൺമെന്റും എസ്റ്റേറ്റ് ഉടമയും തമ്മിലുള്ള ഒത്തുകളി വ്യക്തമാകുന്നത്. ആ ഉത്തരവ് വന്നതിനുശേഷം ഞങ്ങൾ അറിയാതെ ചെയ്തുപോയി എന്ന് ഗവൺമെന്റ് പറയുന്നത് വാദത്തിനുവേണ്ടി സമ്മതിച്ചോളൂ, ഈ ഉത്തരവ് ഞങ്ങളുടെ ശ്രദ്ധയിൽ വരുന്നതിനുമുമ്പ് ഗേറ്റ് പൊളിച്ചുപോയി എന്ന് ഹൈക്കോടതിയിൽ പറയാത്തത് എന്തുകൊണ്ടാണ്. അത് പറയാത്തതിൽനിന്നും ഹൈക്കോടതി ഉത്തരവ് അറിഞ്ഞിരിക്കുന്നു എന്നുള്ളത് വ്യക്തമാണ്. മനഃപൂർവ്വം ഈ ഉത്തരവ് നടപ്പാക്കാൻ കാലതാമസം വരുത്തുകയും മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് നടപ്പാക്കിയ വിവരം ഹൈക്കോടതിയിൽ അറിയിക്കേണ്ടതിനുപകരം ഒരു കോടതിയുടെയും ഉത്തരവില്ലാതെ ഗേറ്റ് പുനഃസ്ഥാപിക്കാൻ വസ്തു ഉടമകൾക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്തുവെന്നുള്ളതാണ് പ്രശ്നം. അവിടെയുള്ള ജനങ്ങളുടെ സമരത്തിനുമുന്നിൽ നിൽക്കാൻ എം.എൽ.എ. ബാദ്ധ്യതപ്പെട്ടയാളാണ്. ആ സമരത്തിൽ കോൺഗ്രസ്സുകാരും പങ്കെടുത്തിരുന്നു. ആ സമരം സി.പി.(ഐ.)-യുടെ മാത്രമല്ല, എൽ.ഡി.എഫ്.-ന്റെ മാത്രമല്ല, നടന്നു പോകാനുള്ള അവകാശത്തിനും സ്കൂൾ വിദ്യാർത്ഥികളുടെ വാഹനം കൊണ്ടു പോകുന്നതിനുമുള്ള സമരം നടത്തിയത് അവിടത്തെ ജനങ്ങളാണ്. അവിടത്തെ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധിയായിട്ടാണ് ശ്രീമതി ഇ. എസ്. ബിജിമോൾ സഭയിൽ വന്നിരിക്കുന്നത്. ആ ജനപ്രതിനിധി സമരത്തിൽ പങ്കെടുക്കുക മാത്രമല്ല, ആ സമരത്തിന് നേതൃത്വം കൊടുക്കുകയാണ് ചെയ്യേണ്ടത്. ജനകീയ ആവശ്യങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ കഴിയുന്നില്ലായെങ്കിൽ ഒരു ജനപ്രതിനിധി തന്റെ ഉത്തരവാദിത്വത്തിൽ തോൽക്കുകയാണ്. ആ തോൽവി സമ്മതിക്കാൻ തയ്യാറായില്ല എന്നുള്ളതാണ് ശ്രീമതി ഇ. എസ്. ബിജിമോൾ ഇവിടെ സ്വീകരിച്ച നിലപാട്. നേരത്തെയും നിരവധി എസ്റ്റേറ്റുകൾ അനധികൃതമായി

പലരും കൈവശം വച്ചിരുന്നു. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥന്മാരുടെ പേര് പറഞ്ഞ് നടപടിയെടുക്കാൻ ആവശ്യപ്പെടണം. നടപടി എടുക്കുന്നുണ്ടാകും. നിയമവിരുദ്ധമായ നടപടിയെടുക്കുന്ന പല റവന്യൂ ഉദ്യോഗസ്ഥന്മാരുടെയും കാര്യങ്ങൾ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ മുമ്പിൽ ഞാനും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഒരു നടപടിയും ഇവിടെ സ്വീകരിക്കുന്നില്ല. പൊതുമുതൽ നശിപ്പിക്കപ്പെട്ടാലും ഉദ്യോഗസ്ഥരെ സംരക്ഷിക്കുന്നതിന് പിന്നിലുള്ള അജണ്ട എന്താണ് ? പൊതുമുതൽ നശിപ്പിക്കുന്നതിന് ഈ സർക്കാർ മൗനാനുവാദം കൊടുത്തിരിക്കുന്നതിന് ഏറ്റവും വലിയ തെളിവാണ്. പരിപൂർണ്ണമായി കോടതി ഉത്തരവ് ജനങ്ങൾക്കുവേണ്ടി നടപ്പാക്കാൻ ബാദ്ധ്യതപ്പെട്ട സർക്കാർ തോട്ടം ഉടമകൾക്കുവേണ്ടി വൈകിപ്പിക്കുകയും പിന്നീട് കോടതിയിൽ നിന്ന് ഒരു പരാമർശവുമില്ലാതെ ഗേറ്റ് പുനഃസ്ഥാപിച്ച് കൊടുക്കുകയും ചെയ്യാൻവേണ്ടി നടത്തിയ പരിശ്രമമാണ് ഈ പ്രശ്നം സൃഷ്ടിച്ചത്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, റവന്യൂ വകുപ്പ് ഉദ്യോഗസ്ഥന്മാരും ഗവൺമെന്റും പ്രത്യേകിച്ച്, സഞ്ചാര സ്വാതന്ത്ര്യം നിഷേധിച്ച തോട്ടം ഉടമസ്ഥർക്കുവേണ്ടി ഒത്തുകളിക്കുകയോ മനഃപൂർവ്വം വീഴ്ചവരുത്തുകയോ ചെയ്തുവെന്നതാണ് ഈ അടിയന്തരപ്രമേയത്തിലൂടെ സഭ ചർച്ച ചെയ്യണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടത്. മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും മറുപടി പറഞ്ഞപ്പോഴും കോടതി വിധിയെ തെറ്റായി വ്യാഖ്യാനിക്കാനാണ് ശ്രമിച്ചത്. മനുഷ്യാവകാശ കമ്മീഷന്റെ റിപ്പോർട്ട് അനുസരിച്ച് ആ ഗേറ്റ് അവിടെ പൊളിച്ച് മാറ്റപ്പെട്ടു കഴിഞ്ഞു. അതിനർത്ഥം, അവിടെ ഇപ്പോൾ ഒരു ഗേറ്റും ഇല്ലെന്നാണ്. അങ്ങനെയൊരു സ്ഥലത്ത് സഞ്ചാരസ്വാതന്ത്ര്യം അനുവദിക്കണമെന്ന് മാത്രമാണ് ഗേറ്റ് ഓപ്പൺ ചെയ്തിരിക്കണം എന്ന നിർദ്ദേശത്തിലൂടെ കോടതി പറഞ്ഞിട്ടുള്ളത്. അവിടെ ഗേറ്റ് ഓപ്പണായി കിടക്കുകയാണ്. കോടതി എന്താണോ ആഗ്രഹിച്ചത് ആ ആഗ്രഹം മനുഷ്യാവകാശ കമ്മീഷന്റെ റിപ്പോർട്ട് നടപ്പിലാക്കിയതോടുകൂടി പ്രാവർത്തികമാക്കിക്കഴിഞ്ഞിട്ടുണ്ട്. സർക്കാർ ചെലവിലാണോ അങ്ങനെയൊരു സ്ഥലത്ത് ഗേറ്റ് കെട്ടിക്കൊടുക്കാൻ പോകുന്നത് ? അവിടെ ഇല്ലാത്ത ഒരു ഗേറ്റ് ആരാണ് കെട്ടിക്കൊടുക്കുക ? അങ്ങനെ

കെട്ടിക്കൊടുക്കേണ്ട ഉത്തരവാദിത്വം ഗവൺമെന്റിന് ഇല്ല എന്നാണ് മുഖ്യമന്ത്രിയുടെയും റവന്യൂ വകുപ്പുമന്ത്രിയുടെയും മറുപടിയിൽനിന്ന് ഞാൻ മനസ്സിലാക്കുന്നത് കാരണം ഗവൺമെന്റ് ആഗ്രഹിക്കുന്നത് സഞ്ചാരസ്വാതന്ത്ര്യം ഉറപ്പുവരുത്താനാണ്. സഞ്ചാരസ്വാതന്ത്ര്യം ഉറപ്പുവരുത്താനാണെങ്കിൽ അതിന് തടസ്സമുണ്ടാക്കുന്ന കോടതി ഉത്തരവ് വന്നാൽ കോടതിയെ സമീപിച്ച് സഞ്ചാരസ്വാതന്ത്ര്യം ഉറപ്പുവരുത്താനാണ് ശ്രമിക്കേണ്ടത്. അത് ശ്രമിക്കുന്നതിനുപകരം രണ്ടാമത്തെ ഉത്തരവ് അതിവേഗം നടപ്പിലാക്കുകയും ആദ്യത്തെ ഉത്തരവ് ഒച്ചിന്റെ വേഗത്തിൽ നടപ്പിലാക്കുകയും ചെയ്ത തെറ്റായ പ്രവണതയാണ് ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടായത്. ആ നടപടിയാണ് ചർച്ച ചെയ്യണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടത്. അത് ചർച്ച ചെയ്ത് സഞ്ചാരസ്വാതന്ത്ര്യം ഉറപ്പുവരുത്താനുള്ള നിലപാട് സ്വീകരിക്കാത്ത നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

(സഭ വിട്ട് പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ ഹാജരായി.)

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. ശിവദാസൻ നായർ]

## V ശ്രദ്ധ ക്ഷണിക്കൽ

### 1. ശബരി റെയിൽപദ്ധതി

ശ്രീ. ജോസഫ് വാഴയ്ക്കൻ : സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യം മുഖ്യമന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ ശ്രദ്ധ ക്ഷണിക്കൽ ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. പുതിയ റെയിൽവേ പദ്ധതിക്ക് 50 ശതമാനം അതാത് സംസ്ഥാനങ്ങൾ വഹിക്കണമെന്ന കേന്ദ്ര നിലപാടും പഴയ പദ്ധതിയായതിനാൽ ശബരി പാതയ്ക്ക് അത് സാദ്ധ്യമല്ല എന്ന സംസ്ഥാന നിലപാടും വന്നതിനെത്തുടർന്ന് ഇന്ന് ശബരി പദ്ധതി നിശ്ചലാവസ്ഥ യിലാണ്. ഇതേത്തുടർന്ന്, ശബരി റെയിൽവേ പദ്ധതി ഏതാണ്ട് ഇല്ലാതാകാൻ പോകുന്നുവെന്നുള്ള ഒരു വാർത്ത പുറത്തുവന്നിരിക്കുകയാണ്. ഭൂമി വിട്ടുകൊടുക്കാൻ തയ്യാറായി പ്രതിസന്ധിയിലകപ്പെട്ട എറണാകുളം-ഇടുക്കി ജില്ലയിലെ ആയിരക്കണക്കിന് പാവപ്പെട്ടവർ നേരിടുന്ന ദുരിതം സഭയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ വേണ്ടിയാണ്

ഞാൻ ഈ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നത്. ശബരി റെയിൽവേ പദ്ധതിയുമായി ബന്ധപ്പെട്ട് എറണാകുളം-ഇടുക്കി ജില്ലകളിലായി ഭൂമി വിട്ടുകൊടുക്കാൻ തയ്യാറായ ആയിരക്കണക്കിന് പാവപ്പെട്ടവരും സാധാരണക്കാരുമായ ആളുകൾ ഇന്ന് വളരെ വലിയ പ്രതിസന്ധിയിലാണ്. എറണാകുളം ജില്ലയിൽ ഭൂമി ഏറ്റെടുത്ത കുറച്ച് ഭാഗത്ത് ഇതുവരെയും പണം കൊടുത്തിട്ടില്ല. 4 (1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച മറ്റുപ്രദേശങ്ങളിൽ ഏറ്റെടുക്കൽ നടപടികൾ പാതിവഴിയിൽ ഉപേക്ഷിച്ചിരിക്കുകയാണ്. എറണാകുളം-ഇടുക്കി ജില്ലയുടെ ഭാഗത്ത് അലൈൻമെന്റ് ഫിക്സ് ചെയ്ത് ഭൂമി മാർക്ക് ചെയ്ത് മാറ്റിയിരിക്കുകയാണ്. കോട്ടയം ജില്ലയിലാണെങ്കിൽ അലൈൻമെന്റ് തീരുമാനിച്ചത് അടുത്ത കാലത്താണ്. ഇതിന് റെയിൽവേയുടെ അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് നിശ്ചയമില്ല. കേരളത്തിലെയും നമ്മുടെ രാജ്യത്തെയും ഏറ്റവും പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രമായ ശബരിമലയിലേക്ക് റെയിൽവേ ഗതാഗതം സാദ്ധ്യമാക്കുക എന്ന ലക്ഷ്യത്തോടെയും മദ്ധ്യകേരളത്തിന്റെ വികസനം ലക്ഷ്യമിട്ടുമാണ് ഈ പദ്ധതി രണ്ടുപതിറ്റാണ്ടുമുമ്പ് തയ്യാറാക്കിയത്. എറണാകുളം ജില്ലയിൽ ആദ്യം തന്നെ അലൈൻമെന്റ് നിശ്ചയിക്കുകയും കാലടി വരെയുള്ള കുറച്ചുഭൂമി ഏറ്റെടുത്തുകൊണ്ട് റെയിൽവേ ലൈൻ പൂർത്തിയാക്കുകയും ചെയ്തു. ബാക്കിഭാഗം ഭൂമി ഏറ്റെടുക്കൽ വിജ്ഞാപനം ഇറക്കി കൈമാറ്റവും നിർമ്മാണവും തടഞ്ഞിരിക്കുകയാണ്. മൂവാറ്റുപുഴ, പെരുമ്പാവൂർ, കോതമംഗലം ഉൾപ്പെടെയുള്ള എറണാകുളം ജില്ലയിലെ പ്രധാനപ്പെട്ട കേന്ദ്രങ്ങൾ ഇന്ന് ഏറ്റവുമധികം പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. സ്വന്തം കിടപ്പാടം ഉൾപ്പെടെ വിട്ടുകൊടുക്കാൻ തയ്യാറായ പട്ടിണിപാവങ്ങളാണ് ഈ ഊരാക്കുടുക്കിൽ പെട്ടിരിക്കുന്നത്. എന്നാൽ ഇപ്പോൾ അവസാനമായി കേൾക്കുന്നത് ഈ പദ്ധതി തന്നെ നടക്കില്ല എന്നുള്ളതാണ്. പുതിയ റെയിൽവേ പദ്ധതിക്ക് സംസ്ഥാന സർക്കാർ പദ്ധതിയുടെ 50 ശതമാനം തുക മുടക്കണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നതായും എന്നാൽ പഴയ പദ്ധതിയായതിനാൽ ശബരി റെയിൽവേ പദ്ധതിക്ക് റെയിൽവേ തന്നെ തുക മുടക്കണമെന്ന് സംസ്ഥാന സർക്കാരും നിലപാട് സ്വീകരിച്ചിരിക്കുന്നതായിട്ടാണ് ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുന്നത്. ഇതേത്തുടർന്നാണ് പദ്ധതി ഇന്ന് പ്രതിസന്ധിയിലായിരിക്കുന്നത്. മൂവാറ്റുപ്പുഴയിലുണ്ടായിരുന്ന ശബരി റെയിൽവേയുടെ ഓഫീസ്, സ്പെഷ്യൽ തഹസീൽദാർ ഓഫീസ് എന്നിവ ഇന്ന് അടച്ചുപൂട്ടിയിരിക്കുകയാണ്. 18 വർഷങ്ങൾക്കുമുമ്പ് അനുമതി ലഭിച്ച് പണി ആരംഭിച്ച പദ്ധതി ഇല്ലാതാകുന്നുവെന്നതിനോട് ഒരു ശതമാനം പോലും ആർക്കും യോജിക്കാനാവില്ല. ഒരു വർഷം കോടിക്കണക്കിന് തീർത്ഥാടകർ

വന്നുപോകുന്ന ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ തീർത്ഥാടന കേന്ദ്രമായ ശബരിമലയുടെ പ്രാധാന്യം കേന്ദ്രസർക്കാരിനെ ബോദ്ധ്യപ്പെടുത്തിക്കൊണ്ട് മദ്ധ്യകേരളത്തിന്റെ കിഴക്കൻമേഖലയുടെ വികസനത്തിന് വലിയ കുതിപ്പുണ്ടാക്കാൻ കഴിയുന്ന ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ സംസ്ഥാന സർക്കാർ അടിയന്തരമായി ഇടപെട്ട് കേന്ദ്ര സർക്കാരിനെകൊണ്ട് തുക അനുവദിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. കേരളത്തിൽ കൊല്ലം-ആലപ്പുഴ ദേശീയ പാത ഉൾപ്പെടെ നിരവധി പദ്ധതികൾക്ക് മുതൽമുടക്കാൻ കേന്ദ്ര സർക്കാരിനോടൊപ്പം സംസ്ഥാന സർക്കാരും മുന്നോട്ടുവന്നിരിക്കുന്ന പ്രത്യേകമായൊരു സാഹചര്യം നമ്മുടെ സംസ്ഥാനത്തുണ്ട്. കോഴിക്കോട് ബൈപ്പാസ് പദ്ധതിക്ക് സംസ്ഥാന സർക്കാരാണ് തുക പൂർണ്ണമായും മുതൽമുടക്കുന്നതായി മനസ്സിലാക്കുന്നത്. അതുപോലെ പുതുതായി വരാൻ പോകുന്ന നഞ്ചൻകോട് റെയിൽവേ പദ്ധതിക്ക് സംസ്ഥാന സർക്കാർ മുതൽ മുടക്കാൻ തയ്യാറാണെന്നും അറിയിച്ചിട്ടുണ്ട്. ഇങ്ങനെയൊക്കെയുള്ള സാഹചര്യം നിലനിൽക്കുന്ന അവസരത്തിൽ കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന നിരവധി പദ്ധതികൾക്ക് ഇപ്പോൾ സംസ്ഥാന സർക്കാർ മുതൽ മുടക്കാൻ തയ്യാറായി മുന്നോട്ടുവന്നിട്ടുണ്ട്. ഇവിടെ വലിയ പദ്ധതികളൊക്കെ വരുന്നതിന് ഞങ്ങളാരും എതിരല്ല. കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം എന്നീ പദ്ധതികളൊക്കെ വരുന്നതിൽ ഞങ്ങൾക്ക് സന്തോഷമാണ്. വലിയ പ്രോജക്ടുകളൊക്കെ കേരളത്തിൽ വന്നോട്ടെ, അതിനെ എല്ലാവരും സ്വാഗതം ചെയ്യുന്നു. പക്ഷേ ശബരി റെയിൽവേയെ സംബന്ധിച്ച് വ്യക്തമായൊരു തീരുമാനം ഇതുവരെ സംസ്ഥാന സർക്കാരും പറയുന്നില്ല. തീർച്ചയായും സംസ്ഥാന സർക്കാരിന്റെ നിലപാടുകളോട് ഞങ്ങൾ യോജിക്കുന്നുണ്ട്. കാരണം ഇതൊരു പഴയ പദ്ധതിയാണ്. റെയിൽവേ സ്വയം നടത്താൻ തീരുമാനിച്ചിരുന്നൊരു പദ്ധതിയാണ്. അതിന്റെ അലൈൻമെന്റിന്റെ ആദ്യഭാഗത്ത് ഇടുക്കി ജില്ല വരെയുള്ളത് അംഗീകരിക്കുകയും പണി ആരംഭിക്കുകയും ചെയ്തിരുന്നു. ഇതൊക്കെ ഞങ്ങൾ അംഗീകരിക്കുന്നുണ്ട്. അതുപോലെ എനിക്ക് അറിയാൻ ആഗ്രഹമുള്ളത് കോട്ടയം ജില്ലയിൽ ഇതിന്റെ അലൈൻമെന്റ് ഫിക്സ് ചെയ്തുവെന്ന് പറഞ്ഞു. അത് ഫൈനലായി റെയിൽവേ അംഗീകരിച്ചോ എന്നുള്ളതിനെക്കുറിച്ച് നമുക്കാർക്കും നിശ്ചയമില്ല. ഈ പദ്ധതി ഒരു കാരണവശാലും ഇല്ലാതാകാൻ പാടില്ല. കാരണം ഇത് എറണാകുളം ജില്ലയുടെ മാത്രമല്ല, കേരളത്തിന്റെ തന്നെ മദ്ധ്യതിരുവിതാംകൂറിന്റെ സിരാകേന്ദ്രങ്ങളിലൂടെ കടന്നുപോകുന്ന, ജനവാസ കേന്ദ്രങ്ങളിലൂടെ കടന്നുപോകുന്ന ഏറ്റവും പ്രയോജനമുള്ളൊരു പദ്ധതിയാണ്. മാത്രവുമല്ല, ഇതിനുവേണ്ടി ഭൂമി

ഏറ്റെടുക്കാനായി മാർക്ക് ചെയ്ത് മാറ്റിയിട്ടിരിക്കുന്ന സ്ഥലങ്ങളിൽ ജീവിക്കുന്ന ആയിരക്കണക്കിന് ആളുകളോട് മറുപടി പറയാൻ കഴിയുന്നില്ല. ഈ പദ്ധതി നിന്നുപോകുമോ ഇല്ലയോ എന്നുള്ളത് അറിയില്ല. അവർക്ക് അവരുടെ ഭൂമി കൈമാറ്റം നടത്താൻ കഴിയുന്നില്ല. അവിടെ പുതിയ കൺസ്ട്രക്ഷൻസ് ആരംഭിക്കാൻ കഴിയുന്നില്ല. എല്ലാം അഞ്ചും പത്തും സെന്റുള്ള ആളുകളാണ്. ഈ രീതിയിൽ അനിശ്ചിതാവസ്ഥയിൽ പോകാൻ കഴിയില്ല. കേരളത്തിൽ ഒരുപാട് വികസന പ്രവർത്തനങ്ങളും വൻകിട പ്രോജക്ടുകളും നടക്കുന്നുണ്ട്. സംസ്ഥാന സർക്കാരിനെ സഹായിക്കാൻ പൂർണ്ണമായും റെയിൽവേക്ക് ഈ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിയുന്നില്ലായെങ്കിൽ സംസ്ഥാന സർക്കാർ ഇതിനകത്ത് പണം മുടക്കാൻ തയ്യാറാണെന്നു കൂടി പ്രഖ്യാപിച്ചുകൊണ്ട് ഈ പദ്ധതി നടപ്പിലാക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽനിന്ന് ഒരു അനുകൂല മറുപടി ഉണ്ടാകുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. അങ്ങയുടെ മറുപടിക്കായി ഒരു നാട്ടിലെ ജനങ്ങളാകെ വലിയ പ്രതീക്ഷയോടെ കാത്തിരിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ശ്രീ. ജോസഫ് വാഴക്കൻ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു റെയിൽപാതയുടെ കാര്യമാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. 'RITES' നടത്തിയ വിശദമായ പഠനങ്ങൾക്കുശേഷമാണ് കേന്ദ്ര സർക്കാർ അങ്കമാലി-ശബരി റെയിൽ പ്രോജക്ട് 1997-98-ലെ ബഡ്ജറ്റിൽ അംഗീകരിച്ചത്. അങ്കമാലി-ശബരി റെയിൽവേയുടെ അലൈൻമെന്റ് എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിൽക്കൂടിയാണ് കടന്നുപോകുന്നത്. പദ്ധതി പ്രഖ്യാപിക്കുന്ന സമയത്ത് ഇതിന്റെ എസ്റ്റിമേറ്റ് കണക്കാക്കിയിരുന്നത് 517 കോടി രൂപയാണ്. പക്ഷേ ഇന്ന് അതിന്റെ മൂന്നിരട്ടിയായ 1566 കോടി രൂപയാണ്. അലൈൻമെന്റ് കണക്കാക്കിയിരുന്നത് അങ്കമാലി മുതൽ അഴുത വരെയായിരുന്നു. പക്ഷേ അഴുത പെരിയാർ കടുവ സങ്കേതത്തിലെ ബഫർസോൺ പരിധിയിൽ വരുന്നതുകൊണ്ട് ഒഴിവാക്കണമെന്നതിനാൽ എരുമേലി വരെയാക്കി നിർത്തി. എറണാകുളം ജില്ലയിൽ ഏറ്റെടുക്കേണ്ട 98.41 ഏക്കറിൽ 34.98 ഏക്കർ ഭൂമി ഏറ്റെടുത്തു. അങ്കമാലി മുതൽ കാലടി വരെയുള്ള വർക്കിൽ ഏകദേശം റെയിൽ ഇടുന്നതുവരെ പുരോഗതി വന്നിട്ടുണ്ട്. കാലടി റെയിൽവേ പാലത്തിന്റെ പണിയും റെയിൽവേ സ്റ്റേഷന്റെ പണിയും പുരോഗമിച്ചുവരികയാണ്. കോട്ടയത്ത് സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങളുണ്ടായി. 11-2-2014-ൽ ബന്ധപ്പെട്ട മന്ത്രിമാരുടെയും

ജനപ്രതിനിധികളുടെയും യോഗം ഞാൻ തന്നെ വിളിച്ചുചേർത്ത് കോട്ടയം ജില്ലയിലെ തർക്കങ്ങൾക്ക് പരിഹാരമുണ്ടാക്കുകയും ആ നിർദ്ദേശങ്ങൾ റെയിൽവേക്ക് കൊടുക്കുകയും ചെയ്തു. റെയിൽവേ ആ അലൈൻമെന്റ് അംഗീകരിക്കണം. ഇപ്പോൾ ഇടുക്കി ജില്ലയിൽ കാര്യമായ തർക്കങ്ങളൊന്നുമില്ല. സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടിട്ടുണ്ട്. റെയിൽവേ പുതിയ ഏത് പദ്ധതി ഏറ്റെടുക്കണമെങ്കിലും പകുതി ചെലവ് സംസ്ഥാന ഗവൺമെന്റ് വഹിക്കണമെന്ന ഒരു പുതിയ പോളിസിയാണ് ഇപ്പോഴുള്ള പ്രശ്നം. അങ്ങനെയൊരു സ്കീമുണ്ടാകുന്നതിന് വർഷങ്ങൾക്കുമുമ്പ് നിശ്ചയിച്ചതാണ് ശബരി റെയിൽ പദ്ധതി എന്നതാണ് നമ്മുടെ നിലപാട്. ശബരി റെയിൽ പാതയുടെ നിർമ്മാണം ആരംഭിക്കുകയും ഒരു പരിധി വരെ അതിന്റെ പണി പുരോഗമിക്കുകയും ചെയ്തു. അതുകൊണ്ട് പുതിയ പദ്ധതിയിൽപ്പെടുത്താതെ റെയിൽവേ ഏറ്റെടുത്ത പഴയ പദ്ധതിയിൽ നിലനിർത്തി റെയിൽവേ തന്നെ ഇത് ചെയ്യണമെന്നും സ്ഥലമെടുപ്പിന്റെ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്നുമാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. പക്ഷേ റെയിൽവേയും കേന്ദ്ര ഗവൺമെന്റും ഇതുവരെ ഇത് അംഗീകരിച്ചിട്ടില്ല. ഇതാണ് ഇപ്പോഴുണ്ടായിട്ടുള്ള തടസ്സം. ആദ്യമുണ്ടായ തടസ്സം സ്ഥലമെടുപ്പും അലൈൻമെന്റും സംബന്ധിച്ചായിരുന്നു. അത് പരിഹരിച്ചു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രോജക്ട് നഷ്ടപ്പെടുന്നൊരു സാഹചര്യമുണ്ടാകരുത് എന്ന് പറഞ്ഞതിനോട് പൂർണ്ണമായും യോജിക്കുന്നു. ശബരി റെയിൽ പദ്ധതി കേരളത്തിന് നഷ്ടപ്പെടുന്ന സാഹചര്യം ഒരിക്കലും സംസ്ഥാന ഗവൺമെന്റ് ഉണ്ടാക്കുകയില്ലെന്ന് ഞാൻ സഭയിൽ ഉറപ്പ് നൽകുകയാണ്. ഇത് നമ്മുടെ ന്യായമായ കാര്യമാണ്. ഇതിനുവേണ്ടിയുള്ള ശ്രമം തുടരും. 50:50 അടിസ്ഥാനത്തിൽ റെയിൽവേയും സംസ്ഥാന ഗവൺമെന്റും കൂടി പുതിയ റെയിൽവേ ലൈനുണ്ടാക്കുന്ന സ്കീം ആവിഷ്കരിക്കുന്നതിന് വർഷങ്ങൾക്കുമുമ്പ് ആരംഭിച്ചതും തുടങ്ങിവച്ചതുമായ ശബരി റെയിൽപാത ശബരിമലയുടെ പ്രാധാന്യംകൂടി ഉൾക്കൊണ്ടുകൊണ്ട് റെയിൽവേ ഏറ്റെടുത്ത് നടത്തണമെന്നു തന്നെയാണ് നമ്മുടെ അഭിപ്രായം. അതിനുവേണ്ടി ഒരു ശ്രമം കൂടി നടത്തും. ഈ പ്രോജക്ട് കേരളത്തിന് നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാക്കില്ലെന്ന് ഞാൻ ഒരിക്കൽകൂടി പറയുന്നു.

<u>ശ്രീ. ജോസഫ് വാഴക്കൻ</u> : സർ, ഇക്കാര്യത്തിൽ സമയബന്ധിതമായ തീരുമാനമാണ് ഉണ്ടാകേണ്ടത്. കാരണം ഈയൊരു മറുപടി പലതവണയും ലഭിച്ചിട്ടുള്ളതാണ്. ഈ പ്രോജക്ട് നഷ്ടപ്പെടരുത് എന്നത് എല്ലാവരുടെയും ആഗ്രഹമാണ്.

ഗവൺമെന്റ് ഇത് നഷ്ടപ്പെടാൻ അനുവദിക്കില്ലെന്നും നമുക്കറിയാം. പക്ഷേ റെയിൽവേ ഇക്കാര്യത്തിൽ ഉറച്ച നിലപാടുമായി മുന്നോട്ടുപോവുകയാണെങ്കിൽ, ഇന്ത്യയിലാകെയുള്ള ലക്ഷക്കണക്കിന് തീർത്ഥാടകർ കേരളത്തിലേക്കും ശബരിമലയിലേക്കും വരേണ്ടതുമായി ബന്ധപ്പെട്ട ഒരു പദ്ധതി എന്ന നിലയിൽ സംസ്ഥാന ഗവൺമെന്റ് ആവശ്യമെങ്കിൽ ശബരി റെയിൽ പദ്ധതിയുടെ നിർമ്മാണച്ചെലവിന്റെ ഒരു ഭാഗം വഹിക്കാൻ തയ്യാറാണെന്ന് അറിയിച്ചുകൊണ്ട് മുടങ്ങിയിരിക്കുന്ന ഈ പദ്ധതി വീണ്ടും ആരംഭിക്കാനും മാർക്ക് ചെയ്ത് മാറ്റിയിട്ടിരിക്കുന്ന സ്ഥലത്തിന്റെ ഉടമകൾക്ക് നീതി ലഭിക്കാനും ആവശ്യമായ നടപടി ഉണ്ടാകുമോ എന്നതാണ് അറിയേണ്ടത്.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഏറ്റെടുക്കാൻ പോകുന്ന സ്ഥലത്തിന്റെ ഉടമകൾക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടാകാത്ത വിധത്തിൽ സ്ഥലം എടുക്കുകയും അതിന്റെ കോമ്പൻസേഷൻ കൊടുക്കുകയും ചെയ്യാം. കാരണം ഈ പ്രോജക്ടുമായി മുന്നോട്ട് പോകുമെന്ന കാര്യത്തിൽ സംശയമില്ല. സ്ഥലമെടുപ്പിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞ നിർദ്ദേശം പ്രത്യേകമായി സ്വീകരിക്കാൻ തയ്യാറാണ്. സ്റ്റേറ്റ് ഗവൺമെന്റിന്റെ ഷെയർ സംബന്ധിച്ച കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിൽനിന്നും ഉടൻതന്നെ വ്യക്തമായ മറുപടി ലഭിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. അതിനുശേഷം അക്കാര്യത്തിലും തീരുമാനമെടുക്കുന്നതാണ്.

11.00 AM]

## 2. അൺഎയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ ചൂഷണം

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, ഈ സഭയിൽ ഒന്നിലധികം പ്രാവശ്യം ഉന്നയിക്കുകയും ചർച്ച ചെയ്യുകയും ചെയ്ത വിഷയം തന്നെയാണ് ഞാൻ വീണ്ടും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. കേരളത്തിൽ അതിവിപുലമായ ഒരു പൊതുവിദ്യാഭ്യാസ ശൃംഖലയുണ്ട്. ഏകദേശം എല്ലാ പഞ്ചായത്തുകളിലും ഹൈസ്കൂളുകളും ഹയർ സെക്കണ്ടറി സ്കൂളുകളുമുണ്ട്. എല്ലാ വാർഡുകളിലും ഗവൺമെന്റ് മേഖലയിലോ എയ്ഡഡ് മേഖലയിലോ പ്രവർത്തിക്കുന്ന എൽ.പി. സ്കൂളുകളും പ്രൈമറി സ്കൂളുകളും അപ്പർ പ്രൈമറി സ്കൂളുകളുമുണ്ട്. ഒരുപക്ഷേ ഇന്ത്യയിൽത്തന്നെ ഏറ്റവും വിപുലമായ പൊതുവിദ്യാഭ്യാസ ശൃംഖലയുള്ള ഈ സംസ്ഥാനത്ത് എന്തുകൊണ്ടോ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഒഴുക്കുവന്നു. അംഗീകാരമുള്ളതും ഇല്ലാത്തതുമായ മൂവായിരത്തോളം അൺഎയ്ഡഡ് സ്കൂളുകളിൽ ഏകദേശം രണ്ടരലക്ഷത്തോളം അദ്ധ്യാപകരും ജീവനക്കാരും പ്രവർത്തിക്കുന്നുണ്ട്. ഇവരുടെ സേവനവേതന വ്യവസ്ഥകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിരവധി തവണ ഉന്നയിക്കപ്പെട്ടുവെങ്കിലും

അത് പരിഹരിക്കാൻ സാധിക്കുന്നില്ല. 1957-ലാണ് കേരളത്തിൽ വിദ്യാഭ്യാസ ബിൽ കൊണ്ടുവരുന്നത്. വിദ്യാഭ്യാസ ബിൽ വരുന്നതിനു മുമ്പുള്ള അദ്ധ്യാപകരുടെ അവസ്ഥ അനുഭവിക്കുന്ന വിഭാഗമാണ് ഇവർ. ഇത്രമാത്രം ചൂഷണം ചെയ്യപ്പെടുകയും ഒരു സംഘടനയും രൂപീകരിക്കാൻ അനുവദിക്കാതിരിക്കുകയും ഒന്നും ആവശ്യപ്പെടാൻ കഴിയാതിരിക്കുകയും ഏതുനിമിഷവും പിരിച്ചുവിടപ്പെടുകയും ചെയ്യുന്ന ഒരു സമൂഹമാണിവർ. കേരളത്തിലെ ദൃശ്യമാധ്യമങ്ങളിൽ ഒരു പ്രമുഖ ദൃശ്യമാധ്യമം ഈ മേഖലയിലെ ചൂഷണത്തെക്കുറിച്ച് അന്വേഷണം നടത്തി സമൂഹത്തിന്റെ ശ്രദ്ധയിൽക്കൊണ്ടുവരുന്ന ഒരു പരിപാടി സംഘടിപ്പിക്കുകയുണ്ടായി. 'ദക്ഷിണയല്ല ഭിക്ഷ' എന്നതായിരുന്നു ഏഷ്യാനെറ്റിൽ വന്ന ആ പരിപാടിയുടെ പേര്. ഗുരുനാഥൻമാരെ അപമാനിക്കുന്ന അവസ്ഥയെ സംബന്ധിച്ചാണ് അവർ അതിൽ പറഞ്ഞത്. നമ്മുടെ നാട്ടിൽ ജോലിക്കെത്തുന്ന അന്യസംസ്ഥാനത്തൊഴിലാളികൾക്കും കൂലിപ്പണിക്കാർക്കും കിട്ടുന്ന വേതനം പോലും പോസ്റ്റ് ഗ്രാജ്വേഷൻ കഴിഞ്ഞ ഇവർക്ക് ലഭിക്കുന്നില്ല. വിദ്യാഭ്യാസ ചരിത്രത്തിൽ തന്നെ അപമാനകരമായ നിലയിലേക്കാണ് കാര്യങ്ങൾ പോകുന്നത്. കാരൂരിന്റെ അദ്ധ്യാപക കഥകളിലെല്ലാം പറയുന്നതുപോലുള്ള പ്രയാസവും പട്ടിണിയും അനുഭവിക്കുന്ന വിഭാഗത്തെ ഗവൺമെന്റ് ശ്രദ്ധിക്കാതെ മുഖം തിരിച്ച് നിൽക്കുകയാണ്. ഈ മേഖലയിൽ വലിയ പരാതികൾ ഇല്ലെന്നുള്ളതാണ് വസ്തുത. ഇതേസഭയിൽ ഈ വിഷയം സംബന്ധിച്ച് ഞാൻ മുമ്പും പരാതി ഉന്നയിച്ചിരുന്നു. അന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞത് ആ മേഖലയിൽനിന്നും പരാതി വരുന്നില്ലെന്നാണ്. പരാതികൾ പരിശോധിക്കാൻ അതോറിറ്റി രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ അതിന്റെ ആവശ്യമില്ലെന്ന നിലപാടാണ് ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചത്. ഈ സ്കൂളുകളിലെ നിയമനത്തിന് ഇന്റർവ്യൂ നടത്താറുണ്ടെങ്കിലും നിയമനം നൽകാറില്ല. സർവ്വീസ് ബുക്കില്ല, ശമ്പള സ്കെയിലില്ല, ഇൻക്രിമെന്റില്ല, വർഷങ്ങൾ ജോലി ചെയ്താലും ഒരു മാസം 3,000 രൂപയ്ക്ക് ജോലി ചെയ്യേണ്ടിവരുന്ന ഗതികേടുമുണ്ട്. 12 ജീവനക്കാരുണ്ടെങ്കിൽ ഇ.എസ്.ഐ., പി.എഫ്. ആനുകൂല്യങ്ങൾ നൽകണമെന്നാണ് നിയമം. ഇത് 90 ശതമാനം സ്കൂളുകളിലും നടപ്പിലാക്കുന്നില്ല. ഒരു നിശ്ചിത ശതമാനം മാനേജ്മെന്റുകൾ നൽകണമെന്നുള്ളതുകൊണ്ടാണ് ഇക്കാര്യത്തിൽ സ്കൂളുകൾക്ക് താൽപ്പര്യമില്ലാത്തത്. 12% തുക ജീവനക്കാരും 12% തുക മാനേജ്മെന്റും അടച്ചാണ് പി.എഫ്. തുടങ്ങേണ്ടത്. മാനേജ്മെന്റ് തുക അടയ്ക്കാൻ തയ്യാറല്ല. പി.എഫ്. ഉള്ള സ്ഥലങ്ങളിൽ മാനേജ്മെന്റിന് പകരം പാവപ്പെട്ട അദ്ധ്യാപകരുടെ 3,000 രൂപയിൽനിന്നും പിടിക്കുന്ന സ്ഥിതിയാണുള്ളത്. പ്രസവാവധിയോ, പ്രസവ സമയത്ത് ശമ്പളമോ, അവധിക്കാല ശമ്പളമോ ഇല്ല. എന്നാൽ അവധിക്കാലത്തും തരാതരം പോലെ ജോലികൾ ചെയ്യിപ്പിക്കുന്ന സ്ഥിതി

തുടരുകയാണ്. ആഴ്ചയിൽ 33 മുതൽ 35 മണിക്കൂർ വരെ ഇവർ ജോലി ചെയ്യണം. അതായത് ഒരു ദിവസം ശരാശരി 7 മണിക്കൂർ. അതിനുപുറമേയാണ് മറ്റു മേഖലയിലെ ജോലികൾ ചെയ്യിക്കുന്നതും. അദ്ധ്യാപകർ ക്ലാസ് മുറിയിലും സ്കൂൾ ബസ്സിലും ഇരിക്കാൻ പാടില്ല. ഇങ്ങനെയുള്ള പീഡനങ്ങളുടെ നിരവധി അനുഭവങ്ങൾ ഈ മേഖലയിലുണ്ട്. എന്തെങ്കിലും മറുത്തുപറഞ്ഞാൽ ഉടൻ പിരിച്ചുവിടും. 10 മുതൽ 15 വർഷം വരെ ജോലി ചെയ്താലും സ്വകാര്യ അൺ-എയ്ഡഡ് സ്കൂളിലെ അദ്ധ്യാപകരെ എന്തെങ്കിലും ഇഷ്ടക്കേട് തോന്നിയാൽ ആ നിമിഷം പിരിച്ചുവിടും. മാന്യമായ വേതനവും മറ്റ് ആനുകൂല്യങ്ങളും നൽകാമെന്ന് സർക്കാരിന് ഉറപ്പ് നൽകിയാണ് എൻ.ഒ.സി. വാങ്ങുന്നത്. എൻ.ഒ.സി. വാങ്ങിയതിനുശേഷം കാണിക്കുന്ന ഈ ധിക്കാരത്തിനെതിരെ നടപടി സ്വീകരിക്കാൻ സാധിക്കുന്നില്ല. സി.ബി.എസ്.ഇ. സ്കൂളുകളുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുണ്ടെങ്കിലും അതും നടപ്പിലാക്കുന്നില്ല. Kerala High Court 321/DB വിധിയായി മിനിമം ശമ്പളത്തെ കുറിച്ച് ഇടക്കാല ആശ്വാസം പോലെ പ്രഖ്യാപിച്ചത് നടപ്പിലാക്കാത്ത ധാരാളം സ്കൂളുകളുണ്ട്. വിധി മറികടക്കാനുള്ള പല അഭ്യാസങ്ങളും കാണിക്കുകയാണ്. എ.ടി.എം. വഴി ശമ്പളം കൊടുക്കാൻ തീരുമാനിച്ചെങ്കിലും എ.ടി.എം. കൗണ്ടറിൽ മാനേജ്മെന്റ് പ്രതിനിധികൾ വന്ന് പണം തിരികെ വാങ്ങുന്ന അനുഭവം വരെയുണ്ട്. ഈ വിഷയം ഗൗരവമായി ഉന്നയിച്ചപ്പോൾ ഗവൺമെന്റ് മോണിറ്ററിംഗ് എന്ന നടപടി സ്വീകരിച്ചു. ചൂഷണം ഒഴിവാക്കുന്നതിന് ഡി.പി.ഐ.-യുടെ നേതൃത്വത്തിൽ രൂപീകരിച്ച മോണിറ്ററിംഗ് സമിതിയിൽ അദ്ധ്യാപക സംഘടനാ പ്രതിനിധികളുണ്ടായിരുന്നു. ആ സമിതി ഒരു തവണയാണ് യോഗം ചേർന്നത്. ആദ്യ യോഗത്തിൽ തന്നെ 82 പരാതികൾ സമിതിക്ക് ലഭിച്ചു. ആ പരാതികൾ സംബന്ധിച്ച് യാതൊരു പരിശോധനയും ഉണ്ടായില്ല. എ.ഇ.ഒ.-മാർ വഴി പരാതി അന്വേഷിച്ച് പരിഹാരം കാണുമെന്ന് ഉറപ്പ് നൽകിയെങ്കിലും അതും നടന്നില്ല. ഹയർ സെക്കണ്ടറി അദ്ധ്യാപകരെ ഇഷ്ടമില്ലെങ്കിൽ കെ.ജി.-യിലേക്കും യു.കെ.ജി.-യിലേക്കും മാറ്റുന്ന അനുഭവങ്ങളും കേരളത്തിലെ പല സ്കൂളുകളിലും ഉണ്ടാകുന്നുണ്ട്. സി.ബി.എസ്.ഇ. അദ്ധ്യാപകർക്ക് കോടതി വിധി പ്രകാരമുള്ള മിനിമം ശമ്പളം നൽകുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ലേബർ ഡിപ്പാർട്ടുമെന്റ് ഡ്രാഫ്റ്റ് ബിൽ തയ്യാറാക്കിയിരുന്നു. അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നറിയില്ല. നിമയ നിർമ്മാണമില്ല, അതോറിറ്റി രൂപീകരിച്ചത് ഇടപെടുന്നില്ല. ഇപ്പോൾ വീണ്ടും 500 സ്കൂളുകൾക്ക് ഗവൺമെന്റ് അംഗീകാരം കൊടുക്കുകയാണ്. കേരളത്തിലെ വിപുലമായ വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന മേഖലയിലെ അദ്ധ്യാപകരോട് മാത്രം കാണിക്കുന്ന

അപമാനകരമായ നിലപാട് തിരുത്താൻ എന്തെങ്കിലും പദ്ധതി സർക്കാർ ആലോചിക്കുമോ ; അക്കാര്യത്തിൽ ഗൗരവമായ തീരുമാനം പ്രഖ്യാപിക്കുവാൻ വിദ്യാഭ്യാസ വകുപ്പും തൊഴിൽ വകുപ്പും ചേർന്ന് തയ്യാറാകണം. കേരളത്തിലെ വിദ്യാസമ്പന്നരായ തൊഴിൽ രഹിത സമൂഹത്തോട് കാണിക്കുന്ന ഏറ്റവും നീചമായ ചൂഷണമാണിത്. മറ്റൊരു മേഖലയിലും ഇല്ലാത്തതാണ്. നഴ്സിംഗ് മേഖലയിൽ ഉണ്ടായ പൊട്ടിത്തെറി നമ്മൾ കണ്ടതാണ്. കേരളത്തിലെ അൺ-എയ്ഡഡ് വിദ്യാഭ്യാസ മേഖലയും വലിയ പൊട്ടിത്തെറിയിലേക്ക് പോകുന്നത് ഒഴിവാക്കാൻ ഗവൺമെന്റ് ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, സംസ്ഥനത്തെ പൊതുവിദ്യാഭ്യാസ രംഗത്ത് അൺ-എയ്ഡഡ് മേഖലയിൽ സംസ്ഥാന സിലബസ്സിലും കേന്ദ്ര സിലബസ്സിലും സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സ്കൂളുകളിലെ ജീവനക്കാരും അദ്ധ്യാപകരും അതാത് സ്കൂൾ മാനേജ്മെന്റുകളുടെ കീഴിലാണ് ജോലി ചെയ്യുന്നത്. എങ്കിലും സംസ്ഥാനത്ത് പ്രവർത്തിക്കുന്നതാകയാൽ ഈ മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് ഇവരുടെ സേവന-വേതന വ്യവസ്ഥകൾക്ക് വ്യക്തമായ മാനദണ്ഡങ്ങളും ചട്ടങ്ങളും നിലവിലുണ്ട്. അൺ-എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരുടെ യോഗ്യത, വേതനം എന്നിവ സംബന്ധിച്ച് കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ തന്നെ പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ 2007-ൽ ഈ മേഖലയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ നിയോഗിച്ച രണ്ടംഗ കമ്മീഷന്റെ ശിപാർശ അനുസരിച്ച് നിലവിലെ വേതനം പുതുക്കി നിശ്ചയിക്കുകയും ചെയ്തു. ഇതനുസരിച്ച് അംഗീകാരമുള്ള അൺ-എയ്ഡഡ് സ്കൂളുകളിലെ പ്രധാന അദ്ധ്യാപകന് 7,000 രൂപയും എച്ച്.എസ്.എ.-യ്ക്ക് 6,000 രൂപയും പ്രൈമറി ടീച്ചർക്ക് 5,000 രൂപയും ക്ലർക്കിന് 4,000 രൂപയും ക്ലാസ് ഫോർ ജീവനക്കാർക്ക് 3,500 രൂപയും മിനിമം വേതനം ഉറപ്പുനൽകുന്നു. അനദ്ധ്യാപകരുടെ വേതനം നിർണ്ണയിക്കുന്നതിനുള്ള ശമ്പള സ്കെയിൽ നിശ്ചയിച്ചുകൊണ്ട് തൊഴിൽ വകുപ്പിൽനിന്നും സർക്കാർ ഉത്തരവ് (പി)155/2011/തൊ. നമ്പരായി 12-9-2011-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതോടൊപ്പം സംസ്ഥാനത്തെ സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകളിലെ ജീവനക്കാർക്കും അദ്ധ്യാപകർക്കും സർക്കാർ നിരക്കിലുള്ള ശമ്പളവും അലവൻസും നൽകിയിരിക്കണമെന്ന് എൻ.ഒ.സി.-ക്കുള്ള മാനദണ്ഡത്തിൽതന്നെ വ്യക്തമാക്കിയിട്ടുണ്ട്. സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകളിൽ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള ഘടന സി.ബി.എസ്.ഇ. തന്നെ നിർണ്ണയിച്ച് നൽകണമെന്നും അതുവരെ പ്രൈമറി മിഡിൽ സ്കൂൾ ടീച്ചേഴ്സിന് 10,000 രൂപയും സെക്കണ്ടറി സ്കൂൾ ടീച്ചേഴ്സിന്

15,000 രൂപയും സീനിയർ സെക്കണ്ടറി സ്കൂൾ ടീച്ചേഴ്സിന് 20,000 രൂപയും ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾമാർക്ക് 20,000 രൂപ പ്രതിമാസ ശമ്പളവും അഡീഷണൽ അലവൻസും നൽകണമെന്നും ക്ലറിക്കൽ സ്റ്റാഫിന് 6,000 രൂപയും ക്ലാസ് ഫോർ സ്റ്റാഫിന് 4,500 രൂപയും പ്രതിമാസ ശമ്പളം നൽകണമെന്നും 14-9-2012-ന് ഡബ്ല്യു.എ. 1042/12 വിധിന്യായത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിടുകയും സർക്കാർ അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ മേഖലയിലെ കടുത്ത ചൂഷണം അവസാനിപ്പിക്കുന്നതിനും അൺ-എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരെ മിനിമം വേതനത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുമായി നിയമനിർമ്മാണം നടത്തുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ സർവ്വകലാശാല നിയമപ്രകാരം അൺ-എയ്ഡഡ് കോളേജുകളിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ തീരുമാനിക്കുന്നത് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സംസ്ഥാനത്തെ ഒരു വൈസ് ചാൻസലർ, ഉന്നത വിദ്യാഭ്യാസ വകുപ്പുസെക്രട്ടറി, കോളേജ് വിദ്യാഭ്യാസ ഡയറക്ടർ എന്നിവർ അംഗങ്ങളായ കമ്മിറ്റിയുടെ ശിപാർശ പ്രകാരമാണ്. ഇതനുസരിച്ച് 26-12-2013-ലെ ജി.ഒ(എംഎസ്.)736/13/ഉ.വി.വ. പ്രകാരം കണ്ണൂർ സർവ്വകലാശാല വൈസ് ചാൻസലർ ചെയർമാനായ ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ഈ കമ്മിറ്റിയുടെ ശിപാർശ പ്രകാരം സംസ്ഥാനത്തെ അൺ-എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ട് 19-7-2014-ലെ ജി.ഒ.(എംഎസ്.)552/2014/ഉ.വി.വ., 24-1-2015-ലെജി.ഒ (എംഎസ്.) 19/2015/ഉ.വി.വ. എന്നിവ പ്രകാരം പ്രത്യേകം ഉത്തരവുകൾ പുറപ്പെടുവിക്കുകയുണ്ടായി. ഇതുപ്രകാരം യു.ജി.സി., നെറ്റ്, പി.എച്ച്.ഡി. തുടങ്ങിയ യോഗ്യതയുള്ള അദ്ധ്യാപകർക്ക് തത്തുല്യ തസ്തികയിലെ സ്റ്റേറ്റ് സ്കെയിലിലും ഇതുപ്രകാരം യോഗ്യതയുള്ള എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകർക്ക് എ.ഐ.സി.റ്റി.ഇ. നിശ്ചയിക്കുന്ന ശമ്പളവും നൽകേണ്ടതാണ്. ഈ യോഗ്യത ഇല്ലാത്ത മറ്റ് അദ്ധ്യാപകർക്ക് പ്രതിമാസം 10,000 രൂപ വീതവും നൽകണം. കൂടാതെ മിനിമം കാലാവധി 3 വർഷമായിരിക്കും. മറ്റ് നിയമപ്രകാരമുള്ള ആനുകൂല്യങ്ങളായ പ്രസവാവധി, ഇ.എസ്.ഐ., ഇ.പി.എഫ്. തുടങ്ങിയവയും നൽകേണ്ടതാണ്. അനദ്ധ്യാപക ജീവനക്കാരായ ക്ലർക്കിന് 7,000 രൂപ, സൂപ്രണ്ടിന് 10,000 രൂപ, ക്വാളിഫൈഡ് ലൈബ്രേറിയന് 12,000 രൂപ, നോൺ ക്വാളിഫൈഡ് ലൈബ്രേറിയന് 9,000 രൂപ, ക്വാളിഫൈഡ് വർക്ക്ഷോപ്പ് സൂപ്രണ്ടിന് 15,000 രൂപ, നോൺ ക്വാളിഫൈഡ് വർക്ക്ഷോപ്പ് സൂപ്രണ്ടിന് 10,000 രൂപ, ഇൻസ്ട്രക്ടർക്ക് 10,000 രൂപ, ട്രേഡ്സ്മാന് 7,000 രൂപ എന്നീ

നിരക്കിൽ പ്രതിമാസ വേതനം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ LBS, IHRD, CAPE തുടങ്ങിയ സർക്കാർ നിയന്ത്രണ സ്വാശ്രയ സ്ഥാപനങ്ങൾക്ക് പ്രത്യേക നിയമന രീതികളുള്ളതിനാലും ഇപ്രകാരം നിയമിക്കപ്പെടുന്ന അദ്ധ്യാപകർ ഉന്നത പഠനത്തിന് പോകുന്നതുമൂലമുണ്ടാകുന്ന ഒഴിവുകളിൽ താൽക്കാലികമായി നിയമിക്കപ്പെട്ട ഗസ്റ്റ് അദ്ധ്യാപകരാണ് ഇപ്പോൾ ജോലി ചെയ്യുന്നതെന്നതിനാലും മൂന്ന് വർഷത്തെ മിനിമം കരാർ കാലാവധി എന്ന വ്യവസ്ഥയിൽ നിന്നും LBS, IHRD, CAPE തുടങ്ങിയ സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടുണ്ട്.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : സർ, വളരെ നിർഭാഗ്യകരവും യാന്ത്രികവുമായ മറുപടിയാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. 2014 മാർച്ച് 3-ാം തീയതി ഇതേ വിഷയം സഭയിൽ ഉന്നയിച്ചതാണ്. അന്ന് ലഭിച്ച മറുപടി തന്നെയാണ് ഇപ്പോഴും വായിച്ചത്. അതിൽ രണ്ടോ മൂന്നോ പാരഗ്രാഫുകൾ മാറ്റിയെഴുതിയിട്ടുണ്ട്. ഈ മേഖലയിൽ കടുത്ത ചൂഷണം നിലനിൽക്കുന്നത് സംബന്ധിച്ച് സർക്കാരിന് ലഭിക്കുന്ന പരാതികൾക്ക് ഗൗരവമായ പരിഗണന നൽകുകയും അന്വേഷിച്ച് നടപടിയെടുക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ടെന്നാണ് 2014-ൽ അങ്ങ് തന്ന മറുപടി. അതിനുശേഷമാണ് ലേബർ ഡിപ്പാർട്ടുമെന്റുമായി ചേർന്ന് നിയമ നിർമ്മാണത്തിന്റെ പരിശ്രമം ആരംഭിച്ചതും ഡ്രാഫ്റ്റ് ബിൽ വന്നതും. ആ നിയമം ഇനി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ? മോണിറ്ററിംഗ് കൗൺസിൽ എന്നെങ്കിലും പരാതികൾ പരിഹരിച്ച് നിലപാട് സ്വീകരിച്ചിട്ടുണ്ടോയെന്നാണ് ചോദ്യം. അങ്ങ് യാന്ത്രികമായ മറുപടിയാണ് പറഞ്ഞത്. കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ 2.5 ലക്ഷം വരുന്ന അദ്ധ്യാപകരോട് കാണിക്കുന്ന ക്രൂരത അവസാനിപ്പിക്കാൻ സർക്കാർ തയ്യാറുണ്ടോ; അതിന് നിയമനിർമ്മാണം നടത്തുമോ; തൊഴിൽ വകുപ്പ് തയ്യാറാക്കിയ ഡ്രാഫ്റ്റ് ബിൽ ഇനിയെന്തു ചെയ്യും തുടങ്ങിയ കാര്യങ്ങളെക്കുറിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയേണ്ടത്.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : സർ, ഗവൺമെന്റ് ചെയ്ത കാര്യങ്ങളും കോടതിയുടെ നിർദ്ദേശപ്രകാരമുള്ള കാര്യങ്ങളും ഞാൻ വ്യക്തമായി പറഞ്ഞു. നേരത്തെ ശ്രീ. പി. ശ്രീരാമകൃഷ്ണൻ പറഞ്ഞതുപോലെ, പുതിയ സി.ബി.എസ്.ഇ. സ്കൂളുകളാണെങ്കിലും കേരള സിലബസ്സിലുള്ള സ്കൂളുകളാണെങ്കിലും അംഗീകാരം കൊടുക്കുന്നതിന് പ്രത്യേകമായ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. അതനുസരിച്ചാണ് കാര്യങ്ങൾ മുന്നോട്ടുപോകുന്നത്. നേരത്തെ താങ്കൾ പറഞ്ഞതുപോലെ വ്യക്തിപരമായ പരാതികൾ നമുക്ക് ലഭിക്കുന്നില്ല എന്നുള്ളത് ഒരു വസ്തുതയാണ്. അതിന് അതിന്റേതായ കാരണങ്ങളുണ്ട്. ഞാൻ അതിലേക്ക് കടക്കുന്നില്ല. ലേബർ ഡിപ്പാർട്ടുമെന്റുമായി ചേർന്ന് നടപ്പാക്കേണ്ട

കാര്യങ്ങളുടെ പുരോഗതി പിന്നീട് വിലയിരുത്താൻ കഴിഞ്ഞിട്ടില്ല. ഏതായാലും അത് ചെയ്യേണ്ട കാര്യം തന്നെയാണ്. ബന്ധപ്പെട്ട മന്ത്രിയുമായി ആലോചിച്ച് അക്കാര്യങ്ങൾ ചെയ്യുന്നതാണ്. അൺ-എയ്ഡഡ് മേഖലയിലുള്ള പ്രശ്നങ്ങളുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിച്ച് നടപടിയെടുക്കാൻ സർക്കാർ തയ്യാറാണ്. പക്ഷെ നടപടിയെടുക്കാനാവശ്യമായ പരാതികൾ ഇതിന് വിധേയമാകുന്ന ആളുകളിൽ നിന്ന് ലഭിക്കുന്നില്ല എന്നുള്ളതാണ് വസ്തുത.

## VI സബ്മിഷൻ

### 1. സർക്കാർ ഭൂമി വ്യക്തികൾക്ക് കൈമാറൽ

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, പുരാവസ്തു വകുപ്പ് വർഷങ്ങളായി സംരക്ഷിച്ചുപോരുന്ന, കാസർഗോഡ് നഗരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന കാസർഗോഡ് കോട്ടയുടെ 5 ഏക്കർ 41 സെന്റ് ഭൂമി സ്വകാര്യ വ്യക്തികൾക്ക് കൈമാറാൻ സർക്കാർ തലത്തിൽ നീക്കം നടക്കുന്നു. ഈ ഭൂമിക്ക് ഏകദേശം 22 കോടി രൂപ വിലവരുമെന്ന് കണക്കാക്കപ്പെടുന്നു. 1903-ൽ ഗണപയ്യ എന്ന ആൾക്ക് മദ്രാസ് ബോർഡ് ഓഫ് റവന്യൂ, ഗ്രൗണ്ട് റെന്റിന് നൽകിയ ഭൂമിയാണിത്. ഇയാളുടെ അനന്തരാവകാശി, 3-5-1986-ൽ അമ്മു പൂജാരി എന്ന ആൾക്ക് സബ്-ലീസിന് നൽകി. അമ്മു പൂജാരിയുടെ അനന്തരാവകാശികൾ 1971-ൽ ഭൂപരിഷ്കരണ നിയമം ചട്ടം (4) അനുസരിച്ച് ജന്മാവകാശം പതിച്ചുകിട്ടുന്നതിനായി അപേക്ഷ നൽകി. എന്നാൽ 1974-ൽ കോഴിക്കോട് അപ്പലേറ്റ് അതോറിറ്റി ഈ ആവശ്യം നിരസിച്ചു. അപ്പലേറ്റ് അതോറിറ്റിയുടെ ഉത്തരവിനെതിരെ അമ്മു പൂജാരിയുടെ അന്തരാവകാശികൾ കാസർഗോഡ് സബ് കോടതി, കാസർഗോഡ് ജില്ലാ കോടതി, കേരള ഹൈക്കോടതി എന്നിവയെ സമീപിച്ചു. എന്നാൽ ഹൈക്കോടതി ഉൾപ്പെടെയുള്ള എല്ലാ കോടതികളും കോഴിക്കോട് ലാന്റ് ട്രൈബ്യൂണൽ അപ്പലേറ്റ് അതോറിറ്റിയുടെ ഉത്തരവ് ശരിവച്ചു. അതിനുശേഷം പ്രസ്തുത ഭൂമി ഗ്രൗണ്ട് റെന്റിന് ലഭിച്ചിരുന്ന ഗണപയ്യയുടെ അനന്തരാവകാശികൾ 17-8-2009-ൽ തളങ്കര വില്ലേജ് ഓഫീസർ മുമ്പാകെ കരം സ്വീകരിക്കണമെന്ന് അപേക്ഷ നൽകി. 19-8-2009-ൽ ഇവരിൽ നിന്ന് കരം സ്വീകരിക്കാൻ കാസർഗോഡ് തഹസീൽദാർ ഉത്തരവായി. അതനുസരിച്ച് അവരിൽനിന്നും കുടിശ്ശിക സഹിതം നികുതി സ്വീകരിക്കുന്നു. കരം സ്വീകരിച്ച് ആഴ്ചകൾക്കുള്ളിൽത്തന്നെ പ്രസ്തുത സ്ഥലം ഗണപയ്യയുടെ അനന്തരാവകാശികൾ, സജി സെബാസ്റ്റ്യൻ, കൃഷ്ണൻ നായർ, ഗോപിനാഥൻ നായർ എന്നിവർക്ക് വിൽക്കുന്നു.

ഇതിനെതിരെ 2010-ൽ കാസർഗോഡ് ഡി. വൈ.എഫ്.ഐ. ബ്ലോക്ക് കമ്മിറ്റി അന്നത്തെ മുഖ്യമന്ത്രിയായിരുന്ന എനിക്ക് പരാതി നൽകി. ആ പരാതി അന്വേഷിക്കാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടു. അന്നത്തെ ജില്ലാ കളക്ടറായിരുന്ന ശ്രീ. ആനന്ദ് സിംഗ് പ്രസ്തുത പരാതി പരിശോധിച്ച് നികുതി സ്വീകരിച്ചത് ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ നിർത്തിവയ്ക്കുകയും ഗ്രൗണ്ട് റെന്റിന് എടുത്ത ആളിന്റെ അനന്തരാവകാശികൾ പാട്ട വ്യവസ്ഥ ലംഘിച്ചതിനാൽ പാട്ടവ്യവസ്ഥ റദ്ദ് ചെയ്യുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്യുകയും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തഹസിൽദാർ ഏറ്റെടുക്കണമെന്നും നിർദ്ദേശിച്ചു.

ഈ ഉത്തരവിനെതിരെ സജി സെബാസ്റ്റ്യൻ ലാന്റ് റവന്യൂ കമ്മീഷണർ മുമ്പാകെ അപ്പീൽ സമർപ്പിച്ചു. അന്നത്തെ ലാന്റ് റവന്യൂ കമ്മീഷണറായിരുന്ന ശ്രീ. ടി. ഒ. സൂരജ്, 25-1-2013-ൽ കളക്ടറുടെ ഉത്തരവ് റദ്ദു ചെയ്തുകൊണ്ട് അപ്പീൽ കക്ഷികൾക്ക് സ്ഥലത്തിന്മേലുള്ള നിയമപരമായ അവകാശം അനുവദിച്ചു നൽകണമെന്നും തർക്കഭൂമി കണ്ടെത്തി നൽകുന്നതിന് സർവ്വേ അധികാരികൾക്ക് നിർദ്ദേശം നൽകണമെന്നും ഉത്തരവിട്ടു. ഇതിനെത്തുടർന്ന് സർവ്വേ നടത്തി കോട്ടയുടെ മകുടം ഉൾപ്പെടുന്ന 13 സെന്റ് ഭൂമി മാത്രം മാറ്റി ബാക്കി ശ്രീ. സജി സെബാസ്റ്റ്യനും കൂട്ടാളികൾക്കും പതിച്ചു നൽകാൻ തീരുമാനിച്ചിരിക്കുകയാണ്.

ഈ നടപടി നിയമപരമായി യാതൊരു അടിസ്ഥാനവുമില്ലാത്തതാണ്. കോടിക്കണക്കിന് രൂപ വില വരുന്ന സർക്കാരിന്റെ ഭൂമി കൈക്കൂലി വാങ്ങികൊണ്ട് യാതൊരവകാശവുമില്ലാത്തവർക്ക് തീറെഴുതി കൊടുക്കുവാനുള്ള തീരുമാനം അടിയന്തരമായി റദ്ദ് ചെയ്യണമെന്നും ഇക്കാര്യത്തിൽ സമഗ്രമായ ഒരന്വേഷണത്തിന് ഉത്തരവിടണമെന്നും ഞാൻ ആവശ്യപ്പെടുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, കാസർഗോഡ് ജില്ലയിലെ തളങ്കര വില്ലേജിൽ 27/6, 27/7, 27/10, 27/13, 27/14, 28/2 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട 4.80 ഏക്കർ ഭൂമിയാണ് ഈ സബ്മിഷന് ആധാരമായി ഇവിടെ പറഞ്ഞിട്ടുള്ളത്. 30-9-1909-ലെ മദ്രാസ് ബോർഡ് ഓഫ് റവന്യൂവിന്റെ റെസല്യൂഷൻ പ്രകാരമാണ് ടി സ്ഥലം ഗണപയ്യ എന്ന ആൾക്ക് ഗ്രൗണ്ട് റെന്റിന് നൽകിയിട്ടുള്ളത്. ഇതിനാസ്പദമായ വ്യവസ്ഥകളിൽ സ്ഥലം പരമ്പരാഗതമായി കൈമാറുന്നതിനും സബ്‌ലീസ് ചെയ്യുന്നതിനും മാത്രമേ അനുവാദം നൽകിയിരുന്നുള്ളൂ. എന്നാൽ കൈമാറ്റം ചെയ്യുവാൻ യാതൊരു വ്യവസ്ഥയും ഇല്ലാത്തതാണ്. ഗണപയ്യയുടെ മരണശേഷം ടി സ്ഥലം അദ്ദേഹത്തിന്റെ അനന്തരാവകാശികളിൽ ഒരാളായ

ശ്രീ. സജ്ജീവ് റാവുവിന് ലഭിച്ചു. ടിയാൻ ഇത് ആ ഭൂമിയിലെ താമസക്കാരനായ അമ്മു പൂജാരിയുടെ പിതാവിന് 1956-ൽ സബ്‌ലീസ് ചെയ്തു. അമ്മു പൂജാരി 1971-ൽ ഈ ഭൂമിക്ക് ലാന്റ് ട്രിബ്യൂണലിൽനിന്നും പട്ടയം പിടിച്ചു. ഈ ഉത്തരവിനെതിരെ ഗണപയ്യയുടെ പൗത്രനായ ശ്രീ. രമേശറാവു കോഴിക്കോട് അപ്പലേറ്റ് അതോറിറ്റി മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുകയും അപ്പീൽ അനുവദിച്ചുകൊണ്ട് ടി സ്ഥലം സർക്കാർ സ്ഥലമാണെന്ന് വ്യക്തമാക്കുകയും ചെയ്തു. തുടർന്ന്, സബ് കോടതിയും ജില്ലാ കോടതിയും ബഹുമാനപ്പെട്ട ഹൈക്കോടതിയും ഈ വിധി ശരിവയ്ക്കുകയുണ്ടായി. പിന്നീട് ഗണപയ്യയുടെ പൗത്രന്മാരിലൊരാൾ കാസർഗോഡ് തഹസീൽദാരിൽ നിന്നും 2009-ൽ ടി ഭൂമിക്ക് കരമൊടുക്കിയശേഷം ടി ഭൂമി സജി സെബാസ്റ്റ്യൻ, കൃഷ്ണൻ നായർ, ഗോപിനാഥൻ നായർ എന്നിവർക്ക് വിൽപ്പന നടത്തുകയുണ്ടായി. എന്നാൽ 2010-ൽ ഈ കൈമാറ്റം അനധികൃതമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് കരം സ്വീകരിച്ച തഹസീൽദാരുടെ ഉത്തരവ് അസ്ഥിരപ്പെടുത്തുകയും ടി ഭൂമി സർക്കാർ ഭൂമിയാണെന്ന് വ്യക്തമാക്കുകയും ചെയ്തു. ഈ ഉത്തരവിനെതിരെ ഭൂമി വാങ്ങിയ കക്ഷികൾ ലാന്റ് റവന്യൂ കമ്മീഷണർക്ക് അപ്പീൽ നൽകുകയും 25-1-2013-ലെ ഉത്തരവുപ്രകാരം അപ്പീൽ അനുവദിക്കുകയും ചെയ്തു. ടി ഭൂമി അളക്കുന്നതിനും കൈവശക്കാരുടെ അവകാശം സ്ഥാപിക്കുന്നതിനും ഉത്തരവായി. എന്നാൽ ഈ ഉത്തരവ് ഇതുവരെയും ജില്ലാ കളക്ടർ നടപ്പാക്കിയിട്ടില്ല. കാരണം, ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ കണ്ടെത്തലിന് വിരുദ്ധമായിട്ടാണ് കമ്മീഷണറുടെ ഉത്തരവ് വന്നിട്ടുള്ളത്. കാസർഗോഡ് കോട്ടയുടെ ഭൂമി സർക്കാർ ഭൂമിയായിത്തന്നെ ഇപ്പോഴും തുടരുകയാണ്. കാസർഗോഡ് തഹസീൽദാരുടെ കൈവശത്തിലാണ് ഈ ഭൂമി ഇപ്പോഴും ഇരിക്കുന്നത്. അങ്ങ് ആശങ്കപ്പെടുന്നതുപോലെ ഒരു കാരണവശാലും സർക്കാരിന്റെ ഭൂമി അനധികൃതമായി മറ്റ് ആളുകൾക്ക് ലഭ്യമാക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാവുകയില്ലായെന്ന് ഞാൻ ഉറപ്പുതരികയാണ്. ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന പല ആളുകളുമുണ്ട്. അവരുടെ ലക്ഷ്യം അങ്ങ് പറഞ്ഞതുപോലെ കുറഞ്ഞ വിലയ്ക്ക് ഈ ഭൂമി വാങ്ങുകയും കൂടിയ വിലയ്ക്ക് ഭൂമി വിൽപ്പന നടത്തുകയെന്നതുമാണ്. ഏതാണ്ട് 22 കോടി രൂപയോളം വിലവരുന്ന ഭൂമിയാണെന്ന് അങ്ങുതന്നെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിന്റെ പിന്നിൽ നിന്നുകൊണ്ട് പ്രവർത്തിക്കുന്നത് ആര് എന്നത് ഇവിടെ പ്രസക്തമല്ല, ആരാണെങ്കിലും അത്തരക്കാർക്ക് പ്രോത്സാഹനം നൽകുന്ന നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകില്ലായെന്ന് ഞാൻ അങ്ങേക്ക് ഈ അവസരത്തിൽ ഉറപ്പുതരികയാണ്.

## 2. ബോണക്കാട് എസ്റ്റേറ്റ് തൊഴിലാളികൾക്ക് സൗജന്യ റേഷൻ

ശ്രീ. കെ. എസ്. ശബരീനാഥൻ : സർ, എന്റെ നിയോജക മണ്ഡലമായ അരുവിക്കരയിലെ ഏറ്റവും പ്രാധാന്യം അർഹിക്കുന്നതും പിന്നോക്കം നിൽക്കുന്നതും അതുപോലെ പ്രകൃതിയോട് ഇണങ്ങിച്ചേർന്നു നിൽക്കുന്നതുമായ ഒരു പ്രദേശമാണ് വിതുര പഞ്ചായത്തിലെ ബോണക്കാട് എസ്റ്റേറ്റ്. ഏകദേശം ആയിരത്തി നാനൂറോളം ഏക്കറുള്ള മഹാവീർ പ്ലാന്റേഷൻസ് നടത്തുന്ന ഈ എസ്റ്റേറ്റിൽ ഇപ്പോൾ അവശേഷിക്കുന്നത് ഏകദേശം 462 തൊഴിലാളികളും അവരുടെ കുടുംബങ്ങളുമാണ്. ഇതിൽ പലരും എസ്റ്റേറ്റിലും എസ്റ്റേറ്റിന് ചുറ്റുമുള്ള വിജനപ്രദേശത്തും ജീവിക്കുന്നവരാണ്. ഈ എസ്റ്റേറ്റ് മഹാവീർ പ്ലാന്റേഷൻസിന് മുന്നോട്ടു കൊണ്ടുപോകാൻ കഴിയാത്തതുകൊണ്ട് ഇവരുടെ കാര്യം വളരെ കഷ്ടമാണ്. ഞങ്ങൾ പല റിപ്പോർട്ടുകളും പരിശോധിച്ച് നോക്കിയപ്പോൾ 1998 മുതൽ മാനേജ്മെന്റ് പലർക്കും ഗ്രാറ്റുവിറ്റി നൽകിയിട്ടില്ല. അതുപോലെതന്നെ ഇവരുടെ പി.എഫ്-ന്റെ കാര്യം നോക്കുകയാണെങ്കിൽ എംപ്ലോയീസ് കോൺട്രിബ്യൂഷൻ എടുത്തിട്ടുണ്ടെങ്കിലും ഇതുവരെ കമ്പനി പി.എഫ്.-ന്റെ സെറ്റിൽമെന്റൊന്നും ചെയ്തിട്ടില്ല. ഈയൊരു ദുരവസ്ഥ കണ്ട് നമ്മുടെ സർക്കാർ പല സമയങ്ങളിലും ഇവർക്ക് സൗജന്യ റേഷനും ഓണക്കാലത്ത് അലവൻസും നൽകിയിട്ടുണ്ട്. പക്ഷെ 2014 ഒക്ടോബർ മാസത്തിൽ എസ്റ്റേറ്റ് വീണ്ടും പ്രവർത്തനമാരംഭിച്ചപ്പോൾ ഇവർക്ക് സൗജന്യ റേഷൻ കൊടുക്കുന്നത് നിറുത്തി. ഇന്നത്തെ അവസ്ഥ നോക്കുകയാണെങ്കിൽ എസ്റ്റേറ്റ് പുനരാരംഭിച്ചുവെങ്കിലും മൂന്നുനാലു മാസം ശമ്പളം കൊടുക്കാൻ കഴിയാത്തതുകൊണ്ട് അവിടത്തെ തൊഴിലാളികൾക്ക് ഇപ്പോൾ പണിയില്ല, ശമ്പളവുമില്ല. അടുത്ത മാസം ഓണം വരികയാണ്. ഈയൊരു പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഇവർക്കെല്ലാപേർക്കും സൗജന്യ റേഷൻ കൊടുക്കാനും ഓണത്തിന് പ്രത്യേക അലവൻസ് കൊടുക്കാനുമുള്ള നടപടി സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. അതിനോടൊപ്പം ഇതിനൊരു ശാശ്വത പരിഹാരമുണ്ടാകണമെങ്കിൽ ഈ എസ്റ്റേറ്റ് സർക്കാർ തന്നെ ഏറ്റെടുത്ത് അത് മുന്നോട്ടു കൊണ്ടുപോകാനുള്ള നടപടി സ്വീകരിക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : സർ, പുതുതായി നിയമസഭയിലേക്ക് കടന്നുവന്ന ഒരു യുവ എം.എൽ.എ. തന്റെ ആദ്യത്തെ സബ്മിഷനിൽത്തന്നെ ഏറ്റവും ദുരിതമനുഭവിക്കുന്ന തൊഴിലാളികളുടെ പ്രശ്നം ഉന്നയിച്ചതിന് അദ്ദേഹത്തെ ഞാൻ അഭിനന്ദിക്കുകയാണ്. നമുക്കൊക്കെ പ്രതീക്ഷയേകുന്ന ഒരു നടപടിയായിട്ടാണ് ഞാൻ ഇതിനെ കാണുന്നത്. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഞാനും ബോണക്കാട് എസ്റ്റേറ്റ് സന്ദർശിക്കുകയുണ്ടായി. ഇവിടെ സൂചിപ്പിച്ചതുപോലെ

1998 മുതൽ ആരംഭിച്ച പ്രശ്നങ്ങളും 1999-ൽ ഒരു പട്ടിണി മരണം കൊണ്ട് കേരളത്തിൽ ശ്രദ്ധപിടിച്ചുപറ്റിയതുമായ സ്ഥലമാണ് ബോണക്കാട്. നമ്മുടെ നിയമ സംവിധാനത്തിന്റെ പോരായ്മയാണ് അവിടെ കാണുന്നത്. ഏതെങ്കിലുമൊരു ഗവൺമെന്റിന്റെ ആത്മാർത്ഥതക്കുറവല്ല. മാറിമാറി വരുന്ന ഗവൺമെന്റുകൾ ഭരിച്ചെങ്കിലും ഇങ്ങനെയുള്ള മാനേജ്മെന്റുകളെ നിലയ്ക്കുനിർത്താൻ സാധിക്കാത്ത നിയമത്തിന്റെ ദൗർബല്യം മുതലെടുക്കുന്ന ഒരു സാഹചര്യമാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം നിരവധി കേസുകൾ നെടുമങ്ങാട് കോടതിയിൽ നിലനിൽക്കുകയാണ്. കേസ്സുകൾ എടുക്കാത്തതല്ല, നമ്മൾ പരിശോധനകളൊക്കെ നടത്തുന്നുണ്ട്. പക്ഷെ, അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവർ ആലോചിക്കേണ്ട ഒരു കാര്യം, നമ്മുടെ ട്രേഡ് യൂണിയനിലെല്ലാം മുൻപന്തിയിൽ നിൽക്കുന്നവരായിട്ടുപോലും അവിടെ ചെന്നുകണ്ടപ്പോഴാണ് കേരളത്തിൽ ഇത്രയും പട്ടിണിയിലും ദാരിദ്ര്യത്തിലും ഒരു വിഭാഗം കഴിയേണ്ടിവരുന്നു എന്നുള്ള വസ്തുത തിരിച്ചറിഞ്ഞത്. ഒരു മന്ത്രിക്ക് ഒരു എസ്റ്റേറ്റ് ഇങ്ങനെ തെരഞ്ഞെടുപ്പു വരുമ്പോഴല്ലേ പോയി കാണാൻ സാധിക്കുകയുള്ളൂ. ഗവൺമെന്റിന് ലഭിച്ചുകൊണ്ടിരുന്ന റിപ്പോർട്ട് പലപ്പോഴും ഭാഗികമായി തുറന്നിരിക്കുന്നു, അവിടെ പണി നടക്കുന്നു എന്നാണ്. ഒരു തൊഴിലാളി അവിടെ കൊണ്ടുപോയി ഫാക്ടറിയെന്നു പറയപ്പെടുന്ന ആ കെട്ടിടം കാണിച്ചപ്പോൾ അത് പൊളിഞ്ഞു വീഴാറായി നിൽക്കുന്നൊരവസ്ഥയാണ് കാണാൻ കഴിഞ്ഞത്. അങ്ങനെയൊരു ഫാക്ടറി വർക്കു ചെയ്തിട്ട് കാര്യമില്ല. നമ്മളെയൊക്കെ ലജ്ജിപ്പിക്കുന്ന അതിദയനീയമായൊരു സാഹചര്യമാണ്. ബഹുമാനപ്പെട്ട കെ. എസ്. ശബരീനാഥന്റെ നോട്ടീസ് കിട്ടിയപ്പോൾ തന്നെ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻ (സി.ഐ.പി.) അടക്കം എല്ലാ വിഭാഗങ്ങളിലേയും ആൾക്കാർ ചേർന്ന് നാളെ സംയുക്തമായി അവിടെ പരിശോധന നടത്താൻ തീരുമാനിച്ചു. കഴിഞ്ഞ ഒക്ടോബർ മാസം ഗവൺമെന്റിന്റെ മുമ്പിൽ ഈ പ്രശ്നം വന്നപ്പോൾ വലിയ പരിശ്രമങ്ങൾക്കുശേഷമാണ് മാനേജ്മെന്റിനെക്കൊണ്ടുവന്ന് തോട്ടം തുറന്നു പ്രവർത്തിപ്പിച്ചത്. മേയ് മാസമായപ്പോൾ അവർ കളഞ്ഞിട്ടുപോയി. മൂന്നുമാസത്തെ ശമ്പളം കൊടുക്കാതെ മുങ്ങിയിരിക്കുകയാണ്. ഇതെല്ലാംകൂടി കണക്കിലെടുത്ത് നമ്മുടെ നിയമവ്യവസ്ഥയിൽ നിന്നുകൊണ്ട് ചെയ്യാവുന്ന എല്ലാ കർശനമായ നിലപാടുകളും കൈക്കൊള്ളും. അദ്ദേഹം സൂചിപ്പിച്ച സൗജന്യ റേഷന്റെ കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുൾപ്പെടെയുള്ളവർ തീരുമാനിക്കേണ്ടതാണ്. തീർച്ചയായും കേരളത്തിൽ ഏതെങ്കിലും ഒരു വിഭാഗത്തിന് സൗജന്യ റേഷന് അർഹതയുണ്ടെങ്കിൽ അത് ഈ വിഭാഗം തന്നെയാണ് എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. പ്ലാന്റേഷൻ റിലീഫ് കമ്മിറ്റിയുടെ പ്രവർത്തനങ്ങളെ

കുറിച്ച് പറയുകയാണെങ്കിൽ അവിടെ കുറച്ച് അപേക്ഷകളുണ്ട്. വിദ്യാഭ്യാസ ധനസഹായം, മാരകരോഗ ചികിത്സാ ധനസഹായം, വിവാഹ ധനസഹായം തുടങ്ങിയവയുടെ അപേക്ഷകൾ പെൻഡിംഗാണ്. അടിയന്തരമായി പ്ലാന്റേഷൻ റിലീഫ് കമ്മിറ്റി വിളിച്ചുകൂട്ടി അത് വിതരണം ചെയ്യുന്നതിനുള്ള നടപടിയെടുക്കും. ഇതുകൂടാതെ കുടിവെള്ളത്തിനുവേണ്ടി 25 ലക്ഷം രൂപ ലേബർ ഡിപ്പാർട്ടുമെന്റിൽ നിന്ന് അനുവദിച്ചു. അതിന്റെ വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. ലയം നന്നാക്കാൻ 35 ലക്ഷം രൂപ കൊടുത്തിരുന്നു. അത് പര്യാപ്തമല്ലായെന്നു പറഞ്ഞതുകൊണ്ട് ഈ വർഷം 50 ലക്ഷം രൂപ കൂടി കൊടുത്തിട്ടുണ്ട്. അതുപയോഗിച്ച് ലയങ്ങളുടെ പണി പുരോഗമിക്കും. ഇതിനൊരു ശാശ്വത പരിഹാരമെന്നുള്ള നിലയാണ് തോട്ടം ഏറ്റെടുക്കൽ എന്ന് പറയുന്നത്. നേരത്തെ ശ്രീമതി ഇ. എസ്. ബിജിമോൾ ഇവിടെ സൂചിപ്പിച്ചതുപോലെ പീരുമേട് റ്റീ കമ്പനി കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കേന്ദ്ര ഗവൺമെന്റ് ഏറ്റെടുത്തു. പക്ഷെ കോടതിയിൽ ചെന്നപ്പോൾ അത് നിലനിന്നില്ല. റ്റീ ആക്ട് പ്രകാരമാണ് ഏറ്റെടുക്കാൻ കഴിയുന്നത്. റ്റീ മാത്രമുള്ള എസ്റ്റേറ്റായ പീരുമേട് റ്റീ കമ്പനി ഏറ്റെടുത്തിട്ടുപോലും നിയമത്തിന്റെ മുമ്പിൽ നിലനിന്നില്ല, അതിന്റെ മുതലാളിക്ക് അനുകൂലമായ വിധിയാണ് കോടതിയിൽനിന്ന് ലഭിച്ചത്. ഈ പശ്ചാത്തലത്തിൽ പഴുതുകൾ അടച്ചുകൊണ്ട് ഈ തോട്ടം ഏറ്റെടുക്കാനുള്ള സാധ്യതകളെന്തൊക്കെയെന്ന് മേയ് മാസത്തിൽ തന്നെ ക്യാബിനറ്റ് തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ലേബർ സെക്രട്ടറിയെയും വിവിധ വകുപ്പ് സെക്രട്ടറിമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. അവർ അതിന്റെ നടപടിക്രമങ്ങളുമായി മുന്നോട്ടുപോയിരിക്കുകയാണ്. ഏറ്റവുമൊടുവിൽ കളക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അത് ഉന്നയിക്കാൻ രണ്ടാഴ്ച സമയം കൊടുത്തു കൊണ്ടുള്ള പരസ്യം പത്രങ്ങളിൽ വരാൻ പോകുകയാണ്. അതിന്റെ നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുമ്പോൾ തന്നെ ഇത് ഏറ്റെടുക്കുന്നതിന്റെ നിയമസാധുത കൂടുതൽ പഠിക്കേണ്ടതുണ്ട്. ഗവൺമെന്റ് എന്തായാലും ഇത് ഏറ്റെടുക്കുന്ന നടപടിയുമായി മുന്നോട്ടുപോകാൻ തീരുമാനിച്ചിരിക്കുകയാണ്. അതിനുമുമ്പ് താല്ക്കാലിക ആശ്വാസമെന്ന നിലയിൽ ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച ആവശ്യങ്ങളെല്ലാം, സൗജന്യ റേഷനടക്കമുള്ളവ ഗവൺമെന്റ് അനുഭാവപൂർവ്വം പരിഗണിക്കുന്നതായിരിക്കും.

മി. സ്പീക്കർ : സൗജന്യ റേഷൻ അനുവദിക്കുമെന്നാണോ പറഞ്ഞത് ?

ശ്രീ. ഷിബു ബേബി ജോൺ : സർ, അത് തീരുമാനിക്കേണ്ടത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി, തൊഴിൽ വകുപ്പുമന്ത്രി പറഞ്ഞത് സൗജന്യ റേഷന്റെ കാര്യത്തിലൊരു തീരുമാനം പറയേണ്ടത് അങ്ങാണെന്നാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, സൗജന്യ റേഷൻ അനുവദിക്കുന്നതാണ്. അത് ഈ സഭയിൽ ശ്രീ. കെ. എസ്. ശബരീനാഥന്റെ ആദ്യത്തെ റിക്വസ്റ്റാണ്. ഏറ്റെടുക്കുന്ന കാര്യത്തെ സംബന്ധിച്ചും ഫലപ്രദമായ ഒരു പ്രൊപ്പോസൽ തൊഴിൽ വകുപ്പുമന്ത്രി കൊണ്ടുവരട്ടെ. ആ സമയത്ത് അത് പരിശോധിക്കും.

## 3. നെല്ലിയാമ്പതി സി.ബി.ഐ. അന്വേഷണ റിപ്പോർട്ട്

ശ്രീ. പി. സി. ജോർജ് : സർ, 267 കുടുംബങ്ങളെ രക്ഷിക്കാനുള്ള അവസരം ഈ സഭയിൽ ഒരുക്കിയെന്നതിൽ ശ്രീ. കെ. എസ്. ശബരീനാഥനെ ഞാൻ അഭിനന്ദിക്കുകയാണ്. ഞാനും ആ സ്ഥലത്ത് പോയതാണ്. കഴിഞ്ഞ 17 വർഷ കാലമായി ആരും തിരിഞ്ഞുനോക്കാതിരുന്ന തൊഴിലാളികളെ ഇപ്പോഴെങ്കിലും തിരിഞ്ഞുനോക്കാൻ ഒരു ചെറുപ്പക്കാരൻ ഉണ്ടായതിൽ ഞാൻ അഭിമാനം കൊള്ളുന്നു, അദ്ദേഹത്തെ അഭിനന്ദിക്കുന്നു. ഞാൻ നേരിട്ടും അഭിനന്ദനം അറിയിച്ചിട്ടുണ്ട്. ശ്രീ. കെ. എസ്. ശബരീനാഥനോട് എനിക്ക് പറയാനുള്ളത്, ഞാൻ ഇവിടെ പറയുന്നതുകൂടി കേട്ടിട്ട് പ്രവർത്തിക്കണമെന്നാണ്. ഈ സഭയിൽ ഞാൻ ഒറ്റപ്പെട്ടു. ഏതാണ് സംഭവമെന്നറിയാമോ ? നെല്ലിയാമ്പതിയിലെ എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട 5 കൃഷിക്കാരുടെ (ഡോ. ഇസ്മായിൽ ഉൾപ്പെടെയുള്ളവരുടെ തോട്ടം) 12 ഏക്കർ ഭൂമിയുള്ള തോട്ടം ഫോറസ്റ്റുകാർ കൈയേറ്റം ചെയ്തു. അത് തെറ്റാണെന്നു പറഞ്ഞപ്പോൾ ഞാൻ കൊടുത്ത നിവേദനം മരിച്ചവരുടേതാണെന്നു പറഞ്ഞ് എന്നെ അപമാനിച്ച വനം വകുപ്പുമന്ത്രി ഈ സഭയിലുണ്ടായിരുന്നു. അതിനനുകൂലമായി ഈ സഭയിലെ ന്യൂജനറേഷൻ എം.എൽ.എ.-മാർ എന്നെ കുറ്റക്കാരനാക്കി. ഭരണകക്ഷിയുടെ ഭാഗമെന്ന നിലയിൽ പ്രതിപക്ഷവും എന്നെ കുറ്റപ്പെടുത്തി. ഞാൻ വേദനയോടെ അന്ന് ഈ സഭയിൽ സത്യം ചെയ്തു പറഞ്ഞു. ഇത് ജണ്ടയിട്ടതിനു പുറത്തുള്ള ഭൂമിയാണ്, ഇത് വനം വകുപ്പിന്റെ റൗഡിസമാണ്. അന്ന് ഞാൻ ഒറ്റപ്പെട്ടു, എന്നെ സഹായിക്കാൻ ആരും ഇല്ലായിരുന്നു. അപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സി.ബി.ഐ. എൻക്വയറി ഇട്ടു. എൻക്വയറി ഇട്ടാൽ അതിന്റെ റിപ്പോർട്ട് സഭയിൽ വയ്ക്കണ്ടേ ? സി.ബി.ഐ. റിപ്പോർട്ട് കിട്ടിയെന്ന് ഞാൻ മനസ്സിലാക്കി. അതിന്റെ പ്രസക്ത ഭാഗങ്ങൾ ഈ സഭയിൽ പറയാനുള്ള സാമാന്യ മര്യാദ പ്രകടിപ്പിച്ച് ഞാൻ പറഞ്ഞത് സത്യമാണോ കള്ളമാണോയെന്ന് കേരളത്തോടും ഈ സഭയോടും പറയാനുള്ള മാന്യത ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പ്രകടിപ്പിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. എൻ. എ. ഖാദർ]

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, വളരെ സുപ്രധാനമായ കാര്യമാണ് ശ്രീ. പി. സി. ജോർജ് ഇവിടെ ഉന്നയിച്ചത്. സി.ബി.ഐ.-യുടെ അന്വേഷണ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്ന കീഴ്‌വഴക്കമില്ല. കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ട് അനുസരിച്ചുള്ള എൻക്വയറി നടത്തിക്കഴിഞ്ഞാൽ മാത്രമേ ചട്ട പ്രകാരം കേരള നിയമസഭയുടെ മേശപ്പുറത്ത് ആ റിപ്പോർട്ട് വയ്ക്കേണ്ടതുള്ളൂ. സി.ബി.ഐ. റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചു. സാധാരണഗതിയിൽ സി.ബി.ഐ. റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചു കഴിഞ്ഞാൽ ആഭ്യന്തര വകുപ്പ് അതനുസരിച്ചുള്ള നടപടികൾ കൈക്കൊള്ളുകയാണ് ചെയ്യാറുള്ളത്. അങ്ങ് ഇവിടെ പറഞ്ഞതുപോലെ കേരളത്തെ പിടിച്ചുകുലുക്കിയ വളരെ വിവാദമായ ഒരു ഇഷ്യൂ ആയിരുന്ന നെല്ലിയാമ്പതി മേഖലയിലെ വനഭൂമി വ്യാജരേഖകൾ ചമച്ച് പണയപ്പെടുത്തി ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്ത സംഭവങ്ങളുമായി ബന്ധപ്പെട്ടത്. പാലക്കാട് ജില്ലയിലെ പാടഗിരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിരുന്ന 5/2012, 6/12, 7/12, 8/12, 9/12, 10/12 എന്നീ കേസുകളിൽ കേന്ദ്ര പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങളിലെയും സർക്കാർ വകുപ്പിലെയും ഉദ്യോഗസ്ഥർ പ്രതികളാക്കപ്പെടുകയും ഗുരുതരമായ കൃത്രിമരേഖ ചമച്ചതായും ഗൂഢാലോചന നടന്നതായി സംശയിക്കപ്പെടുകയും ചെയ്തതായും ആയിരക്കണക്കിന് സർക്കാർ ഭൂമി നഷ്ടപ്പെട്ട് പോയേക്കുമെന്നും സംശയിച്ച സാഹചര്യത്തിൽ സത്യസന്ധമായി അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതിനുവേണ്ടി പരാമർശ കേസുകൾ സി.ബി.ഐ.-ക്ക് കൈമാറിക്കൊണ്ട് 12-6-2013-ൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. 21-3-2012-ലെ അന്നത്തെ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ പരാതിയിൽ ആരോപിച്ചിരുന്നതു പോലെയുള്ള നിയമവിരുദ്ധമായ കൈയ്യേറ്റങ്ങളോ അനധികൃത കൈവശം വയ്ക്കലോ നടന്നിട്ടുണ്ടോ എന്നതാണ് സി.ബി.ഐ. അന്വേഷിച്ചത്. സി.ബി.ഐ.-യുടെ കണ്ടെത്തലിന്റെ റിപ്പോർട്ടിലെ കൺക്ലൂഷൻ ഞാൻ വായിക്കാം. " The investigation disclosed that the allegations raised in the complaints dated 21-3-2012 of the then Chief Forest Conservator, Eastern Circle, Olavakkode, Palakkad against the lease holders of these estates of Nelliyampathy are found to be not substantiated. The acts and disputes are basically civil in nature and no criminal offences are made out from the acts on the part of the various lease holders. It is disclosed that lease holders had only mortgaged their lease hold rights of the estate land under

cultivation of coffee, rubber, cardamom etc. for the purpose of availing loans. Though it is a fact that none of the present lease holders of these estates are the successors or legal heirs of the original lessees. There is no patent illegality involved in mortgaging the lease hold rights by them for availing crop loans from the banks and financial institution. It is also observed that in all estates the lease hold rights are transferred over a period of time from holders to holders. All these banks and financial institutions (M/s. KSIDC) had extended the facilities to the lease holders by accepting the lease hold rights and sufficient security and had accepted mortgage on the lease hold property which was found legally enforceable. The loans were sanctioned by the competent authority on basis of legal opinion furnished by their legal advisors. The equitable mortgage created by the borrowers in favour of the banks were invoked by them for recovering of the outstanding loan amount from the defaulters. Investigation also revealed that other than banks mentioned in FIR, lease holders over a period of time took loans from many banks including public sector banks and the loans were settled in time. Investigation also transpired that in none of the cases, the concerned Village Office records were either manipulated or false information were furnished to facilitate these lease holders. ഞാൻ എല്ലാ ഭാഗവും വായിക്കുന്നില്ല, പ്രസക്ത ഭാഗം മാത്രം വായിക്കാം. Similarly no documents of the registration department SRO were found to be manipulated or fabricated. Whereas the assignment deeds pertaining to the sale/transfer of the lease hold rights were registered in the SRO's as per the provisions of Indian Registration Act, 1908. There is no circumstances to substantiate the allegations that the lease holders had colluded with Registration authorities. Investigation disclosed that Forest Department had taken enormous time in taking the appropriate steps for carrying out survey and demarcation of vested forest from the exempted cultivated land and also restoration of land exempted from vesting in the rightful owners which resulted in successive transfer assignments of the lease hold rights, even though the Forest Department has been collecting

quit rents from the lease holders and revenue authorities were collecting basic taxes and plantation taxes from the lease holders. Therefore the Forest Department cannot feign ignorance of the existence of these lease holders on these estates and on these premise investigation could not substantiate the allegation of encroachment/trespass into the Government forest land by accused lease holds. Further, in none of the original lease deeds, it was specified that the lessees were not authorized to mortgage the lease hold rights for obtaining loan from bank and financial institutions. Investigation disclosed that lessees had availed loans for crop development in the respective land in which they had the lease hold rights.

Since the allegations are not substantiated, final report were submitted in all these cases in the Court for the closure of these cases as the matter involved is only civil in nature. The Government record has to be updated and in consistencies in the records pertaining to Nelliyampathy Estates need to be corrected, by adopting the right procedure to avoid prolonging litigations in this matter. The extend of actual holding of the land by estate holders and what is there on record can be matched only after proper a survey and demarcation of the boundaries." സി.ബി.ഐ.-യുടെ റിപ്പോർട്ടിൽ വളരെ വ്യക്തമായി പറയുന്നത് ലീസ് ഓണേഴ്സിന്റെ റൈറ്റിനെ സംബന്ധിച്ചിടത്തോളം അത് കോടതിയിൽ നടക്കുന്ന സിവിൽ നേച്ചറുള്ള കേസ്സാണ്. അതേസമയം ഇവർ ബാങ്കിൽനിന്നും കെ.എസ്.ഐ.ഡി.സി.-യിൽ നിന്നുമൊക്കെ ലോൺ എടുത്തതിൽ നിയമപരമായ യാതൊരു തെറ്റുമില്ലെന്നും രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റുമായോ വനം വകുപ്പുദ്യോഗസ്ഥൻമാരുമായോ മാനുപ്പുലേറ്റ് ചെയ്ത് ലോൺ എടുത്തിട്ടുള്ളതല്ലായെന്നും സി.ബി.ഐ.-യുടെ റിപ്പോർട്ടിൽ തെളിഞ്ഞിരിക്കുകയാണ്. ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ പരാതിയിൽ ആരോപിച്ചതുപോലുള്ള നിയമവിരുദ്ധമായ കയ്യേറ്റങ്ങളോ, അനധികൃതമായ കൈവശം വയ്ക്കലോ നടന്നിട്ടുള്ളതായി സി.ബി.ഐ.-യുടെ അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല. കേസിനോടാസ്പദമായ വിഷയങ്ങൾ സിവിൽ സ്വഭാവമുള്ളതായി കാണുകയാൽ ഈ കേസുകൾ തീർപ്പുകൽപ്പിക്കാനുള്ള അന്തിമ റിപ്പോർട്ട് കോടതി മുൻപാകെ സി.ബി.ഐ. സമർപ്പിച്ചിട്ടുള്ളതാണ്. ഈ വിഷയം സംബന്ധിച്ച് വിവിധ കോടതികളിൽ കാലാകാലങ്ങളായി നിലനിൽക്കുന്ന ഹർജികൾ ഒഴിവാക്കിക്കൊണ്ട് ശരിയായ രീതിയിൽ സർവ്വേ നടത്തിയും അതിർത്തികൾ അടയാളപ്പെടുത്തിക്കൊണ്ടും സർക്കാർ രേഖകൾ കാലാനുസൃതമായി പുതുക്കേണ്ടതാണെന്നും സി.ബി.ഐ. റിപ്പോർട്ടിൽ

പറയുന്നുണ്ട്. സി.ബി.ഐ.-യുടെ അഭിപ്രായം കണക്കിലെടുത്ത് സർക്കാർ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ കർഷകർ ഇവിടെ നിന്നും ലോൺ എടുത്തതിനോ ഉടമസ്ഥാവകാശം കർഷകരിലിരുന്നുകൊണ്ട് അവർ ചെയ്യുന്ന പ്രവർത്തനങ്ങൾക്കോ യാതൊരു തടസ്സവുമില്ലായെന്നതാണ് സി.ബി.ഐ. രേഖപ്പെടുത്തിയിട്ടുള്ളത്.

## 4. സെക്ഷൻ ആഫീസും സബ്സ്റ്റേഷനും ആരംഭിക്കാൻ നടപടി

ശ്രീ. സണ്ണി ജോസഫ് : സർ, കഴിഞ്ഞ ദിവസങ്ങളിലുണ്ടായ കാറ്റിലും മഴയിലും ഒരുപക്ഷെ സംസ്ഥാനത്ത് എന്റെ നിയോജക മണ്ഡലത്തിൽ മാത്രം വൈദ്യുതി വിതരണത്തിന് ഏറ്റവുമധികം തടസ്സം നേരിട്ടു. ഇരിട്ടി ഡിവിഷനിൽ എച്ച്.റ്റി. പോസ്റ്റുകൾ പൊട്ടിപോയത് 119, എൽ.റ്റി. പോസ്റ്റുകൾക്ക് നാശനഷ്ടം വന്നത് 593, എച്ച്.റ്റി. ലൈൻ 13 കി.മീറ്റർ, എൽ.റ്റി. ലൈൻ 545 കി.മീറ്റർ, ട്രാൻസ്ഫോർമറുകൾ 4 എണ്ണം. ഇതുപരിഹരിക്കുന്നതിന് ഒരാഴ്ച സമയമെടുത്തു. ഒരാഴ്ചയിൽ കൂടുതൽ വൈദ്യുതി വിതരണം നിലച്ച പ്രദേശങ്ങളുമുണ്ടായിരുന്നു. അതിനെ സംബന്ധിച്ച് പ്രാദേശികമായ പത്രവാർത്തകൾ വന്നു. ഞാൻ തന്നെ നിയോജക മണ്ഡലാടിസ്ഥാനത്തിൽ യോഗം വിളിച്ചുകൂട്ടിയിരുന്നു. അപ്പോൾ ഉയർന്നുവന്നകാര്യം പല സെക്ഷനുകളിലും പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ അഭാവമാണ്. നിലവിലുള്ള പോസ്റ്റിൽ തന്നെ മതിയായ ജീവന ക്കാരില്ലാത്ത സാഹചര്യമാണ്. ഈ പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കുന്നതിനു വേണ്ടി അവിടത്തെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ചില സെക്ഷനുകൾ വിഭജിച്ച് പുതിയ വള്ളിത്തോട് സെക്ഷൻ ആഫീസ് രൂപീകരിക്കണമെന്ന ആവശ്യം വളരെ ശക്തമാണ്. നിലവിലുള്ള ഇരിട്ടി സെക്ഷനിൽ ഏഴ് പഞ്ചായത്തുകളിലെ പ്രദേശമാണ് വരുന്നത്. ഏഴ് പഞ്ചായത്ത് പ്രദേശത്ത് 105 സ്ക്വയർ കിലോമീറ്റർ വിസ്തൃതിയിൽ ഇരുപതിനായിരത്തിലധികം കൺസ്യൂമേഴ്സ് ഒരു സെക്ഷന്റെ കീഴിൽ വരുന്നു. ഏഴ് പഞ്ചായത്ത് പ്രദേശത്ത് 105 സ്ക്വയർ കിലോമീറ്റർ വിസ്തൃതിയിൽ ഒരു സെക്ഷൻ ആഫീസ് പ്രവർത്തിക്കുമ്പോൾ വൈദ്യുതി വിതരണത്തിലുണ്ടാകുന്ന തടസ്സങ്ങളും പ്രശ്നങ്ങളും പരിഹരിക്കാൻ സാധിക്കുന്നില്ല. പുതിയ പഞ്ചായത്ത് രൂപീകരിച്ചിട്ടുള്ള വള്ളിത്തോട് ആസ്ഥാനമായി സമീപ സെക്ഷൻ ആഫീസുകളെയും ബന്ധപ്പെടുത്തിക്കൊണ്ട് വളരെ ശാസ്ത്രീയമായി സെക്ഷൻ ആഫീസ് രൂപീകരിക്കണമെന്ന ആവശ്യം ബഹുമാനപ്പെട്ട മന്ത്രി മുൻപാകെ സമർപ്പിക്കുകയാണ്. അതുപോലെതന്നെ കേളകത്തെ വൈദ്യുതി വിതരണത്തിലുണ്ടാകുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി അവിടെ ഒരു സബ്സ്റ്റേഷൻ അനുവദിക്കണമെന്ന ആവശ്യം വളരെ ശക്തമാണ്, അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അത് ത്വരിതപ്പെടുത്തണമെന്നും അഭ്യർത്ഥിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം, കഴിഞ്ഞ പ്രാവശ്യം ഇവിടെ ശ്രീ. ബെന്നി ബെഹനാന്റെ ഒരു സബ്മിഷന് മറുപടിയായി ഞാൻ പറഞ്ഞതാണ്. നമ്മുടെ സംസ്ഥാനത്ത് ഏകദേശം 13000-ത്തോളം ഇലക്ട്രിക് പോസ്റ്റുകൾ, 130 ട്രാൻസ്ഫോർമറുകൾ, 1800 കി.മീ. എച്ച്.ടി. ലൈൻ ഇവയ്ക്കെല്ലാം കൂടി ഏകദേശം 15 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിലെ നാശനഷ്ടങ്ങളെക്കുറിച്ച് പറഞ്ഞത് ശരിയാണ്. അതിനേക്കാൾ കുറച്ചുകൂടി കൂടുതലാണ് എന്റെ നിയോജക മണ്ഡലത്തിലുണ്ടായ നഷ്ടം. ജീവനക്കാരുടെ രാവും പകലുമായുള്ള കഠിനാദ്ധ്വാനം കൊണ്ട് ഇപ്പോൾ ആ കാര്യങ്ങൾ കുറെയൊക്കെ ശരിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. അദ്ദേഹം പറഞ്ഞ മറ്റൊരു കാര്യം, വള്ളിത്തോട്ടിൽ ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനെ സംബന്ധിച്ചാണ്. ഇപ്പോൾ തന്നെ ആവശ്യത്തിന് സ്റ്റാഫില്ലെന്നാണ് അദ്ദേഹം പറയുന്നത്. ഇനി പുതിയ സെക്ഷൻ ആരംഭിച്ചാലും ആളുണ്ടാകില്ല, ഇപ്പോഴുള്ളതിനേക്കാളും കുറയും. എന്നാലും ഇതിനെ സംബന്ധിച്ചിടത്തോളം ഇരിട്ടി, എട്ടൂർ, പുളിക്കൽ, വള്ളിത്തോട് എന്നീ സെക്ഷനുകൾ വിഭജിച്ച് വള്ളിത്തോട്ടിൽ ഒരു സെക്ഷൻ ഓഫീസ് തുടങ്ങാനുള്ള റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അതേയവസരത്തിൽ അദ്ദേഹം പറഞ്ഞ മറ്റൊരു കാര്യം, കേളകത്ത് സബ്സ്റ്റേഷനുണ്ടാക്കുന്നതിനെ സംബന്ധിച്ചാണ്. കേളകത്ത് 33 കെ.വി. സബ്സ്റ്റേഷൻ തുടങ്ങാൻ 24-1-2014-ൽ അനുമതി നൽകിയിട്ടുണ്ട്. നെടുമ്പൊയിലെ 66 കെ.വി. സബ്സ്റ്റേഷനെ 110 കെ.വി. സബ്സ്റ്റേഷനാക്കി ഉയർത്തി അതിൽനിന്നും 15 കി.മീ. ലൈൻ വലിച്ച് 33 കെ.വി. സബ്സ്റ്റേഷനുണ്ടാക്കാനാണ് പ്രൊപ്പോസൽ. അതിന് താമസം വരുമെന്നുള്ളതു കൊണ്ട് ഇരിട്ടിയിലെ 110 കെ.വി. സബ്സ്റ്റേഷനിൽ നിന്നും 24 കി.മീ. ലൈൻ വലിച്ച് അവിടെ ഒരു സബ്സ്റ്റേഷനുണ്ടാക്കേണ്ട കാര്യത്തെക്കുറിച്ചും പഠനം നടത്തിവരുന്നുണ്ട്. ഏതായാലും സബ്സ്റ്റേഷൻ വളരെ അത്യാവശ്യമാണെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് അക്കാര്യത്തിൽ ചെയ്യാവുന്നതൊക്കെ ചെയ്യും. വള്ളിത്തോട്ടിലെ സെക്ഷൻ ഓഫീസിന്റെ കാര്യം പരിശോധിച്ചു വരികയാണ്.

## 5. കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നിലനിർത്തുന്നത് സംബന്ധിച്ച്

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, പുതുക്കാട് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിലെ സർവ്വീസുകൾ നിലനിർത്തുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. പുതുക്കാട് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിലെ 36 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനുവേണ്ടി 32 ബസ്സുകളാണ് നിലവിലുണ്ടായിരുന്നത്.

അതിൽ ബഹുഭൂരിപക്ഷവും പഴയ ബസ്സുകളാണ്. അതുകൊണ്ട് 26 സർവ്വീസുകൾ മാത്രമാണ് സ്ഥിരമായി ഓപ്പറേറ്റ് ചെയ്യുവാൻ സാധിച്ചിരുന്നത്. ഇതുമൂലം 8 ഗ്രാമ പഞ്ചായത്തുകളിലെ ജനങ്ങൾ, പ്രത്യേകിച്ച് മലയോര മേഖലകളിലെ ജനങ്ങൾ ഏറെ യാത്രാക്ലേശം അനുഭവിച്ചുവരികയാണ്. എം.എൽ.എ. എന്നുള്ള നിലയ്ക്ക് ഞാൻ നിർദ്ദേശിച്ച സർവ്വീസുകൾ പോലും തുടർച്ചയായി റദ്ദാക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് നിലവിലുണ്ടായിരുന്ന 36 ഷെഡ്യൂളുകളെങ്കിലും സ്ഥിരമായി സർവ്വീസ് നടത്തുന്നതിനുള്ള നടപടിയുണ്ടാവണം. മുപ്ലിയം-എറണാകുളം ഫാസ്റ്റ് പാസഞ്ചർ, കടലാശ്ശേരി വഴി തൃപ്രയാർ, വല്ലച്ചിറ വഴി തൃപ്രയാർ, വല്ലൂർ സർവ്വീസ്, ആറ്റപ്പിള്ളിക്കടവ്, പീച്ചാംപിള്ളി വഴി സർവ്വീസ്, തൊറാവ് സർവ്വീസ്, പാലപ്പിള്ളി ഓർഡനറി ഇവയൊക്കെ നിരന്തരമായി റദ്ദാക്കിക്കൊണ്ടിരിക്കുകയാണ്. ഇതെല്ലാം ജനങ്ങൾ ഏറെ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സർവ്വീസുകളാണ്. നിലവിലുണ്ടായിരുന്ന സർവ്വീസുകൾ നിലനിർത്തിത്തരണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, അങ്ങ് പറഞ്ഞതിൽ ഒരു കാര്യം തത്വത്തിൽ അംഗീകരിക്കുകയാണ്. ലാഭത്തിലോടുന്ന എല്ലാ സർവ്വീസുകളും നിലനിർത്തി പോകണം. അതേസമയം വല്ലാതെ നഷ്ടം സഹിച്ചുകൊണ്ടു പോകുവാൻ കഴിയാത്ത ഒരു സാഹചര്യവുമുണ്ട്. അങ്ങ് അത് മനസ്സിലാക്കുമെന്ന് ഞാൻ വിചാരിക്കുകയാണ്. അതുകൊണ്ട് ഈ സർവ്വീസുകളിൽ ലാഭത്തിലോടുന്നത് ഏതൊക്കെ എന്ന് പരിശോധിച്ചിട്ട് ആ സർവ്വീസുകൾ നിലനിർത്തുന്നതിനുള്ള അങ്ങയുടെ നിർദ്ദേശം വളരെ ഗൗരവമായി പരിഗണിക്കുന്നതാണ്. എനിക്ക് വകുപ്പിൽ നിന്ന് ലഭിച്ച മറുപടിയിൽ പറയുന്നത് വായിക്കാം. പുതുക്കാട് യൂണിറ്റിൽ നിലവിൽ 3 പീച്ചി ഡാം ഓവർടേക്ക് സർവ്വീസുകളടക്കം 36 സർവ്വീസുകളാണുള്ളത്. 3 ഓവർടേക്ക് സർവ്വീസുകൾ ഒരു കാരണവശാലും റദ്ദ് ചെയ്യുവാൻ പാടില്ലാത്തതിനാൽ ബസ്സിന്റെ കുറവ് അനുഭവപ്പെടുമ്പോൾ വരുമാനക്കുറവുള്ള സർവ്വീസുകൾ താല്ക്കാലികമായി റദ്ദ് ചെയ്യുകയും വരുമാനക്കൂടുതലുള്ള സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുകയുമാണ് പതിവ്. മുപ്ലിയം-എറണാകുളം ഫാസ്റ്റ് പാസഞ്ചർ, വല്ലച്ചിറ വഴി തൃപ്രയാർ, തൊറാവ് എന്നിവിടങ്ങളിലേക്കുള്ള ഓർഡിനറി സർവ്വീസുകൾ ബസ്സുകളുടെ കുറവ് കൊണ്ട് താൽക്കാലികമായി ഇപ്പോൾ അയയ്ക്കുന്നില്ല. എന്നാൽ കടലാശ്ശേരി വഴി തൃപ്രയാർ, വല്ലൂർ, ആറ്റപ്പിള്ളിക്കടവ്, പീച്ചാംപിള്ളി, പാലംപിള്ളി എന്നീ സർവ്വീസുകൾ സ്ഥിരമായി അയയ്ക്കുന്നുണ്ട്. 5 ബസ്സുകൾ വിവിധ അറ്റകുറ്റപ്പണികൾക്കായി പിടിച്ചിട്ടിരിക്കുകയാണ്. ഒരു ഫാസ്റ്റ് പാസഞ്ചർ ബസിന്റെയും 6 ഓർഡിനറി ബസ്സുകളുടെയും കുറവുണ്ട്.

കെ.എസ്.ആർ.ടി.സി. 1350 ഷാസികൾക്ക് ഓർഡർ നൽകിയതിൽ ലഭ്യമായ ഷാസികളിൽ ബസ് ബോഡി നിർമ്മാണം പുരോഗമിച്ചുവരുന്നു. പുതിയ ബസ്സുകൾ പുറത്തിറങ്ങുന്ന മുറയ്ക്ക് ഫാസ്റ്റ് പാസഞ്ചർ ബസ്സുകളുടെയും ഓർഡിനറി ബസ്സുകളുടെയും കുറവ് നികത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. ഇതൊക്ക പറയുമ്പോഴും നേരത്തെ അങ്ങിവിടെ സൂചിപ്പിച്ചതുപോലെ സർവ്വീസുണ്ടായിരുന്നതിൽ ലാഭകരമായി ഓടുന്ന സർവ്വീസുകളുടെ കാര്യം പ്രത്യേകം പരിഗണിക്കാം.

## 6. ഗുരുവായൂർ ടൗണിനെ ഹെറിറ്റേജ് സിറ്റിയായി കേന്ദ്രപദ്ധതിയിൽ ഉൾപ്പെടുത്തൽ

ശ്രീ. പി. എ. മാധവൻ : സർ, ഈയിടെ കേന്ദ്ര സർക്കാർ 18 നഗരങ്ങളെ അമൃത നഗരങ്ങളായി പ്രഖ്യാപിച്ചപ്പോൾ ഗുരുവായൂർ നഗരം ആ ലിസ്റ്റിൽ ഉൾപ്പെടുമെന്ന് സ്വാഭാവികമായും ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു. ദക്ഷിണേന്ത്യയിലെ ഏറ്റവും പ്രമുഖമായ ഒരു ക്ഷേത്രനഗരമാണ് ഗുരുവായൂർ. നിലവിലുണ്ടായിരുന്ന ഗുരുവായൂർ നഗരത്തിനോട് എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട തൈക്കാട് പഞ്ചായത്തും പൂക്കോട് പഞ്ചായത്തും കൂട്ടിച്ചേർക്കപ്പെട്ടത് ഏതാനും വർഷങ്ങൾക്കു മുമ്പാണ്. പഴയ ഗുരുവായൂർ നഗരമൊഴികെ വരുന്ന ഈ രണ്ട് പഞ്ചായത്ത് പ്രദേശവും ഏറെക്കുറെ ഗ്രാമീണത നിലനിൽക്കുന്ന പ്രദേശമാണ്. ആധുനിക പശ്ചാത്തല സൗകര്യങ്ങളൊന്നും നിലവിലില്ലാത്ത ഒരു പ്രദേശമാണ് ഗുരുവായൂർ. ഇപ്പോഴും അവിടത്തെ സ്വീവേജ് സ്കീമിന്റെ പദ്ധതി പൂർത്തീകരിക്കാൻ കഴിയാതെ, അതിനെ കുറിച്ച് ഹൈക്കോടതി ഇടപെടലുകളും നിരന്തരമായ ചർച്ചകളും നടക്കുന്നുണ്ട്. മാത്രമല്ല ഇത് മാലിന്യക്കൂമ്പാരങ്ങളുടെ പ്രദേശം കൂടിയാണ്. ശബരിമലയിൽ എത്തിച്ചേരുന്ന തീർത്ഥാടകരിൽ 75 ശതമാനം പേരും സന്ദർശിക്കുന്ന ഒരു സ്ഥലമാണ് ഗുരുവായൂർ. വർഷത്തിൽ 365 ദിവസവും പതിനായിരക്കണക്കിന് ഭക്തർ എത്തിച്ചേരുന്ന ഈ സ്ഥലത്ത് ആധുനിക സൗകര്യങ്ങൾ അനിവാര്യമാണ്. അമൃത നഗരങ്ങളുടെ ലിസ്റ്റിൽപ്പെട്ടില്ലെങ്കിലും അതേ സൗകര്യങ്ങൾ കിട്ടാവുന്ന ഒരു സംവിധാനം സംസ്ഥാന സർക്കാർ മുൻകൈയെടുത്ത് ഉണ്ടാക്കേണ്ടത് ഗുരുവായൂരിനെ സംബന്ധിച്ചിടത്തോളം അനിവാര്യമാണ്. ഹെറിറ്റേജ് നഗരമെന്ന് കേൾക്കുമ്പോൾ ജനങ്ങൾക്കിടയിൽ ഒരു പരിഭ്രാന്തിയുണ്ട്. നിലവിലുള്ള ഏതെങ്കിലും ഒരു കെട്ടിടം പൊളിക്കാൻ, റിപ്പയർ ചെയ്യാൻ, പുതിയ ഒരു കെട്ടിടം പണിയാൻ എന്നുതുടങ്ങി ആ പ്രദേശത്തെ എല്ലാ കാര്യങ്ങളിലും നിയന്ത്രണം വരികയും നിലവിലുള്ളതിന് ഏറെക്കുറെ ഒരു ഫ്രീസിംഗ് പോയിന്റിലെത്തിക്കുകയും ചെയ്യുമെന്ന പരിഭ്രാന്തി ജനങ്ങൾക്കിടയിലുണ്ട്. അങ്ങനെ പരിഭ്രാന്തി ഉണ്ടെങ്കിൽ ഹെറിറ്റേജ് നഗരം വേണ്ട.

നിലവിലുള്ള സൗകര്യങ്ങൾ നിലനിർത്തിക്കൊണ്ട് നിർമ്മാണ രംഗത്തും പശ്ചാത്തല രംഗത്തും നിലവിൽ ജനങ്ങൾക്ക് ലഭ്യമായിക്കൊണ്ടിരിക്കുന്ന സൗകര്യങ്ങളും നിലനിർത്തി കൊണ്ട് ആധുനിക സൗകര്യങ്ങളും സങ്കേതങ്ങളും ഉണ്ടാക്കിയെടുക്കാനും ഗുരുവായൂർ നഗരത്തെ ഹെറിറ്റേജ് നഗരമാക്കാൻ കഴിയുമെങ്കിൽ ബഹുമാനപ്പെട്ട സർക്കാരും മന്ത്രിയും അതിന് മുൻകൈയെടുക്കണം. ആ സൗകര്യം ഗുരുവായൂർക്കാർക്ക് ലഭ്യമാകാനുള്ള ഒരു അനുഗ്രഹമുണ്ടാക്കി തരണം. എന്റെ നിയോജക മണ്ഡലത്തിൽ അരിയന്നൂർ പ്രദേശത്ത് കൊടക്കല്ലുപ്പറമ്പ് എന്ന സ്ഥലം പുരാവസ്തു നിലവിലുള്ള പ്രദേശമാണ്. ആയിരം പ്രാവശ്യം ആവശ്യപ്പെട്ടിട്ടും ആ പുരയുടെ ഓടുപോലും മാറ്റാൻ കഴിയാത്ത അവസ്ഥയുണ്ട്. അങ്ങനെ അനുഗ്രഹം ശാപമായി മാറാതെ ശാപം അനുഗ്രഹമായി മാറാവുന്ന ഒരു സമീപനം ഗുരുവായൂരിനോട് കാണിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, 2015 ജൂൺ 25-ന് പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി കേരളം ഉൾപ്പെടെ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും നഗരകാര്യ മന്ത്രിമാർ, ഗവൺമെന്റ് സെക്രട്ടറിമാർ, ഒരു ലക്ഷത്തിന് മുകളിൽ ജനസംഖ്യയുള്ള ഏകദേശം അഞ്ഞൂറോളം നഗരസഭകളിലെ അദ്ധ്യക്ഷന്മാർ ഇവരുടെ സാന്നിദ്ധ്യത്തിൽ തുടക്കം കുറിച്ച അമൃത പദ്ധതിയിൽ 2014-ൽ കേന്ദ്ര സർക്കാർ ഹൃദയ സ്കീമിൽ ഉൾപ്പെടുത്തിയ നഗരങ്ങളെ മാത്രമാണ് ഹെറിറ്റേജ് സിറ്റികളായി പരിഗണിക്കുന്നതെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്കീമിൽ കേരളത്തിലെ ഒരു നഗരത്തെയും ഉൾപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ അതേ ദിവസം തന്നെ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിനുള്ള ശക്തമായ പ്രതിഷേധം അറിയിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ത്യൻ പ്രധാനമന്ത്രിയെയും നഗരകാര്യ മന്ത്രിയെയും നേരിൽ കാണുകയും ഗുരുവായൂർ, കാലടി ഉൾപ്പെടെ 7 നഗരങ്ങളെക്കൂടി ഹൃദയ സ്കീമിൽ ഉൾപ്പെടുത്തി ഹെറിറ്റേജ് സിറ്റികളായി പ്രഖ്യാപിക്കണമെന്നും അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകുകയും ചെയ്തു. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ സാദ്ധ്യമായ എല്ലാ നടപടികളും അടിയന്തരമായി കൈക്കൊള്ളുന്നതാണ്. അങ്ങ് ഇവിടെ ഭയപ്പെട്ടതു പോലെ ഒരു ഹെറിറ്റേജ് സിറ്റി അല്ലെങ്കിൽ പൈതൃക നഗരമാകുമ്പോൾ ഉണ്ടാകുന്ന പ്രയാസങ്ങൾ മുൻകാലങ്ങളിലുമുണ്ടായിട്ടുണ്ട്. കൽപ്പാത്തി അതിന് ഉദാഹരണമാണ്. അങ്ങയുടെ മണ്ഡലത്തിൽ ഒരു സ്ഥലത്തിന്റെ കാര്യം പറഞ്ഞു, അതും ഇതിൽപ്പെടും. അതുപോലുള്ള പ്രയാസങ്ങൾ ഉണ്ടാകാതിരിക്കാനുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്.

12.00 Noon]

## 7 പാറ്റൂർ കുടിവെള്ള പദ്ധതി

ശ്രീ. ആർ. രാജേഷ് : സർ, മാവേലിക്കര നിയോജക മണ്ഡലത്തിലെ നൂറനാട്-പാറ്റൂർ കുടിവെള്ള പദ്ധതി അടിയന്തരമായി പൂർത്തീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്. ഈ പദ്ധതി ആരംഭിച്ചിട്ട് 17 വർഷക്കാലം പിന്നിടുകയാണ്. വളരെ രൂക്ഷമായ കുടിവെള്ള പ്രശ്നം അനുഭവിക്കുന്ന സ്ഥലമാണ് മാവേലിക്കര. ഏഴ് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലുമടക്കം ആറ് മാസക്കാലം പരിപൂർണ്ണമായി ടാങ്കറിൽ കുടിവെള്ളം എത്തിക്കുന്ന സ്ഥലമാണിത്. 17 വർഷക്കാലമായുള്ള പദ്ധതിയുടെ പൂർത്തീകരണത്തോടുകൂടി ഏതാണ്ട് 4 പഞ്ചായത്തുകളിൽ പൂർണ്ണമായും ശുദ്ധജലം എത്തിക്കാൻ കഴിയുന്ന സ്ഥിതിയാണുള്ളത്. പക്ഷേ, കാര്യക്ഷമമായ പ്രവർത്തനം അവിടെയുണ്ടാകുന്നില്ല. കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ സർക്കാരിന് ജാഗ്രതയോടുകൂടിയ സമീപനമുണ്ടാകണം. ഗവൺമെന്റ് ഈ പദ്ധതി മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പക്ഷേ, വേണ്ട നിലയിലുള്ള പുരോഗതി ഈ പദ്ധതിയുടെ പൂർത്തീകരണത്തിനില്ല. ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും കടുത്ത അലംഭാവമുണ്ട്. മിനിസ്റ്ററോട് ഞാൻ നേരിട്ട് ആവശ്യപ്പെട്ടതനുസരിച്ച് മൂന്നുതവണ അദ്ദേഹത്തിന്റെ ചേമ്പറിൽ ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗങ്ങൾ വിളിച്ചുകൂട്ടുകയും അതിൽ ആവശ്യമായ നടപടിയെടുക്കാൻ തീരുമാനിക്കുകയും ചെയ്തതാണ്. പക്ഷേ തീരുമാനങ്ങൾ നടപ്പിലാക്കാൻ വലിയ പോരായ്മകളാണുള്ളത്. ഓരോരോ കാരണങ്ങൾ പറഞ്ഞ് ഈ പദ്ധതി വൈകിപ്പിക്കുകയാണ്. പദ്ധതികളുടെ വൈകൽ ബോധപൂർവ്വമാണോയെന്ന് എനിക്കറിയില്ല. ഇത് എത്രയും പെട്ടെന്ന് പൂർത്തീകരിക്കാനാവശ്യമായ നടപടിയുണ്ടാകണം. ജനങ്ങൾ വലിയ ഒരു സമരത്തിലേക്കാണ് പോകുന്നത്. ആ ജനകീയ സമരം ഉണ്ടാകുന്നതിനുമുമ്പായി, വളരെ ഗൗരവത്തോടുകൂടി ഈ പദ്ധതി അടിയന്തരമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, നൂറനാട്-ചുനക്കര ഉൾപ്പെടെ സമീപ വില്ലേജുകളിലുള്ള ത്വരിത ഗ്രാമീണ ശുദ്ധജല പദ്ധതിക്ക് രണ്ട് ഘട്ടങ്ങളുണ്ട്. ഘട്ടം-1-ന്റെയും ഘട്ടം -2-ന്റെയും പൊതു ഘടകമായ റാ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിച്ചു കഴിഞ്ഞു. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ 6700 മീറ്റർ പൂർത്തീകരിച്ചു. ഭൂജല സംഭരണിയും ചുനക്കരയിലേക്കുള്ള 2970 മീറ്റർ 250 എം.എം. ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിനും പൂർത്തീകരിച്ചു. 170 കുതിരശേഷിയുള്ള റാ വാട്ടർ പമ്പ് രണ്ട് സെറ്റ് സപ്ലൈ ചെയ്തുകഴിഞ്ഞു. പ്രസ്തുത പദ്ധതിയുടെ സ്രോതസ്സും കിണറും പമ്പ് ഹൗസും നിലവിലുള്ളതാണ്. റാ വാട്ടർ പമ്പ് ഹൗസ് കാലപ്പഴക്കത്താൽ

ഉപയോഗക്ഷമമല്ലാത്തതിനാൽ റാ വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിന് പമ്പ്ഹൗസ് പുനർ നിർമ്മിക്കേണ്ടതായിട്ടുണ്ട്. അതിനാവശ്യമായ ടെണ്ടർ വാട്ടർ അതോറിറ്റി പരിശോധിച്ചുവരുന്നു. പാറ്റൂരിലെ 10 എം.എൽ.ഡി. ശുദ്ധീകരണശാലയുടെയും 4.5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂജല സംഭരണിയുടെയും നിർമ്മാണം പൂർത്തീകരിച്ചു. ഇനി ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. പാലമേൽ താമരക്കുളം പദ്ധതി കമ്മീഷൻ ചെയ്യുന്നതോടുകൂടി ഭരണാനുമതി ലഭിച്ച 95 എച്ച്.പി. ശേഷിയുള്ള പമ്പ് സെറ്റിന് പകരം 130 എച്ച്.പി. പമ്പ് സെറ്റ് ആവശ്യമായി വരും. ഇതുകൂടി റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന് അടിയന്തരമായി ഭരണാനുമതി നൽകുന്നതാണ്. ഘട്ടം രണ്ട് ഉൾപ്പെടെയുള്ള 5.2 കി.മീറ്റർ വരുന്ന 200 എം.എം. ഡി.ഐ. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ പൂർത്തീകരിച്ചു. 8.25 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂജലസംഭരണി മെയിനും പൂർത്തീകരിച്ചിട്ടുണ്ട്. പുതിയ ഒരു പ്രോജക്ട് സർക്കിൾ ആലപ്പുഴയിൽ ആരംഭിച്ചതിനെത്തുടർന്ന് മേൽപ്പടി പദ്ധതി കോട്ടയം പ്രോജക്ട് ഡിവിഷനിൽ നിന്ന് ആലപ്പുഴ പ്രോജക്ട് ഡിവിഷനിലേക്ക് കൈമാറ്റം ചെയ്യുകയുണ്ടായി. ഈ പദ്ധതി ദ്രുതഗതിയിൽ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്പോൾ 95 എച്ച്.പി. ശേഷിയുള്ള പമ്പ് സെറ്റിന് പകരം 109 എച്ച്.പി. ശേഷിയുള്ളതായതുകൊണ്ട് റിവൈസ്ഡ് എസ്റ്റിമേറ്റ് എടുക്കേണ്ടി വന്നതിനാലാണ് കാലതാമസം ഉണ്ടായത്. ഏതായാലും ആറ് മാസംകൊണ്ട് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## 8. ഒറ്റപ്പാലം താലൂക്കാശുപത്രി

ശ്രീ. എം. ഹംസ : സർ, പാലക്കാട് ഒരു മെഡിക്കൽ കോളേജ് വന്നുകഴിഞ്ഞു. പാലക്കാട് ജില്ലാ ആസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും ഒരു ആശുപത്രിയുണ്ട്. ഒറ്റപ്പാലം എന്നുപറയുന്നത് പാലക്കാട് ജില്ലയുടെ വളരെ പ്രധാനപ്പെട്ട ഹൃദയഭാഗമാണ്. ജില്ലയിലെ എല്ലാ മേഖലയിലുമുള്ള രോഗികൾക്ക് വരാനും ചികിത്സിക്കാനും പറ്റുന്ന സ്ഥലമാണിത്. എല്ലാ സൗകര്യങ്ങളുമുള്ള ആശുപത്രി കെട്ടിടവും അവിടെയുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, ഒറ്റപ്പാലം താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തണമെന്നാണ്. ഇനി പാലക്കാട് ജില്ലാ ആസ്ഥാനത്ത് ഒരു ജില്ലാ ആശുപത്രിയുടെ ആവശ്യമില്ല. ജില്ലാ ആശുപത്രികൾ മറ്റ് ജില്ലാ ഹെഡ് ക്വാർട്ടേഴ്സിൽനിന്ന് മാറി ജില്ലാ ആശുപത്രികളായി പ്രഖ്യാപിച്ച അനുഭവവും കേരളത്തിലുണ്ട്. അതുകൊണ്ട് ആ മാതൃക സ്വീകരിച്ചുകൊണ്ട് ഒറ്റപ്പാലത്തെ താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായി പ്രഖ്യാപിക്കണം. ഒറ്റപ്പാലം താലൂക്ക് ആശുപത്രി അങ്ങ് വന്ന് കണ്ടിട്ടുള്ളതാണ്. നല്ല ആശുപത്രിയും നല്ല കെട്ടിടവുമാണെന്ന് അങ്ങേക്ക് അറിയാം. അവിടെ ജില്ലാ ആശുപത്രി പദവി നൽകി പ്രഖ്യാപനമുണ്ടാകണമെന്ന് വളരെ വിനയത്തോടുകൂടി അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ഒറ്റപ്പാലം താലൂക്കാശുപത്രി 173 കിടക്കകൾ അനുവദിച്ചിട്ടുള്ള ആശുപത്രിയാണ്. പ്രതിദിനം ഒ.പി. 1000-ത്തോളവും ഐ.പി. 200-ഉം ആണ്. ഏകദേശം മൂന്നര ഏക്കർ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ആശുപത്രിയിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന കാഷ്വാലിറ്റി സൗകര്യവുമുണ്ട്. മൂന്ന് ഓപ്പറേഷൻ തീയേറ്റർ, ഐ.സി.യു., എക്സ്റേ, ഇ.സി.ജി., ഫാർമസി, ഡയാലിസിസ് യൂണിറ്റ്, ബ്ലഡ് സ്റ്റോറേജ് യൂണിറ്റ്, ലബോറട്ടറി, ഡെന്റൽ യൂണിറ്റ്, ബി.പി. യൂണിറ്റ്, ലെപ്രസി യൂണിറ്റ്, ന്യൂ ബോൺ കെയർ യൂണിറ്റ്, ഐ.സി.റ്റി.സി. തുടങ്ങിയ വിഭാഗങ്ങൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നു. ജനറൽ മെഡിസിൻ, ഗൈനക്കോളജി, ഓർത്തോ, പീഡിയാട്രിക്, ഒഫ്ത്താൽമോളജി, റെസ്പിറേറ്ററി, ഡെന്റൽ, ഇ.എൻ.ടി., ത്വക്ക് രോഗം എന്നീ വിഭാഗങ്ങളുടെ സേവനവും ആശുപത്രിയിൽ നൽകി വരുന്നു. സ്ത്രീകളുടെയും കുട്ടികളുടെയും വിഭാഗത്തിനായി നിർമ്മിച്ചിട്ടുള്ള 45000 സ്ക്വയർഫീറ്റ് സ്ഥലസൗകര്യമുള്ള കെട്ടിടങ്ങൾ ഈ ആശുപത്രിയിൽ നിലവിലുണ്ട്. ജില്ലാ ഹെഡ് ക്വാർട്ടേഴ്സിൽ പാലക്കാട് ജില്ലാ ആശുപത്രി നിലവിലുണ്ടെങ്കിലും ഈ ആശുപത്രിയുടെ സൗകര്യങ്ങൾ വിലയിരുത്തിക്കൊണ്ട് ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ ഗവൺമെന്റിന് ഇതുവരെ ലഭിച്ചിട്ടില്ല. തീർച്ചയായും പ്രൊപ്പോസൽ ലഭ്യമാകുമ്പോൾ ഈ വിഷയം പരിശോധിക്കുന്നതാണ്.

## 9. ആരാധനാലയങ്ങൾക്കുനേരെയുള്ള കയ്യേറ്റം

ശ്രീ. ടി. എൻ. പ്രതാപൻ : സർ, കഴിഞ്ഞ ദിവസം കൊടുങ്ങല്ലൂരിൽ ഡിവൈ.എഫ്.ഐ.-യുടെ മുൻ നേതാവ് ബിജുവിന്റെ ചരമ വാർഷികത്തോടനു ബന്ധിച്ച് സി.പി.ഐ.(എം) ഏരിയാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന ജാഥയ്ക്കു ശേഷം കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രത്തിലേക്ക് കല്ലേറുണ്ടാവുകയും അതിനോടനു ബന്ധിച്ച് അവിടെ അനിഷ്ട സംഭവങ്ങൾ ഉണ്ടാവുകയും പോലീസ് ആകാശത്തേക്ക് വെടിവയ്ക്കുകയും ചെയ്തു. ഇതുകഴിഞ്ഞ് പിറ്റേദിവസം ബി.ജെ.പി. ഉൾപ്പെടെയുള്ള ഹിന്ദു ഐക്യവേദിയുടെ നേതൃത്വത്തിൽ ഹർത്താൽ നടത്തുകയുണ്ടായി. അത്തരത്തിലുള്ള സംഘർഷാവസ്ഥ കൊടുങ്ങല്ലൂരിൽ നിലനിൽക്കുകയാണ്. ആരാധനാലയങ്ങൾ രാഷ്ട്രീയപാർട്ടികളുടെയും വർഗ്ഗീയ ഫാസിസ്റ്റ് ശക്തികളുടെയും താവളങ്ങളായി മാറാൻ പാടില്ല. അതോടൊപ്പം തന്നെ എന്ത് പ്രകോപനങ്ങൾ ഉണ്ടായാലും ആരാധനാലയങ്ങൾക്കു നേരെ ഉണ്ടാകുന്ന കയ്യേറ്റങ്ങളും ആക്രമണങ്ങളും കല്ലേറുകളും അനുവദിക്കാനും പാടില്ല. കൊടുങ്ങല്ലൂരിൽ ഇതിനുമുമ്പും നിരവധി കൊലപാതകങ്ങളും രാഷ്ട്രീയ

സാമുദായിക വർഗ്ഗീയ സംഘർഷങ്ങളും ഉണ്ടായ സ്ഥലമാണ്. കഴിഞ്ഞ നാലുവർഷമായി കൊടുങ്ങല്ലൂർ വളരെ സമാധാനപരമായി പോവുകയാണ്. വളരെ കർശനമായ രീതിയിലുള്ള പോലീസിന്റെ ഇടപെടലുകളും അതുപോലെതന്നെ സർവ്വകക്ഷി സമാധാനത്തോടുകൂടി പോകുന്ന സ്ഥലത്ത് ഒരു ഭാഗത്ത് രാഷ്ട്രീയ സംഘർഷവും മറുഭാഗത്ത് സാമുദായിക സംഘർഷാവസ്ഥയും ഉണ്ടായതുമൂലം ഒരു മുസിരിസ് പൈതൃക പട്ടണമായ കൊടുങ്ങല്ലൂരിന്റെ സമാധാനാന്തരീക്ഷം തകരുന്ന സാഹചര്യം നിലവിലുണ്ടായിരിക്കുകയാണ്. ഇതുമാത്രമല്ല, അരുവിക്കര തെരഞ്ഞെടുപ്പ് കഴിഞ്ഞതിന് ശേഷം നമുക്കു നൽകുന്ന ഒരു പാഠമുണ്ട്. സാമുദായിക ശക്തികളെയും ആരാധനാലയ ങ്ങളെയും സൂക്ഷിച്ച് കൈകാര്യം ചെയ്യേണ്ട കാര്യമാണ്. സി.പി.ഐ.(എം)-നെ പോലെയുള്ള രാഷ്ട്രീയ പാർട്ടികൾ ആർ.എസ്.എസ്-നും വിശ്വഹിന്ദുപരിഷത്ത് ഉൾപ്പെടെയുള്ള ഹിന്ദു സംഘടനകൾക്കും ബി.ജെ.പി.-ക്കുമൊക്കെ വളരാൻ വളം വച്ചുകൊടുക്കുന്ന രീതിയിൽ ആരാധനാലയങ്ങൾക്കു നേരെ കയ്യേറ്റം നടത്തുമ്പോൾ അതിന്റെ ഗുണമെല്ലാം ആർ.എസ്.എസ്.-ഉം വിശ്വഹിന്ദുപരിഷത്ത് ഉൾപ്പെടെയുള്ള ബി.ജെ.പി. സംഘങ്ങൾക്കും പോവുകയാണ്. ഇതിനകത്ത് അൽപ്പംകൂടി ക്ഷമയും സമാധാനവും സഹിഷ്ണതയും കാണിക്കേണ്ടത് മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളാണ്. അങ്ങനെ കാണിക്കാതെ വരുമ്പോൾ അതിന്റെ മുതലെടുപ്പ് മുഴുവൻ വർഗ്ഗീയ ഫാസിസ്റ്റ് ശക്തികൾ ബി.ജെ.പി.-യുടെ തണലിൽ നടത്തുകയാണ്. അതിനവസരം ഉണ്ടാക്കിക്കൊടുക്കരുതെന്നതാണ് സി.പി.ഐ.(എം)-നോടുള്ള അഭ്യർത്ഥന. കൊടുങ്ങല്ലൂരിലെ സമാധാനാന്തരീക്ഷം നിലനിർത്താൻ വേണ്ടി കർശനമായ നടപടിയുണ്ടാകണം എന്നതാണ് ആഭ്യന്തര വകുപ്പിനോടുള്ളസബ്മിഷൻ. ഭൂരിപക്ഷ സമൂഹത്തിന്റേതായാലും ന്യൂനപക്ഷ സമൂഹത്തിന്റേതായാലും ആരാധനാലയങ്ങൾക്ക് നേരെയുള്ള അതിക്രമങ്ങളേയും കയ്യേറ്റങ്ങളെയും യാതൊരു കാരണവശാലും അംഗീകരിക്കാൻ പാടില്ല. അത് ആര് നടത്തിയാലും അവരുടെ പേരിൽ നടപടി സ്വീകരിക്കണം. അതോടൊപ്പം ആരാധനാലയങ്ങൾ, വർഗ്ഗീയ ശക്തികളുടെയും രാഷ്ട്രീയ പാർട്ടികളുടെയും ഫാസിസ്റ്റു കളുടെയും കേന്ദ്രങ്ങളാകാൻ പാടില്ല. പലപ്പോഴും നമ്മുടെ അമ്പലങ്ങൾ ഉൾപ്പെടെയുള്ള സ്ഥലങ്ങൾ ആർ.എസ്.എസ്-ഉം വിശ്വഹിന്ദുപരിഷത്തും ഉൾപ്പെടെയുള്ള ആളുകൾ അവരുടെ കേന്ദ്രങ്ങളാക്കി മാറ്റുകയാണ്. അവിടെ ശാഖകൾ നടത്തുന്നതിനുവേണ്ട എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നു. ദേവസ്വം ബോർഡ് ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട സ്ഥാപനങ്ങളടക്കം ഇതെല്ലാം കണ്ടില്ലെന്ന് നടിക്കുകയാണ്. അമ്പലത്തിൽ തൊഴാൻ പോകുന്ന ആളുകളെയും ഭക്തജനങ്ങളെപ്പോലും തങ്ങളുടെ പക്ഷത്തേക്ക് കൊണ്ടുവരാനുള്ള ബോധപൂർവ്വമായ ശ്രമമാണ് ആർ.എസ്.എസ്.-ഉം

ഹിന്ദുവർഗ്ഗീയ ഫാസിസ്റ്റുകളായ സംഘടനകളും നടത്തിവരുന്നത്. അതിന് ഒരു രാഷ്ട്രീയ താവളം കൂടി ഒരുക്കുകയാണ്. അതുകൊണ്ട് ആരാധനാലയങ്ങളെ രാഷ്ട്രീയ പാർട്ടികളുടെയും ഫാസിസ്റ്റ് ശക്തികളുടെയും താവളങ്ങളാക്കി മാറ്റുന്നതിനെതിരെ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ആഭ്യന്തര വകുപ്പിന്റെ അടിയന്തര ശ്രദ്ധ കൊടുങ്ങല്ലൂരിലെ ഈ സംഭവങ്ങൾക്ക് ഉണ്ടാകണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, കഴിഞ്ഞ ദിവസം കൊടുങ്ങല്ലൂരിലുണ്ടായ സംഭവമാണ് ബഹുമാനപ്പെട്ട മെമ്പർ ടി. എൻ. പ്രതാപൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയത്. ഡിവൈ.എഫ്.ഐ. നേതാവായിരുന്ന ബിജു കൊല്ലപ്പെട്ടതിന്റെ ഏഴാം വാർഷികം 2-7-2015-ൽ സി.പി.ഐ.(എം)-ന്റെ നേതൃത്വത്തിൽ രക്തസാക്ഷി ദിനമായി ആചരിച്ചതിന്റെ ഭാഗമായി അന്നേ ദിവസം വൈകിട്ട് അഞ്ച് മണിക്ക് സി.പി.ഐ.(എം) പ്രവർത്തകർ മുൻസിപ്പൽ ടൗൺ ഹാളിൽ നിന്നും നഗരം ചുറ്റി പ്രകടനം നടത്തവേ കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രത്തിന്റെ വടക്കേനട ഭാഗത്ത് പന്തലിന് സമീപം നിന്നിരുന്ന ബി.ജെ.പി. പ്രവർത്തകരെ നോക്കി ഉച്ചത്തിൽ മുദ്രാവാക്യം വിളിക്കുകയും അസഭ്യങ്ങൾ വിളിച്ചുപറഞ്ഞ് റോഡിൽ പണിക്കായി ഇറക്കിയിരുന്ന മെറ്റൽ കഷണങ്ങൾ വലിച്ചെറിയുകയും ചെയ്തു. കല്ലേറിൽ അമ്പലത്തിൽ തൊഴാനെത്തിയ സുനിത എന്ന സ്ത്രീക്കും സുനിൽ എന്ന ആളിനും പരിക്കുപറ്റി. സ്ഥലത്ത് കൂടുതൽ പ്രശ്നങ്ങളുണ്ടാകാതിരിക്കാൻ എല്ലാവരോടും പിരിഞ്ഞുപോകാൻ സ്ഥലത്തുണ്ടായിരുന്ന കൊടുങ്ങല്ലൂർ പോലീസ് സബ് ഇൻസ്പെക്ടറും പാർട്ടിയും ആവശ്യപ്പെടുകയും പോലീസ് നിർദ്ദേശം വകവയ്ക്കാതെ പരസ്പരം വീണ്ടും കല്ലേറും ബഹളങ്ങളും ഉണ്ടായതിനെത്തുടർന്ന് ജനക്കൂട്ടത്തെ ടിയർ ഗ്യാസ് പ്രയോഗിച്ചും ലാത്തി വീശിയും തിരിച്ചയയ്ക്കുകയും ചെയ്തു. ഈ സംഭവത്തിനുമേൽ സി.പി.ഐ.(എം)., ഡിവൈ.എഫ്.ഐ. പ്രവർത്തകരെ പ്രതികളാക്കി IPC 143, 144, 147, 149, 294 (b), 324, 153, 308 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 1636/2015 ആയും IPC 143, 147, 149, 283 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 1637/2015 ആയും രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തു. ക്രൈം 1636/2015 നമ്പർ കേസിലെ അഞ്ച് പ്രതികളെ അറസ്റ്റ് ചെയ്ത് കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതാണ്. തുടർന്ന് ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു. ജാഥ കഴിഞ്ഞുപോയ സി.പി.ഐ.(എം) പ്രവർത്തകന്റെ വാഹനത്തിന് നേരെ കല്ലെറിഞ്ഞ് കേടുവരുത്തിയതിന് കണ്ടാലറിയാവുന്ന രണ്ടുപേരെ പ്രതികളാക്കി IPC 341, 308, 34 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 1638/2015 ആയും മറ്റൊരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആരാധനാലയങ്ങൾക്കുനേരെ ഒരു കാരണവശാലും കയ്യേറ്റങ്ങളോ അക്രമങ്ങളോ അനുവദിക്കുന്ന പ്രശ്നമില്ല. അത്തരം നടപടികളെ പോലീസ്

ശക്തമായി നേരിടുന്നതാണ്. അതുപോലെ ആരാധനാലയങ്ങളെ മറ്റേതെങ്കിലും പ്രത്യേക ആവശ്യങ്ങൾക്കുവേണ്ടി ദുരുപയോഗപ്പെടുത്തുന്ന രാഷ്ട്രീയ പാർട്ടികളാണെങ്കിലും അല്ലാത്ത ആളുകളാണെങ്കിലും അത്തരം നടപടികളെയും ഗവൺമെന്റ് അംഗീകരിക്കുന്നില്ല. അതൊന്നും ഒരിക്കലും അനുവദിക്കാൻ കഴിയുന്ന കാര്യങ്ങളല്ല. എല്ലാവർക്കും എത്തിച്ചേരാൻ കഴിയുന്ന പൊതുസ്ഥലങ്ങളാണ് ആരാധനാലയങ്ങൾ. അവിടെ വിശ്വാസങ്ങൾക്കും വിശ്വാസികൾക്കുമാണ് പ്രാധാന്യം. അല്ലാതെയുള്ള ഒരു പ്രവർത്തനങ്ങളെയും ഗവൺമെന്റ് അംഗീകരിക്കുന്നില്ല. അത്തരം നടപടികളെ വച്ചുപൊറുപ്പിക്കുകയില്ലെന്നും അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ കൊട്ടുങ്ങല്ലൂരിൽ സമാധാന അന്തരീക്ഷ മാണുള്ളത്. പോലീസ് ജാഗ്രതയോടുകൂടി എല്ലാ വിവരങ്ങളും നിരീക്ഷിക്കുന്നുണ്ട്. അതിനാവശ്യമായ പോലീസ് കൺട്രോൾ റൂം അവിടെ പ്രവർത്തിക്കുന്നുമുണ്ട്.

## VII മേശപ്പുറത്തുവച്ച കടലാസുകൾ

ചട്ടം 47 (2) പ്രകാരമുള്ളത്

1. മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 3611, പന്ത്രണ്ടാം സമ്മേളനത്തിലെ 1930 പതിമൂന്നാം സമ്മേളനത്തിലെ 67, 1776 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

2. ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 176, 2069, 3797 പതിമൂന്നാം സമ്മേളനത്തിലെ 217 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

3. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 5239-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

# VIII റിപ്പോർട്ട് സമർപ്പണം

## 1. സബ്ജക്ട് കമ്മിറ്റി I-ന്റെ 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2014-2015-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, സബ്ജക്ട് കമ്മിറ്റി I-ന്റെ 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

## 2. പട്ടികജാതി -പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഇരുപത്തി ഒന്നാമത് റിപ്പോർട്ട്

ശ്രീ. വി. പി. സജീന്ദ്രൻ : സർ, പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഇരുപത്തി ഒന്നാമത് റിപ്പോർട്ട് സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

## 3. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പതിനാലാമത് റിപ്പോർട്ട്

ശ്രീ. സി. പി. മുഹമ്മദ് : സർ, പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

# IX ധനകാര്യം

## 2015-16 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, വൈദ്യുതപദ്ധതികൾ എന്ന XXXIX- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു :

ബഡ്ജറ്റ് എസ്റ്റിമേറ്റ് 2015-16

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥന യുടെ പേര് | 23-3-2015-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
|---|---|---|---|---|---|---|
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| (1) | (2) | (3) | (4) | (5) | (6) | (7) |
| IX | വാഹന നികുതികൾ | 33,91,54,000 | ... | 67,83,08,000 | ... | 67,83,08,000 |
| XXXIV | വനം | 162,78,85,000 | 27,49,00,000 | 325,57,68,000 | 54,98,01,000 | 380,55,69,000 |
| XLI | ഗതാഗതം | 19,94,85,000 | 405,98,18,000 | 39,89,72,000 | 811,96,35,000 | 851,86,07,000 |
| XXXIX | വൈദ്യുത പദ്ധതികൾ | 44,26,25,000 | 15,74,00,000 | 88,52,49,000 | 31,48,00,000 | 120,00,49,000 |

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയേയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയേയും വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റികളുടെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ IX | - | വാഹന നികുതികൾ |
| ധനാഭ്യർത്ഥന നമ്പർ XXXIV | - | വനം |
| ധനാഭ്യർത്ഥന നമ്പർ XLI | - | ഗതാഗതം |
| ധനാഭ്യർത്ഥന നമ്പർ XXXIX | - | വൈദ്യുത പദ്ധതികൾ |

(ഖണ്ഡനോപക്ഷേപത്തിന് നോട്ടീസ് നൽകിയ ശ്രീ. കെ. ബി. ഗണേഷ് കുമാർ സീറ്റിലില്ലാതിരുന്നതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല).

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, അവതരിപ്പിക്കാത്ത ഒരു ബഡ്ജറ്റിന് മുകളിലാണ് ചർച്ച നടക്കുന്നത്. അവതരിപ്പിച്ചു എന്നൊരു ഭാവന മാത്രമാണ്. ചില ഗോഷ്ടികൾ മാത്രമാണ് ഈ സഭയിലുണ്ടായത്. ഒരു ബഡ്ജറ്റും ഈ സഭയിൽ അവതരിപ്പിച്ചിട്ടില്ല. എങ്കിലും നിലനിൽക്കുന്ന ചില കാര്യങ്ങളെ സംബന്ധിച്ച് പറയാനാണ് ഈ ചർച്ചയുടെ സമയം ഞാൻ ഉപയോഗപ്പെടുത്തുന്നത്. "വെളിച്ചം ദുഃഖമാണുണ്ണീ, തമസ്സല്ലോ സുഖപ്രദം" ഈ വരികൾ കവി എഴുതിയത് 2015-ൽ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ആ കസേരയിലുണ്ടാകുമെന്ന ദീർഘദൃഷ്ടിയിൽ കണ്ടതുകൊണ്ടാണോയെന്ന് എനിക്കറിയില്ല. എപ്പോഴാണ് കറണ്ട് വരുക, എപ്പോഴാണ് കറണ്ട് പോകുക, ഒരു വിവരവുമില്ല. സുരേഷ്ഗോപി പറയുന്നതുപോലെ 'ദേ പോയി ദാ വന്നു' എന്നതാണ് പൊതുവായ സ്ഥിതി. കഴിഞ്ഞ നാല് കൊല്ലങ്ങളായി അപ്രഖ്യാപിത പവർ കട്ടാണ് കേരളത്തിൽ നടക്കുന്നത്. പുതിയ ഉല്പാദന പദ്ധതികളൊന്നും ശ്രദ്ധിക്കാത്തതുകൊണ്ടാണ് ഈ ക്രൈസിസ് രൂപപ്പെട്ടത്. വൈദ്യുതി ക്രൈസിസ് ഉണ്ടാകാതിരിക്കാൻവേണ്ടി ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് ആവിഷ്കരിച്ച പദ്ധതികൾക്ക് ഒരു തുടർച്ചയും ഉണ്ടായില്ല. നിയമസഭാ തെരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ യു.ഡി.എഫ്. വാഗ്ദാനം ചെയ്തത് 3000 മെഗാവാട്ട് വൈദ്യുതി പുതിയതായി ഉല്പാദിപ്പിക്കും എന്നാണ്. മൂന്ന് ചെറുകിട പദ്ധതികളിലായി കഴിഞ്ഞ നാലുകൊല്ലം കൊണ്ട് ഉല്പാദിപ്പിച്ചത് ആകെ 12 മെഗാവാട്ട് വൈദ്യുതിയാണ്. കൂടിയ വിലയ്ക്ക് പുറത്തുനിന്ന് വാങ്ങി കെ.എസ്.ഇ.ബി. വിതരണം ചെയ്യുന്നതുകൊണ്ടാണ് ഇപ്പോൾ 'ദേ പോയി ദാ വന്നു' എന്ന നിലയ്ക്കാണെങ്കിലും കറണ്ട് ഇടയ്ക്കിടയ്ക്ക് വരുന്നത്. അതുകൊണ്ടാണ് മൂന്നു കൊല്ലമായി നിരക്ക് വർദ്ധനവ് വേണ്ടിവന്നത്. എന്റെ വീട്ടിലെ കറണ്ട് ബില്ല് നാലിരട്ടിയാണ്.

മുമ്പത്തെ കറണ്ട് ബില്ലും ഇപ്പോഴത്തെ കറണ്ട് ബില്ലും ഞാൻ കൊണ്ടുവരാം. ഈ ഗവൺമെന്റ് വരുന്ന സമയത്തുണ്ടായിരുന്ന കറണ്ട് ബില്ലും ഇപ്പോഴത്തെ കറണ്ട് ബില്ലും തമ്മിൽ നാലിരട്ടിയുടെ വ്യത്യാസമാണ്. സാധാരണ ജനങ്ങളുടെ ജീവിത ബഡ്ജറ്റുകളെല്ലാം തകരുകയാണ്. നാലുവർഷം ജനങ്ങളുടെമേൽ വൈദ്യുതി മേഖലയിൽ മാത്രം അധികഭാരം കെട്ടിയേല്പിച്ചത് നാലായിരം കോടി രൂപയുടേതാണ്. മുമ്പൊരിക്കലും ഉണ്ടാകാത്തതാണ് ഇത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് അങ്ങേക്ക് മറ്റു ഗുണങ്ങളെല്ലാം ഉണ്ടെങ്കിലും ഈ മേഖലയിൽ അങ്ങ് മികവ് കാണിക്കുന്നില്ല എന്ന്. ദുരുദ്ദേശത്തോടുകൂടിയല്ല പറയുന്നത്. നല്ല ഗുണങ്ങളുണ്ടെങ്കിൽ നല്ല ഗുണങ്ങൾ പറയാം. ഈ രംഗത്ത് ഇടതുപക്ഷ ഗവൺമെന്റ് തുടങ്ങിവച്ച കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ അങ്ങ് ആത്മാർത്ഥമായി ശ്രമിക്കുന്നില്ല. അതിനുകാരണം എന്താണെന്ന് അങ്ങ് മറുപടിയിൽ പറയുമായിരിക്കും. ജലവൈദ്യുത പദ്ധതി കഴിഞ്ഞാൽ ഏറ്റവും ചെലവ് കുറഞ്ഞത് കൽക്കരി വഴിയുള്ള ഉല്പാദനമാണ്. അതിന് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒറീസയിൽ കൽക്കരി പാടം വാടകയ്ക്കെടുത്ത് വൈതരണി പദ്ധതി ആരംഭിക്കാൻ ശ്രമിച്ചു. അങ്ങത് വഴിയിൽ ഉപേക്ഷിച്ചു. എൽ.എൻ.ജി. പദ്ധതി ആസൂത്രണം ചെയ്തിരുന്നു, അതും മുന്നോട്ടു പോയില്ല. വൈദ്യുതി ഉല്പാദനത്തിനുവേണ്ടി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രമിച്ച പുതിയ പദ്ധതികളൊന്നും മുന്നോട്ടുകൊണ്ടുപോകുന്നതിന് ഒരു താല്പര്യവും ഈ ഗവൺമെന്റ് എടുത്തില്ലായെന്നത് അത്ഭുതകരമായി എനിക്ക് തോന്നുകയാണ്. ഇതെല്ലാം പോകട്ടെ, കേന്ദ്രപൂളിൽ നിന്ന് വൈദ്യുതി കിട്ടുകയാണെങ്കിൽ ആ വൈദ്യുതി കേരളത്തിലേക്ക് കൊണ്ടുവരണമെങ്കിൽ ഒരു സംവിധാനം വേണം. കേന്ദ്രമോ അതല്ലെങ്കിൽ കൂടംകുളം പദ്ധതി പോലുള്ള വേറെ ഏതെങ്കിലും പദ്ധതികളിൽനിന്നും വൈദ്യുതി തന്നാൽ അത് കൊണ്ടുവരണ്ടേ ; അതു കൊണ്ടുവരാൻ ആവശ്യമായ ലൈനിന്റെ സ്ഥിതി എന്താണ് ? നമ്മുടെ ആവശ്യം സഫലീകരിക്കണമെങ്കിൽ 2200 മെഗാവാട്ട് വൈദ്യുതി പുറത്തുനിന്നു കൊണ്ടുവരണം. കഷ്ടിച്ച് 1700 മെഗാവാട്ട് കൊണ്ടുവരാനുള്ള ലൈനുകളേയുള്ളൂ. അത് പരിഹരിക്കണ്ടേ ? ഇതു പരിഹരിക്കാൻ ആത്മാർത്ഥമായ പരിശ്രമം ബഹുമാനപ്പെട്ട എ. കെ. ബാലൻ വൈദ്യുതി മന്ത്രിയായിരുന്ന കാലത്ത് ആരംഭിച്ചത് അങ്ങേക്കും അറിയാവുന്നതാണ്. എവിടെയാണത് തടസ്സപ്പെട്ടുപോയത് ? കൂടംകുളത്തുനിന്നും കൊച്ചിയിലേക്കുള്ള 400 കെ.വി. ലൈൻ ഇടമൺ വരെ എൽ.ഡി.എഫിന്റെ കാലത്ത് പൂർത്തീകരിച്ചു.

അവിടെനിന്ന് അങ്ങോട്ട് എന്താണ് തടസ്സം? അവിടെനിന്ന് അങ്ങോട്ടുള്ള തടസ്സം എനിക്കും അങ്ങേക്കും എല്ലാവർക്കും അറിയാം. പുതുപ്പള്ളിവഴി കടന്നു പോകണം. അവിടെയുള്ള റബ്ബർ എസ്റ്റേറ്റിലെ കുറച്ച് പുല്ല് കരിഞ്ഞുപോകും. അതാണ് കാരണം പറഞ്ഞത്. അതിലൂടെ പോകാൻ സമ്മതിക്കുന്നില്ല. ഒരു മണ്ഡലത്തിലെ, അതും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മണ്ഡലത്തിലെ എസ്റ്റേറ്റുകൾക്കിടയിലൂടെ കടന്നു പോകുമ്പോൾ പുല്ല് കരിഞ്ഞുപോകും എന്ന ന്യായവും പറഞ്ഞ്, കേരളത്തിലേക്ക് കേന്ദ്രപൂളിൽ നിന്നും കൂടംകുളത്തുനിന്നുമൊക്കെ വൈദ്യുതി കൊണ്ടുവരുന്നതിനുള്ള വഴി തടസ്സപ്പെടുത്തി എന്നുപറഞ്ഞാൽ അത് എത്രമാത്രം ക്രൂരമാണെന്ന് ഞാൻ പറയേണ്ടതുണ്ടോ ? അവസാനമായി കേൾക്കുന്ന ഒരു വർത്തമാനമുണ്ട്, ഈ പദ്ധതി പൂർത്തീകരിക്കാൻവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഇടപെട്ടുകൊണ്ട് ഒരു പുതിയ പാക്കേജ് കൊണ്ടുവരുന്നു. ഇടമൺ മുതൽ കൊച്ചിയിലേക്ക് എത്തുന്നതിന് ബാക്കി നിൽക്കുന്ന ഈ പദ്ധതി തന്നെ 300 കോടി രൂപയുടേതാണ്. അതിന് അവിടത്തെ കൃഷിക്കാർക്കും എസ്റ്റേറ്റ് ഉടമകൾക്കും മറ്റും വൻതോതിൽ നഷ്ടപരിഹാരം കൊടുക്കുന്ന 1,000 കോടി രൂപയുടെ ഒരു പുതിയ പാക്കേജ് ആണ് അണിയറയിൽ രൂപപ്പെട്ടുവരുന്നത് എന്ന് മനസ്സിലാക്കുന്നു. അങ്ങനെയാണെങ്കിൽ കേരളം കണ്ട മറ്റൊരു വലിയ അഴിമതിയിലേക്ക് അത് പോകുകയാണെന്ന് പറയാതിരിക്കാനാവില്ല. ഖജനാവിന്റെ വാതിൽ പുതുപ്പള്ളിക്കാർക്ക് തുറന്നുകൊടുക്കുന്ന വിധത്തിൽ പൊതുമുതൽ അനാവശ്യമായി നശിപ്പിക്കരുത്. ഇടമൺ വരെ എങ്ങനെയാണോ ഈ ലൈൻ കൊണ്ടുവന്നത് അതേ സമീപനം തന്നെ ഇടമൺ കഴിഞ്ഞുള്ള സ്ഥലത്തേക്കും സ്വീകരിക്കണം എന്നാണ് അതുമായി ബന്ധപ്പെട്ടുകൊണ്ട് പറയാനുള്ളത്. രണ്ടാമത്തെ ലൈനായ മൈസൂർ-എടരിക്കോട് 400 കെ.വി. ലൈനിന്റെ പണിയും മുന്നോട്ട് പോകുന്നില്ല. അതിലും ആത്മാർത്ഥമായ പരിശ്രമം നടക്കുന്നില്ല. പാർലമെന്റിന്റെ മേശപ്പുറത്തുള്ള പുതിയ വൈദ്യുതി ബിൽ പാസ്സായാൽ എല്ലാവർക്കും അതിൽ ആശങ്കയുണ്ട്. രാജ്യവ്യാപകമായി വൈദ്യുതി ഉല്പാദന-പ്രസരണ-വിതരണ മേഖല സ്വകാര്യ കുത്തകകൾക്ക് ഏല്പിച്ചുകൊടുക്കപ്പെടും എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അതുകൊണ്ട് ഇത് വളരെ ഗൗരവത്തോടെ കാണേണ്ടതുണ്ട്. രാഷ്ട്രീയ താല്പര്യങ്ങൾക്കെല്ലാം ഉപരിയായി ഈ വിഷയത്തെ കണ്ടിട്ടില്ലെങ്കിൽ നമ്മുടെ രാജ്യത്തിന്റെ വൈദ്യുതി മേഖല ഏതാണ്ട് പൂർണ്ണമായും വൻകിട കുത്തക കമ്പനികളുടെ കൈകളിൽ അമരുന്ന സ്ഥിതിയാണ് ഉണ്ടാവുക.

ശ്രീ. എസ്. രാജേന്ദ്രൻ : സർ, അങ്ങ് വൈദ്യുതി മേഖലയെക്കുറിച്ച് ശ്രദ്ധാപൂർവ്വം പറഞ്ഞ ഒരു കാര്യം ഓർമ്മിപ്പിക്കാൻ ഈ അവസരത്തിൽ ഞാൻ ആഗ്രഹിക്കുകയാണ്. മുൻ വൈദ്യുതി വകുപ്പുമന്ത്രി വളരെ താല്പര്യത്തോടുകൂടി കൊണ്ടുവന്നതാണ് പള്ളിവാസൽ പദ്ധതി. ഇപ്പോൾ ആ പദ്ധതി നിശ്ചലമാണെന്നും ഒരു മാസത്തിൽ 45 ലക്ഷം രൂപയോളം വെറുതെ ഉദ്യോഗസ്ഥർക്ക് ശമ്പളം കൊടുക്കുന്ന സാഹചര്യം മാത്രമാണുള്ളതെന്നും സിവിൽ സെക്ഷൻ നോക്കുന്ന മെമ്പർ ഇല്ലാത്തതുകൊണ്ടാണ് ഇത്തരത്തിലുള്ള പ്രശ്നങ്ങൾ നിലനില്ക്കുന്നതെന്നും അത് പരിഹരിക്കപ്പെടേണ്ടതാണ് എന്നുള്ളതും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിക്കുവേണ്ടി വീണ്ടും ശ്രദ്ധയിൽപ്പെടുത്തുകയാണ്. ചെറുകിട പദ്ധതികളടക്കമുള്ള പാരമ്പര്യേതര വൈദ്യുതി ഉല്പാദനരംഗത്തും കുത്തകകൾക്ക് പ്രവേശനം നല്കാനാണ് നീക്കം. ഈ ബിൽ വരുന്നതോടുകൂടി അതും പൂർത്തിയാകും. അതിനായി വിവിധ ഇലക്ട്രിസിറ്റി ബോർഡുകളുടെ കൈവശത്തിൽ ഇപ്പോഴുള്ള കോടിക്കണക്കിന് രൂപയുടെ സ്ഥലവും അടിസ്ഥാന സൗകര്യങ്ങളുമെല്ലാം ഈ കുത്തകകൾക്ക് നല്കുന്നതിനുവേണ്ടിയാണ് അണിയറയിൽ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നത് എന്ന് നമുക്ക് സ്വാഭാവികമായി ഊഹിക്കാവുന്നതേയുള്ളൂ. കോടിക്കണക്കിന് വരുന്ന ഉപഭോക്താക്കളെയും രാജ്യത്തിന്റെ വികസനത്തിന് ഏറ്റവും പ്രധാനമായ ഊർജ്ജ മേഖലയെയും വൻകിട-സ്വകാര്യ കുത്തകകൾക്ക് അടിമകളാക്കി കൊടുക്കുക എന്നതാണ് ഇതിന്റെ അനന്തരഫലമായി വരുന്നത്. പുതിയ വൈദ്യുതി ബില്ലിൽ ഇതടക്കമുള്ള വിഷയങ്ങളിലുള്ള അനേകം ഭേദഗതികൾ ഉണ്ടെന്നതാണ് യാഥാർത്ഥ്യം. വൈദ്യുതി ബോർഡിനുപകരം 31-10-2013-ന് നിലവിൽ വന്ന കെ.എസ്.ഇ.ബി. ലിമിറ്റഡ് കമ്പനി പെൻഷൻ വിതരണത്തിന്റെ കാര്യം ഒന്നുംപറയുന്നില്ല. അന്നത്തെ ധാരണയനുസരിച്ച് ഒരു കൊല്ലത്തിനുള്ളിൽ, അതായത് 2014 ഒക്ടോബർ 31-നുമുമ്പ് 12,000 കോടി രൂപ മൂലധനത്തോടുകൂടിയ 'മാസ്റ്റർ' ട്രസ്റ്റ് രൂപീകരിക്കും എന്നതായിരുന്നു. ഒരു കൊല്ലം കഴിഞ്ഞു രണ്ടാമത്തെ കൊല്ലത്തിലേക്ക് കടക്കുകയാണ്. ഇതുവരെ ഒരു ട്രസ്റ്റും വന്നില്ല. കെ.എസ്.ആർ.ടി.സി.യിലെ ആയിരക്കണക്കിന് വരുന്ന പെൻഷൻകാർക്ക് ഉണ്ടായ ദുര്യോഗം കെ.എസ്.ഇ.ബി.-യിലെ പെൻഷൻ കാർക്കും ഉണ്ടാകുമോയെന്ന് ഞാൻ ആശങ്കപ്പെടുകയാണ്. ആ കാര്യത്തിൽ അങ്ങ് എന്താണ് ചെയ്തിരിക്കുന്നതെന്ന കാര്യം പറയണം. അതിനാവശ്യമായ നടപടി ഉണ്ടാകണം. ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് പാരമ്പര്യ ഊർജ്ജ മേഖലയിലുള്ള പ്രതിസന്ധിയെ നേരിടാൻ പാരമ്പര്യേതര ഊർജ്ജ മേഖലയിൽ ഒരുപാട് ശ്രമം

നടത്തി. സൗരോർജ്ജം, പവനോർജ്ജം, തിരമാലോർജ്ജം, ജൈവോർജ്ജം എന്നീ രംഗത്ത് നിരവധി ഗവേഷണങ്ങളും സാധ്യതകളും ഉപയോഗപ്പെടുത്താനുള്ള പരിശ്രമങ്ങൾ നടന്നതും വിവിധ പദ്ധതികൾ ആവിഷ്കരിച്ചതുമെല്ലാം അങ്ങേക്ക് അറിയാവുന്നതാണ്. ഈ നാലുകൊല്ലം എന്താണ് നടന്നത് ? സൗരോർജ്ജം വളരെ പ്രധാനപ്പെട്ട ഒന്നാണ്. ലോകത്തിനാകെ ഉപയോഗപ്പെടുന്ന ഒന്നാണ്. ഇവിടെ എത്തിയപ്പോൾ ആ സൗരോർജ്ജം സരിതോർജ്ജമായി മാറി. അത് യു.ഡി.എഫ്-നെ ആകെ നിർവീര്യമാക്കുകയും പലരേയും ഷോക്ക് അടിപ്പിക്കുകയും ചെയ്തു. ചിലർ അപ്രത്യക്ഷരായി. ചിലർ 'ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും' എന്ന മട്ടിൽ ഒരു ഉളുപ്പുമില്ലാതെ പൊതുരംഗത്ത് തുടരുന്നുണ്ട്. ഇതൊക്കെ യാഥാർത്ഥ്യമാണെങ്കിലും അപ്പുറത്തിരിക്കുന്നവരെയാകെ നിർവീര്യമാക്കുന്നതാണ്. സൗരോർജ്ജം ഉപയോഗ പ്പെടുത്തുന്നതുകൊണ്ട് രാജ്യത്തിന് വലിയ വികസനം ഉണ്ടാകേണ്ടതായിരുന്നു. പക്ഷെ അത് അങ്ങേയറ്റം മ്ലേച്ഛമായ രീതിയിൽ പോകുകയാണ് ചെയ്തത്. അരുവിക്കരയെ സംബന്ധിച്ച് ഒരു പുതു ചൊല്ലുണ്ട്. സരിതോർജ്ജത്തിന്റെ പ്രധാന വിലസിത കേന്ദ്രങ്ങളും പ്രയോഗസ്ഥലങ്ങളുമൊക്കെ മുഖ്യമന്ത്രിയുടെ ഓഫീസും അതിൽ സഹമന്ത്രിമാരും ചില ഭരണകക്ഷി എം.എൽ.എ.-മാരും ചില ഉദ്യോഗസ്ഥന്മാരും ഒക്കെയുണ്ട്. അരുവിക്കരയിൽ തോറ്റാൽ ഉമ്മൻ ചാണ്ടി രാജിവയ്ക്കേണ്ടിവരും, അപ്പോൾ സരിതയുടെ ഇടപെടൽ നില്ക്കും. ഇനിയും ഒരുപാട് വീഡിയോകളും ഫോട്ടോകളും പലരുടെയും കസ്റ്റഡിയിലുണ്ട്. അതൊക്കെ പുറത്തുവരുന്നതിന് യു.ഡി.എഫ്. ജയിക്കുന്നതായിരിക്കും നല്ലത് എന്ന ചില ആൾക്കാരുടെ തോന്നലിന്റെ ഫലമായിട്ടാണ് അവിടെയുള്ള റിസൾട്ട് എന്ന് ഇലക്ഷനുശേഷം തമാശയായി കുറെ ആളുകൾ പറഞ്ഞു നടക്കുന്നുണ്ട്. അരുവിക്കര തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് ന്യായമായ സംശയങ്ങൾ ആൾക്കാരുടെ ഇടയിൽ തോന്നിയതാണ്. എങ്ങനെ ജയിച്ചു എന്നതിലേക്കൊന്നും ഞാൻ കടക്കുന്നില്ല. എവിടെപ്പോയി അവിടെ ഉണ്ടായിരുന്ന ചില വോട്ടുകൾ ? അവിടെ കഴിഞ്ഞ പ്രാവശ്യം കിട്ടിയതിനെക്കാൾ യു.ഡി.എഫ്.-ന് 349 വോട്ടുകൾ കുറവാണ്. പതിനായിരത്തി ചില്വാനം വോട്ടിന്റെ ഭൂരിപക്ഷത്തിന് ജയിച്ചു എന്നത് അടിവരയിട്ടു സമ്മതിച്ചുകൊണ്ടുതന്നെയാണ് ഞാൻ പറയുന്നത്. എൽ.ഡി.എഫ്.-ന് 197 വോട്ടുകൾ കൂടുതലുണ്ട്. അപ്പോഴും അവിടെ വോട്ടു ശതമാനം കുറവാണ്. ബി.ജെ.പി.-ക്ക് കാൽലക്ഷത്തോളം വോട്ട് കൂടുതൽ കിട്ടി. കഴിഞ്ഞ പ്രാവശ്യം മത്സരിക്കുമ്പോൾ ഉണ്ടായിരുന്ന പ്രേമചന്ദ്രൻ ഇഫക്ട് എവിടെപ്പോയി ? ആർ.എസ്.പി. ഇഫക്ട് എവിടെപ്പോയി ; അവിടെ യു.ഡി.എഫ്.-നോട് ചേർന്നപ്പോൾ അത് കൂടണ്ടേ ; ഒരു സിംഗിൾ വോട്ടും കൂടിയില്ലല്ലോ ; അപ്പോൾ അവിടെ ആർ.എസ്.പി.-ക്കോ മറ്റ് ആളുകൾക്കോ വോട്ടില്ലേ; അതിന്റെ ഒരു ചലനമെങ്കിലും

ഉണ്ടാക്കാൻ നിങ്ങൾക്ക് കഴിഞ്ഞില്ല. പിന്നെ നിങ്ങളെല്ലാവരും നാഴികയ്ക്കു നാൽപ്പതുവട്ടം പറയുന്നുണ്ട് അന്തരിച്ചുപോയ 'കാർത്തികേയൻ ഇഫക്ട്' ഉണ്ടായിരുന്നു എന്ന്. അദ്ദേഹത്തിന്റെ സഹതാപതരംഗമുണ്ടായിരുന്നു. അതെല്ലാം അവിടെ വോട്ടാക്കി മാറ്റി എന്നൊക്കെ. 340 വോട്ട് കുറയുകയല്ലേ ചെയ്തത് ? അതൊന്നുമല്ല നടന്നത് മറ്റെന്തോ ആണെന്നുള്ള കാര്യത്തിൽ ആർക്കും സംശയമില്ല. ആരാണ് സ്ഥാനാർത്ഥി ആകേണ്ടത് എന്നു നിശ്ചയിക്കാനുള്ള ഗ്യാലപ് പോളിംഗ് വോട്ടിൽ മാത്രം 8000 ആളുകൾ പങ്കെടുത്ത ഒരു കക്ഷിക്ക് അവിടെ കിട്ടിയത് 1197 വോട്ടുകളാണ്. അവരുടെ വോട്ടുകൾ എവിടെപ്പോയി ; വേറെ ചില വർഗ്ഗീയ പ്രസ്ഥാനങ്ങളുടെ വോട്ടുകൾ എവിടെപ്പോയി ? ആ വോട്ടുകൾക്ക് എന്താണ് സംഭവിച്ചത് എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഒരു കാര്യം ഉറപ്പ് എൽ.ഡി.എഫ്. ചോദിച്ചത് മനുഷ്യരുടെ വോട്ടാണ്. മറ്റുള്ളവർ ജാതിക്കും മതത്തിനുമുള്ള വോട്ടു ചോദിച്ചു. എന്തായാലും ഒരു കാര്യത്തിൽ നമുക്ക് അഭിമാനിക്കാം. 40 ശതമാനം ആളുകളെങ്കിലും അരുവിക്കരയിൽ പോലും വോട്ടു ചെയ്യാനുണ്ട് എന്നത് നിരാശയുണ്ടാക്കുന്ന ഒന്നല്ല. അത് തീർച്ചയായും ആവേശകരമായ കാര്യം തന്നെയാണ്. കേരളത്തിൽ ഇപ്പോൾ ബി.ജെ.പി. വോട്ടുനേടി മുന്നോട്ടുവന്നിട്ടുണ്ട്. അതിനുള്ള കാരണം പറയാൻ ഇപ്പോൾ സമയമില്ല. കേരളത്തിൽ ഇപ്പോഴത്തെ ഏറ്റവും വലിയ ഒറ്റകക്ഷി ബി.ജെ.പി.-യാണെന്നാണ് ബി.ജെ.പി.-യുടെ സംസ്ഥാന പ്രസിഡന്റ് പറയുന്നത്. ചില മഴക്കാലത്ത് മണ്ണിര ഒന്ന് ചീർത്തെന്നൊക്കെ വരും. അതുകൊണ്ട് മണ്ണിര മൂർഖൻ പാമ്പിന്റെയോ രാജവെമ്പാലയുടെയോ വീട്ടിലൊന്നും ചെന്നിട്ട് കല്യാണമാലോചിക്കാറില്ലല്ലോ ; ഇതും അത്രയേയുള്ളൂ. അരുവിക്കരയിൽ എന്താണ് സംഭവിച്ചതെന്ന് എല്ലാവർക്കുമറിയാവുന്ന വസ്തുതയാണ്. അരുവിക്കരയിലെ വിജയം ഉമ്മൻചാണ്ടിയുടെ വിജയമാണെന്ന് കൊട്ടിഘോഷിച്ചു. അപ്പോൾത്തന്നെ ശ്രീ. വി. എം. സുധീരന്റെ മറുപടിവന്നു. കേരളമെന്നാൽ അരുവിക്കരയല്ല. അത് ശരിയാണ്. ഒരു കാര്യം ഞാൻ ഭരണപക്ഷത്തിരിക്കുന്നവരെ ഓർമ്മപ്പെടുത്തുന്നു. കോൺഗ്രസ് പുറകിലാണെന്നതിന് യാതൊരു സംശയവും വേണ്ട. കോൺഗ്രസിന്റെ വോട്ടുകൾ ബി.ജെ.പി.-യിലേക്ക് ഒഴുകിപ്പോയിട്ടുണ്ട്. അതുകൊണ്ടാണ് പല ഫാക്ടറുകളും അവിടെ കാണാത്തത്. ഒരു കാര്യം കൂടി മനസ്സിലാക്കിക്കൊള്ളൂ, കോൺഗ്രസ് തോറ്റ് പുറകിലേക്ക് പോയ ഒരു സംസ്ഥാനത്തും പിന്നീട് കോൺഗ്രസ് തിരിച്ചുവന്നിട്ടില്ല. ഇപ്പോൾ ലീഗിന്റെയും കേരളാ കോൺഗ്രസ്സിന്റെയും വോട്ടുകൾകൊണ്ട് സൗകര്യമായി ഊണുകഴിച്ച് നെഞ്ചുംവിരിച്ച് നടക്കുകയാണ് നിങ്ങൾ. ഈ ലീഗും കേരളാ കോൺഗ്രസും തലയിലും ഒക്കത്തുമൊക്കെ കയറിയിരുന്ന് ഞെരിപിരി കൊള്ളുമ്പോൾ നിങ്ങളുടെ തലയും മുതുകും കുനിയും. ഒരിക്കലും കോൺഗ്രസ് വളരുകയല്ല തകരുകയാണ്. അതിന് യാതൊരു സംശയവും വേണ്ട.

അത് നല്ലപോലെ മനസ്സിലാക്കണം. അപ്പോഴും മതേതര പ്രസ്ഥാനത്തിന്റെ മുദ്രാവാക്യം ഉയർത്തിപ്പിടിച്ചുകൊണ്ട് ഞങ്ങൾ ഇവിടെയുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട പി. കെ. അബ്ദു റബ്ബ് കഴിഞ്ഞ വ്യാഴാഴ്ച പറഞ്ഞത് പാഠപുസ്തകങ്ങൾ അച്ചടിക്കാൻ ഫെബ്രുവരി മാസം ഓർഡർ കൊടുത്തുവെന്നാണ്. അതിന്റെ പിറ്റേ ദിവസം, അതായത് 24 മണിക്കൂറിനുള്ളിൽ കെ.ബി.പി.എസ്.-ന്റെ എം.ഡി. അത് നിഷേധിച്ചു. ഓർഡർ കൊടുത്തിട്ട് 10 ദിവസമേ ആയിട്ടുള്ളൂവെന്ന് പറഞ്ഞു. മന്ത്രി പറഞ്ഞതിനെ നിഷേധിച്ചുകൊണ്ട് പരസ്യമായി പ്രസ്താവനയിറക്കി. ആരാണ് അവാസ്തവം പറഞ്ഞത് ? മന്ത്രിയാണോ ; ഐ.എ.എസ്. ഉദ്യോഗസ്ഥനാണോ ? ഇങ്ങനെ സഭയെ തെറ്റിദ്ധരിപ്പിക്കുക, കുട്ടികളെ വഴിയാധാരമാക്കുക എന്നൊക്കെ പറയുന്നത് വളരെ കഷ്ടമാണ്. മാത്രവുമല്ല വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇപ്പോൾ ഒരു പുതിയ പ്രസ്താവന കൂടി ഇറക്കിയിട്ടുണ്ട്. ജൂലൈ 20-ന് പുസ്തകം തരുമെന്ന് അന്ന് മന്ത്രി പറഞ്ഞു. കെ.ബി.പി.എസ്.-ന്റെ എം.ഡി. പറയുന്നത് ആഗസ്റ്റ് മാസം അവസാനം മാത്രമേ പുസ്തകം തരാൻ സാധിക്കുകയുള്ളൂ എന്നാണ്. അപ്പോൾ ഓണപ്പരീക്ഷ കഴിയും. ഓണം കഴിയുന്നതിനെക്കുറിച്ച് മന്ത്രി പറയുന്നത് ഇക്കൊല്ലം മാവേലി നേരത്തെ വരുന്നുവെന്നാണ്. എല്ലാ വർഷവും മാവേലി സെപ്റ്റംബർ മാസത്തിലാണ് വരുന്നത്. ഇപ്രാവശ്യം ആഗസ്റ്റ് മാസത്തിൽ വരുന്നു. ഓണം നേരത്തെയായിപ്പോയത് തന്റെ കുറ്റമാണോയെന്നാണ് മന്ത്രി ചോദിക്കുന്നത്. ഇങ്ങനെയൊരു വിദ്യാഭ്യാസ വകുപ്പുമന്ത്രി എവിടെയെങ്കിലും ഏതെങ്കിലും കാലത്ത് ഉണ്ടായിട്ടുണ്ടോ ?

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, ഓണം നേരത്തെ വരുന്നെന്നല്ലേ പറഞ്ഞത് ; അതുകൊണ്ട് കേരള നിയമസഭയിൽ ഒരു പ്രമേയം പാസ്സാക്കി മാവേലിയോട് രണ്ടാഴ്ച കഴിഞ്ഞ് വന്നാൽ മതി എന്നുപറയാൻ കഴിയുമോ ?

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, പുസ്തകം കിട്ടാത്തതിന്റെ പേരിൽ കെ.എസ്.യു. ഇന്ന് വിദ്യാഭ്യാസ ബന്ദ് പ്രഖ്യാപിച്ചിരുന്നു. അത് എങ്ങനെ പിൻവലിച്ചു എന്ന് എനിക്കറിയില്ല. അണിയറയിൽ പറഞ്ഞു കേൾക്കുന്നത് 'പഠിച്ചില്ലെങ്കിലും നിങ്ങളെ ഞാൻ ജയിപ്പിക്കുന്നില്ലേ ; വാരിക്കോരി എ പ്ലസ് നൽകുന്നില്ലേ ; പിന്നെ എന്തിനാ പാഠപുസ്തകം' ? എന്ന് ശ്രീ. അബ്ദു റബ്ബ് ചോദിച്ചതുകൊണ്ട് സമരം പിൻവലിച്ചുവെന്നാണ്. ബന്ദ് പിൻവലിക്കാൻ വേറെ എന്ത് കാരണമാണുള്ളത് ; ആരെങ്കിലും എന്തെങ്കിലും ഉറപ്പ് കൊടുത്തിട്ടുണ്ടോ ; പുസ്തകം തരാമെന്ന് പറഞ്ഞിട്ടുണ്ടോ ; കെ.ബി.പി.എസ്.-ന്റെ എം.ഡി. പറഞ്ഞ കാര്യത്തെ നിഷേധിച്ചിട്ടുണ്ടോ ; ഒരു

ഉറപ്പും കൊടുത്തിട്ടില്ല. അങ്ങേയറ്റം ശോചനീയമായ സ്ഥിതിയാണ് ഇവിടെ നടക്കുന്നത്. ഇങ്ങനെയൊരു കാലഘട്ടം ഒരിക്കലും ഉണ്ടായിട്ടില്ല. എല്ലാ മേഖലയിലും പലരുടെയും ഉറക്കം പോയിട്ടുണ്ട്. ബലാത്സംഗ കേസ്സുകൾ ഒത്തുതീർപ്പാക്കാൻ പാടില്ല എന്ന് സുപ്രീം കോടതി പറഞ്ഞതോടുകൂടി ഒരുപാട് ആളുകളുടെ ഉറക്കം പോയി. ഒരുപാട് ആളുകൾ സഭയിലേക്ക് വരുന്നില്ല. പല ആളുകളും പൊതുരംഗത്ത് വരുന്നില്ല. ഭരണപക്ഷത്തിരിക്കുന്നവർ വലിയ ആശങ്കയിലാണ്. ഇങ്ങനെയൊരു ഭരണവും മോശപ്പെട്ട ഒരു സംവിധാനവും കേരളം കണ്ടിട്ടില്ല. ഞാൻ ഒരു കാര്യം കൂടി പറയാൻ ആഗ്രഹിക്കുന്നു. നമ്മുടെ നാട്ടിൽ ഒരു സെക്യൂരിറ്റി ജീവനക്കാരനെ തല്ലിക്കൊന്നു. അത് ചെയ്തത് ഒരു കോടീശ്വരനാണ്. ഞാൻ മനസ്സിലാക്കുന്നത് ആ കേസ് കോടിക്കണക്കിന് രൂപ വാരിയെറിഞ്ഞ് ഒത്തുതീർപ്പാക്കാൻ പോവുകയാണെന്നാണ്.

മി. ചെയർമാൻ : പ്ലീസ് കൺക്ലൂഡ്. 6 മിനിട്ട് അധികമായി.

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, അദ്ദേഹത്തിന്റെ പേരിൽ ചാർത്തപ്പെട്ട വകുപ്പുകളെല്ലാം നിർവ്വീര്യമാകാൻ പോകുന്നുവെന്നാണ് എനിക്ക് കിട്ടിയിട്ടുള്ള വിവരം. അങ്ങനെ സംഭവിച്ചാൽ അത് ഈ കേരളത്തിന്റെ ക്രമസമാധാന രംഗത്തുണ്ടാകുന്ന കറുത്ത പാട് ആയിരിക്കും. ഒരിക്കലും അതിന് അവസരമുണ്ടാക്കി ക്കൊടുക്കാൻ പാടില്ല.

മി. ചെയർമാൻ : പ്ലീസ് കൺക്ലൂഡ്.

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, ഈ ഗവൺമെന്റ് അവതരിപ്പിക്കാത്ത ബഡ്ജറ്റിനെ പിൻതാങ്ങാനോ എതിർക്കാനോ ആവില്ല. അതുകൊണ്ട് പൊതു സ്ഥിതികൾ പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കു കയാണ്. കഴിഞ്ഞ നാല് വർഷക്കാലമായി കേരളത്തെ ഇരുട്ടിലാക്കാതെ മുന്നോട്ടു നയിച്ച ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് അവർകളെ ഈ അവസരത്തിൽ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടപ്പിലാക്കിയ മോഡൽ സെക്ഷൻ എന്ന സംവിധാനം ഇന്ന് ജനങ്ങൾക്ക് ഏറ്റവും ദുരവസ്ഥ ഉണ്ടാക്കിക്കൊടുത്തിരിക്കുകയാണ്. പല സ്ഥലങ്ങളിലും ജീവനക്കാർക്ക് യാതൊരു ഉത്തരവാദിത്വവും ഇല്ലാത്ത അവസ്ഥയാണ് മോഡൽ സെക്ഷൻ സംവിധാനം നിലവിൽ വന്നതോടുകൂടി ഉണ്ടായിരിക്കുന്നത്. ഉദാഹരണമായി എന്റെ

നിയോജക മണ്ഡലത്തിൽ കിഴക്കമ്പലം സെക്ഷന്റെ കീഴിൽ 30000-നമുകളിൽ കൺസ്യൂമേഴ്സാണ് നിലവിലുള്ളത്. അതുപോലെ തിരുവാണിയൂർ സെക്ഷൻ ഓഫീസിൽ 10000-നതാഴെ കൺസ്യൂമേഴ്സാണുള്ളത്. ഈ രണ്ടിടത്തും ഒരേ സ്റ്റാഫ് പാറ്റേൺ ആണ് നിലവിലുള്ളത്. നിലവിൽ രണ്ട് സ്ഥലത്തും 12 ലൈൻമാൻമാരും 6 വർക്ക്മാൻമാരും 6 ഓവർസിയർമാരും 3 സബ് എഞ്ചിനിയർമാരും വീതമുണ്ട്. കൂടാതെ ബ്രേക്ക് ഡൗൺ, മെയിന്റനൻസ്, റവന്യൂ എന്നിങ്ങനെ മൂന്നായി വിഭജിക്കുക കൂടി ചെയ്യതോടുകൂടി നാച്വറൽ കലാമിറ്റിപോലുള്ള ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ ഇപ്പോഴത്തെ സ്റ്റാഫ് പാറ്റേൺ വച്ചുകൊണ്ട് മുന്നോട്ടുപോകാൻ കഴിയുന്നില്ല. അടുത്ത കാലത്ത് മഴക്കെടുതിമൂലം ദുരന്തങ്ങളുണ്ടായപ്പോൾ ഇപ്പോഴത്തെ ജീവനക്കാരെ വച്ചുകൊണ്ട് മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത ഒരു സാഹചര്യമാണുണ്ടായത്. അതുകൂടാതെ ഇടുക്കി, വയനാട് പോലുള്ള മലമ്പ്രദേശങ്ങളിലും ഈ പാറ്റേൺ അനുസരിച്ച് സെക്ഷനുകൾ മുന്നോട്ടുകൊണ്ടുപോകുവാൻ പറ്റാത്ത സാഹചര്യം നിലവിൽ വന്നിരിക്കുകയാണ്. അതുകൊണ്ട് ഈ രീതി മാറ്റുകയോ സെക്ഷൻ ഓഫീസുകൾ വിഭജിക്കുകയോ ചെയ്യണം. കുറച്ച് സെക്ഷൻ ഓഫീസുകൾ വിഭജിച്ച് ഇതിന് പരിഹാരമുണ്ടാക്കിയെങ്കിലും ഭൂരിപക്ഷം സെക്ഷൻ ഓഫീസുകളും ഇന്നും വിഭജിക്കാൻ കഴിഞ്ഞിട്ടില്ല. സാമ്പത്തിക പ്രയാസമാണ് ഇതിന്റെ പിന്നിലുള്ളതെന്ന് അറിയാമെങ്കിൽപ്പോലും ഏറ്റവും കൂടുതൽ പരാതി വരുന്ന ഇലക്ട്രിസിറ്റി ബോർഡിന്റെ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണം. ഇലക്ട്രിക്കൽ സെക്ഷന്റെ അതിര് 10 കിലോമീറ്ററിൽ കൂടുതലായി ഉണ്ടെങ്കിൽ കൂടുതൽ ലൈൻമാൻമാരെ വയ്ക്കണമെന്ന് നിർദ്ദേശമുണ്ട്. പല സ്ഥലങ്ങളിലും ഇത് പാലിക്കപ്പെട്ടിട്ടില്ല. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അധികാരം കൊടുത്താൽ കുറച്ചെങ്കിലും പരിഹരിക്കാൻ കഴിയുമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. അതുപോലെ ബോർഡിന് അധിക വരുമാനം ലഭിക്കുന്നതുകൊണ്ട് വൈദ്യുതി പോസ്റ്റിൽക്കൂടി കേബിൾ വലിക്കുന്ന സംവിധാനം ഇപ്പോൾ നിലവിൽ വരുന്നുണ്ട്. പക്ഷേ യാതൊരു സ്റ്റാന്റൈഡെസേഷനുമില്ലാത്ത രീതിയിലാണ് ഇപ്പോൾ ഇത് വലിച്ചുകൊണ്ടിരിക്കുന്നത്. ഇതിനൊരു മാറ്റം ഉണ്ടാക്കാൻ കഴിയും. കാരണം വരുമാനമുണ്ടെങ്കിലും കേബിൾ വലിക്കുന്നതുമൂലം പലപ്പോഴും നമുക്ക് ബുദ്ധിമുട്ടുകളുണ്ടാകുന്നു. അതിന് ഒരു പരിഹാരമുണ്ടാക്കാൻ ബഹുമാനപ്പെട്ട മന്ത്രി ഇടപെടണം.അതിനോടൊപ്പം ഇപ്പോൾ കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് കൃഷിക്കാർക്ക് പുതിയ താരിഫ് നിലവിൽ വന്നിരിക്കുകയാണ്. ശ്രീ. പി. പി. തങ്കച്ചൻ കൃഷി വകുപ്പുമന്ത്രിയായിരുന്ന കാലത്ത്

ഭക്ഷ്യ വിളയ്ക്കും നാണ്യവിളയ്ക്കും പ്രത്യേക പാക്കേജ് നടപ്പിലാക്കിയിരുന്നു. എന്നാൽ ഇപ്പോൾ അത് കൃഷിക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കിയിരിക്കുകയാണ്. ഭക്ഷ്യവിളയ്ക്ക് കൃഷി വകുപ്പ് തുക കൊടുത്തുവരുന്നുണ്ട്. എന്നാൽ നാണ്യവിളയ്ക്ക് കൊടുക്കുന്നില്ല. ഇതിന് രണ്ടിനും ഒരുപോലെ കൊടുക്കുവാൻ കൃഷി വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കണമെന്ന് ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുന്നു. അതുപോലെ തന്നെ നമ്മുടെ സംസ്ഥാനത്ത് ഓരോ ദിവസവും വൈദ്യുതിയുടെ ഉപയോഗം കൂടി വരികയാണ്. ജലവൈദ്യുത പദ്ധതികൾ പുതിയതായി തുടങ്ങാൻ കഴിയുന്നില്ല. കൂടംകുളത്തുനിന്നും വൈദ്യുതി കൊണ്ടുവരാനുള്ള തടസ്സങ്ങൾ നീക്കുവാൻ അങ്ങും അതുപോലെ തന്നെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിലും കൂടംകുളം സമര സമിതിയുടെ ആളുകളുമായി നിരന്തരം ചർച്ചകൾ നടത്തി അതിനൊരു പരിഹാരമായി എന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്. മതിയായ കോമ്പൻസേഷൻ നൽകി തടസ്സങ്ങൾ നീക്കി കൂടംകുളത്തുനിന്നും വേഗത്തിൽ കൊച്ചിയിലേക്ക് വൈദ്യുതി കൊണ്ടുവരാനുള്ള പദ്ധതി വിജയിച്ചാൽ തീർച്ചയായും സംസ്ഥാനത്തിന് അത് വലിയൊരു നേട്ടമാകും. പുതുപ്പള്ളിയിൽ മാത്രമാണ് പ്രശ്നമുള്ളതെന്നും ബാക്കിയുള്ള സ്ഥലങ്ങളിൽ പ്രശ്നമില്ലായെന്നുമുള്ള രീതിയിൽ ശ്രീ. ബാബു എം. പാലിശ്ശേരി ഇവിടെ പറയുകയുണ്ടായി. സത്യത്തിൽ പല സ്ഥലങ്ങളിലും ലൈൻ വലിക്കുന്നതുമായി ബന്ധപ്പെട്ട് പ്രശ്നങ്ങളുണ്ടാകും. അത് സ്വാഭാവികമാണ്. ഏതായാലും അങ്ങും മുഖ്യമന്ത്രിയും മുൻകൈ എടുത്ത് കൂടംകുളം പദ്ധതി നടപ്പിലാക്കാൻവേണ്ടി എല്ലാ തടസ്സങ്ങളും മാറ്റിയതിനെ പ്രത്യേകം അഭിനന്ദിക്കുന്നു. കൊച്ചിൻ റിഫൈനറിയിൽ 24500 കോടി രൂപയുടെ പ്രോജക്ട് അതിവേഗത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ ആ പ്രോജക്ട് പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിക്കുവാൻ കഴിയുന്നത്ര വേഗത്തിലാണ് അതിന്റെ വർക്കുകൾ പുരോഗമിച്ച് കൊണ്ടിരിക്കുന്നത്. അത് പൂർത്തിയായിക്കഴിഞ്ഞാൽ അതിൽനിന്നും കിട്ടുന്ന ബൈപ്രോഡക്ടായ പെറ്റ്കോക്ക് ഉപയോഗിച്ച് ഏകദേശം 500 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയും എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. അങ്ങയുടെ കാലത്തുതന്നെ ആ പദ്ധതിക്ക് തുടക്കം കുറിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. അതോടുകൂടി ഇവിടുത്തെ ഉപഭോക്താക്കളുടെ ഒട്ടനവധി പ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിയും. വളരെ ദീർഘവീക്ഷണത്തോടുകൂടി അവിടെ സ്ഥലം കണ്ടെത്തി ആ പദ്ധതി നടപ്പിലാക്കണം. കെ.എസ്.ആർ.ടി.സി.-യെ സംബന്ധി ച്ചിടത്തോളം ഇന്ന് നമ്മുടെ മുമ്പിലുള്ള വലിയ പ്രശ്നം പെൻഷൻകാരുടെ പ്രശ്നം തന്നെയാണ്. നിർഭാഗ്യവശാൽ ഒരു പെൻഷൻകാരൻ അസംബ്ലിയിൽത്തന്നെ

വന്നുനടത്തിയ സമരം നമ്മൾ മറന്നുപോയിട്ടില്ല. അവരുടെ ബുദ്ധിമുട്ടുകൊണ്ട് സമരം നടത്തിയതാണ്. നിലവിലെ നിരക്കനുസരിച്ച് പെൻഷൻ കൊടുക്കുവാൻ പ്രതിമാസം 42.61 കോടി രൂപ ആവശ്യമുണ്ട്. വർഷം 512 കോടിയോളം രൂപയാണ് ഇതിനുവേണ്ടിവരുന്നത്. പ്രതിമാസം കെ.എസ്.ആർ.ടി.സി.-യുടെ വരവും ചെലവും തമ്മിലുള്ള അന്തരം 110 കോടി രൂപയാണ്. ഗവൺമെന്റിന്റെ സഹായമില്ലാതെ കെ.എസ്.ആർ.ടി.സി.-ക്ക് മുന്നോട്ടുപോകാൻ കഴിയില്ലെന്ന് നമുക്കെല്ലാവർക്കും അറിയാം. ഇതിനായി സർക്കാരും കെ.എസ്.ആർ.ടി.സി.-യും സംയുക്തമായി ഒരു പാക്കേജ് ഉണ്ടാക്കിയിരിക്കുന്നതായി അറിയാൻ സാധിച്ചിട്ടുണ്ട്. ഓരോ മാസവും കെ.എസ്.ആർ.ടി.സി.-യും ഗവൺമെന്റും 20 കോടി രൂപ വീതം ട്രഷറിയിൽ നിക്ഷേപിച്ചുകൊണ്ട് എല്ലാ 15-ാം തീയതിയും കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പെൻഷൻ കൊടുക്കുന്ന പദ്ധതി അങ്ങയുടെ നേതൃത്വത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. തീർച്ചയായും അത് നടപ്പിലാക്കിയാൽ കെ.എസ്.ആർ.ടി.സി. പെൻഷൻകാരുടെ പ്രശ്നങ്ങൾ അതോടുകൂടി പരിഹരിക്കാൻ കഴിയും. സാമ്പത്തിക പ്രതിസന്ധിമൂലം ചില മാസങ്ങളിൽ 8,500 രൂപ വരെ മാത്രമേ ഇവർക്ക് പെൻഷൻ കൊടുക്കാൻ കഴിഞ്ഞുള്ളൂ. ബാക്കി കുടിശ്ശിക കൂടി കൊടുത്തുതീർത്ത് ഇതിനൊരു ശാശ്വതമായ പരിഹാരമുണ്ടാക്കിയാൽ തീർച്ചയായും അങ്ങ് ചെയ്യുന്ന ഏറ്റവും വലിയൊരു പുണ്യപ്രവർത്തിയായിരിക്കും അതെന്ന് ഞാൻ കരുതുന്നു. കെ.എസ്.ആർ.ടി.സി.-യുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ തികച്ചും പ്രൊഫഷണലായ സമീപനമാണ് ഇന്ന് ആവശ്യമായിട്ടുള്ളത്. ഷെഡ്യൂളുകൾ കൃത്യസമയത്ത് ഓപ്പറേറ്റ് ചെയ്യണം. പലപ്പോഴും ഷെഡ്യൂളുകൾ മുടങ്ങിപ്പോകുന്നുണ്ട്. സമയ കൃത്യത പാലിക്കാത്തതുമൂലം ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. അപകടങ്ങൾ ഒഴിവാക്കുവാൻ ബസ്സുകളുടെ അറ്റകുറ്റപ്പണികൾ സമയത്ത് നടത്തുവാൻ കഴിയണം. ഇതിനുവേണ്ടി മാനേജ്മെന്റിന്റെയും ജീവനക്കാരുടെയും ഭാഗത്തുനിന്നും മെച്ചപ്പെട്ട സമീപനമുണ്ടാകണം. കഴിഞ്ഞ ദിവസം, എന്റെ നിയോജക മണ്ഡലത്തിൽ കൊച്ചി-മധുര ദേശീയ പാതയിൽ വണ്ടിയുടെ മുൻവശത്തെ ടയർ പൊട്ടി വണ്ടി ഒരു മരത്തിലിടിച്ച് ഒരാൾ മരിക്കുകയും ഏറെപ്പേർക്ക് പരിക്കുപറ്റുകയും ചെയ്തു. എത്രമാത്രം അശ്രദ്ധയുള്ളതുകൊണ്ടാണ് അത് സംഭവിച്ചത് എന്ന് നമ്മൾ ആലോചിക്കേണ്ടി യിരിക്കുന്നു. അതുകൊണ്ട് ഇതുപോലെയുള്ള അപകടങ്ങൾ ഉണ്ടാകാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് ഈ അവസരത്തിൽ എനിക്ക് പറയുവാനുള്ളത്. കൂടുതൽ തിരക്കുള്ള റൂട്ടുകളിൽ ലേഡീസ് ഒൺലി ബസ്സുകൾ അനുവദിക്കുന്നത് സ്ത്രീകൾക്ക് പ്രയോജനം ചെയ്യും. കാരണം സിറ്റികളിൽ ലേഡീസ് ഒൺലി ബസ്സുകൾ

കൂടുതൽ ആവശ്യമായി വന്നിരിക്കുകയാണ്. അത് പ്രത്യേകം അങ്ങയുടെ ശ്രദ്ധയിൽ പ്പെടുത്തുകയാണ്. വളരെയേറെ ഭൂസ്വത്ത് ഇന്ന് കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ട്. ആ ഭൂസ്വത്തുക്കൾ എല്ലാം സിറ്റിയുമായി ബന്ധപ്പെട്ട കണ്ണായ സ്ഥലങ്ങളിലാണുള്ളത്. ചില സ്ഥലങ്ങളിൽ മനോഹരങ്ങളായ കെട്ടിടങ്ങൾ പണി പൂർത്തിയായിട്ടുണ്ട്. മുൻമന്ത്രി ശ്രീ. മാത്യു റ്റി. തോമസിന്റെ മണ്ഡലമായ തിരുവല്ലയിലും ശ്രീ. ജോസ് തെറ്റയിലിന്റെ മണ്ഡലമായ അങ്കമാലിയിലും വളരെ നല്ല രീതിയിൽ കെട്ടിടങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം തമ്പാനൂരിലെ കെട്ടിട സമുച്ചയം എടുത്ത് കാണിക്കാൻ പറ്റുന്ന ഒന്നാണ്. അതുപോലെ കെ.എസ്.ആർ.ടി.സി.-യുടെ മറ്റ് സ്ഥലങ്ങളിൽക്കൂടി വായ്പയെടുത്താണെങ്കിലും കെട്ടിടങ്ങൾ പണിത് വാടകയ്ക്കു കൊടുത്ത് അധീഷണൽ വരുമാനം ഉണ്ടാക്കാൻ കഴിഞ്ഞാൽ കെ.എസ്.ആർ.ടി.സി.-ക്ക് അതൊരു അസറ്റ് തന്നെയായിരിക്കും. അതുകൊണ്ട് അക്കാര്യത്തിൽക്കൂടി അങ്ങ് വളരെ ശ്രദ്ധിക്കണമെന്നും അങ്ങയുടെ ഭാഗത്തുനിന്നും നടപടി ഉണ്ടാകണമെന്നും പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു ഉപതെരഞ്ഞെടുപ്പ് കഴിഞ്ഞതിനുശേഷമാണ് ഈ സഭാ സമ്മേളനം നടക്കുന്നത്. അസംബ്ലി നടന്നുകൊണ്ടിരിക്കുമ്പോഴാണ് അരുവിക്കരയിലെ ഉപതെരഞ്ഞെടുപ്പിന്റെ റിസൾട്ട് വന്നത്. തെരഞ്ഞെടുപ്പുഫലം വന്നതിനുശേഷം ഓരോരുത്തരും അസംബ്ലിയിൽ വന്ന് പല കണക്കുകളും പറഞ്ഞു. അവസാനം ശ്രീ. ബാബു എം. പാലിശ്ശേരി വരെയുള്ളവർ പറഞ്ഞുവച്ചുനോക്കുമ്പോൾ രാവിലെ സബ്മിഷൻ ഉന്നയിച്ചത് ശ്രീ. കെ. എസ്. ശബരീനാഥൻ ആണോയെന്ന് പോലും ഞാൻ സംശയിച്ചുപോയി. യു.ഡി.എഫ്. അവിടെ ജയിച്ചോ എന്നുള്ള സംശയം വരുന്ന രീതിയിലാണ് അവർ ഓരോ കണക്കുകളും പറയുന്നത്. എല്ലാ തെരഞ്ഞെടുപ്പിലും തോറ്റാലും നിങ്ങൾ പാഠം പഠിക്കില്ല. കാരണം നിങ്ങൾ കണക്കുകളുമായി വന്ന് പത്രസമ്മേളനത്തിലും മറ്റും പറഞ്ഞുകൊണ്ടിരിക്കുകയാണ്. മദ്യവും പണവും ഉപയോഗിച്ചിട്ടാണ് അരുവിക്കരയിൽ യു.ഡി.എഫ്. ജയിച്ചതെന്നുള്ള രീതിയിൽ ചില എൽ.ഡി.എഫ്. നേതാക്കന്മാർ പറഞ്ഞു. അത് ഈ വർഷത്തെ ഏറ്റവും വലിയ തമാശയായിട്ടാണ് എനിക്ക് തോന്നിയത്. എനിക്ക് ചോദിക്കാനുള്ള ചോദ്യം, സ്ഥാനാർത്ഥിയായി മത്സരിച്ച ശ്രീ എം. വിജയകുമാർ അദ്ദേഹത്തിന്റെ സ്വന്തം വീട് സ്ഥിതിചെയ്യുന്ന സ്ഥലത്തെ ബൂത്തിൽ രണ്ടാം സ്ഥാനത്തേക്ക് പോയി. അദ്ദേഹത്തിന്റെ ബന്ധുക്കളും കൂടെ പഠിച്ച ആളുകളുമാണ് ആ ബൂത്തിലെ വോട്ടർമാരിൽ മഹാഭൂരിപക്ഷവും എന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. അവരും പണവും മദ്യവുമൊക്കെ വാങ്ങിച്ച് യു.ഡി.എഫ്. സ്ഥാനാർത്ഥി ശ്രീ. കെ. എസ്. ശബരീനാഥന് വോട്ടുചെയ്തു വെന്നാണോ പറയുന്നത് ? ഈ വർഷത്തെ ഏറ്റവും വലിയ തമാശയായിട്ടാണ്

എനിക്ക് ഇതിനെ കാണാൻ കഴിയുന്നത്. അടിസ്ഥാന വോട്ടുകളെല്ലാം ചോർന്നുപോയി കൊണ്ടിരിക്കുന്നുവെന്ന് സി.പി.ഐ.(എം.)-ന്റെ ആലപ്പുഴ പ്രമേയത്തിൽ പറയുന്നു. സി.പി.ഐ.(എം)-ൽ നിന്നും ആളുകൾ കൊഴിഞ്ഞുപോകുന്നു. എന്തുകൊണ്ടാണ് അതിനെക്കുറിച്ച് പഠിക്കാത്തത് ? അരുവിക്കര തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വെള്ളനാട് പഞ്ചായത്തിലാണ് തെരഞ്ഞെടുപ്പ് പ്രവർത്തനത്തിന് എന്നെ നിയോഗിച്ചത്. തെരഞ്ഞെടുപ്പ് കാലത്ത് ഒരു മാസത്തോളം ഞാൻ അവിടെ ഉണ്ടായിരുന്നു. അവിടത്തെ ബൂത്തുകളിൽ ബി.ജെ.പി. രണ്ടാംസ്ഥാനത്തും സി.പി.എം. മൂന്നാം സ്ഥാനത്തും വരുമെന്നാണ് ഞങ്ങൾക്ക് കിട്ടിയ റിപ്പോർട്ട്. അതനുസരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഞങ്ങൾ റിപ്പോർട്ട് കൊടുത്തപ്പോൾ, സ്വാഭാവികമായും ബി.ജെ.പി. രണ്ടാം സ്ഥാനത്ത് വരുമെന്നും സി.പി.ഐ. (എം) മൂന്നാം സ്ഥാനത്തേക്ക് പോകുമെന്നും അദ്ദേഹം പറഞ്ഞു. അത് നിങ്ങളോടുള്ള വിരോധം കൊണ്ട് പറഞ്ഞതല്ല. നിങ്ങൾ മൂന്നാം സ്ഥാനത്തേക്ക് പോകുന്നതിനെ ഏറ്റവും ദുഃഖത്തോടുകൂടി കാണുന്ന ആളുകൾ ഞങ്ങളാണ്. നിങ്ങളിതുവരെ യാഥാർത്ഥ്യത്തിലേക്ക് വന്നിട്ടില്ല.

ശ്രീ. സി. മമ്മൂട്ടി : സർ, പല സ്ഥലങ്ങളിലും പഞ്ചായത്ത് പ്രസിഡന്റുമാർ ഉൾപ്പെടെയുള്ള സി.പി.ഐ. (എം) നേതാക്കൾ രാജി വച്ച് ബി.ജെ.പി.-യിൽ ചേർന്ന കാര്യം അങ്ങേക്ക് അറിയാമോ?

ശ്രീ. വി. പി. സജീന്ദ്രൻ : സർ, അത് ഞാൻ പറയാം. വെള്ളനാട് പഞ്ചായത്ത് പ്രസിഡന്റായിരുന്ന ശ്രീ. കൃഷ്ണകുമാർ, സി.പി.ഐ.(എം)-ന്റെ ലോക്കൽ കമ്മിറ്റി സെക്രട്ടറിയും അവിടത്തെ സഹകരണ ബാങ്ക് പ്രസിഡന്റും ഡിസ്ട്രിക് കോ-ഓപ്പറേറ്റീവ് ബാങ്ക് മെമ്പറുമായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി ഗിരിജയും സി.പി.ഐ.(എം)-ന്റെ പഞ്ചായത്ത് പ്രസിഡന്റായിരുന്നു. അവർ മാത്രമല്ല അവരോടൊപ്പം പത്തിരുന്നൂറുപേർ സി.പി.ഐ.(എം) വിട്ട് കൂട്ടത്തോടെ ബി.ജെ.പി-യിലേക്ക് പോയി. നിങ്ങളിത് പരിശോധിക്കണം. ഉഴമലയ്ക്കൽ പഞ്ചായത്ത് പ്രസിഡന്റായിരുന്ന സി.പി.ഐ.(എം) നേതാവ് ശ്രീ. ജയകുമാർ ഇപ്പോൾ ബി.ജെ.പി.-യിലാണ്. അദ്ദേഹം ശ്രീ. ഒ. രാജഗോപാലിനുവേണ്ടി പ്രചരണത്തിനുണ്ടായിരുന്നു. അരുവിക്കര തെരഞ്ഞെടുപ്പിൽ ബി.ജെ.പി.-യുടെ ഇലക്ഷൻ കമ്മിറ്റി ചെയർമാനായിരുന്ന ശ്രീ. ബാഹുലേയൻ നെടുമങ്ങാട് മുനിസിപ്പൽ കൗൺസിലറായിരുന്ന, സി.പി.ഐ-യുടെ നേതാവായിരുന്നു. മാറനല്ലൂർ പഞ്ചായത്ത് പ്രസിഡന്റും സി.പി.ഐ.(എം) നേതാവുമായിരുന്ന ശ്രീ. ചന്ദ്രൻ, അദ്ദേഹവും അവിടെ ബി.ജെ.പി.-യുടെ തെരഞ്ഞെടുപ്പ് പ്രചരണത്തിനുണ്ടായിരുന്നു. നിങ്ങൾ ഇതൊന്നും പഠിക്കാതെ ഇവിടെയിരുന്ന് ബഹളം വച്ചിട്ട് കാര്യമുണ്ടോ ? നിങ്ങളുടെ ആളുകൾ കൂട്ടത്തോടെ ബി.ജെ.പി.-യിലേക്ക് പോയിക്കൊണ്ടിരിക്കു

കയാണ്. നിങ്ങൾ ഇപ്പോഴും കണക്കുകൾ പറഞ്ഞുകൊണ്ടിരുന്നിട്ട് കാര്യമില്ല. അരുവിക്കര ഞാൻ ഒരു ഉദാഹരണമായി പറഞ്ഞെന്നേയുള്ളൂ. കേരളത്തിൽ ഒട്ടനവധി പ്രദേശങ്ങളിൽ നിങ്ങളുടെ കൂടെയുള്ള ധാരാളം ആളുകൾ ഇന്ന് ബി.ജെ.പി.-യിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇതുസംബന്ധിച്ച് നിങ്ങൾ പഠിക്കണം. ബി.ജെ.പി.-യുമായി നാളെ നേരിട്ട് മത്സരിക്കേണ്ട സാഹചര്യമുണ്ടാകുന്ന കാര്യത്തിൽ ഞങ്ങൾക്ക് വിഷമമുള്ളതുകൊണ്ടാണ് ഞങ്ങൾ ഇക്കാര്യം ഇവിടെ പറയുന്നത്. തോപ്പിൽ ഭാസിയുടെ ഒളിവിലെ ഓർമ്മകൾ ഞാനും നിങ്ങളിൽ പലരും വായിച്ചിട്ടുണ്ട്. ശ്രീ. പിണറായി വിജയൻ 'അരുവിക്കരയിലെ ഒളിവിലെ ഓർമ്മകൾ' എന്ന പുസ്തകത്തിന്റെ രചനയിലാണെന്നാണ് അറിയാൻ കഴിഞ്ഞത്. നമുക്ക് അധികം താമസിയാതെ അത് വായിക്കാൻ കഴിയും. ശ്രീ. വെള്ളാപ്പള്ളി നടേശൻ സംഘ പരിവാറുമായി ചേർന്ന് ശ്രീനാരായണ ഗുരുവിനെ ശൂലത്തിൽ തറച്ചുകൊണ്ടിരിക്കുക യാണെന്ന് സി.പി.ഐ.(എം)-ന്റെ ആളുകൾ ഇവിടെ പ്രചരിപ്പിച്ചു. അവസാനം നിങ്ങളുടെ കൂടെയുള്ള എസ്.എൻ.ഡി.പി.-യിലെ ആളുകളോടുകൂടി ബി.ജെ.പി.-യിലേക്ക് പൊയ്ക്കൊള്ളൂ എന്ന സന്ദേശമാണ് ഇത് കൊടുക്കുന്നത്. സമുദായ നേതാക്കന്മാർ പല ആളുകളുമായി കൂടിക്കാഴ്ച നടത്തും. അതൊന്നും പുതിയ സംഭവങ്ങളല്ല. ഇനിയും ശ്രീനാരായണ ഗുരുവിന്റെ ഭക്തരായിട്ടുള്ള ആരെങ്കിലും മാർക്സിസ്റ്റ് പാർട്ടിയിൽ അവശേഷിക്കുന്നുണ്ടെങ്കിൽ അവർ കൂടി ബി.ജെ.പി.-യിലേക്ക് പൊയ്ക്കൊള്ളൂ എന്നുള്ള സന്ദേശമാണ് ഇതിലൂടെ മാർക്സിസ്റ്റ് പാർട്ടി കൊടുത്തുകൊണ്ടിരിക്കുന്നത്. എന്തെല്ലാം പുകിലുകളായിരുന്നു അരുവിക്കരയിലുണ്ടായിരുന്നത് ? മലപ്പുറം കത്തി, അമ്പും വില്ലും.... അവസാനം എന്തുണ്ടായി ? **** ഇനിയും നടക്കാൻ പോകുന്ന ഓരോ തെരഞ്ഞെടുപ്പുകളിലും ഇതുതന്നെയായിരിക്കും നിങ്ങളുടെ സ്ഥിതി. യാതൊരു മാറ്റവുമില്ല. നിങ്ങളുടെ രീതിയും അക്രമരാഷ്ട്രീയവുമൊക്കെ അവസാനിപ്പിച്ച് ജനങ്ങളുമായി നിരന്തരം ബന്ധപ്പെട്ട് നിന്നില്ലെങ്കിൽ നിങ്ങൾ മൂന്നാംസ്ഥാനത്തേക്ക് പോകും. മൂന്നാം സ്ഥാനമെന്ന് ഇപ്പോൾ പറയുന്നു, അവസാനം ശ്രീ. പി. സി. ജോർജിന്റെ സ്ഥിതി തന്നെ വരും. നിങ്ങൾ ' നോട്ട'-യുടെ പിന്നിലാകുന്ന സാഹചര്യം കേരളത്തിലുണ്ടാകും. ആ സാഹചര്യമുണ്ടാകാതിരിക്കാൻ വേണ്ടിയാണ് ഞങ്ങൾ ഇക്കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഈ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിനുവേണ്ടി എത്രയോ സിനിമാതാരങ്ങളാണ് അവിടെ വന്ന് പ്രചരണം നടത്തിയത്. ചാലക്കുടിയിൽ ചക്ക വീണ് മുയൽ ചത്തുവെന്ന് കരുതി കേരളത്തിലെ ആളുകൾ സിനിമാതാരങ്ങൾ വന്നുപറഞ്ഞാൽ വോട്ടുചെയ്യുമെന്നാണോ വിചാരിച്ചിരിക്കുന്നത് ? മറ്റൊരാളുണ്ടായിരുന്നു, ശ്രീ. സുരേഷ് ഗോപി. അദ്ദേഹത്തെക്കുറിച്ച് ശ്രീ. ജി.

---

* ***ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം രേഖയിൽ നിന്നും ചെയ്തു.

സുധാകരൻ ഇവിടെ പറഞ്ഞു. രാവിലെ ഒരു പാർട്ടി, ഉച്ചയ്ക്കുശേഷം വേറൊരു പാർട്ടി, രാത്രിയിൽ മറ്റൊരു പാർട്ടി. അദ്ദേഹം കഴിഞ്ഞ തെരഞ്ഞെടുപ്പിൽ മലമ്പുഴയിൽ പോയി ശ്രീ. വി. എസ്. അച്യുതാനന്ദനുവേണ്ടി പ്രസംഗിച്ചു. ഇടയ്ക്ക് കൊല്ലത്തുവന്ന് ശ്രീ. പീതാംബരക്കുറുപ്പിനുവേണ്ടി സംസാരിച്ചു. ഖുശ്ബു ഞങ്ങളുടെ പാർട്ടിയുടെ ഭാരവാഹിയാണ്, അതുകൊണ്ടാണ് പ്രചരണത്തിന് വന്നത്. അരുവിക്കരയിലെ പാവപ്പെട്ട വോട്ടർമാരുടെ കണ്ണിൽ പൊടിയിട്ട് വോട്ട് നേടാമെന്ന് കരുതിയാൽ അവർ പാവങ്ങളാണെങ്കിലും സാമാന്യവിവരവും വിദ്യാഭ്യാസമുള്ളവരുമാണെന്ന് മനസ്സിലാക്കണം. അവർ എവിടെ വോട്ട് ചെയ്യണമെന്ന് തെളിയിച്ചിരിക്കുകയാണ്. ഒന്നും രണ്ടുമല്ല പതിനായിരത്തിലധികം വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് ശ്രീ. കെ. എസ്. ശബരീനാഥൻ തെരഞ്ഞെടുപ്പിൽ വിജയിച്ചത്. എന്നിട്ടും കണക്കുകൂട്ടി ചോദിക്കുകയാണ്, ഞങ്ങളുടെ നാന്നൂറിൽപ്പരം വോട്ടുകൾ എവിടെ പോയിയെന്ന്. നിങ്ങളുടെ വോട്ട് എവിടെപ്പോയിയെന്ന് പരിശോധിക്കേണ്ടതിനുപകരം ഞങ്ങളുടെ വോട്ട് അന്വേഷിച്ച് നടക്കുകയാണ്. അതിനുള്ള ഉത്തരവാദിത്വം ഞങ്ങൾക്കുണ്ട്. അത് ഞങ്ങൾ പരിശോധിച്ചുകൊള്ളാം. നോട്ടയുടെ പുറകിലേക്ക് നിങ്ങളുടെ സ്ഥാനം പോകാതിരിക്കണമെങ്കിൽ ഇനിയും നിങ്ങൾ ആത്മപരിശോധന നടത്തി ഈ പാർട്ടിയെ കൊണ്ടുപോയില്ലെങ്കിൽ ശ്രീ. പിണറായി വിജയന്റെയും ശ്രീ. കോടിയേരി ബാലകൃഷ്ണന്റെയും നേതൃത്വത്തിലുള്ള ഈ പാർട്ടിയുടെ സ്ഥിതി അവസാനം പശ്ചിമ ബംഗാളിലേതിലും ശോചനീയമായിരിക്കുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

<u>ശ്രീ. മാത്യു. റ്റി. തോമസ്</u> : സർ, പോയിന്റ് ഓഫ് ഓർഡർ, ഇവിടെ ബഹുമാനപ്പെട്ട അംഗം പ്രസംഗിക്കുന്നതിനിടയിൽ ഈ സഭയിൽ അംഗമല്ലാത്ത കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)-ന്റെ നേതാവ് ശ്രീ. പിണറായി വിജയനെ പരാമർശിച്ച് **** എന്ന വാക്കുകൾ ഉപയോഗിച്ചു. ഇത് അന്തസ്സില്ലാത്ത പ്രയോഗമാണ്. ആ പ്രയോഗം റൂൾ 307 പ്രകാരം രേഖയിൽനിന്നും നീക്കം ചെയ്യണം.

<u>മി. ചെയർമാൻ</u> : ബഹുമാനപ്പെട്ട മാത്യൂ റ്റി. തോമസ് പറഞ്ഞ കാര്യം പരിശോധിച്ചശേഷം പിന്നീട് അറിയിക്കുന്നതാണ്.

<u>ശ്രീ. വി. ശശി</u> : സർ, 2015-16-ലെ ബഡ്ജറ്റ് അവതരണം നിയമസഭാ ചരിത്രത്തിൽ അത്യപൂർവ്വമായ ഒരു സംഭവമായിരുന്നു. അതുകൊണ്ടുതന്നെ പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം, പ്രതിപക്ഷം അംഗീകരിക്കാത്ത ഒരു ബഡ്ജറ്റിന്മേലുള്ള ചർച്ചയും അത്യപൂർവ്വമായി മാത്രമേ കാണുവാൻ സാധിക്കുകയുള്ളൂ.

---

* ***ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം രേഖയിൽ നിന്നും ചെയ്തു. .

ഇവിടെ ചർച്ച ചെയ്യുന്നത് വൈദ്യുതിയുമായി ബന്ധപ്പെട്ട ഡിമാന്റാണ്. ഒരു സംസ്ഥാനത്തെ വ്യാവസായികവും സാമ്പത്തികവുമായ പുരോഗതി വിലയിരുത്താൻ അവിടെ ഉല്പാദിപ്പിച്ച വൈദ്യുതിയുടെ അളവിലുണ്ടായ വർദ്ധനവും വ്യവസായ ആവശ്യങ്ങൾക്കുപയോഗിച്ച വൈദ്യുതി എത്രയായിരുന്നുവെന്നതിന്റെ കണക്കും പരിശോധിച്ചാൽ മതിയാകും. കഴിഞ്ഞ നാലുവർഷത്തെ വൈദ്യുതി ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയാൽ വളരെ നിരാശാജനകമാണെന്ന് കാണാൻ സാധിക്കുന്നതാണ്. 2006-07 മുതൽ 2010-11 വരെ ഉല്പാദനമേഖലയിൽ 215 മെഗാ വാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞുവെങ്കിൽ 2012-13, 2013-14 വർഷങ്ങളിലുണ്ടായ വർദ്ധനവ് 14 മെഗാവാട്ട് മാത്രമാണെന്നാണ് കണക്കുകൾ കാണിക്കുന്നത്. വൈദ്യുതിയുടെ ഉപഭോഗത്തിലും ഈ കുറവ് ദൃശ്യമാണ്. നിയമസഭയിൽ ഒരു ചോദ്യത്തിന് മറുപടിയായി തന്ന കണക്കുകളാണ് ഞാൻ ഉദ്ധരിക്കുന്നത്. പുറത്തുനിന്നുള്ള കണക്കുകളൊന്നുമല്ല. 13,331 മെഗാവാട്ട് യൂണിറ്റിൽനിന്നും 14,548 മെഗാവാട്ട് യൂണിറ്റായി ഉയർന്നു. വർദ്ധനവ് 3217 യൂണിറ്റായിരുന്നു. എന്നാൽ 2013-14-ൽ ഇത് 1500 മെഗാവാട്ട് യൂണിറ്റായി ഉയർത്താൻ മാത്രമേ കഴിഞ്ഞുള്ളൂ. അതായത് കുറഞ്ഞുവെന്നർത്ഥം. 15,980 യൂണിറ്റ് 17,540 യൂണിറ്റായി ഉയർത്താൻ മാത്രമേ കഴിഞ്ഞിട്ടുള്ളുവെന്ന് അർത്ഥം. അങ്ങനെ ഉൽപ്പാദനത്തിലും ഉപഭോഗത്തിലും ഗണ്യമായ കുറവാണ് ഇപ്പോൾ അനുഭവപ്പെടുന്നതെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

1.00 PM]

വൈദ്യുതി പ്രസരണ മേഖല എടുത്തുപരിശോധിച്ചാലും അവിടെയും നമുക്ക് വളരെ ഉത്ക്കണ്ഠ ജനിപ്പിക്കുന്ന കാര്യങ്ങളാണ് കാണുവാൻ കഴിയുന്നത്. സർക്കാർ തികഞ്ഞ പരാജയമാണെന്നാണ് കണക്കുകൾ ചൂണ്ടിക്കാണിക്കുന്നത്. ശരിയായ സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ സ്ഥലങ്ങളിൽ പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിക്കുക, അനുബന്ധ ലൈനുകൾ സ്ഥാപിക്കുക, നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നതിൽ ഒരു നേട്ടവും കൈവരിക്കുവാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. കഴിഞ്ഞ സർക്കാർ പൂർത്തിയാക്കാറായ 30 സബ്സ്റ്റേഷനുകളുടെയും ബന്ധപ്പെട്ട ലൈനുകളുടെയും നിർമ്മാണം പൂർത്തിയാക്കിയതല്ലാതെ സർക്കാരിന്റേതായ നേട്ടങ്ങൾ ഈ രംഗത്ത് ഒന്നുംതന്നെയില്ല എന്നതാണ് വസ്തുത. മിഷൻ 676-ൽ ഉൾപ്പെടുത്തി 39 സബ്സ്റ്റേഷനുകളും ലൈനുകളും നിർമ്മിക്കുമെന്നാണ് ഇപ്പോഴത്തെ പ്രഖ്യാപനം.

ഈ പ്രഖ്യാപനവും ഇഴഞ്ഞുനീങ്ങുന്നതായിട്ടാണ് കാണാൻ സാധിക്കുന്നത്. നിർമ്മാണം പൂർത്തിയാക്കാതെ കിടക്കുന്ന സബ്സ്റ്റേഷനുകൾ കോടിക്കണക്കിനു രൂപയുടെ നഷ്ടമാണ് ഖജനാവിലും കെ.എസ്.ഇ.ബി.-യിലും വരുത്തിവയ്ക്കുന്നത്. സൂക്ഷ്മവും കുറ്റമറ്റതുമായ ആസൂത്രണം, യുദ്ധകാലത്തിലുള്ള വേഗത, കാര്യക്ഷമത, ചിട്ടയായ പ്രവർത്തനം, മോണിറ്ററിംഗ് - ബോർഡിനെ സംബന്ധിച്ചിടത്തോളം പദ്ധതി നിർവ്വഹണത്തിൽ ഇതൊന്നും ദർശിക്കുവാൻ കഴിയുന്നില്ല എന്നുള്ളതാണ് സത്യം. സബ്സ്റ്റേഷൻ നിർമ്മാണ രംഗത്തെ ചെറിയ ഒരുദാഹരണം ഞാൻ ചൂണ്ടിക്കാണിക്കാം. തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട്-കാട്ടാക്കട 220 കെ.വി. ലൈനിന്റെ വർക്ക് ഏതാണ്ട് നിശ്ചലമായിട്ട് വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. 61 കോടി രൂപ ഇതിനായി സർക്കാർ ചെലവഴിച്ചു. പക്ഷേ സബ്സ്റ്റേഷന്റെ പണി പൂർത്തിയാക്കി ബഹുമാനപ്പെട്ട മന്ത്രി ഉദ്ഘാടനം ചെയ്തുവെങ്കിലും കഴിഞ്ഞ നിരവധി വർഷങ്ങളായി അത് അനാഥമായി കിടക്കുകയാണ്. തിരുവനന്തപുരം കോർപ്പറേഷൻ ഏരിയയിലെ ബൈസ്റ്റാന്റായും വിഴിഞ്ഞം തുറമുഖ പ്രോജക്ടിനുമെല്ലാം പ്രയോജനപ്പെടുന്ന ഈ സബ്സ്റ്റേഷന്റെ നിർമ്മാണം എന്നേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് സർക്കാരിന് ഇപ്പോഴും വ്യക്തമാക്കാൻ കഴിയില്ല. ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിലുള്ള കാലതാമസമാണ് പ്രധാന തടസ്സമായി ചൂണ്ടിക്കാണിക്കുന്നത്. ഇതിൽ ഒരു പ്രത്യേക കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. ഈ ഭൂമി ഏറ്റെടുക്കുന്ന കാര്യത്തിൽ തടസ്സമുണ്ടാകുമെന്നത് സർക്കാരിന് നേരത്തേ തന്നെ അറിയാമായിരുന്നിരിക്കണം. പക്ഷേ 62 കോടി രൂപ സബ്സ്റ്റേഷന്റെ നിർമ്മാണത്തിന് ചെലവഴിക്കുന്ന കാര്യത്തിൽ ഒരു അമാന്തവും കാണിച്ചിട്ടില്ല. സബ്സ്റ്റേഷൻ നിർമ്മിച്ചു, ഉദ്ഘാടനം ചെയ്തു. എന്നിട്ടും ലൈൻ വലിക്കുന്നതിൽ ദീർഘകാലത്തെ കാലതാമസമാണ് ഉണ്ടായിട്ടുള്ളത്. ഇതിന് എന്ന് പ്രതിവിധി ഉണ്ടാകുമെന്ന് ആർക്കും പറയാനാവുന്നില്ല. ഈ ഭൂമി ഏറ്റെടുക്കുന്ന കാര്യത്തിൽ മുൻകൂട്ടി നടപടി എടുക്കുകയും സബ്സ്റ്റേഷന്റെ നിർമ്മാണം പൂർത്തി യാകുമ്പോൾത്തന്നെ ലൈനിന്റെ നിർമ്മാണവും പൂർത്തിയാക്കാൻ കഴിയുകയും വേണം. അങ്ങനെ പരസ്പരം സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു പ്രവർത്തനശൈലി സൃഷ്ടിക്കാത്തതു കൊണ്ടാണ് 61 കോടി രൂപ ഡെഡ് ഇൻവെസ്റ്റ്മെന്റായി നിരവധി വർഷങ്ങളായി കിടക്കുന്നത്. ഇത് ഇവിടെ മാത്രമല്ല, സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്റെ നിയോജക മണ്ഡലത്തിലും ഇതുപോലെ ഒരനുഭവം ഉണ്ടായിട്ടുണ്ട്. വളരെ വർഷങ്ങളായി സബ്സ്റ്റേഷന്റെ പണി പൂർത്തിയായി ലൈൻ വലിക്കാൻ കഴിയാതെ ഇതുപോലെ നീണ്ട കാലാവധിയായ അനുഭവമുണ്ട്. ഇതേ അനുഭവങ്ങൾ മറ്റ് പ്രദേശങ്ങളിൽ ഉണ്ടാകുന്നുവെന്നാണ് എനിക്ക് ഈ വിഷയവുമായി ബന്ധപ്പെട്ട് മനസ്സിലാക്കാൻ സാധിച്ചത്. ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക

എന്ന ലക്ഷ്യം കൂടി കണക്കിലെടുത്താണ് കമ്പനിയാക്കാൻ സർക്കാർ തീരുമാനമെടുത്തത് എന്നാണ് ഞാൻ കരുതുന്നത്. എന്നാൽ എല്ലാ മേഖലകളിലും വളരെ മോശമായ പ്രകടനമാണ് കാഴ്ചവച്ചിരിക്കുന്നത്. വൈദ്യുതി വാങ്ങുകയും വിൽക്കുകയും ചെയ്ത വകയിൽ 2011-12-ൽ 473.37 കോടി രൂപ നഷ്ടമായിരുന്നുവെങ്കിൽ അത് 805 കോടി രൂപയായി 2012-13-ൽ വർദ്ധിക്കുകയായിരുന്നു. എന്നാൽ 2008-09-ൽ 38 കോടി രൂപയും 2009-10-ൽ 30 കോടി രൂപയും ലാഭം ഉണ്ടായി എന്നാണ് കാണാൻ സാധിക്കുന്നത്. പ്രസരണ നഷ്ടവും മുൻ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വളരെ ഗണ്യമായി കുറയ്ക്കുവാൻ സാധിച്ചു. ഇപ്പോൾ ആ തോതിൽ വർദ്ധനവ് കാണുന്നില്ല. വൈദ്യുതി ബോർഡ് വരുത്തി വയ്ക്കുന്ന ഇത്തരം തീരാനഷ്ടങ്ങൾ പല രീതിയിൽ വർദ്ധിച്ചുവരുന്ന സാഹചര്യത്തിലാണ് ഈ നഷ്ടമെല്ലാം ജനങ്ങളുടെ മേൽ കെട്ടിവയ്ക്കുന്നതിനുവേണ്ടി യു.ഡി.എഫ്. സർക്കാർ ശ്രമിക്കുന്നത്. ഈ സർക്കാർ വന്നതിനുശേഷം മൂന്നുപ്രാവശ്യം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചു. എൽ.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഒരു പ്രാവശ്യംപോലും വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചില്ല എന്നുള്ളത് ശ്രദ്ധേയമായ ഒരു കാര്യമാണ്. വൈദ്യുതി താരിഫ് വർദ്ധനവ് വരുത്തിയ നാലായിരം കോടിരൂപ ഈ മൂന്ന് റിവിഷനുകളിലൂടെ ബോർഡ് സ്വരൂപിക്കുകയായിരുന്നു. ഡൊമസ്റ്റിക് ഐറ്റത്തിൽ 70 ശതമാനവും കാർഷിക മേഖലയിൽ 100 ശതമാനവും വർദ്ധനവാണ് സർക്കാർ വരുത്തിയത്. എന്നാൽ 25 ശതമാനം വർദ്ധനവ് മാത്രമേ ഇൻഡസ്ട്രിയൽ മേഖലയിൽ വരുത്തിയിട്ടുള്ളൂ. ഡൊമസ്റ്റിക് മേഖലയിൽ 2.5 രൂപയായിരുന്നത് 5 രൂപയാക്കി വർദ്ധിപ്പിച്ചു. കാർഷിക മേഖലയിൽ 3.50 രൂപയാക്കി ഉയർത്തുകയാണ് ചെയ്തത്. വൈദ്യുതി നിരക്ക് 70 ശതമാനം വർദ്ധിച്ചപ്പോഴും സൗജന്യമായി വൈദ്യുതി കണക്ഷൻ ലഭിക്കുന്ന ഒരു വിഭാഗം നമുക്കിടയിലുണ്ട്. പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ പട്ടിക വിഭാഗങ്ങളിൽപ്പെട്ടവരാണവർ. നൂറുരൂപ വിലയുള്ള സ്റ്റാമ്പ് പേപ്പറിൽ എഗ്രിമെന്റ് വയ്ക്കണം. അത് നേരത്തേ നിലവിലുണ്ടായിരുന്നു. ഇപ്പോൾ അത് 500 രൂപയാക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. ആ വർദ്ധനവ് പുനഃപരിശോധിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ പ്രോപ്പർട്ടി ക്രോസ്സ് ചെയ്യുന്നതിനും ലൈൻ വലിക്കുന്നതിനും ഓണർഷിപ്പ് മാറ്റുന്നതിനും സ്റ്റാമ്പ് പേപ്പറിൽ എഗ്രിമെന്റ് വയ്ക്കണമെന്നാണ് ബോർഡ് നിർബന്ധിക്കുന്നത്. അത് ഏത് നിയമമനുസരിച്ചാണെന്ന് അറിയില്ല. എന്തായാലും അതിനും 100 രൂപ അടയ്ക്കണ മായിരുന്നത് ഇപ്പോൾ 500 രൂപ അടയ്ക്കണമെന്ന് പറയുന്നു. ഇത് രണ്ടും ഒഴിവാക്കണം. പാവപ്പെട്ടവരെ സംബന്ധിച്ചിടത്തോളം ഇത് രണ്ടും ഒരുമിച്ച് ആവശ്യപ്പെടുകയാണ്. ഏറ്റവും പാവപ്പെട്ടവർ ലൈൻ വലിക്കുമ്പോഴാണ് വീട് ക്രോസ്സ് ചെയ്ത് ലൈൻ

വലിക്കേണ്ട സാഹചര്യമുണ്ടാകുന്നത്. 1,000 രൂപ അടയ്ക്കാൻ ബോർഡ് അധികൃതർ പാവങ്ങളെ നിർബന്ധിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. അത് പിൻവലിക്കാൻ നടപടിയെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള ചില മാനദണ്ഡങ്ങളെ സംബന്ധിച്ച് എനിക്കുമുമ്പേ സംസാരിച്ച മെമ്പർ ഇവിടെ പറയുകയുണ്ടായി. ഞാൻ നിരവധി പ്രാവശ്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. എന്റെ നിയോജക മണ്ഡലത്തിൽ ഒരു സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു നിവേദനം നൽകിയിരുന്നു. അപ്പോൾ ഭൂമിശാസ്ത്രപരമായ കണക്കുകളും കൺസ്യൂമേഴ്സിന്റെ എണ്ണവും കണക്കിലെടുത്താണ് നിശ്ചയിക്കുന്നതെന്ന് പറഞ്ഞു. ഈ ഒരു കാരണം ചൂണ്ടിക്കാണിച്ചാണ് റിക്വസ്റ്റ് പൂർണ്ണമായും നിരസിച്ചത്. അത് പുനഃപരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഭൂമിശാസ്ത്രപരമായി എണ്ണം കുറവാണെങ്കിൽ പോലും ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പരിഗണിക്കേണ്ട ചില കേസ്സുകളുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഈ വൈകിയ വേളയിലെങ്കിലും ഈ വിഷയം പരിശോധിക്കണമെന്നാണ് വീണ്ടും ഞാൻ അഭ്യർത്ഥിക്കുന്നത്.

<u>മി. ചെയർമാൻ</u> : പ്ലീസ്...അഞ്ചുമിനിട്ട് ഇപ്പോൾത്തന്നെ അധികമായി. അലോട്ടഡ് ടൈം 7 മിനിട്ടാണ്.

<u>ശ്രീ. വി. ശശി</u> : സർ, 'ഒരുമ നെറ്റ്' സംവിധാനം നടപ്പിലാക്കിയ സ്ഥലങ്ങളിൽ നീണ്ട ക്യൂ അനുഭവപ്പെടുന്നത് പരിശോധിച്ച് അതിൽ എന്തെങ്കിലും മാറ്റങ്ങൾ ആവശ്യമുണ്ടെങ്കിൽ വരുത്തണം. ഒരുകാര്യം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. ജീവനക്കാരുടെ ശമ്പളപരിഷ്കരണ എഗ്രിമെന്റ് കാലാവധി 31-7-2015-ൽ അവസാനിക്കുകയാണ്. പുതിയ എഗ്രിമെന്റ് വയ്ക്കാനുള്ള ചർച്ചയും മറ്റുകാര്യങ്ങളും ഇതുവരെ ആരംഭിച്ചിട്ടില്ല. അതുകൂടി പരിഗണിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : രണ്ട് പ്രഗത്ഭമതികൾ കൈകാര്യം ചെയ്യുന്ന വകുപ്പുകളിലേക്ക് നടക്കുന്ന ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുവാൻ എനിക്ക് വളരെയധികം അഭിമാനവും ചാരിതാർത്ഥ്യവുമുണ്ട്. ഈ പ്രഗത്ഭമതികൾ എന്ന് ഞാൻ പറഞ്ഞത് ആലങ്കാരികമായിട്ടല്ല. ഈ രണ്ട് മന്ത്രിമാരെയും കുറിച്ച് നമുക്കറിയാം. വൈദ്യുതി വകുപ്പ് കൈകാര്യം ചെയ്യുന്ന ശ്രീ. ആര്യാടൻ മുഹമ്മദ് ചെയർമാനായിട്ടുള്ള സബ്ജക്ട് കമ്മിറ്റിയിലെ ഒരംഗമാണ് ഞാൻ. ഈ വകുപ്പിനെക്കുറിച്ച് അദ്ദേഹത്തിനുള്ള അറിവും അവബോധവും എത്രമാത്രമാണെന്ന് എനിക്ക് നല്ലതുപോലെ അറിയാം. കാസർഗോഡുള്ള എന്റെ വീടിനു മുന്നിലെ ഇലക്ട്രിക് പോസ്റ്റിന്റെ നമ്പർ ഏതാണെന്ന്

ചോദിച്ചാൽപോലും അദ്ദേഹത്തിന് ഇപ്പോൾ പറയാൻ സാധിക്കും എന്നാണ് എനിക്ക് തോന്നുന്നത്. അത്രമാത്രം ഈ വകുപ്പിനെക്കുറിച്ച് അദ്ദേഹത്തിന് ആഴമേറിയ അവബോധവും പരിജ്ഞാനവുമുണ്ട്. അതുപോലെതന്നെയാണ് തിരുവഞ്ചൂർ രാധാകൃഷ്ണൻ സാറിന്റെ കാര്യവും. അദ്ദേഹം ഒരു ഫുട്ബോൾ പന്താണെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മൾ എത്ര ചവിട്ടിത്താഴ്ത്താൻ ശ്രമിച്ചാലും മേലോട്ട് ഉയരും. അങ്ങനെയുള്ള രണ്ട് പ്രഗത്ഭമതികളുടെ വകുപ്പുകളിലേക്ക് നടക്കുന്ന ധനാഭ്യർത്ഥന ചർച്ചയാണ് ഇത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഊർജ്ജ വകുപ്പിൽ ധാരാളം പരിഷ്കാരങ്ങളും മാറ്റങ്ങളും ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. 250 മെഗാവാട്ട് വൈദ്യുതി ദാമോദർ വാലി കോർപ്പറേഷനിൽ നിന്ന് കേന്ദ്ര കമ്മീഷൻ അംഗീകരിക്കുന്ന നിരക്കിൽ 25 വർഷത്തേക്ക് ദീർഘകാലാടിസ്ഥാനത്തിൽ വാങ്ങുന്നതിന് 2013-14-ൽ കരാറിൽ ഏർപ്പെട്ടു. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. അതുപോലെതന്നെ 850 മെഗാവാട്ട് വൈദ്യുതി മത്സരാധിഷ്ഠിത ദർഘാസുകൾ മുഖേന ദീർഘകാലാടിസ്ഥാനത്തിൽ 25 വർഷത്തേക്ക് വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. അതേപ്പറ്റിയും ബഹുമാനപ്പെട്ട മന്ത്രിയിൽനിന്നും പ്രതികരണം പ്രതീക്ഷിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011 - 14 കാലയളവിൽ 36.06 മെഗാവാട്ടിന്റെ 10 ജലവൈദ്യുത പദ്ധതികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 34 പീക്കോ ജലവൈദ്യുത പദ്ധതികളിൽ നിന്ന് 35 കിലോവാട്ട് വൈദ്യുതിയും കല്ലാർ ചെറുകിട വൈദ്യുതി പദ്ധതിയിൽനിന്നും 50 കിലോവാട്ട് വൈദ്യുതിയും ഇപ്പോൾ ലഭിക്കുന്നുണ്ട്. അനെർട്ട് ആവിഷ്കരിച്ച് തുടക്കമിട്ട 10,000 റൂഫ് ടോപ്പ് സോളാർ പ്ലാന്റ് പദ്ധതിവഴി ഇതുവരെ 6.593 മെഗാവാട്ട് സ്ഥാപിത ശേഷി വർദ്ധനവ് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിവിധ പൊതുകെട്ടിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സോളാർ പവർ പ്ലാന്റുകൾവഴി 430.36 കിലോവാട്ട് സ്ഥാപിത ശേഷിയും ഈ കാലയളവിൽ കൈവരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പാക്കാൻ ലക്ഷ്യമിടുന്ന താപവൈദ്യുത പദ്ധതികളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി വളരെ ആത്മാർത്ഥതയോടെ പലപ്പോഴും ഈ സഭയിൽ പറഞ്ഞിട്ടുണ്ട്. ഒന്ന്, ബ്രഹ്മപുരം ഡീസൽ വൈദ്യുത നിലയത്തോടനുബന്ധമായി പ്രകൃതിവാതകം ഉപയോഗിച്ച് പ്രവർത്തിക്കുന്ന 400 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കമ്പയിൻഡ് സൈക്കിൾ പവ്വർ പ്രോജക്ട്. മറ്റൊന്ന് കൊച്ചിൻ റിഫൈനറിയുടെ ആധുനികവൽക്കരണ വികസന പദ്ധതിയുടെ ഭാഗമായി ഉണ്ടാകുന്ന പെറ്റ്കോക്ക് ഉപയോഗിച്ച് കൊച്ചിയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഏകദേശം 500 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള താപവൈദ്യുത നിലയം. അതുപോലെ പുതുവൈപ്പിൽ പെട്രോനെറ്റ് എൽ.എൻ.ജി. പദ്ധതിയുടെ സമീപത്തായി 1200 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പ്രകൃതിവാതകം ഉപയോഗിച്ചുള്ള കമ്പയിൻഡ് സൈക്കിൾ പവ്വർ പ്രോജക്ട്.

അതുപോലെതന്നെ കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ ഉദ്ദേശം 1200 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള താപവൈദ്യുത നിലയം സ്ഥാപിക്കാനുള്ള ഒരു പദ്ധതിയും ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പിലുണ്ട്. അതുപോലെതന്നെ എൻ.ടി.പി.സി.-യുടെ കായംകുളം നിലയത്തിൽ 1050 മെഗാവാട്ട് ശേഷിയുള്ള വാതകാധിഷ്ഠിത വിപുലീകരണ പദ്ധതി. വൈദ്യുതി മേഖലയിൽ ധാരാളം മാറ്റങ്ങൾ കഴിഞ്ഞ നാല് വർഷത്തിൽ ഉണ്ടായിട്ടുണ്ടെന്ന് ഞാൻ ആവർത്തിക്കുന്നു. പ്രത്യേക ഭൂപ്രകൃതി കാരണം കാസർഗോഡ് ഇടയ്ക്കിടയ്ക്ക് പവർകട്ട് ഉണ്ടെങ്കിലും സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ഇത് കുറച്ചുകൊണ്ടുവരാൻ നമുക്ക് സാധിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ജീവനക്കാരുടെ കുറവാണ് ഒരു പ്രധാനപ്പെട്ട തടസ്സം. 34 എ.ഇ.-മാർ ആവശ്യമുള്ള കാസർഗോഡ് ജില്ലയിൽ ഇപ്പോൾ 21 എ.ഇ.-മാർ മാത്രമേയുള്ളുവെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. ലൈൻമാൻമാർ, ഓവർസിയർമാർ, സബ് എഞ്ചിനീയർമാർ തുടങ്ങിയവർ കാസർഗോഡ് ജില്ലയിൽ വേണ്ടത്രയില്ല. കാസർഗോഡ് ജില്ലയിലെ തന്നെ ജീവനക്കാരെ അവിടെ നിയമിക്കുവാനുള്ള ഒരു പദ്ധതിക്ക് രൂപം നൽകണമെന്നാണ് ഇത് സംബന്ധിച്ച് എനിക്ക് പറയാനുള്ളത്. കാസർഗോഡ് ജില്ലയിൽ 14 സബ് സ്റ്റേഷനുകളുണ്ട്. 110 കെ.വി.-യുടേത് ആറെണ്ണം, 220 കെ.വി.-യുടേത് ഒരെണ്ണം, 33 കെ.വി.-യുടേത് ഏഴെണ്ണം. കേരളത്തിലെ മറ്റ് ജില്ലകളെ അപേക്ഷിച്ച് ഇത് വളരെ കുറവാണ്. ബോവിക്കാനം, അടൂർ, നെല്ലിക്കറ്റ, ഉളിയത്തടുക്ക എന്നിവിടങ്ങളിൽ 33 കെ.വി. സബ് സ്റ്റേഷനുകൾ സ്ഥാപിക്കുവാനുള്ള പ്രൊപ്പോസൽ സർക്കാരിന് അയച്ചു കൊടുത്തിട്ടുണ്ട്. അതുപോലെതന്നെ ഒരു പ്രധാനപ്പെട്ട പ്രശ്നം, ആർ.ജി.ജി.വി.വൈ.-യ്ക്ക് പകരമാണ് ഇപ്പോൾ ഡി.ഡി.യു.ജി.വൈ. വന്നതെന്ന് ഞാൻ മനസ്സിലാക്കുന്നു. അക്ഷരങ്ങൾ കൂടിയെങ്കിലും കേന്ദ്ര സർക്കാർ ഫണ്ട് വിഹിതം കുറച്ചിരിക്കുകയാണ്. കാസർഗോഡ് ജില്ലയിലെ സബ് സ്റ്റേഷനുകൾ നിലവിൽ വരാൻ താമസം നേരിടുന്നത് ഫണ്ടിന്റെ അലോട്ട്മെന്റില്ലാത്തതു കാരണമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. കാസർഗോഡ് ജില്ലയിലെ മറ്റൊരു പ്രധാനപ്പെട്ട പ്രശ്നമായ സെക്ഷൻ ബൈഫർക്കേഷനെ കുറിച്ചും പുതിയതായി സെക്ഷൻ രൂപീകരിക്കേണ്ട കാര്യത്തെ സംബന്ധിച്ചും പല ആൾക്കാരും ഇവിടെ സംസാരിച്ചതാണ്. 25,000 ഉപഭോക്താക്കളും 100 സ്ക്വയർ കിലോമീറ്റർ ഏരിയയുമാണ് സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന്റെ മാനദണ്ഡമെന്ന് ഞാൻ മനസ്സിലാക്കുന്നു. കാസർഗോഡിന്റെ ഭൂപ്രകൃതി പരിഗണിച്ച് ഉപഭോക്താക്കളുടെ സ്രെങ്ങ്തിൽ ഒരു ചെറിയ വിട്ടുവീഴ്ച ബഹുമാനപ്പെട്ട മന്ത്രി ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ തവിട്ടുഗോളി - മൈലാട്ടി ലൈൻ, വൈദ്യുതി ഭവൻ ഇവ യാഥാർത്ഥ്യമായിട്ടില്ല. ആ കാര്യത്തിലും മന്ത്രിയുടെ സജീവമായ ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. കാസർഗോഡ് എൻഡോസൾഫാൻ

മേഖലയാണ്. ഈ എൻഡോസൾഫാൻ വിക്ടിംസ് താമസിക്കുന്ന വീടുകളിലേക്ക് എല്ലാ നിയമതടസ്സങ്ങളും മാറ്റിക്കൊണ്ട് വൈദ്യുതി കണക്ഷൻ നൽകാനുള്ള ഏർപ്പാട് ബഹുമാനപ്പെട്ട മന്ത്രി ചെയ്യണമെന്നുകൂടി ഞാൻ ഈ അവസരത്തിൽ അപേക്ഷിക്കുകയാണ്.

പരിണിതപ്രജ്ഞനായ വനം - ഗതാഗത വകുപ്പുമന്ത്രിയെക്കുറിച്ച് ഞാൻ ഇവിടെ പറഞ്ഞു. അദ്ദേഹത്തിന്റെ കാർമ്മികത്വത്തിൽ നടത്തിയ നാഷണൽ ഗെയിംസിലൂടെ നല്ല മികവുറ്റ ഒരു സംഘാടകനാണ് അദ്ദേഹമെന്ന് തെളിയിച്ചു. കേരളത്തിന്റെ ഭൂപ്രകൃതിയും കാലാവസ്ഥയും ആരോഗ്യകരമായ വിധത്തിൽ നിലനിർത്തുന്നതിൽ ഒട്ടേറെ പദ്ധതികളാണ് വനം വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത്. 'മിഷൻ 676' പ്രകാരം 'ഊരിന് ഉണർവ്, കാടിന് ഉണർവ്' എന്ന പേരിൽ ആദിവാസി ഉന്നമനത്തിനുള്ള പദ്ധതി, കുരുവിക്ക് ഒരു കൂട്, വനം സംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള പ്രോത്സാഹനവും അംഗീകാരവുമായി പ്രകൃതിമിത്ര അവാർഡ്, plant or perish, രക്ഷയ്ക്കായി ഒരു വൃക്ഷം എന്ന പദ്ധതി, അരിപ്പയിൽ ഫോറസ്റ്റ് അക്കാദമി എന്നിവ ശ്ലാഘനീയമായ പദ്ധതികളാണ്. വന്യജീവികളുടെ കടന്നാക്രമണം എല്ലായിടങ്ങളിലും നേരിടുന്നുണ്ട്. കാട്ടാനകളുടെ കുത്തേറ്റ് ധാരാളം ആളുകൾ ഇതിനകം മരിച്ചു കഴിഞ്ഞു. മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് നൽകുന്ന തുക വർദ്ധിപ്പിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. കാട്ടാനകൾ ധാരാളം കൃഷി നശിപ്പിച്ചിട്ടുണ്ട്. കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് വൈൽഡ് ലൈഫ് അറ്റാക്ക് ഈ അടുത്ത കാലത്തായി അൽപം വർദ്ധിപ്പിച്ചിട്ടുണ്ട്. അറുപത് ലക്ഷം രൂപയിലധികം കാസർഗോഡ് ജില്ലയിൽ തന്നെ വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. അതിൽ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുകയാണ്. ഇനിയും ഈ തുക വർദ്ധിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. വൈദ്യുത വേലികൾ ഉണ്ടാക്കുന്നു, പക്ഷെ അത് മെയിന്റെയിൻ ചെയ്യാനുള്ള ഒരു സംവിധാനമില്ല. ഇത് മെയിന്റെയിൻ ചെയ്യുന്നതിന് കർഷകർക്ക് ഇൻസെന്റീവ് നൽകണമെന്നാണ് എനിക്ക് പറയുവാനുള്ളത്. അതുപോലെതന്നെ പ്രസ്തുത പ്രവൃത്തിയെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള ഒരു ശ്രമവും ആരംഭിക്കേണ്ടതുണ്ട്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : അങ്ങ് പറഞ്ഞുവരുന്നത് വന്യമൃഗങ്ങളുടെ ശല്യത്തെ സംബന്ധിച്ചാണല്ലോ ; ഫെൻസിംഗ് നടത്തുന്നുണ്ട്, അത് മെയിന്റെയിൻ ചെയ്യാത്തതു കൊണ്ട് അതിന്റെ പവർ പോകുകയാണ്. അതുപോലെതന്നെ വളരെ പ്രധാനപ്പെട്ട ഒരു സംഗതിയാണ് ആനക്കൂട്ടങ്ങൾ ഇറങ്ങി വരുമ്പോൾ അതിനെ തിരിച്ചോടിക്കാൻ ഉദ്യോഗസ്ഥന്മാരുടെ കൈവശം ഉപകരണങ്ങളൊന്നുമില്ല എന്നത്. പടക്കം പോലും കൃത്യമായി വിതരണം ചെയ്യാത്തതുകൊണ്ട് ഈ ആനക്കൂട്ടങ്ങളെ പടക്കം പൊട്ടിച്ചോ

മറ്റേതെങ്കിലും രീതിയിലോ തുരത്തി ഓടിക്കാൻ കഴിയാതെ വെറും കാഴ്ചക്കാരായി നിൽക്കുന്ന സ്ഥിതിയാണുള്ളത്. ആ രംഗത്ത് ഒരു പരിഷ്കാരം വേണം. കുറച്ച് ഉപകരണങ്ങളും പടക്കവും കൊടുക്കണമെന്നുള്ള അഭിപ്രായം അങ്ങേക്കില്ലേ ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : തീർച്ചയായും അതിനോട് ഞാൻ യോജിക്കുന്നു. എന്റെ മണ്ഡലം തന്നെ അതിന് ഉദാഹരണമാണ്. എന്റെ മണ്ഡലത്തിൽ ഇതുപോലുള്ള അക്രമം ഉണ്ടായി ഉദ്യോഗസ്ഥന്മാരെ വിളിച്ചു പറഞ്ഞാൽ അവർ ആ ഭാഗത്തേയ്ക്ക് പോകാൻ വിമുഖത കാട്ടുന്നതുതന്നെ ഇത്തരം ആയുധങ്ങൾ അവരുടെ പക്കൽ ഇല്ലാത്തതുകൊണ്ടാണെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്.

ഗതാഗതത്തെക്കുറിച്ച് പറയുമ്പോൾ സംസ്ഥാനത്ത് 15000 സ്വകാര്യ ബസ് ഉടമകളും ഒന്നര ലക്ഷം ബസ് ജീവനക്കാരും ഇന്നിപ്പോൾ ആശങ്കയിലാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് അക്കാര്യത്തെക്കുറിച്ചറിയാം. 14-7-2009-ലെ നോട്ടിഫിക്കേഷൻ പ്രകാരം ഇപ്പോഴത്തെ കാലാവധി തീർന്നാൽ സ്വകാര്യ ബസ്സുകളുടെ റൂട്ട് കെ.എസ്.ആർ.ടി.സി. അപേക്ഷിച്ചാൽ അവർക്ക് നൽകേണ്ടിവരും. സ്വകാര്യ ബസ് ഉടമകൾ ഈ നോട്ടിഫിക്കേഷനെതിരെ കോടതിയെ സമീപിച്ച് സ്റ്റേ വാങ്ങിയിരുന്നു. കഴിഞ്ഞ ഏപ്രിൽ 10-ന് സ്റ്റേ വെക്കേറ്റ് ചെയ്തിരിക്കുകയാണ്. അതിന്റെ അർത്ഥം 2009-ലെ സ്ഥിതി ഇപ്പോൾ വീണ്ടും വന്നിരിക്കുന്നുവെന്നാണ്. കെ.എസ്.ആർ.ടി.സി.-ക്ക് നമ്മുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരാൻ കഴിയുന്നതിനെക്കുറിച്ച് നാം ചിന്തിക്കേണ്ടതുണ്ട്. അങ്ങനെയിരിക്കെ പല റൂട്ടുകളിലും കെ.എസ്.ആർ.ടി.സി. പോകാത്ത ഒരവസ്ഥയുമുണ്ട്. നിലവിലുള്ള സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. നിർത്തലാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ സ്വകാര്യ ബസ്സുകൾ കൂടി നമ്മുടെ നിരത്തുകളിൽനിന്ന് അപ്രത്യക്ഷമായാൽ അതുമൂലമുണ്ടാകുന്ന ദുരിതം ഊഹിക്കാവുന്നതേയുള്ളൂ. സപ്ലിമെന്ററി സ്കീമിൽ 31 റൂട്ടുകളാണ് ഇപ്പോൾ നോട്ടിഫൈ ചെയ്തിട്ടുള്ളത്. പൊന്നാനി-ചേളാരി റൂട്ടും നോട്ടിഫൈ ചെയ്തിട്ടുണ്ട് എന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. SRO No. 555/2014 പ്രകാരം സ്വകാര്യ മേഖലയിലെ സൂപ്പർ ക്ലാസ് സർവ്വീസുകൾ സർക്കാർ ഏറ്റെടുത്തിരിക്കുകയാണ്. 241 സൂപ്പർ ക്ലാസ് സർവ്വീസുകളിൽ 150 എണ്ണവും ഇപ്പോഴില്ല. ഇന്റീരിയർ റൂട്ടിലോടുന്ന ബസ്സുകൾ മറ്റൊരു ഇന്റീരിയർ റൂട്ടിലേക്ക് കടക്കണമെങ്കിൽ പലപ്പോഴും നാഷണൽ ഹൈവേയെ ആശ്രയിക്കണം. ഇപ്പോഴത്തെ ഈ റൂട്ടുകൾ നോട്ടിഫൈ ചെയ്തതുകൊണ്ട് ബസ്സുകൾക്ക് ഹൈവേയിൽ പ്രവേശിക്കുവാൻ സാധിക്കുകയില്ല. അതുമൂലം പല റൂട്ടുകളിലേക്കും ഈ ബസ്സുകൾക്ക് പോകാൻ കഴിയാതെ വരും.

മറ്റൊരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്താനുള്ളത്, ഗതാഗത നിയമലംഘനം കണ്ടെത്താനും നിയമം ലംഘിക്കുന്നവർക്ക് പിഴയിടാനും ഗതാഗത വകുപ്പ് റഡാർ സർവൈലൻസ് സിസ്റ്റം ഏർപ്പെടുത്തി. പ്രസ്തുത സിസ്റ്റത്തിൽ ഘടിപ്പിച്ചിട്ടുള്ള ക്യാമറയിൽ എന്റെ കാറും പതിഞ്ഞു. ഞാനും നൽകി 400 രൂപ പിഴ. ക്യാമറയിൽപ്പെടുന്ന അന്യസംസ്ഥാന വാഹനങ്ങളിൽനിന്ന് പിഴയീടാക്കുവാൻ നമുക്ക് കഴിയുന്നില്ല. അതുമൂലം കോടിക്കണക്കിന് രൂപയുടെ നഷ്ടം സംഭവിക്കുന്നുണ്ട്. ഇതുമനസ്സിലാക്കി ടോൾ ബൂത്തിലും ചെക്ക്പോസ്റ്റുകളിലുമൊക്കെ അന്യസംസ്ഥാനങ്ങളിലേയ്ക്ക് കടക്കുന്നതിന് മുൻപുതന്നെ ഇത്തരം വാഹനങ്ങൾക്ക് പിഴചുമത്താനുള്ള ഒരു സംവിധാനം ഏർപ്പെടുത്തണമെന്നാണ് അതുസംബന്ധിച്ച് എനിക്ക് പറയുവാനുള്ളത്.

ലോ ഫ്ലോർ ബസ്സുകൾ പല ജില്ലകളിലേക്കും പുതുതായി അനുവദിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിലേക്ക് 7 ബസ്സുകൾ മാത്രമാണ് അനുവദിച്ചത്. അതിൽ എ.സി. ബസ്സില്ല. അതുകൊണ്ട് കാസർഗോഡ് ജില്ലയ്ക്ക് ഇക്കാര്യത്തിൽ മുന്തിയ പരിഗണന നൽകണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കുകയാണ്.

ഈ കാര്യങ്ങളൊക്കെ സഭയിൽ പറയുമ്പോഴും എന്റെ മനസ്സ് ഒരു കാര്യത്തിൽ കദനഭാരം കൊണ്ട് വിങ്ങിപ്പൊട്ടുകയാണ്. കേരളത്തിന്റെ സാംസ്കാരിക മുഖമായ, ഘനഗാംഭീര്യമുള്ള ശബ്ദത്തിന്റെ ഉടമയായ നമ്മുടെ മുൻ സ്പീക്കർ ജി. കാർത്തികേയൻ ഇപ്പോൾ നമ്മോടൊപ്പം ഈ സഭയിലില്ല എന്നതാണ് നമ്മെ എല്ലാവരേയും ദുഃഖിപ്പിക്കുന്നതും നിരാശപ്പെടുത്തുന്നതുമായ വസ്തുത. ആ നിരാശ തെല്ലൊന്ന് മാറിക്കിട്ടിയത് ജി. കാർത്തികേയന്റെ പുത്രൻ ശ്രീ. കെ. എസ്. ശബരീനാഥൻ ഒരു രാജകുമാരനെപ്പോലെ ഈ സഭയിലേക്ക് കടന്നുവന്നപ്പോഴാണ്. അത് സ്വപ്നം മാത്രമാണെന്ന് തെരഞ്ഞെടുപ്പ് വേളയിലും ഫലപ്രഖ്യാപനത്തിന് മുൻപും പലരും ഇവിടെ പറഞ്ഞിരുന്നു. പക്ഷേ ഒരാൾക്കുമാത്രം, നമ്മുടെ പ്രിയപ്പെട്ട മുഖ്യമന്ത്രിക്കുമാത്രം അക്കാര്യത്തിൽ ആത്മവിശ്വാസമുണ്ടായിരുന്നു. ഈ ഫലപ്രഖ്യാപനം വന്നത് ജൂൺ 30-ാം തീയതിയാണ്. ജൂൺ 29-ാം തീയതിപോലും ഈ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് യു.ഡി.എഫ്. അവിടെ വിജയിക്കുമെന്നും ആ തെരഞ്ഞെടുപ്പിന്റെ ഫലം എന്റെ സർക്കാരിന്റെ ഭരണ നേട്ടങ്ങളുടെ വിലയിരുത്തലായിരിക്കുമെന്നുമാണ്. ആർജ്ജവത്തിന്റെയും തന്റേടത്തിന്റെയും കരളുറപ്പിന്റെയും ആത്മവിശ്വാസത്തിന്റെയും പ്രതീകമാണ് നമ്മുടെ മുഖ്യമന്ത്രിയെന്നാണ് അത് തെളിയിക്കുന്നത്. അങ്ങനെയൊരു ആത്മവിശ്വാസവും തന്റേടവും പ്രകടിപ്പിക്കുവാൻ അപ്പുറത്തുള്ള ആളുകൾക്ക് കഴിയുമോ എന്നാണ് എനിക്ക് ചോദിക്കുവാനുള്ളത്. അങ്ങനെയുള്ള വാക്കുകളൊന്നും ഉച്ചരിക്കുവാൻ അവരെ സംബന്ധിച്ചിടത്തോളം കഴിയുകയില്ല. നികൃഷ്ട ജീവി,

പിതൃശൂന്യൻ, പരമനാറി, ശുംഭൻ, ആറാട്ടുമുണ്ടൻ, എടോ ഗോപാലകൃഷ്ണാ തുടങ്ങിയ പദങ്ങളല്ലാതെ അവർക്ക് വേറൊന്നും ഈ കേരളത്തിലെ ജനങ്ങളോട് പറയാൻ സാധിക്കുകയില്ല എന്നുള്ളതാണ് അതു സംബന്ധിച്ച് എനിക്ക് പറയുവാനുള്ളത്.

ജൂലൈ 4-ാം തീയതി ശനിയാഴ്ചയിലെ മാതൃഭൂമി പത്രത്തിൽ ഒരു കാർട്ടൂൺ വന്നിരുന്നു. ആ കാർട്ടൂണിൽ പറയുന്നത് യന്ത്രമനുഷ്യൻ മനുഷ്യനെ കൊന്നു എന്നാണ്. എന്റെ കഥ കഴിച്ചതും എണ്ണയിട്ട യന്ത്രമാണെന്ന് ശ്രീ. എം. വിജയകുമാർ പരിതപിക്കുന്നു. എത്ര മനുഷ്യരെയാണ് ഈ യന്ത്രമനുഷ്യൻ കൊന്നത്. നമ്മുടെ പ്രതിപക്ഷ നേതാവും ആ യന്ത്രമനുഷ്യന്റെ ഇരയാണ് എന്ന് നമുക്ക് നല്ലതുപോലെ അറിയാം. അരുവിക്കരയിൽ എന്താണ് പറഞ്ഞത് ? അണിയറ തന്ത്രങ്ങൾ പോളിറ്റ് ബ്യൂറോ മെമ്പർ മെനയുന്നു. അദ്ദേഹത്തിന്റെ സംഘടനാ പാടവം ഈ തെരഞ്ഞെടുപ്പിൽ കാണാമെന്നാണ് അവർ പറഞ്ഞത്. അത്ഭുതം സൃഷ്ടിക്കുമെന്നാണ് പറഞ്ഞത്. അത്ഭുതം സൃഷ്ടിച്ചു. എന്താണ് അത്ഭുതം ? ശ്രീ. കെ. എസ്. ശബരീനാഥന്റെ ഭൂരിപക്ഷം ഇപ്പോഴും ആ പോളിറ്റ് ബ്യൂറോ മെമ്പർ എണ്ണിക്കഴിഞ്ഞിട്ടില്ല എന്നാണ് എനിക്ക് അതുസംബന്ധിച്ച് പറയുവാനുള്ളത്. ആ അത്ഭുതം മാത്രമേ സംഭവിച്ചുള്ളൂ. പോളിറ്റ് ബ്യൂറോ മെമ്പറും പ്രതിപക്ഷനേതാവും ഇപ്പോൾ പരസ്പരം നോക്കാറില്ല. അരുവിക്കരയിൽ നമ്മളത് കണ്ടതാണ്. ഒരു വേദിയിൽ അവർ പ്രത്യക്ഷപ്പെട്ടില്ല. സാധാരണ മൊഴി ചൊല്ലിയാൽ ഭാര്യയും ഭർത്താവും തമ്മിൽ കാണാറില്ല. അപ്പോൾ മൊഴി ചൊല്ലിയ ഭാര്യയും ഭർത്താവുമാണോ ഈ പോളിറ്റ് ബ്യൂറോ മെമ്പറും നമ്മുടെ പ്രതിപക്ഷ നേതാവും. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഈ സഭയിൽ സാധാരണ എല്ലാ ദിവസവും ഉണ്ടാകുന്നതാണ് റൂൾ 50 അനുസരിച്ചുള്ള അടിയന്തരപ്രമേയം. നമ്മൾ അത് കേട്ടുതന്നെ മടുത്തു. റൂൾ 50 അനുസരിച്ച് അടിയന്തരപ്രമേയം കൊണ്ടുവന്ന് സംസാരിക്കുമ്പോൾ പ്രതിപക്ഷ നേതാവ് ബൈബിളിലെ മത്തായി സുവിശേഷം എന്നുപറഞ്ഞ് ചിലത് പറയുന്നുണ്ട്. അപ്പോൾ എനിക്കും ഒരു പ്രചോദനം കിട്ടി, ഈ ബൈബിൾ വായിക്കാമെന്ന്. ഞാനും ശ്രമിച്ചുനോക്കി. ബൈബിളിൽ മത്തായി സുവിശേഷം അഞ്ചാം അദ്ധ്യായത്തിലെ 13-ാം വാക്യത്തിൽ പറയുന്നു, "ഉപ്പ് നല്ലതാണ്. പക്ഷേ അതിന്റെ ഉറ കെട്ടുപോയാൽ അത് പുറത്തേക്ക് എറിയപ്പെടുന്നതിനും മനുഷ്യനാൽ ചവിട്ടപ്പെടുന്നതിനുമല്ലാതെ മറ്റൊന്നിനും കൊള്ളുകയില്ല". പ്രതിപക്ഷ നേതാവിന് യോജിച്ചതാണോ ആ വാക്യമെന്ന് എനിക്കറിയില്ല. ആർക്കാണോ യോജിച്ചത് അവർക്ക് യോജിച്ചതാണെന്നേ അതുസംബന്ധിച്ച് ഞാൻ പറയുന്നുള്ളൂ. മറ്റൊന്ന് മത്തായി സുവിശേഷത്തിൽ പറയുന്നത്, "കാലത്തിന്റെ അടയാളങ്ങൾ - വൈകുന്നേരം നിങ്ങൾ പറയുന്നു ആകാശം ചുമന്നിരിക്കുന്നു, കാലാവസ്ഥ പ്രസന്ന

മായിരിക്കുന്നു. രാവിലെ നിങ്ങൾ പറയുന്നു ആകാശം ചുമന്നു മൂടിയിരിക്കുന്നു, ഇന്ന് കാറ്റും കോളുമുണ്ടാകും. ആകാശത്തിന്റെ ഭാവഭേദങ്ങൾ തിരിച്ചറിയാൻ നിങ്ങൾക്ക് കഴിയുന്നു. എന്നാൽ കാലത്തിന്റെ അടയാളങ്ങൾ തിരിച്ചറിയാൻ നിങ്ങൾക്കു കഴിയുകയില്ലേ" എന്ന് യേശുക്രിസ്തു ചോദിക്കുന്നു. ഇത് മാർക്സിസ്റ്റുകാരോടാണ് യേശുക്രിസ്തു ചോദിക്കുന്നത്. യേശുക്രിസ്തു ജീവിച്ചിരിപ്പുണ്ടായിരുന്നുവെങ്കിൽ അദ്ദേഹത്തെ പോളിറ്റ് ബ്യൂറോ മെമ്പറാക്കാമെന്ന് പറഞ്ഞത് സഖാവ് എം. എ. ബേബിയാണ്. ഏതായാലും യേശുക്രിസ്തുവിനെ പാർട്ടി സെക്രട്ടറിയാക്കാമെന്ന് ശ്രീ. എം. എ. ബേബി പറഞ്ഞിട്ടില്ല. അവരുടെ സ്വഭാവമെന്താണെന്നു വച്ചാൽ എല്ലാവരുടെയും കുറ്റം അവർ കണ്ടുപിടിക്കും. അവരുടെ കുറ്റം ജനങ്ങൾ കണ്ടുപിടിച്ച് അവരെ തള്ളിയത് അവർ മനസ്സിലാക്കുന്നില്ല എന്നതാണ് അവരുടെ ഏറ്റവും വലിയ ബലഹീനത. ലോക ചരിത്രത്തിൽ ദീർഘനാൾ ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കപ്പെട്ട എല്ലാ പ്രസ്ഥാനങ്ങൾക്കും ഇടക്കാലത്ത് അപചൃുതി സംഭവിച്ചതായി നമുക്ക് കാണാൻ സാധിക്കും. ആ പ്രതിഭാസം ഇവിടെ കമ്മ്യൂണിസ്റ്റ് പാർട്ടിയേയും ബാധിച്ചിരിക്കുന്നത് പാർട്ടിയുടെ നേതാക്കൾ മനസ്സിലാക്കുന്നില്ല. അവർ കണ്ണടച്ച് ഇരുട്ടാക്കുകയാണ്. അവരോട് എനിക്ക് പറയുവാനുള്ളത് സഖാക്കളേ ഉണരൂ. ഉറക്കത്തിൽ നിന്ന് എണീറ്റ് കാറ്റിന്റെ ഗതികൾ മനസ്സിലാക്കണമെന്നാണ്. എനിക്ക് പ്രിയപ്പെട്ട സഖാക്കളോട് അതാണ് പറയുവാനുള്ളത്. സി.പി.ഐ.(എം) നേതാക്കളുടെ മക്കൾ, സി.പി.ഐ.(എം) കുടുംബം ഇങ്ങനെ ബി.ജെ.പി.യിലേക്ക് പോകുന്നതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. എനിക്കറിയാം, എന്റെ ജില്ലയിൽത്തന്നെ സി.പി.ഐ.(എം)-ന്റെ നേതാക്കൻമാരുടെ മക്കൾ ബി.ജെ.പി.-യിലേക്ക് ചേക്കേറുകയാണ്. നമ്മെ സംബന്ധിച്ചിടത്തോളം അതൊന്നും നമ്മൾ ഇഷ്ടപ്പെടുന്ന കാര്യമല്ല. സി.പി.ഐ.(എം) തളരാൻ പാടില്ല എന്നുതന്നെയാണ് നമ്മൾ പറയുന്നത്. പക്ഷേ അവരുടെ ചെയ്തികൾ കൊണ്ടുതന്നെ അവർ തളരും. അപ്പോൾ സ്വന്തം മക്കളെ പോലും പാർട്ടിയിൽ നിർത്താൻ അവർക്ക് സാധിക്കുന്നില്ല. ഞാൻ പത്രത്തിൽ വായിച്ചു. അരുവിക്കര ഇലക്ഷനുശേഷം ശ്രീ. എം. വിജയകുമാറിന്റെ കുടുംബവീട് സ്ഥിതിചെയ്യുന്ന സ്ഥലത്തുള്ള ബൂത്തിൽ പോലും ആ പാർട്ടിക്ക് ഭൂരിപക്ഷമില്ല എന്നാണ് പത്രത്തിൽ നിന്ന് മനസ്സിലാക്കാൻ സാധിച്ചത്. ഈ ധനാഭ്യർത്ഥനയെ ഞാൻ ശക്തിയുക്തം പിന്താങ്ങുകയാണ്. -

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, മനുഷ്യന്റെ ആക്രമണത്തിൽനിന്നും വന്യജീവികളേയും വന്യജീവികളുടെ ആക്രമണത്തിൽ നിന്ന് മനുഷ്യരേയും രക്ഷിക്കാൻ കഴിയാത്ത വകുപ്പിനെക്കുറിച്ചാണ് ഇപ്പോൾ ഇവിടെ നമ്മൾ ചർച്ച നടത്തുന്നത്.

ഇവിടെ നേരത്തെ സംസാരിച്ച രണ്ട് ഭരണകക്ഷി അംഗങ്ങളും വന്യമൃഗങ്ങളുടെ ശല്യത്തെ സംബന്ധിച്ച് അനുകൂലിച്ച് സംസാരിക്കുകയുണ്ടായി. ജനങ്ങളെ രക്ഷിക്കാൻ സാധിക്കുന്നില്ല, എന്നാൽ വന്യജീവികളെ സംരക്ഷിക്കാൻ കഴിയുന്നുണ്ടോ ; ഇന്ന് രാവിലെ ഇവിടെ ചോദ്യോത്തരവേളയിൽ ഉയർന്നുവന്ന ഒരു പ്രശ്നം 27 കാട്ടാനകളെ വെടി വച്ച് കൊന്ന സംഭവമാണ്. അതിന് ബഹുമാനപ്പെട്ട മന്ത്രി നമുക്ക് നൽകിയ മറുപടി മൂന്ന് നാല് സംസ്ഥാനങ്ങൾ കൂടിച്ചേർന്ന് പരിശോധിക്കേണ്ട പ്രശ്നമായതിനാൽ ആഗസ്റ്റ് മാസം യോഗം ചേരാൻ പോകുന്നു എന്നാണ്. അത് മോശം കാര്യമാണ് എന്ന അർത്ഥത്തിലല്ല ഞാൻ പറയുന്നത്. ചർച്ച നടത്തുന്നത് എപ്പോഴും നല്ലതാണ്. 27 ആനകളെ കൊന്ന സംഭവത്തിൽ ബന്ധപ്പെട്ട റെയ്ഞ്ചിലെ മുൻ ജീവനക്കാരനായ കുഞ്ഞുമോൻ എന്നുപറയുന്ന ആളാണ് ഉദ്യോഗസ്ഥൻമാർക്ക് ഈ വിവരം കൊടുക്കുന്നത്. ഉദ്യോഗസ്ഥൻമാരെയും കൂട്ടി അവർ ഈ പ്രദേശങ്ങൾ സന്ദർശിക്കുകയുണ്ടായി. പക്ഷേ, സന്ദർശിച്ചതിനുശേഷം അവിടത്തെ ഉദ്യോഗസ്ഥൻമാർ എത്തിച്ചേർന്നിട്ടുള്ള നിഗമനം അങ്ങനെയൊരു വേട്ട അവിടെ നടന്നിട്ടില്ല, അത് ആദിവാസികളും, തൊഴിലാളികളും താമസിക്കുന്ന ഷെഡ്ഡുകളാണ് എന്നാണ്. ചുരുക്കത്തിൽ ആ വേട്ട സംബന്ധിച്ച കേസ്സ് തേച്ചുമാച്ച് കളയുന്നതിനുള്ള ശ്രമമാണ് നടന്നുവരുന്നത്. വനം കൊള്ളയ്ക്ക് കൂട്ടു നിന്ന ഉദ്യോഗസ്ഥൻമാരെ തന്നെ ആ പ്രശ്നം അന്വേഷിക്കുവാൻ ഏൽപ്പിച്ചാൽ ഇവിടെ ബാർ കേസ്സിൽ നിയമ വകുപ്പുമന്ത്രിക്കെതിരെ ഗവൺമെന്റിന്റെ കീഴിലുള്ള വിജിലൻസ് വകുപ്പ് അന്വേഷിച്ചതുപോലെയുള്ള ഒരു അവസ്ഥയായിരിക്കും ഉണ്ടാകാൻ പോകുന്നത്. 27 ആനകളെയാണ് കൊലപ്പെടുത്തിയത്. ആനകളെ കൊലപ്പെടുത്തിയതിനുശേഷം ആനക്കൊമ്പ് വിറ്റു എന്നാണ് പറയുന്നത്. ആനക്കൊമ്പ് വിറ്റത് തിരുവനന്തപുരം ജില്ലയിലെ രവി എന്നയാൾ മുഖാന്തരമാണ് എന്നും പറയുകയുണ്ടായി. ആ ആനക്കൊമ്പുകൾ കണ്ടെടുക്കാനെങ്കിലും കഴിയണ്ടേ ? അതിനുള്ള നടപടികൾ എന്താണ് സ്വീകരിച്ചത് ? ഒന്നോ രണ്ടോ ഉന്നത ഉദ്യോഗസ്ഥന്മാരെ അന്വേഷിക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നാണ് രാവിലെ ഇവിടെ ഉത്തരം നൽകിയത്. വനം വകുപ്പിലെ ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ അന്വേഷിച്ചാൽ തെളിയുന്നതാണ് വനം കൊള്ളയുമായി ബന്ധപ്പെട്ട കേസ്സ് എന്ന് ബഹുമാനപ്പെട്ട ചെയർ കരുതുന്നുണ്ടോ ? പിന്നെയെന്തിനാണ് ഈ പ്രഹസനം ? ബഹുമാനപ്പെട്ട മന്ത്രിക്ക് ആ കാര്യത്തിൽ ആത്മാർത്ഥതയുണ്ടെങ്കിൽ, ആരേയും സംരക്ഷിക്കണം എന്ന് താൽപ്പര്യമില്ലെങ്കിൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ പേരിൽ മറ്റൊരു വലിയ ഏജൻസിയെക്കൊണ്ട്, ഈ കാട്ടാനകളെ നശിപ്പിച്ചതിനെക്കുറിച്ച് അന്വേഷിക്കാൻ തയ്യാറാകണം എന്നാണ് എനിക്ക് അപേക്ഷിക്കുവാൻ ഉള്ളത്. ട്രാൻസ്പോർട്ട്

വകുപ്പിനെക്കുറിച്ച് ഇവിടെ ധാരാളം ചർച്ച നടന്നു. ട്രാൻസ്പോർട്ട് വകുപ്പിൽ ഒരു പുതിയ പരിഷ്കാരം നടപ്പിലാക്കുന്നതായി കഴിഞ്ഞ സമ്മേളനത്തിൽ ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചിരുന്നു. "വിദ്യാർത്ഥികൾക്ക് കൺസെഷൻ", +2 വരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യയാത്ര, എവിടെയെങ്കിലും കിട്ടിയോ എന്ന് എനിയ്ക്ക് അറിയില്ല. എന്റെ നാട്ടിൽ ട്രാൻസ്പോർട്ട് ബസ്സിൽ കയറിയാൽ വിദ്യാർത്ഥികൾക്ക് ഇപ്പോഴും സൗജന്യയാത്ര അനുവദിക്കുന്നില്ല. എന്റെ നാട് കേരളത്തിൽപ്പെട്ടതാണെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ഇവിടെ മലബാറിൽ നിന്നുള്ള എം.എൽ.എ.-മാർ ആരോട് ചോദിച്ചാലും അറിയാം. അവിടെയുള്ള കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ +2 വരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യയാത്ര അനുവദിച്ചിട്ടില്ല. ഈ വിവേചനം എന്തുകൊണ്ടാണ് ഈ ഗവൺമെന്റ് തുടരുന്നത് എന്ന് ജനങ്ങളോട് പറയേണ്ടതാണ്. രാവിലെ ഒരു സ്റ്റാർഡ് ചോദ്യത്തിനുള്ള ഉത്തരത്തിന്റെ മറുപടിയിൽ കാർഡ് കൊടുക്കാനുള്ള നടപടികൾ ആരംഭിച്ച് തുടങ്ങിയിട്ടേ ഉള്ളൂ എന്നാണ് പറഞ്ഞിട്ടുള്ളത്. അത് നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രി 'ഓണ പരീക്ഷയ്ക്കുള്ള പുസ്തകം അച്ചടിക്കുവാനുള്ള ഓർഡർ കൊടുത്തു തുടങ്ങിയിട്ടേ ഉള്ളൂ'. എന്ന് പറഞ്ഞതുപോലെ, ഇക്കൊല്ലം ഇവിടേയും അത് നടപ്പിലാക്കാൻ സാദ്ധ്യതയില്ല എന്ന നിലയിലാണ് കാര്യങ്ങൾ മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിപ്പിക്കുവാനാണ് തിരുവനന്തപുരം, കോഴിക്കോട് പോലുള്ള വൻ നഗരങ്ങളിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ കാലത്ത് കോംപ്ലക്സുകൾ ആരംഭിച്ചത്. അത് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ ? ഉദ്ഘാടനം നടത്തിയിട്ടില്ലെന്നോ, പ്രവർത്തിപ്പിച്ചു തുടങ്ങിയിട്ടില്ലെന്നോ, അവിടെ ബസ്സുകൾ പോകുന്നില്ലെന്നോ, ഒന്നും ഞാൻ പറയുകയില്ല. അവിടെ ബസ്സുകൾ പോകുന്നുണ്ട്. കോടികൾ ചെലവഴിച്ചു നിർമ്മിച്ച ആ കോംപ്ലക്സുകളിൽ നിന്നും വരുമാനം ലഭ്യമാക്കത്തക്കവിധത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ? അത് ആരാണ് മോണിറ്റർ ചെയ്യുന്നത്, ഇപ്പോഴത്തെ അതിന്റെ അവസ്ഥയെന്താണ്? ഒരു വരുമാനവുമില്ല, മുടക്കിയ കാശ് അവിടെ കിടക്കുന്നുവെന്നേയുള്ളു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പ് മന്ത്രീ, അങ്ങയുടെ ഒരു പ്രസ്താവന ഞങ്ങൾ പത്രത്തിലും ടി.വി.-യിലുമൊക്കെ കണ്ടിരുന്നു. വിദ്യാർത്ഥികൾക്കെല്ലാം യാത്ര സൗജന്യമാക്കി എന്നാണ്. ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. പക്ഷേ നമ്മുടെ നാട്ടിൽ കൺസഷനുവേണ്ടി കുട്ടികളെ ബുദ്ധിമുട്ടിക്കുകയാണ്. കൺസഷൻ ഇല്ല. 15 രൂപ കൺസഷന് കൊടുക്കണം. എല്ലാപേർക്കും

സൗജന്യമാക്കിയെങ്കിൽ സ്കൂൾ ഐഡന്റിറ്റി കാർഡ് കാണിക്കുമ്പോൾ കുട്ടിയെ വണ്ടിയിൽ കൊണ്ടുപോകണമെന്നാണ്. ഉത്തരവ് ഇറക്കിയിരിക്കുന്നത് നിലവിൽ എത്ര പാസ്സ് ഉണ്ടായിരുന്നുവോ അത് കൊടുക്കുക എന്നാണ്. അത് ശരിയല്ല. ഓരോ വർഷവും കുട്ടികൾ പുതുതായി ചേർന്നുകൊണ്ടിരിക്കുകയാണ്, താമസം മാറിക്കൊണ്ടിരിക്കുകയാണ്. ഫുൾ സൗജന്യമാണോ ? അത് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കിയാൽ നന്നായിരിക്കും.

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, ഞാൻ പറഞ്ഞ പ്രശ്നം അടിവരയിട്ടു പറയുകയാണ് മുൻ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രികൂടിയായ ശ്രീ. കെ. ബി. ഗണേഷ് കുമാർ, ഞാൻ അത് കൂടുതൽ വിശദീകരിക്കാതിരുന്നതാണ്. സ്വകാര്യ ബസ്സുകൾ ഉള്ള സ്ഥലത്ത് ഇത് അനുവദിക്കുന്നതേയില്ല. എന്തിനാണ് ഈ ഇരട്ടത്താപ്പ്, കൊടുക്കാൻ കഴിയുമെങ്കിൽ കൊടുക്കണം, കൊടുക്കാൻ കഴിയാത്ത ഒരു വാഗ്ദാനം എന്തിനാണ് നടത്തുന്നത് ? കേരളത്തിൽ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി എല്ലാ വിദ്യാർത്ഥികളേയും ഒരുപോലെ കാണേണ്ടതല്ലേ ? എല്ലാ പ്രദേശത്തേയും ജനങ്ങളെ ഒരുപോലെ കാണേണ്ടതല്ലേ ? ആ ഒരു വിവേചനം, വിവേചനമായിത്തന്നെ ഞാൻ ഇവിടെ ഉന്നയിക്കുകയാണ്. അത്തരം വിവേചനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നത് ആർക്കും ഭൂഷണമല്ല എന്ന് ഞാൻ ആവർത്തിക്കുകയും ചെയ്യുന്നു. കെ.ടി.ഡി.എഫ്.സി. കൊടുക്കുന്ന വായ്പയുടെ പലിശ നിരക്ക് സംബന്ധിച്ച് ധാരാളം ആക്ഷേപങ്ങൾ ഉണ്ടായി. പുനഃപരിശോധിക്കാമെന്ന് മന്ത്രി പലവട്ടം ഈ സഭയിലും പുറത്തും പറഞ്ഞിട്ടുള്ളതാണ്. അത് ആകർഷകമായ വിധത്തിൽ പുനഃസംവിധാനം ചെയ്യാം എന്ന് അദ്ദേഹം പറഞ്ഞതാണ്. ഇതുവരേയും ഒന്നും ചെയ്തിട്ടില്ലല്ലോ ? അപ്പോൾ എന്താണ് നടക്കുന്നത് ? ഞാൻ ഒരു വാക്ക് കടമെടുക്കുകയാണ്. ഇലക്ട്രിസിറ്റി വകുപ്പ് മന്ത്രിയായ ശ്രീ. ആര്യാടൻ മുഹമ്മദ് അദ്ദേഹം ട്രാൻസ്പോർട്ട് വകുപ്പ് കയ്യൊഴിഞ്ഞപ്പോൾ, "ഒരിക്കലും നന്നാവാത്ത കെ.എസ്.ആർ.ടി.സി.-യിൽനിന്നും ഒരിക്കലും നന്നാവാത്ത വൈദ്യുതി വകുപ്പിലേക്ക് എന്നെ മാറ്റി" എന്ന ഒരു പ്രയോഗം അദ്ദേഹം നടത്തിയിട്ടുണ്ട്. അദ്ദേഹം നിയമസഭയിലല്ല, പൊതുയോഗത്തിലാണ് അങ്ങനെ പറഞ്ഞിട്ടുള്ളത്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : ഞാൻ ഇപ്പോൾ പറയാൻ കാരണം, മറുപടി പറയുന്ന സമയം അങ്ങ് ചിലപ്പോൾ പോകുമോ എന്നുള്ളത് കൊണ്ടാണ്. ഇവിടെ ഇരുന്നാൽ എല്ലാ കാര്യത്തിനുമുള്ള മറുപടി അപ്പോൾ പറയാം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : ബഹുമാനപ്പെട്ട എ.കെ. ശശീന്ദ്രൻ, 'ഒരിക്കലും നന്നാവാത്തതാണ് കെ.എസ്.ആർ.ടി.സി.' എന്ന് ഞാൻ പറഞ്ഞിട്ടില്ല. ഏറ്റവും നന്നാവാൻ സാധ്യതയുള്ള ഒരു ഡിപ്പാർട്ട്മെന്റാണ് എന്നാണ് എന്റെ പക്ഷം. ഗവൺമെന്റിന്റെ കൺസഷനും കാര്യങ്ങളുമായി കുറച്ചു പ്രോബ്ലം ഉണ്ട് അത്രയേയുള്ളൂ. അതേ അവസരത്തിൽ ഇതിനേക്കാൾ മോശമായ കെ.എസ്.ഇ.ബി. എന്ന് ഞാൻ പറഞ്ഞിട്ടില്ല. അന്നും കെ.എസ്.ഇ.ബി. എന്റെ കയ്യിൽത്തന്നെ. എന്നെ അങ്ങോട്ട് മാറ്റിയിട്ടില്ല. അത് രണ്ടും ഞാൻ പറഞ്ഞിട്ടില്ല. രണ്ടും നന്നാക്കാൻ കൊള്ളാവുന്നതാണ്, വളരെ നന്നായിക്കൊണ്ടിരിക്കുകയാണ്, അത് പറഞ്ഞത് ശരിയല്ല.

ശ്രീ. എ. കെ. ശശീന്ദ്രൻ : ബഹുമാനപ്പെട്ട മന്ത്രി, ശ്രീ. ആര്യാടൻ മുഹമ്മദ് ഇല്ലാ എന്നു പറഞ്ഞാൽ ഞാൻ അദ്ദേഹത്തോട് തർക്കിക്കാനില്ല, കാരണം, അദ്ദേഹത്തിനോട് ബഹുമാനം ഉണ്ട്. പക്ഷേ ജനങ്ങളെല്ലാം വായിക്കുകയും, കേൾക്കുകയും ചെയ്ത ഒരു കാര്യം സമൂഹത്തിലുണ്ട്. അദ്ദേഹം അത് പരിശോധിക്കണമെന്നേ ഞാൻ പറയുന്നുള്ളൂ. ഈ നാലുകൊല്ലമായിട്ടും വകുപ്പുകളുടെ മന്ത്രി മാറിയിട്ടും വഞ്ചി തിരുനക്കരെ തന്നെയല്ലേ എന്ന് വീണ്ടും ഞാൻ ആവർത്തിക്കുന്നു. എനിക്ക് തിരുവഞ്ചൂരിനോടും, ആര്യാടനോടും കലഹിക്കുവാൻ പറ്റുകയില്ല, അതുകൊണ്ട് ഞാൻ കലഹിക്കുന്നില്ല. പക്ഷേ വഞ്ചി ഇപ്പോഴും തിരുനക്കര തന്നെയാണ്.

അതുപോലെ തന്നെയാണ് നമ്മുടെ റോഡ് സുരക്ഷ, റോഡ് സുരക്ഷയെ സംബന്ധിച്ച് സുപ്രീംകോടതിയുടെ നിർദ്ദേശമനുസരിച്ച് ജസ്റ്റിസ് രാധാകൃഷ്ണൻ ചെയർമാനായി നയിക്കുന്ന ഒരു മൂന്നംഗ കമ്മറ്റി ഒരു ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിക്കുകയോ നടപ്പിലാക്കുകയോ അതിനുവേണ്ടി എന്തെങ്കിലും ശ്രമങ്ങൾ നടത്തിയിരുന്നുവെങ്കിൽ അപകടങ്ങൾ വളരെയേറെ കുറയ്ക്കുവാൻ കഴിയുമായിരുന്നു. ഇവിടെ രണ്ട് ഭരണകക്ഷിയംഗങ്ങൾ അരുവിക്കരയെക്കുറിച്ച് പറഞ്ഞു. ജയിച്ചവർക്ക് അഭിമാനിക്കാനും തോറ്റവർക്ക് അതെക്കുറിച്ച് അഭിപ്രായം പറയാനുള്ള അവകാശത്തെയൊന്നും ഞാൻ ചോദ്യം ചെയ്യുന്നില്ല. ഏറ്റവും ഒടുവിൽ ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞ് അവസാനിപ്പിച്ച ആ ഉപദേശമെന്താണ് ? നമ്മൾ കാര്യങ്ങൾ ശരിയായവിധം മനസ്സിലാക്കണമെന്നാണ് അതിന്റെ സാരം. അരുവിക്കരയിൽ ഈ നിയമസഭയിൽ ഇരിക്കുന്ന 141 അംഗങ്ങൾക്ക് അഭിമാനിക്കാൻ കഴിയുന്ന എന്തെങ്കിലും ഉണ്ടോ ? എന്തെങ്കിലും രാഷ്ട്രീയ സന്ദേശം നൽകുന്നുണ്ടോ ? നമ്മളെല്ലാം രാഷ്ട്രീയ പ്രവർത്തനം നടത്തി വന്നവരാണ്. പൊതുജീവിതം നടത്തിവന്നവരാണ്. ഈ 141 അംഗങ്ങൾക്ക് അരുവിക്കരയിലെ സന്ദേശം

അഭിമാനകരമായിരുന്നു എന്ന് പറയാൻ കഴിയുമോ ? കേരളത്തെ വർഗ്ഗീയമായി ചേരിതിരിച്ച്, വർഗ്ഗീയ ശക്തികൾക്ക് മുതലെടുക്കാനുള്ള ന്യൂനപക്ഷ ക്രോഡീകരണവും ഏകീകരണവുമാണ് ഇവിടെ നടക്കുന്നത്. അതിന്റെ മറുവശത്ത് സവർണ്ണ, ഹൈന്ദവ ഫാസിസം കൊടികുത്തി വാഴുകയാണ് എന്ന യാഥാർത്ഥ്യം തിരിച്ചറിയുന്ന ഒരു വ്യക്തിക്കും അരുവിക്കരയുടെ പേരിൽ ആവേശം കൊള്ളാനോ നിരാശപ്പെടാനോ കഴിയില്ല. യാഥാർത്ഥ്യബോധത്തോടുകൂടി മുന്നോട്ട് പോകുകയാണ് ചെയ്യേണ്ടത്. എന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഡോ. എൻ. ജയരാജ് : ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. വാഹന നികുതികൾ, വനം, ഗതാഗതം, വൈദ്യുത പദ്ധതികൾ എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകളാണ്. എല്ലാം പ്രാധാന്യമുള്ള വിഷയങ്ങളാണെങ്കിലും പത്തുമിനിട്ടു കൊണ്ട് സംസാരിക്കാൻ കഴിയാത്ത സാഹചര്യമാണ്. വനമില്ലെങ്കിൽ വൈദ്യുതിയും ഗതാഗതവും ഉണ്ടാവുകയില്ല. പെട്രോളും ഡീസലുമൊക്കെ ഉണ്ടാകണമെങ്കിലും വനത്തിലെ മരങ്ങൾ വേണം അതുകൊണ്ട് വനത്തെക്കുറിച്ച് പറയുവാനാണ് ആഗ്രഹിക്കുന്നത്. പ്രകൃതിയുടെ സ്വാഭാവികമായ പരിണാമ പ്രക്രിയ യഥേഷ്ടം നടക്കുന്ന രണ്ട് ആവാസ വ്യവസ്ഥകളിൽ ഒന്ന് ആഴക്കടലിനകത്തും മറ്റൊന്ന് നമ്മുടെ വനങ്ങളിലുമാണ്. യഥാർത്ഥത്തിൽ മനുഷ്യന്റെ ജീവൻ തന്നെ നിലനിൽക്കുന്നത് ആവാസ വ്യവസ്ഥയിൽ നടക്കുന്ന പ്രവർത്തനങ്ങളും അതിന്റെ പ്രതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടാണ്. നമ്മുടെ ഭൂപ്രകൃതിയേയും കാലാവസ്ഥയേയുമെല്ലാം നിയന്ത്രിക്കുകയും നിലനിർത്തുകയും ചെയ്യുന്നതിൽ വനങ്ങൾക്ക് വലിയ പങ്കാണുള്ളത്. സംസ്ഥാനത്തിന് അഭിമാനിക്കാൻ കഴിയുന്ന ഒരു കാര്യം, സംസ്ഥാനം രൂപീകൃതമായ കാലഘട്ടത്തിലുണ്ടായിരുന്ന വനങ്ങളുടെ വിസ്തൃതിയിൽനിന്ന് അതിന്റെ അളവ് വളരെ കുറഞ്ഞു പോയി. എങ്കിൽപ്പോലും ദേശീയ ശരാശരിയേക്കാൾ വനം സംരക്ഷിക്കാൻ നമുക്ക് കഴിഞ്ഞുവെന്നുള്ളതാണ്. ഏകദേശം 29 ശതമാനത്തോളം ഏതാണ്ട് 11,350 കി.മീ. വിസ്തൃതിയിലുള്ള ഒരു വലിയ വനാതിർത്തിയാണ് നമുക്ക് ദൃശ്യമായിട്ടുള്ളത്. നമ്മുടെ വനങ്ങൾക്കൊക്കെ ഒട്ടേറെ പ്രത്യേകതകളുണ്ട്. നമ്മുടെ വളരെ ചെറിയ ഭൂപ്രകൃതിയിൽ പോലും വരണ്ട ഇലപൊഴിയുന്ന കാടുകൾ, കണ്ടൽക്കാടുകൾ അതോടൊപ്പം തന്നെയുള്ള ഹരിത വനങ്ങൾ, പുൽമേടുകൾ, പർവ്വത രൂപത്തിലുള്ള ചോല വനങ്ങൾ തുടങ്ങി വളരെ വ്യത്യസ്തമായ വനത്തിന്റെ പ്രകൃതിയാണ് നമുക്കുള്ളത്. അതുകൊണ്ടു തന്നെ എല്ലാ ഗവൺമെന്റുകളുടെ കാലത്തും ഇവ സംരക്ഷിക്കാൻ വളരെയേറെ ശ്രമങ്ങൾ നടക്കുന്നു. കഴിഞ്ഞ നാലുവർഷക്കാലമായി ഈ കാര്യത്തിൽ ഒട്ടേറെ പ്രവർത്തനങ്ങളുമായി മുമ്പോട്ട് പോകാൻ കഴിഞ്ഞിട്ടുണ്ട്. എനിക്ക് സൂചിപ്പിക്കാനുള്ളത്,

സത്യത്തിൽ ഈ വന സംരക്ഷണമെന്നുള്ള ഒരു ആശയം നമ്മുടെ ഇടയിൽ പ്രചാരത്തിൽ വന്നിട്ട് അര നൂറ്റാണ്ട് മാത്രമേ ആയിട്ടുള്ളൂ. സംരക്ഷിക്കപ്പെടുക എന്ന് പറയുമ്പോൾ എന്തോ ഒന്ന് നഷ്ടപ്പെടുന്നതിന്റെ ഭാഗമാണ്. നിലനിൽക്കുന്നതോ അല്ലെങ്കിൽ നഷ്ടപ്പെടാതിരിക്കാൻ വേണ്ടിയുള്ള ശ്രദ്ധയോ ആവശ്യമില്ലെങ്കിൽ അവിടെ ഒരു സംരക്ഷണത്തിന്റെ ആവശ്യമില്ല. വനസംരക്ഷണത്തെക്കുറിച്ചൊക്കെ സൂചിപ്പിക്കുമ്പോൾ കുറെ കാലങ്ങളായി നമ്മുടെ വനങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. അല്ലെങ്കിൽ നശിക്കാനുള്ള എല്ലാ പ്രവർത്തനങ്ങളിലും പ്രതിപ്രവർത്തനങ്ങളിലൊക്കെതന്നെ വളരെ കൃത്യമായി നമ്മൾ ഇടപെടുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. മാത്രമല്ല, ഈ വനസംരക്ഷണമെന്ന് പറയുമ്പോൾ എപ്പോഴും മനുഷ്യ കേന്ദ്രീകൃതമായ സംരക്ഷണമാണ്. മനുഷ്യർ നിലനിൽക്കാൻ വേണ്ടി വനത്തെ സംരക്ഷിക്കണമെന്ന ഒരു കാഴ്ചപ്പാടിനോട് യഥാർത്ഥത്തിൽ യോജിക്കാൻ കഴിയില്ല. ആവാസ വ്യവസ്ഥയിൽ മനുഷ്യൻ മാത്രമല്ല അതുമായി ബന്ധപ്പെട്ട എല്ലാ ജീവജാല ങ്ങളുടേയും ഒരുമിച്ചുള്ള സമഗ്രമായ ജൈവ വൈവിദ്ധ്യത്തിൽ നിന്നുകൊണ്ടുള്ള ഒരു പ്രവർത്തനമായിരിക്കണം വനവുമായി ബന്ധപ്പെട്ടുള്ള ചർച്ചകളിലും പ്രവൃത്തികളിലും ഉണ്ടാകേണ്ടത്. സത്യത്തിൽ ആരാണ് ഈ ഭൂമിയുടെ അവകാശി ? മനുഷ്യൻ പലപ്പോഴും ചിന്തിക്കുന്നത് ഈ ഭൂമി അവന്റെ മാത്രമാണെന്നാണ്. ഭൂമിയിലെ എല്ലാ പദാർത്ഥങ്ങളും സൗകര്യങ്ങളുമെല്ലാം തനിക്കുവേണ്ടി മാത്രമാണെന്നുള്ള മനുഷ്യന്റെ ഒരു മനുഷ്യകേന്ദ്രീകൃതമായ വികസന സ്വപ്നങ്ങളും അത്തരം കാഴ്ചപ്പാടുകളുമാണ് യഥാർത്ഥത്തിൽ ഇവിടെ സംഭവിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഭാരതത്തിന് നമ്മുടേതായ ഒരു സ്പിരിച്വൽ ഇക്കോളജി ഉണ്ടായിരുന്നു. സ്പിരിച്വൽ ഇക്കോളജിയിൽ ഒട്ടേറെ കാര്യങ്ങൾ നമ്മുടെ പൂർവ്വികന്മാരായ ആളുകൾ പറഞ്ഞു വച്ചിട്ടുണ്ട്. അതൊക്കെ കാലങ്ങളോളം വിസ്മരിക്കപ്പെട്ടുപോയി എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഞാൻ ഈ അടുത്ത കാലത്ത് ഒരു പുസ്തകത്തിൽ വായിക്കാനിടയായ കാര്യം, പത്ത് പുത്രന്മാർക്ക് തുല്യമാണ് ഒരു മരം. പത്ത് കിണറിന് സമമാണ് ഒരു കുളം. പത്ത് കുളത്തിന് സമമാണ് ഒരു ജലാശയം. പത്ത് ജലാശയത്തിന് സമമാണ് ഒരു പുത്രൻ. പത്ത് പുത്രന്മാർക്ക് തുല്യമാണ് ഒരു വൃക്ഷമെന്ന് പറഞ്ഞു വച്ച ഒരു വലിയ സംസ്കാരവും സംസ്കൃതിയുമൊക്കെത്തന്നെ നമുക്കുണ്ടായിരുന്നു. മാത്രമല്ല, ഒരു മരം മുറിക്കണമെങ്കിൽ മരത്തിൽ വസിക്കുന്നതായ എല്ലാ ജീവജാലങ്ങളോടും പക്ഷികളോടും ഉറുമ്പുകളോടും വരെ അനുവാദം ചോദിച്ചതിനുശേഷം മരം മുറിക്കണ മെന്നാണ് വാസ്തുവിദ്യയുമായി ബന്ധപ്പെട്ട ശാസ്ത്രത്തിൽ പറയുന്നത്. അങ്ങനെ അവരുടെ അനുവദത്തോടുകൂടി മാത്രം മരം മുറിക്കണമെന്നുള്ള ഒരു വലിയ ഭാരതീയമായ

കാഴ്ചപ്പാട് ഒരു കാലഘട്ടത്തിൽ നമുക്കുണ്ടായിരുന്നു. അതെല്ലാം ഓരോ കാലഘട്ടത്തിൽ നമ്മൾ വിസ്മരിക്കപ്പെട്ടുപോയി എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. പുറത്തുള്ള ചൂടും കാലാവസ്ഥാ വ്യതിയാനവും ഒക്കെതന്നെ വന സംരക്ഷണത്തിന്റെ പ്രാധാന്യം വളരെയേറെ ഉയർത്തിക്കാട്ടുന്ന ഒരു കാലഘട്ടം കൂടിയാണ്. ഇപ്പോൾ നമ്മൾ ചെയ്യുന്ന ഒരു കാര്യം, ജൂൺ 5-ാം തീയതി കൃത്യമായി ഓർത്തിരിക്കും. അന്ന് രാവിലെ എല്ലാപേരും വളരെ കൃത്യമായി പോയി മരം നടുന്നു. അന്നാണ് പ്രകൃതി സംരക്ഷണത്തെക്കുറിച്ചുള്ള വലിയൊരു അവബോധം നമ്മുടെ ഇടയിൽ ഉണ്ടാകുന്നത്. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ വച്ച മരങ്ങളെല്ലാം കൂടി കിളിർത്തിരുന്നെങ്കിൽ കേരളം മരം കൊണ്ടുതന്നെ ഒരു വലിയ കാടായി മാറുമായിരുന്നു. ഏതായാലും ദൈവാധീനത്താൽ അതൊന്നും തന്നെ കിളിർക്കുന്നില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം. ബഹുമാനപ്പെട്ട മന്ത്രി നക്ഷത്ര വനങ്ങളെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. അതൊരു ചിന്തയുടെ ഭാഗമാണ്. ഒരോ മനുഷ്യർക്കും നക്ഷത്രങ്ങളുമായി ബന്ധപ്പെട്ട് ചില ബന്ധങ്ങളുണ്ടെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് അത് രൂപീകരിച്ചത്. കാരണം, ഒരു ആത്മബന്ധം ഇതുമായി ഉണ്ടായാൽ മാത്രമേ വൃക്ഷങ്ങളും മരങ്ങളും സംരക്ഷിക്കാൻ ആളുകൾ തയ്യാറാകൂ. നക്ഷത്രവനമെന്ന പദ്ധതി തീർച്ചയായും ഒരു പുതിയ കാഴ്ചപ്പാടാണ്. മലയാള ഭാഷയിലെ കവികളും കലാകാരന്മാരും നോവലിസ്റ്റുമൊക്കെ എഴുതിച്ചേർത്ത ഒട്ടേറെ കൃതികളിലൂടെ കടന്ന് പോകുന്ന മരങ്ങളുണ്ട്. നമ്മുടെ സ്കൂൾ വളപ്പുകളിലും പൊതു സ്ഥലങ്ങളിലും നിൽക്കുന്ന മരം ഏതാണെന്ന് പലപ്പോഴും അറിയില്ല. സ്വന്തം പറമ്പിലും ഇടങ്ങളിലും നിൽക്കുന്ന മുക്കുറ്റിയെ പോലും തിരിച്ചറിയാൻ കഴിയാത്തവരാണ് നമ്മൾ. ദശപുഷ്പം എത്രയെന്ന് ചോദിച്ചാൽ തിരിച്ചറിയാൻ കഴിയാത്ത കുട്ടികളാണ് കേരളത്തിലുള്ളതെന്ന് പറയുമ്പോൾ ഞാൻ കേരളത്തിലെ കുട്ടികൾ മോശക്കാരാണെന്ന് പറയുന്നില്ല. പക്ഷേ സ്വന്തം തൊടികളിൽ നിൽക്കുന്ന പൂക്കൾ പോലും തിരിച്ചറിയുവാൻ കഴിയാത്ത ഒരവസ്ഥ നമുക്കുണ്ട്.

ശ്രീ. സാജു പോൾ : സർ, നക്ഷത്ര വനങ്ങളെക്കുറിച്ച് ഡി.എഫ്.ഒ. ശ്രീ. ഉണ്ണികൃഷ്ണൻ എഴുതിയ ഒരു പുസ്തകം തന്നെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. മലയാറ്റൂർ ഡിവിഷൻ ഓഫീസിന് സമീപം തോടാർ റെയ്ഞ്ച് ഓഫീസിന് സമീപം തൊട്ടടുത്ത ഒരു ക്ഷേത്ര വളപ്പിൽ അടുത്ത കാലത്ത് വനം വകുപ്പ് ഉദ്യോഗസ്ഥരെല്ലാം പങ്കെടുത്തു കൊണ്ട് കോടനാട് ക്ലബ്ബ് എന്നൊരു സംഘടനയുടെ ആഭിമുഖ്യത്തിൽ ഒരു നക്ഷത്ര വനം വച്ച് പിടിപ്പിക്കുകയുണ്ടായി. ഇതിൽ എല്ലാ നാളുകൾക്കും ഓരോ വൃക്ഷമുണ്ട്. എന്റെ നാള് മൂലമാണ് അതിന്റെ വൃക്ഷം പൈൻമരമാണ്. ഡോ. എൻ. ജയരാജ്

സർ, അദ്ദേഹം നല്ലൊരു പരിസ്ഥിതി സ്നേഹിയും അതുപോലെ ഇത്തരം കാര്യങ്ങളിൽ ആധികാരിക വ്യക്തിത്വത്തിന്റെ ഉടമയുമാണ്. നക്ഷത്ര വനത്തെക്കുറിച്ച് പറഞ്ഞപ്പോൾ ആ നാളും മരവും കൂടി ഒന്ന് വെളിപ്പെടുത്തിയാൽ തരക്കേടില്ല.

ഡോ. എൻ. ജയരാജ് : സർ, എല്ലാ ആളുകൾക്കും ഒരു നാളും ഒരു മരവും ഉണ്ടെന്നാണ് വിശ്വാസം. അത് എനിക്കുമുണ്ട് ഞാനത് വെളിപ്പെടുത്താൻ ആഗ്രഹിക്കാത്തത് മറ്റൊന്നും കൊണ്ടല്ല. അതൊരു സ്വകാര്യതയായി തന്നെ നിലനിൽക്കട്ടെ എന്ന് ആഗ്രഹിക്കുന്നതു കൊണ്ടാണ്. ഞാൻ സൂചിപ്പിച്ച് വന്നത് ഈ കാര്യത്തിൽ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയും അദ്ദേഹത്തിന്റെ വകുപ്പും ചെയ്യുന്ന വലിയൊരു പ്രവർത്തനമുണ്ട്. ഞാൻ ഒരിക്കൽ ഒരു ലേഖനത്തിൽ വായിക്കാൻ ഇടയായ ഒരു കാര്യം കൂടി സൂചിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. ഒരു അരയാലും വേപ്പും പേരാലും, പത്ത് പുളിയും, മൂന്ന് കൂവളവും, മൂന്ന് നെല്ലിയും, അഞ്ച് മാവും, രണ്ട് തെങ്ങും വളർത്തുന്നവന് നരകമില്ലായെന്നാണ് കഴിഞ്ഞ നാലു വർഷക്കാലമായി ആസ്ട്രേലിയയിൽ നിന്ന് അക്കേഷ്യ കൊണ്ടുവന്ന് സോഷ്യൽ ഫോറസ്ട്രിയുടെ പേരിൽ കേരളത്തിൽ മുഴുവൻ നട്ടുപിടിപ്പിച്ചു. ഞാൻ കേരള യൂണിവേഴ്സിറ്റിയുടെ കാര്യവട്ടം കാമ്പസ്സിൽ റിസർച്ച് ചെയ്യുന്ന കാലത്ത് അക്കേഷ്യ മരങ്ങൾ പൂത്തു നിന്നപ്പോൾ അതിന്റെ ഗന്ധം കാരണം ശ്വാസംമുട്ടലുണ്ടായി കുട്ടികൾ ഹോസ്റ്റലിൽ നിന്ന് പോയ സന്ദർഭം പോലുമുണ്ടായിട്ടുണ്ട്. ഡിപ്പാർട്ടുമെന്റിനെ ഞാൻ കുറ്റപ്പെടുത്തി പറയുന്നതല്ല. അന്ന് കേരളത്തിന്റെ തനിമ തിരിച്ചറിയാൻ കഴിയാതെ നട്ടു വളർത്തിയ മരങ്ങളുണ്ട്. പക്ഷേ ഇന്ന് അതല്ല, ഇന്ന് ജനങ്ങൾക്കാവശ്യമുള്ള അല്ലെങ്കിൽ മനുഷ്യരുമായി ബന്ധപ്പെട്ട നമ്മുടെ ആവാസ വ്യവസ്ഥയോട് വളരെയേറെ ബന്ധപ്പെട്ട് നിൽക്കുന്നതായ ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്ന ഒരു സംസ്കാരത്തിലേക്ക് കേരളത്തിലെ വനം വകുപ്പ് മാറുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതുകൊണ്ടാണ് അദ്ദേഹത്തിന് നരകമുണ്ടാകുകയില്ലായെന്ന് ഞാൻ പറഞ്ഞത്. മൃഗശാല എന്തുകൊണ്ടാണ് സാംസ്കാരിക വകുപ്പിന്റെ കീഴിൽ കൊടുത്തതെന്ന് മനസ്സിലാകുന്നില്ല. പിന്നീടാണ് അറിഞ്ഞത് വനം വകുപ്പിന്റെ കീഴിൽ വരുന്ന സംഭവമാണെന്ന്. മനുഷ്യരെക്കാൾ സംസ്കാരമുള്ളവരാണ് മൃഗങ്ങൾ എന്നുള്ളതുകൊണ്ടായിരിക്കാം സാംസ്കാരിക വകുപ്പിന്റെ കീഴിൽ കൊടുത്തത് എന്നാണ് ഞാൻ അതിൽ കണ്ടെത്തിയ ഒരു ആശ്വാസം. പക്ഷേ അത് തിരിച്ചു അങ്ങോട്ടു തരണമെന്നുള്ള ഒരു അഭിപ്രായക്കാരനാണ് ഞാൻ. അതുമാത്രമല്ല, നമ്മുടെ വിവിധങ്ങളായ പാർക്കുകൾ സോഷ്യൽ ഫോറസ്റ്റിന്റെ കീഴിൽ കൊണ്ടുവരേണ്ടതാണ്. ഇതെല്ലാം പലരുടെയും കൈവശമാണുള്ളത്. ഇക്കാര്യത്തിൽ ഒരു സമഗ്രതയുണ്ടാവണം. പഞ്ചായത്തുകൾ, പല ഡിപ്പാർട്ടുമെന്റുകൾ ഇങ്ങനെ

പോകുന്നതിനപ്പുറത്ത് ഒരു സമഗ്രത തീർച്ചയായും ഇക്കാര്യത്തിൽ കൈവരിക്കാൻ കഴിയണം എന്നതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ ദീർഘിപ്പിക്കുന്നില്ല. മറ്റൊരു പ്രധാനപ്പെട്ട കാര്യം, ഈ അടുത്ത കാലത്ത് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളിൽ എടുത്തുപറയേണ്ട ഒന്നുരണ്ടു കാര്യങ്ങൾ മാത്രമാണ് സൂചിപ്പിക്കാനാഗ്രഹിക്കുന്നത്. ഇന്ന് രാവിലെ ഇവിടെ സൂചിപ്പിച്ചു കഴിഞ്ഞതാണ് വനശ്രീ പദ്ധതി, ഹരിതശ്രീ പദ്ധതി എന്നിവ. ഹരിതശ്രീ പദ്ധതി നടപ്പിലാക്കുമ്പോൾ എനിക്കു മുമ്പോട്ടു വയ്ക്കാനുള്ള ഒരു ആശയം, ഭാഷാരാമം എന്നൊരാശയം മുമ്പോട്ടു കൊണ്ടുവരാൻ കഴിഞ്ഞാൽ വച്ച മരങ്ങൾ സൂക്ഷിക്കാനും അത് ഓരോ ആളുകൾക്കും അല്ലെങ്കിൽ ഓരോ സംഘടനകൾക്കും അതിന്റെ ഉത്തരവാദിത്വം കൊടുക്കാൻ കഴിഞ്ഞെങ്കിൽ മാത്രമേ അടുത്ത വർഷത്തേക്ക് ആ മരങ്ങൾ അവിടെ നിലനിർത്തിക്കൊണ്ടു പോകാൻ കഴിയുകയുള്ളൂ. ഒരു കാലത്ത് ആലപ്പുഴ ജില്ലയ്ക്ക് വലിയ ഒരു പോരായ്മയുണ്ടായിരുന്നു. ആലപ്പുഴ കാടില്ലാത്ത ജില്ലയാണെന്ന്. ഏതായാലും വനം വകുപ്പ് മുൻകൈ എടുത്തുകൊണ്ട് ആലപ്പുഴ ജില്ലയിലെ 'ഗാന്ധി സ്മൃതി' വന പദ്ധതിയുടെ ഭാഗമായി ഇന്ന് ഏതാണ്ട് 250 ഏക്കറോളം സ്ഥലത്ത് വനം വച്ചുപിടിപ്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം കഴിഞ്ഞ സഭയിൽ ഞാൻ പറഞ്ഞ ഒരു കാര്യമാണ്. കുരുവികൾ കേരളത്തിൽ അപ്രത്യക്ഷമാകുന്ന ഒരവസ്ഥയുണ്ട്. അങ്ങാടിക്കുരുവികൾ എന്നു പറയുന്നത് ഏറ്റവും ചെറിയ ജീവികളാണ്. നമ്മൾ എല്ലാവരും ആവാസ വ്യവസ്ഥയ്ക്കുവേണ്ടി സംസാരിക്കുമ്പോൾ അങ്ങാടിക്കുരുവികൾക്ക് ഒരു ആവാസ വ്യവസ്ഥയില്ലായിരുന്നു. പക്ഷെ സംസ്ഥാന വനം വകുപ്പ് മുൻകൈ എടുത്തുകൊണ്ട് അങ്ങാടിക്കുരുവികൾക്കുവേണ്ടി ഒരു കൂട് നിർമ്മിക്കാനുള്ള പ്രവർത്തനം കൊണ്ടു വന്നത് തീർച്ചയായും ഏറെ ശ്ലാഘനീയമാണ്. അതോടൊപ്പംതന്നെ നമ്മുടെ കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട ഒരു കാര്യം സൂചിപ്പിക്കാൻ ആഗ്രഹി ക്കുകയാണ്. കാലാവസ്ഥാവ്യതിയാനം വളരെ ഗൗരവമായി കണ്ടുവരുന്ന ഒരു കാലഘട്ടമാണിത്. ഇവിടെ കഴിഞ്ഞ ദിവസം നടന്ന ചർച്ചയിൽ വന്ന കാര്യം, ഇന്ന് നമ്മുടെ പുഴകൾ മരിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ്. ഏതാണ്ട് 14 ഓളം പുഴകൾ വളരെയേറെ അപകടകരമായ ഒരവസ്ഥയിൽ നിലനിൽക്കുന്നു. ഈ പുഴകളിലെ നല്ലൊരു ഭാഗം കടന്നുപോകുന്നത് വനാതിർത്തിയിൽക്കൂടി തന്നെയാണ്. വനം സംരക്ഷിക്കുന്നതുപോലെ ജെണ്ടകൾ കെട്ടി നമ്മുടെ പുഴകളുടെ അതിർത്തി നിശ്ചയിച്ചില്ലായെങ്കിൽ വരാൻ പോകുന്ന പത്ത് അൻപത് വർഷത്തിനുള്ളിൽ കേരളത്തിൽ പുഴകൾ അപ്രത്യക്ഷമാകുന്ന, ഒരുപക്ഷേ പല പുഴകളും ഇല്ലാതായി പോകുന്ന ഒരവസ്ഥയുണ്ടാകും. കാരണം, പരസ്പരം ബന്ധപ്പെട്ട രണ്ട് കാര്യങ്ങളാണ്

ഇതുമായിട്ടുള്ളത്. അതുകൊണ്ടു തന്നെ കാലാവസ്ഥാ വ്യതിയാനത്തിനു വേണ്ടിയുള്ള ഒരു പഠന കേന്ദ്രം കോട്ടയത്ത് ആരംഭിച്ചിട്ടുണ്ട്. അത് വളരെ ഗൗരവമായി കാണേണ്ട കാര്യമാണ്. നമുക്ക് ഇപ്പോഴുള്ള ഒരു ബുദ്ധിമുട്ട് നമ്മുടെ പക്കൽ ആവശ്യമുള്ള ഡേറ്റാ ഇല്ലായെന്നുള്ളതാണ്. നമ്മുടെ പല പദ്ധതികൾക്കും കൃത്യമായൊരു ഡേറ്റാ ബെയ്സ് ഇല്ല. അതുകൊണ്ടുതന്നെ കാലാവസ്ഥാ വ്യതിയാനത്തിന്റെ മാറ്റങ്ങൾ തിരിച്ചറിയാനും ആഗോളതലത്തിൽ അത് ഉണ്ടാക്കുന്ന മാറ്റങ്ങളെക്കുറിച്ചുള്ള ഗൗരവമായ പഠനങ്ങളും ചർച്ചകളും വരേണ്ടതാണ്. അത്തരം പ്രവർത്തനം ഏറെ ശ്ലാഘനീയമായ ഒരു കാര്യമെന്നുകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടേതെല്ലാം നമുക്കുവേണ്ടി മാത്രമല്ല എന്നൊരു സങ്കല്പം നമുക്കുണ്ടായിരുന്നു. "ഇദം ന മമ" എന്നാണ് നമ്മൾ പറഞ്ഞുകൊണ്ടിരുന്നത്. ഇതൊന്നും എന്റേതല്ല, മറ്റുള്ളവർക്കു വേണ്ടിയുള്ളതാണ്. ഇവിടെ ഏതു പദ്ധതിയും പ്രത്യേകിച്ച് വനം വകുപ്പുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യപ്പെടുമ്പോൾ തീർച്ചയായും വനങ്ങൾ സംരക്ഷിക്കപ്പെടേണ്ടത് വനവുമായി ബന്ധപ്പെട്ടു മാത്രമല്ല, ഒരു ജനജീവിതത്തിന്റെ സാർവ്വ ലൗകികമായ ആവാസ വ്യവസ്ഥയുമായി ബന്ധപ്പെട്ട് ഒരുമിച്ച് പരസ്പര പൂരകങ്ങളായി പ്രവർത്തിക്കാൻ കഴിയുന്ന അല്ലെങ്കിൽ ഒരുമിച്ചു ജീവിക്കാൻ കഴിയുന്ന ഒരു തലത്തിലേക്ക് ഈ ഭൂമിയെ മാറ്റേണ്ട ഒരു വലിയ ചുമതല നമുക്കുണ്ട്. ആ ചുമതല വളരെ ഗൗരവമായി തന്നെ ഏറ്റെടുത്തുകൊണ്ട് വനം വകുപ്പ് വളരെ ക്രിയാത്മകമായ പ്രവർത്തനങ്ങൾക്കാണ് കഴിഞ്ഞ നാലു വർഷക്കാലമായി നേതൃത്വം നൽകുന്നത്. ആ പ്രവർത്തനങ്ങളെ ഒരിക്കൽ കൂടി ശ്ലാഘിച്ചുകൊണ്ട് എല്ലാവിധ പിന്തുണയും ഒരിക്കൽകൂടി അറിയിച്ചു കൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽ കൂടി പിന്താങ്ങിക്കൊണ്ട് വാക്കുകൾ നിർത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. ശിവദാസൻ നായർ]

<u>ശ്രീ. എ. റ്റി. ജോർജ്</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വനം, ഗതാഗതം, വൈദ്യുത പദ്ധതികൾ, വാഹന നികുതികൾ എന്നീ വകുപ്പുകൾ വികസനത്തിന്റെ പാതയിലൂടെയാണെന്നു പറയുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. വികസനവും കരുതലും എന്ന മുദ്രാവാക്യവുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചരിത്ര പ്രധാനമായ അനേകം പദ്ധതികൾക്ക് തുടക്കമിടുന്നതിനും ഒട്ടേറെ പദ്ധതികൾ പൂർത്തീകരിക്കുന്നതിനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട് എന്നു പറയുമ്പോൾ അഭിമാനം തോന്നുന്നു. വൈദ്യുതി വകുപ്പ് ഇന്ന് ഒരു മാറ്റത്തിന്റെ വകുപ്പായി മാറിയിരിക്കുന്നു. ഇന്നലെകളിൽ ഗ്രാമ പ്രദേശങ്ങളിലെ വീടുകളിൽ സ്വിച്ച് ഓൺ ചെയ്താൽ ബൾബുകൾ മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ട

ത്തോടുകൂടി കത്തിയിരുന്നവെങ്കിൽ ഇന്ന് അത് നല്ല ഗുണമേന്മയുള്ള ദീപപ്രകാശം തരുന്ന വൈദ്യുതി വിളക്കുകളാക്കി മാറ്റുവാൻ കഴിഞ്ഞതിൽ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുകയാണ്. കേരള പവർ ഇംപ്രൂവ്മെന്റ് സ്കീം ജനങ്ങളെ ഏറെ ആകർഷിച്ചിട്ടുണ്ട്. അതിലൂടെ നടക്കുന്ന ഗുണമേന്മയുള്ള വൈദ്യുതി എല്ലാ ഉപഭോക്താക്കൾക്കും ലഭ്യമാക്കുന്നതിന് ഈ പദ്ധതിയിലൂടെ പ്രയോജനം ലഭിച്ചു എന്നു പറയുമ്പോൾ നമ്മുക്കെല്ലാവർക്കും അഭിമാനത്തോടുകൂടിത്തന്നെ വൈദ്യുതി വകുപ്പിന്റെ പ്രവർത്തനങ്ങളെ പിന്തുണയ്ക്കുവാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. അതോടൊപ്പംതന്നെ ഒരു കാര്യത്തിൽ നമുക്ക് ശ്രദ്ധചെലുത്തേണ്ടതുണ്ട് എന്നു ഞാൻ വിശ്വസിക്കുന്നു. കാറ്റൊന്ന് ആഞ്ഞു വീശിയാൽ, മഴയൊന്നു പെയ്താൽ പലപ്പോഴും ഗ്രാമ പ്രദേശങ്ങളിൽ വൈദ്യുതി തടസ്സം അനുഭവപ്പെടുന്നു. വന മേഖല യിലൂടെയും, തോട്ടങ്ങളിലൂടെയും റോഡിന്റെ സൈഡിലൂടെയും വൈദ്യുതി ലൈനുകൾ വലിച്ചുപോകുന്നതുകൊണ്ട് പലപ്പോഴും കാറ്റിലും മഴയത്തും കമ്പി പൊട്ടിവീണ് അപകടമുണ്ടാകുക മാത്രമല്ല, വൈദ്യുതി ലഭിക്കുന്നതിനും തടസ്സമുണ്ടാകുന്നു. അതുകൊണ്ട് അതിനെക്കുറിച്ച് ഒരു നിർദ്ദേശം പറയാനുള്ളത്, ഭൂഗർഭ കേബിളുകൾ സ്ഥാപി ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചാൽ ഏറെ നന്നായിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. വൈദ്യുതി വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ഞാൻ സംതൃപ്തനാണ് എന്നുള്ളതുകൊണ്ട് ആ വകുപ്പിന്റെ ഇതര കാര്യങ്ങളിൽ കടക്കുവാൻ ആഗ്രഹിക്കുന്നില്ല. വനം സംരക്ഷണ പ്രവർത്തനങ്ങൾ കഴിഞ്ഞ നാലു വർഷം കൊണ്ട് വളരെയധികം ജനശ്രദ്ധയാകർഷിച്ചുകൊണ്ട് മുമ്പോട്ടു പോകുവാൻ കഴിഞ്ഞു. 'മിഷൻ 676' പ്രകാരം 'ഊരിനുണർവ്' 'കാടിനുണർവ്'' എന്ന പദ്ധതി നടപ്പിലാക്കിയതോടുകൂടി വനത്തിൽ താമസിക്കുന്ന ആദിവാസി സഹോദരങ്ങൾ ഈ ഗവൺമെന്റിനെ വളരെ നന്ദിയോടുകൂടി ഓർക്കുന്നു. 'ഊരിനുണർവ്' പദ്ധതിയിലൂടെ നമ്മുടെ സംസ്ഥാനത്ത് ഏകദേശം 135 താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താനും അതുപ്രകാരം ആദിവാസി മേഖലയിലെ തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും കഴിഞ്ഞു എന്നുപറയുമ്പോൾ നമുക്ക് വളരെ സന്തോഷത്തോടുകൂടി ഈ പ്രവർത്തനങ്ങളെ കാണാൻ കഴിയും. സാമ്പത്തിക വരുമാനം ഉണ്ടാക്കാൻ കഴിയുന്ന ഒരു പദ്ധതിയാണ് 'ഇക്കോ ടൂറിസം'. ഇക്കോ ടൂറിസം വികസിപ്പിച്ചെടുത്താൽ വിദേശ രാജ്യങ്ങളിൽ നിന്നുവരുന്ന വിനോദസഞ്ചാരികളെ ആകർഷിക്കുവാനും തദ്ദേശീയരായ വിനോദസഞ്ചാരികൾക്കും വിദ്യാർത്ഥികൾക്കും കാടിനെക്കുറിച്ചും കാടിന്റെ പ്രാധാന്യത്തെക്കുറിച്ചും കാട്ടിലെ മൃഗങ്ങളെക്കുറിച്ചുമൊക്കെ പഠിക്കുവാനുമുള്ള അവസരമുണ്ടാകും. അതുകൊണ്ട് ഇക്കോ ടൂറിസം വികസിപ്പിച്ചെടുക്കാനുള്ള അനന്തമായ സാധ്യതകളെക്കുറിച്ച് നമുക്ക് പഠിക്കേണ്ടതില്ലേ ? ഇക്കോ ടൂറിസം പദ്ധതി

നടപ്പിലാക്കുവാൻ ഏറ്റവും നല്ല പ്രദേശമാണ് നെയ്യാർ വനപ്രദേശങ്ങൾ. നെയ്യാർ വനപ്രദേശങ്ങളിൽ ക്യാമ്പ് ഷെഡ്ഡുകൾ, ഡോർമിറ്ററികൾ എന്നിവ നിർമ്മിച്ച് അവിടേക്ക് വിനോദസഞ്ചാരികളെ ആകർഷിച്ചാൽ അവിടെയെത്തുന്ന വിനോദ സഞ്ചാരികൾക്ക് കാടിന്റെ മഹിമയെക്കുറിച്ച് കാണുവാനും പഠിക്കുവാനും കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. വിനോദസഞ്ചാരികൾക്കുവേണ്ടി Deo Plus Cottage -കൾ Eco Friendly Hut-കൾ അതുപോലെ ഏറുമാടങ്ങളും നിർമ്മിച്ചാൽ അവ വളരെ പ്രയോജനകരമായി തീരുമെന്നുള്ള കാര്യത്തിൽ തർക്കമുണ്ടാകില്ലായെന്നു ഞാൻ വിശ്വസിക്കുന്നു. നെയ്യാർ ഡാം പ്രദേശത്ത് അഡ്വഞ്ചർ ടൂറിസം പ്രോത്സാഹിപ്പി ക്കുന്നതിനുള്ള നടപടികൾ നടത്തുവാൻ കഴിയും. നെയ്യാർ കോട്ടൂർ വനപ്രദേശങ്ങളിൽ ആന വളർത്തൽ കേന്ദ്രവും മാൻപാർക്ക്, ലയൺസ് പാർക്ക്, അക്വേറിയം തുടങ്ങിയവ വിനോദസഞ്ചാരികളെ ഏറെ ആകർഷിക്കുന്ന ഒന്നായി തീരുമെന്നുള്ളതുകൊണ്ട് ഇക്കോ ടൂറിസത്തിന്റെ പ്രവർത്തനങ്ങൾക്ക് ഏറ്റവും അനുയോജ്യമായ ഒരു സ്ഥലമാണ് നെയ്യാർ ഡാം എന്നുള്ള കാര്യത്തിൽ തർക്കമില്ല. നെയ്യാർ വനമേഖലയിൽ ഏകദേശം മുന്നൂറിലധികം അപൂർവ്വയിനം ശലഭങ്ങളുണ്ട്. ഈ ശലഭങ്ങളെ സംരക്ഷിക്കാനും ഭാവിതലമുറയ്ക്ക് ചിത്രശലഭങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിനുംവേണ്ടി അവിടെ ഒരു ശലഭപ്പാർക്ക് നിർമ്മിക്കുന്നതിനുവേണ്ടിയുള്ള നടപടികളുണ്ടാകണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കുന്നു.

2.00 PM]

നെയ്യാർ ഡാം തലസ്ഥാന നഗരിയിൽനിന്നും വളരെ അടുത്ത പ്രദേശമാണ്. ആ പ്രദേശത്ത് ഏറ്റവും കൂടുതൽ ദൂരം ജലയാത്ര ചെയ്യുവാൻ സൗകര്യമുണ്ട്. ആ പ്രദേശത്തെ കോട്ടമൺപുറം ഒരു ദ്വീപ് പ്രദേശം കൂടിയാണ്. അവിടെ പണ്ട് മാർത്താണ്ഡവർമ്മ മഹാരാജാവ് ഒളിച്ചിരുന്നുവെന്നുള്ള സങ്കൽപ്പവും ചരിത്ര രേഖകളു മൊക്കെയുണ്ട്. ആ പ്രദേശത്തെ ഒരു ദ്വീപായി സംരക്ഷിച്ച് അവിടെ ഇക്കോ ടൂറിസത്തിനുള്ള സൗകര്യമുണ്ടാക്കണമെന്നുള്ള ഒരു ശിപാർശ കൂടിവയ്ക്കുന്നു. ഇക്കോ ടൂറിസം കമ്മിറ്റികളെ പുനരുജ്ജീവിപ്പിക്കപ്പെടേണ്ടതുണ്ട്. എന്റെ പ്രദേശത്ത് ഏകദേശം 18 ഇക്കോ ടൂറിസം കമ്മിറ്റികളുള്ളതിൽ 13 എണ്ണം മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. അതുപോലെ നെയ്യാർ വനപ്രദേശം വിവിധതരം പച്ചില മരുന്നുകളാൽ സമ്പന്നമാണ്. ഈ പച്ചില മരുന്നുകളെക്കുറിച്ച് ലോകത്തിന് പരിചയപ്പെടുത്തിക്കൊടുക്കേണ്ട ബാദ്ധ്യത നമുക്കുണ്ട്. പച്ചില മരുന്നുകളിൽ വളരെ പ്രധാനപ്പെട്ട, ഇന്ന് വളരെ ശ്രദ്ധയാകർഷിക്കുന്ന പച്ചില മരുന്നാണ് ആരോഗ്യപ്പച്ച. മനുഷ്യന്റെ ആരോഗ്യസംരക്ഷണത്തിന് ആരോഗ്യപ്പച്ച വളരെ ഗുണപ്രദമാണെന്ന്

ആയുർവ്വേദ ശാസ്ത്രം തെളിയിച്ചിരിക്കുന്നു. ചക്കരക്കൊല്ലി നെയ്യാർ വനമേഖലയിൽ ധാരാളമായി കിട്ടുന്ന ഒരു ഔഷധ സസ്യമാണ്. ഈ ഔഷധ സസ്യങ്ങൾ ലോകത്തിന് പരിചയപ്പെടുത്തിക്കൊടുക്കുകയും ഇക്കോ ഡവലപ്മെന്റ് സൊസൈറ്റികൾ മുഖാന്തരം അവ ശേഖരിക്കുകയും വിറ്റഴിക്കുകയും ചെയ്യുന്നത് നമുക്ക് ഗുണപ്രദമാകും. അതുപോലെ ലോകത്തിലുള്ള അഞ്ചിനം ഓർക്കിഡുകളിലൊന്ന് അഗസ്ത്യാർ വനപ്രദേശങ്ങളിലാണ് കാണപ്പെടുന്നത്. ഈ ഓർക്കിഡിനെക്കുറിച്ച് ലോകത്തിന് പരിചയപ്പെടുത്തിക്കൊടുക്കുകയും സംരക്ഷിക്കുകയും ചെയ്താൽ, വ്യാവസായികാടിസ്ഥാനത്തിൽത്തന്നെ നമുക്കതിന്റെ സംരക്ഷണച്ചുമതല ഏറ്റെടുത്തുകൊണ്ട് മുന്നോട്ടുപോകാൻ കഴിയും. അഗസ്ത്യാർ വനപ്രദേശങ്ങളിൽ കാണുന്ന അപൂർവ്വയിനം വരയാടുകൾ കൂട്ടത്തോടെ നശിപ്പിക്കപ്പെടുന്നു. ആനകളെ വേട്ടയാടുന്നതുപോലെ വരയാടുകളെ വേട്ടയാടുന്ന ആളുകളുടെ എണ്ണം വർദ്ധിച്ചുവരുന്നു. അതുകൊണ്ട് വരയാടുകളെ സംരക്ഷിക്കേണ്ട ഉത്തരവാദിത്തം നമുക്ക് ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. വരയാടുകൾ വസിക്കുന്ന ഉൾവനങ്ങളിൽ സി.സി. ക്യാമറകൾ സ്ഥാപിച്ചാൽ വരയാടുകളുടെ ചലനത്തെക്കുറിച്ചും ഇവയെ നശിപ്പിക്കുന്ന ആളുകളെ കണ്ടുപിടിക്കുന്നതിനും സാധിക്കും എന്നുള്ളതുകൂടി ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. അതുപോലെതന്നെ മലയാള മനോരമ, മാതൃഭൂമി തുടങ്ങിയ പത്രങ്ങൾ സ്പോൺസർഷിപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പുതിയ പദ്ധതികളായ 'ഭൂമിക്കൊരു കുട' - മലയാള മനോരമ പത്രത്തിന്റെ പദ്ധതി-വനം വകുപ്പുകൂടി ഈ പദ്ധതിക്കുവേണ്ട പ്രോത്സാഹനം നൽകുന്നത് ഏറ്റവും നല്ല കാര്യമാണ് എന്ന് ഞാൻ വിശ്വസിക്കുന്നു. അതുപോലെ സീഡ് പദ്ധതി-വൃക്ഷങ്ങളെ സ്നേഹിക്കുവാനും വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കാനുമൊക്കെ ആളുകൾക്ക് പ്രചോദനം നൽകാൻ ഈ പദ്ധതിയിലൂടെ നമുക്ക് കഴിയുന്നു. അതിന് ഞാൻ ഈ വകുപ്പിനെ അഭിനന്ദിക്കുകയാണ്. വന പ്രദേശങ്ങളിൽ താമസിക്കുന്ന പാവപ്പെട്ട ആദിവാസികളെ സംരക്ഷിക്കേണ്ട ഉത്തരവാദിത്തം ഏറ്റെടുക്കേണ്ടതുണ്ട്. അടുത്ത കാലത്ത് സംഘടിപ്പിച്ച പല പദ്ധതികളിലൂടെ ലോകശ്രദ്ധയാകർഷിക്കുവാൻ നമുക്ക് കഴിഞ്ഞു. അതുപോലെ കാവുകളുടേയും കണ്ടൽ വനങ്ങളുടേയും സംരക്ഷണം ഏറ്റെടുത്ത ഈ വകുപ്പിനെ മനസ്സു തുറന്ന് അഭിനന്ദിക്കുന്നു.

ഇന്ന് ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന ഒരു വകുപ്പായി ഗതാഗത വകുപ്പ് മാറിയിരിക്കുകയാണ്. 5605 ബസ്സുകളും 5668 ഷെഡ്യൂളുകളുമായി കെ.എസ്.ആർ.ടി.സി. നമ്മുടെ സംസ്ഥാനത്ത് സർവ്വീസ് നടത്തുമ്പോഴും കെ.എസ്.ആർ.ടി.സി. പെൻഷൻകാരെ സങ്കടത്തോടും കണ്ണീരോടും കൂടിയാണ് ഇന്നും നമുക്ക് കാണാൻ കഴിയുന്നത്. കെ.എസ്.ആർ.ടി.സി.-യിൽനിന്നും പെൻഷൻ പറ്റുന്ന ജീവനക്കാർക്ക് കൃത്യസമയത്ത്

പെൻഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ നമുക്ക് കഴിയണം. അതിലുപരി 34 ലക്ഷത്തോളം വരുന്ന യാത്രക്കാർക്ക് സംരക്ഷണം നൽകപ്പെടേണ്ടതുണ്ട്. കെ.എസ്.ആർ.ടി.സി.-യോടൊപ്പംതന്നെ സംസ്ഥാനത്തെ യാത്രാ പ്രശ്നങ്ങളിൽ പങ്കെടുക്കുന്ന ഒരു വലിയ സമൂഹം പുറത്തുനിൽപ്പുണ്ട്, സ്വകാര്യ ബസ്സുടമകൾ- പതിനയ്യായിരത്തോളം വരുന്ന സ്വകാര്യ ബസ്സുകളാണ് സംസ്ഥാനത്താകമാനം സർവ്വീസ് നടത്തുന്നത്. 1,50,000-ത്തോളം ജീവനക്കാരും ആ മേഖലയിൽ പണി എടുക്കുന്നു. എന്നാൽ സ്വകാര്യ ബസ് സർവ്വീസുകളിൽ പലതിനും പെർമിറ്റ് ലഭിക്കാത്ത അവസ്ഥയുണ്ട്. 42/2009/ട്രാൻസ്പോർട്ട് എസ്.ആർ.ഒ. നമ്പർ 608/2009 എന്ന നോട്ടിഫിക്കേഷനിലൂടെയാണ് പെർമിറ്റുകൾ പുതുക്കിക്കൊടുക്കാതിരിക്കുന്നത്. പെർമിറ്റ് പുതുക്കിക്കൊടുക്കാത്തതിനാൽ സ്വകാര്യ ബസ്സുകളുടെ സർവ്വീസ് നമുക്ക് ലഭിക്കുന്നില്ല. മാത്രമല്ല സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകാത്തതിലൂടെ മൂന്നുമാസത്തെ ടാക്സ് ഇനത്തിൽ ഒരു ബസ്സിന് 31,650 ഉറുപ്പിക എന്ന നിരക്കിലാണ് നഷ്ടമാകുന്നത്. ഇത്തരത്തിൽ പതിനയ്യായിരത്തോളം വരുന്ന ബസ്സുകളുടെ ടാക്സിനത്തിൽ ലഭിക്കേണ്ട ഒരു വലിയ തുക ഗവൺമെന്റിന് നഷ്ടമാകുകയും ചെയ്യുന്നു. അതുപോലെ ട്രാൻസ്പോർട്ടിനെ സംബന്ധിച്ച വിഷയങ്ങളിലേക്ക് കടക്കുമ്പോൾ നമുക്ക് കാണുവാൻ കഴിയുന്നത്, എന്റെ പ്രദേശമായ നെയ്യാറ്റിൻകര, കാട്ടാക്കട താലൂക്കുകൾ ഏറെക്കാലമായി ദേശസാത്ക്കരിച്ച ഒരു റൂട്ടാണ്. അവിടെ സ്വകാര്യ ബസ്സുകളില്ല. കെ.എസ്.ആർ.ടി.സി.-യെ ആശ്രയിച്ചാണ് മലയോര പ്രദേശങ്ങളിലെ ആളുകൾ യാത്രാസൗകര്യം ക്രമപ്പെടുത്തുന്നത്. ഉദാഹരണത്തിന് കാട്ടാക്കട ഡിപ്പോയിൽ 78 ഷെഡ്യൂളുകൾ അനുവദിച്ചിട്ടുള്ളതിൽ 65 എണ്ണം മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. നെയ്യാറ്റിൻകര ഡിപ്പോയിൽ 99 ഷെഡ്യൂളുകൾ അനുവദിച്ചിട്ടുള്ളതിൽ 75 എണ്ണം മാത്രമാണ് പ്രവർത്തിക്കുന്നത്. വെള്ളറട ഡിപ്പോയിൽ 49- ൽ 39 എണ്ണവും പാറശ്ശാലയിൽ 71-ൽ 65 എണ്ണവും മാത്രമാണ് സർവ്വീസ് നടത്തുന്നത്. ഇത്തരത്തിൽ സർവ്വീസ് നടത്താതിരിക്കുമ്പോൾ ഗ്രാമ പ്രദേശങ്ങളിലെ യാത്രാക്ലേശം വളരെയധികം വർദ്ധിക്കുന്നു. അതൊടൊപ്പം സമാന്തര സർവ്വീസുകളുടെ പ്രവർത്തനം വളരെയധികം വർദ്ധിച്ചുവരുന്നു. എന്റെ നിയോജക മണ്ഡലത്തിന്റെ തൊട്ടടുത്ത്, തമിഴ്നാട്ടിൽ യാത്രാസൗകര്യത്തിന് ബുദ്ധിമുട്ടുണ്ടായപ്പോൾ 'ഗ്രാമീണ മിനി ബസ് സർവ്വീസ് ' എന്ന പേരിൽ ഒരു പുതിയ പരീക്ഷണം നടത്തി. സമാന്തര ബസ് സർവ്വീസ് നടത്തുന്ന വാഹനങ്ങൾക്ക് പെർമിറ്റ് നൽകി 'ഗ്രാമീണ മിനി ബസ് സർവ്വീസ് ' ആരംഭിക്കുകയാണെങ്കിൽ ടാക്സിനത്തിൽ നല്ലൊരു തുക സർക്കാരിന് ലഭിക്കുന്നതോടൊപ്പം ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുവാനും കഴിയും. 'ഗ്രാമീണ മിനി സർവ്വീസ്' ആരംഭിക്കുന്നതിനെക്കുറിച്ച് നല്ലൊരു പഠനം

നടത്തി അത് നടപ്പിലാക്കാൻ സാധിച്ചാൽ യാത്രാക്ലേശം പരിഹരിക്കുന്നതിനും സമാന്തര സർവ്വീസ് നടത്തുന്നതിലൂടെ നമുക്കുണ്ടാകുന്ന വലിയ നഷ്ടം പരിഹരിക്കുന്നതിനും കഴിയുമെന്ന കാര്യം കൂടി ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയെ ഓർമ്മപ്പെടുത്തുകയാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല. അതുപോലെതന്നെ മദ്യപിച്ച് വാഹനമോടിക്കുന്ന ആളുകളെ കണ്ടുപിടിക്കുന്നതിനും അവർക്ക് തക്കതായ ശിക്ഷ നൽകുന്നതിനും തീരുമാനമെടുത്ത അങ്ങയെ അഭിനന്ദിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : സർ, ഈ ഗവൺമെന്റ് നാലുവർഷക്കാലം പിന്നിട്ടു. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ അഞ്ച് വർഷക്കാലവും ഈ ഗവൺമെന്റിന്റെ നാലുവർഷക്കാലത്തെ പ്രവർത്തനവും താരതമ്യം ചെയ്യാൻ സമയമായി. രണ്ടുകൊല്ലം മുമ്പേയാണെങ്കിൽ ഒരു മൂന്നുകൊല്ലം കൂടിയുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ അഞ്ചുവർഷക്കാലത്തെ പ്രവർത്തനവും യു.ഡി.എഫ്. ഗവൺമെന്റിന്റെ അഞ്ചുവർഷക്കാലത്തെ പ്രവർത്തനവും ഇന്നതാണെന്ന് നമുക്ക് പറയാൻ പ്രയാസമുണ്ടായിരുന്നു. എന്നാൽ ഇന്ന് ഒരുപാട് തെളിവുകളും അനുഭവങ്ങളും ഞങ്ങളുടെ മുമ്പിലുണ്ട്. ഇനി നിങ്ങളുടെ മുന്നിൽ ഏതാനും മാസക്കാലം മാത്രമേയുള്ളൂ. അതുകൊണ്ട് പുതിയ മാറ്റങ്ങളൊന്നും ഉണ്ടാക്കാൻ സാധിക്കില്ല. ഈ നാലുവർഷക്കാലംകൊണ്ട് ഓരോ മേഖലയിലും നിങ്ങൾ എന്തൊക്കെ ചെയ്തുവെന്നുള്ളത് പരിശോധിക്കേണ്ട അവസരമാണിത്. വൈദ്യുതി എന്ന് പറയുന്നത് വ്യവസായങ്ങളുടെ വ്യവസായമാണ്. വൈദ്യുതി ഉണ്ടെങ്കിൽ മാത്രമേ രാജ്യത്ത് വ്യവസായമുണ്ടാകുകയുള്ളൂ. ഏതൊരു രാജ്യത്തിന്റെ മാറ്റവും ഏതൊരു രാജ്യത്തിന്റെ പുരോഗതിയും ഏതൊരു രാജ്യത്തിന്റെ വളർച്ചയും നിലനിൽക്കുന്നത് വൈദ്യുതിയുമായി ബന്ധപ്പെട്ടുകൊണ്ടാണ്. ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട എനർജി എന്ന് പറയുന്നത് വൈദ്യുതിയാണ്. വൈദ്യുതിയാണ് ഒരു രാജ്യത്തിന്റെ നിലനിൽപ്പ് എന്ന് മഹാനായ ലെനിൻ ഒരിക്കൽ പറയുകയുണ്ടായി. ഇക്കാര്യം നല്ല രൂപത്തിൽ മനസ്സിലാക്കി പ്രവർത്തിച്ച ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. ഈ ഗവൺമെന്റ് എപ്പോഴെല്ലാം അധികാരത്തിൽ വന്നിട്ടുണ്ടോ അപ്പോഴൊക്കെ ഇതുപോലെയുള്ള കാര്യങ്ങൾക്ക് മുൻഗണന കൊടുത്തിട്ടുണ്ട്. കേരളത്തിൽ ഒരുപാട് മാറ്റങ്ങളുണ്ടാക്കി എടുക്കാൻ കഴിഞ്ഞ ഗവൺമെന്റിന്റെ അഞ്ചുവർഷക്കാലത്ത് സാധിച്ചു. വൈദ്യുതിയുമായി ബന്ധപ്പെട്ട് കണക്ഷനും മറ്റുസേവനങ്ങളും കൃത്യമായി ലഭിക്കുക, അവർക്ക് താങ്ങാൻ കഴിയുന്ന ചാർജ്ജിൽ വൈദ്യുതി ലഭിക്കുക ഈ കാര്യങ്ങളാണ് സാധാരണ ജനങ്ങളെ സംബന്ധിച്ചുള്ളത്. ഇക്കാര്യത്തിൽ വലിയ നേട്ടമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്തുണ്ടായത്. അതിന്റെ ഭാഗമായി കേരളത്തിലെ 85 മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിയത് നിങ്ങൾക്ക് ഓർമ്മയുണ്ടോ ? പാലക്കാട്, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ എന്നീ നാല്

ജില്ലകളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടത്തി. ഈ നാലുവർഷക്കാലത്തിനിടയ്ക്ക് താങ്കളുടെ കീഴിൽ അല്ലെങ്കിൽ ഈ ഗവൺമെന്റിന്റെ കീഴിൽ എത്ര മണ്ഡലങ്ങളാണ് വൈദ്യുതീകരിച്ചത് ? ആകെ ഒരു മണ്ഡലം മാത്രമാണ് വൈദ്യുതീകരണം നടത്തിയത്. അതിന്റെ പണി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിവച്ചതാണ്. സമ്പൂർണ്ണ വൈദ്യുതീകരണം തന്നെ നിങ്ങൾ അവസാനിപ്പിച്ചില്ലേ ? ഇപ്പോൾ ആർക്കെങ്കിലും വൈദ്യുതി കണക്ഷൻ ലഭിക്കുമോ ? പണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് സാധാരണ രീതിയിൽ പോസ്റ്റില്ലാത്ത ഫ്രീ കണക്ഷൻ എന്ന് പറയുന്നത് പണമടച്ചാൽ 24 മണിക്കൂറിനകം കണക്ഷൻ ലഭിക്കുമായിരുന്നു. പോസ്റ്റ് വേണ്ടതിനാണെങ്കിൽ ഒരു മാസത്തിനകം വൈദ്യുതി കണക്ഷൻ ലഭിക്കുമായിരുന്നു. ഇപ്പോൾ എന്താണ് സ്ഥിതി? ഒ.വൈ.ഇ.സി. ആണ്. ഒ.വൈ.ഇ.സി.-യിൽ പണം അടച്ചാൽ മാസങ്ങൾ കാത്തിരുന്നാലും കണക്ഷൻ ലഭിക്കാത്ത അവസ്ഥയാണ്. കമ്പിയില്ല, പോസ്റ്റില്ല, ജീവനക്കാരില്ല, മീറ്റർ ഇല്ല അങ്ങനെ നൂറുനൂറ് കാര്യങ്ങൾ പറഞ്ഞാണ് അവരെ തിരിച്ചയയ്ക്കുന്നത്. ആ തരത്തിലാണ് ഇപ്പോൾ കാര്യങ്ങൾ നീങ്ങുന്നത്. നമ്മൾ വിൽക്കുന്ന വൈദ്യുതി കൃത്യമായി അളന്നുകൊടുക്കുന്നതിനാണല്ലോ മീറ്റർ സ്ഥാപിക്കുന്നത്. വൈദ്യുതി കൊടുക്കുന്നതിനെക്കുറിച്ച് വ്യക്തമായൊരു ധാരണ ഗവൺമെന്റിനുണ്ടായിരിക്കണം. ജനങ്ങളോട് കടപ്പാടുള്ളത് ഗവൺമെന്റിനല്ലേ ? അതിന്റെ സ്ഥിതി എന്താണ് ? 13 ലക്ഷത്തോളം മീറ്ററാണ് കേരളത്തിൽ കേടായി കിടക്കുന്നത്. അതിന്റെ ഫലമായി കേടായ മീറ്ററിന് മിനിമം ചാർജ് അടയ്ക്കേണ്ട ആളുകൾ കൂടിയ ചാർജാണ് അടയ്ക്കുന്നത്. ഏറ്റവും വലിയ ആഡംബര വീടുകളുള്ള ആളുകളും മിനിമം ചാർജ് അടയ്ക്കേണ്ട അവസ്ഥയാണുള്ളത്. എന്നാൽ മീറ്ററുകൾക്ക് എല്ലാ മാസവും വാടക ഈടാക്കുന്നുണ്ട്. അതിന് എന്തൊരു ജാഗ്രതയാണ് നിങ്ങൾ കാണിക്കുന്നത്? കേടായ 13 ലക്ഷം മീറ്ററുകൾക്കും അങ്ങയുടെ വകുപ്പ് വാടക ഈടാക്കുന്നുവെന്നുള്ളതാണ് ഏറ്റവും രസകരമായ കാര്യം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്, പ്രിയപ്പെട്ട ശ്രീ. എ. കെ. ബാലന്റെ കാലത്ത്, നടന്നൊരു കാര്യമാണ് വോൾട്ടേജ് അദാലത്ത്. സിംഗിൾ ഫെയ്സ് ലൈൻ ത്രീഫെയ്സ് ആക്കുക, ട്രാൻസ്ഫോർമർ സ്ഥാപിക്കുക അങ്ങനെ വോൾട്ടേജ് ഉറപ്പുവരുത്തുക. ഇരുപത്തിയൊന്നായിരത്തിലധികം ട്രാൻസ്ഫോർമർ 2006 മുതൽ 2011 വരെ സ്ഥാപിച്ചു. ഇതിനുവേണ്ടി പതിനയ്യായിരം കിലോമീറ്ററിലധികം 11 കെ.വി. ലൈൻ വലിച്ചു. എന്നാൽ നാല് വർഷക്കാലം കൊണ്ട് അങ്ങയുടെ കാലത്ത് എന്താണ് ഉണ്ടായത് ? വോൾട്ടേജ് ക്ഷാമം കൊണ്ട് കുടിവെള്ള പദ്ധതികളും മോട്ടോറുകളും പ്രവർത്തിക്കുന്നില്ല. ചില സബ്സ്റ്റേഷനുകളിൽ വോൾട്ടേജുമില്ല. ചില സബ് സ്റ്റേഷനുകൾ നോക്കിക്കഴിഞ്ഞാൽ അത് സബ് സ്റ്റേഷനാണോ എന്നറിയില്ല. ഒരു മെഴുകുതിരി കത്തിച്ച വെളിച്ചം മാത്രമേ ഉണ്ടാകുകയുള്ളൂ. വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവർത്തനം ആകെ നിലച്ചു. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്താണ് വോൾട്ടേജ് ഇംപ്രൂവ്മെന്റിനും ജനങ്ങൾക്ക് വൈദ്യുതി എത്തിക്കുന്നതിനും വേണ്ടി

97 സബ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തത്. എന്നാൽ അങ്ങയുടെ കാലത്ത് എത്രയെണ്ണമാണ് പൂർത്തീകരിച്ചിട്ടുള്ളത് ? ആകെ നാലെണ്ണമാണ് പൂർത്തീകരിച്ചിട്ടുള്ളത്. അതിൽ ഒന്ന്, കഴിഞ്ഞ കാലത്ത് പണി പൂർത്തീകരിച്ചു. നൂറോളം സബ് സ്റ്റേഷനുകളുടെ പണി അന്ന് ആരംഭിച്ചിരുന്നു. നിങ്ങൾ അത് പൂർത്തീകരിച്ചോ ; ഏതെങ്കിലും പണി ചെയ്തു തീർത്തോ ? 2001-ൽ ശ്രീ. എ. കെ. ബാലൻ ഉദ്ഘാടനം ചെയ്ത സബ്സ്റ്റേഷന്റെ പണിയാണത്. 8 കോടിയോളം രൂപയുടെ സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് കൊടുത്തതാണ്. അതിന്റെ മതിൽ കെട്ടി സ്ഥലം നിരപ്പാക്കിയതല്ലാതെ ഒന്നും നടന്നില്ല. ഇക്കാര്യം ഞാൻ അങ്ങയോടും ശ്രീ. ബാബു പ്രസാദിനോടും എല്ലാവരോടും പറഞ്ഞു. ആരും ഒന്നും ചെയ്തില്ല. സ്ഥലം അവിടെ കിടപ്പുണ്ട്. കാരണം കെ.എസ്.ഇ.ബി.-ക്ക് സ്ഥലം കിട്ടുകയാണ്. അതും എന്റെ നിയോജക മണ്ഡലമായ പേരാമ്പ്ര ൗണിലെ 33 കെ.വി. സബ്സ്റ്റേഷൻ, മേപ്പയ്യൂരിൽനിന്നും ലൈൻ വലിച്ചിട്ടുണ്ട്. അക്കാര്യത്തിൽ എനിക്ക് വലിയ അത്ഭുതമൊന്നുമില്ല. കാരണം എല്ലാ കാര്യത്തിലും നിങ്ങൾ എന്റെ മണ്ഡലത്തിനെ തഴഞ്ഞല്ലോ ? താലൂക്ക് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് നാലാമത്തെ താലൂക്കാണ് പേരാമ്പ്ര. അവിടെ താലൂക്കും അനുവദിച്ചു തന്നില്ല. ഒന്നും നമുക്ക് തരില്ല. ബൈപ്പാസ് റോഡിന് 11 കോടി രൂപ അനുവദിച്ചു. അതും തന്നില്ല. കോഴിക്കോട് ജില്ലയിൽ വടകരയും കൊയിലാണ്ടിയും കഴിഞ്ഞാൽ മുനിസിപ്പാലിറ്റി ആകേണ്ടത് പേരാമ്പ്ര ആണെന്നുള്ള കാര്യം കണ്ണുള്ളവർക്കും മനസ്സുള്ളവർക്കും അറിയാവുന്നതാണ്. അതും തന്നില്ല. പയ്യോളി, കൊടുവള്ളി എന്താണ് അതിന്റെ പ്രത്യേകതയെന്നുള്ളത് ഞാൻ പറയുന്നില്ല. ആ തരത്തിലാണ് നിങ്ങളെല്ലാവരും പ്രവർത്തിക്കുന്നത്. ശ്രീ. ആര്യാടൻ മുഹമ്മദിന് കോഴിക്കോട് ജില്ലയുടെ സ്ഥിതിയൊക്കെ പണ്ടേ അറിയാവുന്നതാണ്. പഴയ കോഴിക്കോട് ജില്ലയും മലപ്പുറം ജില്ലയും ഒന്നിച്ചായിരുന്ന കാലത്ത് കോൺഗ്രസ്സിന് നേതൃത്വമുണ്ടായിരുന്നു. ആ തരത്തിലൊരു അവഗണനയാണ് ഇക്കാര്യത്തിലും ഉണ്ടായിട്ടുള്ളത്. മറ്റൊന്ന്, കെടുകാര്യസ്ഥതയ്ക്ക് ഏറ്റവും വലിയൊരു ഉദാഹരണമാണ് കെ.എസ്.ഇ.ബി. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് 218 മെഗാവാട്ട് വൈദ്യുതി അധികം ഉൽപ്പാദിപ്പിച്ചു. അതിന്റെ കണക്ക് എന്റെ കൈവശമുണ്ട്. ഇടുക്കി കഴിഞ്ഞാൽ കക്കയം, കുറ്റ്യാടി ജലവൈദ്യുത പദ്ധതി രണ്ടാമത്തെ വൈദ്യുതി സ്റ്റേഷനാക്കി മാറ്റി. കാരണം 108 മെഗാവാട്ട് വൈദ്യുതി അവിടെത്തന്നെ ഉൽപ്പാദിപ്പിച്ചു. അവിടെ ടയൽ റേസും അഡീഷണൽ പ്ലാന്റുമുണ്ട്. ആ തരത്തിൽ 208 മെഗാവാട്ട് വൈദ്യുതി അക്കാലത്ത് ഉൽപ്പാദിപ്പിച്ചു. അന്ന് ആരംഭിച്ചതാണ് 4 മെഗാവാട്ടിന്റെ കുറ്റ്യാടി ജലവൈദ്യുത പദ്ധതി. ആരും ഒരു പണിയും ആരംഭിച്ചില്ല. നിങ്ങളുടെ കാലത്താണ് പള്ളിവാസൽ ജലവൈദ്യുത പദ്ധതി ആരംഭിച്ചത്. 2012-ൽ ഈ പദ്ധതി പൂർത്തീകരിക്കേണ്ടതല്ലേ ? ഇപ്പോൾ 2015 ആയല്ലോ ; എവിടെയെങ്കിലും എത്തിയോ ? ഒരിടത്തും എത്തിയില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പദ്ധതി പോലും നിങ്ങൾക്ക് ഒന്നും ചെയ്യാൻ സാധിച്ചില്ല. ഏറ്റവും വലിയ വൈദ്യുത പദ്ധതിയായ ചീമേനി താപനിലയം പദ്ധതി

മലബാറിൽ സ്ഥാപിക്കാമെന്ന് നിങ്ങൾ പറഞ്ഞിരുന്നല്ലോ ? അത് ഇപ്പോൾ ഏതുവരെയായി ? എമർജിംഗ് കേരള എന്നുപറയുന്ന തട്ടിപ്പ് പദ്ധതിയിൽ ആ ഭൂമി വിൽക്കാനുള്ള ഏർപ്പാട് ചെയ്തു എന്നുള്ളതല്ലാതെ വേറെയൊന്നും അവിടെ ചെയ്തിട്ടില്ല. അവിടെ ഇപ്പോൾ ഒന്നും നടക്കുന്നില്ല. കാരണം കേരളം വലിയ പൊട്ടിത്തെറിയിലേയ്ക്ക് വരാൻ പോകുകയാണ്. തൊഴിലില്ലായ്മക്ക് പരിഹാരം കാണണമെങ്കിൽ വ്യവസായം വരണം. വൈദ്യുതിയുടെ ഉപഭോഗം ഓരോ വർഷം കൂടുന്തോറും കൂടിക്കൂടി വരികയല്ലേ ? ഏത് ഗവൺമെന്റ് ഭരിച്ചാലും ഇന്നുള്ളതിന്റെ ഇരട്ടി വൈദ്യുതിയെങ്കിലും ഉണ്ടെങ്കിൽ മാത്രമേ കേരളത്തെ നിലനിർത്താൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് ഏറ്റെടുത്ത പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കണം. പുതിയ പദ്ധതികളെക്കുറിച്ചുള്ള ഇൻവെസ്റ്റിഗേഷൻ നടക്കുന്നുണ്ടോ ; ഇവിടെ അങ്ങ് ഒന്നും പ്രഖ്യാപിക്കുന്നതായി കേട്ടില്ല. മലബാറിൽ എ.ഇ. മാരില്ലാത്ത നൂറോളം സെക്ഷൻ ഓഫീസുകളുണ്ട്. അവിടെ സീനിയർ സൂപ്രണ്ട്, സബ് എഞ്ചിനീയർ, ഓവർസീയർ എന്നീ ഉദ്യോഗസ്ഥരില്ല. കഴിഞ്ഞ 27-ാം തീയതി കോഴിക്കോട് വച്ച് ഡി.ഡി.സി. യോഗം ചേരുകയുണ്ടായി. അതിൽ ഞങ്ങളെല്ലാവരും പങ്കെടുത്തിരുന്ന അവസരത്തിൽ ഒരു പരാതി ഉന്നയിക്കുകയുണ്ടായി. ഇലക്ട്രിസിറ്റി സെക്ഷൻ ഓഫീസിൽ ഫോൺ ചെയ്താൽ ഫോൺ എടുക്കാൻ ആളില്ല. എ.ഇ.-മാരും ഓവർസീയർമാരും തെക്കൻ മേഖലയിലുള്ള ആളുകളാണ്. അതുകൊണ്ട് അവർക്കൊരു അവസരം കിട്ടിയാൽ അവർ നാട്ടിൽ പോകും. ജോലി കേരളത്തിലുള്ള ആർക്ക് കിട്ടിയാലും അവർ സേവനം നടത്തണമല്ലോ ? പണ്ട് വയനാട്ടിലും ഇതുപോലൊരു അവസ്ഥയുണ്ടായിരുന്നു. ഇക്കാര്യം ശ്രീ. ഐ. സി. ബാലകൃഷ്ണന് അറിയാവുന്നതാണ്. കാരണം എല്ലാ ഉദ്യോഗസ്ഥന്മാരും രണ്ടുമാസം കഴിഞ്ഞേ ഓഫീസിലേക്ക് തിരികെ വരികയുള്ളൂ. അതുകാണ്ട് അവിടെയുള്ള സെക്ഷൻ ഓഫീസുകളിൽ ഉദ്യോഗസ്ഥരില്ലാത്ത ഒരു അവസ്ഥയാണുണ്ടാകുന്നത്. ഇപ്പോൾ മഴക്കാലം തുടങ്ങി. ധാരാളം പോസ്റ്റുകൾ ഒടിഞ്ഞതായി അങ്ങ് തന്നെ പറഞ്ഞു. ഒടിഞ്ഞ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി പോസ്റ്റോ കമ്പിയോ ജീവനക്കാരോ ഒന്നുമില്ല. അതുപോലെ ഊർജ്ജസംരക്ഷണവും പ്രധാനപ്പെട്ടതല്ലേ ? കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ഊർജ്ജ സംരക്ഷണ ത്തിനായി ഒന്നരക്കോടി സി.എഫ്.എൽ. ലാമ്പ് വിതരണം ചെയ്തിരുന്നു. നിങ്ങൾ ഊർജ്ജസംരക്ഷണത്തിനായി യാതൊന്നും ചെയ്തിട്ടില്ല. ഞങ്ങളുടെ ഭരണകാലത്ത് സെക്ഷനുകൾ കേന്ദ്രീകരിച്ച് അഡ്വൈസറി കമ്മിറ്റികൾ രൂപീകരിച്ചിരുന്നു. അഡ്വൈസറി കമ്മിറ്റികൾ ഇപ്പോഴും ഉണ്ടെങ്കിലും ഏതെങ്കിലും അഡ്വൈസറി കമ്മിറ്റികൾ ചേരാറുണ്ടെന്ന് എം.എൽ.എ.-മാർ പറയട്ടെ. കേരളത്തിൽ ഇപ്പോൾ വൈദ്യുതി ബോർഡിന്റെ സാമ്പത്തിക സ്ഥിതിയെന്താണ് ? 2006 മാർച്ചിൽ വൈദ്യുതി ബോർഡിന്റെ ആകെ കടബാദ്ധ്യത 4541 കോടി രൂപയായിരുന്നു. അത് 2011 മാർച്ചിൽ 1066 കോടി രൂപയായി ചുരുക്കി. 1066 കോടി രൂപയായി ചുരുക്കുമ്പോൾ 3500 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ഇവിടെ നടത്തിയിട്ടുണ്ട്. എന്നാൽ നിങ്ങളുടെ ഭരണകാലത്ത് 4 വർഷത്തിനിടയിൽ 3 പ്രാവശ്യം

വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചു. 40 യൂണിറ്റിൽ താഴെ ഉപയോഗിക്കുന്നവരും വൈദ്യുതി ചാർജ് നൽകേണ്ടി വന്നു. ആ വകയിൽ 3500 കോടി രൂപ സാധാരണ ജനങ്ങളിൽ നിന്ന് പിരിച്ചെടുത്തു. എന്നിട്ടും ഇപ്പോഴത്തെ കടബാദ്ധ്യത 5000 കോടി രൂപയാണ്. ഇത്രയൊക്കെയുണ്ടായിട്ടും സാമ്പത്തിക മാനേജ്മെന്റാകെ തകർന്നുപോയതുകൊണ്ടല്ലേ കടബാദ്ധ്യത വർദ്ധിച്ചത്. കെ.എസ്.ഇ.ബി. കുടിശ്ശിക പിരിക്കുന്നുണ്ടോ ? 1750 കോടി രൂപ കുടിശ്ശികയുള്ളതിൽ 800 കോടി രൂപ വാട്ടർ അതോറിറ്റിയും 300 കോടി രൂപ സർക്കാരിന്റെ മറ്റ് ഏജൻസികളുമാണ് നൽകാനുള്ളത്. ബാക്കി 650 കോടി രൂപയിൽ 300 കോടി രൂപയുടെ കുടിശ്ശിക സംബന്ധിച്ച് കേസ് നടക്കുകയാണ്. ബാക്കിയുള്ള 350 കോടി രൂപ പിരിച്ചെടുക്കാത്തതെന്താണ് ; തുക അടയ്ക്കേണ്ടവർ സമ്പന്നരായതു കൊണ്ടാണോ ? ഏതെങ്കിലും പാവപ്പെട്ട ഒരാൾ വൈദ്യുതി ചാർജ് അടയ്ക്കുന്നതിൽ കുടിശ്ശിക വരുത്തിയാൽ അടുത്ത ദിവസം വൈദ്യുതി വിച്ഛേദിക്കില്ലേ ? സാധാരണ കേബിൾ വലിക്കാൻ ചെറുകിട കേബിളുകാരെ അനുവദിക്കാറില്ല. റിലയൻസിന് ടെണ്ടർപോലുമില്ലാതെ അനുവദിച്ചില്ലേ; അതിപ്പോൾ കുഴപ്പത്തിലായി എന്നാണ് തോന്നുന്നത്. ശ്രീ. ഉമ്മൻ ചാണ്ടിക്ക് അദാനിയോട് താല്പര്യം, നിങ്ങൾക്ക് റിലയൻസിനോട് താല്പര്യം. അങ്ങനെയൊക്കെ തന്നെയാണ് കാര്യങ്ങൾ നടക്കുന്നത്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, സാധാരണ ചെറുകിട കേബിളുകാർക്ക് കൊടുക്കാതെ റിലയൻസിന് കൊടുത്തു എന്നു പറഞ്ഞു. ആർക്കാണ് കൊടുക്കാത്തത് ; ആരുചോദിച്ചാലും കൊടുക്കും.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : സർ, കേരളത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ സ്ഥിതിയെന്താണ് ? ജീവനക്കാർക്ക് ശമ്പളവും പെൻഷനും കൊടുക്കാൻ കഴിയുന്നില്ല. 1950-ൽ ആർ.ടി.സി. നിയമപ്രകാരം 64 ട്രാൻസ്പോർട്ട് കോർപ്പറേഷൻ രൂപീകരിച്ചു. അതിൽ 4 എണ്ണം അപ്പോൾത്തന്നെ തകർന്നുപോയി. ബാക്കി 60-ൽ 50 എണ്ണവും നഷ്ടത്തിലാണ്. മൂന്നോ നാലോ എണ്ണം മാത്രമാണ് ഇപ്പോഴും ലാഭത്തിലുള്ളത്. കേരളത്തിൽ രണ്ട് കൊല്ലമേ ലാഭത്തിൽ പ്രവർത്തിച്ചുള്ളൂ. അത് എല്ലാവർക്കും അറിയാം. എന്നാൽ ഇത് ലാഭത്തിലാക്കിയെടുക്കാൻ എന്ത് ശ്രമമാണ് അങ്ങയുടെ ഭരണകാലത്ത് ആരംഭിച്ചത് ? ഒരു കാര്യവും ചെയ്യുന്നില്ല. അങ്ങ് കരിക്ക് കുടിക്കുമ്പോഴുള്ള നോട്ടവും സന്തോഷവും അതിന്റെ ഒരംശമെങ്കിലും കെ.എസ്.ആർ.ടി.സി. ജീവനക്കാരോടും ആത്മഹത്യ ചെയ്യുന്ന കുടുംബത്തോടും കാണിച്ചിരുന്നെങ്കിൽ ഈ നാട് നന്നാകു മായിരുന്നില്ലേ എന്ന് ഞാൻ ആലോചിക്കാറുണ്ട്. ഭരണത്തിന്റെ അവസാന കാലത്ത് ശ്രീ. ആര്യാടൻ മുഹമ്മദ് എല്ലാം കേൾക്കേണ്ടി വന്നു. ഇനി ഞാൻ എന്തായാലും ഇങ്ങോട്ടേക്കില്ല എന്ന് അദ്ദേഹം പറഞ്ഞു. ശ്രീ. ആര്യാടൻ മുഹമ്മദും അദ്ദേഹത്തിന്റെ ആഫീസും പലതും അനുഭവിക്കേണ്ടി വന്നു. എന്നിട്ട് നിങ്ങൾ ഞങ്ങളെ ബേജാറാക്കുകയാണ്. നിങ്ങൾ മനസ്സിലാക്കേണ്ട ഒരു കാര്യം മുമ്പ് ഒരു ബറുവയുണ്ടായിരുന്നു, India is

Indira, Indira is India എന്നാണ് പറഞ്ഞിരുന്നത്. അതുപോലെ നിങ്ങൾ ഇവിടെ Ommen Chandy is Kerala, Kerala is Oommen Chandy എന്നു പറയുന്നു. ഇവിടെ ഇതിനെക്കാൾ വലിയ പ്രഗത്ഭൻമാരുണ്ടായിരുന്നു. കോൺഗ്രസിന്റെ എ.ഐ.സി.സി. പ്രസിഡന്റ് ബറുവയാണ് പറഞ്ഞത്, രേഖയിലുണ്ട്. അതുമാത്രമല്ല, അടിയന്തരാവസ്ഥയ്ക്ക് ഉപദേശിച്ച സിദ്ധാർത്ഥ ശങ്കർ റേ 1972-ൽ ബംഗാളിന്റെ ഗർജ്ജിക്കുന്ന സിംഹമെന്ന് പറഞ്ഞു. പിന്നീട് നിങ്ങൾക്ക് ബംഗാളിലേക്ക് തിരിഞ്ഞുനോക്കാൻ സാധിച്ചോ ? അതുപോലെ ഞങ്ങൾ ശ്രീ. എ.കെ. ആന്റണിയെ പറഞ്ഞു എന്ന് പറഞ്ഞു, ശ്രീ. എ. കെ. ആന്റണി എന്തൊക്കെ പറഞ്ഞിട്ടുണ്ട് ? 1982-ൽ അപ്പുറത്തേക്ക് പോകുമ്പോൾ പറഞ്ഞു, ഇനി 100 വർഷത്തേക്ക് കേരളത്തിൽ സി.പി.എം. വരില്ല എന്ന്. 1987-ൽ വന്നില്ലേ ? ശ്രീ. എൻ. എ. നെല്ലിക്കുന്നിന്റെ പ്രസംഗം കേട്ടപ്പോൾ എനിക്ക് സങ്കടം തോന്നി. നിങ്ങൾ ആരെങ്കിലും ശ്രീ. കെ. എൻ. എ. ഖാദറിന്റെ കവിത വായിച്ചിട്ടുണ്ടോ ? ധാത്രിയോ ദേവദാസിയോ ?

ധാത്രിയാണെങ്കിൽ സ്മാർത്തവിചാരം നടത്തി കണ്ടുപിടിക്കപ്പെടും. കാരണം കൊച്ചിരാജാവിന്റെ മോതിരത്തിലെ കല്ലിന്റെ നിറം പറഞ്ഞപ്പോൾ ഇട്ടിട്ടുപോയല്ലോ. ദേവദാസിയാണെങ്കിലോ ഔദ്യോഗികമായി, അധികാരമായി ചോദ്യം ചെയ്യലാണ്. ഇത് സരിതയെ ന്യായീകരിക്കുന്ന കവിതയാണ്.

മാംസദാഹംതീർത്ത പുരുഷനെ

പുണ്യം ചെയ്തപോൽ ആദരിക്കുന്ന

ഈ പെണ്ണിന്റെ മാനമോർത്ത്

വിലപിക്കുന്നവൻ വിഡ്ഢി.

എന്നുപറഞ്ഞാൽ പറയുന്ന ഞങ്ങൾ വിഡ്ഢി എന്നാണ്. പിന്നെ പറയുന്നത്,

തന്റെ പുരുഷനുമായി മാത്രം

പങ്കുവയ്ക്കേണ്ടുന്ന സുഖവും

കളങ്കമില്ലാതെ കാത്തുവയ്ക്കേണ്ടും ചാരിത്ര്യവും

കവർന്നവനെ കള്ളനായോ

തൊണ്ടിമുതൽ മാനമായോ

കാണാതെയിന്നുമൊരു മധുരസ്മൃതിയായി

നുകരുന്ന മഹതിക്കായ് കേഴുന്നവൻ പോഴൻ.

ഞങ്ങളെ പോഴനെന്ന് വിളിക്കുകയാണ്. അദ്ദേഹം ഈ നോമ്പുകാലത്ത് എഴുതിയ കവിതയാണ്. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജിയെ മാറ്റിയതിനുശേഷം ഇദ്ദേഹത്തെ ഹജ്ജ് കമ്മിറ്റിയിലെടുത്തപ്പോൾ ഈ കവിത എഴുതി. ഇങ്ങനെ കവിത എഴുതിയിട്ട് ഇത്തരം കാര്യങ്ങളെല്ലാം ന്യായീകരിക്കുന്നു. അരുവിക്കര വിജയവും പറഞ്ഞ്, സരിതാ സംഭവവും കൊള്ളയും കാപട്യവുമെല്ലാം വിജയം കണ്ടിരിക്കുന്നു, ഇതിനെല്ലാം ജനങ്ങൾ പിന്തുണ നൽകിയിരിക്കുന്നു എന്ന് പറഞ്ഞ് ഞങ്ങളെ അടിച്ചമർത്താൻ ശ്രമിക്കുന്നു. നിങ്ങൾ ഓരോ ദിവസവും വലിയ ഭീഷണിയാണ്.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, പോയിന്റ് ഓഫ് ഓർഡർ. ഞാൻ എഴുതിയ ഒരു കവിതയെ ദുർവ്യാഖ്യാനം ചെയ്ത് ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ പറയുന്നത് ഓർഡറിലാണോയെന്ന് എനിക്ക് സംശയമുണ്ട്. ആ കവിത ഞാൻ എപ്പോൾ എഴുതിയതാണെന്നോ എന്തിനെക്കുറിച്ച് എഴുതിയതാണെന്നോ പറയാതെ അതിൽനിന്നും അദ്ദേഹത്തിന് ഇഷ്ടമുള്ള വാചകങ്ങൾ മാത്രമെടുത്ത്, അതും കാവ്യാത്മകമായി അദ്ദേഹത്തിന് അവതരിപ്പിക്കാൻ കഴിയാത്തതുകൊണ്ട് സഭയ്ക്ക് അത് മനസ്സിലായോ എന്ന് എനിക്ക് സംശയമുണ്ട്. അങ്ങനെ പറയുന്നത് ഓർഡറിലല്ല. It has nothing to do with Nombu, Saritha അങ്ങനെ ഒന്നുമില്ല. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ സദാ അങ്ങനെ വിചാരിക്കുന്ന ഒരാളായതുകൊണ്ട് അദ്ദേഹത്തിന് തോന്നിയതായിരിക്കും എന്നാണ് എന്റെ സംശയം.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : സർ, ഒരു കവിതയെ വ്യത്യസ്ത കോണിൽ വീക്ഷിക്കാം. അത് കുറ്റിപ്പുഴ കൃഷ്ണപിള്ളയുടേതായാലും എൻ. കൃഷ്ണവാര്യരുടേതായാലും പ്രൊഫ. എസ്. ഗുപ്തൻനായരുടേതായാലും സഞ്ജയന്റെ കവിതയായാലും ഏത് വീക്ഷണകോണിലും കാണാം. നിങ്ങൾ എഴുതിയ കവിത ഞാൻ വീക്ഷിക്കുന്നത് ഇങ്ങനെയാണ്. ഈ കവിത സരിതയുമായി ബന്ധപ്പെടുത്തിയാണ് നിങ്ങൾ പറഞ്ഞത് എന്നുള്ള വ്യാഖ്യാനമാണ് എനിക്കുള്ളത്. ഞാൻ അതിൽ ഉറച്ചുനിൽക്കുന്നു. അതുകൊണ്ട് തെറ്റായ സമീപനങ്ങളുമായി പോകുന്ന ഈ സർക്കാരിനെ ജനങ്ങൾ ആ രീതിയിൽത്തന്നെ കാണും. വൈദ്യുതി വകുപ്പും കെ.എസ്.ആർ.ടി.സി.-യും ജനങ്ങൾക്ക് ഉപകാരപ്പെടുന്ന കാര്യങ്ങളിൽ ജനവിരുദ്ധമായ സമീപനങ്ങളാണ് സ്വീകരിക്കുന്നത്. ഇത്തരം സമീപനങ്ങൾക്കെതിരെയുള്ള പോരാട്ടങ്ങൾ കേരളത്തിൽ ഉയർന്നുവരും. ആ പോരാട്ടത്തിന്റെ രംഗവേദിയിൽ പിടിച്ചുനിൽക്കാൻ സാധിക്കാതെ നിങ്ങൾ ഒഴുകിപ്പോകുന്ന കാഴ്ച കേരളീയ ജനത കാണേണ്ടി വരുമെന്നുമാത്രം പറഞ്ഞു കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. കഴിഞ്ഞ നാല് വർഷമായി ഈ ഗവൺമെന്റ് കേരളത്തിൽ ഒന്നും ചെയ്തിട്ടില്ലെന്നാണ് ഇവിടെ ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ സംസാരിച്ചു തുടങ്ങിയപ്പോൾ സൂചിപ്പിച്ചത്. കേരളത്തിലെ ജനങ്ങൾ വടക്കുനോക്കി യന്ത്രമല്ല. കേരളത്തിലെ ജനങ്ങൾ സത്യസന്ധമായി ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ ഭരണത്തെ വിലയിരുത്തുന്ന ഒരു സമൂഹമായി മാറിക്കഴിഞ്ഞു. അതിന്റെ തെളിവാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടന്ന മൂന്ന് ഉപതെരഞ്ഞെടുപ്പുകളിലും ഐക്യ ജനാധിപത്യമുന്നണിക്ക് നേട്ടമുണ്ടായത്. മറ്റ് കാര്യങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ഇവിടെ വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് കാര്യങ്ങൾ സൂചിപ്പിക്കുകയാണ്. വൈദ്യുതി മേഖലയെക്കുറിച്ച് പ്രതിപക്ഷാംഗങ്ങൾ ആക്ഷേപിച്ചെങ്കിൽപ്പോലും വയനാട്ടിൽ വൈദ്യുതി മേഖലയിൽ കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്തെക്കാളും മാറ്റങ്ങൾ ഇപ്പോൾ ഉണ്ടായിട്ടുണ്ട്. വൈദ്യുതി മേഖലയിൽ നിരവധി സെക്ഷൻ ഓഫീസുകൾ, സബ് സ്റ്റേഷൻ, വൈദ്യുതി ഇല്ലാത്ത കുടുംബങ്ങളിലൊക്കെ വൈദ്യുതി എത്തിക്കുന്നതിനുവേണ്ടി നിരവധി പദ്ധതികൾ എന്നിവ ശ്രീ. ആര്യാടൻ മുഹമ്മദിന്റെ നേതൃത്വത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ വയനാട്ടിലെ ജനങ്ങൾ തൃപ്തരാണ്. അസംതൃപ്തിയിൽനിന്ന് അവരെ തൃപ്തരാക്കാൻ കഴിഞ്ഞത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷമാണ്. എന്റെ നിയോജക മണ്ഡലത്തിൽ കൂടുതൽ വനമേഖലയാണ്. വനവുമായി ബന്ധപ്പെട്ട് ഒന്നു രണ്ട് കാര്യങ്ങൾ സൂചിപ്പിക്കുകയാണ്. ഇന്നലെയും 9-2-2015-ലും 3-7-2015-ലും ദാരുണമായ സംഭവങ്ങൾ സുൽത്താൻബത്തേരി നിയോജക മണ്ഡലത്തിലുണ്ടായിട്ടുണ്ട്. സാധാരണ ഒരാനയോ കാട്ടുപോത്തോ ഒരാളെ കൊന്നു കഴിഞ്ഞാൽ ആ കുടുംബത്തിന് മറവു ചെയ്യാനും കർമ്മം നടത്തുവാനും ബോഡി തിരിച്ചുകിട്ടുമായിരുന്നു. അവിടെ ഉണ്ടായത് കേരളത്തെ ഞെട്ടിച്ച സംഭവമാണ്. കടുവ ആക്രമിച്ച് കൊല്ലുകയും മാംസം മുഴുവൻ ഭക്ഷിച്ച നിലയിൽ എല്ലും തലയോട്ടും ഒരു കിലോമീറ്റർ ചുറ്റളവിൽ നിന്നാണ് ഫോറസ്റ്റ് ഉദ്യോഗസ്ഥർ കണ്ടെടുത്തത്. 9-2-2015-ന് കടുവയുടെ ആക്രമണത്താൽ ഭാസ്കരൻ എന്നയാൾ കൊല്ലപ്പെട്ടപ്പോൾ കേരളത്തിന്റെ പ്രിയങ്കരനായ മുഖ്യമന്ത്രിയും വനം വകുപ്പുമന്ത്രിയും ഇടപെട്ടു. ആ കുടുംബത്തിന് 10 ലക്ഷം രൂപ നഷ്ടപരിഹാരം നൽകാനും കുടുംബത്തിൽ ഒരാൾക്ക് ജോലി കൊടുക്കാനും ഗവൺമെന്റ് മുന്നോട്ട് വന്നു. ഈ 3-ാം തീയതി ആക്രമിച്ച് കൊലപ്പെടുത്തിയതും പട്ടികവർഗ്ഗത്തിൽപ്പെട്ട ബാബുരാജിനെയാണ്. തീർച്ചയായും ആ കുടുംബത്തെ സംരക്ഷിക്കുന്നതിനുവേണ്ടി ഗവൺമെന്റ് തയ്യാറാകണം. മരണപ്പെട്ട ആളായിരുന്നു ആ കുടുംബത്തിന്റെ അത്താണി. കുടുംബത്തിൽ ഒരാൾക്ക് ജോലി കൊടുത്ത് അവരെ സംരക്ഷിക്കാൻ ഗവൺമെന്റ് മുന്നോട്ട് വരണമെന്നാണ് എനിക്ക്

സൂചിപ്പിക്കാനുള്ളത്. കഴിഞ്ഞ 5 വർഷം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് ഉറങ്ങിക്കിടന്നിരുന്ന കേരളമാണെങ്കിൽ ഇന്ന് കേരളത്തിന്റെ പ്രിയങ്കരനായ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടേയും മറ്റ് വകുപ്പുമന്ത്രിമാരുടേയും നേതൃത്വത്തിൽ ഒരു ഉണർന്ന കേരളമായി നമ്മുടെ സംസ്ഥാനം മാറിയിരിക്കുകയാണ്.

ശ്രീ. എ. കെ. ബാലൻ : സർ, മാനന്തവാടിയിൽ ഇലക്ട്രിസിറ്റി ബോർഡിനു വേണ്ടി പോസ്റ്റ് നിർമ്മാണ യൂണിറ്റ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയിരുന്നു. ഇപ്പോൾ അതിന്റെ അവസ്ഥ എന്താണ് ?

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : സർ, ആ യൂണിറ്റിന്റെ നടപടിക്രമങ്ങൾ നടന്നു കൊണ്ടും പ്രവർത്തിച്ചുകൊണ്ടുമിരിക്കുകയാണ്. ആവശ്യമായ പോസ്റ്റുകൾ അവിടെ നിർമ്മിക്കുന്നുണ്ട്. അതുപോലെ വയനാട് ജില്ലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനായത് ശ്രീ. ആര്യാടൻ മുഹമ്മദ് വളരെ വ്യക്തമായ ഇടപെടലുകൾ നടത്തിയതുകൊണ്ടാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഞാൻ സഭയിൽ ഒരു സബ്മിഷൻ ഉന്നയിക്കുകയുണ്ടായി. പാവപ്പെട്ട ജനങ്ങളോട് കമ്മിറ്റ്മെന്റുള്ള ഒ.പി. കലേർ എന്ന ഫോറസ്റ്റ് ഉദ്യോഗസ്ഥൻ സ്വയം സന്നദ്ധ പുനരധിവാസം എന്ന പ്രോജക്ട് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചു. 2008-09-ൽ എൽ.ഡി.എഫ്. ഗവൺമെന്റാണ് കേരളം ഭരിച്ചിരുന്നത്. ഒന്നാം യു.പി.എ. ഗവൺമെന്റ് 80 കോടി രൂപയുടെ ആ പദ്ധതിക്ക് തുടക്കം കുറിക്കുന്നതിന് 5.5 കോടി രൂപ അനുവദിച്ചു. ആ പദ്ധതിപോലും ഇംപ്ലിമെന്റ് ചെയ്യാൻ തുടങ്ങിയത് ഉമ്മൻ ചാണ്ടി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. 2013 ഡിസംബർ 5-ന് വയനാട് ജില്ലയിൽ നടന്ന ജനസമ്പർക്ക പരിപാടിയെക്കുറിച്ച് ഞാൻ ഓർക്കുന്നു. ആ ജനസമ്പർക്ക പരിപാടിക്ക് മുന്നോടിയായി വയനാട്-സുൽത്താൻ ബത്തേരിയിലെ പ്രശ്നങ്ങൾ മുഖ്യമന്ത്രിയുമായി സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്, രാവിലെ 6 മണിയോടുകൂടി 14 സെറ്റിൽമെന്റുകളിൽ ഏതെങ്കിലും ഒന്നിൽ എത്തുമെന്നാണ്. അദ്ദേഹം രാവിലെ 6 മണിയോടുകൂടി പട്ടികവർഗ്ഗക്കാരുൾപ്പെടെ 65 ഓളം കുടുംബങ്ങൾ താമസിക്കുന്ന കൊട്ടങ്കരയിലെത്തി. അവിടെ കാട്ടാനയേയും കാട്ടുപോത്തിനേയും കണ്ട മുഖ്യമന്ത്രി പറഞ്ഞത് കേന്ദ്ര ഗവൺമെന്റ് ഫണ്ട് ലഭിക്കുന്നതിനുമുമ്പ് സംസ്ഥാന ഗവൺമെന്റിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി എല്ലാ കുടുംബങ്ങളേയും മാറ്റി പാർപ്പിക്കണമെന്നാണ്. അതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം കൊടുക്കുകയും വളരെ പെട്ടെന്ന് നടപടിക്രമങ്ങൾ ആരംഭിക്കുകയും ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയുമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഇടപെടൽമൂലം 14 സെറ്റിൽമെന്റ് ഏരിയകളിൽ 6 സെറ്റിൽമെന്റ് ഏരിയകൾ പൂർണ്ണമായും ഒഴിപ്പിക്കാൻ കഴിഞ്ഞു. ഏതാണ്ട് 238 കുടുംബങ്ങളെ വനത്തിൽ നിന്നും പുറത്ത് കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. അവരുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുത്തത്

ഈ ഗവൺമെന്റാണ്. ഇനിയും 8 സെറ്റിൽമെന്റ് ഏരിയകൾ ഒഴിപ്പിക്കാനുണ്ട്. അതും ഗവൺമെന്റിന്റെ ഇടപെടൽമൂലം ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാരുടെയും ജില്ലാ കളക്ടറുടെയും നേതൃത്വത്തിൽ വളരെ വ്യക്തമായി നടന്നുകൊണ്ടിരിക്കുകയാണ്. എനിക്കൊരു നിർദ്ദേശമുള്ളത്, ഒ.പി. കലേറിനെ പോലുള്ള ഉദ്യോഗസ്ഥരുടെ ഒരു വിംഗ് രൂപീകരിച്ച്, പദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധിതമായി വനത്തിനുള്ളിലെ പട്ടികവർഗ്ഗ കുടുംബങ്ങളെ പുറത്തുകൊണ്ടുവരണം എന്നുള്ളതാണ്. ഇപ്പോൾ 7 മാസത്തിനുള്ളിൽ 2 ആളുകളെയാണ് കടുവ ആക്രമിച്ചത്. കഴിഞ്ഞ 4 വർഷം കൊണ്ട് സുൽത്താൻ ബത്തേരിയിൽ തന്നെ 11 ആളുകളാണ് കാട്ടുപോത്തിന്റെയും കാട്ടാനയുടെയും ആക്രമണത്തിൽ മരണപ്പെട്ടത്. മറ്റ് ജില്ലകൾ കൂടി പരിശോധിച്ചാൽ കണക്ക് വലിയ സംഖ്യയിലേക്ക് നീങ്ങുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. വനത്തിന് പുറത്ത് ആളുകളെ കൊണ്ടുവരുന്ന സാഹചര്യമുണ്ടാക്കാൻ നമുക്ക് കഴിയും. ഉൾവനത്തിൽ നിന്നും വനാതിർത്തിയിൽ പകരം ഭൂമി നൽകിയാൽ സ്വാഭാവികമായും ആ കുടുംബങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ കഴിയും. ഞാൻ ഫോറസ്റ്റ് ഉദ്യോഗസ്ഥരുമായി സംസാരിച്ചപ്പോൾ അവർ പറഞ്ഞത്, വേണമെങ്കിൽ ഗവൺമെന്റിന് അങ്ങനെയുള്ള ചില കാര്യങ്ങൾ ആലോചിക്കാമെന്നാണ്. ടൗണിനോട് ചേർന്ന് കിടക്കുന്ന വനാതിർത്തികളിലേക്ക് പകരം ഭൂമി കൊടുത്തുകൊണ്ട് അവരെ പുനരധിവസിപ്പിച്ചാൽ കുറേ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയും. ഇവിടെ ശ്രീ. എൻ. ഷംസുദ്ദീൻ ഉൾപ്പെടെയുള്ള ആളുകൾ പ്രസംഗിക്കുമ്പോൾ ചില ചോദ്യങ്ങൾ ഉന്നയിച്ചു. കൽമതിലുകൾ എന്ന പദ്ധതിക്ക് ഗവൺമെന്റ് മുൻഗണന കൊടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഡ്രെയിനേജ്, ഫെൻസിംഗ് സംവിധാനങ്ങൾ എന്നിവ കാലാകാലങ്ങളായി ഗവൺമെന്റ് നടപ്പിലാക്കുന്നുണ്ട്. ഫെൻസിംഗുകൾ സമയബന്ധിതമായി മെയിന്റനൻസ് ചെയ്തില്ലെങ്കിൽ അത് ഉപയോഗശൂന്യമാകുന്ന സാഹചര്യമുണ്ടാകും. മാത്രമല്ല, കാട്ടാനയും കാട്ടുപോത്തും മരങ്ങൾ തള്ളിയിട്ട് ഫെൻസിംഗ് പൊട്ടിച്ച് കൃഷിയിടത്തിലേക്ക് കടക്കുന്ന സാഹചര്യം ഉണ്ടാകുന്നുണ്ട്. സുൽത്താൻ ബത്തേരിയിലും കുപ്പാടിയിലും 30 വർഷങ്ങൾക്ക് മുമ്പ് നിർമ്മിച്ച കൽമതിലുകൾ ഇതിനുദാഹരണങ്ങളാണ്. ഈ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ച് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുമായി സംസാരിച്ചപ്പോൾ പൈലറ്റ് പ്രോജക്ടായി 25 കിലോമീറ്റർ കൽമതിൽ നിർമ്മിക്കുന്നതിനുള്ള ഫണ്ട് അനുവദിച്ചു. അത് വളരെവേഗം നടത്തിയതുകൊണ്ട് ആ പ്രദേശത്തെ കൃഷി സംരക്ഷിച്ച് ജനങ്ങൾ വളരെ സന്തോഷത്തോടെ കഴിയുന്നു എന്നാണ് അറിയാൻ കഴിഞ്ഞത്. കൂടാതെ 16 കോടി രൂപയുടെ നബാർഡ് ഫണ്ടും അദ്ദേഹത്തിന്റെ ഇടപെടൽമൂലം ലഭിച്ചു. അതിന്റെ പ്രവൃത്തിയും നടന്നുകൊണ്ടിരിക്കുകയാണ്. വയനാട് ജില്ലയിൽ 400-ഓളം കിലോമീറ്റർ കൽമതിൽ നിർമ്മിക്കാൻ ഇപ്പോഴത്തെ റേറ്റ് അനുസരിച്ച് 1 കോടി 25 ലക്ഷം രൂപയാണ് വേണ്ടത്. അങ്ങനെ

കൽമതിൽ നിർമ്മിച്ചാൽ വനത്തേയും ജനവാസത്തേയും നമുക്ക് വേർതിരിക്കാൻ കഴിയുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇത്തരത്തിലുള്ള മാതൃകാപരമായ പദ്ധതികളാണ് ഈ വകുപ്പിൽ നടന്നു കൊണ്ടിരിക്കുന്നത്. ഞാൻ ഒരു കർഷക കുടുംബത്തിലും വനാതിർത്തിയിലും താമസിക്കുന്ന വ്യക്തിയെന്ന നിലയിൽ ധാരാളം പീഡനങ്ങൾ ഈ മേഖലയിൽ അനുഭവിച്ചിട്ടുണ്ട്. മാത്രമല്ല, വാഴക്കൃഷി ആനയിറങ്ങി നശിപ്പിച്ചാൽ ആവശ്യമായ നഷ്ടപരിഹാരം ലഭിക്കാത്ത സാഹചര്യമുണ്ടായിരുന്നു. കഴിഞ്ഞ കാലങ്ങളിൽ വന്യമൃഗങ്ങൾ കൃഷി നശിപ്പിച്ചാൽ ഒരു തവണയാണ് നഷ്ടപരിഹാരം കൊടുത്തിരുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതിയ തീരുമാനമെടുക്കുകയും 4 തവണ നഷ്ടപരിഹാരം കൊടുക്കുകയും ചെയ്യുന്നുണ്ട്. ആ നഷ്ടപരിഹാര തുകയുടെ വർദ്ധനവുമൂലം സാധാരണക്കാരായ കർഷകർക്ക് വലിയ മാറ്റങ്ങളാണ് ഉണ്ടായിരിക്കുന്നത്. വനത്തെയും പ്രകൃതിയെയും സംരക്ഷിക്കുന്ന വ്യക്തികളാണ് ആദിവാസികളെന്നും അവരെ വിശ്വസിക്കാമെന്നും സത്യസന്ധമായി രാവിലെ ഇവിടെ പറയുകയുണ്ടായി. അവരുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കുന്നതിനുവേണ്ടി എക്സ്പെർട്ടുകളായ ഫോറസ്റ്റ് ഉദ്യോഗസ്ഥരെയും ജനപ്രതി നിധികളെയും വിളിച്ചുചേർത്ത് വനമേഖലയിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്കും സാധാരണക്കാർക്കും വേണ്ടി ദീർഘവീക്ഷണത്തോടെയുള്ള പ്രോജക്ട് തയ്യാറാക്കാൻ അങ്ങ് മുൻകൈ എടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. വനാവകാശ നിയമത്തെ സംബന്ധിച്ച് ഇവിടെ മുൻമന്ത്രി ശ്രീ. എ. കെ. ബാലൻ രാവിലെ ചോദ്യോത്തര വേളയിൽ സൂചിപ്പിച്ചു. വനാവകാശ നിയമം നടപ്പാക്കുന്നുവെങ്കിൽ പോലും അത് എത്രത്തോളം ശാശ്വതമായി നടപ്പാക്കുന്നുവെന്ന് പരിശോധിക്കപ്പെടണം. വനത്തിനുള്ളിലും വനമേഖലയിലും താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് കൈവശരേഖ അനുവദിച്ച് കൊടുത്തിട്ടുണ്ട്. പക്ഷെ ഭൂമി അളന്ന് തിട്ടപ്പെടുത്തിക്കൊടുക്കാത്ത സാഹചര്യങ്ങൾ പല മേഖലയിലുമുണ്ട്. അരുവിക്കര തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എല്ലാ നേതാക്കളും അരുവിക്കരയിലെ സെറ്റിൽമെന്റ് മേഖലകൾ സന്ദർശിച്ചതാണ്. അവിടെയും ഇത്തരം പ്രശ്നങ്ങളുണ്ട്. കൂടാതെ, ഇടുക്കി, പാലക്കാട്, വയനാട് എന്നിവിടങ്ങളിലും ഇത്തരത്തിലുള്ള പ്രശ്നങ്ങളുണ്ട്. കേന്ദ്ര നിയമങ്ങൾ പാലിച്ചുകൊണ്ട് ഇവർക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തി തനിക്ക് ഇത്ര ഏക്കർ ഭൂമിയുണ്ട് എന്ന് പറയാനുള്ള അവകാശം സമയബന്ധിതമായി ഉണ്ടാക്കിക്കൊടുക്കാൻ സാധിക്കണം. മാത്രമല്ല, കേന്ദ്ര നിയമമനുസരിച്ച് മറ്റ് സംസ്ഥാനങ്ങളിൽ ഉപാധിരഹിത പട്ടയമാണ് ലഭിച്ചതെങ്കിൽ ഇവിടെ ഉപാധിരഹിത പട്ടയമല്ല നൽകിയിട്ടുള്ളത്. മറ്റ് സ്റ്റേറ്റുകളുടെ കണക്കെടുത്തു നോക്കിയാൽ മനസ്സിലാകും. ഇവിടെയും പട്ടികവർഗ്ഗക്കാർക്ക് ഉപാധിരഹിത പട്ടയം അനുവദിച്ചുകൊണ്ടുള്ള സാഹചര്യമാണ് ഉണ്ടാകേണ്ടിയിരുന്ന തെന്ന് സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. മറ്റ് കാര്യങ്ങളിലേക്കൊന്നും കടക്കാൻ

ഞാനാഗ്രഹിക്കുന്നില്ല. പെൻഷൻ പ്രായപരിധി വർദ്ധിപ്പിക്കാൻ പോകുന്നുവെന്ന് കേട്ടപ്പോൾ യൂത്ത് കോൺഗ്രസ്, ഡിവൈ.എഫ്.ഐ. എന്നീ യുവജന സംഘടനകൾ അതിനെതിരെ പ്രതികരിച്ചു. അരുവിക്കരയിൽ ഒരു യുവാവിനെ സ്ഥാനാർത്ഥിയാക്കി യു.ഡി.എഫ്. മത്സരിച്ചപ്പോൾ, ഞാൻ വിതുര പഞ്ചായത്തിലുണ്ടായിരുന്നു. സ്വാഭാവികമായും ഒരു തെരഞ്ഞെടുപ്പ് പര്യടനമെന്ന് പറയുന്നത് ഓരോ മുന്നണിയുടെയും സ്വാതന്ത്ര്യമാണ്. വിതുര പഞ്ചായത്തിൽ ശ്രീ. കെ. എസ്. ശബരീനാഥന്റെ പര്യടന പരിപാടിയിൽ ഞാൻ നോക്കുമ്പോൾ രണ്ട് യുവ എം.എൽ.എ.-മാർ ഞങ്ങളുടെ പ്രചരണ പര്യടന പരിപാടിയുടെ തൊട്ടുപിറകെ ഒരു വാഹനത്തിൽ മൈക്കും കെട്ടി ഞങ്ങളുടെ പ്രസംഗങ്ങൾ കൗണ്ടർ ചെയ്യുകയാണ്. ഈ രണ്ട് യുവാക്കളും യു.ഡി.എഫ്.-ന്റെ കൂടെയാണോയെന്ന് ഞങ്ങൾ സംശയിച്ചു. പക്ഷെ വിതുരയിൽ ജനം വിധിയെഴുതി, അവിടെ ജി. കാർത്തികേയൻ തുടങ്ങി വച്ച വികസന പ്രവർത്തനങ്ങൾക്കും അദ്ദേഹത്തിന്റെ ആത്മാവിന് ശാന്തി ലഭിക്കുന്നതിനും വേണ്ടി ജനങ്ങൾ അദ്ദേഹത്തിന് കൊടുത്ത അംഗീകാരമാണ് ശ്രീ. കെ. എസ്. ശബരീനാഥന്റെ വിജയമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ രാഷ്ട്രീയ എതിരാളികളെ ഉന്മൂലനം ചെയ്യുന്ന, ഉന്മൂലന സിദ്ധാന്തത്തിന്റെ വക്താക്കളായ ഇടതുപക്ഷ പ്രസ്ഥാനത്തിന് വിശിഷ്യാ സി.പി.ഐ.(എം.)-ന് ജനങ്ങളുടെ ഇടയിൽ നിലനിൽപ്പില്ലായെന്ന കാര്യം ഞാൻ ഓർമ്മിപ്പിക്കുകയാണ്. കാലിന്റെ അടിയിലെ മണ്ണ് ഒഴുകിപ്പോകുന്ന കാര്യങ്ങൾ ശ്രദ്ധിക്കാതെ കേരളത്തിലെ ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റ് പാവങ്ങൾക്ക് വേണ്ടി സമഗ്രമായി നടപ്പാക്കുന്ന പദ്ധതികളെ എതിർക്കുകയാണ്. കേരളത്തിൽ 'ഭൂമികേരളം' പദ്ധതി, ഞങ്ങൾ ഗ്രാമങ്ങളിലേക്ക് കടന്നുചെല്ലുമ്പോൾ അവർ പറയുന്നു ഞങ്ങൾക്ക് 3 സെന്റ് ഭൂമി കിട്ടി. ഈ കഴിഞ്ഞ കാലങ്ങളിലൊക്കെ ഇല്ലാത്തൊരു നയമാണ് ഗവൺമെന്റ് കൊണ്ടുവന്നത്. 'കാരുണ്യ ബെനവലന്റ് ഫണ്ട്", 'സാഫല്യം പദ്ധതി', അച്ഛനും അമ്മയും നഷ്ടപ്പെട്ട കുട്ടികൾക്ക് സ്കൂളുകളിലേക്ക് ഗവൺമെന്റിന്റെ പണമെത്തുന്ന 'സ്നേഹപൂർവ്വം' പദ്ധതി എന്നിങ്ങനെയുള്ള നിരവധി മാതൃകാപരമായ പദ്ധതികൾ നടപ്പാക്കി. വയനാട്ടിലെ ആളുകൾ ഇന്ന് സന്തോഷവാന്മാരാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ മെഡിക്കൽ കോളേജ് ഇല്ലാത്ത ജില്ലകളിൽ മെഡിക്കൽ കോളേജ് അനുവദിച്ചു. ഇവിടെ ഇടതുപക്ഷവും സി.പി.ഐ. (എം)-ഉം ഒക്കെ എന്തുകൊണ്ട് വയനാട് മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാകുന്നില്ലായെന്ന് ചോദിച്ചു. വയനാട്ടിലെ ആളുകളെ യു.ഡി.എഫ്. ഗവൺമെന്റ് വഞ്ചിച്ചുവെന്ന് പറഞ്ഞു. കേരളത്തിന്റെ പ്രിയങ്കരനായ ജനനായകൻ കേരളത്തിന്റെ മുഖ്യമന്ത്രി ജൂലൈ 12-ാം തീയതി വയനാട് ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ തറക്കല്ലിടുമെന്ന് ജനസമ്പർക്ക പരിപാടിയിൽ പ്രഖ്യാപിച്ചു. ജൂലൈ 12-ാം തീയതി മുഖ്യമന്ത്രി പുതിയ മെഡിക്കൽ കോളേജിന് തറക്കല്ലിടുകയാണ്. ജനങ്ങൾ സന്തോഷവാന്മാരാണ്.

ആഘോഷങ്ങൾ നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. അങ്ങനെ നിരവധി പദ്ധതികൾ. ഈ ഗവൺമെന്റ് സ്മാർട്ട്സിറ്റി, വിഴിഞ്ഞം പദ്ധതി, കണ്ണൂർ വിമാനത്താവളമടക്കമുള്ള നിരവധി മാതൃകാ പദ്ധതികൾക്ക് രൂപം കൊടുത്തപ്പോഴാണ് ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ ഒരു പദ്ധതിയും ഗവൺമെന്റ് നടപ്പാക്കിയിട്ടില്ലായെന്ന് പറയുന്നത്. കേരളത്തിലെ ജനങ്ങൾ വടക്കുനോക്കി യന്ത്രമല്ല. കേരളത്തിലെ ജനങ്ങൾ കിഴക്കും പടിഞ്ഞാറും തെക്കും തിരിഞ്ഞു നോക്കുന്ന വ്യക്തികളാണ്. തീർച്ചയായിട്ടും കേരളത്തിൽ ഭരണമുണ്ടെന്ന് വിലയിരുത്തുന്ന ഒരു ജനതയാണ് കേരളത്തിലുള്ളത്. ആ വിലയിരുത്തലാണ് അരുവിക്കര തെരഞ്ഞെടുപ്പിന്റെ ഏറ്റവും വലിയ ഉദാഹരണമെന്ന് പറയുന്നത്.

ശ്രീ. രാജു എബ്രഹാം : സർ, കേരളത്തിലെ ഊർജ്ജ പ്രതിസന്ധി വളരെ ഗുരുതരമായ അവസ്ഥയിലേക്ക് പോകുന്നുവെന്നുള്ളതാണ് ഇവിടെ പ്രധാനമായും സൂചിപ്പിക്കാനുള്ളത്. അതിലേറ്റവും പ്രധാനപ്പെട്ടത് വൈദ്യുതി ഉൽപ്പാദനമാണ്. 36 മെഗാവാട്ട് വൈദ്യുതി മാത്രമേ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതിയതായി ഉൽപ്പാദിപ്പിച്ചിട്ടുള്ളൂ. അവിടെയാണ് പുറത്തുനിന്ന് വൈദ്യുതി വാങ്ങുന്ന അവസ്ഥയിലെത്തുന്നത്. സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി വാങ്ങുമ്പോൾ വലിയ താരിഫ് കൊടുക്കേണ്ടിവരും. ആ താരിഫ് സാധാരണ ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കപ്പെടുകയും ചെയ്യും. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അഞ്ചുവർഷം കൊണ്ട് 217.75 മെഗാവാട്ട് വൈദ്യുതിയാണ് ഉൽപ്പാദിപ്പിച്ചത്. വൈദ്യുതി ഉൽപ്പാദനം ഒരു തുടർച്ചയാണ്. ആ ഗവൺമെന്റ് മാറി അടുത്ത ഗവൺമെന്റ് അധികാരത്തിൽ വന്നാലും പുതുതായി കാര്യമായി വൈദ്യുതി ഉൽപ്പാദന മേഖലകളെ കേന്ദ്രീകരിച്ചുകൊണ്ട് പദ്ധതികൾ വിഭാവനം ചെയ്ത് പോകുന്നില്ലായെന്നുള്ളത് കാണുമ്പോഴാണ് ഈ മേഖല നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രതിസന്ധിയെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുന്നത്. ഇവിടെ രാവിലെ പ്രസംഗിച്ച ഒരംഗം ശ്രീ. പിണറായി വിജയനെ സംബന്ധിച്ച് സൂചിപ്പിച്ചു. 1086 മെഗാവാട്ട് വൈദ്യുതിയാണ് അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ഈ കേരളത്തിൽ ഉൽപ്പാദിപ്പിച്ചത്. കേരളത്തിൽ അത്രയും വൈദ്യുതി ഒരുമിച്ച് ഒരു സമയത്ത് ഉൽപ്പാദിപ്പിക്കുന്നതിന് വേറെയാരും നേതൃത്വം കൊടുത്തിട്ടില്ല. കേരളത്തിലെ പവർകട്ടും ലോഡ്ഷെഡ്ഡിംഗും മാറാൻ അന്ന് നേതൃത്വം കൊടുത്ത ഒരു വ്യക്തിയാണ് അദ്ദേഹം. അതിന്റെ തുടർച്ചയായിട്ടുള്ള നേട്ടം പിന്നീട് വന്ന യു.ഡി.എഫ്. ഗവൺമെന്റ് ഉണ്ടാക്കിയില്ല. പിന്നെ ഉണ്ടാക്കിയത് ഈ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്. ശ്രീ. എ. കെ. ബാലൻ ആയിരുന്നു അന്നത്തെ വൈദ്യുതി വകുപ്പുമന്ത്രി. എല്ലാ മേഖലയിലും വലിയ മാറ്റങ്ങൾ. പ്രത്യേകിച്ച് വൈദ്യുതി കണക്ഷൻ നൽകുന്ന കാര്യത്തിൽ 22.96 ലക്ഷം യൂണിറ്റാണ് അന്ന് നൽകിയത്. കഴിഞ്ഞ നാലുവർഷക്കാലത്തിനിടയിൽ 16.53 ലക്ഷം യൂണിറ്റ് കണക്ഷൻ മാത്രമാണ്

നൽകിയത്. ആ കണക്ഷൻ നൽകിയതുതന്നെ അതിന്റെ താരിഫ് ഇരട്ടിയാക്കി വർദ്ധിപ്പിച്ചുകൊണ്ടാണ്. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം കണക്ഷൻ എടുക്കാൻ കഴിയാത്ത ഒരു വലിയ ദുരവസ്ഥ. അതോടൊപ്പം എസ്.സി./എസ്.ടി., ബി.പി.എൽ., ക്യാൻസർ രോഗികൾ, വികലാംഗർ എന്നിവർക്ക് സൗജന്യമായി കണക്ഷൻ നൽകുന്ന പദ്ധതികൾതന്നെ നിർത്തലാക്കി. എന്നിട്ട് ബി.പി.എൽ. വിഭാഗത്തിനും എസ്.സി./എസ്.ടി. വിഭാഗത്തിനും നാമമാത്രമായി പിന്നീട് തുടങ്ങുന്ന ഒരവസ്ഥയാണുണ്ടായത്. വോൾട്ടേജ് ഇംപ്രൂവ്മെന്റിന്റെ ഭാഗമായി 11 കെ.വി. ലൈനുകൾ, പുതിയ സബ്സ്റ്റേഷനുകൾ, പുതിയ ട്രാൻസ്ഫോർമറുകൾ എന്നീ മൂന്ന് കാര്യങ്ങളാണ് പ്രധാനമായും വരുന്നത്. അതിൽ ഈ രണ്ടു ഗവൺമെന്റുകളേയും തമ്മിൽ താരതമ്യപ്പെടുത്തിയാൽ വലിയ വ്യത്യാസമുണ്ട്. 20400 ട്രാൻസ്ഫോർമറുകളാണ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ അഞ്ചുവർഷക്കാലത്ത് സ്ഥാപിച്ചതെങ്കിൽ ഈ 4 വർഷം 13771 ട്രാൻസ്ഫോർമറുകളും വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികളും മാത്രമേ നടപ്പാക്കിയിട്ടുള്ളൂ. 20400 ട്രാൻസ്ഫോർമറുകൾ കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് സ്ഥാപിച്ചുവെന്ന് പറഞ്ഞാൽ കേരളം രൂപീകൃതമായതിനുശേഷം 50 വർഷം കൊണ്ട് സ്ഥാപിച്ച ട്രാൻസ്ഫോർമറിന്റെ എണ്ണത്തിന്റെ അത്രയും 5 വർഷത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കാലഘട്ടത്തിൽ വയ്ക്കാൻ കഴിഞ്ഞു എന്നുള്ളതാണ് ഈ രണ്ട് ഗവൺമെന്റുകളുടെയും പ്രവർത്തനങ്ങൾ താരതമ്യം ചെയ്യുമ്പോൾ കാണാൻ കഴിയുന്ന ഒരു കാര്യം. സബ്സ്റ്റേഷനുകളുടെ കാര്യത്തിലും അതുതന്നെയാണ് സംഭവിച്ചത്. 94 സബ്സ്റ്റേഷനുകൾ അന്ന് തുടങ്ങിയിട്ടുണ്ടെങ്കിൽ ഇപ്പോൾ അത് 34 എണ്ണത്തിലേക്ക് ചുരുങ്ങി. അന്ന് 1011.57 കി.മീ. ട്രാൻസ്മിഷൻ ലൈനുകൾ വലിച്ചു. റെഗുലേറ്ററി കമ്മീഷന്റെ കണക്കുപ്രകാരം ഇപ്പോൾ 477.74 ട്രാൻസ്മിഷൻ ലൈനുകൾ മാത്രമേ വലിച്ചിട്ടുള്ളൂ. 13687 കി.മീ. 11 കെ.വി. ലൈൻ വലിച്ച സ്ഥാനത്ത് 7842 ആയി ചുരുങ്ങുകയാണുണ്ടായത്. ഇത് ആ രംഗത്ത് മാത്രമല്ല, വൈദ്യുതി ബോർഡിന്റെ സാമ്പത്തിക സ്ഥിതി പരിശോധിക്കുമ്പോഴും വലിയ വ്യത്യാസം കാണാൻ കഴിയും. 4,500 കോടി രൂപയുടെ ബാധ്യതയിൽ നിന്നും 1,356 കോടി രൂപയായിട്ടാണ് കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ സാമ്പത്തിക സ്ഥിതി കുറഞ്ഞുവന്നത്. ഇപ്പോൾ അത് 1,356 കോടി രൂപയിൽ നിന്നും നാലുവർഷം കൊണ്ട് വീണ്ടും അയ്യായിരം കോടിയിൽ അധികമായി വർദ്ധിച്ചു. അതുപോലെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 35 കോടി രൂപ വൈദ്യുതി ബോർഡ് ലാഭമുണ്ടാക്കി. ഇപ്പോൾ അത് 1,800 കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. 35 കോടി രൂപ വൈദ്യുതി ബോർഡിന് ലാഭമുണ്ടായപ്പോൾ 3,500 കോടി രൂപയുടെ വികസന പ്രവർത്തനവും നടത്തി. ആ 3,500 കോടി രൂപയുടെ വികസന പ്രവർത്തനം നടത്തുന്നതിനോടൊപ്പമാണ് 35 കോടി രൂപയുടെ

ലാഭം ഉണ്ടായത്. ആ നിലയിലുള്ള ഒരു താരതമ്യമാണ് വന്നിട്ടുള്ളതെങ്കിൽ പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പ്രധാനമായും താരിഫിന്റെ കാര്യത്തിലാണുണ്ടായിട്ടുള്ളത്. എത്രയോ വലിയ വർദ്ധനവാണ് വൈദ്യുതി ചാർജിന്റെ കാര്യത്തിലുണ്ടായത്. 2011-ൽ 40 യൂണിറ്റ് വൈദ്യുതി ഉപയോഗിച്ചിരുന്നവർ കൊടുത്തുകൊണ്ടിരുന്നത് 115 പൈസയായിരുന്നെങ്കിൽ ഇപ്പോൾ അത് 2.80 രൂപയായി വർദ്ധിച്ചിരിക്കുകയാണ്. 143 ശതമാനം വർദ്ധനവാണ് ഇവിടെ വന്നിരിക്കുന്നത്. 41 മുതൽ 80 യൂണിറ്റുവരെ വൈദ്യുതി ഉപയോഗിക്കുന്ന ആളുകൾക്ക് 190 പൈസയിൽ നിന്നും 320 പൈസയായി വർദ്ധിച്ചിരിക്കുകയാണ്. 68 ശതമാനം വർദ്ധനവാണുണ്ടായിരിക്കുന്നത്. 81 മുതൽ 120 യൂണിറ്റുവരെ വൈദ്യുതി ഉപയോഗിക്കുന്നവർക്ക് 240 പൈസയിൽ നിന്നും 420 പൈസയായി വർദ്ധിച്ചിരിക്കുന്നു. ഇരട്ടി വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. അതിന്റെ ബാക്കി കണക്കുകൾ ഞാനിവിടെ സൂചിപ്പിക്കുന്നില്ല. 450-ഉം 500-ഉം രൂപ വൈദ്യുതി ചാർജ് കൊടുത്ത വീട്ടുകാർ 1,000-ഉം 1,500-ഉം രൂപയിലധികമാണ് ഇന്ന് കൊടുക്കുന്നത്. ഇരട്ടിയിലധികം ചാർജ് വർദ്ധനവ് കേരളത്തിൽ വരുത്തി. അത് ഈ നാട്ടിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം വളരെ ഗുരുതരമായ അവസ്ഥയിലേക്കാണ് കാര്യങ്ങൾ എത്തിച്ചിരിക്കുന്നത്. ഇവിടെ പ്രധാനമായും നടപ്പാക്കേണ്ട കാര്യങ്ങൾ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 150 രൂപയുടെ സി.എഫ്.എൽ. ബൾബുകൾ 30 രൂപയ്ക്ക് നൽകി. ഈ ഗവൺമെന്റ് ആ സി.എഫ്.എൽ. ബൾബിന്റെ സ്ഥാനത്ത് എൽ.ഇ.ഡി ബൾബുകൾ സബ്സിഡി നിരക്കിൽ കൊടുത്തിരുന്നുവെങ്കിൽ എത്ര മെഗാവാട്ട് വൈദ്യുതി ലാഭിക്കാൻ കഴിയുമായിരുന്നു. അന്ന് സി.എഫ്.എൽ. കൊടുത്തപ്പോൾ മാത്രം ലാഭിച്ച വൈദ്യുതി 250 മെഗാവാട്ടാണ്. ഒരു മികച്ച വൈദ്യുതി മാനേജ്മെന്റാണ് അന്നുണ്ടായിരുന്നത്. അത്തരത്തിലുള്ള ശാസ്ത്രീയമായ ഒരു നടപടി ഉണ്ടായിട്ടില്ല. ഊർജ്ജ സംരക്ഷണ കാര്യത്തിൽ അന്നത്തെ യു.പി.എ. ഗവൺമെന്റിന്റെ മന്ത്രിയായ ശ്രീ. സുശീൽ കുമാർ ഷിൻഡെ പാലക്കാട്ടെത്തി കെ.എസ്.ഇ.ബി.-യെ അഭിനന്ദിക്കുക മാത്രമല്ല, ഊർജ്ജ സംരക്ഷണത്തിനുള്ള അവാർഡ് നൽകുകയും ചെയ്തു. കേരളത്തിലെ വൈദ്യുതി മേഖല അവിശ്വസനീയമെന്നാണ് അദ്ദേഹം പറഞ്ഞത്. അവിടെ നിന്നാണ് വളരെയധികം പുറകോട്ടുപോയിട്ടുള്ളതെന്ന് നാം ഓർക്കണം. വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാത്ത, പവർകട്ടും ലോഡ്ഷെഡ്ഡിംഗുമില്ലാത്ത ഒരു കാലഘട്ടമായിരുന്നു എന്നുള്ളതാണ് ഏറ്റവും പ്രധാനമായും സൂചിപ്പിക്കാനുള്ളത്. പള്ളിവാസൽ പ്രോജക്ടിൽ അല്പം പണികൾ വന്നപ്പോൾ മാത്രമാണ് നാമമാത്രമായ ഒരു ലോഡ്ഷെഡ്ഡിംഗ് ഉണ്ടായത്. ഇവിടെ കാറ്റിൽ നിന്നുള്ള വൈദ്യുതി ഉത്പാദിപ്പിക്കാൻവേണ്ടി ഒരു കർമ്മപദ്ധതിയും നടന്നിട്ടില്ല എന്ന് സൂചിപ്പിക്കുമ്പോൾ അത് നമ്മുടെ നാടിനെ വളരെയധികം പുറകോട്ടുകൊണ്ടു പോകുന്നുവെന്നതാണ് കാണിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ

കാലത്ത് ഏതാണ്ട് 32 മെഗാവാട്ട് വൈദ്യുതി കാറ്റിൽ നിന്നും ഉത്പാദിപ്പിച്ചു. പിന്നെയും 10-50 മെഗാവാട്ട് ഉണ്ടാക്കാൻ തുടങ്ങിയപ്പോഴാണ് പാലക്കാട് വലിയ വിവാദങ്ങളുണ്ടാക്കി ആ പദ്ധതി മുടങ്ങിയത് എന്നുള്ള കാര്യം നമുക്ക് മനസ്സിലാക്കാൻ കഴിയും. അതുപോലെതന്നെ സോളാർ വൈദ്യുതിയുടെ കാര്യമെടുത്താൽ നാലുവർഷ കാലത്തിനിടയിൽ ഡി.പി.ആർ.-ൽ മാത്രം എത്തി നിൽക്കുന്നതേയുള്ളൂ. നാലുവർഷ കാലമെടുത്തിട്ട് ആ രംഗത്തേക്ക് നല്ല ഒരു കാൽവെയ്പ്പ് നടത്താൻ കഴിഞ്ഞിട്ടി ല്ലായെന്നുള്ളതാണ് സൂചിപ്പിക്കാനുള്ളത്. മാനേജ്മെന്റ് എന്തുകൊണ്ട് ഈ നിലയിലേയ്ക്ക് പോകുന്നു. ഗവൺമെന്റ് തന്നെയാണ് അക്കാര്യത്തിൽ നേതൃത്വം കൊടുക്കേണ്ടത്. ഇപ്പോൾ കാറ്റിലും മഴയിലും ഏകദേശം എണ്ണായിരത്തോളം പോസ്റ്റുകൾ പോയി. സമയബന്ധിതമായി അവർക്ക് റീ-കണക്ഷൻ കൊടുക്കാൻ കാര്യമായ ഉപകരണങ്ങളില്ല. കേടായ മീറ്ററുകളുടെ എണ്ണം ലക്ഷങ്ങൾക്കുമപ്പുറമാണ്. ഇവിടെ അതിന്റെ കണക്ക് സൂചിപ്പിച്ചതുകൊണ്ട് ഞാൻ അതിലേക്ക് പോകുന്നില്ല. കേടായ മീറ്ററുകൾപോലും മാറ്റിവയ്ക്കാൻ കഴിയുന്നില്ല. പോസ്റ്റ് സമയത്തിന് ലഭിക്കുന്നില്ല. മറ്റ് ഉപകരണങ്ങൾ സമയബന്ധിതമായി കിട്ടുന്നില്ലയെന്നതാണ് പ്രധാനമായും സൂചിപ്പിക്കാനുള്ളത്. വൈദ്യുതി ബോർഡ് ചെയർമാന് എത്ര ഉത്തരവാദിത്വമാണ് നിർവ്വഹിക്കാനുള്ളത്. അത് പ്രധാനപ്പെട്ടൊരു പ്രശ്നമാണ്. അദ്ദേഹമാണ് പവർ സെക്രട്ടറിയും. എന്റെ ഓർമ്മയിൽ ശ്രീ. മോഹനചന്ദ്രൻ മാത്രമാണ് വൈദ്യുതി ബോർഡ് ചെയർമാനും പവർ സെക്രട്ടറിയും ആയിരുന്നത്. അദ്ദേഹം വളരെ കുറച്ചുകാലം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ വൈദ്യുതി ബോർഡ് ചെയർമാന് നിരവധി ചുമതലകളാണ്. അദ്ദേഹം മോശക്കാരനൊന്നുമല്ല, നല്ല എഫിഷ്യന്റായിട്ടുള്ള ഉദ്യോഗസ്ഥനാണ്. പക്ഷെ അദ്ദേഹം പവർ സെക്രട്ടറിയാണ്, സ്പോർട്സ് സെക്രട്ടറിയാണ്. ഇവിടെയാണ് മിസ്മാനേജ്മെന്റിന്റെ പ്രധാനപ്പെട്ടൊരു പ്രശ്നം വരുന്നത്. വൈദ്യുതി ബോർഡ് എന്നുപറയുമ്പോൾ നമുക്ക് ഊർജ്ജം നൽകേണ്ടവരാണ്. അപ്പോൾ ആ നിലയിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയണം. കേബിൾ ടി.വി.-യുടെ കാര്യം പറഞ്ഞപ്പോൾ ആർക്കുവേണമെങ്കിലും വരാം എന്ന് ബഹുമാനപ്പെട്ട മന്ത്രി ഒരു പ്രഖ്യാപനം നടത്തി. പക്ഷെ കേബിൾ ടി.വി.-കാർക്ക് കൊടുക്കേണ്ട ചാർജ്ജാണ് അവരുടെ പ്രശ്നം. അത് പരിഹരിക്കാനുള്ള നടപടി തീർച്ചയായും അങ്ങ് സ്വീകരിക്കണം. കാരണം, കേരളത്തിലെ ആയിരക്കണക്കിന് ആളുകളാണ് കേബിൾ ടി.വി. ഉപയോഗിച്ച് കഴിയുന്നത് എന്ന കാര്യം കൂടി ഓർക്കണം. അതുപോലെതന്നെ, പുതിയ പ്രോജക്ടുകളെ സംബന്ധിച്ചിടത്തോളം ആയിരം മെഗാവാട്ടിന്റെ വൈതരണി പദ്ധതി കഴിഞ്ഞ യു.പി.എ. ഗവൺമെന്റ് ഇല്ലാതാക്കിയപ്പോൾ അത് പുനഃസ്ഥാപി ക്കാനുള്ള നടപടി സ്വീകരിക്കാൻ നമുക്ക് കഴിഞ്ഞില്ല. ചീമേനിയിൽ ചില പ്രാദേശിക പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടായിരുന്നു. അതുകൊണ്ട് അത്തരം മെഗാ പ്രോജക്ടുകളായ

പുതുവൈപ്പിൻ, കായംകുളം, ബ്രഹ്മപുരം തുടങ്ങിയ പ്രഖ്യാപനങ്ങൾ മാത്രം നടത്താതെ പദ്ധതി നടത്തുന്ന കാര്യത്തിലേക്ക് നമുക്ക് എത്തിച്ചേരാൻ കഴിയുന്നില്ല എന്നുള്ളതാണ് വാസ്തവം.

ശ്രീ. ഇ. പി. ജയരാജൻ : സർ, പ്രകൃതിദത്തമായ സൗരോർജ്ജം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള സോളാർ പദ്ധതികൾ ഫലപ്രദമായിരിക്കും. ഗവൺമെന്റ് ശരിയായ നിലയിൽ കേരളത്തിന്റെ ഊർജ്ജ പ്രശ്നം പരിഹരിക്കാൻ ഫലപ്രദമായ നടപടികളെന്തെങ്കിലും കൈക്കൊണ്ടിട്ടുണ്ടോ ?

ശ്രീ. രാജു എബ്രഹാം : സർ, നാലു വർഷക്കാലത്തിനിടയിൽ നമുക്ക് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് മാത്രമേ തയ്യാറാക്കാൻ കഴിഞ്ഞിട്ടുള്ളൂ. കർണ്ണാടക, തമിഴ്നാട്, ആന്ധ്രാപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ പ്രധാന കമ്പനികൾ സ്വിസ് ലോണടക്കമുള്ള വലിയ പ്രോജക്ട് നടപ്പാക്കുമ്പോഴാണ് നമുക്ക് ഈ പോരായ്മ വരുന്നതെന്ന കാര്യമാണ് പ്രധാനമായും സൂചിപ്പിക്കാനുള്ളത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലഘട്ടത്തിൽ പാലക്കാട് മണ്ണാർക്കാട് നടപ്പാക്കിയ പദ്ധതിയിൽ വിവാദമുണ്ടാക്കി പദ്ധതി അട്ടിമറിക്കാനാണ് അന്നത്തെ യു.ഡി.എഫ്. പ്രതിപക്ഷത്തിരുന്ന് ശ്രമിച്ചത്. അതാണ് കേരളത്തിന്റെ ഏറ്റവും വലിയ ശാപമെന്നുകൂടി ഞാൻ സൂചിപ്പിക്കട്ടെ.

വനത്തെ സംബന്ധിച്ചിടത്തോളം ഒരു വാക്ക് പറയട്ടെ, ഇവിടെ 'Man-Animal Conflict' ആണ് ഇന്ന് നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. മനുഷ്യനെ കടുവകൾ തിന്നുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തി. വളരെ ഗുരുതരമായ പ്രശ്നമാണ്. വനത്തിനുള്ളിൽത്തന്നെ മൃഗങ്ങളെ നിർത്താനുള്ള ശാസ്ത്രീയമായ മാർഗ്ഗങ്ങൾ, സബ്ജക്ട് കമ്മിറ്റിയിൽ ചില നിർദ്ദേശങ്ങൾ ഞാൻ വച്ചതാണ്. വനം വകുപ്പുദ്യോഗസ്ഥർ പറഞ്ഞത് അത്തരം നിർദ്ദേശങ്ങൾ അശാസ്ത്രീയമെന്നാണ്. ശാസ്ത്രീയമായി മറ്റ് രാജ്യങ്ങളിലെങ്ങനെയാണ് ഇത്തരം കാര്യങ്ങൾ ചെയ്യുന്നത് ; അത് നടപ്പാക്കാൻ നമുക്ക് എന്തുകൊണ്ട് കഴിയുന്നില്ല. അത് ഗൗരവമായി ആലോചിക്കേണ്ട വിഷയമാണ്. വനവും ജനങ്ങളും തമ്മിലുള്ള പ്രധാന പ്രശ്നമായി മാറുന്നത് അതാണ്. വനത്തെ സംബന്ധിച്ചിടത്തോളം ശാസ്ത്രീയമായ തീരുമാനങ്ങൾ ഉണ്ടാകണം.

ഗതാഗതത്തെ സംബന്ധിച്ച് ഭരണകക്ഷി മണ്ഡലങ്ങൾ, പ്രതിപക്ഷ മണ്ഡലങ്ങൾ എന്ന തരത്തിലേക്ക്, കെ.എസ്.ആർ.ടി.സി. ബസിന്റെ അലോട്ട്മെന്റ് അടക്കമുള്ള കാര്യങ്ങളിൽ ചില വിവേചനങ്ങൾ നടക്കുന്നുണ്ടെന്ന ആക്ഷേപം എനിക്കുണ്ട്. അത് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. അതിന് വേണ്ടി മന്ത്രി മീറ്റിംഗം വിളിച്ചു.

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : സർ, കെ.എസ്.ആർ.ടി.സി. ബസുകൾ ഇന്ന് അധോഗതിയിലാണ്. കട്ടപ്പുറത്തിരിക്കുന്ന ബസുകൾ ഇറക്കാനും പുതിയ ബസുകൾ വാങ്ങാനും നിവൃത്തിയില്ല. കെ.എസ്.ആർ.ടി.സി. വ്യവസായമാണോ പബ്ലിക് യൂട്ടിലിറ്റിയാണോയെന്ന് നിർവ്വചിച്ചിട്ടുണ്ടോ ? പബ്ലിക് യൂട്ടിലിറ്റിയാണെങ്കിൽ എന്തുകൊണ്ട് ഗവൺമെന്റിൽനിന്നും പണം അനുവദിക്കുന്നില്ല. ബഡ്ജറ്റിൽ പ്രത്യേക തുക അനുവദിച്ച് കെ.എസ്.ആർ.ടി.സി.-യെ സഹായിക്കുന്നില്ല.

<u>ശ്രീ. രാജു എബ്രഹാം</u> : സർ, കെ.എസ്.ആർ.ടി.സി.-ക്ക് ഗവൺമെന്റ് പണം കൊടുത്ത് സഹായിക്കണം. അല്ലാതെ കെ.എസ്.ആർ.ടി.സി. രക്ഷപ്പെടില്ല. ചില വിജയങ്ങൾ കണ്ട് ദയവു ചെയ്ത് അഹങ്കരിക്കരുതെന്ന മാത്രമേ എനിക്ക് സൂചിപ്പിക്കുവാനുള്ളൂ. ഇന്ന് ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ.-യ്ക്കു നേരെ ഗ്രനേഡ് എറിഞ്ഞ് പരിക്കേൽപ്പിച്ചിരിക്കുകയാണ്. സംഘർഷസ്ഥലത്തേയ്ക്കു ചെന്ന ശ്രീ. എ. കെ. ബാലൻ, ശ്രീ. പി. ശ്രീരാമകൃഷ്ണൻ, ശ്രീ. റ്റി. വി. രാജേഷ്, ശ്രീ. ബി. സത്യൻ എന്നിവർക്കുനേരെ പോലീസ് ഗ്രനേഡ് എറിഞ്ഞിരിക്കുകയാണ്. അഹങ്കാരം പാടില്ല. എസ്.എഫ്.ഐ.-യുടെ ജില്ലാ പ്രസിഡന്റിനെയും ജില്ലാ സെക്രട്ടറിയെയും പൈശാചികമായി മർദ്ദിച്ചിരിക്കുകയാണ്. പാഠപുസ്തകത്തിന്റെ പേരിൽ മുദ്രാവാക്യം മുഴക്കിയതിനാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ഒരു തെരഞ്ഞെടുപ്പു വിജയവും അന്തിമമല്ല. 450-ലധികം സീറ്റുകളുണ്ടായിരുന്ന കോൺഗ്രസ് പാർട്ടിക്ക് 44 സീറ്റായി ചുരുങ്ങേണ്ടി വന്നിട്ടുണ്ടെങ്കിൽ അത് പാഠമായി പഠിക്കണം. അതല്ലാതെ ഇത്തരം അഹങ്കാരങ്ങൾ കൊണ്ടുപോകരുത്. വിഴിഞ്ഞം പദ്ധതി എൽ.ഡി.എഫ്. ഗവൺമെന്റ് നടപ്പാക്കാൻ ശ്രമിച്ചപ്പോൾ ചൈനാ കണക്ഷൻ എന്നു പറഞ്ഞുകൊണ്ട് തടഞ്ഞത് യു.പി.എ. ഗവൺമെന്റാണ്. സ്മാർട്ട് സിറ്റി എന്നുപറഞ്ഞിട്ട് എട്ടു വർഷമായി. ഒരു ചെറിയ കെട്ടിടം മാത്രമേ ഉണ്ടായിട്ടുള്ളൂ. മെട്രോ പദ്ധതി കേന്ദ്ര ഗവൺമെന്റ് എതിർത്തു. അങ്ങനെ കേരളത്തിന്റെ വികസനം ഇടതുപക്ഷ മുന്നണിയുള്ളപ്പോൾ എതിർക്കുകയും ഇപ്പോൾ അതിന്റെ പേരിൽ കണ്ണീരൊഴുക്കുകയും ചെയ്തിട്ട് കാര്യമില്ല. യാഥാർത്ഥ്യത്തിലേക്ക് വരണമെന്ന മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

3.00 PM]

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ജനങ്ങളുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട രണ്ട് വകുപ്പുകളാണ് വൈദ്യുതിയും ഗതാഗതവും. അതോടൊപ്പംതന്നെ ജീവന്റെ നിലനിൽപ്പുമായി ബന്ധപ്പെട്ട പരിസ്ഥിതി, വനം, കായികം തുടങ്ങിയ വിഷയങ്ങളും ഇവിടെ ചർച്ചയ്ക്കെടുക്കുകയാണ്. ഇവ ലാഭത്തിന്റെ കണക്ക് പറയാത്തവിധം ജനങ്ങൾക്കുവേണ്ടി സേവനം ചെയ്യാൻ നിർബന്ധമാക്കപ്പെട്ട വകുപ്പുകളാണ്. ട്രാൻസ്പോർട്ട് കേരളത്തിന് ഒരു പൈതൃക സ്വത്താണ്. 1938-ൽ തിരുവിതാംകൂർ

മഹാരാജാവ് ശ്രീ ചിത്തിര തിരുനാൾ ബാലരാമവർമ്മ ലണ്ടനിൽനിന്നും ഇറക്കുമതി ചെയ്ത 60 ബസുകളോടുകൂടി തുടങ്ങിയ ഈ സർവ്വീസ് കുടുംബസമേതം യാത്ര ചെയ്തുകൊണ്ടാണ് അദ്ദേഹം ഉദ്ഘാടനം ചെയ്തത്. കാരണം സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും അത് ആവശ്യമാണെന്ന സദുദ്ദേശത്തോടുകൂടിയാണ്. ഇപ്പോൾ അത് 5655 ബസുകളായി വർദ്ധിച്ചു. 42554 ജീവനക്കാരും 5655 ബസുകൾക്ക് 15548 ഡ്രൈവർമാരും 16330 കണ്ടക്ടർമാരുമാണ്. ശരാശരി മൂന്നുവീതം. വിദേശ രാഷ്ട്രങ്ങളിലൊക്കെ കണ്ടക്ടർമാരില്ലാതെയാണ് ബസ്സ് ഓടുന്നത്. ജനങ്ങൾ കാശു കൊടുത്ത് ബസിൽ കയറി യഥാസ്ഥാനത്ത് ഇറങ്ങിപ്പോകുന്ന അവസ്ഥ. എങ്ങനെയാണ് നമ്മുടെ വരുമാനം ചോർന്നുപോകുന്നതെന്ന് കൃത്യമായി മനസ്സിലാക്കാൻ കഴിയും. മാത്രമല്ല 4800 സർവ്വീസുകളിൽ 2000 സർവ്വീസുകൾ നഷ്ടത്തിലാണ് ഓടുന്നത്. ഇപ്പോഴത്തെ അഞ്ചര കോടി രൂപയുടെ പ്രതിദിന വരുമാനം ഏഴര കോടി രൂപയായില്ലെങ്കിൽ നാം ഇനിയും നഷ്ടം സഹിച്ചുകൊണ്ടേയിരിക്കണമെന്ന സ്ഥിതിയാണ്. അതുകൊണ്ടാണ് കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് ചർച്ച നടക്കുമ്പോൾ വളരെയേറെ ആലോചിച്ച് ചർച്ച ചെയ്യപ്പെടേണ്ട വിഷയമാകുന്നത്. 37 കോടി രൂപ പെൻഷൻ കാർക്കുമാത്രം നൽകുന്നു. ഇതിനെ എങ്ങനെ നവീകരിക്കണം.? കെ.എസ്.ആർ.ടി.സി.-ക്ക് ധാരാളം സ്ഥലമുണ്ട്. ആ സ്ഥലങ്ങൾ എങ്ങനെ വിനിയോഗിക്കാൻ കഴിയുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കണം. കെ.എസ്.ആർ.ടി.സി.-യുടെ ഒട്ടേറെ സ്റ്റേഷനുകൾ ഇപ്പോൾ നവീകരിച്ചിട്ടുണ്ട്. നഗരങ്ങളിലൊന്നും വാഹനങ്ങൾ പാർക്ക് ചെയ്യാൻ കഴിയാത്തത് കേരളത്തിന്റെ ശാപമായിരിക്കുകയാണ്. ചെറു വാഹനങ്ങൾ നിർത്തിയിടാൻ പാർക്കിംഗ് മാളുകൾ ഇല്ലാത്തതാണ് കാരണം. അതുകൊണ്ട് കെ.എസ്.ആർ.ടി.സി.-യുടെ സ്ഥലങ്ങളിൽ കാറുകൾക്ക് പാർക്കിംഗ് സ്റ്റേഷനുകൾ പണിയാൻ സർക്കാർ മുന്നോട്ടുവന്നാൽ ഗുണപരമായ മാറ്റമായിരിക്കും. ലോ ഫ്ലോർ ബസുകൾ ഇപ്പോൾ ഒരു അലങ്കാരമായി മാറിക്കൊണ്ടിരിക്കുകയാണ്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയുവാനുള്ളത്, താനൂർ ഇപ്പോൾ നഗരസഭയാണ്. താനൂരിൽനിന്ന് ജില്ലാ ആസ്ഥാനത്തേക്കും പെരിന്തൽമണ്ണയിലേക്കും രണ്ട് ലോ ഫ്ളോർ ബസുകൾ അനുവദിക്കണമെന്ന് ആവശ്യപ്പെടുകയാണ്. കൂടാതെ നിലമ്പൂരിലേക്കും ഒരു ലോ ഫ്ലോർ ബസ് അനുവദിക്കണം. വരവും ചെലവും തമ്മിൽ 1,200 കോടി രൂപയുടെ അന്തരം നിലനിൽക്കുന്ന ഈ വകുപ്പിൽ 39.55 കോടി രൂപ വളരെ അപര്യാപ്തമാണ്. ഈ പ്രയാസങ്ങൾക്കിടയിലും യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കി റിസർവ്ഡ് യാത്രക്കാർക്ക് അമ്പതിനായിരം രൂപ മുതൽ അഞ്ച് ലക്ഷം രൂപ വരെയും അൺ റിസർവ്ഡ് യാത്രക്കാർക്ക് പതിനായിരം രൂപ മുതൽ ഒരു ലക്ഷം രൂപ വരെയും ഇൻഷ്വറൻസ് ലഭ്യമാകുന്ന സംവിധാനം നടപ്പാക്കുന്ന മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്.

കേരളം രൂക്ഷമായ ഊർജ്ജ പ്രതിസന്ധിയിലേക്ക് നീങ്ങുകയാണെന്ന് ഇവിടെ പറഞ്ഞു. 2020-ൽ 6100 മെഗാവാട്ട് വൈദ്യുതി നമുക്ക് ആവശ്യമായി വരുമെന്നാണ് കണക്കുകൾ പറയുന്നത്. 2017-ൽ തന്നെ 4600 മെഗാവാട്ട് വേണം. ഇപ്പോൾ തന്നെ 3700 മെഗാവാട്ട് ഉപയോഗിച്ചു കൊണ്ടിരിക്കുന്നു. നാം ഉത്പ്പാദിപ്പിക്കുന്നത് കേവലം 1700 മെഗാവാട്ടാണ്. 1700 മെഗാവാട്ട് വൈദ്യുതി ഉത്പ്പാദിപ്പിക്കുന്നിടത്താണ് 3700 മെഗാവാട്ട് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിന് ആകെ ആവശ്യമായ 3700 മെഗാവാട്ട് ഊർജ്ജം ഉത്പ്പാദിപ്പിക്കാൻ വഴിയെന്താണ് ? കേരളത്തിന് ആവശ്യമായി വരുന്നത്ര വൈദ്യുതി ഉത്പ്പാദിപ്പിക്കുന്ന സോളാർ കേന്ദ്രങ്ങളുണ്ട്. ഞങ്ങൾ അടുത്തിടെ ചൈനയിലെ സോളാർ കേന്ദ്രം സന്ദർശിച്ചിരുന്നു. കേരളത്തിന് ഒരു ദിവസം ആവശ്യമായ വൈദ്യുതി പാനൽ ഉത്പ്പാദിപ്പിക്കുന്ന കമ്പനിയാണ്. ലോകം ഈ രീതിയിൽ ചിന്തിക്കുന്ന കാലമാണ്. നമ്മളും സൗരോർജ്ജ സാദ്ധ്യത ഉപയോഗപ്പെടുത്തുന്ന രീതിയിൽ ചിന്തിക്കാൻ തുടങ്ങിയിട്ടുണ്ട്. സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ (SECI) ആഭിമുഖ്യത്തിൽ 1400 കോടി രൂപയുടെ ഒരു പ്ലാന്റ് കാസർഗോഡ് സ്ഥാപിക്കാനുള്ള നീക്കം ആശ്വാസകരമാണ്. അതുവഴി 200 മെഗാവാട്ട് വൈദ്യുതിയെങ്കിലും കണ്ടെത്താനാകും. ഗവൺമെന്റ് അക്കാര്യത്തിൽ ഒരിഞ്ചുപോലും മുന്നോട്ടുപോയിട്ടില്ലെന്ന് പറഞ്ഞുകൂടാ. വീടുകളിൽ സ്ഥാപിക്കാവുന്ന സോളാർ സൺ ഷിഫ്റ്റ് ഇൻവെർട്ടർ വ്യാപകമാക്കണം. ഇപ്പോൾ തന്നെ അതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഒട്ടേറെ വീടുകളിൽ ഗവൺമെന്റ് അതിനുള്ള പരിശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. അതത് പ്രദേശത്ത് ലൈൻമാൻമാർവഴി തന്നെ ഇതു നടപ്പാക്കുന്നതിന് വീടുകളിൽ ബോധവത്ക്കരണം നടത്താൻ ഇലക്ട്രിസിറ്റി ബോർഡ് തയ്യാറാകണം എന്ന് അപേക്ഷിക്കുകയാണ്. താപനിലയങ്ങളിൽ പതിനൊന്നര രൂപയും ഊഹക്കമ്പോളത്തിൽ പതിനാലര രൂപയും നൽകുന്ന വൈദ്യുതി 3.75 രൂപയ്ക്കാണ് നാം ഉപഭോക്താവിന് നൽകുന്നത്. ഈ നഷ്ടം സഹിക്കാൻ എന്താണ് പരിഹാര മാർഗ്ഗം എന്ന് കണ്ടെത്തണം. നമ്മുടെ പ്രസരണ നഷ്ടം വേറെ. പതിനാല് ശതമാനമാണ് പ്രസരണനഷ്ടം. ഏകദേശം 3071 ദശലക്ഷം യൂണിറ്റ് പ്രസരണ നഷ്ടമാണ്. പ്രസരണ നഷ്ടത്തിന് പരിഹാരമുണ്ടാക്കാൻ ക്രിയാത്മകവും ശാസ്ത്രീയവുമായ നടപടിയുണ്ടാകണം. പുതിയ തലമുറയ്ക്ക് വൈദ്യുതി ഉപഭോഗം നിയന്ത്രിക്കാൻ കൃത്യമായ അറിവുണ്ടാകണം. നമ്മുടെ ഓരോരുത്തരുടെയും വീടുകളിൽ ഓരോ മുറിയിലും അഞ്ചും ആറും ബൾബുകളാണ് കത്തുന്നത്. അതിന്റെ എണ്ണം ചുരുക്കുക തന്നെ വേണം. നമ്മളാരും പ്രസംഗങ്ങളിലൂടെ നിരന്തരം ആരോപണ-പ്രത്യാരോപണങ്ങൾ ഉന്നയിച്ചതുകൊണ്ട് പരിഹാരമാവില്ല. ഓരോരുത്തരും തങ്ങളുടെ വീടുകളിൽ എത്ര ബൾബുകൾ കത്തിക്കുന്നു, എത്ര വൈദ്യുതി നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു, എത്ര അലങ്കാര വിളക്കുകളുണ്ടെന്ന് പരിശോധിക്കുമ്പോഴാണ് വൈദ്യുതി ഉപയോഗത്തിന്റെ കാര്യത്തിൽ

സാക്ഷരതയില്ലാത്തവരാണ് കേരളീയർ എന്ന് നാം തിരിച്ചറിയുക. ഏതായാലും നല്ലൊരു നീക്കമുണ്ടായിട്ടുണ്ട്. സ്റ്റാർട്ട് അപ് വില്ലേജിൽ ആരംഭിച്ച എനർജി ഇന്നൊവേഷൻ സോൺ തീർച്ചയായും മാതൃകപരമായ ഒരു തുടക്കമാണ്. ഞാൻ ഈ ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. ഈ പ്രതിസന്ധിക്കിടയിലും 3 തവണ കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ അവാർഡ് വാങ്ങിയ എനർജി മാനേജ്മെന്റ് സെന്ററിനെ അഭിനന്ദിക്കാതിരിക്കാനാവില്ല. വൈദ്യുതിരംഗത്ത് വലിയ ഇടപെടൽ വേണം.

29 ശതമാനം വനഭൂമിയുള്ള കേരളത്തിൽ വന സംരക്ഷണം പ്രധാനമാണ്. മരം സംരക്ഷണം നഗരങ്ങളിൽ ഇന്ന് വളരെ പ്രധാനമായി കാണുന്നുണ്ട്. മുസ്ലീംലീഗ് പാർട്ടിയുടെ പരിസ്ഥിതി പ്രവർത്തനങ്ങളുമായി ജനങ്ങളിലേക്ക് ഇറങ്ങിച്ചെന്നപ്പോൾ അത് വളരെ കൂടുതൽ ബോദ്ധ്യപ്പെട്ടതാണ്. മരം വച്ചുപിടിപ്പിക്കുക എന്നുള്ളതാണ് കാലാവസ്ഥാ വ്യതിയാനത്തിനുള്ള പരിഹാരം. 'പ്രപഞ്ചം തകരാൻ പോകുന്ന ദിനത്തിലും ലോകത്ത് ഒരു മനുഷ്യൻ മാത്രം അവശേഷിക്കുകയും ആ മനുഷ്യന്റെ കയ്യിൽ നട്ടാൽ തളിർക്കുന്ന ഒരു മരത്തിന്റെ കൊമ്പുമുണ്ടെങ്കിൽ അത് ഭൂമിയിൽ നട്ടിരിക്കണം' എന്നാണ് പ്രവാചകൻ പോലും പഠിപ്പിച്ചിട്ടുള്ളത്. അതിന്റെ അർത്ഥം മരം വച്ചുപിടിപ്പിക്കുക എന്നതിന്റെ പ്രാധാന്യം ബോദ്ധ്യപ്പെടുത്തുകയാണ്.

കായിക രംഗത്ത് ദേശീയ ഗെയിംസിലൂടെ കേരളം ഇന്ത്യയ്ക്കുതന്നെ മാതൃക യായിരിക്കുകയാണ്. ഇപ്പോൾ സ്കൂളുകളിൽ 6 മുതൽ 17 വരെ പ്രായമുള്ള കുട്ടികൾക്ക് പരിശീലനം നൽകിക്കൊണ്ടിരിക്കുന്നു. പരിശീലനം നൽകുന്ന പല സ്കൂളുകളിലും സ്റ്റേഡിയങ്ങളില്ല. എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്റ്റേഡിയം നിർമ്മിക്കാൻ തയ്യാറുണ്ടെങ്കിൽ കായിക വകുപ്പ് അതിന്റെ 50 ശതമാനം വഹിച്ചുകൊണ്ട് അതിനെ പ്രോത്സാഹിപ്പിക്കുന്ന സംവിധാനമുണ്ടാകണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്. അങ്ങനെ വന്നാൽ നമുക്ക് ധാരാളം സ്റ്റേഡിയങ്ങൾ നിർമ്മിക്കാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുകയാണ്.

അരുവിക്കര ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ ഇവിടെ പറഞ്ഞു, അരുവിക്കരയിലെ ജയത്തിൽ ഏറ്റവും കൂടുതൽ സന്തോഷിക്കുന്ന ഒരു പാർട്ടിയാണ് ഞങ്ങളുടേത്. അരുവിക്കരയിലെ ന്യൂനപക്ഷങ്ങൾ വർഗ്ഗീയതയ്ക്കും തീവ്രവാദത്തിനുമെതിരെ നിലയുറപ്പിച്ച ഒരു തെരഞ്ഞെടുപ്പാണിത്. കഴിഞ്ഞ തെരഞ്ഞെടുപ്പുകളിലൊക്കെ തീവ്രവാദ സംഘടനകളും അവരുടെ നേതാക്കളും ഇടതുപക്ഷ വേദികളിൽപ്പോലും അലങ്കാരമായിരുന്നു. അന്ന് ഞങ്ങൾ അതിനെ എതിർത്തു. ഞങ്ങൾ അതിന് വലിയ വില കൊടുക്കേണ്ടിവന്നു. പക്ഷേ ഇത്തവണ അത്തരക്കാരെ മതന്യൂനപക്ഷങ്ങൾ മനസ്സിലാക്കി അവരെ 'നോട്ട'-യ്ക്ക് പിന്നിൽ

നിർത്തി. ബി.ജെ.പി.-യെ പ്രതിരോധിക്കാൻ സി.പി.ഐ.(എം.)-ന്റെ ചെപ്പടി വിദ്യകളല്ല ആവശ്യം. മറിച്ച് കോൺഗ്രസിനോടും യു.ഡി.എഫ്.-നോടും ഒപ്പം നിൽക്കണമെന്നുള്ള ഒരു നിലപാടിലേക്ക് അവരെത്തി. അത് ഏതായാലും സന്തോഷകരമാണ്. ചെപ്പടി വിദ്യകളൊക്കെ മാറ്റിവയ്ക്കണമെന്നാണ് എനിക്ക് ഇടതുപക്ഷത്തോട് പറയാനുള്ളത്. ചെങ്കൊടിയേന്തുന്നതിനുപകരം നിലവിളക്കേന്തി സമരം ചെയ്താൽ ബി.ജെ.പി.-യെ പ്രീണിപ്പിക്കാനായേക്കാം. പക്ഷേ അവരെ പ്രതിരോധിക്കാനാവില്ല. ചെങ്കൊടി യേന്തിയ കൈകളിൽ നിലവിളക്കേന്തി സമരം ചെയ്താൽ അരുവിക്കര തോൽവിക്ക് പരിഹാരമാവില്ല. അത് ഇത്തരം ചെയ്തികൾ പ്രതിരോധിക്കാൻ ഉപകാരപ്പെടില്ല. മറ്റൊരു കാര്യം ഇവിടെ പറഞ്ഞു, പാഠപുസ്തകം ഇല്ലാതെ ഫോട്ടോകോപ്പിയെടുത്ത് പഠിച്ച കാലം ഇവിടെയുണ്ടായിരുന്നില്ലേ ? കഴിഞ്ഞ ഇടതുപക്ഷമുന്നണി ഭരണ കാലത്ത് ഫോട്ടോകോപ്പിയെടുത്ത് കുട്ടികൾ പഠിക്കേണ്ടി വന്നത് പല തവണ അപ്പുറത്തിരുന്ന പരാമർശിക്കേണ്ടി വന്നവരാണ് ഞങ്ങൾ. ശ്രീ. പി. കെ. അബ്ദു റബ്ബ് വിദ്യാഭ്യാസ മന്ത്രിയായതിനുശേഷം ആദ്യത്തെ മൂന്നുവർഷം ക്ലാസുകൾ തുടങ്ങുന്നതിന് മുമ്പുതന്നെ പാഠപുസ്തകങ്ങൾ നൽകിയല്ലോ. അതുകഴിഞ്ഞ് ഇപ്പോൾ സിലബസ് പരിഷ്ക്കാരം വന്നു, പുസ്തകത്തിന്റെ ഘടനയിൽ മാറ്റം വന്നു, കെട്ടിലും മട്ടിലും മാറ്റം വന്നു. യഥാസമയത്ത് പാഠപുസ്തകം നൽകാൻ കഴിഞ്ഞില്ല.

ശ്രീ. സി. കെ. നാണു : സർ, പോയിന്റ് ഓഫ് ഓർഡർ, ഇക്കാര്യം സംസാരി ക്കുമ്പോൾ വളരെ ശ്രദ്ധിക്കണം. നിലവിളക്ക് കൊളുത്തുക എന്നത് ബി.ജെ.പി.-യുടെയോ ഭാരതീയ ജനസംഘത്തിന്റെയോ മാത്രം അവകാശമല്ല. ഇദ്ദേഹം ചെങ്കൊടിയേന്തുന്ന തിനുപകരം നിലവിളക്കേന്തുക എന്നു പറഞ്ഞു. നിലവിളക്കും ബി.ജെ.പി.-യുമായി യാതൊരു ബന്ധവുമില്ല. ബി.ജെ.പി. വളരെ അടുത്തകാലത്തുണ്ടായ പാർട്ടിയാണ്. അതിന് എത്രയോ വർഷങ്ങൾക്കുമുമ്പ് ഇവിടെ നിലവിളക്കുണ്ട്. കടുത്ത ബി.ജെ.പി. വിരോധികളുടെ വീട്ടിൽ നിലവിളക്ക് കൊളുത്തുന്നുണ്ട്. അപ്പോൾ ഇങ്ങനെ സംസാരിക്കുന്നതിനെ പ്രോത്സാഹിപ്പിക്കരുത്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ഒരു വിശ്വാസിയുടെയും വിശ്വാസ പ്രമാണങ്ങൾ കാത്തുസൂക്ഷിക്കുന്നത് ഒരിക്കലും രാജ്യത്തിന്റെ വളർച്ചയ്ക്ക് തടസ്സമാകുന്നില്ല. ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു മതവിശ്വാസിയായിരുന്നില്ല. ഇന്ത്യയിലെ ഒരു മതവിശ്വാസിക്കും അദ്ദേഹത്തെ കൊണ്ട് ഒരിക്കലും പ്രയാസങ്ങൾ ഉണ്ടായിട്ടില്ല. ഇന്ത്യാരാജ്യത്ത് വിശ്വാസ പ്രമാണങ്ങൾ കാത്തുസൂക്ഷിക്കാൻ ഓരോ പൗരനും അവകാശമുണ്ട്. 'All persons are equally entitled to freedom of conscience and freely profess practice and propagate of religion' എന്ന് രാജ്യത്തിന്റെ ഭരണഘടനയിൽ പറയുന്നുണ്ട്. ഒരു വ്യക്തിക്ക് അവന്റെ വിശ്വാസം, അവന്റെ ആചാരം, അവന്റെ ആരാധനാക്രമമനുസരിച്ച് ജീവിക്കാം,

മറ്റുള്ളവരിലേക്ക് പ്രചരിപ്പിക്കാം. നിലവിളക്ക് കത്തിക്കാൻ അവകാശമുള്ളതുപോലെ ചിലർക്ക് കത്തിക്കാതിരിക്കാനും ഇന്ത്യൻ ഭരണഘടനയിൽ അവകാശമുണ്ട് എന്ന കാര്യം നിങ്ങളറിയണം. ഇവിടെ എസ്.എഫ്.ഐ.-ക്കാർ നിലവിളക്ക് ഏന്തി പ്രകടനം നടത്തുകയാണ്. എസ്.എഫ്.ഐ.-ക്കാർ ശുഭ്ര പതാകയ്ക്കുപകരം നിലവിളക്കേന്തി പ്രകടനം നടത്തുന്നത് കാണുമ്പോൾ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ഏത് രീതിയിൽ ഈ വിഷയത്തെ ഉപയോഗപ്പെടുത്തുന്നു എന്നറിയാൻ സാധിക്കും. ഞാൻ വിഷയത്തിലേക്ക് വരികയാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ജൂലൈ 20-ാം തീയതി പാഠപുസ്തകം നൽകുമെന്നു പറഞ്ഞ് സഭയെ തെറ്റിദ്ധരിപ്പിച്ചു എന്നാണ് ഇവിടെ പറഞ്ഞത്. പൊതുവിദ്യാഭ്യാസ വകുപ്പിലെ ശ്രീ. സെന്തിൽ ഐ.എ.എസ്. ഒപ്പിട്ട ഒരു സർക്കാർ ഉത്തരവാണിത്. ആ ഉത്തരവിന്റെ അവസാനം പറയുന്നത്, '….KBPS will complete the printing and distribution of the aforesaid quantity of text books....... by 20th July 2015' എന്നാണ്. ജൂലൈ 20-ന് പാഠപുസ്തകം നൽകണമെന്ന് ശ്രീ. വി. എസ്. സെന്തിൽ ഐ.എ.എസ്. ഒപ്പിട്ട ഒരു ഉത്തരവ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ കയ്യിൽ ഇരിക്കുമ്പോൾ അത് സഭയിൽ പറഞ്ഞാൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി അവാസ്തവം പറയുന്നു എന്ന് എങ്ങനെയാണ് പറയുക. അതുകഴിഞ്ഞ് പുറത്ത് മറ്റൊന്ന് പറയുന്നു എന്നുള്ള രീതിയിൽ വ്യാഖ്യാനിക്കുന്നത് ഉത്തരവാദപ്പെട്ട പ്രതിപക്ഷത്തിന് ചേർന്നതല്ല. നിങ്ങൾ ജനങ്ങളിൽ നിന്ന് അകലുന്നത് നിങ്ങൾ അറിയുന്നില്ല. നിയമസഭയിൽ ബഡ്ജറ്റ് ദിവസം പ്രതിപക്ഷം നടത്തിയ നെറികെട്ട അഭ്യാസങ്ങൾക്ക് ജനങ്ങൾ നിങ്ങളെ പാഠം പഠിപ്പിച്ചിട്ടും നിങ്ങൾ പഠിച്ചിട്ടില്ല. പഠിച്ചിരുന്നെങ്കിൽ ഇന്നലെ പ്രിയപ്പെട്ട അംഗം ശ്രീമതി ഇ. എസ്. ബിജിമോളുടെ ഭാഗത്തുനിന്ന് അങ്ങനെ ഒരു പെരുമാറ്റം പുറത്തുണ്ടാകുമായിരുന്നില്ല. ഈ കാര്യങ്ങൾ ഇടതുപക്ഷം പഠിക്കണം. ബഡ്ജറ്റ് അവതരണ ദിവസം ഈ നിയമസഭയിൽ എന്താണ് ചെയ്തത് എന്ന് നമുക്കറിയാം. ഇവിടെ ചെയ്ത ആഭാസങ്ങളെ ന്യായീകരിച്ചതുപോലെ തന്നെ ഇന്നലെ നിയമസഭാ സാമാജികർ ഒരിക്കലും കാണിക്കാൻ പാടില്ലാത്ത രീതിയിലാണ് ഒരു എ.ഡി.എം.-നോട് പ്രതികരിച്ചത്. ടെലിവിഷനിലും മറ്റും ജനങ്ങൾ കാണുമ്പോൾ നല്ല പ്രതീതിയല്ല ഉണ്ടാകുന്നത്. പ്രതികരിക്കാം, ഞങ്ങൾ ആരെയും കുറ്റപ്പെടുത്തുകയല്ല. പക്ഷേ പ്രതികരണങ്ങളുടെ രീതി എന്താണെന്ന് മനസ്സിലാക്കാൻ നമ്മൾ ബാദ്ധ്യസ്ഥരാണ്. ജനപ്രതിനിധി എന്നുള്ള നിലയിൽ, എം.എൽ.എ. എന്ന നിലയിൽ കേരളത്തിന്റെ പൊതുസമൂഹത്തിൽ ഉയർത്തിപ്പിടിക്കേണ്ട അന്തസ്സുണ്ട്. കേരളത്തിന്റെ പൊതു സമൂഹത്തിനിടയിൽ അവർക്കുള്ള അന്തസ്സ് കാത്തുസൂക്ഷിക്കുക തന്നെ വേണം. അതിനുപകരം ഈ രീതിയിൽ പോകുന്നത് ശരിയല്ല. ഇന്ത്യയുടെ ഇന്നത്തെ അവസ്ഥ മനസ്സിലാക്കണം. രാജ്യത്ത് ബി.ജെ.പി.-യെപ്പോലുള്ള വർഗ്ഗീയ ശക്തികൾ

കരുത്താർജ്ജിക്കുന്ന ഘട്ടത്തിൽ ഇന്ത്യയിലെ മതേതര കക്ഷികൾ ഏറ്റെടുക്കേണ്ട ദൗത്യമെന്താണെന്നുള്ള ഉത്തരവാദിത്വമാണ് നമുക്ക് വേണ്ടത്. മതേതര വോട്ടുകൾ ഭിന്നിക്കുകയല്ല, അതിനപ്പുറം ഇന്ത്യൻ നാഷണൽ കോൺഗ്രസിനെപ്പോലെ മതേതര വോട്ടുകൾ കേന്ദ്രീകരിച്ച് നിൽക്കുന്ന പാർട്ടികളും മറ്റു പാർട്ടികളും യോജിച്ച് നിൽക്കണം. ഒന്നാം യു.പി.എ. സർക്കാർ രൂപീകരിച്ചപ്പോൾ, ബി.ജെ.പി.-യുടെ കൈകളിൽനിന്ന് ഇന്ത്യയെ രക്ഷിക്കുകയെന്നുള്ള സദുദ്ദേശത്തോടുകൂടിയുള്ള സമീപനമാണ് സി.പി.ഐ.(എം) എടുത്തതെങ്കിൽ അതിനേക്കാൾ ശക്തമായ രീതിയിൽ ഇന്ന് ഇന്ത്യയിലെ മതേതര മുന്നേറ്റത്തിന് കരുത്തുപകരാൻ കാലഘട്ടമായിരിക്കുന്നു. ഈ സന്ദർഭത്തിൽ അന്ധമായി ചെറിയ ചെറിയ വിഷയങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് സി.പി.ഐ.(എം.) യഥാർത്ഥ കടമ മറക്കരുത്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സംസാരിക്കുന്നത് വസ്തുതയ്ക്ക് വിരുദ്ധമായാണ്. അവിടെ ആക്രമണമൊന്നും അഴിച്ചുവിട്ടില്ല. എ.ഡി.എം.-നെ അവിടെ നിന്ന് വളരെ സുരക്ഷിതമായി മാറ്റി വിടുന്നതിനുള്ള ശ്രമമാണ് നടത്തിയത്. വിഷ്വലുകളിൽ കാണുന്നത് വച്ച് വിലയിരുത്തുകയും നിയമസഭക്കുള്ളിൽ നടത്തിയിട്ടുള്ള വസ്തുതാ വിരുദ്ധമായ സ്റ്റേറ്റ്മെന്റും സഭയുടെ രേഖകളിൽ ഉണ്ടാകരുത്. ഇക്കാര്യത്തെ സംബന്ധിച്ച് റൂൾ ചെയ്യണം.

<u>മി. ചെയർമാൻ</u> : ഇതിന്റെയകത്ത് റൂളിംഗിന്റെ കാര്യമൊന്നുമില്ല.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : സർ, ഞാൻ എന്റെ പ്രസംഗത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്ത് ശ്രീമതി ഇ. എസ്. ബിജിമോൾ അക്രമം കാണിച്ചു എന്ന് പറഞ്ഞിട്ടില്ല. പക്ഷേ, അച്ചൻ പത്തായത്തിൽ പോലുമില്ലായെന്ന് ശ്രീമതി ഇ. എസ്. ബിജിമോൾക്ക് തോന്നിയത് എന്തുകൊണ്ടാണെന്ന് എനിക്കറിയില്ല. പക്ഷേ, കേരളത്തിലെ നിയമസഭാ സാമാജികന്മാരെക്കുറിച്ച് പ്രതിപക്ഷത്താകട്ടെ ഭരണപക്ഷത്താകട്ടെ കേരളത്തിലെ പൊതുസമൂഹത്തിന്റെ മുമ്പിലുള്ള സൽപ്പേര് നഷ്ടപ്പെട്ടിട്ടുണ്ട്. ഇവരൊക്കെ ഈ രീതിയിൽ സംസ്കാരമില്ലാത്തവരാണ്, ഞങ്ങൾക്ക് നിയമസഭയുടെ മേശപ്പുറത്ത് കയറാം, സ്പീക്കറുടെ കസേര മറിക്കാം എന്ന രീതിയിൽ കാര്യങ്ങളാവരുത്. ഇവിടെ ശ്രീ. കെ. എൻ. എ. ഖാദർ എഴുതിയ കവിതയെക്കുറിച്ച് പറഞ്ഞു. അക്കാര്യത്തിൽ എനിക്ക് സന്തോഷമുണ്ട്. കാരണം, ശ്രീ. കെ. എൻ. എ. ഖാദർ കലാകൗമുദിയിൽ എഴുതിയ കവിത ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ വായിച്ചത് സന്തോഷമായി. ആ കവിതയെ വിവിധ വീക്ഷണകോണിലൂടെ അദ്ദേഹം നോക്കി കാണുന്നു. ഏതായാലും ശ്രീ. കെ. എൻ. എ. ഖാദർ എഴുതുന്ന ലേഖനങ്ങൾ കൂടി അങ്ങ് ചില വീക്ഷണകോണിലൂടെ നോക്കിക്കണ്ടിരുന്നുവെങ്കിൽ അങ്ങ് ഇപ്പുറത്തിരിക്കുന്ന

വഴി തെരഞ്ഞെടുക്കുമായിരുന്നുവെന്ന് എനിക്ക് വിശ്വാസമുണ്ട്. ഐക്യജനാധിപത്യ മുന്നണി കേരളത്തിലെ ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയർന്നതുകൊണ്ടാണ് ജനാധിപത്യമുന്നണിക്ക് അനുകൂലമായ നിലപാട് ജനങ്ങൾ സ്വീകരിക്കുന്നത്. അതിൽ നിന്ന് പാഠം ഉൾകൊള്ളണമെന്ന മാത്രം അപേക്ഷിക്കുകയാണ്.

ശ്രീ. എ. കെ. ബാലൻ : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. എം.എൽ.എ.-മാരുടെ സ്വഭാവവും പ്രവർത്തനവുമെല്ലാം പൊതുസമൂഹത്തിന് യോജിക്കുന്ന തരത്തിലായിരിക്കണം. അതിൽ യാതൊരു വ്യത്യാസവുമില്ല. പക്ഷേ, ഇരട്ടക്കൊലപാതക കേസിലെയും ബലാത്സംഗക്കേസിലേയും പ്രതികളായുള്ള എം.എൽ.എ.-മാർ ഈ സഭയിലുണ്ടാകുന്നത് താങ്കൾക്ക് അംഗീകരിക്കാൻ കഴിയുമോ ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, അങ്ങനെ ഒരാളും ഇപ്പുറത്ത് പ്രതിയായിട്ടില്ല. സി.പി.ഐ.(എം)-ന്റെ ഓഫീസിൽ നിന്ന് കുറ്റപത്രം തയ്യാറാക്കി നിങ്ങൾ നിർണ്ണയിക്കുന്നവരല്ല പ്രതി. ഇവിടെ നടന്ന ഈ അക്രമങ്ങളൊക്കെ നാം നേരിൽ കണ്ടതാണ്. ഈ ടേബിളിലൂടെയാണ് നിങ്ങൾ മുണ്ടുമടക്കിക്കുത്തി നടന്നു നീങ്ങിയതും സ്പീക്കറുടെ കസേര മറിച്ച് താഴേക്കിട്ടതും കമ്പ്യൂട്ടർ പറിച്ച് താഴേയ്ക്കിട്ടതും. ഞങ്ങളുടെ നഗ്നനേത്രങ്ങൾ കൊണ്ട് കണ്ടതാണ്. അല്ലാതെ ഇത് ഏതെങ്കിലും പത്രങ്ങളിലൂടെ ഊഹം വച്ച് പ്രതിയെ നിർണ്ണയിച്ചതല്ല. നഗ്നനേത്രങ്ങൾ കൊണ്ട് ഇവിടെയിരിക്കുന്ന എം.എൽ.എ.-മാരും വാർത്താ മാധ്യമങ്ങളും കണ്ടതാണ്. അത്തരം നെറികേടുകൾ വകവച്ചു കൊടുക്കാൻ കഴിയില്ല. അന്തസ്സ് കാത്തുസൂക്ഷിക്കാൻ നിയമസഭാ സാമാജികന്മാർക്ക് കഴിയണം. ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

ശ്രീ. കെ. രാജു : സർ, ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടില്ലാത്ത ബഡ്ജറ്റുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് ഡിമാന്റും അതിന്റെ ചർച്ചയുമെല്ലാം നടക്കുന്നത്. സാധാരണയിൽനിന്ന് വ്യത്യസ്തമായി സ്പീക്കർ കഥകളി മുദ്ര അല്ലെങ്കിൽ ആംഗ്യം കാണിച്ച് ബഡ്ജറ്റ് അവതരിപ്പിക്കാൻ പറഞ്ഞുവെന്നാണ് പറയുന്നത്. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ചില കാര്യങ്ങളെല്ലാം ഇവിടെ സൂചിപ്പിച്ചു. സാധാരണഗതിയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ബഡ്ജറ്റ് അവതരിപ്പിക്കുകയാണെങ്കിൽ ഏത് സീറ്റിലിരുന്നാണ് അല്ലെങ്കിൽ ഏത് സീറ്റിൽ എഴുന്നേറ്റുനിന്നാണ് ബഡ്ജറ്റ് അവതരിപ്പിക്കുന്നതെന്ന് നമുക്കെല്ലാവർക്കുമറിയാം. ചെയറിൽ ഇരിക്കുന്ന ബഹുമാനപ്പെട്ട ശിവദാസൻ നായർ അടക്കമുള്ളവർക്കറിയാം. അദ്ദേഹത്തിന്റെ സീറ്റിൽ നിന്നുമാറി വേറെയൊരു സീറ്റ് അനുവദിച്ചിരിക്കുന്നു വെന്നുള്ള വിവരം ഈ അസംബ്ലിയിൽ സർക്കുലേറ്റ് ചെയ്യുകയോ സ്പീക്കർ പ്രഖ്യാപിക്കുകയോ ചെയ്തിരുന്നോ ? അപ്പോൾ സഭയുടെ എവിടെയെങ്കിലും ഏതെങ്കിലും ഭാഗത്തിരുന്നുകൊണ്ട് എന്തെങ്കിലും വായിക്കുന്നതാണ് ബഡ്ജറ്റ് അവതരണമെന്ന് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

ധരിച്ചിരിക്കുന്നുവെങ്കിൽ അത് ശരിയല്ല. നമ്മുടെ നിയമസഭയുടെ കീഴ്വഴക്കങ്ങൾക്ക് അനുസരിച്ചുള്ള സംഗതിയുമല്ല. അക്കാര്യത്തെ സംബന്ധിച്ച് അത്രമാത്രമേ സൂചിപ്പിക്കുന്നുള്ളു. അരുവിക്കര തെരഞ്ഞെടുപ്പിൽ വിജയമുണ്ടായി. ആ വിജയം എല്ലാവരും അംഗീകരിക്കുന്ന വസ്തുതയാണ്. ആ വിജയമുണ്ടായ ഒരു പശ്ചാത്തലമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ തന്ത്രപരമായി ഒരു കാര്യം ചെയ്തു. ഈ തെരഞ്ഞെടുപ്പ് വേണ്ടി വന്ന സാഹചര്യത്തിൽ മുഖ്യമന്ത്രി പറഞ്ഞത് ഗവൺമെന്റിന്റെ പ്രവൃത്തികളിലൂടെയുള്ള വിലയിരുത്തലായിരിക്കുമെന്നാണ്. കാരണം, അദ്ദേഹത്തിന് ഭംഗിയായി അറിയാം, കേരളത്തിന്റെ ഇതുവരെയുള്ള ചരിത്രം എടുത്ത് പരിശോധിച്ചാൽ, പ്രത്യേകിച്ച് ഇത്തരം സാഹചര്യത്തിൽ നടന്നിട്ടുള്ള ഉപതെരഞ്ഞെടുപ്പുകളിലെല്ലാം കേരളത്തിലെ ജനങ്ങൾ മരണപ്പെട്ടുപോയ ആളിനോടുള്ള പ്രത്യേകതയും സ്നേഹവും എല്ലാം വച്ചുകൊണ്ട് തന്റെ ഭാര്യയോ/മകനോ ആരാണോ പിന്നീട് സ്ഥാനാർത്ഥിയായി വരുന്നത് അവർക്ക് സഹതാപതരംഗം ഉണ്ടാകുമെന്നുള്ളത് ആർക്കാണ് അറിയാത്തത്. എത്രയോ ഉദാഹരണങ്ങൾ വേണമെങ്കിൽ നമുക്ക് ചൂണ്ടിക്കാണിക്കാം. തിരുവല്ലയിൽ മാമ്മൻ മത്തായി മരിച്ചപ്പോൾ നടന്ന ഉപതെരഞ്ഞെടുപ്പിൽ അദ്ദേഹത്തിന്റെ ഭാര്യയെ നിർത്തി മത്സരിച്ചപ്പോൾ അവർ വിജയിച്ചു. റാന്നി മണ്ഡലത്തിൽ സണ്ണി പനവേലി മരിച്ചപ്പോൾ അദ്ദേഹത്തിന്റെ ഭാര്യയായ റെയ്ച്ചൽ പനവേലിയെ നിർത്തി മത്സരിപ്പിച്ചപ്പോൾ അവർ ജയിച്ചു. എന്റെ നിയോജക മണ്ഡലമായ പുനലൂരിൽ, ശ്രീ. പി. കെ. ശ്രീനിവാസൻ ഈ നിയമസഭയിൽ രണ്ട് പ്രാവശ്യം അംഗമായിരുന്നു. മൂന്നാമത് മത്സരിക്കുകയും വോട്ടെണ്ണുന്നതിന്റെ തലേദിവസം മരണപ്പെടുകയും ചെയ്തു. പിറ്റേന്ന് വോട്ട് എണ്ണിയപ്പോൾ 7000-ൽ അധികം വോട്ടുകൾക്ക് അദ്ദേഹം വിജയിക്കുകയും ചെയ്തു. അവിടെ നടന്ന ഉപതെരഞ്ഞെടുപ്പിൽ അദ്ദേഹത്തിന്റെ മകൻ സ്ഥാനാർത്ഥിയായപ്പോൾ 21000 വോട്ടുകൾക്കാണ് ജയിച്ചത്. ടി. എം. ജേക്കബിന്റെയും ശ്രീ. അനൂപ് ജേക്കബിന്റെയും കാര്യം പ്രത്യേകിച്ച് ഞാനെടുത്തു പറയുന്നില്ല. കേരളത്തിന്റെ ചരിത്രം ഇതാണ്. ജി. കാർത്തികേയൻ മരിച്ചപ്പോൾ അദ്ദേഹത്തിന്റെ മകനെ സ്ഥാനാർത്ഥിയാക്കി നിർത്തുമ്പോൾ യു.ഡി.എഫ്. ഉദ്ദേശിച്ചതും ഇതുതന്നെയാണ്. ഈ അന്തരീക്ഷം മുതലാക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് നിർത്തിയതെന്നുള്ള കാര്യത്തിൽ സംശയമില്ല. ജനങ്ങൾക്ക് ആ സഹതാപമുണ്ട് കാർത്തികേയൻ സാറിനോടുള്ള സ്നേഹമുണ്ട്. ആ സ്നേഹം പ്രകടിപ്പിക്കുന്ന രീതിയിൽ ശ്രീ. കെ. എസ്. ശബരീനാഥനെ നല്ല ഭൂരിപക്ഷത്തോടുകൂടി വിജയിപ്പിക്കുകയും ചെയ്തു. അത് ഈ ഗവൺമെന്റിന്റെ കൊള്ളരുതായ്മകൾക്കെല്ലാം ജനങ്ങൾ നൽകുന്ന അംഗീകാര മാണെന്ന് തെറ്റിദ്ധരിക്കാൻ പാടില്ലായെന്ന വിനീതമായ അഭ്യർത്ഥനയാണ് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അടക്കമുള്ള യു.ഡി.എഫ്. നേതാക്കന്മാരോട് ഈ അവസരത്തിൽ പറയാനുള്ളത്. ഈ ഗവൺമെന്റ് ചെയ്ത ഏതെങ്കിലും നല്ല കാര്യം

സൂചിപ്പിക്കാനുണ്ടോ ? ഇവിടെ ധനാഭ്യർത്ഥന നടക്കുമ്പോൾ, കെ.എസ്.ആർ.ടി.സി.-യുമായി ബന്ധപ്പെട്ട വകുപ്പിന്റെ ചുമതലയുള്ള ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മാത്രമാണ് ഇപ്പോൾ ഇവിടെയുള്ളത്. കെ.എസ്.ആർ.ടി.സി. കുളംതോണ്ടിയില്ലേ ? കഴിഞ്ഞ സഭാസമ്മേളനം ചേരുമ്പോൾ പെൻഷൻ ജീവനക്കാരൻ മരിച്ചതുമായി ബന്ധപ്പെട്ട് അടിയന്തരപ്രമേയം അവതരിപ്പിച്ച് സംസാരിച്ചത് ഞാനാണ്. അദ്ദേഹം പറഞ്ഞത്, വരുന്ന 22-ാം തീയതി മുഖ്യമന്ത്രിയുടെ ചേമ്പറിൽ വച്ച് ചർച്ച നടത്താൻ പോവുകയാണെന്നും അതിലൂടെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ സാധിക്കുമെന്നുമാണ്. മുഖ്യമന്ത്രിയുടെ ചേമ്പറിൽ വച്ച് ചർച്ച നടത്തിയപ്പോൾ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും ഉണ്ടായിരുന്നു. അവിടെ തീരുമാനിച്ച ഏതെങ്കിലും വിഷയത്തിൽ തീരുമാനമെടുക്കാനോ നടപ്പിലാക്കാനോ ഈ ഗവൺമെന്റിനോ വകുപ്പുമന്ത്രിക്കോ കഴിഞ്ഞിട്ടുണ്ടോ ; കഴിഞ്ഞിട്ടില്ലായെന്നുള്ളതല്ലേ സത്യം ? കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി.-യുടെ സ്ഥിതി എന്താണ് ? കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുന്ന സമയത്തും ഭീമമായ നഷ്ടം ഉണ്ടായിരുന്നു. ആ നഷ്ടം ഒരു പരിധി വരെ കുറച്ചു കൊണ്ടുവരാൻ ശ്രീ. മാത്യു ടി. തോമസിനും ശ്രീ. ജോസ് തെറ്റയിലടക്കമുള്ള ആ ടീമിന് കഴിഞ്ഞിരുന്നുവെങ്കിൽ കെ.എസ്.ആർ.ടി.സി.-യുടെ സ്ഥിതി ഇങ്ങനെയാകുമായിരുന്നോ ? ജീവനക്കാർക്ക് പെൻഷൻ കിട്ടുന്നില്ല. ഇടയ്ക്ക് വകുപ്പും അതുപോലെ തന്നെ മന്ത്രിയുമെല്ലാം പ്രഖ്യാപിക്കുന്നത് പെൻഷന്റെ കുടിശ്ശികയെല്ലാം തീർന്നിരിക്കുന്നു ഇനി പ്രശ്നമില്ലായെന്നാണ്. നാലുമാസം-അഞ്ചുമാസം കുടിശ്ശിക വരുമ്പോൾ ഒരു മാസത്തെ കൊടുക്കുന്നു. അതുതന്നെ പൂർണ്ണമായല്ല കൊടുക്കുന്നത് വെറും 15,000 രൂപ കൊടുത്തിട്ട് പിന്നെ ബാക്കി കണക്കുമില്ല കാര്യവുമില്ല. എന്നിട്ട് പെൻഷൻ കൊടുത്തുതീർത്തു വെന്നാണ് പറയുന്നത്. കേരളത്തിലെ അങ്ങോള മിങ്ങോളമുള്ള എല്ലാ ഡിപ്പോകളിലും സബ് ഡിപ്പോകളിലും ഇപ്പോൾ ചെന്നാൽ കെ.എസ്.ആർ.ടി.സി.യി-ലെ പെൻഷൻ ജീവനക്കാർ 'ഞങ്ങൾക്ക് മരുന്നും അരിയും വാങ്ങാൻ പണമില്ല, ഞങ്ങൾക്ക് പെൻഷൻ തരണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് അവിടെയിരുന്ന് നിലവിളിക്കുന്നത് കാണാൻ സാധിക്കും. ഇതിനുവേണ്ടി ഒരു പാക്കേജ് പ്രഖ്യാപിച്ചില്ലേ; ബഹുമാനപ്പെട്ട മന്ത്രി ഒരു പ്രത്യേക പദ്ധതി കൊണ്ടുവന്നില്ലേ; ടിക്കറ്റിന്റെ പുറത്ത് സെസ് ഏർപ്പെടുത്തിയില്ലേ ; അതിന്റെ പിരിവ് നടക്കുകയല്ലേ ? പെൻഷൻ കൊടുക്കുന്നതിനു വേണ്ടി, പെൻഷൻ ഫണ്ടിലേക്ക് നിധി ഉണ്ടാക്കുന്നതിനുവേണ്ടി കഴിഞ്ഞ ഏപ്രിൽ മാസം മുതൽ ഇത് പിരിക്കുന്നില്ലേ ? ഒരു മാസം 40 കോടിയിലധികം രൂപ പെൻഷനേഴ്സിന് പെൻഷൻ കൊടുക്കാൻ വേണ്ടിവരുമെന്നാണ് പത്രവാർത്തയിലൂടെ മനസ്സിലാക്കാൻ സാധിച്ചത്. അങ്ങനെ യാണെങ്കിൽ ഇരുപത് കോടി രൂപ സർക്കാർ കൊടുക്കാമെന്നുപറഞ്ഞിട്ടും അതിൽ ഒരു പൈസ പോലും സർക്കാർ

കൊടുത്തിട്ടുണ്ടോ ? പെൻഷൻ കൊടുക്കാൻ വേണ്ടി മാസം 20 കോടി രൂപ പെൻഷൻ ഫണ്ടിലേയ്ക്ക് കൊടുക്കാമെന്നേറ്റ മന്ത്രിയും ഗവൺമെന്റുമല്ലേ ഇവിടെയിരിക്കുന്നത് ? അതോടൊപ്പം കെ.എസ്.ആർ.ടി.സി.-യും 20 കോടി രൂപ പെൻഷൻ ഫണ്ടിലേക്ക് ഉണ്ടാക്കാം, അങ്ങനെ 40 കോടി രൂപ ലഭിക്കുമ്പോൾ ഈ പെൻഷനെല്ലാം കെട്ടുത്തുതീർക്കാമെന്ന് പറഞ്ഞില്ലേ. ഞാൻ ഒറ്റ ചോദ്യം മാത്രമാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മുഖത്തുനോക്കി ചോദിക്കാൻ ഉദ്ദേശിക്കുന്നത്. കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കാൻ ഒറ്റ മാർഗ്ഗമേയുള്ളൂ ; 35000-ത്തിലധികം വരുന്ന പെൻഷൻ ജീവനക്കാരുടെ പെൻഷന്റെ ബാധ്യത സർക്കാർ ഏറ്റെടുക്കാൻ തയ്യാറാണോ ; ആരാണ് എതിര് ? ഇവിടെ പ്രതിപക്ഷം എതിരല്ല, ഞങ്ങളെല്ലാവരും സമ്മതിച്ചിട്ടുണ്ട്. ഭരണപക്ഷത്തുള്ള എം.എൽ.എ.-മാരും അങ്ങയോട് യോജിക്കും. എന്തുകൊണ്ട് കെ.എസ്.ആർ.ടി.സി.-യിലെ ഇപ്പോൾ നിലവിലുള്ള പെൻഷൻ ബാധ്യത സർക്കാരിന് ഏറ്റെടുത്തുകൂടാ? അവശ്യ സർവ്വീസല്ലേ കെ.എസ്.ആർ.ടി.സി. ? അതൊരു ബിസിനസ് സ്ഥാപനമാണോ ? എന്റെ നിയോജക മണ്ഡലമായ കുളത്തുപ്പുഴയിൽ യാത്രക്കാർക്കുകൂടി ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ മൂത്രപ്പുര പണിയുന്നതിനുവേണ്ടി എം.എൽ.എ. ഫണ്ടിൽനിന്ന് തുക അനുവദിച്ചുകൊണ്ട് കത്ത് കളക്ടർക്ക് കൊടുത്തിരുന്നു. ഒന്നു രണ്ടുമാസം കഴിഞ്ഞപ്പോൾ ഇതൊരു വ്യവസായ സ്ഥാപനമായതുകൊണ്ട് നിഷേധിച്ചിരിക്കുന്നു എന്ന മറുപടിയാണ് വന്നത്. ഞാൻ അതിനൊരു അപ്പീൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് കൊടുത്തപ്പോൾ അദ്ദേഹം എന്റെ അപ്പീൽ തള്ളി, അത് തിരിച്ചുതന്നു. കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കണമെന്ന ഉദ്ദേശ്യം അങ്ങയുടെ ധനകാര്യ വകുപ്പിനോ മുഖ്യമന്ത്രിക്കോ ഉണ്ടോ ? അങ്ങനെ യാതൊരുവിധ ലക്ഷ്യവുമില്ല. ഈ ഒരു ഉദാഹരണം മാത്രമല്ല. കെ.എസ്.ആർ.ടി.സി.-യുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി എം.എൽ.എ. ഫണ്ടിൽനിന്ന് തുക അനുവദിച്ചാൽ ഇതൊരു വ്യവസായ സ്ഥാപനമാണെന്നു പറഞ്ഞുകൊണ്ട് നിഷേധിക്കുന്ന സമീപനമാണിന്നുള്ളത്. ഇക്കാര്യത്തിൽ അങ്ങ് അടിയന്തരമായി ഇടപെട്ട് പരിഹാരം കാണണം. ക്യാബിനറ്റിൽ ചർച്ച ചെയ്യണം. എന്റെ നിയോജക മണ്ഡലമായ പുനലൂരിനോടുള്ള അവഗണന അവസാനിപ്പിക്കണമെന്ന് അങ്ങയോട് ഞാൻ നേരിട്ടും കത്ത് മുഖേനയും പലതവണ ആവശ്യപ്പെട്ടിട്ടുണ്ട്. ഒരു ലോ ഫ്ലോർ ബസ് എങ്കിലും പുനലൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് തന്നോ ? മിക്കവാറും എല്ലാ ഡിപ്പോയ്ക്കും കൊടുത്തിട്ടില്ലേ. പുനലൂർ ഡിപ്പോയ്ക്ക് ഒന്നും തന്നിട്ടില്ല. അങ്ങ് അന്വേഷിച്ച് നോക്കുക. കഴിഞ്ഞ ആഴ്ചയാണ് ഏഴ് ഫാസ്റ്റ് പാസ്സഞ്ചർ ബസുകൾ പിൻവലിച്ചത്. പകരം ഒരു ഫാസ്റ്റ് പാസ്സഞ്ചർ ബസ് തന്നു. ഏഴ് ബസുകൾ പിൻവലിച്ചതിന്റെ കാരണം അന്വേഷിച്ചപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത് കാലാവധി കഴിഞ്ഞതു കൊണ്ട് അവ ഓർഡിനറിയായിപ്പോകും അതുകൊണ്ട് തിരിച്ചെടുത്തതാണെന്നാണ്. അങ്ങനെ

തിരിച്ചെടുത്താൽ പകരം ബസ് വേണ്ടേ ? ഏറ്റവും കൂടുതൽ വരുമാനമുള്ള ഒരു ഡിപ്പോയാണ് പുനലൂർ ഡിപ്പോ. ആ ഡിപ്പോയോടുള്ള അവഗണന അവസാനിപ്പിക്കണം. അങ്ങ് പുനലൂരിലൂടെ പലപ്പോഴും കടന്നുവരുന്ന ആളാണ്. നല്ലതുപോലെ അറിയാവുന്നതാണ്. തീർച്ചയായും ആ അവഗണന അനുവദിക്കാൻ പാടില്ലായെന്ന് വളരെ വിനീതമായി അങ്ങയോട് അഭ്യർത്ഥിക്കുകയാണ്. അവിടെ ലോ ഫ്ലോർ ബസ് അനുവദിക്കണം.

പുനലൂർ ട്രാൻസ്പോർട്ട് ഡിപ്പോയുടെ നടുക്കാണ് മൂത്രപ്പുര. അങ്ങയുടെ നേതൃത്വത്തിൽ ഞാനും ട്രാൻസ്പോർട്ട് വകുപ്പിലെ ഉദ്യോഗസ്ഥന്മാരും കൂടിപങ്കെടുത്ത യോഗത്തിൽ വച്ച് അത് പൊളിക്കണമെന്ന് തീരുമാനിച്ചതാണ്. എം.ഡി. അവിടെ വരുമെന്ന് തീരുമാനിച്ചതാണ്. നാളിതുവരെ എം.ഡി. അവിടെ വന്നിട്ടില്ല. തീരുമാനമെടുത്തിട്ട് നാലുമാസം കഴിഞ്ഞു. മിനിട്ട്സും സർക്കുലേറ്റ് ചെയ്തു. ഇതുവരെ ഉദ്യോഗസ്ഥന്മാർ വന്നിട്ടില്ല. വൈരനിര്യാതന ബുദ്ധിയോടുകൂടിയാണ് അതിലെ ചില ഉദ്യോഗസ്ഥർ പെരുമാറുന്നതെന്നുള്ള ഗുരുതരമായ ആരോപണം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പാകെ വയ്ക്കുകയാണ്. കൂടുതൽ തെളിവുകൾ വേണമെങ്കിൽ തരാൻ ഞാൻ തയ്യാറാണ്.

കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കാൻ ഒരു മാർഗ്ഗമേയുള്ളൂ. ഇപ്പോഴുള്ള പെൻഷന്റെ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കുക. തുടർന്നുള്ള പെൻഷൻ കൊടുക്കുന്നതിനുള്ള ഫണ്ട് ഉണ്ടാക്കി അതിനുള്ള കാര്യങ്ങൾ ചെയ്യുക. അങ്ങ് അത് പ്രഖ്യാപിക്കണം. മറുപടി കേൾക്കാൻ ഞങ്ങൾ ഇരിക്കുന്നില്ല. അങ്ങ് പ്രഖ്യാപിക്കുമെന്ന് ഞാൻ കരുതുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ കൈകാര്യം ചെയ്യുന്ന വകുപ്പാണ് വനം വകുപ്പ്. ഇന്ന് റോഡുകളിൽ കെട്ടടങ്ങുന്ന ജീവനേക്കാൾ കൂടുതൽ അങ്ങയുടെ വനം വകുപ്പ് കൊണ്ട് മനുഷ്യന്റെ ജീവൻ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. എന്റെ മണ്ഡലത്തിൽപ്പെട്ട കുളത്തുപ്പുഴയിൽ ആന നാട്ടിൻ പുറത്തിറങ്ങി വന്ന് രാജൻ എന്ന ആളെ കുത്തി കൊന്നിട്ട് ഇപ്പോൾ മൂന്ന് മാസമായി. വയനാട്ടിൽ കടുവ മനുഷ്യനെ കൊന്നുതിന്നു. ആര്യങ്കാവ് പഞ്ചായത്തിൽ കഴിഞ്ഞ നാലുമാസങ്ങൾക്കുമുമ്പ് തുളസീധരൻ എന്ന ടാപ്പിംഗ് തൊഴിലാളി ടാപ്പിംഗ് നടത്തുന്നതിനുവേണ്ടി രാവിലെ പോകുന്ന സമയത്ത് ആന എസ്റ്റേറ്റിനകത്തിറങ്ങി വന്ന് ഈ ടാപ്പിംഗ് തൊഴിലാളിയെ കുത്തിക്കൊന്നു. കാട്ടുമൃഗങ്ങളുടെ ശല്യം വർദ്ധിക്കുകയാണ്. പുലി പശുക്കളെ പിടിച്ചുകൊണ്ടുപോകുന്നു. കുളത്തുപ്പുഴ, ആര്യങ്കാവ്, തെന്മല തുടങ്ങിയ മേഖലകളിൽ കൊച്ചുകുട്ടികളടക്കം ഭയന്ന് നിലവിളിച്ചുകൊണ്ട് ഓടുന്ന സ്ഥിതിയാണ്. ഇതിന് പരിഹാരം വേണ്ടേ ? ഇതിന് പരിഹാരം കാണണമെങ്കിൽ സോളാർ ഫെൻസിംഗ് അടക്കമുള്ള കാര്യങ്ങൾക്ക് കൂടുതൽ ഫണ്ട് അലോട്ട് ചെയ്തുകൊണ്ട് ആ പണം സമയബന്ധിതമായി ചെലവഴിക്കാൻ കഴിയണം. ആന നാട്ടിൻപുറത്തേക്കിറങ്ങി വരാതിരിക്കാൻ തൊഴിലുറപ്പ്

പദ്ധതിയിൽ ഉൾപ്പെടുത്തി ട്രഞ്ച് നിർമ്മിക്കണം. ഇതിനൊന്നും ഉത്തരവാദിത്വപരമായ സമീപനം ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽനിന്നും ഉണ്ടാകുന്നില്ലെന്നുള്ളത് ഞാൻ ചൂണ്ടി കാണിക്കുകയാണ്.

നമ്മുടെ അഞ്ച് കുട്ടികൾക്ക് അവരുടെ ജീവൻ ബലിയർപ്പിക്കേണ്ടിവന്നു. റോഡിന്റെ സൈഡിൽ നിൽക്കുന്ന അപകട ഭീഷണിയുള്ള മരങ്ങൾ മുറിച്ചുമാറ്റാൻ ഒരു സർക്കാരോ ഭരണകൂടമോ ഇവിടെയില്ല. അഞ്ച് കുട്ടികളുടെ ജീവൻ പോയപ്പോഴാണ് സർക്കാർ ഒന്നനങ്ങുന്നത്. അതിനും തടസ്സം വനം വകുപ്പാണ്. അവർ ഈ തടിയുടെ വില നിശ്ചയിക്കണം. റവന്യൂ വകുപ്പ് എന്തുകൊണ്ട് പെട്ടെന്ന് ഇത് മുറിച്ചുമാറ്റുന്നില്ലായെന്ന് ഞാൻ ചോദിച്ചപ്പോൾ അവർ പറയുന്നത്, ഞങ്ങൾ സോഷ്യൽ ഫോറസ്ട്രിയെ അറിയിച്ചിട്ടുണ്ട്, അവർ വന്ന് വില നിശ്ചയിക്കണം എന്നാണ്. സോഷ്യൽ ഫോറസ്ട്രി ഈ മരത്തിന് വിലയിട്ടിട്ടുണ്ടെങ്കിൽ അടുത്ത പത്ത് വർഷത്തിനകം അത് ലേലം ചെയ്യാൻ കഴിയില്ല. അവർ ഇടുന്ന വില അങ്ങനെയാണ്. ഇത് നഗ്നമായ യാഥാർത്ഥ്യമാണ്. ആറന്മുളയിലും പത്തനംതിട്ടയിലുമടക്കമുള്ള വിഷയമാണ് ഞാൻ പറയുന്നത്. മനുഷ്യ ജീവന്റെ പുറത്ത് മരങ്ങൾ വന്നുവീഴുന്നതിന്റെ ഉത്തരവാദിത്വത്തിൽനിന്നും വനം വകുപ്പിന് ഒഴിഞ്ഞുനിൽക്കാൻ കഴിയില്ല. മറ്റ് വകുപ്പിനൊന്നുമില്ലാത്ത ഉത്തരവാദിത്വമാണ് വനം വകുപ്പിനുള്ളത്.

വനം വകുപ്പുമന്ത്രി ശ്രദ്ധിക്കേണ്ട മറ്റൊരു വിഷയം കൂടിയുണ്ട്. ആര്യങ്കാവ് പഞ്ചായത്തിലും ടി. ആർ. & ടി. (Travancore Rubber and Tea Company) കമ്പനി (ശർമ്മ) യുടെ തോട്ടമുണ്ട്. സത്യത്തിൽ ഞാനിപ്പോഴാണ് അത് മനസ്സിലാക്കുന്നത്. അദ്ദേഹത്തിന്റെ തോട്ടത്തിലൂടെ കിലോമീറ്ററോളം ദൂരത്തിൽ ഈ റോഡ് കടന്നുപോകുന്നു. ആ റോഡിന്റെ അപ്പുറവും ഇപ്പുറവും രണ്ട് ചെക്ക്പോസ്റ്റ് സ്ഥാപിച്ച് അദ്ദേഹം പണം പിരിക്കുകയാണ്. ഒരു ചെറിയ വാഹനമായാലും വലിയ വാഹനമായാലും നൂറ് രൂപ വച്ച് പിരിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ കുറെ ഭാഗം വനഭൂമിയാണ്. അവർ അനധികൃതമായി റവന്യൂ ഭൂമി കൈവശം വച്ചിരിക്കുകയാണ്. ജനങ്ങളുടെ ന്യായമായ ആവശ്യങ്ങളിന്മേൽ പതറാതെ നിൽക്കുക എന്നുള്ളതാണ് ഒരു ജനപ്രതിനിധിയുടെ ഉത്തരവാദിത്വം. ജനകീയ ആവശ്യങ്ങൾക്കുവേണ്ടി ജനങ്ങൾ പ്രക്ഷോഭങ്ങളുമായി മുന്നോട്ടുവരുമ്പോൾ അത് കണ്ടുകൊണ്ട് ഓടിപ്പോകുന്നവരല്ല ഞങ്ങൾ. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിക്ക് അതാകാം. പക്ഷേ ശ്രീമതി ഇ. എസ്. ബിജിമോൾക്കോ എനിക്കോ അതിനാവില്ല. ജനങ്ങളോടൊപ്പം നിൽക്കാനുള്ള ബാദ്ധ്യത ഞങ്ങൾക്കുണ്ട്. ആ ബാദ്ധ്യത ഞങ്ങൾ നിറവേറ്റുമെന്ന് ഈ അവസരത്തിൽ സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. മുരളീധരൻ</u> : സർ, ട്രാൻസ്പോർട്ട്, വൈദ്യുതി, വനം എന്നീ പ്രധാനപ്പെട്ട മൂന്ന് ധനാഭ്യർത്ഥകളാണ് ഇവിടെ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. കേരളത്തെ സംബന്ധിച്ച് ഇത് വളരെ പ്രധാനപ്പെട്ട മൂന്ന് വകുപ്പുകളാണ്. കഴിഞ്ഞ മൂന്നര മണിക്കൂറുകളായി രണ്ട് ഭാഗത്തുനിന്നുമുള്ള അംഗങ്ങൾ ഈ ചർച്ചയിൽ സജീവമായി പങ്കെടുത്ത് നിർദ്ദേശങ്ങൾ സമർപ്പിച്ചു. ഇതിന് ബഹുമാനപ്പെട്ട മന്ത്രിമാർ മറുപടി പറയുമ്പോൾ ഇവിടെ കാര്യങ്ങൾ ഉന്നയിച്ച ചിലർ സഭയിൽ ഉണ്ടാകില്ലെന്ന് എന്റെ മുൻ പ്രാസംഗികനായ ശ്രീ. കെ. രാജു ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഏതായാലും ചർച്ചയിൽ പങ്കെടുക്കുന്നുണ്ട്, നിർദ്ദേശങ്ങൾ സമർപ്പിക്കുന്നുണ്ട്. ആ സ്ഥിതിക്ക് മറുപടി കേട്ടാൽ എന്താണ് കുഴപ്പം ? മാത്രമല്ല, ശ്രീ. കെ. രാജുവിന് അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിലേക്ക് ലോ ഫ്ലോർ ബസ് പോകുന്നുണ്ടോയെന്ന് അറിയണമെങ്കിൽ റിട്ടയറിംഗ് റൂമിലിരുന്ന് കേൾക്കേണ്ടി വരുന്നത് ഒരു നല്ല കാര്യമല്ലേ ? അതുകൊണ്ട് ഈ ചർച്ചയിൽ പങ്കെടുക്കുന്ന എല്ലാവരും മന്ത്രിമാരുടെ മറുപടികൾ കേൾക്കുകയും അതിൽ അഭിപ്രായ വ്യത്യാസങ്ങളുണ്ടെങ്കിൽ തീർച്ചയായും അത് പ്രകടിപ്പിക്കുകയും വേണം. ഏതായാലും ചർച്ചയിൽ പങ്കെടുക്കുന്ന സ്ഥിതിക്ക് മന്ത്രിമാരുടെ മറുപടി കേൾക്കാനെങ്കിലും തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഈ മൂന്ന് പ്രധാനപ്പെട്ട വകുപ്പുകളെ സംബന്ധിച്ച് പറയുമ്പോൾ, ഞങ്ങളൊക്കെ രാഷ്ട്രീയത്തിന്റെ പേരിലാണ് ജനപ്രതിനിധികളായതും അങ്ങനെയാണ് ഈ സഭയിൽ അംഗങ്ങളായതും. ട്രാൻസ്പോർട്ട്, വൈദ്യുതി വകുപ്പുകളെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ അതിന് കുറേക്കൂടി ഗൗരവത്തിലുള്ള ചർച്ച വേണ്ടേ; ഗൗരവമില്ലെന്നല്ല ഞാൻ പറയുന്നത്. അതിനെ വെറും രാഷ്ട്രീയത്തിന്റെ കണ്ണുകൊണ്ട് കണ്ടാൽ മതിയോ ? ഈ രണ്ട് വകുപ്പുകളും നന്നായി മുന്നോട്ട് കൊണ്ടുപോകേണ്ടത് കേരളത്തിന്റെ ആവശ്യമാണ്. കെ.എസ്.ആർ.ടി.സി. ഇല്ലാത്ത ഒരു ട്രാൻസ്പോർട്ട് ഫീൽഡിനെക്കുറിച്ച് നമുക്ക് ആലോചിക്കാൻപോലും സാദ്ധ്യമല്ല. അതുപോലെയാണ് വൈദ്യുതി വകുപ്പ്. കേരളത്തിനും ഇന്ത്യയ്ക്കും ലോകത്തിനും വൈദ്യുതി ഒരു പ്രധാനപ്പെട്ട ഘടകമാണ്. കേരളത്തെ സംബന്ധിച്ച് ഇപ്പോൾ വൈദ്യുതി മേഖലയിലും ട്രാൻസ്പോർട്ട് മേഖലയിലുമൊക്കെ ചില പ്രശ്നങ്ങളുണ്ട്. അത് പരിഹരിക്കുക എന്നുള്ളതാണ് നമ്മുടെ ഉത്തരവാദിത്വം. വൈദ്യുതി മേഖലയെ സംബന്ധിച്ച് എനിക്ക് ലഭ്യമായ കണക്കനുസരിച്ച് ഇപ്പോഴത്തെ ഉല്പാദനശേഷി 2900 MW ആണ്. അതിൽ ജലവൈദ്യുത പദ്ധതിയിൽനിന്ന് 2000 MW-ഉം താപ വൈദ്യുതിയിൽനിന്ന് 235 MW-ഉം കാറ്റിൽനിന്ന് 3 MW-ഉം എൻ.ടി.പി.സി.-യിൽനിന്ന് 360 MW -ഉം മറ്റ് സോഴ്സുകളിൽനിന്ന് 400 MW-ഉം ആണ്. പുറത്തുനിന്നും വാങ്ങുന്ന വൈദ്യുതി ഉൾപ്പെടെ 3229 MW ആണ്. 2015-16 വർഷങ്ങളിൽ ഏതാണ്ട് 4032 MW വൈദ്യുതി കേരളത്തിന് വേണ്ടിവരുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നാൽ അടിസ്ഥാന

പരമായിട്ടുള്ള പല പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. അതായത് കുറെ വർഷങ്ങളായി സഭയിൽ വൈദ്യുതി വകുപ്പിന്റെ ഏത് ചർച്ച വരുമ്പോഴും എല്ലാവരും പറയുന്ന ഒരു പ്രധാന പ്രോജക്ടാണ് ആതിരപ്പിള്ളി പദ്ധതി. ആതിരപ്പിള്ളി പദ്ധതി ഉണ്ടോ ഇല്ലയോ എന്നുള്ളതിനെക്കുറിച്ചുള്ള അനിശ്ചിതത്വം ഇപ്പോഴും തുടരുകയാണ്. സഭയിലെ മുൻ അദ്ധ്യക്ഷനായിരുന്ന ജി. കാർത്തികേയന്റെ കാലത്തും മൂന്നുമാസക്കാലം ഞാനും അതുപോലെ ശ്രീ. കടവൂർ ശിവദാസനും ശ്രീ. ആര്യാടൻ മുഹമ്മദും ശ്രീ. എ. കെ. ബാലനും ഒക്കെ മന്ത്രിമാരായിരുന്ന കാലത്ത് തുടങ്ങിയ ചർച്ചയാണ് ആതിരപ്പിള്ളി പദ്ധതിയെക്കുറിച്ച്. ആ പദ്ധതിയുടെ ഇന്നത്തെ സ്ഥിതി എന്താണ് ? അത് നടപ്പാക്കാനുള്ള എന്തെങ്കിലും പദ്ധതികളുണ്ടോ ? ഇതുപോലുള്ള പദ്ധതികൾ മുടങ്ങിയാൽ എന്തായിരിക്കും വൈദ്യുതി രംഗത്തിന്റെ ഭാവി എന്നുള്ളതിനെക്കുറിച്ച് കാര്യമാത്ര പ്രസക്തമായ ചർച്ചകൾ ഉണ്ടാകുന്നില്ലെന്നുള്ളത് ദുഃഖകരമാണ്. എല്ലാത്തിനും നെഗറ്റീവ് പറയുമ്പോൾ ഇവിടെ പലരും ജലവൈദ്യുത പദ്ധതികൾ വരുമ്പോൾ അതിനെതിരായിട്ടുള്ള നിലപാടുകൾ പറയുന്നുണ്ട്. അതേസമയം ഞാൻ പലപ്പോഴും പറഞ്ഞിട്ടുള്ളതുപോലെ, ഫ്ലാറ്റുകൾ പൊങ്ങുമ്പോൾ ഒരു പരിസ്ഥിതിവാദികളും അതിനെതിരായി പ്രതികരിക്കാറില്ല. ഒരു വൈദ്യുതി പ്രോജക്ട് വരുമ്പോൾ അതിനെതിരായി പ്രതികരിക്കുകയും സമരം നടത്തുകയും പദ്ധതികൾ തടസ്സപ്പെടുത്തുകയും ചെയ്യും. കേരളത്തെ സംബന്ധിച്ച്, പാരമ്പര്യേതര ഊർജ്ജമായ സോളാറിന്റെ പ്രവർത്തനം കുറെയൊക്കെ നടക്കുന്നുണ്ടെങ്കിലും സോളാർ ഉപയോഗിച്ച് വീടുകളിലൊക്കെ വൈദ്യുതി വയ്ക്കുമ്പോൾ ചെലവ് കൂടുതലുണ്ട്. അതിന് സബ്സിഡി വർദ്ധിപ്പിച്ചില്ലെങ്കിൽ സാധാരണക്കാർക്ക് ഒരിക്കലും സോളാർ കൊണ്ട് അധികം പ്രയോജനം ഉണ്ടാകില്ല. ഇതിന്റെ സബ്സിഡി വർദ്ധിപ്പിച്ചാൽ മാത്രമേ സോളാർ ഉപയോഗിച്ചുള്ള വൈദ്യുതിക്ക് കൂടുതൽ ആളുകൾ മുന്നോട്ട് വരികയുള്ളൂ. സ്ഥാപനങ്ങൾ കുറെയൊക്കെ മുന്നോട്ട് വന്നിട്ടുണ്ടെങ്കിലും അതനുസരിച്ച് താഴെത്തട്ടിലേക്ക് ഇതിന്റെ പ്രവർത്തനങ്ങൾ പോയിട്ടില്ല. 2015-16 വർഷത്തെ ബഡ്ജറ്റിൽ ഊർജ്ജോല്പാദനം വർദ്ധിപ്പിക്കാനായി 1467.2 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. എൽ.എൻ.ജി.-യുടെ വാറ്റ് ഒഴിവാക്കാൻ വേണ്ടി 100 കോടി രൂപയുടെ ബാദ്ധ്യത ഏറ്റെടുത്തുകൊണ്ടാണ് വാറ്റ് നികുതി ഇപ്പോൾ ഒഴിവാക്കിയിട്ടുള്ളത്. കൊച്ചിയിലെ 500 മെഗാവാട്ടിന്റെ പെട്രോളിയം ബേസ്ഡ് വൈദ്യുതി നിലയം സ്ഥാപിക്കാൻ ഇപ്പോൾ തീരുമാനം എടുത്തിട്ടുണ്ട്. അതുപോലെ ജലവൈദ്യുതി രംഗത്ത് ചെങ്കളം അഡ്മിനിസ്ട്രേഷൻ സ്കീമിന് 15 കോടി രൂപയും ചാത്തൻകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതിക്ക് 20 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതൊക്കെ പെട്ടെന്ന് കമ്മീഷൻ ചെയ്യാൻ കഴിഞ്ഞാൽ കുറെയൊക്കെ സഹായകരമായിരിക്കും. അതുപോലെ ഡീസൽ നിലയങ്ങൾ എൽ.എൻ.ജി. ആക്കാൻ 59 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. നമ്മൾ നേരിടുന്ന ഒരു പ്രധാന പ്രശ്നം വൈദ്യുതി പുറമെ നിന്നു വാങ്ങുന്നു എന്നതാണ്. അതുപോലെ കൂടംകുളം പദ്ധതി 133 മെഗാവാട്ട് ആദ്യ ഘട്ടത്തിൽ

നമുക്ക് അവകാശപ്പെട്ടതാണ്. ഞാൻ മുമ്പ് പല ചർച്ചകളിലും പറഞ്ഞതാണ്. പലയിടത്തും ലൈൻ വലിക്കാൻ കഴിയുന്നില്ല. പലപ്പോഴും ശ്രദ്ധിച്ചിട്ടുള്ള കാര്യം അതിന് വരുന്ന പ്രാദേശികമായ തർക്കങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ ജനപ്രതിനിധികളുൾപ്പെടെ എതിരായി നില്ക്കുകയാണ്. ജനങ്ങൾ ചില തെറ്റിദ്ധാരണയുടെ പേരിൽ അവിടെ സമരം ഉണ്ടാക്കുമ്പോൾ അവരെ കാര്യങ്ങൾ പറഞ്ഞ് ബോദ്ധ്യപ്പെടുത്തി അടിസ്ഥാനപരമായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഒരു കാരണവശാലും കൂടുതൽ വൈദ്യുതി വാങ്ങാൻ കഴിയാത്ത സാഹചര്യം ഉണ്ടാകും. ഇപ്പോൾ തന്നെ ഈ വർഷം ഉദ്ദേശിച്ചപോലെയൊന്നും മഴ കിട്ടിയിട്ടില്ല. ഭാഗ്യത്തിന് വേനൽമഴ കൂടുതൽ ലഭിച്ചതുകൊണ്ടാണ് അല്പം ഭേദപ്പെട്ട നിലയിൽ പിടിച്ചുനില്ക്കാൻ കഴിയുന്നത്. പക്ഷെ കാലവർഷം വളരെ ദുർബലമാണ്. ചില പ്രദേശങ്ങളിലൊന്നും മഴയില്ല. തലസ്ഥാനത്ത് കഴിഞ്ഞയാഴ്ച പെയ്ത മഴയ്ക്കുശേഷം കാര്യമായി മഴ ഉണ്ടായിട്ടില്ല. ഇത്തവണ പദ്ധതി പ്രദേശങ്ങളിലും കാര്യമായ മഴ ലഭിച്ചിട്ടില്ല. ഇപ്പോൾ പവർകട്ട്, ലോഡ് ഷെഡ്ഡിംഗ് എന്നിവ ഒഴിവാക്കാൻ കഴിഞ്ഞുവെങ്കിലും കാലവർഷം ഉദ്ദേശിച്ച രീതിയിൽ പെയ്തില്ലെങ്കിൽ വീണ്ടും പവർകട്ടിലേക്കോ ലോഡ്ഷെഡ്ഡിംഗിലേക്കോ പോകേണ്ടിവരുന്ന സാഹചര്യം ഉണ്ടാകും. ഗവൺമെന്റിന്റെ 10 മാസത്തെ കാലാവധിക്കുള്ളിൽ കൂടുതൽ വൈദ്യുതി ഉല്പാദിപ്പിച്ച് ഈ സംസ്ഥാനത്തിനെ ഊർജ്ജ പ്രതിസന്ധിയിൽ നിന്ന് രക്ഷിക്കാനുള്ള ശക്തമായ നിലപാടുകൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണ മെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ ശ്രീ. രാജു എബ്രഹാം ഇവിടെ ഒരു കാര്യം സൂചിപ്പിച്ചു. ശ്രീ. പിണറായി വിജയൻ മന്ത്രിയായിരുന്ന കാലത്ത് 1100 മെഗാവാട്ട് വൈദ്യുതി വർദ്ധിച്ചു എന്ന്. വർദ്ധിച്ചു എന്നുള്ളത് യാഥാർത്ഥ്യമാണ്. അതിനെ ഞാൻ ചെറുതായി കാണുന്നില്ല. പക്ഷെ വർദ്ധിക്കാനുണ്ടായ പ്രധാനപ്പെട്ട കാരണം 1992-1997-ൽ 8-ാം പദ്ധതിക്കാലത്ത് സി. വി. പത്മരാജനും ജി. കാർത്തികേയനും ഈ വകുപ്പിന്റെ ചുമതല വഹിച്ച കാലത്ത് പ്രധാനപ്പെട്ട പദ്ധതികൾ അന്ന് കമ്മീഷൻ ചെയ്യാൻ വേണ്ടി വർക്കുകൾ മുക്കാൽ പങ്കും പൂർത്തീകരിച്ചു. കക്കാട്, അഴുത, കല്ലട തുടങ്ങിയ വൻകിട പദ്ധതികൾ, പെരിയാർ, മലമ്പുഴ, മലങ്കര, ചിമ്മിനി, പൂയംകുട്ടി തുടങ്ങിയ ചെറുകിട പദ്ധതികൾ ആ കാലത്ത് തുടക്കം കുറിച്ചപ്പോൾ ഭാഗ്യവശാൽ ശ്രീ. പിണറായി വിജയന് വകുപ്പുമന്ത്രി എന്നുള്ള നിലയിൽ അത് ഉദ്ഘാടനം ചെയ്യാനുള്ള അവസരം ഉണ്ടായി. അതിന്റെ ഫലമായി 1100 മെഗാവാട്ട് വൈദ്യുതി വർദ്ധിച്ചിട്ടുണ്ട്. ഇതും ഒരു ഘടകം തന്നെയാണ്. ഇങ്ങനെയുള്ള നിരവധി പദ്ധതികൾ ഭാവിയിൽ കൊണ്ടുവരാൻ കഴിഞ്ഞാൽ മാത്രമേ കേരളത്തിന് ഊർജ്ജ പ്രതിസന്ധിയിൽ നിന്ന് രക്ഷനേടാൻ കഴിയുകയുള്ളൂ.

അതുപോലെ തന്നെ ട്രാൻസ്പോർട്ട് വകുപ്പിനെ സംബന്ധിച്ച് പറയുമ്പോൾ, ഇന്ന് ഏറ്റവും അധികം ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയം കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ചാണ്. ഏതാണ്ട് 33,249 സ്ഥിരം ജീവനക്കാരും 9,335 എംപാനൽ

ജീവനക്കാരും ഉൾപ്പെടെ 42,584 ജീവനക്കാർ ഇപ്പോൾ കെ.എസ്.ആർ.ടി.സി.-യിൽ പ്രവർത്തിക്കുന്നുണ്ട്. ഒരു പ്രധാനപ്പെട്ട കാര്യം, കഴിഞ്ഞ ദിവസം കാനം രാജേന്ദ്രന്റെ ഒരു സ്റ്റേറ്റുമെന്റ് ഞാൻ വായിച്ചു. അദ്ദേഹം പറഞ്ഞത് വലിയ വിലക്കൂടുതലുള്ള ലോഫ്ലോർ ബസ്സുകൾ ഉൾപ്പെടെയുള്ളവ പരമാവധി ഒഴിവാക്കിക്കൊണ്ട് സാധാരണ ബസ്സുകൾ കൂടുതൽ ഇറക്കണം എന്നാണ്. ഇത് competition-ന്റെ ഒരു കാലഘട്ടമാണ്. ഇപ്പോൾ തിരുവനന്തപുരത്തുനിന്നും രാത്രികാലങ്ങളിൽ കോയമ്പത്തൂരിലേക്കും മംഗലാപുരത്തേക്കും ചെന്നൈയിലേക്കും ഒരുപാട് സ്വകാര്യബസ്സുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. നല്ല സൗകര്യങ്ങളുള്ള ബസ്സുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത്. എയർ കണ്ടീഷണർ ഉൾപ്പെടെ മോഡേൺ ആയിട്ടുള്ള ബസ്സുകൾ ഇറങ്ങുമ്പോൾ നമ്മൾ പഴയ മോഡൽ വണ്ടിയും കൊണ്ട് ഇറങ്ങിയാൽ ആരും കയറാൻ ഉണ്ടാവില്ല. സാമ്പത്തിക പ്രയാസമൊക്കെ എല്ലാവർക്കും ഉണ്ടെങ്കിൽപ്പോലും യാത്ര ചെയ്യാൻ സുഖപ്രദമായിട്ടുള്ള വാഹനങ്ങളാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. ആ നിലയ്ക്ക് കൂടുതൽ മോഡേൺ ബസ്സുകൾ നിരത്തിലിറക്കാൻ സാധിക്കും. അല്ലാതെ ഡ്രൈവർമാർ മാത്രം വിചാരിച്ചാൽ എന്താണ് സാധിക്കുക ? ഡ്രൈവർമാരെ സംബന്ധിച്ചുപറയുമ്പോൾ അവർ പലപ്പോഴും എന്നോട് പരാതി പറയാറുണ്ട്. തിരുവനന്തപുരത്തുനിന്ന് കയറിയാൽ സുൽത്താൻബത്തേരിവരെ ഒരാൾ തന്നെ ഓടിച്ചുകൊണ്ടുപോകുന്ന സ്ഥിതിയാണ്. അതേ സമയം പ്രൈവറ്റ് ബസ്സിലൊന്നും അങ്ങനെയല്ല. എറണാകുളം എത്തിയാൽ ഡ്രൈവർ മാറും. അതുപോലെതന്നെ അവർക്ക് ബസ് നന്നായി മെയിന്റെയിൻ ചെയ്യാൻ പ്രൈവറ്റ് സെക്ടർ ഉണ്ട്. നമ്മുടെ സ്ഥിതി എന്താണ് ? പല ഡിപ്പോകളിലും ഡ്രൈവർമാർക്കും കണ്ടക്ടർമാർക്കും വസ്ത്രം മാറാനുള്ള സൗകര്യം പോലും ഉണ്ടോ ; അവർക്ക് ഭക്ഷണം കഴിക്കാനുള്ള സ്ഥലമുണ്ടോ ? എപ്പോഴും ബസ്സിനകത്തുതന്നെ കിടന്നുറങ്ങുകയും ഭക്ഷണം കഴിക്കുകയും ചെയ്യേണ്ട സ്ഥിതിയാണ് ഡ്രൈവർക്കും കണ്ടക്ടർക്കും ഉള്ളത്. അങ്ങനെയുള്ളപ്പോൾ അവർക്ക് നല്ല രീതിയിൽ ബസ് ഓപ്പറേറ്റ് ചെയ്യാൻ കഴിയുമോ ; അവരും മനുഷ്യരാണല്ലോ ; അവരുടെ കാര്യം കൂടി നമ്മൾ നോക്കണ്ടേ ? പല ഡിപ്പോകളിലും അവർക്ക് വേണ്ടത്ര സൗകര്യങ്ങൾ ഇല്ല എന്നത് വാസ്തവമാണ്. ഇവിടെ നേരത്തെ ചില പ്രതിപക്ഷ അംഗങ്ങൾ സൂചിപ്പിച്ചത് അവരുടെ നിയോജക മണ്ഡലങ്ങളിൽ മാത്രം ബസ് സർവ്വീസ് കുറവാണ് എന്നാണ്. എന്നാൽ അത് ശരിയല്ല. എന്റെ നിയോജക മണ്ഡലത്തിലെ പ്രധാനപ്പെട്ട ഒരു ഡിപ്പോയാണ് പേരൂർക്കട ഡിപ്പോ. അവിടെയിപ്പോൾ നിലവിലുള്ള കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ എണ്ണം 61-ഉം ജൻറത്തിന്റെ 15-ഉം ബസ്സുകൾ ഉൾപ്പെടെ 76 ബസ്സുകളുണ്ടായിരുന്ന സ്ഥാനത്ത് ഇന്നിപ്പോൾ നിലവിലുള്ള ട്രിപ്പുകളുടെ എണ്ണം 810-ഉം 193-ഉം ഉൾപ്പെട 1003 ആണ്. നേരത്തെ നിലവിലുണ്ടായിരുന്ന ബസ്സുകളുടെ എണ്ണം 110 ആയിരുന്നു. ഇന്ന് അത് 76 ആയി ചുരുങ്ങിയിരിക്കുകയാണ്. എന്റെ നിയോജക മണ്ഡലത്തിലെ

പല സെക്ടറിലേക്കും ഇന്ന് ബസ്സ് ഓപ്പറേറ്റ് ചെയ്യുന്നില്ല. അതുപോലതന്നെ നെടുമങ്ങാട് ഉൾപ്പെടെയുള്ള സെക്ടറിലേക്ക് ബസ്സ് കിട്ടുന്നില്ല. 34 എണ്ണത്തിന്റെ കുറവ് എന്നു പറയുന്നത് വളരെ വലുതാണ്. ആ നിലയ്ക്ക് തീർച്ചയായും ഈ ബസ്സുകളുടെ കുറവ് പരിഹരിച്ചുകൊണ്ട് പഴയ ബസ്സുകളൊക്കെ വിറ്റ് പുതിയ ബസ്സുകൾ വാങ്ങുന്നതാണ് കോർപ്പറേഷനെ സംബന്ധിച്ച് നല്ലത്. കാരണം അത്രയും ഓടാനും കഴിയും റിപ്പയറും ഉണ്ടാവില്ല കൂടുതൽ യാത്രക്കാർ അതിൽ യാത്ര ചെയ്യുകയും ചെയ്യും. അതോടൊപ്പം ഒരു കാര്യം ചെയ്യേണ്ടത് നിലവിലുള്ള ഡ്രൈവർമാർക്ക് ഈ പുതിയ ബസുകൾ ഓടിക്കാനുള്ള ട്രെയിനിംഗ് കൂടി കൊടുക്കേണ്ടത് അത്യാവശ്യമാണ്. കഴിഞ്ഞ ദിവസം തൃശ്ശൂരിൽ ലോ ഫ്ലോർ ബസ് റിവേഴ്സ് ചെയ്ത സമയത്ത് ഒരു മതിലിൽ ചെന്നിടിച്ച് രണ്ടുപേർ മരണപ്പെട്ട സംഭവമുണ്ടായി. ഡ്രൈവർമാർക്ക് വേണ്ടത്ര ട്രെയിനിംഗ് കൊടുത്തുകൊണ്ട് പരിശീലിപ്പിക്കാനുള്ള അവസരം ഉണ്ടായാൽ നിരവധി ലോ ഫ്ലോർ ബസുകൾ നിരത്തിലിറക്കാനും കൂടുതൽ യാത്രക്കാരെ കെ.എസ്.ആർ.ടി.സി.-യിലേക്ക് ആകർഷിക്കാനും സാധിക്കും. അങ്ങനെയാണെങ്കിൽ കുറെ പ്രൈവറ്റ് ബസ്സുകളൊക്കെ ഓട്ടോമാറ്റിക് ആയിട്ടുതന്നെ നിന്നോളും. അതിനൊരു സംശയവുമില്ല. കെ.എസ്.ആർ.ടി.സി. നല്ല രീതിയിൽ ഓപ്പറേറ്റ് ചെയ്താൽ, പുതിയ ബസുകൾ ഇറക്കിക്കഴിഞ്ഞാൽ തീർച്ചയായും കൂടുതൽ ആളുകൾ കെ.എസ്.ആർ.ടി.സി.-യിലേക്ക് യാത്ര ചെയ്യാൻ വരികയും അങ്ങനെ നഷ്ടം കുറച്ചുകൊണ്ട് ഭാവിയിൽ ഇത് ലാഭത്തിലാക്കാനും സാധിക്കും. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി വളരെയധികം ശ്രമങ്ങൾ നടത്തുന്നുണ്ട്. അതിനെ ഞാൻ അഭിനന്ദിക്കാനുംകൂടി ഈ സന്ദർഭം വിനിയോഗിക്കുകയാണ്. മറ്റൊരു പ്രധാനപ്പെട്ട കാര്യം, കെ.എസ്.ആർ.ടി.സി.-യിലെ റിട്ടയർ ചെയ്ത ജീവനക്കാരുടെ കാര്യമാണ്. ഇതിനൊരു പരിഹാരം ഉണ്ടാക്കണം. എന്നെ സംബന്ധിച്ചുപറഞ്ഞാൽ, എന്റെ മണ്ഡലത്തിൽ വലിയ കുഴപ്പമൊന്നുമില്ലാതെ ഒരു എം.എൽ.എ. എന്ന നിലയ്ക്ക് ഞാൻ പ്രവർത്തിക്കുന്നുണ്ട്. ആളുകൾക്കൊന്നും എന്നെക്കുറിച്ച് പ്രത്യേകിച്ച് ഒരു പരാതിയുമില്ല. ഏതെങ്കിലും കല്യാണവീട്ടിലോ മരണവീട്ടിലോ ചെന്ന് ആളുകളുമായി ബന്ധപ്പെടുമ്പോൾ ഞാനൊരു റിട്ടയേർഡ് കെ.എസ്.ആർ.ടി.സി.-ക്കാരനാണെന്നു പറഞ്ഞാൽ ഞാൻ അവിടെ അധികം നില്ക്കാറില്ല. വേഗം സ്ഥലം വിട്ടു പോകാറാണ് പതിവ്. കാരണം അവർക്ക് അത്രയേറെ പ്രയാസം ഉണ്ട്. കഴിഞ്ഞ ദിവസം സിവിൽ സർവ്വീസ് പരീക്ഷയിൽ രണ്ടാം റാങ്ക് ലഭിച്ച ഡോ. രേണു രാജിന്റെ വീട് ചങ്ങനാശ്ശേരിലാണ്. ആ കുട്ടി സിവിൽ സർവ്വീസ് പരീക്ഷ എഴുതാൻ വേണ്ടി ഇവിടെ അക്കാഡമിയിൽ ചേരാൻ വന്നു. എന്റെ നിയോജക മണ്ഡലത്തിലാണ് താമസിച്ചു പഠിച്ചത്. ആ കുട്ടിക്ക് നാഷണൽ ലെവലിൽ തന്നെ രണ്ടാം റാങ്ക് കിട്ടി. ആ കുട്ടിയെ അനുമോദിക്കാൻ ഞാൻ ചെന്നു. അനുമോദിച്ചു കഴിഞ്ഞപ്പോൾ ആ കുട്ടിയുടെ പിതാവ് എന്നോട് പറഞ്ഞു ഞാൻ സാറിന്റെ അച്ഛനെയൊക്കെ വളരെയധികം

ആരാധിക്കുന്ന ഒരാളാണ്, അങ്ങയുടെ നിയോജക മണ്ഡലത്തിൽ താമസിക്കുമ്പോൾ തന്നെ റാങ്ക് കിട്ടിയതിൽ എനിക്ക് സന്തോഷമുണ്ട് എന്നാണ്. രണ്ടാമത് അദ്ദേഹം പറഞ്ഞത് സർ, എനിക്ക് ആറ് മാസമായിട്ട് പെൻഷൻ കിട്ടുന്നില്ല. ഇവിടെ വന്നപ്പോൾ ഈ കുട്ടിയുടെ പഠിപ്പ് തന്നെ നിന്നുപോകുമോയെന്ന് വിചാരിച്ചു. കോച്ചിംഗിനു വേണ്ടിയാണ് ഇങ്ങോട്ടുവന്നത്. കോച്ചിംഗ് നടത്താൻ കഴിയുമോ എന്ന് ഞാൻ പ്രയാസപ്പെട്ടു. എന്തോ ഭാഗ്യം കൊണ്ട് കിട്ടി. ഇത്രയും നല്ല കഴിവുള്ള കുട്ടിക്ക് ട്രെയിനിംഗ് ലഭിച്ചില്ലായിരുന്നെങ്കിലുള്ള സ്ഥിതി എന്താണ് ? അങ്ങനെയുള്ള നിരവധി സംഭവങ്ങളുണ്ട്. നമ്മൾ അതിനെ ചെറുതാക്കി കാണരുത്. അരുവിക്കര ഇലക്ഷനിൽ ചില റിട്ടയർ ചെയ്ത കെ.എസ്.ആർ.ടി.സി.-ക്കാരായ മാർക്സിസ്റ്റുകാരെ മുൻപിൽ നിർത്തി അവരെക്കൊണ്ട് ഞങ്ങൾ കോൺഗ്രസ്സുകാരാണെന്ന് പറയിപ്പിച്ച് ചില തട്ടിപ്പൊക്കെ നടത്താൻ നോക്കി. അതല്ല പ്രശ്നം. റിട്ടയർ ചെയ്ത ജീവനക്കാർക്ക് മുടക്കം കൂടാതെ പെൻഷൻ കൊടുക്കാനും കുടിശ്ശിക എത്രയും വേഗം കൊടുത്തു തീർക്കാനും കഴിയണം. അതുകൂടി കഴിഞ്ഞാൽ ഈ ഗവൺമെന്റിന്റെ ശോഭ ഒന്നുകൂടി വർദ്ധിക്കും. നമ്മൾ അരുവിക്കരയിൽ ജയിച്ചു എന്നത് ശരിയാണ്. പക്ഷേ ഇനി പഞ്ചായത്ത് ഇലക്ഷനും അതുകഴിഞ്ഞ് നിയമസഭാ ഇലക്ഷനും വരുന്നുണ്ട്. ഈ സമയത്തൊക്കെ ഇക്കാര്യത്തിൽ നമുക്കുള്ള ചെറിയ മൈനസ് പോയിന്റുകൾ പ്ലസ് ആക്കി മാറ്റാൻ തീർച്ചയായും ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം.

ഫോറസ്റ്റ് വകുപ്പിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ ആളുകൾ വനത്തിനുള്ളിലേക്ക് കയറിയാണ് താമസിക്കുന്നത്. അപ്പോൾ ആനയ്ക്കും കടുവയ്ക്കും താമസിക്കാൻ സ്ഥലം വേണ്ടേ ? കാട്ടിലല്ലേ അവയ്ക്ക് ജീവിക്കാൻ സാധിക്കുകയുള്ളൂ. പലപ്പോഴും വനം കയ്യേറി വീടു കെട്ടി താമസിച്ചതിനുശേഷം പുലിയും സിംഹവും വരുന്നെന്ന് പറഞ്ഞ് ഗവൺമെന്റിനെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. വനത്തിനുള്ളിൽ പരമ്പരാഗതമായി താമസിക്കുന്ന ആദിവാസികളെപ്പോലെയുള്ളവരെ അവിടെനിന്നും മാറ്റാൻ കഴിയില്ല. അവരുടെ ജീവിതം അവിടെയാണ്. വനങ്ങൾ കയ്യേറി പലരും താമസിക്കുന്നത് കൊണ്ടാണ് ആനയ്ക്കും പുലിക്കും അവിടെ നിൽക്കാൻ കഴിയാത്തത്. അവയ്ക്ക് താമസിക്കാൻ പറ്റിയ സ്ഥലം വേറെയില്ലാത്തതിനാൽ അവ പുറത്തേക്ക് ചാടും. അതുകൊണ്ട് വനനശീകരണം തടയുന്ന കാര്യത്തിൽ ശക്തമായ നടപടി ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് സൂചിപ്പിക്കുവാനുള്ളത്. മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനെക്കുറിച്ച് ചർച്ചയിൽ അദ്ദേഹം പറയുകയുണ്ടായി. എല്ലാ ചടങ്ങുകളിലേയും ഒരു പ്രധാന ഇനമാണ് മരം വച്ചു പിടിപ്പിക്കൽ. ഇവയിൽ പലതും ഭാവിയിൽ പാഴ്മരങ്ങളായിട്ട് പോവുകയാണ് ചെയ്യുന്നത്. അതുകൊണ്ടാണ് മരങ്ങൾ ബസ്സിന്റെയും ആളുകളുടെയും മുകളിൽ വീണ് മരണപ്പെടുന്ന സംഭവങ്ങൾ ഉണ്ടാകുന്നത്. അതുകൊണ്ട് ദയവായി നല്ലയിനം മരങ്ങൾ വച്ചു പിടിപ്പിക്കുക. ഫലവൃക്ഷങ്ങൾ വച്ചു

പിടിപ്പിച്ചാൽ അതിന്റെ ഫലങ്ങൾ താഴെ വീണ് തകരാറുണ്ടാകുമെന്നാണ് രാവിലെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. പാഴ്മരങ്ങൾ വയ്ക്കുന്നതിനെക്കാൾ നല്ലത് വയ്ക്കാതിരിക്കുന്നതാണ്. അതുകൊണ്ട് നല്ലയിനം മരങ്ങൾ വച്ചു പിടിപ്പിക്കാനും വനം സംരക്ഷിച്ച് കേരളത്തിന്റെ ഭൂപ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്താനും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സത്വര ശ്രദ്ധയുണ്ടാകണമെന്നാണ് അഭ്യർത്ഥിക്കുന്നത്. ഞാൻ 1989-ൽ കോഴിക്കോട് പാർലമെന്റിൽ മത്സരിക്കുമ്പോൾ അന്ന് എന്നെപ്പറ്റി ഇടതുപക്ഷക്കാർ എന്റെ വായിൽ ഫീഡിംഗ് ബോട്ടിലുള്ള ഒരു കാർട്ടൂൺ വരച്ചു. ഒന്നര കൊല്ലം കഴിഞ്ഞപ്പോൾ ഇ.എം.എസ്.-ന്റെ മകനും കെ. പി. പ്രഭാകരന്റെ മകനും സ്ഥാനാർത്ഥികളായപ്പോൾ മുൻ മുഖ്യമന്ത്രി സി. അച്ചുതമേനോൻ 'ഒന്നര കൊല്ലങ്ങൾക്കുമുമ്പ് കെ. മുരളീധരനെ സ്ഥാനാർത്ഥിയാക്കിയപ്പോൾ മക്കൾ രാഷ്ട്രീയത്തിനെ വിമർശിച്ചവർ ഇന്ന് അതിന്റെ വക്താക്കളായി' എന്ന് പറഞ്ഞത് ഞാൻ ഓർക്കുകയാണ്. അന്ന് എന്റെ വായിൽ ഒരു ഫീഡിംഗ് ബോട്ടിലാണ് വച്ചുതന്നതെങ്കിൽ ഇപ്പോൾ അത് എല്ലാ രംഗത്തേക്കും വ്യാപിച്ചു എന്നുമാത്രമേ ഞാൻ പറയുന്നുള്ളു. ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. രാജു എബ്രഹാം]

ശ്രീ. ജെയിംസ് മാത്യു : സർ, സഭയിൽ അവതരിപ്പിക്കാത്ത ബഡ്ജറ്റിനെക്കുറിച്ച് എന്തെങ്കിലും അഭിപ്രായം പറയണമെന്ന് ഉദ്ദേശിച്ചുകൊണ്ടല്ല ഞാൻ സംസാരിക്കുന്നത്. ഈ ഗവൺമെന്റ് കഴിഞ്ഞ നാല് വർഷമായി പ്രതിപക്ഷം നടത്തുന്ന പ്രചാര വേലയ്ക്കിടയിൽ രക്ഷപ്പെട്ടുപോവുകയാണ്. അധികാരത്തിൽ വന്ന നാൾ മുതൽ നടത്തിക്കൊണ്ടിരിക്കുന്ന അഴിമതിയും സോളാർ പോലെയുള്ള വിവാദവും കേരളത്തിലെ ജനങ്ങളുടെ മുമ്പാകെ ഉയർത്തിക്കൊണ്ടുവരുമ്പോൾ ഒരർത്ഥത്തിൽ ഈ ഗവൺമെന്റിന്റെ കഴിവുകേട് മറച്ച് വയ്ക്കപ്പെടുന്നു എന്നുള്ള അപകടകരമായ ഒരു അവസ്ഥയുണ്ട്. അതുകൊണ്ടാണ് ഈ സഭാ സമ്മേളനം ആരംഭിച്ച ഘട്ടത്തിൽത്തന്നെ പ്രതിപക്ഷ നേതാവ് ഉൾപ്പെടെ പ്രതിപക്ഷത്തെ എല്ലാ പാർട്ടി നേതാക്കളും സൂചിപ്പിച്ചത് ഇത്തവണ ഞങ്ങൾ നിങ്ങളുടെ അഴിമതിയും നിങ്ങൾ നടത്തിയിട്ടുള്ള എല്ലാ കുത്സിത പ്രവൃത്തികളും ജനങ്ങളുടെ മുമ്പാകെ കൊണ്ടുവരുമെന്ന് മാത്രമല്ല കഴിഞ്ഞ നാല് വർഷമായി നിങ്ങൾ എന്താണ് ചെയ്തതെന്നും എന്താണ് ചെയ്യാതിരുന്നതെന്നതും കൂടി പറയാനുള്ള ഒരു വേദിയാക്കി ഈ സഭയെ മാറ്റിത്തീർക്കുമെന്നും പറഞ്ഞത്. ബഹുമാന്യനായ കെ. മുരളീധരൻ പറഞ്ഞു 'നിങ്ങളൊക്കെ ഇവിടെ ചർച്ചയിൽ പങ്കെടുക്കുന്നതിൽ സന്തോഷം. നിർദ്ദേശങ്ങളും വയ്ക്കുന്നില്ല. പക്ഷേ മറുപടി പറയുമ്പോൾ നിങ്ങൾ ഇരിക്കുന്നില്ല'. നാല് കൊല്ലം ഞങ്ങൾ ഇരുന്നില്ലേ; ഓരോ ബഡ്ജറ്റ് അവതരണത്തിലും ഡിമാന്റ് ചർച്ചയിലും പങ്കെടുത്ത് അഭിപ്രായം പറഞ്ഞില്ലേ. ആ അഭിപ്രായങ്ങൾക്ക് മന്ത്രിമാർ ഓരോരുത്തരും മറുപടി പറഞ്ഞതുകേട്ട് വിശ്വസിച്ച് അതൊക്കെ പ്രവൃത്തിപഥത്തിൽ എത്തിക്കുമെന്ന്

പ്രതീക്ഷിച്ച് കാത്തിരുന്നില്ലേ ; സഭയിൽ പറഞ്ഞ കാര്യമാണോ നിങ്ങൾ പുറത്ത് പ്രവർത്തിച്ചത് ; സഭയിൽ പറയാൻ കൊള്ളാത്ത കാര്യമല്ലേ നിങ്ങൾ പ്രവർത്തിച്ചത് ? അതുകൊണ്ടാണ് മറുപടി കേൾക്കാൻ ഇരിക്കാൻപോലും സന്മനസ്സില്ലാത്തത്. യഥാർത്ഥത്തിൽ ഈ സഭയിൽ പറയുന്നതാണ് പ്രവർത്തിക്കുന്നതെന്ന് നാല് കൊല്ലത്തെ അനുഭവം വച്ച് എങ്ങനെ വിശ്വസിക്കാൻ സാധിക്കും. അതുകൊണ്ട് ഇത്തവണ ഞങ്ങൾ ഇരുന്നില്ല എന്നുള്ള വിഷമമൊന്നും നിങ്ങൾക്കുണ്ടാകേണ്ട കാര്യമില്ല. ഇനി 10 മാസം ഉണ്ടല്ലോ. ഇവിടെ പറയുന്ന നാല് കൊല്ലം നടപ്പാക്കാൻ പറ്റാത്ത കാര്യം ഒന്ന് നടന്നു കണ്ടാൽ മതി. ഇപ്പോൾ അരുവിക്കര തെരഞ്ഞെടുപ്പിന്റെ ഫലം ഭരണനേട്ടത്തിന്റെ പ്രതിഫലനമാണെന്ന് നിങ്ങൾക്കുപോലും പറയാൻ സാധിക്കുമോ ? സഭയിലുള്ള 141 പേരും അവിടെ പോയല്ലോ. ഇന്നത്തെ സബ്മിഷൻ എന്താണെന്ന് നിങ്ങൾ ആലോചിക്കണം. സൗജന്യ റേഷൻ കൊടുക്കണമെന്ന്. ബഹുമാന്യനായ തൊഴിൽ വകുപ്പുമന്ത്രി പറഞ്ഞത് 16 വർഷത്തിനുശേഷം ഇതുപോലൊരു ദുരവസ്ഥ അവിടത്തെ ജനങ്ങൾ അനുഭവിക്കുന്നത് പുറംലോകം അറിയാനിടയായി എന്നാണ്. 24 കൊല്ലമായി അവിടെ പ്രതിനിധീകരിക്കുന്ന ആളുകൾ ഇവിടെ പറഞ്ഞില്ലല്ലോ ; അദ്ദേഹത്തിന്റെ മകൻ വന്ന് പറഞ്ഞു. അത് ഞങ്ങൾ സ്വാഗതം ചെയ്യുന്നു. കൊടുക്കുന്നതിന് ഞങ്ങൾ എതിരല്ല. പക്ഷേ മറ്റ് നിയോജക മണ്ഡലങ്ങളിലും സമാനമായ അവസ്ഥയുണ്ട് എന്ന് കാണാൻ ഈ ഗവൺമെന്റ് തയ്യാറുണ്ടോ ? ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് ഒരു ഉപതെരഞ്ഞെടുപ്പ് ഘട്ടത്തിൽ മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാർ നേരിട്ട് പോയി കണ്ടപ്പോഴാണ് ഇങ്ങനെയൊരു സ്ഥലം കേരളത്തിലുണ്ടെന്ന് ബോദ്ധ്യമായത്. എന്നാൽ ഈ ഉപതെരഞ്ഞെടുപ്പ് വരാൻ കാത്തുനിൽക്കേണ്ട കാര്യം നിങ്ങൾക്ക് ഉണ്ടായിരുന്നോ ? അരുവിക്കര, ബോണക്കാട് എന്നിവിടങ്ങളിലെപ്പോലെ ഈ കേരളത്തിൽ എത്ര തോട്ടം തൊഴിലാളികൾ നിത്യപട്ടിണിക്കാരായിട്ടുണ്ട്. അവിടെ ഒന്നും നിങ്ങൾക്ക് പ്രശ്നമില്ലല്ലോ ? നാളത്തെ പത്രത്തിൽ വരുന്നത് ബഹുമാന്യനായ കാർത്തികേയന്റെ മകൻ ശ്രീ. കെ. എസ്. ശബരീനാഥൻ സഭയിൽ വന്ന് ആദ്യമായി അവതരിപ്പിച്ച സബ്മിഷന് അംഗീകാരം ലഭിച്ചു എന്നാണ്. അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിൽ കുറേ ആളുകൾക്ക് സൗജന്യ റേഷൻ. നാണമില്ലേ ? നാലേകാൽ കൊല്ലം ഭരിച്ചിട്ട് മനസ്സിലാകാത്ത കാര്യം കേരളത്തിൽ അരുവിക്കരയിൽ മാത്രമേ ഉണ്ടായുള്ളു എന്ന് നിങ്ങൾക്കു തോന്നിയത് ശ്രീ. കെ. എസ്. ശബരീനാഥൻ പറഞ്ഞപ്പോഴും മുഖ്യമന്ത്രി അവിടെപ്പോയി കപ്പയും മുളക് ചമ്മന്തിയും കഴിച്ചപ്പോഴുമാണ്. എന്തൊരു നാണക്കേടാണിത് ? പിന്നെ ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഒന്നും വയ്ക്കാത്തത് മോശമാണെന്ന് ബഹുമാന്യനായ കെ. മുരളീധരൻ പറയുകയുണ്ടായി. ക്രിയാത്മകമായ എത്ര നിർദ്ദേശങ്ങൾ വേണമെങ്കിലും പറയാം. ഞാൻ സഭയിൽ ഇതുപോലെ ഉന്നയിക്കുക മാത്രമല്ല ബഹുമാന്യനായ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയുടെ സീറ്റിനടുത്ത്

പോയി ഒരു ദിവസം എന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഒരു മണിക്കൂർ സംസാരിച്ചു. പിന്നെയാണ് ഞാൻ ഓർത്തത് ഇദ്ദേഹത്തോടാണല്ലോ ഇതെല്ലാം പറഞ്ഞതെന്ന്. എല്ലാം കേട്ട് ചിരിച്ചതിനുശേഷം 'അനിയാ ഞാൻ നോക്കാം' എന്ന് അദ്ദേഹം പറഞ്ഞു. 6 മാസം കഴിഞ്ഞിട്ടും ഒരു ഫലവുമുണ്ടായില്ല. ഇന്നത്തെ ചോദ്യോത്തര വേളയിൽ ഇവിടെ ഉന്നയിക്കപ്പെട്ട ഒരു പ്രശ്നം ഞാൻ ആവർത്തിക്കുകയല്ല. സംസ്ഥാനത്തെ ഏറ്റവും കൂടുതൽ ജനങ്ങളുടെ ജീവൻ ബഹുമാന്യനായ ഗതാഗത വകുപ്പുമന്ത്രിയുടെ കൈകളിലാണ്. 85 ലക്ഷം വാഹനങ്ങളിലായി നാലേകാൽ കോടി ജനങ്ങളാണ് പ്രതിദിനം യാത്ര ചെയ്യുന്നത്. ഇങ്ങനെ യാത്ര ചെയ്യുന്ന കോടിക്കണക്കിന് ആളുകളുടെ സ്ഥിതി എന്താണ് ? 2014-ലെ അപകട മരണങ്ങളുടെ എണ്ണം 4049 ആണ്. ഒരു വർഷം കൊണ്ടാണ് ഇത്രയും പേർ മരിച്ചത്. വെറും മരണമല്ല ഇത് കൊലപാതകമാണ്. ഞാൻ രാഷ്ട്രീയ കൊലപാതകങ്ങളെ ലഘൂകരിച്ച് കാണാൻ ഒട്ടും ഉദ്ദേശിക്കുന്നില്ല. എന്റെ ജില്ല കണ്ണൂരാണ്. ഇവിടെ കണ്ണൂരുകാരെക്കുറിച്ച് എല്ലാവരും ആക്ഷേപം പറയാറുണ്ടല്ലോ. രാഷ്ട്രീയ സംഘട്ടനങ്ങളുടെ ഫലമായി പത്തുവർഷം കൊണ്ട് കണ്ണൂർ ജില്ലയിൽ ഉണ്ടായിട്ടുള്ള മരണങ്ങളുടെ കണക്കെടുത്ത് നോക്കിയാൽ ഇത്രയും വരുമോ ?

4.00 PM]

ഒരു പ്രകൃതി ദുരന്തമുണ്ടായാൽ അതല്ലെങ്കിൽ ഒരു യുദ്ധമുഖത്തുപോലും ഇത്രയും ആളുകൾ കൊല്ലപ്പെടുന്നില്ല. ഇസ്രായേലും പാലസ്തീനും തമ്മിൽ യുദ്ധം നടക്കുന്നുണ്ട്. എല്ലാ വർഷവും നാലായിരം ആളുകൾ അവിടെ കൊല്ലപ്പെടുന്നില്ല. അതുമാത്രമല്ല വാഹനാപകടങ്ങളിൽ പ്രതിവർഷം നാൽപ്പതിനായിരത്തോളം ആളുകൾക്ക് പരിക്കേൽക്കുന്നുണ്ട്. അതിൽ ഇരുപത്തിയാറായിരത്തോളം ആളുകളുടേത് മാരകമായ പരിക്കാണ്. അവരിൽ എത്രപേർ അവശേഷിക്കുന്നുവെന്നുപോലും കണക്കില്ലാത്ത വിധത്തിലുള്ള സ്ഥിതിവിശേഷമാണ്. കേരളത്തിലെ റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുവാനായി ജസ്റ്റിസ് ചന്ദ്രശേഖരദാസ് ചെയർമാനായ ഒരു കമ്മീഷനെ ചുമതലപ്പെടുത്തി. ഞാൻ എറണാകുളത്തെ ഓഫീസിൽ പോയി അദ്ദേഹത്തെ കണ്ടു. മന്ത്രിമാർ ഉൾപ്പെടെ 141 എം.എൽ.എ.-മാർക്കും കമ്മീഷൻ കത്തയച്ചുവെന്നും നിങ്ങൾ മാത്രമാണ് ഈ കത്തിന് മറുപടി അയച്ചതെന്നും അദ്ദേഹം എന്നോടു പറഞ്ഞു. രണ്ടാമത്തെ പ്രാവശ്യം പോയപ്പോൾ കൂടുതൽ പേർ മറുപടി അയച്ചുവെന്ന് അദ്ദേഹം വ്യക്തമാക്കി. ആ കമ്മീഷൻ ഇടക്കാല റിപ്പോർട്ട് കൊടുത്തു. കമ്മീഷന്റെ ഇടക്കാല റിപ്പോർട്ടിലെ നിർദ്ദേശങ്ങളിൽ ഒന്നുപോലും നടപ്പാക്കാൻ സാധിച്ചില്ല. ആ കമ്മീഷൻ ജില്ലാ ട്രാഫിക് റെഗുലേറ്ററി സമിതിക്ക് റിപ്പോർട്ട് കൊടുത്തു. അതിലെ ഒരു കാര്യമെങ്കിലും നടപ്പാക്കിയോയെന്ന് അന്വേഷിക്കാൻ നിങ്ങൾക്ക് കഴിഞ്ഞില്ല. ആർക്കുവേണ്ടിയാണ് നിങ്ങൾ ഇങ്ങനെ ഭരിക്കുന്നത് ? ഉപതെരഞ്ഞെടുപ്പിൽ

വിജയിച്ചതിന്റെ കണക്കു പറഞ്ഞ് കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും കണ്ണിൽ പൊടിയിടാൻ സാധിക്കുമെന്നാണോ നിങ്ങൾ കരുതുന്നത് ? കേരളത്തിലെ കോടിക്കണക്കിന് ജനങ്ങളുടെ ജീവൻ കൊണ്ട് പന്താടുന്ന ഒരു വകുപ്പായി ഗതാഗത വകുപ്പ് മാറിയിരിക്കുകയാണ്. 85 ലക്ഷം വാഹനങ്ങളുടെ ട്രാഫിക് നിയമ ലംഘനം കണ്ടുപിടിക്കാൻ എ.എം.വി.ഐ.-യും എം.വി.ഐ.-യും ആർ.ടി.ഒ.-യും ഉൾപ്പെടുന്ന സ്റ്റാഫിന്റെ ആകെ എണ്ണം എണ്ണൂറിൽപ്പരമാണ്. ഇത്രയും കുറച്ച് സ്റ്റാഫുകളെ വച്ച് 85 ലക്ഷത്തോളം വരുന്ന വാഹനങ്ങളുടെ ഗതാഗത നിയമ ലംഘനം പരിശോധിക്കാൻ ഒരു വകുപ്പിന് എങ്ങനെ സാധിക്കും ? ഒരു ക്രിയാത്മകമായ നിർദ്ദേശമാണ് എനിക്ക് പറയാനുള്ളത്. കൂടുതൽ സ്റ്റാഫിനെ നിയമിക്കണം. നിങ്ങൾ സാമ്പത്തിക ബാദ്ധ്യതയെ കുറിച്ച് പറയരുത്. മനുഷ്യജീവന്റെ കാര്യമാണ്. നാലായിരം ആളുകൾക്ക് ഒരു ലക്ഷം രൂപ വീതം നഷ്ടപരിഹാരം കൊടുക്കണമെങ്കിൽ എത്ര കോടി രൂപയാണ് കൊടുക്കേണ്ടി വരുന്നത് ? കൂടുതൽ ട്രാഫിക് വാർഡൻമാരെ നിയോഗിച്ചാൽ അതിന്റെ പത്തിൽ ഒരംശം കൊടുത്താൽ മതി. അങ്ങനെ ചെയ്യാനോ ആലോചിക്കാനോ നിങ്ങൾക്ക് സമയമില്ല. എന്റെ മണ്ഡലത്തിൽ ഒരു വർഷമായി ഒരു മിനിറ്റ് പോലും ട്രാഫിക് ബ്ലോക്കില്ലാത്ത ഒരു നഗരമുണ്ട്. കഴിഞ്ഞ ജൂൺ മാസം രണ്ടാം തീയതി മുതൽ ഇതുവരെ ആ മണ്ഡലം ഉൾപ്പെടുന്ന പ്രദേശത്തുകൂടി പോകുന്ന വാഹനങ്ങൾ ബ്ലോക്കിൽപെട്ടിട്ടില്ല. കണ്ണൂർ ജില്ലയിൽ കെ.എസ്.ടി.പി. റോഡ് പണിയുടെ ഭാഗമായി പഴയങ്ങാടി മുതൽ പാപ്പിനിശ്ശേരി വരെയുള്ള റോഡ് ബ്ലോക്ക് ചെയ്തപ്പോൾ അതുവഴി വരുന്ന വാഹനങ്ങളും എൻ.എച്ച്.-ൽ കൂടിയാണ് വരുന്നത്. ബഹുമാന്യനായ മന്ത്രി ശ്രീ. കെ. സി. ജോസഫാണ് ആ റോഡ് ഉദ്ഘാടനം ചെയ്തത്. അദ്ദേഹം എല്ലാ ആഴ്ചയിലും തളിപ്പറമ്പ് വഴി വരുന്നുണ്ട്. ഇന്നുവരെ അദ്ദേഹത്തിന്റെ വാഹനം ഒരു മിനിറ്റ് ബ്ലോക്കായി എന്നുപറഞ്ഞാൽ അദ്ദേഹം പറയുന്നത് ഞാൻ അംഗീകരിക്കും. അദ്ദേഹം കഴിഞ്ഞ ദിവസം ട്രാഫിക് ബ്ലോക്കു കാരണം ഒരു സ്കൂട്ടറിന്റെ പിറകിലിരുന്ന് യാത്രചെയ്യുന്ന ചിത്രം കണ്ടിട്ട് എനിക്ക് വളരെ സങ്കടം തോന്നി. എന്തൊരു ഗതികേടാണ് ഈ ഗവൺമെന്റിന്റേത് എന്ന് നോക്കണം. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ശുഭയാത്രയെക്കുറിച്ച് പറഞ്ഞു. ഗവൺമെന്റിന്റെ നാലാമത്തെ വർഷം തന്നെ വേണമോ ഇത് തുടങ്ങാൻ ? ഇനി പത്തുമാസം കൂടിയല്ലേയുള്ളൂ. ആർക്കുള്ള ശുഭയാത്രയാണ് നിങ്ങൾ നേരുന്നത് ? ആലോചിച്ചു നോക്കിയാൽ മതി. അശ്രദ്ധമായ ഡ്രൈവിംഗിന്റെ ഫലമായിട്ടാണ് വലിയൊരു ശതമാനം അപകടങ്ങളും ഉണ്ടാകുന്നത്. അശ്രദ്ധമായ ഡ്രൈവിംഗ് ഒഴിവാക്കുന്നതിന് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങൾക്കും ചെയ്യാൻ കഴിയുന്ന കാര്യമുണ്ട്. ഒരു ട്രാഫിക് റെഗുലേറ്ററി കമ്മിറ്റി ഉണ്ട്. അത് സ്റ്റാറ്റ്യൂട്ടറിയാണ്. സ്റ്റാറ്റ്യൂട്ടറിയായ ട്രാഫിക് റെഗുലേറ്ററി കമ്മിറ്റി ആയിരത്തോളം വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എത്ര സ്ഥലത്ത് രൂപീകരിക്കപ്പെട്ടിട്ടുണ്ട് ?

ഒരിടത്തുമില്ല. ആ കമ്മിറ്റിയിൽ കളക്ടറുടെയും ആർ.ടി.ഒ.-യുടെയും പി.ഡബ്ല്യു.ഡി.-യുടെയും പ്രതിനിധികൾ വേണം. അതുപോലെ തന്നെ പോലീസ് സൂപ്രണ്ട് ഒരാളെ സജസ്റ്റ് ചെയ്യണം. ഈ നാല് ഡിപ്പാർട്ടുമെന്റിന്റെയും പ്രതിനിധികളും അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭരണസമിതി അധിപനും കൂടി ചേരുന്നതാണ് ട്രാഫിക് റെഗുലേറ്ററി കമ്മിറ്റി. അത് നടക്കുന്നില്ല. ഇങ്ങനെയൊരു കാര്യം അന്വേഷിക്കാനുള്ള സന്ദർഭമോ സമയമോ നിങ്ങൾക്കില്ല. നിങ്ങൾക്ക് മറ്റുതിരക്കുകളാണ്. ആ തിരക്കിനിടയിൽ ഇതൊന്നും നിങ്ങളുടെ പരിഗണനയിൽ വരില്ല. പ്രതിവർഷം നാലായിരം വീതം നാല് വർഷം കൊണ്ട് മരിച്ചത് പതിനാറായിരം ആളുകളാണ്. ഇത്രയും ആളുകളുടെ മരണത്തിന് ഉത്തരവാദിത്വം ഏറ്റെടുക്കേണ്ട ഗതാഗത വകുപ്പുമന്ത്രി ഒരു അഹങ്കാരവുമില്ലാതെ വിനയാന്വിതനായി ഇരിക്കുകയാണ്. കേരളത്തിൽ ട്രാഫിക് റെഗുലേറ്ററി കമ്മിറ്റി ഒന്നുപോലും നേരെ പ്രവർത്തിക്കുന്നില്ല. എന്റെ മണ്ഡലത്തിൽ ഈ കമ്മിറ്റിയെക്കുറിച്ചന്വേഷിക്കാൻ ഞാൻ കളക്ടറുടെ അടുത്ത് പോയപ്പോൾ കളക്ടർ ചോദിക്കുന്നത് അത് എന്ത് കമ്മിറ്റിയാണെന്നാണ്. അദ്ദേഹം ഉടൻ കമ്മിറ്റി വിളിക്കാമെന്ന് പറഞ്ഞിട്ട് രണ്ട് ആഴ്ച കഴിഞ്ഞിട്ടും വിളിക്കാത്തതിനാൽ ഞാൻ ആർ.ടി.ഒ.-യോട് ചോദിച്ചു. അപ്പോൾ ആർ.ടി.ഒ. പറഞ്ഞു. കളക്ടർ ഒരു കുറിപ്പ് തന്നു. പക്ഷെ അങ്ങനെയൊരു കമ്മിറ്റി ഇല്ല. ജില്ലാതല റോഡ് സേഫ്റ്റി കമ്മിറ്റിയുണ്ട്. അതാണെന്നാണ് കളക്ടർ വിചാരിച്ചത്. അതിനുശേഷമാണ് ആർ.ടി.ഒ.-യുടെയും കളക്ടറുടെയും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും എല്ലാം റെപ്രസന്റേഷനോടുകൂടി ഒരു കമ്മിറ്റി രൂപീകരിച്ചത്. ഞാൻ മനസ്സിലാക്കിയതനുസരിച്ച് ബഹുമാന്യനായ മെമ്പർ വി. ഡി. സതീശന്റെ മണ്ഡലത്തിൽ ആ സമിതി പ്രവർത്തിക്കുന്നുണ്ട്. അങ്ങനെ ചില അപൂർവ്വം സ്ഥലങ്ങളിൽ മാത്രമേ ആ കമ്മിറ്റി പ്രവർത്തിക്കുന്നുള്ളൂ. എല്ലാ സ്ഥലത്തും അത് പ്രവർത്തിപ്പിക്കണം, അക്കാര്യം ശ്രദ്ധിക്കണം. റോഡ് സേഫ്റ്റി ഫണ്ടിലെ കോടിക്കണക്കിന് രൂപയാണ് ചെലവഴിക്കാൻ കഴിയാത്തത്. പതിനാറായിരം ആളുകൾ കൊല്ലപ്പെട്ടിട്ടും റോഡ് സേഫ്റ്റി ഫണ്ട് പോലും ശരിയായ രീതിയിൽ വിനിയോഗിക്കാൻ കഴിയാത്ത തരത്തിൽ നിങ്ങൾക്ക് എന്ത് തിരക്കാണ് ; നിങ്ങൾക്ക് ഭൂമിയിൽ നിൽക്കാൻ സമയമില്ലല്ലോ ; നിങ്ങൾ എന്തെല്ലാം കാര്യങ്ങളിലാണ് വ്യാപരിച്ചുകൊണ്ടിരിക്കുന്നത് ? ഒരു കാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കാം. ഗതാഗതത്തിന്റെ പൊതു സ്ഥിതി ഇതാണെങ്കിൽ കെ.എസ്.ആർ.ടി.സി.-യുടെ ഗതിയെന്താണ് ? ആസ്തി വികസന ഫണ്ടിൽ നിന്നും കെ.എസ്.ആർ.ടി.സി.-ക്ക് ഒരു കോടി രൂപ കൊടുക്കാനുള്ള സന്നദ്ധത ഞാൻ പ്രകടിപ്പിച്ചു. എന്നാൽ ധനകാര്യ വകുപ്പ് സമ്മതിച്ചില്ല. നിങ്ങൾ 400 ജൻറം ബസ്സുകൾ അനുവദിച്ചപ്പോൾ എന്തായിരുന്നു അതിന് സ്വീകരിച്ച മാനദണ്ഡം ? മന്ത്രിമാർക്കും ഭരണകക്ഷി എം.എൽ.എ.-മാർക്കും നേതാക്കന്മാർക്കും മേനി നടിക്കാൻ ബസ് അനുവദിച്ചു.

കണ്ണൂർ ജില്ലയിലും ജൻറം ബസ് അനുവദിച്ചു. എന്നാൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഒരു ജൻറം എ.സി. ബസ് പോലും അനുവദിച്ചില്ല. നല്ല തണുപ്പുള്ള വയനാട് ജില്ലയിൽ പത്ത് എ.സി. ബസ്സുകൾ നൽകി.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. സണ്ണി ജോസഫ് : സർ, ജൻറം എ.സി. ബസ്സിന്റെ കാര്യത്തിൽ, കണ്ണൂർ കാസർഗോഡ് ജില്ലകളെ ഒഴിവാക്കിക്കൊണ്ടാണ് 2009-ൽ സ്റ്റേറ്റ് ഗവൺമെന്റും സെൻട്രൽ ഗവൺമെന്റുമായി എഗ്രിമെന്റുണ്ടാക്കിയത്.

ശ്രീ. ജെയിംസ് മാത്യൂ : സർ, കണ്ണൂർ, കാസർഗോഡ് ജില്ലകൾക്ക് എ.സി. ബസ് കൊടുക്കാത്തതിന്റെ കാരണം ബഹുമാന്യനായ അംഗം സണ്ണി ജോസഫ് പറഞ്ഞത് ശരിയല്ല. ബ്രേക്ക് ഈവൻ റേറ്റായിട്ടുള്ള, 80,000 രൂപ പോലും കളക്ഷനില്ലാതെ കണ്ണൂർ ജില്ലയ്ക്കകത്ത് ഈ ബസ്സുകൾ ഓടുന്നത് ആർക്കുവേണ്ടിയാണ് ? ജൻറം ബസ്സുകൾ ഓടുന്ന ഓരോ സ്ഥലത്തും നിങ്ങൾ പോയി അന്വേഷിക്കു. ഞാനും ശ്രീ. ഇ. പി. ജയരാജൻ എം.എൽ.എ.-യും ബഹുമാനപ്പെട്ട എം.പി.-യും ഉൾപ്പെടെയുള്ളവർ ജൻറം ബസ്സിന്റെ ഉദ്ഘാടന ദിവസം കെ.എസ്.ആർ.ടി.സി. സ്റ്റാന്റിൽ പോയി സമരം നടത്തി. ജൻറം ബസ് വന്നതിനോടുള്ള പ്രതിഷേധമല്ല. ആ ബസ്സെല്ലാം ഓടിക്കുന്നത് എഴുപതും എൺപതും കിലോമീറ്റർ ദൂരെയുള്ള കിഴക്കൻ മലയോരങ്ങളിലേക്കാണ്. അവർക്ക് യാത്രാ ബസ് വേണം. പക്ഷെ, അതിന് ലോ ഫ്ലോർ ജൻറം ബസ് തന്നെ വേണമെന്ന് എന്താണ് നിർബന്ധം ? അതുപോലുള്ള റോഡിൽക്കൂടി ജൻറം ബസ് ഓടിച്ചാൽ കയറ്റം കയറില്ല. ബസിന്റെ ആക്സിൽ ഒടിഞ്ഞുപോകും, ടയർ തകർന്ന് പോകും. ബ്രേക്ക് ഈവൻ റേറ്റായിട്ടുള്ള 80,000 രൂപ പോലും കളക്ഷനില്ലാതെ കണ്ണൂർ ജില്ലയിൽ ബസ് ഓടുന്നു. എന്നാൽ കാസർഗോഡുനിന്നും തലശ്ശേരി വഴി കോഴിക്കോട് ഭാഗത്തേക്ക് ജൻറം ബസ് ഓടിക്കേണ്ടേ ? 400 ബസ്സുകൾ കിട്ടി. അതും നഷ്ടത്തിലോടിക്കാൻ വേണ്ടി എന്തിനാണ് ഇങ്ങനെ ഒരു വകുപ്പ് കൈകാര്യം ചെയ്യുന്നത് ? സാധാരണഗതിയിൽ എല്ലാവരും കാണുന്ന ഒരു കാഴ്ച എപ്പോൾ നോക്കിയാലും കെ.എസ്.ആർ.ടി.സി. ബസ് ആളില്ലാതെ ഓടുന്നതാണ്. പ്രൈവറ്റ് ബസ്സിൽ മുഴുവൻ ആളുകളാണ്. ഡ്രൈവറേയും കണ്ടക്ടറേയും ഞാനും ഒരുപാട് പഴിച്ചിട്ടുണ്ട്. ഇവനൊന്നും യാതൊരു ഉത്തരവാദിത്വവുമില്ലല്ലോയെന്ന് എനിക്ക് തോന്നിയിട്ടുണ്ട്. ആ സമയത്ത് ഞാൻ കെ.എസ്.ആർ.ടി.സി.-യിൽ പോയി പല കാര്യവും ചോദിച്ചു. അന്വേഷിച്ചപ്പോഴാണ് കാര്യങ്ങൾ മനസ്സിലായത് രാവിലെ ഡ്രൈവർ ബസ്സിൽ കയറിയാൽ 290 കിലോമീറ്റർ ഓടിയാലേ ഡ്യൂട്ടി പൂർത്തിയാകൂ. സ്പ്രെഡ് ഓവർ ടൈമിന് ഒരു മണിക്കൂർ കുറച്ച് സ്വിച്ച് ഓൺ, സ്വിച്ച് ഓഫ് (റാക്ക് വാങ്ങാനും റാക്ക് തിരികെ വയ്ക്കാനുമുള്ള സമയം)

സമയം കഴിഞ്ഞ് ഒരു മണിക്കൂർ കുറവ് സ്റ്റിയറിംഗ് ഡ്യൂട്ടി വേണം. സ്റ്റിയറിംഗ് ഡ്യൂട്ടിയുടെ സമയം റണ്ണിംഗ് കിലോമീറ്റർ അനുസരിച്ച് കണക്കുകൂട്ടുമ്പോൾ 270 മുതൽ 290 കിലോമീറ്റർ വരെ വേണം. എന്റെ ജില്ലയിലെ അനുഭവം ഞാൻ പറയാം. 113 കിലോമീറ്ററുള്ള കണ്ണൂർ-കാസർഗോഡ് റൂട്ടിൽ ശ്രീ. മാത്യൂ റ്റി. തോമസ് മന്ത്രിയായിരുന്ന സമയത്ത് ബസ് സർവ്വീസ് ആരംഭിച്ചു. അന്ന് നല്ല ലാഭത്തിൽ പ്രവർത്തിച്ചു. ഇപ്പോൾ നിങ്ങൾ വന്നതുകൊണ്ടല്ല നഷ്ടത്തിലായത്. അന്ന് ആ ബസ്സിന് പത്ത് സ്റ്റോപ്പുകളാണുണ്ടായിരുന്നത്. ഇപ്പോൾ ഓരോരുത്തരുടെ സമ്മർദ്ദത്തിന് വഴങ്ങി നിങ്ങൾ 49 സ്റ്റോപ്പാക്കി. എന്നാൽ റണ്ണിംഗ് ടൈം കൂട്ടിയോ ? അത് കൂട്ടാൻ പറ്റില്ല. കാരണം, റണ്ണിംഗ് ടൈം കൂട്ടിയാൽ കിലോമീറ്റർ തികയില്ല. കിലോമീറ്റർ തികഞ്ഞില്ലെങ്കിൽ ഡ്യൂട്ടി എത്തുകയില്ല. ഡ്യൂട്ടി എത്തിയില്ലെങ്കിൽ തൊഴിലാളി സമ്മതിക്കില്ല. നിങ്ങളൊന്ന് ആലോചിച്ചു നോക്കൂ. സ്റ്റിയറിംഗ് ഡ്യൂട്ടിയെന്ന് പറഞ്ഞിട്ട് സ്റ്റിയറിംഗിൽ പിടിച്ചുകൊണ്ട് നിന്നാൽമതി വണ്ടി ഓടിക്കേണ്ട എന്നൊരു ഓർഡർ ഇറക്കിയാൽ കെ.എസ്.ആർ.ടി.സി. ലാഭത്തിലാകും. സ്വകാര്യ ബസ്സുകൾ 290 കിലോമീറ്റർ ഓടുന്നതിനുപകരം 150 കിലോമീറ്റർ ഓടി ഈ കളക്ഷൻ എടുക്കുകയാണ്. അവ ആളുള്ള റൂട്ടിൽ ആളുള്ള സമയത്ത് ഓടിയെത്തുകയാണ്. പ്രൈവറ്റ് ബസ്സുകാർക്ക് ലാഭമുണ്ടാകുന്ന രീതിയിലാണ് ഈ വർക്ക് നടന്നുകൊണ്ടിരിക്കുന്നത്. അല്പം ആലോചിച്ച് ഭാവനാ സമ്പന്നമായി കൈകാര്യം ചെയ്താൽ കെ.എസ്.ആർ.ടി.സി.-യും ലാഭത്തിലോടിക്കാൻ പറ്റും. അതിനുള്ള യാതൊരു താൽപ്പര്യവും നിങ്ങൾക്കില്ല. ബഹുമാന്യനായ മെമ്പർ ശ്രീ. കെ. മുരളീധരൻ അദ്ദേഹത്തിന്റെ അനുഭവം പറഞ്ഞു. ഞാൻ എന്റെ അനുഭവം പറയാം. 27 ആളുകളുടെ ജീവൻ പൊലിഞ്ഞു. 'ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും' എന്ന അവസ്ഥയിലുള്ളവരുണ്ട്. അങ്ങ് ആലോചിച്ചു നോക്കൂ, എത്ര ആളുകളുടെ ജീവിതം കൊണ്ടാണ് പന്താടുന്നത് ; എന്തൊരു കഷ്ടമാണിത് ? എന്തെങ്കിലുമൊരു മനസാക്ഷിക്കുത്ത് അങ്ങേക്കുണ്ടെങ്കിൽ ഇക്കാര്യം ഒന്ന് പരിഗണിക്കൂ. ആ സ്ഥാപനത്തെ നന്നാക്കാൻ ഒരുപാട് സമയമൊന്നും വേണ്ട. അങ്ങയുടേത് ചെറിയ ബുദ്ധിയല്ലല്ലോ ? നല്ല ബുദ്ധിയാണ്. കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കാൻ അതിലൊരു കാൽഭാഗം കൊടുക്കൂ.

മി. സ്പീക്കർ : പ്ലീസ് കൺക്ലൂഡ്..

ശ്രീ. ജെയിംസ് മാത്യു : രണ്ടുകാര്യങ്ങൾ കൂടി പറഞ്ഞ് നിർത്താം. കെ.എസ്.ആർ.ടി.സി.-യിൽ സ്റ്റേ സർവ്വീസില്ല. സന്ധ്യമയങ്ങിയാൽ ഒരു മരത്തിൽ പക്ഷികൾ ചേക്കേറുന്നതുപോലെ കെ.എസ്.ആർ.ടി.സി. ബസ്സുകളെല്ലാം ഡിപ്പോയിലേക്ക് പോകും. ടൗണിലെ ഡിപ്പോയുടെ അടുത്ത് നിന്നാൽ 7.30 മുതൽ 10.30 വരെ കാലി ബസ്സുകൾ വന്നുകൊണ്ടിരിക്കുന്നത് കാണാം. ഇനി രാവിലത്തെ കാഴ്ചയോ ? 5.30

മുതൽ എല്ലാ ബസ്സുകളും കൂട്ടവിട്ട് പറക്കുകയാണ്. ആരുടെ ബുദ്ധിയിലുദിച്ചതാണ് ഇങ്ങനെയൊരു രീതി ? പണ്ടു കാലത്ത് നാട്ടിൻപുറത്തെ ഗ്രാമപ്രദേശങ്ങളിൽ ബസ് സ്റ്റേ ചെയ്യുമായിരുന്നു. എന്ത് കാരണം പറഞ്ഞായാലും ആ സ്റ്റേ സർവ്വീസ് ഒഴിവാക്കിയതിന് ഒരു ന്യായീകരണവുമില്ല. ഇതെല്ലാം ഞങ്ങൾ പറയുമ്പോൾ നിങ്ങൾക്കെന്താണ് പ്രശ്നം ; അരുവിക്കരയിലും പിറവത്തുമെല്ലാം ഞങ്ങൾ ജയിച്ചില്ലേ എന്നാണ് നിങ്ങളുടെ ചോദ്യം. കൃഷ്ണകുമാർ, ചന്ദ്രൻ, ജയദേവൻ എന്നിങ്ങനെ കുറച്ച് പേരുകൾ ശ്രീ വി. പി. സജീന്ദ്രൻ പറഞ്ഞു. ഞാനും കുറച്ച് പേരുകൾ വായിക്കാം. നജ്മ ഹെപ്ത്തുള്ള, ഗിരിധർ ഗോമാങ്, റാവു ഇന്ദ്രജിത്ത് സിംഗ്, ധരംവീർ സിംഗ്, രമേശ് കൗശിക്, കെ. റ്റി സെയ്യ്നി ഇവരെയൊന്നും മെമ്പർക്ക് പിടികിട്ടുന്നില്ലെങ്കിൽ ബഹുമാന്യനായ രമേശ് ചെന്നിത്തലയോട് അന്വേഷിച്ചാൽ മതി. അദ്ദേഹത്തിന് കുറച്ച് ഡൽഹി സർവ്വീസുള്ളതുകൊണ്ട് ഈ ആളുകളെ നല്ല പരിചയമുണ്ടാകും. ബാക്കി പേരുകൾ കൂടി പറയാം. വിത്തൽ റാഡിയ, ഭഗീരഥ് പ്രധാൻ, രമേശ് തൊവാർ. രമേശ് തൊവാറായിരുന്നു നിങ്ങളുടെ ഒരു എം.പി. സ്ഥാനാർത്ഥി. അദ്ദേഹം പത്രിക പിൻവലിച്ച് ബി.ജെ.പി.-യിൽ പോയപ്പോൾ പകരം മത്സരിക്കാൻ നിങ്ങൾക്ക് സ്ഥാനാർത്ഥിയുണ്ടായില്ല. കോൺഗ്രസിനോടൊപ്പം നിന്ന അൻപതോളം പാർലമെന്റംഗങ്ങൾ രാജി വച്ച് ബി.ജെ.പി.-യിൽ ചേർന്നില്ലേ ? ഇവിടെ ഒരാൾ ചോദിച്ചല്ലോ കേരളത്തിൽ കോൺഗ്രസ്സിൽ നിന്ന് ആരാണ് പോയതെന്ന് ? ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യും കോൺഗ്രസും ഒന്നാണ് പിന്നെ എന്താണ് പോകേണ്ട ആവശ്യം ? ഡൽഹിയിൽ പാർട്ടി മാറിയാലേ ഗുണമുള്ളൂ, ഇവിടെ പോകേണ്ട ആവശ്യമില്ല. നിങ്ങൾ തീരുമാനിച്ചാൽ ശ്രീ. ഒ. രാജഗോപാൽ മത്സരിക്കും. ഭരണനേട്ടം കാരണമാണ് നിങ്ങൾക്ക് അരുവിക്കരയിൽ ഒരു വോട്ട് പോലും കൂടാതെ പത്ത് വോട്ട് കുറഞ്ഞിട്ടും ജയിക്കാൻ സാധിച്ചതെന്ന് നിങ്ങൾ പറയുന്നുണ്ടെങ്കിൽ ശ്രീ ഒ. രാജഗോപാലിന് വർദ്ധിച്ച വോട്ട് ബി.ജെ.പി.-യുടെ കേന്ദ്ര ഭരണത്തിന്റെ നേട്ടമാണോ ? ആണെന്ന് നിങ്ങൾ സമ്മതിക്കുന്നുണ്ടോ ? ബി.ജെ.പി. കേന്ദ്രത്തിൽ ഒന്നേകാൽ വർഷം ഭരിച്ച് ഈ നാട് കുട്ടിച്ചോറാക്കുകയാണ് എന്ന് കാണുമ്പോഴും അരുവിക്കരയിൽ 34,000 വോട്ട് ശ്രീ ഒ. രാജഗോപാലിന് കിട്ടിയത് എന്തിന്റെ ഫലമാണെന്ന് നിങ്ങൾ മനസ്സിലാക്കിക്കൊള്ളൂ, ചെവിയിൽ നുള്ളിക്കോളൂ. നിങ്ങളുടെ ഗതികേടിന്റെ ആരംഭം കുറിച്ചിരിക്കുകയാണ്. അവിടെയുള്ള ലീഗുകാർ മനസ്സിലാക്കണം, ഈ രാജ്യം മുസ്ലീമിന്റേയും ക്രിസ്ത്യാനിയുടേയും ഹിന്ദുവിന്റെയും സിക്കുകാരന്റെയുമാണെന്ന് വർത്തമാനം പറഞ്ഞാൽ പോര. അങ്ങനെ തോന്നാത്ത കാലത്തേക്കാണ് പോകുന്നത്. അതൊക്കെ നിങ്ങൾക്ക് മനസ്സിലാകണമെങ്കിൽ കാലം കുറേപിടിക്കും.

<u>മി. സ്പീക്കർ</u> : ഒൻപത് മിനിറ്റ് കൂടുതലായി.

ശ്രീ. ജെയിംസ് മാത്യു : സർ, ഇതൊക്കെ ഇവരെ ബോദ്ധ്യപ്പെടുത്തേണ്ടേ ? ഇവരോടല്ലാതെ ആരോടാണ് ഇത് പറയേണ്ടത് ; ഞാൻ പുറത്തുപോയി ഇത് പറഞ്ഞിട്ട് വല്ല കാര്യവുമുണ്ടോ ; ഇവരത് കേൾക്കുമോ ? അഴിമതിയും കെടുകാര്യസ്ഥതയും നിറഞ്ഞ ഈ ഗവൺമെന്റിന് ഒരു കാരണവശാലും തുടരാൻ അർഹതയില്ല. രാജിവച്ച് പോകേണ്ട ഗവൺമെന്റാണ്. അഴിമതിക്കാരായ മന്ത്രിമാർ രാജിവയ്ക്കണം. ഈ ഗവൺമെന്റ് അധികാരത്തിൽ തുടരുന്നത് കേരളത്തിലെ ജനങ്ങൾക്ക് അപമാനകരമാണ്.

(ധനാഭ്യർത്ഥന ചർച്ചയുടെ മറുപടി പ്രസംഗങ്ങൾ ബഹിഷ്കരിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭവിട്ട് പുറത്തുപോയി)

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ഇവിടെ യഥാർത്ഥത്തിൽ 14 ആളുകൾ ഈ ചർച്ചയിൽ പങ്കെടുത്തു. ഭരണകക്ഷിയിൽനിന്ന് പങ്കെടുത്ത എല്ലാവരും ഇവിടെ ഇരിക്കുന്നുണ്ട്. പ്രതിപക്ഷത്തുനിന്ന് ചർച്ചയിൽ പങ്കെടുത്തവരെങ്കിലും മറുപടി കേൾക്കാൻ ഇരിക്കേണ്ടതായിരുന്നു. മറ്റുള്ള ആളുകൾ പോയാലും കുഴപ്പമില്ല. ഒരു പൊളിറ്റിക്കൽ ഡിസിഷൻ ആയതുകൊണ്ട് ഞാൻ അതിനെ ഒപ്പോസ് ചെയ്യുന്നില്ല. പക്ഷേ ചർച്ചയിൽ പങ്കെടുത്ത് അവർ നിർദ്ദേശങ്ങൾ വച്ചത് എന്തിനാണ് ? അത് പ്രസംഗ മൽസരത്തിന്റെ ഭാഗമായിട്ടുള്ള ഒരു നിർദ്ദേശമാണെങ്കിൽ എനിക്ക് ഒരു തർക്കവുമില്ല. ആത്മാർത്ഥതയുടെ ഒരു കണികയെങ്കിലുമുണ്ടെങ്കിൽ, അവർ പറഞ്ഞ കാര്യങ്ങൾ ഗവൺമെന്റ് അംഗീകരിക്കണമെന്ന് നിർബന്ധമുണ്ടെങ്കിൽ ഞങ്ങൾ പറയുന്ന കാര്യങ്ങൾ കൂടികേട്ട് അവരുടെ നിർദ്ദേശം ഒരു ഉപചോദ്യമായി ചോദിച്ച് ഈ പ്രശ്നത്തിന് ഒരു പരിഹാരമുണ്ടാക്കാൻ പറ്റുമായിരുന്നില്ലേ ? ഇതൊന്നുമല്ലാതെ ഒരു വഴിപാട് നടത്തുന്നതുപോലെ എഴുന്നേറ്റുനിന്ന് ഒരു പ്രസംഗം നടത്തുക, പോകുക. ഇത് ജനാധിപത്യത്തിന് അപമാനകരമായ സ്ഥിതിയാണ്. ഇനിയെങ്കിലും അവർ ഇത് തുടരരുത് എന്നാണ് എന്റെ അഭിപ്രായം. നേരത്തെ ഇവിടെ ജൻറം ബസ്സിനെക്കുറിച്ച് പറഞ്ഞു. 2009-ലാണ് അതിന്റെ എഗ്രിമെന്റ് ഉണ്ടാക്കിയത്. കണ്ണൂരും കാസർഗോഡും ഒഴിവാക്കിയാണ് അന്ന് എഗ്രിമെന്റ് വച്ചത്. നേരത്തേ ശ്രീ. സണ്ണി ജോസഫ് അതിവിടെ സൂചിപ്പിച്ചതാണ്. അവർ ഒഴിവാക്കിയതിന് ഞങ്ങൾ എന്താണ് ചെയ്യുക ; എന്നിട്ടും നമ്മൾ കണ്ണൂരിലേക്കും കാസർഗോഡിലേക്കും ബസ് ഓടിക്കുകയാണ്. വയനാട് നിന്നും കണ്ണൂരിലേയ്ക്കും കോഴിക്കോട് നിന്നും കാസർഗോഡിലേക്കും ബസ് ഓടിച്ചാണ് ആ ഏരിയ ഇപ്പോൾ കവർ ചെയ്യുന്നത്. അന്ന് അവർ ചെയ്തതിന്റെ ഫലമാണ് ഇന്ന് നിരപരാധികളായ നമ്മുടെമേൽ കെട്ടിവച്ചത് എന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു. കൺസഷൻ കാർഡിനെക്കുറിച്ച് ശ്രീ. എ. കെ. ശശീന്ദ്രൻ ഇവിടെ പറഞ്ഞു. മറുപടി കേൾക്കാൻ ഇരിക്കുമോയെന്ന്

അദ്ദേഹത്തോട് വ്യക്തിപരമായി ഞാൻ ചോദിച്ചു. പക്ഷേ അദ്ദേഹം പോയി. കേരളത്തിലെ 73 ഡിപ്പോകളിലായി ആകെ 1,05,263 കുട്ടികൾക്കുള്ള കൺസഷൻ കൊടുത്തിട്ടുണ്ട്. കഴിഞ്ഞ വർഷം ഉണ്ടായിരുന്നതുപോലെതന്നെ ഇപ്രാവശ്യവും കൊടുത്തിട്ടുണ്ട്. ചോദ്യം മാത്രം ചോദിച്ചാൽ പോരാ. ഉത്തരവും കേൾക്കേണ്ടേ ? ഇവിടെ ശ്രീ. കെ. രാജു ടോയ്‌ലെറ്റിന്റെ കാര്യം പറഞ്ഞിരുന്നു. അത് അദ്ദേഹവും അവിടത്തെ മുനിസിപ്പാലിറ്റിയും തമ്മിലുള്ള തർക്കമാണ്. മുനിസിപ്പാലിറ്റി സ്ഥലം കൊടുത്താൽ നമുക്ക് വേറെ പ്രശ്നമൊന്നുമില്ല. അത് മാറ്റിക്കൊടുക്കാമെന്ന് അദ്ദേഹം തന്നെ ഞങ്ങളുടെ ഒരു ചർച്ചയിൽ വന്ന് സമ്മതിച്ച് പോയതാണ്. ദൗർഭാഗ്യവശാൽ അദ്ദേഹവും ഇവിടെ അത് ഒരു ആക്ഷേപമായി പറഞ്ഞ് സ്ഥലം വിടുകയുണ്ടായി. ഇതാണ് അവർ പറഞ്ഞ പ്രധാനപ്പെട്ട കാര്യങ്ങൾ. അവർ ഇത് കേൾക്കട്ടെ എന്നത് കൊണ്ടുമാത്രം ഞാൻ ഓർമ്മിപ്പിച്ചുവെന്നേയുള്ളൂ. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങളായ വി. പി. സജീന്ദ്രൻ, എൻ. എ. നെല്ലിക്കുന്ന്, എൻ. ജയരാജ്, എ. റ്റി. ജോർജ്, ഐ. സി. ബാലകൃഷ്ണൻ, അബ്ദുറഹിമാൻ രണ്ടത്താണി, കെ. മുരളീധരൻ എന്നിവർ പറഞ്ഞ പോസിറ്റീവായ നിർദ്ദേശങ്ങൾ ഗവൺമെന്റ് അംഗീകരിക്കുകയാണ്. അതിൽ ഒരു പ്രധാനപ്പെട്ട കാര്യമുണ്ട്. പെൻഷനെക്കുറിച്ച് വളരെ വികാരഭരിതരായി പറഞ്ഞു. പെൻഷൻ കൊടുക്കണമെന്നു തന്നെയാണ് ഈ ഗവൺമെന്റിന്റെ നിലപാട്. പെൻഷൻ കൊടുക്കുന്നതിന് 1984-ൽ തീരുമാനമെടുത്തെങ്കിലും പെൻഷൻ ഫണ്ട് രൂപീകരിച്ചിരുന്നില്ല. പെൻഷൻ ഫണ്ട് രൂപീകരിക്കാതിരുന്നതിനുള്ള കാരണം, മൂന്നുകോടി രൂപ കൊണ്ട് അന്ന് പെൻഷൻ കൊടുക്കാൻ സാധിക്കുമായിരുന്നു. അതിനുശേഷം പെൻഷൻ കൊടുക്കണമെന്ന് പറയുന്നതല്ലാതെ അതിനുള്ള തുക ഇന്നുവരെ ഒരു ഗവൺമെന്റും മാറ്റിവച്ചിട്ടുണ്ടായിരുന്നില്ല. പെൻഷൻ കൊടുക്കുന്നതിനുള്ള ഫണ്ട് ഉണ്ടായിരുന്നില്ല. ഇപ്പോൾ ഞങ്ങൾ ഒരു പെൻഷൻ ഫണ്ട് രൂപീകരിച്ചു. ഫിനാൻസ് ഡിപ്പാർട്ടുമെന്റിനോട് തുക ആവശ്യപ്പെട്ടു. മുഖ്യമന്ത്രിയുമായി സംസാരിച്ചു. അദ്ദേഹത്തിന്റെ കൂടി നിർദ്ദേശത്തിന്റെയടിസ്ഥാനത്തിൽ 50:50 ഷെയറിംഗ് വച്ചു. അതായത്, 20 കോടി രൂപ കെ.എസ്.ആർ.ടി.സി. ഉണ്ടാക്കണം, 20 കോടി രൂപ ഫിനാൻസ് ഡിപ്പാർട്ടുമെന്റ് നൽകണം. ഇപ്പോഴത്തെ പെൻഷൻ ബാദ്ധ്യത കണക്കുകൂട്ടി നോക്കിയപ്പോൾ നാൽപ്പത്തിരണ്ടര കോടി രൂപ വരും. നാൽപ്പത് കോടി രൂപയാണ് ഷെയറിംഗിലൂടെ ഉണ്ടാകുന്നത്. ബാക്കിയുള്ള രണ്ടരക്കോടി രൂപ കൂടി കെ.എസ്.ആർ.ടി.സി. കൊടുക്കാമെന്ന് തീരുമാനിച്ചു. ജൂൺ മാസം മുതൽ എല്ലാ മാസവും 15-ാം തീയതി അവർക്ക് ശമ്പളം കിട്ടിയിരുന്നതുപോലെ തന്നെ അവരുടെ അക്കൗണ്ടിൽ ഈ തുക എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. അതിനുള്ള തീരുമാനം എടുത്തിരിക്കുകയാണ്. ഇനി പെൻഷനെക്കുറിച്ച് ഒരു ആവലാതിയുടെ ആവശ്യമില്ല. കാരണം എല്ലാ മാസവും 15-ാം തീയതി പെൻഷൻ കൊടുക്കും.

15-ാം തീയതി വയ്ക്കാൻ കാരണമെന്തെന്നാൽ, ഒന്നാം തീയതി മുതൽ അഞ്ചാം തീയതി വരെ ട്രഷറിയിൽ നിന്നും ശമ്പളം കൊടുക്കേണ്ടി വരും. അതിനുശേഷം പെൻഷൻ കൊടുക്കേണ്ടി വരും. Ways & Means clearance ലഭിക്കണമെങ്കിൽ കുറച്ച് വെയ്റ്റ് ചെയ്യേണ്ടി വരും. അതിന്റെ ക്ലിയറൻസിനും കൂടി വേണ്ടിയാണ് 15-ാം തീയതി എന്ന ഫിക്സഡ് ഡേറ്റ് വച്ചിട്ടുള്ളത്. 15-ാം തീയതിയോടുകൂടി കേരളത്തിൽ പെൻഷൻ കൊടുക്കേണ്ടവർക്കെല്ലാം കൊടുക്കും. പക്ഷേ ഒരു ചെറിയ ബാദ്ധ്യത അപ്പോഴുമുണ്ട്. ഒക്ടോബർ മുതൽ മാർച്ച് വരെയുള്ള ആറുമാസം പതിനയ്യായിരം രൂപ വരെ പെൻഷൻ കിട്ടുന്ന മുഴുവൻ ആളുകളുടെയും പെൻഷൻ കൊടുത്തിട്ടുണ്ട്. പക്ഷേ പതിനയ്യായിരത്തിന് മുകളിൽ പെൻഷൻ ഉള്ളവർക്ക് കൊടുക്കാനുള്ള 22.50 കോടി രൂപ കടമായി നിൽക്കുകയാണ്. രണ്ടുമാസത്തെ പെൻഷൻ മൊത്തത്തിൽ ഡ്യൂ ആയി വരികയാണ്. അത് 85 കോടി രൂപ വരും. ഇത് രണ്ടും കൂടി കൂട്ടി ആകെ 107 കോടി രൂപ വേണ്ടിവരും. ആ 107 കോടി രൂപ ഞങ്ങൾ ധനകാര്യസ്ഥാപനത്തിൽ നിന്ന് വായ്പയെടുത്ത് അവർക്ക് കൊടുക്കുന്നതിനുള്ള നടപടി എടുത്തിരിക്കുകയാണ്. ജൂലൈ മാസത്തിൽ ആ കടം കൂടി തീർത്ത് ക്ലീൻ സ്ലേറ്റിൽ കെ.എസ്.ആർ.ടി.സി. പോകുന്ന സാഹചര്യമുണ്ടാക്കുകയാണ്. കെ.എസ്.ആർ.ടി.സി. വികസനത്തിന്റെ പന്ഥാവിൽ നിൽക്കുകയാണ്. ഞാൻ ബഹുമാനപ്പെട്ട കെ. മുരളീധരൻ പറഞ്ഞ നിർദ്ദേശത്തോട് പൂർണ്ണമായി യോജിക്കുകയാണ്. കാരണം ന്യൂ ടെക്നോളജിയുള്ള കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. പുതിയ വണ്ടികളും പുതിയ സൗകര്യങ്ങളുമില്ലെങ്കിൽ എത്ര ഉപദേശ രൂപേണ പറഞ്ഞാലും കെ.എസ്.ആർ.ടി.സി. ബസ്സിൽ കയറാൻ ആളുണ്ടാകില്ല. ആളുണ്ടാകണമെങ്കിൽ പുതിയ രൂപത്തിലുള്ള സംവിധാനമുണ്ടാകണം. അതിനുള്ള നടപടി എടുക്കുകയാണ്. ബംഗളൂരുവിൽ നിന്ന് അഞ്ച് സൂപ്പർ ക്ലാസ് സർവ്വീസുകൾ 2015 ആഗസ്റ്റ് മാസം ആദ്യം ആരംഭിക്കുന്നതാണ്. കണ്ണൂർ, കാസർഗോഡ് എന്നീ സ്ഥലങ്ങളിലേയ്ക്കും സേലംവഴി എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ സ്ഥലങ്ങളിലേക്കുമാണ് സർവ്വീസ് തുടങ്ങുന്നത്. ജാലാഹള്ളി, മത്തിക്കര, യശ്വന്ത്പൂർ, ശാന്തിനഗർ, മടിവാള എന്നിവിടങ്ങളിലെ മലയാളികൾക്ക് ഈ സർവ്വീസിന്റെ സൗകര്യം ലഭിക്കത്തക്കവിധത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം എക്സ്റ്റന്റ് ചെയ്യുകയാണ്. കർണ്ണാടക, തെലുങ്കാന, ആന്ധ്രാപ്രദേശ്, ഗോവ, പോണ്ടിച്ചേരി, തമിഴ്നാട് എന്നീ സ്ഥലങ്ങളുമായി അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നതിനുള്ള പ്രാഥമിക കരാർ ഒപ്പിട്ടുകഴിഞ്ഞു. ചെന്നൈ, പുതുച്ചേരി, പനാജി, ഗോവ, ബോംബേ, പൂനൈ, ഹൈദ്രാബാദ്, തിരുപ്പതി, പുട്ടപർത്തി എന്നിവിടങ്ങളിലേക്ക് മൂന്ന് മാസത്തിനകം പുതിയ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടി എടുത്തിട്ടുണ്ട്. പുതുതായി ആരംഭിക്കുന്ന കെ.യു.ആർ.ടി.സി.-യിൽ 250 ജൻറം ബസ്സുകളും കെ.എസ്.ആർ.ടി.സി.-യുടെ 200 സാധാരണ ബസ്സുകളും

50 ഡീലക്സ് ബസ്സുകളും ഇറക്കുകയാണ്. 2015 ജൂലൈ അവസാനത്തോടെ 'സിൽവർ ലൈൻ ജെറ്റ് ' എന്ന പേരോടുകൂടി പുതിയ ഒരു അതിവേഗ ബസ് സർവ്വീസ് കെ.എസ്.ആർ.ടി.സി.-യുടെ കീഴിൽ ആരംഭിക്കുകയാണ്. അത് നിലമ്പൂർ വഴി പോകണമെന്നാണ് ശ്രീ. ആര്യാടൻ മുഹമ്മദ് പറയുന്നത്. സ്നേഹം കൊണ്ട് എനിക്ക് 'നോ' എന്ന് പറയാൻ കഴിയില്ല. സമ്മർദ്ദം കൊണ്ട് പറയാതിരിക്കാനും കഴിയില്ല. എല്ലാ കാര്യങ്ങളും പരിശോധിക്കാം.

ശ്രീ. പാലോട് രവി : സർ, 100 ശതമാനവും നാഷണലൈസ് ചെയ്ത ചില ഡിപ്പോകളുണ്ട്. മറ്റ് യാതൊരു സൗകര്യവും ഞങ്ങൾക്ക് ഇല്ല. തീവണ്ടി സർവ്വീസ് ഇല്ല. ഇന്റർ സ്റ്റേറ്റ് ബസ്സുകൾ കുറവാണ്. പ്രൈവറ്റ് ബസ്സില്ല. കെ.എസ്.ആർ.ടി.സി.-യെ മാത്രം ഡിപ്പെൻഡ് ചെയ്യുന്ന ചില ഡിപ്പോകളുണ്ട്. ആ ഡിപ്പോകൾക്ക് മുൻഗണന കൊടുക്കുമോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, തീർച്ചയായും മുൻഗണന കൊടുക്കുമെന്ന് മാത്രമല്ല ടൗൺ ടു ടൗൺ സർവ്വീസ് എന്ന ഒരു പുതിയ സിസ്റ്റം തന്നെ കൊണ്ട് വരികയാണ്. അങ്ങനെ വരുമ്പോൾ തിരുവനന്തപുരം-നെടുമങ്ങാട് അല്ലെങ്കിൽ മറ്റൊരു ടൗൺ. അങ്ങനെ ടൗൺ ടു ടൗൺ സർവ്വീസ് വരുന്നതോടുകൂടി ട്രെയിൻ ഓടിക്കൊണ്ടിരിക്കുന്ന റൂട്ടുകളിൽനിന്ന് വ്യത്യസ്തമായി പോകാൻ കഴിയും. ആ സർവ്വീസ് ആരംഭിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ : സർ, കെ.എസ്.ആർ.ടി.സി. ഹൈക്കോടതിയിലും മറ്റ് പല കോടതികളിലും പെറ്റീഷൻ കൊടുത്ത് പല റൂട്ടുകളും നാഷണലൈസ് ചെയ്തുവരികയാണ്. നിലവിലുള്ള സർവ്വീസുകൾ തന്നെ കെ.എസ്.ആർ.ടി.സി.-ക്ക് നടത്താൻ കഴിയുന്നില്ല. ഈ സാഹചര്യത്തിൽ പുതിയ ഏരിയ കൂടി നാഷണലൈസ് ചെയ്ത് വാങ്ങിക്കഴിഞ്ഞാൽ അവിടെയൊക്കെ ബസ്സുകളില്ലാത്ത സ്ഥിതി ഉണ്ടാകില്ലേ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങ് പറഞ്ഞ കാര്യം വളരെ ഗൗരവതരമായ ഒരു പ്രശ്നമാണ്. അത് ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഒരു തീരുമാനത്തിൽ എത്താത്ത സ്ഥിതിക്ക് ഒരു അനൗൺസ്മെന്റായി അത് പറയാൻ കഴിയില്ല. വളരെ ഗൗരവതരമായിത്തന്നെ അത് പരിശോധിക്കുകയാണ്.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, ബഹുമാനപ്പെട്ട വി. ഡി. സതീശൻ പറഞ്ഞതിനനുബന്ധമായി പറയുകയാണ്. നിലവിൽ ഫാസ്റ്റ് പാസഞ്ചർ, ലിമിറ്റഡ് സ്റ്റോപ്പ് സർവ്വീസുകൾ ഉൾപ്പെടെയുള്ള സ്വകാര്യ ബസ്സുകൾ ഓടുന്ന സ്ഥലങ്ങളുണ്ട്. ആ ബസ്സുകൾക്ക് പെർമിറ്റ് പുതുക്കി കൊടുക്കാതിരുന്നാൽ അവിടെ കെ.എസ്.ആർ.ടി.സി. ബസ്സും സ്വകാര്യ ബസ്സുമില്ലാതെ വലിയ യാത്രാ പ്രശ്നമുണ്ടാകും. അങ്ങയുടെ

അറിവോടുകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയം ചർച്ച ചെയ്തതാണ്. ഇതുവരെയും ഇതിനൊരു തീരുമാനമെടുത്തിട്ടില്ല. ഇതിങ്ങനെ അനന്തമായി നീട്ടിക്കൊണ്ടുപോകരുത്. യാത്രക്കാരെയും വിദ്യാർത്ഥികളെയും ഇത് ബാധിക്കും. സ്വകാര്യ ബസ് സർവ്വീസ് എന്നുപറയുന്നത് ഒരുപാട് പേർ ജോലി ചെയ്യുന്ന, ഒരുപാട് പേർ പണം മുടക്കിയിട്ടുള്ള ഒരു ഇൻഡസ്ട്രി കൂടിയാണ്. ആ ഇൻഡസ്ട്രി തകർക്കരുത്. സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് പുതുക്കിക്കൊടുക്കാൻ കാലതാമസം ഉണ്ടാകുന്നത് ശരിയല്ല. ആ കാര്യത്തിൽ കൂടി അങ്ങ് തീരുമാനെമടുക്കുമോ ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ശ്രീ. വി. ഡി. സതീശൻ പറഞ്ഞപ്പോൾത്തന്നെ ഒരു ഇമ്മീഡിയറ്റ് റിപ്ലൈ പറഞ്ഞതാണ്. ആ കാര്യം തന്നെയാണ് അങ്ങും കുറച്ചുകൂടി എക്സ്റ്റൻഡ് ചെയ്ത് പറഞ്ഞത്. ഈ വിഷയം ഗൗരവതരമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. അക്കാര്യത്തിൽ ഒരു പൊതു ധാരണയിൽ എത്തേണ്ടി വരും. അതുകൊണ്ട് ഇൻസ്റ്റന്റായി മറുപടി പറയാൻ സാധിക്കില്ല എന്നുമാത്രമേയുള്ളൂ. ഏതായാലും ഗവൺമെന്റ് ഇക്കാര്യങ്ങൾ വളരെ ഗൗരവതരമായി പരിശോധിക്കും.

<u>ശ്രീ. വി. റ്റി. ബൽറാം</u> : എന്റെ നിയോജക മണ്ഡലം പോലുള്ള പിന്നോക്ക ഗ്രാമീണ മേഖലകളിലേക്ക് നേരത്തെ ഓടിക്കൊണ്ടിരുന്ന ബസ്സുകളിൽ പലതും ഓടിക്കാൻ സാധിക്കുന്നില്ല. കഴിഞ്ഞ ദിവസം കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥന്മാരുടെ ഒരു യോഗം വിളിച്ചപ്പോൾ ക്രൂവിന്റെ അപര്യാപ്തതയാണ് കാരണമെന്നാണ് അവർ പറയുന്നത്. ഇതുപോലെ മതിയായ ജീവനക്കാരില്ലാത്തതുകൊണ്ട് ഏകദേശം അറുപതോളം സർവ്വീസുകൾ തൃശ്ശൂർ, പാലക്കാട് ഡിപ്പോകളിലായി ക്യാൻസൽ ചെയ്യുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ഇക്കാര്യത്തിൽ പ്രത്യേകമായ ശ്രദ്ധ ചെലുത്തുമോ; ബസ്സുണ്ടെങ്കിലും ക്രൂവിന്റെ അപര്യാപ്തതയാണ് പ്രശ്നമായി പറയുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : നമ്മുടെ ജീവനക്കാരിൽ കണ്ണൂരിലുള്ളവർ തിരുവനന്തപുരത്തും തിരുവനന്തപുരത്തുള്ളവർ കണ്ണൂരും ജോലി ചെയ്യുകയാണ്. ഇവർക്കൊരു ഓപ്ഷൻ നൽകുന്നതിനായി കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടർക്കും ബന്ധപ്പെട്ട ആളുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ഓപ്ഷൻ നൽകാൻ സാധിച്ചാൽ അവർക്ക് എല്ലാ സ്ഥലത്തും ട്രാൻസ്ഫറിനുവേണ്ടി ഓരോ ആൾക്കാരുടെ പിന്നാലെ നടക്കേണ്ട കാര്യമില്ല. നമുക്ക് ചെയ്യാവുന്ന പരമാവധി സൗകര്യം ചെയ്തു കൊടുക്കത്തക്കവിധത്തിൽ ഒരു സ്കീം വർക്കൗട്ട് ചെയ്യാൻ പറഞ്ഞിരിക്കുകയാണ്. അത് ചെയ്തു കഴിഞ്ഞാൽ സ്ട്രെങ്ത്തും നമുക്ക് തീരുമാനിക്കാം. അതനുസരിച്ച് അവർക്ക് സൗകര്യവും ചെയ്തുകൊടുക്കാം. അത് നമ്മുടെ അജൻഡയിലെ ഒരിനമാണ്. പക്ഷെ ഫൈനലായുള്ള ഒരു തീരുമാനമെടുത്തിട്ടില്ല. ക്രൂവിന്റെ കുറവുള്ള സ്ഥലങ്ങളിൽ അക്കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : പുതിയ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം അങ്ങ് സൂചിപ്പിച്ചിരുന്നു. വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി, ഗുണ്ടൽപ്പേട്ട, മൈസൂർ - ബാംഗ്ലൂർ നാഷണൽ ഹൈവേയാണ്. ഇപ്പോൾ പറഞ്ഞതിലുള്ളത്, ബാംഗ്ലൂർ ഇന്റർസ്റ്റേറ്റ് സർവ്വീസാണ്. സുൽത്താൻ ബത്തേരി മേഖലയിൽ കൂടിയുള്ള സർവ്വീസിന്റെ കാര്യം കൂടി പുതിയ സർവ്വീസിൽ ഉൾപ്പെടുത്തുമോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : 12000 കിലോമീറ്ററിനാണ് കർണ്ണാടകയുമായി ഇന്റർസ്റ്റേറ്റ് എഗ്രിമെന്റുള്ളത്. കർണ്ണാടകയിലൂടെ 12000 കിലോമീറ്റർ കേരളം സർവ്വീസ് നടത്തും. അതോടൊപ്പം കേരളത്തിലൂടെ കർണ്ണാടകത്തിനും 12000 കിലോമീറ്റർ സർവ്വീസ് നടത്താം. റൂട്ട് അറേഞ്ച് ചെയ്യുന്നതിൽ ഇതുപോലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. ജൂലൈ അവസാനത്തോടെ സംസ്ഥാനത്തെ എല്ലാ ഡിപ്പോകളിലും ജി.പി.ആർ.എസ്. സംവിധാനമുള്ള ആധുനിക ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകൾ ലഭ്യമാക്കി സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കും. ആർ.എഫ്.ഐ.ഡി. കാർഡ് ഉപയോഗിച്ച് പാസ്സുകൾ, കൺസഷൻ ടിക്കറ്റുകൾ എന്നിവയുടെ വിതരണം ലളിതവും ജനോപകാരപ്രദവുമായി മൂന്ന് മാസത്തിനകം പരിഷ്കരിക്കുന്നതിനും ബയോമെട്രിക് അറ്റൻഡൻസ് സംവിധാനം രണ്ട് മാസത്തിനകം നടപ്പാക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. ഇതുസംബന്ധിച്ച് കെൽട്രോണുമായി ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. ആ ചർച്ച പൂർത്തിയായിക്കഴിഞ്ഞാൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. നെടുമങ്ങാട്, നെയ്യാറ്റിൻകര, പയ്യന്നൂർ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണം രണ്ട് മാസത്തിനകം പൂർത്തിയാക്കി ജനങ്ങൾക്ക് തുറന്നുകൊടുക്കാൻ സാധിക്കും. ഹരിപ്പാട്, പത്തനംതിട്ട, മൂവാറ്റുപുഴ, തൊടുപുഴ, നിലമ്പൂർ, കോട്ടയം എന്നീ ബസ് സ്റ്റേഷനുകളിലെ ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണം ദ്രുതഗതിയിൽ ആരംഭിക്കുകയാണ്. പ്രധാനപ്പെട്ട 60 ബസ് സ്റ്റേഷനുകളിൽ ബാങ്ക് എ.ടി.എം. ഉടൻ ആരംഭിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി.-യിൽ കൊറിയർ സർവ്വീസ് 7-ാം തീയതി ആരംഭിക്കുകയാണ്.

ശ്രീ. ഹൈബി ഈഡൻ : എറണാകുളം, പാലക്കാട് ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ പ്രോജക്ട് വളരെ നേരത്തെതന്നെ താങ്കളുടെ ശ്രദ്ധയിൽ പെട്ടിട്ടുള്ളതാണ്. അതിനെക്കുറിച്ച് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഇതുസംബന്ധിച്ച് രണ്ടുമൂന്ന് തലങ്ങളിൽ ചർച്ച നടത്തി. വളരെ ഗൗരവതരമായി ഗവൺമെന്റ് ചർച്ച ചെയ്യുന്ന ഒരു കാര്യമാണിത്. അക്കാര്യം പരിഗണിക്കുന്നതാണ്. തേക്കടി, ഫോർട്ടുകൊച്ചി, നിലമ്പൂർ, വയനാട്, മൂന്നാർ, ആലപ്പുഴ, പറശ്ശിനിക്കടവ്, മലമ്പുഴ, പീച്ചി, അതിരപ്പള്ളി, വാഴച്ചാൽ, കൊടുങ്ങല്ലൂർ, ബേക്കൽ, കുമരകം, ശാസ്താംകോട്ട തുടങ്ങിയ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്ക്

കെ.യു.ആർ.ടി.സി. ബസ് സർവ്വീസുകൾ നീട്ടുന്നതാണ്. കൊച്ചി എയർപോർട്ടും കോഴിക്കോട് എയർപോർട്ടും ബന്ധപ്പെടുത്തി ഇപ്പോൾ സർവ്വീസുകളുണ്ട്. തിരുവനന്തപുരം എയർപോർട്ടുമായി കൂടി ബന്ധിപ്പിക്കുന്നതാണ്. ജൂലൈ മാസം അവസാനത്തോടുകൂടി കെ.യു.ആർ.ടി.സി.-ക്കായി പ്രത്യേക വെബ്സൈറ്റും ഓൺലൈൻ റിസർവേഷൻ സംവിധാനവും ആരംഭിക്കുന്നതാണ്. അതിനായി കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഒരു വർഷത്തിൽ 600 കോടി രൂപ പലിശയിനത്തിൽ മാത്രം കൊടുക്കണമെന്നു പറയുന്നത് കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രയാസമുള്ള കാര്യമാണ്. കെ.ടി.ഡി.എഫ്.സി.-യിൽ നിന്നാണ് പ്രധാനമായി പണം കടം എടുത്തിട്ടുള്ളത്. ആകെ 1350 കോടി രൂപയാണ് പലിശയ്ക്ക് എടുത്തിട്ടുള്ളത്. നാഷണലൈസ്ഡ് ബാങ്കുകളുമായി ഇക്കാര്യത്തെക്കുറിച്ച് സംസാരിച്ചു. ഇവിടെ എസ്.ബി.ഐ. ക്യാപിറ്റലിന്റെ നേതൃത്വത്തിൽ ഏഴ് നാഷണലൈസ്ഡ് ബാങ്കുകളുമായി സഹകരിച്ച് തുക നൽകാമെന്നും തിരിച്ചടവിന് കൂടുതൽ കാലാവധി നൽകാമെന്നും കുറഞ്ഞ പലിശയാക്കാമെന്നും ഏറെക്കുറെ സമ്മതിച്ചിട്ടുണ്ട്. ജൂലൈ മാസത്തിലെങ്കിലും ഒരു തീരുമാനമെടുക്കാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്. അത് പ്രാവർത്തികമാക്കാൻ കഴിഞ്ഞാൽ കെ.എസ്.ആർ.ടി.സി. ഇന്നനുഭവിക്കുന്ന വലിയ ഒരു ഋണബാദ്ധ്യതയിൽ നിന്നും രക്ഷപ്പെടാൻ കഴിയും.

<u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ :</u> കഴിഞ്ഞ വർഷം കേരളത്തിലെ വെഹിക്കിൾ പോപ്പുലേഷൻ ഇൻക്രീസ് 6.2 ശതമാനമാണ്. കഴിഞ്ഞ ആറ് വർഷം കൊണ്ട് കേരളത്തിലെ വാഹനങ്ങളുടെ എണ്ണം 45 ലക്ഷത്തിൽനിന്നും 85 ലക്ഷമായി. ഏകദേശം ഇരട്ടിയിലധികം വാഹനങ്ങളാണ് ഇപ്പോൾ കേരളത്തിലുള്ളത്. ഡെൻസിറ്റി ഓഫ് വെഹിക്കിൾസ് മെട്രോ നഗരങ്ങളിലുള്ളതിനേക്കാളും കേരളത്തിൽ കൂടുതലാണ്. അതുപോലെ തന്നെയാണ് ഡെൻസിറ്റി ഓഫ് പോപ്പുലേഷൻ പെർ കിലോമീറ്റർ. അങ്ങനെ നോക്കിയാൽ പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റം ഏറ്റവും എഫക്ടീവായി പ്രവർത്തിക്കേണ്ടത് കേരളത്തിലാണ്. കേരളത്തിൽ റോഡ് സേഫ്റ്റി, റോഡിന്റെ വീതി കുറവ്, നാരോ റോഡ്സ് ഇങ്ങനെ പല പ്രശ്നങ്ങളുമുണ്ട്. ഇത്രയധികം ആളുകൾ നിരത്തിലിറങ്ങുമ്പോൾ പബ്ലിക് ട്രാൻസ്പോർട്ടിനെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ ഓപ്പർച്ച്യൂണിറ്റിയാണ് കേരളത്തിലുള്ളത്. ഇത്രയും വലിയൊരു അവസരം എന്തുകൊണ്ട് നമുക്ക് മുതലാക്കാൻ സാധിക്കുന്നില്ല; കഴിഞ്ഞ എത്രയോ വർഷങ്ങളായി കെ.എസ്.ആർ.ടി.സി.-ക്ക് എന്നും നഷ്ടങ്ങളുടെ കണക്കു മാത്രമേ കേൾക്കാനുള്ളൂ ; ഇത് വലിയൊരു അവസരമല്ലേ ? എഫിഷ്യന്റായുള്ള പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റം പ്രാവർത്തികമാക്കി വെഹിക്കിൾ പോപ്പുലേഷന് തടയിട്ടുകൊണ്ട് റോഡ് സേഫ്റ്റി മെഷർ അടക്കമുള്ള കാര്യങ്ങൾ കാര്യക്ഷമമാക്കാൻ കഴിയില്ലേ ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : അങ്ങ് പറഞ്ഞ കാര്യം ഗൗരവതരമായി ചിന്തയിലുള്ളതാണ്. കാരണം, നഗരങ്ങളിലാണ് ഇതിന്റെ ബുദ്ധിമുട്ട് ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത്. നഗരത്തിൽ വരുന്ന വാഹനങ്ങൾക്ക് ഒരു നിയന്ത്രണം ആർക്കും പറയാൻ കഴിയില്ല. പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റം വിപുലപ്പെടുത്തുകയും നഗരത്തിൽ വരുന്ന ചെറുവാഹനങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനുവേണ്ടിയുള്ള നടപടി എടുക്കുകയും ചെയ്യുക എന്നുള്ളതാണ് നമുക്ക് ചെയ്യാൻ കഴിയുന്ന കാര്യം. പല ഘട്ടങ്ങളിലായി അതുസംബന്ധിച്ച് ചർച്ച നടത്തേണ്ടതുണ്ട്. പക്ഷെ ഈ ആശയം ഗവൺമെന്റ് വളരെ ഗൗരവമായി പരിഗണിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി.-യെ കുറിച്ചുള്ള പൊതുവായ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനുവേണ്ടി മുന്നോട്ടുപോകുകയാണ്. കെ.എസ്.ആർ.ടി.സി. ഇന്നനുഭവിക്കുന്ന സാമ്പത്തിക ബാദ്ധ്യതയിൽനിന്നും കരകയറുന്നതിനുള്ള പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. എല്ലാ തലങ്ങളിലുമുള്ള ആളുകൾ നന്നായി ഇതിനോട് സഹകരിക്കുന്നുണ്ട്. ആ സഹകരണം തുടർന്നും ഉണ്ടാകണമെന്ന് മാത്രമേ എനിക്ക് ഓർമ്മിപ്പിക്കാനുള്ളൂ.

വനം-വന്യജീവി വകുപ്പിൽ പുതിയ കുറെ കാര്യങ്ങൾ ചെയ്യുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ചു, വനവുമായി ബന്ധപ്പെട്ട് കേരളത്തെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കണമെങ്കിൽ കേരളം മാത്രമല്ല കേരളവുമായി അതിർത്തി പങ്കിടുന്ന സംസ്ഥാനങ്ങളായ കർണ്ണാടകവും തമിഴ്നാടുമായി ചർച്ച ചെയ്യേണ്ടി വരും. ദക്ഷിണേന്ത്യയിലെ വനം വകുപ്പുമന്ത്രിമാരുടെ യോഗം വരുന്ന ആഗസ്റ്റ് ആറാം തീയതി രാവിലെ 11 മണിക്ക് തിരുവനന്തപുരത്ത് വച്ച് ചേരുന്നതാണ്. കേരളമാണ് ആ യോഗത്തിന് ആതിഥ്യം വഹിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും യോഗത്തിൽ പങ്കെടുക്കും. മറ്റ് സംസ്ഥാന മന്ത്രിമാരുമായി വ്യക്തിപരമായി ബന്ധപ്പെട്ടിട്ടുണ്ട്. അതോടുകൂടി കേരളവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളായ വന്യമൃഗ വേട്ടയും അതിർത്തി തിരിക്കാത്ത ചില പ്രദേശങ്ങളുടെ വിഷയങ്ങളും ചർച്ച ചെയ്യാൻ സാധിക്കും. അതോടൊപ്പം രാത്രികാല യാത്രയെ സംബന്ധിച്ച പ്രശ്നം കർണ്ണാടകവും കേരളവും തമ്മിൽ നിലനിൽക്കുന്നുണ്ട്. ആ വിഷയത്തെക്കുറിച്ചും ചർച്ച ചെയ്യേണ്ടതുണ്ട്. മുഖ്യമന്ത്രി അടക്കമുള്ള ആളുകൾ ബാംഗ്ലൂരിൽ പോയി ഇതുസംബന്ധിച്ച് ചർച്ച നടത്തിയരുന്നു. ആ ചർച്ച തുടരുന്നതിന് ഇതൊരു സന്ദർഭമാകുമെന്ന് ഞങ്ങൾ കണക്കാക്കുകയാണ്.

മലയാറ്റൂരിലെ കാട്ടാന വേട്ടയെക്കുറിച്ച് നേരത്തെ സൂചിപ്പിക്കുകയുണ്ടായി. കാട്ടാന വേട്ടയിൽ ഉൾപ്പെട്ട മൂന്ന് ആളുകളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവരെ ഉടൻ തന്നെ അറസ്റ്റ് ചെയ്യും. പോലീസിന്റെ എല്ലാവിധത്തിലുള്ള സഹായവും അഭ്യർത്ഥിക്കുന്നുണ്ട്. ആ സഹായം ലഭിക്കുകയും ചെയ്യും. കാട്ടാനവേട്ട മാത്രമല്ല, വന്യജീവി വേട്ട നടത്തിക്കൊണ്ടിരിക്കുന്ന ആളുകളെ നിയമത്തിന് മുന്നിൽ കൊണ്ടു

വരുന്നതിനാവശ്യമായ നടപടിയെടുക്കണം. ആ നടപടികളുമായി കേരളം വളരെ ദ്രുതഗതിയിൽ പോകുകയാണ്. നേരത്തെ ചോദ്യത്തിന് ഉത്തരം പറഞ്ഞപ്പോൾ തന്നെ പറഞ്ഞു. 250 ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ വനം മൊത്തത്തിൽ പരിശോധിക്കുന്നുണ്ട്. ആ പരിശോധന മാത്രമല്ല, ഈ കേസിന്റെ ഇൻവെസ്റ്റിഗേഷൻ നന്നായി കൊണ്ടുപോകുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കുകയാണ്.

അതുപോലെ ആദിവാസി ശാക്തീകരണത്തിനും ആദിവാസി വനാവകാശ നിയമം നടപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഊരുസഭകൾ അംഗീകരിച്ച് വനഭൂമി കൃഷി ചെയ്യുന്നതിനുവേണ്ടി ആദിവാസികൾക്ക് നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് 35025 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. 31269 അപേക്ഷകളിൽ 24621 അപേക്ഷകൾക്കും ഭൂമിയുടെ ടൈറ്റിൽ ഇപ്പോൾ നൽകി കഴിഞ്ഞു. ആയിരത്തിലധികം അപേക്ഷകളിന്മേൽ നടപടി പൂർത്തിയാക്കാനുണ്ട്. ബാക്കി അപേക്ഷകളിന്മേൽ ഭൂമിയുടെ സർവ്വേ ജോലി അടിയന്തരമായി പൂർത്തിയാക്കി ടൈറ്റിൽ നൽകാൻ കഴിയുമെന്ന് വിശ്വസിക്കുകയാണ്. വനാവകാശ നിയമപ്രകാരം 33070 ഏക്കർ വനഭൂമി ഇതുവരെ വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഊരുസഭകൾ, ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ കളക്ടർ മുതലായവരാണ് ഇതിന്മേൽ തീരുമാനം കൈക്കൊള്ളേണ്ടത്. ജില്ലാ കളക്ടർ തലത്തിലാണ് അവസാന തീരുമാനം എടുക്കേണ്ടത്. ആ തീരുമാനങ്ങൾ അവിടെ നടത്തുന്നതിനുവേണ്ടിയുള്ള എല്ലാ സംവിധാനവും ഉണ്ടാവുകയാണ്. കേരളം ഈ കാര്യത്തിൽ മുൻപന്തിയിലാണ് നിൽക്കുന്നത്. ബഹുമാനപ്പെട്ട പ്രധാനമന്ത്രി വിളിച്ചുചേർത്ത ഒരു വീഡിയോ കോൺഫറൻസിൽ കേരളത്തെ പ്രതിനിധീകരിച്ച് വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. മാരപാണ്ഡ്യൻ പങ്കെടുത്തിരുന്നു. അന്ന് കേരളത്തിന്റെ പെർഫോമൻസിനെകുറിച്ച് പ്രധാനമന്ത്രി നല്ല അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഞാൻ ഈ സഭയെ അറിയിക്കുകയാണ്.

725 കോളനികളിൽ മുടങ്ങിക്കിടന്ന പ്രവർത്തനങ്ങൾ പൂർത്തിയാക്കി. ആദിവാസികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ എടുക്കുകയാണ്. ഒരു ലക്ഷം രൂപ വീതം ഫണ്ട് നൽകി ആദിവാസി ക്ഷേമം മെച്ചപ്പെടുത്തുന്നതിനാണ് ശ്രമിക്കുന്നത്. 700 ആദിവാസി യുവാക്കളെ പ്രത്യേക തസ്തികകൾ സൃഷ്ടിച്ച് വാച്ചർമാരായി നിയമിച്ചു കഴിഞ്ഞു. ഓരോ ഊരിനും ഒരു വാച്ചർ ഉൾപ്പെടെ ഒരു വനം വകുപ്പുദ്യോഗസ്ഥനെ ഊരുമിത്രമായി നിയോഗിക്കുന്ന പദ്ധതി പുരോഗമിക്കുന്നു. കഴിഞ്ഞ വർഷം വിവിധ ഇനങ്ങളിലായി രണ്ട് കോടി രൂപയുടെ ഊരു വികസന പ്രവർത്തനങ്ങൾ നടത്തി. പൊതുഗതാഗത സൗകര്യം ലഭ്യമല്ലാത്ത ഊരുകളിൽ വന സംരക്ഷണ സമിതികൾ വഴി ജീപ്പ് സർവ്വീസ് നടത്തുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചുവരുന്നു. ചാലക്കുടിയിലെ ആനപ്പന്തം കോളനിയിലും

തൃശ്ശൂരിലെ ഒളകര കോളനിയിലും ഇത്തരത്തിൽ ജീപ്പുകൾ സർവ്വീസ് നടത്തുന്നുണ്ട്. ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന പാവപ്പെട്ട ആദിവാസികൾക്ക് മെയിൻ ലാന്റിലേക്ക് വരുന്നതിന് മറ്റ് വാഹന സൗകര്യങ്ങളില്ല. അതുകൊണ്ടുതന്നെ ഈ വാഹന സൗകര്യം ഏർപ്പെടുത്തിക്കൊടുക്കുകയാണ്.

കഴിഞ്ഞ മേയ് മാസത്തിൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവുവഴി വനാവകാശ നിയമപ്രകാരം അവകാശം ലഭിച്ച വനഭൂമിയിൽ ആദിവാസികൾ നട്ടുവളർത്തിയ വിവിധ തരം മരങ്ങൾ അവർക്ക് സൗജന്യമായി കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഒരു വീടിന് 1.50 ക്യൂബിക് മീറ്റർ തടി ഭവന നിർമ്മാണത്തിനുവേണ്ടി സൗജന്യമായി കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആദിവാസികളാണ് കാടിന്റെ സംരക്ഷകർ. വീട് വയ്ക്കുന്നതിനാവശ്യമായ തടി അവർക്ക് സൗജന്യമായി നൽകാൻ തീരുമാനമായിട്ടുണ്ട്.

വന വിഷയങ്ങളിൽ പഠന ഗവേഷണത്തിനായി ദേശീയ നിലവാരമുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിക്കുകയാണ്. വന വിഷയങ്ങളിൽ ആഴത്തിൽ പഠനം നടത്തുന്ന ഗവേഷണങ്ങൾക്കായി സംസ്ഥാനത്ത് ദേശീയ നിലവാരമുള്ള ഒരു സ്ഥാപനം എന്ന രീതിയിലാണ് നമ്മൾ മുന്നോട്ട് പോകുന്നത്. ഈ സ്ഥാപനത്തെ ഒരു സെന്റർ ഓഫ് എക്സലൻസ് ആയി ഭാവിയിൽ മാറ്റുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കും.

അതോടൊപ്പംതന്നെ സംസ്ഥാനത്തെ പത്ര പ്രവർത്തകർ, അഭിഭാഷകർ, പരിസ്ഥിതി പ്രവർത്തകർ, സർക്കാരിതര സംഘടനകൾ, വന്യജീവി ഫോട്ടോഗ്രാഫർമാർ, ചിത്രകാരൻമാർ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിദ്യാർത്ഥികൾ എന്നിവരെയെല്ലാം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാന ഗ്രീൻ അവാർഡ് നൽകുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. ഈ അവാർഡിനായി സർക്കാർ കോർപ്പസ് ഫണ്ട് രൂപീകരിക്കും. ഈ ഫണ്ടിന്റെ മാനേജ്മെന്റ് ഇപ്പോൾ തേക്കടിയിൽ പ്രവർത്തിക്കുന്ന പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനെ ഏൽപ്പിക്കുന്നതിനുവേണ്ടി നിർദ്ദേശം നൽകിയിട്ടുണ്ട്.

ഹരിതശ്രീ പദ്ധതിയെക്കുറിച്ച് രാവിലെ ഇവിടെ ചർച്ച ചെയ്തതുകൊണ്ട് അതിനെക്കുറിച്ചൊന്നും കൂടുതൽ ഇപ്പോൾ പറയുന്നില്ല. മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷത്തിന് പരിഹാരം ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ശ്രീ. ഐ. സി. ബാലകൃഷ്ണൻ രാവിലെയും ഇക്കാര്യത്തെക്കുറിച്ച് സൂചിപ്പിച്ചതാണ്. വന്യജീവി ആക്രമണംമൂലം 149 ആളുകൾ മരിച്ചിട്ടുണ്ട്. അതിൽ 128 ആളുകളുടെ മരണം പാമ്പുകടിയേറ്റാണ് സംഭവിച്ചിട്ടുള്ളത്. 7.82 കോടി രൂപയാണ് കഴിഞ്ഞ വർഷം നഷ്ടപരിഹാരമായി നൽകിയത്. ഇതിൽ

1.28 കോടി രൂപ പാമ്പുകടിയേറ്റ് മരിച്ചവർക്കും 1.05 കോടി രൂപ മറ്റ് വന്യജീവികളുടെ ആക്രമണത്തിൽ മരിച്ചവർക്കുമാണ് കൊടുത്തത്. സംസ്ഥാനത്ത് 707 കിലോമീറ്റർ സൗരോർജ്ജ വേലി, 494 കിലോമീറ്റർ ആന പ്രതിരോധ കിടങ്ങുകൾ, 24 കിലോമീറ്റർ ആന പ്രതിരോധ ഭിത്തികൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. അതോടൊപ്പം ഇപ്പോഴിവിടെ നിർദ്ദേശിക്കപ്പെട്ടതുപോലെ വളരെ പ്രധാനപ്പെട്ട ചില സെൻസിറ്റീവ് ഏരിയ ഉണ്ട്. ആ സെൻസിറ്റീവ് ഏരിയയിൽ ഫെൻസിംഗ് ഉണ്ടാക്കുന്നതിനു വേണ്ടി ആ പ്രദേശത്തെ എം.എൽ.എ.-മാരുമായി ആലോചിച്ച് നടപടി ഉണ്ടാക്കുന്നതാണ്. ഇവിടെ കാട്ടാനകളിൽ വളരെ കുറച്ചുമാത്രമാണ് ജനവാസ കേന്ദ്രങ്ങളിൽ നാശം വിതയ്ക്കുന്നത്. അക്കാര്യത്തിൽ നൂതനമായ ഒരു നടപടി സ്വീകരിക്കുകയാണ്. ആനകളെ മയക്കുവെടി വച്ച് റേഡിയോ കോളർ ഘടിപ്പിച്ച് തിരികെ കാട്ടിലേയ്ക്ക് വിടുന്ന ഒരു നൂതന സാങ്കേതിക വിദ്യ ഇപ്പോൾ സ്വീകരിച്ചു വരികയാണ്. റേഡിയോ കോളറിൽ നിന്നുള്ള തരംഗങ്ങൾ റിസീവറുകളുടെ സഹായത്താൽ നിരീക്ഷിച്ച് ആനകളുടെ സഞ്ചാരപഥം മനസ്സിലാക്കുന്നു. ഈ ആനകൾ ജനവാസ കേന്ദ്രത്തിനടുത്താകുമ്പോൾ വിവരം എസ്.എം.എസ്. അലെർട്ടുവഴി മറ്റ് ആളുകൾക്ക് കൊടുക്കുന്നതിനുള്ള നിരീക്ഷകരേയും ചുമതലപ്പെടുത്തുന്നതാണ്. അപ്പോൾ നമുക്ക് സെക്യൂരിറ്റിയോടുകൂടി നിൽക്കാനുള്ള അന്തരീക്ഷമുണ്ടാകും.

തടി വിൽപ്പനയ്ക്കുള്ള ഇ-ഓക്ഷൻ വളരെ ലാഭകരമായി പോകുന്നുണ്ട്. അത് നന്നായി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നടപടി എടുക്കുന്നുണ്ട്. വനം വകുപ്പിൽ 20 വർഷത്തിലധികം ജോലി ചെയ്ത പാവപ്പെട്ട 135 ആദിവാസികളെ സ്ഥിരപ്പെടുത്തുന്നതിന് ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്. വന വിസ്തൃതി വർദ്ധിക്കുന്ന രൂപത്തിൽ കണ്ണൂർ ജില്ലയിൽ 40 ഏക്കർ സ്ഥലത്തെ കണ്ടൽക്കാട് പ്രദേശം റിസർവ് ഫോറസ്റ്റിന്റെ ഭാഗമാക്കിക്കൊണ്ടുള്ള നോട്ടിഫിക്കേഷൻ ഇറക്കികഴിഞ്ഞു.

വന സംരക്ഷണത്തിനും മാനേജ്മെന്റിനുമായി നൂതന സാങ്കേതിക വിദ്യയായ ഡ്രോൺ എന്ന പുതിയൊരു സ്കീം ആവിഷ്കരിച്ചിരിക്കുകയാണ്. വിദൂര നിയന്ത്രിത സംവിധാനത്തിലൂടെ പ്രവർത്തിക്കുന്ന ഈ പൈലറ്റില്ലാ ചെറു വിമാനങ്ങളെ വനമേഖലയുടെ നിരീക്ഷണത്തിന് നിയോഗിക്കുന്നതാണ്. ജനവാസ കേന്ദ്രങ്ങളിൽ ബുദ്ധിമുട്ടുണ്ടാക്കുന്ന കാട്ടാന, കടുവ തുടങ്ങിയ വന്യജീവികളെ ട്രാക്ക് ചെയ്യുനായി റേഡിയോ കോളർ സംവിധാനവും ഇതിന്റെ ഭാഗമായി എടുക്കുന്നതാണ്.

ജൈവ വൈവിധ്യ സംരക്ഷണത്തിന് സ്വാഭാവിക പ്രകൃതി വിഭവ നിധി (നാച്വറൽ ക്യാപിറ്റൽ ഫൗണ്ടേഷൻ) രൂപീകരിക്കുന്നതിന് തീരുമാനിക്കുകയാണ്.

പോലീസിന്റെയും എക്സൈസിന്റെയും സഹായത്തോടുകൂടി സംസ്ഥാനത്ത് കുറ്റാന്വേഷണ ബ്യൂറോ രൂപീകരിക്കുന്നതിനെക്കുറിച്ച് ചർച്ചകൾ ആരംഭിക്കുന്നതാണ്. അപ്പോൾ വനം മേഖലയിലുള്ള കുറ്റാന്വേഷണം കൃത്യമായി കണ്ടെത്തുന്നതിനും കുറ്റം കുറയ്ക്കുന്നതിനും കഴിയും.

ഇന്ന് കേരളത്തിൽ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഏറ്റവും തീവ്രമായൊരു പ്രശ്നം എന്നുപറയുന്നത് നമ്മുടെ വീടുകളിലൊക്കെ പ്രത്യേകിച്ച് പഴയ തറവാടുകളിലെ ശേഖരത്തിൽ ആന, കലമാൻ, കാട്ടുപോത്ത് തുടങ്ങിയ മൃഗങ്ങളുടെ കൊമ്പ് ഉൾപ്പെടെയുള്ള സാധനങ്ങളുണ്ട്. പക്ഷേ അതൊക്കെ നിയമപരമായി നിലനിൽക്കുന്നതല്ല. അതിനാൽ 1972-ലെ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ടിലെ സെക്ഷൻ 40 (4) അനുസരിച്ച് പുതിയ നടപടിയുമായി മുന്നോട്ടു പോകുകയാണ്. നേരത്തെ ഇതുസംബന്ധിച്ച് നടപടി സ്വീകരിക്കാൻ കഴിയില്ല എന്നുള്ളതായിരുന്നു ലഭ്യമായ ലീഗൽ ഒപ്പീനിയൻ. പക്ഷേ സബ് സെക്ഷൻ 4 അനുസരിച്ച് നമുക്ക് ചില നടപടികൾ എടുക്കാൻ കഴിയുമെന്നാണ് കേന്ദ്ര ഗവൺമെന്റിന്റെ അഭിപ്രായം. അതനുസരിച്ച് രജിസ്ട്രേഷനില്ലാതെ നിൽക്കുന്ന 300-ഓളം ആനകൾക്ക് രജിസ്ട്രേഷൻ കൊടുക്കുന്നു. ഉടമസ്ഥരിൽനിന്ന് 2 ലക്ഷം രൂപ പിഴ ഈടാക്കി രജിസ്ട്രേഷൻ കൊടുക്കുന്നതിന് തീരുമാനിക്കുകയാണ്. അഞ്ച് വർഷത്തിലൊരിക്കൽ 25,000 രൂപ ഫീസോടുകൂടി റീ-രജിസ്റ്റർ ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഈ ഇനത്തിൽ കിട്ടുന്ന തുക ആന പരിപാലനത്തിനുവേണ്ടി മാത്രമായി വിനിയോഗിക്കാൻ ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കുന്നതാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ, രണ്ട് മന്ത്രിമാർക്കും കൂടി അര മണിക്കൂറാണ് അനുവദിച്ചിട്ടുള്ളത്. ആ മുഴുവൻ സമയവും അങ്ങുതന്നെ എടുത്തു കഴിഞ്ഞു. ഇനിയും ഒരു മിനിസ്റ്റർ കൂടി സംസാരിക്കുവാനുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, രണ്ട് വകുപ്പുകളുടെ ധനാഭ്യർത്ഥന ചർച്ചയായതുകൊണ്ടും ചോദ്യങ്ങൾ വന്നതുകൊണ്ടുമാണ് ദീർഘമായി സംസാരിക്കേണ്ടി വന്നത്. അങ്ങ് തന്നെ ഇത് കണ്ടുകൊണ്ടിരിക്കുകയാണ്. ആനക്കൊമ്പ് അടക്കമുള്ള കാര്യങ്ങൾ, അതിന്റെ അടിസ്ഥാനത്തിൽ അവർക്ക് വീണ്ടും അപ്ലൈ ചെയ്യുന്നതിനുള്ള സൗകര്യം കൊടുക്കുകയും ഗവൺമെന്റ് പോസിറ്റീവായ നടപടി എടുത്ത് കേരളത്തിൽ ഒരു സ്റ്റാഗ്നേഷൻ ഒഴിവാക്കാൻ തീരുമാനമെടുക്കുകയും ചെയ്യുകയാണ്. അതാണ് നമ്മൾ ഈ കാര്യത്തിൽ ചെയ്യുന്നത്.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, നമ്മുടെ പല ആരാധനാലയങ്ങളിലും പ്രത്യേകിച്ച് ക്ഷേത്രങ്ങളിൽ, സുബ്രഹ്മണ്യ സ്വാമി പ്രതിഷ്ഠയുള്ള ക്ഷേത്രങ്ങളിൽ വർഷങ്ങളായി മയിലുകളെ വളർത്തുകയും പരിപാലിക്കുകയും ചെയ്യുന്നുണ്ട്. ഇതു സംബന്ധിച്ച് ഈ സഭയിൽ ഇതിനുമുൻപ് ശ്രീ. ബിനോയ് വിശ്വം മന്ത്രിയായിരിക്കുന്ന സന്ദർഭത്തിൽപോലും ചർച്ച വന്നതാണ്. ആരാധനാലയങ്ങളിൽ വിശ്വാസത്തിന്റെ ഭാഗമായി മയിലുകളെ സംരക്ഷിക്കുന്നതിന് അവസരം കൊടുക്കുന്നതുമായി ബന്ധപ്പെട്ട് നേരത്തെ കേന്ദ്ര ഗവൺമെന്റിന് ഇവിടെനിന്ന് ഒരു കത്ത് അയച്ചിരുന്നു. ആ കാര്യം പിന്തുടർന്ന് ആരാധനാലയങ്ങളിലുള്ള മയിലുകളെ സംരക്ഷിക്കാൻ അവസരം കൊടുക്കുമോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അക്കാര്യം സജീവമായി പരിഗണി ക്കുന്നതാണ്. ഈ ഡിമാന്റുകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഇവിടെ 14-ഓളം പേർ ഇന്നത്തെ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുക്കുകയും പല നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുകയും ചെയ്തിട്ടുണ്ട്. ആ നിർദ്ദേശങ്ങളെയൊക്കെ ഞാൻ സ്വാഗതം ചെയ്യുകയാണ്. പവർ നമ്മുടെ വളർച്ചയ്ക്ക് അത്യാവശ്യമാണെന്ന കാര്യം ഭരണ-പ്രതിപക്ഷ ഭേദമെന്യേ പറഞ്ഞു. പവർ ഇല്ലാതെ വന്നാൽ ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചൊക്കെ രണ്ടു ഭാഗത്തുനിന്നും പറഞ്ഞു. ഏതായാലും ആ കാര്യത്തെക്കുറിച്ച് ഞാൻ കൂടുതൽ പറയുന്നില്ല. പവറിനെ സംബന്ധിച്ചിടത്തോളം മൂന്ന് കാര്യങ്ങൾക്കാണ് ഈ ഗവൺമെന്റ് പ്രധാനമായും മുൻഗണന നൽകുന്നത്. ഒന്ന്, കണക്ഷൻ കൊടുക്കുന്ന കാര്യം. രണ്ട്, കാര്യക്ഷമത വർദ്ധിപ്പിക്കുന്ന കാര്യം. മൂന്ന്, ഗുണമേന്മയുള്ള വൈദ്യുതി വിതരണം. പലരും പ്രസംഗിച്ചപ്പോൾ കഴിഞ്ഞ നാലു വർഷംകൊണ്ട് പെൻഡിംഗ് കണക്ഷൻസ് വർദ്ധിച്ചിരിക്കുന്നുവെന്ന് പറഞ്ഞു. പെൻഡിംഗ് കണക്ഷൻസ് ഒരിക്കലും കൂടുതലല്ല. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുന്ന സന്ദർഭത്തിൽ സംസ്ഥാനത്ത് 15517 പെൻഡിംഗ് കണക്ഷൻ ഉണ്ടായിരുന്നു. എന്നാൽ ഈ മാസം ഒന്നാം തീയതിയിലെ കണക്കുവച്ചുനോക്കിയാൽ ഇവിടെ ആകെ പെൻഡിംഗ് കണക്ഷൻ 1381 എണ്ണം മാത്രമേയുള്ളൂ. എൽ.ഡി.എഫ്. സർക്കാരി നേക്കാൾ എത്രയോ ഭേദമായി ഇവിടെ കണക്ഷൻ കൊടുക്കാൻ യു.ഡി.എഫ്. ഗവൺമെന്റിന് സാധിച്ചു എന്നതാണ് വസ്തുത. 1381 പെൻഡിംഗ് കണക്ഷനിൽ ഏകദേശം 1000 ത്തോളം കണക്ഷൻ പെൻഡിംഗ് വരുന്നത് ഇടുക്കി ജില്ലയിലാണ്. അതിനുള്ള പ്രധാന കാരണം വനം വകുപ്പിന്റെ തടസ്സങ്ങളാണ്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇടപെട്ട് കുറെ പ്രശ്നങ്ങളൊക്കെ തീർക്കുന്നുണ്ട്. ബാക്കിയുള്ള 381 എണ്ണം വയനാട് പോലെ ചില സ്ഥലങ്ങളിലുള്ള വനം വകുപ്പിന്റെ തടസ്സങ്ങൾ മൂലമാണ്. അതും തീർത്ത് വരുന്നുണ്ട്. ഇതിനു പുറമേ, അയൽ വീട്ടുകാർ സമ്മതിക്കാത്തതുമായി ബന്ധപ്പെട്ട് ടെലിഗ്രാഫിക്ക് ആക്ട് അനുസരിച്ച് എ.ഡി.എം.- ന്റെ കോർട്ടിലും ചില കേസ്സുകൾ ഉണ്ട്. ഒരു കാര്യം ഞാൻ പറയുന്നു, ഫോറസ്റ്റിലെ ചില പ്രശ്നങ്ങൾ ഒഴിവായാൽ ആഗസ്റ്റ് 15-ാം തീയതിക്കുള്ളിൽ മുഴുവൻ പെൻഡിംഗ് കണക്ഷനും കൊടുത്തു തീർക്കാൻ സാധിക്കും.

സർക്കാർ മുൻഗണന നൽകിയത് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനാണ്. കാര്യക്ഷമതയുടെ കാര്യം മറുഭാഗത്തുനിന്നും പറയുന്നത് കേട്ടു. കാര്യക്ഷമത വർദ്ധിപ്പി ക്കുന്നതിനായി സിംഗിൾ ഫെയ്സ്, ത്രീ ഫെയ്സ് ആക്കി മാറ്റി. യു.ഡി.എഫ്. ഗവൺമെന്റ് 4 വർഷം കൊണ്ട് 10628 സിംഗിൾ ഫെയ്സുകളാണ് ത്രീ ഫെയ്സ് ആക്കി മാറ്റിയത്. അതേയവസരത്തിൽ 4 വർഷം കൊണ്ട് എൽ.ഡി.എഫ്.

ഗവൺമെന്റ് 4676 സിംഗിൾ ഫെയ്സുകളാണ് ത്രീ ഫെയ്സ് ആക്കി മാറ്റിയത്. ഇരട്ടിയിലധികം സിംഗിൾ ഫെയ്സ് ത്രീ ഫെയ്സാക്കി. വോൾട്ടേജ് ഇംപ്രൂവ്മെന്റ് സ്കീം നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. ട്രാൻസ്മിഷൻ രംഗത്ത് എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 19.27 കിലോമീറ്റർ 220 കെ.വി. ലൈൻ വലിച്ചുവെങ്കിൽ യു.ഡി.എഫ്. ഗവൺമെന്റ് 63 കിലോമീറ്ററാണ് 220 കെ.വി. ലൈൻ വലിച്ചത്. ഇതുമൂലം വോൾട്ടേജ് ക്ഷാമം വളരെയധികം പരിഹരിക്കുവാൻ സാധിച്ചു. ഇവിടെ വോൾട്ടേജില്ല, ട്രാൻസ്മിഷൻ ശരിയല്ല തുടങ്ങിയ കാര്യങ്ങൾ മാത്രമേ പറയുന്നുള്ളൂ. 220 കെ.വി. ലൈനിന്റെ കാര്യത്തിൽ 3 ഇരട്ടി വർദ്ധനവുണ്ടാക്കാൻ 4 കൊല്ലം കൊണ്ട് യു.ഡി.എഫ്. സർക്കാരിന് സാധിച്ചു. എൽ.ഡി.എഫ്. 4 വർഷം കൊണ്ട് 149.12 കിലോമീറ്ററാണ് 110 കെ.വി സബ്സ്റ്റേഷൻ ലൈനുകൾ വലിച്ചതെങ്കിൽ യു.ഡി.എഫ്. ഗവൺമെന്റ് 4 വർഷം കൊണ്ട് 178.80 കിലോമീറ്ററാണ് ലൈൻ വലിച്ചത്. എൽ.ഡി.എഫ്.-നേക്കാൾ എത്രയോ കൂടുതലാണ് ഈ കാര്യത്തിൽ യു.ഡി.എഫ്. സർക്കാർ ചെയ്തത്. ഈ കാര്യങ്ങളിലാണ് ഞങ്ങൾ കൂടുതൽ ശ്രദ്ധ പതിപ്പിച്ചത്. യു.ഡി.എഫിന്റെ കാലത്താണ് പ്രസരണ നഷ്ടം ഏറ്റവും കൂടുതൽ ഉണ്ടായിട്ടുള്ളതെന്ന് ഇവിടെ പറയുന്നത് കേട്ടു. ഒരു കാര്യം മാത്രം ഞാൻ പറയുന്നു, എൽ.ഡി.എഫ്. ഗവൺമെന്റിന്റെ 4 വർഷക്കാലത്ത് ഉണ്ടായ 18.83 ശതമാനം പ്രസരണ നഷ്ടം യു.ഡി.എഫിന്റെ 4 വർഷം കൊണ്ട് 14.96 ശതമാനം ആക്കി കുറയ്ക്കുവാൻ സാധിച്ചു, ഇതാണ് വസ്തുത.

മിന്നാമിനുങ്ങിന്റെ ലൈറ്റാണ് എന്ന് ലോഡ് ഷെഡ്ഡിംഗിനെക്കുറിച്ച് ഇവിടെ പറഞ്ഞു. 3700 -ഓളം മെഗാവാട്ട് വൈദ്യുതി കേരളത്തിന് ആവശ്യമാണ്. പക്ഷെ 1700 മെഗാവാട്ട് മാത്രമാണ് നമ്മുടെ ഉൽപ്പാദനശേഷി. ബാക്കി ഉല്പാദിപ്പിക്കണ മെങ്കിൽ 12-ഉം 13-ഉം രൂപ കൊടുക്കണം, 1400 മെഗാവാട്ട് വൈദ്യുതി കേന്ദ്രത്തിൽ നിന്ന് തരുന്നു. 700-800 മെഗാവാട്ടിന്റെ കുറവുണ്ട്. ഈ 700-800 മെഗാവാട്ട് അധിക വില കൊടുത്ത് പുറത്തുനിന്ന് വാങ്ങുന്നതുകൊണ്ടാണ് ലോഡ് ഷെഡ്ഡിംഗ് ഈ വർഷം ഒഴിവാക്കാൻ സാധിച്ചത്. അടുത്ത വർഷവും ഈ നിലയിൽ ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കാൻ കഴിയും. ഈ വർഷം ലോഡ് ഷെഡ്ഡിംഗ് പ്രഖ്യാപിച്ചിട്ടില്ല. ഇപ്പോൾ കേരളത്തിൽ ലോഡ് ഷെഡ്ഡിംഗ് ഇല്ല. അടുത്ത സംസ്ഥാനങ്ങളിലെല്ലാം ലോഡ് ഷെഡ്ഡിംഗ് ഉണ്ട്. തികയാതെ വരുന്ന വൈദ്യുതി പുറത്തുനിന്ന് വാങ്ങുന്നതിന് 25 വർഷത്തെ എഗ്രിമെന്റ് ഉണ്ടാക്കിയിട്ടുണ്ട്, ഷോർട്ട് ടേം എഗ്രിമെന്റ് ഉണ്ടാക്കിയതുമുണ്ട്. അതുകൊണ്ട് കുറെയധികം വില കുറഞ്ഞ് കിട്ടിയിട്ടുണ്ട്. 2008-09-ൽ ഇടതുപക്ഷത്തിന്റെ കാലത്ത് 365 ദിവസത്തിൽ 352 ദിവസവും ഇവിടെ ലോഡ് ഷെഡ്ഡിംഗ് ആയിരുന്നു. യു.ഡി.എഫ്-ന്റെ കാലത്ത് 2012-13-ൽ, 281 ദിവസം അര മണിക്കൂർ മാത്രമായിരുന്നു ലോഡ് ഷെഡ്ഡിംഗ്. ഇപ്പോൾ ലോഡ് ഷെഡ്ഡിംഗ് ഇല്ല. 2012-13-ൽ കെ.എസ്.ഇ.ബി.-യുടെ റവന്യൂ വരുമാനത്തിന്റെ 102 ശതമാനം ഞങ്ങൾ പവർ പർച്ചേയ്സ് ചെയ്യാനാണ് ചെലവിട്ടത്. അങ്ങനെയാണ് കടബാധ്യത വന്നത്.

ഫോൺ ചെയ്താൽ സെക്ഷനുകളിൽ ഫോണെടുക്കുന്നില്ലെന്ന് ഇവിടെ ചിലർ സൂചിപ്പിച്ചു. സെക്ഷനുകളിൽ ആളുകൾ കുറവാണ്. 6 തൊഴിലാളികളും 12 ലൈൻമാന്മാരു മാണുള്ളത്. പ്രയാസങ്ങൾ ഉണ്ടെങ്കിലും അവർ കഠിനമായി അധ്വാനിക്കുന്നുണ്ട് എന്നാണ് എന്റെ വിലയിരുത്തൽ. ഈയിടെ ഉണ്ടായ കൊടുങ്കാറ്റിൽ 15-20 വർഷത്തിനുള്ളിൽ ഉണ്ടാകാത്ത വിധത്തിലാണ് നാശനഷ്ടങ്ങൾ സംഭവിച്ചത്. അതു മുഴുവൻ ചുരുങ്ങിയ ദിവസം കൊണ്ട് നേരിടാൻ സാധിച്ചു. ഇവിടെ മെറ്റീരിയൽസ് ഇല്ലെന്ന ആക്ഷേപമുന്നയിച്ചു. മെറ്റീരിയൽസ് ഇല്ലാത്ത ഒരു പ്രശ്നവുമില്ല എന്നു മാത്രമല്ല, ഉണ്ടായിരുന്ന തകരാറിലായ കുറച്ച് മീറ്ററുകൾ ഞങ്ങൾ മാറ്റിക്കൊണ്ടിരിക്കുക യുമാണ്. ഇടതുപക്ഷത്തിന്റെ കാലത്ത് വാങ്ങിയ മീറ്ററുകളാണ് തകരാറിലായത്. ഇപ്പോൾ ടെണ്ടർ ചെയ്ത് എൽ.&ടി.-യുടെ മീറ്ററുകളാണ് വാങ്ങുന്നത്. പഴയ മീറ്ററുകൾ പോലെ വേഗത്തിൽ തകരാറിലാകുന്നതല്ല. ആ മീറ്ററുകൾ വാങ്ങിയത് എൽ.ഡി.എഫ്.-ന്റെ കാലത്ത് തന്നെയായിരുന്നു. ആ മീറ്റർ ശരിയായില്ല എന്ന് അവർക്ക് തോന്നിയപ്പോൾ അവ എൽ.&ടി.-ക്ക് തന്നെ കൊടുക്കാൻ തീരുമാനിച്ചു. ഫോണെടുക്കുന്നില്ല എന്ന ആക്ഷേപത്തിന് പരിഹാരമായി 60 കോടി രൂപ മുടക്കി കസ്റ്റമർ കെയർ സർവ്വീസ് എന്ന പുതിയ വെബ്സൈറ്റ് സംവിധാനം വൈദ്യുതി ഭവനിൽ ആരംഭിച്ചിരിക്കുകയാണ്. 1912 എന്ന നമ്പറിൽ വിളിച്ചാൽ ഓൺ ലൈൻ ആയി പണമടയ്ക്കാനും ഏത് കംപ്ലയിന്റും രജിസ്റ്റർ ചെയ്യാനും സാധിക്കും. അതിനു പരിഹാരം ഉണ്ടാക്കിക്കൊടുക്കും. 1912-ൽ കിട്ടുന്നില്ല എങ്കിൽ 0471-2555544 എന്ന നമ്പറിൽ വിളിച്ചാലും അതിന് പരിഹാരമുണ്ടാകും. വാസ്തവത്തിൽ സെക്ഷനെ മാത്രം കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അതിനുവേണ്ടിയാണ് ഒരു കസ്റ്റമർ കെയർ സെന്റർ തിരുവനന്തപുരത്തുള്ള വൈദ്യുതി ഭവനിൽ തുടങ്ങിയിട്ടുള്ളത്. ഇടമൺ-കൊച്ചി ട്രാൻസ്മിഷൻ ലൈൻ ശരിയാകു ന്നില്ലായെന്ന് ഇവിടെ ഒരു ആക്ഷേപം പറഞ്ഞു. എന്താണ് അതിലെ വസ്തുത ?

5.00 PM]

2005-ൽ ഞാൻ മന്ത്രിയാകുമ്പോൾ ആ കാലത്തുണ്ടായിരുന്ന ഒരു പ്രശ്നമെന്ന് പറയുന്നത്, എങ്ങനെ ഇടമണ്ണിൽനിന്ന് കൊച്ചിയിലേക്ക് ലൈൻ കൊണ്ടുവരും എന്നുള്ളതായിരുന്നു. അതിന്റെ അലൈൻമെന്റ് ഞാനാണ് അവസാനം പാസ്സാക്കി കൊടുത്തത്. അത് റീഓപ്പൺ ചെയ്തത് അവരുടെ കാലത്താണ്. അവർ റീഓപ്പൺ ചെയ്ത് അഞ്ചോ ആറോ കോൺഫറൻസുകൾ കൂടിയിട്ടും ഈ കാര്യത്തിൽ ഒരു തീരുമാനവും കൈക്കൊള്ളാൻ കഴിയാതെ പോയി. എന്നുമാത്രമല്ല, അഞ്ച് കൊല്ലം ആ കാര്യത്തിൽ അവർക്കൊന്നും ചെയ്യാൻ സാധിച്ചതുമില്ല. ഇപ്പോൾ പറയുന്നത് മുഖ്യമന്ത്രിയുടെ പുതുപ്പള്ളിയിലെ മണ്ഡലത്തിലെ ആളുകളെ സാമ്പത്തികമായി സഹായിക്കാൻ വേണ്ടിയാണെന്നും പദ്ധതി മുഴുവൻ അഴിമതിയാണെന്നുമാണ്. പക്ഷേ ഇപ്പോൾ അത് പ്രാവർത്തികമാകാൻ പോകുകയാണ്. മുഖ്യമന്ത്രി തന്നെ

നേരിട്ട് ഇടപെട്ട് മുഴുവൻ സ്വാധീനവും ഉപയോഗിച്ചുകൊണ്ട് ആ പ്രശ്നം പരിഹരിക്കാൻ പോകുകയാണ്. ആ പദ്ധതി വന്നാൽ കൃഷിക്കാർക്ക് കോമ്പൻസേഷൻ കുറച്ചു കൂടുതൽ കൊടുക്കേണ്ടി വരും. കർഷകരോട് ഇത്തരത്തിലുള്ള സമീപനമെന്ന് പറയുന്നത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഒരു നയം തന്നെയാണ്. അതാണല്ലോ എ.ഐ.സി.സി. അദ്ധ്യക്ഷ ശ്രീമതി സോണിയാ ഗാന്ധിയുടെ നേതൃത്വത്തിൽ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ഡോ. മൻമോഹൻ സിംഗ് അതിനുള്ള ഒരു നിയമം തന്നെ കൊണ്ടുവന്നത്. അവർക്ക് അതൊന്നും അത്ര ഇഷ്ടമാകില്ല എന്ന് എനിക്ക് അറിയാം. ഏതായാലും അതിന്റെ ഫലം കൃഷിക്കാർക്ക് കുറച്ച് കൂടുതൽ കൊടുത്തുകൊണ്ട് അവരെക്കൊണ്ട് സമ്മതിപ്പിക്കാൻ സാധിച്ചു. അവർ ഇപ്പോൾ പറഞ്ഞത് 300 കോടി എന്നുള്ളത് 1000 കോടിയാക്കുമെന്ന്. ഒരു കാര്യം ഞാൻ പറയാം. ഇതിനുവേണ്ടി ഒരു ഭീമമായ സംഖ്യ കേന്ദ്ര ഗവൺമെന്റിൽനിന്ന് വാങ്ങാനുള്ള കഴിവും ഈ ഗവൺമെന്റിനുണ്ട്. കേന്ദ്ര ഗവൺമെന്റിൽനിന്നും കുറച്ച് പണം വാങ്ങി ഇവിടത്തെ കൃഷിക്കാർക്ക് നഷ്ടപരിഹാരം കൊടുത്താൽ അത് അഴിമതിയാകുമോ ? എനിക്ക് മനസ്സിലാകുന്നില്ല. അത് അഴിമതിയായിട്ടാണ് ഇപ്പോൾ ചിത്രീകരിക്കുന്നത്. ഏതായാലും ഞാൻ പറയുന്ന കുറച്ച് പണം കൂടുതൽ കൊടുത്തിട്ടാണെങ്കിലും ആ ലൈൻ പ്രാവർത്തികമാക്കും. അതിന്റെ ഫലമായി നമുക്ക് ഏകദേശം 300-ഓളം മെഗാവാട്ട് വൈദ്യുതി കൊണ്ടുവരാനും വളരെയധികം ട്രാൻസ്മിഷൻ ലോസ് ഇതിലൂടെ കുറയ്ക്കാനും സാധിക്കും. മൈസൂറിൽനിന്നും അരീക്കോട്ടിലേക്കുള്ള 400 കെ.വി. സ്റ്റേഷൻ ഇതുവരെ കമ്മീഷൻ ചെയ്യാൻ സാധിച്ചില്ല എന്ന് ഇവിടെ പറഞ്ഞു. ഞാൻ ഒരു കാര്യം പറയട്ടെ, മുഖ്യമന്ത്രിയും ഞാനും അതിൽ ഇടപെട്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഏറ്റവും അടുത്ത ആളാണ് അവിടത്തെ ആഭ്യന്തര വകുപ്പുമന്ത്രി. അദ്ദേഹത്തേയും ഇക്കാര്യത്തിൽ ഇടപെടുത്തി. അങ്ങനെ കർണ്ണാടക ഗവൺമെന്റിന്റെ സഹായത്തോടുകൂടി 250-ഓളം പോലീസുകാരുടെ സംരക്ഷണത്തിൽ കൂർഗ് ഭാഗത്ത് ലൈൻ വലിച്ചു. അതിന്റെ പണി പൂർത്തിയായി. പൂർത്തിയാക്കാൻ സാധിച്ചത് അവിടെ നമ്മളോട് സഹകരിക്കുന്ന ഒരു ഗവൺമെന്റുള്ളതു കൊണ്ടാണ്. ഇതൊക്കെ ഗവൺമെന്റിന്റെ വലിയ നേട്ടം തന്നെയാണ്. മറ്റൊരു കാര്യം, ഇപ്പോൾ നമുക്ക് പവർ ഇല്ല. ജനറേഷന് പ്രയാസമുണ്ട് ഞാൻ സമ്മതിക്കുന്നു. അതിനുള്ള പ്രയാസം ഞാൻ പറയാതെ തന്നെ എല്ലാവർക്കും അറിയാം. എന്നാൽ വെളിയിൽ നിന്ന് പവർ കൊണ്ടുവരാനുള്ള സൗകര്യം പോലും നമുക്കില്ല. ഛത്തീസ്ഗഢിൽ നിന്ന് തമിഴ്നാട് വഴി മാടക്കത്തറയിലേക്ക് വൈദ്യുതി കൊണ്ടുവരാൻ വേണ്ടി ഒരു ലൈൻ വലിക്കാൻ കേന്ദ്ര ഗവൺമെന്റ് സമ്മതിച്ചു. അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനം നടക്കുന്നു. അതിന് വേണ്ടി വരുന്ന ചെലവ് 26,500 കോടി രൂപയാണ്. അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി അതിന്

50 ഏക്കർ സ്ഥലം തരാനുള്ള തീരുമാനമെടുക്കുകയും അത് കാബിനറ്റ് അംഗീകരിച്ച് അതിന്റെ പ്രവർത്തനം നടന്നുവരികയുമാണ്. അത് പ്രാവർത്തികമാക്കാൻ കഴിഞ്ഞാൽ 2000 മെഗാവാട്ട് വൈദ്യുതിയാണ് നമുക്ക് കൊണ്ടുവരാൻ സാധിക്കുന്നത്. ഇത് നമ്മൾ നേരിടുന്ന വൈദ്യുതി പ്രതിസന്ധിക്കുള്ള ശാശ്വത പരിഹാരത്തിനുവേണ്ടിയാണ്. ബഹുമാനപ്പെട്ട കെ. മുരളീധരൻ ഇവിടെ ചൂണ്ടിക്കാണിച്ച, 2017-ൽ പന്ത്രണ്ടാം പദ്ധതി അവസാനിക്കുമ്പോൾ നമുക്ക് 4670 മെഗാവാട്ട് വൈദ്യുതി ആവശ്യമാണെന്ന്. അതേ അവസരത്തിൽ 2020 - 2021 കാലത്തേക്ക് നമുക്ക് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ പതിനെട്ടാമത് റിപ്പോർട്ട് അനുസരിച്ച് 6100 മെഗാവാട്ട് വൈദ്യുതി ആവശ്യമാണ്. ഇങ്ങനെ പോയാൽ എവിടെ നിന്ന് നമുക്ക് വൈദ്യുതി കിട്ടും ? അതിനാണ് ഈ പറയുന്ന ഏർപ്പാടുകളൊക്കെ ചെയ്യുന്നത്. ഇതിന് പുറമേ 25 കൊല്ലത്തേക്ക് 1250 മെഗാവാട്ട് വൈദ്യുതി ഒരു യൂണിറ്റിന് 4.31 പൈസ നിരക്കിൽ വാങ്ങാനുള്ള തീരുമാനമെടുത്ത് എഗ്രിമെന്റ് വച്ചുകഴിഞ്ഞു. ഇന്ത്യയിൽ ഈ സന്ദർഭത്തിൽ ഏറ്റവും ചുരുങ്ങിയ റേറ്റിൽ 25 കൊല്ലത്തേക്ക് എഗ്രിമെന്റ് വയ്ക്കാൻ സാധിച്ചത് കെ.എസ്.ഇ.ബി.-ക്ക് മാത്രമാണ്. അതൊരു നേട്ടമായിത്തന്നെ ഞാൻ പറയുന്നു. ഇതിന് പുറമേ ബ്രഹ്മപുരത്ത് 37 മെഗാവാട്ട് ശേഷിയുള്ള രണ്ട് എൽ.എൻ.ജി. മെഷീൻ സ്ഥാപിച്ച് നിലവിലുള്ളത് മാറ്റിവയ്ക്കാനുള്ള ഏർപ്പാട് ചെയ്യുകയും അതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി ഈ ഗവൺമെന്റിന്റെ കാലാവധിക്ക് മുമ്പുതന്നെ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നുമാണ് പ്രതീക്ഷിക്കുന്നത്. അതുപോലെതന്നെ കാസർഗോഡ് 200 മെഗാവാട്ടിന്റെ സോളാർ പവർ പ്രോജക്ട്. നിങ്ങൾ ചോദിച്ച ഈ ഗവൺമെന്റ് എന്തുചെയ്തുവെന്ന് ? കഴിഞ്ഞ 5 കൊല്ലക്കാലം കൊണ്ട് ഒരു കിലോവാട്ട് സോളാർ പവർ പോലും ഉണ്ടാക്കാൻ അന്ന് ഭരണം നടത്തിയിരുന്നവർക്ക് സാധിച്ചിട്ടില്ല. എന്നാൽ 200 മെഗാവാട്ട് ശേഷിയുള്ള ഒരു സോളാർ പവർ പ്രോജക്ട് ഈ ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽതന്നെ സ്ഥാപിച്ച് പവർ ഉൽപ്പാദിപ്പിക്കും. മാത്രമല്ല, ഒരു വീട്ടിൽ ഒരു കിലോ വാട്ട് എന്ന തോതിൽ ഞങ്ങൾ ഏകദേശം 7.5 മെഗാവാട്ട് സോളാർ വൈദ്യുതി ഉൽപ്പാദിപ്പിച്ചു കഴിഞ്ഞു. 7500-ഓളം വീടുകളിൽ ഈ കൊല്ലം 12 മെഗാവാട്ട് വരെ ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞു. അങ്ങനെ 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ഉൽപ്പാദിപ്പിക്കാനും അതിന് സബ്സിഡി നൽകാനുമുള്ള തീരുമാനമെടുത്ത് മുന്നോട്ട് പോകുകയാണ്. 5 കൊല്ലക്കാലം കൊണ്ട് ഒരു കിലോവാട്ട് സോളാർ പവർ ഉൽപ്പാദിപ്പിക്കാനുള്ള ഒരു സംരംഭം പോലും നടത്താൻ കഴിയാത്തവരാണ് അവിടെ ഇരുന്നുകൊണ്ട് സോളാർ ഉണ്ടാക്കിയില്ല എന്ന് പറയുന്നത്. അതുപോലെ തന്നെ ഒരു കാര്യം പറഞ്ഞത്, അവരുടെ ഭരണകാലത്ത് കുറെ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചുവെന്നാണ്. അത് ശരിയാണ്. ശ്രീ. പിണറായി വിജയൻ വൈദ്യുതി മന്ത്രിയായിരുന്നപ്പോൾ നടന്ന കാര്യങ്ങൾ ഇവിടെ ശ്രീ.

കെ. മുരളീധരൻ പറഞ്ഞതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. നമ്മുടെ ഭരണകാലത്ത് പൂർത്തിയാക്കിയ ആ പ്രോജക്ട് അവർ വന്ന കമ്മിഷൻ ചെയ്തുവെന്നത് ശരിയാണ്. രണ്ടാമത്തെ കാര്യം, എൽ.ഡി.എഫ്. ഗവൺമെന്റ് കഴിഞ്ഞ അഞ്ച് കൊല്ലക്കാലം 218.95 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിച്ചുവെന്ന് പറയുന്നു, അത് ശരിയാണ്. ആ വൈദ്യുതി ഉൽപ്പാദിപ്പിച്ചത് ആരാണ് ? അതിലൊന്നായ നേര്യമംഗലം-XV സബ്സ്റ്റേഷൻ നമ്മുടെ ഭരണകാലത്ത് തുടങ്ങിയതാണ്. അതിന്റെ ഭൂരിഭാഗം ജോലികളും പൂർത്തിയാക്കിയത് എന്റെ കാലത്തും അത് തുടങ്ങിയത് ശ്രീ. ശിവദാസൻ വക്കീലിന്റെ കാലത്തുമാണ്. ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റായിരുന്നു അന്ന് ഇവിടെ ഭരണം നടത്തിയിരുന്നത്. പിന്നീട് അധികാരത്തിൽ വന്നത് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ്. അതിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചതിലൂടെ 15 മെഗാവാട്ട് കൂടി അവരുടെ അക്കൗണ്ടിലേക്ക് പോയി. പിന്നെയുള്ളത് കുറ്റ്യാടി പദ്ധതി. അതും ശ്രീ. എ. കെ. ആന്റണി ഗവൺമെന്റിന്റെ കാലത്ത് ശ്രീ. ശിവദാസൻ വക്കീൽ തുടങ്ങിയതാണ്. ആ പദ്ധതിയുടെ പ്രവൃത്തികളിൽ 70 ശതമാനവും നമ്മുടെ ഭരണ കാലത്താണ് പൂർത്തിയാക്കിയത്. അതിന്റെയും ഉദ്ഘാടനം അവർ നിർവ്വഹിച്ചു. അപ്പോൾ 125-മെഗാവാട്ടുകൂടി അവരുടെ പേരിലായി. എന്ന് മാത്രമല്ല, അവരുടെ 208 മെഗാവാട്ടിൽ പിന്നെ വരുന്നത് 62.10 മെഗാവാട്ടാണ്. അത് IPP-ൽ ഉൾപ്പെടുത്തി പ്രൈവറ്റ് ഇൻഡിവിഡ്യുവൽസ് ഉണ്ടാക്കിയതാണ്. കെ.എസ്.ഇ.ബി. ഉണ്ടാക്കിയതല്ല. അവരുടെ കാലത്ത് ഉണ്ടാക്കിയ 21.85 മെഗാവാട്ടിനെക്കുറിച്ച് നിങ്ങൾ ആലോചിക്കണം. അതിൽ നമ്മുടെ കാലത്തു തുടങ്ങിയതും ഉണ്ട്. എന്നാൽ ഈ ഗവൺമെന്റിന്റെ കാലത്ത് 36 മെഗാവാട്ടാണ് ഉൽപ്പാദിപ്പിച്ചത്. മാത്രമല്ല, എട്ടര മെഗാവാട്ട് കൂടി നമ്മൾ ഉണ്ടാക്കിയതുമുണ്ട്. അങ്ങനെ 200 മെഗാവാട്ട് ഇവിടെ ഉൽപ്പാദിപ്പിക്കാൻ പോകുകയാണ്. ഈ വർഷം തന്നെ സോളാർ ഉണ്ടാക്കാൻ പോകുന്നു. അതുമാത്രമല്ല, 37 മെഗാവാട്ട് ബ്രഹ്മപുരത്തുണ്ട്. ശ്രീ. വി. പി. സജീന്ദ്രൻ ചൂണ്ടിക്കാണിച്ചതുപോലെ 500 മെഗാവാട്ട് ഉൽപ്പാദിപ്പിക്കാനുള്ള എല്ലാ നടപടികളും പൂർത്തിയായിക്കഴിഞ്ഞു. എഫ്.എ.സി.റ്റി.-യുടെ 150 ഏക്കർ സ്ഥലം ലഭ്യമാക്കുന്നതിനുള്ള ഡിസ്കഷൻ നടന്നുവരുന്നു. വ്യവസായ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ഇക്കാര്യത്തിൽ താല്പര്യമെടുത്തിട്ടുണ്ട്. ഞാൻ നേരിട്ട് മന്ത്രിയെ പോയി കണ്ടു. സ്ഥലം ലഭ്യമാക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. അത് ശരിയായി കഴിഞ്ഞാൽ 500 മെഗാവാട്ട് ഉൽപ്പാദിപ്പിക്കാൻ സാധിക്കും. ഇതിനുപുറമേ കായംകുളത്ത് 359 മെഗാവാട്ട് എൽ.എൻ.ജി. ആയി കൺവെർട്ട് ചെയ്യാൻ പോകുന്നു. ഇവിടെ ഒരു ആക്ഷേപമെന്നു പറയുന്നത് കണ്ണൂർ ജില്ലയിലെ ചീമേനിയിൽ കോൾ ബേസ്ഡ് പവർ യൂണിറ്റ് കൊണ്ടുവരാൻ തീരുമാനിച്ചിരുന്നു. അത് ശരിയാണ്. വൈതരണി പദ്ധതിയിൽ നിന്ന് 200.25 മെട്രിക് ടൺ കോൾ അനുവദിച്ചിരുന്നു. നമുക്ക് മാത്രമല്ല, ഗുജറാത്തിനും ഒറീസ്സയ്ക്കും

അനുവദിച്ചിട്ടുണ്ട്. നാല് കൊല്ലക്കാലം കേന്ദ്ര ഗവൺമെന്റ് കോൾ അനുവദിച്ചിട്ടും അവർക്ക് ഒന്നും ചെയ്യാൻ സാധിച്ചില്ല. അവിടെ ഫോർ വൺ നോട്ടിഫിക്കേഷൻ പോലും ഇറക്കാൻ സാധിച്ചില്ല. അതിന്റെ ഫലമായി കേന്ദ്ര ഗവൺമെന്റ് അത് ക്യാൻസൽ ചെയ്തു. അതിനെതിരായി കേസ് ഫയൽ ചെയ്യാൻ കെ.എസ്.ഇ.ബി.-ക്ക് കഴിഞ്ഞു. നമുക്ക് അനുകൂലമായി അതിന്റെ വിധി വരും, ഒരു സംശയവുമില്ല. കിട്ടിക്കഴിഞ്ഞാലും ഇത് കൊണ്ടുവരാൻ സാധിക്കില്ല. കാരണം, അവിടെ ഇതിന് എതിരാണ്. ഇതിനു പുറമേ വിദേശത്തു നിന്ന് കോൾ ഇറക്കുമതി ചെയ്താലും നമുക്ക് മൂന്നര ഉറുപ്പികയ്ക്ക് ഒരു യൂണിറ്റ് ഉൽപ്പാദിപ്പിക്കാൻ കഴിയും. അതിനുവേണ്ടി സബ്ജക്ട് കമ്മിറ്റിയിലുള്ള എല്ലാ എം.എൽ.എ.മാരെയും കൊണ്ടുപോയി ഡൽഹിയിലും ബാക്കിയുള്ള സ്ഥലങ്ങളിലും കാണിച്ചു. അവരെല്ലാവരും സമ്മതിച്ചു. ചെയർമാൻ കളക്ടറേറ്റിൽ എം.എൽ.എ.-മാരുടെ മീറ്റിംഗ് വിളിച്ചുകൂട്ടി. പലരും ഇത് അംഗീകരിച്ചെങ്കിലും അവസാനം ചിലർ അതിൽ നിന്ന് പിൻവാങ്ങി. കേരളത്തിന്റെ ഇലക്ട്രിസിറ്റിയുടെ പ്രശ്നം തീർക്കാൻ ഏറ്റവും നല്ലത് കോൾ ബേയ്സ്ഡാണ്. പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ച് ഒരു പൊല്യൂഷനും ഉണ്ടാകാത്ത വിധത്തിൽ ഇത് ചെയ്യാൻ സാധിക്കും. 2002.6 മെഗാവാട്ടിന്റെ ഓൺ ഗോയിംഗ് ജലവൈദ്യുതി പദ്ധതികൾ ഇപ്പോൾ കേരളത്തിൽ നടന്നുവരികയാണ്. ഇതിലൊരു ഗുണമെന്നു പറയുന്നത്, ഭൂരിപക്ഷവും ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ കമ്മീഷൻ ചെയ്യാൻ സാധിക്കും. നമുക്ക് കമ്മീഷൻ ചെയ്യാൻ കഴിയാത്തത് ഉണ്ടെങ്കിലും അവർക്ക് ചെയ്യാൻ കഴിയില്ല. കഴിഞ്ഞ കാലത്തൊക്കെ നേരെ മറിച്ചായിരുന്നു. ഇതിനുപുറമേ ഐ.പി.പി.-യും സി.പി.പി.-യുമായി ചേർന്ന് 109 മെഗാവാട്ട് ഉൽപ്പാദിപ്പിക്കാനുള്ള അനുവാദം കൊടുത്തു കഴിഞ്ഞു. അവർ 62 മെഗാവാട്ട് ആണ് ഉൽപ്പാദിപ്പിച്ചതെങ്കിൽ നമ്മൾ 109 മെഗാവാട്ട് ഉൽപ്പാദിപ്പിക്കാനുള്ള അനുവാദം കൊടുത്തു കഴിഞ്ഞു. അതിനുപുറമെ 2000 മെഗാവാട്ട് ഓൺ ഗോയിംഗ് സ്കീം. 202 എണ്ണം ഛത്തീസ്ഗഡിൽ നിന്നാണ് കൊണ്ടുവരുന്നത്. അതുപോലെ 500 മെഗാവാട്ട് പെറ്റ്കോക്ക്. ഇത് വാസ്തവത്തിൽ എന്റെ നേട്ടമായി ഞാൻ കാണുന്നില്ല. ജീവനക്കാരുടെ കഠിനാദ്ധ്വാനമാണ് ഇതിന്റെ പുറകിലുള്ളത്. അവിടെ ചെയർമാൻ മുതൽ താഴെ തട്ടിലുള്ള വർക്കർ വരെയുള്ള ആളുകളുടെ കഠിനാദ്ധ്വാനത്തിന്റെ ഫലമായാണ് ഈ നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുള്ളത്. ഞാൻ കൂടുതൽ കാര്യങ്ങളൊന്നും പറയുന്നില്ല. ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഇവിടെ പറഞ്ഞത്, പവറിന്റെ കാര്യത്തിൽ ഈ സംസ്ഥാനത്ത് വളരെ പ്രയാസം അനുഭവിക്കുന്നത് കാസർഗോഡുകാരാണെന്നാണ്. ജീവനക്കാരുടെ എണ്ണം കുറവുണ്ട്. പലരും ഇതിനെക്കുറിച്ച് പറഞ്ഞിട്ടുമുണ്ട്. പ്രത്യേകിച്ച് മലബാർ ഭാഗത്ത് പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കുന്നുണ്ട്. അദ്ദേഹം ഒരു നിർദ്ദേശം തന്നിരുന്നു. അതിനെക്കുറിച്ചും ആലോചിക്കുന്നതാണ്. റിക്രൂട്ട്മെന്റ് ഡിസ്ട്രിക്ട് ലെവലിൽ ആക്കിക്കഴിഞ്ഞാൽ

അതിന് കുറെ പരിഹാരമുണ്ടാകും. തൊഴിലാളികളൊഴിച്ച് ലൈൻമാൻ വരെ സ്റ്റേറ്റ് ലെവലിലാണ് വരുന്നത്. ട്രാൻസ്ഫർ ചെയ്താലും ആളുകൾ പോകും. ഇപ്പോൾ ട്രാൻസ്ഫർ ചെയ്താൽ ആളുകൾ പോകില്ല. ഇവിടെ 37 എ.ഇ.-മാർ വേണ്ട സ്ഥലത്ത് കേവലം 21-27 പേരെയുള്ളൂ എന്ന് അദ്ദേഹം പറഞ്ഞു. ഇതാണ് ഇടുക്കിയിലെയും സ്ഥിതി. ഇതിന് പരിഹാരമുണ്ടാക്കുന്ന കാര്യം പ്രത്യേകം ആലോചിക്കുന്നതാണ്. അദ്ദേഹം വേറൊരു കാര്യം പറഞ്ഞു, കാസർഗോഡ് എൻഡോസൾഫാൻ ദുരിത ബാധിതരായ പാവപ്പെട്ട ആളുകൾക്ക് കണക്ഷൻ കൊടുക്കണമെന്നാണ്. അവർക്ക് ഫ്രീ കണക്ഷൻ ഈ സർക്കാർ കൊടുക്കുന്നതാണ്. മാത്രമല്ല, പാവങ്ങളുടെ വീടുകളിൽ ഫ്രീ ആയിട്ട് രണ്ട് എൽ.ഇ.ഡി. ബൾബും നൽകും. ഇതുപോലെ കുറെ കാര്യങ്ങളുണ്ട്. ആ കാര്യങ്ങളിലേക്കൊന്നും പോകുന്നില്ല. കൃഷിക്കാരുടെ ആവശ്യങ്ങളെക്കുറിച്ച് കൃഷി മന്ത്രിയും ശ്രീ. വി. പി. സജീന്ദ്രനും പറഞ്ഞിട്ടുണ്ട്. കൃഷിക്കാർക്ക് ഇതിൽ പറയുന്ന താരിഫിൽ ചെറിയ വർദ്ധനവ് വന്നിട്ടുണ്ട്. ആ വർദ്ധനവ് ഒഴിവാക്കണമെന്ന ആവശ്യമുണ്ട്. കെ.എസ്.ഇ.ബി.-ക്കോ ഗവൺമെന്റിനോ ഇതിനുള്ള അധികാരമില്ലെന്നുള്ള കാര്യം എല്ലാവർക്കുമറിയാവുന്നതാണ്. കെ.എസ്.ഇ.ബി. അല്ല ഇത് തീരുമാനിക്കുന്നത്, റെഗുലേറ്ററി കമ്മീഷനാണ്. റെഗുലേറ്ററി കമ്മീഷനോട് റീ-കൺസിഡർ ചെയ്യണമെന്ന് കെ.എസ്.ഇ.ബി. ആവശ്യപ്പെട്ടിട്ടുണ്ട്. ഇനി അവർ റീ-കൺസിഡർ ചെയ്യാതെ വന്നാൽ ഗവൺമെന്റ് ഇതിന് സെക്ഷൻ 65 അനുസരിച്ചുള്ള സംഖ്യ കൊടുത്തുകൊണ്ട് ഈ വർദ്ധനവിൽ നിന്നൊഴിവാക്കാൻ ശ്രമിക്കും. ഇതിനെക്കുറിച്ച് അഗ്രിക്കൾച്ചർ മിനിസ്റ്ററുമായി ആലോചിച്ച് ചെയ്യുമെന്ന് മാത്രം ഞാൻ പറയുകയാണ്.

ശ്രീ. റോഷി അഗസ്റ്റിൻ : സർ, ഇടുക്കി പദ്ധതിപ്രദേശവുമായി ബന്ധപ്പെട്ട് വിവിധ ഹൈഡൽ ടൂറിസം പദ്ധതികൾ നടത്തിവരുന്നുണ്ട്. കുളമാവിൽ ഡൈവേർഷൻ സ്കീമിന്റെ സ്ഥലത്ത് ഹൈഡൽ ടൂറിസം നടപ്പിലാക്കുന്നതിനുവേണ്ടി കഴിഞ്ഞ ബഡ്ജറ്റിൽ ഒരു അനൗൺസ്മെന്റ് ഉണ്ടായിരുന്നു. ആ പദ്ധതികൾ നടപ്പിലാക്കുന്ന തിനുവേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. ആര്യാടൻ മുഹമ്മദ് : അത് ഗവൺമെന്റിന്റെ അനൗൺസ്മെന്റാണ്. ബോർഡിന്റേതല്ല. ഏതായാലും ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടതനുസരിച്ച് ഒരു പ്രോജക്ട് തയ്യാറാക്കുന്നുണ്ട്. ഗവൺമെന്റിൽനിന്നും പണം ലഭിക്കുന്നതിനനു സരിച്ച് ആ പരിപാടി നടപ്പിലാക്കും. ഏതായാലും അതിനുവേണ്ടതൊക്കെ ചെയ്യും. അഥവാ ഗവൺമെന്റിൽനിന്നും തുക ലഭിക്കാതെ വന്നാൽ കെ.എസ്.ഇ.ബി. ഫണ്ട് ഉപയോഗിച്ച് എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്ന് പരിശോധിക്കും. കെ.എസ്.ഇ.ബി.-യെ കമ്പനിയാക്കി മാറ്റി, പെൻഷൻ കിട്ടാൻ വഴിയില്ല, കെ.എസ്.ആർ.ടി.സി.-യുടെ സ്ഥിതിയാകും എന്നൊക്കെ ശ്രീ. ബാബു എം. പാലിശ്ശേരി പറഞ്ഞു. കെ.എസ്.ആർ.ടി.സി. നന്നാക്കിയില്ലേ ; എല്ലാവർക്കും പെൻഷൻ കിട്ടാവുന്ന സാഹചര്യമുണ്ടാക്കിയില്ലേ ;

ഒരു കാലത്തും ഇല്ലാത്ത നേട്ടമല്ലേ കെ.എസ്.ആർ.ടി.സി. കൈവരിച്ചത് ? കെ.എസ്.ഇ.ബി. കമ്പനിയാക്കിയത് ഞങ്ങളല്ല. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ് കമ്പനിയാക്കി രജിസ്റ്റർ ചെയ്തത്. ഞാൻ അതിലേക്ക് പോകുന്നില്ല. ഇന്ന് ഗവൺമെന്റ് കമ്പനിയാണ്. പെൻഷൻ സ്കീമും അംഗീകരിച്ചു. അതിനുവേണ്ടി ഒരു മാസ്റ്റർ ട്രസ്റ്റ് രജിസ്റ്റർ ചെയ്തുകഴിഞ്ഞു. അവർക്ക് ഞങ്ങൾ പെൻഷൻ കൊടുക്കുന്നു. ഒരു ദിവസം തെറ്റാതെ പെൻഷൻ കൊടുക്കുന്ന സ്ഥാപനമാണ് കെ.എസ്.ഇ.ബി. എന്നുള്ള കാര്യം ഞാൻ പറയട്ടെ. അതിനുള്ള പെൻഷൻ ഫണ്ട് രൂപീകരിച്ചു. അവരുടെ കാലഘട്ടത്തിൽ പെൻഷൻ ഫണ്ടിലേക്കുവേണ്ടി സർക്കാരിന്റെ വകയായി നീക്കിവച്ചത് 2400 കോടി രൂപയായിരുന്നു. എന്നാലിപ്പോൾ 7400 കോടി രൂപയാണ് നീക്കി വച്ചിട്ടുള്ളത്. ഞങ്ങൾ അതിനുള്ള ഫണ്ട് കൊടുക്കും. അത് ഞങ്ങൾ ഡ്യൂട്ടിയിലും ബോണ്ട് പുറപ്പെടുവിച്ചും മറ്റും അഡ്ജസ്റ്റ് ചെയ്യുകയാണ്. എന്നാലും അവരുടെ പെൻഷൻ മുഴുവൻ ഗ്യാരന്റി ചെയ്തിരിക്കുന്നു എന്നുള്ളതാണ് വസ്തുത. ഒരു കാലത്തും ഒരു സംസ്ഥാനവും ചെയ്യാത്ത കാര്യമാണ് പെൻഷന്റെ കാര്യത്തിൽ ഈ ഗവൺമെന്റ് ചെയ്തിട്ടുള്ളത്. ഞാൻ ഇനി കൂടുതലായി ഒന്നും പറയുന്നില്ല. അരിയേഴ്സിന്റെ കാര്യം പറഞ്ഞു, അരിയേഴ്സിന്റെ സ്ഥിതി എന്താണ് ; ഇപ്പോൾ ഏകദേശം 1734 കോടി രൂപയുടെ അരിയേഴ്സുണ്ട്. അതിൽ ഏകദേശം ആയിരത്തോളം കോടി രൂപയുടെ അരിയേഴ്സ് വാട്ടർ അതോറിറ്റിയുടേതാണ്. അതിൽ അഞ്ഞൂറ് കോടി രൂപ കഴിഞ്ഞ ക്യാബിനറ്റിൽ ഞങ്ങൾ അഡ്ജസ്റ്റ് ചെയ്തു. ഗവൺമെന്റിന് ഡ്യൂട്ടി കൊടുക്കേണ്ട കാര്യമുണ്ട്. ആ ഡ്യൂട്ടി കൊടുക്കുന്നതിലേക്ക് അഡ്ജസ്റ്റ് ചെയ്തുകഴിഞ്ഞു. ആ അഞ്ഞൂറ് കോടി രൂപ കഴിഞ്ഞാൽ വാസ്തവത്തിൽ 1234 കോടി രൂപയുടെ അരിയേഴ്സ് മാത്രമേയുള്ളൂ. ഈ 1234 കോടി രൂപ പബ്ലിക് സെക്ടറിൽ നിന്നുള്ളതാണ്. ഇവർ ചൂണ്ടിക്കാണിച്ചതുപോലെ 300 കോടിയോളം രൂപയുടെ അരിയേഴ്സ് ലിറ്റിഗേഷനിലും ആർ.ആർ. നടപടികളിലുമാണ്. പ്രൈവറ്റ് പാർട്ടിയുടെ ആർ.ആർ-ലും ലിറ്റിഗേഷനിലുമുള്ള കാര്യമാണ് ഇവർ പറഞ്ഞത്. അതുപോലെ പഴയ കാലത്ത് വൈൻഡപ് ചെയ്തുപോയ കമ്പനികളുണ്ട്. അതെല്ലാം ചേർത്താണ് 300 കോടി രൂപയുടെ അരിയേഴ്സ് എന്നാണ് അപ്പുറത്തുള്ളവർ പറയുന്നത്. 2011-ൽ ഈ ഗവൺമെന്റ് അധികാരമേൽക്കുമ്പോൾ അന്നത്തെ അരിയേഴ്സ് 1107 കോടി രൂപയായിരുന്നു. എന്നാൽ ഇപ്പോഴത്തെ അരിയേഴ്സ് 1734 കോടി രൂപയാണ്. അപ്പോൾ ഞങ്ങൾ വരുത്തി വച്ച അരിയേഴ്സ് കേവലം 627 കോടി രൂപയാണ്. അതിൽ 500 കോടി രൂപ അഡ്ജസ്റ്റ് ചെയ്തുകഴിഞ്ഞു. വളരെ കുറച്ച് തുകയുടെ അരിയേഴ്സാണ് ബാക്കിയുള്ളത്. ഇത് ഇലക്ട്രിസിറ്റി ബോർഡിന്റെ ചരിത്രത്തിൽ ഏറ്റവും കുറഞ്ഞ അരിയേഴ്സാണെന്നുള്ള കാര്യം ഞാൻ ഓർമ്മ പ്പെടുത്തുകയാണ്. ചില വർക്കുകളുടെ കാര്യത്തിൽ താമസം നേരിടുന്നതായി പറഞ്ഞു. അത് ശരിയാണ്. ആ താമസത്തിനുള്ള കാരണം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ബുദ്ധിമുട്ടുകളാണ്. ലിറ്റിഗേഷൻസ് ധാരാളം വരുന്നതിന്റെ ഫലമായി സ്ഥലം ഏറ്റെടുക്കാൻ കഴിയുന്നില്ല. എന്നാലും കുറച്ചുകൂടി സ്പീഡപ് ചെയ്യാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, അങ്ങ് ഇവിടെ വാട്ടർ അതോറിറ്റിയുടെ അരിയേഴ്സിനെക്കുറിച്ച് പറഞ്ഞു. വാട്ടർ അതോറിറ്റിയുടെ മോട്ടർ റീപ്ലേസ്മെന്റിനും പുതിയ കണക്ഷനും വേണ്ടി അപേക്ഷിക്കുമ്പോൾ അരിയേഴ്സ് അടയ്ക്കണമെന്നു പറഞ്ഞാൽ ഞങ്ങളുടെ ഭാഗത്തുള്ള കുടിവെള്ള പദ്ധതികൾ പലതും മുടങ്ങും. അതുകൊണ്ട് ജൻറം പോലുള്ള പദ്ധതികൾക്ക് പുതിയ മോട്ടോറുകൾ വയ്ക്കുന്ന സന്ദർഭം വരുമ്പോൾ അരിയേഴ്സിന്റെ കാര്യത്തിൽ ചെറിയ കൺസഷൻ കൊടുക്കാൻ അങ്ങ് തയ്യാറാകുമോ ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, കൺസഷനൊന്നുമില്ല. സംഖ്യ കുറയ്ക്കാനാണെങ്കിൽ അതൊന്നും നടക്കില്ല. ഒരു കാര്യം ചെയ്യാം, വാട്ടർ അതോറിറ്റിയുടെ കണക്ഷൻ മുഴുവൻ കൊടുക്കാൻ തീരുമാനിക്കാം. ഡിസ്കണക്ട് ചെയ്യില്ല. കണക്ഷന് അപ്ലൈ ചെയ്ത് പണമടച്ചാൽ അരിയേഴ്സിൽ പകുതി കൊടുക്കണമെന്ന വ്യവസ്ഥ ഒഴിവാക്കി കൊടുക്കാം. മാത്രമല്ല, അവരും ഞങ്ങളുമായി ക്യാബിനറ്റിൽ എടുത്ത തീരുമാന മനുസരിച്ച് 25 ശതമാനം എസ്ക്രൂ അക്കൗണ്ടിൽ വച്ച് അടയ്ക്കാൻ അവർ സമ്മതിച്ചിട്ടുണ്ട്. ആ തീരുമാനം ക്യാബിനറ്റ് അംഗീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഡൊമിനിക് പ്രസന്റേഷൻ പറഞ്ഞത് അവരുടെ പ്രദേശത്ത് എന്നാണ്. അങ്ങനെയല്ല, കേരളം മുഴുവനുമുണ്ട്, എന്റെ നിയോജക മണ്ഡലത്തിലുമുണ്ട്. അതുകൊണ്ട് താങ്കൾ പറഞ്ഞത് അംഗീകരിക്കുന്നു. അതനുസരിച്ച് വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്. ഞാൻ കൂടുതൽ കാര്യങ്ങൾ പറയുന്നില്ല. ഇനിയും പറയുകയാണെങ്കിൽ കുറെയുണ്ട്. പക്ഷേ ഒരു കാര്യം പറയാതെ പോകുന്നത് ശരിയല്ല. എത്ര പഠിച്ചാലും പഠിക്കാത്ത വരാണ് അരുവിക്കര ഭാഗത്തുള്ളത്. പരാജയപ്പെട്ടാലും ഒരു വോട്ടും കിട്ടിയില്ലെങ്കിലും അത് അവരുടെ ജയമായിട്ട് പറയും. ജി. കാർത്തികേയന് കിട്ടിയ വോട്ട് മകന് കിട്ടിയോ എന്നാണ് ഞങ്ങളോട് ചോദിക്കുന്നത്. മുന്നൂറിൽപ്പരം വോട്ട് കുറഞ്ഞില്ലേ എന്നാണ് ചോദിക്കുന്നത്. ഞാനൊരു കണക്ക് അങ്ങോട്ട് പറയാം. പാർലമെന്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞിട്ട് ഒരു കൊല്ലമല്ലേ ആയുള്ളൂ. പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് 47837 വോട്ട് ആണ് കിട്ടിയത്. എന്നാലിപ്പോൾ ഞങ്ങൾക്ക് 56447 വോട്ടാണ് കിട്ടിയത്. ഒരു കൊല്ലംകൊണ്ട് യു.ഡി.എഫ്-ന് 8610 വോട്ട് വർദ്ധിച്ചു. അതേ അവസരത്തിൽ സി.പി.ഐ.(എം)-ന് 2014-ലെ പാർലമെന്റ് ഇലക്ഷനിൽ 52000 വോട്ട് ആയിരുന്നു കിട്ടിയത്. ഇപ്പോൾ അവർക്ക് കിട്ടിയത് 46319 വോട്ട്. 5600-ൽപ്പരം വോട്ടുകൾ കുറഞ്ഞു. അത്രയും വോട്ട് കുറഞ്ഞിട്ടും അത് ജയമാണെന്നാണ് പറയുന്നത്. ഈ രീതിയിൽ പോയാൽ എന്തുചെയ്യും ? അവിടെ ഇരുന്ന മെമ്പർമാർ മുഖ്യമന്ത്രിക്കുനേരെ വന്ന് അട്ടഹസിച്ചുകൊണ്ട് എന്തൊക്കെ ചെയ്തു എന്നൊന്നും ഞാൻ പറയുന്നില്ല. അതിനും കേസ് ഈ ഭാഗത്തിരിക്കുന്നവരുടെ പേരിലാണ്. അവിടെയിരിക്കുന്ന ആളുകൾ എങ്ങനെയാണ് ഇവിടെ എത്തുന്നത് ? ഇവിടെ നിന്ന് ആരെങ്കിലും അങ്ങോട്ട് പോയോ ; അതിനെക്കുറിച്ച് ആരും ഒന്നും പറയുന്നില്ലല്ലോ.

ലോകത്ത് ഒരിടത്തും ഒന്നിലും തോൽക്കാത്ത പാർട്ടിയുണ്ടെങ്കിൽ അത് മാർക്സിസ്റ്റ് പാർട്ടിയാണ്. ഒന്നിലും അവർ തോൽക്കില്ല. അവർക്ക് തോൽക്കാൻ കഴിയില്ല. അവർ ഈ നയം തുടരണമെന്നാണ് എന്റെ ആഗ്രഹം. ഈ നയം അവർ തുടർന്നാൽ സാധാരണ ഞങ്ങൾ പ്രസംഗിക്കുമ്പോൾ 100 സീറ്റിൽ വിജയിച്ച് തിരിച്ചുവരുമെന്നാണ് പറയുന്നത്. ഇപ്പോൾ അങ്ങനെയല്ല 120 സീറ്റിലെങ്കിലും വിജയിച്ച് തിരിച്ചുവരും. അവർ ഈ നയം തുടരണം. ഈ നയം തുടരുന്നതിന് അങ്ങേക്ക് കഴിയുന്ന സഹായം ചെയ്തുകൊടുക്കണം എന്നാണ് പറയാനുള്ളത്. ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കി തരണമെന്ന് അപേക്ഷിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

മി. സ്പീക്കർ : വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ...................

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ.....................

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## അറിയിപ്പ്

### ഇഫ്ത്താർ വിരുന്ന്

ചെയർ ഒരു കാര്യം പ്രത്യേകം ശ്രദ്ധയിൽ കൊണ്ടുവരുന്നു. ഇന്ന് സ്പീക്കറുടെ വക ഇഫ്ത്താർ വിരുന്നാണ്. നേരത്തെ കത്ത് നൽകിയിട്ടുണ്ട്. മാധ്യമ പ്രവർത്തകരുൾപ്പെടെ എല്ലാവരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഓർഡർ......... ഓർഡർ ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30- ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2015 ജൂലൈ മാസം 7-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 5.29-ന് പിരിഞ്ഞു.)